കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2024 ജൂലൈ 09, ചൊവ്വ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 194 –നമ്പർ 17

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം
2024 ജൂലൈ 09, ചൊവ്വ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണകുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്

ഉള്ളടക്കം

I. ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ
2. അടിയന്തര ചോദ്യം
(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.)

II. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 611-ാംനമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

III. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

കർഷക സമൂഹം നേരിടുന്ന പ്രതിസന്ധി

- ശ്രീ. കുറുക്കോളി മൊയ്തീൻ

(അവതരണാനുമതി നിഷേധിച്ചു)

IV. ശ്രദ്ധ ക്ഷണിക്കൽ

(1) പുതിയ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കൽ

- ശ്രീ. കെ. പി. മോഹനൻ

(2) പൊതുവിതരണരംഗം നേരിടുന്ന പ്രതിസന്ധികൾ

- ശ്രീ. മോൻസ് ജോസഫ്

V. സബ്മിഷൻ

1. പി. എസ്. സി. അംഗങ്ങളുടെ നിയമന വിവാദം

- പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ)

2. അനധികൃത തൊഴിൽ റിക്രൂട്ട്മെന്റ്

- ശ്രീ. രമേശ് ചെന്നിത്തല

3. താനൂർ ബോട്ടപകടത്തിൽപ്പെട്ടവർക്കുള്ള സാമ്പത്തിക സഹായം

- ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

4. കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് സ്ഥലം നൽകിയവർക്കുള്ള നഷ്ടപരിഹാരം

- ശ്രീ. പി. ടി. എ. റഹീം

5. നീണ്ടകര താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം

- ഡോ. സുജിത് വിജയൻപിള്ള

6. കടപ്പുറം, പുന്നയൂർക്കുളം ഭാഗത്തെ കടലാക്രമണം

- ശ്രീ. എൻ. കെ. അക്ബർ

7. കയർ മേഖല നേരിടുന്ന പ്രതിസന്ധി

- ശ്രീ. പി. പി. ചിത്തരഞ്ജൻ

8. ശനിയാഴ്ച അവധി പുനഃസ്ഥാപിക്കൽ

- ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

9. ചന്തപ്പാലം-വടയാർ-മുളക്കുളം റോഡ് നിർമ്മാണം

- ശ്രീമതി സി. കെ. ആശ

10. NH 66-ന്റെ നിർമ്മാണ പ്രവൃത്തികളിലെ അപാകതകൾ

- ശ്രീമതി കെ. കെ. രമ

11. ആയയിൽ മുള്ളറവിള പാലം, നെയ്യാറ്റിൻകര കന്നിപ്പുറം പാലം എന്നിവയുടെ നിർമ്മാണം

- ശ്രീ. കെ. ആൻസലൻ

VI. റിപ്പോർട്ട് സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി III-ന്റെ ആനുകാലിക റിപ്പോർട്ടും ആക്ഷൻ ടേക്കൺ റിപ്പോർട്ടും
2. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനാല് മുതൽ പതിനേഴുവരെയുള്ള റിപ്പോർട്ടുകൾ

VII. ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

1. 2024 ഫെബ്രുവരി 9-ാം തീയതിയിലെ സ.ഉ.(അച്ചടി) നം. 21/2024/LSGD (SRO No. 168/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾക്കുള്ള ഭേദഗതി.
2. 2024 ഫെബ്രുവരി 9-ാം തീയതിയിലെ സ. ഉ.(അച്ചടി) നം. 20/2024/LSGD (SRO No. 172/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾക്കുള്ള ഭേദഗതി.

VIII. ധനകാര്യം

ഉപധനാഭ്യർഥനകളുടെയും അധിക ധനാഭ്യർഥനകളുടെയും സ്റ്റേറ്റ്മെന്റുകൾ

IX. നിയമനിർമ്മാണ കാര്യം

2024-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും.

X. അറിയിപ്പ്

1. ഇ-സ്പോർട്ട്സ്
2. കാലാവസ്ഥാ വ്യതിയാനം

അനുബന്ധം I & II

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം
2024 ജൂലൈ 09, ചൊവ്വ

വാല്യം 194] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

നിയമസഭ 2024 ജൂലൈ മാസം 09-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I.ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിച്ച ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ (*481)

സ്റ്റാർട്ട് അപ് വില്ലേജ്

1 (*481) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ് വില്ലേജിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ-സി) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ് വില്ലേജിന് രൂപം നൽകിയിട്ടില്ല. എന്നാൽ സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. സ്റ്റാർട്ട് അപ് ഇക്കോ സിസ്റ്റത്തെ പിന്തുണച്ചുവരുന്നു. തുടക്കത്തിൽ Seed Fund പദ്ധതിവഴി 25 ലക്ഷം രൂപവരെ മൂലധനസഹായം ലഭ്യമാക്കുകയും ഒപ്പംതന്നെ Business Incubation Centre-കൾക്ക് സ്ഥലം നൽകുകയും ചെയ്തിരുന്നു. ഇപ്പോൾ Scale-up-നായി Start-up-കൾക്കുള്ള ധനസഹായം ഒരു കോടി രൂപവരെ അനുവദിക്കുന്നുണ്ട്.

കെ.എസ്.ഐ.ഡി.സി. ഇതുവരെ കേരളത്തിലുടനീളം 165 സ്റ്റാർട്ട് അപ്പുകൾക്കായി 40.06 കോടി രൂപ സ്റ്റാർട്ട് അപ് വായ്പയായി അനുവദിക്കുകയും അതിൽ 121 സ്റ്റാർട്ട് അപ്പുകൾക്ക് 24.48 കോടി രൂപ വായ്പ നൽകുകയും അവയിൽ 27 എണ്ണം അവരുടെ വായ്പ പൂർണ്ണമായും തിരിച്ചടയ്ക്കുകയും ചെയ്തു.

സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.-യിൽ 2 വായ്പാ പദ്ധതികൾ (സീഡ് ഫണ്ട് അസ്സിസ്റ്റൻസ്, സ്കെയിൽ അപ് സപ്പോർട്ട്) നിലവിലുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

സീഡ് ഫണ്ട് അസ്സിസ്റ്റൻസ്:- കേരളത്തിലുടനീളമുള്ള സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർഥികളടക്കമുള്ള യുവസംരംഭകരുടെ നൂതനവും വ്യാപാരയോഗ്യവുമായ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. 25 ലക്ഷം രൂപവരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ 25 ലക്ഷം രൂപവരെ നിലവിൽ 6.75% പലിശ നിരക്കിൽ നാലുവർഷത്തേയ്ക്ക് ഈടില്ലാതെ വായ്പ നൽകിവരുന്നു.

സ്കെയിൽ അപ് സപ്പോർട്ട്:- മേൽപ്പറഞ്ഞവയ്ക്ക് പുറമെ തങ്ങളുടെ ഉൽപന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവൽക്കരിക്കുകയും ചെയ്ത സ്റ്റാർട്ട് അപ്പുകൾക്ക് "സ്കെയിൽ അപ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പാക്കിവരുന്നു. ഈ

പദ്ധതിപ്രകാരം 100 ലക്ഷം രൂപവരെ നിലവിൽ 7.00% പലിശനിരക്കിൽ നാല് വർഷത്തേയ്ക്ക് ഈടില്ലാതെ വായ്പ നൽകിവരുന്നു.

കെ.എസ്.ഐ.ഡി.സി. നിലവിൽ 2024-25 സാമ്പത്തിക വർഷത്തിൽ സ്റ്റാർട്ട് അപ്പുകൾക്ക് ഒരു കോടി രൂപവരെ ധനസഹായം നൽകുന്ന സ്കെയിൽ അപ് പദ്ധതിക്കാണ് പ്രാധാന്യം നൽകുന്നത്. സംസ്ഥാനത്തെ കരുത്തുറ്റ സ്റ്റാർട്ട് അപ് ആവാസ വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് കേരള സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് കെ.എസ്.ഐ.ഡി.സി. സ്കെയിൽ അപ് കോൺക്ലേവ് നടത്തുകയുണ്ടായി. പ്രസ്തുത കോൺക്ലേവിൽ ലഭിച്ച നിർദ്ദേശങ്ങൾ വിശകലനം ചെയ്ത് തുടർനടപടി സ്വീകരിച്ചുവരുന്നു.

കേരള സ്റ്റാർട്ട് അപ് മിഷൻ സ്റ്റാർട്ട് അപ്പുകളുമായി ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് മികച്ച സ്റ്റാർട്ട് അപ് ആവാസ വ്യവസ്ഥ സ്ഥാപിക്കുന്നതിനായി യുവസംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾ കേരള സ്റ്റാർട്ട് അപ് മിഷനിലൂടെ നടപ്പാക്കിവരുന്നു.

കേന്ദ്രസർക്കാരിന്റെ DPIIT-യുടെ കണക്കുപ്രകാരം സംസ്ഥാനത്ത് നിലവിലെ സ്റ്റാർട്ട് അപ്പുകളുടെ എണ്ണം 5522 ആണ്. സ്റ്റാർട്ട് അപ്പുകൾക്ക് ലഭ്യമായ നിക്ഷേപം 5,500 കോടി രൂപയാണ്. സ്റ്റാർട്ട് അപ്പുകളിലൂടെ ലഭ്യമായ തൊഴിലവസരം 55000-ത്തിലധികമാണ്. കേന്ദ്ര സർക്കാരിന്റെ സംസ്ഥാന സ്റ്റാർട്ട് അപ് റാങ്കിംഗിൽ 2018, 2019, 2020 വർഷങ്ങളിലെ ടോപ് പെർഫോർമറായും 2022-ലെ റാങ്കിങ്ങിൽ ബെസ്റ്റ് പെർഫോർമറായും കേരളത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. നിക്ഷേപവും നവീന ആശയങ്ങളും വളർത്തുക, അനുകൂലമായ സുസ്ഥിര വ്യാവസായികാന്തരീക്ഷം സൃഷ്ടിക്കുക എന്നിവ മുൻനിർത്തി സംസ്ഥാന സർക്കാരിന്റെ വ്യാവസായിക നയത്തിലും രാജ്യത്തെ വികസിതമായ സ്റ്റാർട്ട് അപ് കേന്ദ്രമാക്കി കേരളത്തെ മാറ്റുകയെന്നത് കെ.എസ്.ഐ.ഡി.സി.-യുടെ പ്രഥമ ലക്ഷ്യങ്ങളിലൊന്നാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, നിലവിൽ വന്ന സ്റ്റാർട്ട് അപ്പ് വില്ലേജുകളിൽ എത്രയെണ്ണം മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്; അവയുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, സ്റ്റാർട്ട് അപ് വില്ലേജ് എന്ന സംവിധാനം ബഹുമാന്യനായ മുഖ്യമന്ത്രിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ സ്റ്റാർട്ട് അപ്പുകൾക്കുള്ള പിന്തുണയാണ് കെ.എസ്.ഐ.ഡി.സി. നൽകിക്കൊണ്ടിരിക്കുന്നത്. കേരളം സ്റ്റാർട്ട് അപ്പുകളുടെ കാര്യത്തിൽ ലോകത്തിനുതന്നെ മാതൃകയാകാവുന്ന രൂപത്തിൽ വളർന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ ഏറ്റവും മികച്ച സ്റ്റാർട്ട് അപ് ഇക്കോ സിസ്റ്റം കേരളത്തിലേതാണ്. മികച്ച സ്റ്റാർട്ട് അപ്പുകളെ സംബന്ധിച്ച് ഇവിടെ ബഹുമാനപ്പെട്ട അംഗം ചോദിക്കുകയുണ്ടായി. അതിൽ ഓപ്പൺ ഫിനാൻഷ്യൽ ടെക്നോളജീസ് ഇന്ത്യയിലെ നൂറാമത്തെ യൂണിക്കോണായി തിരഞ്ഞെടുക്കുന്ന രൂപത്തിലേയ്ക്ക് വളരുകയുണ്ടായി. അതുപോലെ റോബോട്ടിക്സ് മേഖലയിലെ ജൻ റോബോട്ടിക്സ്, ശാസ്ത്ര റോബോട്ടിക്സ്, ഇൻകർ റോബോട്ടിക്സ്, എയ്റോവ് എന്നീ കമ്പനികൾ ഈ മേഖലയിൽ കേരളം കൈവരിച്ച മുന്നേറ്റത്തിന് ദൃഷ്ടാന്തങ്ങളാണ്. ഓയിൽ പൈപ്പ് ലൈനുകളിലെ ചോർച്ച കണ്ടെത്തുന്നതിനും ഒഴിവാക്കുന്നതിനുമുള്ള എ.ഐ. സാങ്കേതികവിദ്യ വികസിപ്പിച്ച ട്രാൻസ്മിയോ ലോകപ്രശസ്ത

കമ്പനിയായ ഷെല്ലിന്റെ അംഗീകാരം നേടുകയുണ്ടായി. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രശംസ നേടിയ INTERVEL നല്ല രീതിയിലുള്ള സ്റ്റാർട്ട് അപ്പായി ലോകത്തിലെ പല രാജ്യങ്ങളും ഇപ്പോൾ ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. കൂടാതെ എൻടി, എഡ്യൂപോർട്ട് എന്നിവയെല്ലാം എഡ് ടെക് (Ed tech) മേഖലയിലെ മികച്ച സ്റ്റാർട്ട് അപ്പുകളാണ്. ഇംഗ്ലണ്ടിന്റെയും കാനഡയുടെയും പാടശേഖരങ്ങളിൽ കീടനാശിനി തളിക്കാൻ ഉപയോഗിക്കുന്ന ഡ്രോണുകൾ വികസിപ്പിച്ചത് കേരളത്തിന്റെ സ്റ്റാർട്ട് അപ്പായ ഫ്യൂസ് ലജ് ആണ്. ഇന്ത്യയിലെ ആദ്യത്തെ ഡി.ജി.സി.എ. അംഗീകൃത അഗ്രി ടെക് ഡ്രോണിന്റെ നിർമ്മാതാക്കളാണിവർ. ഹിറ്റാച്ചി പോലെയുള്ള ജാപ്പനീസ് കമ്പനികളും ഇവർക്ക് സപ്പോർട്ട് നൽകുന്നുണ്ട്. സെമികണ്ടക്ടർ മേഖലയിൽ പ്രവർത്തിക്കുന്ന Netrasemi, Silizium Circuits എന്നിവ ലോകശ്രദ്ധ പിടിച്ചുപറ്റിയ കേരളത്തിന്റെ സ്റ്റാർട്ട് അപ്പുകളാണ്. എ.വി.ജി.സി. മേഖലയിൽ പ്രവർത്തിക്കുന്ന Bhooshan Animation, TIILT LAB, ഭ്രമയുഗം സിനിമയുടെ VFX ചെയ്യുന്ന EUNOIANS എന്നീ സ്റ്റാർട്ട് അപ്പുകളും സ്റ്റാർട്ട് അപ്പ് മിഷന്റെ ഭാഗമാണ്. ഇതുകൂടാതെ ആരോഗ്യ രംഗത്ത്

എറണാകുളത്തുള്ള 'മൈ കെയർ' എന്ന കമ്പനി നല്ല രീതിയിലുള്ള ഒരു സ്റ്റാർട്ട് അപ് സംവിധാനമാണ്. ലോകപ്രശസ്ത ദന്തൽ ഇംപ്ലാന്റ് നിർമ്മാതാക്കളായ സ്വോമാൻ ഗ്രൂപ്പ് നിക്ഷേപം നടത്തിയിട്ടുള്ള മറ്റൊരു സ്റ്റാർട്ട് അപ്പാണ് കെയർ സ്റ്റാക്ക്. ആൽഗയിൽനിന്ന് ബിസ്കറ്റുകൾ ഉണ്ടാക്കി ലോകത്തെ കാർബൺ ന്യൂട്രാലിറ്റിയിൽ എത്തിക്കുന്നതിന് വലിയ സംഭാവന നൽകാൻ കഴിയുന്ന ഉപകരണങ്ങൾ വികസിപ്പിച്ച പത്തനംതിട്ടയിലെ വെച്ചൂച്ചിറയിലുള്ള സാറാ ബയോടെക് എന്ന സ്റ്റാർട്ട് അപ് മികച്ച രീതിയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതുകൂടാതെ ഒട്ടനവധി പേറ്റന്റുകളുമായി IoT രംഗത്ത് പ്രവർത്തിക്കുന്ന ഇൻടോട്ട്, ഇലക്ട്രിക് വെഹിക്കിൾ രംഗത്തെ സേവനദാതാക്കളായ സി-ഇലക്ട്രിക് ചാർജ്, മോഡ് തുടങ്ങിയ കമ്പനികളും എ.ഐ. സോഫ്റ്റ്വെയർ രംഗത്ത് പ്രവർത്തിക്കുന്ന പ്രീമാജിക്, ക്ലൂടാക്ക്, സാപ്പി ഹയർ എന്നീ കമ്പനികളും അടുത്തിടെ 15 കോടി രൂപ ഫണ്ട് ഓഫ് ഫണ്ടിൽനിന്ന് നിക്ഷേപം ലഭിക്കാൻ അർഹത നേടിയവയാണ്. ഇൻഷ്വറൻസ് മേഖലയിലും ടെലിമെഡിസിൻ രംഗത്തും കാൻസർ ചികിത്സാ രംഗത്തും ഭിന്നശേഷിക്കാരുടെ ജീവിതനിലവാരം

ഉയർത്തുന്നതിനും സ്റ്റാർട്ട് അപ്പുകൾ ഉപയോഗിക്കുന്നു. ഇന്ത്യയിലെ തുറമുഖങ്ങളിൽ നിലവിൽ ഉപയോഗിക്കുന്ന ഡോക്കർ വിഷൻ കേരളത്തിലെ മികച്ച സ്റ്റാർട്ട് അപ്പുകളിലൊന്നാണ്. കേരള സ്റ്റാർട്ട് അപ് മിഷൻ മുഖേന സംസ്ഥാന സർക്കാർ സ്റ്റാർട്ട് അപ്പുകളിൽ 51.6 കോടി രൂപ മുടക്കിയതിൽ ഇന്നത്തെ വിപണി മൂല്യം 166 കോടി രൂപയാണ്. നിക്ഷേപിച്ച മൂലധനത്തിന്റെ 3.79 ശതമാനം ഇരട്ടി വളർച്ചയാണ് കാണിക്കുന്നത്. ഇത് കേരളത്തിലെ സ്റ്റാർട്ട് അപ്പ് ആവാസവ്യവസ്ഥ കൈവരിച്ച നേട്ടങ്ങളുടെ തെളിവായി കണക്കാക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് മറുപടി നൽകിയിട്ടില്ല. വിദ്യാർഥികൾക്കായി സ്റ്റാർട്ട് അപ് നയം സർക്കാർ രൂപീകരിച്ചിട്ടുണ്ടോ; എഞ്ചിനീയറിങ് കോളേജുകളിൽനിന്ന് സംരംഭകരെ കണ്ടെത്താനും അവർക്കായി സംരംഭക കോഴ്സുകൾ തുടങ്ങുന്ന കാര്യവും പരിഗണിക്കുമോ?

ശ്രീ. പി. രാജീവ്: സർ, സംസ്ഥാന ഗവൺമെന്റ് മാർക്കറ്റിങിനായി പ്രൊക്യൂർമെന്റിൽ സ്റ്റാർട്ട് അപ്പുകൾക്ക് പ്രത്യേക പരിഗണനയും പി.കു.

കണ്ടീഷനകത്ത് ആവശ്യമായ ഇളവുകളും നൽകുന്നതോടൊപ്പം നെറ്റ്‌വർക്കിങ്ങിനകത്തും സ്റ്റാർട്ട് അപ്പുകൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. അങ്ങ് ചോദിച്ച ചോദ്യം വളരെ പ്രസക്തമാണ്. വിദ്യാർഥികൾ ഈ മേഖലയിൽ വളരെ നന്നായി ഇടപെടുന്നുണ്ട്. എല്ലാ യൂണിവേഴ്സിറ്റികളുടെ കീഴിലും നൂറുകണക്കിന് സ്റ്റാർട്ട് അപ് സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്റ്റാർട്ട് അപ്പുകൾ, incubators, accelerators എന്നിവ ഉന്നതവിദ്യാഭ്യാസ സംവിധാനത്തിന്റെ ഭാഗമായിട്ടുണ്ട്. അവയുടെ പ്രവർത്തനത്തിനാവശ്യമായ സ്ഥലസൗകര്യങ്ങളും മറ്റും ഉൾപ്പെടുത്തുന്നുണ്ട്. കേരള സാങ്കേതിക സർവകലാശാല സിലബസ് പുതുക്കിയപ്പോൾ സംരംഭകത്വവും മറ്റും സിലബസിന്റെ ഭാഗമാക്കിയത് പ്രത്യേകം ശ്രദ്ധേയമാണ്. അതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. എല്ലാ വകുപ്പുകളും ചേർന്നാൽ സ്റ്റാർട്ട് അപ് സംവിധാനത്തെ മെച്ചപ്പെടുത്താൻ കഴിയും. ഇന്നത്തെ ചെറുപ്പക്കാർ നല്ല കഴിവുള്ളവരാണ്. ആ കഴിവുകൾ ഉപയോഗപ്പെടുത്തി വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളുടെ കാര്യത്തിൽ മുന്നേറാൻ ഈ സംവിധാനം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, ഈ രംഗത്ത് ഗവൺമെന്റ് പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ സ്റ്റാർട്ട് അപ്പുകളുടെ എണ്ണം വർധിച്ചുവരുന്നുവെന്നത് ഏറ്റവും അഭിമാനകരമായ കാര്യമാണ്. ഈയൊരു പശ്ചാത്തലത്തിൽ സോഫ്റ്റ്വെയർ, ഹാർഡ്വെയർ കമ്പനികൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ എങ്ങനെയാണ് കൂടുതൽ പുരോഗതിയിലേയ്ക്കെത്തിച്ചേരാൻ കഴിയുന്നതെന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? ഇന്ന് കേരളത്തിലെ കോളേജുകളിൽ ടെക്സ്റ്റൈൽ ടെക്നോളജി വിഷയമില്ല. കേരളം വളരെയേറെ പുരോഗതി കൈവരിക്കുമ്പോഴും ഇവിടത്തെ കുട്ടികൾക്ക് ടെക്സ്റ്റൈൽ ടെക്നോളജി പഠിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും പോകേണ്ടിവരികയാണ്. കേരളം ഇത്രയും വളർച്ച കൈവരിച്ച് നിൽക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യാർഥികൾക്ക് പുതിയ സാധ്യതകൾ നൽകാൻ കഴിയുന്ന വിധത്തിലുള്ള സംരംഭക കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

ബഹുമാനപ്പെട്ട പി. ജെ. ജോസഫ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കോട്ടയം ടെക്സ്റ്റൽസിന്റെ പ്രവർത്തനം സംബന്ധിച്ച് ഞാൻ ഇന്നലെ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. പ്രസ്തുത സ്ഥാപനം ഇന്ന് അടച്ചുപൂട്ടിയിരിക്കുകയാണ്. അതിന് 25 ഏക്കറോളം സ്ഥലമുണ്ട്. കേരളത്തിൽ ടെക്സ്റ്റൽ ടെക്നോളജി, ബി.ടെക് കോഴ്സുകൾ ഉൾപ്പെടെ പഠിക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു കോളേജ് ആരംഭിക്കുന്നതിനുള്ള സാധ്യത ഗവൺമെന്റ് പരിശോധിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഒരു ഉപചോദ്യത്തിനുള്ളിൽ നാല് ചോദ്യങ്ങൾ വിദഗ്ധമായി വിളക്കിച്ചേർത്തിട്ടുണ്ട്. ടെക്സ്റ്റൽ ടെക്നോളജി കോഴ്സുകൾ സംബന്ധിച്ച വിഷയം എന്റെ വകുപ്പിനുകീഴിൽ വരുന്നതല്ലെങ്കിൽപ്പോലും വ്യവസായത്തിലെ 22 പ്രയോറിറ്റി സെക്ടറിനകത്ത് അത് ഉൾപ്പെടുത്തിയിട്ടുണ്ട്. കാരണം നമ്മുടെ നാട്ടിലെ ചെറുപ്പക്കാർക്ക് ജോലി നൽകാൻ കഴിയുന്ന സംരംഭങ്ങളായിരിക്കണം കേരളത്തിലുണ്ടാകേണ്ടത്. ഇവിടെ ഒരു ഗാർമെന്റ് ഇൻഡസ്ട്രി പ്രവർത്തനം തുടങ്ങിയാൽ അതിനകത്ത്

98-99% വരെ കൂടിയേറ്റ തൊഴിലാളികളായിരിക്കും ഉൾപ്പെടുക. കേരളത്തിലെ ചെറുപ്പക്കാർക്ക് ഉയർന്ന ശമ്പളം ലഭിക്കുന്ന തൊഴിൽ സാധ്യതകളാണ് ആവശ്യമായിട്ടുള്ളത്. അങ്ങനെയാണ് 22 പ്രയോറിറ്റി സെക്ടറുകൾ കണ്ടെത്തിയത്. വ്യവസായ നയത്തിൽ സ്റ്റാർട്ട് അപ്പുകൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ഓരോ നിയോജകമണ്ഡലത്തിലും സംരംഭക വർഷത്തിന്റെ ഭാഗമായുള്ള സംവിധാനമുണ്ടായിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് സെപ്റ്റംബർ മാസത്തിൽ എല്ലാ പഞ്ചായത്തിലും ഗ്രാമസഭയുടെ മോഡലിൽ 'സംരംഭക സഭ' ആരംഭിക്കുന്നതിനെ സംബന്ധിച്ചാണ് നിലവിൽ സർക്കാർ ആലോചിക്കുന്നത്. ആ പഞ്ചായത്തിലുള്ള സംരംഭകർക്കെല്ലാം ആ സഭയിൽ പങ്കെടുക്കാം. പഞ്ചായത്ത്, വ്യവസായം എന്നീ വകുപ്പുകളും വ്യവസായവുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരുംകൂടി ആ സഭയിൽ പങ്കെടുത്താൽ സംരംഭകത്വത്തിന് ഒന്നുകൂടി ആത്മവിശ്വാസം നൽകാൻ സാധിക്കും. അങ്ങ് പറഞ്ഞതുപോലെ എ.ഐ., എൻ.ഐ.ഐ. എന്നീ പുതിയ തലമുറ വ്യവസായങ്ങൾക്ക് സ്ഥല ലഭ്യതയുടെ കുറവുണ്ട്. കോട്ടയം ടെക്സ്റ്റൈൽസ്

ഉൾപ്പെടെയുള്ളവയുടെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം നല്ല രീതിയിൽ ഐ.ടി. വ്യവസായങ്ങൾക്കായി വിനിയോഗിക്കുന്നത് സംബന്ധിച്ച് പരിശോധിക്കാം.

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളം സംരംഭക സൗഹാർദ സംസ്ഥാനമാണെന്ന് ഗവൺമെന്റ് അവകാശപ്പെടുമ്പോഴും 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ മുപ്പതിനായിരത്തോളം പുതിയ സംരംഭകർ കേരളത്തിലെ പ്രവർത്തനം അവസാനിപ്പിച്ചിരിക്കുകയാണ്. ഇത് ഒട്ടും ആശാസ്യമല്ല. ഇത് എന്തുകൊണ്ടാണ് സംഭവിക്കുന്നതെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; ഇത്തരത്തിലുള്ള കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുന്നതിന് ഗവൺമെന്റ് എന്ത് നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, ഇന്ത്യയിൽ എം.എസ്.എം.ഇ.-കളുടെ ആദ്യവർഷത്തെ മോർട്ടാലിറ്റി റേറ്റ് 30% ആണ്. എം.എസ്.എം.ഇ.-കൾ തുടങ്ങിയാൽ ആദ്യവർഷംതന്നെ 30 ശതമാനം പൂട്ടിപ്പോകുമെന്നതാണ് കണക്ക്. കേരളത്തിൽ സംരംഭക വർഷം നടപ്പാക്കിയതിനുശേഷമുള്ള

ആദ്യത്തെ വർഷം പഞ്ചായത്തുകളിലെല്ലാം ഇന്റേൺസ് ആയിരുന്നു ജോലി ചെയ്തിരുന്നത്. ഇപ്പോൾ ഒരു പഞ്ചായത്തിൽ ഒരു ഇന്റേൺ എന്ന നിലയിലും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ 20 വാർഡിന് ഒരു ഇന്റേൺ എന്ന നിലയിലുമാണ് ജോലി ചെയ്യുന്നത്. ആദ്യവർഷം 15% സംരംഭങ്ങളാണ് പൂട്ടിപ്പോയത്. അതിൽത്തന്നെ 450-ഓളം വരുന്ന സംരംഭങ്ങൾ സർവെയുടെയും ഇടപെടലിന്റെയും ഭാഗമായി പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആരംഭിക്കുന്ന എല്ലാ സംരംഭങ്ങളും മുന്നോട്ടുപോകുമെന്ന് പറയാൻ സാധിക്കില്ല. സംരംഭങ്ങൾ പൂട്ടിപ്പോകുന്നതിന് എന്തെല്ലാം കാരണങ്ങളുണ്ടെന്നും സർവെയിൽ പരിശോധിച്ചു. ഉദാഹരണത്തിന് ചിലത് ബേക്കറിയായിരിക്കും, അവിടെ ജോലി ചെയ്യുന്നത് അന്യസംസ്ഥാന തൊഴിലാളികളായിരിക്കും. അവർ സ്ഥാപനം വിട്ടുപോകുമ്പോൾ ബേക്കറി അടയ്ക്കേണ്ടതായി വരും. മറ്റ് ചില സംരംഭങ്ങൾ പൂട്ടിപ്പോകുന്നതിന് കാരണം പ്രാദേശികമായ ബുദ്ധിമുട്ടുകളായിരിക്കും. അത്തരത്തിലുള്ള പല പ്രശ്നങ്ങളുണ്ട്. പഞ്ചായത്തിൽ കൂടുതൽ സംരംഭങ്ങളാണ് വരുന്നതെന്നും അതിനെ

നിയന്ത്രിക്കുന്നതിനാവശ്യമായ മാറ്റം വേണമെന്നും ബഹുമാനപ്പെട്ട അംഗം തന്നെ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി.

ശ്രീ. അനൂപ് ജേക്കബ്: സർ, ...(മൈക്ക് ഓഫ്)..... അങ്ങ് തെറ്റിദ്ധരിക്കരുത്. ഓറഞ്ച് കാറ്റഗറിയിൽ വരുന്ന വ്യവസായങ്ങളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. രാജീവ്: സർ, അതത് പ്രദേശത്തിന് അനുയോജ്യമായ കാറ്റഗറിയിലുള്ള സ്ഥാപനമായിരിക്കും ഓരോ സ്ഥലത്തും വരുന്നത്. നല്ല രീതിയിൽത്തന്നെ സ്ഥാപനങ്ങൾ വരുന്നുണ്ട്. സംരംഭകസഭ കൂടി വരുമ്പോൾ എം. എസ്. എം. ഇ.-കളുടെ മോർട്ടാലിറ്റി റേറ്റ് കുറയ്ക്കുന്നതിന് പഞ്ചായത്തുകളുടെയും മറ്റ് സംവിധാനങ്ങളുടെയും പിന്തുണ കുറച്ചുകൂടി ലഭിക്കും. സർക്കാർ എം.എസ്.എം.ഇ. ക്ലിനിക് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ആരംഭിച്ചിട്ടുണ്ട്. ഒരു സംരംഭത്തിന് സാമ്പത്തികമോ ടെക്നിക്കലോ മാർക്കറ്റിംഗോ മാനേജ്മെന്റുപരമോ ആയ എന്തെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ കണ്ടാൽ ടി എം. എസ്. എം. ഇ. ക്ലിനിക്കിലേയ്ക്ക് പോകാം. അവിടെ പാനൽ ഓഫ് എക്സ്പെർട്ട്സും പാനൽ ഓഫ്

ഇൻസ്റ്റിറ്റ്യൂഷൻസുമുണ്ട്. അവർക്കാവശ്യമായ അഡ്വൈസും റെഗുലേഷനും ഗവൺമെന്റ് നൽകും. ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്, ജി.എസ്.ടി. റിട്ടേൺസ് എന്നിവ തയ്യാറാക്കാൻ പലർക്കും അറിയില്ല. അതിന് ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ പ്രൊഫഷണൽ സംഘടനയായ Institute of Chartered Accountants of India-യുമായി ചേർന്ന് എല്ലാ ജില്ലകളിലും സൗജന്യ ക്ലിനിക് ആരംഭിച്ചിട്ടുണ്ട്. ആദ്യത്തെ ഒരു വർഷം സേവനം പൂർണ്ണമായും സൗജന്യമാണ്. ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഇതിനാവശ്യമായ സപ്പോർട്ട് നൽകും. അത്തരത്തിലുള്ള ഇക്കോ സിസ്റ്റം ശക്തിപ്പെടുത്തിയിട്ടുണ്ട്. എം. എസ്. എം. ഇ.-കളുടെ മോർട്ടാലിറ്റി റേറ്റ് പരമാവധി കുറയ്ക്കുന്നതിന് സർക്കാർ ഇനിയും ശ്രമിക്കുന്നതായിരിക്കും.

ശ്രീ. മാണി സി. കാപ്പൻ: സർ, കേരളത്തിൽ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ രൂപം നൽകുന്ന സ്റ്റാർട്ട് അപ് വില്ലേജിൽ സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി. ലോണും സബ്സിഡിയും നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ് വില്ലേജിന് രൂപം നൽകിയിട്ടില്ല. പക്ഷേ സ്റ്റാർട്ട് അപ്പുകൾക്ക് നിരവധി തരത്തിലുള്ള പിന്തുണ സർക്കാർ നൽകുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട സ്കീമുകളെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചു. സംസ്ഥാന സർക്കാർ വ്യവസായ നയത്തിന്റെ ഭാഗമായി 18 പുതിയ ഇൻസെന്റീവ് സ്കീമുകൾ നടപ്പാക്കിയിട്ടുള്ളതിൽ സാമ്പത്തിക പിന്തുണ നൽകുന്ന സ്കെയിൽ അപ് ഇൻസെന്റീവ് ഫോർ സ്റ്റാർട്ട് അപ്പ്സ് എന്ന പദ്ധതിയിൽ വിദ്യാർഥികളുടെയും യുവസംരംഭകരുടെയും നൂതനവും വ്യാപാരയോഗ്യവുമായ സംരംഭങ്ങൾ, മിനിമം വയബിൾ പ്രോഡക്ട്സ് വികസിപ്പിച്ച് മാർക്കറ്റിലിറക്കുന്ന സ്റ്റാർട്ട് അപ് കമ്പനികൾക്ക് അവരുടെ പദ്ധതികൾ വിപുലീകരിക്കാനും മാർക്കറ്റ് വികസിപ്പിക്കാനും മാസ് പ്രൊഡക്ഷനും കെ.എസ്.ഐ.ഡി.സി. ഈ സ്കെയിൽ അപ് സപ്പോർട്ട് നൽകുന്നുണ്ട്. ഒരു കോടി രൂപവരെയാണ് പരമാവധി ഇതിനുവേണ്ടി നൽകുന്നത്. ഇതുകൂടാതെ R&D-ക്കുവേണ്ടി സർവകലാശാലകളിൽ ഗവേഷണ വികസനത്തിലേർപ്പെട്ടിരിക്കുന്ന യൂണിറ്റുകൾക്ക് വ്യവസായ വകുപ്പുതന്നെ 20

ശതമാനം കെ.എസ്.ഐ.ഡി.സി.-യുടെ ധനസഹായം നൽകുന്നുണ്ട്. ഒരു കോടി രൂപവരെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ സ്റ്റാർട്ട് അപ്പുകൾക്ക് നൽകുന്നുണ്ട്. ഇന്റലക്ച്വൽ പ്രോപ്പർട്ടി ക്രിയേഷൻ എന്ന സ്കീമിനുകീഴിൽ പാറ്റന്റ്, ഇൻഡസ്ട്രിയൽ ഡിസൈൻ, വ്യാപാര മുദ്ര, ട്രേഡ് മാർക്ക്സ്, കോപ്പിറൈറ്റ് എന്നിവ നേടിയെടുക്കാൻ ഭൗതിക സ്വത്തവകാശം സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അതിന്റെ ചെലവിന്റെ 50 ശതമാനം തുക അതായത് പരമാവധി 30 ലക്ഷം രൂപവരെ നൽകുന്നുണ്ട്. ഇൻസെന്റീവ് ഫോർ പാർട്ടിസിപ്പേഷൻ ഇൻ ട്രേഡ് ഫെയേഴ്സിൽ പ്രദർശിപ്പിക്കാനാവശ്യമായ സ്റ്റാളുകളുടെ ചാർജ്ജുകൾക്ക് 100 ശതമാനംവരെ റീ-ഇമ്പേഴ്സ്മെന്റ് നൽകുന്നുണ്ട്. ഐ.പി.ഒ. വഴിയാണ് ഇതിന്റെയെല്ലാം മൂലധനം കൂടുതലായി വരുന്നത്. അതിനുവേണ്ടി എസ്.എം.ഇ. പ്ലാറ്റ്ഫോം വഴിയുള്ള ഫ്ലോട്ടിംഗിന് പബ്ലിക് ഇഷ്യൂവിന്റെ ചെലവുകളുടെ 50 ശതമാനം തുക അതായത് ഒരു കോടി രൂപവരെ സർക്കാർ നൽകുന്നുണ്ട്.

ശ്രീ. എ. രാജ: സർ, പൊതുവിൽ ഐ.ടി. സ്ഥാപനങ്ങൾക്കാണ് സ്റ്റാർട്ട് അപ് മിഷൻവഴി കൂടുതൽ സഹായങ്ങൾ നൽകുന്നതായി കാണുന്നത്.

ഐ.ടി. ഇതര സ്ഥാപനങ്ങൾക്ക് സ്റ്റാർട്ട് അപ്വഴി കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, സ്റ്റാർട്ട് അപ്പുകൾ എന്ന സംവിധാനം പുതുതായി വന്ന ഘട്ടത്തിൽ അതെല്ലാം ഐ.ടി., ഐ.ടി. റിലേറ്റഡായ കാര്യങ്ങളിലാണ് പരിമിതപ്പെട്ടിരുന്നത്. ഇപ്പോൾ അങ്ങനെയല്ല, എല്ലാ മേഖലകളിലും സ്റ്റാർട്ട് അപ് ഉണ്ട്. ഫിനാൻസ്, ഹെൽത്ത്, മാനുഫാക്ച്ചറിംഗ് എന്നീ രംഗങ്ങളിലെല്ലാം സ്റ്റാർട്ട് അപ്പുകളുണ്ട്. സാമ്പത്തിക പിന്തുണ, മാർക്കറ്റിംഗിനുള്ള പിന്തുണ തുടങ്ങി എന്തെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങളാണോ നിലവിൽ ഐ.ടി. അധിഷ്ഠിത സ്റ്റാർട്ട് അപ്പുകൾക്ക് ലഭിക്കുന്നത് അതേ പിന്തുണതന്നെ ഐ.ടി. ഇതര സ്റ്റാർട്ട് അപ്പുകൾക്കും നൽകാനുള്ള ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കുണ്ടറയിൽ ടെക്നോപാർക്കും ടി.കെ.എം. എഞ്ചിനീയറിങ് കോളേജും സ്ഥിതിചെയ്യുന്നു. ടി.കെ.എം. എഞ്ചിനീയറിങ് കോളേജ് വളരെ പ്രശസ്തമായ ഒരു വിദ്യാഭ്യാസ സ്ഥാപനമാണ്. ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ. എസ്. സോമനാഥ്

അടക്കം അവിടത്തെ പൂർവവിദ്യാർഥിയാണ്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള സിറാമിക്സ്, അലിൻഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ കൈവശം എക്സസ് ലാൻഡ് ധാരാളമുണ്ട്. ടെക്നോപാർക്ക്, ടി.കെ.എം. എഞ്ചിനീയറിങ് കോളേജ് പോലെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ വകുപ്പിന്റെ സംരംഭങ്ങൾ എന്നിവയെയും പ്രതിഭാശാലികളായ നൂതന ആശയങ്ങളുള്ള കുട്ടികളെയും കൂടി യോജിപ്പിച്ച് മിനി സ്റ്റാർട്ട് അപ്പുകൾക്ക് പ്രോത്സാഹനം നൽകുന്ന ഒരു ഇൻഡസ്ട്രിയൽ പാർക്ക് കുണ്ടറയിൽ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമി വ്യവസായ ആവശ്യങ്ങളുടെ വിനിയോഗത്തിനായി ഉപയോഗിക്കുകയെന്നുള്ള കാഴ്ചപ്പാട് നേരത്തെ പ്രഖ്യാപിച്ചതാണ്. അതിൽ ആദ്യം വന്ന പ്രശ്നം, കിഫ്ബിയിൽനിന്നുള്ള വായ്പയ്ക്ക് ഒമ്പത് ശതമാനം പലിശയാണ് അവർ ഈടാക്കുന്നത്. അതുകൂടി വാങ്ങി വയബിളായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തൊരു സാഹചര്യം വന്നിട്ടുണ്ട്. അക്കാര്യം ബഹുമാന്യനായ മുഖ്യമന്ത്രിയും ധനകാര്യ

വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് എങ്ങനെയാണോ മറ്റ് രൂപത്തിൽ കൊണ്ടുപോകാൻ കഴിയുന്നതെന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഭൂമിയുടെ ലഭ്യതയാണ് വ്യവസായ വികസനത്തിനുള്ള പ്രധാനപ്പെട്ട തടസ്സമായി നിൽക്കുന്നത്. എന്നാൽ ലഭ്യമായ ഭൂമി ശാസ്ത്രീയമായി വിനിയോഗിക്കാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ടെക്നോപാർക്ക് ടു കൊല്ലം ഐ.ടി. കോറിഡോർ, കൊച്ചി-ടു-കൊരട്ടി, കൊച്ചി ടു ചേർത്തല, കോഴിക്കോട് ടു കണ്ണൂർ ഐ.ടി. കോറിഡോറുകൾക്ക് ആവശ്യത്തിന് സ്ഥലമില്ല. അതിന് വലിയ ഡിമാന്റാണ് ഇപ്പോഴുള്ളത്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് വ്യവസായ വകുപ്പിന്റെ സ്ഥലവും ഇത്തരം കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, വിസ്മയിപ്പിക്കുന്ന ആശയങ്ങളുമായി കടന്നുവരുന്ന യുവ സംരംഭകരിൽ പലർക്കും തങ്ങളുടെ ഉൽപന്നങ്ങളുടെ യൂസ്ഡ് ഫീസനുസരിച്ചുള്ള ഇഫക്ടീവ് ബ്രാൻഡിങ് സ്ട്രാറ്റജിയും റവന്യൂ ജനറേഷന്റെ കാര്യത്തിൽ സുസ്ഥിരത കൈവരിക്കാൻ കഴിയുന്ന

ഫിനാൻഷ്യൽ മെന്റർഷിപ്പും ഇല്ലെന്ന് തോന്നാറുണ്ട്. ഈ രണ്ട് കാര്യങ്ങളിലും ഫലപ്രദമായ മെന്റർഷിപ്പ് നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുമായി ബന്ധപ്പെട്ടുള്ള പിന്തുണകളാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. ഏഴ് വർഷംമുമ്പ് ജൻ റോബോട്ടിക്സ് എന്ന സ്ഥാപനം ഒരു ചെറിയ റോബോട്ടാണ് ഉണ്ടാക്കിയത്. കോഴിക്കോട് ജില്ലയിൽ നൗഷാദും രണ്ട് അതിഥിത്തൊഴിലാളികളും മരണപ്പെട്ടപ്പോഴാണ് അവർ റോബോട്ടുണ്ടാക്കിയത്. അന്ന് അവർ മുഖ്യമന്ത്രിയെ കണ്ടതിന്റെ ഫലമായി അവർക്ക് ടെക്നോപാർക്കിൽ ചെറിയൊരു സ്ഥലം ലഭിച്ചു. തിരുവനന്തപുരത്ത് കിൻഫ്രാ പാർക്കിൽ പ്രവർത്തിക്കുന്ന അവരുടെ കമ്പനിയിൽ ഇപ്പോൾ 400 പേർ ജോലി ചെയ്യുന്നുണ്ട്. അവരാണ് ഇപ്പോൾ കിംസ്, അമൃത, തിരുവനന്തപുരം ജനറൽ ആശുപത്രി എന്നിവിടങ്ങളിലെല്ലാം സ്റ്റോക്ക് വന്നവരെ നടക്കാൻ സഹായിക്കുന്ന റോബോട്ട് വികസിപ്പിച്ചത്. പാലക്കാട് ജില്ലയിൽ അവരുടെ സ്ഥാപനത്തിന്റെ കല്ലിടൽ പരിപാടിയിൽ പങ്കെടുത്തപ്പോൾ ഇവർക്ക് ഫണ്ട് നൽകിയ ആളുകൾ

അവിടെയുണ്ടായിരുന്നു. അവർ പറഞ്ഞത് ഞങ്ങൾ പോകുമ്പോൾ ഒരു മുറിയിൽ കാർഡ്ബോഡ് പെട്ടിക്ക് മുകളിലാണ് ഇവർ ഇരിക്കുന്നത്. ഇവരുടെ പ്രോഡക്ട് കൊള്ളാമെന്നറിഞ്ഞപ്പോൾത്തന്നെ ഇവർക്കാവശ്യമായ സാമ്പത്തിക പിന്തുണ നൽകുകയുണ്ടായി. അത് സ്ട്രീംലൈൻ ചെയ്യാനായി കെ.എസ്.ഐ.ഡി.സി.-യും നമ്മുടെ സംവിധാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇക്കാര്യങ്ങളിൽ നല്ല രീതിയിൽ ഇടപെടാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ഇനിയും കൂടുതൽ പിന്തുണ സ്റ്റാർട്ട് അപ്പുകൾക്ക് നൽകണമെന്നാണ് സർക്കാർ കരുതുന്നത്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, സ്റ്റാർട്ട് അപ് വില്ലേജുകളുടെ രൂപകല്പനയിൽ കുടുംബശ്രീയെ എങ്ങനെയാണ് ഉപയോഗപ്പെടുത്തുന്നത്?

ശ്രീ. പി. രാജീവ്: സർ, സ്റ്റാർട്ട് അപ് വില്ലേജ് കൊച്ചിയിലാണുള്ളത്. അതിനോട് ചേർന്ന് ഒരു മേക്കർ വില്ലേജുണ്ട്. കുടുംബശ്രീ രംഗത്തും പുതിയ രീതിയിലുള്ള സംവിധാനങ്ങൾ വരുന്നുണ്ട്. പ്രസ്തുത സംവിധാനങ്ങൾ സ്റ്റാർട്ട് അപ്പുകളുടെ മേഖലയ്ക്കുതകുന്നുണ്ടോ എന്നുള്ളത് അവരുടെ വകുപ്പുമായി ആലോചിച്ചതിനുശേഷം, അങ്ങനെ വരുന്നുണ്ടെങ്കിൽ അതിനാവശ്യമായ

പിന്തുണ ഈ സംവിധാനത്തിന്റെയും സ്കീമുകളുടെയും ഭാഗമായി നൽകുന്നതാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിലുള്ള വിവിധ പദ്ധതികൾ, എം.എസ്.എം.ഇ.-യുടേതുപോലും നടപ്പാക്കുന്നതിനാവശ്യമായ സ്റ്റാഫ് കെ.എസ്.ഐ.ഡി.സി.-യിൽ ഇല്ലെന്നുള്ള ആക്ഷേപമുണ്ട്. അത് പരിഹരിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, കെ.എസ്.ഐ.ഡി.സി.-യിൽ സ്റ്റാഫിന് ഷോർട്ടേജുള്ളതായി തോന്നുന്നില്ല. നിലവിലുള്ള സ്റ്റാഫിനെ കുറെക്കൂടി നന്നായി വിനിയോഗിക്കുന്നതിനും എല്ലാവർക്കും ടാർജറ്റുകൾ കൊടുക്കുന്നതിനും പെർഫോർമൻസ് അടിസ്ഥാനമാക്കിയുള്ള പ്രൊമോഷൻ സംവിധാനത്തിലേയ്ക്ക് വരുന്നതിനുമുള്ള കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. ഇതുകൂടാതെ ഇൻവെസ്റ്റ്മെന്റ് ആകർഷിക്കുന്നതിനുവേണ്ടി പ്രത്യേകം ടീമിനെ സർക്കാർ ചുമതലപ്പെടുത്തുന്നുണ്ട്. ഓരോ മേഖലയിലും 22 പ്രയോരിറ്റി സെക്ടറുകൾ കേന്ദ്രീകരിച്ചുള്ള പരിപാടികൾ ആലോചിച്ചിട്ടുണ്ട്.

ഓരോ പത്ത് മേഖലയ്ക്കുത്തും റൗണ്ട് ടേബിളുകൾ, ഇൻവെസ്റ്റേഴ്സ് മീറ്റുപോലെയുള്ള കാര്യങ്ങൾക്കുവേണ്ടി നല്ല രീതിയിൽത്തന്നെ കെ.എസ്.ഐ.ഡി.സി. ടീം ഇപ്പോൾ വർക്ക് ചെയ്യുന്നുണ്ട്. ഉള്ള വിഭവശേഷിയെ നന്നായി വിനിയോഗിക്കുന്നതുകൂടാതെ ഓരോ മേഖലയിലും സവിശേഷമായ കഴിവുകളുള്ള ആളുകളെയും ഇത്തരം കാര്യങ്ങൾക്ക് താൽക്കാലികമായി ഉപയോഗിക്കുന്നുണ്ട്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, സ്റ്റാർട്ട് അപ് രംഗം ഏറ്റവും മികച്ച നിലയിലാണ് മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും ഐ.ബി.എം.-ഉം സംയുക്തമായി രാജ്യത്തെ ആദ്യത്തെ ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് കോൺക്ലേവ് സംഘടിപ്പിക്കുന്നതിന്റെ ലക്ഷ്യങ്ങളിൽ വ്യവസായ രംഗത്തും സ്റ്റാർട്ട് അപ്പുകൾക്കും പ്രത്യേകമായി ലഭിക്കാൻ സാധ്യതയുള്ള അവസരങ്ങളെക്കുറിച്ച് വിശദമാക്കുമോ?

ശ്രീ. പി. രാജീവ്: സർ, നമുക്ക് അഭിമാനിക്കാവുന്ന രൂപത്തിലുള്ള കോൺക്ലേവാണ് ഈ മാസം 11, 12 തീയതികളിൽ കൊച്ചിയിൽ നടക്കുന്നത്.

ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ ഇന്ത്യയിൽ നടക്കുന്ന ആദ്യത്തെ കോൺക്ലേവാണിത്. ട്രഡീഷണൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ കോൺക്ലേവുകളും കോൺഫറൻസുകളുമൊക്കെ നടന്നിട്ടുണ്ടെങ്കിലും കുറെക്കൂടി ഇമാജിനേറ്റിവായിട്ടുള്ള ഉൽപന്നങ്ങൾ നൽകാൻ കഴിയുന്ന സാങ്കേതികവിദ്യയാണ് ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിലുള്ളത്. ലോകോത്തര കമ്പനിയായ ഐ.ബി.എം.-മായി ചേർന്നാണ് ഇത് സംഘടിപ്പിക്കുന്നതെന്നതാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം. 1200 പ്രതിനിധികളെയാണ് ഉദ്ദേശിച്ചതെങ്കിൽ വെബ്സൈറ്റ് തുറന്ന് കുറച്ചുദിവസങ്ങൾക്കകം 3000-ത്തിലധികം രജിസ്ട്രേഷൻ വന്നതിനാൽ ഐ.ബി.എം.-നും കെ.എസ്.ഐ.ഡി.സി.-ക്കും അത് ക്ലോസ് ചെയ്യേണ്ട സാഹചര്യമുണ്ടായി. അതിനുമുമ്പ് സെലക്ട് ചെയ്തയാളുകൾക്ക് ലൈവ് സ്ട്രീം നൽകുന്നുണ്ട്. വിദ്യാർഥികൾ, റിസർച്ച് സ്കോളേഴ്സ്, ഇൻഡസ്ട്രിയലിസ്റ്റുകൾ, സ്റ്റാർട്ട് അപ്പുകൾ, ഇൻവെസ്റ്റേഴ്സ്, ഗവൺമെന്റ് ഓഫീസേഴ്സ് എല്ലാവരും ഒത്തുചേരുന്ന രണ്ടുദിവസത്തെ കോൺക്ലേവിൽ ഈ മേഖലയിലുള്ള ലോകോത്തര പ്രതിഭകളും

സംരംഭകരും വരുന്നുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, ബ്ലോക്ക്ചെയിൻ ടെക്നോളജി, ബിഗ് ഡാറ്റ അനാലിസിസ്, റോബോട്ടിക്സ് തുടങ്ങിയ പുതിയ ടെക്നോളജി അധിഷ്ഠിതമായ വ്യവസായങ്ങൾക്ക് പൊല്യൂഷനില്ലെന്ന് മാത്രമല്ല അധികം സ്ഥലവും ആവശ്യമില്ല. നമ്മുടെ മാനവവിഭവശേഷി ഉപയോഗിക്കാൻ കഴിയുന്നതിനുപുറമെ ഉയർന്ന ശമ്പളം കിട്ടുന്നതുമാണ്. അതിന് കഴിയുന്നൊരു കുതിപ്പിന് ഈ കോൺക്ലേവ് സഹായകരമായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, സ്റ്റാർട്ട് അപ്പുകൾക്കും എന്റർപ്രണർഷിപ്പിനും പ്രോത്സാഹനം നൽകുന്നതിനുള്ള കോമൺ വർക്ക് സ്പെയ്സ് പുതിയൊരു ട്രെൻഡായി മാറുന്ന ഈ കാലഘട്ടത്തിൽ കോമൺ വർക്ക് സ്പെയ്സ് പരമാവധി സ്ഥലങ്ങളിൽ അനുവദിക്കുമെന്നും അതിനുള്ള സപ്പോർട്ട് ലഭ്യമാക്കുമെന്നും സർക്കാർ പ്രഖ്യാപിച്ചിരുന്നു. അതുസംബന്ധിച്ച് തുടർനടപടികളായിട്ടുണ്ടോ; അതിനുള്ള സാധ്യതകൾ എന്തൊക്കെയാണ്?

ശ്രീ. പി. രാജീവ്: സർ, ഇക്കാര്യം സംബന്ധിച്ച് നേരത്തെ പ്രധാന ഉത്തരത്തിൽ സൂചിപ്പിക്കുകയുണ്ടായി. കെ.എസ്.ഐ.ഡി.സി.-യിൽത്തന്നെ ബിസിനസ്സ് സെന്ററുകൾ ഇതിനാവശ്യമായ സൗകര്യങ്ങൾ നൽകുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കോമൺ വർക്ക് സ്പെയ്സുകൾക്ക് ഇപ്പോൾ സ്ഥലം ലഭ്യമല്ലാത്തതുകൊണ്ട് പലരും പ്രത്യേക ടവറുകളിലും ബിൽഡിംഗുകളിലും ഇത്തരത്തിലുള്ള സീറ്റുകൾ പ്രൊവൈഡ് ചെയ്യുന്നുണ്ട്. അതിൽ സർക്കാർ ആവശ്യമായ പിന്തുണ നൽകുന്നുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, 'മെയ്ഡ് ഇൻ കേരള ബ്രാൻഡ് ' എന്ന ആശയത്തിന് പ്രോത്സാഹനം നൽകാനും കേരള ബ്രാൻഡ് ഉൽപന്നങ്ങൾക്ക് ക്വാളിറ്റി അഷ്വറൻസ് സർട്ടിഫിക്കറ്റുകൾ നേടിയെടുക്കാനും കെ.എസ്.ഐ.ഡി.സി. മുഖേന എന്തൊക്കെയാണ് ചെയ്യുന്നത്?

ശ്രീ. പി. രാജീവ്: സർ, 'മെയ്ഡ് ഇൻ കേരള' എന്ന പദ്ധതി കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ മറ്റ് നടപടികളിലേയ്ക്ക് പോകുന്നതേയുള്ളൂ. എങ്കിലും 'കേരള ബ്രാൻഡ്' എന്ന ആശയം വ്യവസായ വകുപ്പ് മുന്നോട്ടുവയ്ക്കുന്നുണ്ട്. 'കേരള ബ്രാൻഡ്' എന്നുപറഞ്ഞാൽ,

ലോകത്തിനുമുന്നിൽ കേരളത്തിനുള്ള പ്രത്യേകമായ സ്വീകാര്യതയെ നമ്മുടെ ഉൽപന്നങ്ങളുടെ വിപണനത്തിന് സഹായകരമായി ഉപയോഗിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ആദ്യഘട്ടമായി വെളിച്ചെണ്ണയ്ക്കാണ് ആദ്യത്തെ പ്രോട്ടോക്കോൾ. പ്രധാനമായും ഇത്തരം ഉൽപന്നങ്ങൾ വിൽക്കുന്നതിന് ഔദ്യോഗികമായി ആവശ്യമായ സർട്ടിഫിക്കറ്റുകൾ ലഭിച്ചുകഴിഞ്ഞാൽ നമ്മുടെ ഒരു ക്രൈറ്റീരിയയുണ്ട്. ആ ക്രൈറ്റീരിയ ട്രാൻസ്പാരന്റായി എല്ലാവർക്കും ലഭ്യമാണ്. ആ ക്രൈറ്റീരിയകൂടി നോക്കുന്നതാണ്. കേരള ബ്രാൻഡ് എന്നുള്ളതിന് 'നന്മ' എന്നൊരു ലോഗോ അംഗീകരിച്ചിട്ടുണ്ട്. ആ ബ്രാൻഡ് ഹോളോഗ്രാമിനകത്ത് ഇവർക്ക് നൽകുകയാണ്. ആദ്യത്തേത് വെളിച്ചെണ്ണയ്ക്കാണ് കൊടുക്കുന്നത്. വെളിച്ചെണ്ണയ്ക്ക് ലഭിച്ച അപേക്ഷകളെല്ലാം സ്ക്രൂട്ടിണൈസ് ചെയ്ത് സെലക്ട് ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഓരോ ഘട്ടമായി ഓരോ ഉൽപന്നങ്ങളെയാണ് തിരഞ്ഞെടുക്കുന്നത്. കേരള ബ്രാൻഡ്, ഗവൺമെന്റ് സർട്ടിഫൈഡാണ്, സേഫ് ടു ഈറ്റ് എന്നാകുമ്പോൾ മാർക്കറ്റിൽ കുറച്ചുകൂടി വാല്യൂ അഡിഷൻ കിട്ടും. കേരളത്തിനകത്തും പുറത്തും നമുക്കത് സഹായകരമായിരിക്കും. ആ പദ്ധതി സർക്കാർ മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, വ്യവസായങ്ങൾക്ക് പറ്റിയ സംസ്ഥാനമല്ല കേരളമെന്ന് പറഞ്ഞവരുടെ വായടപ്പിച്ചുകൊണ്ടാണ് സ്റ്റാർട്ട് അപ് മിഷനിലൂടെ ലോകത്തിലെ നമ്പർ വൺ വ്യവസായ സൗഹൃദ സംസ്ഥാനമായി നമ്മുടെ ഗവൺമെന്റ് കേരളത്തെ മാറ്റിയത്. നമ്മുടെ സംസ്ഥാനത്തിന്റെ സ്റ്റാർട്ട് അപ് ആവാസ വ്യവസ്ഥയെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്തിട്ടുണ്ടോ; ഇൻഡസ്ട്രിയൽ പോളിസിയിൽ സ്റ്റാർട്ട് അപ്പുകൾക്ക് കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഇപ്പോൾ കേരളത്തിന് വ്യവസായ രംഗത്ത് കുറച്ചുകൂടി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. അതിലൊരു പ്രധാനപ്പെട്ട പ്രശ്നം, കേരളത്തിൽ ഒരു സംരംഭം അടഞ്ഞാൽ ലോകത്ത് അറിയാത്ത ആരുമുണ്ടാകില്ല. കേരളത്തിൽ അമേരിക്കൻ കമ്പനിയായ വെൻഷ്വർ, ഡി.എസ്.പി.എസ്., മറ്റ് രൂപത്തിലുള്ള വൻകിട വിദേശ കമ്പനികൾ, സഫ്രൺ എന്നിവ പ്രവർത്തനമാരംഭിച്ചു. ടാറ്റാ എൽക്സിയുടെ 65 മുതൽ 70 ശതമാനം ആളുകൾ കേരളത്തിലാണ് ജോലി ചെയ്യുന്നത്.

ലോകത്തൊരിടത്തും ഒരു കമ്പനിയും അനശ്വരമായിട്ടില്ല. നോക്കിയ, ബ്ലാക്ക്ബെറി, ജെറ്റ് എയർവെയ്സ്, കിംഗ് ഫിഷർ തുടങ്ങിയ എത്രയോ കമ്പനികൾ പൂട്ടിയിട്ടുണ്ട്. ഇവിടെ ചെറിയൊരു പെട്ടിക്കട പൂട്ടിയാൽപ്പോലും അക്കാര്യം ലോകമാകെ എല്ലാ ഭാഷയിലേയ്ക്കും നമ്മുടെ ആളുകൾതന്നെ എത്തിക്കും. എന്നാൽ ഇവിടേയ്ക്ക് വരുന്ന സംരംഭങ്ങളെക്കുറിച്ചുള്ള വാർത്ത മറ്റുള്ളവരിൽ എത്തിക്കുന്നതിൽ കുറവു സംഭവിക്കുന്നുണ്ടായിരുന്നു. ഇപ്പോൾ അക്കാര്യത്തിൽ മാറ്റം വന്നുതുടങ്ങിയിട്ടുണ്ട്. മാധ്യമങ്ങൾ കുറച്ചുകൂടി പോസിറ്റീവായി, വ്യവസായ മേഖലയിലെ മാറ്റങ്ങളെക്കുറിച്ചുള്ള വാർത്തകൾ നൽകാൻ തുടങ്ങിയിട്ടുണ്ടെന്നുള്ളത് ഏറെ സന്തോഷകരമാണ്. സ്റ്റാർട്ട് അപ് ആവാസ വ്യവസ്ഥ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, കേന്ദ്ര സർക്കാരിന്റെ സ്റ്റാർട്ട് അപ് റാങ്കിങ്ങിൽ 2018, 2019, 2020 എന്നീ വർഷങ്ങളിൽ നമ്മൾ ടോപ് പെർഫോർമറായിരുന്നു. 2022-ൽ ബെസ്റ്റ് പെർഫോർമറായി സ്റ്റാർട്ട് അപ് സംവിധാനത്തെ തിരഞ്ഞെടുത്തുവെന്നത് അഭിമാനകരമാണ്. അതുപോലെതന്നെ സ്റ്റാർട്ട് അപ് ആവാസ വ്യവസ്ഥ അവലോകനം ചെയ്യുന്ന ആഗോള ഏജൻസിയായ സ്റ്റാർട്ട് അപ് ജിനോമിന്റെ

റിപ്പോർട്ടുപ്രകാരം 2019 മുതൽ 2021 വരെയുള്ള കാലഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ 2021 മുതൽ 2023 വരെയുള്ള കാലഘട്ടത്തിൽ 254 ശതമാനം കോമ്പൗണ്ട് ആന്വൽ ഗ്രോത്താണ് കേരളത്തിന്റെ സ്റ്റാർട്ട് അപ് സംവിധാനത്തിൽ ഉണ്ടായതെന്നുള്ളതും ഏറെ അഭിമാനകരമാണ്. ഈ റിപ്പോർട്ടുപ്രകാരം സംസ്ഥാന സ്റ്റാർട്ട് അപ് ആവാസ വ്യവസ്ഥയുടെ മൂല്യം 1.7 ബില്യൺ ഡോളർ അതായത് 14181.47 കോടി രൂപയാണ്.

കേരള ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ

2 (*482) <u>ശ്രീ. ആന്റണി രാജു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് റാങ്കിങ്ങിൽ കേരള ബാങ്ക് സി-ഗ്രേഡിലേക്ക് താഴ്ന്നത് ബാങ്കിന്റെ പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) റിസർവ് ബാങ്കിന്റെ ഭവന വായ്പ സംബന്ധിച്ച പുതിയ വ്യവസ്ഥപ്രകാരം കേരള ബാങ്കിന് ഉണ്ടാക്കാൻ കഴിയുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) കേരള ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതുതായി നടപ്പാക്കാൻ തീരുമാനിച്ച വായ്പാ പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) നബാർഡിന്റെ വാർഷിക പരിശോധനയുമായി ബന്ധപ്പെട്ട സാധാരണ നടപടിക്രമം മാത്രമാണ് റേറ്റിംഗിൽ ഉണ്ടായിട്ടുള്ള മാറ്റം. ഈ റേറ്റിംഗ് വ്യത്യാസം 25 ലക്ഷത്തിലധികം വരുന്ന വ്യക്തിഗത വായ്പകളെ മാത്രമേ ബാധിക്കുകയുള്ളൂ. നിലവിൽ ഇത്തരം വായ്പകൾ ബാങ്കിന്റെ ആകെ വായ്പയുടെ 3 ശതമാനം മാത്രമാണ്. ബാങ്ക് പ്രധാനമായും ലക്ഷ്യമിടുന്നത് MSME, Long Term Agriculture, സ്വർണ്ണ പണയ വായ്പ, ഭവന വായ്പ, സംഘം വായ്പ എന്നിവയാണ്. ഇത്തരം വായ്പകൾക്ക് നബാർഡ് റേറ്റിംഗ് ബാധകമല്ലാത്തതിനാൽ ഇപ്പോഴുള്ള റേറ്റിംഗ് വ്യത്യാസം ബാങ്കിന്റെ

പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നില്ല. 2023-24 സാമ്പത്തിക വർഷത്തെ കേരള ബാങ്കിന്റെ ലാഭം 209 കോടി രൂപയാണ്. കേരള ബാങ്കിന്റെ രൂപീകരണത്തിനുശേഷമുള്ള ഏറ്റവും വലിയ പ്രവർത്തന ലാഭമാണ് ബാങ്ക് 2023-24 സാമ്പത്തിക വർഷത്തിൽ നേടിയിട്ടുള്ളത്.

(ബി) നിലവിൽ കേരള ബാങ്കിൽനിന്നും വ്യക്തികൾക്ക് നൽകിവരുന്ന പരമാവധി ഭവന വായ്പയുടെ പരിധി 30 ലക്ഷം രൂപയാണ്. എന്നാൽ 2022 ജൂൺ 8-ാം തീയതി റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർപ്രകാരം ബാങ്കിന് 75 ലക്ഷം രൂപവരെ ഭവന വായ്പ അനുവദിക്കാവുന്നതാണ്. കേരള ബാങ്കിൽനിന്നും നൽകിവരുന്ന ഭവന വായ്പയുടെ പരിധി 75 ലക്ഷം രൂപയായി വർധിപ്പിക്കുന്നതോടെ കേരളത്തിലെ വിവിധ വിഭാഗങ്ങളിലുള്ളവർക്കും സാധാരണക്കാർക്കും അധിക ഭവന വായ്പ അനുവദിക്കുന്നതിനും അതുവഴി ബാങ്കിന്റെ ആകെ ബിസിനസിൽ വർധനവുണ്ടാക്കുന്നതിനും കഴിയും.

(സി) കേരള ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ബാങ്കിൽനിന്നും നിലവിൽ നൽകിവരുന്ന 48 ഇനം വായ്പകൾക്ക് പുറമേ

പുതുതായി ധാരാളം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഉൽപാദന-സേവന-കച്ചവട മേഖലയുമായി ബന്ധപ്പെട്ട് നൽകുന്ന കെ.ബി. വ്യാപാർ മിത്ര ലോൺ, കെ.ബി. വ്യാപാർ മിത്ര പ്ലസ് ലോൺ, കാർഷിക മേഖലയിൽ ഉൽപാദനം വർധിപ്പിക്കുന്നതിനും ഗ്രാമീണ മേഖലയിൽ ബിസിനസ്/തൊഴിൽ വർധിപ്പിക്കുന്നതിനുമായി യന്ത്രങ്ങൾ/ഉപകരണങ്ങൾ വാങ്ങി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട കെ.ബി. മെഷിനറി ലോൺ, തീരദേശ ജില്ലകളിൽ ചെമ്മീൻ മത്സ്യകൃഷിയുടെ പ്രോത്സാഹനം നൽകുന്നതുമായി ബന്ധപ്പെട്ട വായ്പാ പദ്ധതിയായ കെ.ബി. വർക്കിംഗ് ക്യാപിറ്റൽ ലോൺ, മത്സ്യവിതരണ മേഖലയിൽ പ്രോത്സാഹനം നൽകുന്നതിനായുള്ള കെ.ബി. Fish Transport Vehicle Loan, കേരളത്തിലെ ഉൾനാടൻ കായലോര പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കൂട് മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള KB-Fish Culture in Floating Cages Loan, ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും ടൂറിസം പ്രൊമോഷനുമായി ബന്ധപ്പെട്ട KB-Home Stay Loan, സ്ഥിര വരുമാനമുള്ള കേന്ദ്ര-സംസ്ഥാന സർക്കാർ, അർധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ

എയ്ഡഡ് സ്കൂൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ, 20-ന് മുകളിൽ സ്ഥിരം തൊഴിലാളികളുള്ള സ്വകാര്യ സ്ഥാപനങ്ങൾ/നിശ്ചിത വരുമാനമുള്ള ITR ഫയൽ ചെയ്യുന്ന കർഷകർ അല്ലെങ്കിൽ വ്യവസായ സംരംഭകർ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് പുതിയ 4 wheeler (കാർ/ജീപ്പ്) വാങ്ങുന്നതിനുള്ള കെ.ബി. കാർ ലോൺ എന്നിവ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ശ്രീ. ആന്റണി രാജു: സർ, കേരളത്തിലെ സാധാരണക്കാരുടെ സാമൂഹ്യ പുരോഗതിയിലും സാമ്പത്തിക വളർച്ചയിലും നിർണ്ണായക പങ്ക് വഹിച്ച മഹാപ്രസ്ഥാനമാണ് കേരളത്തിലെ സഹകരണ ബാങ്കിങ് സംവിധാനം. ഒന്നാം പിണറായി സർക്കാർ യാഥാർഥ്യമാക്കിയ കേരള ബാങ്ക് അതിന് കൂടുതൽ കരുത്തും പകർന്നിട്ടുണ്ട്. കേരളത്തിലെ സഹകരണ ബാങ്കുകൾ ഓൺലൈൻ ബാങ്കിങ് സേവന രംഗത്ത് മറ്റ് ബാങ്കുകളോടൊപ്പം ആ നിലവാരത്തിലേയ്ക്ക് എത്തിയിട്ടുണ്ടോയെന്ന ആശങ്ക ജനങ്ങൾക്കുണ്ട്. അത് മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; അതോടൊപ്പം കേരള ബാങ്കിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പാക്കിയിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, കേരള ബാങ്കിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പാക്കിക്കഴിഞ്ഞു. ആർ.ടി.ജി.എസ്., നെഫ്റ്റ്, ഐ.എം.പി.എസ്., യു.പി.ഐ, മൊബൈൽ ബാങ്കിങ്, ഇന്റർനെറ്റ് ബാങ്കിങ് എന്നീ സംവിധാനങ്ങളെല്ലാം വന്നുകഴിഞ്ഞു. പ്രൈമറി സംഘങ്ങളുമായി ബന്ധിപ്പിക്കുന്ന സോഫ്റ്റ്വെയറിനുകൂടി ഇപ്പോൾ അംഗീകാരം വാങ്ങിയിരിക്കുന്നു.

ശ്രീ. ആന്റണി രാജു: സർ, സഹകരണ ബാങ്കുകളെ ഇല്ലായ്മ ചെയ്യാനുള്ള ബോധപൂർവമായ നീക്കം കേന്ദ്ര ഗവൺമെന്റിന്റെയും ആർ.ബി.ഐ.-യുടെയും ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന ആശങ്ക കേരളത്തിൽ ഉയർന്നുവന്നിട്ടുണ്ട്. ഇത്തരം പ്രവണതകളെ തടയാനും നേരിടാനും സംസ്ഥാന ഗവൺമെന്റ് എന്ത് നടപടി കൈക്കൊള്ളാനാണ് ആലോചിക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും നിധി കമ്പനിക്കും രൂപം കൊടുത്ത് പുതിയ നിയമം കൊണ്ടുവന്നപ്പോൾ അതിനെതിരെ

നിയമപരമായി സഹകരണ മേഖലയിലെ സഹകാരികളെയും എല്ലാ വിഭാഗം ആളുകളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജനാധിപത്യപരമായ പ്രതിഷേധം നമ്മൾ ഉയർത്തിക്കൊണ്ടുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ ഇപ്പോൾ പ്രത്യേകമായ ഡിസ്പ്യൂട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഗവൺമെന്റിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇടപാടുകാർക്ക് വളരെയധികം ആശ്വാസം നൽകുന്നതാണ്. ആ പദ്ധതി കേരള ബാങ്കിൽ ഇപ്പോൾ തുടരുന്നുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പരിഗണനയിലുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 30-06-2024 വരെ ഉണ്ടായിരുന്നു. വീണ്ടും നടപ്പാക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, കേരള ബാങ്ക് 2023-24 സാമ്പത്തിക വർഷത്തിൽ നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായുള്ള ക്യാമ്പയിനിൽ വൻമുന്നേറ്റങ്ങളുണ്ടാക്കിയതായി അറിയാൻ കഴിഞ്ഞു. വളരെ അഭിനന്ദനാർഹമായ പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്.

2023-24 സാമ്പത്തിക വർഷത്തിൽ നിക്ഷേപ സമാഹരണത്തിലൂടെ എത്ര രൂപ സമാഹരിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, 1208 കോടി രൂപ സമാഹരിച്ചു.

ശ്രീ. യു. എ. ലത്തീഫ്: സർ, മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിച്ച നടപടി നിയമപ്രകാരം ശരിയല്ലെന്നുകാണിച്ച് എം.ഡി.സി. ബാങ്ക് ഭരണസമിതിയെപ്പോലെതന്നെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും ഹൈക്കോടതി വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപ്പീൽ ബോധിപ്പിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സുപ്രീം കോടതിയുടെ ഒബ്സർവേഷനും ഇന്റിം ഓർഡറും നിർദേശിച്ചതുപോലെ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് നിലനിന്ന രീതിയിൽത്തന്നെ സ്റ്റാറ്റസ്-കോ നിലനിർത്തണമെന്ന ഉത്തരവ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചും ഡിവിഷൻ ബെഞ്ചും മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിച്ച നടപടി ശരിവച്ചു.

അതിനെതിരെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും സുപ്രീം കോടതിയിൽ അപ്പീലിന് പോയിട്ടുണ്ട്.

ശ്രീ. പി. പി. സുമോദ്: സർ, കേരള ബാങ്ക് കാർഷിക അനുബന്ധ മേഖലയിൽ നൽകുന്ന വായ്പകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; അതോടൊപ്പംതന്നെ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്, PACS as MSCs പദ്ധതികൾപ്രകാരം ബാങ്ക് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് എത്ര വായ്പകൾ നൽകിയിട്ടുണ്ട്; ഈ പദ്ധതിയിൽനിന്നും ഉൽപന്നങ്ങൾ വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ 105 സംഘങ്ങൾക്കായി 201 കോടി രൂപ നൽകുകയും വിദേശത്തേയ്ക്ക് ഉൽപന്നങ്ങൾ കയറ്റുമതി ചെയ്തുതുടങ്ങുകയും ചെയ്തിട്ടുണ്ട്. അടുത്ത കാലത്തായി വിദേശത്തേയ്ക്ക് 12 ടൺ വിവിധ മൂല്യവർധിത ഉൽപന്നങ്ങൾ കയറ്റുമതി ചെയ്തിരുന്നു. അത് തുടർന്നും മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്നവരാണ് ജീവനക്കാർ. എന്നാൽ കേരള ബാങ്കിൽ

ലയിച്ച 13 ജില്ലകളിലെ ജീവനക്കാർക്കും അതത് സ്ഥാപനങ്ങളിൽ വരുന്ന റിട്ടയർമെന്റിനനുസരിച്ച് പ്രൊമോഷൻ ലഭിക്കുന്നുണ്ട്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാർക്കുമാത്രം അർഹമായ പ്രൊമോഷൻ ലഭിക്കുന്നില്ല. അവരുടെ ആനുകൂല്യങ്ങളും അർഹമായ പ്രൊമോഷനും നൽകേണ്ടത് സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ ഘടകമാണ്. ഒരു സാമ്പത്തിക സ്ഥാപനത്തിലെ ജീവനക്കാർ സംതൃപ്തരായിരിക്കണം. അവർക്ക് അർഹമായ പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ? സോഫ്റ്റ്വെയർ ഏകീകരിക്കാത്തതിനാൽ മറ്റ് 13 ജില്ലകളിൽ നൽകിവരുന്ന ആധുനിക സൗകര്യങ്ങൾ മലപ്പുറത്തെ ഇടപാടുകാർക്ക് നൽകാൻ കഴിയുന്നില്ല. ഇതിന് പരിഹാരമുണ്ടാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, സമയോചിതമായി മലപ്പുറം ബാങ്ക് കേരള ബാങ്കിനോട് ലയിക്കാതിരുന്നതുകൊണ്ടാണ് അവർക്ക് മറ്റ് ബാങ്കുകൾക്ക് ലഭിച്ച പ്രൊമോഷനും ആനുകൂല്യങ്ങളും ലഭിക്കാതെ പോയത്. ഇപ്പോൾ ആനുകൂല്യങ്ങളും പ്രൊമോഷനും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കേരള ബാങ്കിന്റെയും പ്രാഥമിക സംഘങ്ങളുടെയും ഉൽപന്നവൈവിധ്യവൽക്കരണത്തിനും നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന Business Diversification & Product Innovation Cell-ന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, നബാർഡിന്റെ സഹായത്തോടുകൂടി അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF) പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പ്രോജക്ടുകളെല്ലാം ആരംഭിച്ചു. പ്രസ്തുത സെല്ലിന്റെ പ്രവർത്തനം ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തെ സുശക്തമായ സഹകരണ വായ്പാ മേഖലയെ ദുർബലപ്പെടുത്തുക എന്ന കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായാണോ 2022-2023 സാമ്പത്തിക വർഷത്തെ ഇൻസ്പെക്ഷനെത്തുടർന്ന് കേരള ബാങ്കിന്റെ റേറ്റിംഗ് ബി-യിൽനിന്നും സി-യിലേയ്ക്ക് മാറ്റിയതെന്ന സംശയം കേരളത്തിലെ സഹകാരി സമൂഹത്തിനിടയിൽ വന്നിട്ടുണ്ട്. ബാങ്ക്

രൂപീകരണത്തിനുശേഷമുള്ള അഞ്ച് സാമ്പത്തിക വർഷങ്ങളിലും വൻലാഭത്തിലാണ് ബാങ്ക് പ്രവർത്തിച്ചുവരുന്നത്. ഇത്രയേറെ വളർച്ച കൈവരിച്ച, വളരെദൂരം മുന്നോട്ടുപോയൊരു ബാങ്കിനെ തകർക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് നടത്തുന്ന പരിശ്രമങ്ങളെ ചെറുക്കുന്നതിനുവേണ്ടി കേരളത്തിലെ സഹകാരി സമൂഹത്തെയാകെ ഒരുമിപ്പിച്ചു നിർത്തുന്നതിനുള്ള എന്തെങ്കിലും നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ആർ.ബി.ഐ. അല്ല, നബാർഡാണ് 2022-23-ൽ routine inspection-മായി ബന്ധപ്പെട്ട് കേരള ബാങ്കിന്റെ റേറ്റിംഗ് താഴ്ത്തിയത്. 2023-24 സാമ്പത്തിക വർഷമാകുമ്പോൾ അത് പരിഹരിക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ബിസിനസ്സിൽ വൻപുരോഗതിയാണ് കേരള ബാങ്ക് കൈവരിച്ചിട്ടുള്ളത്. 209 കോടി രൂപ ലാഭമുണ്ട്. കേന്ദ്ര സർക്കാരിന്റെ ഈ സമീപനത്തിനെതിരെ യോജിച്ച നീക്കം നടത്താൻ സഹകാരി സമൂഹം മുന്നോട്ടുവരുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, പലവിധ കാരണങ്ങളാൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന, നിക്ഷേപകർക്ക് പണം മടക്കിക്കൊടുക്കാൻ കഴിയാത്ത സംഘങ്ങൾക്ക് കൺസോർഷ്യത്തിൽനിന്നും ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽനിന്നും പണം നൽകുന്നതായി അറിയുന്നു. കണ്ടല, കരുവന്നൂർ എന്നീ സഹകരണ ബാങ്കുകൾക്ക് പണം നൽകിയതിന്റെ മാനദണ്ഡമെന്താണ്; പ്രതിസന്ധി നേരിടുന്ന എല്ലാ സംഘങ്ങൾക്കും പ്രതിസന്ധിയുടെ ആനുപാതികമായെങ്കിലും അവരെ സഹായിക്കാനുള്ള ഒരു പദ്ധതി നടപ്പാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, പുതിയ ബില്ലിൽ നിശ്ചയമായും അതിന് വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണർ ഒപ്പിട്ട് ബിൽ ലഭിച്ചിട്ടുണ്ട്. ഇപ്പോൾ അതിന്റെ ചട്ടം രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ, ലിക്വിഡേഷനിൽ പോകുന്ന സംഘങ്ങൾക്ക് മുമ്പ് നൽകിയിരുന്ന നിക്ഷേപ ഗ്യാരന്റി സ്കീം അമെന്റ് ചെയ്ത് ഇപ്പോൾ എല്ലാവർക്കും അത് നൽകാൻ സാധിക്കുന്ന രൂപത്തിലേയ്ക്ക് അഞ്ച് ലക്ഷം രൂപയാക്കി അതിന്റെ പരിധി ഉയർത്തിയിട്ടുണ്ട്. ഭാവിയിൽ എല്ലാ

സംഘങ്ങളെയും സഹായിക്കാൻ കഴിയുന്നൊരു സാഹചര്യം സംജാതമാക്കിയിട്ടുണ്ട്.

ശ്രീ. കെ. പ്രേംകുമാർ: സർ, സഹകരണ വകുപ്പ് മുൻകൈയെടുത്ത് നടത്തിയ മാതൃകാപരമായ ഒരു പദ്ധതിയാണ് യുവസംരംഭകർക്കുള്ള പ്രത്യേകമായ സഹകരണ സംഘങ്ങൾ. അതിന്റെ പുരോഗതി സംബന്ധിച്ച് വ്യക്തമാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കേരളത്തിൽ മുപ്പതോളം യുവജന സഹകരണ സംഘങ്ങൾക്ക് തുടക്കം കുറിച്ചു. അതിൽ പല സംഘങ്ങളും ഇപ്പോൾ ഇവന്റ് മാനേജ്മെന്റ് മുതൽ ഐ.ടി. വരെയുള്ള പുതിയ സംരംഭങ്ങൾക്ക് തുടക്കമിട്ടു. അതിൽ ഏറ്റവും നല്ലൊരു സംരംഭമായി കോട്ടയത്തെ ഇ-നാട് സഹകരണസംഘം പ്രവർത്തിക്കുകയും മൂന്നുവർഷംകൊണ്ട് 68 ലക്ഷം രൂപയുടെ ലാഭത്തിലേയ്ക്കെത്തിയ ജീബിൻ ഹോം കമ്പോസ്റ്റർ ഉൽപാദിപ്പിച്ച് വേസ്റ്റ് ഡിസ്പോസലുമായി ബന്ധപ്പെട്ട ഒരു പ്രവർത്തനത്തിന് നേതൃത്വപരമായ പങ്ക് വഹിക്കുകയും ചെയ്തുവരുന്നു.

അഭിമാനകരമായ പുരോഗതിയാണ് യുവജന സഹകരണ സംഘങ്ങൾക്കുള്ളത്.

ശ്രീ. നജീബ് കാന്തപുരം: സർ, പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ ഉടമസ്ഥതയിലുള്ള സംവിധാനങ്ങളും പി.പി.പി. മോഡലിലുള്ള പ്രോജക്ടുകൾ മുന്നോട്ടുവയ്ക്കുകയാണെങ്കിൽ അത്തരം പ്രോജക്ടുകളെ സഹായിക്കാൻ സഹകരണ വകുപ്പിന് സാധിക്കുമോ; ഡൈവേഴ്സിഫൈ ചെയ്യുന്ന പുതിയ പ്രവർത്തനങ്ങളുമായി ബാങ്ക് മുന്നോട്ടുപോകുമ്പോൾ അത്തരം പ്രോജക്ടുകളെ സഹായിക്കാൻ തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഓരോ പ്രോജക്ടിന്റെയും സ്വഭാവം പരിശോധിച്ച് ചെയ്യാം.

ശ്രീ. എച്ച്. സലാം: സർ, നാഷണലൈസ്ഡ് ബാങ്കുകൾ പല കാരണങ്ങൾ പറഞ്ഞ് വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന സാഹചര്യമുണ്ട്. ഈയൊരു സാഹചര്യത്തിൽ സാധാരണക്കാരെ സഹായിക്കാൻ കേരള ബാങ്ക് കൂടുതൽ വിദ്യാഭ്യാസ വായ്പ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, പരിഗണിക്കാവുന്നതാണ്.

സാമ്പത്തിക പ്രയാസം മറികടക്കുന്നതിന് പാക്കേജ്

3 (*483) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി കേന്ദ്ര ബജറ്റിൽ പാക്കേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന് മൂലധന നിക്ഷേപ വായ്പാ പദ്ധതിയിൽ സഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ ഏതെല്ലാം വേണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്; സിൽവർലൈൻ പദ്ധതിക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ നിയന്ത്രണത്തിനതീതമായ പല ഘടകങ്ങളാലും കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം ധനഞെരുക്കം നേരിടുന്നുവെന്നത് വസ്തുതയാണ്. പ്രകൃതി ദുരന്തങ്ങൾ, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധികബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗനിർദേശങ്ങൾ എന്ന കാരണമുയർത്തി കേന്ദ്ര ധനകൈമാറ്റത്തിൽ കുറവുവരുത്തിയത്, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയത്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിനുകീഴിലെ സ്ഥാപനങ്ങളെടുത്ത

വായ്പകളും സംസ്ഥാന സർക്കാരിന്റെ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ വെട്ടിക്കുറവ് വരുത്തുന്ന കേന്ദ്ര സർക്കാർ നിലപാട് എന്നിവ സംസ്ഥാനത്തെ ധനഞെരുക്കത്തിലേയ്ക്ക് തള്ളിവിട്ട ഘടകങ്ങളാണ്.

ഈ ഘട്ടത്തിലും സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനത്തിൽ വളർച്ച കൈവരിച്ചുകൊണ്ട് സാമൂഹ്യക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടത്ര ഊന്നൽ നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നീതി ആയോഗ്, മാനവവിഭവശേഷി സൂചിക, സുസ്ഥിര വികസന ലക്ഷ്യം എന്നിവയിൽ സംസ്ഥാനം അഭിമാനകരമായ നേട്ടം കൈവരിച്ചത് എടുത്തുപറയേണ്ടതാണ്. പ്രതിസന്ധി ഘട്ടത്തിലും ദേശീയ അഭിമാനം നിലനിർത്തുന്നതിൽ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലെ സംഭാവനകൂടി കണക്കിലെടുത്ത് സംസ്ഥാനം ഇപ്പോൾ അഭിമുഖീകരിക്കുന്ന ധനഞെരുക്കം മറികടക്കുന്നതിന് കുറഞ്ഞത് 24000 കോടി രൂപയുടെ പ്രത്യേക പാക്കേജ് 2024-25 മുതൽ 2 വർഷത്തേയ്ക്ക് ഷെഡ്യൂൾ ചെയ്ത് കേന്ദ്ര ബജറ്റിൽ നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർഥിച്ചിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗനിർദേശങ്ങളുടെ പേരുപറഞ്ഞ് എൻ.എച്ച്.എം.-ന്റെ കേന്ദ്ര വിഹിതവും പലിശരഹിത വായ്പയായി കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന മൂലധന നിക്ഷേപങ്ങൾക്കുള്ള പ്രത്യേക സഹായ പദ്ധതിയുടെ ഭാഗം-1-ന് 2023-24 സാമ്പത്തിക വർഷം ലഭ്യമാകേണ്ട 1925 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. പ്രസ്തുത തുക നേടിയെടുക്കുന്നതിനായി നിരന്തരം കത്തിടപാടുകൾ നടത്തിയെങ്കിലും കേന്ദ്ര സർക്കാർ സംസ്ഥാനത്തിനനുകൂലമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ഉയർന്ന ജനസാന്ദ്രത, വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർധനവ്, ഉയർന്ന തൊഴിൽച്ചെലവ്, ദേശീയപാതാ വികസനം ഉൾപ്പെടെ കേന്ദ്രം നേരിട്ട് നടത്തുന്ന പദ്ധതികൾക്ക് ഏറ്റെടുത്ത് നൽകേണ്ട ഭൂമിയുടെ 25 ശതമാനം തുകയും സംസ്ഥാനം വഹിക്കേണ്ടിവരുന്നത് എന്നിവ കാരണം സംസ്ഥാനം അടിസ്ഥാനസൗകര്യ വികസനത്തിൽ വിഭവദൗർലഭ്യതയും ബുദ്ധിമുട്ടും നേരിടുന്നുണ്ട്. അതിനാൽ റോഡുകൾ, റെയിൽവേ, മെട്രോ, തുറമുഖങ്ങൾ എന്നിവയുൾപ്പെടെയുള്ള ഗതാഗത അടിസ്ഥാനസൗകര്യ

വികസനത്തിനും നഗര അടിസ്ഥാനസൗകര്യ പദ്ധതികൾക്കും കേന്ദ്ര ധനസഹായം വർധിപ്പിക്കാൻ സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇതിനുപുറമെ സിൽവർലൈൻ പദ്ധതിക്ക് അനുമതി നൽകുക, കേരളത്തിൽ AIIMS സ്ഥാപിക്കുക, കണ്ണൂരിൽ ആയുർവേദത്തിനായി അന്തർദേശീയ ഗവേഷണ കേന്ദ്രം സ്ഥാപിക്കുക, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിനായി പ്രത്യേക പാക്കേജ് അനുവദിക്കുക, തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈനുകളുടെ സർവേയ്ക്കും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി അടിയന്തര കേന്ദ്രസഹായം അനുവദിക്കുക മുതലായവ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) നീതി ആയോഗ് നിലവിൽ വന്നതിനുശേഷം വിവിധ കേന്ദ്ര മന്ത്രാലയങ്ങളുമായുള്ള ചർച്ചകളുടെയും വിവിധ മുഖ്യമന്ത്രിമാരുടെ ഉപഗ്രൂപ്പിന്റെ ശിപാർശകളുടെയും അടിസ്ഥാനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളെ കേന്ദ്ര സർക്കാർ 2016 മുതൽ 'കോർ ഓഫ് ദ കോർ' (90:10),

'കോർ' (60:40), 'ഓപ്ഷണൽ' (50:50) എന്നീ ഗണങ്ങളിൽപ്പെടുത്തുകയുണ്ടായി. ഇതിൽ 90% കേന്ദ്രവിഹിതം ലഭിക്കുന്ന ആദ്യത്തേതിൽ പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. മുമ്പ് 75%, 80% എന്ന രീതിയിൽ കേന്ദ്ര വിഹിതം ലഭ്യമാകുമായിരുന്ന പല പദ്ധതികളും ഇപ്പോൾ 60% മാത്രം കേന്ദ്രവിഹിതം ലഭിക്കുന്ന കോർ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സിംഹഭാഗവും കോർ ഗണത്തിലുൾപ്പെടുത്തിയതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിനുണ്ടാകുന്നത്. ഇക്കാര്യം ചൂണ്ടിക്കാട്ടി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ വരുത്തിയ മാറ്റം പുനരവലോകനം ചെയ്യാനും കോർ, ഓപ്ഷണൽ ഗണത്തിൽപ്പെട്ട പദ്ധതികളുടെ കേന്ദ്ര വിഹിതം 75% ആയി വർധിപ്പിക്കണമെന്നും സംസ്ഥാനങ്ങളുമായി നീതി ആയോഗ് നടത്തിയ വിവിധ ചർച്ചകളിലും കേന്ദ്ര സർക്കാരിനോട് നടത്തിയ കത്തിടപാടുകളിലും 2024-25 സാമ്പത്തിക വർഷത്തെ പുതുക്കിയ കേന്ദ്ര ബജറ്റിന് മുന്നോടിയായുള്ള ചർച്ചയിലും സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേരളത്തിന്റെ ധനപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അർഹമായ നികുതി വിഹിതം ലഭ്യമാകുക എന്നത് പ്രധാനപ്പെട്ടതാണ്. അർഹമായ നികുതി വിഹിതം ലഭ്യമാക്കുന്ന കാര്യത്തിൽ ജനങ്ങളാകെ ഒറ്റക്കെട്ടായി നിൽക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ കേരളത്തിലെ പ്രതിപക്ഷത്തിന്റെ നിലപാട് സഹായകരമാകുന്നുണ്ടോ; ഈ സാഹചര്യത്തിൽ കേന്ദ്ര നികുതി വിഹിതം വർധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഒന്നാമത്തെ ചോദ്യം, ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രധാനപ്പെട്ടതാണ്. കാരണം, തിരഞ്ഞെടുപ്പിനുമുമ്പ് ഭരണ-പ്രതിപക്ഷ മുന്നണി എന്നനിലയിൽ ഇത്തരം കാര്യങ്ങളിൽ മാറിനിൽക്കരുതെന്ന് പ്രതിപക്ഷത്തോട് പലതവണ അഭ്യർഥിച്ചതാണ്. മുഖ്യമന്ത്രിയും ഇത്തരം കാര്യങ്ങളിൽ യോജിച്ച് മുന്നോട്ടുപോകണമെന്ന് അവരെ ക്ഷണിച്ചെങ്കിലും അവർ അന്ന് സഹകരിക്കുകയുണ്ടായില്ല. തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ഇങ്ങനെ

സഹകരിക്കാൻ പറഞ്ഞാൽ എങ്ങനെയാണ് സാധിക്കുകയെന്ന് പ്രതിപക്ഷ ഉപനേതാവ് അന്ന് ചോദിച്ചു. അതാണ് രാഷ്ട്രീയം. ഇപ്പോൾ തിരഞ്ഞെടുപ്പ് കഴിഞ്ഞതുകൊണ്ട് ഇനിയും യോജിച്ച് ചില കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. എന്തായാലും കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾ കാരണമാണ് കേരളത്തിന് വലിയ തോതിലുള്ള നഷ്ടം വന്നിട്ടുള്ളത്. വരുമാനം വർധിപ്പിക്കാൻവേണ്ടി സംസ്ഥാന സർക്കാർ ചെയ്യുന്ന ധാരാളം കാര്യങ്ങളുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വരുമാനം വർധിച്ചിട്ടുണ്ട്, വർധിക്കുന്നുമുണ്ട്. വരുമാനത്തിന്റെ കാര്യത്തിൽ, നികുതി വരുമാനം മാത്രം 56 ശതമാനത്തിലധികം വർധിച്ചു. നികുതി-നികുതിയേതര വരുമാനംകൂടി നോക്കിയാൽ മൂന്ന് വർഷംകൊണ്ട് 65 ശതമാനം വർധിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ വരുമാനം വർധിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ആ പ്രവർത്തനങ്ങൾ കൂടുതൽ സജീവമായി മുന്നോട്ടുകൊണ്ടുപോകുന്നതാണ്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കേന്ദ്ര വിഹിതം യഥാസമയം ലഭിക്കുന്നുണ്ടോ; ഈ പ്രശ്നത്തിന്

പരിഹാരമുണ്ടാക്കാൻ സംസ്ഥാന സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പ്രധാന മറുപടിയിൽ അക്കാര്യത്തെക്കുറിച്ച് വളരെ വിശദമായി സൂചിപ്പിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നേരത്തെയുണ്ടായിരുന്ന ഒരു റേഷ്യോയുണ്ട്. നീതി ആയോഗ് നിലവിൽ വന്നതിനുശേഷം വിവിധ മന്ത്രാലയങ്ങളുടെയും മുഖ്യമന്ത്രിമാരുടെയും മുഖ്യമന്ത്രിമാരുടെ ഉപഗ്രൂപ്പിന്റെയുമൊക്കെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 2016 മുതൽ 'കോർ ഓഫ് ദ കോർ' (90:10), 'കോർ' (60:40), 'ഓപ്ഷണൽ' (50:50) എന്നീ ഗണങ്ങളിൽപ്പെടുത്തി പല കാര്യങ്ങളും പറഞ്ഞിരുന്നു. നേരത്തെ 75 ശതമാനംവരെ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കേരളത്തിന് ലഭിച്ചിരുന്നത് ഇപ്പോൾ വലിയ തോതിൽ കുറച്ചിരിക്കുകയാണ്. ഇന്നലെ ഇവിടെ വളരെയേറെ ചർച്ച ചെയ്ത, ജലവിതരണവുമായി ബന്ധപ്പെട്ട വലിയ പദ്ധതികളിലൊക്കെ 50 ശതമാനം കേന്ദ്ര വിഹിതം മാത്രമാണുള്ളത്. ഇങ്ങനെ സംസ്ഥാനങ്ങൾക്ക് കൊടുക്കുന്ന സി.എസ്.എസ്. (Centrally Sponsored Schemes)-ൽ വലിയ

വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. ആ വെട്ടിക്കുറവ് നല്ലതുപോലെ കേരളത്തെ ബാധിക്കുന്നുണ്ട്. അതുമാത്രമല്ല ബ്രാൻഡിംഗ് എന്ന പുതിയ സമ്പ്രദായത്തെക്കുറിച്ച് ഈ സഭയിൽ പല സമ്മേളനങ്ങളിലും പല ദിവസങ്ങളിലും ചർച്ച ചെയ്തതാണ്. അതിന്റെ പേരിൽ എൻ.എച്ച്.എം.-ൽ മാത്രം കഴിഞ്ഞ വർഷം ചെലവാക്കിയ വകയിൽ കേരളത്തിന് ആയിരത്തോളം കോടി രൂപ ലഭിക്കാനുണ്ട്, അവിടെമാത്രമല്ല മറ്റ് പല മേഖലകളിലും കേരളത്തിന് തുക ലഭിക്കാനുണ്ട്. അങ്ങനെ കേന്ദ്രാവിഷ്കൃത പദ്ധതികൾ, ലൈഫ് പദ്ധതി പോലുള്ള പദ്ധതികളിൽ കേരളം 95 ശതമാനത്തോളം ചെലവാക്കുന്നിടത്ത് കേന്ദ്രഗവൺമെന്റ് നെയിമിംഗ് വേണം അല്ലെങ്കിൽ അവരുടെ ബ്രാൻഡിംഗ് വേണമെന്നാണ് പറയുന്നത്. അതുകൂടാതെ വിഴിഞ്ഞം പോലുള്ള പദ്ധതികൾക്ക് ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റിനുവേണ്ടി ചെയ്യാവുന്ന കാപെക്സ് പദ്ധതികൾക്കും പണം നൽകണമെങ്കിൽ കേന്ദ്രം അനുവദിക്കണം. കഴിഞ്ഞ പ്രാവശ്യം ഏകദേശം രണ്ടായിരത്തോളം കോടി രൂപയ്ക്ക് കേരളം എലിജിബിളായിരുന്നു. പക്ഷെ

അതിലും ബ്രാൻഡിംഗിന്റെ പേരിൽ കാപെക്സ് പദ്ധതികൾക്കുപോലും പണം തരാത്ത സ്ഥിതിയുണ്ടായിട്ടുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കേരളത്തിന് അനുയോജ്യമല്ലാതിരുന്നിട്ടും സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ചിലത് കേരളത്തിൽ നടപ്പാക്കുന്നുണ്ട്. അപ്രകാരം പദ്ധതികൾ നടപ്പാക്കുമ്പോൾ അതിനായി ചെലവഴിച്ച തുകയുടെ കണക്ക് കേന്ദ്രത്തിന് നൽകിയതിനുശേഷമാണ് അവർ പണം റിലീസ് ചെയ്യുന്നത്. ഇപ്രകാരം കണക്കുകൾ കൊടുത്തതിനുശേഷവും എത്ര പണം നമുക്ക് കുടിശ്ശികയായി കിട്ടാൻ അവശേഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ; മാത്രവുമല്ല ബ്രാൻഡ്, പേര്, കളർ തുടങ്ങിയവയുടെ പേരിൽ ഇപ്പോൾ പദ്ധതികൾ നിർത്തലാക്കിക്കൊണ്ടിരിക്കുകയാണ്. നിലവിലെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും ഏകപക്ഷീയമായി കേന്ദ്രം പിന്മാറുമ്പോൾ അത് എങ്ങനെയാണ് സ്കീമുകളെ ബാധിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഓരോന്നിന്റെയും വിശദമായ കണക്ക് പരിശോധിക്കേണ്ടിവരുമെങ്കിലും പ്രധാനമായും നാഷണൽ

ഹെൽത്ത് മിഷൻ (NHM)-ന് ലഭിക്കാനുള്ള ആയിരം കോടിയോളം രൂപയും യു.ജി.സി.-യുടെ ആനുകൂല്യം കൊടുക്കുന്നതിന് കേന്ദ്രത്തിൽനിന്നും ലഭ്യമാക്കാനുള്ള 750 കോടി രൂപയും ലഭിച്ചിട്ടില്ല. ഇതുകൂടാതെ പല കേന്ദ്രാവിഷ്കൃത പദ്ധതികളും തുടങ്ങിവച്ചശേഷം സർക്കാർ അവിടെ ജീവനക്കാരെ നിയമിക്കും. അതായത് സ്കൂളുകളിൽ ചില സ്പെഷ്യൽ ടീച്ചേഴ്സ്, ജീവനക്കാർ തുടങ്ങിയവരെ നമ്മൾ ഇത്തരത്തിൽ നിയമിക്കാറുണ്ട്. കേന്ദ്രം ഈ പദ്ധതികൾ പെട്ടെന്ന് അവസാനിപ്പിക്കുമ്പോൾ ഈ ജീവനക്കാർക്ക് ശമ്പളം സംസ്ഥാനം കൊടുക്കേണ്ടിവരികയാണ്. അതുപോലെ ആശ, അങ്കണവാടി തുടങ്ങിയ മേഖലകളിലൊക്കെ കേന്ദ്ര ഗവൺമെന്റ് നൽകേണ്ട പണം ലഭ്യമാക്കുന്നില്ല. NHM-ൽ പണിയെടുക്കുന്ന ധാരാളം ജീവനക്കാരുണ്ട്. ഇതുപോലുള്ള പല മേഖലയിലും കേന്ദ്രം പണം നൽകുന്നില്ലെങ്കിലും സംസ്ഥാനത്തിന് അത് നിർത്തിക്കളയാൻ കഴിയാത്ത അവസ്ഥയുള്ളതിനാൽ അതൊരു പ്രധാന പ്രശ്നമാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കണക്ക് കൊടുക്കാത്ത പ്രശ്നമല്ല ഇതുമായി ബന്ധപ്പെട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ടതല്ലെങ്കിൽപ്പോലും നെല്ല് എടുക്കുന്ന

സിവിൽ സപ്ലൈസുമായി ബന്ധപ്പെട്ട് ഏകദേശം ആയിരം കോടി രൂപ കിട്ടാനുണ്ട്. റീകൺസിലിയേഷൻ ഓഫ് അക്കൗണ്ടും മറ്റും കൊടുത്തെങ്കിലും അതിനകത്തും വലിയ തുകയാണ് കിട്ടാതെ വന്നത്. നെൽകൃഷിക്കാർക്ക് ബുദ്ധിമുട്ട് വരാതിരിക്കാൻ പരമാവധി കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നത് കഴിഞ്ഞ ദിവസം ഇവിടെ ചർച്ച ചെയ്തതാണ്. ഇദ്ദേഹം പറഞ്ഞ ഒരു കാര്യം വളരെ പ്രധാനപ്പെട്ടതാണ്. നമുക്ക് കിട്ടുന്നത് വളരെ കുറവാണ്. കേരളത്തിലെ എല്ലാ വീട്ടിലും ശുചിമുറി വേണമെന്നും അതിന് പണം തരണമെന്നും പറഞ്ഞാൽ കേരളത്തിൽ ടോയ്‌ലെറ്റുകൾ ഇല്ലാത്ത വീടുകൾ എത്രയെണ്ണം ഉണ്ടാകും? ലൈഫ് ഭവന പദ്ധതിയനുസരിച്ച് വളരെക്കുറച്ച് ആളുകൾക്കേ ഇനി വീട് നൽകാനുള്ളൂ. ലൈഫ് പദ്ധതിയിലൂടെ ലോകത്തുതന്നെ ഇത്രയേറെ വീട് കൊടുത്ത ഒരു സ്ഥലവുമില്ലെന്ന് ഞാൻ ആധികാരികമായി പറയുകയാണ്. അതിൽ യാതൊരു തർക്കവുമില്ല. ഇനിയും കുറച്ചുപേർക്കുകൂടി വീട് നൽകാനുണ്ട്. നൂറെണ്ണം കൊടുക്കുമ്പോൾ പത്തോഇരുപതോ പേർക്ക് കൊടുത്തില്ലെന്ന പ്രശ്നം വരും. പത്തിരുപതിനായിരം കോടി രൂപ ഇക്കഴിഞ്ഞ അഞ്ചെട്ട് വർഷത്തിനിടയിൽ ഭവന നിർമ്മാണത്തിനായി

കൊടുത്ത ഒരു സംസ്ഥാനമാണിത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടെ കണക്കുമായി ഇവിടത്തേത് താരതമ്യം ചെയ്യുമ്പോൾ വ്യത്യാസം മനസ്സിലാകുന്നതാണ്. ഇങ്ങനെ വീട് നിർമ്മിക്കാൻ പണം കൊടുക്കുമ്പോൾ കേന്ദ്രം നമുക്ക് ശുചിമുറിയുണ്ടാക്കാൻ പണം തരാമെന്ന് പറഞ്ഞാൽ, കേരളത്തിൽ ശുചിമുറിയുണ്ടാക്കേണ്ട കാര്യമില്ല. ഒരു വീട്ടിൽ ഒരു ശുചിമുറി എന്നല്ലാതെ രണ്ടോമൂന്നോനാലോ ശുചിമുറിക്ക് പണം നൽകില്ലല്ലോ? അവരുടെ നോംസിലും യാഡ്സ്റ്റിക്കുകളിലും ഇത്തരത്തിലുള്ള അനേകം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നമ്മളുണ്ടാക്കുന്ന നേട്ടങ്ങൾ നമ്മുടെ സംസ്ഥാനത്തിന് വിനയായി മാറുന്നുണ്ടോ എന്നതാണ് സംശയം. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പലതിലും കേന്ദ്രം 100 രൂപ നൽകിയാൽ നമ്മൾ 200 രൂപയുടെ ഔട്ട്പുട്ട് ഉണ്ടാക്കിക്കൊടുക്കുകയാണ്. ഇപ്പോൾ സമ്പൂർണ്ണ സാക്ഷരത നേടി എന്ന കുറ്റത്തിന് തുടർസാക്ഷരതയുടെ പ്രോജക്ട് കേന്ദ്രം നിർത്തലാക്കുകയാണ്. സമ്പൂർണ്ണ വെളിയിട വിസർജന യൂണിറ്റ് പൂർത്തിയായെന്ന് പ്രഖ്യാപിക്കപ്പെട്ടപ്പോൾ ശുചിത്വത്തിന്റെ വിഹിതം

കുറയ്ക്കുകയാണ്. ഇത്തരത്തിലുള്ള കേന്ദ്രനയങ്ങൾ മൂലമുണ്ടാകുന്ന ധനപ്രതിസന്ധി നേരിടാൻ ഇപ്പോൾ നമുക്ക് സ്വീകരിക്കാൻ കഴിയുന്ന നടപടികളെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രിമാരുടെ പ്രീ-ബജറ്റ് മീറ്റിംഗിൽ കേന്ദ്ര ഗവൺമെന്റിനോട് ഈ നോംസ് മാറ്റണമെന്ന് കേരളം മാത്രമല്ല, തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങൾ ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും ആവശ്യപ്പെട്ടു. ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളിലും ഇതുപോലുള്ള പല പദ്ധതികളും വന്നതിനുശേഷവും നമുക്ക് അടുത്ത ഘട്ടം തരുന്നില്ല. അതുകൊണ്ട് സംസ്ഥാനങ്ങൾക്ക് ഫ്ലക്സിബിലിറ്റി നൽകണമെന്ന കാര്യത്തിൽ ശക്തമായ ആവശ്യം എല്ലായിടത്തുനിന്നും ഉയർന്നുവരികയാണ്. പുതിയ ഗവൺമെന്റിന് അവർക്ക് നേരത്തെയുള്ളതുപോലെ എല്ലാം ഏകപക്ഷീയമായി ചെയ്യാൻ സാധിക്കുമെന്ന് തോന്നുന്നില്ല. കാരണം, പ്രതിപക്ഷം വളരെ ശക്തമായിട്ടുണ്ട്. അവരുടെ മുന്നണിയിൽത്തന്നെയും ഇത്തരം പ്രശ്നങ്ങളുന്നയിക്കുന്ന ആളുകളുണ്ട്. അതുകൊണ്ട് സംസ്ഥാനങ്ങൾക്ക് ഫ്ലക്സിബിലിറ്റി നൽകണം.

കേരളത്തിൽ സെക്കൻഡ് ജനറേഷൻ പ്രോബ്ലംസ് ആണ് നിലനിൽക്കുന്നത്. ഇവിടെ മിനിമം അടിസ്ഥാന സൗകര്യം വന്നു. അടുത്തഘട്ടം ചെയ്യാനായി നമുക്ക് എലിജിബിളായ നികുതി വിഹിതത്തിൽനിന്നും ഒരു ഫ്ലക്സിബിലിറ്റി ആവശ്യമാണെന്ന് കഴിഞ്ഞ മീറ്റിംഗിലും സർക്കാർ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ഐ. ബി. സതീഷ്: സർ, നികുതി വിഹിതമായി ലഭ്യമാകുന്ന തുക കേന്ദ്ര സഹായമെന്ന നിലയിൽ വ്യാഖ്യാനിക്കുന്ന പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിജസ്ഥിതി വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേന്ദ്രം നമുക്കർഹമായ നികുതി വിഹിതം നൽകുന്നില്ല. പത്താം ധനകാര്യ കമ്മീഷന്റെ കണക്കുകൾ പ്രകാരം 3.82 ശതമാനമായിരുന്ന നികുതി വിഹിതം ഇപ്പോൾ 1.9 ശതമാനം മാത്രമായി കുറഞ്ഞു. ഇതിനുമുമ്പ് അത് 2.52% ആയിരുന്നു. എല്ലാ മേഖലയിലും നികുതി വിഹിതം കുറയ്ക്കുകയാണ്. കണക്കുകൾ നോക്കിക്കഴിഞ്ഞാൽ, മൂന്ന് വർഷങ്ങൾക്കുമുമ്പ് ഗ്രാന്റ്-ഇൻ-എയ്ഡായി 32000, 33000 കോടി രൂപയാണ് കിട്ടിയിരുന്നതെങ്കിൽ കഴിഞ്ഞ വർഷം ലഭ്യമായത് 11000 കോടി

രൂപയാണ്. ടി തുകയിലും 22000 കോടി രൂപയുടെ കുറവുണ്ടായി. ഇതെല്ലാം കുറഞ്ഞിട്ടും കേന്ദ്രം സംസ്ഥാനത്തുനിന്നും പിരിച്ചുകൊണ്ടുപോകുന്ന നികുതിയുടെ ഭാഗമാണ് നൽകുന്നത്. കേരളത്തിന് എന്തോ പ്രത്യേക സഹായം ചെയ്യുന്നുവെന്ന തരത്തിലേയ്ക്ക് ആ നികുതി നൽകുന്നതിനെ പ്രചരിപ്പിക്കാൻ കേന്ദ്രം ശ്രമിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. സംസ്ഥാനത്തിന് കിട്ടാനുള്ളതും അർഹമായിട്ടുള്ളതുമായ തുകയാണ് തരുന്നത്. അതുത്തോളം ഇനി നൽകാനുമുണ്ട്.

ഡോ. എം. കെ. മുനീർ: സർ, ജൽജീവൻ പദ്ധതിയെന്ന് പറയുന്നത് കേന്ദ്ര-സംസ്ഥാന-ഗ്രണഭോക്തൃ-പഞ്ചായത്ത് വിഹിതങ്ങളാണ്. ഇപ്പോൾ എല്ലാ റോഡുകളും തകർന്നുകിടക്കുകയാണ്. സംസ്ഥാനം നൽകേണ്ട വിഹിതം വയ്ക്കാത്തതുകൊണ്ടോ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതുകൊണ്ടോ കേന്ദ്ര വിഹിതം ലഭിക്കുന്നില്ലെന്നാണ് അന്വേഷിച്ചപ്പോൾ അറിയാനിടയായത്. എന്തായാലും കരാറുകാർക്ക് പണം ലഭിക്കുന്നില്ല; കേന്ദ്രം നമുക്ക് പണം

നൽകാത്തതാണോ അതോ സംസ്ഥാനം ആനുപാതിക വിഹിതം വയ്ക്കാത്തതാണോ; ഇക്കാര്യത്തിലെ നിജസ്ഥിതി വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇന്നലെ ഒന്നര മണിക്കൂറോളം വളരെ വിശദമായി ഈ വിഷയം ചർച്ച ചെയ്ത വേളയിൽ കേന്ദ്രത്തിൽനിന്നും എന്തൊക്കെ കിട്ടുന്നില്ലെന്ന കാര്യം വളരെ വ്യക്തമായി പറഞ്ഞതാണ്. അദ്ദേഹം ഇന്നലെ സഭയിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഇപ്പോൾ ഇവിടെ ഈ ചോദ്യം ഉന്നയിച്ചത്. സംസ്ഥാനം പണം നൽകാത്തതല്ലെന്നുള്ള പ്രായോഗികമായ ചില കാര്യങ്ങൾ വിശദമായിത്തന്നെ ഇവിടെ മന്ത്രി ചർച്ച ചെയ്തതാണ്. മന്ത്രി പറഞ്ഞതിന്റെ ഓർമ്മയിൽനിന്നും ഞാൻ പറയുകയാണ്; അൻപത്തയ്യായിരത്തോളം കിലോമീറ്റർ റോഡുകൾ പുനർനിർമ്മിച്ചുകഴിഞ്ഞു. ബാക്കി റോഡുകൾ പൈപ്പ് ഇട്ടശേഷമേ പൂർത്തീകരിക്കാനാവൂ എന്നതിനാൽ അതിന്റെ കാര്യത്തിൽ തടസ്സമില്ല. ഇക്കാര്യത്തിൽ വളരെ വിശദമായ ചർച്ച നടന്നതിനാൽ ഞാൻ കൂടുതലൊന്നും പറയുന്നില്ല.

ചില്ലറ വ്യാപാര മേഖലയുടെ പുരോഗതി

4 (*484) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില്ലറ വ്യാപാര മേഖലയുടെ പുരോഗതി ലക്ഷ്യമിട്ട് കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഈ മേഖലയിലെ ട്രേഡ് ലൈസൻസ് സംബന്ധിച്ച സേവനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നൽകുന്നതിന് നൂതന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കൂടുതൽ സാമ്പത്തികാനുകൂല്യങ്ങൾക്കുള്ള പദ്ധതികൾ ഈ മേഖലയിൽ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ഡി) വ്യാപാര രംഗത്ത് ചെലവ് കുറയ്ക്കുന്നതിനും ലാഭവിഹിതം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് മാറിവരുന്ന സാഹചര്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യകൾ

പ്രയോജനപ്പെടുത്തുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ; വിശദമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) പരിഗണനയിലുണ്ട്. നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വേണ്ടി പുറപ്പെടുവിച്ച വ്യവസായ നയം 2023-ലെ മുൻഗണനാ മേഖലയിൽ ചില്ലറ വ്യാപാര മേഖല ഉൾപ്പെടുത്തിയിട്ടുണ്ട്. ചില്ലറ വ്യാപാര മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പി.പി.പി. മാതൃകയിൽ സംഭരണശാലകൾ, ഇ-ടെയിൽ സോണുകൾ തുടങ്ങിയവ സ്ഥാപിക്കുന്നത് വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തിന്റെ വാണിജ്യ മേഖലയിൽ സാമ്പത്തിക വളർച്ചയും സുസ്ഥിര വികസനവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ രൂപീകരിച്ച വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ 2023-ലെ വ്യവസായ നയത്തിനനുസൃതമായി കാര്യക്ഷമമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 29-01-2024-ലെ

സ.ഉ.(കൈ)നം.5/2024/വ്യവ. പ്രകാരം വ്യവസായ വകുപ്പിനുകീഴിൽ ഒരു പ്രത്യേക ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലെ വാണിജ്യമേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനമാണ് കോമേഴ്സ് മിഷൻ. മാറുന്ന കാലത്തെ ബിസിനസ് അന്തരീക്ഷത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്ത് വ്യാപാര വാണിജ്യമേഖലയ്ക്ക് ഊന്നൽ നൽകുകയെന്നുള്ളതാണ് കോമേഴ്സ് മിഷന്റെ പ്രധാന ലക്ഷ്യം. വ്യാവസായിക, വാണിജ്യ പരിസ്ഥിതിയുടെ ആവശ്യങ്ങൾക്കനുസൃതമായി നയങ്ങൾ ആവിഷ്കരിക്കാനും നടപ്പാക്കാനും അവ നിരീക്ഷിക്കാനും ഇതുവഴി ഉദ്ദേശിക്കുന്നു. ഇതുമൂലം സംസ്ഥാനത്ത് വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ വളരാൻ അനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാനും സാധിക്കും.

(ബി) ട്രേഡ് സെക്ടർ - ഉൾപ്പെടെയുള്ള സംരംഭങ്ങളുടെ ലൈസൻസ് സംബന്ധിച്ച സേവനങ്ങൾ SWCB (Single Window Clearance Board)-ന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ ലൈസൻസ് ലഭിക്കുന്നതിനായി തയ്യാറാക്കിയ K-SWIFT പോർട്ടൽ വഴി CAF (Common

Application Form) സമർപ്പിച്ചും സമയബന്ധിതമായി കരസ്ഥമാക്കാവുന്നതാണ്. ഇത്തരം സംരംഭങ്ങൾ കരസ്ഥമാക്കേണ്ട മറ്റു അനുബന്ധ വകുപ്പുകളുടെ അനുമതികൾക്കുള്ള അപേക്ഷയും K-SWIFT-മുഖേന സമർപ്പിക്കണം.

(സി) വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് നിലവിൽ വ്യവസായ വകുപ്പ് താഴെപ്പറയുന്ന സേവനങ്ങൾ നൽകുന്നുണ്ട്.

1. <u>എന്റർപ്രൈണർഷിപ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവിന്റെ സേവനം</u>: സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിന് വ്യവസായ-വാണിജ്യ വകുപ്പ് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള എക്സിക്യൂട്ടീവുകളെ നിയമിച്ചിട്ടുണ്ട്. ലൈസൻസ്, ലോൺ, സബ്സിഡി തുടങ്ങി ഒരു സംരംഭം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും ഈ എക്സിക്യൂട്ടീവുമാരുടെ സേവനം തേടാവുന്നതാണ്.

2 <u>ഹെൽപ്പ് ഡെസ്ക്</u>: സംസ്ഥാനത്തെ 1034 തദ്ദേശ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ നിലവിലുണ്ട്.

ഈ ഹെൽപ്പ് ഡെസ്ക്കുകൾവഴി സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിനും മാർഗനിർദേശങ്ങൾക്കും എന്റർപ്രൈണർഷിപ്പ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുമാരുടെ സേവനം പ്രയോജനപ്പെടുത്താം.

3. എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്റർ: താലൂക്ക് വ്യവസായ ഓഫീസുകളെ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കാവശ്യമായ സഹായങ്ങളും ഉപദേശവും നൽകാൻ സജ്ജമായ എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്ററുകളാക്കുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുത്ത് മതിയായ പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്.

4. OFOE പദ്ധതി: ബാങ്ക് വായ്പയെടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശയിളവ് ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതിയാണിത്. ഉൽപാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപവരെയുള്ള ലോൺ തുകയ്ക്ക് (Term loan and/or Working Capital loan) അഞ്ച് വർഷത്തേയ്ക്ക് 6% പലിശ ഇളവിന് അർഹതയുണ്ട്. 1-4-2022-നോ

അതിനുശേഷമോ പ്രവർത്തനമാരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ഈ പദ്ധതി ഉപയോഗപ്പെടുത്താം.

5. MSME ഇൻഷ്വറൻസ് പദ്ധതി: ഉൽപാദന-സേവന-വ്യാപാര മേഖലകളിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി 2023 ഏപ്രിൽ ഒന്നിനുശേഷം ഇൻഷ്വർ ചെയ്തിട്ടുള്ള സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% തുക (പരമാവധി 2500 രൂപ) സബ്സിഡി നൽകുന്നു. ഇതുവരെ ഇൻഷ്വർ ചെയ്തിട്ടില്ലാത്ത സംരംഭങ്ങൾക്ക് മത്സരാധിഷ്ഠിത നിരക്കിൽ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളിൽനിന്നും ഇൻഷ്വർ ചെയ്യാനുള്ള ഓൺലൈൻ സംവിധാനവും രൂപീകരിച്ചിട്ടുണ്ട്.

6. സംസ്ഥാന അവാർഡുകൾ: MSME-കളുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മികച്ച പ്രവർത്തനം കാഴ്ചവച്ച സംരംഭങ്ങൾ/സംരംഭകർക്ക് അവാർഡുകൾ നൽകുന്നു. ജില്ലയിലും സംസ്ഥാനത്തും സൂക്ഷ്മ-ചെറുകിട-ഇടത്തരം-വൻകിട വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കാണ് അവാർഡ്.

(ഡി) സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകിയും കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്.

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ സംരംഭക ആശയം പകർന്നുനൽകുന്നതിനുമായി നൈപുണ്യ വികസന പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടത്തുന്ന GOT (General Orientation Training), വകുപ്പ് നേരിട്ട് നടത്തുന്ന സംരംഭക ബോധവൽക്കരണ പ്രോഗ്രാം (EAP), സംരംഭകത്വ വികസന പരിശീലനം (EDP), നിക്ഷേപക സംഗമം, ടെക്നോളജി ക്ലിനിക് (TC), ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം (TMDP), മെഷീനറി എക്സിബിഷൻ എന്നിവയിലൂടെയെല്ലാം സംരംഭകർക്ക്

പ്രോത്സാഹനവും മാറിവരുന്ന സാഹചര്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും വേണ്ട സാഹചര്യം ഒരുക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, സംസ്ഥാനത്ത് വിവിധ സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് നിലവിൽ സർക്കാർ സഹായങ്ങൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ടേഡിനെ എം.എസ്.എം.ഇ.-യുടെ ഡെഫനിഷനകത്ത് ഉൾപ്പെടുത്തിക്കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ സമീപനം വന്നതിനുശേഷം ആ മേഖലയ്ക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുന്ന സാഹചര്യമാണുള്ളത്. നമ്മുടെ വ്യവസായ നയത്തിലും 2023-ൽ ചില്ലറ വ്യാപാര മേഖലയെ പ്രയോരിറ്റി സെക്ടറിനകത്താണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഡിജിറ്റൽ സങ്കേതങ്ങളുടെ ഉയർന്ന ഉപയോഗമുള്ള കേരളംപോലുള്ള ഉപഭോഗ സംസ്ഥാനത്ത് ചില്ലറ വില്പന മേഖലയുടെ വളർച്ചാസാധ്യത അപാരമാണ്. എന്നാൽ പലതരം വെല്ലുവിളികൾ ഈ മേഖല നേരിടുന്നുണ്ട്. എം.എസ്.എം.ഇ.

നിർവചനത്തിനകത്ത് ട്രേഡുകൂടി വന്നതോടെ സംസ്ഥാന ഗവൺമെന്റും യൂണിയൻ ഗവൺമെന്റും നൽകുന്ന എല്ലാവിധ സഹായങ്ങളും ട്രേഡിനുംകൂടി ലഭ്യമാകും.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, സംസ്ഥാനത്തെ വിവിധ സംരംഭങ്ങൾക്ക് പി.എം.ഇ.ജി.പി. പോലെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നും ലഭിക്കുന്ന സഹായം കൃത്യമായി ലഭ്യമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം ചോദിച്ചത് വളരെ ഗൗരവതരമായ ഒരു പ്രശ്നമാണ്. ഭൗതിക പരിശോധന നടത്തിയതിനുശേഷമാണ് യൂണിയൻ ഗവൺമെന്റ് പി.എം.ഇ.ജി.പി. പദ്ധതിക്കുള്ള സാമ്പത്തിക പിന്തുണ നൽകുന്നത്. അതിനുവേണ്ടി അവർ Genesis International private Limited എന്ന ഒരു ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഇവർ 2016-17 മുതൽ കാലാവധി പൂർത്തിയാക്കിയ യൂണിറ്റുകളുടെ പരിശോധന നടത്താത്തതിനാൽ സബ്സിഡി ലഭ്യമാകുന്നില്ല. ബാങ്ക് വായ്പയ്ക്കാണ് സബ്സിഡി

നൽകുന്നതെന്നതിനാൽ വായ്പ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യവും വരുന്നുണ്ട്. സർക്കാർ പലതവണ യൂണിയൻ സർക്കാരിലും ഉദ്യോഗസ്ഥതലത്തിലുമെല്ലാം ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി 22-01-2024-ൽ താൽക്കാലിക പരിശോധന നടത്താനായി ഒരു സംവിധാനം രൂപീകരിച്ചപ്പോൾ Khadi and Village Industries Commission (KVIC)-നെക്കൂടി അതിൽ ചേർത്തു. ആ സംവിധാനത്തിലൂടെ 34 കേസുകൾ മാത്രമാണ് പരിശോധിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതിനെ വളരെ ഗൗരവതരമായ ഒരു പ്രശ്നമായി സർക്കാർ കാണുന്നതിനാൽ യൂണിയൻ ഗവൺമെന്റിന് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. ഇവരുടെ കാലാവധി ഇപ്പോൾ അവസാനിച്ചതായും പോസ്റ്റൽ വകുപ്പിനെ ചുമതലപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരുന്നതായുമാണ് ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുള്ള ആനുകൂല്യങ്ങൾ വ്യാപാരമേഖലയ്ക്ക് ലഭ്യമാണോ?

ശ്രീ. പി. രാജീവ്: സർ, ട്രേഡിനെ എം.എസ്.എം.ഇ.-കളുടെ നിർവചനത്തിനകത്ത് ഉൾപ്പെടുത്തിയതിന്റെ ഭാഗമായി നമ്മൾ നൽകുന്ന

എല്ലാവിധ എം.എസ്.എം.ഇ. ആനുകൂല്യങ്ങളും, അതായത് ഇന്ററസ്റ്റ് ഓഫ് പെൻഷൻ സ്കീം, ഇൻഷ്വറൻസ് സ്കീം, പഞ്ചായത്തുകളിലുള്ള ഇന്റേൺസിന്റെ ഹാൻഡ് ഹോൾഡ് സർവീസ്, ഫെസിലിറ്റേഷൻ സെന്ററുകൾ, എം.എസ്.എം.ഇ. ക്ലിനിക് തുടങ്ങി എല്ലാവിധ സൗകര്യങ്ങളും ട്രേഡിനുകൂടി ലഭ്യമാകും.

ശ്രീ. പി. മമ്മിക്കുട്ടി: സർ, പുതിയ വ്യവസായ നയത്തിൽ വാണിജ്യമേഖലയ്ക്ക് മതിയായ മുൻഗണന നൽകുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, നമ്മുടെ ഇൻഡസ്ട്രിയൽ പോളിസിയിലെ പ്രയോറിറ്റി സെക്ടറുകളിൽ ഒന്ന് ട്രേഡ് ആണ്. ഇതുകൂടാതെ അതിനനുസൃതമായി കോമേഴ്സ് മിഷൻ പുനഃക്രമീകരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ വാണിജ്യത്തിനുവേണ്ടി പ്രത്യേകമായി ഒരു മന്ത്രാലയം വേണമെന്ന വ്യാപാരി സംഘടനകളുടെ കുറെക്കാലമായുള്ള ആവശ്യം ആ രൂപത്തിൽ വന്നില്ലെങ്കിലും ഡയറക്ടറേറ്റിലും സെക്രട്ടേറിയറ്റിലും വാണിജ്യത്തിനായി പ്രത്യേകമായ ഒരു സെക്ഷൻ

നിലവിലുള്ള ആളുകളെത്തന്നെ ഡിപ്ലോയ് ചെയ്തുകൊണ്ട് ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, നിരവധി മൾട്ടി നാഷണൽ കമ്പനികളാണ് വാണിജ്യ രംഗവുമായി ബന്ധപ്പെട്ട് കേരളത്തിലേയ്ക്ക് കടന്നുവരുന്നത്. ഇതിന്റെകൂടി അടിസ്ഥാനത്തിൽ ഒരു പുതിയ വാണിജ്യ നയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, വ്യവസായ നയത്തിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പല തരത്തിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നുണ്ട്. ഓൺലൈൻ മാർക്കറ്റിംഗ്, പുതിയ തലത്തിലുള്ള മാർക്കറ്റിംഗ് സംവിധാനങ്ങൾ, വലിയ മാളുകൾ എന്നിവയെല്ലാം റീടെയിൽ ട്രേഡിനെ വല്ലാതെ ബാധിച്ചിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് പുതിയ വാണിജ്യ നയംകൂടി സർക്കാർ ആലോചിക്കുന്നുണ്ട്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വടക്കാഞ്ചേരി മണ്ഡലത്തിലെ വിരുപ്പാക്കയിൽ പ്രവർത്തിച്ചിരുന്ന തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ നിലവിൽ ലേ ഓഫിലാണ്. അത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും

നിലവിലുള്ള കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുമായി മന്ത്രി പങ്കെടുത്തുകൊണ്ടുള്ള ഒരു ഉന്നതതല യോഗം വിളിക്കുമോ?

ശ്രീ. പി. രാജീവ്: സർ, സ്പിന്നിംഗ് മില്ലുകൾ നേരിടുന്ന പൊതുവായ പ്രശ്നങ്ങൾ വാണിജ്യ നയവുമായി ബന്ധപ്പെട്ടുള്ളതല്ലെങ്കിൽപ്പോലും അത് വളരെ ഗൗരവതരമായ പ്രശ്നമായതുകൊണ്ട് പലതവണ ഈ സഭയിൽ അതിന്റെ അടിസ്ഥാന പ്രശ്നങ്ങൾ വിശദീകരിച്ചിട്ടുള്ളതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 3 കോടി 8 ലക്ഷം രൂപ തൃശ്ശൂർ സ്പിന്നിംഗ് മില്ലിന് അനുവദിച്ചിട്ടുണ്ട്. ഈ വർഷം ഒന്നരക്കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞ പ്രശ്നങ്ങൾ ഉദ്യോഗസ്ഥതലത്തിൽ വീണ്ടും പരിഗണിക്കുന്നതാണ്. കോട്ടന്റെയും പരുത്തിയുടെയും വിലയിലെ വ്യത്യാസം തുടങ്ങി നിരവധി കാര്യങ്ങളുമായി ബന്ധപ്പെട്ട് മാത്രമേ പൊതുവായ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. തൃശ്ശൂർ സ്പിന്നിംഗ് മില്ലും സീതാറാം മില്ലുംകൂടി സംയോജിപ്പിക്കുന്നതിന് സാധ്യതയുണ്ടോ എന്നുകൂടി സർക്കാർ പരിശോധിക്കുന്നതായിരിക്കും.

കേരള ബാങ്കിന്റെ റേറ്റിംഗ്

5 (*485) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക്, കേരള ബാങ്കിന്റെ റേറ്റിംഗ് ബി-യിൽനിന്ന് സി-യിലേക്ക് മാറ്റിയത് കാർഷിക വായ്പ, സംഘാംഗങ്ങൾക്കുള്ള വായ്പ, ചെറുകിട സംരംഭ വായ്പ, ഭവന വായ്പ എന്നിവയെ എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കുമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ബാങ്ക് നൽകിവരുന്ന ഓവർ ഡ്രാഫ്റ്റ് അടക്കമുള്ള സഹായങ്ങളെ ഇത് ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രതിസന്ധി എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ-സി) കേരള ബാങ്കിന്റെ റേറ്റിംഗ് റിസർവ് ബാങ്ക് മാറ്റിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ നബാർഡിന്റെ വാർഷിക പരിശോധനയുമായി ബന്ധപ്പെട്ട സാധാരണ നടപടിക്രമം മാത്രമാണ് നബാർഡ് റേറ്റിംഗിൽ ഉണ്ടായിട്ടുള്ള മാറ്റം. ഈ റേറ്റിംഗ് വ്യത്യാസം 25 ലക്ഷത്തിലധികം വരുന്ന വ്യക്തിഗത വായ്പകളെ മാത്രമേ ബാധിക്കുകയുള്ളൂ. നിലവിൽ ഇത്തരം വായ്പകൾ ബാങ്ക് നൽകിയിട്ടുള്ള ആകെ വായ്പയുടെ 3 ശതമാനം മാത്രമാണ്. ബാങ്ക് പ്രധാനമായും ലക്ഷ്യമിടുന്നത് MSME, LT Agriculture, സ്വർണ്ണ പണയ വായ്പ, ഭവന വായ്പ, സംഘം വായ്പകൾ എന്നിവയാണ്. ഇത്തരം വായ്പകൾക്ക് നബാർഡ് റേറ്റിംഗ് ബാധകമല്ലാത്തതിനാൽ ഇപ്പോഴുള്ള റേറ്റിംഗ് വ്യത്യാസം ബാങ്കിന്റെ പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നില്ല. എന്നാൽ പ്രസ്തുത റേറ്റിംഗ് നിലവിൽ സംഘങ്ങൾക്ക് നൽകിവരുന്ന കാർഷിക വായ്പ, സംഘാംഗങ്ങൾക്കുള്ള വായ്പ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് നൽകുന്ന വായ്പകൾ, വ്യക്തികൾക്കുള്ള ഭവന വായ്പകൾ തുടങ്ങിയവയെ ബാധിക്കില്ല. നബാർഡിന്റെ റേറ്റിംഗ് മാറ്റം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ഇതര സംഘങ്ങൾക്കും കേരള

ബാങ്കിൽനിന്നും വായ്പ നൽകുന്നതിന് ഒരുവിധത്തിലും തടസ്സമാകുന്നില്ല. തുടർന്നും മേല്പറഞ്ഞ വായ്പകൾ അനസ്യൂതം നൽകുന്നതിൽ യാതൊരു തടസ്സവും സൃഷ്ടിക്കപ്പെടുന്നില്ല. ചെറുകിട സംരംഭ വായ്പയ്ക്ക് നിലവിൽ നൽകിവരുന്ന വായ്പാ തോതനുസരിച്ച് വായ്പ നൽകുന്നതിന് കാര്യമായ തടസ്സമുണ്ടാകുന്നില്ല.

MSME, LT Agriculture, സ്വർണ്ണ പണയ വായ്പ, ഭവന വായ്പ, സംഘം വായ്പകൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ഉൽപാദന-സേവന-കച്ചവട മേഖലയുമായി ബന്ധപ്പെട്ടുനിൽക്കുന്ന വ്യാപാർ ലോണുകൾ, ഗ്രാമീണ മേഖലയിലെ തൊഴിൽ വർധിപ്പിക്കുന്നതിനും യന്ത്രങ്ങൾ വാങ്ങി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട KB Machinery വായ്പകൾ, ടൂറിസം പ്രൊമോഷനുമായി ബന്ധപ്പെട്ട് KB Homestay ലോണുകൾ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ലോണുകൾ എന്നിവ നൽകുന്നതിലൂടെ വായ്പാ portfolio-യിലുള്ള മെച്ചപ്പെട്ട പുരോഗതി കൈവരിക്കാൻ ബാങ്കിന് സാധിക്കുന്നതാണ്. തൻവർഷം കാർഷിക വായ്പകൾ നിലവിലുള്ള മൊത്തം വായ്പകളുടെ 24.65% എന്നത് 30

ശതമാനമായി വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൊത്തം വായ്പകളിൽ 6000 കോടി രൂപയുടെ വർധന ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ നബാർഡ് ചൂണ്ടിക്കാണിച്ച ന്യൂനതകൾ ഭരണസമിതിയുടെ മേൽനോട്ടത്തിൽ ഇക്കൊല്ലം പരിഹരിച്ച് റേറ്റിംഗ് മെച്ചപ്പെടുത്താനുള്ള ഊർജിത ശ്രമം ബാങ്ക് നടത്തിവരുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ കേരള ബാങ്ക് 209 കോടി രൂപ ലാഭത്തിലാണ് കണക്കവസാനിപ്പിച്ചത്. ഇത് കേരള ബാങ്ക് രൂപവൽക്കരിച്ച ശേഷമുള്ള ഏറ്റവും കൂടിയ ലാഭമാണ്.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, കേരള ബാങ്ക് രൂപീകരിച്ചപ്പോൾ ഗവൺമെന്റ്, നബാർഡിൽനിന്ന് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് വഴി ജില്ലാ സഹകരണ ബാങ്കിലൂടെ വായ്പ നൽകുമ്പോഴുണ്ടാകുന്ന അധിക പലിശ ഒഴിവാക്കി സാധാരണക്കാരന് 6-7 ശതമാനത്തിന് വായ്പ നൽകാൻ സാധിക്കുമെന്നാണ് പറഞ്ഞത്. എന്നാൽ പലിശ കുറച്ചില്ലെന്ന് മാത്രമല്ല, പരമാവധിക്കൂട്ടി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. സർക്കാർ അവകാശവാദം ഉന്നയിച്ചതുപോലെ

സാധാരണക്കാർക്ക് ഏഴ് ശതമാനം പലിശയ്ക്ക് ലോൺ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ ഏഴ് ശതമാനം പലിശയ്ക്ക് സാധാരണക്കാർക്ക് ലോൺ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുകൂടാതെ നബാർഡിന്റെ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു ശതമാനം പലിശനിരക്കിലും വായ്പ നൽകുന്നതിനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുന്നുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, ആയിരത്തിയഞ്ഞൂറോളം വേക്കൻസികൾ നിലവിലുള്ളപ്പോൾ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താത്തതുമൂലം ബ്രാഞ്ച് ഇൻസ്പെക്ഷൻ നടത്താതിരുന്നതല്ലേ ആർ.ബി.ഐ. ഗ്രേഡ് താഴ്ത്താൻ കാരണമായത്, വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങയുടെ ധാരണ തെറ്റാണ്. ആർ.ബി.ഐ. അല്ല നബാർഡാണ് ഗ്രേഡ് താഴ്ത്തിയത്. ഒഴിവുള്ള തസ്തികകളിലെ എല്ലാ വേക്കൻസികളും ഫിൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കേരള ബാങ്കിൽനിന്നും ലോൺ എടുത്തതിനുശേഷം മനഃപൂർവമല്ലാതെ ലോൺ അടയ്ക്കാൻ സാധിക്കാത്ത ചില ആളുകളുണ്ട്, അവർക്ക് കാർഷിക പ്രതിസന്ധി, വന്യമൃഗശല്യം എന്നിവമൂലവും കാൻസർ, കിഡ്നി, ഹാർട്ട് എന്നിവയുണ്ടാകുന്ന മാരക രോഗത്താലും ട്രീറ്റ്മെന്റിന്റെ ഭാഗമായി പോകേണ്ടിവരുമ്പോൾ ലോൺ അടയ്ക്കാൻ സാധിക്കില്ല. മാരക രോഗംമൂലം ആളുകൾ മരണപ്പെട്ട കുടുംബങ്ങളുടെ ലോണുകളുടെ പലിശ ഗവൺമെന്റ് ഏറ്റെടുത്ത് മുതൽ ഗഡുക്കളായി അടയ്ക്കാനുള്ള സാഹചര്യം സൃഷ്ടിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, 30-06-2024 വരെ വൺടൈം സെറ്റിൽമെന്റ് പ്രഖ്യാപിച്ചിരുന്നതനുസരിച്ച് ഒട്ടനവധി ആശ്വാസകരമായ നടപടികൾ സ്വീകരിച്ചിരുന്നു. നല്ല രൂപത്തിലുള്ള പ്രതികരണമുണ്ടായിട്ടുണ്ട്.

ശ്രീമതി കെ. കെ. രമ: സർ, സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ ബാങ്കിനെയും ഒന്നിപ്പിച്ച് കേരള ബാങ്കാക്കിയതിന്റെ ഭാഗമായി റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നതാണോ ബാങ്കിംഗിന്റെ

റേറ്റ് കുറയാൻ കാരണം; പ്രസ്തുത തീരുമാനം തെറ്റായിരുന്നെന്ന് സർക്കാർ കരുതുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, കേരള ഗവൺമെന്റ് ജില്ലാ ബാങ്കുകളെ ലയിപ്പിച്ച് കേരള ബാങ്ക് ആക്കിയ തീരുമാനം അഭിമാനകരമായിരുന്നു. ഇതുവരെയുള്ള എല്ലാ വർഷവും അതിന്റെ റിസൽട്ട് പരിശോധിച്ചാൽ ലാഭകരമായിരുന്നു. ഈ വർഷം 209 കോടി രൂപയുടെ ലാഭമുണ്ടായിരിക്കുന്നു. എൻ.പി.എ.-യുടെയും അക്കൗണ്ടിന്റെയും പ്രശ്നങ്ങൾ ഈ വർഷം പരിഹരിക്കുന്നതാണ്. ഇപ്പോൾ വന്ന റേറ്റിംഗ് നബാർഡിന്റേതും കഴിഞ്ഞ വർഷത്തേതുമായിരുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിക്കുന്ന പദ്ധതികൾ ഉദാഹരണത്തിന്, മൊറട്ടോറിയം പ്രഖ്യാപിക്കുക, വൺ ടൈം സെറ്റിൽമെന്റ് എന്നിവമൂലം പ്രാഥമിക സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത വളരെ വലുതാണ്. അവർ ഡെപ്പോസിറ്റായി സ്വീകരിക്കുന്ന പണത്തിന് പലിശ കൊടുക്കുകയും ചെയ്യുന്നു. സർക്കാർ

സ്കീമുകൾ നടപ്പാക്കുമ്പോൾ പ്രാഥമിക സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ കേരള ബാങ്കിനും പ്രൈമറി സംഘങ്ങൾക്കും ബിസിനസ് സംബന്ധമായ കാര്യങ്ങൾ പരസ്പരം ചർച്ച ചെയ്ത് നഷ്ടവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്.

അടിയന്തര ചോദ്യം

ചോദ്യം നമ്പർ - 1

പി.എസ്.സി. പരീക്ഷയ്ക്ക് കൺഫർമേഷൻ കൊടുക്കാൻ കഴിയാതിരുന്നവർക്ക് അവസരം നൽകാൻ നടപടി

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ഓൺലൈൻ പോർട്ടലിന്റെ സാങ്കേതിക പ്രശ്നങ്ങൾമൂലം കുറെയേറെ ഉദ്യോഗാർഥികൾക്ക് കാറ്റഗറി നമ്പർ 503/2023, എൽ.ഡി.സി. തസ്തികയിലേയ്ക്ക് കൺഫർമേഷൻ നൽകാനായില്ലെന്നത് സംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ഉദ്യോഗാർഥികൾക്ക് അർഹമായ അവസരം ലഭിക്കാതെ വന്നിട്ടുണ്ടെങ്കിൽ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ&ബി) വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള പരീക്ഷകൾ വിവിധ ഘട്ടങ്ങളായി നടത്താൻ പി.എസ്.സി. നിശ്ചയിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയുടെ പരീക്ഷ ജൂലൈ 27-നും കൊല്ലം, കണ്ണൂർ ജില്ലകളുടെ പരീക്ഷ ആഗസ്റ്റ് 17-നും പത്തനംതിട്ട, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിലെ പരീക്ഷ ആഗസ്റ്റ് 31-നുമാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ തിരുവനന്തപുരം ജില്ലയിലെ ഉദ്യോഗാർഥികൾ കൺഫർമേഷൻ സമർപ്പിക്കേണ്ട തീയതി 22-04-2024 മുതൽ 11-05-2024 വരെയും ആഗസ്റ്റ് മാസത്തിലെ പരീക്ഷയ്ക്കുള്ള കൺഫർമേഷൻ സമർപ്പിക്കേണ്ട തീയതി 23-05-2024 മുതൽ 11-06-2024 വരെയുമായിരുന്നു. പ്രസ്തുത കാലയളവിൽ ഓൺലൈൻ പോർട്ടലിന് സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായിരുന്നില്ല. ആറ് ജില്ലകളിലുമായി കൺഫർമേഷൻ നൽകിയവരുടെ വിവരം ഇപ്രകാരമാണ്.

തിരുവനന്തപുരം	1,39,187
കൊല്ലം	82,256
കണ്ണൂർ	66,130
പത്തനംതിട്ട	38,636
തൃശ്ശൂർ	73,774
കാസർഗോഡ്	36,664

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി ആശ്വാസകരമാണ്. പോർട്ടലിന്റെ സാങ്കേതിക തകരാറുകാരണം കൺഫർമേഷൻ കൊടുക്കാൻ കഴിയാത്തവരുടെ വിവരം ആക്റ്റിവിറ്റി ലോഗ് പരിശോധിച്ചാൽ അറിയാൻ കഴിയുമെന്നാണ് പറയുന്നത്. ആക്റ്റിവിറ്റി ലോഗ് പരിശോധിക്കാനുള്ള നടപടി സ്വീകരിക്കുമോ; ഒപ്പം തെറ്റായ വാർത്ത നൽകുന്ന മാധ്യമങ്ങളെ തിരുത്താൻ എന്തുനടപടിയാണ് സർക്കാരിന് സ്വീകരിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ മാധ്യമങ്ങളുടെ ഒരു രീതി അതായി മാറിപ്പോയി. അത് തിരുത്തിക്കാനൊന്നും പെട്ടെന്ന് സാധിക്കുമെന്ന് തോന്നുന്നില്ല. മാധ്യമങ്ങൾതന്നെ കാര്യങ്ങൾ ആലോചിക്കേണ്ടതാണ്. അവരുടെ

വിശ്വാസ്യതയ്ക്കുതന്നെ വലിയ കോട്ടം തട്ടുകയാണ്. അവർതന്നെ സ്വയം ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ് നല്ലത്. ഈ പറയുന്ന കൺഫർമേഷൻ നൽകേണ്ട ജില്ലകളെടുത്താൽ അവർക്ക് ആർക്കും ഇതിന് പ്രയാസമുണ്ടായിട്ടില്ല. ആ ഘട്ടത്തിൽ അവിടെ ഒരു സാങ്കേതിക തകരാറും ഉണ്ടായിട്ടുമില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇപ്പോൾ സഭയിലെടുത്ത അടിയന്തര ചോദ്യം Question booklet-ൽ ഏഴാമതായി പ്രിന്റ് ചെയ്തിട്ടുള്ളതാണ്. അങ്ങ് ഇക്കാര്യം പരിശോധിക്കണം.

മി. സ്പീക്കർ: പ്രിന്റിംഗ് എറർ ഉണ്ടോയെന്ന് പരിശോധിക്കാം. അത് പ്രൊഡ്യൂസ് ചെയ്താൽ മതി. പരിശോധിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(+രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു)

+ അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്.

{10.00 am}

II. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 611-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 11-06-2024-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 611-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

III. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

കർഷക സമൂഹം നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: സംസ്ഥാനത്തുണ്ടായ ഉഷ്ണതരംഗത്തിലും അതി തീവ്രമഴയിലും സംഭവിച്ച കൃഷിനാശംമൂലം കർഷക സമൂഹം പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി

+ അനുബന്ധം - II ആയി ചേർത്തിട്ടുണ്ട്.

സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കുറുക്കോളി മൊയ്തീൻ, സജീവ് ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവുമെല്ലാം വലിയ ദുരന്തങ്ങൾ വിതയ്ക്കുന്ന കാലമാണിത്. ലോകമെമ്പാടും ഇതിന്റെ പ്രതിസന്ധികൾ വ്യാപിക്കുന്നത് വളരെ ഗൗരവത്തോടെ കാണേണ്ടതുണ്ട്. കാലാവസ്ഥയിലുണ്ടാകുന്ന യാതൊരു മാറ്റവും ആദ്യം പ്രതിഫലിക്കുന്നത് കാർഷിക മേഖലയിലാണ്. ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ അവരുടെ സംസാരമധ്യേ Intergovernmental Panel on Climate Change-ന്റെ റിപ്പോർട്ടിനെക്കുറിച്ച് പലതവണ ഇവിടെ പരാമർശിക്കുകയുണ്ടായി. ആഗോളതാപനം അവസാനിച്ചുവെന്നും ആഗോളതിളയ്ക്കൽ വന്നെത്തിയെന്നുമാണ് ശാസ്ത്രസമൂഹവും യു.എൻ.-ന്റെ ഉയർന്ന നേതൃനിരയുമെല്ലാം പറയുന്നത്. അതീവ ഗൗരവതരമായ സാഹചര്യമാണ് ഈ പ്രതിഭാസങ്ങൾ ലോകത്ത്

സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയും ഇതിന്റെ പിടിയിലാണെന്നത് നമ്മുടെ അനുഭവമാണ്. 2018-ലെ മഹാപ്രളയവും 2019-ലെ പ്രകൃതിദുരന്തങ്ങളും ഓഖി, ടൗട്ടേ ചുഴലിക്കാറ്റുകളുമെല്ലാം ചില ഉദാഹരണങ്ങൾ മാത്രമാണ്. കാലാവസ്ഥാവ്യതിയാനം കാർഷിക മേഖലയിലുണ്ടാക്കിയ ദുരിതങ്ങളെ അതീവ ഗൗരവത്തോടെയാണ് സംസ്ഥാന സർക്കാർ കാണുന്നത്. 2024 ഫെബ്രുവരി മുതൽ മേയ് വരെയുണ്ടായ കടുത്ത വരൾച്ച, ഉഷ്ണതരംഗം എന്നിവയെത്തുടർന്നുണ്ടായ അതിതീവ്രമഴ കാർഷിക മേഖലയിൽ വ്യാപകമായ നാശം വിതച്ചു. കൃഷിനാശം, ഉൽപാദനക്കുറവ് എന്നിവയുടെയൊക്കെ അനന്തരഫലം കർഷകന്റെ വരുമാനത്തിലാണ് പ്രതിഫലിക്കുന്നത്. വരൾച്ചാക്കെടുതികളും മറ്റും ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ സംസ്ഥാന സർക്കാർ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുകയും നാശനഷ്ടങ്ങൾ നേരിട്ട് പരിശോധിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റുമാർ, ബ്ലോക്കുതല കൃഷി വിജ്ഞാന കേന്ദ്രത്തിലെ കാർഷിക സർവകലാശാലാ പ്രതിനിധികൾ

എന്നിവർ ഉൾപ്പെടുന്ന ഒരു വിദഗ്ധ സംഘം രൂപീകരിക്കുകയും അവർ ജില്ലയൊട്ടാകെയുള്ള വരൾച്ചാബാധിത കൃഷിയിടങ്ങൾ ബ്ലോക്കടിസ്ഥാനത്തിൽ സന്ദർശിച്ച് കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലുള്ള സമഗ്രമായ പഠന റിപ്പോർട്ടും ശിപാർശകളും സർക്കാരിന്റെ പരിഗണനയിലാണ്. വരൾച്ചമൂലമുണ്ടായ വ്യാപക കൃഷിനാശം വിലയിരുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ മാസം 3-ാം തീയതി ബന്ധപ്പെട്ട മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ടതിന്റെ ഭാഗമായി എസ്.ഡി.എം.എ. ഫണ്ടിൽനിന്നും ആവശ്യമായ തുക അനുവദിക്കുന്നതിനും ഏലത്തിന്റെ റീപ്ലാന്റിംഗിനും മറ്റുമായി 10 കോടി രൂപ അടിയന്തര ധനസഹായം ലഭ്യമാക്കുന്നതിന് എൻ.ഡി.ആർ.എഫ്.-ൽ പ്രൊപ്പോസൽ നൽകുകയും റീപ്ലാന്റിംഗിനും ജലസേചനത്തിനുമാവശ്യമായ പണം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സ്പെസസ് ബോർഡിനുമുമ്പാകെ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബാങ്കുകളിൽനിന്നും കർഷകരെടുത്തിരിക്കുന്ന ലോണുകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുമ്പോൾ

പലിശയിൽ കുറവുവരുന്നില്ലെന്നതുകൊണ്ട് മൊറട്ടോറിയവും പലിശ ഇളവും വരുത്തുന്നതിനെക്കുറിച്ച് ബാങ്കുകളുമായി സംസാരിക്കാൻ തീരുമാനിക്കുകയും ഇക്കാര്യം ബാങ്കുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വരൾച്ചയുമായി ബന്ധപ്പെട്ട് 46587 ഹെക്ടർ കൃഷിക്ക് നാശനഷ്ടം സംഭവിച്ചതിലൂടെ കർഷകർക്ക് വൻതോതിൽ നഷ്ടമുണ്ടായെന്നും മേയ് മാസം അവസാനം മുതൽ സംസ്ഥാനത്തുണ്ടായ അതിതീവ്ര മഴയിലുണ്ടായ നഷ്ടം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 3125 ഹെക്ടർ കൃഷിനാശമുണ്ടാവുകയും 50273 കർഷകരെ അത് ബാധിക്കുകയും ചെയ്തതായുമാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ, ഇതിന്റെ ഭാഗമായുള്ള പ്രാഥമിക വിവര കണക്കുപ്രകാരം നെൽകൃഷിയുടെ കാര്യത്തിൽ 155.9 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായും ഉൽപാദനത്തിൽ കുറവുണ്ടായതായും കണക്കാക്കിയിട്ടുണ്ട്. പ്രകൃതിദുരന്തങ്ങൾക്കുള്ള അടിയന്തര പരിഹാര പദ്ധതി മുഖേനയാണ് വിള നാശത്തിനുള്ള നഷ്ടപരിഹാരമായി സംസ്ഥാന വിഹിതവും സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നുള്ള വിഹിതവും നൽകുന്നത്. നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള

ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിയെ ഏൽപ്പിക്കുകയും ടി പദ്ധതിപ്രകാരം ആനുകൂല്യം നൽകുന്നതിനായി നടപ്പുസാമ്പത്തിക വർഷം 750 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പാക്കുന്ന നെൽകൃഷി വികസന പദ്ധതി, ജനകീയാസൂത്രണത്തിലൂടെ ത്രിതല പഞ്ചായത്ത് നടപ്പാക്കുന്ന വിവിധ നെൽകൃഷി പദ്ധതികൾ എന്നിവയിലൂടെ കർഷകർക്ക് ഗുണമേന്മയും അത്യുൽപാദനശേഷിയുമുള്ള നെൽവിത്തുകൾ, കുമ്മായ വസ്തുക്കൾ, ഉഴവുകൂലി എന്നിവയുടെ ആനുകൂല്യങ്ങൾ നൽകുന്നതിലൂടെ സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തീർണ്ണവും ഉൽപാദനവും നിലനിർത്താൻ കൃഷി വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ത്രിതല പഞ്ചായത്തുകൾ വകകൊള്ളിക്കുന്ന തുകയ്ക്കുപുറമെ 95.1 കോടി രൂപയാണ് 2024-25 സാമ്പത്തിക വർഷം നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ കൃഷി വകുപ്പ് വകയിരുത്തിയിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമഗ്ര നെൽകൃഷി വികസന പദ്ധതിയിലൂടെ 269.41 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 45.79 കോടി രൂപ ചെലവഴിച്ച്

സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപിപ്പിച്ചതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിക്കാൻ കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. നാളികേര കൃഷിയുമായി ബന്ധപ്പെട്ട് 232 കേരഗ്രാമങ്ങൾ സൃഷ്ടിക്കുകയും 54 കേരഗ്രാമങ്ങൾക്കുകൂടി തുടക്കം കുറിക്കുകയുമാണ്. പദ്ധതിയുടെ ഭാഗമായി 202.1 കോടി രൂപ ചെലവിൽ 33486 ഹെക്ടറിൽ നാളികേര കൃഷി പ്രോത്സാഹിപ്പിക്കാൻ കഴിഞ്ഞു. നാളികേര ഉൽപാദനക്ഷമത ഹെക്ടറിന് 10739 എന്ന നിലയിൽ എത്തിയിട്ടുണ്ടെന്നാണ് കേരഗ്രാമങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ പഠനത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. കേരഗ്രാമങ്ങളിൽക്കൂടി 54 ശതമാനം നാളികേര ഉൽപാദന വർധനവുണ്ടായിട്ടുണ്ടെന്നാണ് ഈ പഠനം വ്യക്തമാക്കുന്നത്. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. കാലാവസ്ഥയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടാകുമ്പോൾ കൃഷിക്കുണ്ടാകുന്ന നാശനഷ്ടങ്ങളിൽ സർക്കാർ നടപ്പാക്കുന്ന പദ്ധതികളോടൊപ്പംതന്നെ ഇൻഷ്വറൻസിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകേണ്ടതുണ്ടെന്നാണ് അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസിനെ

പരിഷ്കരിച്ച് ഇപ്പോൾ കേരളത്തിൽ നടപ്പാക്കുകയാണ്. കർഷകരുടെ പ്രീമിയം കഴിഞ്ഞുള്ള ബാക്കി പണം സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും തുല്യമായി വഹിക്കുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. 27 വിളകളിലേയ്ക്ക് ഇപ്പോൾ ഈ ഇൻഷ്വറൻസ് പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. നേരത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കാൻ കഴിയുമായിരുന്നില്ല. ഇപ്പോൾ കേരളത്തിലെ 14 ജില്ലകളിലും കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി യാഥാർഥ്യമാക്കുകയും ആയത് നടപ്പാക്കിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം ഉൽപാദനത്തിൽ കുറവുവന്നാൽ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുമെന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത. ഇതിനാവശ്യമായ weather station-നുകൾ സ്ഥാപിച്ചാണ് കാലാവസ്ഥയിലെ മാറ്റങ്ങൾ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. വിവിധ ജില്ലകളിൽ വിവിധ തരത്തിലുള്ള പ്രീമിയമാണ് നൽകുന്നത്. ജില്ല, സീസൺ എന്നിവയുടെ അടിസ്ഥാനത്തിൽ ഹെക്ടറിന് 1200 രൂപ മുതൽ 1600 രൂപ വരെ പ്രീമിയം വ്യത്യാസപ്പെടും. നെൽകൃഷിയുടെ കാര്യത്തിൽ ഏകദേശം

എൺപതിനായിരം രൂപയോളം കർഷകർക്ക് നഷ്ടപരിഹാരമായി ലഭിക്കും. കൃഷിക്ക് നാശനഷ്ടമുണ്ടാകുന്ന സാഹചര്യങ്ങളിൽ ജില്ലകളിൽ കൺട്രോൾ റൂമുകൾ തുറക്കുകയും കൃഷിനാശത്തിന് അപേക്ഷ സമർപ്പിക്കുന്ന കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ നെല്ലറകളായ കുട്ടനാട്, പാലക്കാട്, തൃശ്ശൂർ, കോൾനിലങ്ങൾ തുടങ്ങിയവയിൽ അടിസ്ഥാനസൗകര്യ വികസനത്തിനാവശ്യമായ പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ കാലാവസ്ഥയുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങളുണ്ടാകുന്നതിന്റെ ഭാഗമായി കർഷകരെ പരമാവധി സഹായിക്കുന്ന നടപടികളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിൽ ഈയിടെയുണ്ടായ കടുത്ത വരൾച്ചയും തുടർന്നുണ്ടായ കനത്ത മഴയും കാരണം കർഷകർക്കുണ്ടായ നഷ്ടം ചെറുതല്ലെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇത്തരം കാലാവസ്ഥാ വ്യതിയാനത്തിലൂടെ കർഷകർക്കുണ്ടായ നാശനഷ്ടം സർക്കാർ കണക്കാക്കിയതിനേക്കാൾ അപ്പുറത്താണ്. അതുകൊണ്ടുതന്നെ

ഇത് കർഷകരുടെ മാത്രം പ്രശ്നമെന്നതിലുപരി കേരളത്തിന്റെ പൊതുവായൊരു വിഷയമായി കാണേണ്ടതുണ്ട്. 'കേരളത്തിന്റെ പൊതുവായൊരു വിഷയം' എന്ന പരിഗണന നൽകി ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കർഷകർക്ക് തുടർച്ചയായി ഇതുപോലുള്ള പല പ്രയാസങ്ങളും നേരിടേണ്ടി വരുന്നുവെന്നതാണ് കേരളത്തിന്റെ അവസ്ഥ. പത്തുവർഷക്കാലയളവിനുള്ളിൽ കേരളത്തിലുണ്ടായ കടുത്ത വരൾച്ചയെക്കുറിച്ച് എല്ലാവർക്കും അറിയാവുന്നതാണ്. അതിനുശേഷം പ്രളയങ്ങളുടെ പരമ്പരയായിരുന്നു. ഇത്തരം പ്രതിസന്ധികളുണ്ടാകുമ്പോൾ നാശനഷ്ടം സംഭവിക്കുന്ന കർഷകർക്ക് അതിനനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനോ മറ്റ് പരിഹാരമാർഗങ്ങൾ ഏർപ്പെടുത്തുന്നതിനോ സർക്കാരിന് സാധിക്കുന്നില്ലെന്നത് ഒരു വസ്തുതയാണ്. നേരിയ ആനുകൂല്യങ്ങൾ മാത്രം നൽകിയതുകൊണ്ട് കർഷകർക്ക് ഈ മേഖലയിൽ പിടിച്ചുനിൽക്കാൻ സാധിക്കില്ല. ഇക്കഴിഞ്ഞ വരൾച്ചയിൽ കേരളത്തിൽ പ്രത്യക്ഷമായി 257.12 കോടി രൂപയുടെയും പരോക്ഷമായി 118.9 കോടി

രൂപയുടെയും നഷ്ടമുൾപ്പെടെ ആകെ 376.02 കോടി രൂപയുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. കരിഞ്ഞ നെല്ലും അതുപോലെയുള്ള മറ്റ് വിളകളായ തെങ്ങ്, കവുങ്ങ് എന്നിവ ഉണങ്ങിയതിന്റെയും കണക്കെടുക്കാൻ നമുക്ക് സാധിക്കും. ഒരു തെങ്ങിൽനിന്നും വാടിവീഴുന്ന പൂക്കുലയുടെയും കൊഴിഞ്ഞുവീഴുന്ന മച്ചിങ്ങയുടെയുമൊക്കെ കണക്ക് ഏത് ഉദ്യോഗസ്ഥനാണ് കണക്കാക്കുന്നത്? അതുകൊണ്ട് ഈ നഷ്ടം ഇവിടെ സൂചിപ്പിച്ചതിനേക്കാളൊക്കെ അപ്പുറത്താണ്. കർഷകന്റെ യഥാർഥ നഷ്ടം കണക്കാക്കാൻ ഉദ്യോഗസ്ഥർക്കുപോലും കഴിയുന്നില്ലെന്നതാണ് വസ്തുത. ഈ പ്രയാസങ്ങൾ അനുഭവിക്കുന്നതിനിടയിലാണ് മഴക്കെടുതിക്കൂടി കടന്നുവന്നതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. മഴക്കെടുതിയിലൂടെ കേരളത്തിൽ 160.044 കോടി രൂപയുടെ നഷ്ടമുണ്ടായി. ഇതുകൂടി കണക്കുകൂട്ടുമ്പോൾ 536.064 കോടി രൂപയുടെ നഷ്ടം കേരളത്തിലെ കർഷകർക്ക് ഈയിടെ മാത്രമുണ്ടായി. ഇത് ആദ്യമായി സംഭവിച്ചൊരു സംഗതിയല്ല. വർഷങ്ങളായി തുടർന്നുവരുന്നതാണെന്നാണ് മനസ്സിലാക്കേണ്ടത്. ഈ പ്രതിസന്ധിയിൽനിന്ന് കർഷകരെ രക്ഷിക്കാൻ

സർക്കാർ എന്ത് മാർഗമാണ് സ്വീകരിക്കുന്നത്? വിളനാശം സംഭവിച്ചതിന്റെ യഥാർഥ കണക്ക് കണ്ടെത്താനോ കൃഷി നശിച്ചതായി കണ്ടെത്തിയ കർഷകരെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനോ കഴിയുന്നില്ലെന്നതാണ് വസ്തുത. കടുത്ത വരൾച്ചയിൽ ജലസ്രോതസ്സുകളെല്ലാം വറ്റിവരണ്ടു. കേരളത്തിലെ മിക്ക കാർഷിക വിളകളും ഉണങ്ങുകയോ വാടുകയോ ഉൽപാദനക്ഷമമല്ലാത്തതോ ആയി തകർച്ചയെ പ്രാപിച്ചിരിക്കുന്നു. ഇതെല്ലാം പരിശോധിച്ച് ആയതിന്റെ നഷ്ടം കൃത്യമായി നിശ്ചയിക്കേണ്ടതായുണ്ട്. നെല്ല്, വാഴ, പച്ചക്കറികൾ, കുരുമുളക്, വെറ്റില, കാപ്പി, കൊക്കോ തുടങ്ങിയ കാർഷികയിനങ്ങൾക്ക് മറ്റ് വിളകളേക്കാൾ കൂടുതൽ നഷ്ടമുണ്ടായി. തെങ്ങിനും കവുങ്ങിനും റബ്ബറിനുമൊക്കെ കനത്ത നാശനഷ്ടമുണ്ടായി. കടുത്ത വേനലിൽ റബ്ബറിന്റെ പാലുൽപാദനം കുറയുകയും മഴക്കെടുതിയിൽ ലഭിച്ചുകൊണ്ടിരുന്ന പാലുപോലും ഊറ്റിയെടുക്കാൻ സാധിക്കാതെയുമായി. ഇങ്ങനെ തുടരെത്തുടരെയുണ്ടാകുന്ന ഓരോ നാശനഷ്ടത്താലും കർഷകരുടെ ഇപ്പോഴത്തെ അവസ്ഥ 'മോങ്ങാനിരുന്ന നായയുടെ തലയിൽ തേങ്ങ വീണു' എന്നുപറയുന്ന

ചൊല്ലുപോലെയായിരിക്കുന്നു. പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കർഷകസമൂഹത്തിന് തുടർച്ചയായി ദുരിതങ്ങൾ തന്നെ വന്നുഭവിക്കുന്നൊരു സാഹചര്യമാണ് കേരളത്തിലുള്ളത്. കേരളത്തിൽനിന്ന് കയറ്റുമതി ചെയ്യുന്ന നാണ്യവിളകളായ ഏലം, കുരുമുളക്, കാപ്പി എന്നിവയുടെ കാര്യത്തിൽപോലും സർക്കാർ വേണ്ടത്ര ഇടപെടൽ നടത്തുന്നില്ലെന്നുള്ളത് ഏറെ ഖേദകരമാണ്. കൊടുംചൂട് കാരണം കന്നുകാലികൾ, താറാവ്, കോഴി തുടങ്ങിയവ ക്രമാതീതമായി ചത്തൊടുങ്ങുകയാണ്. താറാവിന് പിടിപെട്ടിരിക്കുന്ന രോഗത്തിന്റെ തീവ്രത വർധിപ്പിക്കാൻ ഈ കടുത്ത വരൾച്ച കാരണമായെന്നാണ് മനസ്സിലാക്കാനിടയായത്. ആലപ്പുഴ ജില്ലയിലൊക്കെ വൻതോതിൽ താറാവുകളെ കൊന്നൊടുക്കുകയാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ മറുപടിയിൽ അക്കാര്യങ്ങളൊക്കെ സൂചിപ്പിച്ചതാണ്. ഇതൊക്കെ മനസ്സിലാക്കി കർഷകരെ സഹായിക്കാനുള്ള സംവിധാനങ്ങളാണ് സർക്കാർ ഒരുക്കേണ്ടത്. കേരളത്തിൽ കർഷകരെ സഹായിക്കുന്നതിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. ഇത്തരം പദ്ധതികൾ കൃത്യമായി നടപ്പാക്കി

അതിലൂടെ കർഷകരെ സഹായിക്കാൻ സർക്കാരിന് സാധിക്കുന്നില്ലെന്ന വസ്തുതകൂടി നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനം, രോഗങ്ങൾ, വിലക്കുറവ്, ഉൽപാദനക്ഷമതയിൽ വന്ന കുറവ്, കൃഷി ഭൂമിയുടെ വിസ്തൃതി ചുരുങ്ങൽ, സർക്കാരിന്റെ ശരിയായ ഇടപെടലില്ലായ്മ, ഉള്ള സംഭരണം നിലച്ചുപോയത്, സംഭരിച്ച വിളകളുടെ വില നൽകാൻ സാധിക്കാത്തത്, വലിയ വാഗ്ദാനങ്ങൾ നൽകി കർഷകരെ പ്രലോഭിപ്പിച്ച് വഞ്ചിക്കുന്ന അവസ്ഥ; ഇതെല്ലാം ചേർത്ത് കർഷകരെ നശിപ്പിക്കുകയാണ് ഈ സർക്കാർ ചെയ്യുന്നത്. ഈ രീതിയിൽ കർഷകരെ ചവിട്ടിത്തേയ്ക്കണ്ടതുണ്ടോ? കർഷകരുടെ യഥാർഥ പ്രശ്നങ്ങൾ തിരിച്ചറിയാൻ ഭരണകൂടം തയ്യാറാകുന്നില്ലെന്നതാണ് എന്റെ പ്രമേയത്തിലെ പ്രധാനപ്പെട്ട വിഷയം. കർഷകർ നേരിടുന്ന പ്രതിസന്ധിയെപ്പറ്റി മനസ്സിലാക്കാൻ സർക്കാർ തയ്യാറാകണം. കഴിഞ്ഞ ഡിസംബർ അവസാന സീസണിൽ സംഭരിച്ച നെല്ലിന്റെ വില നൽകാൻ ഇനിയും ബാക്കിയാണ്. സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് കൊടുക്കുന്നതിന് കേന്ദ്ര സർക്കാർ വിഹിതം നൽകുന്നില്ലെന്നാണ് പറയുന്നത്. എന്നാൽ, കഴിഞ്ഞ ബജറ്റിലൂടെ ഇതിനായി

കേരള സർക്കാർ പ്രഖ്യാപിച്ച തുകയിൽ എത്ര രൂപയാണ് കർഷകർക്ക് നൽകിയതെന്ന കണക്ക് പറയാൻ സർക്കാർ തയ്യാറാകണം. അതുപോലും നൽകാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ സെപ്റ്റംബർവരെ സംഭരിച്ച നാളികേരത്തിന്റെ കേന്ദ്ര സർക്കാർ വിഹിതം എല്ലായിടത്തും നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിനെ കുറ്റം പറയുന്നവർ സംസ്ഥാന സർക്കാർ വിഹിതം നൽകാതെ ബാക്കി നിർത്തിയിരിക്കുകയാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ പോരായ്മകൾ ഒട്ടനവധിയുണ്ടെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. സംസ്ഥാന സർക്കാരിനെപ്പോലെ കർഷക വിരുദ്ധ സമീപനവുമായാണ് കേന്ദ്ര സർക്കാരും മുന്നോട്ടുപോകുന്നത്. കേന്ദ്ര സർക്കാരിന്റെ അത്തരം സമീപനങ്ങളൊന്നും നിഷേധിക്കാൻ ഞങ്ങൾ തയ്യാറല്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വം കൃത്യമായി നിർവഹിക്കുന്നുണ്ടോയെന്നത് നാം ഓരോരുത്തരും തിരിച്ചറിയേണ്ടതുണ്ട്. സെപ്റ്റംബർവരെ സംഭരിച്ച നാളികേരത്തിന്റെ സംസ്ഥാന വിഹിതം ഇതുവരെയും കർഷകർക്ക് നൽകാൻ സാധിച്ചിട്ടില്ലെന്നുള്ളത് നിങ്ങൾ തിരിച്ചറിയേണ്ടതായുണ്ട്. നാളികേര സംഭരണവുമായി ബന്ധപ്പെട്ട്

എം.എൽ.എ.-മാർ എഴുതി നൽകുന്നിടത്തെല്ലാം സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് സഭയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണ്. എന്റെ നിയോജകമണ്ഡലത്തിൽ ആവശ്യമുള്ള സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി പിറ്റേദിവസംതന്നെ മന്ത്രിക്ക് കത്ത് നൽകുകയും നാളെത്തന്നെ തുടങ്ങുമെന്ന് പറയുകയും ചെയ്തതല്ലാതെ ആറ് മാസം കഴിഞ്ഞിട്ടും നാളിതുവരെയും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മാത്രമല്ല, നിലവിലുണ്ടായിരുന്ന കേന്ദ്രങ്ങളിലെ സംഭരണംപോലും നിലയ്ക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. അവിടെനിന്നും ലഭിക്കാനുള്ള പണത്തിന്റെ കണക്കാണ് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചത്. ഈ രീതിയിലാണ് കേരളത്തിലെ കാർഷിക മേഖല മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. എസ്.ഡി.ആർ.എഫ്., സ്റ്റേറ്റ് ഇൻഷ്വറൻസ്, സെൻട്രൽ ഇൻഷ്വറൻസ്, കേന്ദ്ര സഹായങ്ങൾ എന്നിവയാണ് സർക്കാർ കർഷകർക്ക് നൽകുന്ന സഹായങ്ങൾ. കർഷകർക്ക് നൽകുന്ന ഈ ആനുകൂല്യങ്ങളുടെ നിലവിലെ സ്ഥിതിയെന്താണ്; ഇവയെല്ലാം കൃത്യമായി നൽകിയിട്ടുണ്ടോ? കേരളത്തിൽ ഇവയെല്ലാം കുടിശ്ശികയായി നിൽക്കുകയാണ് എന്നാണ് അറിയുന്നത്. വിള

ഇൻഷ്വറൻസ് ഇനത്തിൽ 33.14 കോടി രൂപ കൊടുക്കാനുള്ളതിൽ വളരെക്കുറച്ച് തുക മാത്രമാണ് നൽകിയത്. കഴിഞ്ഞ വർഷത്തെ 30 കോടി രൂപ ഇനിയും നൽകാൻ ബാക്കി നിൽക്കുകയാണ്. 2021-ലുണ്ടായ കനത്ത പ്രളയത്തിൽ നാശനഷ്ടമുണ്ടായ കർഷകർക്ക് ഇനിയും നഷ്ടപരിഹാരത്തുക നൽകാനുണ്ടെന്നതാണ് വസ്തുത. കേരളത്തിൽ പുതിയ വിത്തിനങ്ങൾ നൽകുന്നുണ്ട്. ഈയവസരത്തിൽ കർഷകരുടെ ഭാഗത്തുനിന്നുള്ള ഒരഭിപ്രായംകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ പുതിയ വിത്തിനങ്ങൾക്ക് സാധിക്കുന്നില്ലെന്ന അഭിപ്രായമുള്ള ഒരു വിഭാഗം കർഷകരുണ്ട്. അതായത്, ഒരു നാളികേര വിത്ത് പാകി അതിൽനിന്നും കായ്ഫലം ലഭിക്കണമെങ്കിൽ എട്ട് വർഷം കഴിയണം. എന്നുമാത്രമല്ല, ആ തെങ്ങ് ദീർഘകാലം കായ്ഫലത്തോടുകൂടി നിൽക്കുകയും ചെയ്യും. മൂന്ന് വർഷംകൊണ്ട് കായ്ഫലം തരുന്ന തെങ്ങിനങ്ങളുണ്ട്. എന്നാൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ഇത്തരം തെങ്ങുകൾക്കാണ് ആദ്യം നാശനഷ്ടം സംഭവിക്കുന്നതെന്നാണ് കർഷകർ പറയുന്നത്. ഇത്തരം കാര്യങ്ങൾകൂടി നാം

മനസ്സിലാക്കേണ്ടതുണ്ട്. തിരുവനന്തപുരത്ത് സമീപകാലത്ത് കർഷകർക്ക് നൽകിയ നെൽ വിത്ത് പതിനാല് ദിവസം കഴിഞ്ഞിട്ടും മുളച്ചില്ലെന്ന വസ്തുതയാണ് കഴിഞ്ഞ ആഴ്ച മാധ്യമം പത്രം റിപ്പോർട്ട് ചെയ്തത്. അപ്പോൾ സർക്കാർ നൽകുന്ന വിത്തിനങ്ങൾപോലും കർഷകർക്ക് ഫലപ്രദമായി പ്രയോജനപ്പെടുന്നില്ലെന്ന വസ്തുതകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. കർഷകർക്ക് നൽകുന്ന സഹായങ്ങൾപോലും അവർക്ക് ദുരിതമായി മാറുകയാണ്. ഈയൊരു സാഹചര്യത്തിലാണ് കേരളത്തിലുണ്ടാകുന്ന നാശനഷ്ടങ്ങളെ നമ്മൾ കാണേണ്ടത്. അതിനെതിരെ അക്ഷരാർഥത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിച്ചതിനുശേഷമായിരിക്കണം ആവശ്യമായ പരിഹാരമാർഗങ്ങൾ കണ്ടെത്തേണ്ടത്. കർഷകർക്ക് സഹായം വാഗ്ദാനം ചെയ്ത് അവരെ കബളിപ്പിക്കാതെ സഹായം കൃത്യമായി നൽകണം. 1995-ൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ് സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചത്. പിന്നീട് 2017-ൽ പിണറായി സർക്കാർ അധികാരത്തിൽ വന്നപ്പോൾ അതിൽ നേരിയ വർധനവുണ്ടാകുകയും കർഷകത്തൊഴിലാളിയുടെ കൂലി 600 രൂപയിൽനിന്ന്

900 രൂപയായി വർധിക്കുകയും ചെയ്യു എന്ന കാര്യം അംഗീകരിക്കുന്നു. എന്നാൽ 2017-ൽ ഒരു കർഷകന് ഉൽപാദനച്ചെലവുപോലും നൽകാത്ത അല്ലെങ്കിൽ അക്കാര്യങ്ങളിലേയ്ക്ക് തിരിഞ്ഞുനോക്കുകപോലും ചെയ്യാത്ത സർക്കാരാണിത്.

മി. സ്പീക്കർ: പ്ലീസ്.. കൺക്ലൂഡ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഇവിടെ ഇത്തരം കാര്യങ്ങൾ പറയുമ്പോൾ നാളികേരവും നെല്ലുമൊക്കെ ഏറ്റവും കൂടിയ വിലയ്ക്ക് സംഭരിക്കുന്നത് സംസ്ഥാന സർക്കാരാണെന്ന് പറയും. നെല്ലിനും നാളികേരത്തിനും മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിഭിന്നമായി ഈ സർക്കാർ കൊടുക്കുന്ന വിലയും കേരളത്തിലെ കർഷകന്റെ ഉൽപാദനച്ചെലവുമായി താരതമ്യം ചെയ്യാൻ സർക്കാർ തയ്യാറാകണം. അത്യാവശ്യം കണക്കറിയാവുന്ന മന്ത്രിമാരുണ്ടല്ലോ ഇവിടെ? അവർ ഇതൊന്ന് കണക്കുകൂട്ടിനോക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. കർഷകരെ ചവിട്ടിത്തേയ്ക്കുന്ന നയത്തിനെതിരായ ഈ വിഷയം

ചർച്ചചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കാലാവസ്ഥാ വ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും പ്രശ്നത്തെക്കുറിച്ച് നേരത്തെതന്നെ പറഞ്ഞു. കാർഷിക മേഖലയിൽ അതുണ്ടാക്കുന്ന പ്രതിസന്ധികളും പ്രയാസങ്ങളും വളരെ വലുതാണ്. അതിന്റെ തീവ്രത ഏറ്റവും കൂടുതൽ ബോധ്യപ്പെട്ട പ്രത്യക്ഷ അനുഭവമാണ് ഈ വർഷം നേരിട്ട ഉഷ്ണതരംഗവും അതിതീവ്ര മഴയും. ഇത്തരം സാഹചര്യത്തെ നേരിടാനുള്ള പ്രത്യേക രീതികൾ കാർഷിക മേഖലയിൽ അത്യന്താപേക്ഷിതമാണെന്ന കാര്യത്തിൽ തർക്കമില്ല. ഉൽപാദന നഷ്ടം നികത്തുന്നതിനായി കർഷകന് സഹായം നൽകുന്നതോടൊപ്പം കാലാവസ്ഥാ വ്യതിയാനത്തെ സമർഥമായി നേരിടാൻ സാധിക്കുന്ന കാർഷിക മുറകൾ, ഉൽപാദനോപാധികൾ എന്നിവ വികസിപ്പിക്കുന്നതിന് ഈ സർക്കാർ പ്രാമുഖ്യം നൽകുന്നുണ്ട്. ഇന്ത്യ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കണക്കുപ്രകാരം 2024 ജനുവരി ഒന്നുമുതൽ ഫെബ്രുവരി 29 വരെയുള്ള രണ്ട് മാസക്കാലയളവിൽ 183

ശതമാനം അധിക മഴയാണ് കേരളത്തിലുണ്ടായത്. കേരളത്തിലെ കാലാവസ്ഥയിലുണ്ടാകുന്ന ഇത്തരം മാറ്റങ്ങൾ കാർഷിക മേഖലയിൽ വലിയ ബുദ്ധിമുട്ടുണ്ടാക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഗവൺമെന്റ് ഇതിനെ ഗൗരവതരമായി കാണുന്നുവെന്ന് വെറുതെ ഭംഗിവാക്ക് പറഞ്ഞുപോയതല്ല. ഇതിനുവേണ്ടിയാണ് വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർധിത ശൃംഖലാ നവീകരണ പദ്ധതി ഈ വർഷം മുതൽ നടപ്പാക്കുന്നതെന്ന കാര്യം മറക്കരുത്. കേരളത്തിന്റെ കാർഷിക മേഖലയിലൂടെ കാലാവസ്ഥയുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാർഗമായി സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് നടപ്പാക്കുന്ന പദ്ധതിയാണ് 'കേര'. വേൾഡ് ബാങ്കുമായി നിരന്തരം നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് 2375 കോടി രൂപയുടെ പ്രസ്തുത പദ്ധതി ഈ വർഷം മുതൽ നടപ്പാക്കുന്നതെന്ന് ബഹുമാനപ്പെട്ട അംഗം അറിഞ്ഞിരിക്കുന്നത് നല്ലതാണ്. പ്രാദേശിക സാമ്പത്തിക വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്ന ഈ പദ്ധതി തെങ്ങ്, നെല്ല് എന്നീ വിളകളുടെ വികസനത്തോടൊപ്പം തോട്ടവിളകളായ റബ്ബർ, കാപ്പി,

ഏലം എന്നിവയുടെ വികസനവും ലക്ഷ്യമിടുന്നു. കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഈ സർക്കാർ പരിഗണിക്കുന്നതേയില്ലെന്ന് രാഷ്ട്രീയമായി പ്രതിപക്ഷമെന്ന നിലയിൽ സംസാരിക്കാമെങ്കിലും ചെയ്യുന്ന കാര്യങ്ങളെ മറന്നുകൊണ്ടുള്ള രീതിയിലേയ്ക്ക് പോകുന്നത് നല്ലതല്ലെന്ന് സൂചിപ്പിക്കുകയാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ ഭാഗമായാണ് ഇത് നടപ്പാക്കുന്നതിന് കുറച്ച് ബുദ്ധിമുട്ട് നേരിടേണ്ടിവന്നത്. ഇക്കാര്യത്തിൽ നേരത്തെ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിരുന്നു. ഇതിനായി ഈ വർഷത്തെ സംസ്ഥാന ബജറ്റിൽ കുറച്ച് തുക നീക്കിവയ്ക്കുകയും ചെയ്തിരുന്നതാണ്. ഇതെല്ലാം നടപ്പാക്കാനിരിക്കുന്ന പദ്ധതികളാണ്. ഇങ്ങനെയൊരു സാഹചര്യത്തിൽ കാർഷിക മേഖലയിൽ കാലാവസ്ഥയുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങളെ പരിഗണിക്കുന്നതേയില്ലെന്ന് അത്രയും ഒച്ചയെടുത്ത് അങ്ങ് ഉന്നയിക്കുമ്പോൾ ഈ യാഥാർഥ്യങ്ങൾ മനസ്സിലാക്കാതെ പോകുന്നുവെന്നുള്ള വിഷമംകൂടി ഞാൻ രേഖപ്പെടുത്തട്ടെ. തെങ്ങ്, റബ്ബർ തുടങ്ങിയ കൃഷികൾക്ക് ഹെക്ടറിന് 75,000 രൂപയും കർഷകർക്ക് കുറഞ്ഞ പലിശയിൽ വായ്പ ലഭ്യമാക്കാൻ

'പാർഷ്യൽ ക്രെഡിറ്റ് ഗ്യാരന്റി സപ്പോർട്ട് സ്കീമും' ഈ പദ്ധതിയുടെ ഭാഗമായി ഏർപ്പെടുത്തിയിട്ടുണ്ട്. കാപ്പി കൃഷിയുടെ പുനർനടീലിന് ഹെക്ടറിന് 80,000 രൂപയും ഏലം കർഷകർക്ക് ഹെക്ടറിന് ഒരു ലക്ഷം രൂപയുടെ ധനസഹായവും പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പാക്കുകയാണ്. ഈ വർഷം ഉഷ്ണതരംഗവും അതിതീവ്ര മഴയുംമൂലം കർഷകർക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സത്വര നടപടികളാണ് സർക്കാർ കൈക്കൊണ്ടത്. സംസ്ഥാനത്ത് വനാതിർത്തിയോട് ചേർന്ന് പട്ടയമില്ലാത്ത ഭൂമിയിൽ ഏലം, കുരുമുളക്, കാപ്പി, കൊക്കോ, ജാതി മുതലായ ദീർഘകാല വിളകൾ കൃഷിചെയ്തുവരുന്ന കുടിയേറ്റ കർഷകർക്ക് കടുത്ത വരൾച്ചയിൽ വ്യാപക നാശനഷ്ടമുണ്ടായി. എന്നാൽ പട്ടയമില്ലാത്ത ഭൂമിയിൽ കൃഷി ചെയ്യുന്നതിനാൽ അവർക്ക് നഷ്ടപരിഹാരം നൽകാൻ സാധിക്കാത്ത സാഹചര്യം നിലനിന്നിരുന്നു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിനും ഞാനും ഏലം മേഖലയിൽ കൃഷിക്കാർക്കുണ്ടായ നാശനഷ്ടങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്ന അവസരത്തിൽ അത്തരം കർഷകരെക്കൂടി നഷ്ടപരിഹാരം നൽകുന്നതിന് പരിഗണിക്കണമെന്ന ഒരു

പ്രധാനപ്പെട്ട ആവശ്യം കർഷകർ ഉന്നയിച്ചു. കൃഷിക്കാരുടെ ഈ ആവശ്യം അടിയന്തരമായി പരിഹരിക്കുന്നതിന്റെ ഭാഗമായി പട്ടയമില്ലാത്ത ഭൂമിയിൽ തർക്കങ്ങളില്ലാതെ വർഷങ്ങളായി കൃഷി ചെയ്യപ്പെടുന്ന ദീർഘകാല വിളകൾക്ക് നിബന്ധനകൾപ്രകാരം പ്രകൃതിക്ഷോഭം കാരണമുണ്ടാകുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകാനായി ജൂലൈ മാസം 4-ാം തീയതി ഉത്തരവായി എന്ന കാര്യംകൂടി ഈ സഭയെ അറിയിക്കുകയാണ്. ദീർഘകാലമായി നമ്മുടെ മുന്നിലുണ്ടായിരുന്ന ഒരു പ്രശ്നമാണിത്. വരൾച്ച, കാലാവസ്ഥാ പ്രശ്നങ്ങൾ എന്നിവ കാരണം ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യത്തിൽ ആ മേഖലയിലെ കർഷകർക്ക് വലിയ സഹായമായിത്തീർന്നൊരു കാര്യമാണിത്. കൂടാതെ സംസ്ഥാനത്തുണ്ടായ കടുത്ത ഉഷ്ണതരംഗവും വരൾച്ചയും കണക്കിലെടുത്ത് മേൽ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കാൻ കഴിയുംവിധം AIMS പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കാനുള്ള തീയതി ജൂലൈ 31 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. കൃഷി നാശം വിലയിരുത്തി അതത് കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള സഹായം, ഇൻഷ്വറൻസ്

പരിരക്ഷ തുടങ്ങിയവ സമയബന്ധിതമായി നൽകാനുള്ള നിർദേശം നൽകിയിട്ടുണ്ട്. ഇതിനായി ജൂൺ 30 വരെ അപേക്ഷ സമർപ്പിക്കാൻ പ്രത്യേകാനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിനുവേണ്ടി പ്രത്യേക സഹായം ലഭ്യമാക്കണമെന്ന് കേന്ദ്രത്തോട് അപേക്ഷിച്ചിട്ടുണ്ട്. മുൻകാലങ്ങളിലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൂടുതൽ തുക ആവശ്യമായി വരികയാണ്. വലിയ നാശനഷ്ടങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ കേന്ദ്ര സഹായം ലഭ്യമായേ മതിയാകുകയുള്ളൂ. അതിനായി പ്രത്യേക സഹായം ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ വിവിധങ്ങളായ ആനുകൂല്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 109.12 കോടി രൂപ വിളനാശത്തിനുള്ള നഷ്ടപരിഹാരമായി കർഷകർക്ക് നൽകിയിട്ടുണ്ട്. നിലവിൽ 51 കോടിയോളം രൂപയുടെ കുടിശ്ശികയുണ്ട്. എല്ലാവർക്കും അറിയാവുന്നതും മനസ്സിലാക്കാൻ കഴിയുന്നതുമായ

കണക്കുകളാണിത്. അതിൽ 6.32 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കി തുക എത്രയും പെട്ടെന്ന് ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. ധനകാര്യ വകുപ്പുമായി ആലോചിപ്പ് അതിനാവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്. ഇടതുപക്ഷം കാർഷിക മേഖലയെ ഗൗരവത്തിൽ കാണുന്നില്ല. സർക്കാർ ഒന്നും കൊടുക്കുന്നതേയില്ലെന്നും എല്ലാം തകർത്തിരിക്കുന്നുവെന്നുമുള്ള വാദങ്ങൾ സഭയിൽ രാഷ്ട്രീയമായ ഇമ്പത്തിന് പറഞ്ഞുപോകാമെന്നല്ലാതെ അത് യാഥാർഥ്യമല്ല. ഞാൻ ഒരു കാര്യം ചോദിക്കട്ടെ, ഒന്നാം പിണറായി സർക്കാർ അധികാരത്തിലെത്തിയപ്പോൾ ആദ്യം നൽകേണ്ടിവന്നത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ കുടിശ്ശികത്തുകയായ 53.23 കോടി രൂപയാണ്. ഈ കുടിശ്ശിക കൊടുത്തുതീർത്തത് എൽ.ഡി.എഫ്. സർക്കാരാണ്. കർഷകരുടെ ആനുകൂല്യം നൽകുന്ന കാര്യത്തിൽ ഒരു ദിവസംപോലും കാലതാമസമുണ്ടാകരുതെന്നും അവർക്ക് നൽകുന്ന ആനുകൂല്യങ്ങളിൽ വർധനവുണ്ടാകണമെന്നുമുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഈ പ്രതിസന്ധി സമയത്ത് കാർഷിക മേഖലയിൽ നിൽക്കുന്ന ആളുകൾക്ക്

സഹായവും സംരക്ഷണവും ഒരുക്കിക്കൊടുത്തുകൊണ്ടുമാത്രമേ കർഷകരോട് പിടിച്ചുനിൽക്കണമെന്ന് പറയാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു അഭിപ്രായ വ്യത്യാസവുമില്ല. എന്നാൽ രാഷ്ട്രീയമായ ചേരിതിരിവ് കാണിക്കാതെ നമ്മളെല്ലാവരും ഒന്നിച്ചുചേർന്ന് ഇടപെടുകയും സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യേണ്ട കാർഷിക മേഖലയിൽ കേവലമായ കക്ഷി രാഷ്ട്രീയത്തിന്റെ രീതി കലർത്തരുതെന്നാണ് വിനയപൂർവം പറയാനുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 116 കോടി രൂപയാണ് വിള ഇൻഷ്വറൻസിന്റെ ഭാഗമായി കർഷകർക്ക് നൽകിയത്. ഇതിലും 30 കോടിയോളം രൂപയുടെ കുടിശ്ശികയുണ്ടായിരുന്നു. അതിലുള്ള 22.8 കോടി രൂപ ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ബാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 29.80 ലക്ഷം ടൺ നെല്ല് സംഭരിച്ചു. ഈയിനത്തിൽ കർഷകർക്ക് 145 കോടിയോളം രൂപ വിതരണം ചെയ്യാനുണ്ട്. ഇതെല്ലാം എന്തുകൊണ്ടാണ് സംഭവിക്കുന്നത്? ബഹുമാനപ്പെട്ട കുറുക്കോളി മൊയ്തീൻ, നേരത്തെ ധനകാര്യ

വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ നെല്ല് സംഭരിച്ച വകയിൽ 1000 കോടിയോളം രൂപ കേന്ദ്രത്തിൽ നിന്ന് ലഭിക്കാനുണ്ട്. എന്തുകൊണ്ടാണ് അക്കാര്യത്തെക്കുറിച്ച് അങ്ങ് മിണ്ടാതിരുന്നത്? സംസ്ഥാന സർക്കാരിന് സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ കേന്ദ്രത്തിൽനിന്ന് കിട്ടേണ്ട പണം ലഭ്യമാക്കിയേ മതിയാകൂ. ഇത് ഇപ്പോഴത്തെ മാത്രം പ്രശ്നമാണോ; ശ്രീ. അനൂപ് ജേക്കബ് സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ പാലക്കാട് നിന്നുള്ള സി.പി.ഐ.(എം.) എം.എൽ.എ. ആയ കെ. വി. വിജയദാസ് കൊണ്ടുവന്നൊരു അടിയന്തരപ്രമേയവും അതിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണവും എന്റെ കൈവശമുണ്ട്. കുടിശ്ശിക സംബന്ധിച്ച വിഷയം ആദ്യ സംഭവമായി കാണരുത്. പരമാവധി വേഗത്തിൽ കുടിശ്ശിക കൊടുത്തുതീർക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ഞാനൊരു താരതമ്യ പഠനത്തിലേയ്ക്ക് കടക്കുന്നില്ല. നേരത്തെ പറഞ്ഞ പക്ഷത്താണ് ഞാൻ ഇപ്പോഴും നിൽക്കുന്നത്. വളരെ പെട്ടെന്ന് കർഷകർക്ക് പണം കിട്ടേണ്ടതുണ്ട്. അപ്പുറത്ത് അങ്ങനെയായിരുന്നു, ഇപ്പുറത്ത് ഇങ്ങനെയായിരുന്നു എന്ന്

പറയേണ്ടതില്ല. വളരെ വേഗത്തിൽ കർഷകർക്ക് അവരുടെ പണം ലഭ്യമാക്കണമെന്നതന്നെയാണ് എന്റെയും ആഗ്രഹം. എന്നാൽ ഇതെല്ലാം ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കുഴപ്പം കൊണ്ടുമാത്രമാണ് സംഭവിക്കുന്നതെന്ന് സ്ഥാപിക്കാനുള്ള ശ്രമം നിങ്ങൾക്ക് ഭൂഷണമല്ല. കേന്ദ്രം പണം നൽകാത്തതിന്റെ പേരിലുള്ള പ്രശ്നം മനഃപൂർവം മറക്കുകയും പകരം ഇതെല്ലാം സർക്കാരിന്റെ കുഴപ്പമാണെന്ന് സ്ഥാപിക്കാനുള്ള ശ്രമം നടത്തുകയുമാണ് ഇവിടെ ചെയ്യുന്നത്. കർഷകർക്ക് നൽകാനുള്ള തുക അടിയന്തരമായി ലഭ്യമാക്കാനുള്ള ശ്രമമുണ്ടാകും.

നാളികേര സംഭരണത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നാളികേര സംഭരണ കേന്ദ്രങ്ങൾ എവിടെയൊക്കെ ആവശ്യമുണ്ടോ അവിടെയൊക്കെ അനുവദിക്കുമെന്ന് ഞാൻ പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട അംഗം നൽകിയ കത്തിന് പരിഹാരമുണ്ടായില്ലെന്ന് സൂചിപ്പിച്ചത് അതീവ ഗൗരവത്തോടുകൂടിത്തന്നെ കാണുന്നതാണ്. ഇന്നുതന്നെ അക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. നാളികേര സംഭരണത്തിന് പ്രത്യേക സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും എവിടെയെങ്കിലും എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കുന്നതായിരിക്കും. എവിടെയെങ്കിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ടോയെന്നും പരിശോധിക്കുന്നതായിരിക്കും. പച്ചത്തേങ്ങാ സംഭരണത്തിൽ ധാരാളം ആക്ഷേപങ്ങൾ മുൻകാലങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. അത്തരം ആക്ഷേപങ്ങൾക്ക് ഇടംനൽകാത്തവിധത്തിൽ പഴുതുകൾ അടച്ചുള്ള നാളികേര സംഭരണ പദ്ധതി നടപ്പാക്കാനാണ് ശ്രമിക്കുന്നത്. കൊപ്രാ സംഭരണത്തെക്കുറിച്ച് എല്ലാവർക്കും പരിചിതമാണ്. പക്ഷെ, കേരളത്തിലെ കർഷകർ കൊപ്ര ഉൽപാദിപ്പിക്കുന്നില്ല. പകരം സംഭരണ ഏജൻസികൾ പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി മാറ്റുന്ന രീതിയാണ് ഇവിടെയുള്ളത്. ചിലപ്പോൾ കൊപ്ര സംഭരണത്തിൽ നാം വളരെ പുറകിലാണെന്ന വാർത്ത വരാറുണ്ട്. പച്ചത്തേങ്ങ സംഭരിച്ചാണ് കൊപ്രയാക്കുന്നത്. നമ്മൾതന്നെ വളരെയധികം ഇടപെടൽ നടത്തി കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് പച്ചത്തേങ്ങാ സംഭരണത്തെ കൊപ്രത്തേങ്ങാ സംഭരണത്തിലേയ്ക്ക് കൺവർട്ട് ചെയ്ത് കണക്കുകൂട്ടിയാണ്

നമുക്ക് ആനുകൂല്യം നൽകണമെന്ന് ആവശ്യപ്പെട്ടത്. അവിടെയും കേന്ദ്രസർക്കാർ പ്രതിസന്ധി സൃഷ്ടിക്കുകയാണുണ്ടായത്. കേരഫെഡ്വഴി കൊപ്ര സംഭരിക്കാൻ കഴിയില്ലെന്ന് പറയുകയുണ്ടായി. അതിനാൽ ഏതെല്ലാം രീതിയിൽ പച്ചത്തേങ്ങ സംഭരിക്കാൻ സാധിക്കുമോ ആ രീതിയിലൂടെയൊക്കെ പച്ചത്തേങ്ങ സംഭരിക്കാനുള്ള സംവിധാനമൊരുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. 438 കേരഗ്രാമങ്ങൾ ഇന്ന് കേരളത്തിലുണ്ട്. കേര ഗ്രാമങ്ങളിലൂടെ കർഷകർക്ക് ലഭ്യമായ സാമ്പത്തിക സഹായവും കർഷകർ ആ സഹായത്തിന്റെ അടിസ്ഥാനത്തിൽ കൃഷിയിൽ താൽപ്പര്യം കാണിക്കുകയും ചെയ്തപ്പോൾ ഉൽപാദനക്ഷമതയിലുണ്ടായ വർധനവ് നമുക്ക് മുന്നിലുള്ള വ്യക്തമായ കണക്കാണ്. അതേക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈയിനത്തിൽ 34 ശ്രപ കർഷകർക്ക് ഉറപ്പാക്കുന്നുണ്ട്. പച്ചത്തേങ്ങ സംഭരണത്തിലുള്ള ക്രിയാത്മകമായ ഇടപെടലാണ് പച്ചത്തേങ്ങയുടെ വില ഉയരുന്നതിന് കാരണമായിത്തീർന്നത്. ഇൻഷ്വറൻസിന്റെ വിഷയം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെ നേരത്തെ സൂചിപ്പിച്ചിരുന്നു. കൃഷിക്കാർക്ക് നൽകേണ്ട

ആനുകൂല്യങ്ങൾ സമയബന്ധിതമായി കൊടുക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകും. കർഷകരുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഗൗരവത്തിലെടുക്കാതെയോ അവരെ പരിഗണിക്കാതെയോ ഈ സർക്കാർ മുന്നോട്ടുപോകുന്നില്ല.

അദ്ദേഹം പറഞ്ഞ ഒന്നുരണ്ടു കാര്യങ്ങളെക്കുറിച്ചുകൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. കർഷകർക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രാഥമിക വിവര കണക്കുകളാണ് നമ്മൾ എപ്പോഴും നോക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് നടപടികളിലേയ്ക്ക് നീങ്ങുന്നത്; പ്രവർത്തനങ്ങൾ തുടങ്ങാൻ പോകുന്നതേയുള്ളൂ. കർഷകർക്കുണ്ടായ ആകെ നഷ്ടം തിട്ടപ്പെടുത്തുന്ന അവസരത്തിൽ യഥാർഥ നഷ്ടത്തിനനുസരിച്ച് സാധ്യമാകുന്ന എല്ലാ സഹായങ്ങളും കർഷകർക്ക് നൽകേണ്ടതുണ്ട്. പുതിയ വിത്തിനങ്ങളൊന്നും മുളയ്ക്കുന്നില്ലെന്ന് ഇവിടെ പറയുകയുണ്ടായി. നമ്മുടെ സർവകലാശാലകൾ വികസിപ്പിച്ചെടുക്കുന്ന വിത്തിനങ്ങളാണ് നമ്മൾ ഉപയോഗിക്കുന്നത്. കർഷകരിൽനിന്നും നെൽവിത്ത് സംഭരിച്ച് ഗുണമേന്മ ഉറപ്പാക്കിയതിനുശേഷമാണ് അത് കർഷകർക്ക് നൽകുന്നത്. അങ്ങനെ

സംഭരിക്കുന്ന വിത്തുകൾ എവിടെ നിന്നുള്ളതാണെന്ന് ടാഗ് ചെയ്യുന്നതിന് ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആ സംവിധാനത്തിൽ എന്തെങ്കിലും പിഴവ് സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാം. നേരത്തെ പുറമെനിന്ന് നെൽവിത്ത് കൊണ്ടുവന്ന് ഇവിടെ വിതരണം ചെയ്യുന്ന രീതിയുണ്ടായിരുന്നു. അതിപ്പോൾ അവസാനിപ്പിച്ചു. ഇപ്പോൾ മറ്റെന്തെങ്കിലും തരത്തിൽ വിതരണം ചെയ്യുന്നുണ്ടോയെന്നത് പരിശോധിക്കും. കേരളത്തിലെ കർഷകരിൽനിന്ന് നെൽവിത്ത് സംഭരിച്ച് കേരളത്തിലെ കൃഷിക്ക് ഉപയോഗിക്കുന്ന തരത്തിലാണ് കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിക്ക് രൂപം നൽകിയിട്ടുള്ളത്. അവരുടെ ഭാഗത്തുനിന്ന് എവിടെയെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെങ്കിൽ തീർച്ചയായും അക്കാര്യത്തിൽ ഇടപെടുന്നതായിരിക്കും. വരൾച്ചയിലോ അതിതീവ്ര മഴയിലോ കേരളത്തിലെ കാർഷിക മേഖലയ്ക്കുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ ഗൗരവതരമായ ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രി മുൻകൈയെടുത്ത് യോഗങ്ങൾ വിളിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF)-ൽ നിന്ന് പണം

ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ബാങ്കുകളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. അതുപോലെ കൃഷിവകുപ്പ് എസ്.എൽ.ബി.സി. മുമ്പാകെ ഇക്കാര്യം അവതരിപ്പിക്കുകയും കേന്ദ്ര ഗവൺമെന്റിനോട് സഹായം ആവശ്യപ്പെടുകയും ചെയ്തു. ഇവയെല്ലാം സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിക്കിടയിൽനിന്നുകൊണ്ടും കർഷകരെ സഹായിക്കുന്ന നടപടികളിലേയ്ക്ക് നീങ്ങുന്നു എന്നതിനുള്ള തെളിവുകളാണ്. ഇനിയും കൂടുതൽ സഹായം അത്യന്താപേക്ഷിതമാണ്. കാർഷികമേഖലയെ അതീവ ഗൗരവത്തോടുകൂടി കാണണമെന്നതിൽ അഭിപ്രായ വ്യത്യാസമില്ല. ഗവൺമെന്റ് ഇപ്പോൾ വളരെ സദുദ്ദേശ്യത്തോടുകൂടിയും അതീവ താൽപര്യത്തോടുകൂടിയും തന്നെയാണ് കാർഷികമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതെന്നുള്ളതുകൊണ്ട് ഇക്കാര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതില്ലെന്ന് അറിയിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാരും അംഗങ്ങളും ഉപക്ഷേപത്തിന്റെ ഘട്ടത്തിൽ പലപ്പോഴും, 'സഭ നിർത്തിവച്ച് ചർച്ച ചെയ്യണം' എന്നാണ്

ഉപയോഗിക്കുന്നത്. യഥാർഥ പ്രയോഗം 'ചർച്ച ചെയ്യുന്നതിന് സഭ നിർത്തിവയ്ക്കണം' എന്നാണ്. ഭാവിയിലെങ്കിലും ഇക്കാര്യം ശ്രദ്ധിക്കുക.

ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടായ അതിശക്തമായ ഉഷ്ണതരംഗത്തിന്റെയും പിന്നീടുണ്ടായ അതിതീവ്ര മഴയുടെയും ഭാഗമായി സംസ്ഥാനത്തുണ്ടായ വ്യാപക കൃഷിനാശത്തെക്കുറിച്ചും അത് കർഷകരുടെ ജീവിതത്തിലുണ്ടാക്കിയ സങ്കടങ്ങളെയും പ്രയാസങ്ങളെയും നിരാശയെയുംകുറിച്ചാണ് ഒരു കർഷകൻ കൂടിയായ ബഹുമാനപ്പെട്ട അംഗം കുറുക്കോളി മൊയ്തീൻ ഇന്നത്തെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. അദ്ദേഹം ഒരു

രാഷ്ട്രീയവും പറഞ്ഞില്ല. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഒരു കാര്യം മനസ്സിലാക്കേണ്ടത്, നിങ്ങൾ ഗവൺമെന്റിൽ ഇരിക്കുന്നവരും അധികാരത്തിൽ ഇരിക്കുന്നവരുമാണ്. നിങ്ങളുടെ നടപടികളെ സൂക്ഷ്മമായി പരിശോധിക്കുക എന്നതാണ് ഞങ്ങളുടെ ജോലി, അതിൽ ചിലപ്പോൾ തെറ്റുകുറ്റങ്ങൾ ചൂണ്ടിക്കാണിച്ചെന്ന് വരാം. അദ്ദേഹം രാഷ്ട്രീയമായി ഒരു വാക്കുപോലും ഉപയോഗിച്ചില്ല. അതിന് അങ്ങ് ബഹുമാനപ്പെട്ട അംഗത്തോട് കാണിച്ച പ്രതികരണം ദൗർഭാഗ്യകരമായിപ്പോയെന്ന് മാത്രം ഞാൻ പറയുന്നു. ഒന്നരവർഷം മുമ്പ് Intergovernmental Panel on Climate Change (IPCC), 195 രാജ്യങ്ങളുടെ climate change-നെക്കുറിച്ചുള്ള പഠന റിപ്പോർട്ടിന്മേൽ നാസ നടത്തിയ പരിശോധനാ റിപ്പോർട്ട് ശ്രീ. പി. സി. വിഷ്ണുനാഥ് നിയമസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. യൂറോപ്പിലെയോ ഇന്ത്യയിലെയോ ലെജിസ്ലേച്ചറുകളിൽ ആരും കൊണ്ടുവന്നില്ല. പക്ഷേ കേരളത്തിലെ പ്രതിപക്ഷം ഈ വിഷയം സഭയിൽ കൊണ്ടുവന്നു. കൊണ്ടുവരാനുള്ള കാരണം കാലാവസ്ഥാ വ്യതിയാനംമൂലം അറേബ്യൻ കടലിൽ ഉണ്ടാകാൻ പോകുന്ന വലിയ മാറ്റങ്ങളാണ്. Bay of

Bengal-ന്റെ ഭാഗമായി ഉണ്ടായിരുന്ന സൈക്ലോണും അതിതീവ്ര മഴയും ബംഗാളിലും ഒറീസ്സയിലും ആന്ധ്രയിലുമെല്ലാം മൂന്നുനാല് ദശാബ്ദങ്ങളായി ഉണ്ടായിരുന്ന പ്രശ്നങ്ങൾ ഇതാ അറേബ്യൻ കടലിൽ വരാൻ പോകുന്നു. അതിന്റെ ഗുരുതര പ്രത്യാഘാതം ഉണ്ടാകാൻ പോകുന്നത് കേരളത്തിലാണെന്നുള്ള വിഷയം സഭയിൽ കൊണ്ടുവന്ന് ചർച്ച ചെയ്തവരാണ് ഞങ്ങൾ. കാർഷിക മേഖലയിൽ, നിർമ്മാണ കാര്യങ്ങളിൽ, വികസന സമീപനങ്ങളിൽ എല്ലാം കാലാവസ്ഥാ വ്യതിയാനത്തെ അടിസ്ഥാനമാക്കിയുള്ള നയപരമായ മാറ്റം ഉണ്ടാകണം. കാലാവസ്ഥയിൽ അപ്രതീക്ഷിതമായ മാറ്റങ്ങളാണുണ്ടായത്. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ അതികഠിനമായ ചൂടായിരുന്നു. ഇന്നലെയും ഇന്നുമായി മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും അക്കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. മേയ് അവസാനം മുതൽ ജൂൺ വരെ അതിതീവ്രമഴയുണ്ടായി. ഏതുസമയത്തും cloud burst-ഉം ഏതു പ്രത്യേക സ്ഥലത്തും അതിതീവ്ര മഴയും സൈക്ലോണും ഉണ്ടാകാം. അങ്ങനെ അപകടകരമായ നിലയിലാണ് കേരളം നിൽക്കുന്നത്. ഇതുണ്ടാക്കിയ

കൃഷിനാശം സർക്കാരിന്റെ പ്രാഥമിക കണക്കനുസരിച്ച് അഞ്ഞൂറ്-അറുന്നൂറ് കോടി രൂപയോളം വരും. ആയിരം കോടിയോളം രൂപയുടെ നഷ്ടം കാർഷികമേഖലയിൽ ഉണ്ടാക്കിയിട്ടുണ്ടെന്നാണ് ഞങ്ങൾ പറയുന്നത്. നേരത്തെതന്നെ ധാരാളം പ്രശ്നങ്ങൾ കാർഷിക മേഖലയിലുണ്ട്. ഉൽപാദനത്തിലെ തകർച്ച, മറ്റുരാജ്യങ്ങളിൽനിന്നും ഉൽപന്നങ്ങൾ വരുന്നത്, കാലാവസ്ഥയിലുണ്ടായ മാറ്റങ്ങൾ, കീടനാശിനിയുടെയും വളത്തിന്റെയും ഭീമമായ വില വർധനവ്, കാർഷിക ചെലവുകളുടെ വർധനവ്, മനുഷ്യ-വന്യജീവി സംഘർഷങ്ങൾ എന്നീ ഗുരുതരമായ സ്ഥിതിവിശേഷം കാർഷികമേഖലയിൽ നിലനിൽക്കുമ്പോൾ അതിനെ അഭിമുഖീകരിച്ചുകൊണ്ട് പ്രയാസത്തോടുകൂടി കർഷകൻ നിൽക്കുന്ന സമയത്താണ് ഈ പ്രകൃതിയുടെ കളിയാട്ടമെന്ന് നമ്മൾ മനസ്സിലാക്കണം. ആയിരംകോടി രൂപയുടെ കൃഷിനാശമാണ് ഈ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായത്. ഇതുമൂലം വിളനാശവും വിളകൾക്ക് വളർച്ചാമുരടിപ്പും ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും വലിയതോതിലുള്ള ഇടിവുമുണ്ടായി. മണ്ണിലെ അവശ്യ മൂലകങ്ങളും സൂക്ഷ്മാണുക്കളും

നഷ്ടപ്പെടുന്നതുൾപ്പെടെ ദീർഘകാലത്തേയ്ക്കുള്ള ദൃഷ്യഫലങ്ങളുംകൂടി മണ്ണിന്റെ ഘടനയിലുണ്ടാകുകയാണ്. വളരെ ഗൗരവതരമായ, സമഗ്രമായ ഒരു കാർഷികനയം ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച് ആവശ്യമാണ്. ഇത്രയും വലിയ നഷ്ടമുണ്ടാകുമ്പോൾ അതു പരിഹരിക്കാൻ സമഗ്രമായ ഒരു പാക്കേജ് വേണ്ടേ? നിങ്ങളുടെ കണക്കനുസരിച്ച് വരൾച്ച ഏകദേശം അറുപതിനായിരത്തോളം കർഷകർക്കും മഴ അമ്പതിനായിരത്തിലധികം കർഷകർക്കും ഏലം, നെല്ല്, കുരുമുളക്, വാഴ, റബ്ബർ തുടങ്ങിയ ധാരാളം ഉൽപന്നങ്ങൾക്ക് വൻതോതിലുള്ള നാശമുണ്ടാക്കി എന്ന് നിങ്ങൾക്കുതന്നെ അറിയാം. എങ്ങനെയാണ് ഇതിന് പരിഹാരം കാണേണ്ടത്? സാധാരണ വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുകയാണ് ചെയ്യുന്നത്. വിള ഇൻഷ്വറൻസ് 50 കോടി രൂപയിൽ താഴെയാണ്. നിലവിൽ ഈ രംഗത്ത് 51 കോടി രൂപ കുടിശ്ശികയായി നിൽക്കുകയാണ്. ഈ വർഷം വിള ഇൻഷ്വറൻസ് ഇനത്തിൽ 33.14 കോടി രൂപ വിലയിരുത്തിയതിൽ 6.62 ലക്ഷം രൂപയാണ് നമ്മൾ ചെലവാക്കിയത്. വിളനാശത്തിന്റെ കുടിശ്ശിക 51 കോടി രൂപ, പ്രകൃതിക്ഷോഭത്തിന്റെ കുടിശ്ശിക 47.6 കോടി രൂപ, എസ്.ഡി.ആർ.എഫ്.

വിഹിതം 2.93 കോടി രൂപ, വിള ഇൻഷ്വറൻസിന്റെ നഷ്ടപരിഹാരം 30 കോടി രൂപ. ഇത്രയും വലിയ നാശമുണ്ടായിട്ടും വലിയ തോതിലുള്ള ഒരു സഹായവും അവരിൽ എത്താതെ വരുമ്പോൾ ഈ പ്രതിസന്ധി മറികടക്കാൻ അവർ തിരഞ്ഞെടുത്ത ഗവൺമെന്റിന്റെ സാമീപ്യം, ഒരു തലോടൽ, ഒരു സാന്ത്വനം, സ്നേഹത്തോടെയുള്ള ഒരു സഹായം, ഒരു കൈത്താങ്ങ് അവർ ആഗ്രഹിക്കില്ലേ; അത് കൊടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞോ; അതുണ്ടായില്ല. നിങ്ങൾ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് എന്തു പ്രോജക്ടാണ് കൊടുത്തിരിക്കുന്നത്? കേരളത്തിലെ മുഴുവൻ കൃഷിനാശത്തെ സംബന്ധിച്ച കണക്കുകൾ ശേഖരിച്ച് ഈ സംസ്ഥാനത്തിന് പ്രത്യേക സഹായം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം നിങ്ങൾ കേന്ദ്രത്തിൽ നൽകിയിട്ടുണ്ടോ? നൽകിയിട്ടുണ്ടെങ്കിൽ ഞങ്ങളോട് പറയൂ. ഞങ്ങൾ പാർലമെന്റിന്റെ അടുത്ത സമ്മേളനത്തിൽ എം.പി.-മാരെക്കൊണ്ട് നമ്മുടെ സംസ്ഥാനത്തിന് ഈ സഹായം വേണമെന്ന് ശക്തമായി ആവശ്യപ്പെടാം. കഴിഞ്ഞ വർഷമാണ് ഏറ്റവും കൂടുതൽ കൃഷിയിടങ്ങളും കിടപ്പാടങ്ങളും ജപ്തി ചെയ്യപ്പെട്ടത്. വട്ടിപ്പലിശയ്ക്ക് പണം കടം വാങ്ങി കൃഷി

നടത്തിയശേഷം നാശനഷ്ടമുണ്ടായാൽ എവിടെ പോകും? കർഷകർ ആത്മഹത്യയിൽ അഭയം തേടുകയാണ്. അതൊരു trend ആക്കാൻവേണ്ടി പറയുന്നതല്ല. നെൽകർഷകർ ഉൾപ്പെടെയുള്ള ആളുകൾ സംസ്ഥാനത്ത് ആത്മഹത്യ ചെയ്യുന്നുണ്ടെന്ന് നമ്മൾ അറിയണം. നമ്മുടെ സംഭരണ സംവിധാനങ്ങളിൽ പാളിച്ചകളുണ്ട്. പണ്ടും നെല്ല് സംഭരണത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്നത് ശരിയാണെങ്കിലും ഇന്ന് ആറേഴ മാസത്തെ കുടിശ്ശികയാണുള്ളത്. കേന്ദ്രത്തിൽനിന്ന് 1000 കോടി രൂപ കിട്ടാനുണ്ടെന്ന് നിങ്ങൾ പറയുന്നു. തിരഞ്ഞെടുപ്പിന് മുമ്പ് നിയമസഭയിൽ ഇത് പറഞ്ഞതുകൊണ്ട് ഞങ്ങളുടെ എം.പി.-മാരെക്കൊണ്ട് പാർലമെന്റിൽ ഞങ്ങൾ ചോദിപ്പിച്ചതാണ്. അതിന് മറുപടി ലഭിച്ചത് സംസ്ഥാന സർക്കാർ ആ process പൂർത്തിയാക്കിയിട്ടില്ലെന്നാണ്. ഇപ്പോൾ പൂർത്തിയാക്കിക്കാണും, നേരത്തെ പൂർത്തിയാക്കിയിട്ടില്ല. ഇനി 441 കോടി രൂപ നൽകാൻ ബാക്കിയുണ്ട്. നെല്ലിന് കിലോയ്ക്ക് 20.40 രൂപയാണ് സംഭരണ വിലയായി കേന്ദ്രം തരുന്നത്. കേന്ദ്രം 1.43 രൂപ കൂട്ടി അപ്പോൾ കേന്ദ്രത്തിന്റെ 20.40-ഉം സംസ്ഥാനം നൽകുന്ന 7.80-ഉം കൂടി ഒരു

തുകയാകുമായിരുന്നു. ഇവർ ചെയ്തത് 1.43 രൂപ കേന്ദ്രം വർധിപ്പിച്ചപ്പോൾ സംസ്ഥാനം നൽകുന്ന 7.80 രൂപയിൽനിന്നും 1.43 രൂപ കുറച്ച് കേരളത്തിന്റെ വിഹിതം 7.80 എന്നത് 6.37 രൂപയാക്കി. കേന്ദ്രം വർധിപ്പിച്ച തുക സംസ്ഥാന വിഹിതത്തിൽനിന്നും കുറച്ച ആളുകളാണ് ഇവിടെ ഇരിക്കുന്നത്. അങ്ങനെ ചെയ്യാമോ; ആരോടാണ് ഇങ്ങനെ ചെയ്യുന്നത്? പാവപ്പെട്ട നെൽകർഷകരോടാണ് ഇത് ചെയ്തത്. കേന്ദ്രം ഇനിയും കൂട്ടിയിട്ടുണ്ട്. ദയവുചെയ്ത് അതുംകൂടി ഇതുപോലെ കുറയ്ക്കരുത്. ഇതെല്ലാം ഗൗരവതരമായ വിഷയമാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, അങ്ങ് കുറെ കാര്യങ്ങൾ പറഞ്ഞു. എല്ലാത്തിനും മറുപടി പറയുന്നില്ല. ഈ ഗവൺമെന്റ് ഒരു കാര്യവും ചെയ്യുന്നില്ലെന്ന് പറയുമ്പോൾ ചെയ്ത കാര്യങ്ങൾ പറയേണ്ടത് അനിവാര്യതയാണെന്നുള്ളതുകൊണ്ട് ഞാൻ പറഞ്ഞതാണ്. രണ്ടാമത്തെ കാര്യം, കാലാവസ്ഥാ വ്യതിയാനത്തെ വളരെ ഗൗരവമായാണ് സർക്കാർ കാണുന്നത്. അതുകൊണ്ടാണ് വേൾഡ് ബാങ്കിന്റെ സഹായത്തോടെ ഏതാണ്ട് 2375 കോടി രൂപയുടെ പ്രോജക്ട് നടപ്പാക്കുന്നത്. സർക്കാരിന് ഒരു

നയവും പദ്ധതിയുമില്ലെന്ന് പറയുന്നത് ശരിയല്ല. കാർഷിക മേഖലയിൽ ഇപ്പോഴുണ്ടായിരിക്കുന്ന നഷ്ടം തിട്ടപ്പെടുത്തി കേന്ദ്ര ഗവൺമെന്റിനുമുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിലിടപെടാൻ എല്ലാ എം.പി.-മാരും അങ്ങും മുൻകൈയെടുക്കണം. മുഖ്യമന്ത്രി 15-ാം തീയതി പ്രത്യേക യോഗം വിളിച്ചിട്ടുണ്ട്. അതിൽ ഇക്കാര്യം വളരെ ഗൗരവമായാണ് കണക്കാക്കുന്നത്. കേരളത്തിൽ നെല്ലിന്റെ സംഭരണ വില 28.20 രൂപയാക്കുന്നതിനുവേണ്ടി നൽകുന്ന സഹായമാണ്. കൂടുതൽ വില നൽകണമെന്നതിൽ തർക്കമില്ല. എന്നാൽ നമ്മുടെ സാമ്പത്തിക സ്ഥിതി വച്ചാണ് അങ്ങനെ നിൽക്കുന്നത്. ഈ വർധനവിനനുസരിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാകുമെന്ന് ഈ സഭയിൽ നേരത്തെ പറഞ്ഞിട്ടുള്ളതുമാണ്.

ശ്രീ. വി. ഡി. സതീശൻ: You are totally delayed. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലുണ്ടായ ഉഷ്ണതരംഗവും മേയ് അവസാനം മുതലുണ്ടായ അതിതീവ്ര മഴയും ഉൾപ്പെടെ കഴിഞ്ഞ അഞ്ച് മാസക്കാലമായി കേരളത്തിലെ കർഷകർ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. നിങ്ങൾ ഒരു

പദ്ധതിയുണ്ടാക്കിയാൽ കേന്ദ്രത്തിൽ സമ്മർദം ചെലുത്താനായി ചെയ്യുന്ന എല്ലാ കാര്യത്തിന്റെയും മുന്നിൽ ഞങ്ങൾ നിൽക്കും. കേന്ദ്രം വർധിപ്പിച്ച തുകവരെ കേരളത്തിന്റെ ഷെയറിൽനിന്നും കുറയ്ക്കുന്നത് എന്ത് മര്യാദയാണ്? യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കൊണ്ടുവന്ന നല്ല സ്കീമുണ്ടായിരുന്നു. കർഷകന് paddy receipt sheet നൽകും. സർക്കാർ നെല്ല് സംഭരണത്തിന്റെ തുക നൽകാൻ വൈകുന്നതുകൊണ്ട് ബാങ്കുകളുമായി ധാരണയുണ്ടാക്കി paddy receipt sheet കർഷകൻ ബാങ്കിന് നൽകുമ്പോൾ ബാങ്ക് ആ തുക അഡ്വാൻസായി നൽകും. അത് നന്നായി നടക്കുകയായിരുന്നു. ഇപ്പോഴുള്ള പ്രശ്നമെന്താണ്? ബാങ്കിന് തുക സർക്കാർ നൽകുന്നില്ല. ബാങ്ക് Non Performing Asset (NPA)-ആയി declare ചെയ്യും. ബാങ്ക് അങ്ങനെ declare ചെയ്താൽ paddy receipt sheet (PRS) നൽകി സർക്കാർ നൽകേണ്ട തുക സർക്കാരുണ്ടാക്കിയ ധാരണയനുസരിച്ച് ഈ കർഷകൻ വാങ്ങുമ്പോൾ കർഷകന്റെ സിബിൽ സ്കോർ താഴോട്ട് പോകും. ഗവൺമെന്റിന്റെ സിബിൽ സ്കോറായിരുന്നു താഴോട്ട് പോകേണ്ടിയിരുന്നത്. ഗവൺമെന്റിന്റെ സിബിൽ സ്കോർ എപ്പോഴേ താഴോട്ടുപോയി കിടക്കുകയാണ്. സർക്കാരിന്റെ സിബിൽ

സ്കോർ താഴേയ്ക്ക് പോകേണ്ടതിനുപകരം പാവപ്പെട്ട കർഷകന്റെ സിബിൽ സ്കോർ താഴോട്ട് പോയതിന്റെ ഫലമായാണ് കുട്ടനാട്ടിൽ ഒരു കർഷകൻ ആത്മഹത്യ ചെയ്തത്. അദ്ദേഹം മറ്റൊരു ലോണെടുക്കാൻ ബാങ്കിൽ ചെന്നപ്പോൾ പറയുകയാണ് താങ്കളുടെ സിബിൽ സ്കോർ താഴോട്ടുപോയിയെന്ന്. നെല്ല് സംഭരണത്തിന്റെ ഭാഗമായാണ് ഇതുണ്ടായത്. പാവപ്പെട്ട കർഷകൻ പാടത്ത് ചോര വിയർപ്പാക്കി അധ്വാനിച്ചുണ്ടാക്കുന്ന നെല്ല് സർക്കാർ സംഭരിച്ചതിനുശേഷം അവന്റെ അധ്വാനത്തിന്റെ ഫലമായ തുക നൽകുന്നതിൽ താമസം വരുത്തുമ്പോൾ ബാങ്ക് കർഷകനോട് ചെയ്യുന്ന പ്രവൃത്തിയാണിത്. അയാളുടെ സിബിൽ സ്കോർ നഷ്ടപ്പെട്ട് അയാൾക്ക് ഒരു വായ്പയും ഒരു ബാങ്കിൽനിന്നും ലഭിക്കാത്ത അവസ്ഥയുണ്ടാകുന്നു. നാളികേര സംഭരണത്തെ സംബന്ധിച്ച ചോദ്യത്തിന്റെ ഉത്തരമായി കഴിഞ്ഞ ദിവസം മന്ത്രി പറഞ്ഞത് ഏത് എം.എൽ.എ. എവിടെ ചോദിച്ചാലും സംഭരണ കേന്ദ്രം തുടങ്ങുമെന്നാണ്. ചോദ്യം ഉന്നയിച്ച എം.എൽ.എ.-യോടും അങ്ങ് പരിശോധിക്കാമെന്ന് പറഞ്ഞു. അതിന്റെ ഭാഗമായി ശ്രീ. കുറുക്കോളി മൊയ്തീൻ, MLA പിറ്റേ ദിവസം സംഭരണ കേന്ദ്രം

വേണമെന്ന ആവശ്യം എഴുതിക്കൊടുത്തു. ആറുമാസമായിട്ടും ഇതുവരെ തുടങ്ങിയിട്ടില്ല. അതേക്കുറിച്ച് അങ്ങ് പരിശോധിച്ചാൽ മതി. സ്പെഷ്യൽ പാക്കേജ് ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് സർക്കാർ ആലോചിക്കുന്നില്ല. ആയിരം കോടി രൂപയുടെ നഷ്ടമുണ്ടായിട്ടും ഒരു തരത്തിലുള്ള നഷ്ടപരിഹാരവും കർഷകർക്ക് നൽകുന്നില്ല. സമഗ്രമായ ഒരു നഷ്ടപരിഹാര പാക്കേജോ കാർഷിക നയമോ ഇല്ല. അടുത്ത വർഷവും ഇത് സംഭവിക്കാൻ പോകുകയാണ്. അവസാനം കർഷകർ മുഴുവൻ കാർഷിക വൃത്തിയിൽനിന്ന് പിൻവാങ്ങുന്ന അതിദാരുണ സ്ഥിതിയിലേയ്ക്ക് കേരളം പോകും. അപകടകരമായ ഈ സ്ഥിതിവിശേഷത്തെക്കുറിച്ച് ഹ്രസ്വകാലത്തേയ്ക്കും ദീർഘകാലത്തേയ്ക്കുമുള്ള ഒരു പദ്ധതിയും ആവിഷ്കരിക്കാതെ നിസംഗരായി നിൽക്കുന്ന, കർഷകരോടുള്ള അവഗണന മാത്രം കൈമുതലായുള്ള ഈ സർക്കാരിന്റെ നടപടികളിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്നലെ സഭയിൽ അവതരിപ്പിച്ച കുടിവെള്ള പ്രശ്നം പോലെതന്നെ ഗൗരവമായ ജനകീയ പ്രശ്നങ്ങളാണ് ഏതാനും ദിവസങ്ങളായി പ്രതിപക്ഷം നിയമസഭയിൽ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. പ്രാഥമികമായി, കേരളത്തിൽ ജീവിക്കാൻ മറ്റൊരു മാർഗവുമില്ലാത്ത ആളുകൾ പൊതുവെ തിരഞ്ഞെടുക്കുന്നതും അവർക്ക് ആശ്രയിക്കാവുന്നതുമായ ഏക മാർഗമാണ് കൃഷി. ജീവിക്കാനാവശ്യമായ വളരെ ചെറിയ വരുമാനം മാത്രം ലഭിക്കുന്ന ഈ കാർഷിക രംഗം ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പട്ട മന്ത്രി പരിശോധിക്കണം. ഹൃദയത്തിൽ തട്ടിയാണ് അംഗം വിഷയം അവതരിപ്പിച്ചത്. ചെറുകിട/ഇടത്തര കർഷകർക്കും തോട്ടം പോലെയുള്ള അല്പം വലിയ കൃഷി ചെയ്തിരുന്ന ആളുകൾക്കുമൊന്നും ഇപ്പോൾ രക്ഷയില്ല. അല്ലെങ്കിൽത്തന്നെ കാലാവസ്ഥാ വ്യതിയാനം പോലുള്ള പുതിയ നിരവധി പ്രശ്നങ്ങളുള്ള അവസ്ഥയിൽ കേരളത്തിൽനിന്ന് കൃഷി അന്യം നിന്നുപോകുകയാണ്. കുറച്ച് കാലത്തിനുള്ളിൽ കേരളം പൊതുവെ ഒരു

നഗരവൽകൃത സംസ്ഥാനമായി മാറുമെന്നാണ് തോന്നുന്നത്. കൃഷിയൊക്കെ ഇവിടെ പണ്ട് ഉണ്ടായിരുന്നോ എന്നുപറയേണ്ട സ്ഥിതിയിലേയ്ക്കാണ് പോകുന്നത്. അല്പം കൃഷിയിടങ്ങളും വയലുകളും ഉള്ളത് കീറി മുറിച്ച് റോഡുകൾ നിർമ്മിക്കുകയാണ്. വലിയ റോഡുകൾ വേണ്ടെന്ന് പറയുകയല്ല. വയലുകൾ തീർന്നുകൊണ്ടിരിക്കുകയാണ്. പുതിയ വലിയ റോഡ് വരുന്നതിന്റെ ഓരത്ത് ഷോപ്പിംഗ് കോംപ്ലക്സുകൾ വരികയാണ്. ഏതാനും വർഷങ്ങൾക്കുള്ളിൽ കേരളം ഒരു വലിയ സിറ്റി സ്റ്റേറ്റായി മാറുന്ന ലക്ഷണമാണ് കാണുന്നത്. നിലവിലുള്ള കൃഷി മെച്ചപ്പെടാതിരുന്നാൽ ആളുകൾ ഇതിൽനിന്ന് ഒഴിഞ്ഞുപോകും. ഏത് കൃഷി ചെയ്താലാണ് ഇപ്പോൾ ലാഭമുണ്ടാകുന്നത്? നമ്മൾ ആഗോള തത്വങ്ങളും കാര്യങ്ങളുമൊന്നും പറയേണ്ടതില്ല. ഏതെങ്കിലും കൃഷി ചെയ്താൽ നിലവിലെ അവസ്ഥ മെച്ചപ്പെടുമോ? ഗവൺമെന്റിന്റെ സഹായം അർഥവത്താകണം. കുറെയേറെ പദ്ധതികൾ പറയുന്നുണ്ടെങ്കിലും യഥാർഥത്തിൽ ബജറ്റിൽ ഒന്നും പ്രതീക്ഷിക്കാനില്ല. പേരിന് എന്തെങ്കിലും സഹായം നൽകുകയും കുറെ സംഭരണ കേന്ദ്രങ്ങളുടെ പേര് പറയുകയും ചെയ്യുന്നതല്ലാതെ

യഥാസമയങ്ങളിലൊന്നും സംഭരിക്കാറില്ല. എല്ലാം കൂടിശ്ശികയായി തുടരുകയാണ്. ഇക്കാര്യങ്ങളൊക്കെ നമ്മൾ തമിഴ്നാടിനെ കണ്ടുപഠിക്കണമെന്നാണ് എന്റെ അഭിപ്രായം. അവിടെ കർഷകരുടെ പ്രശ്നങ്ങൾ ഓൺ ദ സ്പോട്ട് അറ്റൻഡ് ചെയ്യുന്ന രീതിയുള്ളതുകൊണ്ട് അവിടെ കാർഷിക മേഖലയെ വളരെ പ്രാധാന്യത്തോടെയാണ് കാണുന്നത്. അവിടെ ഇറിഗേഷൻ സംവിധാനങ്ങൾ വളരെ കുറവാണെങ്കിലും ലഭ്യമാകുന്ന മഴവെള്ളം ശേഖരിച്ച് കർഷകർക്ക് ഉപയോഗപ്പെടുത്തുന്ന മാതൃകയും ഉൽപന്നങ്ങൾ ശേഖരിച്ച് വിൽപന നടത്തുന്നതിനായി ഗവൺമെന്റ് നൽകുന്ന സഹായങ്ങളും നമ്മൾ പരിശോധിക്കണം. മുല്ലപ്പെരിയാർ വിഷയം വരുമ്പോൾ അവർ വെള്ളത്തിന് മുൻഗണന നൽകുന്നതും അതിനെ ഗൗരവമുള്ള ഒരു പൊളിറ്റിക്കൽ ഇഷ്യൂ ആക്കുന്നതും അതുകൊണ്ടാണ്. യഥാർഥത്തിൽ അവിടെ വെള്ളമില്ല. നദികളിലെ വെള്ളം വറ്റിയാൽ അവർ വലിയ പ്രശ്നത്തിലാകും. തമിഴ്നാട് ഗവൺമെന്റ് ഏറ്റവും മുൻഗണന നൽകുന്നത് കാർഷിക മേഖലയ്ക്കാണ്. കർഷകർക്ക് അർഥവത്തായ സഹായങ്ങൾ നൽകി പ്രശ്നങ്ങൾ അറ്റൻഡ് ചെയ്യുന്നതുകൊണ്ട് മെച്ചപ്പെട്ട രീതിയിൽ കൃഷി

ചെയ്യാനും വരുമാനമുണ്ടാക്കാനും സാധിക്കുന്നു. എന്നാൽ കേരളത്തിൽ ഈ മാതൃകയിൽ കൃഷി ചെയ്യാൻ സാധിക്കുന്നതേയില്ല. ഇവിടെ തത്വങ്ങളും കാര്യങ്ങളുമൊക്കെ പറയുന്നതല്ലാതെ നാളികേര സംഭരണത്തെക്കുറിച്ചൊന്നും ആരും ഗൗരവമായി ചിന്തിക്കുന്നില്ല. റബ്ബർ കൃഷിയുടെ സ്ഥിതി മോശമാകുകയാണ്. വയലുകളുടെ കാര്യം പറയുകയും വേണ്ട. വലിയ വലിയ റോഡുകൾ വരുന്നതോടുകൂടി വയലുകൾ ഇവിടെയില്ലാതെയാകും. ഇങ്ങനെപോയാൽ കുറെ വർഷങ്ങൾക്കുശേഷം ഇവിടെ പണ്ട് കൃഷിയൊക്കെ ഉണ്ടായിരുന്നോ എന്നുചോദിക്കുന്ന അവസ്ഥയുണ്ടാകും. കേരളം ഒരു വലിയ സിറ്റി സ്റ്റേറ്റായിമാറും. അതുകൊണ്ട് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് കാർഷിക മേഖലയിൽ കേരളത്തിന് അനുയോജ്യവും ശാസ്ത്രീയവുമായ രീതിയിലുള്ള പരിഷ്കരണം നടത്താനും ഈ വിഷയത്തിൽ നല്ലൊരു സമീപനമെടുക്കാനും സാധിക്കണം. ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, കേരളത്തിലെ കർഷക ജനത വളരെയധികം പ്രയാസമനുഭവിക്കുന്ന ഒരു കാലഘട്ടത്തിലൂടെ കടന്നുപോകുകയാണ്. കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള അവഗണന, കാർഷിക മേഖലയിലുണ്ടാകുന്ന പ്രതിസന്ധി എന്നിവയെക്കുറിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചതിനോട് ഞങ്ങൾ പൂർണ്ണമായും യോജിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ ഗുരുതരാവസ്ഥയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.-യും ഉൾപ്പെടെയുള്ളവർ ചൂണ്ടിക്കാണിച്ചത്. ഇത്തരം ഗൗരവതരമായ വിഷയത്തിൽ ഗവൺമെന്റിന്റെ പ്രയോറിറ്റി ഏതെന്നുള്ളതാണ് വിഷയം. കേന്ദ്രഗവൺമെന്റിന്റെ അവഗണന, കാലാവസ്ഥാ വ്യതിയാനം എന്നിവമൂലം കേരളത്തിലെ കർഷകർ നേരിടുന്ന

പ്രശ്നങ്ങൾക്ക് ഗവൺമെന്റ് വേണ്ടത്ര പ്രയോറിറ്റി കൊടുക്കുന്നുണ്ടോ? ഇത്തരം ഗുരുതരമായ വിഷയത്തിന്മേൽ ചർച്ചചെയ്യാൻ സഭാനടപടികൾ നിർത്തിവയ്ക്കാൻ ഗവൺമെന്റ് തയ്യാറാകേണ്ടതായിരുന്നു. കാർഷിക മേഖലയ്ക്ക് ഈ ഗവൺമെന്റ് പ്രയോറിറ്റി കൊടുക്കുന്നില്ലെന്നുള്ളതാണ് ഇവിടത്തെ വിഷയം. നെല്ല് സംഭരണത്തിന്റെ കുടിശ്ശിക തീർത്തുവെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയുകയുണ്ടായി. കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ ഇപ്പോഴും നെല്ല് സംഭരിച്ചതിന്റെ കുടിശ്ശിക തുക നൽകുമെന്ന് പറയുന്നതല്ലാതെ നൽകിയിട്ടില്ല. അടുത്ത കൃഷിയിറക്കേണ്ട സമയമായി, കർഷകർ പണം ലഭിക്കാത്തതിനാൽ വിഷമിക്കുകയാണ്. ഇപ്പോൾ മാർക്കറ്റിൽ റബ്ബറിന് 206/- രൂപ വിലയുണ്ട്. സർക്കാർ പറഞ്ഞിരുന്ന വിലസ്ഥിരതാ ഫണ്ട് 160/- രൂപയായിരുന്നെങ്കിലും 170/- രൂപയായി പ്രഖ്യാപിച്ചിട്ടുണ്ട്. റബ്ബർ കൃഷി സംരക്ഷിക്കാനാണെങ്കിൽ എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച റബ്ബർ വില സ്ഥിരതാ ഫണ്ടായ 250/- രൂപ നൽകേണ്ട സമയമാണിത്. എന്നാൽ അത് ചെയ്യുന്നില്ല. കൃഷിനാശത്തിന്റ പണം ഇതുവരെ കർഷകർക്ക് നൽകിയിട്ടില്ല, ഇതൊക്കെ കൊടുക്കണ്ടേ? ഈ

തുക നൽകാനായി ഗവൺമെന്റ് നടപടി സ്വീകരിക്കണം. ഇത് രാഷ്ട്രീയത്തിനതീതമായ വിഷയമാണ്, കാർഷിക മേഖലയിൽ കർഷകർ അനുഭവിക്കുന്ന കടുത്ത പ്രതിസന്ധി സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ ഞങ്ങൾ പ്രതിഷേധിക്കുന്നു. കൃഷിനാശം സംഭവിച്ചവർക്കുള്ള പണം നൽകാൻ ഗവൺമെന്റ് എത്രയുംവേഗം തയ്യാറാകണമെന്നുകൂടി ആവശ്യപ്പെടുന്നു. ഈ വിഷയം ചർച്ച ചെയ്യാൻ സഭാനടപടികൾ നിർത്തിവയ്ക്കാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, നാളികേര സംഭരണത്തെക്കുറിച്ചും പച്ചക്കറി സംഭരണം താളം തെറ്റുന്നതിനെക്കുറിച്ചും നെൽകർഷകരുടെ കൂടിശ്ശികയെ സംബന്ധിച്ചുമൊക്കെ പറയുമ്പോൾ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലയളവിലുണ്ടായ പ്രശ്നങ്ങൾ സംബന്ധിച്ചാണ് സർക്കാരിന്റെ വാദം ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നത്. 8 വർഷമായി

അധികാരത്തിലിരിക്കുകയാണെന്ന കാര്യംപോലും പലപ്പോഴും നിങ്ങൾ മറന്നുപോകുകയാണ്. ഇപ്പോഴും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുമ്പോൾ 'യു.ഡി.എഫ്.-ന്റെ കാലത്ത്' എന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ യു.ഡി.എഫ്.-ന്റെ കാലത്ത് നെല്ല് സംഭരണ കാര്യത്തിൽ മാസങ്ങളുടെ കുടിശ്ശികയൊന്നും ഒരിക്കലും ഉണ്ടായിട്ടില്ല. ഇടയ്ക്ക് കുടിശ്ശികയുണ്ടായ സന്ദർഭത്തിലാണ് PRS (Paddy Receipt Sheet) അടക്കമുള്ള പുതിയ സ്കീമുകൾ അന്നത്തെ ഗവൺമെന്റ് പ്രഖ്യാപിച്ചത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മനസ്സിലാക്കേണ്ട ഒരു കാര്യം യു.ഡി.എഫ്.-ന്റെ കാലത്ത് സംഭരിച്ച നെല്ലിന്റെ വില ലഭിക്കാത്തതിന്റെ പേരിൽ ഒരു കർഷകൻപോലും കേരളത്തിൽ ആത്മഹത്യ ചെയ്തിട്ടില്ല എന്നതാണ്. എന്നാൽ ഇന്നത്തെ അവസ്ഥയെന്താണെന്ന് ഞാൻ പറയേണ്ട ആവശ്യമുണ്ടോ? റബ്ബറിന്റെ അടിസ്ഥാനവില 250/- രൂപയായി നിർണ്ണയിച്ച് എത്രയുംവേഗം നടപ്പാക്കണമെന്നാണ് ഞങ്ങൾക്ക് ആവശ്യപ്പെടാനുള്ളത്. കൃഷിനാശംമൂലം വലിയ നഷ്ടമുണ്ടായപ്പോൾ വേനൽക്കാലത്ത് 375 കോടി രൂപയുടെയും അതിതീവ്ര മഴയിൽ 150 കോടി

രൂപയുടെയും നഷ്ടമുണ്ടായെന്നാണ് ഗവൺമെന്റ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ ഏകദേശം 1000 കോടി രൂപയോളം നഷ്ടമുണ്ടായെന്നതാണ് വസ്തുത. അതുകൊണ്ട് പ്രത്യേക പാക്കേജ് തയ്യാറാക്കിയാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരമാകുകയുള്ളൂ. കൃഷിനാശം സംഭവിച്ച കർഷകർക്ക് വിള ഇൻഷ്വറൻസും കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന ഇൻഷ്വറൻസും അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനികൾ മുഖേനയും കൂടാതെ ദുരന്ത പ്രതികരണ നിധിയിൽനിന്നുമാണ് തുക നൽകിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഇവയിലെല്ലാം 50 കോടി രൂപയിൽ താഴെ മാത്രമുള്ള തുകയാണ് ചെലവാക്കാൻ സാധിച്ചിട്ടുള്ളത്. ഇതിലൂടെ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നില്ലെന്നുള്ളതാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ട് സമഗ്രമായ ഒരു പാക്കേജിലൂടെ കർഷകരുടെ പ്രതിസന്ധിയെ അഡ്രസ്സ് ചെയ്യാൻ ഗവൺമെന്റിന് സാധിക്കണം. പലപ്പോഴും വിളനാശം സംഭവിക്കുന്നത് നമ്മൾ കരുതുന്നതിനേക്കാൾ കൂടുതലാണ്. വരുംവർഷങ്ങളിൽ വിളനാശം കൂടുതലാകുമെന്ന് മുൻകൂട്ടി കണ്ടുകൊണ്ടുള്ള ഇടപെടൽ ഗവൺമെന്റിന്റെ

ഭാഗത്തുനിന്നുമുണ്ടാകണം. ഈ വിഷയം ചർച്ച ചെയ്യാൻ സഭാനടപടികൾ നിർത്തിവയ്ക്കാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, ഇതൊരു ഗുരുതരമായ വിഷയമാണ്. എങ്ങനെയാണ് കർഷകരെ ഈ ദുരിതത്തിൽനിന്നും രക്ഷിച്ചെടുക്കുകയെന്നുള്ളത് നമ്മൾ ഗൗരവമായി ആലോചിക്കേണ്ടതും ചർച്ച ചെയ്യപ്പെടേണ്ടതുമായ വിഷയമാണ്. കാലാവസ്ഥാ വ്യതിയാനവും സർക്കാരിന്റെ നടപടികളുമെല്ലാം കർഷകരെയാണ് ദുരിതത്തിലാക്കുന്നത്. നാളികേര കർഷകരും നെൽകർഷകരും ഇന്ന് വലിയ പ്രയാസത്തിലും ദുരിതത്തിലുമായി മുന്നോട്ടുപോകുകയാണ്. ഈ വിഷയം ചർച്ച ചെയ്യാതെ സഭാനടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്നതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

{10.56 a.m.}

(അധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

IV. ശ്രദ്ധ ക്ഷണിക്കൽ

1. പുതിയ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കൽ

ശ്രീ. കെ. പി. മോഹനൻ: സർ, ജനാധിപത്യ പ്രക്രിയയിൽ പ്രത്യേകിച്ച് മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ഏറെ പ്രാധാന്യമുള്ള ഒരു ഘടകമാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റവും താഴെത്തട്ടിലുള്ള ഘടകങ്ങളായ ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമീണ മേഖലയുടെ അടിസ്ഥാനസൗകര്യങ്ങളിലൊന്നായ ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും വ്യത്യസ്തങ്ങളായ ഫണ്ടുകളുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ടും പഞ്ചായത്തുകളുടെ തനതുഫണ്ടുമാണ്. അതോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിപ്രകാരം സംസ്ഥാനത്ത് 1000 കോടി രൂപ ചെലവിൽ 11000 കിലോമീറ്റർ വരുന്ന അയ്യായിരത്തോളം റോഡുകളുടെ പ്രവൃത്തികൾ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായാണ് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 2018-19-ലെ പ്രളയത്തിൽ തകർന്നുപോയ സംസ്ഥാന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും പണം കണ്ടെത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 2020 ആഗസ്റ്റ് മാസത്തിലാണ് ഈ പ്രവൃത്തികളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കപ്പെട്ടത്. സംസ്ഥാന ഗ്രാമീണ റോഡുകൾ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ചവയും പുതുതായി നിർമ്മിക്കപ്പെട്ടതുമായ റോഡുകൾ ഇനിയും ധാരാളമായുണ്ട്. ആയതുകൊണ്ടുതന്നെ ഈ പദ്ധതി വളരെ നല്ല രീതിയിൽ നടപ്പാക്കി മുമ്പോട്ടുപോകേണ്ടതുണ്ട്. ഇനിയും ഈ പദ്ധതി മികച്ച രീതിയിൽ നടപ്പാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഗ്രാമീണ റോഡുകൾ ഒരു അവിഭാജ്യഘടകമാണ്. പണ്ടുകാലത്ത്

ഒരാൾക്കുമാത്രം നടന്നുപോകാവുന്ന ഇടവഴികളാണുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അതിൽനിന്നും മാറ്റമുണ്ടായി. അന്ന് ഇന്നത്തെപ്പോലെ ജനസംഖ്യയുണ്ടായിരുന്നില്ല. എന്നാൽ ഇന്ന് ജനസംഖ്യ വർധിക്കുകയും ജീവിത നിലവാരം മാറുകയും കുടുംബങ്ങളുടെ അംഗസംഖ്യ കൂടുകയും ചെയ്തപ്പോൾ വീടുകളുടെ എണ്ണവും കൂടി. ഒരു വീട്ടിൽത്തന്നെ ഒന്നിലധികം വാഹനങ്ങളുണ്ടായപ്പോൾ റോഡുകൾ അത്യാവശ്യമായിവന്നു. ജനകീയാസൂത്രണ പ്രസ്ഥാനം ശക്തമായതോടെ ഗ്രാമസഭകൾ തീരുമാനിക്കുന്നതിനനുസരിച്ച് മുൻഗണനാക്രമത്തിൽ റോഡുകളും മറ്റ് സൗകര്യങ്ങളും വർധിച്ചുവന്നു. ഇങ്ങനെ ഓരോ ഗ്രാമപഞ്ചായത്തിലും ധാരാളം റോഡുകളും കുടിവെള്ള പദ്ധതികളും ഉണ്ടായിട്ടുള്ളതായി നമുക്ക് കാണാവുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള റോഡുകൾ ഇന്ന് ധാരാളമായി കാണാൻ സാധിക്കും. ഈ റോഡുകളെല്ലാം നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം അവയുടെ അറ്റകുറ്റപ്പണികളാണ്. മെയിന്റനൻസ് ഗ്രാന്റ് കൃത്യമായി നൽകിയാൽ മാത്രമേ ഈ റോഡുകൾ നല്ല രീതിയിൽ പരിപാലിക്കാൻ

സാധിക്കുകയുള്ളൂ. വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്, റവന്യൂ ഫണ്ട്, എം.എൽ.എ. ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾക്ക് അനുമതി നൽകിക്കഴിഞ്ഞാൽ അവയുടെ നിർമ്മാണത്തിനുള്ള കാലതാമസം ഒഴിവാക്കാൻ സാധിക്കും. ഇക്കാര്യം ജില്ലാ വികസന സമിതിയുടെ യോഗത്തിൽ ഉന്നയിച്ചിട്ടുണ്ട്. എന്തെങ്കിലും പോയിന്റ് കണ്ടുപിടിച്ച് ഫയലുകൾ അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കളിക്കുന്നതോ തിരിച്ചയയ്ക്കുന്നതോ ആയ നടപടികൾ മാറ്റിയെടുക്കണം. എന്നാൽ മാത്രമേ ഗ്രാമീണ റോഡുകളുടെയും ഗ്രാമപ്രദേശങ്ങളുടെയും വികസനം യാഥാർഥ്യമാകുകയുള്ളൂ. എന്റെ നിയോജകമണ്ഡലത്തിലെ അണിയാരം ശിവക്ഷേത്രം-മുട്ടുങ്കാവ് റോഡ് മുഖ്യമന്ത്രിയുടെ തദ്ദേശസ്വയംഭരണ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നെങ്കിലും ആയതുസംബന്ധിച്ച് ഇതുവരെയും ഒരു നടപടിയുമായിട്ടില്ല. ഒരു വലിയ പ്രദേശത്തെ മുഴുവൻ ജനങ്ങളുടെയും യാത്രാക്ലേശത്തിന് പരിഹാരമാകുന്ന പ്രസ്തുത റോഡിന്റെ

പ്രവൃത്തിക്കാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വെള്ളപ്പൊക്ക നിവാരണ ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന പ്രാദേശിക റോഡുകളുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകുന്നില്ല. ഒരു കാലവർഷം കഴിഞ്ഞ് അടുത്ത കാലവർഷമായിട്ടും റോഡുകളുടെ പ്രവൃത്തി സംബന്ധിച്ച എസ്റ്റിമേറ്റുപോലും കൃത്യമായി നടപ്പാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാകാതെ അമാന്തം കാണിക്കുകയാണ്. ഇതിന് ധാരാളം കാരണങ്ങൾ പറയുന്നുണ്ട്. ഭരണാനുമതി ലഭിച്ച് ആറ് മാസത്തിനുള്ളിൽ എഗ്രിമെന്റ് വച്ചില്ലെങ്കിൽ ഭരണാനുമതി റദ്ദാകുമെന്ന് അറിയാവുന്ന ഉദ്യോഗസ്ഥർ തന്നെയാണ് സമയബന്ധിതമായി എസ്റ്റിമേറ്റ് സമർപ്പിക്കാതിരിക്കുന്നത്. ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായി റോഡുകളിൽ കുഴിയെടുത്തതും തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നതും കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതിനും എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനും കാലതാമസമുണ്ടായിട്ടുണ്ട്. അത്തരം കാര്യങ്ങൾ പരിശോധിച്ച്

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായുള്ള റോഡുകളുടെ പ്രവൃത്തി നടത്തുന്നതിന് കാലാവധി നീട്ടിക്കിട്ടാൻ സർക്കാർ പ്രത്യേകം താൽപര്യമെടുക്കേണ്ടതാണ്. മറ്റ് പല പദ്ധതികളും റോഡ് പുനരുദ്ധാരണത്തിനും നിർമ്മാണത്തിനുമായി നിലവിലുണ്ട്. പി.എം.ജി.എസ്.വൈ. (പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന) പദ്ധതിപ്രകാരം പല റോഡുകളും ഇത്തരത്തിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിലൂടെ നിർമ്മിക്കപ്പെടുന്ന റോഡുകൾ നേരിടുന്ന പ്രശ്നം വീതി ആറ് മീറ്റർ വേണമെന്നതാണ്. അത് മാറ്റേണ്ടതുണ്ട്. ഗ്രാമീണ റോഡുകൾ ഒട്ടുമിക്കവയും ഇടുങ്ങിയതായതിനാൽ പല റോഡുകളും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് നവീകരിക്കാൻ കഴിയാത്തവയാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് തനത് ഫണ്ടില്ലെന്നതും മറ്റൊരു പ്രധാന പ്രശ്നമാണ്. ജില്ലാ പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, എസ്.ടി. ഫണ്ട് എന്നിവ മാത്രമേയുള്ളൂ. ഇത്തരം ഫണ്ടുകളുപയോഗിച്ച് മാത്രമാണ് ജില്ലാ പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. എന്നാൽ

ഫണ്ടുകൾ ലഭിക്കാനുള്ള കാലതാമസം പദ്ധതികളെ പ്രതികൂലമായി ബാധിക്കാറുണ്ട്. റോഡുകളുടെ നവീകരണ പ്രവൃത്തികളുൾപ്പെടെയുള്ള പദ്ധതികളുടെ കാലതാമസം ഒഴിവാക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കണം. 140 നിയോജകമണ്ഡലങ്ങളിലെ പഞ്ചായത്തുകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതുമായ റോഡുകൾക്ക് ഇത്തരം പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് ഇതിന് പരിഹാരം കാണാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർഥിക്കുകയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട അംഗം സുപ്രധാനമായ ഒരു പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. 2018-19-ലെ രണ്ട് പ്രളയങ്ങളിലായി തകർന്നതും 14 ജില്ലകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടാത്തതും പുനർനിർമ്മിക്കേണ്ടതുമായ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് 1000

കോടി രൂപ ലഭ്യമായത്. അങ്ങനെയാണ് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ആരംഭിച്ചത്. ആകെ വകയിരുത്തിയ 1000 കോടി രൂപ ഉപയോഗിച്ച് 5064 പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്. നിലവിൽ 2400 കിലോമീറ്റർ നീളത്തിൽ 4781 പ്രവൃത്തികൾ പൂർത്തിയാക്കി. മറ്റുള്ളവയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. 13-10-2023-ലെ സർക്കാർ ഉത്തരവുപ്രകാരം മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും കാലാവധി ഇനിയും നീട്ടിനൽകില്ലെന്ന നിബന്ധനയോടെയാണ് 31-03-2024 വരെ തീയതി നീട്ടിനൽകിയത്. അതിനാൽ നിലവിൽ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ പുനരുദ്ധരിക്കേണ്ട ഒട്ടേറെ റോഡുകൾ ഇനിയുമുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സഭയിൽ ചൂണ്ടിക്കാണിച്ച സുപ്രധാന വിഷയങ്ങളിലൊന്ന് ഫ്ലഡ് റോഡുകളുമായി ബന്ധപ്പെട്ടതാണ്. ബഹുമാനപ്പെട്ട റവന്യൂ

വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് ഉചിതമായ നടപടി സ്വീകരിക്കുമെന്നാണ് അക്കാര്യത്തെ സംബന്ധിച്ച് പറയാനുള്ളത്. എഞ്ചിനീയറിംഗ് വിഭാഗം സമയബന്ധിതമായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നില്ല എന്നൊരു പരാതി അങ്ങ് ഉന്നയിക്കുകയുണ്ടായി. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ തിരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലവിൽ വന്നത് എസ്റ്റിമേറ്റ് സമയബന്ധിതമായി സമർപ്പിക്കുന്നതിൽ തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. ഇക്കാര്യം വളരെ ഗൗരവമായി എടുക്കുകയും പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുകയും ചെയ്യും. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച മറ്റ് പ്രശ്നങ്ങളെല്ലാം പരിശോധിക്കുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, മുഖ്യമന്ത്രിയുടെ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽനിന്നും 2023-ൽ അനുവദിച്ച റോഡുകളുടെ പ്രവൃത്തി നടത്തുന്നതിനുള്ള കാലാവധി അവസാനിച്ചത് തിരഞ്ഞെടുപ്പ് സമയത്തായിരുന്നു. അതുകൊണ്ട് കാലാവധി നീട്ടിക്കിട്ടാനും കാലാവധി കഴിഞ്ഞ പ്രവൃത്തി പുനരാരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, പ്രളയത്തെത്തുടർന്നാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 1000 കോടി രൂപ അനുവദിച്ച് ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി ആരംഭിച്ചത്. പദ്ധതി പ്രഖ്യാപിച്ചിട്ട് 5 വർഷമായി. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ തുടർന്നും സമയം നീട്ടിനൽകില്ലെന്ന നിബന്ധനയിലായിരുന്നു 31-03-2024 വരെ സമയം നീട്ടിക്കൊടുത്തത്. അതുകൊണ്ട് കാലാവധി നീട്ടിനൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. തിരഞ്ഞെടുപ്പ് നടന്നത് ഇപ്പോഴാണ്. 5 വർഷം മുമ്പ് പ്രഖ്യാപിച്ചൊരു പദ്ധതിയാണിത്. 5064 പ്രവൃത്തികളിൽ 4781 എണ്ണം പൂർത്തിയായി. ബാക്കിയുള്ളത് പൂർത്തിയാക്കുന്നതിന് സമയമല്ല പ്രശ്നം. സി.എം.എൽ.ആർ.ആർ.പി. (Chief Minister's Local Road Rebuild Project)-ൽ സമയം നീട്ടിനൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ അങ്ങ് പറഞ്ഞ ഗ്രാമീണ റോഡ് പുനരുദ്ധാരണം ഗൗരവമുള്ള പ്രശ്നമായിത്തന്നെയാണ് സർക്കാർ കാണുന്നത്. ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിനുവേണ്ടി ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. 1000 കോടി രൂപ അതിന് കണ്ടെത്തുമെന്ന

കാര്യം അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ പിന്നീട് സഭയെ അറിയിക്കുന്നതാണ്. അങ്ങ് ഉന്നയിച്ച പ്രശ്നത്തെ അർഹിക്കുന്ന പ്രാധാന്യത്തോടെയും ഗൗരവത്തോടെയുമാണ് സർക്കാർ നോക്കിക്കാണുന്നത്. ഈ പ്രശ്നം അഡ്രസ് ചെയ്യുന്നതിനുള്ള സത്വര നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

(2) പൊതുവിതരണ രംഗം നേരിടുന്ന പ്രതിസന്ധികൾ

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്തെ റേഷൻ പൊതുവിതരണ രംഗത്തെ പ്രതിസന്ധിയും റേഷൻ വ്യാപാരികൾ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് സർക്കാരിന്റെ അടിയന്തര ഇടപെടലുണ്ടാകണമെന്നാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്. റേഷൻ കടകളിലൂടെ വാതിൽപ്പടിയായി എത്തിച്ചുകൊടുക്കുന്ന റേഷൻ സാധനങ്ങൾ പല മാസങ്ങളിലും കൃത്യമായി നൽകാൻ കഴിയുന്നില്ലെന്ന ദുരവസ്ഥ റേഷൻ വിതരണ മേഖലയെ താറുമാറാക്കിയിരിക്കുകയാണ്. സമ്പൂർണ്ണ റേഷൻ വിതരണവുമായി ബന്ധപ്പെട്ട് 2018 മുതൽ കേരളത്തിൽ ഇ-പോസ് സംവിധാനം ആരംഭിച്ചു.

ഇത് വാതിൽപ്പടിയായി റേഷൻ സാധനങ്ങൾ എത്തിക്കാനാണെന്നുപറഞ്ഞ് സപ്ലൈകോയെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയെങ്കിലും ഈ രംഗത്ത് ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിയാതെ പോയി. സെർവർ തകരാറാണ് റേഷൻ കടകളിലെ പ്രധാന പ്രശ്നം. സെർവർ/ഇ-പോസ് മെഷീൻ തകരാറും മറ്റ് പ്രശ്നങ്ങളുമെല്ലാം കൂട്ടിക്കുഴച്ച് പരിഹാരമുണ്ടാകാത്ത സാഹചര്യമുണ്ടായപ്പോൾ റേഷൻ വിതരണം തൃപ്തികരമായി നടത്താൻ കഴിയുന്നില്ല. ഇതിന് അടിയന്തരമായി പരിഹാരമുണ്ടാക്കാൻ സർക്കാർ തയ്യാറാകണം. കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ ഭരണ-പ്രതിപക്ഷാംഗങ്ങൾ ഒരുപോലെ അംഗീകരിക്കുന്നു; ഒരു ഭാഗത്ത് കേരളത്തിന് കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കുന്ന അലോട്ട്മെന്റ് കുറവാണെന്ന് വാദിക്കുമ്പോഴും മറുഭാഗത്ത് കേന്ദ്രം അനുവദിച്ചുനൽകിയ 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം കേരളത്തിൽ പൂർണ്ണമായി വിതരണം ചെയ്യാൻ കഴിയാതെ വരുന്നു എന്ന വിഷയം ഭക്ഷ്യവകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ചൂണ്ടിക്കാണിക്കപ്പെടുകയാണ്. റേഷൻ കടകളിലൂടെ വാതിൽപ്പടിയായി സാധനങ്ങൾ സമയബന്ധിതമായി

എത്തിച്ചുകൊടുക്കാനുള്ള സംവിധാനം ഉറപ്പുവരുത്തേണ്ടതും ഇതുസംബന്ധിച്ച് ഒരു പരിശോധന നടത്താനും കാര്യക്ഷമമായി പ്രവർത്തനങ്ങൾ നടത്താൻ എന്തെല്ലാം ചെയ്യാനാകുമെന്ന് പരിശോധിക്കേണ്ടതായിട്ടുമുണ്ട്. റേഷൻ വിതരണം ഫലപ്രദമായി നടക്കണമെങ്കിൽ റേഷൻ കടക്കാരുടെ ആവശ്യങ്ങൾകൂടി അംഗീകരിച്ചുകൊടുക്കേണ്ടത് തികച്ചും അനിവാര്യമാണ്. എന്നാൽ ഇന്ന് അതിന് കഴിയുന്നില്ലെന്നത് വലിയ പ്രതിസന്ധിയുണ്ടാക്കുകയാണ്. ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുമ്പോൾ രക്തസാക്ഷി മണ്ഡപത്തിൽ രണ്ടുദിവസമായി കേരളത്തിലെ റേഷൻ കടകൾ അടച്ചിട്ട് വ്യാപാരികൾ രാപ്പകൽ സമരം നടത്തുകയാണ്. ആ സമരം ഉദ്ഘാടനം ചെയ്തത് സി.ഐ.ടി.യു. സംസ്ഥാന സെക്രട്ടറിയും മുൻമന്ത്രിയും എൽ.ഡി.എഫ്.-ന്റെ പ്രമുഖ നേതാവുമായ ശ്രീ. ടി. പി. രാമകൃഷ്ണനാണ്. ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ.-യുടെ അധ്യക്ഷതയിലാണ് യോഗം നടന്നത്. വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതാക്കൾ അഭിവാദ്യം ചെയ്യുന്നുണ്ട്. ഇന്ന് വൈകുന്നേരം പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശനാണ് സമാപനയോഗം

ഉദ്ഘാടനം ചെയ്യുന്നത്. ഈ സമരത്തിലൂടെ ഉന്നയിക്കുന്ന വിഷയങ്ങൾ പ്രത്യേകമായി ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകണം. സമരം ചെയ്യുന്നത് രാഷ്ട്രീയ പ്രേരിതമായിട്ടല്ല; തികച്ചും ന്യായമായ ആവശ്യമാണ് അവർ ഉന്നയിക്കുന്നത്. കേരളത്തിലെ സാധാരണക്കാരായ മനുഷ്യർ ആശ്രയിക്കുന്ന പൊതുവിതരണ മേഖലയിലെ റേഷൻ കടകളെ മികച്ച രീതിയിലാക്കുന്നതിന് റേഷൻ കടക്കാരുടെ ആവശ്യങ്ങൾകൂടി അംഗീകരിക്കേണ്ടതുണ്ട്. പുതുക്കിയ വേതന പാക്കേജ് റേഷൻ വ്യാപാരികൾ ആവശ്യപ്പെടുന്നുണ്ട്. 2018-ൽ ടി ആവശ്യം ഉന്നയിക്കുകയും സർക്കാർ അത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തതാണ്. എന്നാൽ ഇതുവരെ അതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. കോവിഡ് കാലത്ത് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്ത വകയിൽ റേഷൻ കടക്കാർക്ക് ലഭിക്കാനുള്ള പണം ലഭ്യമാക്കണമെന്നതാണ് റേഷൻ വ്യാപാരികളുടെ മറ്റൊരു ആവശ്യം. ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി മുമ്പൊരിക്കൽ നിയമസഭയിൽ എന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞത് ആ തുക മുഴുവൻ കൊടുത്തുതീർത്തുവെന്നാണ്. എന്നാൽ അത്

കൊടുത്തിട്ടില്ലെന്നതാണ് വസ്തുത. ബഹുമാനപ്പെട്ട ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ആ കേസ് പരിഗണിച്ചു. 6 പേർക്കുമാത്രമാണ് അതിന്റെ ആനുകൂല്യം ലഭിച്ചതെന്നാണ് ഇപ്പോൾ കോ-ഓർഡിനേഷൻ കമ്മിറ്റി പറയുന്നത്. അങ്ങ് അക്കാര്യം പരിശോധിക്കാൻ തയ്യാറാകണം. ഭക്ഷ്യക്കിറ്റ് കൊടുത്ത വകയിലുള്ള തുക മുഴുവനായും റേഷൻ വ്യാപാരികൾക്ക് കൊടുത്തുതീർക്കാൻ തയ്യാറാകണം. കോവിഡ് കാലത്ത് ധാരാളം റേഷൻ വ്യാപാരികൾ മരണപ്പെട്ടു. ഇൻഷ്വറൻസ് ഏർപ്പെടുത്തിയതിനുശേഷം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ആനുകൂല്യം ലഭിച്ചു. എന്നാൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് മുമ്പ് മരണപ്പെട്ട 65 റേഷൻ വ്യാപാരികളുടെ കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല. പാവപ്പെട്ട കുടുംബങ്ങളിൽപ്പെട്ട ഈ വ്യാപാരികളുടെ ആശ്രിതർക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുന്ന സാഹചര്യമുണ്ടാക്കണം. അതുപോലെ മറ്റ് ക്ഷേമ പെൻഷനുകൾ 1600 രൂപയാണെങ്കിൽ റേഷൻ വ്യാപാരികൾക്ക് 1500 രൂപയാണ് നൽകുന്നത്. അതുകൊണ്ട് അതിൽ മാറ്റം വരുത്താൻ തയ്യാറാകണം. റേഷൻ വ്യാപാരികളുടേതായി ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾ അംഗീകരിക്കുന്നതിന്

സർക്കാർ മുന്നോട്ടുവരണമെന്ന് അഭ്യർഥിക്കുകയാണ്. സെർവർ, ഇ-പോസ് മെഷീൻ തകരാറുകൾ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പരിഹാരമുണ്ടാക്കി റേഷൻ വിതരണം കുറ്റമറ്റ നിലയിൽ തൃപ്തികരമായി മുന്നോട്ടുകൊണ്ടുപോകണം. കേരളത്തിൽ അതിരൂക്ഷമായ വിലക്കയറ്റം നിലനിൽക്കുകയാണ്. വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന ജനങ്ങൾക്ക് ആശ്വാസം പകരേണ്ടത് പൊതുവിതരണ മേഖലയാണ്. വില കുറച്ച് സാധനങ്ങൾ കിട്ടുന്നത് സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകളിലും റേഷൻ കടകളിലുമാണ്. എന്നാൽ സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകളിൽ ഇന്ന് സാധനങ്ങൾ കിട്ടാനില്ല. പൊതുവിതരണ രംഗത്ത് വലിയ പ്രതിസന്ധിയും സ്തംഭനാവസ്ഥയും ഉണ്ടായിരിക്കുന്നു. അത് പരിഹരിക്കാൻ സർക്കാർ തയ്യാറാകണം. റേഷൻ കടക്കാരുടെ ആവശ്യങ്ങൾ ചർച്ച ചെയ്യാനുള്ള സാഹചര്യം സർക്കാരുണ്ടാക്കണമെന്ന് അഭ്യർഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം മോൻസ് ജോസഫ് സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള

ശ്രദ്ധക്ഷണിക്കലാണ് അവതരിപ്പിച്ചിരിക്കുന്നത്. അതിന് മറുപടി പറയാൻ ദീർഘനേരമെടുക്കുമെന്നുള്ള കാര്യം ഞാൻ ആദ്യമേ സൂചിപ്പിക്കുകയാണ്. അദ്ദേഹം എഴുതിത്തന്നതിന് പുറമെ ചില കാര്യങ്ങൾകൂടി പറഞ്ഞിട്ടുണ്ട്. ആ വിഷയങ്ങളെ സംബന്ധിച്ച ഗവൺമെന്റ് നിലപാട് വ്യക്തമാക്കാം. ഈ ശ്രദ്ധ ക്ഷണിക്കലിൽ ഉന്നയിച്ചിരിക്കുന്ന പ്രകാരമുള്ള ഒരു സ്തംഭനാവസ്ഥയും കേരളത്തിലെ റേഷൻ വിതരണ രംഗത്ത് ഉണ്ടായിട്ടില്ല. 2024 ജൂൺ മാസം റേഷൻകടകളിൽനിന്നും 83.27 ശതമാനം കാർഡുടമകൾ ഭക്ഷ്യധാന്യം കൈപ്പറ്റിയിരിക്കുകയാണ്. കഴിഞ്ഞ പത്ത് മാസത്തെ കണക്ക് കഴിഞ്ഞ ദിവസം ഈ സഭയിൽത്തന്നെ പറഞ്ഞിരുന്നു. ഇതിൽത്തന്നെ മുൻഗണനാ വിഭാഗത്തിന്റെ കണക്ക് പരിശോധിച്ചാൽ 96 ശതമാനം കാർഡുടമകളും റേഷൻ വിഹിതം കൈപ്പറ്റിയിട്ടുണ്ട്. റേഷൻ കടകളിൽ എത്തിക്കേണ്ട ഭക്ഷ്യധാന്യങ്ങൾ യഥാസമയം എത്തിച്ചുനൽകുകയും ഗുണഭോക്താക്കൾ അത് കൈപ്പറ്റുകയും ചെയ്യുന്നുണ്ടെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. 2018-ലാണ് അവസാനമായി റേഷൻ വ്യാപാരികളുടെ വേതനം പുതുക്കിയത്. എല്ലാ റേഷൻ വ്യാപാരികൾക്കും മിനിമം 18,000/- രൂപ കമ്മീഷനായി

ലഭിക്കണമെന്ന സമീപനമാണ് സർക്കാരിനുണ്ടായിരുന്നത്. ഓരോ റേഷൻ വ്യാപാരിക്കും വില്പനയ്ക്കായി അനുവദിക്കപ്പെട്ടിട്ടുള്ള വിഹിതത്തിന്റെ 70 ശതമാനം വില്പന പൂർത്തിയാക്കണമെന്ന നിബന്ധനയോടെയായിരുന്നു ഇത് നടപ്പാക്കിയത്. നിലവിൽ സംസ്ഥാനത്തെ റേഷൻ വ്യാപാരികളിൽ 84.4 ശതമാനം പേർക്കും 18,000/- രൂപയിൽ അധികം വേതനം ലഭിക്കുന്നുണ്ട്. ഇതിൽത്തന്നെ 2500-ൽ അധികം പേർക്ക് 30,000/- രൂപയിൽ അധികം പ്രതിമാസ വേതനം ലഭിക്കുന്നുണ്ട്. 10,000/- രൂപയിൽ താഴെ കമ്മീഷൻ ലഭിക്കുന്നത് 146 പേർക്ക് മാത്രമാണ്. 2023 ഡിസംബർ വരെയുള്ള ആധികാരിക കണക്കാണ് ഞാൻ പറയുന്നത്. NFSA (National Food Security Act, 2013)-ന്റെ അവിഭാജ്യ ഘടകമായ പോർട്ടബിലിറ്റി ഗുണഭോക്താക്കൾക്ക് സൗകര്യപ്രദവും ഗുണകരവുമായിട്ടാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്. ആധുനികവൽക്കരണത്തോടും സാങ്കേതിക പുരോഗതിയുടെ ഗുണഫലങ്ങളോടും പുറംതിരിഞ്ഞുനിൽക്കുന്ന സമീപനം ഒരു മേഖലയിലും ആശാസ്യമല്ല. വേതന പാക്കേജ് പുതുക്കണമെന്ന റേഷൻ വ്യാപാരികളുടെ ആവശ്യം പരിഗണിച്ച് നിയോഗിച്ച മൂന്നംഗ

സബ്കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. റേഷൻ വ്യാപാരികളുടെ വരുമാനം വർധിപ്പിക്കുന്നതിനും റേഷൻ കടകളുടെ സേവനം വൈവിധ്യവൽക്കരിക്കുന്നതിനുമായി സർക്കാർ കെ-സ്റ്റോർ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. നിലവിൽ 624 കടകൾ കെ-സ്റ്റോറുകളായി പരിവർത്തനം ചെയ്തിട്ടുണ്ട്. ഈ ഓണത്തോടെ ആയിരം കടകൾ കെ-സ്റ്റോറുകളായി മാറ്റാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. 2024 ജൂൺ മാസംവരെ കെ-സ്റ്റോറുകളിൽ 5 കോടിയിൽപ്പരം രൂപയുടെ വിറ്റുവരവുണ്ടായിട്ടുണ്ട്. സംസ്ഥാനത്തെ റേഷൻ വ്യാപാരി ഒരു കിലോഗ്രാം ഭക്ഷ്യധാന്യം വിതരണം ചെയ്യുമ്പോൾ ശരാശരി 2.90 രൂപയാണ് കമ്മീഷൻ ഇനത്തിൽ ലഭിക്കുന്നത്. ഇത് മറ്റ് സംസ്ഥാനങ്ങളിലുള്ളതിനേക്കാൾ കൂടുതലാണ്. കേരളത്തിലെ എ.എ.വൈ., പി.എച്ച്.എച്ച്. കാർഡുകളിലെ അംഗങ്ങളുടെ മസ്റ്ററിങ് പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽനിന്നും നിർദേശം ലഭിച്ചയുടൻതന്നെ യഥാവിധി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയുണ്ടായി. മസ്റ്ററിങ്ങിനായി നിലവിൽ ഉപയോഗിച്ചുകൊണ്ടിരുന്ന ഐ.ടി. മിഷന്റെ

കീഴിലുള്ള AAU, Authentication User Agency (AUA) സെർവർ കൂടാതെ എൻ.ഐ.സി. ഡൽഹിക്ക് കീഴിലുള്ള AUA സെർവർകൂടി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് എൻ.ഐ.സി. കേരള, ഹൈദരാബാദ്, ഡൽഹി എന്നിവരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അധികമായി എൻ.ഐ.സി. ഡൽഹിയുടെ കീഴിലുള്ള AAU സെർവർ ഉപയോഗിക്കാനുള്ള അനുവാദം ലഭിക്കുന്നപക്ഷം മസ്റ്ററിങ് ഉടൻ പൂർത്തീകരിക്കുന്നതാണ്. നാളിതുവരെ 2158462 പേരുടെ e-KYC അപ്ഡേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ആധാർ ഓതന്റിക്കേഷനിലൂടെ മാത്രമേ റേഷൻ വിതരണം നടത്താൻ സാധിക്കുകയുള്ളൂ. ഓതന്റിക്കേഷൻ കൂടാതെ റേഷൻ വിതരണം നടത്തിയാൽ കേന്ദ്രസർക്കാർ നൽകുന്ന സബ്സിഡിയിൽ കുറവുവരുത്തും. ഐ.ടി. മിഷന്റെ നിയന്ത്രണത്തിലുള്ള AAU സെർവർ, ബി.എസ്.എൻ.എൽ.-ന്റെ നിയന്ത്രണത്തിലുള്ള ഹൈദരാബാദിലെ ASA സെർവർ, ബാംഗ്ലൂരിലെ ആധാർ സെർവർ എന്നിവയുടെ ഏകോപിച്ചുള്ള പ്രവർത്തനം റേഷൻ വിതരണത്തിന് അനിവാര്യമാണ്. ഐ.ടി. മിഷൻ

ഒഴികെയുള്ള സെർവറുകളിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ഇടപെടലിന് പരിമിതികളുണ്ട്. എന്നിരുന്നാലും മേല്പറഞ്ഞ എല്ലാ സ്ഥാപനങ്ങളെയും കൂട്ടിയിണക്കിക്കൊണ്ട് ആധാർ ഓതന്റിക്കേഷനിലെ പ്രശ്നങ്ങൾ വലിയൊരളവുവരെ കുറച്ചുകൊണ്ടുവരുന്നതിന് വകുപ്പിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. സംസ്ഥാനത്തിന് അനുവദിക്കുന്ന ടൈഡ് ഓവർ വിഹിതമായിട്ടുള്ള 3.99 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം സംസ്ഥാനത്തിന്റെ ആവശ്യത്തിന് പര്യാപ്തമല്ല. പ്രതിമാസം ടൈഡ് ഓവർ വിഹിതമായി ഉപയോഗിക്കാൻ കഴിയുന്നത് 33250 മെട്രിക് ടൺ മാത്രമാണ്. ടൈഡ് ഓവർ വിഹിതം പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയാത്തത് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള monthly ceiling കൊണ്ടാണ്. ഇതിൽ ഇളവനുവദിച്ച് ഉത്സവ കാലയളവിൽ വാർഷിക പരിധിക്കുള്ളിൽനിന്ന് ഭക്ഷ്യധാന്യ വിതരണം നടത്താൻ കേന്ദ്ര സർക്കാരിൽനിന്ന് അനുമതി ലഭിക്കുന്നപക്ഷം ടൈഡ് ഓവർ വിഹിതം പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞ പോയിന്റ് ഇതാണ്. നമുക്ക് ചില നിബന്ധനകൾ വച്ചിരിക്കുന്നതിനാൽ അനുവദിക്കുന്ന

ഭക്ഷ്യധാന്യം പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ട്. അത് മാറ്റി നൽകാൻ കത്ത് കൊടുത്തിട്ടുള്ളതുകൂടാതെ ഞാൻ നേരിട്ട് കേന്ദ്രമന്ത്രിയെ വീണ്ടും കാണാൻ പോകുകയാണ്. നിലവിൽ റേഷൻ വ്യാപാരികളുടെ ജൂൺ മാസത്തെ കമ്മീഷൻ മാത്രമാണ് നൽകാനുള്ളത്. കാലതാമസം ഒഴിവാക്കി കമ്മീഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഭക്ഷ്യക്കിറ്റ് വിതരണം ചെയ്ത വകയിലുള്ള കമ്മീഷൻ നൽകണമെന്ന ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവ് നടപ്പാക്കുന്നതാണ്. സംസ്ഥാന സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഒറ്റത്തവണയായി തുക കൊടുത്തുതീർക്കാൻ കഴിയാത്തതിനാൽ ഘട്ടംഘട്ടമായി തുക വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്. ചില വ്യവസ്ഥകൾക്ക് വിധേയമായാണ് ഒരാൾക്ക് റേഷൻകട ലൈസൻസ് അനുവദിക്കുന്നത്. സ്വാഭാവികമായും പ്രസ്തുത വ്യവസ്ഥകൾ പാലിക്കാൻ ലൈസൻസി ബാധ്യസ്ഥനാണ്. റേഷൻകട നടത്തിപ്പുമായി ബന്ധപ്പെട്ട് എടുക്കേണ്ടതായ ലൈസൻസുകളുടെ ബാഹുല്യം കുറയ്ക്കാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിക്കുകയാണ്. റേഷൻ വ്യാപാരികളുടെ വിവിധ

സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങളിന്മേൽ 2024 ജൂൺ 4-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ റേഷൻ വ്യാപാരികൾ മുന്നോട്ടുവച്ച ആവശ്യങ്ങളിന്മേൽ അനുഭാവപൂർവമായ നടപടി സ്വീകരിക്കുമെന്ന് സർക്കാർ അറിയിക്കുകയുണ്ടായി. റേഷൻ വ്യാപാര മേഖലയെ ശക്തിപ്പെടുത്തിക്കൊണ്ട് ലൈസൻസികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുകയെന്നതാണ് ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാടെന്ന് ഈ സഭയിൽ വ്യക്തമാക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഈ വിഷയത്തെ പോസിറ്റീവായി എടുക്കാൻ തയ്യാറായതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. റേഷൻ വ്യാപാരികളുടെ പുതിയ വേതന പാക്കേജും അവരുടെ പ്രശ്നങ്ങളും കാരണമാണ് രാഷ്ട്രീയത്തിനതീതമായി ഇപ്പോൾ അവർക്ക് സമരരംഗത്ത് വരേണ്ടി വന്നത്. കടകൾ അടച്ചിട്ടിരിക്കുകയാണ്. അവ തുറന്ന് പ്രവർത്തിക്കേണ്ടതാണ്. അതുകൊണ്ട് ഗവൺമെന്റ് റേഷൻ വ്യാപാരികളുടെ സംയുക്ത സമര സമിതിയുമായി അടിയന്തര ചർച്ചയ്ക്ക് തയ്യാറാകുമോ;

പ്രശ്നങ്ങൾ പരിഹരിക്കാൻ സാധ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ മുന്നോട്ടുവരുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, സംസ്ഥാനത്ത് ദേശീയ പ്രസ്ഥാന തൊഴിലാളി സംഘടനകളുടെ പണിമുടക്കുകളൊക്കെ നടക്കുമ്പോൾ പാൽ, റേഷൻ കട തുടങ്ങിയവയൊക്കെ ഒഴിവാക്കുന്ന രീതിയാണ് ഉണ്ടായിട്ടുള്ളത്. ഭക്ഷ്യധാന്യം ആളുകൾക്ക് നൽകാത്തൊരു നിലപാടിലേയ്ക്ക് പോകാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. പ്രസ്തുത വിഷയം സംബന്ധിച്ച പണിമുടക്ക് നോട്ടീസ് കണ്ടയുടൻതന്നെ അവരെ വിളിച്ച്, ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ സംസാരിച്ചു. അവർക്ക് ചെയ്തുകൊടുക്കാവുന്ന എല്ലാ ഉറപ്പുകളും കൃത്യമായി പറയുകയുണ്ടായി. എന്നാൽ സമരവുമായി അവർ മുന്നോട്ടുപോകുന്ന നിലപാടാണ് സ്വീകരിച്ചത്. അവരുമായി ഒരു ശത്രുതയുമില്ല. അവരുടെ ന്യായമായ ആവശ്യങ്ങൾ ചർച്ച ചെയ്യാൻ വീണ്ടും ഗവൺമെന്റ് തയ്യാറാണ്. ആ ചർച്ചയിലൂടെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനാണ് ആഗ്രഹിക്കുന്നത്. 2018-ലാണ് റേഷൻ വ്യാപാരികളുടെ വേതനം പുതുക്കുന്നതുമായി ബന്ധപ്പെട്ട്

വ്യവസ്ഥയുണ്ടാക്കിയത്. അതുകഴിഞ്ഞ് വേതന പാക്കേജിനെ സംബന്ധിച്ച് ഗവൺമെന്റ് നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട് കഴിഞ്ഞ മാസം 30-ാം തീയതി ലഭിച്ചു. അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

{11.20 a.m.}

V. സബ്മിഷൻ

(1) പി.എസ്.സി. അംഗങ്ങളുടെ നിയമന വിവാദം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കോഴിക്കോട് സി.പി.ഐ.(എം.) ടൗൺ ഏരിയാ കമ്മിറ്റി അംഗം, കേരള പബ്ലിക് സർവീസ് കമ്മീഷനിൽ അംഗമായി നിയമനം വാഗ്ദാനം ചെയ്ത് കോഴിക്കോട് സ്വദേശിനിയായ ഒരു വനിതാ ഡോക്ടറിൽനിന്നും 22 ലക്ഷം രൂപ കൈപ്പറ്റിയെന്നുള്ള ആരോപണം വളരെ ഗൗരവമുള്ളതാണ്. സംസ്ഥാന മന്ത്രിസഭയിൽ അംഗമായ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും സി.പി.ഐ.(എം.) കോഴിക്കോട് ജില്ലാ സെക്രട്ടറിയുടെയും ജില്ലയിൽനിന്നുള്ള ചില എം.എൽ.എ.-മാരുടെയും പേരുകൾ പറഞ്ഞ് ഈ

യുവനേതാവ് കോഴിക്കോട് സ്വദേശിനിയോട് ആദ്യം 60 ലക്ഷം രൂപ ആവശ്യപ്പെടുകയും 22 ലക്ഷം രൂപ കൈപ്പറ്റുകയും ചെയ്തുവെന്നാണ് ആരോപണം വന്നിരിക്കുന്നത്. ഭരണഘടനാ സ്ഥാപനമായ പബ്ലിക് സർവീസ് കമ്മീഷന്റെ മുഴുവൻ പ്രവർത്തനങ്ങളെയും സംശയത്തിന്റെ നിഴലിൽ നിർത്തുന്ന ഗുരുതരമായ ആരോപണം ഉയർന്നുവന്നിട്ടും പോലീസ് ഇക്കാര്യത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ തയ്യാറായിട്ടില്ല. ചിലപ്പോൾ എം.പി.-മാരുടെയോ മന്ത്രിമാരുടെയോ എം.എൽ.എ.-മാരുടെയോ ഒക്കെ പേരുപറഞ്ഞ് അജ്ഞാതരായ, നമ്മൾ കണ്ടിട്ടുപോലുമില്ലാത്തവർ തട്ടിപ്പ് നടത്താറുണ്ട്. പക്ഷെ, ഇത് എപ്പോഴും ഇവരുടെ കൂടെ നടക്കുന്നവരും സന്തതസഹചാരികളുമായിട്ടുള്ളവരാണ്. ഇത്തരത്തിൽ ആരോപണ വിധേയരായിരിക്കുന്നവർ തെറ്റുകാരാണെന്നുള്ള വിധിയിലേക്കൊന്നുമല്ല ഞാൻ പോകുന്നത്. പക്ഷേ ഇത്തരം വ്യക്തികൾ ഭരണകക്ഷി പാർട്ടിയിലുണ്ട്. നിങ്ങളെയൊക്കെ ചൂണ്ടിക്കാണിച്ച്, നിങ്ങൾക്ക് തരാനാണെന്ന് പറഞ്ഞ് ജനങ്ങളുടെ കൈയിൽനിന്ന് പണം വാങ്ങുന്നവരുണ്ട്. ഞാൻ വായിക്കാനിടയായ വാർത്ത ശരിയാണോയെന്ന്

എനിക്കറിയില്ല; ഒരു കോക്കസ് ഇങ്ങനെ പ്രവർത്തിക്കുന്നുവെന്നുപറഞ്ഞ് പരാതി കൊടുത്തത് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിതന്നെയാണ്. കണ്ണുരുള്ളതുപോലെ ഒരു കോക്കസ് കോഴിക്കോടും പ്രവർത്തിക്കുന്നുവെന്നാണ് അതിനർഥം. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, പബ്ലിക് സർവീസ് കമ്മീഷൻ അംഗം എന്നുപറയുന്നത് ഒരു കോൺസ്റ്റിറ്റ്യൂഷണൽ പോസ്റ്റാണ്. അതിലെ നിയമനം ലേലത്തിൽ വയ്ക്കുകയാണ്. ഇത് ആദ്യത്തെ സംഭവമാണോ? ഇതിനുമുമ്പ് ഘടകകക്ഷിയായ എൻ.സി.പി.-യുടെ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ബിജു ആബേൽ ജേക്കബിന്റെ ടെലിഫോൺ സംഭാഷണം പുറത്തുവന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പി.എസ്.സി. അംഗത്തെ നിയമിക്കാൻവേണ്ടി എൻ.സി.പി. ലക്ഷക്കണക്കിന് രൂപ വാങ്ങിച്ചിട്ടുണ്ടെന്ന് ആരോപണം ഉന്നയിച്ചിട്ടുണ്ടായിരുന്നു. മറ്റൊരു ഘടകകക്ഷിയായ ജനതാദൾ (സെക്കുലർ)-ന്റെ കാര്യത്തിൽ പാർട്ടിയുടെ സംസ്ഥാന നേതാക്കൾതന്നെ പരാതി കൊടുത്തു. ഒരു വർഷമായി ആ പാർട്ടിയുടെ പോസ്റ്റിലും നിയമനം

നടത്താതിരിക്കുകയാണ്. ഏറ്റവും കൂടുതൽ തുക കൊടുക്കുന്നയാൾക്കാണ് നിയമനം കൊടുക്കുന്നത്. അതുകൊണ്ട് അത് ലേലത്തിൽവച്ചിരിക്കുകയാണ്. ഇതിനുമുമ്പ് INL എം.എൽ.എ.-യെ സംബന്ധിച്ചും ഒരാക്ഷേപം വന്നിട്ടുണ്ട്. ഇതിൽ എത്ര പി.എസ്.സി. അംഗത്തിനെയാണ് ലേലത്തിൽ വച്ചിരിക്കുന്നത്? 'മുമ്പേ ഗമിക്കുന്ന ഗോവ് തന്റെ പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം' എന്ന് പറയുന്നതുപോലെ ഈ സർക്കാരിന് നേതൃത്വം കൊടുക്കുന്ന ഒരു പാർട്ടി, ഇത്തരത്തിൽ പി.എസ്.സി. അംഗങ്ങളുടെ നിയമനം ലേലത്തിൽ വച്ചാൽ ബാക്കിയുള്ള ഘടകകക്ഷികളെല്ലാം അങ്ങനെ ചെയ്യില്ലേ? പി.എസ്.സി. മെമ്പർ പോസ്റ്റാണ് ലേലത്തിൽ വച്ചിരിക്കുന്നത്. ഇങ്ങനെ കാശ് കൊടുത്ത് നിയമനം വാങ്ങുന്നവർ ഇവിടെ വന്നിട്ട് എന്താണ് ചെയ്യാൻ പോകുന്നത്? 60-ഉം 90-ഉം ലക്ഷം രൂപയൊക്കെ കൊടുത്ത് അംഗമാകുന്നവർ പി.എസ്.സി.-യിൽ വന്നിരുന്നാൽ അവിടത്തെ ഇന്റർവ്യൂവിന് എന്ത് വിശ്വാസ്യതയാണുള്ളത്? ലക്ഷക്കണക്കിന് ചെറുപ്പക്കാർ സ്വപ്നവും പ്രതീക്ഷയുമായി പബ്ലിക് സർവീസ് കമ്മീഷനെ കാണുന്ന ഇക്കാലത്ത് അതിലെ അംഗങ്ങളെ ലേലത്തിൽവച്ച് കാശ്

വാങ്ങിച്ചിട്ടാണോ നിയമിക്കുന്നത്? ഇത് എന്തൊരു അപമാനകരമായ കാര്യമാണ്; ഈ സംസ്ഥാനത്തിന് മുഴുവൻ അപമാനകരമായ കാര്യമാണിത്. ഇത് നിങ്ങളുടെ പാർട്ടിയിലെ ആഭ്യന്തര കാര്യമൊന്നുമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ഇത് സബ്മിഷനാണ്, അവസാനിപ്പിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, let me complete. ഞാനിപ്പോൾ പറഞ്ഞ് അവസാനിപ്പിക്കാം. ഇത് നിങ്ങൾ നിങ്ങളുടെ പാർട്ടിയിലെ ആഭ്യന്തരകാര്യംപോലെ കൈകാര്യം ചെയ്യുകയാണ്. ഇക്കാര്യത്തിൽ പാർട്ടി പോലീസ് സ്റ്റേഷനും പാർട്ടി കോടതിയുമായാൽ പോരാ. നിങ്ങളുടെ എം.എൽ.എ.-മാരുടെയും മന്ത്രിമാരുടെയും പേര് പറഞ്ഞ് കബളിപ്പിച്ച് കാശ് വാങ്ങിച്ചുവെന്നുള്ള പരാതി കൈയിൽ ലഭിച്ചിട്ട് എന്തുകൊണ്ടാണ് നിങ്ങൾ അത് പോലീസിലേക്ക് റെഫർ ചെയ്യാത്തത്? എന്തുകൊണ്ടാണ് അതുകൊണ്ടുപോയി ഫ്രീസറിൽ വച്ചത്; നിങ്ങളത് പോലീസിന് കൊടുക്കേണ്ടതല്ലേ; ഇതൊരു ക്രിമിനൽ കുറ്റമല്ലേ; ഗൗരവതരമായ കാര്യമല്ലേ? പി.എസ്.സി. അംഗങ്ങളുടെ നിയമനത്തിൽ സുതാര്യത

ഉറപ്പുവരുത്തുന്ന കാര്യത്തിലും എഫ്.ഐ.ആർ. ഇട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന കാര്യത്തിലും സർക്കാർ അടിയന്തരമായി നടപടി സ്വീകരിക്കണം. പല രംഗത്തും ഇത്തരം കോക്കസുകൾ പ്രവർത്തിക്കുന്നുണ്ട്. സബ്മിഷനായതുകൊണ്ട് അതിനെക്കുറിച്ചൊന്നും വിശദീകരിക്കുന്നില്ല. ഇക്കാര്യത്തിൽ അടിയന്തരമായ അന്വേഷണം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ രാജ്യത്ത് ഏറ്റവും മാതൃകാപരമായ പ്രവർത്തനം നടത്തുന്ന റിക്രൂട്ടിംഗ് ഏജൻസിയാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ. സുതാര്യമായ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ഇതുവരെ യാതൊരുതരത്തിലുള്ള ബാഹ്യ ഇടപെടലുമുണ്ടായിട്ടില്ലെന്നുള്ളത് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഭരണഘടനാ സ്ഥാപനമായ കേരള പബ്ലിക് സർവീസ് കമ്മീഷനിലെ അംഗങ്ങളുടെയും ചെയർമാന്റെയും നിയമനം 1957-ലെ Kerala Public Service Commission (Composition and Conditions of Service of Members and Staff) regulations പ്രകാരമാണ് നടത്തുന്നത്. അംഗങ്ങളുടെയും ചെയർമാന്റെയും കാര്യത്തിൽ മന്ത്രിസഭ പരിഗണിച്ചുനൽകുന്ന ശിപാർശകളിൽ ബഹുമാനപ്പെട്ട ഗവർണ്ണറുടെ

അംഗീകാരത്തോടുകൂടിയാണ് നിയമനം നടത്തുന്നത്. കുറ്റമറ്റതും സുതാര്യവുമായ തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് പി.എസ്.സി. നിയമനങ്ങൾ നടത്തുന്നത്. ഭരണഘടന അനുശാനിക്കുന്ന പ്രകാരം കമ്മീഷൻ അതിന്റെ കർത്തവ്യങ്ങൾ കാര്യക്ഷമതയോടെ നിർവഹിച്ചുവരികയാണ്. അത്തരമൊരു ഭരണഘടനാ സ്ഥാപനത്തെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള ആരോപണങ്ങൾ നിർഭാഗ്യകരമാണ്. പി.എസ്.സി. അംഗങ്ങളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള മാധ്യമ വാർത്തകളല്ലാതെ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകളുണ്ടായതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എസ്.സി. അംഗങ്ങളുടെ നിലയെടുത്ത് പരിശോധിച്ചാൽ 1982-ൽ 9 അംഗങ്ങളായിരുന്ന ഉണ്ടായിരുന്നത്. 1983-ലാണ് അത് 13 അംഗങ്ങളായി മാറുന്നത്. 1984 ആയപ്പോൾ അത് 15 അംഗങ്ങളായി. പിന്നീടൊരു മാറ്റം വരുന്നത് 2005-ലാണ്. അന്നത് 18 ആയി. 2013 ആയപ്പോൾ വീണ്ടും മാറ്റം വന്നു. 21 അംഗങ്ങളായി. ഞാൻ ഇവിടെ സൂചിപ്പിച്ച വർഷങ്ങളെല്ലാം യു.ഡി.എഫ് ഭരണകാലത്തിന്റേതാണ്. ഇതുവരെ എൽ.ഡി.എഫ്. സർക്കാർ ഈ

നിലയിലുള്ള അംഗത്വത്തിൽ വർധനവ് വരുത്താൻ തയ്യാറായിട്ടില്ല. 2016-ൽ ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ 21 അംഗങ്ങൾ പി.എസ്.സി.-യിൽ ആവശ്യമുണ്ടോ എന്നൊരു പരിശോധന സ്വാഭാവികമായി നടത്തി. എന്നാൽ പി.എസ്.സി.-യുടെ ഭാഗമായി ധാരാളം റിക്രൂട്ട്മെന്റുകൾ നടക്കുന്നു എന്ന തരത്തിലുള്ള വാദഗതികൾ വന്നപ്പോൾ ഞങ്ങൾ അത് അംഗീകരിച്ചുകൊടുക്കുകയാണുണ്ടായത്. ഞങ്ങൾ ഏതെങ്കിലും ഒരാളുടെ എണ്ണവും ഒരു ഘട്ടത്തിലും വർധിപ്പിക്കാൻ തയ്യാറായിട്ടില്ല. നമ്മുടെ സംസ്ഥാനത്തെ പി.എസ്.സി.-യിൽ നിയമിക്കപ്പെടുന്നവരെക്കുറിച്ച് പൊതുവിൽ വലിയ ആക്ഷേപങ്ങളൊന്നും ഉയർന്നുവന്നിരുന്നില്ലെന്നതാണ് വസ്തുത. എന്നാൽ നാം ഓർക്കേണ്ട കാര്യം, 2004-ൽ ഇതുമായി ബന്ധപ്പെട്ട് വലിയ വിവാദം ഉയർന്നുവന്നിരുന്നു. അന്തരിച്ചുപോയ കെ. കരുണാകരൻ, ഉമ്മൻ ചാണ്ടി, ആര്യാടൻ മുഹമ്മദ്, വക്കം പുരുഷോത്തമൻ എന്നിവരുടെയെല്ലാം പേരുകളുമായി ബന്ധപ്പെട്ടുള്ള വിവാദങ്ങൾ ആ ഘട്ടത്തിൽ ഉയർന്നുവന്നത് നമ്മളെല്ലാവരും കേട്ടിട്ടുള്ളതാണ്.

ഇവിടെ നിയതമായ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടാണ് പി.എസ്.സി. അംഗങ്ങളെ നിയമിക്കുന്നത്. സർവഥാ യോഗ്യരായ ഇത്തരമൊരു ഭരണഘടനാ സ്ഥാപനത്തിലിരിക്കാൻ അർഹതയുള്ള ആളുകളെ മാത്രം നിശ്ചയിക്കുകയെന്ന രീതിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. അതിനകത്ത് ഏതെങ്കിലും തരത്തിലുള്ള തെറ്റായ രീതികളോ ദുഃസ്വാധീനങ്ങളോ ഉണ്ടാകുന്നില്ലെന്നത് ഉറപ്പിച്ച് പറയാൻ കഴിയും. അതുകൊണ്ടുതന്നെ ഇതുവരെയുള്ള പി.എസ്.സി.-യുടെ പ്രവർത്തനമെടുത്ത് പരിശോധിച്ചാൽ നിയമിക്കപ്പെട്ട പി.എസ്.സി. അംഗങ്ങളെക്കുറിച്ച് എന്തെങ്കിലും ആക്ഷേപമോ പി.എസ്.സി. അംഗങ്ങളുടെ നിയമനത്തെക്കുറിച്ച് മറ്റേതെങ്കിലും തരത്തിലുള്ള ആക്ഷേപമോ ഉയർന്നുവന്നിട്ടില്ലെന്ന് കാണാൻ സാധിക്കും. ഭരണഘടന ഉറപ്പുനൽകുന്ന തരത്തിലുള്ള കൃത്യമായ ചുമതല ഇവർ നിറവേറ്റുന്നുവെന്നതാണ് നമുക്ക് കാണാൻ കഴിയുന്ന വസ്തുത. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഇന്ന് ഈ പ്രശ്നം ഇവിടെ ഉന്നയിക്കാൻ തീരുമാനിച്ചു. അദ്ദേഹം ഒരു അഡ്വക്കേറ്റ് കൂടിയായതുകൊണ്ട് ഇതിന് ഉപോൽബലകമായ വസ്തുതകൾ

വേണമല്ലോയെന്നതിന്റെ അടിസ്ഥാനത്തിൽ ഇന്ന് കാലത്ത് 8.21-ന് കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർക്ക് ഇത്തരമൊരു ആക്ഷേപം ഉന്നയിച്ചുകൊണ്ട് ഇന്ത്യൻ യൂത്ത് കോൺഗ്രസ് ജനറൽ സെക്രട്ടറി എന്ന് പറഞ്ഞുകൊണ്ട് ഒരു ഇ-മെയിൽ അയച്ചിട്ടുണ്ട്. അതാണ് ആദ്യമായി കിട്ടിയ ഒരു പരാതി. ഒരു പരാതി വേണമല്ലോ എന്ന കൃത്യമായ ധാരണയോടുകൂടി പ്രതിപക്ഷ നേതാവ് തയ്യാറാക്കിയതാണ് പ്രസ്തുത പരാതിയെന്ന് ആർക്കും മനസ്സിലാകും. അതുമായി ബന്ധപ്പെട്ട് ഏത് തരത്തിലുള്ള ഗൗരവമായ അന്വേഷണവും നടത്താൻ സർക്കാർ സന്നദ്ധമാകും. ഒരു തരത്തിലുള്ള വഴിവിട്ട നടപടികളും ഇവിടെ അംഗീകരിക്കപ്പെടുകയോ വകവച്ച് കൊടുക്കുകയോ ചെയ്തില്ല. അതാണ് സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നിലപാട്. അതുകൊണ്ടുതന്നെ ഒരു ആശങ്കയും അക്കാര്യത്തിലുണ്ടാകേണ്ടതായിട്ടില്ല. തട്ടിപ്പുകൾ നാട്ടിൽ പലതരത്തിൽ നടത്താറുണ്ട്. പലരും തട്ടിപ്പുകൾ നടത്താൻ തയ്യാറാകാറുമുണ്ട്. ആ തട്ടിപ്പുകൾ നടത്തുന്നവർക്കെതിരെ ശക്തമായ നടപടി എടുക്കുന്നുണ്ടോ എന്നുള്ളതാണ് പ്രധാനം. ആ നടപടിക്ക് സർക്കാർ തയ്യാറാണ്. കടുത്ത

നടപടി തന്നെ സ്വീകരിക്കും. അതിനൊരു തരത്തിലുള്ള വിട്ടുവീഴ്ചയും ഉണ്ടാവുകയുമില്ല. ഒരു അപേക്ഷ മാത്രമേയുള്ളൂ, നമ്മുടെ ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.-യെ ഇതിന്റെ ഭാഗമായി കരിവാരി തേയ്ക്കാൻ ശ്രമിക്കരുത്. ..... (ബഹളം).....

ശ്രീ. വി. ഡി. സതീശൻ: സർ, ...(ബഹളം)..... ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ ഞങ്ങൾക്ക് പ്രതിഷേധമുണ്ട്. ഞങ്ങൾക്ക് പ്രതിഷേധം രേഖപ്പെടുത്തി വാക്കൗട്ട് നടത്താനുള്ള അവസരം ഒരുക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രതിപക്ഷ നേതാവിന്റെ വാക്കൗട്ട് പ്രസംഗമാണ്. നിങ്ങൾ അവിടെ ഇരിക്കൂ.... (ബഹളം)... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് പ്രസംഗിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഈ സഭയിലെ പ്രീസിഡന്റ് അറിയാത്തതുകൊണ്ടാണ്. ശ്രീ. വി. എസ് അച്ചുതാനന്ദനടക്കമുള്ള പ്രതിപക്ഷ നേതാക്കന്മാർ സബ്മിഷൻ സമയത്ത് ഇവിടെ വാക്കൗട്ട് നടത്തിയ പ്രീസിഡൻസുണ്ട്.

എല്ലാ സ്പീക്കർമാരും അതനുവദിച്ചിട്ടുണ്ട്. ഒരാൾക്ക് മാത്രമേ വാക്കൗട്ട് പ്രസംഗം അനുവദിക്കുകയുള്ളൂ. ബാക്കിയുള്ള കക്ഷി നേതാക്കളെ അനുവദിക്കില്ല. അങ്ങ് പുതിയ ആളായതുകൊണ്ട് അറിയാത്തതാണ്. ... (ബഹളം) ... നിങ്ങൾക്ക് അറിയാത്തതുകൊണ്ടാണ് ബഹളമുണ്ടാക്കുന്നത്. നിങ്ങൾ ഇരിക്കൂ. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗുരുതരമായ ഒരു ആരോപണം എനിക്കെതിരെ ഉന്നയിച്ചു. അതായത് എനിക്ക് ഈ നിയമസഭയിൽ സബ്മിഷൻ ഉന്നയിക്കാൻ വേണ്ടിയാണ് ഞാൻ ഇന്ന് രാവിലെ 8.21-ന് ഈ വിഷയത്തിൽ യൂത്ത് കോൺഗ്രസ്സിന്റെ സെക്രട്ടറിയെക്കൊണ്ട് പരാതി നൽകിയതെന്നാണ്. ഞാനിക്കാര്യം അറിഞ്ഞിട്ടില്ല, എന്റെ അറിവോടുകൂടിയല്ല പരാതി നൽകിയിരിക്കുന്നത്. ഇവിടത്തെ വിഷയം അതല്ലല്ലോ? അങ്ങനെയാണെങ്കിൽ നിങ്ങളുടെ പോലീസ് എന്തിനാണ് ഇന്നലെ ഈ ഡോക്ടർ ദമ്പതികളുടെ മൊഴിയെടുത്തത്; ഇങ്ങനെയൊരു സംഭവം ഇല്ലെങ്കിൽ എന്തിനാണ് നിങ്ങളുടെ പാർട്ടി സെക്രട്ടറിയും എം.എൽ.എ.-യുമായ ശ്രീ. എം. വി. ഗോവിന്ദൻ ഈ ആരോപണം പാർട്ടിയും സർക്കാരും പരിശോധിക്കുമെന്ന്

പറഞ്ഞത്. നിങ്ങളിപ്പോൾ നെഗോഷിയേറ്റ് ചെയ്ത് വാങ്ങിയ പണം തിരിച്ചുകൊടുത്ത് ഇത് സെറ്റിൽ ചെയ്യാൻ നോക്കുകയാണ്; നിങ്ങൾ ഗുരുതരമായ കുറ്റമാണ് ചെയ്യുന്നത്. അങ്ങാണ് പി.എസ്.സി.-യെ കരിവാരി തേച്ച് പി.എസ്.സി.-യുടെ ക്രെഡിബിലിറ്റി കളഞ്ഞ് ഇവരെയെല്ലാം സംരക്ഷിക്കുന്നത്. പണം നിങ്ങളുടെ പാർട്ടിക്കാർ വാങ്ങിയിട്ട് നിങ്ങൾ അവരെ സംരക്ഷിക്കുന്നത് നല്ലതല്ല. അതിൽ ശക്തിയായി പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ബഹു. മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞത് തീർത്തും വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ്. ഇവിടെ ഏതെങ്കിലും തരത്തിലുള്ള ഒത്തുതീർപ്പിനോ അതുമായി ബന്ധപ്പെട്ട മറ്റ് നടപടികൾക്കോ സർക്കാർ തയ്യാറായിട്ടില്ല. ഏതെങ്കിലും തരത്തിലുള്ള

തെറ്റായ കാര്യങ്ങൾ നടന്നാൽ ആ തെറ്റിനെതിരെ, അത് ആരുടെ ഭാഗത്തുനിന്നുണ്ടായാലും കർക്കശമായ നടപടിയെടുക്കുക എന്നതാണ് സർക്കാർ സ്വീകരിച്ചുവരുന്ന നിലപാട്. അദ്ദേഹത്തിന്റെ പാർട്ടി രീതിവച്ചും പാർട്ടിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അറിവുവച്ചും അത് മറ്റുള്ളവരെ ആക്ഷേപിക്കുന്ന രീതിയാകാൻ പാടില്ല. അതൊക്കെ കോൺഗ്രസ്സിന്റെ രീതിയും ശൈലിയുമാണ്. അത് കോൺഗ്രസ്സിന് മാത്രം അവകാശപ്പെട്ടതാണ്. അതൊന്നും ഞങ്ങൾക്കോ എൽ.ഡി.എഫ്.-നോ ഈ സർക്കാരിനോ ബാധകമായിട്ടുള്ളതല്ലെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(2) അനധികൃത തൊഴിൽ റിക്രൂട്ട്മെന്റ്

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളം അതിഗുരുതരമായ ഒരു സാമൂഹിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. നമ്മുടെ യുവാക്കളുടെ തൊഴിലില്ലായ്മ ചൂഷണം ചെയ്തുകൊണ്ട് വിദേശ തട്ടിപ്പുകാർ അവരെ അന്യരാജ്യങ്ങളിലേയ്ക്ക് കടത്തി മനുഷ്യക്കടത്തിനും ഓൺലൈൻ തട്ടിപ്പുകൾക്കും മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും

ദുരുപയോഗപ്പെടുത്തുന്ന സംഭവങ്ങൾ ദൈനംദിനം വർധിച്ചുവരികയാണ്. നിരവധി ദൃശ്യമാധ്യമങ്ങളിലടക്കം ഇതുസംബന്ധിച്ച റിപ്പോർട്ടുകൾ വരുന്നുണ്ട്. ഏഷ്യാനെറ്റിൽ "ചതി ചൈനയിലൂടെ" എന്ന ഒരു പരമ്പര വന്നിരുന്നു. റിപ്പോർട്ടർ എസ്. അരുൺകുമാർ കൊണ്ടുവന്ന ഒരു വാർത്തയാണ്. വിദേശരാജ്യങ്ങളിലെ കോൾ സെന്ററുകളിലേയ്ക്കാണ് കേരളത്തിലെ യുവതീ-യുവാക്കളെ റിക്രൂട്ട് ചെയ്യുന്നത്. അവിടെയെത്തപ്പെടുന്ന മലയാളികളായ ചെറുപ്പക്കാർ തട്ടിപ്പുകൾ ആസൂത്രണം ചെയ്യുന്നതായി പുറത്തുവരുന്ന റിപ്പോർട്ടുകളിൽനിന്ന് മനസ്സിലാകുകയാണ്. ഇത്തരത്തിൽ ചൈനീസ് തട്ടിപ്പ് സംഘങ്ങളുടെ വലയിൽ അകപ്പെട്ട അയ്യായിരത്തോളം ഇന്ത്യക്കാർ രക്ഷപ്പെടാനുള്ള വഴി തേടുകയാണെന്നാണ് റിപ്പോർട്ട്. നിരവധി മലയാളികളും ഈ സംഘത്തിലുണ്ട്. ഇന്ത്യക്ക് ഡിപ്ലോമാറ്റിക്ക് റിലേഷൻസില്ലാത്ത രാജ്യങ്ങളിലും സ്ഥലങ്ങളിലുമാണ് ഇത്തരം മലയാളികളായിട്ടുള്ള ഇന്ത്യക്കാർ കുടുങ്ങിക്കിടക്കുന്നത്. ഇത് സ്ഥിതിഗതികൾ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്. ഉയർന്ന ശമ്പളം വാഗ്ദാനം ചെയ്ത് കമ്പോഡിയ,

മ്യാൻമർ, തായ്ലാന്റ്, വിയറ്റ്നാം എന്നീ രാജ്യങ്ങളിലേയ്ക്ക് ചെറുപ്പക്കാരെ ഇതുപോലെ കയറ്റി അയയ്ക്കുകയാണ്. ഇത്തരം തട്ടിപ്പ് കമ്പനികളുടെ ഏജന്റുമാരായി നിരവധിയാളുകൾ കേരളത്തിൽ ഇന്ന് പ്രവർത്തിക്കുകയാണ്. ഇവർ നൽകുന്ന വാഗ്ദാനങ്ങളിൽ കുടുങ്ങി വിവിധ രാജ്യങ്ങളിൽ എത്തുന്നവർ തട്ടിപ്പ് തിരിച്ചറിയുമ്പോഴേയ്ക്കും രക്ഷപ്പെടാനുള്ള എല്ലാ വഴികളും അടഞ്ഞിരിക്കും. ഇന്ത്യാ ഗവൺമെന്റുമായി ഡിപ്ലോമാറ്റിക് റിലേഷൻസില്ലാത്ത പല രാജ്യങ്ങളിലും ഇതുപോലെ ചെറുപ്പക്കാർ കുടുങ്ങി കിടക്കുന്നുണ്ട്. ഇതുവരെ അയ്യായിരം പേരുടെ പരാതികൾ വിവിധ ഏജൻസികൾക്ക് ലഭിച്ചിട്ടുണ്ട്. പക്ഷേ തട്ടിപ്പിനിരയായവരുടെ എണ്ണം ഇതിലും വളരെ കൂടുതലാണ്. കുടുങ്ങി കിടക്കുന്നവരിൽ കൂടുതലും കേരളത്തിൽ നിന്നുള്ളവരാണെന്നാണ് വിദേശ മന്ത്രാലയത്തിന്റെ ഒരു റിപ്പോർട്ടിൽ പറയുന്നത്. വിദേശ തട്ടിപ്പുകാരുടെ ഹബ്ബായി കേരളം മാറാൻ പാടില്ല. രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും സാമ്പത്തിക ഭദ്രതയെപ്പോലും അപകടത്തിലാക്കുന്ന പ്രവർത്തനങ്ങളാണ് ഇതിലൂടെ നടക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് തൃശ്ശൂരിലും കൊല്ലത്തും രജിസ്റ്റർ ചെയ്ത

കേസുകളുടെ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് അന്വേഷണം വ്യാപിപ്പിക്കുന്നതിനും തട്ടിപ്പുകാരുടെ വലയിലകപ്പെട്ട മുഴുവൻ പേരെയും മോചിപ്പിക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഈ മാഫിയാ ശൃംഖല പൊട്ടിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണം. സി.ബി.ഐ., എൻ.ഐ.എ. പോലുള്ള കേന്ദ്ര ഏജൻസികളുടെ അന്വേഷണം ഇക്കാര്യത്തിൽ അനിവാര്യമാണ്. റിക്രൂട്ടിംഗ് സംഘങ്ങളുടെ അടിവേര് അറുക്കുന്നതിന് സർക്കാർ ശക്തമായ നിയമനടപടി സ്വീകരിക്കണം. തട്ടിപ്പിനിരയായി അന്യരാജ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്ന മുഴുവൻ മലയാളികളെയും തിരിച്ചെത്തിക്കുന്നതിന് കേന്ദ്ര സർക്കാരുമായി സംസ്ഥാന ഗവൺമെന്റ് സമ്പർക്കം പുലർത്തേണ്ടതായിട്ടുണ്ട്. വിദേശത്തേയ്ക്ക് ജോലി തേടിപ്പോകുന്നവരെ സഹായിക്കുന്നതിനും ഇത്തരം തട്ടിപ്പുകളിൽ അകപ്പെടാതെ ജോലി വാഗ്ദാനത്തിന്റെ വിശ്വാസ്യത ഉറപ്പുവരുത്താനും നോർക്കയുടെ കീഴിൽ പ്രത്യേകമൊരു ഫെസിലിറ്റേഷൻ

സെന്റർകൂടി ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ സംസ്ഥാനത്തെ യുവതീ-യുവാക്കളെ സമൂഹമാധ്യമങ്ങളിലൂടെ വ്യാജ പരസ്യം നൽകിയും ഉയർന്ന ശമ്പളം വാഗ്ദാനം ചെയ്തും വ്യാജ റിക്രൂട്ട്മെന്റ് ഏജന്റുമാർ മ്യാൻമാർ, തായ്ലന്റ് അതിർത്തിയിലേയ്ക്കും മറ്റും കടത്തുന്നതായും ഇവരെ വിവിധതരം ഓൺലൈൻ തട്ടിപ്പുകൾക്കും നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും ഉപയോഗിച്ചുവരുന്നതായുമുള്ള പരാതി ലഭിച്ചയുടൻതന്നെ മ്യാൻമർ യാത്രാപ്രശ്നം മുൻനിർത്തിയുള്ള മാർഗനിർദേശങ്ങളും മുന്നറിയിപ്പും കേരളത്തിലുടനീളം സമൂഹമാധ്യമങ്ങളിലൂടെ നോർക്ക റൂട്ട്സ് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം മ്യാൻമറിലെ ഇന്ത്യൻ എംബസിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം തട്ടിപ്പ് സംഘത്തിൽനിന്നും രക്ഷപ്പെട്ട് നാട്ടിലെത്തിയവരിൽനിന്നും ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ

രണ്ടുപേർക്കെതിരെയും കണ്ടാലറിയാവുന്ന ഏജന്റിനെതിരെയും കേസ് രജിസ്റ്റർ ചെയ്യുകയും രണ്ടുപേരെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വ്യാജ സിം കാർഡ് നിർമ്മിച്ച് സൈബർ സാമ്പത്തിക തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സ്വദേശികളായ രണ്ടുപേരെ അറസ്റ്റുചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. തട്ടിപ്പുകൾ തടയാനും വ്യാജ റിക്രൂട്ട്മെന്റ് ഏജന്റുമാരെ കണ്ടെത്താനും നവ മാധ്യമങ്ങൾവഴിയുള്ള പരസ്യങ്ങൾ തടയാനും ഫലപ്രദമായ നടപടി പോലീസ് സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി റിസർവ് ബാങ്ക് ഗവർണർക്കും ഇന്ത്യൻ സൈബർസെൽ കോ-ഓർഡിനേഷൻ സെന്ററിനും അയച്ചുകൊടുത്ത് തുടർനടപടി സ്വീകരിച്ചുവരുന്നു. വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികൾ, തൊഴിൽതട്ടിപ്പ്, മനുഷ്യക്കടത്ത് എന്നിവ സംബന്ധിച്ച പരാതികൾ പ്രത്യേകം പരിശോധിക്കാൻ നോർക്ക റൂട്ട്സ് കേന്ദ്ര വിദേശകാര്യ മന്ത്രാലയം, കേരള

പോലീസ് എന്നിവയുടെ സംയുക്ത സംരംഭമായ 'ഓപ്പറേഷൻ ശുഭയാത്ര' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 26-06-2024-ന് അടിയന്തര യോഗംചേർന്ന് വിദേശകാര്യ മന്ത്രാലയത്തിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പോലീസിന്റെ എൻ.ആർ.ഐ. സെല്ലിന് കൈമാറാൻ തീരുമാനിച്ചിട്ടുമുണ്ട്.

(3) താനൂർ ബോട്ടപകടത്തിൽപ്പെട്ടവർക്കുള്ള സാമ്പത്തിക സഹായം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, താനൂർ ബോട്ടപകടമുണ്ടായിട്ട് ഒരു വർഷത്തിലേറെയായി. ദുരന്തമുഖത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ ജാതി-മത-രാഷ്ട്രീയ ഭേദമില്ലാതെ എല്ലാവരും സഹകരിച്ച് വളരെ ഗൗരവത്തോടുകൂടി ദുരന്തത്തിന് കാരണമായ വിഷയവും ഇനി ആവർത്തിക്കാതിരിക്കാനുള്ള വഴിയും ദുരന്തത്തിലകപ്പെട്ട ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കണമെന്ന കാര്യങ്ങളുമൊക്കെ ഉന്നയിച്ചതായിരുന്നു. മരിച്ചവരുടെ ആശ്രിതർക്ക് അന്ന് കുറച്ചു പണം കൊടുക്കുകയും പരിക്കുപറ്റിയവർക്ക് തൽക്കാലം അനുവദിച്ച പണം കൊടുക്കുകയും ചെയ്തു എന്നല്ലാതെ കമ്മീഷന്റെ Terms of reference-ൽ പോലും ഇവരുടെ തുടർ

ചികിത്സയ്ക്കോ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ശാശ്വതമായ പുനരധിവാസത്തിനോ ഉള്ള വഴിയെന്താണെന്നൊന്നും വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല, കമ്മീഷന്റെ നടപടികൾ അനന്തമായി നീണ്ടുപോകുകയാണ്. മരിച്ചവരുടെയും പരിക്കുപറ്റിയവരുടെയും രക്ഷിതാക്കളും കുട്ടികളുമൊക്കെ ഇപ്പോൾ കമ്മീഷന്റെ മുന്നിൽ വരികയാണ്. അതിനൊന്നും കമ്മീഷന് യാതൊരു ഉത്തരവാദിത്വവുമില്ല. അവർക്കുവേണ്ട വിവരങ്ങളൊന്നും ഉദ്യോഗസ്ഥർ നൽകുന്നുമില്ല. എല്ലാമൊരു പ്രഹസനമായി നീങ്ങുകയാണ്. ദുരന്തം ഉണ്ടായതെങ്ങനെയാണ്; ഇനി ഉണ്ടാകാതിരിക്കാനുള്ള മാർഗങ്ങളെന്തൊക്കെയാണ് എന്നതുമാത്രം നോക്കാനാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നാണ് കമ്മീഷൻ പറയുന്നത്. വളരെ നിരുത്തരവാദപരമായാണ് കമ്മീഷൻ പ്രവർത്തിക്കുന്നത്. അതിനാൽ ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെട്ട് കമ്മീഷന്റെ പ്രവർത്തനത്തെ അർഥവത്താക്കുകയും ഗുരുതരമായി പരിക്കുപറ്റിയവർക്ക് തുടർചികിത്സ ആവശ്യമായതിനാൽ അതിനുവേണ്ട പരിഹാരമുണ്ടാക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ താനൂർ ടൗൺ തീരം ബീച്ചിൽ 07-05-2023-ൽ ഉണ്ടായ സ്വകാര്യ വിനോദയാത്രാ ബോട്ടപകടത്തിൽപ്പെട്ട് മരണപ്പെട്ട 22 പേരുടെ അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപവീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചിരുന്നു. പരിക്കേറ്റവരുടെ ചികിത്സാച്ചെലവ്, രക്ഷാപ്രവർത്തനങ്ങളുടെ ചെലവ് എന്നിവ വഹിക്കുന്നതിന് 25 ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിഹിതമായി അനുവദിച്ചിരുന്നു. ദുരന്ത നിവാരണ വകുപ്പ് 11-05-2023-ലെ 4/2023/DMD പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മരണപ്പെട്ട 22 പേരുടെ അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപ വീതം ധനസഹായം വിതരണം ചെയ്യുന്നതിനായി 2,20,00,000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ട് 12-05-2023-ൽ ഉത്തരവായിട്ടുണ്ട്. 11-05-2023-ലെ 4/2023/DMD ഉത്തരവുപ്രകാരം ബോട്ടപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സാച്ചെലവ്,

രക്ഷാപ്രവർത്തനങ്ങളുടെ ചെലവ് എന്നിവ വഹിക്കുന്നതിന് 25 ലക്ഷം രൂപ സംസ്ഥാന ദുരന്തനിവാരണ നിധിയുടെ (SDRF) 2245-80-800-80 other miscellanious relief expenditure എന്ന ശീർഷകത്തിൽനിന്നും മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കാൻ അനുമതി നൽകിക്കൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെട്ട ഓരോ വ്യക്തിയുടെ കുടുംബത്തിനും 2 ലക്ഷം രൂപാ വീതവും ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിലായവർക്ക് 50,000/- രൂപ വീതവും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൽ കുടുംബങ്ങൾ തമ്മിലുള്ള അവകാശം സംബന്ധിച്ച തർക്കവും കോടതി വ്യവഹാരവും നിലനിൽക്കുന്ന ഒരു കുടുംബത്തിലെ നാലുപേരുടെ അവകാശികൾക്കൊഴികെ ബാക്കി 18 പേരുടെയും അവകാശികൾക്ക് മുകളിൽ സൂചിപ്പിച്ച ധനസഹായങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ആശുപത്രിയിൽ അവരുടെ ചികിത്സാച്ചെലവുകൾ സർക്കാർ ഏറ്റെടുത്തിരുന്നെങ്കിലും ആശുപത്രിയിൽനിന്നും ഡിസ്ചാർജ് ചെയ്യപ്പെട്ടവരുടെ ചെലവുകൾ ബന്ധപ്പെട്ട ആശുപത്രികൾതന്നെ വഹിച്ചിട്ടുണ്ട്. ബോട്ടപകടത്തിൽ പരിക്കേറ്റ ശ്രീ. മൻസൂർ മകൾ ആയിഷ

മെഹറിൻ എന്ന കുട്ടിയെ വിദഗ്ധ ചികിത്സയ്ക്കായി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തിട്ടുള്ളതും കുട്ടിക്ക് ആവശ്യമായ എല്ലാ വിദഗ്ധ ചികിത്സകളും ലഭ്യമാക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുന്നതിനും എല്ലാ ചികിത്സാ ചെലവുകളും ബില്ലുകൾ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കണമെന്ന് അറിയിച്ചുകൊണ്ട് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർക്ക് 09-05-2023-ൽ ജില്ലാ കളക്ടർ കത്ത് നൽകിയിട്ടുള്ളതുമാണ്. അതിനെത്തുടർന്ന് ചികിത്സയ്ക്കായി 06-06-2023-ൽ ഹോസ്പിറ്റലിൽ അഡ്മിറ്റായ കുട്ടി 13-06-2023-ൽ ഡിസ്ചാർജ് ആയിട്ടുള്ളതും 34,706 രൂപ ചികിത്സയുടെ ഭാഗമായി അടയ്ക്കാനായി ബന്ധപ്പെട്ട ബില്ലുകൾ സഹിതം ഹോസ്പിറ്റലിൽനിന്നും കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തുക ബന്ധപ്പെട്ട ഹോസ്പിറ്റലിന് സർക്കാർ അനുവദിച്ചിട്ടുള്ളതുമാണ്, തുടർന്ന് ആയിഷ മെഹറിന്റെ ആരോഗ്യസ്ഥിതി സംബന്ധിച്ച വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്. ബോട്ടപകടത്തെത്തുടർന്ന് ആരോഗ്യപ്രശ്നങ്ങൾ ഉള്ളതായും അതിന് തുടർ

ചികിത്സ ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി സുബൈദ, വടക്കേ ചെവളത്ത് എന്നയാളിന്റെ അപേക്ഷ ലഭിച്ചതിനെത്തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ടിയാൾക്ക് 8 വർഷം മുമ്പ് വാൽവ് റീപ്ലെയ്സ് ചെയ്തിട്ടുള്ളതും തുടർചികിത്സ ആവശ്യമാണെന്ന് അറിയിച്ചിട്ടുള്ളതുമാണ്. അപകടം നടക്കുന്നതിനും 8 വർഷം മുമ്പുള്ള വാൽവ് റീപ്ലെയ്സ്മെന്റുമായി ബന്ധപ്പെട്ട ശ്രീമതി സുബൈദയുടെ തുടർചികിത്സ സർക്കാർ വഹിക്കേണ്ടതില്ലെന്നാണ് സൂചിപ്പിക്കാനുള്ളത്. 14-05-2024-ൽ മേൽ സൂചിപ്പിച്ചിട്ടുള്ള ശ്രീ. മൻസൂർ മകൾ ആയിഷ മെഹറിൻ എന്ന കുട്ടിക്കും ശ്രീ. മുഹമ്മദ് ജാഫിർ, മക്കളായ ജന്ന, ജർഷ എന്നീ മൂന്ന് കുട്ടികൾക്കും തുടർ ചികിത്സ ആവശ്യമുള്ളതായും നാളിതുവരെയുള്ള ചികിത്സയിൽ ചെലവായ തുക അനുവദിക്കണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൻപ്രകാരം മേൽ സൂചിപ്പിച്ചിട്ടുള്ള മൂന്നു കുട്ടികൾക്കും തുടർചികിത്സ ശിപാർശ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ടി കുട്ടികൾക്ക് തുടർ ചികിത്സയ്ക്കായി നാളിതുവരെ

ചികിത്സാ ഇനത്തിൽ കക്ഷികളിൽനിന്നും ചെലവായ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും. സർക്കാർ ഉത്തരവ് 4/2023/DMD പ്രകാരം ധനസഹായം അനുവദിച്ചിരുന്നതിനാൽ ജുഡീഷ്യൽ കമ്മീഷന്റെ Terms of reference-ൽ നഷ്ടപരിഹാരം സംബന്ധിച്ച വിഷയങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ കമ്മീഷൻ ഓപ്പൺ സിറ്റിംഗ് നടത്തിവരികയാണ്. സിറ്റിംഗിന്റെ അടിസ്ഥാനത്തിൽ ഇടക്കാല റിപ്പോർട്ടോ ഏതെങ്കിലും നിർദേശങ്ങളോ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടില്ല. Terms of reference-ൽ ഇതിന് അനുബന്ധമായോ ഇതിൽനിന്നുണ്ടാകുന്ന ബന്ധപ്പെട്ട മറ്റു കാര്യങ്ങളെക്കുറിച്ചോ അന്വേഷിക്കുക എന്ന വിഷയംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ കമ്മീഷന് ആവശ്യമുള്ളപക്ഷം ഗൗരവമുള്ള മറ്റു വിഷയങ്ങളും കൂടി പരിഗണിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ കഴിയുന്നതാണ്. അതിനാൽ ഓപ്പൺ സിറ്റിംഗ് നടന്നുവരുന്ന ഈ അവസരത്തിൽ Terms of reference-ൽ മാറ്റം വരുത്തേണ്ട സാഹചര്യമുള്ളതായി കാണുന്നില്ല.

(4) കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് സ്ഥലം നൽകിയവർക്കുള്ള നഷ്ടപരിഹാരം

ശ്രീ. പി. ടി. എ. റഹീം: സർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലൂടെ കടന്നുപോകുന്ന ഗ്രീൻഫീൽഡ് ഹൈവേ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടായിരുന്ന ആശങ്കകൾ പരിഹരിക്കുന്നതിനായി ഉദ്യോഗസ്ഥരുടെയും മൂന്ന് ജില്ലകളിലെ മുഴുവൻ ജനപ്രതിനിധികളുടെയും ഒരു യോഗം ബഹുമാനപ്പെട്ട മന്ത്രി കോഴിക്കോട് വിളിച്ചുചേർത്തിരുന്നു. സ്ഥലത്തിന് ന്യായമായ വില നൽകാമെന്ന ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ യാതൊരു ആക്ഷേപവും കൂടാതെ സ്ഥലം നൽകാൻ എല്ലാവരും തയ്യാറായി. പക്ഷേ ദേശീയപാത അതോറിറ്റി കുറച്ചുപേർക്ക് പണം നൽകിയതിനുശേഷം പണം നൽകുന്നത് മരവിപ്പിച്ചിരിക്കുകയാണ്. പെരുമണ്ണ ടൗണിനെ കീറിമുറിച്ചാണ് ഹൈവേ കടന്നുപോകുന്നത്. അവിടേയ്ക്ക് ഈ പാതയിൽനിന്നും ആക്സെസ് പോലുമില്ല. എന്നിട്ടുപോലും ജനങ്ങൾ എല്ലാ വിധത്തിലും ഇക്കാര്യത്തിൽ സഹകരിക്കുകയുണ്ടായി. പക്ഷേ ദേശീയപാത അതോറിറ്റിയുടെ ഈ നടപടി വളരെ ഗുരുതരമായ പ്രതിസന്ധിയാണുണ്ടാക്കിയത്. എല്ലാവരും ഹൈക്കോടതിയെ

സമീപിച്ചിരിക്കുകയാണ്. ഇത് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കൂടുതൽ തടസ്സം സൃഷ്ടിക്കുന്നതായതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ നഷ്ടപരിഹാരം പൂർണ്ണമായും നൽകുന്നത് ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. എ. റഹിം ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതായതിനാൽ ആ ഗൗരവത്തോടുകൂടിത്തന്നെ സർക്കാർ പരിഗണിക്കുന്നതാണ്. പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലൂടെ കടന്നുപോകുന്ന ഗ്രീൻഫീൽഡ് ഹൈവേ എന്നറിയപ്പെടുന്ന ദേശീയ പാത 966-നുവേണ്ടി കോഴിക്കോട് ജില്ലയിലെ പെരുമണ്ണ, ഒളമണ്ണ വില്ലേജുകളിൽ നിന്നുമാണ് ഭൂമി ഏറ്റെടുക്കുന്നത്. പാലക്കാട് - കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിൽ നിലനിന്നിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഒരു യോഗം ഞാൻ നേരിട്ട് കോഴിക്കോട് ജില്ലയിൽ വിളിച്ചുചേർത്തിരുന്ന കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ

ഓർമ്മിപ്പിച്ചിരുന്നു. ഹൈവേ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ പ്രത്യേക പരിഗണന നൽകിവരുന്നതിനാൽ വിവിധ ഘട്ടങ്ങളിലായി ഉദ്യോഗസ്ഥരുടെ മാത്രമായിട്ടുള്ള യോഗവും വിളിച്ചുചേർക്കുകയുണ്ടായി. 06-04-2022-ലെ 1665 ഇ 3 എ, 04-11-2024-ലെ 3 ബി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് പെരുമണ്ണ, ഒളമണ്ണ വില്ലേജുകളിൽ സ്ഥലമേറ്റെടുപ്പ് നടത്തിയത്. അതിനെത്തുടർന്ന് Basic Valuation Report (BVR), Detailed Valuation Statement (DVS) എന്നിവ തയ്യാറാക്കി 292 അവാർഡുകൾ പാസ്സാക്കി 188 കോടി 75 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ BVR തയ്യാറാക്കിയതിലെ അപാകത ചൂണ്ടിക്കാണിച്ച് നാഷണൽ ഹൈവേസ് അതോറിറ്റി ഓഫ് ഇന്ത്യ പ്രോജക്ട് ഡയറക്ടർ ജില്ലാ കളക്ടർ/ആർബിട്രേറ്റർ മുമ്പാകെ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തു. അതിനെത്തുടർന്ന് നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നത് നിർത്തിവയ്ക്കുകയും പഴയ Basic Valuation Report റദ്ദ് ചെയ്ത് 01-02-2024-ന് പുതിയ BVR പുനർനിർണ്ണയിക്കാൻ ഉത്തരവാകുകയും

ചെയ്തതിനെത്തുടർന്ന് സ്പെഷ്യൽ ടീമിനെ നിയോഗിച്ച് BVR പുനർനിർണ്ണയിക്കുകയും 30-04-2024-ന് അംഗീകാരം നൽകുകയും ചെയ്തു. ഇതിനെതിരെ മുൻ BVR പ്രകാരം നഷ്ടപരിഹാരത്തുക ലഭിച്ച ഗുണഭോക്താക്കളും മറ്റ് പുതിയ ഗുണഭോക്താക്കളും ചേർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനെത്തുടർന്ന് നഷ്ടപരിഹാരം ലഭിച്ച ഗുണഭോക്താക്കൾക്ക് രണ്ട് ഉത്തരവുകളും മാറ്റിനിർത്തി ഒരു മാസത്തിനകം രേഖാമൂലം നോട്ടീസ് നൽകി ഗുണഭോക്താക്കളെ നേരിൽ കേട്ടതിനുശേഷം തീരുമാനം കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ ജില്ലാ കളക്ടർ 11-07-2024, 12-07-2024 എന്നീ തീയതികളിൽ ഗുണഭോക്താക്കളെ നേരിട്ട് കേൾക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപടികൾ ആരംഭിക്കേണ്ടിവന്നത്. കോടതി വിധിപ്രകാരം ജില്ലാ കളക്ടർ ഗുണഭോക്താക്കളെ നേരിട്ടുകേട്ട് തീരുമാനമെടുത്തതിനുശേഷം നിയമവശങ്ങൾകൂടി പരിഗണിച്ച് ഇക്കാര്യത്തിൽ സമയബന്ധിതമായി

നടപടി സ്വീകരിക്കുന്നതാണ്. LARR (Land Acquisition, Resettlement, and Rehabilitation) Act 2013-ന്റെ സെക്ഷൻ 26, 27, 28, 29 എന്നീ ഖണ്ഡങ്ങൾ വച്ചുകൊണ്ടാണ് വില തീരുമാനിക്കുന്നതിനുള്ള പൊതുവായ അവകാശം ലഭ്യമാകുന്നത്. കോടതി വിധിയെത്തുടർന്ന് ജില്ലാ കളക്ടർ ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അപ്രോച്ച് റോഡില്ലെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയത്തിൽ സർക്കാരിന് തീരുമാനമെടുക്കാൻ കഴിയില്ലെങ്കിലും ഈ വിഷയം സർക്കാർതന്നെ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി സമയബന്ധിതമായി നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

(5) നീണ്ടകര താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം

ഡോ. സുജിത് വിജയൻ പിള്ള: സർ, ചവറ നിയോജക മണ്ഡലത്തിലെ നീണ്ടകര താലൂക്കാശുപത്രി നിർമ്മാണവുമായി ബന്ധപ്പെട്ടതാണ് ഈ സബ്മിഷൻ. കിഫ്ബി ധനസഹായത്തോടെ 2019 ഡിസംബറിലാണ് പ്രസ്തുത ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത്. SPV (Special

Purpose Vehicle)-യായി ഹൗസിങ് ബോർഡിനെയാണ് തെരഞ്ഞെടുത്തിരുന്നത്. ഞാൻ എം.എൽ.എ. ആയി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം എല്ലാ മാസവും ടി പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിലയിരുത്താറുണ്ട്. പ്രസ്തുത വേളയിൽ ഈ പദ്ധതി നിർവഹണത്തിൽ കോ-ഓർഡിനേഷന്റെ അപാകതയുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ സാങ്കേതിക മികവോടെ പൂർണ്ണ സമയവും പ്രവർത്തിക്കുന്ന ഒരു കൺസൾട്ടന്റിനെ നിയമിച്ചാൽ മാത്രമേ ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തികൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂവെന്ന വിവരം ഹൗസിങ് ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ അവർ MEP (Mechanical Electrical Plumping) എന്ന വിഭാഗത്തിനുവേണ്ടി ചെറിയൊരു കൺസൾട്ടന്റിനെ മാത്രമേ സാങ്കേതിക സഹായത്തിനുവേണ്ടി അവിടെ നിയമിച്ചിട്ടുണ്ടായിരുന്നുള്ളൂ. പല വകുപ്പുകളും പരസ്പരം കോ-ഓർഡിനേഷനില്ലാതെ പ്രവർത്തിച്ചതിന്റെ ഫലമായി നിർമ്മാണം പൂർത്തിയാക്കിയ പല പ്രവൃത്തികളും പൊളിച്ചുമാറ്റേണ്ട അവസ്ഥ വന്നിരിക്കുന്നു. തീരെ അവധാനതയില്ലാതെയാണ് നിർമ്മാണ പ്രവൃത്തികൾ

മുന്നോട്ടുപോകുന്നത്. ടി വിഷയം ബഹുമാനപ്പെട്ട ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2023 ജനുവരി മാസത്തിൽ അദ്ദേഹത്തിന്റെ ചേമ്പറിൽ ഒരു യോഗം വിളിച്ചു ചേർക്കുകയുണ്ടായി. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി ആശുപത്രിയുടെ നിർമ്മാണം മൂന്ന് മാസത്തിനകം പൂർത്തിയാക്കാമെന്ന് ഹൗസിങ് ബോർഡിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുനൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉറപ്പിന്മേലുള്ള യാതൊരു നടപടിയും പിന്നീട് സ്വീകരിച്ചതായി കാണുന്നില്ല. ഇതുപോലെതന്നെയാണ് ഹൗസിങ് ബോർഡ് ഏറ്റെടുത്ത മറ്റ് നാല് താലൂക്ക് ആശുപത്രികളുടെയും നിലവിലെ സ്ഥിതിയെന്നാണ് അറിയാൻ കഴിഞ്ഞത്. കൂടാതെ വളരെ വേഗത്തിൽ പുരോഗമിച്ചുകൊണ്ടിരുന്ന തുറവൂർ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങളും കഴിഞ്ഞ ഒരു വർഷമായി നിലച്ചിരിക്കുകയാണ്. വളരെയധികം സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള ടി അഞ്ച് ആശുപത്രികളുടെയും നിർമ്മാണ പ്രവൃത്തികൾ കൺസൾട്ടന്റിനെ നിയമിച്ച്

വേഗത്തിൽ പൂർത്തിയാക്കുന്നതിന് ശക്തമായ നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെകൂടി നിരന്തര ശ്രമഫലമായാണ് നീണ്ടകരയിലെ താലൂക്ക് ആശുപത്രിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഇത്തരമൊരു പ്രത്യേക അനുവാദം കിഫ്ബിയിൽനിന്നും ലഭ്യമായത്. എന്നാൽ ആ പ്രവർത്തനങ്ങൾ നടക്കുന്നതിനിടയിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെയുള്ള ചില ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഒരു ഡോക്ടർ എന്ന നിലയിൽ ആ പ്രവർത്തനങ്ങൾ ശരിയായ നിലയിൽ കൊണ്ടുപോകുന്നതിനാവശ്യമായ മാർഗനിർദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും അവ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തികൾ കുറച്ചുകാലം വൈകിയെന്നുള്ളത് ഗൗരവതരമായി കാണേണ്ടതാണ്. അവ എത്രയും പെട്ടെന്ന് പൂർത്തീകരിക്കണമെന്നാണ് സർക്കാരിന്റെ ആഗ്രഹം. നീണ്ടകര താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ

SPV-യായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ 20-02-2018-ൽ നിയമിക്കുകയും അതനുസരിച്ച് ബോർഡ് സമർപ്പിച്ച DPR (Detailed Project Report) അംഗീകരിച്ച് 02-07-2018-ൽ പ്രത്യേക ഉത്തരവുപ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്നും 46.43 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുമുണ്ടായി. ഇതനുസരിച്ച് കിഫ്ബിയിൽനിന്നും 05-02-2019-ൽ 28.24 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയും 22-02-2019-ൽ പാക്കേജായി സിവിൽ വർക്ക്, മെയിൻ ബിൽഡിംഗ്, ആർ.എം.ഒ. ക്വാർട്ടേഴ്സ്, കാന്റീൻ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, എക്സ്റ്റേണൽ വർക്ക് എന്നിവയുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 22.68 കോടി രൂപയ്ക്കുള്ള സാങ്കേതികാനുമതി നൽകിയിട്ടുള്ളതുമാണ്. അന്നത്തെ സാഹചര്യത്തിൽ പെട്ടെന്ന് വർക്കുമായി മുന്നോട്ടുപോകുന്നതിന് കെ.എസ്.എച്ച്.ബി. സ്ഥിരം ഡിപ്പാർട്ടുമെന്റൽ വർക്കുകൾ പിന്തുടരുന്ന SMT (Split Mode Tendering) ഈ പ്രവൃത്തിയിലും നടപ്പാക്കാൻ തീരുമാനിച്ചുകൊണ്ട് മൊത്തം പ്രവൃത്തികളെ വിവിധ പാക്കേജുകളായി വിഭജിച്ച് ടെൻഡർ ചെയ്യാനുള്ള നടപടി

സ്വീകരിച്ചു. ഇതൊരു ഹോസ്പിറ്റൽ പദ്ധതിയായതിനാൽ മിനിമം നിർമ്മാണ കാലാവധി 36 മാസമായി എടുക്കാമെങ്കിലും ഭവനനിർമ്മാണ ബോർഡ് ഹൈലി ഒപ്റ്റിമിസ്റ്റിക്കായി 18 മാസത്തെ നിർമ്മാണ കാലാവധിയാണ് തുടക്കത്തിൽ നിശ്ചയിച്ചത്. ഇത് ഭവന നിർമ്മാണ ബോർഡ്, കിഫ്ബി ധനസഹായത്തോടെ ഏറ്റെടുത്ത ആദ്യത്തെ ആശുപത്രി പദ്ധതിയുമായിരുന്നു. തുടർന്ന് സിവിൽ വർക്ക് ടെൻഡർ ചെയ്ത് 11-06-2019-ൽ 22.64 കോടി രൂപയ്ക്ക് ശ്രീ. ജെ. അബ്ദുൾ വാഹിദ്, ഇ.ജെ. കൺസ്ട്രക്ഷന് വർക്ക് അവാർഡ് ചെയ്യുകയും 22-11-2019-ൽ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തിട്ടുള്ളതും 02-12-2019-ൽ സൈറ്റ് ഹാൻഡോവർ ചെയ്ത് വർക്കുകൾ ആരംഭിക്കുകയും ചെയ്തു. 2020 ജൂൺ മാസത്തിൽ സിവിൽ പ്രവൃത്തിയുടെ 20 ശതമാനം പൂർത്തീകരിച്ചിരുന്നു. സൈറ്റിൽ നിലനിന്നിരുന്ന പഴയകെട്ടിടങ്ങളായ കാൻസർ സെന്റർ, കാന്റീൻ ബിൽഡിംഗ് എന്നിവ ക്ലിയർ ചെയ്തു ലഭിക്കാൻ ഏറെ കാലതാമസം നേരിട്ടിരുന്നു. പദ്ധതി നിർമ്മാണം തുടങ്ങി അധികം വൈകാതെ പടർന്നുപിടിച്ച കോവിഡ് 19 മഹാമാരി പദ്ധതിയെയും അതിന്റെ പുരോഗതിയെയും കാര്യമായി ബാധിച്ചു.

പകർച്ചവ്യാധിമൂലമുള്ള പ്രതികൂല സാഹചര്യമുണ്ടായിട്ടും ഈ കാലയളവിൽ സ്ട്രക്ചർ വർക്കിന്റെ 80 ശതമാനം പണികളും 2020 ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിച്ചിരുന്നു. തുടർന്ന് 29-01-2021-ൽ കിഫ്ബി പദ്ധതി നടപടിക്രമങ്ങളിലുണ്ടായ വീഴ്ചകാരണം സ്റ്റോപ് മെമ്മോമൂലം 90 ദിവസത്തേയ്ക്ക് വർക്കുകളൊന്നും നടന്നിരുന്നില്ല. കിഫ്ബിയിൽനിന്നും തുടർനിർദ്ദേശം ലഭിച്ചതനുസരിച്ച് 19-04-2021-ൽ പണി പുനരാരംഭിക്കുകയും 2021 ഡിസംബറോടുകൂടി 40 ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തു. വിവിധ കരാറുകാരുടെ ഭാഗത്തുനിന്നുണ്ടായ പുരോഗതിയില്ലായ്മയും MEP സർവീസുകളുടെ കോ-ഓർഡിനേഷൻ ഇഷ്യൂസും കിഫ്ബി നടപടിക്രമങ്ങൾ പാലിക്കുന്നതിനുവേണ്ടി വരുന്ന സമയവും സിവിൽ, ഇലക്ട്രിക്കൽ കരാറുകാരുടെ ഭാഗത്തുനിന്നും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസവും ഈ പ്രവൃത്തിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ടെങ്കിലും ബോർഡിന്റെ ഭാഗത്തുനിന്നും പണികൾ ത്വരിതപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും നടത്തിയിരുന്നു. കിഫ്ബി ആദ്യം നൽകിയ ഫിനാൻഷ്യൽ സാങ്ഷൻ തുക

എല്ലാ വർക്കുകൾക്കും വിവിധ കാരണങ്ങളാൽ തികയാതെ വന്നതിനെത്തുടർന്ന് ഭവനനിർമ്മാണ ബോർഡ് എല്ലാ പാക്കേജുകളും എക്സ്ട്രാ ഐറ്റംസും റിവൈസ്ഡ് എസ്റ്റിമേറ്റും കിഫ്ബിയിൽ സബ് പ്രോജക്ട് റിവിഷനായി സമർപ്പിക്കുകയും ആയതിന് റിവൈസ്ഡ് സാമ്പത്തികാനുമതി കിഫ്ബിയിൽനിന്ന് ഡിസംബർ 2023-ന് ലഭ്യമാകുകയും ചെയ്തു. ഇതിനുശേഷം എല്ലാ പാക്കേജുകളും കെ.എസ്.എച്ച്.ബി. ക്രിയേറ്റ് ചെയ്ത വർക്കും ത്വരിതപ്പെടുത്തി. ഈ കാലയളവിൽ നിരന്തരമായി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുകയും അവ കൈവരിക്കാൻ വേണ്ടിയുള്ള ആക്ഷൻ പ്ലാൻ മുതലായവ യഥാസമയം ബോർഡ് ഇടപെട്ട് കരാറുകാർക്ക് നൽകുകയുമുണ്ടായി. എന്നിരുന്നാലും മേല്പറഞ്ഞ കാരണങ്ങളാൽ വർക്ക് യഥാസമയം പൂർത്തീകരിക്കാനായില്ല. എം.ഇ.പി. കോ-ഓർഡിനേഷൻ വർക്കുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെടുകയും പരിഹരിക്കുന്നതിനായി ഒരു സബ് കൺസൾട്ടന്റിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഒരു എ.ഇ.ഇ., ഒരു എ.ഇ. എന്നിവരെയും പ്രസ്തുത സൈറ്റിൽ നിയോഗിച്ചിട്ടുണ്ട്. കിഫ്ബി അവാർഡ് തുടങ്ങിയ ഏജൻസികളുടെ ഭാഗത്തുനിന്നും

എം.ജി.പി.എസ്., ഹോസ്പിറ്റൽ ഫർണിച്ചർ, ലൂസ് ഫർണിച്ചർ, കർട്ടൻ എന്നീ വർക്കുകൾ ഫൈനലൈസ് ചെയ്യുന്നതിനെടുത്ത കാലതാമസം പ്രോജക്ടിന്റെ പൂർത്തീകരണത്തെ സാരമായി ബാധിച്ചു. ഈ വർക്കുകൾ 2023 നാലാം പാദത്തോടെ മാത്രമാണ് കിഫ്ബി ഫൈനലൈസ് ചെയ്തിട്ടുള്ളത്. ഈ വർക്കുകളുടെ കരാറുകാരൻ 2024 ഫെബ്രുവരി മാസം മുതലാണ് ജോലികളാരംഭിച്ചത്. ഇത്തരം വർക്കുകളുടെ എം.ഇ.പി., സിവിൽ വർക്കുകളായുള്ള ഇന്റർഫിയറൻസ് നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തുകയും അബോർട്ടീവ് വർക്കുകൾക്ക് കാരണമാകുകയും ചെയ്തിട്ടുണ്ട്.

{12.00 Noon}

സൈറ്റിൽനിന്ന് അധിക മണ്ണ് മാറ്റം, മരം മുറിച്ചുമാറ്റൽ എന്നീ പ്രവൃത്തികൾ 2024 എപ്രിൽ മാസത്തോടെ മാത്രമാണ് പൂർത്തീകരിച്ചത്. ഈ കാലതാമസം കാരണം ജനറേറ്റർ റൂം നിർമ്മാണ പ്രവൃത്തികൾ വൈകുകയും തുടർന്ന് പുതിയ ലൊക്കേഷൻ കണ്ടെത്തി നിർമ്മിക്കേണ്ടിവരികയും ചെയ്തു. സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ കോവിഡ് കാലത്തിനുശേഷം financial bankruptcy അഭിമുഖീകരിക്കുന്ന വിവരം

കിഫ്ബിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഇഴയുമെത്തിയ സാഹചര്യത്തിൽ ഒരു ടെർമിനേഷൻ പ്രായോഗികതലത്തിൽ ഉചിതമല്ലെന്നും നിലവിലുള്ള കരാറുകാരെ പ്രചോദിപ്പിച്ച് കരാർ പ്രവൃത്തികൾ പൂർത്തിയാക്കുകയാണ് അഭികാമ്യമെന്നും കിഫ്ബി വാക്കാൽ അറിയിച്ചിട്ടുണ്ട്. കിഫ്ബി സി.ഇ.ഒ.-യുടെ നേതൃത്വത്തിൽ നടക്കുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ പ്രസ്തുത പ്രോജക്ടിലെ പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യുന്നുമുണ്ട്. കരാർ റദ്ദാക്കി പുതിയ കരാറുകാരനെ നിയോഗിക്കാത്തത് തുടർന്നുള്ള നിയമക്കുരുക്കുകൾ, കാലതാമസം, അധിക റേറ്റിംഗ് എന്നിവ വരുന്ന സാഹചര്യം ഒഴിവാക്കാനാണ്. നിലവിൽ 85 ശതമാനം പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബാക്കി പ്രവൃത്തികൾ രണ്ട് മാസക്കാലാവധിക്കുള്ളിൽ പൂർത്തീകരിച്ച് 2024 ആഗസ്റ്റ് 30-ാം തീയതിക്കകം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയുമാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(അധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. ജി. എസ്. ജയലാൽ)

(6) കടപ്പുറം, പുന്നയൂർക്കുളം ഭാഗത്തെ കടലാക്രമണം

ശ്രീ. എൻ. കെ. അക്ബർ: സർ, കഴിഞ്ഞ ദിവസങ്ങളിൽ ഗുരുവായൂർ നിയോജകമണ്ഡലത്തിൽ രൂക്ഷമായ കടലാക്രമണം ഉണ്ടായതുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ 25 കിലോമീറ്റർ കടൽത്തീരമുള്ള മണ്ഡലമാണ് ഗുരുവായൂർ നിയോജകമണ്ഡലം. ജില്ലയിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ളതും ഗുരുവായൂർ മണ്ഡലത്തിലാണ്. ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കടപ്പുറം പഞ്ചായത്തിൽ കടൽക്ഷോഭ ബാധിത പ്രദേശങ്ങളിൽ നിർമ്മിച്ച നാല് കിലോമീറ്ററോളം വരുന്ന കടൽഭിത്തി പൂർണ്ണമായും തകർന്നിട്ടുള്ളതും ഒരു കിലോമീറ്റർ ഭാഗികമായി തകർന്നിട്ടുള്ളതുമാണ്. കടൽഭിത്തി തകർന്ന കടപ്പുറം ഗ്രാമപഞ്ചായത്തിലെ അഞ്ചങ്ങാടി വളവ്, മുനക്ക കടവ്, വെളിച്ചെണ്ണപ്പടി പ്രദേശങ്ങളിലും പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ പെരിയമ്പലം പ്രദേശങ്ങളിലും രൂക്ഷമായ കടലാക്രമണമാണ് നേരിടുന്നത്. വീടുകളിലേയ്ക്ക് വെള്ളം കയറുകയും കെട്ടിടങ്ങളും വീടുകളും തകരുകയും ചെയ്യുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. കടലാക്രമണ ഭീഷണി നേരിടുന്നതിനായി പ്രസ്തുത

പ്രദേശങ്ങളിൽ ടെട്രാപോഡ് സ്ഥാപിക്കുന്നതിന് 60.5 കോടി രൂപയുടെ പ്രൊപ്പോസലും കടൽഭിത്തി പുനരുദ്ധരിക്കുന്നതിനായി 13 കോടി രൂപയുടെ പ്രൊപ്പോസലും സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെ അനുമതി ആയിട്ടില്ലാത്തതാണ്. ഗുരുവായൂർ മണ്ഡലത്തിലെ തീരശോഷണം സംബന്ധിച്ച് എൻ.സി.സി.ആർ. പഠനത്തിനായി 23-05-2023-ൽ നിർദേശിച്ചുവെങ്കിലും ഇക്കാര്യത്തിൽ യാതൊരു തുടർനടപടികളും നടന്നിട്ടില്ല. കടപ്പുറം പഞ്ചായത്തിലെ അഞ്ചങ്ങാടി വളവ് പ്രദേശം ഹോട്ട് സ്പോട്ടായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി ഇറിഗേഷൻ വകുപ്പിന്റെ ചീഫ് എഞ്ചിനീയറുടെ പരിശോധനയിലാണ്. ജനങ്ങളുടെ ദുരിതം കണക്കിലെടുത്ത് കടൽക്ഷോഭ ബാധിത പ്രദേശങ്ങൾ അടിയന്തരമായി ഹോട്ട് സ്പോട്ടായി പ്രഖ്യാപിച്ച് സംരക്ഷണ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി കുറെ സഹായങ്ങൾ നൽകിയിട്ടുണ്ട് എന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. കടപ്പുറം പഞ്ചായത്തിൽ അടിയന്തരമായി നിർമ്മിക്കേണ്ട 60 മീറ്റർ ഭാഗത്തെ കടൽഭിത്തി നിർമ്മാണത്തിന് ഭരണാനുമതി നൽകണമെന്നും അഭ്യർഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട ശ്രീ. എൻ. കെ. അക്ബർ ഇവിടെ പറഞ്ഞ കാര്യങ്ങൾ നേരത്തെതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഇത് രൂക്ഷമായ കടലാക്രമണം നേരിടുന്നൊരു പ്രദേശമാണ്. ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കടപ്പുറം, പുന്നയൂർക്കുളം പഞ്ചായത്തുകളിൽ ചക്രവാത ചുഴിയുടെയും ന്യൂനമർദത്തിന്റെയും ഫലമായി 2024 മേയ് 17 മുതൽ രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുകയും നിലവിൽ തുടർന്നുകൊണ്ടിരിക്കുകയുമാണ്. ഈ ഭാഗത്ത് അടിയന്തര സാഹചര്യം പരിഗണിച്ച് 99,000/- രൂപയുടെ ഒരു താൽക്കാലിക സംരക്ഷണ പ്രവൃത്തിയും അതോടൊപ്പം 2,09,000/- രൂപയുടെ അടിയന്തര പ്രവൃത്തിയും നടന്നുവരികയാണ്. കൂടാതെ 40 മീറ്റർ കോർവാൾ നിർമ്മിക്കുന്നതിനുള്ള 24 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ ടെൻഡർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പുന്നയൂർക്കുളം ഭാഗത്ത് താരതമ്യേന രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന മലപ്പുറം ജില്ലാ അതിർത്തിയുടെ സമീപത്ത് 500 മീറ്റർ കടൽഭിത്തി നിർമ്മാണത്തിന് 4.47 കോടി രൂപയ്ക്ക് ഭരണാനുമതി

ലഭിക്കുകയും ആയത് നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ഓഖി, ടൗട്ടെ ചുഴലിക്കാറ്റിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പശ്ചാത്തലത്തിൽ ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് തയ്യാറാക്കിയ തീരപ്രദേശങ്ങളുടെ വൾനറബിലിറ്റി മാപ്പ് സംബന്ധിച്ച് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ നേതൃത്വത്തിൽ ചീഫ് എഞ്ചിനീയർ (ഐ&എ), ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.), KERI (Kerala Engineering Research Institute) ഡയറക്ടർ എന്നിവർ പങ്കെടുത്ത യോഗത്തിന്റെ അടിസ്ഥാനത്തിൽ ഉപഗ്രഹ ചിത്രങ്ങളിലൂടെ കണ്ടെത്തിയ ദുർബല തീരപ്രദേശങ്ങളുടെ നിജസ്ഥിതി വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ജലസേചന വകുപ്പ് കേരളത്തിലെ തീരദേശ ജില്ലകളിൽ അടിയന്തര ഇടപെടൽ ആവശ്യമുള്ള ദുർബല പ്രദേശങ്ങളായ കൊല്ലങ്കോട്, ശംഖുംമുഖം, ആലപ്പാട്ട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, കയ്യമംഗലം, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ എന്നിവ കണ്ടെത്തിയിരുന്നു. ഇതുകൂടാതെ National Centre for Coastal Research-ന്റെ സഹായത്തോടെ കേരളത്തിന് ഒരു ദീർഘകാല തീരദേശ മാനേജ്മെന്റ് പ്ലാൻ രൂപീകരിക്കുന്നതിനുള്ള

നടപടികൾ ആരംഭിച്ചിട്ടുണ്ട്. ശക്തമായ തീരശോഷണം നേരിടുന്ന കേരള തീരത്തെക്കുറിച്ച് പൊതുവിൽ പഠനം നടത്തി ദുർബല പ്രദേശങ്ങളെ കണ്ടെത്തി തീരസംരക്ഷണത്തിനായി കേരള തീരത്തോട് ചേർന്നുള്ള ഓരോ സെഡിമെന്ററി സെല്ലുകളിലും സ്വീകരിക്കേണ്ട സുസ്ഥിര തീരസംരക്ഷണ മാർഗങ്ങൾ പ്രസ്തുത പ്ലാനിൽ ശിപാർശ ചെയ്യും. സംസ്ഥാനത്ത് കടലാക്രമണത്തിന് ഇരയാകുന്ന തീരദേശങ്ങൾ മുൻഗണനാ ക്രമത്തിൽ പഠനത്തിന് വിധേയമാക്കി ഡിസൈൻ അനുസരിച്ചുള്ള നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പ്രതിരോധ പ്രവർത്തനം നടപ്പാക്കുന്നതിനുള്ള നടപടിയാണ് പുരോഗമിച്ചുവരുന്നത്.

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങൾ മേല്പറഞ്ഞ പഠനങ്ങൾക്ക് വിധേയമായി അനുയോജ്യമായ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് തീരുമാനിക്കുന്നത്. അതുകൊണ്ട് എൻ.സി.സി.ആർ.-ന്റെ സഹായത്തോടെയുള്ള ദീർഘകാല തീരദേശ മാനേജ്മെന്റ് പ്ലാൻ

രൂപീകരിക്കുന്ന നടപടിയുടെ ഭാഗമായി നടത്തുന്ന പഠനത്തിൽ ഈ പ്രദേശത്തിന്റെയുംകൂടി കാര്യം ഗൗരവമായിക്കണ്ട് മുന്നോട്ടുകൊണ്ടുപോകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) കയർ മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, പതിനായിരക്കണക്കിന് തൊഴിലാളികളുടെ ഉപജീവനമാർഗമാണ് കയർ വ്യവസായം. ഈ വ്യവസായ മേഖലയോടുള്ള എൽ.ഡി.എഫ്. സർക്കാരിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധാപൂർവമായ ഇടപെടലിനെ ഞാൻ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ നാളുകളിൽ കെട്ടിക്കിടന്ന കയറും കയർ ഉൽപന്നങ്ങളും വിറ്റഴിക്കുന്നതിന് 30 ശതമാനം മുതൽ 50 ശതമാനം വരെ ഡിസ്കൗണ്ട് നൽകി വിപണനത്തിന് സർക്കാർ സഹായിച്ചതടക്കമുള്ള നിരവധി ഇടപെടലുകൾ ഇക്കാലയളവിൽ നടത്തിയെന്നത് ഞാൻ ഈ സഭയിൽ വളരെ സന്തോഷത്തോടുകൂടി പറയുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല അവർകളുടെയും കൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ന് കയർ മേഖലയിൽ തൊഴിലവസരങ്ങൾ

വളരെ കുറവാണ്. തൊഴിൽദിനങ്ങൾ വർധിപ്പിക്കാനുള്ള നടപടിയുണ്ടാകണം. വരുമാനക്കുറവുമൂലം ഈ മേഖലയിൽ ജോലി ചെയ്യുവരുന്ന കുടുംബങ്ങൾ സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുകയാണ്. മികച്ച യന്ത്രങ്ങൾ ഉപയോഗപ്പെടുത്തി ഉൽപാദനക്ഷമത വർധിപ്പിച്ച് ഈ വ്യവസായത്തിന്റെ നവീകരണത്തിനാവശ്യമായ നടപടി സ്വീകരിക്കണം. കയർപിരി മേഖലയിലുള്ള തൊഴിലാളികളുടെ പ്രതിദിന വേതനം 350 രൂപയാണ്. 2017-ൽ ആണ് ഈ കൂലി നിശ്ചയിച്ചത്. അതിൽ ത്രിഫ്റ്റ് ഇനത്തിൽ 12 രൂപ കുറച്ച് ബാക്കി 338 രൂപയാണ് ഈ തൊഴിലാളികൾക്ക് ലഭിക്കുന്നത്. കൂലി വർധിപ്പിക്കുന്നതിനാവശ്യമായ അടിയന്തര നടപടി അനിവാര്യമാണ്. സൊസൈറ്റികളിൽനിന്നും വാങ്ങുന്ന കയറിന്റെ വിലയും ചെറുകിട സൊസൈറ്റികളിൽനിന്നും വാങ്ങുന്ന ഉൽപന്നങ്ങളുടെ വിലയും കൊടുത്തുതീർക്കുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കേണ്ടതാണ്. സി.ഐ.ആർ.സി. അംഗീകരിച്ച കൂലി മേജർ സ്ഥാപനങ്ങളിൽ മാത്രമാണ് ഇപ്പോൾ കൊടുക്കുന്നത്. കരാർ, ദിവസ വേതനക്കാർ എന്നിവരുടെ കൂലി പുതുക്കി നൽകിയിട്ടില്ല. ഈ

പ്രശ്നങ്ങൾക്കൊക്കെ പരിഹാരം കാണാൻ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി മുൻകൈയെടുക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. നമ്മുടെ നാട്ടിലെ ഏറ്റവും പരമ്പരാഗതമായിട്ടുള്ള വ്യവസായമാണ് കയർ വ്യവസായം. "കയർ പിരിക്കും തൊഴിലാളി, അവനൊരു കഥയുണ്ടുജ്ജ്വല സമരകഥ." ഒരു കാലഘട്ടത്തിൽ ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങളുടെ നാവുകളിൽ തത്തിക്കളിച്ച കവിതയാണിത്. ഇന്ന് ഇക്കാര്യങ്ങൾ ഞാൻ പറയുന്ന വേളയിൽ ഈ മേഖലയ്ക്കുവേണ്ടി സർക്കാർ ചെയ്യുന്ന കാര്യങ്ങൾ അംഗീകരിക്കുമ്പോൾത്തന്നെ കയർ മേഖലയെ കൂടുതൽ സഹായിക്കുന്നതിനുള്ള നടപടിയാണ് വേണ്ടത്. തൊഴിലാളികളുടെ ജോലിയും അവരുടെ വരുമാനവും വർധിപ്പിക്കുന്നതിനും ഈ പരമ്പരാഗത വ്യവസായത്തെ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ വേഗതയിൽ ഇനിയും മുന്നോട്ടുകൊണ്ടുപോകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ വിനയപൂർവം അഭ്യർഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം വളരെയധികം ഗൗരവമേറിയ ഒരു പ്രശ്നമാണ്

ഉന്നയിച്ചിരിക്കുന്നത്. കയർ മേഖലയിലെ പ്രതിസന്ധി ഇപ്പോൾ തുടങ്ങിയതല്ല, വളരെയേറെക്കാലമായി ഈ പ്രതിസന്ധി നിലനിൽക്കുകയാണ്. ഈ പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. അവരുടെ ഇടക്കാല റിപ്പോർട്ട് ലഭിക്കുകയും അതിനെ ആധാരമാക്കിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച അവസാന റിപ്പോർട്ട്, കയർ തൊഴിലാളി സെൻസസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതും ഏതാണ്ട് പൂർത്തീകരിച്ചുകഴിഞ്ഞു. അതുംകൂടി കഴിഞ്ഞാൽ അന്തിമ റിപ്പോർട്ട് ലഭ്യമാകും. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിഭാഗം ആളുകളുമായും ചർച്ചചെയ്ത് തുടർനടപടി സ്വീകരിക്കുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ മേഖലയിൽ 420 കോടി രൂപയാണ് മൂന്ന് വർഷത്തിനുള്ളിൽ വിവിധ പദ്ധതികളിലായി വിതരണം ചെയ്തിട്ടുള്ളത്. സർക്കാരിന് പലതരത്തിലുള്ള സാമ്പത്തിക പരിമിതികളുണ്ടെങ്കിലും ആ മേഖലയിൽ കുറവ് വരുത്താതെതന്നെ

മുമ്പോട്ടുകൊണ്ടുപോകുന്നുണ്ട്. 2023-24 സാമ്പത്തിക വർഷം 500 സഹകരണ സംഘങ്ങൾക്കായി 6.5 കോടി രൂപ പ്രവർത്തന മൂലധനമായി അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മാനേജീരിയൽ സബ്സിഡി, പ്രവർത്തന മൂലധനം എന്നിവയ്ക്കായി 3.5 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ ആദ്യഘട്ടമായി 1.97 കോടി രൂപ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം കയർ വികസന വകുപ്പിന്റെ കീഴിൽ വിവിധ പദ്ധതികൾക്കായി 107.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 'ഇൻകം സപ്പോർട്ട് ' സ്കീമിനായി 41.49 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇവിടെ ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ ആധാർ ലിങ്ക്ഡ് ആയിക്കഴിഞ്ഞപ്പോൾ കണക്ക് പ്രകാരമുള്ള തൊഴിലാളികളും ശരിയായ തൊഴിലാളികളും തമ്മിൽ എണ്ണത്തിൽ അന്തരം വന്നിട്ടുണ്ട്. ഈ സെൻസസ് കൂടി കഴിയുമ്പോൾ ഇപ്പോഴുള്ളതിൽ മാറ്റംവരുത്താതെതന്നെ മൊത്തത്തിലുള്ള അലോക്കേഷൻ അതിനനുസരിച്ച് വർധിപ്പിക്കാൻ കഴിയുമോ എന്ന കാര്യവും സർക്കാർ പ്രത്യേകം പരിശോധിക്കുന്നതായിരിക്കും. 2024 മേയ് 24 വരെ 17119.75 ക്വിന്റൽ കയർ

ഉൽപാദിപ്പിച്ചിട്ടുണ്ട്. ഏപ്രിൽ, മേയ് മാസങ്ങളിലായി 7475.579 ക്വിന്റൽ ചകിരി ഉൽപാദിപ്പിച്ചിട്ടുണ്ട്. കയർ ഫെഡിനെ കയർ വിലസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി 7.45 കോടി രൂപ അനുവദിച്ചു. കയർ സംഘങ്ങൾക്ക് കയർ എടുത്ത വകയിൽ 5.66 കോടി രൂപ ഏപ്രിൽ മാസത്തിലും 4.5 കോടി രൂപ മേയ് മാസത്തിലും 4.89 കോടി രൂപ ജൂൺ മാസത്തിലും നടപ്പ് സാമ്പത്തിക വർഷം വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത ഉൽപന്നങ്ങളായ ചകിരി, തടുക്ക്, കയർ-ബിസി1, ബിസി20 എന്നീ ഉൽപന്നങ്ങൾക്കുണ്ടായ ഓർഡർ ക്ഷാമമാണ് ഉൽപാദന മേഖലയിലെ പ്രതിസന്ധിക്ക് പ്രധാന കാരണം. അതുകൂടാതെ പി.വി.സി. ഉൽപന്നങ്ങൾ, മറ്റ് സിന്തറ്റിക് ഉൽപന്നങ്ങൾ എന്നിവയുടെ ബാഹുല്യവും അവയുടെ വിലക്കുറവും കയർ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ മാർക്കറ്റിൽ ഡിമാൻഡുള്ള ഉൽപന്നങ്ങൾ നിർമ്മിക്കാൻ തുടങ്ങിയിട്ടുണ്ട്. നേരത്തെ ചെയ്തിരുന്നത് 'സംഭരണം' ആയിരുന്നു, അതായത് ഗോഡൗണുകൾ വാടകയ്ക്കെടുത്ത് കയർ ഉൽപന്നങ്ങൾ സംഭരിക്കുന്ന പതിവാണുണ്ടായിരുന്നത്, വിപണനം നടത്തപ്പെട്ടിരുന്നില്ല. എന്നാൽ

ഗോഡൗണിലെ ഉൽപന്നങ്ങൾ വളരെ നന്നായി വിറ്റഴിക്കുന്നതിന് ഇപ്പോൾ സാധിച്ചിട്ടുണ്ട്. പുതിയ ഡിസൈനുകളെപ്പറ്റി പഠിക്കുന്നതിനുവേണ്ടി ഭോപ്പാലിലെ National Institute of Design-ന് ഒപ്പംചേർന്ന് പദ്ധതി തയ്യാറാക്കുകയും പരിശീലനം നൽകിക്കൊണ്ടിരിക്കുകയുമാണ്. കയറ്റുമതി രംഗത്ത് കൂടുതൽ അവസരങ്ങൾ പ്രയോജനപ്പെടുത്താനായി കയർ കോർപ്പറേഷൻ, Walmart-ഉം ആയി വാണിജ്യക്കരാർ ഒപ്പുവച്ചുകഴിഞ്ഞു. അതിന്റെ മറ്റ് നടപടികൾ മുന്നോട്ടുപോകുകയാണ്. 18 വർഷത്തിനുശേഷം Foam mattings (India) limited, Alappuzha ആദ്യമായി ലാഭത്തിലായിരിക്കുകയാണ്. ഈ വർഷം ഫ്രാൻസിലേയ്ക്ക് കയർ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുകയാണ്. 2016-21 വരെ അതായത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കയർ ഭൂവസ്ത്രം എന്ന പുതിയ കാഴ്ചപ്പാട് അവതരിപ്പിക്കപ്പെട്ടിരുന്നു. 98.29 കോടി രൂപയുടെ കയർ ഭൂവസ്ത്രമാണ് അന്ന് വിതരണം ചെയ്തിരുന്നതെങ്കിൽ ഈ സർക്കാരിന്റെ 3 വർഷ കാലയളവിനുള്ളിൽ 148 കോടി രൂപയുടെ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. അതിനുവേണ്ടി കയർ വകുപ്പ് ഉദ്യോഗസ്ഥർ ആദ്യമായി എല്ലാ

പഞ്ചായത്തുകളിലും പോയി ഓർഡറുകൾ ശേഖരിക്കുന്നുണ്ട്. അതുകൂടാതെ ഒഡീഷ പോലുള്ള സംസ്ഥാനങ്ങളിൽ ഖനികളിലെ മണ്ണിടിച്ചിൽ തടയുന്നതിനുവേണ്ടി കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിനായുള്ള ഓർഡറുകളും ലഭിച്ചിട്ടുണ്ട്. എല്ലാ വർഷവും തൊഴിലാളി സംഘടനകൾ, കയർ സംഘങ്ങളുടെ പ്രതിനിധികൾ, വ്യവസായികൾ എന്നിവരുടെ യോഗം ആലപ്പുഴയിൽ വച്ച് ചേരാറുണ്ട്. ഈ വർഷത്തെ യോഗം ഈ മാസം 15-ാം തീയതി ചേരുകയാണ്. ഈ യോഗത്തിലെ നിർദേശങ്ങൾകൂടി കണക്കിലെടുത്ത് ആവശ്യമായ തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(8) ശനിയാഴ്ച അവധി പുനഃസ്ഥാപിക്കൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കേരളത്തിലെ വിദ്യാർഥി സമൂഹവും അധ്യാപകരും മഹാഭൂരിപക്ഷം വരുന്ന മാതാപിതാക്കളും ആവശ്യപ്പെടുന്ന കേരള എഡ്യൂക്കേഷൻ റൂൾസ് അനുസരിച്ച് ഹൈസ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ ശനിയാഴ്ചയുണ്ടായിരുന്ന അവധി പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് ഈ സബ്മിഷൻ. കുട്ടികളെയും അധ്യാപകരെയും വിശ്രമമില്ലാതെ ജോലി ചെയ്യിപ്പിക്കുന്ന

തരത്തിൽ അധ്യയന ദിവസങ്ങൾ 220 ആയി വർധിപ്പിച്ചുകൊണ്ട് ബാല്യ-കൗമാരങ്ങളെ യാന്ത്രികവും സംഘർഷഭരിതവുമായ ഒരു ലോകത്തിലേയ്ക്ക് വീണ്ടുവിചാരമില്ലാതെ തള്ളിവിട്ടുകൊണ്ടിരിക്കുകയാണ്. അധ്യാപകരുടെയും വിദ്യാർഥികളുടെയും ഭൂരിപക്ഷം മാതാപിതാക്കളുടെയും അഭിപ്രായങ്ങളെ അവഗണിച്ചുകൊണ്ടാണ് സംസ്ഥാനത്തെ പത്താം ക്ലാസ് വരെയുള്ള സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ഈ അധ്യയന വർഷം 220 പ്രവൃത്തി ദിവസങ്ങൾ എന്നാക്കി മാറ്റിയിട്ടുള്ളത്. അധ്യയന ദിവസങ്ങൾ കുറയ്ക്കുന്നത് വിദ്യാഭ്യാസ നിലവാരത്തെ ബാധിക്കുമെന്ന് ചൂണ്ടിക്കാട്ടി ഒരു സ്കൂൾ മാനേജ്മെന്റും അധ്യാപക-രക്ഷാകർതൃ സംഘടനയും ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്നാണ് സർക്കാർ പുതിയ അക്കാഡമിക് കലണ്ടർ പുറത്തിറക്കിയത്. ഇതനുസരിച്ച് 25 ശനിയാഴ്ചകൾ ഉൾപ്പെടെ പ്രവൃത്തി ദിവസങ്ങളായി മാറിക്കഴിഞ്ഞു. മുമ്പ് 195 പ്രവൃത്തി ദിവസങ്ങളാണ് ഉണ്ടായിരുന്നത്. കഴിഞ്ഞ വർഷം ഇത് 204-ഉം ഈ വർഷം 210-ഉം ആയി വർധിച്ചിരിക്കുന്നു. കമ്പ്യൂട്ടറിന്റെ മെമ്മറി കാർഡിന് തുല്യമല്ല വിദ്യാർഥികളുടെ മസ്തിഷ്കം. ഒരു യന്ത്രംപോലെ വിദ്യാർഥിയെ

പരിവർത്തിപ്പിക്കുന്നത് വിദ്യാഭ്യാസ മേഖലയിൽനിന്നും ഒഴിവാക്കപ്പെടേണ്ടതാണ്. പഠനം എന്നത് ആസ്വദിച്ച് നിർവഹിക്കപ്പെടേണ്ടതാണ്. അറിവ് ആർജിക്കേണ്ടത് സ്കൂൾ അന്തരീക്ഷത്തിൽനിന്ന് മാത്രമല്ല, കുട്ടി ഇടപെടുന്ന ഗാർഹിക-പാരിസ്ഥിതിക അന്തരീക്ഷത്തിൽ നിന്നുംകൂടിയാണ്. ഒരു അധ്യാപകനെ സംബന്ധിച്ചിടത്തോളം പ്രവൃത്തിസമയത്ത് തീരുന്നതല്ല അവരുടെ ജോലി എന്ന് ആദ്യം തിരിച്ചറിയണം. ഒരു ദിവസം ഒരു നിമിഷം പോലും വിശ്രമിക്കാൻ സമയംകൊടുക്കാതെ ഗൃഹപാഠവും ട്യൂഷനുമൊക്കെയായി കുട്ടികളും പണിയെടുത്തുകൊണ്ടിരിക്കുകയാണ്. ആഴ്ചയിൽ രണ്ട് ദിവസം വിദ്യാർഥികൾക്ക് അവധി നൽകുന്നത് കേരളത്തിൽ മാത്രം നിലവിലുള്ളതും കാലാകാലങ്ങളായി തുടർന്നുവരുന്നതുമാണ്. കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് അവധി അത്യാവശ്യമാണ്. നമ്മുടെ ചെറുപ്പകാലത്ത് സ്കൂളിൽനിന്നും വെള്ളിയാഴ്ച വീട്ടിലേയ്ക്ക് വരുന്നത് വളരെയധികം സന്തോഷത്തോടെ ആയിരുന്നില്ലേ, ശനിയും ഞായറും അന്ന് നമുക്ക് കളിക്കാൻ സാധിക്കുമായിരുന്നു. കളികളോടൊപ്പം മറ്റുള്ള

കാര്യങ്ങളിൽ ഇടപെടാനും സമൂഹത്തിൽനിന്നും അറിവ് നേടാനും ടൂഷന് പോകാനും കലാ-കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുമൊക്കെയുള്ള സമയം വിദ്യാഭ്യാസകാലത്ത് അത്യാവശ്യമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഇപ്പോഴുണ്ടായിരിക്കുന്ന ബഹു. ഹൈക്കോടതി വിധി മറികടക്കുന്നതിനും ശനിയാഴ്ച ദിവസങ്ങളിൽ അവധി നൽകുന്നതിനും എങ്ങനെ സാധിക്കുമെന്നതിനെക്കുറിച്ച് ചിന്തിക്കണമെന്നും അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 'കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ KER അധ്യായം VII-ൽ ചട്ടം 3 പ്രകാരം ഓരോ സ്കൂൾ വർഷത്തിലും സാധാരണഗതിയിൽ പരീക്ഷാ ദിവസങ്ങൾ ഉൾപ്പെടാതെ ചുരുങ്ങിയത് 220 സാധ്യ ദിവസങ്ങൾ ഉണ്ടായിരിക്കണമെന്നും പ്രത്യേക സാഹചര്യങ്ങളിൽ ആവശ്യമെങ്കിൽ ഒരു അധ്യയന വർഷം സാധ്യമായ ഇരുപത് പ്രവൃത്തി ദിവസങ്ങൾവരെ എഡ്യൂക്കേഷൻ ഓഫീസർക്കും അതിൽ കൂടുതലുള്ളത് വിദ്യാഭ്യാസ ഡയറക്ടർക്കും

ഇളവുചെയ്യാവുന്നതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 2023-24 അധ്യയന വർഷത്തെ വിദ്യാഭ്യാസ കലണ്ടറിൽ 220 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത കേസിലെ 24-02-2024-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ചുകൊണ്ട് 25-04-2024-ന് പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിൽ വരും വർഷങ്ങളിൽ 'കേരള വിദ്യാഭ്യാസ ചട്ടങ്ങൾ KER'-ലെ അധ്യായം VII ചട്ടം മൂന്ന് പ്രകാരമുള്ള പ്രവൃത്തി ദിനങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാം എന്ന് അറിയിച്ചിരുന്നു. എന്നാൽ ഇതിനിടയിൽ ഹർജിക്കാരൻ ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസിലെ 23-05-2024-ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പാലിച്ചുകൊണ്ട് 220 പ്രവൃത്തി ദിവസങ്ങൾ ഉൾപ്പെടുത്തി അക്കാഡമിക് കലണ്ടർ പ്രസിദ്ധീകരിക്കുകയുണ്ടായി. 2024-25 അധ്യയന വർഷത്തിൽ അക്കാഡമിക് കലണ്ടർപ്രകാരം 25 ശനിയാഴ്ചകൾ പ്രവൃത്തി ദിനങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലസ്റ്റർ പരിശീലനത്തിനായി നീക്കിവച്ചിട്ടുള്ള 6 ശനിയാഴ്ചകൾ, പരീക്ഷകൾക്കിടയിൽ വരുന്ന മൂന്ന്

ശനിയാഴ്ചകൾ, ആഴ്ചയിൽ 6 പ്രവൃത്തി ദിവസം വരാത്തരീതിയിലുള്ള 9 ശനിയാഴ്ചകൾ, 6 പ്രവൃത്തി ദിനം വരുന്ന 7 ശനിയാഴ്ചകൾ എന്നിങ്ങനെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2023-24-ലെ വിദ്യാഭ്യാസ കലണ്ടറിൽ 13 ശനിയാഴ്ചകൾ പ്രവൃത്തിദിനമായി ഉൾപ്പെടുത്തിയിരിക്കുന്നു. ആഴ്ചയിൽ 6-ാം പ്രവൃത്തി ദിനം വരുന്ന 7 ശനിയാഴ്ചകൾ ഉൾപ്പെടുത്തിയത് കോടതി പറഞ്ഞ 220 ദിവസം തികയ്ക്കാനാണ്. 6-ാം പ്രവൃത്തി ദിനമായി വരുന്ന ശനിയാഴ്ചകൾ പൊതുവിദ്യാലയങ്ങൾക്ക് പ്രവർത്തിക്കാൻ KER പ്രകാരം നിയമതടസ്സമില്ല. 220 പ്രവൃത്തി ദിനങ്ങളുള്ള വിദ്യാഭ്യാസ കലണ്ടറിൽ ആഴ്ചയിൽ 6 പ്രവൃത്തി ദിനങ്ങൾ വരുമ്പോഴുള്ള 7 ശനിയാഴ്ചകൾ മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. 220 പ്രവൃത്തി ദിനങ്ങളിൽ ഒന്നാം പാദവാർഷിക പരീക്ഷയ്ക്കായി 8 പ്രവൃത്തി ദിനങ്ങളും രണ്ടാം പാദവാർഷിക പരീക്ഷയ്ക്കായി 6 പ്രവൃത്തി ദിനങ്ങളും വാർഷിക പരീക്ഷയ്ക്കായി 22 പ്രവൃത്തി ദിനങ്ങളും നീക്കിവച്ചിട്ടുണ്ട്. ഓണം, ക്രിസ്തുമസ് ആഘോഷങ്ങൾക്കായി 2 ദിവസങ്ങൾ ഉൾപ്പെടെ 38 ദിവസങ്ങൾ 220 പ്രവൃത്തി ദിനങ്ങളിൽനിന്നും മാറ്റിവയ്ക്കേണ്ടതായി വരും. കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുള്ള ശനിയാഴ്ചകളിലെ 6 ക്ലസ്റ്റർ യോഗങ്ങൾക്ക് അവധി

നൽകേണ്ടി വരുന്നതുമൂലം ആകെ 46 പ്രവൃത്തി ദിനങ്ങൾ ബോധന ദിനങ്ങൾ അല്ലാതായി മാറും. മഴക്കെടുതികൾ, മറ്റേതെങ്കിലും വിധത്തിലുള്ള പ്രാദേശിക അവധികൾ എന്നിവ കണക്കിലെടുത്ത് ശരാശരി 6 ദിവസംകൂടി പ്രവൃത്തി ദിനങ്ങളിൽനിന്നും നഷ്ടപ്പെടുന്നുണ്ട്. തന്മൂലം ലഭിക്കുന്ന പ്രവൃത്തിദിനങ്ങൾ 170 മാത്രമാണ്. 2024-25 വർഷത്തെ അക്കാദമിക് കലണ്ടറിൽ 220 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്തിയതിനെതിരെ അധ്യാപക സംഘടനകൾ ബഹു. ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ട്. അതിന്മേലുള്ള കോടതി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതുപോലെ നമുക്ക് യുവജനോത്സവവും സ്കൂൾ ഒളിമ്പിക്സും നടത്തണം. ഇവയെല്ലാം സ്കൂൾ തലം മുതൽ ആരംഭിക്കേണ്ടതാണ്. ശാസ്ത്രമേള, ടി.ടി.സി. ടീച്ചർമാരുടെ ഉത്സവം, സംസ്കൃതോത്സവം, അറബി ഉത്സവം, ദിശാ ഉത്സവം തുടങ്ങി കുറെ ഫെസ്റ്റിവലുകൾ നടത്തേണ്ടതുണ്ട്. അതെല്ലാം ഈ ദിവസങ്ങളിലാണ് നടത്തേണ്ടത്. വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇതെല്ലാം നടത്താതിരിക്കാനും കഴിയില്ല. ഇതെല്ലാം

നടത്തിക്കഴിയുമ്പോൾ കുട്ടികൾക്ക് പഠിക്കാനായി ലഭിക്കുന്ന ദിവസങ്ങളും കുറവാണ്. അതുകൊണ്ട് നമ്മൾ ചട്ടപ്രകാരമാണ് തീരുമാനമെടുത്തിട്ടുള്ളത്. അക്കാഡമിക്ക് നിലവാരം മെച്ചപ്പെടുത്താൻ കുട്ടികൾക്ക് ക്ലാസ് നടത്തണ്ടേ? കുട്ടികൾക്ക് സ്കൂളിൽ വരുന്നത് വളരെ സന്തോഷം തന്നെയാണ്. 230 പ്രവൃത്തി ദിവസങ്ങളാണ് കർണ്ണാടക സംസ്ഥാനത്തുള്ളത്. കോടതി വിധി മറികടക്കണമെങ്കിൽ നിയമനിർമ്മാണം നടത്തേണ്ടിവരും. അല്ലാതെ വിദ്യാഭ്യാസ വകുപ്പിനുമാത്രമായി ഒന്നും ചെയ്യാൻ കഴിയില്ല. എന്തായാലും 220 ദിവസം അനുസരിച്ചുള്ള കാര്യങ്ങളാണ് ഇപ്പോൾ ക്രമീകരിച്ചിരിക്കുന്നത്. കോടതിവിധി വന്നതിനുശേഷം അതുസംബന്ധിച്ച കാര്യങ്ങൾ ആലോചിക്കാം. കുട്ടികളുടെ അക്കാഡമിക് കാര്യങ്ങൾ ഏറ്റവും പ്രധാനപ്പെട്ടതാണ്. ഞാൻ ഇവിടെ എട്ടോളം ഫെസ്റ്റിവലുകളുടെ കാര്യം പറഞ്ഞല്ലോ? ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്രയും ഫെസ്റ്റിവലില്ല. കേരളത്തിൽ മാത്രമാണ് കൂടുതൽ ഫെസ്റ്റിവലുള്ളത്. അതെല്ലാംകൂടി പരിഗണിച്ചുകൊണ്ടാണ് ഇക്കാര്യം തീരുമാനിച്ചിട്ടുള്ളത്.

(9) ചന്തപ്പാലം – വടയാർ – മുളക്കുളം റോഡ് നിർമ്മാണം

ശ്രീമതി സി. കെ. ആശ: സർ, വൈക്കം - കടുത്തുരുത്തി മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന ചന്തപ്പാലം - വടയാർ - മുളക്കുളം റോഡിന്റെ നിർമ്മാണത്തിലുണ്ടായിരിക്കുന്ന തടസ്സങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇതേ വിഷയത്തിൽത്തന്നെയുള്ള എന്റെ മൂന്നാമത്തെ സബ്മിഷനാണിത്. കൂടാതെ ബഹു. മന്ത്രിയുടെ അവലോകനയോഗത്തിലും ഈ വിഷയം വളരെ ഗൗരവതരമായി ചർച്ച ചെയ്തിരുന്നു. എം.എൽ.എ. എന്ന നിലയിൽ ഞാൻ ഈ വിഷയം സംബന്ധിച്ച് മാസംതോറും റിവ്യൂ നടത്തുന്നുണ്ട്. പക്ഷേ വളരെ ദയനീയമായ സാഹചര്യമാണ് ആ റോഡിനുള്ളതെന്ന് പറയാതിരിക്കാൻ നിർവാഹമില്ല. റീബിൽഡ് കേരള ഇനിഷ്യേറ്റീവ്വഴി 111.9 കോടി രൂപ അനുവദിച്ച് കെ.എസ്.ടി.പി. നിർവഹണ ഏജൻസിയായി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച ഈ പദ്ധതിയുടെ നിർമ്മാണപുരോഗതി രണ്ട് വർഷം പിന്നിടുമ്പോൾ 30 ശതമാനം മാത്രമാണെന്നത് നിരാശാജനകമാണ്. 22.47 കിലോമീറ്റർ ദൂരമുള്ള

ഈ റോഡിൽ 14.4 കിലോമീറ്റർ കോൺക്രീറ്റ് റോഡാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ റോഡിന്റെ കോൺക്രീറ്റ് അവിടവിടെയായി മാത്രം ചെയ്തിരിക്കുന്നതിനാൽ ഒരു തരത്തിലും വാഹനഗതാഗതം സാധ്യമല്ല. ഇരുപത്തിയാറോളം കലുങ്കുകളുള്ളതിൽ ചിലത് മാത്രമാണ് പൂർത്തീകരിച്ചത്. ബാക്കി പകുതി പണിതും പകുതി പൊളിച്ചുമിട്ടിരിക്കുന്നതിനാൽ ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. യൂട്ടിലിറ്റി ഷിഫ്റ്റിംഗിന്റെ ഭാഗമായി ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് സമയബന്ധിതമായി ഇലക്ട്രിക് പോസ്റ്റുകളും വാട്ടർ അതോറിറ്റിയുടെ പൈപ്പ്‌ലൈനുകളും സോഷ്യൽ ഫോറസ്ട്രിയുമായി ബന്ധപ്പെട്ട് വൃക്ഷങ്ങളും വെട്ടിമാറ്റേണ്ടതുണ്ട്. ഇതുസംബന്ധിച്ച് നിരവധി മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. പക്ഷേ ഇതൊന്നും യഥാസമയം നടത്താത്തതിനാൽ അതിന്റേതായ തടസ്സങ്ങൾ നിർമ്മാണപ്രവർത്തനങ്ങളെ കാര്യമായി ബാധിച്ചിട്ടുണ്ട്. നിർമ്മാണത്തിന്റെ കാലഘട്ടത്തിൽ വലിയൊരു അപകടമുണ്ടായി. മൂവാറ്റുപുഴ ആറിൽ പോയ 5 പേരിൽ മൂന്നുപേർ മരണപ്പെടുന്ന സാഹചര്യമുണ്ടായി. ആ പ്രദേശത്ത് ആംബുലൻസ് എത്തിക്കുന്നതിനോ ഫയർ ഫോഴ്സിന്റെ വാഹനം എത്തിക്കുന്നതിനോ

സാധിക്കാതെ വാഹനഗതാഗതത്തിന് തടസ്സമുണ്ടാകുന്നതും വളരെ പ്രയാസം നേരിടുന്നതുമായ സാഹചര്യമാണുള്ളത്. ഇക്കാര്യംകൂടി ഈ സബ്മിഷനുമായി ബന്ധപ്പെടുത്തി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ജനങ്ങളുടെ ജീവൻ രക്ഷിക്കുന്ന വിഷയങ്ങളിൽപ്പോലും ഇത് വളരെയധികം പ്രതിസന്ധി സൃഷ്ടിക്കുകയാണ്. ജനങ്ങളുടെ ക്ഷേമവും നന്മയും കരുതിയാണ് പ്രളയത്തിൽ തകർന്നുപോയ ഈ റോഡിന് ഇത്രയുമധികം തുക അനുവദിച്ചത്. എന്നാൽ ഈ പ്രവൃത്തിയുടെ ഭാഗമായി 4 പഞ്ചായത്തുകളിലെ ജനങ്ങൾ പ്രത്യേകിച്ച് കെ.പി.പി.എൽ. എന്ന സർക്കാർ ഏറ്റെടുത്ത കമ്പനി, സി.സി.എൽ. എന്ന സിമെന്റ് കമ്പനി, വൈക്കത്തെ ഏക റെയിൽവേ സ്റ്റേഷനായ പിറവം റോഡ് റെയിൽവേ സ്റ്റേഷൻ, കേന്ദ്രീയ വിദ്യാലയവും ഭവൻസ് വിദ്യാമന്ദിരവും ഉൾപ്പെടെയുള്ള 4 സ്കൂളുകൾ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതം വിവരണാതീതമാണെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെയും സർക്കാരിനെയും അറിയിക്കുകയാണ്. കരാർ പ്രകാരം 11-11-2023-ൽ പൂർത്തിയാക്കേണ്ട ഈ പ്രവൃത്തിക്ക് 01-04-2024 വരെ നൽകിയ ആദ്യ

എക്സ്റ്റൻഷൻ തീയതി അവസാനിച്ചു. ഇപ്പോൾ രണ്ടാമത്തെ എക്സ്റ്റൻഷനുവേണ്ടി ഗവൺമെന്റിനെ സമീപിച്ചിരിക്കുന്ന ഈ പദ്ധതി ഇനി നൽകുന്ന കാലാവധിക്കുള്ളിലെങ്കിലും തീർക്കുന്നതിന് ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും വകുപ്പിന്റെയും സഹായമുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ചന്തപ്പാലം - വടയാർ - മുളക്കുളം റോഡ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളതാണ്. റോഡിന്റെ ദൂരവും മറ്റുമൊക്കെ ഇവിടെ സൂചിപ്പിച്ചു. ഈ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ 12-05-2022-ൽ സൈറ്റ് അവർക്ക് കൈമാറി നൽകി. എന്നാൽ ഇതിന്റെ പ്രവൃത്തിയുടെ പുരോഗതി 30 ശതമാനം മാത്രമാണ് കൈവരിക്കാൻ സാധിച്ചത്. ഇതിന്റെ ഭാഗമായി വാട്ടർ അതോറിറ്റി വക കുടിവെള്ള പൈപ്പുകളും കെഎസ്.ഇ.ബി.-യുടെ ഇലക്ട്രിക് പോസ്റ്റുകളും മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കരാറുകാരൻ വഴിയാണ് യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ നടത്തുന്നത്. ഈ പദ്ധതിയുടെ മേൽ പ്രവൃത്തികൾ

അഡീഷണൽ വർക്കായി കരാറുകാരെത്തന്നെയാണ് ഏല്പിച്ചിട്ടുള്ളത്. കുടിവെള്ള പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന ജോലി നിർവഹിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി. വക പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക കുറവാണെന്നും അംഗീകരിക്കാനാവില്ലെന്നും കരാറുകാർ നിലപാടെടുത്തതുകാരണം അത് മാറ്റി സ്ഥാപിക്കാൻ കാലതാമസമുണ്ടായി. കെ.എസ്.ഇ.ബി. അധികൃതരുമായി നിരന്തരം ചർച്ച നടത്തി. അവസാനം അംഗീകൃത എസ്റ്റിമേറ്റിലെ എ പോളുകൾക്ക് പകരം പി.എസ്.സി. പോളുകൾ ഉപയോഗിക്കാൻ തീരുമാനിച്ചു. ഇതുപ്രകാരം കരാറുകാരൻ കെ.എസ്.ഇ.ബി. പോസ്റ്റുകൾ ഷിഫ്റ്റ് ചെയ്യുന്ന ജോലി ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. വൈക്കം നിയോജകമണ്ഡലത്തിൽ വരുന്ന 14.5 കിലോമീറ്റർ റോഡും കോൺക്രീറ്റ് റോഡായാണ് നിർമ്മിക്കുന്നത്. 5.83 കിലോമീറ്റർ റോഡ് ഇപ്പോൾ പി.കൃ.സി. ചെയ്തിരിക്കുന്നു. എന്നാൽ പ്രവൃത്തിക്ക് ഇനിയും വേഗത കൂട്ടേണ്ടതായിട്ടുണ്ട്. സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കി വർക്ക് പ്രോഗ്രാം ചാർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർ കരാറുകാർക്ക് നിർദേശം നൽകിയിട്ടുണ്ട്. കെ.എസ്.ടി.പി. പ്രവൃത്തിയുമായി

ബന്ധപ്പെട്ട് വൈക്കത്തുമാത്രമല്ല പല നിയോജകമണ്ഡലങ്ങളിലും സമാനമായ പല പ്രശ്നങ്ങളുമുണ്ട്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുമായി ബന്ധപ്പെട്ട് പല എം.എൽ.എ.-മാരും ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ചില പ്രശ്നം മറ്റ് പൊതുമരാമത്ത് വകുപ്പ് പ്രവൃത്തിപോലെ കെ.എസ്.ടി.പി. പ്രവൃത്തിയിൽ നമുക്ക് എളുപ്പത്തിൽ പരിഹരിച്ചുപോകാൻ കഴിയില്ല. അതുകൊണ്ട് കെ.എസ്.ടി.പി.-യുടെ സംസ്ഥാനത്തെ മുഴുവൻ പ്രവൃത്തികളുടെയും പുരോഗതി ചർച്ച ചെയ്യുന്നതിന് യോഗം ചേരുന്നുണ്ട്. ആ യോഗത്തിൽ പ്രത്യേകിച്ച് ഇപ്പോൾ ഇവിടെ സബ്മിഷനിൽ വന്ന ഈ വിഷയമുൾപ്പെടെ ഉൾപ്പെടുത്തിക്കൊണ്ട് വളരെ ഗൗരവത്തിൽ പരിശോധിച്ച് പരിഹാരം കാണാൻ ഇടപെടുമെന്ന് സഭയെ അറിയിക്കുകയാണ്.

(10) എൻ.എച്ച് 66-ന്റെ നിർമ്മാണ പ്രവൃത്തികളിലെ അപാകതകൾ

ശ്രീമതി കെ. കെ. രമ: സർ, എൻ.എച്ച് 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മൂരാട് പാലം മുതൽ കുഞ്ഞിപ്പള്ളിവരെയുള്ള വടകര റീച്ചിന്റെ നിർമ്മാണത്തിലെ അപാകതകളുമായി ബന്ധപ്പെട്ട വളരെ ഗുരുതരമായ വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. ഇക്കാര്യം

പലതവണ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെടുത്തിയതാണ്. ബഹു. മന്ത്രി അക്കാര്യത്തിലിടപെടുകയും ചെയ്തിട്ടുണ്ട്. പക്ഷേ സാഹചര്യം വളരെയധികം ഗുരുതരമാണ്. മഴ പെയ്തതോടുകൂടി പല വീടുകളിലും വെള്ളം കയറി വീട്ടുകാർക്ക് താമസിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ചോറോട് ഭാഗത്ത് 25-ഓളം വീടുകളിൽ വെള്ളം കയറി പലരെയും മാറ്റിത്താമസിപ്പിക്കുകയും പല ബുദ്ധിമുട്ടുകളും നേരിടേണ്ടി വരികയും ചെയ്തിട്ടുണ്ട്; നാലഞ്ച് ദിവസം കഴിഞ്ഞശേഷമാണ് ആ വെള്ളം ഇറങ്ങിയത്. ഇവിടെയൊക്കെ ഡ്രെയിനേജ് നിർമ്മാണത്തിലെ അപാകതയാണ് പ്രശ്നമായത്. വലിയ തോതിൽ മണ്ണെടുത്ത് നിർമ്മിച്ചിരിക്കുന്ന 15 മീറ്ററോളം ഉയരമുള്ള റോഡുകളാണ് അവിടത്തെ മറ്റൊരു പ്രശ്നം. ഉയരത്തിലുള്ള സ്ഥലങ്ങളിൽനിന്ന് മണ്ണ് ഇടിഞ്ഞ് താഴേയ്ക്ക് വീഴുകയാണ്. മണ്ണെടുക്കുന്ന സ്ഥലങ്ങളിൽ സോയിൽ ലെയ്നിംഗ് എന്ന പ്രവൃത്തിയാണ് ചെയ്യുന്നത്. ഇതിനായി ക്ലാമ്പടിച്ച് നെറ്റിട്ട് കോൺക്രീറ്റ് ചെയ്യുകയാണ്. ഇതൊരിക്കലും ശാസ്ത്രീയമല്ലെന്ന് അത് നിർമ്മിക്കുന്ന സമയത്തുതന്നെ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. പക്ഷേ

ഇപ്പോൾ ജൂലൈ ഒന്നാം തീയതി മുക്കാലി ഭാഗത്ത് ഏകദേശം പതിനഞ്ചോളം മീറ്റർ ഉയരത്തിൽ ഈ പ്രവൃത്തി ചെയ്ത ഭാഗം മുഴുവൻ ഇടിഞ്ഞ് താഴെ വീഴുന്ന സ്ഥിതിയുണ്ടായി. നാട്ടുകാരുടെ സമയോചിതമായ ഇടപെടൽമൂലമാണ് വലിയൊരു അപകടം അവിടെനിന്നും ഒഴിവായത്. റോഡിന്റെ രണ്ട് വശത്തും ഈ അവസ്ഥ നിലനിൽക്കുന്നുണ്ട്. ആ ഭാഗത്ത് അഞ്ചോളം വീടുകളുണ്ട്. ആ വീടുകൾ വളരെ അപകടകരമായ അവസ്ഥയിലാണ്. വീട്ടുകാരെ തൽക്കാലം മാറ്റി പാർപ്പിച്ചിട്ടുണ്ട്. അടിയന്തരമായി ആ ഭൂമിയും വീടും എറ്റെടുത്ത് അവർക്ക് നഷ്ടപരിഹാരം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. ഇപ്പോൾ എൻ.എച്ച്.-ന്റെ പ്രവൃത്തി അദാനിക്കാണ് നൽകിയത്. അദാനി പ്രസ്തുത പ്രവൃത്തി നടത്തിപ്പ് വാഗാഡ് എന്ന കമ്പനിയെ ഏല്പിച്ചു. വാഗാഡ് എന്ന കമ്പനിയുടെ പ്രവർത്തനത്തിൽ വളരെയധികം അപാകതകളുണ്ടാകുന്നുണ്ട്. ഡ്രെയിനേജ് സംവിധാനം ശരിയായ രീതിയിലല്ല അവർ നടപ്പാക്കുന്നത്. വടകര ഠൗണിൽ മണിക്കൂറുകളോളമുള്ള വാഹനക്കുരുക്കാണ് ഉണ്ടാകുന്നത്. മഴക്കാലത്ത് വാഹനങ്ങളുടെ നീണ്ട ക്യൂ ഉണ്ടാകാറുണ്ട്. സർവീസ് റോഡുകൾ പ്രോപ്പറായ

രീതിയിൽ പണി പൂർത്തീകരിക്കാതെ ഗതാഗതം തിരിച്ചുവിടുന്നതിന്റെ ഭാഗമായി പല പ്രശ്നങ്ങളുമുണ്ടാകുന്നുണ്ട്. പാലയാട് നട, മടപ്പള്ളി, മുക്കാലി ഉൾപ്പെടെ ഉയരമുള്ള ഭാഗങ്ങളിലൊക്കെ സോയിൽ നെയിലിംഗാണ് ചെയ്യുന്നത്. തീർച്ചയായും ഈ നിർമ്മാണം അശാസ്ത്രീയമാണ്. തട്ടുകളായി കോൺക്രീറ്റ് മതിലുകൾ നിർമ്മിക്കുകയാണ് ശാസ്ത്രീയമായ പരിഹാരമാർഗം. അത് ചെയ്യാനാവശ്യമായ നിർദേശം കൊടുക്കണം. 5 കുടുംബങ്ങളെ അടിയന്തരമായി മാറ്റി പാർപ്പിക്കാനും ഭൂമി ഏറ്റെടുത്ത് അവർക്ക് നഷ്ടപരിഹാരം നൽകാനും തയ്യാറാകണം. കുറ്റകരമായ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണം. ഈ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ജീവിതം വളരെയധികം ദുരിതപൂർണ്ണമായി മാറിക്കൊണ്ടിരിക്കുകയാണ്. അടിയന്തരമായി ആരുടെ ഭാഗത്താണ് വീഴ്ചയുണ്ടായതെന്ന് കണ്ടെത്തി പ്രസ്തുത ഉദ്യോഗസ്ഥരുടെമേൽ നടപടി സ്വീകരിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ടെന്നറിയാം. പക്ഷേ ഇവിടെ വളരെ ഗൗരവത്തിലുള്ള ഇടപെടൽ

ആവശ്യമാണ്. ഈ വീടും സ്ഥലവും ഏറ്റെടുത്ത് നിർമ്മാണത്തിലെ അപാകത പരിഹരിച്ച് ജനങ്ങളുടെ ജീവിതം സ്വസ്ഥമായി മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാരും മന്ത്രിയും ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, NH 66-ന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട അഴിയൂർ-വെങ്ങളം റീച്ചിലെ മുക്കാലിയിലുണ്ടായ മണ്ണിടിച്ചിൽ സംബന്ധിച്ച പ്രശ്നം ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ചു. സോയിൽ നെയിലിംഗ് പ്രവൃത്തി ചെയ്ത ഭാഗം മഴയിൽ തകരുകയും അത് ജനങ്ങൾക്ക് ബുദ്ധിമുട്ടാകുകയും ചെയ്തു. ഈ സംഭവം നടന്നപ്പോൾത്തന്നെ വിവരം മനസ്സിലാക്കി ദേശീയപാതാ അതോറിറ്റിയുമായും എം.എൽ.എ.-യുമായും സംസാരിക്കുകയും പ്രസ്തുത വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് പ്രത്യേക നിർദേശം നൽകുകയും ചെയ്തിരുന്നു. ദേശീയപാതാ വികസനത്തിന്റെ ഭാഗമായി ഇത്തരത്തിലുള്ള അപകടങ്ങളുണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കണമെന്ന്

ദേശീയപാതാ അതോറിറ്റിക്ക് കർശന നിർദേശം നൽകിയിരുന്നു. സംസ്ഥാനത്തെ ദേശീയപാത 66-ന്റെ പ്രവൃത്തിയുടെ ഭാഗമായി ബന്ധപ്പെട്ടവരുടെ യോഗം ചേരുകയുണ്ടായി. കഴിഞ്ഞ തവണ കോഴിക്കോട് നടന്ന ബഹുമാനപ്പെട്ട എം.എൽ.എ.-യുംകൂടി പങ്കെടുത്ത ഡി.ഡി.സി. (ജില്ലാ വികസന സമിതി) യോഗത്തിൽ ഈ വിഷയം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇത്തരം വിഷയങ്ങൾ പരിഹരിക്കാനും ഏകോപനം സാധ്യമാക്കാനും ഒരു നോഡൽ ഓഫീസറെ (ഡെപ്യൂട്ടി കളക്ടറെ) നിശ്ചയിച്ചു. ദേശീയപാതാ അതോറിറ്റിയുടെ യോഗത്തിലും ഇതുസംബന്ധിച്ച് പറഞ്ഞിരുന്നു. ജില്ലാ കളക്ടർമാർ ഉൾപ്പെടെയുള്ളവരുടെ യോഗത്തിൽ എല്ലാ കാര്യങ്ങളും ചർച്ച ചെയ്തു. പ്രസ്തുത വിഷയം പരിഹരിക്കുന്നതിൽ ദേശീയപാതാ അതോറിറ്റി ഇടപെടുമെന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത വിഷയത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ പൊതുമരാമത്ത് വകുപ്പിന് കഴിയില്ല. കാരണം ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കേന്ദ്ര സർക്കാരിന് കീഴിലാണ് സേവനമനുഷ്ഠിക്കുന്നത്.

ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും പാളിച്ചകളുണ്ടെങ്കിൽ അവരുടെ പേരുവിവരങ്ങൾ ദേശീയപാതാ അതോറിറ്റിയെ അറിയിക്കുമ്പോൾ അക്കാര്യത്തിൽ കേന്ദ്ര സർക്കാർ ആവശ്യമായ നിലപാട് സ്വീകരിക്കുന്ന സ്ഥിതിയാണ് പൊതുവെ ഉണ്ടാകേണ്ടത്. കോഴിക്കോട് നോഡൽ ഓഫീസർ ഈ മേഖലയിൽ നേരിട്ടെത്തി കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. രണ്ട് ദിവസം കഴിഞ്ഞ് ഇതുമായി ബന്ധപ്പെട്ട് അദ്ദേഹവുമായി ഒരു ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. NHAI (National Highways Authority of India)-യുടെ ഏതെങ്കിലും ഉദ്യോഗസ്ഥർ അലംഭാവം കാട്ടുന്നുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് ജില്ലാ കളക്ടറോട് പ്രത്യേകം ആവശ്യപ്പെടാം. ഇത് മുടങ്ങിപ്പോയൊരു പദ്ധതിയാണ്. ഞാൻ നിയമസഭയിൽ പലതവണ അതുസംബന്ധിച്ച് പറഞ്ഞതാണ്. ഇനിയും പറയേണ്ടതുണ്ട്. കാരണം, എൽ.ഡി.എഫ്. സർക്കാരിന്റെ ഇടപെടലാണ് NH-66 ജീവൻവച്ച് യാഥാർഥ്യമാകാൻ കാരണമെന്നത് ചരിത്രം ഒരിക്കലും തമസ്കരിക്കേണ്ടതല്ല. ഇത് ഞാൻ ഉൾപ്പെടെയുള്ള ഭരണ-പ്രതിപക്ഷ കക്ഷികളിൽപ്പെട്ട എം.എൽ.എ.-മാർ

പറയേണ്ട കാര്യമാണ്. 5600 കോടി രൂപ ചെലവഴിക്കാനുള്ള തീരുമാനം ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി അന്ന് ഒരു സംസ്ഥാന സർക്കാർ സ്വീകരിച്ചില്ലായിരുന്നെങ്കിൽ NH-66 കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ യാഥാർഥ്യമാകുമെന്ന് ഇപ്പോൾ നമുക്ക് പറയാൻ കഴിയുന്ന സ്ഥിതിയുണ്ടാകില്ലായിരുന്നു. ഈ പ്രവൃത്തിയുൾപ്പെടെ കാസർഗോഡ് മുതൽ തൃശ്ശൂർവരെ NH 66-ന്റെ വലിയൊരു ശതമാനം പ്രവൃത്തി വളരെ വേഗത്തിൽ പൂർത്തീകരിക്കാൻ കഴിയും. കേരളത്തിൽ 2025 ഡിസംബറോടുകൂടി NH 66-ന്റെ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന സന്തോഷ വിവരം ഒരിക്കൽക്കൂടി സഭയുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിൽ ജനങ്ങളുടെ പിന്തുണയുണ്ട്. ദേശീയപാതയുടെ പ്രവൃത്തി നടക്കുമ്പോൾ ജനങ്ങൾ നല്ല രീതിയിൽ സഹകരിക്കുകയുണ്ടായി. പ്രവൃത്തിയുമായി ബന്ധപ്പെട്ട് കേരളത്തിലെ ജനങ്ങൾ ധാരാളം പ്രയാസമനുഭവിച്ചിട്ടുണ്ട്. എന്നാൽ ഈ സ്വപ്ന സാഫല്യം മനസ്സിലാക്കിക്കൊണ്ട് ജനങ്ങൾ അതിനോട് സഹകരിച്ചു. നിലവിലെ പ്രശ്നം വളരെ ന്യായമാണ്. ഇക്കാര്യത്തിൽ എല്ലാ

രീതിയിലും സർക്കാർ ഇടപെട്ട് ദേശീയപാതാ അതോറിറ്റിയുമായി ചേർന്ന് പ്രശ്നങ്ങൾ പരിഹരിക്കാൻ മുന്നോട്ടുവരുമെന്ന് സഭയെ അറിയിക്കുകയാണ്.

(11) ആയയിൽ മുള്ളറവിള പാലം, നെയ്യാറ്റിൻകര കന്നിപ്പുറം പാലം എന്നിവയുടെ നിർമ്മാണം

ശ്രീ. കെ. ആൻസലൻ: സർ, 2016-17 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച, നെയ്യാറ്റിൻകര അസംബ്ലി മണ്ഡലത്തിലെ രണ്ട് പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ് ഈ സഭയിൽ ഉന്നയിക്കുന്നത്. നെയ്യാറ്റിൻകര ടൗണിലെ കന്നിപ്പുറം പാലമാണ് അതിൽ ഒന്നാമത്തേത്. അവിടെ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചെങ്കിലും ടെൻഡർ നടപടികൾ വൈകുകയാണ്. ആയയിൽ മുള്ളറവിള പാലമാണ് രണ്ടാമത്തേത്. ഇതിനായി ഭൂമിയേറ്റെടുക്കൽ നടപടി ഇതുവരെ ആരംഭിച്ചിട്ടില്ല. ഏകദേശം ഏഴ് വർഷത്തിനുമുമ്പ് പ്രഖ്യാപിച്ച പദ്ധതികളാണിവ. 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമം ദുരുപയോഗം ചെയ്യുന്നുവെന്നൊരു സംശയം എനിക്കുണ്ട്. സമയബന്ധിതമായി ഭൂമിയേറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന അമാന്തം, അതിന്

നിയോഗിക്കപ്പെട്ട എക്സ്പെർട്ട് കമ്മിറ്റികൾ നിശ്ചിത സമയത്ത് റിപ്പോർട്ട് നൽകാതിരിക്കുക, ഇക്കാര്യങ്ങളിൽ വകുപ്പുകളുടെ ഏകോപനമില്ലായ്മ തുടങ്ങിയവയെല്ലാം ഇത്തരത്തിൽ സംശയമുണ്ടാകാനുള്ള കാരണങ്ങളാണ്. കെ.ആർ.എഫ്.ബി. (കേരള റോഡ് ഫണ്ട് ബോർഡ്) ആണ് പ്രസ്തുത പ്രവൃത്തികൾക്കായി ഫണ്ട് ലഭ്യമാക്കുന്നത്. നടപടികൾ വൈകുന്നതിന്റെ ഭാഗമായി ഏഴ് വർഷത്തിനുശേഷം നിലവിൽ പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് നിരക്ക് 2016-17 ഘട്ടത്തിലുള്ളതിനേക്കാൾ അധികരിക്കുകയാണ്. അത്തരത്തിൽ ഭൂമിയേറ്റെടുക്കുന്നതിലും നിർമ്മാണപ്രവർത്തനത്തിലും കോടിക്കണക്കിന് രൂപയാണ് പൊതുമരാമത്ത് വകുപ്പിന് അധികമായി വിനിയോഗിക്കേണ്ടിവരുന്നത്. ഇത്തരം കാര്യങ്ങളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനും ഭൂമിയേറ്റെടുക്കുന്നതിനുമെല്ലാം കൃത്യമായ സമയം നിശ്ചയിച്ച് നടപടികൾ വേഗത്തിലാക്കണം. 2024 ഡിസംബർ 31-ാം തീയതിയെങ്കിലും ഈ രണ്ട് പാലങ്ങളുടെയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ പ്രത്യേക ഇടപെടലുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ രണ്ട് പാലങ്ങളുമായി ബന്ധപ്പെട്ട സബ്മിഷനാണ് ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചിരിക്കുന്നത്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയാണ് ആയയിൽ മുള്ളറവിള പാലത്തിന്റെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളത്. ഇതിനായി ഇരുപത് കോടി ആറ് ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. പാലം പ്രവൃത്തിക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കുന്നതിനായി ചമയങ്ങളുടെ വില നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സ്ഥലമേറ്റെടുപ്പിനും 19(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും ഭൂമി വിലയായ ഏഴ് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷം രൂപ റവന്യൂ വകുപ്പിലെ ലാൻഡ് അക്വിസിഷൻ വിഭാഗത്തിന് കൈമാറുകയും ചെയ്തു. പാലത്തിന്റെ സ്പാനിലും അപ്രോച്ച് റോഡിലും വന്നിട്ടുള്ള മാറ്റങ്ങൾകൂടി ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് പി.ഡബ്ല്യൂ.ഡി. പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് മുഖാന്തരം തയ്യാറാക്കിവരുന്നു. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയായാലുടൻ മറ്റ് നടപടികളിലേയ്ക്ക് കടക്കുന്നതാണ്. പുതുക്കിയ

എസ്റ്റിമേറ്റുപ്രകാരം അധിക തുക ആവശ്യമെങ്കിൽ അതിനുള്ള പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി നേടുന്നതാണ്.

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഒൻപത് കോടി എൺപത്തിയാറ് ലക്ഷം രൂപയ്ക്കാണ് നെയ്യാറ്റിൻകര കന്നിപ്പുറം പാലം പ്രവൃത്തിക്കുള്ള സാമ്പത്തികാനുമതി നൽകിയത്. പാലം പ്രവൃത്തിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് അഞ്ച് കോടി ഇരുപത്തിയേഴ് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സാമ്പത്തികാനുമതി ലഭിച്ച തുകയേക്കാൾ കൂടുതലായതിനാൽ പുതുക്കിയ സാമ്പത്തികാനുമതി ആവശ്യമായിവന്നു. 13-03-2024-ന് കിഫ്ബിയിൽനിന്ന് പുതുക്കിയ സാമ്പത്തികാനുമതി ലഭിച്ചെങ്കിലും ഉപാധികളോടെയായിരുന്നു അനുമതി നൽകിയത്. പാലത്തിന്റെ ഡിസൈനിൽ ചെലവ് ചുരുക്കുന്നതിനുള്ള സാധ്യത പരിശോധിക്കാനും പുതുക്കിയ പ്രൊപ്പോസൽ കിഫ്ബിക്ക് സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. റീ-ഡിസൈൻ സാധ്യത പരിശോധിക്കാൻ പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗത്തിന് നൽകിയിരിക്കുകയാണ്. ഈ പരിശോധനയ്ക്കുശേഷം മാത്രമേ കിഫ്ബി അനുമതിയോടെ

തുടർനടപടികളിലേയ്ക്ക് കടക്കാൻ കഴിയുകയുള്ളൂ. രണ്ട് പാലം പ്രവൃത്തികളും ആരംഭിക്കുന്നതിനുള്ള പ്രത്യേക ഇടപെടൽ നടത്തുന്നതാണ്. ഇതിനായി KRFB-PMU പ്രോജക്ട് ഡയറക്ടർക്ക് പ്രത്യേക നിർദേശം നൽകാം. സബ്മിഷനിൽ ആവശ്യപ്പെട്ടതുപോലെ എത്രയും വേഗത്തിൽ പാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള ഇടപെടൽ നടത്താം.

(അധ്യക്ഷവേദിയിൽ മി. സ്പീക്കർ)

VI. റിപ്പോർട്ട് സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി III-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2023 ഏപ്രിൽ 1മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

2. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനാല് മുതൽ പതിനേഴ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ പതിനാല് മുതൽ പതിനേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VII. ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

(i) 2024 ഫെബ്രുവരി 9-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 21/2024/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നമ്പർ 168/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾക്കുള്ള ഭേദഗതി

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2018-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണ ക്രമവത്കരണം) ചട്ടങ്ങൾ അതിലംഘിച്ചുകൊണ്ട് നിർമ്മിച്ച "2024-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം)" ചട്ടങ്ങളിൽ താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. ചട്ടം 2(1)(കെ)-ൽ “2018” എന്നതിന് പകരം "2016” എന്ന് ചേർക്കുക.

2. ചട്ടം 3(2)(എഫ്)-ൽ “ലൈസൻസിയുടെ സാധുവായ രജിസ്ട്രേഷൻ സംബന്ധിച്ച തെളിവ്” എന്നീ വാക്കുകൾ ഒഴിവാക്കുക.

3. ചട്ടം 3(2)(ജി)-ൽ “സൂക്ച്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയ സൂക്ച്ചറൽ എഞ്ചിനീയറുടെ യോഗ്യതയുടെ തെളിവ്” എന്നീ വാക്കുകൾ ഒഴിവാക്കുക.

4. ചട്ടം 3(2)(പി)-ൽ “തയ്യാറാക്കിയ” എന്ന വാക്കിന് പകരം "പാസ്സാക്കിയ” എന്ന വാക്ക് ചേർക്കുക.

5. ചട്ടം 4-ലെ പട്ടിക 1-ൽ ക്രമനമ്പർ (2) കോളം (2)-ൽ “100 ചതുരശ്ര മീറ്റർ താഴെയുള്ളതുമായ” എന്നീ അക്കത്തിനും വാക്കുകൾക്കും പകരം “100 ചതുരശ്ര മീറ്റർ വരെയുള്ളതുമായ” എന്നീ അക്കവും വാക്കുകളും ചേർക്കുക.

6. ചട്ടം 6(1)-ൽ

(i) “ഫാറം 1-ബിയിൽ വിശദമായി” എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നങ്ങൾക്കും അക്ഷരത്തിനും പകരം “ഫാറം 1-ബിയിൽ” എന്നീ വാക്കുകളും അക്കവും ചിഹ്നങ്ങളും അക്ഷരവും ചേർക്കുക.

(ii) “ക്രമവൽക്കരിച്ചിട്ടുള്ള സംഗതിയിൽ” എന്നീ വാക്കുകൾക്ക് പകരം "ക്രമവൽക്കരിക്കാവുന്ന സംഗതിയിൽ” എന്നീ വാക്കുകൾ ചേർക്കുക.

(iii) "ആയതിൽ" എന്ന വാക്കിന് പകരം "ഫാറം 1-ബിയിൽ" എന്ന വാക്കും അക്കവും ചിഹ്നങ്ങളും അക്ഷരവും ചേർക്കുക.

(iv) "നൽകേണ്ടതുമാണ് " എന്ന വാക്കിന് മുൻപായി "ടൗൺ പ്ലാനർക്ക് " എന്നീ വാക്കുകൾ ചേർക്കുക.

7. ചട്ടം 6(2)(ii)-ൽ "പരിശോധിച്ച്" എന്ന വാക്ക് ഒഴിവാക്കുക.

8. ചട്ടം 6(4)(vii)-ൽ "എയർക്രാഫ്റ്റ്" എന്ന വാക്കിന് ശേഷം "ആക്ട്" എന്ന വാക്ക് ചേർക്കുക.

9. ചട്ടം 6(4)(ix)-ൽ "നടത്തിയിരുന്നെങ്കിൽ" എന്ന വാക്കിന് പകരം "നടത്തിയിട്ടുള്ളതെങ്കിൽ" എന്ന വാക്ക് ചേർക്കുക.

10. ചട്ടം 6(5)-ൽ

(i) "അല്ലെങ്കിൽ യഥാവിധി പൂരിപ്പിക്കുകയോ, ഒപ്പിടുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലെങ്കിലും" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ചട്ടം 3(3) പ്രകാരം കുറവുകൾ പരിഹരിച്ചിട്ടില്ലെങ്കിലും" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

(ii) " 30 " എന്നീ അക്കങ്ങൾക്ക് പകരം " 45 " എന്നീ അക്കങ്ങൾ ചേർക്കുക.

11. ചട്ടം 6(9)-ൽ ഇനം 1-ൽ " ജില്ലയിലെ " എന്ന വാക്കിന് ശേഷം "തദ്ദേശ സ്വയംഭരണ വകുപ്പ്" എന്നീ വാക്കുകൾ ചേർക്കുക.

12. ചട്ടം 6(15)-ൽ " പ്ലോട്ട് സംബന്ധിച്ച " എന്നീ വാക്കുകൾക്ക് പകരം "പ്ലോട്ട് സ്ഥിതി ചെയ്യുന്ന" എന്നീ വാക്കുകൾ ചേർക്കുക.

13. ചട്ടം 7(5)-ൽ " സെക്രട്ടറി നൽകിയ ഫാറം 1-ബി യിൽ നൽകിയ " എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നങ്ങൾക്കും അക്ഷരത്തിനും പകരം "സെക്രട്ടറി ഫാറം 1-ബി യിൽ രേഖപ്പെടുത്തിയ" എന്നീ വാക്കുകളും അക്കവും ചിഹ്നങ്ങളും അക്ഷരവും ചേർക്കുക.

14. ചട്ടം 8(1)-ൽ " നിർമ്മാണമോ ക്രമവൽക്കരണമോ " എന്നീ വാക്കുകൾക്ക് പകരം "നിർമ്മാണപ്രവർത്തനവും" എന്ന വാക്ക് ചേർക്കുക.

15. ചട്ടം 9(2)-ൽ " ഏതെങ്കിലും അനധികൃത നിർമ്മാണം നടത്തിയ ഉടമ നിശ്ചിത സമയപരിധിക്കുള്ളിൽ കൃത്യമായി പൂരിപ്പിച്ച നിർദ്ദിഷ്ട ഫാറത്തിൽ ബാധകമായ വിശദാംശങ്ങളോടെ, അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാതിരിക്കുകയോ, ക്രമവൽക്കരണ അപേക്ഷ നിരസിക്കപ്പെടുകയോ ചെയ്യുന്നപക്ഷം അത്തരം അനധികൃത നിർമ്മാണം പൊളിച്ചുനീക്കുന്നതിന് ഉചിതമായ നടപടി, സെക്രട്ടറി ഒരു മാസത്തിനുള്ളിൽ സ്വീകരിക്കേണ്ടതും" എന്നീ വാക്കുകൾക്ക് പകരം "ഉപചട്ടം (1) പ്രകാരം" എന്നീ ചിഹ്നങ്ങളും അക്കങ്ങളും വാക്കുകളും ചേർക്കുക.

16. ചട്ടം 10(2)-ൽ "അപേക്ഷ അനുവദിച്ചുകൊണ്ടോ നിരാകരിച്ചുകൊണ്ടോ" എന്നീ വാക്കുകൾക്ക് പകരം "അപേക്ഷ നിരാകരിച്ചുകൊണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

17. ചട്ടം 10(4)-ൽ "ആവശ്യമെന്ന് കണ്ടാൽ," എന്നീ വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

18. ചട്ടം 10(5)-ൽ "പുനരവലോകനം" എന്ന വാക്കിന് മുൻപായി "ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ് " എന്നീ വാക്കുകൾ ചേർക്കുക.

19. ചട്ടം 10(5) ഇനം (iii)-ൽ " പ്ലാനിംഗ് " എന്ന വാക്കിന് പകരം " (പ്ലാനിംഗ്) " എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

20. ചട്ടം 10(6)-ൽ " പെറ്റീഷൻ " എന്ന വാക്കിന് പകരം "ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ് " എന്നീ വാക്കുകൾ ചേർക്കുക.

21. ചട്ടം 10(7)-ൽ

(i) "കമ്മിറ്റി" എന്ന വാക്കിന് ശേഷം "അപ്പീൽ അപേക്ഷകനെ കേൾക്കേണ്ടതും" എന്നീ വാക്കുകൾ ചേർക്കുക.

(ii) "പെറ്റീഷൻ" എന്ന വാക്കിന് പകരം "ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ് " എന്നീ വാക്കുകൾ ചേർക്കുക.

22. ചട്ടം 12(2)-ൽ “ഉടമ നൽകിയ” എന്നീ വാക്കുകൾക്ക് ശേഷം “അപേക്ഷയിലെ” എന്ന വാക്ക് ചേർക്കുക.

23. ചട്ടം 12(3)-ൽ “മുകളിൽ എന്തുതന്നെയായിരുന്നാലും” എന്നീ വാക്കുകൾ ഒഴിവാക്കുക.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, "2024-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം)" ചട്ടങ്ങൾക്കുള്ള ഭേദഗതിയിലെ 1, 4, 5, 6(1)(iii), 8, 9, 11, 13, 22 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതിയോടെ സ്വീകരിക്കുന്നു.

(6) ചട്ടം 6(1)(ii) “ക്രമവൽക്കരിച്ചിട്ടുള്ള സംഗതിയിൽ” എന്നീ വാക്കുകൾക്ക് പകരം "ക്രമവൽക്കരിക്കുന്ന സംഗതിയിൽ” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(19) ചട്ടം 10(5)(iii)-ൽ "പ്ലാനിംഗ്” എന്ന വാക്കിനുപകരം "ചീഫ് ടൗൺ പ്ലാനർ എൽ. എസ്. ജി. ഡി. പ്ലാനിംഗ് (കൺവീനർ)” എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഭേദഗതിയോട് സ്വീകരിക്കുന്നതിലെ ഭേദഗതി എന്താണെന്നുകൂടി വ്യക്തമാക്കിയാൽ നന്നായിരിക്കും.

ശ്രീ. എം. ബി. രാജേഷ്: സർ, 6-ാം നമ്പർ ഭേദഗതിയിൽ ചട്ടം 6(1)-ലെ (ii)-ൽ "ക്രമവൽക്കരിക്കുന്ന സംഗതിയിൽ" എന്നീ വാക്കുകൾ ചേർത്ത് ഭേദഗതിയോടെ സ്വീകരിക്കുന്നു. 19-ാം നമ്പർ ഭേദഗതിയിൽ മലയാളം തർജമയിൽ വാക്കിന് വന്ന വ്യത്യാസമായതിനാൽ " ചീഫ് ടൗൺ പ്ലാനർ, എൽ.എസ്.ജി.ഡി. പ്ലാനിംഗ് (കൺവീനർ) എന്ന് മാറ്റം വരുത്താവുന്നതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(ii) 2024 ഫെബ്രുവരി 9-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 20/2024/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നമ്പർ 172/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾക്കുള്ള ഭേദഗതി

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2018-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണ ക്രമവത്കരണം) ചട്ടങ്ങൾ അതിലംഘിച്ചുകൊണ്ട് നിർമ്മിച്ച "2024-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം)" ചട്ടങ്ങളിൽ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. ചട്ടം 3(2)(എഫ്)-ൽ “ലൈസൻസിയുടെ സാധുവായ രജിസ്ട്രേഷൻ സംബന്ധിച്ച തെളിവ്” എന്നീ വാക്കുകൾ ഒഴിവാക്കുക.

2. ചട്ടം 3(2)(ജി)-ൽ “സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയ സ്ട്രക്ച്ചറൽ എഞ്ചിനീയറുടെ യോഗ്യതയുടെ തെളിവ്” എന്നീ വാക്കുകൾ ഒഴിവാക്കുക.

3. ചട്ടം 3(2)(പി)-ൽ “തയ്യാറാക്കിയ” എന്ന വാക്കിന് പകരം "പാസ്സാക്കിയ” എന്ന വാക്ക് ചേർക്കുക.

4. ചട്ടം 4-ലെ പട്ടിക 1-ൽ ക്രമനമ്പർ (2) കോളം (2)-ൽ “100 ചതുരശ്ര മീറ്ററിൽ താഴെയുള്ളതുമായ” എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം “100 ചതുരശ്ര മീറ്റർ വരെയുള്ളതുമായ” എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

5. ചട്ടം 6(1)-ൽ

   (i) “ഫാറം 1-ബിയിൽ വിശദമായ” എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നത്തിനും അക്ഷരത്തിനും പകരം “ഫാറം 1-ബിയിൽ” എന്നീ വാക്കുകളും അക്കവും ചിഹ്നവും അക്ഷരവും ചേർക്കുക.

   (ii) “ക്രമവൽക്കരിച്ചിട്ടുള്ള സംഗതിയിൽ” എന്നീ വാക്കുകൾക്ക് പകരം "ക്രമവൽക്കരിക്കാവുന്ന സംഗതിയിൽ” എന്നീ വാക്കുകൾ ചേർക്കുക.

   (iii) “കോമ്പൗണ്ടിംഗ് ഫീസ് ഉൾപ്പെടുത്തി” എന്നീ വാക്കുകൾക്ക് പകരം “കോമ്പൗണ്ടിംഗ് ഫീസ്

കണക്കാക്കിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തി" എന്നീ വാക്കുകൾ ചേർക്കുക.

(iv) "ആയതിൽ" എന്ന വാക്കിന് പകരം "ഫാറം 1-ബിയിൽ" എന്ന വാക്കും അക്കവും ചിഹ്നവും അക്ഷരവും ചേർക്കുക.

(v) " നൽകേണ്ടതുമാണ് " എന്ന വാക്കിന് മുൻപായി "ടൗൺ പ്ലാനർക്ക് " എന്നീ വാക്കുകൾ ചേർക്കുക.

6. ചട്ടം 6(2)(ii)-ൽ "പരിശോധിച്ച്" എന്ന വാക്കിനു പകരം "എന്നിവർ" എന്ന വാക്ക് ചേർക്കുക.

7. ചട്ടം 6(5)-ൽ

(i) "യഥാവിധി പൂരിപ്പിക്കുകയോ, ഒപ്പിടുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലെങ്കിലോ" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ചട്ടം 3(3) പ്രകാരം കുറവുകൾ പരിഹരിച്ചിട്ടില്ലെങ്കിലോ" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

(ii) "30" എന്നീ അക്കങ്ങൾക്ക് പകരം "45 " എന്നീ അക്കങ്ങൾ ചേർക്കുക.

8. ചട്ടം 6(9)-ൽ ഇനം 1-ൽ " ജില്ലയിലെ " എന്ന വാക്കിന് ശേഷം "തദ്ദേശ സ്വയംഭരണ വകുപ്പ്" എന്നീ വാക്കുകൾ ചേർക്കുക.

9. ചട്ടം 8(1)-ൽ " നിർമ്മാണമോ ക്രമവൽക്കരണമോ " എന്നീ വാക്കുകൾക്ക് പകരം "നിർമ്മാണപ്രവർത്തനവും" എന്ന വാക്ക് ചേർക്കുക.

10. ചട്ടം 9(2)-ൽ " അനധികൃതമായി നിർമ്മാണം നടത്തിയ ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമ നിശ്ചിത സമയപരിധിക്കുള്ളിൽ കൃത്യമായി പൂരിപ്പിച്ച നിർദിഷ്ട ഫാറത്തിൽ പ്രസക്തമായ വിശദാംശങ്ങളോടെ, അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാതിരിക്കുകയോ, ക്രമവൽക്കരണ അപേക്ഷ നിരസിക്കപ്പെടുകയോ ചെയ്യുന്നപക്ഷം അത്തരം അനധികൃത നിർമ്മാണം പൊളിച്ചുനീക്കുന്നതിന് ഉചിതമായ നടപടി, സെക്രട്ടറി ഒരു മാസത്തിനുള്ളിൽ സ്വീകരിക്കേണ്ടതും " എന്നീ വാക്കുകൾക്ക് പകരം "ഉപചട്ടം (1) പ്രകാരം" എന്നീ ചിഹ്നങ്ങളും അക്കങ്ങളും വാക്കുകളും ചേർക്കുക.

11. ചട്ടം 10(2)-ൽ "അപേക്ഷ അനുവദിച്ചുകൊണ്ടോ നിരാകരിച്ചുകൊണ്ടോ" എന്നീ വാക്കുകൾക്ക് പകരം "അപേക്ഷ നിരാകരിച്ചുകൊണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

12. ചട്ടം 10(4)-ൽ "ആവശ്യമെന്ന് കണ്ടാൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

13. ചട്ടം 10(5)-ൽ "പുനരവലോകനം" എന്ന വാക്കിന് മുൻപായി "ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ് " എന്നീ വാക്കുകൾ ചേർക്കുക.

14. ചട്ടം 10(5) ഇനം (iii)-ൽ " പ്ലാനിംഗ് " എന്ന വാക്കിന് പകരം "(പ്ലാനിംഗ്)" എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

15. ചട്ടം 10(6)-ൽ " പെറ്റീഷൻ " എന്ന വാക്കിന് പകരം "ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ്" എന്നീ വാക്കുകൾ ചേർക്കുക.

16. ചട്ടം 10(7)-ൽ

(i) "കമ്മിറ്റി " എന്ന വാക്കിന് ശേഷം "അപ്പീൽ അപേക്ഷകനെ കേൾക്കേണ്ടതും " എന്നീ വാക്കുകൾ ചേർക്കുക.

(ii) " പെറ്റീഷൻ " എന്ന വാക്കിന് പകരം "ജില്ലാതല കമ്മിറ്റിയുടെ ഉത്തരവ് " എന്നീ വാക്കുകൾ ചേർക്കുക.

17. ചട്ടം 12(2)-ൽ "ഉടമ നൽകിയ" എന്നീ വാക്കുകൾക്ക് ശേഷം "അപേക്ഷയിലെ" എന്ന വാക്ക് ചേർക്കുക.

18. ചട്ടം 12(3)-ൽ "മുകളിൽ എന്തുതന്നെയായിരുന്നാലും" എന്നീ വാക്കുകൾ ഒഴിവാക്കുക.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

(ശ്രീ. എം. ബി. രാജേഷ്): സർ, "2024-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട

(അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം)" ചട്ടങ്ങൾക്കുള്ള ഭേദഗതിയിലെ 3, 4, 5 (iv), 8, 17 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതിയോടെ സ്വീകരിക്കുന്നു.

(5) ചട്ടം 6(1)(ii) "ക്രമവൽക്കരിച്ചിട്ടുള്ള സംഗതിയിൽ" എന്നീ വാക്കുകൾക്ക് പകരം "ക്രമവൽക്കരിക്കുന്ന സംഗതിയിൽ" എന്നീ വാക്കുകൾ ചേർക്കുക.

(5) ചട്ടം 6(1)(iii) "അനുബന്ധം 1 പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസ് ഉൾപ്പെടുത്തി" എന്നീ വാക്കുകൾക്ക് പകരം "അനുബന്ധം 1 പ്രകാരം കണക്കാക്കിയ കോമ്പൗണ്ടിംഗ് ഫീസ് ഉൾപ്പെടുത്തി" എന്നീ വാക്കുകൾ ചേർക്കുക.

(6) ചട്ടം 6(2)(ii)-ൽ "പരിശോധിച്ച്" എന്ന വാക്കിനു പകരം "എന്നിവർ പരിശോധിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

(14) ചട്ടം 10(5) ഇനം (iii)-ൽ " പ്ലാനിംഗ് " എന്ന വാക്കിന് പകരം "ചീഫ് ടൗൺ പ്ലാനർ, എൽ.എസ്.ജി.ഡി. പ്ലാനിംഗ് (കൺവീനർ)" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

വളരെ നിഷ്കർഷതയോടുകൂടി ഈ ക്രമവത്കരണ ഭേദഗതി ചട്ടങ്ങൾ പരിശോധിക്കുകയും സൂക്ഷ്മമായി വിലയിരുത്തുകയും ചെയ്ത അനുഭവസമ്പന്നനായ മുതിർന്ന അംഗം ഡോ. എൻ. ജയരാജിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. എല്ലാ അംഗങ്ങൾക്കും മാതൃകയാക്കാവുന്ന പ്രവർത്തനമാണ് അദ്ദേഹത്തിന്റേത്. നിയമനിർമ്മാണത്തിലും ചട്ടങ്ങളിലുമൊക്കെ ഒരു അംഗത്തിന് എത്ര സൂക്ഷ്മമായി ഇടപെടാം എന്നതാണ് ഇതിലൂടെ തെളിയിക്കുന്നത്. അതോടൊപ്പം ചെയറിനോടും ഞാൻ പ്രത്യേകമായി നന്ദി രേഖപ്പെടുത്തുകയാണ്. കാരണം ഭേദഗതി എന്താണെന്ന് സഭയെ അറിയിക്കണമെന്നും അത് സഭാനടപടികൾ വായിക്കുന്ന ഏതൊരാളിനും വ്യക്തമായി മനസ്സിലാകാൻ സഹായിക്കുമെന്നുമുള്ള അങ്ങയുടെ സൂക്ഷ്മമായ നിരീക്ഷണത്തെയും ഞാൻ അഭിനന്ദിക്കുന്നു.

മി. സ്പീക്കർ: നന്ദി. ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

{12.45 p.m.}

VIII. ധനകാര്യം

ഉപധനാഭ്യർഥനകളുടെയും അധിക ധനാഭ്യർഥനകളുടെയും സ്റ്റേറ്റ്മെന്റുകൾ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-2025 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർഥനകളുടെ സ്റ്റേറ്റ്മെന്റ്, 2016-17, 2017-18, 2018-19, 2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധികധനാഭ്യർഥനകളുടെ സ്റ്റേറ്റ്മെന്റുകൾ എന്നിവ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

{12.46 p.m.}

IX. നിയമനിർമ്മാണകാര്യം

2024-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 2024-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഈ നിയമസഭാ സെഷനിൽ ഞാൻ ആദ്യമായി സംസാരിക്കുകയാണ്. പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർഥിയായി ഞാൻ മത്സരിച്ചെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. നമ്മുടെ നിയമസഭയിൽനിന്നും മത്സരിച്ച് പാർലമെന്റിലേക്കുപോയ ബഹുമാന്യരായ കെ. രാധാകൃഷ്ണൻ, ഷാഫി പറമ്പിൽ

എന്നിവർ നല്ല പാർലമെന്റേറിയന്മാരായിരിക്കട്ടേ എന്ന ആശംസകൾകൂടി അർപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

നാം ഉപധനാഭ്യർഥനകൾ അംഗീകരിക്കുന്ന സമയത്ത് ഇന്ത്യയുടെയും കേരളത്തിന്റെയും സാമ്പത്തിക ബന്ധത്തെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ഈ നിയമസഭാ സെഷനിൽ ഒട്ടേറെ ചർച്ചകൾ നടന്നുകഴിഞ്ഞു. അതിൽ തർക്കമില്ലാത്ത ഒരു വിഷയം നമ്മുടെ ജനാധിപത്യ ഫെഡറലിസം പാടെ അട്ടിമറിക്കപ്പെടുന്നുവെന്നതാണ്. നമ്മുടെ സംസ്ഥാനം ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഘട്ടത്തിലാണെങ്കിലും അതിനെ സാമ്പത്തിക പ്രതിസന്ധിയെന്നൊന്നും പറയാൻ കഴിയില്ല. റവന്യൂ വരുമാനം വർധിപ്പിച്ചും കാര്യങ്ങൾ കൃത്യമായി കൈകാര്യം ചെയ്തും ഈ സാമ്പത്തിക ബുദ്ധിമുട്ടുകൾ മറികടക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നല്ല പരിശ്രമം ഗവൺമെന്റ് നടത്തുന്നുണ്ട്. എന്നാലും സാമ്പത്തിക പ്രതിസന്ധിയും ബുദ്ധിമുട്ടുകളുമുണ്ട്. ഇവയ്ക്ക് കാരണം ഫെഡറൽ ഡെമോക്രസിയുടെ അസ്തമനമാണ്. ഫെഡറൽ ഡെമോക്രസിയിൽ വളരെ വ്യക്തമായി സൂചിപ്പിക്കുന്നത് 'Power to govern is shared between the national and state

governments' എന്നാണ്. എന്നാൽ അങ്ങനെയുള്ള ഒരു അധികാര വികേന്ദ്രീകരണമല്ല നടക്കുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ രാജ്യത്തിന്റെ central-state relationship-ൽ വലിയ മാറ്റമുണ്ടാക്കിയാൽ മാത്രമേ സംസ്ഥാനം ആര് ഭരിച്ചാലും സുഗമമായി കാര്യങ്ങൾ കൈകാര്യം ചെയ്യാൻ സാധിക്കുകയുള്ളൂ. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കേരളത്തിന് 60% ടാക്സ് ഷെയർ നൽകണമെന്നാണ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്. 50 ശതമാനംപോലും ഇതുവരെ നൽകാത്തിടത്താണ് അത്രയും ആവശ്യപ്പെടുന്നത്. പക്ഷെ അത് ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയുമെല്ലാം ആവശ്യകതയാണെന്ന് മനസ്സിലാക്കാൻ നമുക്ക് സാധിക്കണം. 'Power of taxation is vested in Central Government' - അതാണ് ഇന്നത്തെ അവസ്ഥ. നികുതി പിരിക്കാനും വിതരണം ചെയ്യാനുമുള്ള അധികാരം കേന്ദ്രസർക്കാരിനാണ്. സംസ്ഥാന സർക്കാരുകൾക്ക് കുറച്ചുകൂടി അധികാരം നൽകുമ്പോൾ മാത്രമേ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലും സംസ്ഥാന സർക്കാരുകൾ തമ്മിലുമുള്ള സന്തുലനം സാധ്യമാകുകയുള്ളൂ. അതെല്ലാം

മനസ്സിലാക്കിക്കൊണ്ടുള്ള നികൃതി വിഹിതം ലഭ്യമായാൽ മാത്രമേ നമുക്ക് കാര്യമായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ.

കേന്ദ്ര ഗവൺമെന്റ് ജനാധിപത്യപരമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നുവെങ്കിൽ വായ്പയെടുക്കാതെ മുന്നോട്ടുപോകാൻ സാധിക്കും. കേന്ദ്ര ഗവൺമെന്റിലേക്ക് വരാനിരിക്കുന്ന എല്ലാ സാമ്പത്തിക മാർഗങ്ങളും അവസാനിപ്പിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെയടക്കം വിറ്റുതുലയ്ക്കുന്ന മുതലാളിത്ത സമീപനം കേന്ദ്ര സർക്കാർ സ്വീകരിക്കുന്നതുകൊണ്ടാണ് കടം വാങ്ങേണ്ടി വരുന്നത്. എൽ.ഐ.സി.-യുടെ കാര്യമൊക്കെ നമുക്കെല്ലാമറിയാവുന്നതാണ്. അതേക്കുറിച്ച് നമ്മൾ എത്രയോ തവണ ഇവിടെ ചർച്ച ചെയ്തതാണ്. കേന്ദ്ര ട്രഷറിയിലേക്ക് പണം വരേണ്ട എല്ലാ ഭാഗങ്ങളും അടച്ചുകൊണ്ട് സെൻട്രൽ ഗവൺമെന്റിന്റെ പണം സ്വകാര്യ കോർപ്പറേറ്റുകൾക്ക് ഒഴുക്കിക്കൊടുക്കുന്ന സമീപനം സ്വീകരിക്കുന്നതുകൊണ്ടാണ് കടം വാങ്ങേണ്ടിവരുന്നത്. കേന്ദ്രവും കടം വാങ്ങുകയാണ്. കേന്ദ്രം 17 ലക്ഷം കോടി രൂപ കടം വാങ്ങിയതായാണ് കേന്ദ്ര ബജറ്റിന്റെ ഭാഗമായി വരുന്ന കണക്കുകൾ സൂചിപ്പിക്കുന്നത്. നിയമപ്രകാരം

കേന്ദ്രത്തിനായാലും സംസ്ഥാനത്തിനായാലും എടുക്കാവുന്ന വായ്പ 3 ശതമാനമാണ്. കേന്ദ്രം 5.8 ശതമാനം വായ്പയാണെടുത്തത്, അത് ഭീമമായ തുകയാണ്. കേരളത്തിനാണെങ്കിൽ 2.5 ശതമാനം വായ്പയെടുക്കാനാണ് അനുവാദം നൽകുന്നത്. ഇതിലൊന്നും നമ്മൾ തർക്കിക്കേണ്ട കാര്യമില്ല. എല്ലാവരും ഒറ്റക്കെട്ടായി നിന്ന് ഈ വ്യത്യാസത്തെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിനോട് സംസാരിക്കേണ്ടതാണ്. കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ 3.5 ശതമാനമെങ്കിലും വായ്പയെടുക്കാൻ കേരളത്തെ അനുവദിക്കണമെന്നാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. അങ്ങനെ അനുവദിച്ചാൽ കേരളത്തിലെ ജനങ്ങളുടെ ധാരാളം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. കഴിഞ്ഞ തിരഞ്ഞെടുപ്പ് സമയത്ത് യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുള്ളവർ കൂടുതലും പ്രസംഗിച്ചത്, കേരളത്തെ കടബാധ്യതയിൽ വരിഞ്ഞുകെട്ടിയിരിക്കുന്നു, വലിയ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിരിക്കുന്നു, കടക്കെണിയിലാക്കിയിരിക്കുന്നു എന്നൊക്കെയാണ്. എന്നാൽ നമ്മുടെ ജനാധിപത്യ ഫെഡറൽ സംവിധാനം നഷ്ടപ്പെട്ടതുകൊണ്ട് എല്ലാ സംസ്ഥാനങ്ങളും കടമെടുക്കുകയാണ്.

കേരളത്തിന്റെ കഴിഞ്ഞ വർഷത്തെ കടം 30839 കോടി രൂപയാണ്. എന്നാൽ തമിഴ്നാട് 87000 കോടി രൂപ, പടിഞ്ഞാറൻ ബംഗാൾ 63000 കോടി രൂപ, രാജസ്ഥാൻ 46000 കോടി രൂപയിലേറെ കടമെടുത്തിരിക്കുന്നു. ആന്ധ്രാപ്രദേശ് പോലും കടമെടുത്തിരിക്കുന്നു. പക്ഷേ കടമെടുക്കേണ്ടി വന്നപ്പോഴും നമ്മൾ പരിധിക്കപ്പുറത്തേയ്ക്ക് പോയിട്ടില്ല. നമ്മുടെ തനത് വരുമാനം വർധിപ്പിക്കാൻ ശ്രമിച്ചു. ധനകാര്യ കെടുകാര്യസ്ഥതയുണ്ടായെന്ന് ചിലർ പറയുന്നതു കേട്ടു, അങ്ങനെ പറയാൻ സാധിക്കുമോ? കേരളത്തിന്റെ തനത് നികുതി വരുമാനം 78.7 ശതമാനം വർധിപ്പിച്ചിട്ടുണ്ട്. പക്ഷെ നമ്മുടെ ആവശ്യകതകളുമായി തട്ടിക്കുമ്പോൾ അതുകൊണ്ടുമാത്രമാകുന്നില്ല, ടാക്സ് ഷെയർകൂടി ലഭിച്ചാൽ മാത്രമേ മതിയാകുകയുള്ളൂ. തനത് നികുതി വരുമാന വർധനവിന്റെ ദേശീയ ശരാശരി 65.4 ശതമാനമാണ്. നമ്മൾ അതിൽ 78.7 ശതമാനം വർധനവുണ്ടാക്കിയിട്ടുണ്ട്. പക്ഷെ അതുകൊണ്ടും തികയാതെ വന്നിരിക്കുകയാണ്. അപ്പോൾ ഈ പ്രത്യേക സാമ്പത്തിക സാഹചര്യത്തിൽ നമ്മൾ എന്താണ് ചെയ്യുക? ഇത് ഭരണപക്ഷവും പ്രതിപക്ഷവും കൂടിയാലോചിച്ച് കൈകാര്യം ചെയ്യേണ്ട ഒരു വിഷയമായി

മാറിയിരിക്കുകയാണ്. നമ്മുടെ ഗവൺമെന്റ് പ്രശ്നങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് മുന്നോട്ടുപോകാനാണ് ആലോചിക്കുന്നത്. പ്രയോറിറ്റി നിശ്ചയിക്കുമ്പോൾ എന്ത് പ്രയോറിറ്റിയാണ് കൊടുക്കേണ്ടത്? എൽ.ഡി.എഫ്. ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. സാധാരണക്കാരുടെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രയോറിറ്റി നിശ്ചയിച്ച് മുന്നോട്ടുപോകണമെന്നാണ് ഞങ്ങളെല്ലാവരും പറയുന്നത്. വളരെ എളുപ്പമല്ലെങ്കിലും അതിന് സാധിക്കും. അതിനുവേണ്ടിയുള്ള പരിശ്രമമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും ധനകാര്യ വകുപ്പുമന്ത്രിയുമെല്ലാം നടത്തിക്കൊണ്ടിരിക്കുന്നത്. കോവിഡ് കഴിഞ്ഞ പശ്ചാത്തലം പ്രത്യേകിച്ച് നമ്മൾ ഓർമ്മിക്കണം. ലോകമെമ്പാടും കോവിഡാനന്തര കാലത്ത് വലിയ പ്രതിസന്ധിയുണ്ടായിട്ടുണ്ട്. സാധാരണക്കാരുടെ ജീവിതമാർഗം നഷ്ടപ്പെട്ടു, വരുമാനം കുറഞ്ഞു, വലിയ ദാരിദ്ര്യമുണ്ടായി. ഇതൊക്കെ ഇന്ത്യയിലും കേരളത്തിലുമുണ്ടായിട്ടുണ്ട്. കേരളത്തിലെ നാട്ടിൻപുറങ്ങളിൽ ജീവിക്കുന്നവരുടെ ചെറിയ ചെറിയ തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടുപോയവരുണ്ട്. കോവിഡ് കാലത്ത് ഗൾഫ്

രാജ്യങ്ങളിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് വന്നശേഷം പിന്നെ തിരിച്ചുപോകാൻ കഴിയാത്ത ആളുകളുണ്ട്. അവരെയെല്ലാം നമുക്ക് സംരക്ഷിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ചെയ്യാനിരിക്കുന്ന കാര്യങ്ങൾ ആലോചിക്കുമ്പോൾ ഇങ്ങനെയുള്ള തൊഴിൽ നഷ്ടങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾകൂടി നമ്മുടെ മുമ്പിലുണ്ടായിരിക്കണമെന്നാണ് പ്രത്യേകിച്ച് പറയാനുള്ളത്. ഇവിടെ പലരും സംസാരിച്ചതുപോലെ ചെറുകിട-പരമ്പരാഗത വ്യവസായ മേഖലകളിലും പരമ്പരാഗത തൊഴിൽ മേഖലയിലുമുണ്ടായിട്ടുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ മുൻഗണന കൊടുക്കേണ്ടതുണ്ട്. കയർ, കൈത്തറി, കശുവണ്ടി, മറ്റ് പരമ്പരാഗത തൊഴിൽ മേഖലകൾ എന്നിവയെ നമ്മൾ കൂടുതൽ ശ്രദ്ധിക്കണം. ഉപധനാഭ്യർഥന നടത്തുന്നത് അത്തരം കാര്യങ്ങൾകൂടി കൈകാര്യം ചെയ്യുന്നതിനുവേണ്ടിയാണെന്ന് ഉറപ്പായും കരുതാം. തൊഴിൽ നഷ്ടത്തിന്റെ ഭാഗമായി വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന ആളുകൾക്ക് എങ്ങനെ ചെറിയ ആശ്വാസമെങ്കിലും ചെയ്തുകൊടുക്കാൻ സാധിക്കുമെന്ന കാര്യം പരിശോധിക്കണം. സാമൂഹികക്ഷേമ നടപടികളൊന്നും

ഉപേക്ഷിക്കാൻ നമുക്ക് സാധിക്കില്ല. കണക്കുകൾ പരിശോധിച്ചാൽ മറ്റേതൊരു സംസ്ഥാനത്തെക്കാളും കൂടുതൽ തുക സാമൂഹികക്ഷേമ നടപടികൾക്കുവേണ്ടി നാം ചെലവഴിക്കുന്നുണ്ട്. കേരളത്തിന്റെ റവന്യൂ വരുമാനം പൊതുവെ വളരെ കുറവാണ്. അതനുസരിച്ച് നോക്കുമ്പോൾ നമ്മൾ ചെലവഴിക്കുന്നത് വളരെ കൂടുതലാണ്. പക്ഷെ അതിൽനിന്ന് പിന്നോട്ടുപോകാൻ നമുക്ക് സാധിക്കില്ല. അതുകൊണ്ട് എല്ലാ ക്ഷേമപെൻഷനുകളും കുടിശ്ശിക തീർത്തുകൊടുക്കേണ്ടതും ക്ഷേമ പദ്ധതികൾ കൃത്യമായി നടത്തിക്കൊണ്ടുപോകേണ്ടതുമുണ്ട്. കഴിഞ്ഞ ഗവൺമെന്റ് വളരെ ശ്രദ്ധേയമായ സാമൂഹികപരിഷ്കരണ നടപടികളാണ് മുന്നോട്ടുവച്ചിരുന്നത്. അവയെല്ലാം മുന്നോട്ടുകൊണ്ടുപോകണം. ലൈഫ് മിഷൻ പദ്ധതിയെ അനുകൂലിച്ചും പ്രതികൂലിച്ചും ഇവിടെ ധാരാളം ചർച്ചകൾ നടന്നു. പക്ഷെ ലൈഫ് പദ്ധതി ഒരു അനുഗ്രഹം തന്നെയാണ്. ലോകത്ത് ഒരു ഗവൺമെന്റും മൊത്തം ജനസംഖ്യയുടെ കണക്കെടുത്ത് വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീട് നിർമ്മിച്ച് കൊടുത്തിട്ടില്ല. അത് സമ്പന്ന രാഷ്ട്രങ്ങൾപോലും ചെയ്യാത്ത കാര്യമാണ്. അങ്ങനെ ചെയ്യാൻ ശ്രമിക്കുമ്പോൾ ധാരാളം പരാതികളും

അപാകതകളുമുണ്ടാകും. കഴിഞ്ഞ ഗവൺമെന്റ് ലൈഫ് പദ്ധതി പ്രഖ്യാപിച്ചതിനുശേഷം നാലുലക്ഷത്തിലേറെ വീടുകൾ നിർമ്മിച്ചുകൊടുത്തു. ആ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ പണം വേണം. അതിനുവേണ്ടി നന്നായി പരിശ്രമിക്കേണ്ടതുണ്ട്. പരസ്പരം എതിർത്തുകൊണ്ടല്ല, പരസ്പരം യോജിച്ചുകൊണ്ട് എങ്ങനെ ജനകീയ പങ്കാളിത്തത്തോടുകൂടി ലൈഫ് മിഷൻ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നതിനെക്കുറിച്ച് നല്ല ചർച്ച നടക്കേണ്ടതാണ്.

മാലിന്യ നിർമ്മാർജനം നന്നായി ശ്രദ്ധിക്കണം. കുടിവെള്ള വിതരണം നല്ല രീതിയിൽ മുന്നേറിയിട്ടുണ്ടെന്ന് കഴിഞ്ഞ സബ്മിഷന് മറുപടിയായി മന്ത്രി ഇവിടെ പറഞ്ഞു. ജൽ ജീവൻ മിഷൻ പദ്ധതിയിൽ കേരളത്തിന്റെ പങ്കും കേന്ദ്രത്തിന്റെ ഷെയറുമുണ്ട്. അതെല്ലാം വച്ചുകൊണ്ട് എം.എൽ.എ.-മാരെല്ലാം വളരെയധികം ശ്രദ്ധിച്ച് ഓരോ മണ്ഡലത്തിലും കുടിവെള്ള വിതരണം വളരെ നന്നായി നടത്തിക്കൊണ്ടുപോകുന്നുണ്ട്. എന്നാൽ ശുദ്ധജലം വിതരണം ചെയ്യണം. കേരളത്തിൽ കാലാവസ്ഥാ വ്യതിയാനം കാരണം പകർച്ചവ്യാധിയുണ്ടാകാൻ നല്ല സാധ്യതയുണ്ട്.

അതുകൊണ്ട് ശുദ്ധമായ കുടിവെള്ളം നൽകണം. കുടിവെള്ളം പരിശോധിക്കാനുള്ള ലാബുകൾ എല്ലായിടത്തും സ്ഥാപിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് മലബാർ മേഖലയിലെ കുത്തുപറമ്പിൽ ഫുഡ് സേഫ്റ്റിയുടെ ഒരു ലാബ് പ്രഖ്യാപിച്ച് തുടങ്ങിവച്ചിരുന്നു. കോവിഡ് കാലത്ത് തടസ്സപ്പെട്ടുപോയതെല്ലാം പുനരുജ്ജീവിപ്പിച്ച്, പൂർത്തിയാക്കിക്കൊണ്ട് ഈ മേഖലയിൽ ജനങ്ങളുടെ ആരോഗ്യം രക്ഷിക്കാൻ ഇടപെടണം. ആരോഗ്യ മേഖലയിൽ പകർച്ചവ്യാധി പ്രതിരോധം, ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പുനരുദ്ധാരണം/ മെച്ചപ്പെടുത്തൽ ഇതെല്ലാം മുന്നോട്ടുകൊണ്ടുപോകണം. കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സർക്കാരിന് നല്ല ബാധ്യതയാണ്. 42 ലക്ഷം കുടുംബങ്ങൾക്കുള്ള പ്രീമിയത്തിൽ 18 ലക്ഷം കുടുംബങ്ങളുടെ 60 ശതമാനം തുക മാത്രമേ കേന്ദ്രം നൽകുന്നുള്ളൂ. ബാക്കി മുഴുവൻ പ്രീമിയം തുകയും കേരള ഗവൺമെന്റ് സൗജന്യമായി അടയ്ക്കുകയാണ്. അതുമായി നമുക്ക് മുന്നോട്ടുപോകാതിരിക്കാൻ സാധിക്കില്ല. വിദ്യാഭ്യാസ രംഗത്ത് പരിഷ്കാരം നടക്കണം. സാമൂഹ്യനീതി ഉറപ്പുവരുത്താൻ സാമൂഹ്യനീതി വകുപ്പ്, കേരള

സോഷ്യൽ സെക്യൂരിറ്റി മിഷൻ പോലുള്ളവയുടെ പ്രവർത്തനങ്ങൾ വളരെ മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. അതെല്ലാം ഓരോന്നായി ഇവിടെ പറയുന്നില്ല. അതിനെല്ലാം പണം വേണം. അത് എങ്ങനെ സ്വരൂപിക്കുമെന്നും എങ്ങനെ വിതരണം ചെയ്യുമെന്നും അതിൽ ഏതിന് ആദ്യം മുൻഗണന കൊടുക്കണമെന്നുള്ളതും നമ്മൾ തീരുമാനിക്കേണ്ടതുണ്ട്. ഇതിനെല്ലാം പ്രതിപക്ഷം സഹകരിക്കണ്ടേ? എന്നാൽ അങ്ങനെയൊരു സഹകരണാത്മക സമീപനമല്ല പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. വിമർശനം സംഹാരാത്മകമായി മാറുകയാണ്. കേന്ദ്ര ഗവൺമെന്റിനെതിരെ സമരം ചെയ്യാൻപോലും അവർ വന്നില്ല. ഞങ്ങളെല്ലാവരും അവിടെ പോയി സമരം ചെയ്തു. എന്തുകൊണ്ടാണ് പ്രതിപക്ഷം അതിൽ സഹകരിക്കാതിരുന്നതെന്ന് മനസ്സിലാകുന്നില്ല. തിരഞ്ഞെടുപ്പിൽ വലിയ വിജയം ബി.ജെ.പി.-ക്കുണ്ടാകുമെന്നാണ് കരുതിയത്. പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഒരു കാര്യത്തിൽ നമുക്ക് സന്തോഷമുണ്ട്, ബി.ജെ.പി.-ക്ക് നാലിൽ മൂന്ന് ഭൂരിപക്ഷം ലഭിക്കുമെന്നാണല്ലോ പറഞ്ഞിരുന്നത്. 400+ സീറ്റ് നേടി ബി.ജെ.പി. വരും,

മോദി ഗ്യാരന്റി എന്ന് പ്രചരിപ്പിച്ചു. എന്തായാലും ഇന്ത്യാ ബ്ലോക്കിന്റെ രൂപീകരണവും പ്രവർത്തനവുമെല്ലാം ചേർന്ന് അത്തരമൊരു അവസ്ഥയിലെത്തിയില്ല. അവർക്ക് വിചാരിച്ച രീതിയിൽ സീറ്റ് ലഭിച്ചില്ലെന്നത് വസ്തുതയാണ്. അതിൽ നമുക്ക് സന്തോഷിക്കാം. പക്ഷെ കോൺഗ്രസ് സ്വീകരിക്കുന്ന സമീപനമെന്താണ്? വലിയ ഏകാധിപത്യപരമായ സമീപനം ബി.ജെ.പി. സ്വീകരിക്കുന്നുവെന്ന് പറയുമ്പോൾ കോൺഗ്രസ് ധാരാളം കാര്യങ്ങൾ തിരുത്തേണ്ടതായിട്ടുണ്ട്, തിരുത്തുമെന്ന് പ്രതീക്ഷിക്കാം. പ്രസിദ്ധ എഴുത്തുകാരനായ ആനന്ദിന്റെ ഒരു ലേഖനം ഞാൻ അടുത്തിടെ വായിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് 'നെഹ്റുവിന്റെ കോൺഗ്രസ്, ഫാസിസ്റ്റ് സ്വഭാവം കാണിക്കുമെന്ന് ആരെങ്കിലും വിശ്വസിക്കുമോ? പക്ഷെ നെഹ്റു പോയി ദശാബ്ദം കഴിഞ്ഞപ്പോൾ, തന്റെ സർക്കാരിനെതിരെ ജനകീയ പ്രക്ഷോഭം ഉയർന്നുവന്നപ്പോൾ അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഭരണഘടനയുടെതന്നെ കല്ലുകൾ അടർത്തിയെടുത്ത് സ്വന്തം കൊട്ടാരത്തിനുചുറ്റും കോട്ടകൾ പണിതു' എന്നാണ്. ആ ഇളകിയ കല്ലുകൾ

പിന്നീട് ഒരിക്കലും നേരെ ഉറപ്പിച്ചിട്ടില്ല. മൗലികാവകാശത്തിന്റെ കല്ലുകൾ ഇളക്കാമെങ്കിൽ സെക്യുലറിസത്തിന്റെ കല്ലുകളും ഇളക്കാമെന്ന് പിന്നീട് വന്നവർ പരിശോധിച്ച് കാണുകയാണ്. ഇത് എതിർക്കണം. കോൺഗ്രസ് കുറെക്കൂടി നന്നാകണം. സമയമില്ലാത്തതുകൊണ്ട് കൂടുതൽ കാര്യങ്ങൾ ഞാൻ പറയുന്നില്ല. പാർലമെന്റ് തിരഞ്ഞെടുപ്പിൽ വടകര മണ്ഡലത്തിൽനിന്നും മത്സരിച്ച ഒരാളാണ് ഞാൻ. ഞങ്ങൾക്കുവേണ്ടി ഗോളടിച്ചിട്ടുള്ള മെസ്സി വന്നുവെന്ന് ബഹുമാന്യനായ നജീബ് കാന്തപുരം പറഞ്ഞു. ശ്രീ. നജീബേ, കുഴപ്പമില്ല, നല്ല ഗോളായിരുന്നു, അതിലൊന്നും തർക്കം പറയുന്നില്ല. പക്ഷെ ഈ ഗോൾ മുസ്ലീം ലീഗിന്റെ ഗോൾ വലയത്തിലേയ്ക്ക് എത്രവരുമെന്നത് നിങ്ങൾ നോക്കിക്കോളൂ. മുസ്ലീം ലീഗിനെ ഒരു വർഗീയ പാർട്ടിയായി ഞങ്ങൾ പറഞ്ഞിട്ടില്ല. ഭൂരിപക്ഷ ഹൈന്ദവ വർഗീയതയെ എതിർക്കുമ്പോൾ ന്യൂനപക്ഷ വിഭാഗത്തിലെ വർഗീയതയെയും എതിർക്കാൻ ഞങ്ങൾ തയ്യാറാകുന്നുണ്ട്. ഹൈന്ദവ രാഷ്ട്രവാദത്തെ എതിർക്കുമ്പോൾ ഇസ്ലാം രാഷ്ട്രവാദത്തെയും എതിർക്കാൻ എൽ.ഡി.എഫ്.-നും യു.ഡി.എഫ്.-നും സാധിക്കണം. അവിടെ ജമാഅത്തെ ഇസ്ലാമിക്കും എസ്.ഡി.പി.ഐ.-ക്കും

സ്ഥാനാർഥിയുണ്ടായിരുന്നില്ല. തെരഞ്ഞെടുപ്പിൽ വിജയിച്ചതിൽ നിങ്ങൾക്ക് ഇപ്പോൾ നല്ല സന്തോഷമുണ്ട്. എന്നാൽ നിങ്ങൾ ശ്രദ്ധിക്കേണ്ട വിഷയങ്ങളുണ്ടെന്നാണ് ഞാൻ പറയുന്നത്. മുസ്ലീം ലീഗിൽ അധികം വർഗീയതയൊന്നുമില്ലാത്ത ആളുകളല്ലേ കൂടുതലുള്ളത്; ഈ കൂട്ടുകെട്ട് ശുഭകരമാണോ? നാളെ കോൺഗ്രസ്സിനും മുസ്ലീം ലീഗിനുമുണ്ടാകാൻ പോകുന്ന അപകടം നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

മി. സ്പീക്കർ: ടീച്ചർ ..... പ്ലീസ്.....പ്ലീസ്.....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമെല്ലാം ഇവിടെ ഇരിക്കുകയാണ്. മാതൃഭൂമി ഓൺലൈൻ പേജ് ക്രിയേറ്റ് ചെയ്തുകൊണ്ട് അതിനകത്ത് ഞാൻ പറഞ്ഞതായി ഒരു വാർത്ത വന്നു; 'ലവ് ജിഹാദ് ഉണ്ട്, കെ. കെ. ശൈലജ ടീച്ചർ.' ഇത് ആരെ ബോധിപ്പിക്കാനായിരുന്നു? ഇതിനെക്കുറിച്ച് ഞാൻ മാതൃഭൂമിയുടെ ഓഫീസിൽ അന്വേഷിച്ചപ്പോൾ അങ്ങനെ ഒരു വാർത്ത അവർ നൽകിയിട്ടില്ലെന്നും അത് fake page ആണെന്നുമാണ് അറിയിച്ചത്. അതിന്റെ ഉത്തരവാദി ആരാണെന്ന്

കണ്ടെത്തിയിട്ടുണ്ട്. ഞാൻ അക്കാര്യം പറഞ്ഞ് ഇവിടെ തർക്കിക്കുന്നില്ല. അത് ചെയ്തത് ആരാണെന്ന് മനസ്സിലായിട്ടുണ്ട്. ധാർമ്മികതയെന്ന് പറയുന്ന ഒരു കാര്യമുണ്ടെന്ന് നിങ്ങളെല്ലാവരും മനസ്സിലാക്കേണ്ടതാണ്. ആ രാഷ്ട്രീയ ധാർമ്മികത കാണിച്ചില്ലെങ്കിൽ വരാനിരിക്കുന്ന നാളുകളിൽ നമുക്കെല്ലാം അപകടമുണ്ടാകാൻ സാധ്യതയുണ്ടെന്ന് സൂചിപ്പിക്കാൻവേണ്ടി മാത്രമാണ് ഞാൻ ഇവിടെയിത് പറഞ്ഞത്. അതുപോലെ നിരവധി കാര്യങ്ങളുണ്ട്. നമുക്ക് ഒരുമിച്ചുനിന്ന് പ്രയോറിറ്റി നിശ്ചയിച്ചുകൊണ്ട് സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും എങ്ങനെ കേരളത്തെ മുന്നോട്ടുനയിക്കാം, കേരളത്തിലെ ജനങ്ങൾക്ക് എത്രമാത്രം ആശ്വാസമെത്തിക്കാം എന്നത് കണ്ടെത്തുന്നതിനുവേണ്ടി പരിശ്രമിക്കണം. അതിന് പ്രതിപക്ഷത്തിന്റെ സഹായവുമുണ്ടാകുമെന്ന പ്രതീക്ഷയാണ് ഞങ്ങൾക്കെല്ലാമുള്ളത്. അങ്ങനെ ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ മാവേലി സ്റ്റോറിൽ അരി എത്തിക്കുന്നതിനും പെൻഷൻ നൽകുന്നതിനുമെല്ലാം സാധിക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു. നേരത്തെ അങ്ങ് ഇവിടെ ക്വസ്റ്റ്യൻ ഓഫ് കൺവീനിയൻസിനെക്കുറിച്ചാണ് സംസാരിച്ചത്. പക്ഷേ ഞങ്ങൾ ഇവിടെ ക്വസ്റ്റ്യൻ ഓഫ് പ്രയോറിറ്റിയെക്കുറിച്ചാണ് പറയുന്നത്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിലുള്ള വിവിധ ആനുകൂല്യങ്ങൾ നൽകാൻ 465 കോടി രൂപയും 15 മാസത്തോളം കുടിശ്ശികയുള്ള കെട്ടിടനിർമ്മാണ ക്ഷേമനിധി പെൻഷൻ നൽകുന്നതിന് 700 കോടി രൂപയും മറ്റാനുകൂല്യങ്ങൾക്കുവേണ്ടി 36 കോടി രൂപയും ആവശ്യമാണ്. നമ്മുടെ നാട്ടിലെ പാവപ്പെട്ടവരും ഒരു നേരത്തെ ആഹാരം ലഭിക്കാത്ത പട്ടിണിപ്പാവങ്ങളുമാണ് ഇതിൽ ഉൾപ്പെടുന്നത്. നമ്മൾ ലോകമാതൃകയാണെന്ന് പറയുകയും ലോകത്തിലെ ഏറ്റവും ചെറിയ രൂപത്തിൽ നിൽക്കുകയും ചെയ്താൽ മതിയോ? അതുകൊണ്ടാണ് ഞങ്ങൾ ക്വസ്റ്റ്യൻ ഓഫ് പ്രയോറിറ്റിയെക്കുറിച്ച് പറയുന്നത്. ഞങ്ങളെ കുറ്റപ്പെടുത്തുന്നതിനുവേണ്ടി കുറച്ച് രാഷ്ട്രീയമൊക്കെ അങ്ങ് ഇവിടെ പറഞ്ഞു. ഒരു തിരഞ്ഞെടുപ്പിനുശേഷം അങ്ങ് വന്ന് രാഷ്ട്രീയം പറയുന്നതിനെ ഞാൻ

എതിർക്കുകയില്ല. ഞങ്ങൾ വ്യക്തിയെയല്ല, പ്രസ്ഥാനത്തെയും നിലപാടുകളെയുമാണ് എതിർക്കുന്നത്. ധനകാര്യത്തെ സംബന്ധിച്ച് പറയുമ്പോൾ രണ്ട് കാര്യങ്ങളാണുള്ളത്. ഒന്ന്, വിഭവസമാഹരണമാണ്. അതിനുവേണ്ടി നല്ല പരിശ്രമം വേണ്ടതുണ്ട്. രണ്ട്, ചെലവഴിക്കുന്ന കാര്യത്തിൽ അതിര് കടന്നുപോകരുത്. ഈ രണ്ടിന്റെയും ബാലൻസ് സൂക്ഷിക്കാൻ സാധിക്കുമെങ്കിൽ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കും. പക്ഷെ വിഭവസമാഹരണത്തിന്റെ കാര്യത്തിൽ അങ്ങനെ സാധിക്കുന്നുണ്ടോ? 2017 മുതൽ തുടർച്ചയായി ആറ് തവണ ആംനെസ്റ്റി സ്കീം കൊണ്ടുവന്നു. അത് വിജയിച്ചുവെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുമെന്ന് തോന്നുന്നില്ല. 13,000 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി ആറ് പ്രാവശ്യമായിട്ടാണ് ആംനെസ്റ്റി സ്കീം കൊണ്ടുവന്നത്. അത് വേണ്ടവിധം മുന്നോട്ടുപോയില്ല. ഇങ്ങനെ ഓരോ പദ്ധതിയും മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള പരിശ്രമം നടത്തിയിട്ടുണ്ട്. വിഭവസമാഹരണത്തിന്റെ കാര്യത്തിൽ നമ്മൾ ഒരു രംഗം മറന്നുപോകുകയാണ്; 2016 സാമ്പത്തിക വർഷത്തിൽ

സ്വർണ്ണത്തിൽനിന്നുള്ള നികുതി വരുമാനമായി 653 കോടി രൂപയായിരുന്നു ലഭിച്ചതെങ്കിൽ ഇന്ന് ആ ഇനത്തിൽ സംസ്ഥാനത്തിന് 383 കോടി രൂപ മാത്രമാണ് ലഭിക്കുന്നത്. അതായത് നികുതിവരുമാന നിരക്ക് കുത്തനെ കുറയുകയാണുണ്ടായത്. വാറ്റ് ഏർപ്പെടുത്തിയിരുന്ന കാലത്ത് സംസ്ഥാനത്ത് 5000 രജിസ്ട്രേഷനുകളാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്ന് അത് 10649 രജിസ്ട്രേഷനുകളായി ഉയർന്നിട്ടുണ്ട്. പക്ഷെ സംസ്ഥാന വിഹിതം വർധിക്കുന്നില്ല. സംസ്ഥാനത്തിന്റെ വിഭവസമാഹരണത്തെ സംബന്ധിച്ച് വലിയൊരു കാഴ്ചപ്പാട് ഉണ്ടായെങ്കിൽ മാത്രമേ അതിന് സാധിക്കുകയുള്ളൂ. ഇന്ത്യയിലെ ആഭ്യന്തര വിപണിയിൽ പ്രതിവർഷം 1000 ടൺ സ്വർണ്ണം ക്രയവിക്രയം ചെയ്യുന്നതിൽ 30 ശതമാനവും കേരളത്തിലാണ്. അതിന്റെ ടാക്സ് കേരളത്തിന് ലഭിക്കുന്നില്ലെന്ന യാഥാർഥ്യം നിലനിൽക്കുകയാണ്. കേരളത്തിൽ പ്രതിവർഷ സ്വർണ്ണ ഉപഭോഗം 200 മുതൽ 300 ടൺവരെയാണ്. ആ കച്ചവടത്തിൽനിന്ന് സംസ്ഥാനത്തിന് 65 ശതമാനം നികുതി ലഭിക്കേണ്ടതാണ്. സർക്കാർ വിവരാവകാശ നിയമപ്രകാരം പുറത്തുവിട്ടിരിക്കുന്ന കണക്കനുസരിച്ച് 2022-23-ൽ സ്വർണ്ണക്കച്ചവടത്തിന്റെ

ടേൺ ഓവർ കേവലം 1,11,000 കോടി രൂപ മാത്രമാണ്. അതിൽ എൺപത് ശതമാനത്തോളം വഹിക്കുന്നത് ചില വ്യക്തികൾ മാത്രമാണെന്ന യാഥാർഥ്യം ഞാൻ മറക്കുന്നില്ല. 2016-ൽ ഒരു ഗ്രാം സ്വർണ്ണത്തിന് 2,820 രൂപയായിരുന്നെങ്കിൽ 653 കോടി രൂപയാണ് നികുതിയായി സംസ്ഥാനത്തിന് ലഭിച്ചിരുന്നത്. നിലവിൽ ഒരു ഗ്രാം സ്വർണ്ണത്തിന് 6,649 രൂപയായിട്ടും സംസ്ഥാനത്തിന് ഇപ്പോൾ ലഭിക്കുന്ന നികുതി 700 കോടി രൂപ മാത്രമാണ്. അതായത് വിഭവസമാഹരണം താഴോട്ട് പോകുകയാണ്. ടാപ്പ് ചെയ്യേണ്ട മേഖലയിൽ വേണ്ടവിധം ടാപ്പ് ചെയ്യാൻ കഴിയുന്നില്ലെന്നതല്ലേ യാഥാർഥ്യം? ഇക്കോണമിയുടെ വലിപ്പം മൂന്നിരട്ടി വർധിച്ചിട്ടും നികുതി വരുമാനം വർധിച്ചിട്ടില്ലെന്ന യാഥാർഥ്യം നിലനിൽക്കുകയാണ്. എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ എണ്ണം പകുതിയായി വെട്ടിക്കുറച്ച് പരിശോധനകൾ ദുർബലമാക്കിയെന്ന ഒരു ആക്ഷേപമുണ്ട്. അത് മാറ്റുന്നതിനുള്ള നടപടിയെടുക്കണം. ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്ത് 2023 ഓഗസ്റ്റ് മുതൽ ഇ-വേ ബിൽ നിഷ്കർഷിക്കണമെന്ന തീരുമാനമുണ്ടായിരുന്നു. കേരളത്തിന് ഈ

വിജ്ഞാപനം നടപ്പാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. അതിന് കാരണമെന്താണെന്ന് അങ്ങയുടെ മറുപടിയിൽ വ്യക്തമാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. വിഭവസമാഹരണത്തിന്റെ കാര്യത്തിൽ നമുക്ക് സംഭവിച്ചിട്ടുള്ള പാളിച്ചകൾ മാറ്റുന്നതിനുള്ള നടപടിയെടുക്കണമെന്ന പോസിറ്റീവ് ക്രിട്ടിസിസം ഞാൻ നടത്തുകയാണ്. അതോടൊപ്പം ധനകാര്യ വകുപ്പ് എതിർത്താലും ധനകാര്യ വകുപ്പുദ്യോഗസ്ഥർ ഫയലിനകത്ത് 'should not be given' എന്ന് എഴുതിയാലും ചില കാര്യങ്ങൾ മറ്റ് വഴികളിലൂടെ പാസ്സാക്കി പോകുകയാണ് ചെയ്യുന്നത്. ധനകാര്യ വകുപ്പ് എതിർത്തിട്ടും മന്ത്രിസഭയുടെ അനുമതിയോടുകൂടി നടപ്പാക്കിയ സിംഗിൾ ബിഡ്ഡുള്ള പ്രവൃത്തികളെല്ലാം ഉയർന്ന ടെൻഡർ എക്സസിന് അനുമതി നൽകിയിരിക്കുകയാണ്. അങ്ങനെ ഒരു വശത്തുകൂടി പണം ഒഴുകിപോകുകയാണ്. സമാഹരിക്കേണ്ട തുകകൾ സംസ്ഥാനത്തിന് വേണ്ടവിധം ലഭിക്കുന്നില്ല. എന്നാൽ ഉള്ള തുകയെല്ലാം ഒരു വശത്തുകൂടി ഒഴുകിപ്പോകുകയാണ്. വിജിലൻസ് കേസന്വേഷണം നേരിടുന്ന കമ്പനിക്കുപോലും ചട്ടങ്ങൾക്ക് വിരുദ്ധമായി 31.98 ശതമാനം ടെൻഡർ

എക്സസ് കൊടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയലിൽ ഉദ്യോഗസ്ഥർ 'should not be given' എന്നാണ് എഴുതിയിരിക്കുന്നത്. കാരണം അവർ നിബന്ധന വിട്ടുള്ള കാര്യങ്ങൾക്ക് നിൽക്കില്ല. പക്ഷെ ഈ വിഷയം കാബിനറ്റിന്റെ പരിഗണനയ്ക്ക് പോകുമ്പോൾ അത് നൽകാൻ പാടില്ലെന്നാണ് ഉദ്യോഗസ്ഥർ ഫയലിൽ എഴുതിയിട്ടുള്ളതെന്ന വിവരം അറിഞ്ഞുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മന്ത്രി 31 ശതമാനം എക്സസിൽ ടെൻഡർ നൽകുന്നതിന് അനുകൂല നിലപാട് സ്വീകരിച്ചു. കാബിനറ്റ് രഹസ്യം നിയമസഭയിൽ പറയണമെന്ന് ഞാൻ പറയുന്നില്ല. പക്ഷെ അങ്ങനെ അനുകൂലമല്ലായിരുന്നെങ്കിൽ ഇക്കാര്യത്തിൽ ക്ലിയറൻസ് ലഭിക്കില്ലായിരുന്നു. ഞങ്ങൾ വളരെ പോസിറ്റീവായ രീതിയിലാണ് കാര്യങ്ങൾ പറയുന്നത്. കാരണം സർക്കാർ നന്നായി മുന്നോട്ടുപോകണമെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. അക്കാര്യത്തിൽ നെഗറ്റീവായിട്ടുള്ള നിലപാടൊന്നും ഞങ്ങൾക്കില്ല. എന്റെ കൈവശം ഇതുസംബന്ധിച്ച രേഖകളും നിയമസഭയിൽ നൽകിയ ഉത്തരങ്ങളുമുണ്ട്. അങ്ങ് ആവശ്യപ്പെടുകയാണെങ്കിൽ എന്റെ കൈവശമുള്ള ഉത്തരങ്ങൾ അങ്ങേയ്ക്ക് പ്രത്യേകിച്ച് നൽകാം. അതുകൊണ്ട്

ഈ നിലയിലുള്ള നടപടികളിൽ മാറ്റം വരുത്തണം. എ.ഡി.ബി. വായ്പയുടെ മറവിൽ കൂടിവെള്ള സ്വകാര്യവത്കരണം തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. എളമരം കരീം കൊച്ചിയിൽ ഒരു സമരം ഉദ്ഘാടനം ചെയ്തു. അദ്ദേഹം മാത്രമല്ല, വാട്ടർ അതോറിറ്റിയിലെ CITU, AITUC, INTUC നേതാക്കന്മാരുൾപ്പെടെ എല്ലാവരും ആ സമരത്തിൽ പങ്കെടുത്തിരുന്നു. എ.ഡി.ബി. വായ്പയുടെ മറവിൽ കൂടിവെള്ള സ്വകാര്യവത്കരണം നടത്തുന്നുവെന്നതായിരുന്നു സമരത്തിന്റെ കാരണം. അവരുടെ ഡിമാൻഡുകളടങ്ങിയ രേഖകൾ എന്റെ കൈവശമുണ്ട്. ഞാൻ ബഹുമാനപ്പെട്ട ചെയറിനെ നൂറ് ശതമാനം മാനിക്കുന്നതുകൊണ്ട് അധികമായി സംസാരിക്കുന്നില്ല. ഏതായാലും ഇതുപോലുള്ള നടപടികൾ സ്വീകരിക്കുന്നത് സംസ്ഥാനത്തിന് ഗുണകരമല്ല. ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി അന്വേഷണം നടത്തണം. അന്വേഷണം അങ്ങ് സുതാര്യമായി നടത്തുമെന്ന് എനിക്കറിയാം. പൂർവകാലത്തുണ്ടായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ പാപഭാരം ചുമക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയാണ് അങ്ങ് എന്നറിയാവുന്ന ഞാൻ അങ്ങയെ ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ്, ഇതുപോലെ

പരിധിവിട്ടുപോകുന്ന കാര്യങ്ങളിൽ അങ്ങ് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടിയെടുത്ത് ധനകാര്യ നിലപാടുകൾ കറക്റ്റായി പോകുന്നതിനുള്ള നിലയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകണം. നമ്മുടെ നാട്ടിൽ തടഞ്ഞുവച്ചിട്ടുള്ള ചില പദ്ധതികളുണ്ട്. സർക്കാർ മാറിയപ്പോൾ നടന്നുകൊണ്ടിരുന്ന പല വർക്കുകൾക്കും ഇപ്പോൾ സ്റ്റോപ്പ് മെമ്മോ നൽകുകയാണ്. എന്തൊരു കഷ്ടമാണ്; ശ്രീ. രമേശ് ചെന്നിത്തല ഒരു ധർണ്ണ ഉദ്ഘാടനം ചെയ്തു. അവിടെ ഞാൻ തന്നെയാണ് ഉപവാസമിരുന്നത്. ഉപവാസം നിയമസഭയിൽ ഇരിക്കേണ്ടതായിരുന്നു, പക്ഷെ ബഹുമാനപ്പെട്ട ചെയറിനോടുള്ള ബഹുമാനവും മതിപ്പുംകൊണ്ട് അത് മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി. അതുകൊണ്ട് കാര്യങ്ങൾ അതുപോലുള്ള സ്ഥിതിയിലേയ്ക്ക് കൊണ്ടുവരേണ്ടതുണ്ട്. ഒരു കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ഇവിടെ MoRTH എന്ന ഒരു ഏജൻസിയുണ്ട്. ആര് പറഞ്ഞാൽ അവരെ നിലയ്ക്കുനിർത്താൻ സാധിക്കുമെന്ന് എനിക്കറിയില്ല. ആ കുടിവെള്ള പദ്ധതിയുടെ ഭാഗമായി അവർ പൈപ്പിടാൻ സമ്മതിക്കില്ല. അതേ സമയം സ്വകാര്യ ഏജൻസിക്ക് പൈപ്പിടുന്നതിനായി വെട്ടിക്കുഴിക്കാൻ അനുമതി

നൽകുകയും ചെയ്യു. എന്ത് MoRTH ആണ്? ഇത് MoRTH അല്ല, മോർച്ചറിയാണ്. സാധാരണഗതിയിൽ ഇത് നാടിന്റെ വികസനത്തെ തകർക്കുന്നതാണ്. ഇതിനെക്കുറിച്ച് ആലോചിക്കണം. അതുകൊണ്ട് വളരെ നല്ല രൂപത്തിൽ ഇക്കാര്യങ്ങൾ പോകണമെന്നുള്ള ആഗ്രഹത്തോടുകൂടി ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽകൂടി എതിർക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേരളം ഏറ്റവും കൂടുതൽ തുക ചെലവഴിക്കുന്ന മേഖല ആരോഗ്യ മേഖലയാണെന്ന് അറിയാമല്ലോ? കുടുംബക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കാണ് കൂടുതൽ പണം ചെലവഴിക്കേണ്ടിവരുന്നത്. മഴക്കാലത്ത് അമീബിക് മസ്തിഷ്ക ജ്വരം, ഷിഗല്ല വൈറസ് എന്നിവയുൾപ്പെടെ നമ്മൾ നേരിടുന്ന പ്രതിസന്ധികൾ വളരെ പ്രധാനപ്പെട്ടതാണ്. അതോടെ ഇന്നുവരെ ഇല്ലാത്തവിധം സംസ്ഥാനത്തെ ശിക്ഷിക്കുന്ന നിലപാടുകളാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നതെന്നും അറിയാവുന്ന കാര്യമാണ്. അതുകൊണ്ടുതന്നെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ പൊതുജനാരോഗ്യ

മേഖലയിൽ മാതൃകാപരമായ ഇടപെടലാണ് കഴിഞ്ഞ വർഷങ്ങളിലെല്ലാം നടത്തിയിട്ടുള്ളത്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ആദ്യ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തും തുടർന്നുവന്ന ഈ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തും ഈ നേട്ടങ്ങൾ നിലനിർത്തി മുന്നോട്ടുപോകുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ലഭ്യമായ കണക്കുകളനുസരിച്ച് പൊതുജനാരോഗ്യത്തിന്റെ അടിസ്ഥാന സൂചകങ്ങളായ ശിശുമരണ നിരക്ക് ജനിക്കുന്ന ആയിരം കുട്ടികളിൽ അഞ്ചിനുതാഴെയാണ്. മാതൃമരണ നിരക്ക് ഒരു ലക്ഷം പ്രസവങ്ങളിൽ ഇരുപതിനുതാഴെയാണ്. കേരളം മറ്റെല്ലാ സംസ്ഥാനങ്ങളെക്കാളും പൊതുജനാരോഗ്യത്തിന്റെ കാര്യത്തിൽ ബഹുദൂരം മുന്നിലാണെന്ന് നമുക്കറിയാം. ഇന്ത്യയിൽ ഏറ്റവുമധികം സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണ്. ഏറ്റവുമധികം ചികിത്സാ സഹായം നൽകുന്ന സംസ്ഥാനം ഏതെന്ന ചോദ്യത്തിന് മറുപടിയാണ് തുടർച്ചയായി നാം നേടുന്ന 'ആരോഗ്യ മന്ഥൻ' പുരസ്കാരം. എന്നുമാത്രമല്ല, ചികിത്സാ സഹായത്തിനായി സംസ്ഥാന സർക്കാർ ചെലവഴിക്കുന്ന തുക കേന്ദ്രം നീക്കിവയ്ക്കുന്ന പണത്തിന്റെ

പത്തിരട്ടിയാണ്. അപൂർവ രോഗങ്ങളുടെ ചികിത്സയ്ക്ക് 'കാരുണ്യ ആരോഗ്യ സുരക്ഷ ഇൻഷ്വറൻസ് പദ്ധതിയും പൊതുചികിത്സാമേഖലയിൽ സർക്കാരിന്റെ മുതൽമുടക്കും സമന്വയിപ്പിച്ചിട്ടും താങ്ങാനാകാത്തവിധമുള്ള ഭാരിച്ച ചികിത്സാചെലവുകൾ ഉണ്ടാകുന്നുവെന്നതാണ് വസ്തുത. സർക്കാർ നിയന്ത്രിത ക്രൗഡ് ഫണ്ടിംഗ് മാർഗങ്ങളുപയോഗിച്ച് ആരോഗ്യവകുപ്പുതന്നെ ധനസഹായം നേടിക്കൊടുക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. മികച്ച ആശുപത്രികൾക്കുള്ള ദേശീയ അംഗീകാരം, നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് തുടർച്ചയായി കഴിഞ്ഞ മൂന്നുവർഷവും ലഭിക്കുന്നത് നമ്മുടെ സംസ്ഥാനത്താണ്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ചരിത്രത്തിലാദ്യമായി രാജ്യത്തുള്ള മികച്ച മെഡിക്കൽ കോളേജുകളുടെ കൂട്ടത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജും അതുപോലെ ദന്തൽ കോളേജും ഇടംപിടിച്ചിരിക്കുകയാണ്. കേരളത്തിലാദ്യമായി ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം (കേരള പബ്ലിക്ക് ഹെൽത്ത് ആക്ട്) ഉണ്ടാകുന്നത് 2023-ലാണ്. ആരോഗ്യ സൂചകങ്ങളുടെ ഏത് അളവുകോൽവച്ച് പരിശോധിച്ചാലും രാജ്യത്തെ

ഏതൊരു സംസ്ഥാനത്തെക്കാളും ബഹുദൂരം മുന്നിലാണ് കേരളമെന്ന് കാണാൻ സാധിക്കും. ഇതുപറയുമ്പോഴും കേരളം ആരോഗ്യമേഖലയിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചെറുതല്ലെന്നതും നാം കാണണം. ഇക്കാര്യം ഏറ്റവുമുറക്കെ പറയാൻ ആർജവം കാണിച്ചിട്ടുണ്ട് നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി എന്ന വസ്തുതയും ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ജീവിതശൈലീ രോഗങ്ങളുടെ കടന്നുവരവ്, പുത്തൻ പകർച്ചവ്യാധികൾ, ആരോഗ്യമേഖലയുടെ അമിതമായ സ്വകാര്യവത്കരണം, വർധിച്ച ചികിത്സാച്ചെലവ് തുടങ്ങിയവയൊക്കെ ചേർന്ന് ആരോഗ്യത്തിന്റെ കേരള മോഡൽ എന്ന സങ്കൽപ്പത്തിന്റെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്ന ഒരവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അടിസ്ഥാന മേഖലയെ ശക്തിപ്പെടുത്തുന്ന ആർദ്രം-2, പൊതുജനാരോഗ്യ കേഡർ, പൊതുജനാരോഗ്യ നിയമം തുടങ്ങിയവയിലൂടെ പുതിയ പ്രശ്നങ്ങളെ നേരിടാനുള്ള മറ്റൊരു കേരള മോഡൽ സൃഷ്ടിക്കാനാണ് കേരളം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. രോഗാതുരതയാണ് ആധുനിക കേരളം നേരിടുന്ന ഏറ്റവും വലിയ പൊതുജനാരോഗ്യ ഭീഷണി. മുപ്പതുവയസ്സിനുതാഴെയുള്ള

മൂന്നിലൊരാൾക്ക് രക്താതിമർദവും നാലിലൊരാൾക്ക് പ്രമേഹവുമുണ്ടെന്നത് ലോകത്തിലെതന്നെ ഉയർന്ന നിരക്കുകളിലൊന്നാണ്. അതാണിപ്പോൾ കേരളത്തിൽ നിലനിൽക്കുന്നത്. ഇന്ത്യയിലാദ്യമായി ഇവയെ നേരിടുന്നതിനുള്ള പ്രവർത്തനത്തിന് തുടക്കം കുറിച്ചത് 2006-ലെ ഇടതുപക്ഷ സർക്കാരാണ്. കഴിഞ്ഞ മൂന്നുവർഷക്കാലത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ രോഗങ്ങളെ പ്രതിരോധിക്കുന്നതിൽ നാം കാര്യമായി മുന്നോട്ടുപോയിട്ടുണ്ടെന്നത് കാണാൻ സാധിക്കും. എങ്കിലും ഈ മേഖലയിൽ നാം ഇനിയും ബഹുദൂരം മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. കേരളത്തിലെ വർധിച്ചുവരുന്ന രോഗാതുരതയുടെ കാരണങ്ങൾ കണ്ടെത്താനും പരിഹരിക്കാനും നമുക്ക് കഴിഞ്ഞേ മതിയാകൂ. അല്ലെങ്കിൽ മരുന്നുതീനികളുടെ നാടായി കേരളം മാറുമെന്നതിൽ സംശയമില്ല. ഇത് സഭയും സർക്കാരും പൊതുസമൂഹവും ഉൾക്കൊള്ളേണ്ട കാര്യമാണ്. ഇന്ത്യയിൽ ആളുകളുടെ ശരാശരി പ്രായം ഏറ്റവും ഉയർന്ന സംസ്ഥാനം കേരളമാണ്. നമ്മുടെ നാട്ടിലെ 65 വയസിനുമുകളിൽ പ്രായമുള്ളവരുടെ ശതമാനം ഇന്ത്യൻ ശരാശരിയുടെ ഇരട്ടിയോളം വരും. അതുകൊണ്ടുതന്നെ

പ്രായാധിക്യമുള്ളവരുടെ ആരോഗ്യ പ്രശ്നങ്ങൾ നമുക്ക് വളരെ വലിയ വെല്ലുവിളിയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി പലപ്രാവശ്യം ഇവിടെ ചൂണ്ടിക്കാട്ടിയിട്ടുള്ളതുമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽമാത്രം ഒരു മാസം അഡ്മിറ്റ് ചെയ്യുന്ന വൃദ്ധജനങ്ങളുടെ എണ്ണം മൂവായിരമാണെന്നാണ് ഈ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ പറഞ്ഞത്. അത് കോട്ടയത്ത് 2800-ഉം തൃശ്ശൂരിൽ 2975-ഉം എന്ന നിലയിലാണ്. എന്തുകൊണ്ട് ചില ജില്ലകളിൽ ജനസംഖ്യാനുപാതികമായല്ലാതെ വൃദ്ധജന രോഗികളുണ്ടാകുന്നു; ഉണ്ടാകുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായാണോ വൃദ്ധജന ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്? പ്രാഥമികാരോഗ്യതലങ്ങളിലും ഗ്രാമസഭകളിലും വികസനത്തെ മുൻനിർത്തി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പ്രായാധിക്യമുള്ളവരുടെ എണ്ണത്തിലും ശതമാനത്തിലും വരുന്ന വർധനയും അതുയർത്തുന്ന ആരോഗ്യപ്രശ്നങ്ങളും പരിഗണനയിലേയ്ക്ക് വരുന്നുണ്ടോ? അവയെ എങ്ങനെ നേരിടാമെന്നുള്ള കാര്യങ്ങളും നമ്മുടെ പരിഗണനയിൽ വരേണ്ടതായിട്ടുണ്ട്. ആരോഗ്യപ്രവർത്തകർ വൃദ്ധജനങ്ങളുടെ

ഭവനസന്ദർശന പരിപാടികൾക്ക് ആക്കംകൂട്ടി അവരുടെ ആരോഗ്യപ്രശ്നങ്ങൾക്ക് മുൻഗണന നൽകേണ്ടതായിട്ടുണ്ട്. കുട്ടികളിൽപ്പോലും നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് ഉയരുന്നത് നിയന്ത്രിച്ചില്ലെങ്കിൽ അവ നമ്മുടെ ആരോഗ്യ സംവിധാനങ്ങൾക്ക് വലിയ വെല്ലുവിളിയാകും. മാത്രമല്ല, താങ്ങാനാകാത്ത ചികിത്സാ ചെലവുകളിലേയ്ക്ക് സംസ്ഥാനത്തെ തള്ളിവിടുകയും ചെയ്യും. അങ്ങനെവന്നാൽ നമ്മൾ അഭിമാനത്തോടെ പറയുന്ന കേരള ആരോഗ്യ മാതൃക മുന്നോട്ടുകൊണ്ടുപോകാൻ നമ്മൾ ഇനിയും ഏറെ പണിപ്പെടേണ്ടതായി വരും. സംസ്ഥാനത്ത് കാൻസർ ചികിത്സാ രംഗത്ത് വലിയ മുന്നേറ്റമാണുണ്ടായത്. ജീവിതശൈലീ രോഗങ്ങളും കാൻസറും നേരത്തെ കണ്ടെത്തി ചികിത്സിക്കാനായി സർക്കാർ ആർദ്രം ജീവിതശൈലീ രോഗനിർണ്ണയ കാമ്പയിൻ ആരംഭിച്ചു. മുപ്പത് വയസ്സിന് മുകളിലുള്ള 1.54 കോടിയിലധികം പേരുടെ സ്ക്രീനിംഗ് നടത്തുകയും നാൽപ്പത്താറായിരത്തോളം പേരെ ആർ.സി.സി.-യിൽ കാൻസർ പരിശോധനയ്ക്ക് വിധേയരാക്കുകയും ചെയ്തു. സർക്കാർ മേഖലയിൽ ആദ്യമായി കാൻസറിന് റോബോട്ടിക് സർജറി ആർ.സി.സി.-യിലും എം.സി.സി.-യിലും

ആരംഭിച്ചുവെന്നത് നമുക്ക് കാണാൻ കഴിയും. മാത്രമല്ല കാൻസർ ഗ്രിഡും കാൻസർ സ്യൂട്ടും ആരംഭിച്ചു. എന്നാൽ കാൻസർ ആശുപത്രിയിലെത്തുന്ന കുഞ്ഞുങ്ങളുടെ എണ്ണം നമ്മളെ അമ്പരപ്പിക്കുന്നതാണ്. അതിന്റെ കാരണം തേടുമ്പോൾ പഠിച്ച കാര്യങ്ങളും ഗവേഷണങ്ങളും മതിയാകാതെ പോകുന്നു. കാൻസർ ബാധിച്ച കുഞ്ഞുങ്ങളുടെ എണ്ണം കൂടുന്നത് എന്തുകൊണ്ടെന്ന ചോദ്യത്തിന് നമ്മൾ ഉത്തരം കണ്ടെത്തിയേ മതിയാകൂ. കേരളത്തിലെ ഹൃദയാഘാത തോത് ലോകത്തുതന്നെ ഏറ്റവും ഉയർന്നതാണ്. ഹൃദ്രോഗ ചികിത്സയുടെ കാര്യത്തിൽ ഇക്കഴിഞ്ഞ വർഷങ്ങളിൽ ഇന്ത്യയിൽത്തന്നെ ഏറ്റവും കൂടുതൽ രോഗികൾ എത്തുന്നത് തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ്. കോട്ടയം മെഡിക്കൽ കോളേജ് പോലുള്ള സ്ഥാപനങ്ങൾ വിജയകരമായി ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ അടക്കം നടത്തിക്കൊണ്ടിരിക്കുന്നു. എല്ലാ വലിയ ആശുപത്രികളിലും കാത്ത് ലാബ് സൗകര്യമൊരുക്കിയിട്ടുണ്ട്. സർക്കാർ ആരോഗ്യ മേഖലയിൽ വലിയ തോതിൽ പണം മുടക്കിക്കൊണ്ടാണ് ഇതൊക്കെ ചെയ്യുന്നത്. ഹൃദയാഘാതംമൂലമുള്ള മരണങ്ങൾ തടയുന്നതിന് ചില കാര്യങ്ങൾ

ശ്രദ്ധിക്കേണ്ടതുണ്ട്. ഏതെങ്കിലും സന്ദർഭത്തിൽ ആൾക്കൂട്ടത്തിനിടയിൽ ഒരാൾക്ക് ഹൃദയാഘാതം സംഭവിച്ചിട്ടുണ്ടെങ്കിൽ ചുറ്റുമുള്ളവർക്ക് അത് കണ്ടെത്താനും അവരെ തൽസമയം ഏറ്റവുമടുത്ത ആശുപത്രിയിലെത്തിക്കാനും ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് വിധേയരാക്കാനും കഴിയണമെന്നതാണ് പ്രധാനപ്പെട്ട കാര്യം. Global Burden of Disease-ന്റെ പഠനങ്ങളനുസരിച്ച് ഇനിയുള്ള വർഷങ്ങളിൽ ആഗോള വ്യാപകമായി വിഷാദരോഗമുൾപ്പെടെയുള്ള മാനസിക പ്രശ്നങ്ങളും വർധിച്ചുവരുമെന്നാണ് പറയുന്നത്. കേരളത്തിൽ അതിനുള്ള സാധ്യത പത്തിൽ ഒരാൾക്കെങ്കിലും ഉണ്ടാകുമെന്നാണ് അത് സൂചിപ്പിക്കുന്നത്. ചികിത്സ ആവശ്യമായ രീതിയിലുള്ള വിഷാദരോഗങ്ങളുണ്ട്. എന്നാൽ ഭാവിയിൽ ഇത്തരം പ്രശ്നങ്ങളുടെ ആധിക്യമുണ്ടാകാനുള്ള സാധ്യത കണക്കിലെടുക്കുമ്പോൾ ഇനിയും കൂടുതൽ പരിഗണന ഈ മേഖലയിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. നമ്മുടെ ആരോഗ്യമേഖല കൂടുതൽ ശ്രദ്ധിക്കേണ്ടത് പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ഗിരിവർഗ വിഭാഗങ്ങൾ, ആദിവാസികൾ, തീരദേശവാസികൾ

ഉൾപ്പെടെയുള്ളവരാണ് ഏറ്റവും കൂടുതൽ ഇക്കാര്യത്തിൽ ശ്രദ്ധിക്കപ്പെടേണ്ടത്. ഈ വിഭാഗങ്ങൾക്കുപുറമെ അതിഥിത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ കാര്യത്തിൽ നമുക്ക് പ്രത്യേകമായി ശ്രദ്ധയുണ്ടാകേണ്ടതായിട്ടുണ്ട്. കോവിഡ്-19 പടർന്നുപിടിച്ച സമയത്ത് അതിന്റെ ഏറ്റവും വലിയ ദുരിതമനുഭവിച്ചത് തീരദേശ മേഖലയിൽ തിങ്ങിപ്പാർക്കുന്നവരായിരുന്നു. അവിടെയുള്ള ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നമുക്ക് ഇനിയും വലിയ തോതിൽ അവിടേയ്ക്ക് കടന്നുചെല്ലാനും അവരുടെ ചികിത്സാ സൗകര്യം ഉറപ്പാക്കാനും കഴിയേണ്ടതായിട്ടുണ്ട്. ഇന്ന് ലോകവ്യാപകമായി ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നൊരു പൊതുജനാരോഗ്യ സംരക്ഷണ രീതിശാസ്ത്രമാണ് ഏകാരോഗ്യം. ഏകാരോഗ്യ രീതി അവലംബിക്കുമ്പോൾ ചില മേഖലകൾകൂടി നാം പരിഗണിക്കേണ്ടതായിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് ആന്റിബയോട്ടിക്ക് അതിജീവനത്തെ നേരിടുക എന്നതാണ്. ആന്റിബയോട്ടിക്കുകൾ കൊണ്ട് ചികിത്സിച്ച് മാറ്റാൻ കഴിയാത്ത അണുബാധകൾ ഒരു മഹാമാരിപോലെ ലോകമെമ്പാടും പടർന്ന്

പിടിക്കുകയാണ്. ഇക്കാര്യം ശ്രദ്ധക്ഷണിക്കലിലൂടെ കഴിഞ്ഞ സമ്മേളനത്തിൽ ഞാൻ ഇവിടെ അവതരിപ്പിക്കുകയും ചെയ്തതാണ്. ഈ സന്ദർഭത്തിൽ ഇന്നലെ മാതൃഭൂമി പത്രത്തിൽ വന്ന പ്രധാനപ്പെട്ട ഒരു വാർത്തകൂടി പറയാനാഗ്രഹിക്കുന്നു. ലോകത്ത് പൊതുവെയുള്ള വൃക്ക രോഗങ്ങൾ കുട്ടികളിലുമുണ്ടാകുന്നതിന്റെ ഏറ്റവും വലിയ ഭീതിയുളവാക്കുന്ന പ്രശ്നമാണ് നിലനിൽക്കുന്നത്. ആഗോളതലത്തിൽ പതിനെട്ട് വയസ്സിന് താഴെയുള്ള വൃക്ക രോഗബാധിതർ രണ്ട് ശതമാനമാണെങ്കിൽ ഇന്ത്യയിൽ അത് 4.9 ശതമാനമാണെന്നാണ് പറയുന്നത്.

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം 2016-ന് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് സജീവമായി മുന്നോട്ടുപോയത്. എന്നാൽ അതിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. അതിന്റെ അന്തിമഘട്ടത്തിൽ വളരെയധികം കാര്യങ്ങൾ പൂർത്തീകരിച്ച് മുന്നോട്ടുപോയിട്ടുണ്ടെങ്കിലും അതിനായി കിഫ്ബി 160 കോടി രൂപ അനുവദിച്ചിരുന്നു. അത് ലഭ്യമാക്കാനുള്ള നടപടികൂടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. കാസർഗോഡ് മലയോര മേഖലയിലെ

വെള്ളരിക്കുണ്ട് താലൂക്കാശുപത്രി എന്റെ നിയോജകമണ്ഡലത്തിലാണ്. ഈ മേഖലകളിലൊക്കെയുള്ള ഏറ്റവും ഗൗരവതരമായ വിഷയങ്ങളും അവിടെ അടിയന്തരമായി ഉണ്ടാകേണ്ട സഹായങ്ങളും സംബന്ധിച്ച് ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിക്ക് ഞാൻ നേരത്തെ അതുമായി ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ചിരുന്നു. കേരളത്തിന്റെ പൊതുജനാരോഗ്യം സവിശേഷമായ കാലഘട്ടത്തിലൂടെ കടന്നുപോകുകയാണ്. പ്രായാധിക്യമുള്ളവരുടെ എണ്ണം, പ്രവാസമുൾപ്പെടെയുള്ള ജനസംഖ്യാപരമായ പരിഗണനകൾ, വേഗത്തിൽ മാറുന്ന കാലാവസ്ഥ, നിലനിൽക്കുന്ന രോഗാവസ്ഥകളിൽ വരുന്ന മാറ്റങ്ങൾ, വിഭവങ്ങളുടെ അപര്യാപ്തത മുതലായ വെല്ലുവിളികൾ നേരിടാൻ കഴിയുന്ന രീതിയിൽ പൊതുജന പങ്കാളിത്തത്തോടെ നമ്മുടെ പൊതുജനാരോഗ്യ നയം രൂപപ്പെടണം. ഇക്കാര്യങ്ങളിൽ സർക്കാർ സംവിധാനം മാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തതുകൊണ്ടായില്ല, പൊതുജനങ്ങളുടെകൂടി പിന്തുണ ഇതിൽ സജീവമായി ഉണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ലോക്സഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞു. അതിന്റെ പരാജയകാരണങ്ങളൊക്കെ സി.പി.ഐ.(എം)-സി.പി.ഐ കമ്മിറ്റികൾ ചേർന്ന് തലനാരിഴകീറി പരിശോധിച്ച് വിലയിരുത്തിക്കൊണ്ടിരിക്കുന്നതിന്റെ വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇന്ന് ചർച്ച ആരംഭിച്ച ബഹുമാന്യയായ കെ. കെ. ശൈലജ ടീച്ചർക്ക് മാത്രം ഇപ്പോഴും കാര്യം ബോധ്യപ്പെടാത്തതാണോ അതോ ബോധ്യപ്പെട്ടത് ഇവിടെ പറയാത്തതാണോ എന്ന് എനിക്കറിയില്ല. അവർ ഇപ്പോഴും പറഞ്ഞത് വർഗീയ കക്ഷികളുമായിട്ടുള്ള ഞങ്ങളുടെ കൂട്ടുകെട്ടെന്നാണ്. മലപ്പുറത്ത് തിരഞ്ഞെടുപ്പ് പ്രചരണത്തിന്റെ കൊട്ടിക്കലാശ ദിവസം മലപ്പുറം ടൗണിൽ ചെങ്കൊടിയുടെ മുകളിൽ ഒരു കൊടിയുള്ളതായിട്ടാണ് ഞാൻ കണ്ടത്. അത് പി.ഡി.പി.-യുടെ കൊടിയായിരുന്നു. ഞങ്ങൾ ഒരു വർഗീയ സംഘടനകളുമായും ഇതുവരെയും കൂട്ടുകെട്ടുണ്ടാക്കിയിട്ടില്ല. കൂട്ടുകെട്ടുണ്ടാക്കിയിട്ടുള്ള അനുഭവമെല്ലാം ഭരണപക്ഷത്തിനാണ്. ഞാൻ അത്

പറയുന്നില്ല. ഈരാറ്റുപേട്ട മുനിസിപ്പൽ തിരഞ്ഞെടുപ്പിലും ചെയർമാൻ തിരഞ്ഞെടുപ്പിലും നിങ്ങൾ ആരുമായിട്ടാണ് ചേർന്നത്? നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിങ്ങളിപ്പോൾ വർഗീയ കക്ഷികളെന്ന് ആക്ഷേപിക്കുന്നവരുമായി പരസ്യമായി കൂട്ടുകെട്ടിലേർപ്പെട്ട് അവരോടൊപ്പം ഭരണം പങ്കുവച്ചവരാണ് നിങ്ങളെന്ന കാര്യം ബഹുമാന്യയായ കെ. കെ. ശൈലജ ടീച്ചറെ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഇവിടെ ധനവിനിയോഗ ബില്ലിനെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. പ്രസ്തുത വേളയിൽ ധനം എങ്ങനെ വിനിയോഗിക്കണമെന്നതു സംബന്ധിച്ചാണ് ചർച്ച ചെയ്യേണ്ടത്. ധനം വിനിയോഗിക്കുന്ന കാര്യത്തിൽ ഫസ്റ്റ് പ്രയോറിറ്റി നൽകേണ്ടത് വിദ്യാഭ്യാസ മേഖലയ്ക്കാണ്. നന്നായി പഠിച്ച് വളർന്നുവരുന്ന നമ്മുടെ കുട്ടികൾക്ക് പഠിക്കാനുള്ള അവസരമൊരുക്കണം. ഇപ്പോൾ എസ്.എസ്.എൽ.സി. പാസ്സായവർക്ക് പ്ലസ് ടു പഠിക്കാൻ സീറ്റില്ല, പ്ലസ് ടു കഴിഞ്ഞവർക്ക് കോളേജിൽ ചേരാൻ കോഴ്സും സീറ്റുമില്ലാത്ത സ്ഥിതിയാണുള്ളത്. അതിന് ഫസ്റ്റ് പ്രയോറിറ്റി നൽകി നമ്മുടെ ധനം വിനിയോഗിക്കാൻ സാധിക്കണം. രണ്ടാമത് പ്രയോറിറ്റി നൽകേണ്ടത്

ആരോഗ്യ മേഖലയ്ക്കാണ്. ആരോഗ്യ മേഖലയാകെ തകർന്നുകിടക്കുകയാണ്. മഞ്ചേരി മെഡിക്കൽ കോളേജിന്റെ കാര്യം ശ്രീ. യു. എ. ലത്തീഫ് സ്ഥിരമായി ഈ സഭയിൽ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇവിടെ സംസ്ഥാനം നികുതി പിരിച്ചെടുക്കുന്നുണ്ട്. സാധാരണക്കാരിൽ നിന്നാണ് നികുതി പിരിക്കുന്നത്. വെള്ളക്കരം, വൈദ്യുതി ചാർജ്, കെട്ടിട നികുതി, കെട്ടിടം നിർമ്മിക്കാനുള്ള പെർമിറ്റ് ഫീസ്, കെട്ടിടം പുതുക്കാനുള്ള ഫീസ് എന്നിവ വർധിപ്പിക്കുന്നു. ഇതിന്റെയെല്ലാം പ്രയാസമനുഭവിക്കുന്നത് സാധാരണക്കാരാണ്. വൻകിടക്കാരിൽനിന്നും ലഭിക്കാനുള്ള നികുതി ഈടാക്കാൻ നമുക്കിപ്പോഴും കഴിയുന്നില്ല. അഞ്ച് രൂപയുടെ ചായയും 6 രൂപയുടെ പഴംപൊരിയും വിൽക്കുന്ന ചായക്കടയിൽ ജി.എസ്.ടി. ഉദ്യോഗസ്ഥർ പരിശോധന നടത്തിയിട്ട് എന്താണ് കാര്യം? വലിയ സ്ഥാപനങ്ങളിൽ കയറി നികുതിയിനത്തിൽ ലഭിക്കാനുള്ള കോടിക്കണക്കിന് കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള സംവിധാനത്തെക്കുറിച്ച് നമുക്കിപ്പോഴും ആലോചിക്കാൻ കഴിഞ്ഞിട്ടില്ല. ഏതൊക്കെ ഫീസും നികുതിയും വർധിപ്പിക്കാൻ

സാധിക്കുമെന്നതിനെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഈ നികുതിയും ഫീസുമെല്ലാം സാധാരണക്കാരെയാണ് കൂടുതലായും ബാധിക്കുന്നത്. അഡ്വ. എ. എ. റസാഖും അഡ്വ. എം. പി. ഹുസൈനും നേതൃത്വം നൽകുന്ന Kerala Lawyers Forum സെക്രട്ടേറിയറ്റിന് മുമ്പിൽ കോർട്ട് ഫീസ് വർധിപ്പിച്ചത് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഒരു സമരം സംഘടിപ്പിച്ചു. കുടുംബ കോടതികളിൽ എത്തുന്ന സാധാരണക്കാരെ ബാധിക്കുന്ന കോർട്ട് ഫീ ഈയടുത്തിടെ വർധിപ്പിക്കുകയുണ്ടായി. അതിനെതിരെയാണ് സമരം നടത്തിയത്.

ആശുപത്രിയിൽ പോയാൽ എന്താണ് സ്ഥിതി; കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രൈവറ്റ് ആശുപത്രികളിലൂടെ ചികിത്സ നടത്തിയതിന്റെ ഭാഗമായി 1128 കോടി 69 ലക്ഷത്തി 16 ആയിരത്തി 163 രൂപയാണ് സർക്കാർ നൽകാനുള്ളത്. ഇവിടെ കാസ്പ് ചികിത്സ നിർത്തിവച്ചിരിക്കുന്നുവെന്നും ദയവ് ചെയ്ത് സഹകരിക്കണമെന്നും കാണിച്ച് പല പ്രൈവറ്റ് ആശുപത്രികളുടെയും മുന്നിൽ ബോർഡ് സ്ഥാപിച്ചിരിക്കുകയാണ്. പാവപ്പെട്ടവർക്ക് ലഭിച്ചിരുന്ന ചികിത്സാ

സൗകര്യംപോലും ഇന്ന് പ്രൈവറ്റ് ആശുപത്രികളിൽ നിർത്തിവച്ചിരിക്കുകയാണ്. ആർ.ബി.എസ്.കെ., ആരോഗ്യ കിരണം, ഹൃദ്യം, ആവാസ്, അമ്മയും കുഞ്ഞും, സുകൃതം, മെഡിസെപ് തുടങ്ങിയ എല്ലാ പദ്ധതികളിലും ഭീമമായ തുകയാണ് ആശുപത്രികൾക്ക് ഗവൺമെന്റ് നൽകാനുള്ളത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിലാണ് ഈ കുടിശ്ശികകൾ സംബന്ധിച്ച കണക്ക് വളരെ കൃത്യമായി പറഞ്ഞിട്ടുള്ളത്. ഒരു ജീവിതമാർഗമെന്ന നിലയിൽ ബാങ്കിൽനിന്ന് കൂടിയ പലിശയ്ക്ക് വായ്പയെടുത്തിട്ടുള്ള പല കരാറുകാരും ഇന്ന് ആത്മഹത്യയുടെ വക്കിലെത്തിയിരിക്കുകയാണ്. ബാങ്കിൽ നിന്നെടുത്ത പണം തിരിച്ചടയ്ക്കാൻ അവർക്ക് കഴിയുന്നില്ല. അതുകൊണ്ട് അവരുടെ കുടിശ്ശിക കൊടുത്ത് തീർക്കാനുള്ള തീരുമാനമുണ്ടാകണം.

(അധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. വി.കെ. പ്രശാന്ത്)

പോലീസ് സേനയിൽ വലിയ തോതിലുള്ള അസംതൃപ്തി നിലനിൽക്കുകയാണ്. പോലീസ് സേനയിൽ ആത്മഹത്യകൾ

വർധിക്കുന്നതിനെക്കുറിച്ച് കഴിഞ്ഞ ദിവസം ചർച്ച ചെയ്തു. ഡി.എ. കിട്ടിയില്ലെങ്കിലും കുഴപ്പമില്ല, രണ്ട് കാലിൽ നടക്കാൻ സമ്മതിച്ചാൽ മതിയെന്നാണ് കോളേജ് അധ്യാപകർ ഇപ്പോൾ പറയുന്നത്. എസ്.എഫ്.ഐ. പ്രവർത്തകർ എപ്പോഴാണ് നെഞ്ചത്ത് അടുപ്പുകൂട്ടുകയെന്നുള്ളത് അറിയാത്തതിനാൽ കോളേജ് പ്രിൻസിപ്പൽമാരും അധ്യാപകരും നെഞ്ചിടിപ്പോടുകൂടിയാണ് കോളേജിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നത്. എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്ന് യഥേഷ്ടം നമ്മൾ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് പണം നീക്കിവയ്ക്കാൻ ഇപ്പോഴും സ്വാതന്ത്ര്യമില്ല. ഭിന്നശേഷിക്കാരായ വിദ്യാർഥികൾ പഠിക്കുന്ന ബഡ്സ് സ്കൂളുകൾ, പ്രതീക്ഷാ ഡേ കെയർ സെന്ററുകൾ എന്നിവയ്ക്ക് വാഹനം വേണമെന്നാവശ്യപ്പെട്ടാൽ എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്ന് കൊടുക്കാൻ കഴിയുന്നില്ല. നല്ല രീതിയിൽ പ്രവർത്തിക്കുന്ന പെയിൻ ആൻഡ് പാലിയേറ്റീവ് ക്ലിനിക്കുകൾ നമ്മുടെ നാട്ടിലുണ്ട്. അവർക്ക് ഈ ഫണ്ടിലുൾപ്പെടുത്തി വാഹനം നൽകാൻ നമ്മുടെ നിയമം അനുവദിക്കുന്നില്ല.

അവർക്ക് ഹോം കെയർ വാഹനങ്ങളാണ് ആവശ്യം. എം.എൽ.എ. ഫണ്ട് കൊടുക്കാമെന്ന് പറയുന്നുണ്ടെങ്കിലും അത് ആംബുലൻസിനുവേണ്ടി മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് അതിനുള്ള ഒരു സംവിധാനമുണ്ടാക്കണം. എം.എൽ.എ. ഫണ്ട് വർഷങ്ങൾക്കുമുമ്പാണ് ഒരു കോടി രൂപയായി നിശ്ചയിച്ചത്. ഇപ്പോൾ മെറ്റീരിയലുകളുടെ വില വർധിച്ചതിനാൽ ഒരു ലക്ഷം രൂപ ചെലവിൽ 20 മീറ്റർ റോഡ് മാത്രമേ കോൺക്രീറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. മുമ്പ് 60 മീറ്റർ വരെ കോൺക്രീറ്റ് ചെയ്യാൻ സാധിക്കുമായിരുന്നു. അതിനാൽ എം.എൽ.എ.-എസ്.ഡി.എഫ്. ഫണ്ട് 1 കോടി രൂപയെന്നത് 3 കോടി രൂപയായി വർധിപ്പിക്കണം. സർക്കാരിന്റെ എല്ലാ പദ്ധതികളും ഏറ്റെടുത്ത് നടപ്പാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചത് തിരിച്ച് നൽകണം. ജൽ ജീവൻ മിഷൻ (JJM) പദ്ധതിയുടെ ഭാഗമായി തകർന്ന ഗ്രാമീണ റോഡുകളുടെ കണക്കുകൾ ശേഖരിച്ച് പുനരുദ്ധാരണത്തിനാവശ്യമായ ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണം. തുച്ഛമായ പെൻഷൻകൊണ്ട് ജീവിതം നയിക്കുന്ന അൻപത്

ലക്ഷത്തോളം വരുന്ന ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവരുടെ പെൻഷൻ അഞ്ച് മാസമായി കൊടുക്കുന്നില്ല. അത് കൊടുക്കാനുള്ള ഒരു സംവിധാനമുണ്ടാകണം. സ്കൂളുകളിൽ പാചകത്തൊഴിലാളികളുടെ നിത്യവേതനം 600 രൂപയാണ്. അതും കുടിശ്ശികയായി നിലനിൽക്കുകയാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, സർജിക്കൽ മെറ്റീരിയൽസ് വാങ്ങിയതിന്റെ ഭാഗമായി കോൺട്രാക്ടർക്ക് കൊടുക്കേണ്ട പണം കുടിശ്ശികയായി കിടക്കുന്നതിനാൽ മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഹൃദ്രോഗ വിഭാഗം അടച്ചിടുന്ന അവസ്ഥയിലേയ്ക്കെത്തിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് പരിഹാരമായി പ്രയോറിറ്റി നിശ്ചയിക്കുമ്പോൾ ഇതുപോലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. ഇക്കാര്യം അദ്ദേഹം പലപ്പോഴായി ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. ഇന്നത്തെ ചർച്ച

ധനവിനിയോഗ ബില്ലായതുകൊണ്ട് അക്കാര്യത്തിന് മുൻഗണന നൽകാൻവേണ്ടിയാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. സർക്കാർ ജീവനക്കാർ അസംതൃപ്തരാണെന്നുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. അവർക്ക് 19 ശതമാനം ഡി.എ. കുടിശ്ശികയായി കിടക്കുകയാണ്. കോവിഡ് കാലത്ത് വിതരണം ചെയ്ത കിറ്റുകളുടെ കമ്മീഷൻ കിട്ടിയില്ലെന്നാവശ്യപ്പെട്ട് റേഷൻ വ്യാപാരികൾ രാപ്പകൽ സമരം നടത്തുകയാണ്. ബഹുമാന്യനായ മോൻസ് ജോസഫ് ഇന്ന് രാവിലത്തെ ശ്രദ്ധക്ഷണിക്കൽ വേളയിൽ അക്കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കുടുംബശ്രീ ജനകീയ ഹോട്ടലുകൾ നടത്താൻ നമ്മുടെ സഹോദരിമാരെയാണ് ഏൽപ്പിച്ചത്. ആ സഹോദരിമാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള സബ്സിഡി തുക പൂർണ്ണമായി ഇതുവരെയും വിതരണം ചെയ്തിട്ടില്ല. തൊഴിലുറപ്പ് തൊഴിലാളികളെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. അവരുടെ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയെ ബോധിപ്പിക്കുന്നതിനായി സ്വതന്ത്ര ട്രേഡ് യൂണിയൻ (എസ്.ടി.യു.)-ന്റെ നേതാക്കൾ പുറത്ത് കാത്തിരിക്കുകയാണ്. ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ ഇന്ന് നമ്മുടെ സംസ്ഥാനത്ത്

നിലനിൽക്കുകയാണ്. സാധാരണക്കാരെ ബാധിക്കുന്ന വിഷയങ്ങളിൽ അവർക്ക് അനുകൂലമായൊരു നിലപാട് സ്വീകരിക്കാതെ നികുതിയും മറ്റ് ഫീസുകളും വർധിപ്പിച്ച് അവരിൽനിന്ന് കൂടുതൽ തുക ഈടാക്കുന്ന ഈ സമീപനം ശരിയല്ലെന്നതുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഈ സർക്കാർ അധികാരമേറ്റത് മുതൽ എല്ലാ മേഖലയിലും വികസനം എത്തിക്കുകയാണ്. തിരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള പരമാവധി കാര്യങ്ങൾ നടപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട പി. ഉബൈദുള്ള ഇവിടെ പ്രസംഗിച്ചപ്പോൾ ചില കൂട്ടുകെട്ടുകളെക്കുറിച്ച് സൂചിപ്പിച്ചു. കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ ഏത് കൂട്ടുകെട്ടിലാണ് യു.ഡി.എഫ്. ഭരിക്കുന്നതെന്ന് അങ്ങ് മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അവിടെ ബി.ജെ.പി.-യുമായി ചേർന്നുകൊണ്ടാണ് യു.ഡി.എഫ്. ഭരിക്കുന്നതെന്ന് അങ്ങ് മറന്നുപോകാൻ പാടില്ല. ശ്രീ. തിരുവഞ്ചൂർ

രാധാകൃഷ്ണൻ കുടിശ്ശികയെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. യു.ജി.സി. ശമ്പള പരിഷ്കരണത്തിൽ 750 കോടി രൂപയും നഗരവികസന ഗ്രാന്റിൽ 546.45 കോടി രൂപയും ഗ്രാമവികസന ഗ്രാന്റിൽ 1008 കോടി രൂപയും ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ (നെല്ല് സംഭരണമുൾപ്പെടെ) 800 കോടി രൂപയും വിവിധ ദുരിതാശ്വാസത്തിന് 138 കോടി രൂപയും സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ 69 കോടി രൂപയും കാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിൽ 1925 കോടി രൂപയും ജി.എസ്.ടി. നഷ്ടപരിഹാരത്തിന് 511 കോടി രൂപയും കേന്ദ്ര ഗവൺമെന്റ് നൽകാനുള്ള കുടിശ്ശികയാണ്. അതുപോലെ നാഷണൽ ഹെൽത്ത് മിഷനിലും കുടിശ്ശികയുണ്ട്. ഈ കുടിശ്ശികയൊന്നും കാണാതെ കേരളം കൊടുക്കാനുള്ള കാശിനെക്കുറിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഒന്ന് ഓർക്കണം, കേന്ദ്ര ഗവൺമെന്റ് നമുക്ക് നൽകാനുള്ള തുകയെല്ലാം നൽകിയേ മതിയാകൂ. ആ തുക ലഭിക്കാതെ ഇവിടെ എന്ത് വികസനം കൊണ്ടുവന്നാലും നടക്കില്ല. കിഫ്ബി പദ്ധതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. കിഫ്ബി ഫണ്ട് ചെലവാക്കുന്നത് സംബന്ധിച്ചും പദ്ധതി മുടങ്ങിക്കിടക്കുന്നത് സംബന്ധിച്ചും ഇവിടെ എത്രയോ

സബ്മിഷനുകളാണ് വരുന്നതെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. 85869 കോടി രൂപയുടെ 1108 പദ്ധതികളാണ് കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലായി കൊടുത്തത്. ഈ പദ്ധതികൾക്കായി 28800 കോടി രൂപ കിഫ്ബിവഴി വിതരണം ചെയ്തു. ഇക്കാര്യങ്ങളൊക്കെ പറയുമ്പോൾ പ്രതിപക്ഷ മെമ്പർമാർക്ക് ഇക്കാര്യത്തെക്കുറിച്ച് ചിന്തയില്ല. കേവലമായ രാഷ്ട്രീയം കണ്ടുകൊണ്ട് കേരളത്തിലെ ഗവൺമെന്റിനെ അസ്ഥിരപ്പെടുത്താൻ കഴിയുമോയെന്നാണ് അവർ ചിന്തിക്കുന്നത്. കേരളത്തിലെ ഗവൺമെന്റ് നടത്തുന്ന നല്ല പ്രവർത്തനങ്ങളെ തുറന്നുകാട്ടാതെ മാധ്യമങ്ങളുമായി ചേർന്ന് ഗവൺമെന്റിനെതിരെ പ്രചാരണം നടത്തുമ്പോൾ ഇത് നിങ്ങളെത്തന്നെ തിരിച്ച് കുത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്നോർക്കണം. ആരോഗ്യരംഗത്തെ പല മേഖലകളിലും ധാരാളം മുന്നേറ്റങ്ങളുണ്ടായി. ആശുപത്രികളെല്ലാം മികച്ച നിലവാരത്തിലേയ്ക്ക് ഉയർന്നു. ചങ്ങനാശ്ശേരി ഗവൺമെന്റ് ജനറൽ ആശുപത്രിക്ക് കിഫ്ബി പദ്ധതിവഴി 80 കോടി രൂപയാണ് അനുവദിക്കാൻ പോകുന്നത്. ജൽ ജീവൻ മിഷൻ പദ്ധതി സംബന്ധിച്ച് ഇന്നലെ പ്രതിപക്ഷം റൂൾ 50 പ്രകാരം

നോട്ടീസ് നൽകി. 140 നിയോജകമണ്ഡലത്തിലും ജൽ ജീവൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി റോഡ് കുഴിച്ച് പൈപ്പിട്ട് വെള്ളമെത്തിക്കുന്നതിനുള്ള ശ്രമം ഒന്നുരണ്ട് ദിവസംകൊണ്ട് നടക്കുന്ന കാര്യമല്ല. അതിന് ചിലപ്പോൾ ഒന്നോഒന്നരയോ വർഷമെടുത്തെന്നിരിക്കും. 2025-ൽ കാലാവധി പൂർത്തിയാകുന്ന ഒരു പദ്ധതിയെ ജനങ്ങളുടെ മുമ്പിൽ തെറ്റിദ്ധാരണ പരത്താനായി റോഡ് മുഴുവൻ കുഴിച്ചിട്ടിരിക്കുകയാണെന്ന് പറഞ്ഞ് കള്ളപ്രചാരണം നടത്തുന്ന പ്രതിപക്ഷത്തിന്റെ അടവ് നയം ശരിയല്ല. നിങ്ങൾ ചെയ്യേണ്ടത് ജനങ്ങളോട് ചേർന്നുനിന്നുകൊണ്ട് കുടിവെള്ളം അവർക്കരികിലെത്തിക്കാനുള്ള ശ്രമം നടത്തണം. കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും കുടിവെള്ള പ്രശ്നമുണ്ട്. ആ പ്രശ്നം പരിഹരിക്കാനായി ഇപ്പോൾ വന്നിരിക്കുന്ന അവസരം പാഴാക്കാതെ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കാതെ അതിനെതിരെ പത്രത്തിലും അല്ലാതെയും കള്ളപ്രചാരണം നടത്തുന്നത് നമുക്ക് ഒരിക്കലും യോജിക്കുന്നതല്ല. ജനങ്ങളുടെ പലരീതിയിലുള്ള വിഷയങ്ങളെപ്പറ്റി ഇവിടെ നമ്മൾ സംസാരിച്ചു. ധനകാര്യം, ജലസേചനം, തദ്ദേശസ്വയംഭരണം എന്നീ

വകുപ്പുകൾ യോജിച്ച് പ്രവർത്തിച്ച് ഇക്കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കണം. 2023-24-ൽ ധനകമ്മി 2.44 ശതമാനമായി കുറഞ്ഞിട്ടുണ്ട്. റവന്യൂ കമ്മി 0.88 ശതമാനമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. നികുതി വരുമാനം 2020-21-ൽ 47000 കോടി രൂപയായിരുന്നത് 2021-22-ൽ 58340 കോടി രൂപയായും 2023-24-ൽ 71968 കോടി രൂപയായും വർധിച്ചു. നികുതി വെട്ടിപ്പ് തടയുന്നവരെ കർശനമായി പിടിക്കാൻ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളും ശക്തമാക്കി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റിലുൾപ്പെട്ട കോടതി ഫീസ് വർധനവ് സംബന്ധിച്ച കാര്യങ്ങൾ ധനകാര്യ ബില്ല് പരിഗണിക്കുമ്പോൾ പുനഃപരിശോധിക്കാമെന്ന് പറഞ്ഞിരുന്നത് പുനഃപരിശോധിക്കാൻ തയ്യാറാകണം. അമിതമായ കോടതി ഫീസ് കുറയ്ക്കണമെന്നാണ് ഈയവസരത്തിൽ പറയാനുള്ളത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, സ്വർണ്ണത്തിന് ഇ-വേ ബിൽ നടപ്പാക്കുന്ന കാര്യത്തിൽ കേരളം വലിയ താൽപര്യമാണ് കാണിച്ചിട്ടുള്ളത്. അത് കേരളത്തിൽ ഇതുവരെ നടപ്പാക്കിയിട്ടില്ല. സ്വർണ്ണ വ്യാപാര രംഗത്ത് ഗവൺമെന്റിന് ലഭിക്കാനുള്ള വലിയൊരു നികുതിയാണ്

നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. അതോടൊപ്പം ഓൺലൈൻ വ്യാപാരത്തിൽ കുറച്ചുകൂടി ഇടപെടലുകൾ നടത്തിയാൽ ഗവൺമെന്റിന് വരുമാനം വർധിപ്പിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ കഴിയില്ലേ?

ശ്രീ. ജോബ് മൈക്കിൾ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. എല്ലാ ദിവസവും പത്രത്തിൽ സ്വർണ്ണക്കള്ളക്കടത്തിനെപ്പറ്റിയുള്ള വാർത്തകളാണ് വരുന്നത്. സ്വർണ്ണത്തിന്റെ നികുതിയെ സംബന്ധിച്ച കാര്യങ്ങൾ സർക്കാർ ഗൗരവമായി പരിശോധിക്കുകയാണെങ്കിൽ കൂടുതൽ വരുമാനമാർഗത്തിന് അത് കാരണമാകും. ഞങ്ങൾ അധികാരത്തിൽ വന്നാൽ ലൈഫ് മിഷൻ പദ്ധതി നിർത്തലാക്കുമെന്ന് പറഞ്ഞവരുണ്ട്. കേരളത്തിലെ നാല് ലക്ഷം പാവപ്പെട്ട ആളുകൾക്കാണ് പ്രസ്തുത പദ്ധതിയിലൂടെ വീട് പണിത് നൽകിയത്. കിഫ്ബിയുടെ കാര്യം ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചു.

ഇന്ന് രാവിലെ ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചതുപോലെ റേഷൻ വ്യാപാരികളുടെ ഒരു സമരത്തിൽ ഞാനും പ്രസംഗിച്ചു. പാവപ്പെട്ട റേഷൻ വ്യാപാരികൾക്ക് കൊടുക്കാനുള്ള കുടിശ്ശിക കൊടുക്കാൻ സർക്കാർ തയ്യാറാകണം. 92 ലക്ഷം വരുന്ന ജനങ്ങളുടെ കാര്യങ്ങൾ കൈകാര്യം

ചെയ്യുന്ന റേഷൻ വ്യാപാരികളുടെ ന്യായമായ ആവശ്യങ്ങൾ പരിഹരിക്കാൻ സർക്കാർ ശ്രദ്ധാപൂർവമായ ശ്രമം നടത്തണം. കേന്ദ്ര ഗവൺമെന്റ് കേരളത്തിലെ റേഷൻ വിതരണരംഗത്തും റേഷൻ വ്യാപാരികളുടെ വരുമാന രംഗത്തും കാണിക്കുന്ന അവഗണന അവസാനിപ്പിക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ടും ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു. ഈ സർക്കാരിന്റെ സാമ്പത്തിക നയമെന്താണ്; നാം അകപ്പെട്ട ഈ സാമ്പത്തിക ചുഴിയിൽനിന്നും രക്ഷപ്പെടാൻ എന്ത് എക്സിറ്റ് പ്ലാനാണ് അങ്ങയുടെ കൈയിലുള്ളത്? ഇത്ര ദരിദ്രനായ ഒരു ധനകാര്യ വകുപ്പുമന്ത്രിയുടെ സങ്കടങ്ങൾ നമുക്ക് മനസ്സിലാക്കാനാകും. എന്നാൽ നിങ്ങളിപ്പോഴും ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കാനാണ് ശ്രമിക്കുന്നത്. ഇതുകൊണ്ട് എന്താണ് കാര്യം? നമുക്ക് ഈ പ്രതിസന്ധിയെ മറികടക്കണം, നിങ്ങൾ ഞങ്ങളെ കേൾക്കണം, പ്രതിപക്ഷത്തെ വിശ്വാസത്തിലെടുക്കണം. നിങ്ങൾക്ക് പ്രതിപക്ഷത്തെയെന്നല്ല നിങ്ങളുടെ മുന്നണിയെത്തന്നെ

വിശ്വാസമുണ്ടോ? നിങ്ങൾ സി.പി.ഐ.(എം.) നേതാക്കളെപ്പോലും കേൾക്കാൻ തയ്യാറല്ലല്ലോ? അവർ എത്ര നല്ല നിർദേശങ്ങളാണ് നിങ്ങൾക്ക് മുമ്പിൽവയ്ക്കുന്നത്. എന്നിട്ട് ഇപ്പോൾ നിങ്ങൾ അവരുടെ തലയിൽ കയറുകയല്ലേ ചെയ്യുന്നത്? ശ്രീ. ബിനോയ് വിശ്വം ചില സത്യങ്ങൾ വിളിച്ചുപറഞ്ഞപ്പോൾ അദ്ദേഹത്തെ വളഞ്ഞിട്ട് ആക്രമിക്കാൻ നിങ്ങൾ ക്വട്ടേഷൻ കൊടുക്കുകയല്ലേ; എസ്.എഫ്.ഐ. എന്താണ് കാണിക്കുന്നത്? കൊയിലാണ്ടിയിലെ ആ പ്രിൻസിപ്പാളിനോട് നിങ്ങളുടെ കുട്ടികൾ കാണിച്ചത് എന്തൊരു നെറികേടാണ്. എല്ലാ കാര്യങ്ങളെയും നിങ്ങൾ ന്യായീകരിക്കുകയല്ലേ? ഇടതുപക്ഷത്തിന്റെ തോൽവിയിൽ എസ്.എഫ്.ഐ.-ക്ക് നിർണ്ണായകമായ പങ്കുണ്ട്. xxxxxxxxxx+..(...ബഹളം....), ശ്രീ. ബിനോയ് വിശ്വം നല്ല രാഷ്ട്രീയബോധത്തോടെ സംസാരിക്കുന്ന ഒരാളാണ്. അദ്ദേഹം പറഞ്ഞത് യാഥാർഥ്യമാണ്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>ചെയർപേഴ്സൺ</u>: ശ്രീ. എ. കെ. എം. അഷ്റഫ്... പോയിന്റ് ഓഫ് ഓർഡർ.

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.11962/ഇ.ബി/2024/ലെജി. തീയതി 10-07-2024) സഭാരേഖയിൽനിന്നും നീക്കംചെയ്തു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, xxxxxxxxxx+ (....ബഹളം....) അടുത്ത കാലത്തുണ്ടായ സംഭവവികാസങ്ങൾ മാത്രം പരിശോധിച്ചാൽ മതിയാകും.

ചെയർപേഴ്സൺ: എന്താണ് പോയിന്റ് ഓഫ് ഓർഡർ? (....ബഹളം....)

ശ്രീ. ലിന്റോ ജോസഫ്: സർ, ചട്ടം 307 പ്രകാരം സഭയിൽ ഇല്ലാത്ത ഒരംഗം പറഞ്ഞുവെന്നുള്ള നിലയിൽ xxxxxxxxxx+ അത് തിരുത്തണം. അത് സഭാരേഖയിലുണ്ടാകാൻ പാടില്ല.

ചെയർപേഴ്സൺ: പരിശോധിച്ച് തീരുമാനം അറിയിക്കാം.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പൂക്കോട് വെറ്ററിനറി കോളേജിന്റെ വിഷയം ഈ സഭയിൽ വളരെ ഗൗരവതരമായി ചർച്ച ചെയ്തതാണ്. കഴിഞ്ഞ ശനിയാഴ്ചയാണ് കണ്ണൂർ സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ് നടന്നത്. എന്റെ ജില്ലയായ കാസർഗോഡിൽ കാഞ്ഞങ്ങാട് ഓർഫനേജ് അറബിക് കോളേജിൽ പഠിക്കുന്ന ഫാത്തിമ എന്ന പെൺകുട്ടിയെ എസ്.എഫ്.ഐ. പ്രവർത്തകർ യഥാർഥ വോട്ടർ അല്ലെന്ന വ്യാജ ആരോപണമുന്നയിച്ച് വോട്ട് ചെയ്യാൻ അനുവദിക്കാതെ മണിക്കൂറുകളോളം പോളിംഗ് സ്റ്റേഷനിൽ

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.11962/ഇ.ബി/2024/ലെജി. തീയതി 10-07-2024) സഭാരേഖയിൽനിന്നും നീക്കംചെയ്തു.

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.11962/ഇ.ബി/2024/ലെജി. തീയതി 10-07-2024) സഭാരേഖയിൽനിന്നും നീക്കംചെയ്തു.

തടഞ്ഞുവയ്ക്കുകയുണ്ടായി. അവസാനം കുട്ടിയെ പഠിപ്പിക്കുന്ന ടീച്ചർ അടക്കം വീഡിയോ കോളിലൂടെ ബന്ധപ്പെട്ടതിനുശേഷം മാത്രമാണ് വോട്ടുചെയ്യാൻ അനുവദിച്ചത്. വോട്ട് ചെയ്തതിനുശേഷം കരഞ്ഞുകൊണ്ട് തനിക്ക് നേരിടേണ്ടി വന്ന ദുരനുഭവത്തെക്കുറിച്ച് ആ വിദ്യാർഥിനി മാധ്യമങ്ങളോട് പറയുന്നത് നമ്മളൊക്കെ കേട്ടതും കണ്ടതുമാണ്. സംരക്ഷണം നൽകണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പോലീസിനോട് നിർദേശിച്ച തെരഞ്ഞെടുപ്പായിരുന്നു കണ്ണൂർ യൂണിവേഴ്സിറ്റി യൂണിയൻ തെരഞ്ഞെടുപ്പ്. വോട്ട് ചെയ്യാനായി കൃത്രിമങ്ങളുണ്ടായിരുന്ന യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ (യു.യു.സി.)-മാരുടെ തിരിച്ചറിയൽ കാർഡ് പോലീസിന്റെ സാന്നിധ്യത്തിലാണ് എസ്.എഫ്.ഐ. പ്രവർത്തകർ തട്ടിപ്പറിച്ച് കൊണ്ടുപോയത്. ഇതേ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യേണ്ടിയിരുന്ന എന്റെ ജില്ലയിലെ തൃക്കരിപ്പൂരിൽ നിന്നുള്ള MSF-ന്റെ യു.യു.സി.-യെ എസ്.എഫ്.ഐ.-യും പ്രാദേശിക സി.പി.ഐ.(എം.) നേതൃത്വവും ഇടപെട്ടാണ് വോട്ടുചെയ്യാൻ വരുന്നതിൽനിന്നും തടഞ്ഞത്. ഞാൻ ഈ പറഞ്ഞ കാര്യങ്ങളൊക്കെ ശ്രീ. ബിനോയ് വിശ്വത്തിന്റെ പ്രസ്താവനയ്ക്കുശേഷം

എസ്.എഫ്.ഐ. നടത്തിയതാണെന്നുകൂടി ചേർത്തുവായിച്ചാൽ അദ്ദേഹത്തിന്റെ പ്രസ്താവനയുടെ പ്രസക്തിയെക്കുറിച്ച് മനസ്സിലാകും.

എസ്.എഫ്.ഐ. എന്ന വിദ്യാർഥി സംഘടന കാലഹരണപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആശയപരമായി യാതൊരു അടിത്തറയും ഇന്ന് ആ സംഘടനയ്ക്കില്ല. കാലം ആവശ്യപ്പെടുന്ന പ്രവർത്തനങ്ങളോ മുദ്രാവാക്യങ്ങളോ ആ സംഘടനയ്ക്കില്ലെന്നത് യാഥാർഥ്യമാണ്. ഒരു വിദ്യാർഥി സംഘടനയ്ക്ക് ദിശാബോധം നഷ്ടപ്പെട്ടാൽ അത് വലിയ അപചയങ്ങളിലേയ്ക്ക് സമൂഹത്തെ കൊണ്ടുപോകുകയും തലമുറകളുടെ ചിന്തകളെ തെറ്റായി സ്വാധീനിക്കുകയും ചെയ്യും.

ഇത്ര വലിയ ഭൂരിപക്ഷത്തിന് ശ്രീ. ഷാഫി പറമ്പിൽ വിജയിച്ചത് ആരുടെ വോട്ടുകൊണ്ടാണെന്ന് ഇവിടെ പ്രസംഗത്തിന്റെ ആരംഭത്തിൽ ബഹുമാന്യയായ മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചോദിക്കുകയുണ്ടായി. ടീച്ചറോട് ഞങ്ങൾക്കെന്നും ബഹുമാനമാണ്. ഇത് ടീച്ചറോടുള്ള വിരോധം കൊണ്ടല്ല; ടീച്ചറുടെ പാർട്ടി പ്രവർത്തകർ സ്വന്തം പാർട്ടിയുടെ നിലപാടിനെതിരെ പ്രതിഷേധിച്ചതുകൊണ്ടാണ്. എന്റെ

സുഹൃത്ത് ശ്രീ. നജീബ് കാന്തപുരം ഈ നിയമസഭയിൽ പറഞ്ഞതും അതുതന്നെയാണ്. 60,000 വോട്ടിന്റെ ഭൂരിപക്ഷം നൽകി ടീച്ചറെ ഈ നിയമസഭയിലേയ്ക്ക് അയച്ച ജനങ്ങൾ തന്നെയാണ് അത് തിരിച്ചെടുത്തത്. അവർക്ക് ഈ പാർട്ടിയെ മടുത്തിരിക്കുന്നു. ഞങ്ങളുടെ വിമർശനം ഒരിക്കലും വ്യക്തിപരമല്ല. നിങ്ങളുടെ പാർട്ടിക്കാർതന്നെ നൽകിയ മനോഹരമായ പാസിലാണ് ഞങ്ങളുടെ മെസ്സി ഗോൾ അടിച്ചതെന്ന് നിങ്ങളോർക്കുന്നത് നന്നായിരിക്കും. ഒരു ബജറ്റ് അവതരിപ്പിക്കുമ്പോൾ കേരളത്തിലെ എല്ലാ ജനങ്ങളും വളരെ പ്രതീക്ഷയോടുകൂടിയാണ് ആ ബജറ്റിനെയും ബജറ്റിനുശേഷമുള്ള ചർച്ചകളെയും കാണുന്നത്. കാസർഗോഡ് ജില്ലയോട് കാണിക്കുന്ന അവഗണനയുടെ കാര്യം നിരന്തരം ഈ സഭയിൽ ഉന്നയിക്കുന്ന ഒരാളാണ് ഞാൻ. എയിംസിന്റെ പട്ടികയിൽ എന്റെ ജില്ലയുടെ പേര് ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് മാസങ്ങളായി ആ ജില്ലയിൽ സമരം നടക്കുകയാണ്. എയിംസ് ലഭ്യമാക്കണമെന്നല്ല പറയുന്നത്. കേരള സർക്കാർ നൽകുന്ന ലിസ്റ്റിൽ എന്റെ ജില്ലയുടെ പേര് ഉൾപ്പെടുത്തണമെന്ന കാര്യത്തിൽപ്പോലും അനുഭാവപൂർവമായ ഒരു നടപടിയെടുക്കാൻ കഴിയാത്ത

ഒരു സർക്കാരാണിത്. കോവിഡുകാലത്ത് അനുവദിച്ച TATA Hospital തകർച്ചയിലായി. അതിപ്പോൾ കോഫി ഷോപ്പിലേയ്ക്ക് കണ്ടെയ്നർ കൊണ്ടുപോകുന്ന ഒരു അവസ്ഥയിലാണ്. അതുമാത്രമല്ല; കോവിഡ് കാലത്ത് കർണ്ണാടക അതിർത്തി അടച്ചപ്പോൾ 22 പേർ പിടഞ്ഞുമരിച്ചത് എന്റെ മണ്ഡലത്തിലാണ്. അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ എന്റെ മണ്ഡലത്തിലെ അതിർത്തിയിലെ ഒരു ഹോസ്പിറ്റൽ കെട്ടിട നിർമ്മാണത്തിനുവേണ്ടി 15 കോടി രൂപ കിഫ്ബിയിൽനിന്ന് നീക്കിവച്ചു. ഞാൻ എം.എൽ.എ.-യായശേഷം ഈ മൂന്ന് വർഷക്കാലംകൊണ്ട് നിരവധി തവണ ഇപ്പോഴുള്ള ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയുടെ മുമ്പിലേയ്ക്ക് പോയിട്ടുണ്ട്. ഇനിയും ഞാൻ പോകുമ്പോൾ സെഞ്ച്വറി അടിക്കും. അമ്പതിലധികം പ്രാവശ്യം പോയി ആവശ്യപ്പെട്ടിട്ടുപോലും മേൽപ്പറഞ്ഞ വിഷയത്തിന്മേൽ ഒരിഞ്ച് അനങ്ങാൻപോലും തയ്യാറായിട്ടില്ല.

എന്റെ മണ്ഡലത്തിലെ മഞ്ചേശ്വരം, കുമ്പള പോലീസ് സ്റ്റേഷനുകൾ വിഭജിച്ച് ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന് നേരത്തെ

ആവശ്യപ്പെടുന്നതാണ്. ഇന്ന് എന്റെ മണ്ഡലത്തിന്റെ അവസ്ഥ രാവിലെ 10.00 മണിക്ക് വീടുകൾ കയറി കൊള്ളക്കാർ കൊള്ളയടിക്കുന്നു. നട്ടുച്ചയ്ക്ക് കൊള്ളയാണ്; പ്രവാസിയായ മച്ചമ്പാടിയിലെ ഇബ്രാഹിം ഖലീൽ എന്ന ചെറുപ്പക്കാരന്റെ വീട്ടിൽ നടന്ന ഏറ്റവും ഭീകരമായ ഒരു മോഷണം ഇന്നും വലിയ രീതിയിൽ ചർച്ച ചെയ്യുകയാണ്. പട്ടാപ്പകൽ ഒരു മണിക്കാണ് ആക്സിസ് ബാങ്കിന്റെ എ.ടി.എം. നിറയ്ക്കുന്നതിനുവേണ്ടി കൊണ്ടുവന്ന 50 ലക്ഷം രൂപ എ.ടി.എം.-ന്റെ മുമ്പിൽനിന്നും മോഷണം പോയത്. പണ്ടൊക്കെ മോഷണങ്ങൾ നടക്കുന്നത് രാത്രികാലത്താണ്. അതിർത്തിയിൽ ഇത്ര ഭീകരമായി മുപ്പത്തിയഞ്ചോളം മോഷണങ്ങൾ നടന്നിട്ടുപോലും ഒരാളെപ്പോലും പോലീസിന് പിടിക്കാൻ കഴിയാത്ത അവസ്ഥ ഇപ്പോഴും നിലനിൽക്കുകയാണ്. ഞാൻ ഇവിടെ ധനവിനിയോഗ ബില്ലിന്മേൽ സംസാരിക്കുമ്പോൾ പറയുന്നൊരു കാര്യം, പണ്ട് ആവശ്യപ്പെട്ട ഒരു പോലീസ് സ്റ്റേഷന്റെ കാര്യം, പലപ്പോഴും സാമ്പത്തിക പ്രതിസന്ധിയുടെ പേര് പറഞ്ഞുകൊണ്ടാണ് തള്ളുന്നത്. അതിന് ഒരു പരിഹാരം കാണണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

പ്ലസ് വൺ സീറ്റിന്റെ കാര്യം എല്ലാവർക്കുമറിയാം. വിദ്യാഭ്യാസ മേഖലയിൽ ഏറെ പിന്നാക്കം നിൽക്കുന്ന ഒരു മണ്ഡലമാണ് മഞ്ചേശ്വരം. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി എല്ലാ വർഷവും എന്റെ മണ്ഡലത്തിന് പ്രത്യേക പരിഗണന നൽകി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതിലൂടെ കുറെ കുട്ടികളെ ക്ലാസിലേയ്ക്ക് എത്തിക്കാൻ കഴിയുന്നുവെങ്കിലും ഇപ്പോഴും പുതിയ ബാച്ചുകൾ അനുവദിക്കാത്തതിന്റെ പേരിൽ പ്ലസ് വണ്ണിന് സീറ്റ് കിട്ടാതെ അഞ്ഞൂറോളം കുട്ടികൾ ഈ പ്രത്യേക ഉത്തരവിനുവേണ്ടി കാത്തുനിൽക്കുന്ന വളരെ വേദനാജനകമായ ഒരവസ്ഥ എന്റെ മണ്ഡലത്തിലുണ്ട്. എന്റെ മണ്ഡലത്തിലെ ഏക സർക്കാർ കോളേജാണ് ഞാൻ പഠിച്ച മഞ്ചേശ്വരം ഗോവിന്ദ പൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജ്. കർണ്ണാടകയെ ആശ്രയിച്ച് ഡിഗ്രിക്ക് പോകുന്ന കുട്ടികളെ നമ്മുടെ സംസ്ഥാനത്ത് എന്റെ ജില്ലയിൽ എന്റെ മണ്ഡലത്തിൽ അവർക്ക് പഠിക്കാനുള്ള അവസരം ലഭ്യമാക്കാനായി ആ കോളേജിന് പ്രത്യേക കോഴ്സുകൾ നൽകണമെന്ന് ഞാൻ മാത്രമല്ല; എന്റെ മുൻകാല എം.എൽ.എ.-മാർപോലും നിരന്തരമായി ആവശ്യപ്പെട്ടിട്ടും 25 വർഷമായി

പുതിയ ഒരു കോഴ്സുപോലും നൽകിയിട്ടില്ല. പുതിയ കെട്ടിടങ്ങൾ വന്നുവെങ്കിലും പുതിയ കോഴ്സുകളൊന്നുമില്ലാതെ ഉന്നത വിദ്യാഭ്യാസരംഗം വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിന്റെ തുടർച്ചയായ വികസനത്തിനും മുന്നേറ്റത്തിനും നവകേരള സൃഷ്ടിക്കും സഹായകരമായ വിധത്തിൽ എല്ലാ വകുപ്പുകളെയും ചേർത്തുപിടിച്ചുകൊണ്ട് സാധാരണക്കാരായ മനുഷ്യരും നിരാലംബരായ ആളുകളും സർക്കാർ ആശുപത്രികൾ അഭയകേന്ദ്രമായി കാണുന്ന ആയിരക്കണക്കിന് രോഗികളും വിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികളും പരമ്പരാഗത-ആധുനിക വ്യവസായങ്ങളിലെ തൊഴിലാളികളും നേരിടുന്ന പ്രശ്നങ്ങൾ ഒന്നൊന്നായി പരിഹരിച്ചുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. പശ്ചാത്തല സൗകര്യ വികസനവുമായി ബന്ധപ്പെട്ട

നിരവധി റോഡുകളും കെട്ടിടങ്ങളും വിദ്യാലയങ്ങളുമെല്ലാം പൂർത്തിയാക്കി മുന്നോട്ടുപോകണമെങ്കിൽ അതിനാവശ്യമായ ധനമാർഗം കണ്ടെത്തണം. ആ ധനാഗമ മാർഗങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപധനാഭ്യർഥനകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പ്രതിപക്ഷം അവരുടെ ജോലി നിരന്തരം ചെയ്തുകൊണ്ടിരിക്കും. അതിൽ അത്ഭുതമൊന്നുമില്ലല്ലോ? അവരുടെ ചർച്ച കേൾക്കുമ്പോൾ കേരളം ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രമാണെന്നാണ് തോന്നുക. ഇന്ത്യൻ യൂണിയന്റെ ഭാഗമായി ഭരണഘടനപ്രകാരം നിലനിന്നുപോകുന്നൊരു സംസ്ഥാനമല്ലേ ഇത്? യൂണിയൻ എന്നാൽ സ്റ്റേറ്റുകളുടെ യൂണിയനാണ്. ആ ഗവൺമെന്റുമായി ബന്ധപ്പെട്ട കേന്ദ്രനിലപാടുകൾ ഓരോ സംസ്ഥാനത്തിന്റെയും മുന്നേറ്റത്തിനും തിരിച്ചടിക്കും കാരണമാകുമെന്ന് അറിയാത്തവരല്ലല്ലോ ഇവർ? ഇപ്പോൾ എട്ട് വർഷക്കാലമായി ഇടതുപക്ഷമാണ് അധികാരത്തിലിരിക്കുന്നത്. അതിന്റെ ഒരു പ്രയാസം അവർക്കുണ്ടാകും. പക്ഷേ കേരളത്തിൽ അടുത്ത കാലങ്ങളിൽ നടന്ന തിരഞ്ഞെടുപ്പുകളിൽ വിജയിച്ച മലയാളികളായ/കേരളീയരായ പാർലമെന്റ്

മെമ്പർമാരുടെ നിലപാട് നിർഭാഗ്യകരമാണ്. അവർ മലയാളികളും കേരളീയരുമല്ലേ; കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിക്കുന്നുവെന്നതുകൊണ്ട് അതിനെ പ്രയാസപ്പെടുത്താനാവശ്യമായ നിലപാട് സ്വീകരിക്കുകയാണ്. നമുക്ക് അർഹതപ്പെട്ട പദ്ധതി വിഹിതം, ഫണ്ട് വിഹിതം, നികുതി വിഹിതം, ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഭരണഘടനാനുസൃതമായി തരേണ്ട കാര്യങ്ങൾ എന്നിവ തരാതെ വരുമ്പോൾ അതിനെ അരുതെന്നും പറ്റില്ലെന്നും സമ്മതിക്കില്ലെന്നും പറയണ്ടേ; ആരുടെയെങ്കിലും ശബ്ദം നിങ്ങൾ കേട്ടോ? കഴിഞ്ഞതും ഇപ്പോൾ നടന്നതുമായ പാർലമെന്റ് തിരഞ്ഞെടുപ്പുകളിൽ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുള്ള ബഹുമാന്യരായ അംഗങ്ങൾ തിരഞ്ഞെടുക്കപ്പെട്ട് പോയിയെന്നത് അവരുടെ ഭാഗത്ത് ന്യായീകരിക്കപ്പെടുമ്പോഴും അത് പൊതുവായ ഈ കേരളത്തിന്റെ മുന്നേറ്റത്തിനും വികസനത്തിനും തടസ്സമായെന്ന അഭിപ്രായത്തിനാണ് മുൻതൂക്കം കിട്ടുകയെന്നതാണർഥം. ഇവിടെ സാമൂഹ്യ സുരക്ഷാ പെൻഷനെ സംബന്ധിച്ച് പറഞ്ഞു, പെൻഷൻ കിട്ടുമെന്ന് കണക്കാക്കിയ ആളുകൾ അത് കിട്ടാനായി കാത്തിരിക്കുകയാണ്.

നിങ്ങളുടെ ഭരണകാലത്ത് പെൻഷനുവേണ്ടി ആരും കാത്തിരുന്നിട്ടില്ല, കാത്തിരുന്നിട്ട് കാര്യമില്ല, അത് കിട്ടുകയില്ലെന്ന് അവർ തീരുമാനിച്ചിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി വന്നാൽ അവർക്കത് കിട്ടുമെന്ന് ബോധ്യമുണ്ടായിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഡോ. എം. കെ. മുനീർ, ശ്രീ. പി. കെ. അബ്ദു റബ്ബ് എന്നിവർ അസംബ്ലിയിൽ പറഞ്ഞ കാര്യങ്ങൾ ഞാൻ ഇവിടെ സൂചിപ്പിക്കാം. സാമൂഹ്യക്ഷേമ പെൻഷന്റെ കാര്യത്തിൽ ഫണ്ടിന്റെ അപര്യാപ്തതയുണ്ടെന്നും അതിനാൽ പെൻഷനുകൾ യഥാസമയം വിതരണം ചെയ്യാൻ സാധിക്കുന്നില്ലെന്നും സാമൂഹ്യക്ഷേമ പെൻഷനും മൂന്ന് മാസത്തെ വികലാംഗ പെൻഷനും നാല് മാസത്തെ വിധവാ പെൻഷനും ആറുമാസത്തെ ദേശീയ വാർധക്യകാല പെൻഷനും മൂന്നുമാസത്തെ അൻപത് വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷനും കുടിശ്ശികയാണെന്നുമാണ് അന്നത്തെ മന്ത്രിയായിരുന്ന ഡോ. എം. കെ. മുനീർ പറയുന്നത്. അതുപോലെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടും നിങ്ങൾ ആശങ്കപ്പെടുന്നുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ, ഞങ്ങൾ രണ്ടുമൂന്ന് തവണ ഈ പെൻഷന്റെ വിഷയം ഇവിടെ പറഞ്ഞതാണ്. കഴിഞ്ഞ ബില്ലിലും സംസാരിച്ചതാണ്.

ചെയർപേഴ്സൺ: ഇതിൽ പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ചട്ടം 307 പ്രകാരം വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞാൽ ഞങ്ങളുടെ പാർട്ടിക്കും ഞങ്ങൾക്കും അത് അപകീർത്തികരമാണെന്ന് ചൂണ്ടിക്കാണിക്കുന്നു.

ചെയർപേഴ്സൺ: അത് പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റ് അല്ലേ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അത് പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റ് അല്ല. ഞങ്ങളുടെ കാലത്ത് പെൻഷൻ കൊടുക്കില്ലായിരുന്നു, അതുകൊണ്ട് ആരും ചോദിക്കില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ഉമ്മൻ ചാണ്ടിയുടെ കാലത്ത് മൂന്നുമാസം മാത്രമായിരുന്ന കുടിശ്ശികയുണ്ടായിരുന്നത്.

ചെയർപേഴ്സൺ: ശ്രീ. പി. മമ്മിക്കുട്ടിക്ക് തുടരാവുന്നതാണ്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, അദ്ദേഹം സ്ഥിരമായി പറയുന്നൊരു കാര്യമാണത്. അതിൽ പോയിന്റ് ഓഫ് ഓർഡർ ഒന്നുമില്ല. കുട്ടികൾ

നന്നായി പഠിച്ച് പാസ്സായി നല്ല റിസൾട്ടുണ്ടാകുമ്പോൾ അവർക്ക് തുടർപഠനത്തിനാവശ്യമായ സീറ്റുകളില്ലെങ്കിൽ സീറ്റുകളുണ്ടാക്കാനുള്ള നടപടി അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വീകരിക്കേണ്ടതല്ലേ? അർഹതപ്പെട്ട ഒരു കുട്ടിക്കും സീറ്റുകിട്ടാതെ പുറത്ത് പോകേണ്ടിവരില്ലെന്ന് ബഹുമാന്യനായ ഇപ്പോഴത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലെല്ലാം വലിയ വക്താക്കളായി മാറുന്ന നിങ്ങളുടെ നിലപാടുകളെ ചോദ്യം ചെയ്യാൻ വേണ്ടിയാണ് ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ ഒരു സ്റ്റേറ്റ്മെന്റ് പറയുന്നത്, അദ്ദേഹം വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന സമയത്താണ് "കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് 2532 ലാഭകരമല്ലാത്ത സ്കൂളുകൾ കണ്ടെത്തി" എന്ന സ്റ്റേറ്റ്മെന്റ് പറഞ്ഞത്. വിദ്യാഭ്യാസമെന്ന് പറഞ്ഞാൽ ലാഭമാണോ; കൊപ്ര കച്ചവടമോ, മറ്റ് കച്ചവടമോ ആണോ; അത് സേവനവുമായി ബന്ധപ്പെട്ട മേഖലയല്ലേ; അവരുടെ ഗവൺമെന്റിനുവേണ്ടി മന്ത്രി പറഞ്ഞത്, 2532 വിദ്യാലയങ്ങൾ ലാഭകരമല്ലെന്ന് കണ്ടെത്തിയെന്ന് പറയുന്ന ആളുകളാണ് ഇപ്പോൾ വിദ്യാഭ്യാസത്തെ സംബന്ധിച്ച വലിയ വക്താക്കളായി മാറി

കുട്ടികൾക്ക് സീറ്റുലഭിക്കാത്ത കാര്യം പറയുന്നത്. ഇത്തവണ സീറ്റ് ലഭിക്കാത്ത ഒരു കുട്ടിയുമുണ്ടാകില്ല. എല്ലാ കുട്ടികൾക്കും സീറ്റ് ലഭിക്കും.

എസ്.എഫ്.ഐ.-യെ സംബന്ധിച്ച് കുറച്ച് കാര്യങ്ങൾ ഇവിടെ പറഞ്ഞു. എല്ലാം പറഞ്ഞ് പോകാം. ജനാധിപത്യത്തിൽ സഹിഷ്ണത വളരെ പ്രധാനമാണ്. പണ്ഡിത് ജവഹർലാൽ നെഹ്റു പറഞ്ഞത് "ജനാധിപത്യമെന്ന് പറഞ്ഞാൽ അതിന്റെ അടിസ്ഥാന ആണിക്കല്ല് സഹിഷ്ണത" എന്നാണ്. തങ്ങളെ അനുകൂലിക്കുന്നവരോടുള്ള സഹിഷ്ണതയല്ല, മറിച്ച് തങ്ങളെ എതിർക്കുന്നവരോടുള്ള സഹിഷ്ണതയാണ് പരമപ്രധാനമെന്ന് പഠിപ്പിച്ച മഹാനാണ് പണ്ഡിത് ജവഹർലാൽ നെഹ്റു. പറയാനുള്ള കാര്യങ്ങൾ എന്തും പറഞ്ഞ് പോകുക, പിന്നെ അത് കേൾക്കേണ്ട ബാധ്യതയില്ലല്ലോ? മുപ്പത്തിയഞ്ചോളം വരുന്ന ഉശിരന്മാരായ ചെറുപ്പക്കാരായ കുട്ടികളെ ഈ കേരളത്തിന്റെ കലാലയങ്ങളിൽവച്ച് കുത്തിക്കൊന്ന ആളുകളുടെ വക്താക്കളാണ് ഇവിടെ എസ്.എഫ്.ഐ. മോശമാണെന്ന് പ്രചരിപ്പിക്കാൻ വേണ്ടി ശ്രമിക്കുന്നത്. ധീരജ് ഉൾപ്പെടെയുള്ള 35 സഖാക്കളാണ്. അധ്യാപകനെ വിദ്യാലയത്തിൽവച്ച് ചവിട്ടിക്കൊന്ന

ആളുകളാണ് വിദ്യാഭ്യാസത്തെ സംബന്ധിച്ചും അധ്യാപക പ്രസ്ഥാനത്തെ സംബന്ധിച്ചും വിദ്യാർഥി പ്രസ്ഥാനത്തെ സംബന്ധിച്ചും ഇവിടെ പറയുന്നതെന്നാണ് അക്കാര്യത്തെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. മറ്റൊന്ന്, ശ്രീ. പി. ഉബൈദുള്ള എന്റെ സുഹൃത്താണ്. അദ്ദേഹം പറഞ്ഞത് മലപ്പുറത്തെ ഏതോ പ്രകടനത്തിൽ പി.ഡി.പി.-യുടെ കൊടി കണ്ടുവെന്നാണ്. അതിന്റെ കൂടെ പച്ച നിറത്തിലുള്ള ഐ.എൻ.എൽ.-കാരുടെ കൊടിയുമുണ്ടായിരുന്നു. ബഹുമാന്യനായ രാഹുൽഗാന്ധി മത്സരിക്കുന്ന വയനാട് മണ്ഡലത്തിലെ സ്വന്തം പാർട്ടിയുടെ കൊടിയഴിച്ച് കക്ഷത്തുവച്ചിട്ട് ആ കൊടിപോലും പണയപ്പെടുത്തി മറ്റ് കൊടികളുടെ പിന്നാലെ പോകുന്ന നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. അവനവന്റെ പാർട്ടിയുടെ കൊടിയെങ്കിലും സംരക്ഷിക്കണമെന്നൊരു അഭിമാനബോധമില്ലാത്തവരാണ്. ഈ രാജ്യത്ത് പത്ത് വോട്ടിനുവേണ്ടി കോൺഗ്രസ്സിനെയോ ആർ.എസ്.എസ്.-കാരെയോ തൃപ്തിപ്പെടുത്താനാണോ; ആർക്കുവേണ്ടിയാണ്? മുസ്ലീം ലീഗിന്റെ പതാക അഴിച്ച് കക്ഷത്തുവച്ച് ഒളിച്ചോടിയ ആളുകൾ ഇവിടെ ഏതോ ഒരു കൊടി കണ്ടെന്ന് പറയുന്നതിൽ എന്താണ് അർഥം; ആ

കൊടിയോട് ആത്മാർഥതയുണ്ടെങ്കിൽ ആ കൊടിയെ സംരക്ഷിക്കാനുള്ള നിലപാട് പറയണ്ടേ? ബഹുമാന്യനായ രാഹുൽഗാന്ധിയോട് എല്ലാ ബഹുമാനവുമുണ്ട്. മുലായം സിംഗ് യാദവിന്റെ സമാജ്വാദി പാർട്ടിയുടെയും മറ്റ് പ്രസ്ഥാനക്കാരുടെയും പിന്തുണയില്ലായിരുന്നെങ്കിൽ ശ്രീ. രാഹുൽഗാന്ധി ഉൾപ്പെടെയുള്ള ആളുകൾ ഉത്തർപ്രദേശിൽ ഇത്തവണ ജയിക്കുമായിരുന്നില്ല. എന്നാൽ കോൺഗ്രസ്സിന്റെ ശക്തികൊണ്ട്, അവരുടെ വോട്ട് കിട്ടിയിട്ടുണ്ടാകാം, തമിഴ്നാട്ടിലും കിട്ടിയിട്ടുണ്ടാകാം, ഞങ്ങളുടെ വോട്ടും അവർക്ക് ലഭിച്ചിട്ടുണ്ടാകും. രാജസ്ഥാനിൽ ഇപ്പോഴും അങ്ങനെ തന്നെയല്ലേ? പണ്ട് പറഞ്ഞതുപോലെ, 'ന്റുപ്പപ്പാക്കൊരാനേണ്ടാർന്ന്' എന്നുപറയുന്നൊരു നിലപാട് സ്വീകരിക്കാൻ സാധിക്കില്ല. ആ യാഥാർഥ്യബോധത്തോടുകൂടി നമ്മുടെ രാജ്യത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് വർഗീയതയെയും തീവ്രവാദത്തെയും മതരാഷ്ട്രവാദത്തെയും എതിർക്കാനാവശ്യമായ നിലപാട് സ്വീകരിച്ച് നമുക്ക് മുന്നോട്ടുപോകാം. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല.

{02.00 Pm}

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ പ്രസ്താവനയെക്കുറിച്ച് കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു. അത് സി.പി.ഐ.(എം.) ആണ്; ഇടതുപക്ഷമാണ്. പ്രസ്ഥാനത്തിനകത്തും പാർട്ടിക്കകത്തും ചർച്ച നടത്തും, തെറ്റുകളും കുറ്റങ്ങളുമുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കും, തിരുത്താനാവശ്യപ്പെടും. അങ്ങനെയുള്ള കാര്യങ്ങൾ പാർട്ടി കമ്മിറ്റികളിൽ പരസ്യമായി പറയാൻ ധൈര്യം കാണിക്കുന്ന പ്രസ്ഥാനമാണ്; ലീഗിന് അതിന് കഴിയുമോ? അതുകൊണ്ട് അഴിമതി നടത്തിയിട്ടുണ്ടെന്നല്ല അതിനർഥം. അത്തരം ആളുകൾക്ക് ഈ പാർട്ടിയിൽ സ്ഥാനമുണ്ടാകില്ലെന്ന് പാർട്ടി കമ്മിറ്റിയിൽ ഉച്ചൈസ്തരം പറയാൻ കഴിയുന്നൊരു പ്രസ്ഥാനമാണ് സി.പി.ഐ.(എം.) എന്നുള്ളതുകൊണ്ടാണ് അങ്ങനെ പറയാൻ കഴിയുന്നത്. നിങ്ങൾക്കത് പറയാൻ കഴിയില്ല. നിങ്ങൾക്ക് അങ്ങനെ പറയാൻ സാധിക്കാത്തതിന്റെ വേവലാതി മറ്റ് പ്രസ്ഥാനങ്ങൾ പറയുന്നതുകൊണ്ട് വിഷമിക്കേണ്ട കാര്യമില്ലെന്ന് അർഥം. ഇവിടെ പെൻഷനും മറ്റ് കാര്യങ്ങളും നൽകാൻ സാധിക്കാത്തത് ധൂർത്തുകൊണ്ടാണെന്നാണ് പറയുന്നത്. എന്താണ് ധൂർത്ത്? ധൂർത്തിന്റെ കണക്കുകൾ ഇവിടെയുണ്ട്. ആവശ്യമെങ്കിൽ യു.ഡി.എഫ്.-ന്

നൽകാം. യു.ഡി.എഫ്.-ന്റെ ഭരണകാലത്തുണ്ടായിരുന്ന മന്ത്രിമാർ, അവരുടെ പേഴ്സണൽ സ്റ്റാഫ്, അവർ നടത്തിയ വിദേശയാത്രകൾ അതെല്ലാം ഞാൻ വായിക്കണോ? അന്നത്തെ 21 മന്ത്രിമാർ, ബഹുമാന്യരായ ഒന്നരണ്ട് മന്ത്രിമാർ മാത്രം അതിൽ വളരെ പിന്നിലായിരുന്നു. ഈ ധൂർത്ത് നടത്തിയിരുന്ന നിങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മന്ത്രിമാരുടെ കാര്യമൊന്ന് പറയൂ. സർക്കാർ സംവിധാനത്തിന്റെ ഭാഗമായ ഏതെങ്കിലും കാര്യങ്ങൾക്കോ അല്ലെങ്കിൽ മറ്റ് കാര്യങ്ങൾക്കോ പോകുമ്പോൾ അത് ധൂർത്താണെന്നാണ് പറയുന്നത്. 'നവകേരള സദസ്സ്' ധൂർത്ത് എന്നാണ് പറയുന്നത്. നവകേരള സദസ്സ് നടത്തി, ശരിയാണ്. അതിന്റെ പേരിൽ എത്ര തുകയാണ് സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചത്? ബഹുമാന്യനായ ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത് ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചു. ഞങ്ങൾ അതിനെ ആക്ഷേപിക്കാൻ വേണ്ടി പറയുന്നതല്ല. രാവും പകലുമില്ലാതെ ജനങ്ങളെ സംഘടിപ്പിച്ചില്ലേ; അതിനുവേണ്ടി എത്ര രൂപയാണ് ചെലവാക്കിയത്; എത്ര അപേക്ഷകൾ കൊടുത്തു; വില്ലേജ് ഓഫീസർ പാസ്സാക്കികൊടുക്കേണ്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ടൊരു കാര്യത്തിന്

പാലക്കാട്ടേയ്ക്കും കണ്ണൂരിലേയ്ക്കും കോഴിക്കോട്ടേയ്ക്കും മൂവായിരം നാലായിരം രൂപ ടാക്സി ചാർജിനത്തിൽ ചെലവഴിച്ച് ആളുകളെ കൊണ്ടുപോയില്ലേ; ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് നടത്തിയ ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് എത്ര രൂപയാണ് നിങ്ങൾ ചെലവഴിച്ചത്? കേരളത്തിലെ മുഖ്യമന്ത്രിയുൾപ്പെടെ 21 മന്ത്രിമാർ നടത്തിയ ഈ യാത്രയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എത്ര രൂപ ചെലവഴിച്ചുവെന്നത് പരിശോധിച്ചാൽ ലഭിക്കില്ലേ; എന്നിട്ട് ഇവിടെ ധൂർത്തിന്റെയും ധിക്കാരത്തിന്റെയും കാര്യം പറയുകയാണ്; ധൂർത്തിന്റെയും ധിക്കാരത്തിന്റെയും കാര്യം പറഞ്ഞാലൊന്നും കേരളത്തിലെ ജനങ്ങൾ അംഗീകരിക്കില്ല. ദേശീയ രാഷ്ട്രീയവുമായി, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ നിങ്ങൾക്ക് ഒരു മുന്നേറ്റമുണ്ടായെന്ന കാര്യത്തിൽ തർക്കമില്ല. അത് ഞങ്ങൾ അംഗീകരിക്കുകയാണ്. ഞങ്ങൾക്കുണ്ടായ കുറവുകൾ കണ്ടെത്തി പരിഹരിക്കാനുള്ള ഏർപ്പാടുകൾ ഞങ്ങൾ ചെയ്യും. എന്നാൽ അതിനെക്കുറിച്ച് ചർച്ച നടത്താനേ പാടില്ലെന്നാണ് പറയുന്നത്. ഞങ്ങളുടെ കാര്യം ഞങ്ങൾ ചർച്ച ചെയ്തോളും. കോൺഗ്രസും നിങ്ങളും ചേർന്ന

മുന്നണിയിലെ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പതാക കെട്ടാൻ പാടില്ലെന്ന് പറഞ്ഞ ആ മുന്നണിക്ക് മുന്നണി രാഷ്ട്രീയവും ആ മുന്നണി ബന്ധവും അതിന്റെ മുന്നണി ഐക്യവും എന്താണെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല എന്നതാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. മറ്റൊരു കാര്യം, കുരിശുട്ടത്ത് അന്ധനായ ഒരാൾ കരിംപൂച്ചയെ തപ്പുന്ന രീതിയിലാണ് യു.ഡി.എഫ്. നിലപാട് സ്വീകരിക്കുന്നത്.

<u>ചെയർപേഴ്സൺ</u>: അങ്ങ് കൺക്ലൂഡ് ചെയ്യണം. അടുത്ത ആളെ വിളിക്കാൻ പോകുകയാണ്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, കേന്ദ്ര സർക്കാരിന്റെ നിലപാടിനെതിരായി ശക്തമായൊരു വാക്കോ പദപ്രയോഗമോ കേരളത്തിൽനിന്നും ജയിച്ചുപോയ പാർലമെന്റ് അംഗങ്ങൾ കേരളത്തിനുവേണ്ടി ശബ്ദിച്ചിരുന്നെങ്കിൽ കേരളത്തിന് ഈ ദുരവ്യാഗമുണ്ടാകുമായിരുന്നില്ല. നികുതിയും നികുതി പിരിവും മറ്റ് രൂപത്തിലുള്ള വരുമാനമാർഗങ്ങളും വർധിപ്പിച്ചു. എന്നാൽപ്പോലും സംസ്ഥാനത്തിന് അർഹമായ കേന്ദ്ര വിഹിതം ലഭിക്കേണ്ടതല്ലേ?

ചെയർപേഴ്സൺ: അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ആ പണം ലഭിക്കുന്നതിനനുസരിച്ച് ഇവിടത്തെ കൃഷിക്കാരന് നെല്ലിന്റെ സംഭരണ വില നൽകാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. മറ്റ്... ..... (മൈക്ക് ഓഫ്).....

ചെയർപേഴ്സൺ: ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുന്നു. സഭയിൽ പ്രതിപക്ഷത്തിന്റെ റോൾ എന്താണെന്നതാണ് എന്റെ സംശയം. ക്രിയാത്മക പ്രതിപക്ഷമായിരിക്കണം, എന്നാൽ, ആ ഉത്തരവാദിത്വം ഇവിടെ നിർവഹിക്കപ്പെടുന്നുണ്ടോ എന്നുള്ളതാണ് എന്റെ ആദ്യത്തെ ചോദ്യം. കാരണം, നല്ല കാര്യങ്ങളെ അനുകൂലിച്ചുകൊണ്ടും ഭരണപക്ഷത്തെ തെറ്റായ പ്രവണതകളെ ചൂണ്ടിക്കാണിച്ചുകൊണ്ടും അത് തിരുത്തുന്ന റോളാണ് യഥാർഥത്തിൽ പ്രതിപക്ഷത്തിനുണ്ടാകേണ്ടത്. പക്ഷെ, ഇവിടെ അതല്ല കണ്ടുവരുന്നത്. എല്ലാത്തിനെയും എതിർക്കുകയെന്ന നയമാണ് ഇവിടത്തെ പ്രതിപക്ഷം സ്വീകരിച്ചുവരുന്നത്. നമ്മൾ എല്ലാ മലയാളികളും

കേരളത്തിനുവേണ്ടി പ്രവർത്തിക്കുന്നവരായതിനാൽ കേരളത്തിന്റെ പൊതുവായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിൽ കൂട്ടായൊരു സമീപനം ഉണ്ടാകേണ്ടതല്ലേ; എന്നാൽ പലപ്പോഴും അത്തരമൊരു സമീപനം ഇല്ലാതെ പോകുന്നുവെന്നതാണ് ഏറ്റവും വലിയൊരു പോരായ്മയായി ഞാൻ കാണുന്നത്.

കേരളത്തിന്റെ വികസനത്തിന് പുതിയ ദിശാബോധം നൽകുന്ന തരത്തിലാണ് ഇടതുപക്ഷ സർക്കാരിന്റെ ഓരോ ബജറ്റും അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയത്തിന്റെ ഭാഗമായി വലിയ സാമ്പത്തികപ്രതിസന്ധി അനുഭവിക്കുമ്പോഴും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പരമാവധി ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്. തനത് വരുമാനം വർധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച കാര്യക്ഷമമായ സമീപനം ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. തനത് നികുതി വരുമാനത്തിൽ വലിയ വർധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2020-21 കാലഘട്ടത്തിൽ 47661 കോടി രൂപയായിരുന്ന തനത് നികുതി വരുമാനം 2022-23-ൽ 71968 കോടി രൂപയായും ഈ സാമ്പത്തികവർഷം 78000

കോടി രൂപയായും വർധിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര നികുതി വിഹിതം കുറയ്ക്കുകയുണ്ടായി. പത്താം ധനകാര്യ കമ്മീഷനിൽ 3.87 ശതമാനമുണ്ടായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷനായപ്പോൾ 1.92 ശതമാനമായി കുറയുകയുണ്ടായി. ഇത് വലിയ നഷ്ടമുണ്ടാക്കുന്നുവെന്നത് ഒരു വസ്തുതയാണ്. പുതിയ കാലഘട്ടത്തിന്റെ സാധ്യതകൾക്കനുസരിച്ച് ജി.എസ്.ടി. വകുപ്പിൽ നടത്തിയ പുനഃസംഘടന ഉൾപ്പെടെ നികുതി വരുമാനത്തിന്റെ വർധനവിന് കാരണമായി. സ്വർണ്ണത്തിന്റെ വരുമാനത്തിലുണ്ടായ വലിയ കുറവിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ജി.എസ്.ടി. വളരെ കാര്യക്ഷമമായി ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ അടുത്ത കാലത്തായി നിരവധി റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ആക്രിക്കച്ചവടമേഖലയിൽ നടത്തിയ റെയ്ഡിനെക്കുറിച്ച് നിങ്ങളെല്ലാവരും പത്രത്തിൽ വായിച്ചിട്ടുണ്ടാകും. വലിയ തോതിൽ നികുതി വെട്ടിപ്പ് നടത്തിയിരുന്നത് മുഴുവൻ പിടിക്കുകയുണ്ടായി. വലിയ വരുമാന മാറ്റമുണ്ടാക്കാൻ അത് സഹായിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. പൂർത്തിയാകാത്ത പദ്ധതികൾ ഉദ്ഘാടനം ചെയ്ത് കൊട്ടിഘോഷിച്ച

യു.ഡി.എഫ്. കാലമല്ല ഇന്ന്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയാണ്. വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർഥ്യമാകുകയാണ്. നാഷണൽ ഹൈവേയും മെട്രോ വിപുലീകരണവും ഇതിന്റെ ഉദാഹരണങ്ങളാണ്. പലപ്പോഴും സഭയിൽ ചെലവിനെക്കുറിച്ച് പറയാറുണ്ട്. എന്നാൽ എന്തിനുവേണ്ടി ധനം ഉപയോഗിക്കുന്നുവെന്നതാണ് പ്രശ്നം. കടമെടുക്കുന്നുണ്ട്. ഒരു കാലഘട്ടത്തിലുമില്ലാത്ത വികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്. യു.ഡി.എഫ്. 25 വർഷം ഭരണത്തിലിരുന്നാലും ഇക്കഴിഞ്ഞ 8 വർഷക്കാലത്തെ ഭരണത്തിലുണ്ടായതുപോലുള്ള വികസനം ഒരിക്കലും സാധ്യമാകില്ല. അത്തരത്തിലുള്ള പ്രവർത്തനമാണ് എൽ.ഡി.എഫ്. സർക്കാർ സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാ മേഖലയെയും ഒരുപോലെ പരിഗണിച്ച് മുന്നേറുകയെന്ന സർക്കാർ നയത്തിലൂടെ സംസ്ഥാനത്തിന്റെ എല്ലാ പ്രദേശത്തും വികസനപ്രവർത്തനങ്ങളെത്തിക്കാൻ കഴിഞ്ഞു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങളിലും കൃത്യമായി വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. വിദ്യാഭ്യാസമേഖലയിൽ

കൂടുതൽ പ്രയോറിറ്റി കൊടുക്കണമെന്ന് എന്റെ സുഹൃത്തായ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ഉബൈദുള്ള ഇവിടെ സൂചിപ്പിച്ചു. എട്ടുവർഷത്തിനുള്ളിൽ എൽ.ഡി.എഫ്. സർക്കാർ വിദ്യാഭ്യാസ മേഖലയ്ക്ക് കൊടുത്ത പ്രയോറിറ്റിയെക്കുറിച്ച് ആർക്കെങ്കിലും ചിന്തിക്കാൻ കഴിയുമോ; ഏത് മണ്ഡലത്തിലെ ഏത് സ്കൂളാണ് ഇപ്പോൾ മോശമായിട്ടുള്ളത്; അത്രയും മികച്ച വികസനപ്രവർത്തനങ്ങൾ നടത്താനും ഭൗതിക സൗകര്യങ്ങളൊരുക്കാനും ഈ സർക്കാരിന് സാധിച്ചില്ലേ; ഒരു മണ്ഡലത്തിൽ ചുരുങ്ങിയത് 50 കോടി രൂപയുടെയെങ്കിലും പ്രവർത്തനം എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്നിട്ടുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. അത്രയും മികച്ച നിലയിലുള്ള പ്രവർത്തനങ്ങൾ നടത്താൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നത് ഒരു വാസ്തവമാണ്. നാഷണൽ ഹൈവേ വരുന്നതിനെക്കുറിച്ചൊക്കെ പലപ്പോഴും പറയാറുണ്ട്. ഒന്ന് ചിന്തിച്ചു നോക്കൂ, ഏതെങ്കിലും സംസ്ഥാനത്ത് സ്ഥലമേറ്റെടുക്കുന്നതിന് 25 ശതമാനം തുക വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇവിടെ ആവശ്യപ്പെട്ടു. എന്നാൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അത് കൊടുക്കാതെ നീണ്ടുപോയതാണ്.

അല്ലെങ്കിൽ ഇപ്പോൾ പണി പൂർത്തിയാകുമായിരുന്നു. പക്ഷെ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതോടുകൂടി ആ പണം കൊടുത്തു. അയ്യായിരത്തി എണ്ണൂറ് കോടിയിലധികം രൂപയാണ് അതിനുവേണ്ടി മാത്രം നൽകിയിട്ടുള്ളത്. പിന്നെ എങ്ങനെ സാമ്പത്തിക ബാധ്യത വരാതിരിക്കും; സംസ്ഥാനത്തിന് അർഹമായ കേന്ദ്ര വിഹിതം കിട്ടുന്നില്ലെന്ന് മാത്രമല്ല, ചെലവുകൾ വർധിച്ചുവരികയും ചെയ്യുന്നു. ശബരിഗിരി റെയിൽ യാഥാർഥ്യമാകണമെങ്കിൽ 50 ശതമാനം തുക സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് പറയുന്നത്. ഈ ഗവൺമെന്റ് അതിനൊന്നും വിമുഖത കാട്ടിയിട്ടില്ല. കാരണം, കഴിയുന്നത്ര തുക അനുവദിച്ച് പരമാവധി സൗകര്യങ്ങൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുകയെന്നുള്ള ഏറ്റവും വലിയ ദൗത്യമാണ് യഥാർഥത്തിൽ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. ചെലവുകൾ വളരെയധികം വർധിച്ചതിന്റെ ഭാഗമായാണ് ക്ഷേമപെൻഷൻ മുടങ്ങാനിടയായത്. അത് സ്വാഭാവികമാണ്. എന്നാലും അത് കൊടുക്കില്ലെന്ന് പറയുന്നില്ല. നിശ്ചയമായും കൊടുക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. കേവലം രാഷ്ട്രീയ തിമിരം

ബാധിച്ചുനടക്കുന്ന കേരള വിരുദ്ധനീക്കം നമ്മുടെ സംസ്ഥാനത്തിനുതന്നെ ഗുണകരമാണോയെന്ന് ബന്ധപ്പെട്ടവർ ചിന്തിക്കണം. പ്രതിപക്ഷത്തോടാണ് ഇക്കാര്യം സൂചിപ്പിക്കുന്നത്. കഴിഞ്ഞ എട്ടുവർഷക്കാലത്തെ ഇടതുപക്ഷ ഭരണം മലബാർ മേഖലയിൽ വൻവികസന കുതിപ്പിനാണ് വഴിയൊരുക്കിയിട്ടുള്ളത്. നാഷണൽ ഹൈവേയുടെ പണി അതിവേഗം നടന്നുകൊണ്ടിരിക്കുന്നു. ഈ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ഇന്ത്യയിൽത്തന്നെ മറ്റൊരു സംസ്ഥാനത്തും നടത്താത്ത, ഇന്ത്യാ ഗവൺമെന്റ് തന്നെ നടത്താത്ത അവയവമാറ്റ ശസ്ത്രക്രിയയ്ക്കുവേണ്ടി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആശുപത്രി ആരംഭിക്കാൻ 583 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അത് ചെറിയ നേട്ടമാണോ? ശസ്ത്രക്രിയ നടത്തണമെങ്കിൽ എത്ര ലക്ഷം രൂപയുടെ ചെലവ് വേണ്ടിവരും. അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി എന്തെല്ലാം ബുദ്ധിമുട്ടുകളാണ് സഹിക്കേണ്ടി വരുന്നത്. അതിനുവേണ്ടി മാത്രമായിട്ടുള്ളൊരു ആശുപത്രിയാണ് ഇവിടെ ആരംഭിക്കാൻ പോകുന്നത്. കോഴിക്കോട് കനാൽ സിറ്റി പദ്ധതിക്ക് 1,180 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതൊന്നും ചെറിയ

തുകയല്ലല്ലോ? ഇതുപോലുള്ള ധാരാളം പദ്ധതികളുണ്ട്, സമയമില്ലാത്തതുകൊണ്ടാണ് എല്ലാം പറയാത്തത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഫണ്ട് നൽകാതെ നിശ്ചലമായിരുന്ന മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡ് എന്റെ നിയോജകമണ്ഡലത്തിലുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 350 കോടി രൂപ അനുവദിച്ചാണ് ഇപ്പോൾ ആ റോഡ് യാഥാർഥ്യമാക്കിയിട്ടുള്ളത്. കൂടാതെ, പുതിയ റോഡ് നിർമ്മിക്കുന്നതിനായി 131.5 കോടി രൂപ വകയിരുത്തുകയും ചെയ്തിരിക്കുകയാണ്. വികസനപ്രവർത്തനങ്ങൾക്ക് പണം തടസ്സമാകില്ലെന്നതിന്റെ മികച്ച ഉദാഹരണങ്ങളാണിവ. കോഴിക്കോട് നഗരത്തിലെ റോഡ് വികസനത്തിന് ആരംഭിച്ചിട്ടുള്ള സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ആറ് റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അതിനുപുറമെ 12 റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 1,312.675 കോടി രൂപ വകയിരുത്തി പ്രവൃത്തി ആരംഭഘട്ടത്തിലാണ്. ഏകദേശം 195 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കോഴിക്കോട് മെഡിക്കൽ കോളേജിലെ

പി.എം.എസ്.എസ്.വൈ. ബ്ലോക്കിന് 75.93 കോടി രൂപ സംസ്ഥാന സർക്കാരാണ് അനുവദിച്ചത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാന സർക്കാർ വിഹിതമായി ഭീമമായ തുക നൽകേണ്ടിവന്നിട്ടുണ്ട്. എന്നാൽ, കേന്ദ്ര ഫണ്ട് ഉപയോഗിച്ചാണ് ആ പദ്ധതി നടപ്പാക്കിയതെന്നാണ് പൊതുജനങ്ങൾ ഇപ്പോഴും കരുതുന്നത്. സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുമ്പോഴും ഈ സർക്കാർ നിയമനങ്ങൾ നടത്താതിരിക്കുന്നില്ല. കഴിഞ്ഞ വർഷം പി.എസ്.സി. മുഖേന 34000 പേരാണ് ജോലിയിൽ പ്രവേശിച്ചത്. ഇത് ചെറിയൊരു സംഭവമാണോ? അതിനുമുമ്പുള്ള വർഷങ്ങളിലും 25000-നും 30000-നുമിടയ്ക്ക് ആളുകൾക്ക് ജോലി ലഭിച്ചിട്ടുണ്ടെന്നതും വാസ്തവമാണ്. കേരളമാണ് ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ നൽകിയിട്ടുള്ളതെന്ന് യു.പി.എസ്.സി.-യുടെ റിപ്പോർട്ടിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ കോഴിക്കോട് കോർപ്പറേഷനിൽ 1962-ൽ പ്രഥമ മേയർ ആയിരുന്ന മഞ്ജുനാഥ റാവുവിന്റെ പേരിൽ ഒരു റോഡുണ്ട്. അത് ഈസ്റ്റ് ഹിൽ റോഡ് എന്നാണ് അറിയപ്പെടുന്നത്. ആ റോഡിന് സ്ഥലം അക്വിസിഷൻ നടത്താൻ

25 കോടി രൂപയെങ്കിലും ബജറ്റിൽ അനുവദിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ടും ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. എം. വിജിൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. അതിതീവ്ര സാമ്പത്തിക കടന്നാക്രമണങ്ങൾക്ക് കേരളം വിധേയമായിക്കൊണ്ടിരിക്കുകയാണ്. തനത് വരുമാനം ഉയർത്തിയും അതീവ ശ്രദ്ധയാർന്ന ധനമാനേജ്മെന്റിലൂടെയും ഈ പ്രതിസന്ധികളെ മറികടക്കാനുള്ള പ്രവർത്തനങ്ങൾക്കാണ് ധനകാര്യ വകുപ്പ് ഇന്ന് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. നികുതി പിരിവ് ഊർജിതപ്പെടുത്തിയും അധിക ചെലവുകൾ നിയന്ത്രിച്ചും സാമ്പത്തിക ദൃഢീകരണത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുമാണ് സംസ്ഥാനത്ത് ധനമാനേജ്മെന്റ് നടപ്പാക്കുന്നത്. ട്രഷറി പൂട്ടാതെ അവശ്യചെലവുകളെല്ലാം നിർവഹിച്ച് സാമ്പത്തികസ്ഥിതി കൈകാര്യം ചെയ്യുകയാണ് കേരളത്തിന്റെ ധനകാര്യ വകുപ്പ്. മുൻവർഷത്തെ അപേക്ഷിച്ച് കഴിഞ്ഞ വർഷം ജി.എസ്.ടി. വരുമാനം 23,000 കോടി രൂപ വർധിപ്പിക്കാനായി. 2021-22-ൽ തനത് നികുതി

വരുമാന വർധനവ് 22.41 ശതമാനമായിരുന്നത് ഈ വർഷം 23.36 ശതമാനമായി വർധിപ്പിക്കാൻ സാധിച്ചു. റവന്യൂകമ്മി 0.9 ശതമാനത്തിലെത്തിച്ചു. റവന്യൂ കമ്മി ഒരു ശതമാനത്തിൽ താഴെയെത്തിയത് ചരിത്രത്തിലാദ്യമായിട്ടാണ്. രാജ്യം ശ്രദ്ധിക്കുന്ന വിധത്തിൽ ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടനയിലൂടെ നികുതി ഭരണത്തിന്റെ കാര്യക്ഷമതയും വർധിപ്പിക്കാനായിട്ടുണ്ട്. രാജ്യത്തെ വരുമാന വർധനവ് നിരക്കും ഉൽപാദന വളർച്ചാനിരക്കും ആർജിക്കാൻ ഈ കാലഘട്ടത്തിൽ കേരളത്തിന് സാധിച്ചുവെന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. കേരള സർക്കാർ മാതൃകാപരമായി മുന്നോട്ടുപോകുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ സമീപനംകൂടി നാം പരിശോധിക്കേണ്ടതായിട്ടുണ്ട്. കേരളം ഇന്ന് നേരിടുന്ന ധനഞെരുക്കത്തിന്റെ അടിസ്ഥാന കാരണം കേന്ദ്ര റവന്യൂ വിഹിതത്തിലും വായ്പാനുമതിയിലും വന്നിട്ടുള്ള കുറവാണ്. യഥാർഥത്തിൽ കേന്ദ്രനയങ്ങൾമൂലം കേരളത്തിനുണ്ടാകുന്ന വരുമാനനഷ്ടം ഏകദേശം 95,901 കോടി രൂപയാണ്. ഈ വർഷം കേരളത്തിന് കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന തുകയിലും വായ്പാനുപാതത്തിലും മുൻവർഷത്തെ അപേക്ഷിച്ച് 57,400 കോടി

രൂപയാണ് കുറവുവന്നത്. വായ്പാനുമതിയിൽ 19,000 കോടി രൂപ നിഷേധിച്ചു. റവന്യൂകമ്മി ഗ്രാന്റിൽ 8,400 കോടി രൂപ കുറച്ചു. ജി.എസ്.ടി. നഷ്ടപരിഹാരം 12,000 കോടി രൂപയോളം ഇല്ലാതായി. നികുതി വിഹിതം 3.58 ശതമാനത്തിൽനിന്ന് 1.925 ശതമാനമായി കുറച്ചതിലൂടെ 18,000 കോടി രൂപയുടെ വരുമാന നഷ്ടമുണ്ടായി. കേരളത്തിന് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുള്ള കുടിശ്ശിക 5891 കോടി രൂപയാണ്. കേന്ദ്ര സർക്കാർ കേരളത്തെ സാമ്പത്തികമായി ഞെരുക്കുമ്പോൾ, പ്രതിപക്ഷത്തിന്റെ സമീപനം എന്താണെന്നാണ് നാം ഇവിടെ കാണേണ്ടത്. സാധാരണ അമ്മായിയമ്മ പോരിന്റെ കഥകൾ നാട്ടിൽ പറയാറുണ്ട് - 'മകൻ ചത്താലും വേണ്ടില്ല മരുമകളുടെ കണ്ണുനീർ കണ്ടാൽ മതി', ഈ സമീപനമല്ലേ കേരളത്തിലെ പ്രതിപക്ഷം ഈ വിഷയത്തിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബി.ജെ.പി.-ക്കെതിരായി, കേന്ദ്ര സർക്കാരിനെതിരായി ഒരക്ഷരം മിണ്ടാൻ കേരളത്തിലെ പ്രതിപക്ഷം തയ്യാറാകുന്നുണ്ടോ? ഇപ്പോൾ ഈ ഘട്ടത്തിലെങ്കിലും പ്രതിപക്ഷം അതിന് തയ്യാറാകുമോയെന്ന് ഞങ്ങൾ ചോദിക്കുകയാണ്. പാർലമെന്റ് തിരഞ്ഞെടുപ്പ്

വരുന്ന ഘട്ടത്തിൽ എങ്ങനെ ഞങ്ങൾ നിങ്ങളോടൊപ്പം നിൽക്കുമെന്നാണ് നേരത്തെ നിങ്ങൾ ഞങ്ങളോട് ചോദിച്ചത്. എന്നാൽ ഇപ്പോൾ തിരഞ്ഞെടുപ്പ് കഴിഞ്ഞിരിക്കുന്നു. നിങ്ങൾ ഇപ്പോൾ ഞങ്ങളോടൊപ്പം നിൽക്കാൻ തയ്യാറാകുമോ? കേരളത്തിലെ കമ്മ്യൂണിസ്റ്റുകൾക്കും ഇടതുപക്ഷക്കാർക്കും വേണ്ടിയല്ല, ഇവിടത്തെ കോൺഗ്രസ്സുകാർക്കും ബി.ജെ.പി.-ക്കാർക്കും രാഷ്ട്രീയമില്ലാത്ത ജനതയുണ്ടെങ്കിൽ അവർക്കുവേണ്ടിയും കൂടിയാണ് നാം ശബ്ദിക്കേണ്ടത്. ഇത് നമുക്ക് അവകാശപ്പെട്ടതാണ്. അത് വാങ്ങിയെടുക്കാൻ ഇവിടത്തെ യു.ഡി.എഫ്./പ്രതിപക്ഷം തയ്യാറാകുമോ? ക്ഷേമപെൻഷൻ ഉൾപ്പെടെ അട്ടിമറിക്കപ്പെട്ടു. എങ്ങനെയാണ് ക്ഷേമപെൻഷൻ അട്ടിമറിക്കപ്പെട്ടത്? ക്ഷേമപെൻഷൻ നൽകാൻ സാധിക്കാത്തതിൽ നിങ്ങൾ ബി.ജെ.പി.-യോട് ചേർന്നുനിന്നുകൊണ്ട് തിരഞ്ഞെടുപ്പുഘട്ടത്തിൽ ആഘോഷിക്കുകയായിരുന്നു. ഞാൻ അതിന്റെ മറ്റ് ചരിത്രത്തിലേയ്ക്ക് പോകുന്നില്ല. യു.ഡി.എഫ്.-ന്റെ, ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ക്ഷേമ പെൻഷൻ 600 രൂപ വീതം 18 മാസം കുടിശ്ശിയായിരുന്നു. ഇപ്പോൾ ക്ഷേമപെൻഷൻ 1,600 രൂപയാണ്. ഇത് മാസാമാസം കൃത്യമായി

നൽകുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ഇടപെടൽ നടത്തിയല്ലോ? അതിനുവേണ്ടി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി രൂപീകരിച്ചു. എങ്ങനെയാണ് ആ പെൻഷൻ കമ്പനി തകർന്നുപോകുന്ന സാഹചര്യമുണ്ടായത്; അതിൽ യു.ഡി.എഫ്.-നുൾപ്പെടെ പങ്കില്ലേ? അത് കേന്ദ്ര സർക്കാർ തകർക്കാൻ ശ്രമിച്ചപ്പോൾ യു.ഡി.എഫ്. കൂട്ടുനിന്നതുൾപ്പെടെയുള്ള കാര്യങ്ങൾ കാണാൻ സാധിക്കുന്നുണ്ട്. കേരളത്തെ തകർക്കുന്ന സാമ്പത്തിക ഇടപെടലുകൾ കേന്ദ്ര സർക്കാർ നടത്തുമ്പോൾ അതിന് യു.ഡി.എഫ്.-ഉം പ്രതിപക്ഷവും കൂട്ടുനിൽക്കുകയാണ്. അതിന് നിങ്ങൾ ഈ നാട്ടിലെ ജനതയോട് മറുപടി പറയേണ്ടിവരും. എല്ലാ കാര്യങ്ങളിലും പ്രതിപക്ഷത്തിന്റെ സമീപനം എന്താണ്? എസ്.എഫ്.ഐ. ആണ് ഈ നാട്ടിലെ ഏറ്റവും വലിയ പ്രശ്നമെന്നാണ് പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുമ്പോൾ പറയുന്നത്. എസ്.എഫ്.ഐ. ക്വട്ടേഷൻ കൊടുക്കുന്ന പ്രസ്ഥാനമാണെന്നാണ് പ്രതിപക്ഷനിരയിലെ ഒരംഗം ഇവിടെ പറഞ്ഞത്. ക്വട്ടേഷൻ നൽകുന്നത് ഞങ്ങളല്ല. കൂടോത്രംവഴി ഉൾപ്പെടെ ക്വട്ടേഷൻ നൽകുന്നത് ആരാണെന്നുള്ളത് യു.ഡി.എഫ്. തന്നെ പരിശോധിച്ചാൽ മതി.

പ്രാകൃത സംഘടന എന്നാണ് എസ്.എഫ്.ഐ.-യെക്കുറിച്ച് പറയുന്നത്. എസ്.എഫ്.ഐ. കാലഹരണപ്പെട്ടു, മുദ്രാവാക്യമില്ല എന്നെല്ലാം എസ്.എഫ്.ഐ.-യെക്കുറിച്ച് പറയുകയുണ്ടായി. കേരളത്തിന്റെ വിദ്യാഭ്യാസ പോരാട്ടങ്ങളുടെ ചരിത്രം പ്രതിപക്ഷാംഗങ്ങൾ പരിശോധിച്ചു നോക്കണം. ഈ രാജ്യത്തെ പാവപ്പെട്ടവന്റെ വിദ്യാഭ്യാസ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ മുദ്രാവാക്യം ഉയർത്തി പോരാട്ടം നടത്തി വിദ്യാർഥി ഹൃദയങ്ങളിൽ ഇടം നേടിയ പ്രസ്ഥാനത്തിന്റെ പേരാണ് എസ്.എഫ്.ഐ.. ഇവിടെ എസ്.എഫ്.ഐ. ആണോ അക്രമകാരികൾ? ഈ പ്രസ്ഥാനത്തിന് 1970 മുതൽ ഇന്നുവരെയുള്ള കാലഘട്ടത്തിൽ 35 സഖാക്കളെയാണ് നഷ്ടപ്പെട്ടത്. രക്തസാക്ഷിത്വം വരിച്ച ബ്രണ്ണൻ കോളേജിലെ അഷ്റഫ്, ജി. ഭുവനേശ്വരൻ, തൃപ്പൂണിത്തുറ ആയുവേദ കോളേജിലെ യൂണിറ്റ് സെക്രട്ടറിയായിരുന്ന പി. കെ. രാജൻ, ജോബി ആൻഡ്രൂസ്, എം.എസ്.എഫ്.-ന്റെയും കെ.എസ്.യു.-വിന്റെയും ഗുണ്ടകൾ എന്നിവർ ചേർന്ന് ഒരു വിദ്യാർഥി നേതാവിനെ കല്ലെറിഞ്ഞ് കൊലപ്പെടുത്തിയ ചരിത്രം കേരളത്തിൽ അല്ലെങ്കിൽ രാജ്യത്ത് ഇന്നുവരെ കേട്ടിട്ടുണ്ടോ? ധീരജ് വരെയുള്ള നമ്മുടെ

മുമ്പിൽ നിൽക്കുന്ന ആ രക്തസാക്ഷിത്വത്തിന്റെ പരമ്പരയിൽ 12 പേരെ കൊലപ്പെടുത്തിയത് എം.എസ്.എഫ്.-ഉം കെ.എസ്.യു.-ഉം ആണ്. എന്നിട്ട് നിങ്ങൾ പറയുന്നു എസ്.എഫ്.ഐ.-ക്കാർ അക്രമകാരികളാണെന്ന്. ആരാണ് കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ അക്രമം നടത്തിയവർ? മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ഡോ. സിറിയക് തോമസിന്റെ മൂക്ക് ഇടിച്ചുതകർത്ത പ്രസ്ഥാനമാണ് കെ.എസ്.യു.; ഹയർ സെക്കണ്ടറി ഡയറക്ടറായിരുന്ന കേശവേന്ദ്രകുമാർ, ഐ.എ.എസ്.-ന്റെ ശരീരത്ത് കരിഓയിൽ ഒഴിച്ച പ്രസ്ഥാനമാണ് കെ.എസ്.യു. എന്ന് നമുക്കറിയാം. ഒരു അധ്യാപകനെ ചവിട്ടിക്കൊന്ന സംഭവം ഓർക്കുന്നില്ലേ; ആരാണ് ചവിട്ടി കൊന്നത്? നിങ്ങളുടെ യൂത്ത് സംഘടനയാണ്, യൂത്ത് ലീഗിലെ അഞ്ച് പേരാണ് പ്രതികൾ. കേരളത്തിന്റെ ചരിത്രത്തിൽ ജെയിംസ് അഗസ്റ്റിൻ എന്ന അധ്യാപകനെ ചവിട്ടിക്കൊലപ്പെടുത്തിയ പ്രസ്ഥാനത്തിന്റെ പേര് യൂത്ത് ലീഗ് എന്നാണ്. എന്നിട്ട് എസ്.എഫ്.ഐ.-ക്കാർ അക്രമകാരികളാണെന്ന് ഇവിടെ വന്നുപറയുകയാണ്. എസ്.എഫ്.ഐ.-യ്ക്ക് മുദ്രാവാക്യമില്ലെന്നാണ് പറയുന്നത്. NEET വിഷയവുമായി ബന്ധപ്പെട്ട്

കേരളത്തിൽ സമരം നടത്തിയതിന്റെ പേരിൽ എസ്.എഫ്.ഐ. സംസ്ഥാന പ്രസിഡന്റ് ഉൾപ്പെടെയുള്ള ഒൻപത് സഖാക്കൾ ജയിലിൽ അടയ്ക്കപ്പെട്ടു. ഈ രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ ശക്തമായ നിലപാടാണ് എസ്.എഫ്.ഐ. സ്വീകരിക്കുന്നത്. പൂക്കോട് വെറ്ററിനറി കോളേജിലെ വിഷയം നിങ്ങൾ എസ്.എഫ്.ഐ.-യുടെ തലയിൽ അടിച്ചേൽപ്പിക്കാൻ നോക്കണ്ട. യാഥാർഥ്യമൊക്കെ പുറത്തുവന്നിട്ടുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ വിഷയത്തിൽ നിങ്ങൾ പരാജയപ്പെട്ടെങ്കിൽ അത് സമ്മതിക്കണം. അതിനെതിരെ നിയമസഭയിൽ വന്ന് നുണകൾ പ്രചരിപ്പിക്കുകയല്ല പ്രതിപക്ഷം ചെയ്യേണ്ടത്. എസ്.എഫ്.ഐ. എന്ന സംഘടന വിദ്യാർഥി ഹൃദയത്തിലാണ്. ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിയിൽ പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ അവിടെ എസ്.എഫ്.ഐ. തിരിച്ചുവരുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഈ നാടിന്റെ വിദ്യാഭ്യാസ മേഖലയിൽ സജീവമായി എസ്.എഫ്.ഐ. എന്ന വിദ്യാർഥി പ്രസ്ഥാനമുണ്ടാകും. നിങ്ങൾക്ക് എങ്ങനെ എസ്.എഫ്.ഐ.-യെ ആക്രമിച്ച് സംസാരിക്കാൻ കഴിയുന്നു; ഈ നാട്ടിൽ നിങ്ങൾ ചെയ്ത സമരങ്ങൾ

കൃത്യമായി ഏറ്റെടുക്കാൻ നിങ്ങൾ തയ്യാറാകുന്നുണ്ടോ? കൃത്യമായി ബി.ജെ.പി.-യെ സഹായിക്കുന്ന സമീപനമാണ് ഇവിടെ തുടർന്നുകൊണ്ടിരിക്കുന്നത്. ധൂർത്തിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് നിയമസഭയിൽ ചോദിച്ച ചോദ്യമാണ്. ആ പരിപാടി രണ്ട് ഘട്ടങ്ങളായി നടത്താൻ ഉമ്മൻ ചാണ്ടി സർക്കാർ ചെലവഴിച്ച തുക എത്രയായിരുന്നുവെന്നാണ് ചോദ്യം. ഒന്നാംഘട്ടത്തിൽ 4,42,64,000 രൂപയും രണ്ടാംഘട്ടത്തിൽ 4,84,62,000 രൂപയുമാണ്. ഇങ്ങനെ രണ്ട് ഘട്ടങ്ങളായി എല്ലാ ജില്ലകളിലും ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കാൻ മാത്രം ചെലവായത് ഒൻപതരക്കോടിയോളം രൂപയാണ്. നവകേരള സദസ്സിനെക്കുറിച്ചാണ് പ്രതിപക്ഷം ഇവിടെ പറയുന്നത്. നവകേരള സദസ്സ് നടത്തിയതിലൂടെ കേരളത്തിന്റെ ഖജനാവിൽനിന്നും എത്ര രൂപയാണ് ചെലവായത്? ഈ നാട്ടിലെ ജനങ്ങളുമായി മുഖ്യമന്ത്രിയും മന്ത്രിമാരും സംവദിച്ച് നാട്ടിലെ വിഷയങ്ങൾ മനസ്സിലാക്കി അതിലിടപെട്ട് മികച്ച പ്രവർത്തനം കാഴ്ചവച്ചു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് ധൂർത്ത് സംഘടിപ്പിച്ചതെന്ന് നിങ്ങൾ

തിരിച്ചറിയണം. ധനകാര്യ മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ച് കേന്ദ്ര സർക്കാർ കേരളത്തെ തകർക്കാനുള്ള ശ്രമം നടത്തുമ്പോൾ അതിനോട് ചേർന്ന് നിന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് യു.ഡി.എഫ്. നേതൃത്വം കൊടുക്കുന്നത്. പ്രതിപക്ഷം ഏതുതരത്തിൽ എൽ.ഡി.എഫ്.-നെ തകർക്കാൻ നോക്കിയാലും ഞങ്ങൾ തോറ്റ് പിന്നോട്ടുപോകില്ല. ഞങ്ങൾ മുന്നോട്ടുതന്നെ കുതിക്കുകയും നവകേരളം സൃഷ്ടിക്കുകയും ചെയ്യും. പാർലമെന്റ് തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് താൽക്കാലിക പരാജയമാണുണ്ടായത്. അതുപോലെ യു.ഡി.എഫ്.-ന്റെ വിജയവും താൽക്കാലികമാണ്. പക്ഷെ, യു.ഡി.എഫ്. അവരുടെ വിജയത്തിൽ അഹങ്കരിക്കുന്ന സാഹചര്യമാണുണ്ടായിരിക്കുന്നത്. ഞങ്ങളുടെ കരുത്തിനെ നിങ്ങൾ തകർക്കാൻ ശ്രമിക്കുകയാണ്. ഈ പരാജയത്തെത്തുടർന്ന് മാധ്യമങ്ങളെ കൂട്ടുപിടിച്ച് ഞങ്ങളുടെ മുഖ്യമന്ത്രിയെ കടന്നാക്രമിച്ച് കരുത്തിനെ ഇല്ലാതാക്കാൻ ശ്രമിക്കുകയാണ്. ഇത്രമേൽ ആക്രമിക്കപ്പെട്ട, വേട്ടയാടപ്പെട്ട, മാധ്യമങ്ങൾ പിന്തുടർന്ന് വേട്ടയാടിയ മറ്റൊരു മനുഷ്യൻ കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലുണ്ടായിരുന്നില്ല. അടിയന്തരാവസ്ഥ കാലത്ത്

കുത്തുപറമ്പ് എം.എൽ.എ.-യായിരുന്ന ശ്രീ. പിണറായി വിജയനെ 1975 സെപ്റ്റംബർ 28-ന് നിങ്ങളുടെ പോലീസ് അറസ്റ്റ് ചെയ്യുകയും പോലീസ് സ്റ്റേഷനിലിട്ട് മൃഗീയമായി മർദിക്കുകയും ചെയ്തു. ആ മർദനത്തെക്കുറിച്ച് 1977 മാർച്ച് 30-ന് ഇതേ സഭയിൽ ഇന്നത്തെ കേരള മുഖ്യമന്ത്രി പ്രസംഗിക്കുകയുണ്ടായി. അഞ്ച് പേർ ചേർന്ന് 25 മിനിട്ട് നിർത്താതെ മർദിച്ചു. അടികൊണ്ട് പലതവണ വീഴുകയും പിന്നെയും എണീൽക്കുകയും ചെയ്തു. എന്നിട്ടുപോലും തളരാത്ത പോരാട്ട വീര്യമാണ് കേരളത്തിന്റെ കരുത്തുറ്റ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. ആ കരുത്തിനെ നിങ്ങൾക്ക് തകർക്കാൻ കഴിയില്ല. അദ്ദേഹം മുന്നോട്ടുവയ്ക്കുന്നത് മനുഷ്യത്വത്തിന്റെ രാഷ്ട്രീയവും ശരിയുടെ നിലപാടുമാണ്. ആ നിലപാടുകളോടുകൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെയും ഈ സംവിധാനത്തെയും നയിച്ചുകൊണ്ട് കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രി മുന്നോട്ടുപോകും. ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ തീർച്ചയായും ഞങ്ങൾ ജനങ്ങളിലേയ്ക്കിറങ്ങി അവരിൽനിന്നും കാര്യങ്ങൾ ഉൾക്കൊണ്ട് വീണ്ടും കരുത്തോടുകൂടി രാജ്യത്തിന്റെയും കേരളത്തിന്റെയും

രാഷ്ട്രീയതലങ്ങളിൽ ഉയർന്നു നിൽക്കുക തന്നെ ചെയ്യുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എം. വിജിൻ സൂചിപ്പിച്ച കാര്യങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ട് സംസാരിച്ചുതുടങ്ങാം. കാലയവനികയ്ക്കുള്ളിൽ മറഞ്ഞുകൊണ്ടിരിക്കുന്ന എസ്.എഫ്.ഐ.-യുടെ പ്രതാപകാലം സംസാരിക്കുമ്പോൾ സി.പി.ഐ.-യെക്കൂടി ബോധ്യപ്പെടുത്താൻ നിങ്ങൾ തയ്യാറാകണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. ആൾക്കൂട്ട വിചാരണ നടത്തുന്ന, ഇടിമുറികൾ കോടതികളായി പ്രവർത്തിക്കുന്ന, അധ്യാപകരെ വന്ദിച്ചില്ലെങ്കിലും നിന്ദിക്കുന്ന രീതിയിലുള്ള നടപടി സ്വീകരിക്കുന്ന എസ്.എഫ്.ഐ.-യെ നാടിന് വേണ്ടെന്ന് കുട്ടികൾ തീരുമാനിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പല കാര്യങ്ങളിലും കേരളം ഇന്ത്യക്കും ചിലപ്പോൾ ലോകത്തിന് തന്നെയും മാതൃകയായൊരു സംസ്ഥാനമാണ്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലുള്ള നമ്മുടെ

പ്രവർത്തനം ഇന്ത്യയിലും പുറംനാടുകളിലും പെരുമ നേടിയിട്ടുണ്ട്. എന്നാൽ കുറച്ചുകാലമായി സംസ്ഥാനത്തിന്റെ സാമ്പത്തികരംഗം പ്രതിസന്ധിയിൽനിന്ന് കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് കുതിക്കുകയാണ്. നികുതി-നികുതിയേതര വരുമാനങ്ങളിൽ വളർച്ചയുണ്ടായിട്ടുണ്ട്. എന്നാൽ ഓരോ വർഷം കഴിയുന്തോറും കേരളത്തിന്റെ കടബാധ്യത കൂടുകയാണ്. വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേടാണ് സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയും പ്രതിസന്ധികളെ അതിജീവിച്ച് മുന്നേറാനുള്ള കഴിവുകേടും കൂടുതൽ പ്രശ്നങ്ങളിലേയ്ക്ക് സംസ്ഥാനത്തെ കൊണ്ടെത്തിച്ചിരിക്കുകയാണ്. വേണ്ടത്ര മുന്നൊരുക്കമില്ലാതെയുള്ള ജി.എസ്.ടി. നടപ്പാക്കൽ കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് കനത്ത നഷ്ടമാണുണ്ടാക്കിയത്. ലഭിക്കേണ്ട നികുതി ഉൾപ്പെടെയുള്ള വരുമാനം പിരിച്ചെടുക്കുന്നതിലും യുക്തിസഹമായി വിനിയോഗിക്കുന്നതിലുമുള്ള സർക്കാരിന്റെ കെടുകാര്യസ്ഥതയാണ് ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയുടെ പ്രധാന കാരണം. കടമെടുക്കാനുള്ള അവസരങ്ങൾക്ക് കേന്ദ്രസർക്കാർ നിയന്ത്രണം

ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ പാവപ്പെട്ടവരിൽനിന്നും പുറമ്പോക്കിലുള്ളവരിൽ നിന്നും വിഭവസമാഹരണം നടത്തുന്നതിനുപകരം മധ്യവർഗ-സമ്പന്ന വിഭാഗങ്ങളിൽനിന്നും കൂടുതൽ സമാഹരണം നടത്താനുള്ള ആലോചനയുണ്ടാകേണ്ടതായിരുന്നു. പെട്രോൾ, ഡീസൽ വില വർധിപ്പിച്ചും ലോട്ടറി വിൽപ്പനക്കാരെ പിഴിഞ്ഞും മദ്യഷാപ്പുകൾ മുക്കിനുമുക്കിന് തുറന്ന് കൊടുത്തുമാണ് ഈ സർക്കാർ പരിഹാരം കാണാൻ ശ്രമിക്കുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2023-24 സാമ്പത്തികവർഷം വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,68,039 കോടി രൂപയാണ്. 28,258 കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ടെന്നാണ് സി.&എ.ജി. റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ഇത് പിരിച്ചെടുക്കാനാവശ്യമായ ശ്രമമൊന്നും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുന്നില്ലെന്നത് ഖേദകരമാണ്. ഏകദേശം 50,000 കോടിയിലധികം രൂപയുടെ കുടിശ്ശികയാണ് കേരള സർക്കാർ കൊടുത്തുതീർക്കാനുള്ളത്. ശമ്പളം, പെൻഷൻ പരിഷ്കരണത്തിന്റെ ഗഡുക്കൾ, ക്ഷാമബത്ത എന്നീ ഇനങ്ങളിൽ സർക്കാർ ജീവനക്കാർക്കും

പെൻഷൻകാർക്കും 25,000 കോടിയിലധികം രൂപ കുടിശ്ശികയുണ്ട്. കരാറുകാർക്ക് 16,000 കോടിയോളം രൂപ കൊടുക്കാനുണ്ട്. ഇതുകാരണം പുതിയ പ്രവൃത്തികളുടെ ടെണ്ടറെടുക്കാൻ കരാറുകാർ തയ്യാറാകുമോയെന്നത് ആലോചിക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ മുന്നോട്ടുവരുന്നില്ല. സപ്ലൈകോ, കാരുണ്യ നിക്ഷേപ പദ്ധതി, ക്ഷേമ പെൻഷനുകൾ, കർഷകർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി ആർക്കെല്ലാമാണ് സർക്കാർ കുടിശ്ശിക കൊടുത്തുതീർക്കാനുള്ളത്? 'വിവിധ മേഖലകളിലായി വിതരണം ചെയ്യേണ്ട കുടിശ്ശികയും ആനുകൂല്യങ്ങളും കൊടുത്ത് തീർക്കാൻ എത്ര തുക വേണ്ടിവരുമെന്ന് നോക്കിയിട്ടുണ്ടോ' എന്ന 11-06-2024-ലെ ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.-യുടെ ചോദ്യത്തിന് 'വിവിധ സ്ഥാപനങ്ങൾക്കും വിഭാഗങ്ങൾക്കും നൽകേണ്ട കുടിശ്ശികയും ആനുകൂല്യങ്ങളും സംബന്ധിച്ച ബാധ്യത സർക്കാർ നിലവിൽ തിട്ടപ്പെടുത്തിയിട്ടില്ല' എന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകിയത്. ഈ ആധുനിക കാലത്ത് ഡിജിറ്റൽ സംവിധാനങ്ങൾ

നിലവിലിരിക്കെ വിരൽത്തുമ്പിൽ കിട്ടേണ്ട കണക്കുകൾ സർക്കാരിന്റെ അഥവാ ധനകാര്യ വകുപ്പിന്റെ തലപ്പത്തിരിക്കുന്ന ധനകാര്യ വകുപ്പുമന്ത്രിക്കുപോലും ലഭ്യമല്ലെന്നത് ലജ്ജാവഹമാണ്. കൊടുത്തുതീർക്കാനുള്ള കടങ്ങളുടെ കണക്കെങ്കിലും ശരിയായി സൂക്ഷിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് പറയണം. ഇതിനെക്കുറിച്ച് യാതൊരു കണക്കും ബോധ്യവുമില്ലാത്തതിനാലാണോ കിട്ടുന്ന പണം മുഴുവൻ സർക്കാരിന്റേതാണെന്ന് വിചാരിച്ച് ഇങ്ങനെ ധൂർത്തടിക്കുന്നത്? നാഴികയ്ക്ക് നാൽപ്പതുവട്ടം കേന്ദ്രം സംസ്ഥാന സർക്കാരിനെ അവഗണിക്കുന്നതിനെക്കുറിച്ച് പഴിചാരി ആലസ്യത്തിലിരിക്കാതെ ഈ പ്രതിസന്ധി അതിജീവിച്ച് സ്വന്തം കാലിൽ നിൽക്കാൻ സർക്കാരിന് കഴിയണം. അതോടൊപ്പം കേന്ദ്രവിഹിതത്തിനായി നമുക്ക് ഒരുമിച്ച് പോരാടുകയും ചെയ്യാം.

സംസ്ഥാന സർക്കാരിന് പകുതിയിലേറെ വരവ് നേടിക്കൊടുക്കുന്ന ജി.എസ്.ടി. വകുപ്പ് നാഥനില്ലാകളരിയാണ്. നിർണ്ണായക തസ്തികകളിൽ പലതും ഒഴിഞ്ഞുകിടക്കുന്നതുമൂലം മന്ദഗതിയിലാണ് വകുപ്പ്

പ്രവർത്തിക്കുന്നത്. തിരുവമ്പാടിയിൽ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിൽ പ്രതിയെന്ന് ആരോപിക്കുന്ന വ്യക്തിയുടെ മാതാപിതാക്കൾ താമസിക്കുന്ന വീട്ടിലെ വൈദ്യുതി വിച്ഛേദിച്ചുവെന്നും വീണ്ടും പുനഃസ്ഥാപിച്ചുവെന്നുമുള്ള വാർത്ത കഴിഞ്ഞ ദിവസം വായിക്കാനിടയായി. ആരെ ആക്രമിക്കുന്നതും കുറ്റകരമാണ്. പ്രത്യേകിച്ച് വൈദ്യുതി, ആരോഗ്യം, പോലീസ് സുരക്ഷാ ഉദ്യോഗസ്ഥർ എന്നീ മേഖലയിൽ പ്രവർത്തിക്കുന്നവരെ ആക്രമിക്കുന്നത് അതീവ കുറ്റകരമാണ്. ഇത്തരം പ്രവർത്തനങ്ങളെ നിശിതമായി വിമർശിക്കുന്നതിനോടൊപ്പം ശക്തമായ നടപടി സ്വീകരിക്കുക തന്നെ വേണമെന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. എന്നാൽ പ്രതിയെന്ന് ആരോപിക്കുന്ന വ്യക്തിയുടെ വൃദ്ധരായ മാതാപിതാക്കൾ താമസിക്കുന്ന വീട്ടിലെ വൈദ്യുതി ബിൽ അടച്ചതിനുശേഷവും കണക്ഷൻ വിച്ഛേദിക്കാൻ ഉന്നത ഉദ്യോഗസ്ഥർ നിർദേശം നൽകിയെന്നത് അപമാനകരമാണ്. ആ കുറ്റകൃത്യത്തിൽ പങ്കാളിയല്ലാത്ത മറ്റൊരാളുടെ പേരിലുള്ള വൈദ്യുതി ബന്ധം വിച്ഛേദിക്കാൻ എന്ത് ന്യായമാണുള്ളത്? Collective punishment മാതൃകയിലുള്ള ഈ

പ്രവർത്തനം കേരളത്തിന് അഭികാമ്യമല്ല. ഈ നടപടിയെ ന്യായീകരിച്ചുകൊണ്ടുള്ള മന്ത്രിയുടെ ഇടപെടൽ മാപ്പ് അർഹിക്കാത്ത കുറ്റം തന്നെയാണ്. ഐ.എ.എസ്., ഐ.പി.എസ്. ഓഫീസർമാർ നീതി നടപ്പാക്കുമ്പോൾ അതിൽ ഉദാത്തമായ നീതിബോധം അവർക്ക് ഉണ്ടാകണമെന്നില്ല. എന്നാൽ അവർ ചെയ്യുന്നത് തെറ്റാണെങ്കിൽ അവർക്ക് നീതിബോധം പറഞ്ഞുകൊടുക്കാൻ രാഷ്ട്രീയ നേതൃത്വത്തിന് ബാധ്യതയുണ്ടായിരിക്കണം. ഇടതുപക്ഷ സർക്കാരിന്റെ ഭാഗമായുള്ള മന്ത്രി collective punishment എന്ന ഈ പ്രാകൃതത്വത്തെ ന്യായീകരിച്ചത് തീർത്തും അപലപനീയമാണ്.

ധനപ്രതിസന്ധിയുടെ കാരണം പറഞ്ഞ് എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലെ കിടപ്പുരോഗികളും കുട്ടികളും അടങ്ങുന്ന ജനതയുടെ അവകാശങ്ങളിൽ ഒന്നായ കുടിവെള്ളം ലഭ്യമാക്കാതിരിക്കുന്നതും തെറ്റാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കണക്ഷൻ പുനഃസ്ഥാപിക്കാൻ നിർദ്ദേശം നൽകിയത് ഞാനാണ്. അക്കാര്യം മറക്കരുത്.

ശ്രീമതി ഉമ തോമസ്: സർ, ആദ്യം കണക്ഷൻ കൊടുക്കുകയും പിന്നെ വിച്ഛേദിക്കുകയും വീണ്ടും കൊടുക്കുകയും ചെയ്യുന്നത് തെറ്റല്ലേ? അക്കാര്യം അങ്ങ് ആദ്യം ന്യായീകരിച്ചിരുന്നു. അക്കാര്യമാണ് ഞാൻ തെറ്റെന്ന് പറഞ്ഞത്. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവിക്കുന്ന തൃക്കാക്കരയിൽ കുടിവെള്ള പദ്ധതിക്കായി 190 MLD Plant സ്ഥാപിക്കാനുള്ള നടപടിയുണ്ടാവണം. കിടത്തി ചികിത്സിക്കാൻ സർക്കാർ ആശുപത്രിയില്ലാത്ത എന്റെ മണ്ഡലത്തിലെ പി.എച്ച്.സി. അപ്ഗ്രേഡ് ചെയ്ത് താലൂക്ക് ആശുപത്രിയാക്കി മാറ്റണം. മുൻ എം.എൽ.എ.-യുടെ ഫണ്ടിൽ ഉൾപ്പെടുത്തി മാറ്റിവച്ച ഒരു കോടി ഇരുപതുലക്ഷം രൂപയുടെ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ നടപടിയുണ്ടാവണം. അമ്പതാം വാർഷികം ലക്ഷങ്ങൾ ചെലവഴിച്ച് ആഘോഷിക്കുന്ന സപ്ലൈകോ സാമ്പത്തിക പ്രതിസന്ധിയിലാണ്. ജീവനക്കാർക്ക് ശമ്പളം കൃത്യസമയത്ത് വിതരണം ചെയ്യാൻ സാധിക്കുന്നില്ലെന്ന് മാത്രമല്ല സാധാരണക്കാർക്ക് കൈത്താങ്ങാകേണ്ട സപ്ലൈകോയ്ക്ക് വിപണിയിൽ ഇടപെടാൻപോലും സാധിക്കുന്നില്ല. 'ഏട്ടിലെ പശു പുല്ലുതിന്നുകയില്ല' എന്ന് പറയുംപോലെ

കടലാസ്സിൽ മാത്രം ഒതുങ്ങി നിൽക്കുന്ന, നടപ്പാക്കാൻ സാധ്യമാകാത്ത ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുകയാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഈ കോൺഗ്രസ്സിനെന്താണ് പറ്റിയത്? പ്രതിപക്ഷനേതാവ് ഇപ്പോൾ സഭയിലുള്ളതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. നിങ്ങൾ ഇപ്പോൾ വിജയിച്ചത് നിങ്ങളുടെ അധഃപതനത്തിന്റെ തുടക്കമാണെന്നാണ് എനിക്ക് തോന്നുന്നത്. കാരണം നിങ്ങൾക്ക് അത്യഹങ്കാരമാണ്. കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരനെ അപായപ്പെടുത്താൻ കൂടോത്രം ചെയ്തതിനെത്തുടർന്ന് അദ്ദേഹത്തിന്റെയും ശ്രീ. രാജ്മോഹൻ ഉണ്ണിത്താന്റെയും സാന്നിധ്യത്തിൽ പത്തനംതിട്ടക്കാരനായ മന്ത്രവാദി കൂടോത്ര സാധനങ്ങൾ കണ്ടെടുക്കുന്ന വീഡിയോ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, താങ്കൾക്ക് കാസർഗോഡ് വച്ച് ചെറിയൊരു അപകടം സംഭവിച്ചു. ഞങ്ങളുടെ മനസ്സിൽ പെട്ടെന്ന് വന്നത് കൂടോത്രമാണ്. നിങ്ങൾ വളരെ അപകടത്തിലാണ് പോകുന്നതെന്ന് ആലോചിക്കണം. കണ്ണൂരിലുള്ള ശ്രീ. കെ. സുധാകരന്റെ

നടാലിലെ വീട്ടിലെ കന്നിമൂലയിലാണ് ക്ഷോത്രം വച്ചത്. കന്നിമൂല വീടിന്റെ പ്രധാനപ്പെട്ട ഭാഗമാണല്ലോ? തെയ്യം, ആൾ, കൈ, കാൽ, ഹൃദയം, വീട് എന്നിവയുടെ രൂപങ്ങളാണ് മന്ത്രവാദി പുറത്തെടുത്തത്. തിരുവനന്തപുരത്തെ ഇന്ദിരാ ഭവനിലും പേട്ടയിലെ കെ.പി.സി.സി. പ്രസിഡന്റിന്റെ താമസസ്ഥലത്തും ഡൽഹിയിലെ നർമ്മദ ഫ്ലാറ്റിലും ക്ഷോത്രം വയ്ക്കുകയുണ്ടായി. നർമ്മദ ഫ്ലാറ്റിൽനിന്നും തകിടും ഭസ്മവും കിട്ടുകയും ഭസ്മം മാറ്റുന്നതിനിടെ ജീവനക്കാരന് ബോധക്ഷയമുണ്ടാവുകയും ചെയ്തു. ഒരാഴ്ചയ്ക്കുള്ളിലാണ് ഇവ കണ്ടെത്തിയത്. തന്നെ തോൽപ്പിക്കാൻ ഡി.സി.സി. ഓഫീസിലും എം.പി. ഓഫീസിലും ക്ഷോത്രം വച്ചുവെന്ന് ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ പറഞ്ഞു. ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ തനി അന്ധവിശ്വാസിയാണെന്ന് കെ.പി.സി.സി. സെക്രട്ടറി ബാലകൃഷ്ണൻ പെരിയ പറഞ്ഞു. ദുർമന്ത്രവാദത്തിലും ക്ഷോത്രത്തിലും കുടുങ്ങി കോൺഗ്രസ് ഒരു വഴിക്കെത്തി. അതാണ് നിങ്ങൾ അധഃപതനത്തിന്റെ കാലത്താണെന്ന് ഞാൻ പറഞ്ഞത്. കെ.പി.സി.സി. എന്നാൽ 'കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി' എന്നാണ്. ഇപ്പോഴത് 'കേരള പ്രദേശ് ക്ഷോത്രം കമ്മിറ്റി'യായി

മാറിയിട്ടുണ്ട്. കാസർഗോഡ് എം.പി. ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ തന്റെ ആസ്തി വികസന ഫണ്ടുപയോഗിച്ച് സ്ഥാപിച്ച Hi-Max, Mini-Max പദ്ധതിയിൽനിന്ന് ഓരോന്നിനും ഓരോ ലക്ഷം രൂപ വീതം 350 എണ്ണത്തിന് മൂന്നരക്കോടി രൂപ അഴിമതി നടത്തിയെന്ന് പറയുന്നത് കെ.പി.സി.സി. സെക്രട്ടറിയാണ്. ഞങ്ങളാരും പറഞ്ഞതല്ല. ശ്രീ. രാജ്മോഹൻ ഉണ്ണിത്താന്റെ വലംകൈയായി നടന്ന കെ.പി.സി.സി. സെക്രട്ടറി ബാലകൃഷ്ണൻ പെരിയയാണ് അദ്ദേഹം അഴിമതി നടത്തിയിട്ടുണ്ട്, അങ്ങനെ അഴിമതിക്കാരനായി നടക്കാൻ പാടില്ല, അതുസംബന്ധിച്ച് അന്വേഷണം നടത്തണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുന്നത്. കോൺഗ്രസ് ആകെ അധഃപതനത്തിന്റെ വക്കിൽ നിൽക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീമതി ഉമ തോമസ് ഒരു കാര്യം പറയുകയുണ്ടായി. നിങ്ങളെ വിഷമിപ്പിക്കാൻവേണ്ടി പറയുന്നതല്ല. നിങ്ങൾ എസ്.എഫ്.ഐ.-യെക്കുറിച്ച് വളരെയധികം പറയുന്നുണ്ടല്ലോ; എസ്.എഫ്.ഐ. നേതാവായിരുന്ന സൈമൺ ബ്രിട്ടോയെ ആക്രമിച്ച് കൊല്ലാൻ ശ്രമിച്ചതിനു പിന്നിൽ ആരായിരുന്നു? ഞാൻ ഇപ്പോൾ പേര്

പറയുന്നില്ല, ആരായിരുന്നുവെന്ന് നിങ്ങൾ പരിശോധിച്ച് പറഞ്ഞാൽ മതി. നിങ്ങൾ എസ്.എഫ്.ഐ.-യെ ആക്രമിക്കുമ്പോൾ പഴയ കെ.എസ്.യു. എന്താണെന്ന് ആലോചിച്ച് കാര്യങ്ങൾ പറഞ്ഞാൽ മതിയെന്ന് മാത്രമേ അതിനെക്കുറിച്ച് പറയാനുള്ളൂ. ഞാൻ ഇനി ധനവിനിയോഗ ബില്ലിലേയ്ക്ക് വരാം.

കേന്ദ്രം നമ്മുടെ സംസ്ഥാനത്തോട് കാണിക്കുന്നത് അതിതീവ്ര സാമ്പത്തിക കടന്നാക്രമണമാണ്. അതിനെ ചെറുക്കാൻ, സംസ്ഥാന താൽപര്യം സംരക്ഷിക്കാൻ സങ്കുചിത രാഷ്ട്രീയം കാരണം യു.ഡി.എഫ്. തയ്യാറല്ല. നമ്മുടെ സംസ്ഥാനത്തെ തകർച്ചയിലേയ്ക്കെത്തിക്കാനാണ് യു.ഡി.എഫ്.-ന് താൽപര്യം. സംസ്ഥാനത്തെ പുരോഗമന പാതയിൽ എത്തിച്ചതുകൊണ്ടാണ് നിങ്ങൾക്ക് വോട്ട് കിട്ടി ജയിച്ചുപോയതെന്ന് നിങ്ങൾ കരുതുന്നുണ്ടാവാം. പക്ഷേ കേരളത്തിന്റെ തകർച്ചയിൽ ഇന്നല്ലെങ്കിൽ നാളെ നിങ്ങൾ ദുഃഖിക്കും. ഇന്ന് സന്തോഷിക്കുന്ന നിങ്ങൾ നാളെ ദുഃഖിക്കാനിരിക്കുന്നതേയുള്ളൂവെന്നാണ് ഈ സംഭവങ്ങൾ തെളിയിക്കുന്നത്. എന്നിട്ടും കേരളം അഭിമാനത്തോടുകൂടി തലയുയർത്തി

നിൽക്കുന്നു. നിങ്ങൾ എന്ത് ആക്ഷേപം ഉന്നയിച്ചാലും, ഉള്ള സമ്പത്തിനെ കൃത്യമായി വിനിയോഗിച്ച് ശരിയായ രീതിയിലുള്ള ധനമാനേജ്മെന്റാണ് കേരളത്തിൽ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ നേതൃത്വത്തിൽ നടക്കുന്നത്. പ്രതിപക്ഷനേതാവ് ഇതുകേട്ട് ചിരിക്കുന്നുണ്ടെന്ന് എനിക്കറിയാം. തനതു വരുമാനം നല്ലതുപോലെ വർധിപ്പിച്ചു, ഇല്ലെന്ന് പറയാൻ പറ്റുമോ? നികുതി പിരിവ് ഊർജിതമാക്കി, ചെലവ് ചുരുക്കി. ഞങ്ങൾ ചെലവ് കൂട്ടിയെന്നാണ് നിങ്ങൾപറയുന്നത്. ഇപ്പോൾ ഏതെങ്കിലും ഒരു ദിവസം ടഷറി പൂട്ടിയോ; നിങ്ങളുടെ കാലത്ത് ടഷറി പൂട്ടിയിരുന്നില്ലേ; വികസനപ്രവർത്തനത്തിന് പണം എവിടെയെങ്കിലും തടസ്സമായോ; എല്ലാ വികസന പ്രവർത്തനങ്ങളും നടക്കുകയല്ലേ? ഇതെല്ലാം ഇവിടെ ഉണ്ടാകുമ്പോൾ നിങ്ങൾ ആക്ഷേപം പറയുന്നു. കഴിഞ്ഞ ദിവസം പ്രതിപക്ഷനേതാവിന്റെ പ്രസംഗം നന്നായി ശ്രദ്ധിച്ചയാളാണ് ഞാൻ. നിങ്ങൾ പറഞ്ഞ ചില കാര്യങ്ങളോട് ഞങ്ങൾക്ക് വിയോജിപ്പുണ്ട്. പക്ഷേ ചില വസ്തുതകൾ മറച്ചുവച്ചാണ് നിങ്ങൾ ഞങ്ങളെ ആക്ഷേപിക്കുന്നതെന്നോർക്കണം. ഈ ധനപ്രതിസന്ധിക്ക് കാരണം

കേന്ദ്രമല്ലെന്നും സർക്കാരിന്റെ ധൂർത്തും അഴിമതിയുമാണെന്നുമാണ് നിങ്ങൾ പറയുന്നത്. കഴിഞ്ഞ എട്ടു കൊല്ലമായി ഏകദേശം പത്തുപന്ത്രണ്ട് അഴിമതി ആരോപണങ്ങൾ നിങ്ങൾ ഉന്നയിച്ചു. ഈ അഴിമതി ആരോപണങ്ങളുടെ ആയുസ്സ് എത്രയായിരുന്നു; ഒരു ദിവസം, അര ദിവസം, ഒരു മിനിട്ട് എല്ലാം ജലരേഖയായില്ലേ; ഏതെങ്കിലും ഒരു അഴിമതി ആരോപണം തെളിയിക്കാൻ നിങ്ങൾക്ക് സാധിച്ചോ? നിങ്ങൾ ജയിച്ചത് ഇക്കാരണങ്ങൾ കൊണ്ടൊന്നുമല്ല. നിങ്ങളൊരു പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിൽ ജയിച്ചതാണ്. അതേക്കുറിച്ച് കഴിഞ്ഞ തവണ വിശദീകരിച്ചതുകൊണ്ട് വീണ്ടും അതിലേയ്ക്ക് കടക്കുന്നില്ല. ആ ജയത്തിൽ നിങ്ങൾ അഹങ്കരിക്കുകയൊന്നും വേണ്ട. നിങ്ങൾക്ക് കനത്ത തിരിച്ചടി നമ്മുടെ നാട്ടിലെ ജനങ്ങൾ തന്നുകൊള്ളും. അതിൽ നിങ്ങൾ ഭയപ്പെടേണ്ട. അഴിമതിയും ധൂർത്തുമെന്നൊക്കെ പറയുന്നത് യാതൊരു അർഥവുമില്ലാത്തതാണ്. നിങ്ങൾ എപ്പോഴും പറയാറുള്ളത് ധൂർത്തിനെക്കുറിച്ചാണ്, എന്താണ് ഈ ധൂർത്ത്? ധൂർത്തെന്നു പറഞ്ഞാൽ അനാവശ്യ ചെലവ്, ആഡംബരം ഇവയൊക്കെയാണ്. ഈ ഗവൺമെന്റ്

വന്നതിനുശേഷമുള്ള ധൂർത്ത് എന്താണ്; കേരളീയം പരിപാടിയെയാണോ നിങ്ങൾ ധൂർത്തെന്ന് പറയുന്നത്; അതിന് ചെലവായ 3 കോടി രൂപയുണ്ടെങ്കിൽ കേരളത്തിലെ പ്രശ്നങ്ങൾ തീർക്കാൻ സാധിക്കുമോ? അതുപോലെ നവകേരള സദസ്സിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. നവകേരള സദസ്സിനുവേണ്ടി ഖജനാവിൽനിന്ന് ചെലവഴിച്ച തുക പൂജ്യമാണ്. ഓരോ സ്ഥലത്തും ലക്ഷക്കണക്കിന് ആളുകൾ ആർഭാടത്തോടുകൂടി നടത്തിയ പരിപാടിയാണ് നവകേരള സദസ്സ്. ജനങ്ങൾ സ്പോൺസർ ചെയ്ത പരിപാടിയാണത്. നവകേരള സദസ്സിനുവേണ്ടി ഖജനാവിൽനിന്ന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. മെച്ചപ്പെട്ട പൊതുജനാരോഗ്യവും പൊതുവിദ്യാഭ്യാസവും ലഭ്യമാക്കിയതിനെയാണോ അഴിമതിയെന്നും ധൂർത്തെന്നും പറയുന്നത്? നേരത്തെ ഇവിടെ പറഞ്ഞതുപോലെ യു.ഡി.എഫ്.-ന്റെ കാലത്ത് 2000 സ്കൂളുകൾ പൂട്ടാൻ തീരുമാനിച്ച സ്ഥാനത്താണ് ഇന്ന് പൊതുവിദ്യാഭ്യാസ സ്ഥാപനത്തെ ഏറ്റവും മികച്ച നിലയിൽ ഇന്ത്യയിൽത്തന്നെ, കേരളത്തെ ഒന്നാം സ്ഥാനത്തേയ്ക്ക് എത്തിച്ചത്. അപ്പോൾ നിങ്ങൾ അങ്ങനെ പറയുന്നതിൽ എന്ത്

അർഥമാണുള്ളത്; പാവപ്പെട്ടവർക്ക് ലൈഫ് പദ്ധതിയിലൂടെ വീട് ലഭ്യമാക്കിയതിനെയാണോ വൻ ധൂർത്തായി നിങ്ങൾ വ്യാഖ്യാനിക്കുന്നത്? പല കാരണങ്ങളാൽ, സാമ്പത്തികമായും മാനസികമായും പിന്നോക്കം നിൽക്കുന്ന 64006 അതിദരിദ്രരായ ആളുകളെ കണ്ടെത്തി depression-ൽ ആയ കുടുംബത്തിന് micro development scheme അനുസരിച്ച് അവരെ മുഖ്യധാരയിലെത്തിക്കാനുള്ള ശ്രമം നടത്തിയതാണോ ഈ സർക്കാരിന്റെ ധൂർത്തും അഴിമതിയുമെന്ന് നിങ്ങൾ പറയുന്നത്? Priority എന്ന് നിങ്ങൾ പറയാറുണ്ട്. എന്താണ് ഈ priority? നിങ്ങളുടെ priority-ലാണ് തകരാറെന്ന് പ്രതിപക്ഷനേതാവ് ഇടയ്ക്കിടെ പറയാറുണ്ട്. ഞങ്ങൾ priority നൽകുന്നത് പാവങ്ങൾക്കാണ്. പെൻഷൻ നൽകുന്നത് പാവങ്ങളെ സഹായിക്കാൻ വേണ്ടിയല്ലേ? കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 600/- രൂപ വീതം ഏകദേശം പത്തിരുപത് ലക്ഷത്തോളം രൂപ ആളുകൾക്ക് പെൻഷൻ നൽകിയപ്പോൾ 18 മാസം കുടിശ്ശികയുണ്ടായിരുന്നു. 18 മാസം എന്ന് പറയുമ്പോൾ അല്ലെന്ന് പറഞ്ഞ് അതിനെ നിങ്ങൾ നിഷേധിക്കും. 18 മാസം എന്നത് രേഖയിലുള്ളതാണ്. എൽ.ഡി.എഫ്. സർക്കാർ ഇപ്പോൾ 1600/-

രൂപയാണ് പെൻഷനായി നൽകുന്നത്. 18 മാസം എന്നുള്ളത് പ്രതിപക്ഷനേതാവിന് പരിശോധിച്ചാൽ മനസ്സിലാകും. എൽ.ഡി.എഫ്. ഭരണകാലത്ത് 1600/- രൂപയുടെ പെൻഷൻ അറുപത്തിനാല് ലക്ഷം പേർക്ക് നൽകി. രണ്ടോമൂന്നോ മാസത്തെ കുടിശ്ശികയാണുള്ളത്, അത് നൽകും. ഒരു രൂപപോലും കുടിശ്ശികയില്ലാതെ മുഴുവൻ തുകയും നൽകുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പ്രഖ്യാപിച്ചിട്ടുണ്ട്, അത് നൽകും. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 31154 കോടി രൂപയാണ് നൽകിയത്. രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് 29958 കോടി രൂപ ഇപ്പോൾത്തന്നെ നൽകിക്കഴിഞ്ഞു. നിങ്ങളുടെ കാലത്ത് ഇതിന്റെ കാൽ ഭാഗമുണ്ടായിരുന്നോ? ചുരുക്കിപ്പറഞ്ഞാൽ നിങ്ങൾ ഇങ്ങനെ വെറുതെ ഓരോന്നും പറയുകയാണ്. കേരളം ഇന്ന് നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ പ്രധാന കാരണം കേന്ദ്രഗവൺമെന്റ് റവന്യൂ വിഹിതത്തിലും വായ്പാനുപാതത്തിലും വരുത്തിയ കുറവാണെന്നതല്ലേ യാഥാർഥ്യം; ആ യാഥാർഥ്യം നിങ്ങൾ മനസ്സിലാക്കണ്ടേ; അതിന്റെ കൂടെ നിങ്ങൾ നിൽക്കണ്ടേ? പത്താം ധനകാര്യ കമ്മീഷനിൽ ഡിവിസിബിൾ

പൂളിൽനിന്ന് നമുക്ക് ലഭിക്കുന്ന തുക സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറയാറുണ്ട്. പത്താം ധനകാര്യ കമ്മീഷൻ 3.8 ശതമാനം, പതിനാലാം ധനകാര്യ കമ്മീഷൻ 2.5 ശതമാനം, പതിനഞ്ചാം ധനകാര്യ കമ്മീഷനിലെത്തിയപ്പോൾ അത് 1.9 ശതമാനമായി. തുക കുറയുകയാണോ കൂടുകയാണോ? ചുരുക്കിപ്പറഞ്ഞാൽ നിങ്ങൾ സത്യത്തിന്റെയും യാഥാർഥ്യത്തിന്റെയും വസ്തുതകളുടെയും കൂടെ നിൽക്കുന്നില്ല. നിങ്ങൾ കൂടോത്രത്തിലാണ് അകപ്പെട്ടിരിക്കുന്നത്. കേരളത്തെ രക്ഷപ്പെടുത്തണമെന്നുണ്ടെങ്കിൽ നമ്മൾ യോജിച്ച് മുന്നോട്ടുപോകണം. മറ്റെല്ലാ കാര്യങ്ങളിലും നിങ്ങൾ വിയോജിപ്പ് പ്രകടിപ്പിച്ചോളൂ. പക്ഷെ കേരളം രക്ഷപ്പെടണ്ടേ? കേരളം ഇന്ത്യയ്ക്ക് എല്ലാ രംഗത്തും മാതൃകയാണ്. സമയമില്ലാത്തതുകൊണ്ട് അധികം പറയാൻ കഴിയുന്നില്ല. ഏകദേശം 32 അവാർഡുകൾ കേരളം ഇത്തരത്തിൽ വാങ്ങിയിട്ടുണ്ട്. ഞാൻ പെട്ടെന്നൊന്ന് വായിക്കാം. വികസന ക്ഷേമ രംഗത്ത് public affairs index-ൽ കേരളം നമ്പർ 1 ആണ്. കൂടാതെ മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനം, സുസ്ഥിര വികസന സൂചികയിലും ദേശീയ-ആരോഗ്യ സൂചികയിലും ഏറ്റവും അഴിമതി കുറഞ്ഞ

സംസ്ഥാനം, വർഗീയ കലാപങ്ങളില്ലാത്ത സംസ്ഥാനം, വിദ്യാഭ്യാസ വികസന സൂചിക, വയോജന പരിപാലന രംഗം, വയോജന ശ്രേഷ്ഠ പുരസ്കാരം നേടിയ സംസ്ഥാനം, വിദ്യാഭ്യാസ മികവ്, രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്ന സംസ്ഥാനം, പൊതുവിദ്യാഭ്യാസ കാര്യത്തിലും പെൺകുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിലും ഗ്രാമപഞ്ചായത്ത്, പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷൻ രംഗത്തും കുടുംബശ്രീ നടത്തിപ്പിലുമെല്ലാം ഒന്നാം സ്ഥാനം കേരളത്തിനാണ്. എല്ലാ രംഗത്തും മുന്നേറിക്കൊണ്ടിരിക്കുന്ന കേരളത്തെ തകർക്കാൻ പ്രതിപക്ഷം ശ്രമിക്കരുത്. നിങ്ങൾ ക്രിയാത്മകമായി കേരളത്തിനോടൊപ്പം നിൽക്കണമെന്ന് മാത്രം പറയുകയാണ്. ഈ ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കാൻ കേന്ദ്രഗവൺമെന്റ് ശ്രമിക്കുകയാണ്. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ സ്ഥായിയായ സാമ്പത്തിക വളർച്ചയിലൂടെയാണ്

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മുന്നോട്ടുപോകുന്നത്. സാമ്പത്തിക ഞെരുക്കമുള്ള ഈ ഘട്ടത്തിലും വിവിധ മേഖലകളിൽ മുന്നേറ്റമുണ്ടാക്കി കേന്ദ്ര സർക്കാരിനെ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങളാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിന്റെ നേതൃത്വത്തിൽ നടത്തുന്നത്. നമ്മുടെ പ്രതിശീർഷ വരുമാനം ദേശീയ ശരാശരിവച്ച് നോക്കുമ്പോൾ ഒന്നര ശതമാനം വർധിച്ചിരിക്കുകയാണ്. റവന്യൂ വരുമാനവും വർധിക്കുന്നു. ജി.എസ്.ടി. വരുമാനം 6.6 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. വലിയ മാറ്റങ്ങളും മുന്നേറ്റങ്ങളും സൃഷ്ടിച്ചുകൊണ്ടാണ് നമ്മൾ മുന്നോട്ടുപോകുന്നത്. കേന്ദ്രഗവൺമെന്റ് 205 ലക്ഷം കോടി രൂപയാണ് കടമെടുത്തിട്ടുള്ളത്. അതായത് 5.8 ശതമാനം. കേരളത്തിന് 3 ശതമാനം കടമെടുക്കാൻ അർഹതയുണ്ടെങ്കിലും അനുവദിക്കുന്നില്ല. ഇപ്പോഴത്തെ സാഹചര്യത്തിൽ മൂന്നര ശതമാനമായി അത് അനുവദിച്ച് കിട്ടേണ്ടതാണ്. നമുക്ക് അർഹതപ്പെട്ട അവകാശം നേടിയെടുക്കാൻ നമ്മളെല്ലാം ഒന്നിച്ച് മുന്നോട്ടുവരേണ്ടതുണ്ട്. പ്രത്യേക ഘട്ടങ്ങളിൽ സ്വീകരിച്ച നിലപാടുകളുടെ ഫലമായുണ്ടായ

ദുരന്തങ്ങളും ദുരിതങ്ങളും അനുഭവിച്ചവരാണ് പ്രതിപക്ഷം. പ്രളയകാലത്തും കോവിഡ് കാലത്തും അത് കണ്ടതാണ്. നമുക്ക് പലതരത്തിലുള്ള സഹായങ്ങൾ ലഭ്യമാകുന്ന സാഹചര്യം വന്നപ്പോൾ അതിനൊക്കെ തടസ്സം നിൽക്കാൻ പരിശ്രമം നടത്തിയത് ജനങ്ങൾ കണ്ടതാണ്. ആ അനുഭവം നിങ്ങൾ മറക്കാതിരിക്കണം. ഇവിടെ വലിയ പ്രയാസങ്ങൾ സൃഷ്ടിച്ച് ഈ ഗവൺമെന്റിനെ ശിഥിലീകരിക്കാനുള്ള പരിശ്രമമാണ് നടത്തിയത്. അതിന്റെകൂടെ പ്രതിപക്ഷം നിൽക്കുന്നത് എത്രമാത്രം നന്നായിരിക്കുമെന്ന് നിങ്ങൾ ചിന്തിക്കേണ്ടതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ, എൻ.എച്ച്.എം. പോലെയുള്ള പദ്ധതികൾ സംസ്ഥാനവും കേന്ദ്രവുമായുള്ള ഒരു സംയോജിത പദ്ധതിയാണ്. നമ്മുടെ ആരോഗ്യ മേഖലയിലെ മുന്നേറ്റങ്ങൾക്കുവേണ്ടിയാണ് അത് രൂപപ്പെടുത്തിയത്. കേരളത്തിലെ ജനങ്ങളുടെ ജീവിത ചെലവിനെ അടിസ്ഥാനപ്പെടുത്തിയുള്ള തുകയൊന്നും അതിൽ വകയിരുത്തിയിട്ടില്ല. അതിനായി നീക്കിവയ്ക്കുന്ന തുക പോലും അനുവദിക്കുന്നില്ലെന്നത് പ്രതിഷേധാർഹമായ കാര്യമാണ്. ആശാവർക്കർമാർ, അങ്കണവാടി ടീച്ചർമാർ എന്നിവർക്കായുള്ള ചില പദ്ധതികൾ ദേശീയ പദ്ധതിയുടെ

ഭാഗമായി സംസ്ഥാനവും കേന്ദ്രവും ഒരുമിച്ച് നടത്തുന്നവയാണ്. അവയുടെ വിഹിതം കിട്ടുന്നില്ല. സാമൂഹിക പെൻഷന്റെ വിഹിതം ലഭ്യമാകുന്നില്ല. അങ്ങനെ ന്യായമായ രീതിയിൽ നമുക്ക് ലഭിക്കേണ്ട വിഹിതങ്ങൾപോലും തടഞ്ഞുവച്ച് ജനങ്ങൾക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങളും അർഹതപ്പെട്ട അവകാശങ്ങളും ലഭിക്കാത്ത അവസ്ഥ സൃഷ്ടിക്കുകയാണ്. അങ്ങനെ ഒരു അവസ്ഥ സൃഷ്ടിച്ച് ജനങ്ങളുടെ ഇടയിൽ അതൃപ്തിയുണ്ടാക്കുന്നത് പ്രതിപക്ഷത്തിന് ഗുണകരമാകുമെന്ന് കണ്ടിട്ടാണ് ചെയ്യുന്നതെന്ന് ഞങ്ങൾക്കും കേരളത്തിലെ ജനങ്ങൾക്കും അറിയാം. പക്ഷേ അപ്രകാരം ചെയ്യുന്നത് നമ്മുടെ നാടിന് ഏറെ ദോഷം ചെയ്യുമെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം.

ഈ സാമ്പത്തിക ഞെരുക്കത്തിനിടയിലും നിരവധി പദ്ധതികൾ കേരളത്തിൽ മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. ലൈഫ് മിഷനാണെങ്കിലും പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്ന കാര്യത്തിലാണെങ്കിലും പൊതുജനാരോഗ്യം സംരക്ഷിക്കുന്ന കാര്യത്തിലാണെങ്കിലും ഇത് കാണാൻ

സാധിക്കും. ഇപ്പോൾ പൊതുഗതാഗതം സംരക്ഷിക്കാനുള്ള നടപടികളുമായി നമ്മൾ മുന്നോട്ടുപോകുകയാണ്.

എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഒന്നുരണ്ട് കാര്യങ്ങളുണ്ട്. രണ്ടാം പിണറായി സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ പുതുക്കാട് കെ.എസ്.ആർ.ടി.സി. സ്റ്റാൻഡ് മൊബിലിറ്റി ഹബ്ബാക്കി മാറ്റുമെന്ന് പറഞ്ഞിരുന്നു. പുതുക്കാട് കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിന് നഗരമധ്യത്തായി നാഷണൽ ഹൈവേയോട് ചേർന്ന് നാലേക്കറോളം സ്ഥലമുണ്ട്. അത് കെ.എസ്.ആർ.ടി.സി. വിഭാവനം ചെയ്ത പദ്ധതിയാണ്. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിനുവേണ്ടി ആ നാലേക്കർ സ്ഥലത്ത് വലിയ ഒരു സംവിധാനമൊരുക്കാൻ തീരുമാനിക്കുകയും പദ്ധതിയുണ്ടാക്കുകയും ചെയ്തു. കിഫ്ബിയുടെ സഹായത്തോടുകൂടി ആ പദ്ധതി നടപ്പാക്കുമെന്നാണ് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞത്. നയപ്രഖ്യാപനം കഴിഞ്ഞ് ബഡ്ജറ്റ് പ്രസംഗത്തിലും അക്കാര്യം സൂചിപ്പിച്ചിരുന്നു. കിഫ്ബിയുടെ മേൽ കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക

ഉപരോധങ്ങളുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഈ സാമ്പത്തിക സ്ഥിതിയിലും പദ്ധതി നടപ്പാക്കേണ്ടതുണ്ടെന്ന് പ്രത്യേകം ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്.

വ്യവസായ വകുപ്പ് വലിയ മുന്നേറ്റം നടത്തുകയാണ്. പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള സംരംഭക സഭയുൾപ്പെടെ സംഘടിപ്പിച്ച് അതിൽ എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ പദ്ധതികൾ പ്ലാൻ ചെയ്ത് വളരെ വിജയകരമായി മുന്നോട്ടുപോകുകയാണ്.

(അധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഒന്നുരണ്ടുകാര്യങ്ങൾകൂടി പറയാനുള്ളതിൽ ഒന്ന്, പുതുക്കാട് നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട പദ്ധതിയായ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജുമായി ബന്ധപ്പെട്ട വിഷയമാണ്. പ്രസ്തുത വിഷയത്തിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി വലിയ രീതിയിലുള്ള ഇടപെടൽ നടത്തുകയും തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിനുള്ള ഫണ്ട് അനുവദിച്ച് പൂർത്തീകരിക്കുകയും അതിന്റെ രണ്ടാം ഘട്ടത്തിനുള്ള ഫണ്ട് അനുവദിക്കുകയും ചെയ്തത് വളരെയധികം

അഭിനന്ദനാർഹമാണ്, അതിന് അദ്ദേഹത്തെ ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഈ പ്രദേശത്ത് വെള്ളം ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.-യും ജലവിഭവ വകുപ്പുമായുള്ള സംയുക്തയോഗം ചേർന്ന് ബന്ധപ്പെട്ട പ്രവൃത്തികൾ നിർവഹിക്കേണ്ടതുണ്ട്. ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിൽ ഒരു ഗർത്തം രൂപപ്പെട്ടിട്ട് രണ്ടര വർഷത്തോളമായി. അതുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ടുകൾ ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി പൂർത്തീകരണത്തിനായുള്ള കാര്യങ്ങൾ ചെയ്തുതീർക്കേണ്ടതുമുണ്ട്.

കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ വലിയ പങ്കുവഹിക്കുന്ന ഒരു ജനകീയ പ്രസ്ഥാനമാണ് സഹകരണ സ്ഥാപനങ്ങൾ. രണ്ടര ലക്ഷം കോടി രൂപയോളം വരുന്ന ഈ മേഖലയെ കൈവശപ്പെടുത്തുന്നതിനായി കോർപ്പറേറ്റുകൾ വലിയ രീതിയിലുള്ള ഇടപെടലുകൾ നടത്തുകയാണ്. സംസ്ഥാനത്തിന്റെ അധികാരപരിധിയിൽപ്പെട്ട സഹകരണ പ്രസ്ഥാനത്തെ കേന്ദ്രഗവൺമെന്റ് പ്രത്യേകിച്ച് ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. അമിത് ഷായുടെ കീഴിൽ ഒരു വകുപ്പ് തയ്യാറാക്കുകയും മൾട്ടി സ്റ്റേറ്റ് പർപ്പസ്

സൊസൈറ്റിയെന്ന നിലയിൽ വിവിധ സംസ്ഥാനങ്ങൾക്ക് വായ്പ നൽകാവുന്നതും ഡെപ്പോസിറ്റ് സ്വീകരിക്കാൻ സാധിക്കുന്ന വിധത്തിലുമുള്ള സഹകരണ സ്ഥാപനങ്ങളുണ്ടാക്കി നമ്മുടെ സഹകരണ സ്ഥാപനങ്ങളെ തകർക്കുന്നതിനുള്ള പരിപാടികളുമായി മുമ്പോട്ടുപോകുകയാണ്. വിജയ് മല്യയും നീരവ് മോദിയുമൊക്കെ നാടുവിട്ടുപോയ കാര്യം നമുക്കറിയാവുന്നതാണ്. പതിനായിരക്കണക്കിന് കോടി രൂപയാണ് അവർ അപഹരിച്ചത്. നമ്മുടെ സഹകരണ ബാങ്കുകളിൽനിന്നും ഒരു രൂപപോലും അവർക്ക് എടുക്കാൻ കഴിയാത്ത സാഹചര്യമുള്ളതുകൊണ്ടാണ് കേന്ദ്ര സർക്കാർ ഈ മേഖലയെ കൈവശപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകളെയും പ്രശ്നങ്ങളെയും സംബന്ധിച്ച് ഇവിടെ എല്ലാവരും പറഞ്ഞിട്ടുള്ളതുകൊണ്ട് അതിനെക്കുറിച്ച് ഞാൻ ആവർത്തിക്കുന്നില്ല. റേഷൻ കടകളിലെത്തുന്ന അരി എല്ലാമാസവും ആരംഭത്തിൽത്തന്നെ വിതരണം ചെയ്യാൻ സാധിക്കണം. മാസാവസാനം അരി വിതരണം ചെയ്യുമ്പോൾ റേഷൻ കടകളിൽനിന്നും അരിവാങ്ങി ജീവിക്കുന്നവർക്ക് വലിയ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

തിരഞ്ഞെടുപ്പിന്റെ ഭാഗമായി കേന്ദ്രഗവൺമെന്റ് ലഭ്യമാക്കിയ അരിയൊക്കെ നമ്മൾ കണ്ടതാണ്. അത് ഇപ്പോൾ നിന്നുപോകുകയും ചെയ്തു. സാധാരണക്കാർ എന്നും അരി വാങ്ങുന്ന റേഷൻ കടകളിലൂടെയുള്ള വിതരണത്തിൽ ചെറിയ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. റേഷൻ വ്യാപാരികൾ ഇപ്പോൾ സമരത്തിലുമാണ്. അവരുടെ സമരം ഒത്തുതീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. ഇവിടെ പല കാര്യങ്ങളും ചർച്ച ചെയ്യുന്നില്ല. ബീഹാറിൽ പാലങ്ങൾ തകർന്നുകൊണ്ടിരിക്കുന്നത് ഒരു തുടർക്കഥയായി മാറുകയാണ്, ഓരോ ദിവസവും പാലങ്ങൾ തകർന്നുവീഴുകയാണ്. എന്തുകൊണ്ടാണ് അവർ ഇതിനെക്കുറിച്ച് സംസാരിക്കാതിരിക്കുന്നത്. സംസാരിച്ചാൽ ആളുകൾക്ക് യു.ഡി.എഫ്.-ന്റെ ഭരണകാലത്തെക്കുറിച്ച് ഓർമ്മ വരും. പഞ്ചവടിപ്പാലം അഥവാ പാലാരിവട്ടം പാലം, യു.ഡി.എഫ്.-ന് നെഞ്ചിടിപ്പാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നില്ലായിരുന്നെങ്കിൽ കേരളത്തിൽനിന്നും വ്യത്യസ്തമായി ഇതരസംസ്ഥാനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന, ഇന്ത്യയിൽ ഇപ്പോൾ കാണുന്ന പൊതുവായ

അവസ്ഥ കേരളത്തിലും ഉണ്ടാകുമായിരുന്നു. എല്ലാ മേഖലകളിലും നമ്മൾ മുന്നേറുകയാണ്. ആ മുന്നേറ്റങ്ങൾ തടസ്സപ്പെടുത്താൻവേണ്ടി പല രീതിയിലുമുള്ള കുത്സിതശ്രമങ്ങൾ നടക്കുന്നുണ്ട്. വർഗീയതയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം സംഘടിപ്പിക്കുന്ന വിദ്യാർഥി പ്രസ്ഥാനങ്ങൾക്കെതിരായി വലിയ അപവാദപ്രചാരണങ്ങൾ നടത്തുന്നു. ഒറ്റപ്പെട്ട ചെറിയ കാര്യങ്ങളൊക്കെ പർവതീകരിച്ച് വാർത്തകളാക്കി കുഴപ്പങ്ങളുണ്ടാക്കുകയാണ്. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ആകെ കുഴപ്പമാണെന്ന് പറയുകയും എസ്.എഫ്.ഐ. വിജയിച്ചപ്പോൾ അക്രമം നടത്തിയെന്നാക്കി മാറ്റുകയുമുണ്ടായി. ഇങ്ങനെ ഓരോ കഥകളും എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. അതിനെയൊക്കെ ശരിയായ രീതിയിൽ അതിജീവിച്ച് വിദ്യാർഥി പ്രസ്ഥാനം അവരുടെ പ്രവർത്തന പരിപാടികളുമായി മുന്നോട്ടുപോകുമെന്നാണ് കരുതുന്നത്. ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. രാജ്യത്ത് പ്രത്യേകിച്ച് കേരളത്തിലുണ്ടായ സാമ്പത്തിക പ്രതിസന്ധി എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. 140 എം.എൽ.എ.-മാരാണ് കേരള നിയമസഭയിലുള്ളത്. കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി പ്രതീക്ഷയോടെ കാത്തിരിക്കുന്ന ധാരാളം ജനങ്ങൾ ഓരോ മണ്ഡലത്തിലുമുണ്ട്. പ്രത്യേകിച്ച് എന്റെ നിയോജകമണ്ഡലമായ കുട്ടനാട്, എന്റെ പിന്നിലിരിക്കുന്ന ബഹുമാനപ്പെട്ട അംഗം ശ്രീ. ജോബ് മൈക്കിളിന്റെ നിയോജകമണ്ഡലമായ ചങ്ങനാശ്ശേരി, എന്റെ സഹോദരിമാരായ ശ്രീമതി ദെലീമ, ശ്രീമതി യു. പ്രതിഭ, പ്രിയപ്പെട്ട എച്ച്. സലാം എന്നിവർ ഉൾപ്പെടെ ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും നിയോജകമണ്ഡലത്തിലുള്ള ജനങ്ങൾ വളരെയേറെ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. എന്ത് പദ്ധതികളാണ് അവരവരുടെ നിയോജകമണ്ഡലങ്ങളിലെത്തിക്കുക എന്നുള്ളതാണ് വിഷയം. ഇവിടത്തെ പ്രതിപക്ഷവും ഭരണപക്ഷവും തമ്മിൽ വലിയ പ്രശ്നങ്ങളൊന്നുമില്ല, കാരണം പ്രശ്നമുണ്ടായിരുന്നെങ്കിൽ ബഹുമാനപ്പെട്ട

സ്പീക്കർ ശ്രീ. എ. എൻ. ഷംസീറും ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. ബഷീറും ഇന്ത്യ-പാക്കിസ്ഥാൻ യുദ്ധം പോലെയാണ് ബഹളമുണ്ടാക്കുന്നത്. കുറച്ചു സമയം കഴിയുമ്പോൾ ഇവർ രണ്ടുപേരും തമ്മിൽ വളരെ സ്നേഹത്തോടെ കൈ കൊടുത്തുകൊണ്ട് സംസാരിക്കുന്ന ഒരു രീതിയാണ് ഞാൻ ഈ സഭയിൽ കണ്ടിട്ടുള്ളത്. ഇതിന്റെ അർഥം ആർക്കും ഉള്ളിൽ പ്രശ്നങ്ങളൊന്നുമില്ലെന്നാണ്. കാര്യങ്ങൾ പറയുന്നു, തെറ്റുണ്ടെങ്കിൽ തെറ്റാണെന്ന് ചൂണ്ടിക്കാണിക്കാൻ ക്രിയാത്മകമായ ഒരു പ്രതിപക്ഷം എന്ന രീതിയിൽ ഇവിടെ വളരെ നല്ല രീതിയിലാണ് പോകുന്നത്. നമ്മുടെ പ്രശ്നമെന്നുപറയുന്നത് സാമ്പത്തിക ബുദ്ധിമുട്ടാണ്. എന്റെ നിയോജകമണ്ഡലമായ കുട്ടനാട്ടിൽ ധാരാളം പാലങ്ങളും നല്ല റോഡുകളും സംവിധാനങ്ങളുമൊക്കെ നൽകിയിട്ടുണ്ട്. എന്നാൽ അവയെല്ലാം പൂർത്തീകരിക്കുന്നതിന് പണം ആവശ്യമാണ്. നമുക്ക് ലഭിക്കാനുള്ള പണം കേന്ദ്രത്തിൽനിന്നും വാങ്ങിയെടുക്കണം. അതിശക്തമായ ഒരു പ്രതിപക്ഷമാണ് ഇപ്പോൾ കേന്ദ്രത്തിലുള്ളത്. ശ്രീ. രാഹുൽ ഗാന്ധിയും ഞങ്ങളുടെ പ്രിയങ്കരനായ ശ്രീ. കെ. രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവർ ഒരേ

വേദിയിലിരുന്നാണ് എല്ലാ കാര്യങ്ങളിലും കേന്ദ്രത്തെ എതിർക്കുന്നത്. നമുക്ക് കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള പണം നേടിയെടുക്കാനുള്ള വളരെ നല്ലൊരു അവസരമാണിത്. യഥാർഥത്തിൽ കേന്ദ്രത്തിൽനിന്നുള്ള പണം ലഭിച്ചെങ്കിൽ മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളൂ. നിങ്ങൾക്കെല്ലാവർക്കുമറിയാവുന്നതുപോലെ പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കണം. എന്റെ മണ്ഡലത്തിലെ തട്ടാശ്ശേരി പാലത്തിനായി 77 കോടി രൂപ അനുവദിച്ചതാണെങ്കിലും ഇതുവരെ നിർമ്മാണം തുടങ്ങാനായിട്ടില്ല. നിസ്സാര പ്രശ്നങ്ങളാൽ അവയെല്ലാം തടഞ്ഞുവച്ചിരിക്കുന്ന അവസ്ഥയിലേയ്ക്ക് പോയിരിക്കുന്നു. ഈ പ്രവർത്തനങ്ങളെല്ലാം നടക്കണമെങ്കിൽ പണം ആവശ്യമാണ്. അതിനായി ആദരണീയനായ നമ്മുടെ ധനകാര്യ, ടൂറിസം വകുപ്പുമന്ത്രിമാർ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അവർക്ക് കാര്യങ്ങൾ നല്ല രീതിയിൽ ക്രമപ്പെടുത്തുന്നതിനുള്ള ആഗ്രഹവുമുണ്ട്. എന്നാൽ പണമില്ലാത്തതാണ് പ്രധാന പ്രശ്നം. ഇക്കാര്യങ്ങൾക്കായി പണം ആവശ്യപ്പെടുന്ന സമയത്ത് അവർ പരസ്പരം മുഖത്തോടുമുഖം നോക്കുന്നതിന്റെ കാരണം ഈ

പ്രവൃത്തികൾക്കായി നൽകാനുള്ള പണം ഗവൺമെന്റിന്റെ കൈവശമില്ലെന്നതാണ് സത്യം. അതുകൊണ്ട് പരസ്പര യുദ്ധങ്ങൾ അവസാനിപ്പിച്ച് കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള പണം വാങ്ങിയെടുത്താൽ സുഗമമായി ഇവിടെ കാര്യങ്ങളൊക്കെ നടക്കും. പെൻഷൻ നൽകാനുള്ള പണം ലഭിക്കും. ശ്രീ. ശരദ് പവാർജിയോട് നമുക്ക് പറയാം. കാരണം അദ്ദേഹം വളരെ ശക്തനായ നേതാവല്ലേ. ഒറ്റയ്ക്ക് മത്സരിച്ചാണല്ലോ മഹാരാഷ്ട്ര പിടിച്ചെടുത്തത്. കോൺഗ്രസ് അവിടെ ഞങ്ങളുടെ സഹോദരങ്ങളാണല്ലോ, ഇവിടെ വരുമ്പോഴാണല്ലോ പ്രശ്നം.

നമുക്ക് സാമ്പത്തിക ഭദ്രതയുണ്ടാകണമെങ്കിൽ കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള പണം നേടിയെടുത്തേ മതിയാകൂകയുള്ളൂ. എന്റെ മണ്ഡലത്തിൽ ധാരാളം നിർമ്മാണപ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുകയാണ്. ഇവയെല്ലാം പൂർത്തീകരിക്കുന്നതിന് പണം അനിവാര്യമാണ്. പല കാര്യങ്ങളും നൽകിയിട്ടുണ്ട്. ആദരണീയനായ മുൻമന്ത്രി ശ്രീ. ജി. സുധാകരൻ പത്ത് പാലങ്ങളാണ് കുട്ടനാടിന് നൽകിയത്. പണമില്ലാതെ കാര്യങ്ങൾ മുമ്പോട്ടുപോകുകയില്ല. അതുകൊണ്ട് നമ്മൾ തമ്മിലുള്ള വാഗ്വാദങ്ങളും മറ്റും

അവസാനിപ്പിച്ച് കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള പണം വാങ്ങിയെടുക്കുന്നതിനുള്ള ഒരു സംവിധാനത്തിലേയ്ക്ക് ഒത്തുചേർന്ന് പ്രവർത്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എങ്കിൽ മാത്രമേ കാര്യങ്ങൾ മുമ്പോട്ടുപോകുകയുള്ളൂ. 2019-ലെ കോവിഡ് നമ്മെയെല്ലാം തകർത്തു. എനിക്ക് കുവൈറ്റിൽ ഉന്നതമായ ബിസിനസും മറ്റുമൊക്കെയുള്ളതാണ്, എന്നാൽ കോവിഡ് വന്നതോടുകൂടി അവിടെയും ഇവിടെയും ദൈനംദിന കാര്യങ്ങൾ വളരെയധികം ബുദ്ധിമുട്ടിലാണ് പോകുന്നത്. ഇവയൊക്കെ മാറ്റിയെടുക്കുന്നതിന് സാമ്പത്തിക ഭദ്രത വേണം. ഈ പ്രതിസന്ധികളെയെല്ലാം വളരെ കരുതലോടുകൂടി നേരിട്ട ഒരു ഗവൺമെന്റാണ് പിണറായി ഗവൺമെന്റ്. വളരെ നല്ല രീതിയിൽ കാര്യങ്ങൾ ചെയ്യുന്നതുകൊണ്ടുമാത്രമാണ് നമുക്ക് ഇത്തരത്തിൽ മുന്നോട്ടുപോകാൻ സാധിക്കുന്നത്.

ശ്രീമതി യു. പ്രതിഭ: സർ, അങ്ങ് കുട്ടനാടിന്റെ വികസന കാര്യങ്ങളിൽ വളരെയധികം ശ്രദ്ധാലുവായി പ്രവർത്തിക്കുന്ന എം.എൽ.എ. ആണ്. കുട്ടനാട്ടിൽനിന്നും ജനങ്ങൾക്ക് ഏറ്റവും വേഗത്തിൽ ദേശീയ

പാതയിലേക്കെത്താൻ സാധിക്കുന്ന നെടുമുടി - കരുവാറ്റ റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ട് വളരെ നാളുകളായി. അത് അടിയന്തരമായി പൂർത്തീകരിക്കേണ്ടതല്ലേ, ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

{3.00 Pm}

ശ്രീ. തോമസ് കെ. തോമസ്: സർ, നെടുമുടി-കരുവാറ്റ റോഡ് അടിയന്തരമായി നിർമ്മാണം പൂർത്തിയാക്കേണ്ട റോഡാണ്. ഞാനിവിടെ പറഞ്ഞതിന്റെയെല്ലാം സാരം അതുതന്നെയാണ്. അത് മനസ്സിലാക്കാനുള്ള കഴിവ് നിങ്ങൾക്കെല്ലാവർക്കുമുണ്ട്. അതുകൊണ്ട് ആവശ്യമില്ലാത്ത കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കുട്ടനാട് രക്ഷപ്പെട്ടാൽ ചങ്ങനാശ്ശേരിയും ചങ്ങനാശ്ശേരി രക്ഷപ്പെട്ടാൽ കായംകുളവും കായംകുളം രക്ഷപ്പെട്ടാൽ അമ്പലപ്പുഴയും കണ്ണൂരുമെല്ലാം രക്ഷപ്പെടും. ഓരോ സ്ഥലവും രക്ഷപ്പെടണമെങ്കിൽ പണം അനിവാര്യമാണ്. എങ്ങനെ പണമുണ്ടാക്കാം? കേരളത്തിന് പ്രത്യേകിച്ചൊരു വരുമാനമാർഗവുമില്ലെന്ന് നമുക്കറിയാം. ജി.എസ്.ടി.-യാണ് നമ്മുടെ പ്രധാന വരുമാനം. കൂടാതെ ടൂറിസം, ബിവറേജസ്, ലോട്ടറി തുടങ്ങിയവയിൽനിന്നും ലഭിക്കുന്ന വരുമാനം മാത്രമേയുള്ളൂ. കുവൈറ്റ്, യു.എ.ഇ., അബുദാബി തുടങ്ങിയ

രാഷ്ട്രങ്ങളിലെപ്പോലെ ഞൊടിക്കുമ്പോൾ ലക്ഷങ്ങൾ വരുന്ന സംവിധാനമോ എണ്ണ ഖനികളോ ഒന്നും കേരളത്തിലില്ല. എന്നാൽ നമുക്ക് ധാരാളം കാര്യങ്ങൾ ചെയ്യാൻ സാധിക്കും; നിക്ഷേപകരെ കണ്ടുപിടിക്കാൻ സാധിക്കും. ഇന്ന് കുവൈറ്റിൽനിന്ന് ഹംസ എന്നുപേരുള്ള എന്റെ ഒരു സഹോദരൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണാൻ വന്നിരുന്നു. അദ്ദേഹം ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും കണ്ടിരുന്നു. കുവൈറ്റിൽ ഏകദേശം എട്ട് ആശുപത്രികളുള്ള ആ വ്യക്തി, 2000 കോടി രൂപ കേരളത്തിൽ നിക്ഷേപിക്കാൻ തയ്യാറാണ്. അദ്ദേഹത്തെപ്പോലുള്ള നിക്ഷേപകരെ നമ്മൾ ഇവിടെ കൊണ്ടുവരണം. അവരെ രണ്ട് കൈയും നീട്ടിയാണ് നമ്മുടെ സർക്കാർ സ്വീകരിക്കേണ്ടത്. അവർക്ക് നല്ല രീതിയിൽ ഇവിടെ പണം ഇൻവെസ്റ്റ് ചെയ്യാനാകും. ശ്രീ. അൻവർ സാദത്തിന്റെ നിയോജകമണ്ഡലമായ ആലുവയിലും ഇൻവെസ്റ്റ് ചെയ്യാം. അങ്ങ് പേടിക്കേണ്ട. കുട്ടനാട്ടിൽ സ്ഥലമില്ല നാലുവശവും വെള്ളമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് .... പ്ലീസ്... കൺക്ലൂഡ്.....

ശ്രീ. തോമസ് കെ. തോമസ്: സർ, ഇത് വളരെ നല്ലൊരു വിഷയമാണ്. അങ്ങ് കുട്ടനാടിനോട് അനുകമ്പയുള്ള ഒരു ഡെപ്യൂട്ടി സ്പീക്കറാണ്. അങ്ങയെ വളരെയധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവരാണ് ഞങ്ങളെല്ലാം. എനിക്ക് കുറച്ചുസമയംകൂടി അനുവദിക്കണം. നിക്ഷേപകരെ രണ്ട് കൈയും നീട്ടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ഇരിക്കുവന്നവരെല്ലാവരും കഴിവും പ്രാപ്തിയുമുള്ളവരാണ്. ഞാൻ കൊണ്ടുവന്നതുപോലെ എല്ലാവരും നിക്ഷേപകരെ കൊണ്ടുവരണം. ശ്രീ. മഞ്ഞളാംകുഴി അലിയെപ്പോലുള്ളവർക്ക് മറ്റുള്ള സ്ഥലങ്ങളിൽനിന്ന് നിക്ഷേപകരെ കൊണ്ടുവരാൻ സാധിക്കുന്നതാണ്.

മറ്റൊന്ന്, ഐ.ടി. സ്റ്റാർട്ടപ്പുകൾ വിപുലീകരിക്കണം. ഐ.ടി. ആൻഡ് ടെലികമ്മ്യൂണിക്കേഷൻ, മോട്ടോർ വെഹിക്കിൾ, ഉന്നതവിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ കൂടുതൽ നിക്ഷേപകരെ ക്ഷണിക്കണം. ഏകജാലക സംവിധാനത്തിലൂടെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സംവിധാനമുണ്ടാക്കണം. വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട ഒരു മേഖലയാണ് ടൂറിസം. ഏറ്റവും നല്ലൊരു ടൂറിസം വകുപ്പുമന്ത്രിയാണ്

നമുക്കുള്ളത്. കൂടാതെ, ഉന്നതവിദ്യാഭ്യാസ മേഖലയിൽ അച്ചടക്കം നിലനിർത്തുന്നതിനും ഗുണനിലവാരം വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കുട്ടനാടിനെ പ്രത്യേകമായി പരിഗണിക്കണമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്. കാരണം, കുട്ടനാട്ടിലെ പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണ/നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കണം. നമ്മുടെ പ്രിയങ്കരിയായ ശ്രീമതി യു. പ്രതിഭ പരാമർശിച്ച നെടുമുടി-കരുവാറ്റ റോഡിന്റെ നവീകരണം പൂർത്തിയാക്കണം. കുട്ടനാടിനെ കൈയയഞ്ഞ് സഹായിക്കണം. ഒരു കാർഷിക കലണ്ടർവഴി കൃഷി ചെയ്യുന്നതിനുള്ള സംവിധാനംകൂടി ഒരുക്കിത്തരണമെന്ന് അപേക്ഷിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. യാഥാർഥ്യവുമായി ഒരുതരത്തിലും ചേർന്ന് പോകാത്തതും യാതൊരു കാഴ്ചപ്പാടില്ലാത്തതുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയ്ക്കുമുമ്പിൽ അവതരിപ്പിച്ച ബജറ്റ്. പല സർക്കാർ

നിയന്ത്രണ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് ശമ്പളവും പെൻഷനും ക്ഷേമപെൻഷനും മറ്റാനുകൂല്യങ്ങളും യഥാസമയം ലഭിക്കാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. 'പാടത്ത് ജോലി വരമ്പത്ത് കൂലി' എന്നതാണ് ഈ പാർട്ടിയുടെ നയം. ആ പാർട്ടി ഭരിക്കുന്ന സർക്കാരിന്റെ അവസ്ഥയാണിത്. എല്ലാ സ്ഥലത്തെയും സ്കൂളുകളിൽ തസ്തികകൾ പുനർനിർണ്ണയിക്കുകയും അധ്യാപകരുടെ സ്ഥിരനിയമനം നടത്തുകയും ചെയ്യുന്നില്ല. എല്ലായിടത്തും ഒഴിവുകളാണ്; കരാറടിസ്ഥാനത്തിലുള്ള താൽക്കാലികമായ നിയമനങ്ങളാണ് നടക്കുന്നത്. പി.എസ്.സി.-യിൽ നിയമനം നടത്തുന്നില്ല. പി.എസ്.സി. അംഗമാക്കാനായി കോഴ വാങ്ങുന്ന ഒരൊറ്റ കാര്യമാണ് പി.എസ്.സി.-യിൽ ഇപ്പോൾ നടക്കുന്നത്. പ്രത്യേകിച്ചും ഇടതുപക്ഷം എന്ന പാർട്ടിയുടെ അപചയം. തെറ്റുതിരുത്തൽ സമീപനവുമായി പോകുന്ന സമയത്താണ് പി.എസ്.സി. അംഗത്വം വാഗ്ദാനം ചെയ്ത് ഒരു പ്രമുഖ വ്യക്തി 22 ലക്ഷം രൂപ കോഴ വാങ്ങിയത്. അത് ചെറിയ ആളൊന്നുമല്ല, ചെറിയ മീനൊന്നുമല്ല. സി.ഐ.ടി.യു.-ന്റെ ജില്ലാ സെക്രട്ടറിയും സംസ്ഥാന ജോയിന്റ് സെക്രട്ടറിയും ആയിരുന്ന വ്യക്തിയാണ്. ആ പാർട്ടി എവിടെയെത്തി

നിൽക്കുന്നുവെന്ന് ഇത് മനസ്സിലാക്കിത്തരും. ഇതൊക്കെയാണ് തുടക്കത്തിൽ ടി. പി. ചന്ദ്രശേഖരനൊക്കെ പറഞ്ഞത്. ഈ പാർട്ടിയുടെ അപചയത്തെ സംബന്ധിച്ചും ഈ പാർട്ടി എങ്ങോട്ടാണ് പോകുന്നതെന്നതിനെ സംബന്ധിച്ചും ഓരോ ഉദാഹരണങ്ങൾ തുടരുകയാണ്.

അവശ്യ വസ്തുക്കളില്ലാതെ സപ്ലൈകോയിലെ അലമാരകൾ ഒഴിഞ്ഞുകിടക്കുകയാണ്. സപ്ലൈകോയുടെ അമ്പതാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്ന അവസ്ഥയാണ്. എന്നാൽ, ആഘോഷങ്ങൾക്ക് ഒരു മുടക്കവുമില്ല. കഴിഞ്ഞ നവംബറിൽ സംഘടിപ്പിച്ച കേരളീയം പരിപാടി വീണ്ടും പ്രഖ്യാപിച്ചിരിക്കുകയാണ്. കഴിഞ്ഞ കേരളീയം പരിപാടിയിൽ പരിപാടികൾ അവതരിപ്പിച്ച കലാകാരന്മാർക്ക് ഇനിയും പ്രതിഫലം നൽകിയിട്ടില്ല. പണം ലഭിക്കാത്ത കലാകാരന്മാർ ഇപ്പോഴും ഞങ്ങളെ സമീപിക്കുകയാണ്. അതൊന്നും സർക്കാരിനൊരു വിഷയമല്ല. സ്പോൺസർഷിപ്പിലൂടെ പണം കണ്ടെത്തണമെന്നാണ് സർക്കാർ പറയുന്നത്. കഴിഞ്ഞ കേരളീയം പരിപാടിയുടെ കണക്കുകൾ സംബന്ധിച്ച വിവരങ്ങൾ

ശേഖരിച്ചുവരുന്നു എന്നാണ് ജനുവരി 29-ലെ ചോദ്യത്തിന് മറുപടിയായി ലഭിച്ചത്. ആ കണക്കുപോലും കൃത്യമായി ജനങ്ങൾക്കുമുന്നിൽ അവതരിപ്പിക്കാൻ കഴിയാതെയാണ് വീണ്ടും ഈ പരിപാടി സംഘടിപ്പിക്കുന്നത്.

ക്രമസമാധാന നിലയെ സംബന്ധിച്ച് പറയേണ്ടതില്ല; ഗുണ്ടാവിളയാട്ടമാണ് ഇവിടെ നടക്കുന്നത്. പ്രിൻസിപ്പാളിന്റെ കാൽ തല്ലിയൊടിക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന കുട്ടി ഗുണ്ടാനേതാവും പോലീസുകാരെ ഭീഷണിപ്പെടുത്തുന്ന നേതാക്കളും ജനജീവിതം ദുഃസ്സഹമാക്കിയിരിക്കുകയാണ്. കുറ്റവാളികളെ ജയിലിലടച്ചാൽപ്പോലും നമുക്ക് ആശ്വാസമില്ല. കാരണം നമ്മുടെ ജയിലുകൾ ഭരിക്കുന്നത് ഗുണ്ടാസംഘങ്ങളും കൊലയാളിക്കൂട്ടങ്ങളുമാണ്. ജയിൽ ഉദ്യോഗസ്ഥർക്ക് ഗുണ്ടാപ്പടകളിൽനിന്ന് മർദനമേൽക്കുന്ന സാഹചര്യം പോലുമുണ്ട്. ആവശ്യത്തിന് ഉദ്യോഗസ്ഥരെ നിയമിക്കാത്തതുകാരണം സ്ഥിതി വളരെയധികം വഷളാകുകയാണ്. വടക്കൻ മേഖലകളിലൊക്കെ പല ജയിലുകളും ഭരിക്കുന്നത് ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളാണ്.

ഉദ്യോഗസ്ഥരെ മാത്രമല്ല, സർക്കാരിനെപ്പോലും മുൾമുനയിൽ നിർത്താൻ ശേഷിയുള്ളവരാണ് ഈ ക്രിമിനലുകൾ. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയുണ്ടായിട്ടും അതിനെപ്പോലും മറികടന്നുകൊണ്ടാണ് വിട്ടയയ്ക്കാനുള്ളവരുടെ ലിസ്റ്റിൽ ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളെ ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചത്. നിങ്ങളുടെ നിർദേശമില്ലാതെ എങ്ങനെയാണ് ഉദ്യോഗസ്ഥർക്ക് ഈ പ്രതികളെ ലിസ്റ്റിൽ ചേർക്കാൻ സാധിക്കുന്നത്; നിങ്ങളുടെ രാഷ്ട്രീയ തീരുമാനമാണ് ഈ പ്രതികളെ വിട്ടയയ്ക്കണമെന്നുള്ളത്. അതുകാരണമാണ് വിട്ടയയ്ക്കുന്നവരുടെ ലിസ്റ്റിൽ ഇവരെയും ഉൾപ്പെടുത്താനിടയായത്. ഈ സംഭവങ്ങൾ മാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നപ്പോൾ ഉദ്യോഗസ്ഥരെ ബലിയാടാക്കുകയാണ് സർക്കാർ ചെയ്തത്. എന്റെ മൊഴിയെടുത്ത ഒരു പോലീസുദ്യോഗസ്ഥനെ വയനാട് ജില്ലയിലേയ്ക്ക് സ്ഥലം മാറ്റിയിരിക്കുകയാണ്. ആ ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ ഡ്യൂട്ടിയാണ് ചെയ്തത്. ഉദ്യോഗസ്ഥനോട് മൊഴിയെടുക്കാൻ ആവശ്യപ്പെട്ടപ്പോൾ അത് നിറവേറ്റുക മാത്രമാണ് അദ്ദേഹം ചെയ്തത്. എന്നാൽ അദ്ദേഹത്തെ മറ്റൊരിടത്തേയ്ക്ക് സ്ഥലം മാറ്റിക്കൊണ്ട്

പ്രതികാരനടപടി സ്വീകരിക്കുകയാണ് സർക്കാർ ചെയ്തത്. നിങ്ങളാണ് ഇക്കാര്യങ്ങൾ തീരുമാനിച്ചിരിക്കുന്നത്. സർക്കാരിന്റെ മുഖം രക്ഷിക്കാനുള്ള നീക്കങ്ങൾ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളം കണ്ട ഏറ്റവും ക്രൂരമായ കൊലപാതകമായിരുന്നു ടി. പി. ചന്ദ്രശേഖരന്റേത്. അദ്ദേഹത്തിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 2024 ഫെബ്രുവരി 27-ാം തീയതി ശിക്ഷ വർധിപ്പിച്ചുകൊണ്ട് വിധി പ്രഖ്യാപിച്ചു. വിധി പ്രഖ്യാപിച്ച് 5 മാസം കഴിഞ്ഞിട്ടും അതിൽ സർക്കാർ അപ്പീൽ പോയിട്ടില്ല. സംസ്ഥാന സർക്കാരാണ് അപ്പീൽ പോകേണ്ടത്. അപ്പീൽ പോകണമെന്നാവശ്യപ്പെട്ട പ്രോസിക്യൂട്ടറുടെ കത്തും ഞങ്ങളുടെ കത്തും സർക്കാരിന്റെ കൈവശമുണ്ട്. എന്നിട്ടും അത് മുഖ്യമന്ത്രിയുടെ മേശപ്പുറത്ത് തന്നെയിരിക്കുകയാണ്. അതിന് ഒരു തീരുമാനവുമെടുത്തിട്ടില്ല. ഈ പ്രതികളെ രക്ഷപ്പെടുത്താൻ വേണ്ടിത്തന്നെയാണ് കേസിൽ അപ്പീൽ പോകാൻ സർക്കാർ തീരുമാനിക്കാത്തത്. അക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. മറ്റൊന്ന്, ഈ കേസിലെ പ്രതികൾ സുപ്രീംകോടതിയിൽ അപ്പീൽ

പോയിരിക്കുകയാണ്. കഴിഞ്ഞ 12 കൊല്ലമായി ജയിലിൽ കഴിയുന്ന ഈ പ്രതികൾ ഇപ്പോൾ ഹൈക്കോടതിയിലും മികച്ച അഭിഭാഷകരെ വച്ച് കേസ് നടത്തി; സുപ്രീം കോടതിയിലും ഇപ്പോൾ അതിനേക്കാൾ മികച്ച അഭിഭാഷകരെ വച്ച് കേസ് നടത്താൻ പോകുകയാണ്. എവിടെ നിന്നാണ് ഈ കൊലയാളികൾക്ക് പണം ലഭിക്കുന്നത്; പാർട്ടിയാണ് ഇവർക്ക് പണം കൊടുക്കുന്നത്. പാർട്ടിയുടെ സംരക്ഷണത്തിൽ കൊലയാളികൾക്ക് വളരാനുള്ള സഹായങ്ങളെല്ലാം സർക്കാർ ചെയ്തുകൊടുക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് .... പ്ലീസ് കൺക്ലൂഡ്.....

ശ്രീമതി കെ. കെ. രമ: സർ, പിണറായി സർക്കാർ അടുത്ത രണ്ടുവർഷം കഴിഞ്ഞാൽ അധികാരത്തിൽ വരില്ലെന്ന് അവർക്ക് നന്നായിട്ടറിയാം. അധികാരത്തിൽനിന്നും ഇറങ്ങുന്നതിനുമുമ്പ് ഈ പ്രതികളെ ജയിലിൽനിന്ന് പുറത്തുകടത്തണമെന്നാണ് സർക്കാരിന്റെ അജണ്ട. അതിന്റെ ഭാഗമായിട്ടുള്ള നീക്കങ്ങളാണ് നടക്കുന്നത്. അതുകൊണ്ടാണ് അപ്പീലിനുപോലും പോകാതെ ഈ കേസിന്മേൽ അടയിരിക്കുന്നത്. അക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള നടപടിയുണ്ടാകണം.

ആരോഗ്യരംഗത്തെക്കുറിച്ച് പറയേണ്ടതില്ല. വലിയതോതിലുള്ള ബുദ്ധിമുട്ടുകൾ ഓരോ സ്ഥലത്തും അനുഭവിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ആശുപത്രികൾക്കായി ധാരാളം കെട്ടിടങ്ങൾ എടുത്തിട്ടുണ്ട്. ഒരു കെട്ടിടത്തിന് ഏകദേശം 5 കോടിയോളം രൂപ ചെലവ് വരുന്നതാണ്. ഈ കെട്ടിടങ്ങളിൽ അത്യാവശ്യ സൗകര്യങ്ങളുണ്ടെങ്കിലും ആശുപത്രികൾക്കാവശ്യമായ സ്റ്റാഫ് പാറ്റേൺ ഇല്ല. മതിയായ സ്റ്റാഫും ഡോക്ടർമാരും നഴ്സുമാരും അവിടെയില്ല. സർക്കാർ കഴിഞ്ഞ പ്രാവശ്യം എം.എൽ.എ. ഫണ്ടുപയോഗിച്ച് ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് എല്ലാ എം.എൽ.എ.-മാരുടെയും ഫണ്ടിൽനിന്നും നാലു കോടി രൂപ പിരിച്ചെടുത്തതിന്റെ ഭാഗമായി എന്റെ നിയോജകമണ്ഡലത്തിലും ഒരു ഐസൊലേഷൻ വാർഡ് സ്ഥാപിച്ചു. ഏകദേശം ഒന്നേമുക്കാൽ കോടി രൂപ ചെലവുവരുന്ന വാർഡിന്റെ പകുതി കിഫ്ബി ഫണ്ടും പകുതി എം.എൽ.എ. ഫണ്ടും ഉപയോഗിച്ചാണ് നിർമ്മിച്ചത്. എന്നാൽ നിർമ്മാണം പൂർത്തിയായി ഒരു മാസത്തിനുള്ളിൽ ഐസൊലേഷൻ വാർഡ് ഇടിഞ്ഞുവീഴുന്ന സാഹചര്യമുണ്ടായി. ഇതിൽ വൻ

അഴിമതിയാണ് നടക്കുന്നത്. എന്തെങ്കിലുമൊരു മേൽനോട്ടം ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുണ്ടോ; ഇത്തരത്തിലുള്ള വിഷയങ്ങൾ ഗൗരവത്തോടെ കാണാൻ കഴിയാത്ത ഈ ബജറ്റിനെ എങ്ങനെയാണ് പിന്തുണയ്ക്കുന്നത്? അതുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായി അനുകൂലിക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയത് കേരള മോഡൽ വികസന പദ്ധതിയുടെ വിജയമാണ്. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും സുസ്ഥിര വികസന സൂചികയിലുമൊക്കെ കേരളം നിരന്തരം ഒന്നാമതായി നിൽക്കുന്നുവെന്നത് കേരള മോഡൽ വികസനത്തിന്റെ പ്രത്യേകതയാണ്. അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. അടുത്ത കാലത്തായി വന്ന യുനെസ്കോയുടെ റിപ്പോർട്ടിൽ വിദ്യാഭ്യാസ വകുപ്പ് 2018 മുതൽ നടപ്പാക്കിയ 'ലിറ്റിൽ കൈറ്റ് പദ്ധതി' ലോകത്തിനുതന്നെ മാതൃകയായ മികച്ച പദ്ധതിയാണെന്ന പ്രത്യേക പരാമർശം വന്നിരുന്നു. നമ്മുടെ മറ്റൊരു

അഭിമാന പദ്ധതിയായ രാജ്യത്തെ ആദ്യത്തെ ട്രാൻസ്ഷിപ്മെന്റ് തുറമുഖമായ വിഴിഞ്ഞത്തിന് ഷിപ്പിംഗ് മന്ത്രാലയത്തിന്റെ അനുമതിയും കസ്റ്റംസിന്റെ അംഗീകാരവും ലഭിച്ച് അന്താരാഷ്ട്ര തുറമുഖമായി ഇപ്പോൾ പ്രവർത്തനക്ഷമമാകുകയാണ്. ജൂലൈ 12-ന് ആദ്യത്തെ ജംബോ കണ്ടെയ്നർഷിപ്പ് വരുന്നതോടുകൂടി ആ വലിയ പദ്ധതി യാഥാർഥ്യമാകുന്നതിലുള്ള സന്തോഷം ഞാൻ അറിയിക്കുകയാണ്. സംസ്ഥാനത്തെ സാമ്പത്തിക-വ്യാവസായിക-ടൂറിസം മേഖലകളിൽ വലിയ മാറ്റമുണ്ടാക്കാൻ ഇതിലൂടെ കഴിയുന്നതാണ്. സമയബന്ധിതമായി അത് പൂർത്തീകരിക്കാൻ സർക്കാർ കാണിക്കുന്ന മിടുക്കിനെ ഞാൻ അഭിനന്ദിക്കുന്നു. കേന്ദ്രം നൽകാനുള്ള ഫണ്ട് വെട്ടിക്കുറയ്ക്കുകയും എൻ.എച്ച്.എം. ഉൾപ്പെടെയുള്ള പല പദ്ധതികൾക്കും നൽകാനുള്ള വിഹിതവും നെൽകർഷകർക്ക് കൊടുക്കാനുള്ള വിഹിതവുമടക്കം കുടിശ്ശികയാക്കുകയും ചെയ്യുന്നത് വലിയ രീതിയിൽ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വളരെ തുച്ഛമായ തുകയാണ് നൽകുന്നതെങ്കിലും അതിന് കേന്ദ്ര ലേബൽ

കൊടുത്തില്ലെങ്കിൽ ആ തുകയും നൽകില്ലെന്നാണ് ഇപ്പോൾ കേന്ദ്രം പറയുന്നത്. നിലവിൽ നൽകുന്ന വിഹിതംപോലും നൽകാതിരിക്കാനുള്ള ചില ശ്രമങ്ങൾ നടക്കുകയാണ്. കേരളം വിവിധ രംഗങ്ങളിൽ കൈവരിച്ച നേട്ടത്തെക്കുറിച്ച് നമുക്ക് അറിയാവുന്നതാണ്. സമ്പൂർണ്ണ വെളിയിട വിസർജന വിമുക്തി കൈവരിക്കുന്നതിനായി എല്ലായിടത്തും ടോയ്ലറ്റ് സൗകര്യങ്ങളുള്ള സംസ്ഥാനമായി കേരളം മാറിയതുകൊണ്ടുതന്നെ ഇവിടെ ശുചിത്വത്തിനുള്ള ഫണ്ട് വെട്ടിക്കുറയ്ക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്തിരിക്കുന്നത്. അടുത്ത വർഷത്തോടെ 5 ലക്ഷം ആളുകൾക്ക് വീട് ലഭ്യമാകുന്ന കേരള ഗവൺമെന്റിന്റെ ഏറ്റവും മികച്ച പദ്ധതിയായ ലൈഫ് പദ്ധതിയിലും കേന്ദ്രവിഹിതം വളരെ കുറഞ്ഞു. ഗ്രാമപ്രദേശങ്ങളിൽ PMAY പദ്ധതിയിൽ 35000 വീടുകൾക്ക് മാത്രമാണ് കേന്ദ്രവിഹിതം ലഭിച്ചത്. അതിന് കേന്ദ്രം നൽകുന്ന തുക വളരെ കുറവാണ്. സംസ്ഥാന സർക്കാർ 4 ലക്ഷം രൂപ ഒരു വീടിന് ലഭ്യമാക്കുമ്പോൾ അതിൽ 72,000/- രൂപയാണ് കേന്ദ്രം നൽകുന്നത്. ഏകദേശം 4 ലക്ഷത്തോളം വീടുകൾ പൂർത്തീകരിച്ചതിൽ കേന്ദ്രത്തിൽനിന്നും ആ തുക ലഭ്യമായത് 35000

വീടുകൾക്കാണ്. എന്നിട്ടുപോലും കേന്ദ്രസഹായം ലഭിക്കുന്ന വീടുകളിൽ കേന്ദ്രത്തിന്റെ ലേബൽ നൽകിക്കൊണ്ട് ഉപഭോക്താക്കളെ മോശമാക്കുന്ന രീതിയിലുള്ള നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ലേബൽ നൽകിയില്ലെങ്കിൽ കേന്ദ്രസഹായം ലഭിക്കില്ലെന്ന് പറയുന്ന ഏറ്റവും വൃത്തികെട്ട സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ നമ്മുടെ എം.പി.-മാർ പാർലമെന്റിൽ വളരെ ശക്തമായി ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ ഗവൺമെന്റ് വന്നതിനുശേഷം മികച്ച പ്രവർത്തനങ്ങളാണ് വൈദ്യുതി മേഖലയിൽ സംജാതമാക്കിയിട്ടുള്ളത്. ഉത്തർപ്രദേശ്, ഹരിയാന, ഉത്തരാഖണ്ഡ്, ആന്ധ്രാപ്രദേശ്, ബീഹാർ, രാജസ്ഥാൻ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ ലോഡ്ഷെഡിംഗും പവർകട്ടും ഏർപ്പെടുത്തുന്നുണ്ട്. രാജസ്ഥാനിലടക്കം ചില സംസ്ഥാനങ്ങളിൽ അഞ്ച് മുതൽ ഏഴ് മണിക്കൂർ വരെ ലോഡ്ഷെഡിംഗും പവർകട്ടുമുണ്ടാകുന്ന സ്ഥിതിയാണുള്ളത്. എന്നാൽ ഈ സാഹചര്യത്തിലുൾപ്പെടെ കേരളത്തിനെ ഇരുട്ടിലാക്കാതെ 8 വർഷമായി നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദിക്കേണ്ടതാണ്.

സംസ്ഥാനത്ത് ലോഡ്ഷെഡിംഗും പവർകട്ടുമുണ്ടാകില്ലെന്ന് ഈ ഗവൺമെന്റ് പറയുകയും അത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. സോളാർ നിലയങ്ങൾ സ്ഥാപിച്ചതിലൂടെ വൈദ്യുതി മേഖലയിൽ വലിയ രീതിയിലുള്ള മാറ്റമാണുണ്ടായിട്ടുള്ളത്. 2015-ൽ ഇവിടെ 16.49 മെഗാവാട്ട് വൈദ്യുതിയുൽപാദനം മാത്രമാണുണ്ടായിരുന്നത്. എന്നാൽ 2024-ൽ സോളാർ പദ്ധതിയിലൂടെ 16.49 മെഗാവാട്ടിൽനിന്ന് 1000 മെഗാവാട്ടിലേയ്ക്ക് കേരളം കൈവരിച്ച നേട്ടം അഭിമാനകരമാണ്. പുരപ്പുറ സോളാർ വൈദ്യുതി ഗ്രിഡിലേയ്ക്ക് വാങ്ങുന്നതുമായി ബന്ധപ്പെട്ട് എനിക്കൊരു നിർദേശമുണ്ട്. വൈദ്യുതി വാങ്ങുമ്പോഴുള്ള കുറഞ്ഞ നിരക്കിലെ നികുതി ചെറിയ രീതിയിൽ വർധിപ്പിക്കാൻ നീക്കമുണ്ടായിരുന്നത് ഒഴിവാക്കാൻ തീരുമാനിച്ചെന്ന കാര്യം ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. അതോടൊപ്പംതന്നെ പുരപ്പുറ സോളാറിന് നിലവിൽ 2.69 രൂപയാണ് ഒരു യൂണിറ്റിന് വാങ്ങുന്നത്. ആ തുക വർധിപ്പിച്ചാൽ കൂടുതൽ ആളുകൾ സൗരോർജ പദ്ധതിയിലേയ്ക്ക് മാറുന്നതിന് താൽപര്യം കാണിക്കും. അതോടൊപ്പം വാർഷിക സെറ്റിൽമെന്റ്

മാർച്ചിലേയ്ക്ക് മാറ്റിയതുകൊണ്ടുള്ള ബുദ്ധിമുട്ട് മാറ്റാൻ ഫ്ലക്സിബിളായി സെറ്റിൽമെന്റ് വരുത്താനുള്ളൊരു സമീപനം സ്വീകരിക്കണം. കെ.എസ്.ഇ.ബി.എൽ.-ന്റെ നേതൃത്വത്തിൽ ഇ.വി. ചാർജിംഗ് സ്റ്റേഷനുകൾ നടത്തുന്നുണ്ട്. അത് കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടത്തുന്നതിനുപകരം യുവാക്കൾക്ക് ഒരു സംരംഭമായി നൽകുകയാണെങ്കിൽ ഫാസ്റ്റ് ചാർജിംഗ് കുറച്ചുകൂടി വ്യത്യസ്തമായ രീതിയിൽ നടത്തുന്നതിന് കഴിയും. കൂടാതെ പ്രസ്തുത സംരംഭം ഒരു തൊഴിൽ മേഖല കൂടിയാക്കി മാറ്റുന്നതിനും നമുക്ക് സാധിക്കും.

വരുമാനവുമായി ബന്ധപ്പെട്ട് വലിയ രീതിയിലുള്ള ബുദ്ധിമുട്ടുകൾ ജനങ്ങൾ അനുഭവിക്കുന്നുണ്ട്. 2018-ലെയും 2019-ലെയും പ്രളയങ്ങൾക്കുശേഷം നമ്മുടെ ഡാമുകളും പുഴകളുമെല്ലാം മണ്ണും മണലും എക്കലും മാലിന്യങ്ങളുമൊക്കെയായി നിറഞ്ഞുകിടക്കുന്നത് അതിന്റെ സ്വാഭാവികമായ ഒഴുക്കിനെപ്പോലും ബാധിക്കുന്നുണ്ട്. പലയിടത്തും അതിൽനിന്ന് ആ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും വരുമാനമുണ്ടാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും വേണ്ടത്ര വിജയിച്ചിട്ടില്ല. പ്രളയ സാധ്യത കുറയ്ക്കാനും കൂടുതൽ ജലം സംഭരിക്കാനും

വരുമാനം വർധിപ്പിക്കാനുമായി വളരെ വേഗത്തിൽ ആ മാലിന്യങ്ങൾ നീക്കംചെയ്യുന്ന പ്രവൃത്തി ഒരു പ്രത്യേക മിഷനായി ഏറ്റെടുത്ത് നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഭാരതപ്പുഴയുടെ സൈഡ്‌വാൾ കെട്ടുന്നതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. അതിനുംകൂടി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

കേന്ദ്രസർക്കാർ വിഹിതം നൽകാത്തതുകൊണ്ട് ഗ്രാമീണ വീടുകൾക്ക് കുടിവെള്ളമെത്തിക്കുന്ന 'ജൽജീവൻ പദ്ധതി' ഇപ്പോൾ പ്രതിസന്ധിയിലാണ്. ആ പദ്ധതി വളരെ വേഗത്തിൽ യാഥാർഥ്യമാക്കേണ്ടതുണ്ട്. ഗ്രാമീണ റോഡുകളുടെ നവീകരണത്തിന്റെ ഭാഗമായി ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിലും പല സാങ്കേതിക കാരണങ്ങളാൽ അവ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അത് വേഗത്തിൽ പൂർത്തീകരിച്ച് ഗ്രാമീണ റോഡുകൾ നവീകരിക്കാനുള്ള നടപടി സ്വീകരിക്കണം. ആയിരം കോടി രൂപയാണ് അതിനായി മാറ്റി വയ്ക്കുന്നുവെന്ന് പറഞ്ഞിരുന്നത്. ആ തുകയിലൂടെ എല്ലാ ഗ്രാമീണ റോഡുകളും നവീകരിക്കേണ്ട നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാരിന്റെ ഫണ്ടുകൂടി ഉള്ളതുകൊണ്ട് ജൽജീവൻ മിഷൻ പദ്ധതി സ്വകാര്യവൽക്കരിക്കുമോയെന്ന്

പലർക്കും ആശങ്കയുണ്ട്. ശ്രീ. സുരേഷ് ഗോപി തൃശ്ശൂരിൽനിന്ന് ലോക്സഭ ഇലക്ഷനിൽ ജയിക്കുന്നതുവരെ പറഞ്ഞതുപോലെയല്ല ഇപ്പോൾ പറയുന്നത്. ജയിച്ചപ്പോൾ ഉദ്ഘാടനത്തിനുപോലും ലക്ഷങ്ങൾ കൊടുക്കണമെന്ന രീതിയിലാണ് ജനപ്രതിനിധിയായൊരു എം.പി. പറയുന്നത്. തൃശ്ശൂരുകാർ പലരും പറ്റിക്കപ്പെട്ടുവെന്നത് തിരിച്ചറിഞ്ഞത് ഇപ്പോഴാണ്. സിനിമാ നടനായ സ്വന്തം എം.പി.-യെ ഉദ്ഘാടനത്തിന് വിളിക്കുമ്പോൾ ഫ്രീയായി വരുമെന്നാണ് അവർ കരുതിയത്. എന്നാൽ അതിനുപോലും വലിയ ചാർജ് ഈടാക്കുന്നുവെന്നാണ് അറിയാൻ സാധിച്ചത്. അതുപോലെ ജൽജീവൻ പദ്ധതിക്കായി കേന്ദ്രം ചെറിയ വിഹിതം നൽകുകയാണ്. ഇത് പൂർത്തീകരിച്ചുകഴിഞ്ഞാൽ സ്വകാര്യവൽക്കരിക്കാനുള്ള ശ്രമങ്ങളുണ്ടാകുകയും അതുവഴി ആളുകൾക്ക് വലിയ ചെലവുകൾ വരാനുള്ള സാധ്യതയുണ്ടാകുകയുമാണ്. അത് ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

പ്രധാനപ്പെട്ട കുറച്ച് കാര്യങ്ങൾ ഇവിടെ അറിയിക്കാനുള്ളത് പദ്ധതികൾക്ക് തുക ചെലവഴിക്കുന്ന കാര്യത്തിൽ മുൻഗണന

നിശ്ചയിക്കുമ്പോൾ ഭിന്നശേഷി മേഖലകൾക്കും വയോജനങ്ങൾക്കും പ്രത്യേക പരിഗണന കൊടുക്കണം. ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവർക്കും മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും മൾട്ടിപ്പിൾ ഡിസെബിലിറ്റിയുള്ളവർക്കും നൽകുന്ന ഇൻഷ്വറൻസ് പദ്ധതിയായ 'നിരാമയ' പദ്ധതി വഴിയുള്ള തുക ലഭ്യമാകുന്നില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ടാണത്. അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പം ചലന വെല്ലുവിളി നേരിടുന്നവർക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തണം. കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള ബസ്സുകളിൽ ഭിന്നശേഷിക്കാർക്ക് റാമ്പ് ഉണ്ടാക്കുകയാണെങ്കിൽ അത് അവർക്ക് പ്രയോജനം ചെയ്യുന്നതാണ്. കിടപ്പുരോഗികളെ പരിചരിക്കുന്നവർക്കായി ധനസഹായം നൽകുന്ന 'ആശ്വാസകിരണം' പദ്ധതിയുടെ തുക വർധിപ്പിക്കുകയും ഫസ്റ്റ് പ്രയോറിറ്റി കൊടുത്തുകൊണ്ട് അത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം. ഭിന്നശേഷിക്കാരുടെ മേഖലയിൽ ബഡ്സ് സ്കൂളുകൾ വളരെ മികച്ച പ്രവർത്തനമാണ് നടത്തുന്നത്. എന്നാൽ ബഡ്സ് സ്കൂളുകളിലെ സ്റ്റാഫുകൾ

നിലവിൽ സാലറി വാങ്ങുന്നത് പഞ്ചായത്തിൽ നിന്നാണ്. അവരുടെ രജിസ്ട്രേഷൻ സാമൂഹ്യനീതി വകുപ്പിലും അവരുടെ പ്രവർത്തനം കുടുംബശ്രീ വഴിയുമാണ്. ഇതുകാരണമുണ്ടാകുന്ന ചില പ്രശ്നങ്ങളുണ്ട്; അവർക്ക് യാതൊരു തരത്തിലും ആരോഗ്യ ഇൻഷ്വറൻസ് ലഭിക്കുന്നില്ല. അവരെ എൽ.എസ്.ജി.ഡി.-യുടെ സ്റ്റാഫായി പരിഗണിച്ച് മെഡിസെപ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടിയുണ്ടാകണം. ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, സൈക്കോ തെറാപ്പി പോലുള്ള തെറാപ്പികൾക്ക് ഭീമമായ തുകയാണ് ഭിന്നശേഷിക്കാർ ചെലവാക്കുന്നത്. അത് ബ്ലോക്കുകളിൽത്തന്നെ കുറഞ്ഞ ചെലവിൽ ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. ബി.ആർ.സി. വഴി സ്കൂളുകളിൽ എൻറോൾ ചെയ്യപ്പെട്ട സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് എട്ട് വർഷമായി ശമ്പളപരിഷ്കരണം നടത്തിയിട്ടില്ല. അക്കാര്യവും പരിഗണിക്കേണ്ടതാണ്. ഡിസെബിലിറ്റി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. ആനുകൂല്യങ്ങൾ ലഭിക്കണമെന്നുണ്ടെങ്കിൽ ഭിന്നശേഷിക്കാരായ ആളുകൾക്ക് സർട്ടിഫിക്കറ്റ് ആവശ്യമാണ്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന ആളുകൾക്ക്

ഐ.ക്യൂ.ടെസ്റ്റിന് അസസ്മെന്റ് നടത്താൻ ക്ലിനിക്കൽ സൈക്കോളജിസ്റ്റും ന്യൂറോ വിഭാഗം ഡോക്ടർമാരും പലപ്പോഴും താലൂക്ക് ആശുപത്രിയിൽ ഉണ്ടാകാത്തതിനാൽ പല ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നില്ല. താലൂക്ക് ആശുപത്രികളിൽ മെഡിക്കൽ ബോർഡിൽ ഇത്തരം വിദഗ്ധരെ ഉൾപ്പെടുത്താനുള്ള പ്രത്യേക സംവിധാനമുണ്ടാക്കണം. അച്ഛനമ്മമാർ മരണപ്പെട്ട ഭിന്നശേഷിക്കാരായ ആളുകളെ സംരക്ഷിക്കാൻ സംവിധാനമില്ല. എല്ലാ ജില്ലകളിലും അവരെ സംരക്ഷിക്കാൻ സാധിക്കുന്നൊരു പുനരധിവാസ കേന്ദ്രംകൂടി ഒരുക്കണമെന്ന് അഭ്യർഥിക്കുകയാണ്. എം.എൽ.എ. ഫണ്ടുപയോഗിച്ചോ ആസ്തി വികസന ഫണ്ടുപയോഗിച്ചോ ഇപ്പോൾ മുച്ചക്ര വാഹനങ്ങൾ നൽകാൻ കഴിയില്ല. മണ്ഡലത്തിലുള്ള യാതൊരു നിർവാഹമില്ലാത്തതും സർക്കാർ പദ്ധതിയിലൂടെ ധനസഹായങ്ങളൊന്നും ലഭിക്കാത്തതുമായ ഭിന്നശേഷിക്കാരായ ആളുകൾക്ക് മുച്ചക്ര വാഹനമോ ഇലക്ട്രിക്കൽ വീൽചെയറോ അഞ്ച് വർഷത്തിലൊരിക്കലെങ്കിലും ലഭ്യമാക്കാനുള്ള അനുമതിയുണ്ടാക്കണം. അവസാനമായി ഒരു കാര്യംകൂടി പറയുകയാണ്, എല്ലാ ദിവസവും വളരെ വിഷമമുണ്ടാക്കുന്ന ഫോൺ

കോളുകളാണ് ഞങ്ങൾക്ക് വരുന്നത്. കാരണം, ഒന്നരയും രണ്ടും വയസ്സായ കുട്ടികൾക്കാണ് ബ്ലഡ് ക്യാൻസർ, കരൾ രോഗം എന്നിവയുണ്ടാകുന്നത്. ചില കുട്ടികൾക്ക് കരൾ മാറ്റിവയ്ക്കൽ ഉൾപ്പെടെയുള്ള ശസ്ത്രക്രിയകൾ ചെയ്യേണ്ടതായി വരുന്നു. ഇത്തരം അസുഖമുണ്ടാകുന്ന കുട്ടികൾക്ക് ചികിത്സയ്ക്കായി പ്രൈവറ്റ് ആശുപത്രികളിൽ ഭീമമായ തുകയാണ് വേണ്ടിവരുന്നത്. അവർക്ക് പ്രയോറിറ്റി നൽകിക്കൊണ്ട് ചികിത്സയ്ക്കാവശ്യമായ സംവിധാനമുണ്ടാക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്.

കേന്ദ്രസർക്കാർ നൽകേണ്ട ആനുകൂല്യങ്ങളും ഗ്രാന്റുകളും വിഹിതങ്ങളും വെട്ടിക്കുറയ്ക്കുന്ന നടപടിക്കെതിരെ ഒറ്റക്കെട്ടായി പോരാടേണ്ടതാണ്. ഇവിടെ നിന്ന് ജയിച്ച മുഴുവൻ എം.പി.-മാരും പാർലമെന്റിൽ അതിശക്തമായി കേരളത്തിനുവേണ്ടി വാദിക്കുകയും കേരളത്തിന്റെ അവകാശങ്ങൾ നേടിയെടുക്കാൻ മുന്നിൽ നിൽക്കുകയും ചെയ്യണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

(അധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. വി. ജോയി: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന കടുത്ത സാമ്പത്തിക ഉപരോധത്തിനിടയിലും സംസ്ഥാനം സ്ഥായിയായ വളർച്ച നേടുന്നുവെന്നാണ് കണക്കുകൾ കാണിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനം (GSDP) 6.6 ശതമാനം വളർച്ച രേഖപ്പെടുത്തി. അഖിലേന്ത്യാതലത്തിൽ പ്രതിശീർഷ വരുമാനം 5.9 ശതമാനമായിരിക്കെ നമ്മുടെ വളർച്ച ശ്രദ്ധേയമായ തോതിൽ എത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സംയോജിതമൂല്യം കണക്കാക്കുമ്പോഴും അതിൽ 6.19 ശതമാനം വളർച്ച നേടിയതായി നമുക്ക് കാണാൻ സാധിക്കും. കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ഇന്ത്യൻ ശരാശരിയുടെ 1.5 മടങ്ങ് കൂടുതലാണ്. സംസ്ഥാനത്ത് പച്ചക്കറി, തെങ്ങ്, നെല്ല്, റബ്ബർ എന്നിവയുടെയെല്ലാം ഉൽപാദനം വർധിച്ചുവരികയാണ്. ക്ഷീരോല്പാദനരംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങൾ പ്രതിദിനം 20 മുതൽ 25 ലക്ഷം ലിറ്റർവരെ പാൽ സംഭരിക്കുന്ന രീതിയിലേയ്ക്ക് കേരളം മാറുകയാണ്. ഏതാണ്ട് 139840

ചെറുകിട-ഇടത്തരം സംരംഭങ്ങളും 8,421 കോടി രൂപയുടെ നിക്ഷേപവുമുണ്ട്; ഇത് സർവകാല റെക്കോർഡ് ഭേദിക്കുകയാണ്. നാം എന്തൊക്കെ പറഞ്ഞാലും പ്രതിപക്ഷം എത്രതന്നെ എതിർത്താലും തനത് നികുതി വരുമാനം 60 ശതമാനത്തിലധികം വർധിച്ചു. അതുപോലെ ജി.എസ്.ടി.-യിലും വിൽപന നികുതിയിലും എക്സൈസ് തീരുവയിലും വർധനവുണ്ടായി. സംസ്ഥാനത്തെ നികുതി വരുമാനത്തിൽ ശ്രദ്ധേയമായ മാറ്റമുണ്ടാക്കാൻ സാധിച്ചു. തനത് നികുതി വരുമാനത്തിന്റെ കാര്യത്തിൽ കേരളം മുന്നിലാണെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രത്യേകമായി സൂചിപ്പിക്കുകയുണ്ടായി. ദേശീയ ശരാശരി 65.4 ശതമാനമാകുമ്പോൾ കേരളത്തിന്റെ ശരാശരി 78.7 ശതമാനമെന്നുള്ളത് ശ്രദ്ധേയമാണ്. കേരളം കടം വാങ്ങി കൂട്ടുന്നുവെന്നുള്ളത് പ്രതിപക്ഷത്തിന്റെ തുടർച്ചയായിട്ടുള്ള ഒരു ആക്ഷേപമാണ്. 2024 മേയ് മാസത്തിൽ ആർ.ബി.ഐ. പുറത്തുവിട്ട ഏറ്റവും പുതിയ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നത് കടമെടുപ്പിൽ കേരളം ഏറ്റവും പിന്നിലാണെന്നാണ്. തമിഴ്നാട് 91,000 കോടി രൂപയും മഹാരാഷ്ട്ര 80,000 കോടി രൂപയും ആന്ധ്രാപ്രദേശ് 68,000 കോടി രൂപയും

കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടക 60,000 കോടി രൂപയും കടമെടുത്തപ്പോൾ കേരളം 28,830 കോടി രൂപ മാത്രമാണ് കടമെടുത്തതെന്ന് ആർ.ബി.ഐ.-യുടെ കണക്കുകൾ സൂചിപ്പിക്കുകയാണ്. എഫ്.ആർ.ബി.എം. (Fiscal Responsibility and Budget Management) നിയമപ്രകാരം കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും വായ്പാപരിധി നിശ്ചയിച്ചിട്ടുണ്ട്. മൊത്തം ആഭ്യന്തര വരുമാനത്തിന്റെ മൂന്ന് ശതമാനമാണത്. പക്ഷേ കേന്ദ്രത്തിന് ഇത് ബാധകമല്ല. ഏതാണ്ട് 5.9 ശതമാനത്തോളം വർധനവാണ് വരുത്തിയിട്ടുള്ളത്. ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ ശ്രദ്ധേയമായ ഇടപെടലാണ് അങ്ങ് സ്വീകരിക്കുന്നത്. അത് കേരളത്തിന്റെ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ നമുക്ക് കരുത്ത് നൽകുന്നതാണെന്ന് സൂചിപ്പിക്കുകയാണ്. വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് വളരെ ശ്രദ്ധേയമായ നിലപാടാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകുന്നതെന്ന് നമുക്കറിയാം. കുട്ടികളുടെ ബുദ്ധിവികാസം വരുന്ന പ്രായമായതിനാൽ പ്രൈമറി തലത്തിലുള്ള വിദ്യാർഥികളെയാണ് ധാരാളം ശ്രദ്ധിക്കേണ്ടത്. ഭാഷ,

ഗണിതം എന്നിങ്ങനെയുള്ള കാര്യങ്ങളിൽ പ്രത്യേകമായ ഊന്നൽ നൽകിയാണ് നിലവിൽ പദ്ധതികൾ നടത്തിവരുന്നത്. അത് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ കാര്യമാണ്. ഇക്കാര്യത്തിൽ 'സംയുക്ത ഡയറി' എന്ന പ്രത്യേകമായിട്ടുള്ള പദ്ധതി നടപ്പാക്കുകയാണ്. ഇപ്പോൾ ശിശുസൗഹൃദ ഗണിത ശാസ്ത്ര പഠനം - 'മഞ്ചാടി' ഏറ്റവും ശ്രദ്ധേയമായ ഒരു പരിപാടിയാക്കി മാറ്റാൻ വിദ്യാഭ്യാസ വകുപ്പിന് സാധിച്ചിട്ടുണ്ട്. ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളും ശ്രദ്ധേയമാണ്. ഓരോ ദിവസവും നാം കേൾക്കുന്ന വാർത്തകൾ ഞെട്ടിക്കുന്നതാണ്. പക്ഷേ സ്കൂളുകളെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന 'തെളിവാനം വരക്കുന്നവർ' എന്ന പ്രത്യേക പരിപാടി ഏറ്റവും ശ്രദ്ധ ആകർഷിക്കുകയാണ്. സാക്ഷരതാ പദ്ധതികളും ശ്രദ്ധേയമാകുകയാണ്. പട്ടികജാതിക്കാർക്കുവേണ്ടിയുള്ള പ്രത്യേക സാക്ഷരതാ പദ്ധതിയായ 'നവചേതന', ആദിവാസികൾക്കുള്ള വയനാട്-അട്ടപ്പാടി പദ്ധതികൾ, ട്രാൻസ്ജെൻഡറുകൾക്കുവേണ്ടിയുള്ള 'സമന്വയ' പദ്ധതി എന്നിങ്ങനെ ഓരോ

മേഖലയിലും ശ്രദ്ധേയമായിട്ടുള്ള നിരവധി കാര്യങ്ങൾ നമ്മുടെ വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുകയാണ്.

ഇവിടെ ചില കാര്യങ്ങൾകൂടി സൂചിപ്പിച്ചുപോകണമെന്ന് ആഗ്രഹിക്കുകയാണ്. ഞങ്ങളുടെ ചെലവിലാണ് നിങ്ങളുടെ ചില എം.പി.-മാർ വന്നതെന്നാണ് ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. അതിനെക്കുറിച്ച് ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ 19 സീറ്റുണ്ടായിരുന്നത് പതിനെട്ട് സീറ്റായി കുറഞ്ഞുവെന്നാണ്. പത്തൊൻപതുണ്ടായിരുന്നു; പിന്നീട് അത് 18 സീറ്റായി കുറഞ്ഞു; ജയിച്ചപ്പോൾ 19 ആയിരുന്നു. ഇപ്പോൾ പതിനെട്ട് കിട്ടിയതിന്റെ അഹങ്കാരം നിങ്ങളുടെ ചെലവിലാണെന്ന് അദ്ദേഹം പറയുകയാണ്. അദ്ദേഹം സൂചിപ്പിച്ചതിന്റെ ചെറിയൊരു മറുപടി പറയാം; രാജസ്ഥാനെ സംബന്ധിച്ച് അങ്ങ് പറഞ്ഞൊരു കാര്യം ഞാൻ പറയാം. രാജസ്ഥാനിൽ കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ ശെഖാവതി-ബിക്കാനീർ മേഖലകളിലായി പതിനേഴ് സീറ്റുകളിൽ സി.പി.ഐ.(എം.) മത്സരിച്ചിരുന്നു. രണ്ട് സീറ്റിൽ രണ്ടാമതും നാല് സീറ്റിൽ മൂന്നാമതും സി.പി.ഐ.(എം.) ആണ്

വന്നത്. ചുരു ലോക്സഭാ മണ്ഡലത്തിലുൾപ്പെടുന്ന ഭദ്രയിൽ സി.പി.ഐ. (എം)-ന്റെ ശ്രീ. ബൽവാൻ പൂനിയ ഒരു ലക്ഷത്തിലധികം വോട്ടുകൾ നേടി രണ്ടാം സ്ഥാനത്ത് വന്നു. അവിടെ വിജയിച്ച ആൾ സി.പി.ഐ.(എം.)-ന് ലഭിച്ചതിനേക്കാൾ 1132 വോട്ടുകൾ നേടിയാണ് വിജയിച്ചത്. കോൺഗ്രസിന് അവിടെ ലഭിച്ചത് 3771 വോട്ടുകൾ മാത്രമാണ്. ചുരു മണ്ഡലത്തിൽ കോൺഗ്രസ് ഇപ്പോൾ ജയിച്ചത് 72,737 വോട്ടിനാണ്. നേരത്തെ മത്സരിച്ച ഞങ്ങൾക്ക് ഒരുലക്ഷത്തിലധികം വോട്ട് കിട്ടിയ മണ്ഡലത്തിലെ വോട്ടുകൂടി കോൺഗ്രസിന് കിട്ടിയെന്നുള്ളത് നിങ്ങൾ മറക്കരുത്. നിങ്ങളുടെ ചെലവിൽ ജയിച്ചൊരു മണ്ഡലമുണ്ടെന്നുള്ളത് മറക്കരുത്. കേരളത്തിൽ ഒരു മണ്ഡലത്തിൽ 86,000 വോട്ടുകൾ ബി.ജെ.പി.-യുടെ പെട്ടിയിലേയ്ക്ക് കൊടുത്തവരാണ് നിങ്ങളെന്നുള്ള വസ്തുത മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഇവിടെ എസ്.എഫ്.ഐ.-യെ വളഞ്ഞിട്ട് ആക്രമിക്കുന്നൊരു സ്ഥിതി പ്രതിപക്ഷവും കൂടെച്ച് മാധ്യമങ്ങളും നടത്തുകയാണ്. (....ബഹളം.....) അതിൽ സി.പി.ഐ.(എം) -നെ കൂട്ട് പിടിക്കേണ്ട കാര്യം നിങ്ങൾക്കില്ല. കാര്യവട്ടം ക്യാമ്പസിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ഒരു വാർത്ത വന്നിരുന്നു.

എന്തായിരുന്നു പ്രതിപക്ഷ നേതാവ് പറഞ്ഞത്; അവിടെ ഇടിമുറിയുണ്ട്, 121-ാം നമ്പർ മുറി ഇടിമുറിയെന്നാണ് ഇവിടെ സൂചിപ്പിച്ചത്. നിങ്ങൾ പറയുന്നത് പിന്നീട് നിങ്ങൾക്ക് വിഴുങ്ങേണ്ടി വരുന്നുവെന്നുള്ളതിന് എത്രയോ അനുഭവങ്ങൾ നിങ്ങളുടെ മുമ്പിൽത്തന്നെയുണ്ട്. കേരളത്തിലെ ഏതെങ്കിലും ഒരു ക്യാമ്പസിൽ അത് കാണിച്ചുതരാൻ സാധിക്കുമോ? പ്രസ്തുത മുറി തുറന്നിട്ട് മൂന്ന് മാസമായി. ആ മുറി അനുവദിച്ചിരിക്കുന്ന വ്യക്തി കാര്യവട്ടത്തെ ക്യാമ്പസിൽനിന്നും മുംബൈയിൽ ഒരു പ്രോജക്ടിനുവേണ്ടി പോയിരിക്കുകയാണ്. അവിടെ എന്താണ് നടന്നതെന്ന് ഞാൻ ശ്രീ. വിൻസെന്റിനോട് പറയാം. നവാഗതരെ സ്വാഗതം ചെയ്യുന്നതിനുവേണ്ടി എസ്.എഫ്.ഐ. രാത്രിയിൽ കൊടിതോരണങ്ങൾ കെട്ടുന്ന സമയത്താണ് കെ.എസ്.യു. വിദ്യാർഥി മറ്റൊരാളെയുംകൂട്ടി മദ്യപിച്ച് ബൈക്കിൽവന്ന് പ്രശ്നമുണ്ടാക്കുന്നത്. അങ്ങോട്ടും ഇങ്ങോട്ടും പ്രശ്നമുണ്ടായി. ആ പ്രശ്നമെന്നത് ആസൂത്രിതമാണ്. (.....ബഹളം.....) അതെങ്ങനെയാണ് ആസൂത്രിതമായത്? ഈ സഭയിലെ രണ്ട് എം.എൽ.എ.-മാർ നടത്തിയ ഒരു നാടകത്തിന്റെ ഭാഗമായിട്ടാണ് കാര്യവട്ടം ക്യാമ്പസിൽ ഈ പ്രശ്നമുണ്ടായത്.

(.....ബഹളം.....) ഈ സംഭവം കഴിഞ്ഞ് മിനിട്ടുകൾക്കുള്ളിൽ യൂത്ത് കോൺഗ്രസ് അവിടെയെത്തി. (.....ബഹളം.....) അത് ആരൊക്കെയാണ്? (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.....ഇരിക്കൂ..

ശ്രീ. വി. ജോയി: സർ, ശ്രീ. എം. വിൻസെന്റ് എങ്ങനെയാണ് ശ്രീകാര്യം പോലീസ് സ്റ്റേഷനിലെത്തുന്നത്? ഇതെല്ലാം വളരെ പ്ലാനിംഗ് ആണ്. ശ്രീ. ചാണ്ടി ഉമ്മൻ എങ്ങനെയാണ് ഇവിടെയെത്തുന്നത്? (.....ബഹളം.....) നിയമസഭാ സമ്മേളനം നടക്കുമ്പോൾ വളരെ ആസൂത്രിതമായി ഒരു വിഷയമുണ്ടാക്കുകയെന്ന രീതിയിലാണ് ഈ എം.എൽ.എ.-മാർ ഇടപെട്ടിട്ടുള്ളതെന്ന് കാണണം. (.....ബഹളം.....) ഞാൻ ഒരു കാര്യം കൂടി പറയാം, എ.കെ.ജി. സെന്ററിൽ ബോംബ് എറിഞ്ഞപ്പോൾ, അത് നിങ്ങൾ തന്നെ ചെയ്തിട്ട് വാർത്തയുണ്ടാക്കാൻ ശ്രമിക്കുകയാണെന്ന് ഇവിടെ പ്രതിപക്ഷം പറഞ്ഞു. അതിന്റെ പേരിൽ വലിയ കോലാഹലമുണ്ടാക്കി; അവസാനം എന്തായി; ആരായിരുന്ന സുഹൈൽ; ആരായിരുന്ന സുബീഷ്; ഈ രണ്ടാളുകളും യൂത്ത് കോൺഗ്രസ്സിന്റെ

നേതാക്കന്മാരാണ്. സംഭവം കഴിഞ്ഞ് ഒരാൾ ലണ്ടനിലേയ്ക്കും ഒരാൾ ദുബായിലേയ്ക്കും പോയി. ഇപ്പോൾ സുഹൈലിനെ തിരിച്ചുകൊണ്ടുവന്നു. സുഹൈലിനെ അറസ്റ്റ് ചെയ്ത് ഇവിടെ കൊണ്ടുവന്ന് കോടതിയിൽ ഹാജരാക്കുമ്പോൾ സുഹൈൽ കുഴഞ്ഞുവീണു. അപ്പോൾ ജനറൽ ഹോസ്പിറ്റലിലേയ്ക്ക് കൊണ്ടുപോകാൻ കോടതി പറഞ്ഞു; ഒരാൾ കോടതി മുമ്പാകെ കുഴഞ്ഞുവീണാൽ ഏത് കോടതിയാണെങ്കിലും അയാളെ ഹോസ്പിറ്റലിൽ കൊണ്ടുപോകാൻ പറയും. അങ്ങനെ ജനറൽ ഹോസ്പിറ്റലിലേയ്ക്ക് കൊണ്ടുപോയി. ജനറൽ ഹോസ്പിറ്റലിൽ ഈ സഭയിലെ ഒരംഗം ശ്രീ. ചാണ്ടി ഉമ്മൻ എന്ത് നിലപാടാണ് സ്വീകരിച്ചത്; അക്രമികളെ സംരക്ഷിക്കുന്നതാര്; അക്രമികൾക്ക് കൂട്ട് നിൽക്കുന്നതാര്? ശ്രീ. ചാണ്ടി ഉമ്മൻ അവിടെ ചെന്ന് ഡോക്ടർമാരെയും ജീവനക്കാരെയും ഭീക്ഷണിപ്പെടുത്തി. അവിടെ പ്രശ്നങ്ങൾ സൃഷ്ടിച്ചു. തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് ഈ ഗുണ്ടാപ്പടകൾക്ക് സഹായം ചെയ്തുകൊടുക്കുന്ന ഒരംഗമായി ശ്രീ. ചാണ്ടി ഉമ്മൻ മാറുകയാണ്. അവസാനം നിവൃത്തിയില്ലാതെ അവിടെനിന്ന് ഡോക്ടർമാർ റഫർ ചെയ്ത് മെഡിക്കൽ കോളേജിലേയ്ക്ക്

സുഹൈലിനെ അയയ്ക്കുന്ന സാഹചര്യം വന്നു. നിങ്ങൾ മനസ്സിലാക്കണം, ഇവിടെ ഏറ്റവും കൂടുതൽ നെറികെട്ട രാഷ്ട്രീയ പ്രവർത്തനം നടത്തുന്നത് നിങ്ങളാണ്. ആരുടെയോ ഇൻകുബേറ്ററിൽ വിരിയിക്കുന്ന സാധനമാണെന്ന് ഇവിടെ പ്രതിപക്ഷ നേതാവ് പറഞ്ഞു; അങ്ങനെയാണെങ്കിൽ ഏത് ഇൻകുബേറ്ററിലാണ് ഇവരെ വിരിയിപ്പിച്ചതെന്ന് നിങ്ങൾ പറയണം; നിശ്ചയമായും പറയണം. നിങ്ങൾ പറയാൻ ബാധ്യസ്ഥരാണ്. നിങ്ങളതിന് ഉത്തരം പറയേണ്ടതായിട്ടുണ്ട്. എസ്.എഫ്.ഐ. രൂപം കൊണ്ടിട്ട് അൻപത്തിമൂന്ന് വർഷം കഴിഞ്ഞു. അൻപത്തിമൂന്ന് വർഷക്കാലത്തിനിടയിൽ എസ്.എഫ്.ഐ.-യുടെ ഒരു കഠാര മുനകൊണ്ട്, ഒരു ചെറിയ കത്തികൊണ്ട് ഒരു കെ.എസ്.യു.-ക്കാരന്റെയോ മറ്റേതെങ്കിലും വിദ്യാർഥി സംഘടനയിലെ പ്രവർത്തകന്റെയോ ഒരു തുള്ളി രക്തം പുറത്തുവരേണ്ടി വന്നിട്ടില്ല. നിങ്ങൾ നോക്കൂ, ഏറ്റവും അവസാനം നിങ്ങൾ കൊലപ്പെടുത്തിയ ധീരജിന്റെ കാര്യമെന്താണ്; നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ് അത് ഇരന്നുവാങ്ങിയ മരണമാണെന്ന് പറഞ്ഞു. എന്റെ കുട്ടികളാണ് അത് ചെയ്തതെന്ന് നിങ്ങൾ പറഞ്ഞവരാണെന്ന് ഓർക്കണം. പ്രതിപക്ഷ

നേതാവിനോടും ബന്ധപ്പെട്ടവരോടും പറയുകയാണ്, ഇപ്പോൾ ബഹുമാനപ്പെട്ട അംഗം സി. എച്ച്. കുഞ്ഞമ്പു പറഞ്ഞല്ലോ; കെ.പി.സി.സി.-യുടെ പേര് മാറുകയാണ്, കൂടോത്രം പാർട്ടിയെന്ന് മാറുകയാണ്; ആ പറയുന്നതിനോട് ഒരർഥത്തിൽ ഞാൻ യോജിക്കുന്നു. പക്ഷേ മറ്റൊരർഥത്തിൽ ഞാൻ നിങ്ങളോട് പറയുകയാണ്, ഇങ്ങനെയൊരു വിവാദം വന്നാൽ ഈ ശാസ്ത്രം ഇത്രയും വികസിച്ച ഒരു കാലഘട്ടത്തിൽ നിങ്ങളതിനെ എതിർക്കണ്ടേ; നിങ്ങളുടെ ഏതെങ്കിലുമൊരു നേതാവ് എതിർത്തോ? ഇല്ല, ഒരക്ഷരം മിണ്ടിയില്ല. അബിയെന്ന് പറയുന്ന ഒരു യൂത്ത് കോൺഗ്രസ്സുകാരൻ മാത്രമാണ് ആകെ എന്തെങ്കിലും പറഞ്ഞതെന്നാണ് എനിക്ക് തോന്നുന്നത്, ആകെ എതിർത്ത ഒരാളാണ്. ഇപ്പോൾ വന്നിരിക്കുന്നതെന്താണ്; മുൻ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരന്റെ വീട്ടിൽനിന്ന് എട്ട് പ്രാവശ്യം ഈ കൂടോത്രം എടുത്തു എന്നാണ്. എന്താണ് ഈ കേൾക്കുന്നത്; ഈ വാദഗതിയ്ക്കെതിരായി, ഈ കൂടോത്രത്തിനെതിരായി അല്ലെങ്കിൽ ഈ സംവിധാനത്തിനെതിരായി ഇന്നത്തെ കാലത്ത് ഉറഞ്ഞുതുള്ളേണ്ട ബാധ്യത കോൺഗ്രസ്സിനുണ്ടെന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ

മാറിനിന്നാൽ നിങ്ങൾ തന്നെയാണിതിന് ഉത്തരവാദിയെന്ന് ജനം സംശയിച്ചാൽ ആരെയും കുറ്റം പറയാൻ പറ്റില്ലെന്നത് നിങ്ങൾ ഓർക്കണം. ഞാൻ അവസാനിപ്പിക്കുകയാണ്. നിങ്ങൾ അവസാനമായി കൊന്നുതള്ളിയ ഞങ്ങളുടെ പ്രിയപ്പെട്ട എഞ്ചിനീയറിംഗ് കോളേജ് വിദ്യാർഥി ധീരജിന്റെ മരണത്തിനുശേഷം അയാളുടെ അച്ഛൻ എഴുതിയ ഒരു നാല് വരി നിങ്ങളെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. "ഖദറിട്ട കാട്ടാളനാം കൊലയാളി, നിൻ കത്തി മുനയാൽ എൻ കുഞ്ഞിന്റെ ഹൃദയം കുത്തി കീറിയില്ലേ;" എന്ന് ധീരജിന്റെ അച്ഛൻ കണ്ണുനീര് കൊണ്ടെഴുതിയ ആ വരികൾ നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ധനാവിനിയോഗ ബില്ലിനെ ഞാൻ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, പോയിന്റ് ഓഫ് ഓർഡർ....., ഈ സഭയിൽ എന്റെ പേര് അനാവശ്യമായി വലിച്ചിഴച്ചിരിക്കുകയാണ്. ഞാൻ ജനറൽ ഹോസ്പിറ്റലിൽ എന്റെയൊരു സഹപ്രവർത്തകനെ കാണാൻ പോയതാണ്. ഞാൻ അവിടെ ഒരാളോടും അപമര്യാദയായി പെരുമാറിയിട്ടില്ലെന്ന് മാത്രമല്ല, വളരെ നല്ല രീതിയിലാണ് ഞാൻ എല്ലാവരോടും സംസാരിച്ചത്. ഞാൻ

അവിടെച്ചെന്ന് ഭീഷണിപ്പെടുത്തിയെന്നും ഗുണ്ടായിസം കാണിച്ചുവെന്നും ഈ സഭയിലെ ഒരംഗം കള്ളം പറഞ്ഞിരിക്കുകയാണ്. അത് സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല. അത് സഭാരേഖയിൽനിന്ന് നീക്കം ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: അത് പരിശോധിക്കാം.+

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ....., കാര്യവട്ടം ക്യാമ്പസിലെ സംഭവങ്ങൾക്കുശേഷം ആക്രമണത്തിനിരയായ വിദ്യാർഥി ആശുപത്രിയിലായതിനുശേഷമാണ് ഞാൻ പോലീസ് സ്റ്റേഷന്റെ നടയിൽ പോകുന്നത്. എനിക്ക് നേരെയാണ് ആക്രമണമുണ്ടായത്. എന്നിട്ട് ആ ആക്രമണത്തെ ന്യായീകരിക്കാൻവേണ്ടി ബഹുമാനപ്പെട്ട വർക്കല അംഗം നാളിതുവരെ മദ്യപിച്ചിട്ടില്ലാത്ത ഒരു വിദ്യാർഥിയെ അയാൾ മദ്യപിച്ചുവെന്നും ബഹളമുണ്ടാക്കിയെന്നും പറഞ്ഞു; ആ നാടകത്തിനെല്ലാം ആസൂത്രണം ചെയ്തത് ഞാനും ശ്രീ. ചാണ്ടി ഉമ്മനുമാണെന്ന് വരുത്തി തീർക്കുന്നത് തീർച്ചയായും ഞങ്ങളെ പൊതുരംഗത്ത് കളങ്കപ്പെടുത്താനുള്ള നടപടിയായി മാത്രമേ കാണാൻ കഴിയുകയുള്ളൂ. അത് സഭാരേഖകളിൽനിന്ന് നീക്കം

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. 11963/ഇ.ബി./2024/ലെജി. തീയതി 10/07/2024) സഭാരേഖയിൽ നിലനിർത്തി.

ചെയ്യുകയും അതിന് സ്പീക്കർ റൂളിംഗ് നൽകുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: യെസ്... പ്ലീസ്... പോയിന്റ് ക്ലിയർ ആയി.

ശ്രീ. വി. ജോയി: ബഹുമാനപ്പെട്ട എം. വിൻസെന്റ് എം.എൽ.എ. കാറിൽവന്ന് പോലീസ് സ്റ്റേഷന്റെ നടയിൽ ഇറങ്ങി ഡോർ വലിച്ച് തുറന്നിട്ട് ഞാൻ ആരെന്നറിയാമോയെന്ന് ചോദിച്ചുകൊണ്ടാണ് എസ്.എഫ്.ഐ.-ക്കാരന്റെ കഴുത്തിൽ കയറി കുത്തിപ്പിടിക്കുന്നത്.

മി. സ്പീക്കർ: യെസ്.. പ്ലീസ്... പ്ലീസ്.. (...ബഹളം...)

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ ഇരിപ്പ് കണ്ടപ്പോൾ എനിക്ക് പുന്താനത്തിന്റെ രണ്ട് വരികളാണ് ഓർമ്മവന്നത്, "മാളികമുകളേറിയ മന്നന്റെ തോളിൽ മാറാപ്പുകേറ്റുന്നതും ഭവാൻ". കഴിഞ്ഞ കാലത്ത് ഡോ. ടി. എം. തോമസ് ഐസക് ചെയ്തതിന്റെ എല്ലാ മാറാപ്പും തോളിലേറ്റി ആ പാവം ഇങ്ങനെ ഇരിക്കുന്നത് കണ്ടപ്പോൾ എനിക്ക് അതിയായ സങ്കടമാണ് തോന്നിയത്. കേരളത്തിന് 4.25 ലക്ഷം കോടി രൂപയുടെ

കടമാണ് ഇപ്പോഴുള്ളത്. കേരളത്തിൽ ഓരോ കുട്ടിയും ജനിക്കുന്നത് ഒന്നേകാൽ ലക്ഷം രൂപയുടെ കടക്കാരനായിട്ടാണ്. ധനകാര്യ മാനേജ്മെന്റ് ഇതുപോലെ തകർന്ന ഒരു കാലമുണ്ടാകില്ല. ഇതിന്റെയൊക്കെ ഉത്തരവാദിത്വം ആർക്കാണെന്നുള്ളത് കേരളത്തിലെ ജനങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. ഈ നിയമസഭയിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം ഡോ. ടി. എം. തോമസ് ഐസക് നടത്തിയ പ്രസംഗം മാത്രം പരിശോധിച്ചാൽ മതി. നിങ്ങളിങ്ങനെ off budget borrowing എടുക്കാൻ പാടില്ലെന്ന് ഞങ്ങൾ അന്ന് പറഞ്ഞതാണ്. നിങ്ങൾ പെൻഷൻ കമ്പനി രൂപീകരിച്ച് off budget borrowing എടുത്താൽ അത് നിങ്ങളുടെ കടമെടുപ്പ് പരിധിയിൽ വരും. അതിനെയെല്ലാം എതിർത്ത് കടം വാങ്ങി നിങ്ങൾ 4.25 ലക്ഷം കോടി രൂപയുടെ കടബാധ്യതയിലേയ്ക്ക് കേരളത്തെ എത്തിച്ചിരിക്കുകയാണ്. കേരളത്തിൽ ഇ. എം. എസ്. മുതൽ ഉമ്മൻചാണ്ടി വരെയുള്ള ഗവൺമെന്റുകൾ എടുത്തതിന്റെ എത്രയോ ഇരട്ടിയാണ് നിങ്ങൾ കടമെടുത്തിരിക്കുന്നത്. നിങ്ങൾ കടമെടുത്തിട്ട് എന്ത് ചെയ്തു; ഒരു ഗവൺമെന്റ് കടമെടുക്കുന്നത് എന്തിന് വേണ്ടിയാണ്? റവന്യൂ ജനറേഷനുവേണ്ടിയാണ്.

കിഫ്ബി പദ്ധതിയിലൂടെ എന്ത് റവന്യൂ ജനറേഷനാണ് ഇവിടെയുണ്ടായത്? തിരിച്ചടവിനുവേണ്ടി ഇന്ന് ബഡ്ജറ്റിലെ പണം കണ്ടെത്തുകയാണ്. മസാല ബോണ്ടിന്റെ കാര്യമെടുക്കാം, 2150 കോടി രൂപയാണ് 9.723 ശതമാനം പലിശയ്ക്ക് നിങ്ങൾ മസാല ബോണ്ടിൽ കടമെടുത്തത്. നിങ്ങൾ ഇപ്പോൾ 3195.23 കോടി രൂപയാണ് തിരിച്ചടച്ചത്; എന്തിനാണ് ഈ മസാല ബോണ്ട് വാങ്ങിയത്; ആർക്ക് കൊടുക്കാനായിരുന്നു? അന്ന് ഞങ്ങളതിനെ എതിർത്തു. 9.723 ശതമാനത്തിനല്ല, അതിൽ കുറഞ്ഞ ശതമാനത്തിന് ലോൺ ലഭിക്കുന്ന സാഹചര്യമുണ്ട്. അപ്പോൾ നിങ്ങൾക്ക് ചിലരെ സഹായിക്കണമായിരുന്നു. മസാല ബോണ്ട് വിൽക്കുന്നതിന് മാത്രം നിങ്ങൾ ചെലവഴിച്ചത് 2.29 കോടി രൂപയാണ്, പബ്ലിസിറ്റിക്കുവേണ്ടി മാത്രം. നിങ്ങളാണ് ഈ കേരളത്തെ കടബാധ്യതയിലേയ്ക്ക് തള്ളിവിട്ടത്. ഇവിടെ എന്താണ് സ്ഥിതി? ഇന്ന് കേരളത്തിൽ നിങ്ങൾക്ക് പെൻഷൻ നൽകാൻ കഴിയുന്നുണ്ടോ? ഇവിടെ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ പ്രസംഗം കേട്ടപ്പോൾ ഡോ. ടി. എം. തോമസ് ഐസക്കിന്റെ കൂടെ ടീച്ചറും ചേർന്നതായിട്ടാണ് എനിക്ക് തോന്നുന്നത്. ഡോ. ടി. എം. തോമസ് ഐസക്ക് ഇപ്പോൾ എല്ലാ

പത്ര സമ്മേളനങ്ങളിലും ചാനൽ ചർച്ചകളിലും പറയുന്നത് 'ഞങ്ങൾക്ക് പ്രയോറിറ്റി വേണം' എന്നാണ്. സ്വയം വിമർശനമാണ് നടത്തുന്നത്. ഇടനാഴികളെപ്പറ്റി ചിന്തിച്ച ഡോ. ടി. എം. തോമസ് ഐസക്ക് അഞ്ചുവർഷക്കാലം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ എന്തുകൊണ്ടാണ് പ്രയോറിറ്റിയെപ്പറ്റി ആലോചിക്കാതിരുന്നത്? അദ്ദേഹത്തിന്റെ പ്രയോറിറ്റി എന്തായിരുന്നു; അത് പ്രഖ്യാപനങ്ങൾ മാത്രമായിരുന്നു. വയനാട് പാക്കേജ് - പത്തുലക്ഷം കോടി, തീരദേശ പാക്കേജ് - പത്തുലക്ഷം കോടി, ഇടുക്കി പാക്കേജ് - പത്തുലക്ഷം കോടി..., അതിൽ ഒരു രൂപ ചെലവഴിക്കാൻ കഴിഞ്ഞോ; എന്ത് പ്രയോറിറ്റിയാണ് ഡോ. ടി. എം. തോമസ് ഐസക്കിന് ഉണ്ടായിരുന്നത്? അദ്ദേഹം ഇപ്പോൾ ടി. വി. ചാനലുകളിൽ പത്രസമ്മേളനം നടത്തുകയും അഭിപ്രായപ്രകടനം നടത്തുകയുമാണ്. ഈ ഗവൺമെന്റിന് പ്രയോറിറ്റി ഇല്ലെങ്കിൽ ശ്രീ. കെ. എൻ. ബാലഗോപാൽ പറയട്ടെ; നിങ്ങൾ തന്നെയാണ് നിങ്ങൾക്ക് പ്രയോറിറ്റിയില്ലെന്ന് പറയുന്നത്. നിങ്ങൾ മറ്റുവഴികളിലേയ്ക്ക് പോയി. ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ പ്രസംഗം ഇന്ന്

ശ്രീ. കെ. എൻ. ബാലഗോപാലിനെ വിമർശിച്ചുകൊണ്ടായിരുന്നു. വീണ്ടും 'കേരളീയം' പ്രോഗ്രാം നടത്താൻ പോകുകയാണെന്ന വാർത്ത കണ്ടിരുന്നു. എന്തിനാണത്? 'കേരളീയം' നടത്തി കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നു; സ്പോൺസർമാരെ കണ്ടെത്തുന്നു. ഈ സ്പോൺസർമാർ ആരാണ്? ടാക്സ് വെട്ടിക്കുന്നയാളുകൾ, കള്ളക്കച്ചവടക്കാർ, ക്വാറി മുതലാളിമാർ എന്നിവരാണ്. അവർക്ക് സൗജന്യം ചെയ്തുകൊടുത്ത് അവരെ നിങ്ങൾ സ്പോൺസർ ചെയ്യുകയാണ്. ഗവൺമെന്റ് അങ്ങനെ സ്പോൺസർ ചെയ്യിക്കുന്നത് ശരിയാണോ; ഗവൺമെന്റ് പദ്ധതികൾക്ക് കള്ളക്കച്ചവടക്കാരെയും tax evade ചെയ്യുന്നവരെയുംകൊണ്ട് നിങ്ങൾ സ്പോൺസർ ചെയ്യിക്കുന്നത് ശരിയാണോ? മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി നടന്നപ്പോൾ കേരളത്തിൽ ആർക്കെങ്കിലും പ്രയോജനമുണ്ടായോ; ലക്ഷക്കണക്കിന് അപേക്ഷ വാങ്ങിയില്ലേ; ആർക്ക് പ്രയോജനമുണ്ടായി; ആർക്കുവേണ്ടിയാണ് നിങ്ങളത് ചെയ്തത്? അതോടൊപ്പംതന്നെ ലോക കേരളസഭകൊണ്ട് എന്ത് പ്രയോജനമുണ്ടായി? നമ്മൾ കാണേണ്ടൊരു കാര്യമാണ്. കേന്ദ്രത്തിന്റെ നയങ്ങളെയും കോർപ്പറേറ്റ് നയങ്ങളെയും

ഞങ്ങൾ എതിർക്കുന്നുണ്ട്. പക്ഷെ നിങ്ങൾ ചെയ്തതെന്താണ്? നവലിബറൽ സമീപനങ്ങളുമായിട്ടാണ് നിങ്ങൾ മുന്നോട്ടുപോയത്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് പരിശോധിക്കുക. നിങ്ങൾ എന്ത് ബദലാണ് ഇവിടെ കൊണ്ടുവന്നത്? നിങ്ങൾ ഒരു ബദലും കൊണ്ടുവന്നില്ല. കഴിഞ്ഞ എട്ടുവർഷക്കാലമായി ഈ ഗവൺമെന്റിനെ ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണെന്ന് പറയാൻപോലും കഴിയില്ല. ഡോ. ടി. എം. തോമസ് ഐസക്ക് പ്രയോരിറ്റി തെറ്റിപ്പോയെന്ന് മാറിനിന്ന് പറയുകയാണ്. ഞാൻ ചോദിക്കട്ടെ; കേരളത്തിലെ സാധാരണക്കാരന്റെ ജീവിതത്തിൽ മാറ്റം വരുത്താൻ നിങ്ങൾ എന്തുചെയ്തു? കയർ, കശുവണ്ടി, കൈത്തറി എന്നീ മേഖലകളിലെ തൊളിലാളികളുടെ പ്രശ്നങ്ങൾ ഇന്ന് ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ചത് കേട്ടപ്പോൾ എനിക്ക് സന്തോഷം തോന്നി. ഒരു കാലത്ത് അടിസ്ഥാന വർഗങ്ങൾ സി.പി.എം.-നോടൊപ്പം നിന്നിരുന്നെങ്കിൽ ഇന്ന് അവരെല്ലാം നിങ്ങളെ കൈയൊഴിയാനുള്ള കാരണം തുടർഭരണമാണ്. ഈ തുടർഭരണത്തിന്റെ പേരിൽ നിങ്ങൾ കാണിക്കുന്ന അഹങ്കാരം, ധിക്കാരം, ധാർഷ്ട്യം എന്നിവ

കാരണമാണ് കേരളത്തിലെ ജനങ്ങൾ നിങ്ങൾക്കെതിരായി വോട്ട് ചെയ്തത്. നിങ്ങളുടെ വോട്ടുകൾ എങ്ങോട്ടാണ് പോകുന്നതെന്ന് ഇന്ന് നിങ്ങൾ കാണണം. ബി.ജെ.പി.-യിലേയ്ക്കാണ് പോകുന്നത്. ഞങ്ങൾക്കതിൽ സങ്കടമുണ്ട്. ഒന്നോരണ്ടോ നേതാക്കന്മാർ കോൺഗ്രസിൽനിന്ന് ബി.ജെ.പി.-യിലേയ്ക്ക് പോയപ്പോൾ നിങ്ങൾ ആർത്തട്ടഹസിക്കുകയും ഞങ്ങളെ കളിയാക്കുകയും ചെയ്തു. ഇന്ന് സി.പി.എം.-ന്റെ ലക്ഷക്കണക്കിന് വോട്ടുകളാണ് ബി.ജെ.പി.-യിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നതെന്നുള്ള വസ്തുത നിങ്ങൾ മനസ്സിലാക്കണം. ഞങ്ങളതിൽ സന്തോഷിക്കുന്നില്ല. ഈ രാജ്യത്ത് ബി.ജെ.പി.-യെ പരാജയപ്പെടുത്തുന്നതിനുള്ള ശക്തമായൊരു ദേശീയ മുന്നണിയാണ് ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ഉജ്ജ്വലമായ വിജയം നേടിയ ഇൻഡ്യ മുന്നണി. ശ്രീ. നരേന്ദ്രമോദിക്കെതിരെ പോരാടാൻ കഴിയുന്ന ഏക നേതാവ് ഇന്ന് രാഹുൽ ഗാന്ധിയാണ്. അദ്ദേഹത്തെ ഡിസ്ക്വാളിഫൈ ചെയ്തു, 52 മണിക്കൂർ ED (Enforcement Directorate) ചോദ്യം ചെയ്തു. അങ്ങനെ നിരവധി പ്രതിരോധങ്ങളും എല്ലാ വിധത്തിലുള്ള പീഡനങ്ങളുമുണ്ടായിട്ടും ധീരമായി നിന്നുകൊണ്ട് ശ്രീ. നരേന്ദ്രമോദിക്കും

ബി.ജെ.പി.-യ്ക്കെതിരെ പോരാടിയ ഇന്ത്യയിലെ ഒരേയൊരു നേതാവ് ശ്രീ. രാഹുൽ ഗാന്ധിയാണെന്ന കാര്യത്തിൽ തർക്കമുണ്ടോ? ഇന്ന് പ്രതിപക്ഷത്തിന് ഇത്രയും വലിയ മുന്നേറ്റമുണ്ടാക്കിയത് അദ്ദേഹം നടത്തിയ 'ഭാരത് ജോഡോ' യാത്രയായിരുന്നു. ആ യാത്രയിലൂടെ പുതിയൊരു രാഹുൽ ഗാന്ധിയെ ഇന്ത്യയിലെ ജനങ്ങൾ കണ്ടു. കോടിക്കണക്കിന് രൂപ ചെലവഴിച്ച് ശ്രീ. രാഹുൽ ഗാന്ധിയുടെ മുഖം വികൃതമാക്കാൻവേണ്ടി ബി.ജെ.പി.-യുടെ പി. ആർ. ടീമുകൾ നടത്തിയ പ്രവർത്തനങ്ങൾ അതിജീവിച്ചുകൊണ്ടാണ് അദ്ദേഹം ഈ പോരാട്ടം നടത്തുന്നത്. ഇന്ന് ഇന്ത്യയുടെ പ്രതിപക്ഷ നേതാവെന്നുള്ള നിലയിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ പാർലമെന്റിനകത്തെ പ്രസംഗം ഇന്ത്യയിലെ മുഴുവൻ ജനങ്ങളും കൈനീട്ടി സ്വീകരിച്ചതാണ്. ആ പ്രസംഗം റിപ്പോർട്ട് ചെയ്ത മാതൃഭൂമി പത്രത്തെ ബഹിഷ്കരിക്കാനാണ് ബി.ജെ.പി. പറയുന്നത്. എവിടെച്ചെന്ന് നിൽക്കും നമ്മുടെ ജനാധിപത്യം? ഇന്ത്യയിൽ ഈ മതേതര ജനാധിപത്യ മുന്നേറ്റത്തിന് നേതൃത്വം കൊടുക്കാൻ കഴിയുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസിനും ഇൻഡ്യ മുന്നണിക്കും മാത്രമാണെന്നുള്ളതാണ് സത്യം.

ഞങ്ങൾ സി.പി.എം. തകരണമെന്നാഗ്രഹിക്കുന്നവരല്ല, കമ്മ്യൂണിസ്റ്റ് പാർട്ടി അവസാനിച്ച് കാണണമെന്നാഗ്രഹിക്കുന്നവരല്ല. പക്ഷേ ബംഗാളും ത്രിപുരയും നിങ്ങൾക്കൊരു പാഠമാകണം. ബംഗാളും ത്രിപുരയും കേരളത്തിൽ ആവർത്തിക്കാൻ പാടില്ല. ബംഗാളിലും ത്രിപുരയിലും നിങ്ങളുടെ പാർട്ടി ഓഫീസുകൾ ബി.ജെ.പി. ഓഫീസുകളായി. നിങ്ങളോടൊപ്പംനിന്ന ജനവിഭാഗങ്ങൾ ബി.ജെ.പി.-യിലേയ്ക്ക് പോയതുപോലെ കേരളത്തിൽ സംഭവിക്കാൻ പാടില്ല. എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം തമ്മിൽ പരമ്പരാഗതമായിട്ടുള്ള പോരാട്ടമുണ്ട്. ആ പോരാട്ടം ഒരു ഭാഗത്ത് നിൽക്കുമ്പോഴും ബി.ജെ.പി.-യ്ക്കെതിരെ ശക്തമായ പോരാട്ടത്തിലൂടെ മുന്നോട്ടുപോകണം എന്നതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. ഇവിടെ ബി.ജെ.പി.-യ്ക്ക് ഒരു സീറ്റ് ഉണ്ടാകരുതെന്ന് കണ്ടുകൊണ്ടാണ് നേമത്ത് ശ്രീ. കെ. മുരളീധരൻ എന്ന മുൻ കെ.പി.സി.സി. പ്രസിഡന്റിനെ മത്സരിപ്പിക്കാനുള്ള ധീരമായ തീരുമാനം ഞങ്ങളെടുത്തത്. ഞങ്ങളങ്ങനെ മത്സരിച്ചതുകൊണ്ടാണ് ശ്രീ. വി. ശിവൻകുട്ടി നിയമസഭയിൽ വന്നത്. ഇല്ലായിരുന്നെങ്കിൽ ബി.ജെ.പി.-യുടെ ഒരു എം.എൽ.എ. ഇവിടെ

വന്നിരിക്കുമായിരുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ രാഷ്ട്രീയ നിലപാട് വളരെ വ്യക്തമാണ്. ഈ രാജ്യത്ത് ബി.ജെ.പി.-യുടെ വർഗീയതയ്ക്കെതിരായി, സ്വേച്ഛാധിപത്യത്തിനെതിരായി, കോർപ്പറേറ്റുവൽക്കരണത്തിനെതിരായി അതിശക്തമായ നിലപാടുമായിട്ടാണ് ഇൻഡ്യ മുന്നണി മുന്നോട്ടുപോകുന്നത്. അതിലൊരു വിട്ടുവീഴ്ചയും ഞങ്ങൾ ചെയ്യാറില്ല. ഈ നാടിന്റെ ചരിത്രം എടുത്തുനോക്കിയാൽ ഇന്ത്യയുടെ സ്വാതന്ത്ര്യസമര സേനാനികളെപ്പോലും ഇല്ലായ്മ ചെയ്ത് നാഥൂറാം വിനായക് ഗോഡ്സെയ്ക്കുവേണ്ടി സിന്ദാബാദ് വിളിക്കുന്ന ആളുകൾ ചരിത്രത്തെ വളച്ചൊടിക്കാൻ ശ്രമിക്കുന്നു. അതിനെതിരായ പോരാട്ടമാണിത്. ആ പോരാട്ടത്തിൽ ഇന്ത്യയിലെ മുഴുവൻ മതേതര ശക്തികളെയും ഒന്നിപ്പിക്കാൻ കഴിയുന്ന ഏക ശക്തി കോൺഗ്രസാണ്. അതിന്റെ ഏക നേതാവ് ശ്രീ. രാഹുൽ ഗാന്ധിയാണെന്ന കാര്യത്തിൽ ഒരു തർക്കവും വേണ്ട. അത് നാളെ തെളിയിക്കാൻ പോകുന്ന കാര്യമാണ്. കേന്ദ്ര ഗവൺമെന്റിന് അധികം ആയുസ്സില്ല. നിങ്ങൾ പേടിക്കണ്ട, ഈ ഗവൺമെന്റ് അധികകാലം മുന്നോട്ടുപോകില്ല.

അധികനാൾ ഇന്ത്യ ഭരിക്കാൻ പോകുന്നില്ല. രണ്ട് crutches-ന്റെ സഹായത്തോടെ ഭരിക്കുന്നൊരു മുന്നണി ഗവൺമെന്റാണ്. പഴയതുപോലെ ശ്രീ. നരേന്ദ്രമോദിക്ക് എല്ലാവരെയും ഭീഷണിപ്പെടുത്താൻ കഴിയില്ല. അതിശക്തമായ ജനകീയ പോരാട്ടങ്ങളിലൂടെ ഈ ഗവൺമെന്റിനെ നിലയ്ക്കുനിർത്താൻ നമുക്ക് സാധിക്കും. അതിനുവേണ്ടിയുള്ള പോരാട്ടമാണ് തുടരേണ്ടത്. നിങ്ങൾ കേരളത്തിലെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കണം. സർക്കാർ ജീവനക്കാർക്ക് ഡി.എ. കൊടുക്കുന്നില്ല. ശമ്പള പരിഷ്കരണത്തിന് പുതിയ കമ്മീഷനെ ഏപ്പോൾ നിയോഗിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ പ്രഖ്യാപിക്കുമോ; പങ്കാളിത്ത പെൻഷൻ ഉപേക്ഷിച്ച് റഗുലർ പെൻഷൻ സ്കീമിലേയ്ക്ക് മാറുമെന്ന് അദ്ദേഹം പറയുമോ; പെൻഷൻ കുടിശ്ശിക എന്ന് നൽകുമെന്ന് അദ്ദേഹം പറയുമോ? സാമ്പത്തിക തകർച്ചയിലേയ്ക്ക് ഈ ഗവൺമെന്റ് എത്തിച്ചേർന്നതിന്റെ ഉത്തരവാദിത്വം നിങ്ങൾക്കുതന്നെയാണ്. കേന്ദ്രത്തിനുമാത്രമല്ല, നിങ്ങൾക്കും ഉത്തരവാദിത്വമുണ്ട്. കേന്ദ്രം ചെയ്യേണ്ടത് കേന്ദ്രവും നിങ്ങൾ ചെയ്യേണ്ടത് നിങ്ങളും ചെയ്യണം. അതുചെയ്യാതെ കുറ്റങ്ങൾ മറ്റുള്ളവരുടെ തലയിൽ

കെട്ടിവച്ച് രക്ഷപ്പെടാനുള്ള നിങ്ങളുടെ നീക്കം ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി വസ്തുതാപരമായി കാര്യങ്ങൾ മനസ്സിലാക്കുകയും പാർട്ടി തെറ്റുകൾ തിരുത്തി മുന്നോട്ടുപോകുകയും ചെയ്താൽ നിങ്ങൾക്ക് ജനവിശ്വാസം ആർജിക്കാൻ കഴിയും. നിങ്ങൾ തകർന്നുപോകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അത് നിങ്ങളുടെ തെറ്റായ ധാരണയാണ്. കോൺഗ്രസ്സിനും യു.ഡി.എഫ്.-നും അങ്ങനെയൊരു താൽപര്യമേയില്ല. വസ്തുതകളെ വസ്തുതകളായി കണ്ട് സ്വയം തിരുത്തി മുന്നോട്ടുപോകാൻ കഴിയണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ, കഴിഞ്ഞ അസംബ്ലി സെഷനിൽ അവതരിപ്പിച്ച് ഈ സെഷനിലെ ചർച്ചകളിൽക്കൂടി പൂർത്തിയാക്കി വിവിധ വകുപ്പുകളെ സംബന്ധിച്ച എല്ലാ ചെലവുകളും അംഗീകരിക്കണമെന്നാവശ്യപ്പെടുന്ന ഒരു ബില്ലാണ്. സഭയിൽ ഓരോ വകുപ്പും വകുപ്പടിസ്ഥാനത്തിൽ വളരെ വിപുലമായ ചർച്ചകൾ

നടത്തിയതിന്റെ ക്രോഡീകരണമാണ് ഈ ബിൽ. എങ്കിലും പ്രധാനമായും ഇത്തരം കാര്യങ്ങളിൽ രാഷ്ട്രീയപരമായ നിലപാടുകൾ എല്ലാ അംഗങ്ങളും ആവർത്തിച്ച് പറയുകയാണുണ്ടായത്. കൂടാതെ പുതിയ ചില നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. മുമ്പ് വകുപ്പടിസ്ഥാനത്തിൽ നടത്തിയ ചർച്ചയിൽ ചില മന്ത്രിമാർ പറഞ്ഞ വിഷയങ്ങളുള്ളതിനാൽ ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല.

പ്രധാനമായും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെയും ഭാവിയെയും സംബന്ധിച്ച ചർച്ചകളാണ് ഇത്തരം ബജറ്റിന്റെ ഭാഗമായി വരേണ്ടത്. സ്വാഭാവികമായും അത്തരം കാര്യങ്ങളിൽ പ്രതിപക്ഷം വിമർശനമുന്നയിക്കുകയും ഭരണപക്ഷം പുതിയ നിർദേശങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യും. കൂടാതെ ഭരണപക്ഷത്തുനിന്നും ചില പുതിയ കാര്യങ്ങൾ ചെയ്യണമെന്നുള്ള ആവശ്യങ്ങളുമുണ്ടാകും. കേരളത്തിന്റെ ഭാവിയെ കരുതി തന്നെയാണ് നമ്മളെല്ലാം ഇതെല്ലാം കേൾക്കുന്നതും കണക്കാക്കുന്നതും. രാഷ്ട്രീയ പരിമിതികൾ നമ്മുടെ പൊതുവായ കാഴ്ചപ്പാടുകളെ ബാധിക്കരുതെന്നുള്ളതാണ് നമ്മുടെ ധാരണയും കാഴ്ചപ്പാടും.

പലപ്പോഴും അങ്ങനെയുണ്ടാകുന്നില്ലെന്നതാണ് പ്രശ്നം. നമുക്ക് ഇഷ്ടമില്ലാത്ത ആരെന്ത് ചെയ്താലും അതിനെയെല്ലാം കുറ്റം പറയുക മാത്രമാണ് പ്രതിപക്ഷത്തിന്റെ കടമയെന്ന് നിങ്ങൾ ധരിക്കരുത്. അത്തരത്തിലുള്ള സമീപനത്തിന് നാടൻ ഭാഷയിലുള്ള പഴയൊരു പ്രയോഗമാണ് 'ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം' എന്നുള്ളത്. ഭരണപക്ഷത്തെ ഇങ്ങനെ കുറ്റം പറയുന്നതാണോ പ്രതിപക്ഷത്തിന്റെ ജോലിയെന്നത് നിങ്ങൾ ചിന്തിക്കണം. ഈ ഘട്ടത്തിൽ വളരെയേറെ കാര്യങ്ങൾ പറയേണ്ടതില്ല. കേരളത്തിന്റെ ധനകാര്യ മാനേജ്മെന്റ് ആകെ തകർന്നുപോയെന്ന് പറയുന്നതിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടോ? കേരളത്തിന്റെ ധനകാര്യവുമായി ബന്ധപ്പെട്ട് പ്രധാനമായും പരിശോധിക്കേണ്ടത് സംസ്ഥാനത്തിന്റെ വരുമാനം സംബന്ധിച്ചാണ്. നേരത്തെ പലതവണ നികുതി-നികുതിയേതര വരുമാനത്തെപ്പറ്റി പ്രത്യേകം പറഞ്ഞിട്ടുള്ളതുകൊണ്ട് അവ ഓരോന്നും ഇനി ആവർത്തിക്കുന്നില്ല. 2020-21-ൽ സംസ്ഥാനത്തിന്റെ നികുതി വരുമാനം 47,000-ൽ ചില്വാനം കോടി രൂപയായിരുന്നു. കോവിഡ് പകർച്ചവ്യാധി കഴിഞ്ഞുള്ള സമയത്ത് സംസ്ഥാനത്തിന്റെ

നികുതി-നികുതിയേതര വരുമാനം ആകെ 55,008 കോടി രൂപയായിരുന്നു. 2021-22-ൽ അത് 68,804 കോടി രൂപയായും 2022-23-ൽ 87,086 കോടി രൂപയായും 2023-24-ൽ 90,674 കോടി രൂപയായും വർധിച്ചു. മൂന്ന് വർഷംകൊണ്ട് സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനത്തിൽ 65 ശതമാനത്തിന്റെ വർധനയാണുണ്ടായത്. ഇത് നല്ലൊരു വർധനയാണെന്നു മാത്രമല്ല, ഇന്ത്യയിലെതന്നെ റിക്കോർഡ് വർധനയാണ്. പക്ഷെ സ്വാഭാവികമായും അത്തരം കാര്യങ്ങൾ അംഗീകരിക്കാൻ പ്രതിപക്ഷത്തിന് വിഷമമുണ്ടാകും. കാരണം മറ്റ് വിഷയങ്ങൾ പറയാനില്ലാത്തതുകൊണ്ട് ഇതിനെ വിഷമിച്ച് എതിർക്കുകയെന്നല്ലാതെ വേറെ മാർഗമില്ല. ഓരോ മേഖല പരിശോധിക്കുമ്പോഴും നമ്മുടെ നാടിന് ഇങ്ങനെയൊരു നേട്ടമുണ്ടാകുന്നല്ലോ എന്ന് തോന്നും. ഇനിയും ധാരാളം മേഖലകളിൽ കേരളം മെച്ചപ്പെടാനുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. കാരണം, എല്ലാം പൂർണ്ണമായ തലത്തിൽ നമുക്കെത്തിച്ചേരാൻ സാധിക്കില്ലല്ലോ? എന്തായാലും നികുതി വരുമാനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന് നല്ല വർധനവാണുണ്ടായിട്ടുള്ളത്. സംസ്ഥാനത്തിന്

ലഭിക്കാനുള്ള കേന്ദ്ര വിഹിതത്തിൽ വലിയ കുറവുണ്ടായിട്ടുണ്ടെന്ന കാര്യം ഞാൻ ഇനിയും ആവർത്തിക്കുന്നില്ല. പത്താം ധനകാര്യ കമ്മീഷൻ മുതൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന്റെ നികുതി വിഹിതം 50 ശതമാനമായി വെട്ടിച്ചുരുക്കേണ്ടതിന്റെയും പതിനാലാം ധനകാര്യ കമ്മീഷന്റെ കാലത്ത് 2.5 ശതമാനത്തിന് മുകളിലുണ്ടായിരുന്ന വിഹിതം 1.9 ശതമാനമായി കുറയ്ക്കേണ്ടതിന്റെയും ആവശ്യകതയുണ്ടായിരുന്നില്ല. 0.7 ശതമാനമെന്നത് ഇപ്പോഴത്തെ കണക്കനുസരിച്ച് 8,000-9,000 കോടി രൂപയുടെ കുറവാണ് വരുത്തിയിട്ടുള്ളത്. എന്നുമാത്രമല്ല, രണ്ടുവർഷം മുമ്പ് കേരളത്തിന് പലയിനത്തിൽ നൽകേണ്ട ഗ്രാന്റുകളുണ്ട്. അത് നമുക്ക് ഔദാര്യമായി നൽകിക്കൊണ്ടിരുന്ന ഗ്രാന്റല്ല, നമ്മുടെ അവകാശമാണ്. 33000 കോടിയോളം രൂപ ലഭിച്ചിരുന്നത് തൊട്ട് മുമ്പത്തെ വർഷം 11,000 കോടി രൂപയായി കുറയുന്നത് സംസ്ഥാനത്തിന് അംഗീകരിക്കാൻ കഴിയുന്ന കാര്യമാണോ? രണ്ടുവർഷംകൊണ്ട് 22,000 കോടി രൂപ ഗ്രാന്റിനത്തിൽ വെട്ടിക്കുറച്ചുവെന്നുള്ളത് കണക്കിലുള്ള കാര്യമാണ്. സംസ്ഥാനത്തിന്

അർഹതപ്പെട്ട കടമെടുപ്പ് പരിധി വെട്ടിക്കുറച്ചു. കടമെടുക്കണമെന്ന് പറഞ്ഞല്ല സർക്കാർ മുന്നോട്ടുപോകുന്നത്. നമുക്ക് ലഭിക്കാനുള്ള പണം അനുവദിച്ചാൽ കടമെടുക്കേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസ്സിലെ വിവരങ്ങളെപ്പറ്റി ചോദിച്ചതിന് അംഗങ്ങൾക്ക് മറുപടി നൽകിയതാണ്. കിഫ്ബി, കെ.എസ്.എസ്.പി.എൽ. മുതലായ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ കടമായി കണക്കാക്കി 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലും പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധിയിലുൾപ്പെടുത്തി 2017 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷംവരെ യഥാക്രമം 15,895 കോടി രൂപയും 91,617.59 കോടി രൂപയും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവുവരുത്തിയിട്ടുണ്ടെന്നാണ് സുപ്രീം കോടതിയിൽ സംസ്ഥാനം ഫയൽ ചെയ്ത OS No.1/2024 - 'സ്റ്റേറ്റ് ഓഫ് കേരള Vs യൂണിയൻ ഓഫ് ഇന്ത്യ' എന്ന കേസിൽ വ്യക്തമാക്കിയിട്ടുള്ളത്. ഈ രണ്ട് തുകകളുംകൂടി ആകെ 1,07,513 കോടി രൂപയുടെ കുറവാണ് വരുത്തിയിട്ടുള്ളത്. 2017 മുതലാണ് പബ്ലിക്

അക്കൗണ്ട് സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ ഭാഗമാക്കിയത് അതിന് മുമ്പുള്ള സർക്കാരുകൾക്കൊന്നും ആ നിയമം ബാധകമായിരുന്നില്ല. കിഫ്ബിയെയും പെൻഷൻ കമ്പനികളെയുംകൊണ്ട് കടമെടുപ്പിച്ചെന്ന് ബഹുമാനപ്പെട്ട മുൻപ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല നേരത്തെ പറയുകയുണ്ടായി. ഞങ്ങൾ അന്ന് കടമെടുക്കുമ്പോഴുണ്ടായിരുന്ന നിയമമെന്തായിരുന്നു? SOE (State-Owned Enterprise) - ന് കടമെടുത്താൽ നമ്മുടെ സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധിയിൽ ഉൾപ്പെടില്ലെന്നതായിരുന്നു അന്നത്തെ നിയമം. അതിനുശേഷമാണ് SOE എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയത്. കേന്ദ്ര സർക്കാരിന്റെ ആ നയത്തോട് യോജിക്കാൻ കഴിയാത്തതിനാലാണ് സംസ്ഥാന സർക്കാർ കോടതിയെ സമീപിച്ചത്. അത് നിങ്ങളുടെ സർക്കാർ ഭരിക്കുന്ന സമയത്തായാലും ഞങ്ങളുടെ സർക്കാർ ഭരിക്കുന്ന സമയത്തായാലും സാധാരണയായി ഏത് നിയമം അവർ നടപ്പാക്കിയാലും പ്രോസ്പെക്ടീവാക്കേണ്ടതല്ലേ? ഈ നിയമമെല്ലാം റിട്രോസ്പെക്ടീവ് ആയാണ് നടപ്പാക്കിയത്. സർക്കാർ ഗ്യാരന്റി നിൽക്കുന്ന

ധാരാളം പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ആ കടമെല്ലാം സംസ്ഥാനത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണോ? കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി., കെ.എസ്.എഫ്.ഇ., കെ.എഫ്.സി., ഹാന്റെക്സ്, ഹാന്റ്വീവ് തുടങ്ങിയ സ്ഥാപനങ്ങൾക്കെല്ലാം സർക്കാർ ഗ്യാരന്റി നിൽക്കുന്നുണ്ട്. അങ്ങനെ ഗ്യാരന്റി നിൽക്കുന്നത് ലാഭകരമായി ആ സ്ഥാപനങ്ങൾ നടത്തി ലഭിച്ച വരുമാനത്തിൽനിന്നും തിരിച്ചടയ്ക്കുമെന്ന വിശ്വാസത്തിലാണ്. സംസ്ഥാനം കഴിഞ്ഞ വർഷമെടുത്ത കടങ്ങളെല്ലാം പ്രോസ്പെക്ടീവായി വെട്ടിക്കുറയ്ക്കുമെന്നാണ് 2021-22 മാർച്ച് മാസത്തിൽ കേന്ദ്ര സർക്കാർ അറിയിച്ചത്. പക്ഷെ ഈ വർഷവും 4,700 കോടി രൂപ അങ്ങനെ കുറയ്ക്കുകയുണ്ടായി. കിഫ്ബി എടുത്ത കടത്തിന്റെ പേരിൽ കേസിന് പോയി. സംസ്ഥാനത്തിന്റെ വികസനം തടയാൻ ആഗ്രഹിക്കുന്നവരെല്ലാം ഇവിടെയിരിപ്പുണ്ട്. കിഫ്ബിയുടെ ധനസഹായത്തോടെ ഏറ്റവും കൂടുതൽ പദ്ധതികൾ നടപ്പാക്കിയവർ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുണ്ട്. കിഫ്ബിയുടെ പ്രവർത്തനം വലിയ തോതിൽ നടക്കുന്നതിനാൽ ഭരണപക്ഷത്തിരിക്കുന്നവരേക്കാൾ കൂടുതൽ സഹായം ലഭിച്ചവർ

പ്രതിപക്ഷത്താണുള്ളത്. കട പരിധി റിട്രോസ്പെക്ടീവ് ഇഫക്ടിൽ വെട്ടിക്കുറക്കുകയും പബ്ലിക് അക്കൗണ്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ വെട്ടിക്കുറവുകൾ വരുത്തുമെന്ന് പ്രതിപക്ഷം വിചാരിച്ചിരുന്നോ? ഇതിനെതിരെ അന്ന് നിങ്ങൾ പ്രതികരിച്ചിരുന്നു. എന്നിട്ട് ഇപ്പോൾ നിങ്ങൾ കേരളത്തിലെ ജനങ്ങളോട് ഈ ഗവൺമെന്റ് ശരിയല്ലെന്ന് പറയുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, നിങ്ങൾ ഇങ്ങനെ ലെക്കും ലെഗാന്നുമില്ലാതെ off budget borrowing എടുക്കരുതെന്ന് മുമ്പ് ഈ സഭയിൽ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതാണ്. മസാല ബോണ്ടിന്റെ കാര്യം ഞാൻ ഇവിടെ വിശദീകരിച്ചിരുന്നു. 2,500 കോടി രൂപയെടുത്തിട്ട് 3,500 കോടി രൂപയായി തിരിച്ചടയ്ക്കേണ്ടിവന്നില്ലേ? ആയിരം കോടി രൂപ സർക്കാരിന് അധികമായി തിരിച്ചടയ്ക്കേണ്ടിവന്നു. ആ പണം നിങ്ങൾ റവന്യൂ ജനറേഷനുവേണ്ടി ഉപയോഗിക്കുന്നില്ല. നിങ്ങളുടെ ഗവൺമെന്റ് ഇതുപോലുള്ള കാര്യങ്ങൾ ചെയ്യരുതെന്ന് മുമ്പും വ്യക്തമാക്കിയിട്ടുള്ളതാണ്. അങ്ങയുടെ മുൻഗാമി ഇതൊന്നും ശ്രദ്ധിച്ചില്ല. ഇപ്പോൾ അങ്ങയുടെ

മുൻഗാമിക്ക് പ്രയോരിറ്റിയില്ല. ഞങ്ങൾക്കല്ല, അങ്ങേയ്ക്കും പ്രയോരിറ്റിയില്ലെന്നാണ് പറയുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അന്നത്തെ നിയമമനുസരിച്ച് ബജറ്റിന് പുറത്തുള്ള കടം കൃത്യമായി തിരിച്ചടച്ചാൽ മതിയായിരുന്നു, അത് സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ പരിധിയിൽ വരില്ലായിരുന്നു. 20 വർഷക്കാലയളവിലേയ്ക്ക് 100 കോടി രൂപയുടെ ദീർഘകാല വായ്പയെടുത്ത് പൂർത്തിയാക്കുന്ന ഒരു പദ്ധതി, പത്ത് വർഷം കഴിഞ്ഞ് ചെയ്യുകയാണെങ്കിൽ അതിന് മുന്നൂറ് കോടി രൂപ ചെലവാക്കേണ്ടതായിവരും. നമ്മൾ ഓരോരുത്തരും ഹൗസിംഗ് ലോണും മറ്റ് വായ്പകളെല്ലാമെടുത്ത് ചെയ്യുന്നത് അങ്ങനെയാണ്. ഇപ്പോൾ പണം മുടക്കി പതിനഞ്ചും ഇരുപതും വർഷംകൊണ്ട് അടച്ചുതീർക്കുന്നു. അതൊരു നല്ല മോഡലാണ്. അങ്ങനെ ചെയ്താൽ നമ്മുടെ നാടിന് വരുമാനമുണ്ടാകുന്ന പല പദ്ധതികളും നടപ്പാക്കാൻ കഴിയും. ഒന്നാംതരം നാഷണൽ ഹൈവേകളും എയർപോർട്ടുകളും തുറമുഖങ്ങളും ഫാക്ടറികളും സ്ഥാപിച്ചാൽ ധാരാളം തൊഴിലവസരങ്ങളുണ്ടാകും. അങ്ങനെ വരുമ്പോൾ സംസ്ഥാനത്തിന്റെ

വരുമാനം കൂടുകയും ഇതുപോലുള്ള തിരിച്ചടവുകൾ നടത്താനും കഴിയും. ഇതാണ് ഏത് കാര്യങ്ങളിലും സർക്കാർ സ്വീകരിക്കുന്ന സമീപനം.

{04.00 Pm}

മസാല ബോണ്ട് വാങ്ങിയതും ആ കണ്ടീഷൻ അനുസരിച്ചാണ്. അതിനകത്ത് വേറെ ബുദ്ധിമുട്ടൊന്നുമുണ്ടായിട്ടില്ല. പലിശ അടച്ചു. പലിശ കൊടുക്കാതെ ഒന്നും ചെയ്യാൻ കഴിയില്ലല്ലോ; ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ വാദം പൂർണ്ണമായി അംഗീകരിക്കാതെ ബഹുമാനപ്പെട്ട സുപ്രീംകോടതി ഇത് കോൺസ്റ്റിറ്റ്യൂഷൻ ബെഞ്ചിന് വിട്ടിരിക്കുകയാണല്ലോ; കേരളത്തോടെടുത്ത സമീപനം ശരിയല്ലെന്നതുകൊണ്ട് തന്നെയാണ് ഭരണഘടനാ ബെഞ്ചിന് വിട്ടത്. അത് മാത്രമല്ല, അങ്ങ് പറഞ്ഞ ഒരു കാര്യത്തോട് യോജിക്കാതിരിക്കാൻ കഴിയില്ല. ഇപ്പോൾ കേന്ദ്രത്തിലുള്ളത് പഴയതുപോലുള്ളൊരു ഗവൺമെന്റല്ല. നരേന്ദ്രമോദി ഗവൺമെന്റ് രണ്ട് സ്റ്റേറ്റുകളുടെ സഹായത്തോടുകൂടിയാണ് നിൽക്കുന്നത്. കഴിഞ്ഞ ഫിനാൻസ് മിനിസ്റ്റേഴ്സിന്റെ പ്രീ-ബജറ്റ് മീറ്റിംഗിൽ കുറെ സംസ്ഥാനങ്ങളിലെ ഫിനാൻസ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിമാരും ഫിനാൻസ് മിനിസ്റ്റേഴ്സും

ഉണ്ടായിരുന്നു. ബോറോയിംഗിന്റെ കാര്യത്തിലായാലും മറ്റ് കാര്യത്തിലായാലും ആവശ്യമില്ലാത്ത ശ്വാസം മുട്ടിക്കൽ ഒഴിവാക്കണമെന്നാണ് അവരെല്ലാം പറയുന്നത്. കളക്ടീവായി നമ്മൾ ഒരുമിച്ച് നിന്നാൽ കേരളത്തിന് മാത്രമല്ല അതുകൊണ്ട് പ്രയോജനം ലഭിക്കുന്നത്. കേരളത്തിന് മാത്രം എന്തെങ്കിലും ഗ്രാന്റ് ലഭിക്കുമെന്ന് പറഞ്ഞാൽ നിങ്ങളതിനെ തടയുമെന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. പക്ഷേ, കർണ്ണാടകത്തിനും തെലുങ്കാനയ്ക്കും മറ്റ് സ്റ്റേറ്റുകൾക്കുമൊക്കെ പ്രയോജനം ലഭിക്കും. അവരൊക്കെ ഇത് ആവശ്യപ്പെടുന്നുണ്ട്. അതുകൊണ്ട് കേരളം അന്നെടുത്ത നിലപാടിന്റെ കാര്യം പറയുന്നത് ശരിയല്ല. അതിൽ കേന്ദ്രത്തിന്റെ സമീപനമാണ് നോക്കേണ്ടത്. ഞാൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കൊടുത്ത കേസിന്റെ കാര്യം പറഞ്ഞു. ഇത്രയും കാര്യങ്ങൾ വെട്ടിക്കുറച്ചിട്ടുണ്ട്. അതാണ് പ്രശ്നം.

ഈ ഗവൺമെന്റ് വന്നിട്ട് കാര്യങ്ങളൊന്നും ചെയ്യുന്നില്ലെന്ന് നിങ്ങൾ എത്ര പ്രാവശ്യമാണ് പറയുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും

നിങ്ങൾ വേറൊന്നുമല്ല പറഞ്ഞത്. ഏറ്റവും അവസാനം കിഫ്ബിയും പെൻഷൻ കമ്പനിയും വേണ്ടെന്ന് നിങ്ങൾ പറഞ്ഞു. കാരണം കുറെക്കാലം നിങ്ങൾക്ക് പെൻഷൻ കൊടുക്കാൻ സാധിച്ചിരുന്നില്ല. അങ്ങനെയൊക്കെയുള്ള കാര്യങ്ങളുണ്ട്. അത് ചെയ്യാൻ പോയപ്പോൾ നിങ്ങൾ തടസ്സം പറഞ്ഞു. കിഫ്ബി വരുന്നതിനുമുമ്പും ഞങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. ആ സമയത്തും പ്രയോറിറ്റി അനുസരിച്ചുതന്നെയാണ് കാര്യങ്ങൾ ചെയ്യാനാണ് ശ്രമിച്ചത്. പ്രയോറിറ്റിയെക്കുറിച്ചൊക്കെ ഞങ്ങൾ ചർച്ച ചെയ്തിട്ട് പറഞ്ഞതാണ്. ഞങ്ങൾ റീ-പ്രയോറിറ്റൈസ് ചെയ്യും. കാരണമെന്താണ്; ഇത്തരം ശ്വാസം മുട്ടിക്കൽ വരുമ്പോൾ ഞങ്ങൾ കൂടുതൽ കൊടുത്തുതീർക്കേണ്ടതും നൽകിത്തീർക്കേണ്ടതുമായ കാര്യങ്ങൾ ചെയ്യും. ചെയ്യണ്ടേ? അങ്ങനെ ചെയ്യേണ്ടെന്ന് പ്രതിപക്ഷത്തിന് അഭിപ്രായമുണ്ടോ? അത് ഞങ്ങൾ ചെയ്യും. ഡി.എ. കൊടുക്കാനുണ്ടെന്ന് നിങ്ങൾ പറയുന്നല്ലോ. അതിനെക്കുറിച്ച് നമ്മൾ നേരത്തെ പറഞ്ഞതാണ്. ഇനിയും പറയും. ഡി.എ. കൊടുത്തുതീർക്കാനുള്ള ഉത്തരവാദിത്വമുണ്ടെന്നുള്ള സമീപനവും അത് കൊടുക്കുന്ന കാര്യവുമൊക്കെ

ഞങ്ങൾ പറയും; പറഞ്ഞിട്ടുണ്ട്. സാമൂഹ്യക്ഷേമ പെൻഷനിലാണ് ആകെ 5 ഡ്യൂസ് ഉള്ളത്. കഴിഞ്ഞ നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരിയിൽ ട്രഷറി പൂട്ടുന്ന സ്ഥിതിയിലേയ്ക്ക് വന്നപ്പോൾ 13800 കോടി രൂപ കേന്ദ്രം തടഞ്ഞുവച്ചില്ലേ; 13800 കോടി രൂപ തടഞ്ഞുവച്ചാൽ കേരളം പോലൊരു സംസ്ഥാനത്തിന് പിടിച്ചുനിൽക്കാൻ കഴിയുമോ; അവിടുന്നല്ലേ നമ്മൾ സാമ്പത്തിക പ്രതിസന്ധി നേരിട്ടത്; ഇതെല്ലാമുണ്ടായിട്ടും ശമ്പള പരിഷ്കരണം നടത്തിയില്ലേ? ഇന്ത്യയിൽ ആകെ ഒറ്റ സംസ്ഥാനത്ത് മാത്രമേ കോവിഡ് സമയത്ത് ശമ്പള പരിഷ്കരണം നടത്തിയിട്ടുള്ളൂ. കേന്ദ്ര ഗവൺമെന്റ് 18 മാസത്തെ ഡി.എ. ഫ്രീസ് ചെയ്തു. ആ സമയത്തും ഇവിടെ ഡി.എ. കൊടുത്തുവെന്ന് മാത്രമല്ല, ശമ്പള പരിഷ്കരണം നടത്തി. ശമ്പള പരിഷ്കരണത്തിന് അഡീഷണലായി വന്ന വലിയ ബർഡനും ഉണ്ട്. അത് കൊടുത്തില്ലേ; ഈ ഗവൺമെന്റ് വന്നിട്ട് 2021 ഏപ്രിൽ ഒന്നിനാണല്ലോ നടപ്പാക്കി തുടങ്ങിയത്. ഇതുവരെ അക്കാര്യം നടപ്പാക്കിവരികയല്ലേ; അവർ കേന്ദ്രവിഹിതം ഇത്രയും വെട്ടിക്കുറയ്ക്കുന്ന സമയത്ത് ഒരു വർഷം നമ്മൾ എത്രമാത്രം ബുദ്ധിമുട്ട് അനുഭവിച്ചു. എന്നിട്ടും പെൻഷൻ കൊടുത്തില്ലേ;

സാമൂഹ്യക്ഷേമ പെൻഷനെക്കുറിച്ച് പറയുമ്പോൾ നിങ്ങളുടെ സമയത്ത് 5 വർഷംകൊണ്ട് ഉമ്മൻ ചാണ്ടി ഗവൺമെന്റ് കൊടുത്തത് എണ്ണായിരത്തി ചില്വാനം കോടി രൂപയാണ്. ഒന്നാം പിണറായി സർക്കാർ 5 വർഷംകൊണ്ട് കൊടുത്തത് 33000 കോടി രൂപയാണ്. ഈ സർക്കാർ 3 വർഷംകൊണ്ട് ഏകദേശം ഇരുപത്തിയേഴായിരത്തോളം കോടി രൂപയാണ് നൽകിയതെന്നുപറഞ്ഞാൽ 5 വർഷമാകുമ്പോൾ ഞങ്ങൾ 50000 കോടി രൂപയെങ്കിലും മിനിമം കൊടുക്കും. നിങ്ങൾ 8000 കോടി രൂപ കൊടുത്തു. ഇപ്പോൾ ഞങ്ങൾ 27000 കോടി രൂപ കൊടുത്തു. ക്ഷേമ പെൻഷന്റെ കാര്യത്തിൽ ഈ 5 മാസത്തെ ഡ്യൂസ് മാത്രമേ ഞങ്ങൾ വരുത്തിയിട്ടുള്ളൂ. അത് കൊടുക്കുന്ന കാര്യം പറഞ്ഞല്ലോ? ഇങ്ങനെ ആകെ എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ ഓരോ ഹെഡ്ഡും പരിശോധിച്ചാൽ പുരോഗതി അറിയാൻ സാധിക്കും. എല്ലാ കണക്കുകളും അതിൽ പറയുന്നുണ്ട്. ധനകാര്യ ബിൽ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ രാഷ്ട്രീയം മാത്രംവച്ച് പറയുകയല്ലല്ലോ; കണക്കുകൾകൂടി അതിനകത്ത് പ്രധാനമാണല്ലോ? കേന്ദ്ര ധനകാര്യ മന്ത്രിക്ക് കൊടുത്ത കണക്കിൽ ഞങ്ങൾ ഓൺ ടാക്സ് റവന്യൂവിന്റെ

വർധനവ് പറഞ്ഞിട്ടുണ്ട്. ടാക്സും ടാക്സിതര വരുമാനവും 65 ശതമാനം വർധിച്ചു. ഓൺ ടാക്സ് മാത്രം 55.8 ശതമാനം വർധിച്ചു. നോൺ ടാക്സ് റവന്യൂ മാത്രം നോക്കുകയാണെങ്കിൽ 122 ശതമാനം വർധിച്ചു. എപ്പോഴും പറയുന്നൊരു പ്രശ്നം റവന്യൂ ഡെഫിസിറ്റാണ്. അതിന്റെ കാര്യത്തിൽ കുറവുവന്നു. റവന്യൂ ഡെഫിസിറ്റ് 2.6 ശതമാനത്തിൽനിന്നും 1.48 ശതമാനമായി കുറഞ്ഞു. ഇത് കേന്ദ്ര ഗവൺമെന്റിന് കൊടുത്ത കണക്കാണ്. ഞാൻ വെറുതെ പറയുന്നതാണെന്ന് പറയാൻ കഴിയില്ല. ഫിസ്കൽ ഡെഫിസിറ്റിന്റെ കാര്യത്തിൽ തുകയുടെ കാര്യത്തിലും ശതമാനത്തിന്റെ കാര്യത്തിലും കുറവുവന്നു. ഏറ്റവും ബുദ്ധിമുട്ടുള്ള കോവിഡ് സമയമായ 2020-21-ൽ ജി.എസ്.ഡി.പി.-യുടെ ധനകമ്മി 4.56 ശതമാനമായിരുന്നു. അതിപ്പോൾ 2.81 ശതമാനമായി. കേന്ദ്രത്തിന്റെ എഫ്.ആർ.ബി.എം. ആക്ടും നിർദേശവുമൊക്കെ അനുശാസിക്കുന്നതിനേക്കാളും ഇത് കുറവാണ്. കഴിഞ്ഞ വർഷം അത് 2.44 ശതമാനമേ ഉണ്ടായിരുന്നുള്ളൂ. ഇത് സി.&എ.ജി.-യുടെ ഫൈനൽ അക്കൗണ്ടും പ്രിലിമിനറി അക്കൗണ്ടും അടിസ്ഥാനപ്പെടുത്തിയാണ് പറയുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ കണക്കാണ് മനസ്സിലാകാത്തത്. കേരളം ശ്രക്ഷമായ ധനപ്രതിസന്ധിയിലൂടെ പോകുന്നു. വിവിധ വകുപ്പുകളിലായി സർക്കാരിന് ധാരാളം ഒബ്ലിഗേഷൻസുണ്ട്. ഈ സാഹചര്യത്തിൽ റവന്യൂ ഡെഫിസിറ്റ് കുറച്ചു, ഫിസ്കൽ ഡെഫിസിറ്റ് കുറച്ചു എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവകാശപ്പെടുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്. എക്സ്പെൻഡിച്ചർ ഇല്ല. എക്സ്പെൻഡിച്ചർ ഇല്ലാതാകുമ്പോൾ റവന്യൂ ഡെഫിസിറ്റും ഫിസ്കൽ ഡെഫിസിറ്റും കുറയും. അത് അഭിമാനിക്കാവുന്ന കാര്യമാണോ? കടമെടുക്കാനുള്ള അനുവാദത്തിൽ നിങ്ങൾക്ക് കടമെടുക്കാമല്ലോ; എന്നിട്ട് നിങ്ങൾ എന്തുകൊണ്ടാണ് കടമെടുക്കാത്തത്? കടമെടുത്തിട്ട് 5 മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ കൊടുക്കണം. മാവേലി സ്റ്റോറിൽ സാധനങ്ങൾ കൊടുക്കണം. ആവശ്യമായ കാര്യങ്ങളാണത്. അത് കൊടുക്കാതെ റവന്യൂ ഡെഫിസിറ്റ് കുറയ്ക്കുകയാണ്. എക്സ്പെൻഡിച്ചറില്ല, പൈസയില്ല, അതാണ് യാഥാർഥ്യം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ അങ്ങയുടെ ഈ ചോദ്യം പ്രതീക്ഷിച്ചതാണ്. ചോദിച്ചത് വളരെ നന്നായി. എനിക്ക് അതേക്കുറിച്ച്

വ്യക്തമാക്കാമല്ലോ? 2.44 ശതമാനം എന്നുപറഞ്ഞാൽ ആ വർഷം ഞങ്ങൾക്ക് 16000 കോടി രൂപകൂടി നിലവിലുള്ള കണക്കനുസരിച്ച് എടുക്കാമായിരുന്നു. 2.8 ശതമാനം എന്നുപറയുമ്പോൾ ഈ വർഷവും അതുപോലെ ഞങ്ങൾക്കൊരു 10000 കോടി രൂപയിൽ അധികം എടുക്കാമായിരുന്നു. എഫ്.ആർ.ബി.എം. അനുസരിച്ച് എടുക്കാൻ അനുവാദമുള്ള ഈ തുക കേന്ദ്ര ഗവൺമെന്റ് നൽകുന്നില്ലെന്നതാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിലുള്ള കേസ്. ഇനിയെങ്കിലും പ്രതിപക്ഷ നേതാവിന് ഇതിന്റെകൂടെ ചേർന്നുകൂടെ; കേരളത്തിന് 2.44 ശതമാനം മാത്രമേ കേന്ദ്രഗവൺമെന്റ് തരുന്നുള്ളൂ. ഈ പ്രാവശ്യം 2.8 ശതമാനം മാത്രമേ അവർ അനുവദിച്ചിട്ടുള്ളൂ. ഓരോരോ കാരണങ്ങൾ പറഞ്ഞ് വെട്ടിക്കുറച്ചു. ആ വെട്ടിക്കുറച്ച പണംകൂടി ഉണ്ടായിരുന്നെങ്കിൽ ഈ കടമൊന്നും ഉണ്ടാകുമായിരുന്നില്ല എന്നതന്നെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്തായാലും ഫലത്തിൽ ഇത് സി.&എ.ജി.-യുടെ കണക്കാണ്. ഇത് ഞാൻ എഴുതിയതോ സംസ്ഥാനത്തെ ധനകാര്യ വകുപ്പിന്റെയോ കണക്കല്ല; സി.&എ.ജി. സർട്ടിഫൈ ചെയ്ത കണക്കാണ്. ഞങ്ങൾക്ക് ഇത്രയേ എടുക്കാൻ

കഴിയുന്നുള്ളൂ. ബാക്കി കിഫ്ബിയുടെയും മറ്റും പേരിൽ വെട്ടിക്കുറച്ചു. മുമ്പ് എടുത്തു എന്നുപറഞ്ഞ് ഇപ്പോഴത്തേതിൽ വെട്ടിക്കുറയ്ക്കുകയാണ്. ഇത് എടുക്കാൻ സാധിക്കുമായിരുന്നെങ്കിൽ ഞങ്ങൾക്ക് 25000 കോടി രൂപകൂടി ഈ രണ്ട് വർഷത്തിനകത്ത് ലഭിക്കും. നിങ്ങൾ രണ്ട് വള്ളത്തിലുംകൂടി കാൽ വയ്ക്കരുത്. ലോക്സഭയിൽ നിങ്ങളുടെ 19 എം.പി.-മാർ ഉണ്ടല്ലോ; 18-ന്റെ കൂടെ കുറച്ച് വോട്ടുകൂടി ഉണ്ടല്ലോ; പത്തൊമ്പതാമത്തെ ആൾക്ക് ഇവരുടെ കുറച്ച് വോട്ടുകൂടി കിട്ടിയിട്ടുണ്ട്. അങ്ങനെ പതിനെട്ടര എം.പി.-മാർ ഉണ്ടല്ലോ; അവരെക്കൂടി ചേർത്ത് നമുക്കിവിടെ പറയാം. ഞാൻ പറഞ്ഞത് കേട്ടപ്പോൾ പ്രതിപക്ഷനേതാവും ഞങ്ങളുടെ വാദം അംഗീകരിച്ചു. കേരളത്തിൽ ആകെ കടം കൂടി നിൽക്കുകയാണെന്ന് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ പറഞ്ഞു. ശരിയാണ്. ഇ.എം.എസ്.-ന്റെ കാലം മുതൽ ഉമ്മൻ ചാണ്ടിയുടെ കാലം വരെയുള്ള കണക്കുകൾ അങ്ങ് പറഞ്ഞു. അത് ഇടക്കാലത്ത് കൂടും പിന്നെ കുറയും. അങ്ങനെ സംഭവിക്കാറുണ്ട്. കണക്കുകൾ നോക്കിയാൽ അക്കാര്യം അറിയാം. അത് നിരീക്ഷിക്കുന്നവർ എന്നുള്ള നിലയിൽ കൃത്യമായി നിങ്ങൾക്കറിയാം. കോവിഡ് സമയത്ത് നമ്മുടെ കടം 38.47 ശതമാനം

ആയിരുന്നു. ഇപ്പോൾ അത് കുറഞ്ഞു. ഇതും സി.&എ.ജി.-യുടെ കണക്കാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചതുപോലെ, ഇത് സി.&എ.ജി.-യുടെ പ്രിലിമിനറി ഓഡിറ്റിന് വിധേയമായ കണക്കാണ്. ഇപ്പോൾ കടം 33.09 ശതമാനമേയുള്ളൂ. ഇപ്രാവശ്യം എഫ്.ആർ.ബി.എം.-ൽ പറയുന്നതനുസരിച്ചേ വന്നിട്ടുള്ളൂ. എന്നാൽ കേന്ദ്ര ഗവൺമെന്റിന് 56 ശതമാനം കടം ഉണ്ട്. കേരളം ഇന്ത്യയിലെ സാമ്പത്തികമായി മെച്ചപ്പെട്ട അവസ്ഥയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണെന്നാണ് ഈ കണക്കുകൾ കാണിക്കുന്നത്. പക്ഷേ നമുക്ക് കുറേക്കൂടി കേന്ദ്ര വിഹിതം ലഭിക്കേണ്ടതാണ്. ഇപ്പോൾ ഒരു ശതമാനം അല്ലെങ്കിൽ അര ശതമാനമെങ്കിലും തരേണ്ടതായിരുന്നു. ആന്ധ്രാപ്രദേശ്, ബീഹാർ അടക്കം പല സംസ്ഥാനങ്ങളും ഒരു ശതമാനം ചോദിച്ചിട്ടുണ്ട്. അങ്ങനെ കൂട്ടിത്തരണമെന്ന് സംസ്ഥാനങ്ങളെല്ലാം ആവശ്യപ്പെടുകയാണ്. ഈ കണക്കിന്റെ കാര്യത്തിലും വരുമാനം വർധിപ്പിക്കുന്ന കാര്യത്തിലുമൊക്കെ നമ്മൾ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രവിഹിതത്തിലുണ്ടായ വെട്ടിക്കുറവിന്റെ ഭാഗമായി നമ്മൾ പ്രത്യേകമായി ഒരു പാക്കേജുതന്നെ ചോദിച്ചിട്ടുണ്ട്. 24000 കോടി

രൂപയുടെ പാക്കേജ്. വിഴിഞ്ഞത്തിനുവേണ്ടി ഒരു പ്രത്യേക പ്രോജക്ടുതന്നെ ചോദിച്ചിട്ടുണ്ട്. മൂലധന നിക്ഷേപത്തിനുവേണ്ടി കാപെക്സ് എന്ന ഒരു പ്രോജക്ട് എല്ലാ സംസ്ഥാനത്തിനും കൊടുത്തിരുന്നു. കഴിഞ്ഞ വർഷം ഒന്നര ലക്ഷം കോടി രൂപ കേരളത്തിനായി മാറ്റിവച്ചു. ബ്രാൻഡിംഗ് പറഞ്ഞ് കേരളത്തെ അതെടുക്കാൻ സമ്മതിച്ചില്ല. വിഴിഞ്ഞത്തിനുവേണ്ടി 5000 കോടി രൂപ ചോദിച്ചിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിയോടനുബന്ധിച്ച് പല കാര്യങ്ങളും ചെയ്യാനാണ് പ്രസ്തുത തുക ആവശ്യപ്പെട്ടിരിക്കുന്നത്. വയനാടിലെ ടണൽ റോഡിന് ഉൾപ്പെടെയുള്ള വികസനത്തിന് പ്രത്യേകം തുക ചോദിച്ചിട്ടുണ്ട്. ഇങ്ങനെ ഓരോ മേഖലയിലും തുക ചോദിച്ചിട്ടുണ്ട്. അടിസ്ഥാനപരമായി ധനകാര്യ കാര്യങ്ങളിൽ നമ്മുടെ സ്ഥിതി മോശമാണെന്ന് പറയുന്ന ഒരു സ്ഥിതിയല്ല നിലവിലുള്ളത്. 'കുറേയേറെ മേഖലകളിൽ പണം കൊടുക്കാത്തതിനെക്കുറിച്ച് ' ഇവിടെ പറഞ്ഞു. എന്നാൽ 'ധനകാര്യം' സംബന്ധിച്ച് കഴിഞ്ഞ തവണ സംസാരിച്ചപ്പോൾത്തന്നെ ഞാൻ അതിനെല്ലാം മറുപടി പറഞ്ഞതാണ്. സാമൂഹ്യക്ഷേമ പെൻഷൻ, ഞങ്ങൾ പറഞ്ഞതുപോലെ 5 മാസത്തെ കുടിശ്ശിക മാത്രമേയുള്ളൂ. അതിൽത്തന്നെ

നിർമ്മാണത്തൊഴിലാളികളുടേത് മാത്രമാണ് ഒരൽപ്പം കൂടിശ്ശിക കൂടുതലുള്ളത്. അത് കൊടുക്കാനുള്ള മാർഗമൊക്കെ ഞങ്ങൾ കണ്ടെത്തുന്നുണ്ട്. ഇതെല്ലാം കൊടുക്കുന്നുണ്ടെങ്കിലും ഒന്നും കൊടുക്കുന്നില്ലെന്നാണ് പ്രതിപക്ഷം പ്രസംഗിക്കുന്നത്. ചില അംഗങ്ങളുടെ പ്രസംഗംതന്നെ "ഒന്നുമേ കൊടുക്കുന്നില്ല....കൊടുക്കുന്നില്ല" എന്നാണ്. അങ്ങനെയൊക്കെ ഇവിടെ പറഞ്ഞശേഷം നിങ്ങൾ നാട്ടിലേയ്ക്ക് ചെന്നാൽ നാട്ടുകാർ നിങ്ങളെക്കുറിച്ച് എന്ത് വിചാരിക്കുമെന്നുകൂടി നിങ്ങൾ മനസ്സിലാക്കണം. നാട്ടിലുള്ളവർ ഈ പറഞ്ഞ എല്ലാ പെൻഷനുകളും വാങ്ങുന്നവരാണ്. നിങ്ങൾ ഒന്നും കൊടുക്കുന്നില്ലെന്ന് പറയുമ്പോഴും അവർ അതെല്ലാം വാങ്ങിയവരാണെന്ന് ഓർക്കണം. പെൻഷനിലെ 18 മാസത്തെ കുടിശ്ശികയും ആ കാലത്തെ കണക്കുമെല്ലാം പറഞ്ഞപ്പോൾ ഇവിടെ വലിയ വിവാദമുണ്ടായി. ആ കാലയളവിൽ വളരെ പ്രായമുള്ള, വളരെയധികം ബുദ്ധിമുട്ടുന്ന ആളുകൾ 7000 രൂപ ഒരുമിച്ച് വാങ്ങിച്ച് അത്രയും തുക ലഭിച്ച സന്തോഷത്തോടെ ഇരിക്കുന്ന ഫോട്ടോ പത്രങ്ങളിൽ അച്ചടിച്ച് വന്നിരുന്നല്ലോ; അങ്ങനെ വന്നത് ആ പണം ലഭിച്ചതുകൊണ്ടല്ലേ? പണം ലഭിച്ചിട്ടുണ്ടെന്ന്

അറിഞ്ഞുകൊണ്ടുതന്നെയാണ് നിങ്ങൾ ഇങ്ങനെ പറയുന്നത്. വെറുതെ പറയുന്നതല്ലാതെ അതിന് യാതൊരു അടിസ്ഥാനവുമില്ല. ചില മേഖലകളിൽ ഉണ്ടായ കാര്യങ്ങൾ പറയുന്നതിൽ ഞങ്ങൾക്ക് യാതൊരു മടിയുമില്ല, അതിനകത്ത് കള്ളം പറയുന്ന സ്ഥിതിയുമില്ല. കേന്ദ്രം ഇത്രയേറെ ബുദ്ധിമുട്ടും തടസ്സവുമുണ്ടാക്കിയിട്ടും ഞങ്ങൾ പിടിച്ചുനിൽക്കുന്നുവെന്ന കാര്യം പൊതുവിൽ സന്തോഷത്തോടെ പറയുകയാണ്. ആകെ വരുന്ന ചെലവിന്റെ കാര്യത്തെക്കുറിച്ചാണെങ്കിൽ ചെലവ് കുറഞ്ഞിട്ടേയില്ല. ചെലവ് വെട്ടിക്കുറച്ചിട്ടില്ല എന്നത് വളരെ കൃത്യമായ കാര്യമാണ്. കിഫ്ബിവഴി ചെലവഴിക്കുന്ന പണത്തിന്റെ കണക്ക് നോക്കിയാൽത്തന്നെ ഏകദേശം പതിനായിരം കോടി രൂപയിലധികം ഓരോ വർഷവും ചെലവാകുമല്ലോ? അത് നമ്മുടെ പൊതു എക്സ്പെൻഡിച്ചറിൽ കാണിക്കുകയുമില്ല. ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ കാര്യത്തിൽ നമ്മൾ വളരെയധികം മുന്നോട്ടുപോയിട്ടുണ്ട്. നാഷണൽ ഹൈവേ 2025-ൽ പൂർത്തീകരിക്കാൻ പോകുകയാണ്. അതിനുവേണ്ടിമാത്രം 6500 കോടി രൂപ സംസ്ഥാനം നൽകിക്കഴിഞ്ഞു. നമ്മൾ പണം നൽകിയില്ലെങ്കിൽ ഭൂമിയുടെ വില സംബന്ധിച്ച കാര്യം

പറഞ്ഞ് എൻ.എച്ച്.എ.ഐ. നിർമ്മാണം നടത്താതിരിക്കും. ഈ വികസന പ്രവർത്തനങ്ങൾ ഉണ്ടാക്കുന്ന വലിയ മാറ്റങ്ങൾ നമ്മുടെ നാട്ടിൽ സംഭവിക്കുന്നില്ലേ? അത്തരത്തിൽ ഓരോ മേഖലയിലും കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പി.എസ്.സി. നിയമനത്തിന്റെ കാര്യങ്ങളും ചർച്ചയിൽ വന്നു. പി.എസ്.സി. മുഖാന്തരം അപ്പോയിന്റ്മെന്റുകൾ നടക്കുന്നില്ല, സ്കൂളുകളിൽ ആളുകളെ പറ്റിക്കുകയാണ് എന്നൊക്കെ വടകര അംഗം സംസാരിച്ചപ്പോൾ പറഞ്ഞല്ലോ? ഞാൻ നേരത്തെ പറഞ്ഞത് വീണ്ടും ആവർത്തിക്കേണ്ടി വരികയാണ്. 2022-23 വർഷത്തിൽ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ (UPSC)-ന്റെ കണക്കനുസരിച്ച് രാജ്യമൊട്ടാകെ 51000 നിയമനങ്ങളാണ് നടന്നത്. ഇതിൽത്തന്നെ 35000-ൽ അധികം നിയമനങ്ങളും നടന്നത് കേരളത്തിലാണെന്നത് അവർ തന്നെ കൊടുത്ത കണക്കാണ്. അതായത് 60 ശതമാനത്തിൽക്കൂടുതൽ നിയമനങ്ങളും നടന്നത് കേരളത്തിലാണ്. തിരഞ്ഞെടുപ്പിലെ വിജയവും പരാജയവുമല്ല ഞങ്ങൾ മുഖ്യമായി കാണുന്ന പ്രശ്നം. തിരഞ്ഞെടുപ്പിൽ ഞങ്ങൾ പരാജയപ്പെട്ടു, അതിൽ വിജയിച്ചുവെന്ന്

ഞങ്ങൾ പറയുന്നില്ലല്ലോ? ഉത്തർപ്രദേശ്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലൊക്കെ 'അഗ്നിവീർ' സംബന്ധിച്ച വിവാദങ്ങൾ ഉണ്ടാക്കിയ ചർച്ചകളെക്കുറിച്ചും നമുക്ക് അറിയാവുന്നതാണല്ലോ, അവിടെയുണ്ടായ കർഷക പ്രശ്നങ്ങളും നമുക്കെല്ലാം അറിയാവുന്നതാണ്. ജോലിപോലും കൊടുക്കാതിരിക്കുന്ന ബി.ജെ.പി.-യുടെ നിലപാടല്ല നമ്മുടേത്. ഇന്ത്യയിൽ ആകമാനം നടന്ന പി.എസ്.സി. നിയമനങ്ങളേക്കാൾ കൂടുതൽ നിയമനങ്ങൾ നമ്മൾ നടത്തിയെന്നതടക്കം വളരെയധികം നല്ല കാര്യങ്ങളാണ് ചെയ്തിരിക്കുന്നതെന്ന യാഥാർഥ്യവും നമ്മുടെ മുമ്പിലുണ്ട്. സപ്ലൈകോയുടെ ഇപ്പോഴത്തെ സ്ഥിതി നിങ്ങൾക്കറിയാമോ? വളരെ കുറച്ച് പണം മാത്രമേ സപ്ലൈകോയ്ക്ക് കുടിശ്ശികയുള്ളൂ. 1200 കോടി രൂപയിൽ കൂടുതൽ ഈയിനത്തിൽ കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള സാഹചര്യത്തിലാണ് ഈ ചെറിയ കുടിശ്ശികയുള്ളത് എന്നുകൂടി ഓർക്കണം. സപ്ലൈകോയുടെ നല്ല രീതിയിലുള്ള പ്രവർത്തനത്തിന് യാതൊരു തടസ്സവുമില്ല.

നിങ്ങൾ അറിഞ്ഞിരിക്കാനായി മാത്രം കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള ഗ്രാന്റുകളെക്കുറിച്ച് വളരെ പെട്ടെന്ന് പറയാം. ഹെൽത്ത്

ഗ്രാന്റ് - 725 കോടി രൂപ, അർബൻ ലോക്കൽ ബോഡി ഗ്രാന്റ് - 513 കോടി രൂപ, സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് 34.7 കോടി രൂപ; ഇത്രയും തുക ധനകാര്യ കമ്മീഷൻ അനുസരിച്ച് ലഭ്യമാകേണ്ടവയാണ്. അടുത്തതായി പറയുന്നത് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ലഭ്യമാകാനുള്ള വിഹിതത്തെക്കുറിച്ചാണ്. സമഗ്ര ശിക്ഷാ കേരളം-188 കോടി രൂപ. വിദ്യാഭ്യാസ മേഖലയിലെ ആവശ്യത്തിനായി വിദ്യാഭ്യാസ വകുപ്പുമന്ത്രി ആവശ്യപ്പെടുമ്പോൾ പണം നൽകാതിരിക്കാൻ സാധിക്കുമോ? കേന്ദ്രത്തിൽനിന്നും പണം ലഭ്യമാകുന്നില്ലെന്ന് പറഞ്ഞ് ഇവിടെ ശമ്പളം കൊടുക്കാതിരിക്കാൻ സാധിക്കില്ല. എല്ലാ മേഖലയിലും ലഭ്യമാകേണ്ട തുകയെക്കുറിച്ച് കേന്ദ്രത്തിൽ കൃത്യമായ കണക്ക് കൊടുത്തുകഴിഞ്ഞതാണ്. പ്രധാനമന്ത്രി മത്സ്യസമ്പത്ത് യോജന-164 കോടി രൂപ, നാഷണൽ ഹെൽത്ത് മിഷൻ-636 കോടി രൂപ; ഇത് ഒരു സെക്ടറിലേത് മാത്രമാണ്. കഴിഞ്ഞ വർഷം മുഴുവനും ഈയിനത്തിൽ കേന്ദ്രം നൽകേണ്ട വിഹിതംകൂടി സംസ്ഥാനമാണ് വഹിച്ചത്. അത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ മാസത്തെ വിഹിതംകൂടി കൊടുത്തുകഴിഞ്ഞു. യഥാർഥ അവസ്ഥ

ഇങ്ങനെയാണെന്നിരിക്കെ കേന്ദ്ര ഗവൺമെന്റാണ് ഒന്നും ചെയ്യാതിരിക്കുന്നതെന്ന് ഇവിടെ പറയണ്ടേ? ഇത്തരത്തിൽ കേന്ദ്രത്തിൽനിന്നും ന്യായമായും നമുക്ക് ലഭ്യമാകേണ്ട പണം ലഭ്യമാകുന്നില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 220 കോടി രൂപ ലഭ്യമാകാനുണ്ട്. ഇത് സാലറി പോർഷൻ അല്ല, സാധനങ്ങൾ വാങ്ങുന്ന വകയിൽ ലഭ്യമാകേണ്ടതാണ്. 'പോഷൺ അഭിയാൻ' 141-കോടി രൂപ, നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാമിലേയ്ക്ക്, അതായത് സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതിയിലേയ്ക്ക് ലഭ്യമാകാനുള്ള വിഹിതം 225 കോടി രൂപയാണ്. NFSA അനുസരിച്ചുള്ള Inter State movement of Food Grains ഇനത്തിൽ-74 കോടി രൂപ, UGC-750 കോടി രൂപ, സ്കൂൾ ഉച്ചഭക്ഷണ പരിപാടിക്ക് ഈയടുത്ത സമയത്ത് ഒരു ഗഡു ലഭ്യമായി. ബാക്കി 11 കോടി രൂപ ലഭിക്കാനുണ്ട്. ഇതെല്ലാം ചേർത്താൽത്തന്നെ 3951 കോടി രൂപയോളം വരും. ഇത്തരത്തിൽ ധാരാളം തുക കേന്ദ്രത്തിൽനിന്നും നമുക്ക് ലഭ്യമാകാനുണ്ട്. ഈ വിഷയങ്ങളെല്ലാം എം.പി.-മാരുമായി സംസാരിച്ചിട്ടുണ്ട്. വീണ്ടും നമുക്ക് ഈ പ്രശ്നങ്ങളെല്ലാം പാർലമെന്റിൽ

ഉന്നയിക്കാം. അതിനായി എല്ലാവരും ഇടപെടുമെന്നതന്നെയാണ് കരുതുന്നത്.

നേരത്തെ വിശദമായി ചർച്ച ചെയ്ത കാര്യങ്ങളായതിനാൽ ഓരോ മേഖലയെക്കുറിച്ചും പറയുന്നില്ല. ടാക്സ് കളക്ഷൻ സംബന്ധിച്ചാണല്ലോ നിങ്ങൾ ആവർത്തിച്ച് പറയുന്നത്. ഇപ്പോൾ നടത്തുന്ന പ്രത്യേക പരിശോധനകളെക്കുറിച്ച് വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. സാധ്യമായ കാര്യങ്ങളെല്ലാം നമ്മൾ ചെയ്യുന്നുണ്ട്. ഐ.ജി.എസ്.ടി, ഓൺലൈൻ ട്രേഡിംഗ് തുടങ്ങിയ സംവിധാനങ്ങളിൽ സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഞാൻ നേരത്തെ വളരെ വിശദമായി സഭയിൽ പറഞ്ഞുകഴിഞ്ഞതാണ്. ആ മേഖലയിലും വളരെ നല്ല രീതിയിൽ മുന്നോട്ടുവരാൻ സാധിച്ചിട്ടുണ്ട്. ലേബലിംഗ്, ബ്രാൻഡിംഗ് ഉൾപ്പെടെയുള്ള വിഷയങ്ങൾ ഇന്ന് രാവിലെ ഇവിടെ ചർച്ച ചെയ്തതിനാൽ കൂടുതൽ പറയുന്നില്ല. ആശുപത്രി മേഖലയിലെ കാര്യങ്ങളെക്കുറിച്ച് ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞുകഴിഞ്ഞതാണ്, ചില മേഖലകളിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് മന്ത്രി പറഞ്ഞത് ശ്രദ്ധിച്ചിട്ടുണ്ട്, പരമാവധി എല്ലാ

കാര്യങ്ങളും ചെയ്തുകൊണ്ടുതന്നെ മുന്നോട്ടുപോകാം. മരുന്നിന്റെ കാര്യത്തിൽ തടസ്സം വരാത്ത വിധത്തിൽ നടപടി സ്വീകരിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് സൂചിപ്പിക്കുന്നത്. മെഡിക്കൽ കോളേജുകളിൽ ഹൃദയ ശസ്ത്രക്രിയകൾ നടക്കുന്നില്ല, ഹെൽത്ത് കാർഡ് സ്വീകരിക്കുന്നില്ല. സ്റ്റെന്റ് ഉറപ്പുവരുത്തിയാലേ ഓപ്പറേഷൻ നടക്കുകയുള്ളൂ, ഹൃദ്രോഗികളുടെ പ്രശ്നമായതിനാൽ ആ കാര്യത്തിലെങ്കിലും അങ്ങ് അടിയന്തരമായി ഇടപെടണം. മെഡിക്കൽ കോളേജിൽ സ്റ്റെന്റ് വിതരണം ചെയ്തിരുന്ന ഏജൻസികൾക്ക് പണം നൽകാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. എല്ലാ മെഡിക്കൽ കോളേജിലും ഈ പ്രശ്നം നിലനിൽക്കുന്നുണ്ട്. ഇക്കാര്യത്തിൽ അടിയന്തര നടപടി ഉണ്ടാകുമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, KASP (Karunya Arogya Suraksha Padhathi) ഉൾപ്പെടെ ആരോഗ്യ പരിരക്ഷയുമായി ബന്ധപ്പെട്ട് ഈ സാമ്പത്തിക വർഷം മാത്രം ധനകാര്യ വകുപ്പ് 444 കോടി രൂപ നൽകിയിട്ടുണ്ട്. നമ്മൾ നേരിടുന്ന

പ്രതിസന്ധി ഈ സഭയിൽത്തന്നെ കഴിഞ്ഞ ദിവസം പറഞ്ഞതാണ്. നേരത്തെ ഒരു കുടുംബത്തിന് ആരോഗ്യ ഇൻഷ്വറൻസ് കാർഡ് മുഖാന്തരം ഒരു വർഷം നൽകിയിരുന്നത് 30000 രൂപയുടെ പരിരക്ഷയായിരുന്നെങ്കിൽ ഇന്നത് 5 ലക്ഷം രൂപ എന്ന നിലയിലേയ്ക്ക് മാറിയിട്ടുണ്ട്. നേരത്തെയുള്ളതിൽനിന്നും മൂന്നിരട്ടിയിലധികം ആളുകൾ ഗുണഭോക്താക്കളായുണ്ട്. ഏകദേശം 6.5 ലക്ഷത്തോളം ആളുകൾക്ക് ചികിത്സാ സഹായം കൊടുക്കുന്നുണ്ട്. സ്വാഭാവികമായും പ്രതിവർഷം 1600 കോടി രൂപ ആരോഗ്യ പരിരക്ഷയിൽ നമുക്ക് ചെലവാകുന്നുണ്ട്. അതെല്ലാം കൊടുത്തുകൊണ്ട് മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. ഓരോ സമയത്തും ഉണ്ടാകുന്ന പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് മുന്നോട്ടുപോകാനുള്ള ശ്രമം നല്ല നിലയിൽ നടക്കുന്നുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പ്രസ്തുത പ്രശ്നത്തെക്കുറിച്ചുള്ള വിവരം ബഹുമാനപ്പെട്ട അംഗത്തിന് ലഭ്യമായതിനുശേഷവും 200 കോടി രൂപയ്ക്കടുത്ത് ഈയിനത്തിൽ നൽകിയിട്ടുണ്ട്. ഭാവിയിലും അതിനാവശ്യമായ പണം നൽകിക്കൊണ്ടിരിക്കുമെന്നതിൽ തർക്കമില്ല. വളരെ പ്രധാനപ്പെട്ട ഒരു

കാര്യമായിത്തന്നെ അത് പരിഗണിക്കുന്നതാണ്. മരുന്നിന്റെ കാര്യത്തിലും അങ്ങനെതന്നെയാണ്. ബജറ്റിന്റെ പൊതുകാഴ്ചപ്പാടുകളെക്കുറിച്ച് ഇങ്ങനെ പറഞ്ഞുപോയാൽ മതിയാകില്ല. ഇത്തരമൊരു സാഹചര്യത്തിൽ കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ എന്താണ് ചെയ്യേണ്ടതെന്നുകൂടി ചിന്തിക്കണ്ടേ? അതിനുവേണ്ടിയുള്ള പൊതുകാഴ്ചപ്പാടുകളെക്കുറിച്ച് ബജറ്റിലും ബജറ്റ് പ്രസംഗത്തിലും സൂചിപ്പിച്ചതാണ്. രാവിലെ വ്യവസായ വകുപ്പുമന്ത്രി പറഞ്ഞ തരത്തിലുള്ള വ്യാവസായിക മേഖലയിലെ പുതിയ കാഴ്ചപ്പാടുകൾ, അതോടനുബന്ധിച്ച് ഓരോ മേഖലയിലും പുതുതായി വരുന്ന സംരംഭങ്ങൾ, കൃഷി വകുപ്പുമന്ത്രി സൂചിപ്പിച്ച കാർഷിക മേഖലയിലെ 'കേര' പദ്ധതി, സഹകരണ മേഖലയിലെ മൂലധനം ഉപയോഗിച്ചുകൊണ്ട് ചെയ്യാവുന്ന പുതിയ കാര്യങ്ങൾ എന്നിങ്ങനെ ഓരോ രംഗത്തും എന്തൊക്കെ ചെയ്യാമെന്നതിനെക്കുറിച്ചുള്ള ആശയങ്ങളും പദ്ധതികളും നമ്മൾ രൂപീകരിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിലുള്ള ചെറുപ്പക്കാർക്ക് സ്റ്റാർട്ടപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വലിയ ഇൻവെസ്റ്റ്മെന്റ് നടത്തേണ്ടതുണ്ട്. നമ്മൾ എല്ലാവരും ചേർന്ന് ചെയ്യുന്ന കാര്യങ്ങളായേ അതിനെയെല്ലാം

ഞങ്ങൾ കാണുന്നുള്ളൂ. അയ്യായിരത്തോളം സ്റ്റാർട്ടപ്പുകൾ വിവിധ മേഖലകളിലായി കേരളത്തിൽ ഇന്നുണ്ട്. ഏറ്റവും നല്ല FinTech (Financial Technology)-ൽ ഒന്ന് മഞ്ചേരിയിൽ ഇല്ലേ? പെരിന്തൽമണ്ണ, മഞ്ചേരി, കാസർഗോഡ്, സുൽത്താൻ ബത്തേരി, ചാലക്കുടി തുടങ്ങി ഓരോ സ്ഥലത്തും ഇതുണ്ട്. ഈ വിഷയത്തിൽ എനിക്കും സന്തോഷമുണ്ട്. എന്റെ മണ്ഡലമായ കൊട്ടാരക്കരയിൽ Zoho Corporation പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം ഒരു മൾട്ടിനാഷണൽ കമ്പനിയാണ്. ലോക്കൽ ഏരിയയിലാണ് അവർക്ക് കൂടുതൽ യൂണിറ്റുകൾ ഉള്ളത്. തെങ്കാശിയിലെ യൂണിറ്റിൽ അവർ ഒരു R&D Centre (Research and Development) തുടങ്ങിയിട്ടുണ്ട്. നമ്മൾ പ്രതീക്ഷിക്കാത്ത ചെറു പട്ടണങ്ങളിൽ ഉൾപ്പെടെ ധാരാളം സ്ഥാപനങ്ങൾ പല മേഖലയിലും വരുന്നുണ്ട്. നമ്മുടെ ചെറുപ്പക്കാർക്ക് ഈ നാട്ടിൽ ജോലിചെയ്യാൻ സാധിക്കുകയെന്നത് ചെറിയ കാര്യമല്ല. അതിനുള്ള അടിസ്ഥാന സൗകര്യങ്ങളും കാര്യങ്ങളും വരിക എന്നത് പ്രധാനമാണ്. ഞാൻ പറഞ്ഞതിനകത്ത് എത്രയോ സ്ഥലങ്ങൾ ഇനിയും വരാനുണ്ട്. വലിയ കേന്ദ്രങ്ങളെക്കുറിച്ച് ഞാൻ പറയുന്നുപോലുമില്ല. ഇതിനൊക്കെയുള്ള

അടിസ്ഥാന സൗകര്യങ്ങൾ നിർബന്ധമായും വന്നേ പറ്റൂ. 'Work Near Home' എന്ന കാഴ്ചപ്പാടാണ് ഗവൺമെന്റിനുള്ളത്. ചെറുപ്പക്കാർ പുറത്തുപോയി 22 വയസ്സിലും മറ്റും ജോലി ചെയ്യുതുടങ്ങി. 25-30 വയസ്സുവരെ ജോലിചെയ്ത് കല്യാണമൊക്കെ കഴിച്ച് വീട്ടിലെ ചുമതലകൾ കാരണം നാട്ടിൽ നിൽക്കേണ്ട സാഹചര്യം വരുമ്പോൾ ജോലിചെയ്യാൻ മനസ്സുണ്ടാകും. പക്ഷേ ഭാര്യയ്ക്കായാലും ഭർത്താവിനായാലും പുറത്തുപോയി നിൽക്കാൻ സാധിക്കില്ലെന്ന അവസ്ഥ ഉണ്ടാകുമ്പോൾ വീടിനടുത്തായി ഇതിന് ഒരു സൗകര്യമുണ്ടാകേണ്ടത് അത്യാവശ്യമാണ്. ഇപ്പോൾ അതിന് സൗകര്യപ്രദമാകുന്ന തരത്തിൽ ഐ.ടി., ഐ.ടി. റിലേറ്റഡ് മേഖലയിൽ ജോലി ചെയ്യുന്ന ധാരാളം ആളുകളുണ്ട്. ഇത് സാധ്യമാകുന്നത് 'Work Near Home' എന്ന ആശയത്തിലൂടെയാണ്. കുവൈറ്റിൽനിന്നും ആശുപത്രി രംഗത്ത് മുതൽമുടക്കാനായി ചിലരൊക്കെ വരുന്ന കാര്യം നേരത്തെ നമ്മുടെ ബഹുമാനപ്പെട്ട കൂട്ടനാട് അംഗം ശ്രീ. തോമസ് കെ. തോമസ് പറയുകയുണ്ടായി. ഹെൽത്ത് ഹബ്ബ് പോലുള്ള കാര്യങ്ങൾ നമുക്കിവിടെ നടപ്പാക്കാൻ സാധിക്കും. കേരളത്തിന് പുറത്തുനിന്നുമുള്ള ആളുകൾ ഇവിടെ

വന്ന് ചികിത്സ തേടുന്നതിനുള്ള സൗകര്യങ്ങൾ സജ്ജീകരിക്കാൻ സാധിക്കും. മെഡിക്കൽ കോളേജ്/സ്വകാര്യ മെഡിക്കൽ കോളേജുകളോട് ചേർന്നുകൊണ്ടുതന്നെ ഇതിന് സൗകര്യമുണ്ടാക്കാൻ കഴിയും. ഹെൽത്ത് ഹബ്ബ്, എഡ്യൂക്കേഷൻ ഹബ്ബ് തുടങ്ങിയവ ഇവിടെ പ്രാവർത്തികമാക്കാൻ സാധിക്കും. വിഴിഞ്ഞം പോലുള്ള പദ്ധതികൾ നമുക്കുണ്ട്. ഇത്രയും വലിയ ഒരു വികസനം നടന്നിട്ടും പ്രതിപക്ഷത്തുനിന്നും ആരും അതൊന്നും സൂചിപ്പിച്ചില്ല. വിഴിഞ്ഞത്ത് മറ്റന്നാൾ ഞങ്ങളുംകൂടി വരാമെന്ന് ആരും പറഞ്ഞില്ലല്ലോ. ഞാൻ ഏതായാലും നിങ്ങളെ എല്ലാവരെയും ക്ഷണിക്കുകയാണ്. വകുപ്പുമന്ത്രി ഔദ്യോഗികമായി എല്ലാവരെയും ക്ഷണിക്കുന്നതായിരിക്കും. ലോകത്തെ ഏറ്റവും വലിയ കപ്പൽ ജൂലൈ 12-ാം തീയതി വിഴിഞ്ഞം തുറമുഖത്ത് എത്തുകയാണ്. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ. എങ്കിലും ആ സന്തോഷം സഭയെ അറിയിക്കേണ്ടതായിരുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ആ കപ്പലിനെ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിമാരും എം.എൽ.എ.-മാരും അടക്കം സ്വാഗതസംഘം രൂപീകരിച്ച് നമ്മൾ ഒരുമിച്ച് മുന്നോട്ടുപോകുകയാണ്. ഞങ്ങൾ ഒരുകാലത്തും

ഇതിനെ ബഹിഷ്കരിക്കുകയോ എതിർക്കുകയോ ചെയ്തിട്ടില്ല. ഇനി ചെയ്യുകയുമില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. വിഴിഞ്ഞത്തെ ജനങ്ങളുടെ മുമ്പിൽവച്ച് കപ്പൽ വരുന്നതൊക്കെ നല്ല കാര്യമാണെന്ന് പറയും. അവിടെ നിങ്ങൾക്ക് അങ്ങനെ പറയാനേ സാധിക്കുകയുള്ളൂ. എന്നാൽ നിങ്ങൾ സഭയിൽ വന്ന് പറയുന്നത് ഇത് മൊത്തം നാശം, ഇത് മൊത്തം നാശമെന്നാണ്. ഇവിടെ വരുമ്പോൾ കേരളത്തിലെ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലെന്ന് പറയുന്നതാണ് ശരിയല്ലാത്ത കാര്യമെന്നാണ് ഞാൻ പറഞ്ഞത്. രണ്ടാഴ്ചയ്ക്കകം വീണ്ടും ഒരു കപ്പൽകൂടി വരും. ലോകത്തെ ഏറ്റവും വലിയ കപ്പൽ വിഴിഞ്ഞം തുറമുഖത്ത് എത്തുന്നുവെന്നത് നമുക്കൊക്കെ അത്ഭുതമാണ്. കാരണം നമ്മൾ സ്വപ്നം കണ്ടിരുന്നതാണ്. ഇതൊരു ചെറിയ കാര്യമല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വിഴിഞ്ഞം തുറമുഖം പൂർത്തിയാകുന്നുവെന്നത് മലയാളികൾക്ക് മുഴുവൻ അഭിമാനകരമാണ്. ഇത് യു.ഡി.എഫ്. സർക്കാർ ഭരിച്ച സമയത്ത്

കൊണ്ടുവന്ന പ്രോജക്ടാണ്. അങ്ങ് ഇപ്പോൾ ആ പ്രോജക്ടുമായി ബന്ധപ്പെട്ട് ഞങ്ങളെ പരിഹസിച്ച് പറയുകയാണ്. ഈ പ്രോജക്ട് ഞങ്ങൾ ആരംഭിക്കുന്ന സമയത്ത് ഇത് ആറായിരം കോടി രൂപയുടെ റിയൽ എസ്റ്റേറ്റ് ഏർപ്പാടാണെന്ന് പറഞ്ഞ ആൾ അല്ലേ മുഖ്യമന്ത്രി? എന്നിട്ട് വിഴിഞ്ഞം തുറമുഖം ഉദ്ഘാടനം ചെയ്യാൻ പോകുകയാണെന്ന് പറഞ്ഞ് ഇപ്പോൾ ഞങ്ങളെ പരിഹസിക്കുകയാണ്. ഇതെന്ത് മര്യാദയാണ്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വിഴിഞ്ഞം തുറമുഖത്തിന് വലിയ ചരിത്രമുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിഴിഞ്ഞം തുറമുഖം വേണമെന്ന് ആവശ്യപ്പെട്ട് മാർച്ച് സംഘടിപ്പിച്ചപ്പോൾ ഞാൻ അന്ന് ഡി.വൈ.എഫ്.ഐ. പ്രവർത്തകനായിരുന്നു. ആ മാർച്ചിൽ ഇടപെടാൻ വന്ന വ്യക്തിയായിരുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി. കൂടാതെ വിഴിഞ്ഞം പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് നടത്തിയ ജനകീയ സമരങ്ങൾക്ക് നേതൃത്വം കൊടുക്കുകയും അന്ന് ഞങ്ങളുടെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയായിരുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രി മനുഷ്യച്ചങ്ങല അടക്കമുള്ള പരിപാടികളിൽ പങ്കെടുത്തിട്ടുള്ളതുമാണ്. ടി പദ്ധതിയുടെ കരാറുകളുടെ

കാര്യം ചർച്ച ചെയ്ത ഘട്ടത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. അവിടെയും നമ്മൾ കളക്ടീവായി ചർച്ച ചെയ്യേണ്ട കാര്യങ്ങളുണ്ടായിരുന്നു. ആ ചരിത്രത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. വിഴിഞ്ഞം പദ്ധതിക്കുവേണ്ടി പണമെടുക്കുന്നതുപോലും സംസ്ഥാനത്തിന്റെ കടപരിധിയിൽപ്പെടുത്തണമെന്ന തരത്തിലാണ് പറയുന്നത്. അത് വേറൊരു വിഷയമാണ്. അതൊരു കൊമേഴ്സ്യൽ പ്രോജക്ടാണ്. ഈ പദ്ധതി വൈകിപ്പിക്കാൻ സമ്മതിക്കില്ലെന്ന് പറഞ്ഞുകൊണ്ട് ആദ്യംതന്നെ Kerala Financial Corporation (KFC) വഴി പണം ക്രമീകരിച്ചുകൊടുത്തത് കൂടാതെ ഇപ്പോൾ നബാർഡിൽനിന്നും പണമെടുത്ത് മുന്നോട്ടുപോകുകയാണ്. അത്രയും വലിയ പദ്ധതി വരുമ്പോൾ അവിടെ തുറമുഖം മാത്രം പോരാ. തുറമുഖത്തിനടുത്ത് പതിനായിരക്കണക്കിനല്ല, ലക്ഷക്കണക്കിന് ആളുകൾക്ക് ജോലി ചെയ്യാൻ കഴിയുന്ന രീതിയിലുള്ള ടൗൺഷിപ്പ് വേണം. വലിയ രീതിയിലുള്ള സൗകര്യങ്ങളുണ്ടാക്കാൻ സജീവമായ ചില പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. അപ്പുറവും ഇപ്പുറവുമുള്ള സംസ്ഥാനങ്ങൾക്ക് ഇതിന്റെ ഫലമായി വികസനമുണ്ടാകാം. എന്നാൽ കേരളത്തിനകത്തുതന്നെ

ഇത്തരത്തിലുള്ള വികസന പ്രവർത്തനങ്ങളുണ്ടാകണം. ഇതുപോലുള്ള ധാരാളം കാര്യങ്ങൾ ചെയ്യാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, വിഴിഞ്ഞം തുറമുഖം കേരളത്തിലായതുകൊണ്ട് മാത്രം നമുക്ക് പ്രയോജനം ലഭിക്കണമെന്നില്ല. വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധമായി വരേണ്ട ഇൻഫ്രാസ്ട്രക്ചർ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് കാര്യമായ പ്രവർത്തനങ്ങളൊന്നും ഇപ്പോഴും കേരളത്തിൽ നടന്നിട്ടില്ല. നടന്നതെല്ലാം തമിഴ്നാട്ടിലാണ്. ഇതിന്റെ പ്രയോജനം അവസാനം വരാൻപോകുന്നതും അങ്ങോട്ടായിരിക്കും; കേരളത്തിലുണ്ടാകില്ല എന്ന റിപ്പോർട്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അനുബന്ധമായി വരേണ്ട ധാരാളം കാര്യങ്ങൾ കേരളത്തിൽ കാണുന്നില്ല. തുറമുഖം ഇവിടെയായതുകൊണ്ട് കപ്പൽ വരുന്നു. അതുമായി ബന്ധപ്പെട്ട് വരുന്ന അനുബന്ധ വ്യവസായങ്ങളും ട്രേഡുകളുമൊക്കെ തമിഴ്നാട്ടിലേയ്ക്കുപോയാൽ കേരളത്തിൽ വികസനപ്രവർത്തനങ്ങളൊന്നും ഉണ്ടാകില്ല. ശരിയായ രീതിയിലുള്ള റോഡോ ഇൻഫ്രാസ്ട്രക്ചറോ റെയിൽ

സൗകര്യങ്ങളോ ചെയ്തിട്ടില്ലെന്ന റിപ്പോർട്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, അങ്ങ് സൂചിപ്പിച്ച കാര്യം ശരിയല്ല. 1.7 കിലോമീറ്റർ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണതയിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുന്നു. റെയിൽവെ കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് 10.7 കിലോമീറ്ററിന്റെ പാരിസ്ഥിതിക ആഘാത പഠനവും സാമൂഹിക ആഘാതപഠനവും നടത്തിയിട്ടുണ്ട്. 9.2 കിലോമീറ്ററിന്റെ തുരങ്കപാതയുടെ നിർമ്മാണംകൂടി പൂർത്തീകരിക്കുമ്പോൾ റെയിൽവെ കണക്ടിവിറ്റിയാകും. റിംഗ് റോഡിന്റെ കാര്യത്തെ സംബന്ധിച്ച് ചീഫ് സെക്രട്ടറി അധ്യക്ഷനായ കമ്മിറ്റിയിൽ അതുമായി ബന്ധപ്പെട്ട അധികാരികളെയും എൻ.എച്ച്.-ന്റെ അധികാരികളെയും ഉൾപ്പെടുത്തി മീറ്റിംഗ് നടത്തി അതിന് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. കൊങ്കൺ റെയിൽവെ തയ്യാറാക്കിയ റിപ്പോർട്ടുകൾ ഇപ്പോൾ കേന്ദ്ര റെയിൽവെ അംഗീകരിച്ചതിനെത്തുടർന്ന് അതിന്റെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. അങ്ങ്

ഇതൊന്നും ആരംഭിച്ചിട്ടില്ലെന്ന് പറഞ്ഞത് ശരിയല്ല. പശ്ചാത്തല സൗകര്യം ഒരുങ്ങിക്കഴിഞ്ഞു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങ് പറഞ്ഞ കാര്യം വളരെ ഗൗരവമായിത്തന്നെയാണ് കാണുന്നത്. റിംഗ് റോഡിന്റെ പ്രവൃത്തികൾ നടക്കുന്നുണ്ട്. 2300 കോടി രൂപ നബാർഡിൽനിന്നും ലോണെടുക്കുന്നത് തുരങ്കപാതയ്ക്കും ബാക്കി വികസന കാര്യങ്ങൾക്കുമാണ്. സംസ്ഥാന സർക്കാർ പണമെല്ലാം മുടക്കി ഇക്കാര്യങ്ങൾ ചെയ്യുമെന്ന ധാരണയും ഞങ്ങൾക്കില്ല. സിയാൽ മോഡലോ അല്ലാതെയുള്ളതോ ആയ പലതരത്തിലുള്ള മോഡലുണ്ട്. ബജറ്റിൽ വിഴിഞ്ഞം പദ്ധതി സംബന്ധിച്ച് പറയുന്ന ഭാഗത്ത് ഇതിനെക്കുറിച്ചെല്ലാം പറഞ്ഞിട്ടുണ്ട്. സ്വകാര്യ മൂലധനം പലവിധത്തിൽ വരാവുന്ന തരത്തിലേയ്ക്ക് സാഹചര്യങ്ങൾ വിപുലമായിട്ടുണ്ട്. പതിനായിരത്തോളം ഏക്കർ സ്ഥലവും വിവിധ തരത്തിലുള്ള സംവിധാനങ്ങളും വരേണ്ടി വരും. വിഴിഞ്ഞത്തിന്റെ ചുറ്റുപാടുമായി വിവിധ തരത്തിലുള്ള ഫാക്ടറി പോലുള്ള സംവിധാനങ്ങളും ലോജിസ്റ്റിക്സ് അടക്കമുള്ള പല കാര്യങ്ങളും വരണമെന്നുള്ളതുതന്നെയാണ് നമ്മുടെ കാഴ്ചപ്പാട്. അതിൽ

നമുക്ക് യുണൈറ്റഡായി മുന്നോട്ടുപോകുക, സമയബന്ധിതമായി കാര്യങ്ങൾ ചെയ്യുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഈ കാര്യങ്ങളെല്ലാം ചെയ്ത് മുന്നോട്ടുപോകുകയാണ്. കേരളത്തിന്റെ സാമ്പത്തിക രംഗത്തെ ഡീസ്റ്റെബിലൈസ് ചെയ്തിട്ടില്ല. കേരളത്തിന്റെ സാമ്പത്തികരംഗത്തെ ഡീസ്റ്റെബിലൈസ് ചെയ്യാൻ ഇലക്ഷനുമുമ്പ് കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശ്രമമുണ്ടായി. അങ്ങനെ സംഭവിച്ചില്ല എന്നതുകൊണ്ടുമാത്രം കാര്യമില്ല. നമുക്ക് കിട്ടാനുള്ള പണം ഇപ്പോൾ ലഭിക്കാതിരുന്നാൽ അത് ഭാവിയിൽ കിട്ടുമോ? ഇവിടെ തട്ടിയുരുട്ടി കാര്യങ്ങൾ കൊണ്ടുപോകലല്ല വേണ്ടത്; ലഭിക്കാനുള്ള അർഹമായ പണം വാങ്ങണം. നമ്മൾ ഒരുമിച്ചു നിൽക്കുകയും കേരളത്തിലെ എം.പി.-മാർ പാർലമെന്റിലും പുറത്തും ഇക്കാര്യം പറയുകയും ചെയ്താൽ അത് ലഭിക്കും. അക്കാര്യത്തിൽ നമുക്ക് ഒരുമിച്ച് മുന്നോട്ടുപോകണമെന്നുള്ളതാണ്. ഇതെല്ലാമുള്ളപ്പോൾ നമുക്ക് രാഷ്ട്രീയം അമിതമായി പോകുന്നു. പക്ഷേ രാഷ്ട്രീയത്തിന്റെ ലെവൽ അങ്ങനെയാണ്. അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞ് ആളുകളെ

മോശപ്പെടുത്താൻവേണ്ടി എത്രയെത്ര കഥകളുണ്ടാക്കുകയാണ്. അതുകൊണ്ട് പൊതുവെ രാഷ്ട്രീയത്തിന് എന്തുഗുണമുണ്ടാകും?

സോഷ്യൽ മീഡിയയിൽ ഇന്ന് നിങ്ങളെക്കുറിച്ചാണല്ലോ കഥകൾ വരുന്നതെന്ന് ശ്രീ. മാത്യു ടി. തോമസ് പറഞ്ഞപ്പോൾ ഞാൻ അത് പരിശോധിച്ചു. ചികിത്സയ്ക്കുവേണ്ടി ഒരു ദിവസം ഞാൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയിരുന്നു. അവിടെ പോയതുകൊണ്ടാണ് ഇത് പുറത്തറിഞ്ഞത്. പെട്ടെന്ന് ഒരു അസുഖമുണ്ടായാൽ വ്യക്തിപരമായ ചികിത്സയ്ക്കുവേണ്ടി മെഡിക്കൽ കോളേജിൽ പോകുന്നത് ആളുകൾ അറിയേണ്ട കാര്യമില്ല. പക്ഷേ ആശുപത്രിയിൽ പോയ കാര്യങ്ങളെല്ലാം പത്രത്തിൽ വരുമല്ലോ? അവിടെനിന്നു ചികിത്സയെല്ലാം കഴിഞ്ഞു. കേരളത്തിലെ 42 ലക്ഷം കുടുംബങ്ങൾക്ക് കാരുണ്യ പദ്ധതിയനുസരിച്ച് ലഭിക്കുന്ന അതേ ഐ.സി.യു.-വിലാണ് ഞാനും അഡ്മിറ്റായത്. ഞാൻ ഉൾപ്പെടെയുള്ള മറ്റ് മന്ത്രിമാരും ഇപ്പോഴും അവിടെ ചികിത്സയ്ക്കായി പോകുന്നുണ്ട്. 'ധനകാര്യ വകുപ്പുമന്ത്രി ഒരു ദിവസത്തെ ആശുപത്രി വാസത്തിന് 1,90,000 രൂപ എഴുതിയെടുത്തു' എന്ന തരത്തിലാണ് സോഷ്യൽ

മീഡിയയിൽ വാർത്തകൾ വന്നത്. ചില പ്രമുഖമായ മീഡിയകളൊക്കെ അങ്ങേയ്ക്കറിയാവുന്നതാണ്. കേരളത്തിലുള്ളത് നല്ല ഒന്നാംതരം മെഡിക്കൽ കോളേജുകളാണെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. അവിടെ എനിക്ക് നേരിട്ടുണ്ടായ അനുഭവം പറയട്ടെ, മെഡിക്കൽ കോളേജിൽ പലതരം രോഗങ്ങൾക്ക് ചികിത്സയ്ക്കവരുന്ന 42 ലക്ഷം പേർക്ക് കാരുണ്യ പദ്ധതിയനുസരിച്ചുള്ള ഇൻഷ്വറൻസ് ലഭിക്കും. അങ്ങനെയല്ലാത്ത ആളുകൾ, ഹൃദയസംബന്ധമായ അസുഖത്തിന് ചികിത്സയ്ക്ക് വരുന്നവരാണെന്ന് ഇരിക്കട്ടെ, ഞാൻ കിടക്കുന്ന സമയത്ത് ഐ.സി.യു.-വിൽ രണ്ട് രോഗികൾ വന്നു. അതിലൊരാൾ ബംഗാളി തൊഴിലാളിയാണ്. വഴിയിൽവച്ച് പെട്ടെന്ന് അസുഖ ബാധിതനായതിനാൽ മെഡിക്കൽ കോളേജിൽ എത്തിയതാണ്. അയാളുടെ പക്കൽ കാരുണ്യ ഇൻഷ്വറൻസ് കാർഡ് ഇല്ല.

ശ്രീ. ജി. എസ്. ജയലാൽ: സർ, മുമ്പ് ഒരു ആരോഗ്യ വകുപ്പുമന്ത്രി എന്റെ ജീവൻ രക്ഷിക്കണമെങ്കിൽ മെഡിക്കൽ കോളേജിൽ നിന്നുകൊണ്ടുപോകണമെന്ന് പറഞ്ഞ് ഇറങ്ങിപ്പോയത് ഓർമ്മയുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, മെഡിക്കൽ കോളേജ് അല്ലാത്ത ആശുപത്രിയിൽ പോകുന്നതിനെക്കുറിച്ച് അല്ല, അസുഖം വന്നാൽ ആശുപത്രിയിൽ പോകേണ്ടി വരില്ലേ? കാരുണ്യ ചികിത്സാ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് എല്ലാ ചികിത്സയും നൽകും. അയാൾക്ക് കാരുണ്യയുടെ ചികിത്സാ കാർഡ് ഇല്ലെങ്കിലും 35,000 രൂപയുടെ ഇഞ്ചക്ഷൻ സൗജന്യമായാണ് നൽകുന്നത്. അതിനുശേഷം തമിഴ്നാട്ടിൽനിന്നുള്ള ഒരു രോഗി വന്നു. ഇവർക്ക് രണ്ടുപേർക്കും അവിടെ ഒരേ തരത്തിൽ തന്നെയാണ് ചികിത്സ ലഭിച്ചത്. നമ്മളെല്ലാവരും പണമടച്ചിട്ടുതന്നെയാണ് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് വാങ്ങുന്നത്. സാധാരണ കാരുണ്യ കാർഡ് ഉണ്ടെങ്കിൽ അതിന്റെ ആവശ്യമില്ല. കേരളത്തിലെ മെഡിക്കൽ കോളേജും ആശുപത്രികളും ഏറ്റവും നല്ല ആശുപത്രികളാണെന്ന് പറയാൻവേണ്ടിയാണ് ഞാൻ ഇത് പറഞ്ഞത്. അവിടെ ഇനിയും കൂടുതൽ സൗകര്യങ്ങൾ വേണമെങ്കിൽ കൊടുക്കാം.

ഇവിടെ പി.എസ്.സി.-യുടെ കാര്യം പറഞ്ഞു. എപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരുപറഞ്ഞ് അപമാനിക്കാൻ ശ്രമം നടത്തുന്നത്

എന്തിനാണ്? ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ പേരും ഇവിടെ പറയുകയുണ്ടായി. ഇതെല്ലാം അപ്പോൾത്തന്നെ സോഷ്യൽ മീഡിയയിലേക്ക് എത്തുകയല്ലേ ചെയ്യുന്നത്; രാവിലെ ഇവിടെ പരാമർശിച്ച പേരുണ്ട്. കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളിൽ അത് വന്നതാണ്. എസ്.എഫ്.ഐ. പ്രവർത്തകനായിരുന്ന സമയത്താണ് ശ്രീ. പി. എ. മുഹമ്മദ് റിയാസുമായി ഞാൻ പരിചയപ്പെടുന്നത്. ഞാൻ എസ്.എഫ്.ഐ.-യുടെ ഓൾ ഇന്ത്യാ പ്രസിഡന്റും സംസ്ഥാന സെക്രട്ടറിയുമായിരിക്കുമ്പോൾ മുതൽ എനിക്ക് അദ്ദേഹത്തെ പരിചയമുണ്ട്. ഓരോരുത്തരും അന്നുമുതൽ പ്രവർത്തിക്കുന്നവരാണ്. ഞങ്ങളെല്ലാം ഈ സംഘടനയിൽ പ്രവർത്തിച്ചുവന്നവരാണ്. എം.എൽ.എ.-മാരെയും മന്ത്രിമാരെയും രാഷ്ട്രീയ നേതാക്കളെയും അകത്തില്ലാത്തവരെയും പുറത്തുള്ളവരെയുമെല്ലാം പറയുമല്ലോ; ഇങ്ങനെ വസ്തുതയില്ലാതെ അങ്ങോട്ടുമിങ്ങോട്ടും ആരോപണമുന്നയിച്ചാൽ എങ്ങനെയാണ്? വിദ്യാർഥി രംഗം മുതൽ പ്രവർത്തിച്ചുവരുന്ന ഒരാളെക്കുറിച്ചാണ് പറയുന്നത്. ഓരോ കാര്യവും പത്രത്തിൽ വരുന്നുണ്ടല്ലോ,

ഒരാളുടെ പേര് ഞാൻ പറഞ്ഞെന്നേയുള്ളൂ. ഒരാളുടെ മാത്രമല്ല, എല്ലാ ആളുകളെയും കുറിച്ച് പറയുന്നതാണല്ലോ; കേരളത്തിലെ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി പുസ്തകം വായിച്ചുകൊണ്ടിരിക്കുന്ന ഫോട്ടോ മോർഫ് ചെയ്ത് പ്രചരിപ്പിക്കുന്നില്ലേ; ഓരോന്നും നമുക്ക് ഇല്ലാതാക്കാനൊന്നും കഴിയില്ല. അത്തരത്തിലുള്ള പ്രചരണ രീതിയല്ല നമുക്ക് വേണ്ടത്. ഒരു കാര്യം ഞാൻ പറയാം, നമ്മുടെ നാട്ടിൽ ഇത്തരത്തിൽ വ്യക്തികളെ അപമാനിക്കുന്ന തരത്തിലുള്ള അനാവശ്യ പ്രചാരണങ്ങൾ ജനങ്ങൾ വിശ്വസിക്കില്ല. ഒന്നും കിട്ടില്ലെന്ന് പറഞ്ഞാൽ കിട്ടുന്ന ആളുകൾ നിങ്ങളെ വിശ്വസിക്കുമോ; കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിന് മുമ്പ് നിങ്ങൾ എന്തൊക്കെ കഥകളുണ്ടാക്കി? ജനങ്ങൾ അതൊന്നും വിശ്വസിക്കില്ല. നമുക്ക് കേരളത്തിനുവേണ്ടി സംസാരിക്കാം. അതിന് യാതൊരു തർക്കവുമില്ല. പക്ഷേ ഇത്തരത്തിൽ വ്യക്തികളെ ഡീഫേം ചെയ്യുന്ന തരത്തിലേയ്ക്ക്, എല്ലാ പാർട്ടി നേതാക്കളെയും മന്ത്രിമാരെയും രാഷ്ട്രീയ നേതാക്കളെയും എം.എൽ.എ.-മാരെയുമെല്ലാം ഇങ്ങനെ അപമാനിക്കുന്ന തരത്തിലുള്ള വാർത്താ പ്രചരണത്തിന്റെ രീതിയുണ്ട്

എന്നുള്ളതുകൊണ്ട് ഞാൻ പറഞ്ഞതെന്നേയുള്ളൂ. ഞാൻ പറഞ്ഞതുകൊണ്ട് എല്ലാം ഇല്ലാതാകുമെന്നല്ല. ഇത്തരം രീതിയിലുള്ള പ്രചരണങ്ങൾ നടത്തുന്ന തരത്തിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. പൊതുവിൽ ഇത് നല്ല കാര്യമല്ല.

വിദ്യാർഥി രംഗത്തെ കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഞാൻ വിദ്യാർഥി രംഗത്തുനിന്ന് വന്ന ആളാണ്. എസ്.എഫ്.ഐ. പ്രവർത്തകനായിരുന്ന ഒരാളാണ് ഞാൻ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് NSUI (National Students' Union of India)-ന്റെ ജനറൽ സെക്രട്ടറിയായിരിക്കുന്ന സമയത്ത് ഞാൻ എസ്.എഫ്.ഐ.-യുടെ അഖിലേന്ത്യാ പ്രസിഡന്റായിരുന്നു. വിദ്യാർഥി രാഷ്ട്രീയത്തിലൂടെയാണ് ഞങ്ങളൊക്കെ ഇന്നത്തെ നിലയിലുള്ള രാഷ്ട്രീയ കാഴ്ചപ്പാടിലും പ്രവർത്തനത്തിലും എത്തിച്ചേർന്നതെന്ന് പറയാൻ കഴിയും. ശ്രീ. മോൻസ് ജോസഫ് കെ.എസ്.സി.-യുടെ സംസ്ഥാന പ്രസിഡന്റായിരുന്ന സമയത്ത് ഞങ്ങൾ ഒരുമിച്ച് നിരാഹാരം കിടന്നിട്ടുണ്ട്. വിദ്യാർഥി സംഘടനാ പ്രവർത്തനമെന്ന് പറയുന്നതിൽ ഒരു വിലയും മാതൃകയുമുണ്ട്. ഞങ്ങൾ വിദ്യാർഥികളെയും അധ്യാപകരെയും

അപമാനിക്കുന്ന നിലയിൽ അങ്ങോട്ടുമിങ്ങോട്ടും പറയാറില്ല. എത്ര എസ്.എഫ്.ഐ. പ്രവർത്തകരെയാണ് നിങ്ങൾ കേരളത്തിൽ കൊല ചെയ്തത്; എസ്.എഫ്.ഐ. പ്രവർത്തകർ ഒരു കെ.എസ്.യു. പ്രവർത്തകനെയെങ്കിലും കൊലപ്പെടുത്തിയ കേസുണ്ടോ? ക്യാമ്പസുകളിൽ കെ.എസ്.യു. പ്രവർത്തകർ മരണപ്പെട്ട സംഭവങ്ങളുണ്ടായിട്ടുണ്ട്. പക്ഷേ അതെല്ലാം പരസ്പര സംഘർഷത്തിലൂടെയായിരുന്നു. പേരുകൾ ഞാൻ പറയുന്നില്ല. പരസ്പരം സംഘർഷമുണ്ടായതിനെത്തുടർന്നുള്ള സംഭവങ്ങളാണ് നടന്നിട്ടുള്ളത്. .....(ബഹളം)..... എവിടെയാണെന്നോ; എം.എസ്.എഫ്. പ്രവർത്തകർ അധ്യാപകനെ ചവിട്ടിക്കൊന്ന സംഭവമില്ലേ? പഴയ പത്രകട്ടിംഗ് എടുക്കാം. .....(ബഹളം)..... അതുപറയുമ്പോൾ എന്താണ് ബഹളമുണ്ടാക്കുന്നത്? ..... (ബഹളം).....

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... ശ്രീ. പി. കെ. ബഷീർ, പ്ലീസ്..... ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് കൺക്ലൂഡ് ചെയ്യുക.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട പി. കെ. ബഷീർ, ഞാൻ വ്യക്തമായി പറയാം. മട്ടന്നൂർ പഴശ്ശിരാജ

കോളേജിൽ കെ.എസ്.യു. നേതാവും മാഗസിൻ എഡിറ്ററുമായിരുന്ന പുതിയ വീട്ടിൽ ബഷീറിനെ ആരാണ് കൊലപ്പെടുത്തിയതെന്ന് അന്വേഷിച്ചാൽ മതി. ഇത്തരം സംഭവങ്ങളുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, എം.എസ്.എഫ്. പ്രവർത്തകർ ഒരു അധ്യാപകനെ ചവിട്ടിക്കൊന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് എവിടെയാണെന്ന് വ്യക്തമാക്കണം. ഇല്ലാത്ത കാര്യമാണെങ്കിൽ അത് സഭാ രേഖയിലുണ്ടാകാൻ പാടില്ലല്ലോ? അതുകൊണ്ട് ചോദിച്ചതാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും ശ്രീ. പി. കെ. ബഷീർ ഉൾപ്പെടെയുള്ളവരും ഇക്കാര്യം ആദ്യമായി കേൾക്കുന്നതുപോലെ എന്തിനാണ് ഇത്ര ക്ഷുഭിതരായി ചാടിയെഴുന്നേറ്റതെന്ന് മനസ്സിലായില്ല. കഴിഞ്ഞ ദിവസം ഈ സഭയിൽ ഞാൻ ഇക്കാര്യം പറയുകയും ആ പത്രവാർത്തയും മരിച്ചയാളുടെ ഫോട്ടോയുമെല്ലാം കാണിക്കുകയും ചെയ്തതാണ്. അതെല്ലാം സഭാരേഖയിലുണ്ട്. അന്ന് അനങ്ങാതിരുന്ന ആളുകൾക്ക് ഇപ്പോൾ ക്ഷോഭം വരുന്നതെന്തുകൊണ്ടാണ്;

ഒരാഴ്ച കഴിഞ്ഞാണോ ക്ഷോഭം വരേണ്ടത്? ഞാൻ പേര് പറഞ്ഞുതരാം. അങ്ങ് വളരെ സദുദ്ദേശ്യത്തിൽ ചോദിച്ചതാണെന്ന് മനസ്സിലായി. കൊല ചെയ്യപ്പെട്ട അധ്യാപകന്റെ പേര് ജെയിംസ് അഗസ്റ്റിൻ എന്നാണ്. ക്ലസ്റ്റർ മീറ്റിംഗിനിടയിലാണ് ഈ സംഭവമുണ്ടായത്. .....(ബഹളം)..... അങ്ങ് ചോദിച്ചതിനല്ലേ മറുപടി പറഞ്ഞത്.

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... ശ്രീ. പി. കെ. ബഷീർ അവിടെയിരിക്കൂ..... കൺക്ലൂഡ് ചെയ്യട്ടെ. .....(ബഹളം).....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ അധികം ദീർഘിപ്പിക്കുന്നില്ല. ഈ വസ്തുതകൾ പറയാൻ എന്നെ നിർബന്ധിതനാക്കിയതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ...

മി. സ്പീക്കർ: പ്രതിപക്ഷ അംഗങ്ങളോട് സീറ്റിലിരിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയൂ. എങ്കിൽ മൈക്ക് നൽകാം. പ്ലീസ്..... പ്ലീസ്.....

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു അടിസ്ഥാനവുമില്ലാതെ യാതൊരു തെളിവുകളുടെയും പിൻബലമില്ലാതെ എം.എസ്.എഫ്. പ്രവർത്തകർ ഒരു അധ്യാപകനെ ചവിട്ടിക്കൊന്നുവെന്ന് ധനകാര്യ വകുപ്പുമന്ത്രി ഈ നിയമസഭയിൽ പറയുകയാണ്. ഇക്കാര്യം പറഞ്ഞ ധനകാര്യ വകുപ്പുമന്ത്രിക്ക് ആര് മരിച്ചെന്നോ ആര് ചവിട്ടിക്കൊന്നെന്നോ ഒരു പിടിയുമില്ല. ഗുരുതരവും അടിസ്ഥാനരഹിതവുമായ ആരോപണമുന്നയിച്ച് ഈ നിയമസഭാവേദിയെ കളങ്കപ്പെടുത്തുകയാണ് ധനകാര്യ വകുപ്പുമന്ത്രി ചെയ്തത്. ഇതിൽ ഞങ്ങൾ അതിശക്തമായി പ്രതിഷേധിക്കുന്നു. ഇത് സഭാരേഖകളിലുണ്ടാകാൻ പാടില്ല. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുന്നു.

(ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷമൊന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും

വകുപ്പുമന്ത്രി പറഞ്ഞ കാര്യംതന്നെ ഞാൻ ആവർത്തിക്കുകയാണ്. ആ പത്രവും പത്രകട്ടിംഗും വാർത്തകളുമൊക്കെയുണ്ട്. എന്തായാലും രാഷ്ട്രീയമായി അവർക്കിത് ചെയ്യാതിരിക്കാൻ കഴിയില്ല. ഇന്ന് ഇന്ത്യയിലെ എല്ലാ പ്രധാനപ്പെട്ട സർവകലാശാലകളിലും ഏറ്റവും പ്രധാനപ്പെട്ട വിദ്യാർഥി സംഘടനയായി എസ്.എഫ്.ഐ. പ്രവർത്തിക്കുന്നുണ്ട്. അത് ഈ പ്രവർത്തനത്തിന്റെ ഭാഗമായാണ്. അത്തരം കാര്യങ്ങളെല്ലാം ഞാൻ ചൂണ്ടിക്കാണിച്ചെന്നേയുള്ളൂ. ഇവിടെ നടന്ന ചർച്ചകളിൽ പോസിറ്റീവായ കാര്യങ്ങൾ പലതും വന്നു. അതെല്ലാം ഉൾക്കൊള്ളുന്നുണ്ട്. അതിൽ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. തെറ്റായ പല കാര്യങ്ങളും പറഞ്ഞു. അതുസംബന്ധിച്ച ചില പരാമർശങ്ങൾ നടത്തിയെന്നു മാത്രമേയുള്ളൂ.

മി. സ്പീക്കർ: 2024-ലെ കേരള ധനവിനിയോഗ (2-ാംനമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതി ഇല്ല)

മി. സ്പീക്കർ: രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതി ഇല്ല)

മി. സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതി ഇല്ല)

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള ധനവിനിയോഗ (2-ാംനമ്പർ) ബിൽ പാസാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2024-ലെ കേരള ധനവിനിയോഗ (2-ാംനമ്പർ) ബിൽ പാസാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

X. അറിയിപ്പ്

(1) ഇ-സ്പോർട്സ്

മി. സ്പീക്കർ: 'എല്ലാവർക്കും സ്പോർട്സ്, എല്ലാവർക്കും ആരോഗ്യം' എന്ന കായിക നയത്തിന്റെ ഭാഗമായി എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് ഇ-സ്പോർട്സ് ഹബ്ബുകൾ സ്ഥാപിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങളെ പരിചയപ്പെടുത്തുന്നതിനുള്ള ഒരു പരിപാടിയും ഇ-സ്പോർട്സ്

ഡിസ്പ്ലേയും 2024, ജൂലൈ 10-ാം തീയതി ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിലും പരിസരത്തുമായി നടത്തുന്നതാണ്. പരിപാടി നാളെ രാവിലെ 8.30-ന് വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ഉദ്ഘാടനം നിർവഹിക്കുന്നതാണ്. പ്രസ്തുത പരിപാടിയിലേയ്ക്ക് എല്ലാ അംഗങ്ങളെയും ക്ഷണിക്കുന്നു.

(2) കാലാവസ്ഥാ വ്യതിയാനം

മി. സ്പീക്കർ: നിയമസഭയിൽ കെ-ലാംപ്സ് വിഭാഗം, സംസ്ഥാന പരിസ്ഥിതി വകുപ്പ്, യുനിസെഫ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് ഒരു ഇന്ററാക്റ്റീവ് സെഷൻ സാമാജികർക്കായി ഇന്ന് വൈകുന്നേരം 5.00 മണിക്ക് ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടക്കുന്നതാണ്. പരിപാടിക്കുശേഷം അംഗങ്ങൾക്കായി ഡൈനിംഗ് ഹാളിൽ ഒരു സ്നേഹ വിരുന്നും ഒരുക്കിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂലൈ മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.41-ന് പിരിഞ്ഞു.)

* * * * *

അനുബന്ധം – I

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തുനിന്നും കപ്പൽ സർവീസ്

6 (*486) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി വിഴിഞ്ഞത്തുനിന്നും സംസ്ഥാനത്തെ മറ്റ് തുറമുഖങ്ങളിലേക്ക് കപ്പൽ സർവീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

പരിഗണനയിലുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി തീരക്കടൽ ചരക്ക് ഗതാഗതം ഊർജിതമാകുമെന്ന് പ്രതീക്ഷിക്കുന്നു. തീരക്കടൽ ചരക്ക് ഗതാഗതം

പ്രോത്സാഹിപ്പിക്കുന്നതിനായി സ്വകാര്യ കപ്പൽ കമ്പനികളുമായി കേരള മാരിടൈം ബോർഡ് ഇതിനോടകം ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏതെല്ലാം തുറമുഖങ്ങളിലേക്കാണ് സർവീസ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

നിലവിൽ അടിസ്ഥാന സൗകര്യങ്ങളുള്ള തുറമുഖങ്ങളായ കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിലേയ്ക്ക് കപ്പൽ സർവീസ് നടത്താൻ കഴിയുന്നതാണ്.

(സി) ഇതിനായി അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. തുറമുഖങ്ങളിൽ കപ്പലുകൾ സർവീസ് നടത്തുന്നതിന് ആവശ്യമായ അനുമതി കേന്ദ്ര മന്ത്രാലയങ്ങളിൽ നിന്നും നേടുകയും തുറമുഖങ്ങളുടെ ആഴം വർധിപ്പിക്കുകയും അധികമായി വാർഫുകൾ നിർമ്മിക്കുകയും ചെയ്യുന്നതടക്കമുള്ള തുറമുഖങ്ങളുടെ ൊ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ നടപടികൾ കേരള മാരിടൈം ബോർഡ് സ്വീകരിച്ചുവരുന്നു.

കേരള ബ്രാൻഡ് പദ്ധതി

7 (*487) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും ആഗോള ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അതിലൂടെ അന്താരാഷ്ട്ര വിപണിയിൽ അവയ്ക്ക് വിപണന സാധ്യത വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരളത്തിൽ നിർമ്മിക്കുന്ന ഉൽപന്നങ്ങൾ/നൽകുന്ന സേവനങ്ങൾ എന്നിവയ്ക്ക് ആഗോള ഗുണനിലവാരം കൊണ്ടുവരികയും, അതുവഴി അന്താരാഷ്ട്ര വിപണിയിൽ വിപണന സാധ്യത കൂട്ടുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് "കേരളാ ബ്രാൻഡ്". ഉയർന്ന ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്വപരമായ

വ്യാവസായിക രീതികൾ എന്നിവയോട് കൂറ് പുലർത്തിക്കൊണ്ട് കേരളത്തിലെ വ്യവസായ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഉൽപന്നങ്ങളെയും നൽകുന്ന സേവനങ്ങളെയും ആഗോള വിപണിയിലെ ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്തുകയും, ഇതിലൂടെ കേരളത്തിലെ വ്യവസായങ്ങൾക്ക് പൊതുവായി ഒരു സ്വത്വം സൃഷ്ടിച്ചെടുക്കുകയുമാണ് കേരള ബ്രാൻഡ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഗുണമേന്മ, ധാർമ്മികത, ഉത്തരവാദിത്ത വ്യാവസായിക സമ്പ്രദായങ്ങൾ എന്നിവയിൽ കേരളത്തിന്റെ പ്രതിബദ്ധത ഇത് പ്രകടമാക്കുകയും സംസ്ഥാനത്തെ തദ്ദേശീയ ഉൽപന്നങ്ങൾക്ക് "MADE IN KERALA" എന്ന സവിശേഷമായ ഐഡന്റിറ്റി സൃഷ്ടിച്ചുകൊണ്ട് ആഗോള വിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കേരളത്തിലെ സംരംഭങ്ങളെ പ്രാപ്തരാക്കുകയും ചെയ്യും.

(ബി) കേരള ബ്രാൻഡ് പദ്ധതിയനുസരിച്ച് മെയ്ഡ് ഇൻ കേരള ബ്രാൻഡിംഗ് ലഭിക്കുന്നതിന് ഉൽപന്നങ്ങൾക്കും സേവനങ്ങൾക്കും ഉണ്ടായിരിക്കേണ്ട മിനിമം ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനായി സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഏതൊരു വകുപ്പിനും/ഏജൻസിക്കും അതിന്റെ മേഖലകളുമായി ബന്ധപ്പെട്ട ഉൽപന്നങ്ങൾ, സേവനങ്ങൾ കേരള ബ്രാൻഡിനുകീഴിൽ അവതരിപ്പിക്കാൻ കഴിയും. ബന്ധപ്പെട്ട വകുപ്പ് നിർദേശിക്കുന്ന ഉൽപന്നങ്ങൾ/സേവനങ്ങൾക്ക് ബാധകമാക്കേണ്ട ഗുണനിലവാര മാനദണ്ഡങ്ങൾ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച് നിശ്ചയിക്കുന്നതാണ്. കേരള ബ്രാൻഡിന് പരിഗണിക്കപ്പെടുന്ന ഉൽപന്നങ്ങൾ/സേവനങ്ങൾ, വിപണിയിൽ നിലവിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നവ ആയിരിക്കണം. പ്രത്യേക ഗുണനിലവാര മാനദണ്ഡങ്ങൾ നിലവിൽ നിഷ്കർഷിക്കപ്പെടാത്ത ഉൽപന്നങ്ങളുടെ/സേവനങ്ങളുടെ കാര്യത്തിൽ, അത്തരം മാനദണ്ഡങ്ങൾ സംസ്ഥാനതല കമ്മിറ്റി നിർദേശിക്കും. കേരള ബ്രാൻഡിനുള്ള അപേക്ഷകൾ ഒരു താലൂക്കുതല സെലക്ഷൻ കമ്മിറ്റി പരിഗണിക്കുകയും അതത് ഉൽപന്നത്തിന്/സേവനത്തിന് സംസ്ഥാനതല കമ്മിറ്റി മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തി കേരള ബ്രാൻഡ് നൽകുകയും ചെയ്യും. കേരള ബ്രാൻഡിനുകീഴിൽ വിഭാവനം ചെയ്തിട്ടുള്ള

ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്ത വ്യവസായ സമ്പ്രദായങ്ങൾ എന്നിവയ്ക്ക് അനുസൃതമായി പ്രവർത്തിക്കുന്നവയ്ക്കായിരിക്കും കേരള ബ്രാൻഡ് നൽകുന്നത്. ഇത്തരത്തിലുള്ള ഒരു സ്വയം സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കുകയും താലൂക്കുതല സെലക്ഷൻ കമ്മിറ്റിയുടെ പ്രതിനിധി അത് നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യും.

(സി) ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ ആഭ്യന്തര ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനും ഇറക്കുമതി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ?

കേരളാ ബ്രാൻഡ് ഉൽപന്നങ്ങൾക്ക് ഉയർന്ന ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്വപരമായ വ്യാവസായിക രീതികൾ എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിലൂടെ ഈ ഉൽപന്നങ്ങൾ/സേവനങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ ഉള്ള വിപണന സാധ്യത വർധിപ്പിക്കാൻ സാധിക്കും. ഇത്തരം സംരംഭകർക്ക് അവർ നിർമ്മിക്കുന്ന ഉൽപന്നങ്ങളെയും നൽകുന്ന സേവനങ്ങളെയും ആഗോള വിപണിയിലെ ഉപഭോക്താക്കൾക്ക്

പരിചയപ്പെടുത്തുകയും, ഇതിലൂടെ കേരളത്തിന്റെയും പ്രത്യേകിച്ച് ഇത്തരം ഉൽപന്നങ്ങളുടെ പെരുമ വർധിപ്പിക്കാനും സാധിക്കും. ഇത് ഇതര ബ്രാൻഡ് ഉൽപന്നങ്ങളെക്കാൾ കേരള ബ്രാൻഡ് ഉൽപന്നങ്ങൾക്ക് ആവശ്യകത കൂട്ടാനും ആത്യന്തികമായി ഇവയുടെ ആഭ്യന്തര ഉൽപാദനം വർധിപ്പിക്കാനും, ഒപ്പം വിദേശ വിപണി കണ്ടെത്താനും സഹായകമാകും.

സഹകരണ പരീക്ഷാ ബോർഡിന്റെ പ്രവർത്തനം

8(*488) ശ്രീ. എ. രാജ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ സംഘങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് നൂതന സാങ്കേതിക പരിജ്ഞാനവും മേഖലയെക്കുറിച്ച് സമഗ്രമായ അറിവുമുള്ള ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

സഹകരണ മേഖലയിലെ സംഘങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി സഹകരണ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് സഹകരണ ചട്ടം 186 പ്രകാരം നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ അടിസ്ഥാനമാക്കിയും വിവിധ തസ്തികകളിലേയ്ക്ക് പരീക്ഷ നടത്തുന്നതിനായി സഹകരണ സർവീസ് പരീക്ഷാ ബോർഡിന് സർക്കാർ അംഗീകരിച്ചുനൽകിയ സിലബസ് പ്രകാരവും കുറ്റമറ്റ രീതിയിൽ പരീക്ഷ നടത്തി കഴിവുറ്റ ഉദ്യോഗാർഥികളെ സഹകരണ പരീക്ഷാ ബോർഡ്വഴി നിയമിക്കുന്നു. ഇതിനുപുറമേ ആധുനിക സാങ്കേതിക വിദ്യയ്ക്കനുസരണമായി കാലതാമസം ഒഴിവാക്കുന്നതിനും സുതാര്യമായ പരീക്ഷാ സംവിധാനം നടപ്പാക്കുന്നതിനുമായി സഹകരണ പരീക്ഷാ ബോർഡ് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ട്.

(ബി) ഈ ലക്ഷ്യം മുൻനിർത്തി പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർഥികൾക്ക് സർവീസിൽ പ്രവേശിക്കുന്ന ഘട്ടത്തിൽത്തന്നെ പരിശീലനം നൽകുന്നതിനായി പദ്ധതി നടപ്പാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

സഹകരണ മേഖലയിൽ പുതുതായി നിയമനം ലഭിക്കുന്ന ഉദ്യോഗാർഥികൾക്ക് സർവീസിൽ പ്രവേശിക്കുന്ന ഘട്ടത്തിൽത്തന്നെ ഒരു ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സഹകരണ പരീക്ഷാ ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

സഹകരണ സർവീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

i. വിവിധ തസ്തികകളിലേക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ചും തുടർന്ന് പരീക്ഷകൾ നടത്തുന്നത് സംബന്ധിച്ചും പരീക്ഷാകലണ്ടർ പ്രസിദ്ധീകരിച്ചുവരുന്നു.

ii. വിവിധ വിജ്ഞാപനങ്ങൾ അടിസ്ഥാനമാക്കി ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നതിന് ഓൺലൈൻ സമ്പ്രദായം നടപ്പാക്കി.

iii. ഉദ്യോഗാർഥികൾക്ക് വൺടൈം രജിസ്ട്രേഷൻ നിർബന്ധമാക്കി.

iv. ജൂനിയർ ക്ലാർക്ക്, ടൈപ്പിസ്റ്റ് ഒഴികെയുള്ള തസ്തികകളിലേക്കുള്ള മത്സരപരീക്ഷകൾ ഓൺലൈനായി നടത്തുന്നതിന് നടപടി സ്വീകരിച്ചു. മത്സരപരീക്ഷകൾ കൂടുതൽ സുതാര്യമാക്കുന്നതിനും പരീക്ഷാ റിസൾട്ട് വേഗത്തിൽ പ്രസിദ്ധീകരിച്ച് നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഇതിലൂടെ സാധിച്ചിട്ടുണ്ട്.

v. ജൂനിയർ ക്ലാർക്ക് തസ്തികയിലേക്ക് നടത്തിയ പരീക്ഷയുടെ അന്തിമ യോഗ്യതാ പട്ടിക പരീക്ഷ നടന്ന് ഒരു മാസത്തിനകം പ്രസിദ്ധീകരിക്കാൻ സാധിച്ചു.

vi. റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം നിയമന ശിപാർശകൾ നൽകുന്നതിലെ സാങ്കേതിക പ്രശ്നം പരിഹരിക്കുന്നത് ലക്ഷ്യമിട്ട് വിവിധ ജില്ലകളിലായി റാങ്ക് ഹോൾഡേഴ്സിന്റെ കൗൺസലിങ് സംഘടിപ്പിച്ചു.

ഒന്നിലേറെ സംഘം/ബാങ്കുകളിൽ നിയമനം ലഭിച്ചവരുമായി ആശയ വിനിമയം നടത്തി കൗൺസലിങ്ങിലൂടെ അർഹരായവർക്ക് നിയമന ശിപാർശ നൽകിവരുന്നു. ഇതിലൂടെ നിയമനകാര്യത്തിൽ സഹകരണ സംഘങ്ങളും ഉദ്യോഗാർഥികളും അനുഭവിച്ചുവരുന്ന കാലതാമസം ഒഴിവാക്കിയെടുക്കുന്നതിന് വലിയൊരളവിൽ സാധിച്ചിട്ടുണ്ട്.

(ഡി) അന്തിമ യോഗ്യതാ പട്ടികയിലുള്ളവരെ ഇന്റർവ്യൂ നടത്തി മാർക്ക് രേഖപ്പെടുത്തി അയയ്ക്കുന്നതിന് ചില സംഘങ്ങളിൽ നിന്നുണ്ടാകുന്ന കാലതാമസം കാരണം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം വൈകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരീക്ഷാ ബോർഡിൽ നിന്നും റാങ്ക് പട്ടിക ലഭിച്ചുകഴിഞ്ഞാൽ അഭിമുഖം നടത്തുന്നതിനും, അഭിമുഖത്തിന് മാർക്ക് രേഖപ്പെടുത്തിയ പട്ടിക സംഘം ഭരണസമിതി പരീക്ഷാ ബോർഡിന് സമർപ്പിക്കുന്നതിനും നിലവിലുള്ള സമയപരിധി കുറയ്ക്കുന്നതിനായി

സഹകരണ ചട്ടം 182-ൽ ഭേദഗതി വരുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

പൂർത്തീകരിക്കാനുള്ള വൈദ്യുത പദ്ധതികൾ

9(*489) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച് ഇതുവരെയും പണി പൂർത്തിയാക്കാത്ത വൈദ്യുത പദ്ധതികളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി:

പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 86.61% പൂർത്തീകരിച്ചു. ചൈനയിൽ നിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ്, M/s Sree Saravana

Engineering Bhavani Private Ltd, M/s Hunan Zhaoyang Generating Equipment Co. Ltd, China എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാർ 27-04-2022-ൽ ഒപ്പിട്ടു. പേയ്മെന്റ് നടത്തുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് letter of Credit open ചെയ്യേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ടും അനുബന്ധ നടപടികൾ സംബന്ധിച്ചും നിയമോപദേശം ഇപ്പോൾ അഡ്വക്കേറ്റ് ജനറൽ കേരളയിൽ നിന്ന് ലഭ്യമായിട്ടുള്ളത് സർക്കാർ പരിശോധിച്ചുവരുകയാണ്.

ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (24MW/83.50 Mu) 99.70% സിവിൽ നിർമ്മാണപ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ.

തോട്ടിയാർ ജല വൈദ്യുത പദ്ധതി:

17 വർഷം മുമ്പ് ആരംഭിച്ച തോട്ടിയാർ ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണം പൂർത്തീകരണത്തോടടുക്കുന്നു. ഈ വർഷം ആഗസ്റ്റ് മാസം പദ്ധതി പൂർത്തിയാക്കാൻ കഴിയുന്നതാണ്.

ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി:

06-07-2009-ൽ ആരംഭിച്ച പദ്ധതി പൂർത്തീകരണത്തിനായി NHPC, NIRM, GSI തുടങ്ങിയ വകുപ്പുകൾ മുഖാന്തരം വിദഗ്ധ പഠനം നടത്തിയിട്ടുണ്ട്. ഭൗമശാസ്ത്രപരമായ വെല്ലുവിളികൾ നേരിടുന്നത് കാരണം NIRM-ന്റെ പഠന റിപ്പോർട്ടുപ്രകാരം നിലവിലെ ടണലിൽ ഒരു deviation നടത്തി നിർമ്മാണം പൂർത്തിയാക്കേണ്ടതായുണ്ട്. ആയതിനാൽ പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകാൻ ഇനി 3 വർഷം കൂടി എടുക്കുമെന്ന് കണക്കാക്കപ്പെടുന്നു.

പള്ളിവാസൽ വിപുലീകരണ പദ്ധതി - പദ്ധതിയുടെ നിർമ്മാണം പൂർത്തീകരണത്തോടടുക്കുന്നു. ഈ വർഷം പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പഴശ്ശിസാഗർ ചെറുകിട ജലവൈദ്യുത പദ്ധതി - പദ്ധതി ആരംഭിച്ചിട്ട് 6½ വർഷമായെങ്കിലും ഇതുവരെയും ഏകദേശം 42% ജോലികൾ മാത്രമേ

പൂർത്തീകരിക്കാൻ സിവിൽ കരാറുകാരന് സാധിച്ചിട്ടുള്ളൂ. അതിനാൽ 30-04-2024-ൽ കരാറുകാരന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കരാറുകാരൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി 10-05-2024-ലെ ഇടക്കാല ഉത്തരവുപ്രകാരം KSEBL-നോട് പരാതിക്കാരന് പറയാനുള്ള കാര്യങ്ങൾ ശ്രവിക്കണമെന്ന് ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരനോട് രണ്ട് തവണ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ എത്തിച്ചേരണമെന്ന് അഭ്യർഥിച്ചെങ്കിലും കരാറുകാരൻ ആരോഗ്യ സംബന്ധമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി ഹിയറിങ്ങിന് ഹാജരായില്ല. എന്നാൽ കരാറുകാരൻ ഹിയറിങ്ങിനായി എത്തിച്ചേരാൻ കൂടുതൽ സമയം വേണമെന്ന് ബഹു. ഹൈക്കോടതിയെ അറിയിക്കുകയും ഇതിനെത്തുടർന്ന് ബഹു. ഹൈക്കോടതി 19-06-2024-ലെ ഇടക്കാല ഉത്തരവുപ്രകാരം കരാറുകാരന് കൂടുതൽ സമയം അനുവദിക്കാൻ ഉത്തരവിട്ടു. അതിൻപ്രകാരം അടുത്ത ഹിയറിങ് 01-07-2024-ലേക്ക് പുനഃക്രമീകരിക്കുകയും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ വിത്ത് ഫുൾ പവർ

ഓഫ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ കരാറുകാരനെ ശ്രവിച്ചിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിക്കുന്നു. E & M ജോലികൾ പുരോഗമിക്കുന്നു.

സോളാർ പദ്ധതി – 1 MW ഏറ്റുമാനൂർ ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതി 2016-ൽ വർക്ക് അവാർഡ് ചെയ്തെങ്കിലും പ്രസ്തുത പദ്ധതി നിയമ വ്യവഹാരങ്ങളിൽപ്പെട്ട് മുടങ്ങിക്കിടക്കുകയാണ്.

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഈ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

1. തോട്ടിയാർ ജലവൈദ്യുത പദ്ധതി

സിവിൽ - 9.62 കോടി

ഇലക്ട്രോ മെക്കാനിക്കൽ - 12.06 കോടി

2. ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി

സിവിൽ - 2.97 കോടി

ഇലക്ട്രോ മെക്കാനിക്കൽ -23.97 കോടി

3. പഴശ്ശിസാഗർ ചെറുകിടജല വൈദ്യുത പദ്ധതി

സിവിൽ - 33.87 കോടി

ഇലക്ട്രോ മെക്കാനിക്കൽ - 36.06 കോടി

4. ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി

24.30 കോടി

5. പള്ളിവാസൽ വിപുലീകരണ പദ്ധതി -32.242 കോടി

കൃത്യമായ തുക പദ്ധതികളുടെ പൂർത്തീകരണത്തിന് ശേഷമേ കണക്കാക്കാൻ കഴിയുകയുള്ളൂ. ആവശ്യമായ തുക തനത് ഫണ്ട്/ലോൺ മുഖേന കണ്ടെത്തുന്നതാണ്.

6. സോളാർ പദ്ധതി

കൂടാതെ 1 MW ഏറ്റുമാനൂർ ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതി പൂർത്തീകരിക്കാൻ വേണ്ട തുക 6.687 കോടി രൂപയാണ്. ഈ തുക കെ.എസ്.ഇ.ബി.എൽ.-ന്റെ പദ്ധതി ചെലവിൽ നിന്നുമാണ് കണ്ടെത്തേണ്ടത്.

(സി) ഇവയുടെ പണി പൂർത്തീകരിച്ചാൽ പുറമേ നിന്ന് വൈദ്യുതി വാങ്ങുന്ന ചെലവ് കുറയ്ക്കാമെന്നത് പരിഗണിച്ച് എത്രയും വേഗം പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ഊർജിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. തോട്ടിയാർ (40MW), പള്ളിവാസൽ (60MW) എന്നീ പദ്ധതികൾ 2024-ൽത്തന്നെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ 1 MW ഏറ്റുമാനൂർ ഗ്രൗണ്ട് മൗണ്ടഡ് സോളാർ പദ്ധതി കോടതി വ്യവഹാരങ്ങളിൽ നിന്നും തീർപ്പാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

അന്താരാഷ്ട്ര ഊർജ മേള

10(*490) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഊർജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് അന്താരാഷ്ട്ര ഊർജമേള നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) സ്ഥാപിച്ചതിന്റെ 28-ാം വാർഷികത്തോടനുബന്ധിച്ച് ആദ്യ "അന്താരാഷ്ട്ര ഊർജ മേള-2024"

ഫെബ്രുവരി 7, 8, 9 തീയതികളിൽ സംഘടിപ്പിക്കുകയുണ്ടായി. മേളയുടെ ഭാഗമായി "ഊർജ പരിവർത്തനവും കാലാവസ്ഥാ വ്യതിയാനവും" എന്ന വിഷയത്തെ കേന്ദ്രീകരിച്ച് ഭാഭാ അറ്റോമിക് റിസർച്ച് സെന്റർ, ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ, വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട്, സി-സ്റ്റെപ്, അലയൻസ് ഫോർ എനർജി എഫിഷ്യന്റ് ഇക്കണോമി (AEEE), ഇന്ത്യ സ്മാർട്ട് ഗ്രിഡ് ഫോറം, വസുധ ഫൗണ്ടേഷൻ, കൗൺസിൽ ഓൺ എനർജി എൻവയോൺമെന്റ് ആൻഡ് വാട്ടർ (CEEW) എന്നീ സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് അവതരണങ്ങളും തുടർന്ന് പാനൽ ചർച്ചകളും നടത്തി.

(ബി) എങ്കിൽ പ്രസ്തുത മേളയുടെ ഭാഗമായി നടന്ന ചർച്ചകളിൽ ഉയർന്നുവന്നിട്ടുള്ള നിർദേശങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; പ്രസക്തമായവ വിവരിക്കുമോ?

മേളയുടെ ഭാഗമായി നടന്ന ചർച്ചകളിൽ ഉയർന്നുവന്നിട്ടുള്ള നിർദേശങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ഓരോ ചർച്ചകളിലും അവതരണങ്ങളിലും ഉയർന്നുവന്ന ആശയങ്ങൾ ക്രോഡീകരിച്ച പുസ്തകം

ഇ.എം.സി. പ്രസിദ്ധീകരിക്കുകയും ഇ.എം.സി.-യുടെ പ്രതിമാസ വാർത്താപത്രികയായ ഊർജപത്രികയുടെ 2024 മാർച്ച് മാസത്തിലെ ലക്കത്തോടൊപ്പം വിതരണം ചെയ്യുകയും ചെയ്തു.

മേളയിൽ ഉയർന്നുവന്ന പ്രസക്തമായ നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിലെ (BARC) പ്രതിനിധി നടത്തിയ അവതരണത്തിൽ 2070-ഓടെ നെറ്റ് സീറോ കാർബൺ പദ്ധതിക്കായി ആണവോർജത്തിന്റെ നിർണ്ണായക പങ്കും, ആണവോർജത്തിന്റെ ഉപയോഗത്തിലൂടെ സാമൂഹിക പുരോഗതി നേടുന്ന മാർഗങ്ങളും വിശദീകരിച്ചു. BARC വികസിപ്പിച്ച മാലിന്യത്തിൽ നിന്നും നാച്വറൽ ഗ്യാസ് ഉൽപാദിപ്പിക്കുന്ന സാങ്കേതിക വിദ്യയെക്കുറിച്ച് പ്രതിപാദിക്കുകയും അത്തരത്തിൽ സാങ്കേതികവിദ്യ കേരളത്തിൽ നടപ്പാക്കുന്നതിനുള്ള സാധ്യതാ പഠനം നടത്താവുന്നതാണെന്നും പരാമർശിച്ചു.

കേരളത്തിൽ ഉയർന്നുവരുന്ന കെട്ടിടങ്ങളുടെയും ഉയരുന്ന ഊർജ ഉപഭോഗത്തിന്റെയും പശ്ചാത്തലത്തിൽ "കേരളത്തിലെ ലോ കാർബൺ ബിൽഡിംഗ് ട്രാൻസിഷന്റെ ആവശ്യകതയും പ്രാധാന്യവും" എന്ന

വിഷയത്തിൽ നടന്ന സെഷൻ, സംസ്ഥാനത്തിന്റെ നിർമ്മാണ മേഖലയിലെ സുസ്ഥിര വികസനത്തിലേക്കുള്ള നിർണ്ണായക മാറ്റത്തെ എടുത്തുകാണിച്ചു. ഗ്ലോബൽ ഗ്രീൻ ഗ്രോത് ഇൻസ്റ്റിറ്റ്യൂട്ടും (GGGI) കേന്ദ്ര സർക്കാർ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡും (EESL) ഇ.എം.സി.-യും സംയുക്തമായി കേരളത്തിൽ നടപ്പാക്കുന്ന 'ഏഷ്യ ലോ കാർബൺ ബിൽഡിംഗ് ട്രാൻസിഷൻ പ്രോഗ്രാം' (ALCBT) സംബന്ധിച്ച വിശദാംശങ്ങളും തുടർന്ന് നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചും വിവരണം നടത്തി. കെട്ടിടങ്ങളിൽ നിലവിൽ ശീതീകരണത്തിനായി ഉപയോഗിക്കുന്ന എയർ കണ്ടീഷണറുകളുടെ ഉപയോഗം കുറയ്ക്കുന്നതിനും അതുവഴി ഊർജ ഉപയോഗം കുറയ്ക്കാനും പദ്ധതി ലക്ഷ്യമിടുന്നു. കേരളത്തിൽ ഉയർന്നുവരുന്ന എയർ കണ്ടീഷണറുകളുടെ ഉപയോഗത്തെക്കുറിച്ച് WRI ഇന്ത്യ നയിച്ച പാനൽ ചർച്ചകളിലും പ്രതിപാദിക്കുകയുണ്ടായി. പ്രസ്തുത പാനൽ ചർച്ചയിൽ കേരള ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, ഹരിത കേരള മിഷൻ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുത്തു. പ്രസ്തുത പാനൽ

ചർച്ചയിലും സുസ്ഥിര ശീതീകരണ മാർഗങ്ങൾ നടപ്പാക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നു.

വൈദ്യുത വാഹനങ്ങളുടെ എണ്ണം ഉയർന്നുവരുന്ന സാഹചര്യത്തിൽ വൈദ്യുത വാഹന ഉപഭോക്താവിന് അവരുടെ വാഹനം ചാർജ് ചെയ്യാനുള്ള അവസരം ഉറപ്പുവരുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഇന്റർനാഷണൽ കോപ്പർ അസോസിയേഷൻ ഓഫ് ഇന്ത്യ (ICA ഇന്ത്യ), സൊസൈറ്റി ഓഫ് എനർജി എഞ്ചിനീയേഴ്സ് ആൻഡ് മാനേജേഴ്സും (SEEM) ഇ.എം.സി.-യും സംയുക്തമായി ആരംഭിച്ച റൈറ്റ് ടു ചാർജ് ക്യാമ്പയിന്റെ ഭാഗമായി റിപ്പോർട്ട് പ്രകാശനവും റിപ്പോർട്ട് അവതരണവും ഉണ്ടായിരുന്നു. ക്യാമ്പയിന്റെ ഭാഗമായി പ്രത്യേകിച്ച് ഉയർന്ന കെട്ടിടങ്ങളിൽ ഇലക്ട്രിക് വെഹിക്കിൾ (ഇ.വി.) ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങളുടെയും സുരക്ഷാവശങ്ങളുടെയും ആവശ്യകതയെ സംബന്ധിച്ചുള്ള നിർദേശങ്ങളും നിലവിലെ കെട്ടിട നിയമത്തിലും വൈദ്യുത സുരക്ഷാനിയമത്തിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്.

"ഇ-കുക്കിംഗ് ട്രാൻസിഷനിലൂടെയുള്ള സാമൂഹിക സ്വാധീനം" എന്ന പാനൽ ചർച്ചയിൽ വൈദ്യുത പാചകത്തിലേക്ക് (ഇ-കുക്കിംഗ്) മാറുന്നതിന്റെ പ്രയോജനങ്ങളും പ്രാധാന്യവും എടുത്തുപറഞ്ഞു. മെച്ചപ്പെട്ട ആരോഗ്യ ഫലങ്ങൾ, സ്ത്രീ ശാക്തീകരണം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, പാരിസ്ഥിതിക സുസ്ഥിരത എന്നിവ ഉൾപ്പെടെ വിവിധ മേഖലകളിൽ നിന്നുള്ള പ്രഭാഷകർ ഇ-പാചകം സ്വീകരിക്കുന്നതിന്റെ സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികവുമായ നേട്ടങ്ങൾ വിവരിച്ചു. അങ്കണവാടികളിൽ ഇ.എം.സി. നടത്തിവരുന്ന അംഗൻജ്യോതി പദ്ധതിയും ഗോ ഇലക്ട്രിക്ക് ക്യാമ്പയിൻ പോലുള്ള ബോധവൽക്കരണ പരിപാടികളും വൈദ്യുത പാചകം ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സാധിച്ചതായി പാനൽ അഭിപ്രായപ്പെടുകയും കൂടുതൽ വൈദ്യുത പാചക പദ്ധതികൾ നടപ്പാക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു.

(സി) ഊർജ സംരക്ഷണ പ്രവർത്തനങ്ങളിൽ മികച്ച നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് മികച്ച ഊർജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും അവരെ അംഗീകരിക്കുന്നതിനുമായി കേരള സംസ്ഥാന ഊർജ സംരക്ഷണ അവാർഡ് 2000 മുതൽ ഇ.എം.സി. നടപ്പാക്കിവരുന്നു. എല്ലാ വർഷവും വിവിധ മേഖലകളിൽ മികച്ച ഊർജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കാണ് അവാർഡ് നൽകിവരുന്നത്.

(ഡി) ഊർജ സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അധ്യാപക-വിദ്യാർഥി സമൂഹത്തിൽ അവബോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ഊർജ സംരക്ഷണ പ്രവർത്തങ്ങൾ ഇ.എം.സി.-യുടെ മേൽനോട്ടത്തിൽ നടപ്പാക്കുന്നു. നിലവിലെ, ഇ.എം.സി.-യുടെ 'എനർജി ക്ലബ്ബ് കേരള' പ്രോഗ്രാം വഴി വിദ്യാർഥികളിൽ ഊർജ സംരക്ഷണത്തിന്റെ അവബോധം കാര്യക്ഷമമായി എത്തിക്കുന്നു.

ഇതുകൂടാതെ, ഊർജ സംരക്ഷണത്തിൽ വിദ്യാർഥികൾക്കും അധ്യാപകർക്കും അവബോധം ഉണ്ടാക്കുന്നതിനായി ഇ.എം.സി. നടപ്പാക്കുന്ന മറ്റൊരു പരിപാടിയാണ് "ഉണർവ് " ക്യാമ്പയിൻ.

ഊർജ സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർഥികളിലേക്ക് ഊർജ സംരക്ഷണത്തിന്റെയും അക്ഷയ ഊർജ ഉപയോഗത്തിന്റെയും ആശയങ്ങൾ എത്തിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ എല്ലാ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇ.എം.സി.-യുടെ ആഭിമുഖ്യത്തിൽ “സെന്റർ ഫോർ എനർജി സ്റ്റഡീസ് (CES)” രൂപീകരിച്ചിട്ടുണ്ട്.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ആധുനികീകരണം

11(*491) ശ്രീ. ടി. സിദ്ദിഖ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി ഉമ തോമസ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ആധുനികീകരണത്തിന് കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി കേന്ദ്രസർക്കാരിൽ നിന്നും നബാർഡിൽ നിന്നും ലഭിച്ച ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ആധുനികീകരണത്തിന് കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭ്യമാക്കിയിട്ടില്ല.

(സി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ സോഫ്റ്റ്വെയർ ഏകീകരണത്തിന് കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ സോഫ്റ്റ്വെയർ ഏകീകരണത്തിന് കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിച്ചിട്ടില്ല.

സ്കെയിൽ അപ് കോൺക്ലേവ്

12(*492) ശ്രീമതി ദെലീമ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സ്കെയിലിംഗ് അപ്പ് വെല്ലുവിളികൾ നേരിടുന്നതിനാവശ്യമായ നൂതന നയങ്ങൾ രൂപീകരിക്കുന്നതിനായി സ്കെയിൽ അപ്പ് കോൺക്ലേവ് സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തിന്റെ കരുത്തുറ്റ സ്കെയിൽ അപ്പ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന്, കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് കെ.എസ്.ഐ.ഡി.സി. 2024 മാർച്ച് 4-ന് സ്കെയിൽ അപ്പ് കോൺക്ലേവ് 2024 വിജയകരമായി നടത്തുകയുണ്ടായി.

(ബി) രാജ്യത്തെ ആദ്യത്തെ ഫ്യൂഷൻ ബിസിനസ് കോൺക്ലേവ് ആയി മാറുവാൻ ഇതിന് കഴിഞ്ഞിട്ടുണ്ടോ; പ്രസ്തുത കോൺക്ലേവിന്റെ മറ്റ് ലക്ഷ്യങ്ങൾ വിശദമാക്കുമോ?

കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് കെ.എസ്.ഐ.ഡി.സി., 2024 മാർച്ച് 4-ന് സംഘടിപ്പിച്ച "സ്കെയിൽ അപ്പ് കോൺക്ലേവ് 2024" - ന്റെ പരമപ്രധാനമായ ലക്ഷ്യം കേരളത്തിലെ സ്റ്റാർട്ടപ്പുകളെ സ്കെയിൽ അപ്പ്-ന് സഹായിക്കുക എന്നതായിരുന്നു. പ്രസ്തുത "സ്കെയിൽ അപ്പ് കോൺക്ലേവ് 2024" രാജ്യത്തെ ആദ്യത്തെ ഫ്യൂഷൻ ബിസിനസ്സ് കോൺക്ലേവ് ആയി മാറിയതായി കേരളത്തിലോ ഇന്ത്യയിലോ മറ്റുമുള്ള ഏതെങ്കിലും റേറ്റിംഗ് ഏജൻസീസ് വിലയിരുത്തിയതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.

"സ്കെയിൽ അപ്പ് കോൺക്ലേവ് 2024" ന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ ചുവടെ വിവരിക്കുന്നു:

1. സംസ്ഥാനത്തിന്റെ കരുത്തുറ്റ സ്കെയിൽ അപ്പ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുകയും തദ്വാരാ കേരളത്തിലെ സ്റ്റാർട്ടപ്പുകളെ അവരുടെ പ്രവർത്തനങ്ങൾ വലിയ രീതിയിൽ വിപുലീകരിക്കുന്നതിനും സഹായിക്കുക.

2. പുതിയ വ്യാവസായിക നയം 2023 വഴി നടപ്പാക്കുന്ന പുതിയ പ്രോത്സാഹന പദ്ധതികളും (ഇൻസെന്റീവ്സ്) മറ്റും പ്രദർശിപ്പിക്കുക.

3. വിവിധ സംസ്ഥാനങ്ങളിലെ Scale-up Eco System മനസ്സിലാക്കുകയും അവർ തുടരുന്ന മികച്ച Practice-കളെക്കുറിച്ചും മറ്റും മനസ്സിലാക്കുക.

4. കേരളത്തിലെ സ്റ്റാർട്ടപ്പുകൾ വിശേഷിച്ചും വ്യവസായ മേഖലയിലെ സ്റ്റാർട്ടപ്പുകൾ നേരിടുന്ന സ്കെയിലിംഗ് അപ്പ് വെല്ലുവിളികൾ മനസ്സിലാക്കി ആവശ്യമായ നൂതന നയങ്ങൾ രൂപീകരിക്കുക.

5. കേരളത്തിൽ മികച്ച രീതിയിൽ വളർന്നുവരുന്ന സ്റ്റാർട്ടപ്പ് കമ്പനികളെ കോൺക്ലേവിൽ പങ്കെടുക്കുന്ന പുതിയ സ്റ്റാർട്ടപ്പുകൾക്ക് പരിചയപ്പെടുത്തുക.

6. സ്റ്റാർട്ടപ്പുകൾക്ക് പരസ്പരം കണ്ടുമുട്ടാനും അവരുടെ പ്രോഡക്ടുകൾ പരിചയപ്പെടുത്താനുമുള്ള വേദിയൊരുക്കുക.

(സി) ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്ന ദിശയിലേക്ക് ചർച്ചകൾ ഉയർത്തിക്കൊണ്ടുവരാൻ കോൺക്ലേവിന് കഴിഞ്ഞിട്ടുണ്ടോ; വരുംവർഷങ്ങളിൽ ഇത് കൂടുതൽ വിപുലമായി നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പുതിയ വ്യാവസായിക നയം 2023 വഴി നടപ്പാക്കുന്ന പുതിയ പ്രോത്സാഹന പദ്ധതികൾ പ്രദർശിപ്പിക്കുകയും തദ്വാരാ വ്യവസായ

മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സ്കെയിലിംഗ് അപ്പ് വെല്ലുവിളികൾ നേരിടുന്നതിനാവശ്യമായ നൂതന നയങ്ങൾ രൂപീകരിക്കുന്നതിന് പ്രസ്തുത സ്കെയിൽ അപ്പ് കോൺക്ലേവിന് കഴിഞ്ഞിട്ടുണ്ട്.

പ്രസ്തുത കോൺക്ലേവിൽ പങ്കെടുത്തവരിൽ നിന്ന്, കേരളത്തിലെ സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം മെച്ചപ്പെടുത്തുന്നതിനായി, പോളിസി, അടിസ്ഥാന സൗകര്യം, മാർക്കറ്റിംഗ് എന്നിവയെ സംബന്ധിച്ച വിവിധ നിർദ്ദേശങ്ങൾ ലഭിക്കുകയുണ്ടായി. ഈ നിർദ്ദേശങ്ങളിൽ പലതും കെ.എസ്.യു.എം, കെ.എസ്.ഐ.ഡി.സി. മുതലായ സ്ഥാപനങ്ങൾ വിശകലനം ചെയ്ത നടപടി സ്വീകരിച്ചുവരുന്നു.

സ്കെയിൽ അപ്പ് കോൺക്ലേവ് ഒരു ആനുവൽ കോൺക്ലേവായി നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. വരും വർഷങ്ങളിലും ഇത് കൂടുതൽ വിപുലമായി നടത്താനാണ് ആലോചിക്കുന്നത്.

ഇൻകം സപ്പോർട്ട് സ്കീം

13(*493) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സജീവ് ജോസഫ്:

ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പരമ്പരാഗത വ്യവസായങ്ങൾക്ക് ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കിയിട്ടുണ്ടോ?

പരമ്പരാഗത തൊഴിൽ മേഖലകളായ കയർ, ഖാദി, കൈത്തറി, ബീഡി, ഈറ്റ, മത്സ്യം എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കിയിട്ടുണ്ട്.

(സി) ഇൻകം സപ്പോർട്ട് സ്കീം വഴി നൽകാനുള്ള തുക നൽകാത്തത് കാരണം പരമ്പരാഗത വ്യവസായങ്ങൾ കടുത്ത പ്രതിസന്ധിയിലാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

2023-24 സാമ്പത്തിക വർഷം ഇൻകം സപ്പോർട്ട് സ്കീമിനായി തൊഴിൽ വകുപ്പ് ലഭ്യമാക്കിയ തുകയിൽ 68.85 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം ഇൻകം സപ്പോർട്ട് പദ്ധതിക്കായി 90 കോടി രൂപ തൊഴിൽ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക എല്ലാ സാമ്പത്തിക വർഷവും കൃത്യമായി വിതരണം ചെയ്തിട്ടുണ്ട്.

സഹകരണ മേഖലയിലെ കേന്ദ്ര സർക്കാർ ഇടപെടലുകൾ

14(*494) ഡോ. കെ. ടി. ജലീൽ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പദ് വ്യവസ്ഥയിൽ നിർണ്ണായക സംഭാവന നൽകുന്ന സഹകരണ മേഖലയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായി കേന്ദ്ര സർക്കാർ നടത്തുന്ന ഇടപെടലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇന്ത്യൻ ഭരണഘടനയിലെ 7-ാം ഷെഡ്യൂളിലെ എൻട്രി 32 പ്രകാരം സഹകരണം സംസ്ഥാന വിഷയമാണ്. കേന്ദ്ര സർക്കാർ 2022-ൽ മൾട്ടി സ്റ്റേറ്റ് സൊസൈറ്റീസ് ആക്ട് സമഗ്രമായി ഭേദഗതി ചെയ്യുതിന് Multi State Co-operative Societies (Amendment) ബിൽ കൊണ്ടുവരികയും 2023 ഓഗസ്റ്റ് 3-ന് അത് നിയമമാകുകയും, സംസ്ഥാനങ്ങളിൽ യഥേഷ്ടം സംസ്ഥാന സർക്കാരിന്റെ അനുവാദം കൂടാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘം രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും ചെയ്യുന്നു.

രാജ്യത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സഹകരണ മന്ത്രാലയം സ്വീകരിച്ചുവരുന്നുണ്ട്. രാജ്യത്തെ സംഘങ്ങളുടെ പൊതുവായ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ടുള്ള സോഫ്റ്റ്വെയറാണ് കേന്ദ്രം തയ്യാറാക്കുന്നത്. ടി സോഫ്റ്റ്വെയറിൽ ലഭ്യമാക്കുന്ന ഡാറ്റാ കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള ഡാറ്റാ സെന്ററിൽ സൂക്ഷിക്കുമെന്നും, വിവിധ ഏജൻസികളുടെ ആവശ്യങ്ങൾക്കായി ഈ ഡാറ്റാ ഉപയോഗിക്കുമെന്നും ഇത് സംബന്ധിച്ച നിർദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ

PACS-കളുടെ വൈവിധ്യമായ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ട് കേന്ദ്ര സോഫ്റ്റ്വെയർ പദ്ധതിയുടെ ഭാഗമാകാതെ സംസ്ഥാനം സ്വന്തം നിലയിൽ ഏകീകൃത സോഫ്റ്റ്വെയർ പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കേന്ദ്ര സഹകരണ മന്ത്രാലയത്തിനുകീഴിൽ രാജ്യത്ത് എല്ലാ മേഖലകളിലും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ വിവരശേഖരണത്തിനായി National Co-operative Database വികസിപ്പിക്കുകയും, ഡാറ്റാ കളക്ഷനായി സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ/ വെബ് ഫോം തയ്യാറാക്കുകയും ചെയ്തിരുന്നു. രാജ്യത്തെ സഹകരണ സംഘങ്ങളുടെ ആധികാരികവും സമകാലികവുമായ വിവരങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ശേഖരിക്കുന്ന വിവരങ്ങൾ, ബന്ധപ്പെട്ട കക്ഷികൾക്ക് നയരൂപീകരണത്തിനായി ഉപയോഗിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ഉപയോഗപ്പെടുത്തി രാജ്യത്തെ വിവിധ പ്രദേശങ്ങളിൽ കേന്ദ്ര നിയമപ്രകാരം മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനാണ് കേന്ദ്ര സർക്കാർ ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

ഡാറ്റാ ബേസിലെ വിവരങ്ങൾ ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ സംഘങ്ങളുടെമേൽ നേരിട്ട് നിയന്ത്രണങ്ങളും നിർദേശങ്ങളും നൽകുന്നതിനാണ് കേന്ദ്രം നീക്കം നടത്തുന്നത്.

1949-ലെ ബാങ്കിങ് റെഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 2020-ലെ ബാങ്കിങ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. 1966 വരെ Banking നിയമങ്ങൾ സഹകരണ സംഘങ്ങൾക്ക് ബാധകമായിരുന്നില്ല. എന്നാൽ കാലാകാലങ്ങളിൽ ഭേദഗതികളിലൂടെ വരുത്തിയ ബാങ്കിങ് നിയമത്തിലെ മിക്കവാറും എല്ലാ വ്യവസ്ഥകളും സഹകരണ സംഘങ്ങൾക്കും ബാധകമാക്കിയിട്ടുണ്ട്. പല ഭേദഗതി നിർദേശങ്ങളും സഹകരണ നിയമത്തിനെതിരുമാണ്. 2020-ൽ ബാങ്കിങ് നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരുന്നതും സഹകരണ നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്. 2020-ലെ ബാങ്കിങ് റെഗുലേഷൻ (ഭേദഗതി) നിയമത്തിൽ വരുത്തിയ ഭേദഗതി നിർദേശങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ബാങ്കിങ് നിയമത്തിന്റെ ഭേദഗതിയിലൂടെ, ടി നിയമത്തിലെ വകുപ്പ് (3) പ്രകാരം, ഒരു പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘവും കാർഷിക വികസനത്തിനായി ദീർഘകാല വായ്പ നൽകുകയെന്നത് പ്രാഥമിക ഉദ്ദേശ്യമായും, മുഖ്യ ബിസിനസുമായുള്ള ഒരു സഹകരണ സംഘവും അവയുടെ പേരിന്റെ ഭാഗമായോ, ബിസിനസിന്റെ ഭാഗമായോ, ബാങ്ക്, ബാങ്കർ, ബാങ്കിങ് എന്നീ പദങ്ങൾ ഉപയോഗിക്കുകയും, ചെക്കുകളുടെ drawee ആയി പ്രവർത്തിക്കുകയുമാണെങ്കിൽ, അവയ്ക്ക് ടി നിയമം ബാധകമായിരിക്കും. ടി വ്യവസ്ഥ നിലവിൽ പ്രവർത്തിച്ചുവരുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ചില പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ എന്നിവയെ ബാധിക്കുന്നവയാണ്. ടി സ്ഥാപനങ്ങൾ 2020-ലെ ബാങ്കിങ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാകണമെങ്കിൽ അവയുടെ പേരിന്റെ ഭാഗമായുള്ള 'ബാങ്ക്' എന്ന പദം ഒഴിവാക്കുകയും ഇടപാടുകാർക്ക് ചെക്ക് സംവിധാനം എവിടെയെങ്കിലും

നൽകുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച് റിസർവ് ബാങ്ക് വിവിധ പത്രമാധ്യമങ്ങളിൽ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. PACS Association ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി ബഹു. സഹകരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയുണ്ടായി. മേൽ വിഷയം ഉൾപ്പെടെയുള്ള 2020-ലെ ബാങ്കിങ് റെഗുലേഷൻ (ഭേദഗതി) നിയമത്തിനെതിരെ സംസ്ഥാനം ബഹു. സുപ്രീം കോടതിയിൽ OS 1/2023 ഫയൽ ചെയ്തിട്ടുണ്ട്.

Banking Regulation (Amendment) Act-ലെ (4) പ്രകാരം ബാങ്കിങ് റെഗുലേഷൻ നിയമത്തിലെ വകുപ്പ് 56-ൽ വരുത്തിയ ഭേദഗതികളിൽ പബ്ലിക് ഇഷ്യൂവിലൂടെയും പ്രൈവറ്റ് പ്ലേസ്മെന്റിലൂടെയും ഇക്യൂറ്റി/ പ്രിഫറൻസ് ഓഹരി മൂലധനം സ്വരൂപിക്കുന്നതിനുള്ള വ്യവസ്ഥ, ഓഹരി മൂലധനം തിരിച്ചുനൽകുന്നത് തടഞ്ഞുകൊണ്ടുള്ള വ്യവസ്ഥ, ചില നിയമനങ്ങളിലുള്ള നിയന്ത്രണം, ചില ഭരണസമിതി അംഗങ്ങൾക്കും

ചെയർമാനുമുള്ള യോഗ്യത, ഓഹരികൾ, ഓഡിറ്റ്, ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള അധികാരം തുടങ്ങിയുള്ള നിരവധി വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയിലെ സ്റ്റേറ്റ് ലിസ്റ്റിലെ എൻട്രി 32-ലെ 'incorporation, regulation and winding up of co-operative societies' എന്നിവയുമായി ബന്ധപ്പെട്ടവയാണ്. ആയത് സംസ്ഥാന താൽപര്യത്തേയും സംസ്ഥാനത്ത് ബാങ്കിങ് റെഗുലേഷൻ നിയമം നിലവിൽ ബാധകമായിട്ടുള്ള സ്ഥാപനങ്ങളായ കേരള സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ എന്നിവയേയും അവയിലെ അംഗങ്ങളുടെ താൽപര്യങ്ങളേയും ബാധിക്കുന്നതാണ്.

പുതിയ ഭേദഗതിയിലൂടെ ബാങ്കിങ് റെഗുലേഷൻ നിയമത്തിലെ സെക്ഷൻ 10-ലെ വ്യവസ്ഥകൾ ബാങ്കിങ് ലൈസൻസുള്ള സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിങ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്. 10(ബി)-യിലെ വ്യവസ്ഥകൾ ചെയർമാന്റെ

യോഗ്യത നിശ്ചയിക്കുന്നതാണ്. ചെയർമാനെ നിയമിക്കുന്നതിനും നീക്കം ചെയ്യുന്നതിനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം കേരള സഹകരണ സംഘം നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്.

സെക്ഷൻ 12-ൽ വരുത്തിയ ഭേദഗതിമൂലം ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI-യുടെ മുൻകൂർ അനുമതി വാങ്ങിയശേഷം Public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും, വ്യവസ്ഥകൾക്കും വിരുദ്ധമാണ്.

കൂടാതെ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ ബാങ്കിങ്

ബിസിനസ്സ് അല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് ആദായ നികുതി വകുപ്പ് നോട്ടീസ് നൽകുകയുണ്ടായി. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും 03-10-2019-ലെ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുകയും ടി നിയമ ഭേദഗതിക്കെതിരെ കൂട്ടായ പ്രവർത്തനങ്ങൾ വേണ്ടതുണ്ടെന്ന് തീരുമാനിക്കുകയും ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി 11-10-2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രി എന്നിവർക്ക് അന്നത്തെ സഹകരണ വകുപ്പുമന്ത്രി നേരിട്ട് നിവേദനം സമർപ്പിച്ചുവെങ്കിലും ആയതിന്മേൽ കേന്ദ്ര സർക്കാർ നടപടി ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ലാത്തതാണ്. ആദായ നികുതി വകുപ്പിന്റെ നോട്ടീസിനെതിരെ സംഘങ്ങൾ ബഹു. ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ ഉത്തരവ് നേടിയിട്ടുള്ളതുമാണ്. 194 N പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനെതിരെ തുടർനടപടികൾ

സ്വീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കായി സംസ്ഥാനത്തെ സഹകാരികളെയും വിഷയം സംബന്ധിച്ച വിദഗ്ധരെയും പങ്കെടുപ്പിച്ച് 03-02-2021-ൽ ഒരു മീറ്റിങ് സംഘടിപ്പിച്ചിരുന്നു. തുടർന്ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 14-07-2021-ൽ ഒരു യോഗം സംഘടിപ്പിക്കുകയും വിഷയത്തിൽ നിയമപരമായി മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്ന തീരുമാനത്തിലെത്തുകയും അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഈ വിഷയത്തിൽ നിയമപരമായി സ്വീകരിക്കേണ്ട നടപടികൾ തീരുമാനിക്കുന്നതിനായി 15-05-2024-ന് അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ ചേമ്പറിൽ വച്ച് വകുപ്പ് സെക്രട്ടറി, നിയമ വിദഗ്ധർ, സഹകരണസംഘം രജിസ്ട്രാർ, കേരളാ ബാങ്ക് പ്രതിനിധി എന്നിവരെ പങ്കെടുപ്പിച്ച് ഒരു യോഗം വിളിച്ചു ചേർത്തിട്ടുള്ളതുമാണ്.

(ബി) പൊതുമേഖലാ ബാങ്കുകൾക്ക് സമ്പന്നരുടെ വായ്പകൾ നിഷ്ക്രിയ ആസ്തി ആയി എഴുതിത്തള്ളാൻ മൗനാനുവാദം നൽകുന്ന റിസർവ് ബാങ്ക്

സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് നിഷ്ക്രിയ ആസ്തിയായി മാറുന്ന സാധാരണക്കാരുടെ ബാധ്യതയിന്മേൽ തികച്ചും വ്യത്യസ്തമായ നിലപാടെടുക്കുന്നത് ഈ മേഖലയോട് കേന്ദ്ര സർക്കാരിനുള്ള അവഗണനയായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ ബാങ്കിങ് റഗുലേഷൻ ആക്ട് 1949 (AACS) ബാധകമായ കേരള സംസ്ഥാന സഹകരണ ബാങ്കും 58 അർബൻ സഹകരണ ബാങ്കുകളും പ്രവർത്തിച്ചുവരുന്നുണ്ട്. നിക്ഷേപമായി ലഭിക്കുന്ന തുക ഉപയോഗിച്ചാണ് ടി ബാങ്കുകൾ കൃഷി, ചെറുകിട വ്യവസായം, വാണിജ്യം എന്നിവ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി വായ്പകൾ നൽകിവരുന്നത്. സാധാരണക്കാരുടെ വ്യക്തിപരമായ പല ആവശ്യങ്ങൾക്കും ടി ബാങ്കുകൾ വിവിധതരം വായ്പകൾ നൽകിവരുന്നു. ടി വായ്പകൾ തിരിച്ചടയ്ക്കാതെവരുന്ന പക്ഷം ബാങ്കിന്റെ നിഷ്ക്രീയ ആസ്തി വർധിക്കുകയും അത് ബാങ്കിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും. സംസ്ഥാന സഹകരണ ബാങ്കിൽ

നിഷ്ക്രീയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, റിക്കവറി മാനേജ്മെന്റ് പോളിസി എന്നിവ മുഖേന സാധാരണക്കാരുടെ ബാധ്യതയിന്മേൽ 2023-24 സാമ്പത്തിക വർഷത്തിൽ 20688 കുടിശ്ശിക വായ്പകൾ ഇളവുകൾ നൽകിക്കൊണ്ട് കണക്കവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മനഃപൂർവം കുടിശ്ശികയാക്കുന്നവരുടെ വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സർഫാസി, A.R.C, R.R തുടങ്ങിയ നടപടികൾ കൈക്കൊള്ളുന്നുണ്ടെങ്കിലും കുടിശ്ശിക വായ്പാക്കാർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, റിക്കവറി മാനേജ്മെന്റ് പോളിസി എന്നിവ പ്രയോജനപ്പെടുത്തി ഇളവുകളോടെ വായ്പാക്കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

(സി) സംസ്ഥാനത്തെ സഹകരണ മേഖലയുടെ നിയന്ത്രണം ലക്ഷ്യമിട്ട് നാഷണൽ അർബൻ കോ-ഓപ്പറേറ്റീവ് ഫിനാൻസ് കോർപ്പറേഷൻ എന്ന സ്ഥാപനം ആരംഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

നാഷണൽ അർബൻ കോ-ഓപ്പറേറ്റീവ് ഫിനാൻസ് ആൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും ആയത് സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ

15(*495) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക രംഗത്തും വിപണന രംഗത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ട് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പദ്ധതികൾ സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പാക്കിവരുന്നു.

ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉൽപന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർധിത ഉൽപന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും ആഗോള വിപണന സാധ്യതകളുള്ള നൂതന ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവൽക്കരണ പദ്ധതികളുമാണ് ഇപ്രകാരം ആവിഷ്കരിച്ചിരിക്കുന്നത്.

ഓരോ സ്ഥാപനത്തിന്റെയും സ്വാശ്രയത്തിലൂന്നിയുള്ള നിലനിൽപ്പിനും അതോടൊപ്പം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന്

ആവശ്യമായ മൂലധന സ്വരൂപണത്തിനും കഴിയുന്ന തരത്തിൽ അവയെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മാസ്റ്റർ പ്ലാൻ പദ്ധതികൾ തയ്യാറാക്കിയത്. ഹ്രസ്വ, ഇടത്തരം, ദീർഘകാലം എന്നീ മൂന്ന് ഘട്ടങ്ങളിലായി അടുത്ത പത്തു വർഷത്തിനുള്ളിൽ നടപ്പാക്കുന്ന തരത്തിലാണ് മാസ്റ്റർപ്ലാനിൽ പദ്ധതികൾ ആവിഷ്കരിച്ചത്.

അതിനോടൊപ്പം അന്താരാഷ്ട്രതല വിപണന സാധ്യതകൾ പരിശോധിച്ച് നൂതന ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവൽക്കരണ പദ്ധതികളും കമ്പനികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഓരോ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് വിലയിരുത്തിയതിനുശേഷം സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വികസന പദ്ധതികൾ സർക്കാർ ധനസഹായത്തോടെയും അല്ലാതെയും നടപ്പാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം (2024-25) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 279.10 കോടി രൂപ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

സർക്കാരിന്റെ പദ്ധതി വിഹിതത്തിന് പുറമെ ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മൂലധനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി, വിഭാവനം ചെയ്ത പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

പരമ്പരാഗത മേഖലയുടെ വികസനത്തിന്റെ ഭാഗമായി ഉൽപന്നങ്ങളുടെ വിപണനത്തിനായി ONDC (ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ്)-യുടെ സഹകരണത്തോടെ ഇ-കൊമേഴ്സ് പോർട്ടൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ വ്യവസായ വകുപ്പിന്റെ അധീനതയിൽ കെൽട്രോണിന്റെ മേൽനോട്ടത്തിൽ പുതിയ ഓൺലൈൻ പോർട്ടൽ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി) ഇന്ത്യയുടെ മൊത്തത്തിലുള്ള വികസനത്തിനും വ്യവസായവൽക്കരണത്തിനും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിന്റെ വ്യാവസായിക രംഗത്തിന് നൽകിവരുന്ന സംഭാവനകളുടെ ചുരുക്കം ചുവടെ ചേർക്കുന്നു.

- കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഉടമസ്ഥതയിലാണെങ്കിലും, സംസ്ഥാനത്തിനകത്ത് വ്യാവസായിക വളർച്ചയ്ക്കും കണക്ടിവിറ്റിക്കും സൗകര്യമൊരുക്കുന്ന നിർണ്ണായക അടിസ്ഥാന സൗകര്യ പദ്ധതികൾ ഈ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിവരുന്നു.

- കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്തെ പ്രധാന തൊഴിൽദാതാക്കളാണ്. പതിനായിരത്തോളം തൊഴിലവസരം നേരിട്ടും അതിൽ കൂടുതൽ തൊഴിലവസരങ്ങൾ പരോക്ഷമായും ഈ സ്ഥാപനങ്ങൾ മുഖേന നൽകിവരുന്നുണ്ട്. ഇത് തൊഴിലില്ലായ്മ കുറയ്ക്കാൻ മാത്രമല്ല, സ്ഥിരമായ വരുമാന സ്രോതസ്സുകൾ നൽകിക്കൊണ്ട് ജീവിത നിലവാരം മെച്ചപ്പെടുത്തി സാമൂഹിക വികസനത്തിലും പ്രധാന പങ്ക് വഹിച്ചുവരുന്നു.

- കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൽപാദനം, വിവര സാങ്കേതിക വിദ്യ, കൃഷി, വിനോദസഞ്ചാരം തുടങ്ങിയ പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സാങ്കേതിക സഹായം തുടങ്ങിയ സംരംഭങ്ങളിലൂടെ അവർ പ്രാദേശിക ചെറുകിട വ്യവസായങ്ങൾക്ക് പിന്തുണ നൽകുന്നു, ഇപ്രകാരം വ്യാവസായിക വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്നു.

- പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന വിവിധ ഗവേഷണ വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്തെയും കൂടാതെ രാജ്യത്തെയും സാങ്കേതിക മുന്നേറ്റങ്ങളും നവീകരണവും പ്രോത്സാഹിപ്പിക്കുന്നു. വ്യാവസായിക പ്രക്രിയകൾ നവീകരിക്കുന്നതിനും ഉൽപാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും മത്സരശേഷി വളർത്തുന്നതിനും ഇത് സഹായിക്കുന്നു.

- കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി സാമൂഹിക ക്ഷേമ പരിപാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ, കമ്മ്യൂണിറ്റി വികസന

സംരംഭങ്ങൾ എന്നിവയ്ക്ക് ധനസഹായം നൽകിക്കൊണ്ട് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ സാമൂഹിക വികസനത്തിൽ കാര്യമായ പങ്ക് വഹിക്കുന്നു.

- പൊതുമേഖലാ സ്ഥാപനങ്ങൾ സുസ്ഥിര വികസന സമ്പ്രദായങ്ങൾ, പുനരുപയോഗ ഊർജ പദ്ധതികൾ പ്രോത്സാഹിപ്പിക്കൽ, പരിസ്ഥിതി സൗഹൃദ ഉൽപാദന പ്രക്രിയകൾ എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കേരളത്തിലെ വ്യാവസായിക വളർച്ച പരിസ്ഥിതി സംരക്ഷണവുമായി സന്തുലിതമാണെന്ന് ഇത് ഉറപ്പാക്കുന്നു.

- നികുതി, ലാഭവിഹിതം, റോയൽറ്റി എന്നിവയിലൂടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വരുമാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഗണ്യമായ സംഭാവന നൽകുന്നു. പൊതുസേവനങ്ങൾ, അടിസ്ഥാന സൗകര്യ പദ്ധതികൾ, ക്ഷേമ പരിപാടികൾ എന്നിവയ്ക്ക് ധനസഹായം നൽകുന്നതിന് ഈ വരുമാനം നിർണ്ണായകമാണ്.

- കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ വ്യവസായവൽക്കരണവും സാമ്പത്തിക വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക്

വഹിക്കുന്നതോടൊപ്പം സാമൂഹിക-സാമ്പത്തിക വെല്ലുവിളികളെ അഭിമുഖീകരിക്കുകയും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് സംഭാവന നൽകുകയും ചെയ്യുന്നു.

(സി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഇന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്രം നടത്തിയ മൊത്തം നിക്ഷേപത്തിൽ നിന്ന് കേരളത്തിന് ലഭിച്ച വിഹിതം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്രസർക്കാർ നടത്തുന്ന നിക്ഷേപം സംബന്ധിച്ച വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ഡി) കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗത്തിനുശേഷമുള്ള അധിക ഭൂമിയിൽ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അധിക ഭൂമി വ്യാവസായിക

ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. ഇതിന്റെ ആദ്യഘട്ടമായി 9 പൊതുമേഖലാ സ്ഥാപനങ്ങളിലെ 40.41 ഏക്കർ സ്ഥലം കണ്ടെത്തി പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 96 സെന്റ് സ്ഥലത്ത് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ഇതിനോടൊപ്പം അധിക ഭൂമി ഉപയോഗിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേന്ദ്ര പെട്രോളിയം കമ്പനികളുമായി ചേർന്ന് ഫ്യൂവൽ പമ്പുകൾ സ്ഥാപിക്കുന്നതിനും സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത നടപടികളുടെ ഭാഗമായി 4 പെട്രോൾ പമ്പുകൾ ഇതിനോടകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അധിക ഭൂമിയിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ച്

വരികയാണ്. ഇത്തരത്തിൽ അധിക ഭൂമി ഉപയോഗിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ വരുമാനം വർധിപ്പിച്ച് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ഇ-കൊമേഴ്സ് പോർട്ടൽ വഴിയുള്ള കച്ചവടങ്ങളിൽ നിന്നും ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കാൻ നടപടി

16(*496) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ഇ-കൊമേഴ്സ് പോർട്ടലുകൾ വഴി സാധനങ്ങൾ വാങ്ങുമ്പോൾ എപ്രകാരമാണ് ജി.എസ്.ടി. ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ?

GST നിയമപ്രകാരം ഇ-കോമേഴ്സ് ഓപ്പറേറ്റർ നിർബന്ധമായും രജിസ്ട്രേഷൻ എടുത്തിരിക്കണം. എന്നാൽ അവർ വഴി സാധനങ്ങൾ വിൽക്കുന്നവർ, GST നിയമത്തിന്റെ വകുപ്പ് 24, നോട്ടിഫിക്കേഷൻ 34/2023

dtd 31-07-2023 എന്നിവയിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടുള്ള രജിസ്ട്രേഷൻ എടുത്തിരിക്കണം.

ഇ-കോമേഴ്സ് പോർട്ടലുകൾ വഴി സാധനങ്ങൾ വിൽക്കുമ്പോൾ ഉപഭോക്താക്കളിൽ നിന്നും സാധനത്തിന്റെ വിലയും നികുതിയും ഇ-കോമേഴ്സ് ഓപ്പറേറ്റർ ഈടാക്കുകയും അവരുടെ കമ്മീഷനും ഒരു നിശ്ചിത ശതമാനം തുക (നിലവിൽ 1%) ടി.സി.എസ്. ആയും ഇ-കോമേഴ്സ് ഓപ്പറേറ്റർ ശേഖരിക്കുകയും ബാക്കി നികുതിയും സാധനത്തിന്റെ വിലയും വില്പനക്കാരന് കൈമാറുകയും ചെയ്യുന്നു. ടി.സി.എസ്. ആയി ശേഖരിച്ച തുക, വില്പന നടത്തിയ വ്യാപാരിയുടെ GST നമ്പർ രേഖപ്പെടുത്തി ഇ-കോമേഴ്സ് ഓപ്പറേറ്റർ ഫയൽ ചെയ്യുന്ന GSTR-8 എന്ന റിട്ടേൺ ഫോമിലൂടെ നികുതി ഒടുക്കുന്നതുമാണ്. ഈ തുകയുടെ ക്രെഡിറ്റ് വില്പനക്കാർക്ക് അവരുടെ നികുതിയൊടുക്കാൻ ഉപയോഗിക്കാവുന്നതാണ്. ഇത്തരം വില്പനക്കാർ, ഇ-കോമേഴ്സ് പോർട്ടലുകൾ വഴിയുള്ള B2B ഇടപാടുകളിൽ സ്വീകർത്താവിന്റെ GST നമ്പർ രേഖപ്പെടുത്തി റിട്ടേൺ ഫയൽ ചെയ്യുകയും അതിന്റെ ക്രെഡിറ്റ് രജിസ്ട്രേഷൻ ഉള്ള വ്യാപാരി അവരുടെ

റിട്ടേണിലൂടെ രേഖപ്പെടുത്തി സ്വീകരിക്കുമ്പോൾ, ആ നികുതി പ്രസ്തുത സംസ്ഥാനത്തിന് ലഭിക്കുകയും ചെയ്യുന്നു. B2C ഇടപാടുകളിൽ സ്വീകർത്താവിന്റെ മേൽവിലാസം, പിൻ കോഡ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ അതതു സംസ്ഥാനത്തിന്റെ പേര് രേഖപ്പെടുത്തി, ഇ-കൊമേഴ്സ് വഴി വ്യാപാരം നടത്തിയ വില്പനക്കാരൻ, അയാളുടെ GSTR-3B റിട്ടേൺ ഫയൽ ചെയ്യുമ്പോൾ ആ നികുതി പ്രസ്തുത സംസ്ഥാനത്തിന് ലഭിക്കുന്നു.

(ബി) ഇ-കൊമേഴ്സ് പോർട്ടൽ വഴിയുള്ള കച്ചവടം ക്രമാതീതമായി വർധിക്കുമ്പോൾ ഈ ഇനത്തിലുള്ള നികുതി ചോർച്ച സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനത്തെ എപ്രകാരമാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇ-കോമേഴ്സ് പോർട്ടലുകൾ വഴിയുള്ള കച്ചവടം ക്രമാതീതമായി വർധിക്കുമ്പോൾ ഈ ഇനത്തിൽ നികുതി ചോർച്ച ഉണ്ടായാൽ അത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ആനുപാതികമായി ബാധിക്കുന്നതാണ്.

(സി) ഇ-കൊമേഴ്സ് പോർട്ടലുകൾ വഴിയുള്ള കച്ചവടങ്ങളിൽ നിന്നുമുള്ള ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സ്വീകരിക്കും. സംസ്ഥാനത്ത് ഇ-കൊമേഴ്സ് മുഖാന്തരം വിതരണം ചെയ്യുന്ന ഉൽപന്നങ്ങൾക്ക് സംസ്ഥാനത്തെ ഉപഭോക്താക്കളിൽ നിന്ന് മറ്റു സംസ്ഥാനങ്ങളിലെ വ്യാപാരികൾ ഈടാക്കുന്ന ഐ.ജി.എസ്.ടി., മറ്റു സംസ്ഥാനങ്ങളിലെ വ്യാപാരികൾ കൃത്യമായി റിട്ടേൺ ഫയൽ ചെയ്യാത്തതിലൂടെ ചില സന്ദർഭങ്ങളിൽ സംസ്ഥാനത്തിന് ലഭിക്കുന്നില്ലെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഡാറ്റ അനലിറ്റിക്സ് വിഭാഗം നടത്തിയ പഠനത്തിലൂടെ കണ്ടെത്തുകയും റിട്ടേൺ ഫോമുകളിലെ പരിമിതികളാണ് ഇതിന് ഒരുപരിധിവരെ കാരണമെന്ന് കണ്ടെത്തുകയും ചെയ്തു.

പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട റിട്ടേൺ ഫോമുകളിൽ ഭേദഗതി വരുത്തണമെന്ന് ജി.എസ്.ടി. കൗൺസിൽ മുമ്പാകെ നിർദ്ദേശം സമർപ്പിക്കുകയും, സംസ്ഥാനം സമർപ്പിച്ച നിർദ്ദേശത്തിന്റെ

അടിസ്ഥാനത്തിൽ അമ്പത്തിമൂന്നാമത് ജി.എസ്.ടി. കൗൺസിൽ ഈ വിഷയം പരിഗണിക്കുകയും അത് ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഇ-കോമേഴ്സ് ഓപ്പറേറ്റർമാർ ഫയൽ ചെയ്യേണ്ട GST റിട്ടേൺ ഫോറം 8-ൽ Place of supply റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഭേദഗതികൾ നടപ്പാക്കുകയും ചെയ്തു. CGST/SGST സെക്ഷൻ 52(4) പ്രകാരം ഓരോ ഇ-കോമേഴ്സ് ഓപ്പറേറ്റേഴ്സും സെക്ഷൻ 52(1) പ്രകാരം ഉറവിടത്തിൽ നിന്നും നികുതി കളക്ട് ചെയ്യേണ്ടതും, അപ്രകാരം കളക്ട് ചെയ്യപ്പെട്ട നികുതിയുടെ supply സംബന്ധമായ വിവരങ്ങൾ അടങ്ങിയ റിട്ടേൺ ഫോറം 8-ൽ നൽകേണ്ടതുമാണ്. എന്നാൽ നിലവിലെ ഫോറം 8-ൽ Place of supply റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം ലഭ്യമല്ലായിരുന്നു. ഇത് കേരളത്തിന്റെ ഇടപെടലിലൂടെ പരിഹരിക്കാൻ കഴിയുകയും ഇ-കോമേഴ്സ് മുഖാന്തരം വിതരണം ചെയ്യുന്ന ഉൽപന്നങ്ങൾക്ക് ഈടാക്കുന്ന ജി.എസ്.ടി. സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ എന്ന് ഒരു പരിധിവരെ നിരീക്ഷിക്കാനും ഇതുവഴി ഇനി കഴിയും.

കൂടാതെ ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുന്നതിലേക്കായി സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ IGST Task Force രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനം നടന്നുവരുന്നതുമാണ്. കൂടാതെ, IGST വിഹിതം ലഭിക്കുന്നതിലുള്ള നടപടിക്രമങ്ങളിലെ ആശങ്കകളും പരാതികളും National Co-ordination Committee മീറ്റിങ്ങിലും കേന്ദ്ര റവന്യൂ സെക്രട്ടറി മുമ്പാകെയും ഉന്നയിച്ചിട്ടുള്ളതുമാണ്.

ശബരിമല റോപ് വേ പദ്ധതി

17(*497) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എം. എം. മണി:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും ശബരിമല സന്ദർശിക്കാനെത്തുന്ന ഭക്തർക്ക് അധിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2024-25 വർഷത്തെ ശബരിമല തീർഥാടന കാലത്ത് ഭക്തരുടെ സൗകര്യാർഥം നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു+.

ശബരിമല തീർഥാടനത്തിനായുള്ള മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി ബഹു. ദേവസ്വം വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ആദ്യ ഘട്ട അവലോകന യോഗം 17-07-2024-ന് ചേരുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ശബരിമല റോപ് വേ പദ്ധതിയുടെ നിലവിലെ സ്ഥിതിയും പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം ശബരിമല റോപ് വേ പദ്ധതിക്കായി ജോയിന്റ് സർവേ പൂർത്തീകരിക്കുകയും ഇത് സംബന്ധിച്ച റിപ്പോർട്ടും രേഖാ ചിത്രവും പെരിയാർ ടൈഗർ റിസർവ് വെസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ ബഹു. ഹൈക്കോടതിയിൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ഫോറസ്റ്റ് & വൈൽഡ് ലൈഫ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ലിയറൻസിന് അപേക്ഷിക്കുന്നതിനുള്ള അനുമതി ഹൈക്കോടതി നൽകുകയും ചെയ്തിട്ടുണ്ട്.

ഫോറസ്റ്റ് & വൈൽഡ് ലൈഫ് ക്ലിയറൻസിനായി പരിവേഷ് പോർട്ടലിൽ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട് വനം വകുപ്പ് ആവശ്യപ്പെട്ട അധിക വിവരങ്ങൾ നൽകുന്നതിനുള്ള നടപടികൾ യൂസർ ഏജൻസിയായ തിരുവിതാംകൂർ ദേവസ്വം ബോർഡും വനഭൂമി വിട്ട് കിട്ടുന്നതിന് പകരമായി പരിഹാര വനവൽക്കരണത്തിന് ഭൂമി കണ്ടെത്തി അനുവദിക്കുന്നതിനാവശ്യമായ നടപടികൾ റവന്യൂ വകുപ്പിലും സ്വീകരിച്ചുവരുന്നുണ്ട്.

ബാങ്കേഴ്സ് സമിതിയുടെ വിലയിരുത്തൽ

18(*498) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക മേഖലയിലുണ്ടായ പുരോഗതി സംബന്ധിച്ച് സംസ്ഥാന ബാങ്കേഴ്സ് സമിതി വിലയിരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ ധനകാര്യ ബാങ്കുകൾ മുഖേന വ്യാവസായിക മേഖലയ്ക്ക് നൽകിവരുന്ന വായ്പകളിൽ കഴിഞ്ഞ 3 വർഷമായി വർധനവ് രേഖപ്പെടുത്തുന്നതായി സംസ്ഥാന ബാങ്കേഴ്സ് സമിതി വിലയിരുത്തിയിട്ടുണ്ട്. 2021-22 കാലഘട്ടത്തിൽ വിതരണം ചെയ്ത വായ്പാ തുകയിൽ നിന്നും 2023-24 കാലഘട്ടത്തിലെ വായ്പാ തുകയിലെത്തുമ്പോൾ ഏകദേശം 41.8 ശതമാനത്തിന്റെ വർധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന ത്തിന്റെ വ്യാവസായിക അന്തരീക്ഷത്തിലുള്ള നിക്ഷേപകരുടെ വിശ്വാസം വർധിപ്പിക്കുന്ന തരത്തിലുള്ള സർക്കാർ നടപടികൾ ഈ മുന്നേറ്റത്തിന് പ്രധാന കാരണമായി പരിഗണിക്കാവുന്നതാണെന്നും വ്യാവസായിക വായ്പകളുടെ സുഗമമായ വിതരണം ബിസിനസുകൾക്കുള്ള മൂലധനം

കണ്ടെത്തൽ കൂടുതൽ എളുപ്പമാക്കിയതായും ബാങ്കേഴ്സ് സമിതി നിരീക്ഷിക്കുന്നു.

(ബി) വ്യാവസായിക പുരോഗതി ലക്ഷ്യമിട്ട് വിവിധ മേഖലകളിലായി സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ ഭാഗമായി നിക്ഷേപം നടത്തുന്നതിനായി സംസ്ഥാനത്തെ ബാങ്കുകൾ വായ്പയായി നൽകിയിട്ടുള്ള തുക സംബന്ധിച്ച് പരാമർശിച്ചിട്ടുള്ള പ്രസ്തുത സമിതിയുടെ ഈ വർഷത്തെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വ്യാവസായിക പുരോഗതി ലക്ഷ്യമിട്ട് വിവിധ മേഖലകളിലായി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ കേരളത്തിലെ വ്യാവസായിക മുന്നേറ്റത്തിന് പ്രധാന കാരണമായി കണക്കിലെടുക്കാവുന്നതാണ്. കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കേരളത്തിലെ ധനകാര്യ ബാങ്കുകൾ മുഖേന വിതരണം ചെയ്ത മൊത്തം വായ്പാത്തുകയിൽ വന്ന വർധനവ് കേരളത്തിൽ നടക്കുന്ന വ്യാവസായിക പുരോഗതിയുടെ ചൂണ്ടുപലകയാണ്. സംസ്ഥാന ബാങ്കേഴ്സ്

സമിതിയുടെ കണക്കുകൾപ്രകാരം കഴിഞ്ഞ 3 വർഷങ്ങളിൽ വ്യാവസായിക മേഖലയിൽ വിതരണം ചെയ്ത വായ്പകളുടെ വിവരം ചുവടെ ചേർക്കുന്നു.

DATA ON CUMULATIVE DISBURSEMENT UNDER INDUSTRIAL ADVANCES FROM APRIL TO MARCH			
ക്രമ നം	വർഷം	INDUSTRIAL ADVANCE	
		അക്കൗണ്ട്	തുക (ലക്ഷത്തിൽ)
1	2021-22	867028	5084493
2	2022-23	422213	5278800
3	2023-24	570792	7211673
2021 മുതൽ 2024 വരെ ആകെ വിതരണം ചെയ്ത തുക		1860033	17574966

(സി) പ്രസ്തുത റിപ്പോർട്ടുപ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ വ്യാവസായിക വികസനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള നിക്ഷേപ പ്രവർത്തനങ്ങളുടെ അനന്തരഫലമെന്താണെന്ന് വിശദമാക്കുമോ?

വ്യവസായം തുടങ്ങുന്നതിനുള്ള ലൈസൻസുകളും മറ്റ് അനുമതികളും വേഗത്തിൽ ലഭ്യമാക്കാൻ നടപ്പാക്കിയ ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റ്, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്കുള്ള ഇൻഷ്വറൻസ്

സഹായം, "എന്റെ സംരംഭം നാടിന്റെ അഭിമാനം" എന്ന ആശയം ഉയർത്തിപ്പിടിച്ച സംരംഭക വർഷം, 1000 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ തിരഞ്ഞെടുത്ത് 4 വർഷം കൊണ്ട് അവ ഓരോന്നിന്റെയും ശരാശരി വിറ്റുവരവ് 100 കോടിയിലെത്തിക്കുക എന്നത് ലക്ഷ്യമാക്കിയ എം.എസ്.എം.ഇ. സ്കെയിൽ അപ്പ് മിഷൻ-1000 പോലെയുള്ള പദ്ധതികളും ഇത്തരം സർക്കാർ പദ്ധതികൾക്ക് കേരളത്തിലെ ധനകാര്യ ബാങ്കുകൾ നൽകിയ പിന്തുണയും കേരളത്തിലെ വ്യാവസായിക പുരോഗതിക്കും നിക്ഷേപ സൗഹൃദ അന്തരീക്ഷത്തിനും കാരണമായി എന്നാണ് എസ്.എൽ.ബി.സി. ഫോറം നിരീക്ഷിക്കുന്നത്.

ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിങ്ങിൽ 28-ാം സ്ഥാനത്തുനിന്നും 15-ാം സ്ഥാനത്തേക്ക് റാങ്ക് മെച്ചപ്പെടുത്താൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 02-07-2024 വരെയുള്ള കണക്കുകൾപ്രകാരം സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ 2,68,150

സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 17,729 കോടി രൂപയുടെ നിക്ഷേപവും 5,93,070 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

വൈദ്യുതി ബോർഡിന്റെ കുടിശ്ശിക

19(*499) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും എണ്ണൂറ്റി അൻപത് കോടിയിലേറെ രൂപ കുടിശ്ശിക ഇനത്തിൽ വൈദ്യുതി ബോർഡിന് പിരിഞ്ഞു കിട്ടാനുണ്ടെന്നത് വസ്തുതയാണോ; വിശദമാക്കാമോ?

സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും (കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ) കെ.എസ്.ഇ.ബി.എൽ-ന് വൈദ്യുതി കുടിശ്ശികയിനത്തിൽ പലിശയൊഴികെ 31-03-2024-ലെ ത്രൈമാസറിപ്പോർട്ടുപ്രകാരം 846.75 കോടി രൂപ (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ

പ്രകാരം) പിരിഞ്ഞുകിട്ടാനുണ്ട്. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

കുടിശ്ശിക പിരിച്ചെടുക്കുന്നതിലേക്കായി സപ്ലൈകോഡ് 2014 റെഗുലേഷൻ 138, 139 പ്രകാരം കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, പോലീസ് സ്റ്റേഷനുകളും മറ്റ് ഓഫീസുകളും, ഗവൺമെന്റ് ആശുപത്രികൾ, കൃഷിഭവൻ ഉപഭോക്താക്കൾ എന്നിവ ഒഴികെ) കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. ഇതുകൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ കൂടിയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. തുടർന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ടി നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുടിശ്ശിക വരുത്തുന്ന സർക്കാർ സ്ഥാപനങ്ങളായ ആശുപത്രികൾ, പോലീസ് സ്റ്റേഷനുകളും മറ്റ് ഓഫീസുകളും, കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, കൃഷി ഭവൻ ഉപഭോക്താക്കൾ തുടങ്ങിയവയുടെ കണക്ഷൻ വിച്ഛേദിക്കാൻ ഗവൺമെന്റ് കമ്പനിയായ വൈദ്യുതി ബോർഡ് ലിമിറ്റഡിന് പരിമിതിയുള്ളതിനാൽ ഇത്തരം കുടിശ്ശികകൾ സർക്കാർ ഇടപെടലിൽക്കൂടി കാലാകാലങ്ങളിൽ തീർപ്പാക്കിവരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ 31-10-2023 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 2068.07 കോടി രൂപ (ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി 2023 പ്രകാരമുള്ള പലിശ തുക ഉൾപ്പെടെ) 2024-25 സാമ്പത്തിക വർഷം മുതൽ 206.80 കോടി രൂപ വീതം പത്ത് തുല്യ വാർഷിക ഗഡുക്കളായി കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. 01-11-2023 മുതലുള്ള വാട്ടർ അതോറ്റിയുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിന് Escrow account തുടങ്ങുന്നതിനായി സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ടെങ്കിലും കേരള വാട്ടർ അതോറിറ്റി നാളിതുവരെ Escrow account ആരംഭിച്ചിട്ടില്ല.

വിവിധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി, പബ്ലിക് ഇൻസ്റ്റിറ്റ്യൂഷൻസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ 31-03-2024 വരെയുള്ള വൈദ്യുതി കുടിശ്ശികയുടെ വിശദവിവരങ്ങൾ ടി കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായി കെ.എസ്.ഇ.ബി.എൽ. ലഭ്യമാക്കിയിട്ടുള്ളത് സർക്കാർ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ വൈദ്യുതി ബോർഡിന് സ്വകാര്യ വ്യക്തികളിൽ നിന്നും കുടിശ്ശിക കിട്ടാനുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

31-03-2024-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം വൈദ്യുതി ബോർഡിന് സ്വകാര്യ വ്യക്തികളിൽ നിന്നും ലഭിക്കാനുള്ള പലിശ ഒഴികെയുള്ള കുടിശ്ശികയുടെ വിശദവിവരങ്ങൾ (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരമുള്ളത്) അനുബന്ധമായി ചേർത്തിട്ടുണ്ട്.+

വായ്പാ നിക്ഷേപ അനുപാതം

20(*500) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. നജീബ് കാന്തപുരം:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ, ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ എന്നിവയുടെ വായ്പാ നിക്ഷേപ അനുപാതം എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ദേശീയ ശരാശരിയേക്കാൾ കുറവാണോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ എന്നിവയുടെ വായ്പാ നിക്ഷേപ അനുപാതം റിസർവ് ബാങ്കും, എസ്.എൽ.ബി.സി.-യും വിലയിരുത്തുകയും, എസ്.എൽ.ബി.സി-യുടെ എല്ലാ ത്രൈമാസ യോഗങ്ങളിലും പ്രധാന അജണ്ടാ വിഷയമായി ചർച്ച ചെയ്യാറുമുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ വരെയുള്ള കണക്കുകളനുസരിച്ച് സംസ്ഥാനത്തെ വായ്പാ നിക്ഷേപ അനുപാതം 72.41 ശതമാനമാണ്. നിലവിലെ ദേശീയ ശരാശരി ഏകദേശം 80

ശതമാനത്തിനടുത്താണ്. സംസ്ഥാനത്തെ വായ്പാ നിക്ഷേപ അനുപാതം ദേശീയ ശരാശരിയേക്കാളും കുറവാണെങ്കിലും വായ്പാ നിക്ഷേപ അനുപാതത്തിലെ വർധനവിൽ കേരളത്തിലെ ബാങ്കുകൾ കോവിഡ് കാലത്തിനുശേഷം മികച്ച മുന്നേറ്റമാണ് കാഴ്ചവയ്ക്കുന്നത്.

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഈ അനുപാതം വർധിപ്പിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ?

വായ്പാ നിക്ഷേപ അനുപാതം (Credit-Deposit Ratio) ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥ, സാമ്പത്തിക വികസന തോത് എന്നിവ വിലയിരുത്താൻ ഉപയോഗിക്കുന്ന ഒരു സുപ്രധാന അളവുകോലാണ്. ബാങ്കുകളിൽ നിക്ഷേപിച്ച പണവും (നിക്ഷേപങ്ങൾ-deposit) കടം കൊടുത്ത പണവും (വായ്പാ-credit) തമ്മിലുള്ള ബന്ധത്തെ ഇത് പ്രതിഫലിപ്പിക്കുന്നു. ആരോഗ്യകരമായ ഒരു വായ്പാ നിക്ഷേപ അനുപാതം കാര്യക്ഷമമായ വായ്പാ വിതരണത്തെ സൂചിപ്പിക്കുന്നു. ഇത് ബിസിനസ്സുകൾ, അടിസ്ഥാന സൗകര്യങ്ങൾ, കൃഷി എന്നിവയിലെ നിക്ഷേപത്തിന് ഇന്ധനമാകുകയും സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ,

ഉയർന്ന വായ്പാ നിക്ഷേപ അനുപാതം സൂചിപ്പിക്കുന്നത്, ബാങ്കുകൾ നിക്ഷേപങ്ങളുടെ ഒരു പ്രധാന ഭാഗം വായ്പയായി നൽകിയിരിക്കുകയാണെന്നും, നിലവിലെ നിക്ഷേപങ്ങളുടെ മേലുള്ള സമ്മർദം ഉയർന്നതാണെന്നുമാണ്. മൂലധന അപര്യാപ്തത പ്രശ്നങ്ങളെക്കുറിച്ചും ഇത് സൂചന നൽകിയേക്കാം. കൂടുതൽ മൂലധനം സ്വരൂപിക്കാൻ ബാങ്കുകളെ ഇത് നിർബന്ധിതരാക്കുന്നു. മാത്രമല്ല, ആസ്തി-ബാധ്യത പൊരുത്തക്കേടുകൾക്കൊപ്പം ബാലൻസ് ഷീറ്റും അനാരോഗ്യകരമായിരിക്കും. ഭാവിയിലെ ക്രെഡിറ്റ് ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ലഭ്യമായ നിക്ഷേപങ്ങളുടെ അഭാവവും ഇത് നിർദേശിച്ചേക്കാം. ഇതിനാൽത്തന്നെ അനാരോഗ്യകരമായ നിലയിൽ വായ്പാ നിക്ഷേപ അനുപാതം വർധിപ്പിക്കേണ്ടതില്ലെന്നാണ് റിസർവ് ബാങ്കും എസ്.എൽ.ബി.സി.-യും നിരീക്ഷിക്കുന്നത്.

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ, ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ എന്നിവയുടെ വായ്പാ നിക്ഷേപ അനുപാതം റിസർവ് ബാങ്കും എസ്.എൽ.ബി.സി.-യും നിരീക്ഷിക്കുകയും അതിന്റെ ഏറ്റക്കുറച്ചിലുകൾ എസ്.എൽ.ബി.സി. ഫോറത്തിന്റെ ത്രൈമാസ യോഗങ്ങളിൽ പ്രധാന അജണ്ടാ വിഷയമായി ചർച്ച ചെയ്യാറുമുണ്ട്. ആരോഗ്യകരമായ ഒരു വായ്പാ നിക്ഷേപ അനുപാതം കാര്യക്ഷമമായ വായ്പാ (ക്രെഡിറ്റ്) വിതരണത്തെ സൂചിപ്പിക്കുന്നു. അതിനാൽത്തന്നെ വായ്പാനുപാതം കുറഞ്ഞ ബാങ്കുകളോട് അവരുടെ വായ്പാ വിതരണത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനും നമ്മുടെ സംസ്ഥാനത്തുനിന്നും സ്വീകരിക്കുന്ന നിക്ഷേപങ്ങൾ ഇവിടെത്തന്നെ പരമാവധി വായ്പയായി നൽകാനും നിർദ്ദേശിക്കാറുമുണ്ട്.

ജി.എസ്.ടി.-യിൽ ഉണ്ടാകുന്ന വരുമാന നഷ്ടം

21(*501) ശ്രീ. പി. പി. സുമോദ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-കൊമേഴ്സ് മുഖാന്തരം വിതരണം ചെയ്യുന്ന ഉൽപന്നങ്ങൾക്ക് ഈടാക്കുന്ന ജി.എസ്.ടി.-യിൽ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടോ; വിശദമാക്കാമോ?

വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. സംസ്ഥാനത്ത് ഇ-കൊമേഴ്സ് മുഖാന്തരം വിതരണം ചെയ്യുന്ന ഉൽപന്നങ്ങൾക്ക് സംസ്ഥാനത്തെ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന ഐ.ജി.എസ്.ടി. മറ്റ് സംസ്ഥാനങ്ങളിലെ വ്യാപാരികൾ കൃത്യമായി റിട്ടേൺ ഫയൽ ചെയ്യാത്തതിലൂടെ പൂർണ്ണമായും സംസ്ഥാനത്തിന് ലഭിക്കുന്നില്ലെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഡാറ്റ അനലിറ്റിക്സ് വിഭാഗം നടത്തിയ പഠനത്തിലൂടെ കണ്ടെത്തുകയും റിട്ടേൺ ഫോമുകളിലെ പരിമിതികളാണ് ഇതിന് ഒരു പരിധിവരെ കാരണമെന്ന് കണ്ടെത്തുകയും ചെയ്തു. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട റിട്ടേൺ ഫോമുകളിൽ ഭേദഗതി വരുത്തണമെന്ന് ജി.എസ്.ടി. കൗൺസിൽ മുമ്പാകെ നിർദ്ദേശം സമർപ്പിക്കുകയും സംസ്ഥാനം സമർപ്പിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അമ്പത്തിമൂന്നാമത് ജി.എസ്.ടി. കൗൺസിൽ ഈ

വിഷയം പരിഗണിക്കുകയും തുടർനടപടികൾക്കായി തീരുമാനമെടുക്കുകയും ചെയ്തു.

(ബി) ഒ.ടി.ടി. അടക്കമുള്ള ഓൺലൈൻ സേവനങ്ങൾക്കായി സംസ്ഥാനത്തെ ഉപഭോക്താക്കൾ നൽകുന്ന നികുതിയിൽ നിന്നും സംസ്ഥാനത്തിന് വിഹിതം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഇപ്രകാരമുള്ള സേവനങ്ങളിൽ നിന്നും ലഭിക്കേണ്ട IGST വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുന്നതിലേക്കായി IGST TASK FORCE രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനം നടന്നുവരുന്നതുമാണ്. കൂടാതെ, IGST വിഹിതം ലഭിക്കുന്നതിലുള്ള നടപടിക്രമങ്ങളിലെ ആശങ്കകളും പരാതികളും National Co-Ordination Committee മീറ്റിങ്ങിലും കേന്ദ്ര റവന്യൂ സെക്രട്ടറി മുമ്പാകെയും ഉന്നയിച്ചിട്ടുള്ളതുമാണ്.

(സി) പ്രസ്തുത വിഷയം ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഉന്നയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉന്നയിച്ചിട്ടുണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഡാറ്റ അനലിറ്റിക്സ് വിഭാഗം നടത്തിയ പഠനത്തിലൂടെ കണ്ടെത്തിയ റിട്ടേൺ ഫോമുകളിലെ പരിമിതികളും അതുവഴി IGST വിഹിതം ലഭിക്കുന്നതിലുണ്ടാകുന്ന കുറവുകളും വിശദമായി ജി.എസ്.ടി. കൗൺസിൽ മുമ്പാകെ അവതരിപ്പിക്കുകയും അത് ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഇ-കൊമേഴ്സ് ഓപ്പറേറ്റർമാർ ഫയൽ ചെയ്യേണ്ട GST റിട്ടേൺ ഫോറം 8-ൽ Place of supply റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഭേദഗതികൾ അമ്പത്തിമൂന്നാമത് ജി.എസ്.ടി. കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. Place of supply രേഖപ്പെടുത്തുന്നതിലെ കുറവ് കേരളത്തിന് ലഭിക്കേണ്ട IGST വിഹിതം നിർണ്ണയിക്കുന്നതിൽ അധികാരികൾക്ക് പ്രയാസം നേരിട്ടിരുന്നു. ഇത് കേരളത്തിന്റെ ഇടപെടലിലൂടെ പരിഹരിക്കാൻ കഴിയുകയും ഇ-കോമേഴ്സ് മുഖാന്തരം വിതരണം ചെയ്യുന്ന ഉൽപന്നങ്ങൾക്ക് ഈടാക്കുന്ന ജി.എസ്.ടി. സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ എന്ന് ഒരു പരിധിവരെ നിരീക്ഷിക്കാനും ഇതുവഴി ഇനി കഴിയും.

വ്യവസായമേഖലയിൽ വിദേശ സാങ്കേതികവിദ്യ

22(*502) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം വ്യവസായ മേഖലയിൽ വിദേശ കമ്പനികളുടെ ഉടമസ്ഥതയിൽ ഏതെങ്കിലും സ്ഥാപനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്.

ലിങ്ക് ഗ്രൂപ്പ് യുണൈറ്റഡ് കിങ്ഡം (Link Group United Kingdom) എന്ന കമ്പനി കാസർഗോഡ് ജില്ലയിലെ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ലിങ്ക് ഔട്ട്സോഴ്സ് സൊല്യൂഷൻസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് (Link Outsource Solutions India (P) Limited) എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട, ചെന്നീർക്കരയിലെ അക്കായ് നാച്ചുറൽ ഇൻഗ്രഡിയൻസ്

പ്രൈവറ്റ് ലിമിറ്റഡ് (Akay Natural Ingredients (P) Limited) എന്ന സ്ഥാപനം ഡെൻമാർക്ക് ആസ്ഥാനമായ Ottera Group ഏറ്റെടുത്തിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ തിരുവനന്തപുരത്തുള്ള കിൻഫ്ര ഫിലിം & വീഡിയോ പാർക്കിൽ ജർമ്മൻ ആസ്ഥാനമായ ബഹുരാഷ്ട്ര കമ്പനി M/s. D-Space, അമേരിക്ക ആസ്ഥാനമായ ബഹുരാഷ്ട്ര കമ്പനി M/s. Vensure HCM എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) കേരളത്തിലെ വ്യവസായമേഖലയിൽ വിദേശ കമ്പനികളുടെ സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിലൂടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങളെന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

ഉണ്ട്. പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ, ഇന്ത്യൻ നേവിയുടെ കപ്പലുകൾക്ക് വേണ്ട ഇ.എം. ലോഗ് (സ്പീഡ് അളക്കുന്നതിനുള്ള ഉപകരണം) നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ വിദേശ കമ്പനിയിൽ നിന്നാണ് സ്വീകരിച്ചുവരുന്നത്.

വിദേശ സാങ്കേതികവിദ്യ സ്വീകരിക്കുന്നതിലൂടെ വ്യവസായ മേഖലയിൽ ഉൽപാദന പ്രവർത്തനം വേഗത്തിലാക്കി കൂടുതൽ ഗുണമേന്മയുള്ള ഉൽപന്നം കയറ്റുമതി ചെയ്യാൻ കഴിയുന്നു. കയറ്റുമതി വർധിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ ആഭ്യന്തരോൽപാദനം ഉയരുകയും ചെയ്യും.

(സി) പ്രസ്തുത സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി കേരളത്തിലെ വ്യവസായങ്ങളെ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധേയമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു.

നിർജീവമായ ട്രഷറി അക്കൗണ്ടുകളിലെ തുക

23(*503) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) നിർജീവമായ ട്രഷറി അക്കൗണ്ടുകളിലെ തുക സർക്കാരിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

കേരള ട്രഷറി കോഡ് വാല്യം II, അനുബന്ധം 3, ചട്ടം 40 പ്രകാരം തുടർച്ചയായ അഞ്ച് സാമ്പത്തിക വർഷം ഇടപാടുകൾ നടക്കാത്ത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ അൺ ഓപ്പറേറ്റഡ് ആയി കണക്കാക്കി ടി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുക റവന്യൂ ഡെപ്പോസിറ്റിലേക്ക് മാറ്റാവുന്നതാണ്.

പ്രസ്തുത ചട്ടത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള കുറിപ്പ് 1-ൽ സ്ഥിരനിക്ഷേപങ്ങളും സെക്യൂരിറ്റി നിക്ഷേപങ്ങളും ഈ ചട്ടത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും കുറിപ്പ് 2-ൽ പ്രായപൂർത്തിയായിട്ടില്ലാത്തവർക്കായി അവരുടെ രക്ഷകർത്താക്കൾ/ ബന്ധുക്കൾ ഓപ്പൺ ചെയ്തിരിക്കുന്ന അക്കൗണ്ടുകളും ടിയാളുകൾ പ്രായപൂർത്തിയാകുന്ന കാലയളവുവരെ ഈ ചട്ടത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

സ്ഥിരനിക്ഷേപങ്ങളും സെക്യൂരിറ്റി നിക്ഷേപങ്ങളും കൂടി ഈ ചട്ടത്തിന്റെ പരിധിയിൽ കൊണ്ടുവരുന്ന വിഷയം പരിശോധിക്കുന്നതാണ്.

(ബി) അക്കൗണ്ട് ഉടമകളോ അനന്തരാവകാശികളോ പ്രസ്തുത അക്കൗണ്ടുകളിലെ തുകയുടെ അവകാശം ഉന്നയിച്ചാൽ അത് തിരികെ നൽകാൻ സാധിക്കുമോ?

ട്രഷറി കോഡ് വാല്യം II, അനുബന്ധം III, ചട്ടം 40 പ്രകാരം അൺ ഓപ്പറേറ്റഡ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ തുക തിരികെ നൽകുന്നത് സാധ്യമാണ്.

വിഴിഞ്ഞം തുറമുഖത്തിൽ ജോലികൾക്ക് പ്രദേശവാസികളുടെ പങ്കാളിത്തം

24(*504) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്തർദേശീയ തുറമുഖത്തിലെ വിവിധ ജോലികൾക്ക് പ്രദേശവാസികളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ: എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശീയരായ യുവതീയുവാക്കൾക്ക് തുറമുഖവുമായി ബന്ധപ്പെട്ട മേഖലയിൽ പരിശീലനം നേടുവാൻ വിഭാവനം ചെയ്തിട്ടുള്ള സ്ഥാപനമാണ് വിഴിഞ്ഞത്തെ ASAP-ന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക്. VISL അനുവദിച്ചു നൽകിയ ഭൂമിയിൽ നിർമ്മാണം പൂർത്തിയാക്കിയ നൈപുണ്യ പരിശീലന കേന്ദ്രത്തിൽ (Community Skill Park) അന്താരാഷ്ട്ര തുറമുഖത്തിന്റെ കൺസഷണറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (AVPPL) വിവിധ കോഴ്സുകൾ ആവിഷ്കരിച്ച് ASAP-മായി ചേർന്ന് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

ഈ പദ്ധതിയിലൂടെ തദ്ദേശീയരായ യുവതീയുവാക്കൾക്ക് തുറമുഖാനുബന്ധ കോഴ്സുകളിലുൾപ്പെടെ പ്രാവീണ്യം നേടാൻ സാധിക്കുന്നതാണ്. നിലവിൽ, തുറമുഖാനുബന്ധ മേഖലയിൽ ആവശ്യമായ നൈപുണ്യം കൈവരിച്ചിട്ടുള്ള യുവതീയുവാക്കൾ ഈ പ്രദേശത്ത് തുലോം

കുറവാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു പദ്ധതിക്ക് തുടക്കം കുറിച്ചത്. ഇതിലൂടെ ഈ മേഖലയിൽ ആവശ്യമായ നൈപുണ്യം നേടുവാനുള്ള അവസരം തദ്ദേശവാസികൾക്ക് ലഭിക്കുകയും തദ്വാര വിഴിഞ്ഞം തുറമുഖത്തിലോ മറ്റേതെങ്കിലും തുറമുഖങ്ങളിലോ തൊഴിൽസാധ്യത കൈവരിക്കുന്നതിന് തദ്ദേശീയർ പ്രാപ്തരാകുന്നതുമാണ്.

കൂടാതെ, പരോക്ഷമായി വരുന്ന തൊഴിൽ സാധ്യതകൾ മനസ്സിലാക്കി വിവിധങ്ങളായ മറ്റ് കോഴ്സുകളും ഈ നൈപുണ്യ പരിശീലന കേന്ദ്രം മുഖേന നടപ്പാക്കിവരുന്നുണ്ട്. തൊഴിലന്വേഷകർക്ക് താൽപര്യാർഥം ഏത് തരം കോഴ്സുകളിൽ വേണമെങ്കിലും പഠിക്കാനും തുടർന്ന് അവർക്ക് ഇഷ്ടപ്പെട്ട രീതിയിൽ ഉപജീവനം കണ്ടെത്താനും സാധിക്കുന്നതാണ്. തീരപ്രദേശത്തെ തൊഴിൽ രീതികൾ മനസ്സിലാക്കി മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ടും വിവിധങ്ങളായ കോഴ്സുകൾ നടത്തുവാൻ ASAP ഉദ്ദേശിക്കുന്നുണ്ട്.

ഇവിടെ കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും ASAP സജ്ജീകരിച്ചിട്ടുണ്ട്. ആവശ്യമായ ലാബ് സജ്ജീകരണങ്ങളോടുകൂടിയ ക്ലാസ് റൂം, യോഗ്യരായ അധ്യാപകരെയും അനധ്യാപകരെയും ചുമതലപ്പെടുത്തുന്ന

ഉത്തരവാദിത്വം എന്നിവ ട്രെയിനിംഗ് പങ്കാളിയായ AVPPL നടപ്പാക്കുന്നതാണ്. കൂടാതെ, ASAP, VISL, AVPPL, ഫിഷറീസ് വകുപ്പ് എന്നിവരുൾപ്പെടുന്ന ഒരു ഗവേണിംഗ് കൗൺസിൽ ഉണ്ടായിരിക്കും. കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനായി മേല്പറഞ്ഞ ഏജൻസികളെ ചേർത്തുകൊണ്ട് ഒരു അക്കാഡമിക് കൗൺസിൽ രൂപീകരിക്കുന്നതാണ്.

നിലവിൽ നൈപുണ്യ പരിശീലന കേന്ദ്രത്തിൽ നടപ്പാക്കിവരുന്ന കോഴ്സുകളെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു[+].

മേല്പറഞ്ഞ ചെറു ദൈർഘ്യമുള്ള കോഴ്സുകളിൽ 2016 മുതൽ 2024 വരെയുള്ള കാലയളവിൽ 14848 പേർക്ക് അഡ്മിഷൻ നടത്തിയിട്ടുണ്ട്. നാഷണൽ സ്കിൽ ഡെവലപ്മെന്റ് സെന്റർ (NSDC) അംഗീകാരമുള്ള ഡൊമെയ്ൻ കോഴ്സുകളിൽ 2019 മുതൽ 2024 വരെയുള്ള കാലയളവിൽ 1320 പേർ പരിശീലനം പൂർത്തിയാക്കുകയും 693 പേർക്ക് ഇതുമായി ബന്ധപ്പെട്ട വിവിധ തൊഴിലുകൾ ലഭിക്കുകയുമുണ്ടായി. 2024-ൽ തുറമുഖാനുബന്ധ കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. തുറമുഖവുമായി ബന്ധപ്പെട്ട കൂടുതൽ കാലദൈർഘ്യമുള്ള കോഴ്സുകൾ (ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകൾ) ഉടനടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരംഭിക്കുകയും ഇവയിൽ പരിശീലനം നേടുന്നവർക്ക് വിഴിഞ്ഞം തുറമുഖത്തിലും മറ്റിതര തുറമുഖങ്ങളിലും ജോലി നേടാവുന്നതുമാണ്. തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടുകൂടി സമീപപ്രദേശങ്ങളിലും വിവിധ മേഖലകളിലും വലിയ ഉണർവ് ഉണ്ടാവുകയും വിവിധ വ്യവസായങ്ങളും അനുബന്ധ വികസനങ്ങളും വരികയും നിരവധി തൊഴിലവസരങ്ങൾ പരോക്ഷമായും സൃഷ്ടിക്കപ്പെടുന്നതുമാണ്. തുറമുഖാധിഷ്ഠിതമായി സൃഷ്ടിക്കപ്പെടുന്നതിന്റെ പലമടങ്ങ് തൊഴിലവസരങ്ങൾ തുറമുഖാനുബന്ധമായി സ്വകാര്യ മേഖലയിൽ സൃഷ്ടിക്കപ്പെടുന്നതാണ്.

(ബി) വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രദേശവാസികളുടെ പ്രശ്നങ്ങൾ കേൾക്കാനും അത് പരിഹരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രദേശവാസികളുടെ പ്രശ്നങ്ങൾ കേൾക്കാനും പരിഹരിക്കാനുമായി സർക്കാർതലത്തിൽ വിവിധ യോഗങ്ങളും ചർച്ചകളും

നടത്തുന്നുണ്ട്. കൂടാതെ, പദ്ധതി ബാധിത പ്രദേശത്തെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനായി ഒരു മോണിറ്ററിങ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലും വരുമാനവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൈത്താങ്ങ് എന്ന നിലയിൽ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി നിരവധി സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ - VISL - കരാർ കമ്പനി എന്നിവർ ചേർന്ന് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ഇതിൽ പ്രധാന മേഖലകളിലെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

I. ജീവനോപാധി നഷ്ടപരിഹാരം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലം തൊഴിൽ നഷ്ടപ്പെട്ട തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി/ ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക്

1,00,000/- രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി 915 പേർക്ക് 54.81 കോടി രൂപയും കട്ടമരത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 4,20,000/- രൂപ വീതം 45 പേർക്ക് 1.89 കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 1,00,000/- രൂപ വീതം 11 പേർക്ക് 00.11 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റിപ്പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 106.93 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തുകഴിഞ്ഞു.

LIAC അപ്പീൽ കമ്മിറ്റി അംഗീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകാരത്തോടെ നാളിതുവരെ വിതരണം

ചെയ്ത ജീവനോപാധി നഷ്ടപരിഹാരത്തിന്റെ വിവരവും അനുബന്ധമായി ചേർക്കുന്നു.[+]

ഇതിനുപുറമേ പദ്ധതി പ്രദേശത്ത് സാമൂഹിക പ്രതിബദ്ധതാ പദ്ധതി പ്രകാരം സർക്കാർ നേരിട്ടും, കൺസഷണറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്നും മറ്റനവധി സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

II. ആരോഗ്യം

നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ (CHC) 100 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. കൂടാതെ, കോട്ടപ്പുറം കുടുംബാരോഗ്യ കേന്ദ്രത്തോട് ചേർന്ന് തിരുവനന്തപുരം കോർപ്പറേഷൻ ഒരു ഹെൽത്ത് വെൽനെസ്സ് സെന്റർ സ്ഥാപിച്ചുകഴിഞ്ഞു. കൂടാതെ, വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

III. വിദ്യാഭ്യാസം

കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) VISL ലഭ്യമാക്കിയ കോട്ടപ്പുറത്തെ സ്ഥലത്ത് സ്ഥാപിച്ചുകഴിഞ്ഞു. പ്രദേശവാസികൾക്ക് മുൻഗണന നൽകി തുറമുഖാനുബന്ധ തൊഴിൽ പരിശീലനം ഈ കേന്ദ്രം മുഖേന നൽകുന്നതാണ്.

IV. **കുടിവെള്ളം**

തുറമുഖ പദ്ധതിക്കായി 7.3 കോടി രൂപ ചെലവിൽ നിർമ്മിച്ച 3.3 ദശലക്ഷം ലിറ്ററിന്റെ പ്ലാന്റിനുപുറമേ പദ്ധതി പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കഴിഞ്ഞ വർഷം 1.74 കോടി രൂപ ചെലവിൽ ടി പ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (1000-ൽപ്പരം) ജല വിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന ചുരുക്കം വീടുകളുടെ സർവേ നടത്തി എസ്റ്റിമേറ്റ് ജല അതോറിറ്റി തയ്യാറാക്കി കണക്ഷനുകൾ നൽകിവരുന്നു.

V. **ശുചിത്വം**

പദ്ധതി പ്രദേശത്തെ മാലിന്യ നിർമ്മാർജനത്തിനായി വിപുലമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിങ് വകുപ്പ് അനുവദിച്ച സ്ഥലത്ത് VISL-ന്റെയും AVPPL-ന്റെയും ചെലവിൽ ഒരു അജൈവ ഖരമാലിന്യ സംസ്കരണ കേന്ദ്രം (MRF) സ്ഥാപിക്കുന്നതിനായുള്ള പദ്ധതി തിരുവനന്തപുരം കോർപ്പറേഷൻ, ക്ലീൻ കേരള കമ്പനി, SEUF എന്നിവർ ചേർന്ന് നടപ്പാക്കി വരുന്നു. കോർപ്പറേഷന്റെ മേൽനോട്ടത്തിൽ തുടർ പരിപാലനവും നടത്തുന്നതാണ്. ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്.

VI. **പാർപ്പിടം**

കോട്ടപ്പുറം പ്രദേശത്ത് ഭവനരഹിതരായ 1026-ൽപ്പരം ആളുകൾക്ക് LIFE മിഷൻ പദ്ധതിയിലൂടെ വീട് നൽകാനായി നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. LIFE പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തിക്കഴിഞ്ഞാൽ ടി 1026 പേർക്ക് മുൻഗണന നൽകി ഭവനങ്ങൾ വിതരണം ചെയ്യുന്നതാണ്.

VII. **മണ്ണെണ്ണ വിതരണം**

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിൽ നിന്നും പുറപ്പെടുന്ന യന്ത്രവൽകൃത യാനങ്ങൾക്ക് നിർമ്മാണ കാലയളവിൽ പുലിമുട്ട് ചുറ്റിപ്പോകേണ്ട സാഹചര്യം പരിഗണിച്ച് എഞ്ചിൻ ശേഷിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുപ്രകാരം 2 വർഷത്തേയ്ക്ക് അനുവദിച്ച മണ്ണെണ്ണ വിതരണം ഒരു വർഷത്തേയ്ക്കുകൂടി വർധിപ്പിച്ച് മത്സ്യഫെഡ് മുഖേന നടത്തിവരുന്നു. പുലിമുട്ട് നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ നാലാമത് ഒരു വർഷത്തേക്കുകൂടി മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

VIII. **മത്സ്യബന്ധന തുറമുഖ വികസനവും നവീകരണവും**

നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനികവൽക്കരിച്ച്, ആവശ്യമായ സൗകര്യങ്ങളോടുകൂടിയും ആവശ്യമായ അധിക ഫിഷ് ലാൻഡിംഗ് സൗകര്യങ്ങളും, ബർത്തുകളും, അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കാനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്/ GoK, VISL എന്നിവർ ചേർന്ന് നടപ്പാക്കുന്നതാണ്. ഇതിനായി രണ്ട് പദ്ധതികൾ തയ്യാറാക്കി

സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഫിഷ് ലാൻഡിംഗ് സെന്ററും തുറമുഖ സൗകര്യങ്ങളും ഗുണഭോക്താക്കളുമായി ചർച്ച നടത്തി തീരുമാനമെടുത്താലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

IX. **സീഫുഡ് പാർക്ക്**

തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി VISL-ന്റെ സ്ഥലം അടയാളപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

തുറമുഖങ്ങൾ ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണൽ

25(*505) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളുടെ ആഴംകൂട്ടുന്നതിനായി ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണൽ ശുദ്ധീകരിച്ച് കെട്ടിടനിർമ്മാണത്തിന്

ഉപയോഗിക്കാനുള്ള നിർദേശം അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പിൽ വരുത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം തുറമുഖങ്ങളിൽ നിന്നും ലഭിക്കുന്ന മണലാണ് ഇപ്രകാരം ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന വരുമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ-സി) തുറമുഖങ്ങളുടെ ആഴം കൂട്ടുന്നതിനായി ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണൽ ശുദ്ധീകരിച്ച് കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്നതിനുള്ള പദ്ധതികളൊന്നും തന്നെ കേരള മാരിടൈം ബോർഡ് ആരംഭിച്ചിട്ടില്ല.

തിരുവിതാംകൂർ ദേവസ്വം ക്ഷേത്രങ്ങളിലെ സ്വർണ്ണ നിക്ഷേപ പദ്ധതി

26(*506) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:

ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ക്ഷേത്രങ്ങളിൽ നിത്യപൂജയ്ക്കോ ഉത്സവങ്ങൾക്കോ ഉപയോഗിക്കാത്ത, സ്ട്രോങ്ങ് റൂമിൽ സൂക്ഷിച്ചിരുന്ന സ്വർണ്ണ ഉരുപ്പടികൾ റിസർവ് ബാങ്കിന്റെ ഡിപ്പോസിറ്റ് സ്കീം പ്രകാരം ബാങ്കിലേയ്ക്ക് മാറ്റുന്നതിന് ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിൽ നടവരവായി ലഭിച്ചിട്ടുള്ള സ്വർണ്ണ ഉരുപ്പടികളിൽ നിത്യ പൂജ, ഉത്സവങ്ങൾ, വിശേഷാൽ ഉപയോഗങ്ങൾ, പൗരാണിക മൂല്യമുള്ളവ എന്നീ ഇനങ്ങളിൽപ്പെട്ട തിരുവാഭരണങ്ങൾ ഒഴികെയുള്ളവയിൽ 500 കിലോഗ്രാം സ്വർണ്ണം ഗോൾഡ് മോണിറ്റൈസേഷൻ പദ്ധതിയിൽ നിക്ഷേപിക്കുന്നതിന് 25-07-2023-ലെ DBA No.01/2023 നമ്പർ പ്രകാരം ബഹു. ഹൈക്കോടതിയുടെ അനുമതി നൽകിയിട്ടുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വത്തിലെ വിവിധ ക്ഷേത്രങ്ങളിൽ ഉപയോഗിക്കാതെ നശിച്ചുപോകുന്ന വിളക്കുകളും പാത്രങ്ങളും ലേലം ചെയ്യുന്നതിന് കോടതി നിർദേശിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിൽ നടവരവായി ലഭിച്ചിട്ടുള്ളതും ഉപയോഗശൂന്യമായതുമായ ചെമ്പ്, പിത്തള, ഓട് വകകൾ, പാത്രങ്ങൾ, ക്ഷേത്രാവശ്യത്തിന് ഉപയോഗിക്കാത്ത വിളക്കുകൾ എന്നിവ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ലേലം ചെയ്യുന്നതിന് 24-08-2023-ലെ DBA No.6/2023 നമ്പർ പ്രകാരം ബഹു. ഹൈക്കോടതിയുടെ അനുമതി നൽകിയിട്ടുണ്ട്.

വ്യവസ്ഥകൾ

ഉപയോഗശൂന്യമായ ചെമ്പ്, പിത്തള, ഓട് വകകൾ, പാത്രങ്ങൾ, ക്ഷേത്രാവശ്യത്തിന് ഉപയോഗിക്കാത്ത വിളക്കുകൾ എന്നിവ ദേവസ്വം ഗ്രൂപ്പടിസ്ഥാനത്തിൽ ഇനം തിരിച്ച് ലേലം ചെയ്യേണ്ടതാണ്, നടവരവ് ഇനങ്ങളുടെ ആകെ തൂക്കം കിലോഗ്രാമിൽ മാത്രമേ കണക്കാക്കാവൂ, ലേല വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ഓരോ ഗ്രൂപ്പിനും കീഴിലുള്ള

ദേവസ്വങ്ങളിലെ ടി വകകളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(റ്റി.ഡി.ബി.)-ക്ക് നൽകേണ്ടതാണ്. വിശദാംശങ്ങൾ ലഭ്യമല്ലാത്തപക്ഷം ഓഡിറ്റ് വിഭാഗത്തിന്റെ അനുമതി ലഭ്യമാക്കേണ്ടതും സീനിയർ ഡെപ്യൂട്ടി ഡയറക്ടർ വിശദീകരണം ആവശ്യപ്പെടുന്ന പക്ഷം ബോർഡ് അത് സമയബന്ധിതമായി നൽകേണ്ടതുമാണ്. ടെൻഡർ വിജ്ഞാപനം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിലും കേരളം, തമിഴ്നാട്, കർണാടകം, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലെ പ്രമുഖ ദിനപത്രങ്ങളിലും ഇംഗ്ലീഷ് ഉൾപ്പെടെ ദക്ഷിണേന്ത്യൻ ഭാഷകളിലെല്ലാം ഇനം തിരിച്ച് ദേവസ്വം കമ്മീഷണർ പ്രസിദ്ധീകരിക്കേണ്ടതാണ്. കൂടാതെ മാർക്കറ്റ് നിരക്കനുസരിച്ച് വസ്തുക്കളുടെ അടിസ്ഥാന വിലയും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയും ദേവസ്വം കമ്മീഷണർ നിശ്ചയിക്കേണ്ടതാണ്.

(സി) എങ്കിൽ ഇതനുസരിച്ച് എന്തെല്ലാം നടപടികളാണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിൽ നടവരവായി ലഭിച്ചിട്ടുള്ളതും ഉപയോഗശൂന്യമായതുമായ ചെമ്പ്, പിത്തള, ഓട് വകകൾ, പാത്രങ്ങൾ, ക്ഷേത്രാവശ്യത്തിന് ഉപയോഗിക്കാത്ത വിളക്കുകൾ എന്നിവയുടെ ദേവസ്വം തിരിച്ച് തൂക്കം തിട്ടപ്പെടുത്തിയ (ലോഹം തിരിച്ച്) റിപ്പോർട്ട് നൽകുന്നതിന് തിരുവാഭരണം കമ്മീഷണർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് നിർദേശം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഏതെങ്കിലും ദേവസ്വം ബോർഡുകൾ ഇതിനുമുമ്പ് ഇത്തരം നിക്ഷേപ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരം നിക്ഷേപം നടത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

കൊച്ചിൻ ദേവസ്വം ബോർഡും ബഹു. ഹൈക്കോടതിയുടെ അനുമതിയോടെ ഗോൾഡ് മോണിറ്റൈസേഷൻ സ്കീം പ്രകാരം സ്വർണ്ണം നിക്ഷേപിച്ചിട്ടുണ്ട്.

ഗുരുവായൂർ ക്ഷേത്രത്തിൽ വഴിപാടായി ലഭിച്ചിട്ടുള്ള നിത്യപൂജയ്ക്കോ, ഉത്സവങ്ങൾക്കോ ഉപയോഗിക്കാത്ത സ്വർണ്ണ ഉരുപ്പടികൾ ഇന്ത്യാ ഗവൺമെന്റ് മിന്റിൽ ഉരുക്കിയതിനുശേഷം സ്വർണ്ണക്കട്ടികളാക്കി റിസർവ് ബാങ്കിന്റെ ഗോൾഡ് ഡെപ്പോസിറ്റ് സ്കീമിൽ നിക്ഷേപിച്ചിട്ടുണ്ട്.

കൂടാതെ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള മാമാനിക്കുന്ന് ശ്രീ മഹാദേവീ ക്ഷേത്രത്തിലും ശ്രീ കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിലും സ്വർണ്ണ നിക്ഷേപ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

നികുതി ചോർച്ച തടയാൻ നടപടി

27(*507) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എ. രാജ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാധനങ്ങൾ വാങ്ങുമ്പോഴും സേവനങ്ങൾ നൽകുമ്പോഴും പൊതുജനങ്ങൾ നൽകുന്ന നികുതി സർക്കാരിലേയ്ക്ക്

എത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ദൃശ്യ-ശ്രവ്യ-അച്ചടി സാമൂഹ്യ മാധ്യമങ്ങൾ മുഖേന ബില്ലുകൾ നൽകേണ്ടതിന്റെയും, ചോദിച്ചുവാങ്ങേണ്ടതിന്റെയും പ്രാധാന്യം ചൂണ്ടിക്കാണിച്ചുകൊണ്ട് SGST വകുപ്പ് ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കുന്നുണ്ട്.

ബിൽ ചോദിച്ചുവാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി സംസ്ഥാനത്ത് നികുതി വരുമാനം വർധിപ്പിക്കുന്നതിനും വേണ്ടി ജി.എസ്.ടി. വകുപ്പ് 2022-23 വർഷത്തിൽ ലക്കി ബിൽ പദ്ധതി നടപ്പാക്കി.

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കിയതിലൂടെ, ബില്ലുകൾ ചോദിച്ചുവാങ്ങുന്നതിന് ജനങ്ങൾക്ക് കൂടുതൽ താൽപര്യം ഉണ്ടാക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനും എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദാംശം നൽകാമോ?

ലക്കി ബിൽ സംവിധാനം കൂടുതൽ ജനങ്ങൾ ബില്ലുകൾ ചോദിച്ചുവാങ്ങുന്നതിന് പ്രേരണയാകും. സമാഹരിച്ച ബില്ലുകൾ ഇന്റലിജൻസ്

വിഭാഗവും ഓഡിറ്റ് വിഭാഗവും നികുതി വെട്ടിപ്പ് തടയുന്നതിന് ഉപയോഗിക്കുന്നുണ്ട്.

സംസ്ഥാനത്തേക്ക് നിക്ഷേപകരെ സ്വീകരിക്കാൻ നടപടി

28(*508) ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വരുമാനവും തൊഴിലവസരങ്ങളും വർധിപ്പിക്കുന്നതിനുവേണ്ടി കേരളത്തിലേയ്ക്ക് നിക്ഷേപകരെ ക്ഷണിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ വരുമാനവും തൊഴിലവസരങ്ങളും വർധിപ്പിക്കുന്നതിനും, കേരളത്തിലേയ്ക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനും വേണ്ടി ഒട്ടനവധി നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ്

വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ-നൈപുണ്യം വർധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം എന്നിവ ലക്ഷ്യമിട്ട് സംസ്ഥാന വ്യവസായ നയം 2023 നടപ്പാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ എം.എസ്.എം.ഇ. ഇക്കോസിസ്റ്റം ശക്തിപ്പെടുത്തുക, കുറഞ്ഞത് 1 ലക്ഷം എം.എസ്.എം.ഇ.-കൾ പുതിയതായി സ്ഥാപിക്കുക, അതുവഴി 3 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക മുതലായ ലക്ഷ്യത്തോടെ കേരള സർക്കാർ 2022-23 സാമ്പത്തിക വർഷത്തെ “സംരംഭങ്ങളുടെ വർഷം" ആയി പ്രഖ്യാപിച്ചിരുന്നു. ഈ സംരംഭം വിജയകരമായി നടപ്പാക്കിയതിനെത്തുടർന്ന് 2023-24 സാമ്പത്തിക വർഷത്തെയും “സംരംഭക വർഷം 2.0” ആയി പ്രഖ്യാപിക്കുകയും ടി പദ്ധതി മുഖേന 1,03,596 പുതിയ സംരംഭങ്ങൾ അധികമായി സ്ഥാപിതമാകുകയും 2,18,179

തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും 7,048 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാനും സാധിച്ചിട്ടുണ്ട്.

വ്യവസായ സംരംഭകരെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിവരുന്ന പ്രധാന പരിപാടികളാണ് "മീറ്റ് ദി ഇൻവെസ്റ്റർ" പരിപാടിയും 'ഇൻവെസ്റ്റർ പിച്ച്' പരിപാടിയും. സർക്കാരിന്റെ നവീന ആശയങ്ങൾക്ക് സഹായകമാകുന്നതിനുവേണ്ടി വ്യവസായ നയം പോലെ, ഗ്രഫീൻ നയം, കയറ്റുമതി പ്രോത്സാഹന നയം, കേരള ഇ.എസ്.ജി. നയം, ലോജിസ്റ്റിക്സ് നയം പോലുള്ള വിവിധ നയങ്ങൾ നിലവിൽ സർക്കാർ രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്.

സംസ്ഥാനത്ത് വിദേശ നിക്ഷേപം ഉൾപ്പെടെയുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ജനറൽ മാനേജരുടെ മേൽനോട്ടത്തിൽ ഒരു മൂന്നംഗ സമിതി രൂപീകരിച്ചിട്ടുണ്ട്. നിക്ഷേപ സാധ്യതകൾ ആരായുന്നതിനും സംരംഭകരെ കണ്ടെത്തുന്നതിനും അവർക്കാവശ്യമായ ഹാൻഡ് ഹോൾഡിങ്

സേവനങ്ങൾ നൽകുന്നതിനും വേണ്ട നടപടികൾ പ്രസ്തുത സമിതി ഉറപ്പാക്കുന്നു.

വ്യവസായ മേഖലയിൽ നൂതനവും അനിവാര്യവുമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്തതിലൂടെ കൂടുതൽ സംരംഭകർ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിനായി മുന്നോട്ടുവരികയും അതിലൂടെ കൂടുതൽ മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കാനും കൂടുതൽ നിക്ഷേപം കൊണ്ടുവരാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. വ്യാവസായിക നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപകർക്ക് സംരംഭം ആരംഭിക്കുന്നത് എളുപ്പമാക്കുന്നതിനുമായി പുതിയ നിയമനിർമ്മാണം നടത്തുകയും നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ലഘൂകരിക്കുകയും ചെയ്തതിലൂടെ സംരംഭകർക്ക് നിക്ഷേപം നടത്തുന്നതിന് സൗഹൃദാന്തരീക്ഷമുള്ള സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി ഉപഭോക്താക്കൾക്ക് സംരംഭങ്ങൾ

ആരംഭിക്കുന്നതിനാവശ്യമായ അനുബന്ധ സേവനങ്ങളും നിയമാനുസൃതമായ ക്ലിയറൻസുകളും വേഗത്തിലും സുതാര്യമായും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) നിക്ഷേപകർക്ക് നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിക്ഷേപകർക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ "Chat with Minister" എന്ന സംവിധാനം നിലവിലുണ്ട്.

മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി മുഖേന നിക്ഷേപകർക്ക് വകുപ്പുമന്ത്രിയുമായി നേരിട്ട് സംവദിക്കാൻ സാധിക്കുന്നതാണ്. നിക്ഷേപകർ നേരിടുന്ന ബുദ്ധിമുട്ടുകൾ വകുപ്പുമന്ത്രിയെ അറിയിക്കാനും, അത് പരിഹരിക്കപ്പെടാനും പ്രസ്തുത പരിപാടി മുഖേന സാധിച്ചിട്ടുണ്ട്. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയുടെ ഭാഗമായുള്ള പദ്ധതികളുടെ അവലോകനം വകുപ്പുമന്ത്രിയുടെയും, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടറുടെയും നേതൃത്വത്തിൽ

സമയാസമയങ്ങളിൽ നടന്നുപോരുന്നുണ്ട്. കൂടാതെ കെ.എസ്.ഐ.ഡി.സി., ജനറൽ മാനേജരുടെ നേതൃത്വത്തിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ടീം സംസ്ഥാനതലത്തിലും ദേശീയതലത്തിലും വ്യവസായികളെയും നിക്ഷേപകരെയും നേരിൽ കണ്ട് സംസ്ഥാനത്തേയ്ക്ക് വ്യവസായം/നിക്ഷേപം കൊണ്ടുവരാനും നിക്ഷേപകർക്ക് ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരികയാണെങ്കിൽ അവ പരിഹരിക്കാനുമുള്ള പരിശ്രമങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ online grievance redressal system എന്ന സംവിധാനം ജില്ലാതലത്തിൽ പ്രവർത്തിക്കുന്നുണ്ട്.

വൈദ്യുതാഘാതം മൂലമുള്ള അപകടങ്ങൾ

29(*509) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വൈദ്യുതാഘാതംമൂലം അപകടം ഉണ്ടായാൽ ഉടൻ വൈദ്യുതി ബന്ധം വേർപെടുത്താൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

EHT, HT (33/22/11kV), LT ഇലക്ട്രിക് ലൈനുകളാണ് കെ.എസ്.ഇ.ബി.എൽ.-ന് നിലവിൽ ഉള്ളത്. വൈദ്യുതി ലൈനിൽ എന്തെങ്കിലും തകരാർ സംഭവിച്ചാൽ (വൈദ്യുതി ലൈൻ പൊട്ടുന്നത് ഉൾപ്പെടെ) ഓട്ടോമാറ്റിക് റിലേ സംവിധാനം ഉപയോഗിച്ചുള്ള തനിയെ ഓഫാകുന്ന സംവിധാനം നിലവിൽ 11 കെ.വി. മുതൽ മുകളിലേയ്ക്കുള്ള ലൈനുകളിലാണുള്ളത്.

എൽ.റ്റി. ലൈനുകളിൽ കമ്പി പൊട്ടുന്ന അവസരത്തിൽ കമ്പികൾ തമ്മിൽ കൂട്ടിമുട്ടിയാൽ അമിതമായി വൈദ്യുതി പ്രവാഹം ഉണ്ടാകുമ്പോൾ വൈദ്യുതി ബന്ധം സ്വയം വിച്ഛേദിക്കുന്ന ഫ്യൂസ് സംവിധാനം നിലവിലുണ്ട്. വൈദ്യുതി വിതരണ ചാലകത്തിന്റെ ലോ ടെൻഷൻ സൈഡിൽ സർക്യൂട്ട് ബ്രേക്കറുകൾ സ്ഥാപിക്കാൻ സാധ്യമാണെങ്കിലും ഇതിനാവശ്യമായ ഭീമമായ ചെലവ് വഹിക്കാൻ കെ.എസ്.ഇ.ബി.എൽ.-ന് നിലവിൽ നിർവാഹമില്ലാത്തതിനാൽ ഘട്ടംഘട്ടമായി സർക്യൂട്ട് ബ്രേക്കറുകൾ എൽ.റ്റി. സൈഡിൽ സ്ഥാപിക്കാൻ സാധിക്കുന്നതാണ്.

ഇതുകൂടാതെ Communicable Fault Pass Detector എന്ന നൂതന സംവിധാനം വളരെ ചെലവ് കുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർ തന്നെ വികസിപ്പിച്ചെടുത്ത് സ്ഥാപിച്ചുവരുന്നു. 11 കെ.വി, 33 കെ.വി. വൈദ്യുത വിതരണ ലൈനുകളിൽ ഉണ്ടാകുന്ന തകരാറുകൾ പെട്ടെന്ന് കണ്ടുപിടിച്ച് വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ എസ്.എം.എസ്.മൂലവും തകരാർ ഉണ്ടായ സ്ഥലം GIS MAP വഴിയും അറിയിച്ച് പ്രശ്നപരിഹാരം വേഗത്തിൽ ആക്കാൻ സഹായിക്കുന്ന നൂതന സംവിധാനമാണിത്.

കമ്പി പൊട്ടിവീണ് ഉണ്ടാകുന്ന അപകടം ഒഴിവാക്കാനായി ഇവ ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതിനായി ഹോട്ട് ലൈൻ നമ്പർ (9496010101) ഏർപ്പെടുത്തിയും ഈ കാര്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും അപകടം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്.

സബ്സ്റ്റേഷൻ യാർഡിലെ ബസ് ബാർ കമ്പികളിലൂടെയോ മറ്റു യാർഡ് സാമഗ്രികളിൽ നിന്നോ പ്രവൃത്തിക്കിടയിൽ വൈദ്യുതാഘാതമേൽക്കുന്ന സാഹചര്യമുണ്ടായാൽ ആ ഭാഗത്തേയ്ക്കുള്ള വൈദ്യുതിബന്ധം പൂർണ്ണ

തോതിൽ വിച്ഛേദിക്കപ്പെടുന്നതിനുള്ള സംരക്ഷണ റിലേ സംവിധാനം എല്ലാ സബ്സ്റ്റേഷനുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്.

EHT ലൈനുകളിൽ എർത്ത് ഫാൾട്ട് ഉണ്ടായാൽ റിലേ സംവിധാനം പ്രവൃത്തിക്കുകയും വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെടുകയും ചെയ്യുന്നു.

(ബി) വൈദ്യുതാഘാതംമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് മതിയായ നഷ്ടപരിഹാരം നൽകാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഇൻസ്റ്റലേഷനുകളിൽ നിന്നും പൊതുജനങ്ങൾക്കുണ്ടാകുന്ന മാരകവും മാരകമല്ലാത്തതുമായ വൈദ്യുതാപകടങ്ങൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതിയുടെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ സൂചിപ്പിക്കുന്ന ആശ്വാസ ധനസഹായം/ നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഇൻസ്റ്റലേഷനുകളിൽ നിന്നും പൊട്ടിവീണ കമ്പികളിൽ നിന്നും (ഉപഭോക്താവിന്റെ മീറ്റർ പോയിന്റ്

വരെ) സംഭവിക്കുന്ന അപകടങ്ങളിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് "വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധനസഹായം/നഷ്ടപരിഹാരമായി പരമാവധി 10 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

2. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധനസഹായം/നഷ്ടപരിഹാരമായി പരമാവധി രണ്ട് ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

3. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മാരകമല്ലാത്ത അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ

അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി 10 ലക്ഷം രൂപ) ആശ്വാസ ധനസഹായമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

4. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മാരകമല്ലാത്ത അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി രണ്ട് ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ജീവനക്കാർക്കുള്ള മരണാനന്തര നഷ്ടപരിഹാരം (1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെയും കെ.എസ്.ഇ.ബി. ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള ബന്ധപ്പെട്ട ബോർഡ് ഉത്തരവിലെയും വ്യവസ്ഥകൾക്ക് വിധേയമായി)

1. പ്രായവും മാസവേതനവും അനുസരിച്ച് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,45,275/-രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03-01-2020 മുതൽ ബാധകം).

2. 2023-വർഷത്തേയ്ക്ക് ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന്റെ അപകട ആശ്വാസ ധനസഹായ പദ്ധതിപ്രകാരം 15 ലക്ഷം രൂപ ഇൻഷ്വറൻസ് പരിരക്ഷയായി ലഭിക്കുന്നതിന് അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 12 ലക്ഷം രൂപ (ജൂലൈ 2021 മുതൽ ബാധകം) ലഭിക്കാൻ അർഹതയുണ്ട്.

4. അപകട മരണം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 10000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021)

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം ജോലിക്കിടയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

കരാർ തൊഴിലാളികൾക്ക് അനുവദനീയമായ മരണാനന്തര നഷ്ടപരിഹാരം. (1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെയും കെ.എസ്.ഇ.ബി. ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള ബന്ധപ്പെട്ട ബോർഡ് ഉത്തരവിലെയും വ്യവസ്ഥകൾക്ക് വിധേയമായി)

അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

1. പ്രായവും മാസവേതനവും അനുസരിച്ച് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,45,275/-രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03-01-2020 മുതൽ ബാധകം).

2. ശവസംസ്കാര ചെലവിനായി 5000/- രൂപയ്ക്ക് അർഹതയുണ്ട്. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാര തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു.

ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവുപ്രകാരം നഷ്ടപരിഹാരം അനുവദിക്കാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ കുറ്റമറ്റതാക്കുന്നതിന് നടപടി

30(*510) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) നികുതി വെട്ടിപ്പ് തടയുന്നതിനും ഇതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും സംസ്ഥാന സർക്കാർ

നടത്തിയ ഇടപെടലുകളുടെ ഫലമായി രാജ്യവ്യാപകമായി ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ കുറ്റമറ്റതാക്കുന്നതിന് ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ കുറ്റമറ്റതാക്കുന്നതിനും വ്യാജ രജിസ്ട്രേഷൻ തടയുന്നതിനും കേരളമുൾപ്പടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ശക്തമായ ആവശ്യം ഉന്നയിച്ചതിനെത്തുടർന്ന് രാജ്യമൊട്ടാകെ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കുന്നതിന് ബയോ മെട്രിക് ആധാർ ഓതെന്റിക്കേഷൻ നിർബന്ധമാക്കുന്നതിന് 2024 ജൂൺ 22-ന് ചേർന്ന അമ്പത്തിമൂന്നാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ തീരുമാനമെടുത്തിട്ടുണ്ട്. നേരത്തെ ഇതിന്റെ പൈലറ്റ് പ്രൊജക്ട് ഗുജറാത്തിലും പുതുച്ചേരിയിലും നടപ്പാക്കിയിട്ടുണ്ടായിരുന്നു. വ്യാജ രജിസ്ട്രേഷൻ തടയുന്നതിന് ഇത് വളരെയധികം സഹായകമാകുന്നുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്നാണ് രാജ്യമൊട്ടാകെ നടപ്പാക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. ഇതുസംബന്ധിച്ച കേന്ദ്ര-സംസ്ഥാന

വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക് ആയത് പ്രാബല്യത്തിൽ വരുന്നതായിരിക്കും.

(ബി) നികുതി വെട്ടിപ്പിനെതിരെ സംസ്ഥാനത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നികുതി വെട്ടിപ്പിനെതിരെ സംസ്ഥാനത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. നികുതി വെട്ടിപ്പ് കൂടുതലായി കണ്ടുവരുന്ന ചരക്ക്, സേവന മേഖലകളെ പ്രത്യേകമായി നിരീക്ഷിച്ച് കൂടുതൽ പരിശോധനകൾ നടത്തി നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വ്യാജ രജിസ്ട്രേഷൻ, വ്യാജ ബില്ലുകൾ എന്നിവയിലൂടെയുള്ള നികുതി വെട്ടിപ്പ് കണ്ടെത്തി പൂർണ്ണമായും തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിലെ സമാന വകുപ്പുകളെയും കൂടി സംയോജിപ്പിച്ച് അന്തർ സംസ്ഥാന രീതിയിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്തി തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) നികുതി വെട്ടിപ്പ് അവസാനിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ കണിശമാക്കുമ്പോൾ കൃത്യമായി വിവരങ്ങൾ നൽകുകയും നികുതി അടയ്ക്കുകയും ചെയ്യുന്ന വ്യാപാരി-വ്യവസായികൾ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സംവിധാനം ഒരുക്കുമോ; വിശദമാക്കുമോ?

കൃത്യമായി റിട്ടേൺ ഫയൽ ചെയ്യുകയും നികുതിയടയ്ക്കുകയും ചെയ്യുന്ന വ്യാപാരി-വ്യവസായികൾക്ക് ബുദ്ധിമുട്ട് വരാതിരിക്കുന്നതിന് വകുപ്പ് പ്രത്യേകം ശ്രദ്ധചെലുത്തുന്നുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിനുള്ള ഇന്റലിജൻസ് നടപടികൾ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് വ്യക്തമായ തെളിവുകൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നടത്തപ്പെടുന്നത്. ആയതിനാൽ കൃത്യമായി നികുതിയടക്കുന്ന വ്യാപാരികൾ ഇത്തരം നടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ക്ഷേമ പെൻഷൻ നൽകാൻ വിനിയോഗിക്കുന്ന തുക

1 (5870) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പേർക്കാണ് ക്ഷേമ പെൻഷൻ നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) ക്ഷേമ പെൻഷൻ നൽകുന്നതിന് എത്ര ലക്ഷം രൂപയാണ് ഓരോ മാസവും സംസ്ഥാന സർക്കാർ വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) തദ്ദേശസ്വയംഭരണ സർക്കാർ വഴി നടപ്പാക്കിയിരിക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷനുകൾ, സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ, സാംസ്കാരിക വകുപ്പുമുഖേനയുള്ള കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പുമുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ, കായിക

യുവജനക്ഷേമ വകുപ്പുമുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്കവിഭാഗ വികസന വകുപ്പുമുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തനത് ഫണ്ടുപയോഗിച്ച് ക്ഷേമനിധി ബോർഡുകൾ വിതരണം ചെയ്യുന്ന പെൻഷനുകൾ എന്നിവയാണ് സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ ഗണത്തിൽപ്പെടുന്നത്. സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾക്കായി പ്രതിമാസം ശരാശരി 900 കോടിയോളം രൂപ ചെലവഴിക്കുന്നു.

പിന്നാക്ക വിഭാഗ വികസന വകുപ്പുമുഖേനയുള്ള വിശ്വകർമ്മ പെൻഷൻ 316 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 5,05,600/- രൂപ ചെലവാകുന്നു.

കൂടാതെ തനത് ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 13 ക്ഷേമനിധി ബോർഡുകളിലെ 5,09,268 ഗുണഭോക്താക്കൾക്കായി 105,44,13,627/- രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

സാംസ്കാരിക വകുപ്പുമുഖേനയുള്ള കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, കായിക യുവജനകാര്യ വകുപ്പുമുഖേന സർക്കസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെൻഷൻ, അവശ കായികതാര പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പുമുഖേനയുള്ള മരംകയറ്റ തൊഴിലാളി പെൻഷൻ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

മെഡിസെപ് പദ്ധതിയിൽ ആശുപത്രികളുടെ എണ്ണം കൂട്ടാൻ നടപടി

2(5871) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിൽ നിലവിൽ ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം രോഗങ്ങൾക്ക് ക്യാഷ്ലെസ് ചികിത്സാസൗകര്യം ലഭ്യമാണെന്ന് അറിയിക്കുമോ?

തിരുവനന്തപുരം ജില്ലയിലെ മെഡിസെപ്പ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളും അവിടെ ലഭ്യമാകുന്ന ചികിത്സാ വിഭാഗങ്ങളുടെ വിശദവിവരവും മെഡിസെപ്പ് വെബ്സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്.

(ബി) തുടക്കത്തിൽ മെഡിസെപ്പ് പദ്ധതിയിലുണ്ടായിരുന്ന ഏതെല്ലാം ആശുപത്രികൾ ഇപ്പോൾ പദ്ധതിയിൽനിന്നും പിന്മാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ മെഡിസെപ്പ് പദ്ധതിയിൽ തുടക്കത്തിലുണ്ടായിരുന്ന ജുബിലി മെമ്മോറിയൽ ആശുപത്രി പദ്ധതിയിൽനിന്നും പിന്മാറിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽനിന്ന് പിന്മാറിയ ആശുപത്രികളെ വീണ്ടും ഉൾപ്പെടുത്താൻവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കാമോ?

ഉണ്ട്. പദ്ധതിയിൽ ആശുപത്രികളെ എംപാനൽ ചെയ്യുന്നത് ഇൻഷ്വറൻസ് കമ്പനിയായതിനാൽ പദ്ധതിയിൽനിന്നും പിന്മാറിയ ആശുപത്രിയെ ഉൾപ്പെടുത്താൻ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിരുന്നു.

(ഡി) മെഡിസെപ്പ് പ്രീമിയം തുക ജീവനക്കാരിൽനിന്നും കൃത്യമായി ഈടാക്കി അടച്ചിട്ടും പ്രസ്തുത പദ്ധതിയിലുൾപ്പെട്ട ആശുപത്രികളുടെ എണ്ണം കുറയുന്നത് വീഴ്ചയായി കണക്കാക്കുന്നുണ്ടോ?

ഇല്ല. സർക്കാരും ഇൻഷ്വറൻസ് കമ്പനിയുമായി ഒപ്പിട്ട MoU-വിലും ആയതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ 23-06-2022-ലെ ജി.ഒ.(പി) 70/2022/ധന. ഉത്തരവിലും പരാമർശിക്കുന്ന കർശന എംപാനൽമെന്റ് നിർദ്ദേശങ്ങൾ പാലിച്ചുമാത്രമേ എംപാനൽമെന്റ് നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. അപ്രകാരം നാളിതുവരെ സമീപ സംസ്ഥാനങ്ങളിലെ 12 ആശുപത്രികളുൾപ്പെടെ ആകെ 553 ആശുപത്രികൾ മെഡിസെപ്പ്-ൽ ഉൾപ്പെടുത്തിയിട്ടുള്ളതിൽ 396 പ്രൈവറ്റ് ആശുപത്രികളും 145 ഗവൺമെന്റ് ആശുപത്രികളും പദ്ധതിയിലുൾപ്പെട്ടിട്ടുണ്ട്.

വിവിധ സംഘടനകൾക്ക് നൽകിയ ഗ്രാന്റ്

3(5872) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽ വിവിധ സംഘടനകൾക്ക് ഗ്രാന്റിനത്തിൽ നൽകിയ തുകയും നൽകിയ സംഘടനയുടെ പേരും ഏത് വകുപ്പുമുഖേനയാണ് പ്രസ്തുത ഗ്രാന്റ് നൽകിയതെന്ന വിവരവും ലഭ്യമാക്കാമോ?

സാംസ്കാരിക വകുപ്പധ്യക്ഷ കാര്യാലയം മുഖേന വാമനപുരം മണ്ഡലത്തിൽ രംഗപ്രഭാത് കുട്ടികളുടെ നാടകവേദി എന്ന സംഘടനയ്ക്ക് 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ 2205-00-102-77-06 Rangaprabhath Children's Theatre, Venjaramoodu (NP) എന്ന ശീർഷകത്തിൽ പത്ത് ലക്ഷം രൂപവീതം വാർഷിക ധനസഹായം അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകളുടെ ആധുനികീകരണം

4(5873) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകളുടെ ആധുനികീകരണത്തിനും ഏകീകൃത ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിന്റെ രൂപീകരണത്തിനും വികസനത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകുമോ?

സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകളുടെ ആധുനികീകരണത്തിനും ഏകീകൃത ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിന്റെ രൂപീകരണത്തിനും വികസനത്തിനുമായി സ്വീകരിച്ച നടപടികളുടെ ഭാഗമായാണ് സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (Integrated Financial Management System) സംസ്ഥാനത്ത് നടപ്പാക്കിയത്. അതോടുകൂടി 2016 മുതൽ ട്രഷറി ഇടപാടുകളുടെ ആധുനികവൽക്കരണത്തിന് തുടക്കംകുറിച്ചു. ട്രഷറി ഇടപാടുകൾ കോർ ബാങ്കിങ് സംവിധാനത്തിലേയ്ക്ക് മാറിയതുവഴി ട്രഷറി സേവിങ്സ് അക്കൗണ്ട് ഉടമകൾക്ക് സംസ്ഥാനത്തെ ഏത് ട്രഷറിയിൽക്കൂടിയും പണമിടപാട് നടത്താൻ കഴിയുന്നതാണ്. കൂടാതെ സർക്കാരിൽനിന്നും ഗുണഭോക്താക്കൾക്ക് നൽകുന്ന മുഴുവൻ പണമിടപാടുകളും ഇലക്ട്രോണിക്സ്

സംവിധാനങ്ങളിലൂടെ ഇടപാടുകാരുടെ അക്കൗണ്ടിലേയ്ക്ക് നൽകിത്തുടങ്ങി. കടലാസുരഹിത പണമിടപാടെന്ന ലക്ഷ്യത്തിന്റെ ഭാഗമായി എല്ലാ സർക്കാർ വകുപ്പുകളുടെയും ശമ്പള ബില്ലുകൾ നിലവിൽ ഓൺലൈനായി മാത്രമാണ് സ്വീകരിക്കുന്നത്.

IFMS സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും ഇടപാടുകൾ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി 2.5 കോടി രൂപ മുതൽമുടക്കി ട്രഷറിക്കായി പുതിയ സെൻട്രൽ സെർവർ സ്ഥാപിച്ചു. കാലപ്പഴക്കംവന്ന 700 കമ്പ്യൂട്ടറുകൾ മാറ്റി പുതിയവ സ്ഥാപിച്ചു. UPS-കളിൽ 841 ബാറ്ററികൾ സ്ഥാപിച്ചു. ട്രഷറി ഇടപാടുകൾ സുരക്ഷിതമാക്കുന്നതിനായി സെൻട്രലൈസ്ഡ് യൂസർ മാനേജ്മെന്റ് സംവിധാനം (U-MAS) വകുപ്പിൽ നടപ്പാക്കി.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പാക്കിയ മറ്റ് സംവിധാനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

(ബി) ഇടപാടുകൾ പൂർണ്ണമായും ഉന്നത നിലവാരത്തിലുള്ള സൈബർ സുരക്ഷാ സംവിധാനത്തിലാണെന്ന് ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ വിശദമാക്കുമോ; ഇതിനായി നവീന വിവര സാങ്കേതികവിദ്യയിലുണ്ടായ വളർച്ചയെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ?

ഇടപാടുകളുടെ സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നവീന വിവര സാങ്കേതികവിദ്യയിലുണ്ടായ വളർച്ചയെ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ട്രഷറി സംവിധാനത്തെ മാറ്റത്തിനനുസരിച്ച് പരിവർത്തിപ്പിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ട്രഷറി സംവിധാനത്തെ നവീന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാലോചിതമായ ഡിജിറ്റൽ സംവിധാനത്തിലേയ്ക്ക് പരിവർത്തനപ്പെടുത്താനും ഒപ്പംതന്നെ ട്രഷറികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുക, ജീർണ്ണാവസ്ഥയിലുള്ള ട്രഷറി കെട്ടിടങ്ങൾ പുതുക്കിപ്പണിയുക, ട്രഷറികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി (TIDP) എന്നൊരു പ്രോജക്ടതന്നെ വകുപ്പിൽ 2010-ൽ രൂപീകൃതമായിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭാഗമായി ട്രഷറികൾ നവീകരിക്കുകയും ആധുനിക സൗകര്യങ്ങളൊരുക്കുകയും ചെയ്യുന്നതുവഴി വയോജനങ്ങളും ഭിന്നശേഷിക്കാരുമുൾപ്പെടുന്ന ഇടപാടുകാർക്ക് ഏറ്റവും പ്രയോജനകരമായ വിധത്തിൽ സേവനം നൽകുന്നതിനും ഉപഭോക്തൃ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും ട്രഷറികൾക്ക് കഴിയുന്നുണ്ട്.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ സംസ്ഥാന വിഹിതം

5(5874) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് സംസ്ഥാന വിഹിതമായി ഈ വർഷം എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് സംസ്ഥാന വിഹിതമായി 150 കോടി രൂപയും സംസ്ഥാനത്തിന്റെ അധിക സഹായമായി 232.14 കോടി രൂപയും

ചേർത്ത് ആകെ 382.14 കോടി രൂപ 2024-25 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ നടപടി

6 (5875) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വായ്പാപരിധി വർധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ എന്നറിയിക്കാമോ?

പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽനിന്നും ഒഴിവാക്കണമെന്നും നടപ്പ് സാമ്പത്തിക വർഷത്തേയ്ക്ക് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 3 ശതമാനത്തിൽനിന്ന് ഉപാധികളില്ലാതെ 3.5 ശതമാനമായി ഉയർത്തണമെന്നും കേന്ദ്ര ധനകാര്യ

മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിനുമുന്നോടിയായിട്ടുള്ള (Pre-Budget Speech) 22-06-2024-ലെ യോഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) വായ്പാപരിധി വർധിപ്പിച്ച് നൽകാത്തപക്ഷം സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

സർക്കാരിന്റെ തനത് നികുതി വരുമാനം ബജറ്റ് ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ ക്രിയാത്മക നടപടികൾ മുൻവർഷത്തെപ്പോലെ പിന്തുടരാനും ഒപ്പംതന്നെ അനാവശ്യച്ചെലവുകൾ നിയന്ത്രിച്ചും പരമാവധി തുക വികസനപ്രവർത്തനങ്ങൾക്ക് നീക്കിവച്ചും സാമ്പത്തികപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിച്ച് സാധാരണ ജനജീവിതം സാധ്യമാക്കാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

സാമൂഹ്യക്ഷേമ പെൻഷൻ

7(5876) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷൻ ഇനത്തിൽ നിലവിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് പെൻഷൻ തുക നൽകിവരുന്നതെന്ന് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സർക്കാർ വഴി നടപ്പാക്കിയിരിക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷനുകൾ, സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾവഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ, സാംസ്കാരിക വകുപ്പുമുഖേനയുള്ള കലാകാര പെൻഷൻ, അവശ കലാകാര പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പുമുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ, കായിക യുവജനക്ഷേമ വകുപ്പുമുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പുമുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തനത് ഫണ്ടുപയോഗിച്ച് ക്ഷേമനിധി ബോർഡുകൾ വിതരണം

ചെയ്യുന്ന പെൻഷനുകൾ എന്നിവയാണ് സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ ഗണത്തിൽപ്പെടുന്നത്.

(ബി) പ്രസ്തുത പെൻഷൻ തുക അർഹരായവരിലെത്തിക്കുന്നതിന് ധനവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

സാമൂഹ്യസുരക്ഷാ പെൻഷനുകൾ നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലാണ് ആയതുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നത്. ഗുണഭോക്താക്കളുടെ താൽപര്യപ്രകാരം പെൻഷൻ ബാങ്ക് അക്കൗണ്ടുവഴി ഡി.ബി.റ്റി. ആയോ സഹകരണ സംഘങ്ങൾമുഖേന നേരിട്ട് വീട്ടിലോ വിതരണം നടത്തുന്നു. പെൻഷൻ വിതരണത്തിനായി ധനകാര്യ വകുപ്പ് അനുവദിക്കുന്ന ഫണ്ട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്കും പ്രസ്തുത അക്കൗണ്ടിൽനിന്നും പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്കും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തനൽകുകയും ചെയ്യുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ

ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക അർഹരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾവഴി പണമായും വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നത് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെൽ മുഖേനയാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് നിക്ഷേപിക്കുന്നതിനുള്ള തുക പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ട് മുഖേന നേരിട്ട് ഗുണഭോക്താക്കൾക്ക് ഡി.ബി.റ്റി. മോഡുവഴിയും ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾവഴി വിതരണം ചെയ്യുന്നതിനുള്ള തുക പഞ്ചായത്ത് ഡയറക്ടറുടെ ട്രഷറി അക്കൗണ്ടിൽനിന്നും 14 ജില്ലാ ജോയിന്റ് രജിസ്ട്രാർമാരുടെ അക്കൗണ്ടിലേയ്ക്കും പിന്നീട് പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന ഗുണഭോക്താക്കൾക്ക് നേരിട്ട് വീടുകളിലും ലഭ്യമാക്കുന്നു. സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളെ നിലവിൽ സേവന പോർട്ടലുമായി സംയോജിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡുകൾക്ക് പെൻഷൻ അനുവദിക്കുന്ന അവസരത്തിൽ സേവനയിലെ കണക്കുകളും

ബോർഡുകൾ ലഭ്യമാക്കുന്ന കണക്കുകളും ഒത്തുനോക്കുകയും അർഹരായവർക്ക് പെൻഷൻ തുക അനുവദിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ പെൻഷൻ വിതരണത്തിനായി ധനകാര്യ വകുപ്പ് അനുവദിക്കുന്ന ഫണ്ട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്കും പ്രസ്തുത അക്കൗണ്ടിൽനിന്നും ക്ഷേമനിധി ബോർഡുകളുടെ അക്കൗണ്ടിലേയ്ക്കും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തനൽകുകയും ചെയ്യുന്നു. പിന്നീട് അതത് ബോർഡുകൾമുഖേന അർഹരായ ഗുണഭോക്താക്കൾക്ക് ക്ഷേമനിധി ബോർഡ് പെൻഷനുകൾ ലഭ്യമാക്കുകയും ചെയ്യുന്നു.

(സി) മത്സ്യത്തൊഴിലാളി വിധവകൾക്കുള്ള പെൻഷൻ തുക നൽകേണ്ടവരുടെ എണ്ണം സംസ്ഥാനതലത്തിൽ എത്രയെന്ന് ജില്ല തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ?

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിരുന്നവരുടെ വിധവകൾക്ക് ബോർഡ് പ്രതിമാസം 1600/- രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പെൻഷന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

ജില്ല	എണ്ണം	തുക
തിരുവനന്തപുരം	1544	2470400
കൊല്ലം	1241	1985600
പത്തനംതിട്ട	19	30400
ആലപ്പുഴ	1870	2992000
കോട്ടയം	251	401600
ഇടുക്കി	0	0
എറണാകുളം	1027	1643200
പാലക്കാട്	0	0
തൃശ്ശൂർ	610	976000
മലപ്പുറം	828	1324800
കോഴിക്കോട്	1601	2561600
വയനാട്	0	0
കണ്ണൂർ	469	750400
കാസർഗോഡ്	485	776000
ആകെ	**9945**	**1,59,12,000**

(ഡി) പ്രസ്തുത വിധവകൾക്കുള്ള പെൻഷൻ തുക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാർ ധനസഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡുകളുടെ റിട്ടയർമെന്റ് പെൻഷൻ വിതരണത്തിനായി സർക്കാർ ഫണ്ട് അനുവദിച്ചുവരുന്നു. വിധവാ പെൻഷൻ/ആശ്രിത

പെൻഷനുൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി ഈ തുക ഉപയോഗിക്കാൻ പാടില്ലെന്ന നിബന്ധനയോടെയാണ് പ്രസ്തുത ഫണ്ട് അനുവദിക്കുന്നത്. എന്നാൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഇതിന് വിരുദ്ധമായി വിധവാ പെൻഷനുൾപ്പെടെയുള്ള പെൻഷനുകളുടെ വിതരണം സർക്കാർ ഫണ്ടിൽനിന്നുമാണ് നടത്തിയിരുന്നത്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ 9945 ഗുണഭോക്താക്കൾക്ക് വിധവാ പെൻഷനനുവദിക്കുന്നതിന് ഫിഷറീസ് വകുപ്പും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും അപേക്ഷ സമർപ്പിച്ച പ്രത്യേക സാഹചര്യത്തിൽ ടി ഗുണഭോക്താൾക്ക് ഒരു മാസത്തെ വിധവാ പെൻഷൻ അനുവദിക്കുന്നതിനായി 02-07-2024-ലെ സ.ഉ.(സാധാ)നം. 5190/2024/ധന. പ്രകാരം 1,59,12,000 രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളിലെ വിധവാ പെൻഷൻ അനുവദിക്കുന്നത് സർക്കാർ ധനസഹായത്തോടെയല്ല. പ്രസ്തുത ബോർഡുകൾ അവരുടെ ഫണ്ടുപയോഗിച്ചാണ് ടി പെൻഷൻ അനുവദിക്കുന്നത്. എന്നാൽ ഇവരിൽ അർഹരായ ഗുണഭോക്താൾക്ക് സാമൂഹ്യസുരക്ഷാ

പെൻഷനുകീഴിലുള്ള ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീമിലേയ്ക്ക് അപേക്ഷ സമർപ്പിച്ച് ചേരാവുന്നതാണ്.

സർക്കാരിന്റെ ചെലവ് ചുരുക്കൽ നിർദേശങ്ങൾ

8(5877) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തിക ബുദ്ധിമുട്ട് തരണം ചെയ്യാൻ സർക്കാർ നിശ്ചയിച്ച ചെലവുചുരുക്കൽ എന്തെല്ലാമെന്ന് വിശദമാക്കാമോ; ആയതുപ്രകാരം ഈ സാമ്പത്തിക വർഷം എത്ര തുക ചെലവുചുരുക്കാൻ സാധിച്ചെന്ന് വിശദമാക്കാമോ?

കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. തൽഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി പണഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. നികുതി പിരിവ് ഊർജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും

മുമ്പോട്ടുപോകുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള വിവിധയിനം ഭരണച്ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഓരോ സാമ്പത്തിക വർഷത്തിലും ചെലവുചുരുക്കൽ നടപടികളുടെ ഭാഗമായി എത്ര തുക ലാഭിച്ചെന്ന് കണക്കാക്കുന്നത് പ്രായോഗികമല്ല.

(ബി) പ്രസ്തുത ചെലവുചുരുക്കൽപ്രകാരം അനുമതി നിഷേധിച്ച വിദേശയാത്രകൾ ഏതെല്ലാം; വ്യക്തമാക്കാമോ;

(സി) ചെലവുചുരുക്കൽ നിർദേശം വന്നതിനുശേഷം മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവരിൽ ആർക്കെല്ലാം വിദേശയാത്രയ്ക്ക് അനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

(ബി&സി) വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ജീവനക്കാർക്ക് ഔദ്യോഗികാവശ്യങ്ങളുടെ ഭാഗമായി നിലവിലുള്ള വ്യവസ്ഥകൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി വിദേശയാത്ര നടത്തുന്നതിന് നിയന്ത്രണങ്ങളൊന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല.

ഐ.ജി.എസ്.ടി. വളർച്ച

9(5878) ശ്രീ. റോജി എം. ജോൺ:

ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. ടി. സിദ്ദിഖ്:

ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഐ.ജി.എസ്.ടി. വളർച്ച ഏഴ് ശതമാനം മാത്രമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

2022-23 സാമ്പത്തിക വർഷം 15855.33 കോടി രൂപയും (provisional) 2023-24 സാമ്പത്തിക വർഷം 16976.64 കോടി രൂപയുമാണ് (provisional) ഐ.ജി.എസ്.ടി. സെറ്റിൽമെന്റിനത്തിൽ സംസ്ഥാനത്തിന് ലഭിച്ചത്. അതിൻപ്രകാരം 7.07% ആണ് ഐ.ജി.എസ്.ടി. വർധനവുണ്ടായിട്ടുള്ളത്. സംയോജിത ചരക്കുസേവന നികുതി നിയമം, 2017 (Integrated Goods and Services Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർസംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ്

ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നോ, ആയതിന് തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ടപ്രകാരം ഇത് നടക്കുന്നു. ഓരോ ഐ.ജി.എസ്.ടി. സപ്ലൈ നൽകുന്ന വ്യക്തിയും സ്വന്തം സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയും പ്രസ്തുത സപ്ലൈ ലഭിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താവ് റിട്ടേൺ ഫയൽ ചെയ്ത് എസ്.ജി.എസ്.ടി. ആയി അടച്ച നികുതിയുടെ ക്രെഡിറ്റ് ഉപയോഗിച്ച് എസ്.ജി.എസ്.ടി. അടയ്ക്കുകയും ചെയ്യുമ്പോൾ ഐ.ജി.എസ്.ടി. അടച്ച തുക ഉപഭോക്തൃ സംസ്ഥാനത്തിലേയ്ക്ക് സെറ്റിൽ ചെയ്യപ്പെടുന്നു. ഓൺലൈൻ മുഖേന നടക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ഇടപാടുകളിൽ "പ്ലേസ് ഓഫ് സപ്ലൈ" സപ്ലയർ കൃത്യമായി രേഖപ്പെടുത്തേണ്ടതുണ്ട്. ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ജി.എസ്.ടി. നിയമവും ചട്ടവും

നടപ്പാക്കിയിരിക്കുന്നത്. ഇങ്ങനെ ഐ.ജി.എസ്.ടി. സംസ്ഥാനത്തിന് ലഭിക്കാൻ റിട്ടേൺ ഫയലിംഗ് കൃത്യമായി നടക്കുന്നതിനായി, നിരവധി ട്രേഡ് സർക്കുലറുകളും നിർദേശങ്ങളും സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. (Trade Circular No. 6/2020 dated 16-06-2020, Trade Circular No. 1/2021 dated 30-01-2021, Trade Circular No. 1/2022 dated 21-11-2022).

2023-24 സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനം വർധിപ്പിക്കുന്നതിനായി ഐ.ജി.എസ്.ടി. ഐ.ടി.സി. റിവേഴ്സൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നടത്തിയിരുന്നു. ഇതിനായി പ്രധാനപ്പെട്ട എല്ലാ നികുതിദായകരേയും ഇന്റലിജൻസ് വിംഗും ടാക്സ്പെയേഴ്സ് സർവീസസ് വിംഗും നിരീക്ഷിച്ചുവരുന്നു. ഐ.ടി.സി. റിവേഴ്സലുമായി ബന്ധപ്പെട്ട് നടത്തേണ്ട കാര്യങ്ങൾ സംബന്ധിച്ച് നികുതിദായകർക്ക് പ്രതിവാര പരിശീലനം നടത്തുന്നുണ്ട്. കൂടാതെ, ജി.എസ്.ടി. വരുമാനം കാര്യക്ഷമമാക്കുന്നതിനായി 2023 മേയിൽ ഐ.ജി.എസ്.ടി. ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം വകുപ്പിൽ ആരംഭിച്ചു. അവർ പ്രധാന അന്തർ

സംസ്ഥാന നികുതിദായകരെ നിരീക്ഷിക്കുകയും അവരിൽനിന്ന് സംസ്ഥാനത്തിന് ലഭ്യമാകേണ്ട ഐ.ജി.എസ്.ടി. വിഹിതത്തിന്റെ വരവ് നിരീക്ഷിച്ചും വരുന്നു. പ്ലേസ് ഓഫ് സപ്ലൈ-യുടെ അടിസ്ഥാനത്തിൽ ഐ.ജി.എസ്.ടി. കൃത്യമായി കൈമാറുന്നില്ലെന്നത് പരിശോധിക്കണമെന്ന് ജി.എസ്.ടി. കൗൺസിലിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

ഇ-വേ ബിൽ

10(5879) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വർണ്ണത്തിന് ഇ-വേ ബിൽ നടപ്പാക്കിയിട്ടുണ്ടോ?

അമ്പതാമത് GST കൗൺസിലിന്റെ തീരുമാനപ്രകാരം സംസ്ഥാനത്ത് സ്വർണ്ണത്തിന് ഇ-വേ ബിൽ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതിയനുസരിച്ച്, സംസ്ഥാന, കേന്ദ്ര ജി.എസ്.ടി.

കമ്മീഷണർമാർ തീരുമാനിച്ച് നോട്ടിഫൈ ചെയ്യുന്ന തീയതിക്ക് ചട്ടം നടപ്പിൽവരും.

(ബി) സ്വർണ്ണത്തിന് ഇ-വേ ബിൽ നടപ്പാക്കിയാൽ വരുമാനം വർധിപ്പിക്കാൻ സാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അത് നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പരിശോധിച്ചിട്ടുണ്ട്. അത് നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ സർക്കാർതലത്തിൽ നടന്നുവരുന്നു. നിലവിലെ ജി.എസ്.ടി. ചട്ടങ്ങളനുസരിച്ച് രണ്ടുലക്ഷം രൂപയോ അതിനുമുകളിലുള്ള തുകയോ (അത് സംസ്ഥാന, കേന്ദ്ര ജി.എസ്.ടി. കമ്മീഷണർമാർ തീരുമാനിച്ച് നോട്ടിഫൈ ചെയ്യുന്നത് ഏതാണോ കൂടുതൽ അത്) ഉള്ള സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള നീക്കങ്ങൾക്കുമാത്രമേ ഇ-വേ ബിൽ ബാധകമാകുന്നുള്ളൂ.

ഹെലികോപ്ടർ വാടക സംബന്ധിച്ച്

11(5880) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിക്കുൾപ്പെടെ സഞ്ചരിക്കുന്നതിന് 2016 മുതൽ നാളിതുവരെ ഹെലികോപ്റ്റർ വാടകയ്ക്കെടുത്ത വകയിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

വ്യോമനിരീക്ഷണം, മാവോയിസ്റ്റുകളുടെ സഞ്ചാരപാതാ നിരീക്ഷണം, ആരോഗ്യരക്ഷാ പ്രവർത്തനം, സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങൾ, തീരദേശ വനമേഖലകൾ, വിനോദസഞ്ചാര-തീർഥാടന മേഖലകൾ തുടങ്ങിയവയുടെ നിരീക്ഷണത്തിനും അടിയന്തര ഘട്ടങ്ങളിലെ വിശിഷ്ട വ്യക്തികളുടെ യാത്രയ്ക്കുമായി ഹെലികോപ്റ്റർ വാടകയ്ക്കെടുത്ത വകയിൽ പവൻ ഹാൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ആകെ 22,21,51,000/- രൂപയും ചിപ്സൺ ഏവിയേഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ആകെ 4,80,00,000/- രൂപയും ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

മെഡിസെപ് പദ്ധതി

12(5881) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മെഡിസെപ്പ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ആശുപത്രികൾ എതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിൽനിന്നും ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയാണ് ലഭിക്കുന്നതെന്ന് പ്രത്യേകം പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) തൃശ്ശൂർ ജില്ലയിൽ മെഡിസെപ്പ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളും അവിടെ ലഭ്യമാകുന്ന ചികിത്സാ വിഭാഗങ്ങളുടെ വിശദവിവരവും മെഡിസെപ്പ് വെബ്സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്.

(സി) സംസ്ഥാനത്ത് ആയുർവേദ ചികിത്സ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) മെഡിസെപ്പിൽ ആയുർവേദ ചികിത്സ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ഒപ്പുവച്ച ധാരണാപത്രം (MoU) പ്രകാരം 23-06-2022-ലെ 70/2022/ധന. സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന 1920 ചികിത്സ/ശസ്ത്രക്രിയകൾക്കും 12 ഇന അവയവമാറ്റ ശസ്ത്രക്രിയകൾക്കുമാണ് നിലവിൽ മെഡിസെപ്പ് ആനുകൂല്യം ലഭ്യമാകുന്നത്. മെഡിസെപ്പ് പദ്ധതി തുടങ്ങി 2 വർഷമായ സാഹചര്യത്തിൽ നിലവിലെ പോളിസി കാലയളവിൽ (2022-25) ആയുർവേദ ചികിത്സയെ പദ്ധതിയിലുൾപ്പെടുത്തുന്നത് അപ്രായോഗികമാണ്.

എ.എൻ.പി.ആർ. (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെകഗ്നിഷൻ) ക്യാമറ സംവിധാനം

13(5882) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. പ്രേംകുമാർ:

ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന സംസ്ഥാനാന്തര ചരക്കുനീക്ക കേന്ദ്രങ്ങളിൽ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ (എ.എൻ.പി.ആർ.) ക്യാമറാ സംവിധാനം ഉപയോഗിച്ച് ചരക്ക് വാഹനങ്ങളുടെ നമ്പർ പ്ലേറ്റുമായി ബന്ധിപ്പിച്ച ഇ-വേ ബിൽ ഡേറ്റ വിശകലനം ചെയ്ത് സർക്കാരിന് വിവരങ്ങൾ ലഭ്യമാക്കുന്ന സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ചെക്ക്പോസ്റ്റ് സംവിധാനം നിർത്തലാക്കിയതിനെത്തുടർന്ന് വാഹനപരിശോധന കാര്യക്ഷമമാക്കുന്നതിനുവേണ്ടി പ്രധാനപ്പെട്ട അതിർത്തിപ്രദേശങ്ങളിൽ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ (എ.എൻ.പി.ആർ) ക്യാമറാ സംവിധാനം സ്ഥാപിച്ച് മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്ക് വാഹനങ്ങളുടെ വിവരം SMS അലർട്ടായി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇതിലൂടെ അന്തർ സംസ്ഥാന ചരക്കുനീക്കം

സുഗമമായി നിരീക്ഷിക്കാനും ഇ-വേ ബിൽ ഉപയോഗിച്ചുള്ള വാണിജ്യ ഇടപാടുകൾ സമയം നഷ്ടപ്പെടാതെയും വാഹന ചുമതലയുള്ളവരെ ബുദ്ധിമുട്ടിക്കാതെയും ഫലപ്രദമായി പരിശോധിക്കാനും നികുതി വെട്ടിപ്പ് തടയാനും ഒരുപരിധിവരെ സാധിക്കുന്നു. ഒൻപത് ജില്ലകളിലായി ഇരുപത്തിരണ്ട് സ്ഥലങ്ങളിൽ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിച്ച് ഫലപ്രദമായി നിരീക്ഷിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, പിരായുംമൂട്, വെള്ളറട, ഉച്ചക്കട; കൊല്ലം ജില്ലയിൽ ആര്യങ്കാവ്; ഇടുക്കി ജില്ലയിൽ കുമിളി; പാലക്കാട് ജില്ലയിൽ വാളയാർ നടുപ്പുണി, വേലന്താവളം, മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദാപുരം, ഒഴലപ്പതി; മലപ്പുറം ജില്ലയിൽ വഴിക്കടവ്, കോഴിക്കോട് ജില്ലയിൽ കുഞ്ഞിപ്പള്ളി; വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി; കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ, നുമാഹി; കാസർഗോഡ് ജില്ലയിൽ പെർള, ആദൂർ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്.

(ബി) ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ പ്രസ്തുത സംവിധാനം സംസ്ഥാനത്തിന് എത്രത്തോളം പ്രയോജനകരമാണ്; കൂടുതൽ പുതിയ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ ?

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെകീഴിൽ 22 സ്ഥലങ്ങളിൽ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിച്ച് ആയവയെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുമായി ബന്ധിപ്പിച്ചുകൊണ്ട് നിരീക്ഷണം നടത്തിവരുന്നുണ്ട്. ഇ-വേ ബില്ലില്ലാതെ കടന്നുവരുന്ന വാഹനങ്ങൾ, 48 മണിക്കൂറിനുള്ളിൽ ഒന്നിലധികം ക്യാമറകൾക്ക് മുന്നിലൂടെ കടന്നുപോകുന്ന വാഹനങ്ങൾ, അസാധുവായ രജിസ്ട്രേഷൻ നമ്പരുള്ള വാഹനങ്ങളിൽ നടത്തുന്ന ചരക്കുനീക്കം, നികുതി വെട്ടിപ്പിന് സാധ്യതയുള്ള സാധനങ്ങൾ കയറ്റിവരുന്ന വാഹനങ്ങൾ, മുമ്പ് ക്രമക്കേടുകൾ നടത്തിയിട്ടുള്ള വാഹനങ്ങൾവഴിയുള്ള ചരക്കുനീക്കം എന്നിവ പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തുന്ന കേസുകളിൽ നിയമപരമായ നടപടികളെടുക്കുന്നതിനും പ്രസ്തുത സേവനം

ഉപയോഗപ്രദമാണ്. പുതിയ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളൊന്നുംതന്നെ നിലവിലില്ല.

ധനകാര്യ വകുപ്പിൽ പരിഗണനയിലുള്ള മലപ്പുറം മണ്ഡലത്തിലെ ആസ്തിവികസന പദ്ധതികൾ

14(5883) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി ധനകാര്യ വകുപ്പിൽ പ്രത്യേകാനുമതിക്കായി എത്ര പ്രൊപ്പോസലുകളാണ് പരിഗണനയിലുള്ളതെന്നും ഓരോന്നിന്റെയും നിലവിലുള്ള പുരോഗതിയും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രത്യേകാനുമതി നൽകാതെ ഫയൽ കാലതാമസം വരുത്തുന്നത് ഏത് ഓഫീസിലാണെന്ന് വ്യക്തമാക്കാമോ; 2019-20 സാമ്പത്തിക വർഷം 75 ലക്ഷം രൂപ ഫണ്ട് അനുവദിച്ച ടേക്ക് എ ബ്രേക്ക് പദ്ധതിക്ക് ഇപ്പോഴും അനുമതി നൽകുന്നതിനുള്ള കാലതാമസം എന്താണെന്നതിന്റെ വിശദാംശം നൽകുമോ;

(സി) ആവശ്യമില്ലാത്ത റിമാർക്സുകൾ രേഖപ്പെടുത്തി ഫയലിൽ കാലതാമസം വരുത്തുന്നതിനുപകരം ഇനിയും രേഖകൾ ആവശ്യമെങ്കിൽ നേരിട്ട് ആവശ്യപ്പെട്ട് എത്രയുംവേഗം എല്ലാ പ്രവൃത്തികൾക്കും പ്രത്യേകാനുമതി നൽകുമോ; എങ്കിൽ പ്രത്യേകാനുമതി എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

(എ-സി) മലപ്പുറം മണ്ഡലത്തിലെ 2019-20 ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തിയ പാണക്കാട് ടേക്ക് എ ബ്രേക്ക് പദ്ധതി, മലപ്പുറം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ പ്രവേശന കവാട നിർമ്മാണവും ഇന്റർലോക്ക് വിരിക്കലും എന്നീ രണ്ട് പ്രവൃത്തികൾക്ക് പ്രത്യേകാനുമതി നൽകുന്ന പ്രൊപ്പോസലാണ് ധനവകുപ്പിൽ പരിശോധിച്ചുവരുന്നത്.

പ്രത്യേകാനുമതി ആവശ്യമുള്ള ടേക്ക് എ ബ്രേക്ക്, മലപ്പുറം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ പ്രവേശന കവാട നിർമ്മാണവും ഇന്റർ ലോക്ക് വിരിക്കലും പ്രവൃത്തികൾക്ക് വിശദമായ റിപ്പോർട്ട്, ഇന്റർലോക്ക് വിരിക്കലിന്റെ അനിവാര്യത വിശദമാക്കുന്ന എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ്

സഹിതം ലഭ്യമാക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് മാത്രമാണ് കളക്ടറിൽനിന്ന് ആദ്യം ലഭ്യമായിട്ടുള്ളത്. തുടർന്ന് മലപ്പുറം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ പ്രവേശന കവാട നിർമ്മാണവും ഇന്റർലോക്ക് വിരിക്കലും പ്രവൃത്തി സംബന്ധിച്ച് ഇന്റർലോക്ക് വിരിക്കലിന്റെ അനിവാര്യത വ്യക്തമാക്കുന്ന റിപ്പോർട്ട് ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്.

ഫയൽ പരിശോധനയ്ക്ക് അത്യന്താപേക്ഷിതമായ വിവരങ്ങൾ മാത്രമാണ് ആവശ്യപ്പെടാറുള്ളത്. മനഃപൂർവമായി കാലതാമസം വരുത്താറില്ല. ആവശ്യമായ വിവരങ്ങൾ ഇപ്പോൾ ലഭ്യമായ സ്ഥിതിക്ക് പ്രത്യേകാനുമതി നൽകുന്ന വിഷയത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തിന്റെ കടമെടുപ്പ്

15(5884) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ 2024-25 സാമ്പത്തിക വർഷത്തിൽ എത്ര തുകയ്ക്കുള്ള കടപ്പത്രം പുറപ്പെടുവിക്കുകയുണ്ടായെന്ന് വെളിപ്പെടുത്താമോ?

ഈ സർക്കാർ 2024-25 സാമ്പത്തിക വർഷത്തിൽ 05-07-2024 വരെ 11,500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം ആവശ്യങ്ങൾ മുൻനിർത്തിയാണ് കടപ്പത്രം പുറപ്പെടുവിച്ചിരുന്നത്; കടപ്പത്രത്തിലൂടെ സമാഹരിച്ച തുക അതേ ആവശ്യത്തിനുതന്നെ ഉപയോഗിക്കുകയുണ്ടായോ; വിശദമാക്കുമോ?

വികസന/ക്ഷേമ പദ്ധതികളുൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കാണ് കടപ്പത്രമടക്കമുള്ള ഉപകരണങ്ങളിലൂടെ സർക്കാർ പണം സമാഹരിക്കുന്നത്. വിപണി വായ്പയായി സർക്കാർ സമാഹരിക്കുന്ന തുക സർക്കാരിന്റെ സഞ്ചിതനിധിയിലേയ്ക്കാണ് വരവുവയ്ക്കുന്നത്. അതുകൊണ്ടുതന്നെ ആയത് ഏത് ഇനത്തിലുള്ള ചെലവുകൾക്കാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാൻ കഴിയില്ല.

(സി) മറ്റെന്തെല്ലാം നിലയിൽ എത്ര തുക 2024-25 കാലഘട്ടത്തിൽ കടമെടുത്തിട്ടുണ്ട്; ഏതെല്ലാം തീയതികളിൽ ഏതെല്ലാം സ്ഥാപനങ്ങളിൽനിന്ന് എത്ര തുക വീതമെന്ന് വിശദമാക്കാമോ?

അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ കണക്കുകൾപ്രകാരം നടപ്പ് സാമ്പത്തിക വർഷം മെയ് മാസംവരെ വിവിധ സ്ഥാപനങ്ങളിൽനിന്ന് പൊതുകടം ഇനത്തിൽ സർക്കാരിന് ലഭിച്ചിട്ടുള്ള വായ്പകൾ (വെയ്സ് ആൻഡ് മീൻസ് അഡ്വാൻസുകൾ ഒഴികെ) സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. വിപണി വായ്പകൾ - 6500 കോടി രൂപ.

2. നബാർഡിൽനിന്നുള്ള വായ്പകൾ - 81.55 കോടി രൂപ.

3. ദേശീയ സഹകരണ വികസന കോർപ്പറേഷനിൽനിന്നുള്ള വായ്പകൾ - 1.68 കോടി രൂപ.

4. കേന്ദ്ര സർക്കാരിൽനിന്നുള്ള വായ്പകളും മുൻകൂറുകളും – 35.01 കോടി രൂപ.

കിഫ്ബി പദ്ധതിയിൽ അനുവദിച്ച കാക്കത്തുരുത്ത് പാലത്തിന്റെ സ്ഥലമെടുപ്പ്

16(5885) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയിൽ അനുവദിച്ച കാക്കത്തുരുത്ത് പാലത്തിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഫണ്ട് ആവശ്യപ്പെട്ട് കിഫ്ബിയിലേയ്ക്ക് അയച്ച അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

10-07-2017-ലെ G.O. (Rt.) No. 942/2017/PWD പ്രകാരം കേരള റോഡ് ഫണ്ട് ബോർഡ് നിർവഹണ ഏജൻസിയായി 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കാക്കത്തുരുത്ത് പാലം നിർമ്മാണ പ്രവൃത്തിക്ക് 20-10-2023-ലെ നടപടിക്രമ ഉത്തരവുപ്രകാരം കിഫ്ബി സാമ്പത്തികാനുമതി നൽകിയിരുന്നു. ഭൂമിയേറ്റെടുക്കൽ നടപടികളുടെ ഭാഗമായി നിർവഹണ ഏജൻസി സമർപ്പിച്ച 2.63 കോടി രൂപയുടെ എൽ.എ. പാക്കേജ് കിഫ്ബി 23-06-2020-ന് അംഗീകരിച്ചുനൽകിയിരുന്നതും കണ്ടിജൻസി ചാർജിനത്തിൽ 10.13 ലക്ഷം രൂപ 30-07-2020-ന് അനുവദിച്ചുനൽകുകയും ചെയ്തിരുന്നു. കൂടാതെ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള

ചെലവിനത്തിൽ 15-05-2023-ന് 1.41 ലക്ഷം രൂപയും കിഫ്ബി നിർവഹണ ഏജൻസിക്ക് അനുവദിച്ചുനൽകിയിരുന്നു. ഭൂമിയേറ്റെടുക്കലിനുള്ള നഷ്ടപരിഹാരത്തുക ആവശ്യപ്പെട്ട് റവന്യൂ വകുപ്പിൽനിന്ന് ലഭിച്ച നിർദേശത്തിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ചുനൽകിയിരുന്ന എൽ.എ. പാക്കേജ് തുക 5.34 കോടി രൂപയായി ഉയർത്തുന്നതിന് നിർവഹണ ഏജൻസി സമർപ്പിച്ച പാക്കേജ് ഡീവിയേഷൻ പ്രൊപ്പോസൽ 27-06-2024-ന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തുക അനുവദിച്ചുനൽകുന്നതിനുള്ള ബിൽ പദ്ധതി നിർവഹണ ഏജൻസിയിൽനിന്നും കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് റിലീസ് ചെയ്യുന്നതാണ്.

പുതുക്കാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

17(5886) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ള പുതുക്കാട് മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) പുതുക്കാട് നിയോജകമണ്ഡലത്തിൽ കിഫ്ബിമുഖേന നടപ്പാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി നൽകുന്നു.+

(സി) വർഷങ്ങൾ പിന്നിട്ടിട്ടും ആരംഭിക്കാൻ സാധിക്കാത്ത കൊടകര-വെള്ളിക്കുളങ്ങര റോഡ് നവീകരണം, പുതുക്കാട്-മുപ്ലിയം-കോടാലി റോഡ് നവീകരണം, പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ് നവീകരണം, നിർദിഷ്ട മലയോര ഹൈവേയുടെ പുതുക്കാട് മണ്ഡലത്തിലുൾപ്പെടുന്ന ഭാഗത്തിന്റെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ ഭേദഗതികളുൾപ്പെടെ അനുവദിച്ച് അവ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊടകര വെള്ളിക്കുളങ്ങര റോഡ്

കൊടകര വെള്ളിക്കുളങ്ങര റോഡിന്റെ നവീകരണത്തിന് 14-03-2018-ലെ നടപടിക്രമ ഉത്തരവുപ്രകാരം കിഫ്ബി 20.78 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. നിർവഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് സമർപ്പിച്ച DPR-ൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലില്ലാത്തതിനാൽ ആയതിന് തുക വകയിരുത്തിയിരുന്നില്ല. സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിച്ച് പ്രവൃത്തിക്ക് കരാറിൽ ഏർപ്പെട്ടിരുന്നെങ്കിലും യൂട്ടിലിറ്റി ഷിഫ്റ്റിംഗിലുണ്ടായ കാലതാമസവും കരാറുകാരൻ പ്രൈസ് എസ്കലേഷൻ ആവശ്യപ്പെട്ടതിനാലും കരാറുകാരന് നഷ്ടോത്തരവാദിത്വമില്ലാതെ പ്രസ്തുത കരാർ അവാസാനിപ്പിച്ചിരുന്നു. എന്നാൽ പ്രവൃത്തി നിർവഹിക്കുന്നതിന് ഭൂമിയേറ്റെടുക്കൽ ആവശ്യമായതിനാൽ അതിനുള്ള എസ്റ്റിമേറ്റുകൂടി ഉൾപ്പെടുത്തി നിർവഹണ ഏജൻസി സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ധനാനുമതി 24.05 കോടി രൂപയായി കിഫ്ബി പരിഷ്കരിച്ചുനൽകിയിരുന്നു. ഭൂമിയേറ്റടുക്കുന്നതിനായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ടെൻഡർ ക്ഷണിച്ച് 24-08-2023-ന്

എഗ്രിമെന്റ് വച്ചിട്ടുള്ളതും ടോപോഗ്രാഫിക് സർവേ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത റോഡിന്റെ പല ഭാഗങ്ങളിലും കയ്യേറ്റം നടന്നതായി സംശയിക്കപ്പെടുന്നതിനാൽ തൃശ്ശൂർ ജില്ലാ സർവേ സൂപ്രണ്ടിന് നൽകിയ കത്തിന്റെയടിസ്ഥാനത്തിൽ പുറമ്പോക്ക് പുനർനിർണ്ണയ സർവേ പുരോഗമിച്ചുവരികയാണ്. ഭൂമിയേറ്റെടുക്കൽ പൂർത്തീകരിക്കാത്തതിനാൽ പ്രവൃത്തിയുടെ ഭാഗമായി നിർവഹിക്കേണ്ട KSEB, വാട്ടർ അതോറിറ്റി യൂട്ടിലിറ്റി ഷിഫ്റ്റിംഗ് വർക്കുകൾ നിർവഹിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. കൂടാതെ ഈ റോഡിൽ ജൽജീവൻ മിഷൻ പദ്ധതി ഫണ്ട് വിനിയോഗിച്ചുള്ള പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തീകരിക്കേണ്ടതുണ്ട്.

മേൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിനാവശ്യമായ നടപടികൾ നിർവഹണ ഏജൻസിക്ക് സ്വീകരിക്കാവുന്നതാണ്.

പുതുക്കാട് – മുപ്ലിയം കോടാലി റോഡ്

പുതുക്കാട്–മുപ്ലിയം കോടാലി റോഡിന്റെ നവീകരണത്തിന് 15-02-2020-ലെ നടപടിക്രമ ഉത്തരവുപ്രകാരം കിഫ്ബി 59.20 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. നിർവഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് സമർപ്പിച്ച DPR-ൽ റോഡ് നവീകരണത്തിനാവശ്യമായ ഭൂമി ഫ്രീ സറണ്ടറായി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിരുന്നതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക വകയിരുത്തിയിരുന്നില്ല. പിന്നീട് നിർവഹണ ഏജൻസിയുമായി ചർച്ച ചെയ്ത് 18.2 കിലോമീറ്ററുള്ള ഈ പ്രവൃത്തി പൂർണ്ണമായും FDR സാങ്കേതികവിദ്യയിൽ നവീകരിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. എന്നാൽ ഈ പ്രവൃത്തിയുടെ ചെയിനേജ് 0/000 മുതൽ 9/200 വരെയുള്ള ഭാഗത്തെ പ്രവൃത്തി ഒന്നാംഘട്ടമായി നിർവഹിക്കാമെന്നും ഇതിനായി 134 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്നും ശേഷിക്കുന്ന 9/200 മുതൽ 18/200 വരെയുള്ള ഭാഗത്തിൽ 1.32 കി.മീ. ദൂരം വനഭൂമിയിലൂടെ കടന്നുപോകുന്നതിനാൽ ബന്ധപ്പെട്ട ക്ലിയറൻസ് ലഭിക്കുന്നതിനുള്ള കാലതാമസം കണക്കിലെടുത്ത് ആയത് ലഭിക്കുന്നമുറയ്ക്ക് രണ്ടാംഘട്ടമായി നിർവഹിക്കാവുന്നതാണെന്നും

നിർവഹണ ഏജൻസി ശിപാർശ ചെയ്തിരുന്നു. ഇതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 01-06-2024-ന് കിഫ്ബിയിൽ നടന്ന അവലോകന യോഗത്തിൽ ഒന്നാംഘട്ടമായി നിർവഹിക്കുന്നതിന് ശിപാർശ ചെയ്ത 0/000 മുതൽ 9/200 വരെയുള്ള ഭാഗത്തെ പ്രവൃത്തിയിൽ 10 മീറ്റർ Right of Way-യ്ക്കുവേണ്ടി ഭൂമിയേറ്റെടുക്കുന്നത് അപ്രായോഗികമാണെങ്കിൽ 8.80 മീറ്റർ Right of Way-യിൽ (എല്ലായിടത്തും ലഭ്യമാണെങ്കിൽ) ഭൂമിയേറ്റെടുക്കൽ ഒഴിവാക്കി FDR സാങ്കേതികവിദ്യയിൽ ഇരുവശത്തും ഐറിഷ് ഡ്രെയിനോടുകൂടി നിർവഹിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിരുന്നു.

പ്രസ്തുത തീരുമാനപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് നിർവഹണ ഏജൻസി പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ

സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിന് നിർവഹണ ഏജൻസിക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

പള്ളിമുക്ക് ചിമ്മിനി ഡാം റോഡ്

പള്ളിമുക്ക് ചിമ്മിനി ഡാം റോഡ് നിർമ്മാണ പ്രവൃത്തിക്ക് 31-07-2020-ലെ നടപടിക്രമ ഉത്തരവുപ്രകാരം 39.49 കോടി രൂപയ്ക്ക് കിഫ്ബി ധനാനുമതി നൽകിയിരുന്നു. പള്ളിമുക്ക് - ചിമ്മിനി ഡാം റോഡിന് 18-05-2023-ലെ G.O. (Rt.) No. 1891/2023/RD പ്രകാരം റവന്യൂ ബി ഉത്തരവ് ലഭിച്ചിട്ടുള്ളതും 0/000 മുതൽ 5/800 വരെയുള്ള ചെയിനേജിൽ 3 ലൊക്കേഷനുകളൊഴികെ 10 മീറ്റർ റൈറ്റ് ഓഫ് വേയിൽ (ROW) അതിർത്തി കല്ല് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുള്ളതായി നിർവഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്. 5/550-നും 6/000-നും ഇടയിലുള്ള ചെയിനേജിൽ റോഡ് വനഭൂമിയിലേയ്ക്ക് കയറുന്നതിനാൽ ഭൂമി ഏറ്റെടുക്കൽ പ്രക്രിയയ്ക്ക് സമയമെടുക്കുന്നതാണെന്നും ഈ പ്രദേശത്ത് 7 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായതിനാൽ വനഭൂമി

ഏറ്റെടുക്കാതെതന്നെ റോഡ് പണി തുടരാൻ തീരുമാനിച്ചിട്ടുണ്ടെന്നും ശേഷിക്കുന്ന 6/000 മുതൽ 8/500 വരെയുള്ള ഭാഗം മലയോര ഹൈവേയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികളുടെ ഭാഗമായി LA തഹസിൽദാർക്ക് കണ്ടിജൻസി ചാർജ് കൈമാറിയിട്ടുള്ളതും സ്ഥലപരിശോധന നടത്തുന്നതിനുള്ള അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. തഹസിൽദാരുടെ ഓഫീസിൽനിന്നും അറിയിക്കുന്നമുറയ്ക്ക് സംയുക്ത സ്ഥലപരിശോധന നടത്തുന്നതാണെന്നും നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കാൻ KSEB-യോടും വാട്ടർ അതോറിറ്റിയോടും ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതുവരെ സമർപ്പിച്ചിട്ടില്ലെന്നും നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

മേൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിന് നിർവഹണ ഏജൻസി നടപടികൾ സ്വീകരിക്കുന്നതാണ്.

മലയോര ഹൈവേ: വിളങ്ങന്നൂർ – വെള്ളിക്കുളങ്ങര റോഡ്

മലയോര ഹൈവേയുടെ ഭാഗമായ വിളങ്ങന്നൂർ - വെള്ളിക്കുളങ്ങര റോഡിന്റെ നവീകരണത്തിന് 20-03-2022-ലെ നടപടിക്രമ ഉത്തരവുപ്രകാരം കിഫ്ബി 136.50 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. പ്രവൃത്തി നിർവഹിക്കുന്നതിനാവശ്യമായ സ്വകാര്യ ഭൂമി ഫ്രീ സറണ്ടർ മാതൃകയിൽ ലഭ്യമാക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. നിർവഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് 04-04-2022-ന് ടി.എസ്. കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരുന്നെങ്കിലും ആയത് പരിശോധിച്ച് പ്രവൃത്തി നിർവഹണത്തിന് ആവശ്യമായ ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്തി കമ്മിറ്റി നിർദേശിച്ച തിരുത്തലുകൾ വരുത്തി പുനഃസമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഭൂവുടമകളിൽനിന്നും ഭൂമി സൗജന്യമായി വിട്ടുനൽകുന്നതിനുള്ള അർഥനാപത്രം ലഭ്യമാകാത്തതിനാൽ പരിഷ്കരിച്ച സാങ്കേതികാനുമതി എസ്റ്റിമേറ്റ് ടി.എസ്. കമ്മിറ്റിക്ക് പുനഃസമർപ്പിക്കാൻ സാധിച്ചിട്ടില്ലെന്നാണ് നിർവഹണ ഏജൻസി അറിയിച്ചിട്ടുള്ളത്.

പ്രവൃത്തി നിർവഹിക്കുന്നതിനാവശ്യമായ ഭൂമി വനഭൂമി പരിവർത്തനത്തിനുള്ള അപേക്ഷ പരിവേഷ് പോർട്ടൽവഴി സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ നഷ്ടപരിഹാര വനവൽക്കരണത്തിന് ആവശ്യമായ ഭൂമി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ വനം വകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ലെന്നും നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധന പൂർത്തിയായി എസ്റ്റിമേറ്റുകൾ ലഭിച്ചിട്ടുള്ളതാണെന്നും നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി നിർവഹിക്കുന്നതിനാവശ്യമായ സ്വകാര്യ ഭൂമി ഫ്രീ സറണ്ടർ മാതൃകയിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി നിർദിഷ്ട അലൈൻമെന്റിനുള്ള അതിർത്തിക്കല്ല് സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചെങ്കിലും വിവിധ പഞ്ചായത്തുകളിൽ ജനകീയ പ്രതിഷേധത്തെത്തുടർന്ന് നിർത്തിവയ്ക്കേണ്ടി വന്നിരുന്നതും ഭൂമി വിട്ടുനൽകുന്നതിനുള്ള അർഥനാപത്രം ഇതുവരെ മുഴുവനായും ലഭിച്ചിട്ടില്ലാത്തതുമാണ്.

ഇപ്രകാരം ഫ്രീ സറൻഡർ മുഖേനയും വനഭൂമി പരിവർത്തനപ്പെടുത്തുന്നതിലൂടെയും ആവശ്യമായ ഭൂമിയുടെ ലഭ്യത മുറയ്ക്ക് പരിഷ്കരിച്ച് സാങ്കേതികാനുമതി എസ്റ്റിമേറ്റ് ടി.എസ്. കമ്മിറ്റിക്ക് പുനഃസമർപ്പിച്ച് അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് ടെൻഡർ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിന് നിർവഹണ ഏജൻസി നടപടികൾ സ്വീകരിക്കുന്നതാണ്.

കിഫ്ബി പരസ്യത്തിനായി ചെലവഴിച്ച തുക

18(5887) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷത്തിലും കിഫ്ബി പരസ്യത്തിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, മറ്റിതര പ്രചാരണ സംവിധാനങ്ങൾ എന്നിങ്ങനെ വിവിധയിനങ്ങളിൽ ചെലവായ തുക എത്രയെന്ന് പ്രത്യേകമായി വിവരം നൽകാമോ?

(എ&ബി) 2016-17 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷത്തിലും കിഫ്ബി പരസ്യത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബി പദ്ധതി

19(5888) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി ഇനംതിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബിയുടെ ധനകാര്യ അംഗീകാരം ലഭ്യമാകാത്തതോ ഇതുവരെ ആരംഭിക്കാത്തതോ ആയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുമതി നൽകിയിട്ടുള്ള പദ്ധതികളും അവയുടെ പ്രവൃത്തിപുരോഗതിയും കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികളിൽ ധനാനുമതി നൽകിയിട്ടില്ലാത്തതും ഇതുവരെ നിർമ്മാണം ആരംഭിക്കാത്തതുമായിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ്.+

പ്രവാസി ചിട്ടി

20(5889) ശ്രീ. ടി. ജെ. വിനോദ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ പ്രവാസി നിക്ഷേപം ഉറപ്പുവരുത്തുന്നതിനായി കെ.എസ്.എഫ്.ഇ. വഴി ആരംഭിക്കുമെന്ന് തീരുമാനിച്ചിരുന്ന പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ എത്രപേർ വരിക്കാരായി ചേർന്നിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

പ്രവാസി ചിട്ടി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. 30-06-2024 വരെ 101695 പേർ വിവിധ ചിട്ടികളിൽ വരിക്കാരായി ചേർന്നിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലവിൽ കെ.എസ്.എഫ്.ഇ. നടത്തിവരുന്ന മറ്റ് ചിട്ടികളിൽ ഏകദേശം എത്ര പ്രവാസികൾ വരിക്കാരായി നിലവിലുണ്ട്; ചിട്ടിത്തുക സ്ഥിരം നിക്ഷേപമായി നിക്ഷേപിച്ച പ്രവാസികളുടെ എണ്ണം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.എഫ്.ഇ. നടത്തിവരുന്ന മറ്റ് ചിട്ടികളിൽ പ്രവാസിയെന്ന നിലയിൽ വരിക്കാരെ ചേർക്കുന്നില്ല.

തൃശ്ശൂർ – കുറ്റിപ്പുറം പാത നിർമ്മാണം

21(5890) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള തൃശ്ശൂർ - കുറ്റിപ്പുറം പാതയിലെ മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെട്ട തൃശ്ശൂർ - കുറ്റിപ്പുറം പാതയിലെ മഴുവഞ്ചേരി മുതൽ ചൂണ്ടൽവരെയുള്ള റോഡിന്റെ വീതികൂട്ടി

നാലുവരിപ്പാതയാക്കുന്ന പ്രവൃത്തിക്ക് DPR തയ്യാറാക്കി 27-12-2019-ൽ പദ്ധതി നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. DPR അവലോകനത്തിന്റെ ഭാഗമായി കിഫ്ബി ഉദ്യോഗസ്ഥർ, കെ.ആർ.എഫ്.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബഹുമാനപ്പെട്ട എം.എൽ.എ. എന്നിവർ ചേർന്ന് ഒരു യോഗം 20-04-2022-ന് ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ റോഡിന് 22 മീറ്റർ വീതിയുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചു. എന്നാൽ പ്രവൃത്തിയുടെ DPR തയ്യാറാക്കിയത് 23 മീറ്റർ വീതി പരിഗണിച്ചായതിനാൽ പുതുക്കിയ DPR സമർപ്പിക്കുന്നതിന് കെ.ആർ.എഫ്.ബി.-യോട് നിർദ്ദേശിച്ചിരുന്നു. നിലവിൽ 22 മീറ്റർ വീതിയിൽ കല്ലിടൽ പ്രവൃത്തികളും നിലവിലുള്ള DPR-ന്റെ ന്യൂനതകൾ പരിഹരിക്കുന്നതിനായി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിലേയ്ക്ക് പുനഃസമർപ്പിക്കുന്നതിനുള്ള നടപടി കെ.ആർ.എഫ്.ബി.-യിൽ പുരോഗമിച്ചുവരുന്നു. എന്നാൽ, തൃശ്ശൂർ - കുറ്റിപ്പുറം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം

കെ.എസ്.ടി.പി.-യുടെ കീഴിൽ നടന്നുവരുന്നതിനാൽ കെ.എസ്.ടി.പി.-യുടെ നിർദേശപ്രകാരം മെയിൻ വർക്കിന് അനുബന്ധമായ പ്രവൃത്തികൾ താൽക്കാലികമായി നിർത്തിവച്ചതായി കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് നിലവിൽ അതീവ ശോച്യാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം തൃശ്ശൂർ-കുറ്റിപ്പുറം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ കെ.എസ്.ടി.പി.-യുടെ കീഴിൽ പുരോഗമിച്ചുവരുന്നതായി കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്.

(സി) എങ്കിൽ അടിയന്തരമായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

തൃശ്ശൂർ - കുറ്റിപ്പുറം പാതയിലെ മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വീതികൂട്ടി 4 വരിപ്പാതയാക്കുന്ന പ്രവൃത്തിക്കുള്ള പുതുക്കിയ ഡി.പി.ആർ. പദ്ധതി നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. കിഫ്ബിയിൽ പുനഃസമർപ്പിക്കേണ്ടതുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർവഹണ ഏജൻസി DPR കിഫ്ബിയിൽ സമർപ്പിക്കുന്നമുറയ്ക്ക് അത്

അവലോകനം നടത്തി ന്യൂനതകൾ പരിഹരിച്ച് കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

കോങ്ങാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

22(5891) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിപ്രകാരം നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

കോങ്ങാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ പുരോഗതിയുൾപ്പടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.[+]

കിഫ്ബി പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി

23(5892) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കടമെടുക്കുന്നതിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന നിയന്ത്രണങ്ങൾ കിഫ്ബി പദ്ധതികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ?

സംസ്ഥാനം നേരിടുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി കിഫ്ബിയുടെ പ്രവർത്തനത്തെ നേരിട്ട് ബാധിച്ചിട്ടില്ല.

(ബി) നിലവിൽ തുടർന്നുവരുന്ന കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതികളിലെ തടസ്സങ്ങൾ പരിഹരിച്ച് സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി പതിവായി പദ്ധതിനിർവഹണ ഏജൻസികളുടെയും ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും അവലോകനയോഗങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ കിഫ്ബിയുടെ ഉദ്യോഗസ്ഥർ പദ്ധതിനിർവഹണ സ്ഥലങ്ങൾ

സന്ദർശിച്ച് ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തി പദ്ധതിയുടെ നടത്തിപ്പിനുവേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നതിലും ശ്രദ്ധ ചെലുത്തുന്നുണ്ട്. കിഫ്ബി പദ്ധതികളുടെ നിർവഹണത്തിനായി എസ്.പി.വി.-കളെ തെരഞ്ഞെടുത്ത് പദ്ധതി നിർവഹണത്തിനുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്. ഈ പദ്ധതികൾക്ക് സർക്കാർ/എസ്.പി.വി.-യുടെ ടെക്നിക്കൽ കമ്മിറ്റി സാങ്കേതികാനുമതി നൽകി ടെൻഡർ നടപടി പൂർത്തിയാക്കി നിർദിഷ്ട കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മന്ത്രിമാർ/എം.എൽ.എ.-മാർ എന്നിവരുടെ നേതൃത്വത്തിലും ബന്ധപ്പെട്ട എസ്.പി.വി.-കളുമായി നിശ്ചിത ഇടവേളകളിൽ യോഗങ്ങൾ ചേർന്ന് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ, പദ്ധതി നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എസ്.പി.വി.-കൾ എതെങ്കിലുംതരത്തിലുള്ള

ബുദ്ധിമുട്ടുകൾ നേരിടുന്നപക്ഷം, അവർ ആവശ്യപ്പെടുന്നമുറയ്ക്ക് പരിഹാര നിർദേശങ്ങളും പി.എം.സി. സേവനങ്ങളും കിഫ്ബി നൽകിവരുന്നു.

മണലൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതി

24(5893) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നാളിതുവരെ എത്ര തുകയുടെ പ്രവൃത്തികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി മുഖേന നാളിതുവരെ നടപ്പാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) മണലൂർ നിയോജകമണ്ഡലത്തിൽ 7.27 കോടി രൂപയുടെ പ്രവൃത്തികളാണ് നാളിതുവരെ കിഫ്ബി മുഖാന്തരം പൂർത്തീകരിച്ചിട്ടുള്ളത്. ടി പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി മുഖേന നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന കിഫ്ബി പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

ചിറയിൻകീഴ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പുരോഗതി

25(5894) ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് റെയിൽവേ മേൽപ്പാല നിർമ്മാണപ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചതെന്നാണെന്നും കിഫ്ബി ധനാനുമതി നൽകിയത് എന്നാണെന്നും വ്യക്തമാക്കുമോ; ഭരണാനുമതിയുടെയും ധനാനുമതിയുടെയും ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

ചിറയിൻകീഴ് റെയിൽവേ മേൽപ്പാലം പദ്ധതിക്ക് 27-09-2016-ലെ G.O. (Rt). No. 1324/2016/PWD പ്രകാരം പ്രാഥമിക ഭരണാനുമതിയും 25-06-2017-ലെ G.O.(Rt)No.884/2017/PWD പ്രകാരം പുതുക്കിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതിയും ലഭിച്ചിരുന്നു. ശേഷം, 17-09-2017-ലെ ഉത്തരവ് നം. APR-2/136/2017/KIIFB പ്രകാരം 25.08 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. എന്നാൽ, ചിറയിൻകീഴ് റെയിൽവേ മേൽപ്പാലമുൾപ്പെടെ 10 മേൽപ്പാലങ്ങൾ ഒറ്റ ടെൻഡറായി സ്റ്റീൽ കോംപോസിറ്റ് സ്ട്രക്ച്ചറിൽ ചെയ്യാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 01-03-2021-ലെ PWD005-06/PE-5-PAD/2021/ KIIFB പുതുക്കിയ ഉത്തരവുപ്രകാരം 222.79 കോടിയുടെ രൂപയുടെ ധനാനുമതിയും 03-10-2023-ലെ ഉത്തരവ് നം. PWD005-06/APR-3/2023/ KIIFB പ്രകാരം 288.47 കോടി രൂപയുടെ പുതുക്കിയ ധനാനുമതിയും കിഫ്ബി നൽകിയിട്ടുണ്ട്. ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.[+]

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി ഏതാണെന്നും പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ആരാണെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസിയായി RBDCK (Roads & Bridges Development Corporation of Kerala Ltd.)-നെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. പദ്ധതിനിർവഹണ ഏജൻസിയുടെ കീഴിൽ പ്രവൃത്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏറ്റെടുത്ത് നടത്തുന്നത് M/s. SPL Infrastructure Pvt. Ltd. ആണ്. റെയിൽവേയുടെ 3 സ്പാനുകൾ റെയിൽവെ നേരിട്ടാണ് നിർമ്മിക്കുന്നത്.

(സി) പ്രസ്തുത പ്രവൃത്തിക്ക് നിശ്ചയിച്ചിട്ടുള്ള പൂർത്തീകരണ തീയതി വ്യക്തമാക്കുമോ; പൂർത്തീകരണ തീയതി നീട്ടിനൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തവണ നീട്ടി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പൂർത്തീകരണ തീയതി നീട്ടി നൽകിയ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

03-01-2022 ആയി നിശ്ചയിച്ചിരുന്ന ചിറയിൻകീഴ് റെയിൽവെ മേൽപ്പാലം പദ്ധതിയുടെ പൂർത്തീകരണ തീയതി കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് 4 തവണയായി നീട്ടിനൽകുകയും പൂർത്തീകരണ തീയതി 30-06-2024 ആയി പുതുക്കി നിശ്ചയിക്കുകയും ചെയ്തു. റെയിൽവെ സ്പാനിന്റെ ഇരുവശത്തുമായി ബാക്കി രണ്ട് സ്പാനുകൾ, A2 ഭാഗത്തെ Retaining wall, സർവീസ് റോഡ്, ഡ്രെയിനേജ് എന്നീ വർക്കുകൾ റെയിൽവെയുടെ ഗർഡറുകൾ ഉയർത്തി സ്ഥാപിച്ചതിനുശേഷം മാത്രമേ ആരംഭിക്കാവൂ എന്ന് 04-05-2024-ലെ കത്തിൽ റെയിൽവെ RBDCK-യെ അറിയിച്ചിരുന്നു. മേൽ പറഞ്ഞ പ്രവൃത്തികൾ പൂർത്തിയാക്കി

24-05-2024-നാണ് റെയിൽവെയുടെ ഭാഗത്തുനിന്നും അഡ്ജസന്റ് സ്പാനുകൾ സ്ഥാപിക്കുന്നതിനും ബാലൻസ് Retaining wall, service road എന്നിവ തുടങ്ങുന്നതിനും അനുമതി ലഭിച്ചിട്ടുള്ളത്. പൂർത്തീകരണ തീയതി നീട്ടുന്നതിന് കരാറുകാരൻ സമർപ്പിച്ചിട്ടുള്ള പുതുക്കിയ അപേക്ഷ നിലവിൽ പദ്ധതിനിർവഹണ ഏജൻസിയുടെ പരിശോധനയിലാണ്. പൂർത്തീകരണ തീയതി 30-06-2024 ആയി പുനർനിശ്ചയിച്ചുകൊണ്ട് പദ്ധതിയുടെ നിർവഹണ ഏജൻസിയും കരാറുകാരനും തമ്മിൽ ഏർപ്പെട്ടിട്ടുള്ള പുതുക്കിയ കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ; മേൽപ്പാല നിർമ്മാണം വേഗത്തിലാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ചിറയിൻകീഴ് റെയിൽവെ മേൽപ്പാലത്തിന് റെയിൽവെ വിഭാഗം ഒഴികെ 11 സ്പാനുകളിലായി 41 പൈലുകളും 9 പൈൽ ക്യാപ്പുകളും 9 പിയറും 2 അബട്മെന്റുമാണുള്ളത്. നാളിതുവരെ മുഴുവൻ പൈലുകളും പൈൽക്യാപ്പ്,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പിയർ, പിയർക്യാപ്പ്, അബഡ്മെന്റ്, അഡ്ജസന്റ് സ്പാൻ ഒഴികെയുള്ള ഗർഡറുകൾ, 3/11 സ്ലാബുകളും 55% ഡ്രെയിനേജ് വർക്കുകളും പൂർത്തീകരിച്ചു. പദ്ധതിയുടെ ഭാഗമായുള്ള റീട്ടെയിനിംഗ് വാൾ A1 സൈഡിൽ പൂർത്തീകരിക്കുകയും A2 സൈഡിൽ ഇടതുവശത്തേത് പൂർത്തീകരിക്കുകയും ചെയ്തു. വലതുവശത്തെ റീട്ടെയിനിംഗ് വാൾ നിർമ്മാണത്തിന് 04-08-2023-ന് റെയിൽവെയുടെ അനുമതി ലഭിച്ച മുറയ്ക്ക്, 39 മീറ്റർ നീളത്തിൽ റീട്ടെയിനിംഗ് വാളിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റെയിൽവെ സ്പാനിന്റെ ഇരുവശത്തുമായി ബാക്കി രണ്ട് സ്പാനുകൾ, A2 ഭാഗത്തെ Retaining wall, സർവീസ് റോഡ്, ഡ്രെയിനേജ് എന്നീ വർക്കുകൾ റെയിൽവെയുടെ ഗർഡറുകൾ ഉയർത്തി സ്ഥാപിച്ചതിനുശേഷം മാത്രമേ ആരംഭിക്കാവൂയെന്ന് 04-05-2024-ലെ കത്തിൽ റെയിൽവേ RBDCK-യെ അറിയിച്ചിരുന്നു. നിലവിൽ മേൽപ്പാലത്തിന്റെ ഇരുവശത്തും സർവീസ് റോഡിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. റെയിൽവെയുടെ 3 സ്പാനുകൾ റെയിൽവെ നേരിട്ടാണ് നിർമ്മിക്കുന്നത്.

പ്രാരംഭഘട്ടത്തിൽ 10 റെയിൽവെ മേൽപ്പാലങ്ങളുടെയും റെയിൽവെ സ്റ്റാനുൾപ്പെടെയാണ് ടെൻഡർ ക്ഷണിച്ചതും കരാറുകാരനുമായി കരാർ ഉറപ്പിച്ചതും. എന്നാൽ റെയിൽവെയോട് നിരവധിതവണ ആവശ്യപ്പെട്ടെങ്കിലും റെയിൽവെ സ്റ്റാൻ RBDCK നിർമ്മിക്കുന്നതിന് റെയിൽവെ അംഗീകാരം നൽകിയില്ല. ആയതിനാൽ റെയിൽവെയുടെ ഭാഗം റെയിൽവെ നേരിട്ടാണ് നിർമ്മിക്കുന്നത്. ടെൻഡർ നടപടികൾ പൂർത്തിയാക്കി 05-11-2022-നാണ് റെയിൽവെ വർക്ക് അവാർഡ് ചെയ്തത്. എന്നാൽ ടി പ്രവൃത്തികളിൽ റെയിൽവെ സ്പാൻ ഗർഡറുകൾ ഉയർത്തി സ്ഥാപിക്കുന്ന പ്രവൃത്തികൾ 24-05-2024-നാണ് റെയിൽവെ പൂർത്തീകരിച്ചത്. റെയിൽവെയുടെ ഭാഗത്തുനിന്ന് ബാലൻസ് പ്രവൃത്തികൾ ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ, പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പദ്ധതിയുടെ നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

കിഫ്ബി മുഖേന നിർമ്മാണം പൂർത്തിയാക്കിയ സ്കൂളുകൾ

26(5895) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി മുഖേന എത്ര സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കിഫ്ബി മുഖേന 490 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളുകളുടെ വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

പ്രസ്തുത സ്കൂളുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

കിഫ്ബി നടപ്പാക്കിയ വരുമാനദായക പദ്ധതികൾ

27(5896) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കിഫ്ബി വഴി നടപ്പാക്കിയ വരുമാനദായകമായ പദ്ധതികൾ ഏതൊക്കെയാണ്; ഓരോ പദ്ധതിയിലും നാളിതുവരെ ലഭിച്ച വരുമാനം ഇനംതിരിച്ച് ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതികൾക്കായെടുത്ത വിവിധ വായ്പകളുടെ തിരിച്ചടവ് പദ്ധതികളിൽനിന്ന് ലഭിച്ച വരുമാനംകൊണ്ട് പൂർണ്ണമായും അടയ്ക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ വായ്പാതിരിച്ചടവിന്റെയും വരുമാനത്തിന്റെയും വ്യത്യാസം എത്രയെന്ന് അറിയിക്കുമോ?

കിഫ്ബിമുഖേന നടപ്പാക്കിവരുന്ന വരുമാനദായകമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി നൽകുന്നു.[+] കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളിൽ ഏകദേശം 25% പദ്ധതികളാണ് വരുമാനദായകമായിട്ടുള്ളത്. ശേഷിക്കുന്ന 75 ശതമാനത്തോളം പദ്ധതികൾ റോഡുകൾ, പാലങ്ങൾ, സ്കൂളുകൾ, റെയിൽവെ ഓവർ ബ്രിഡ്ജുകൾ, ജലവിതരണം തുടങ്ങി വിവിധ മേഖലയിലെ സാമൂഹിക പ്രാധാന്യമുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികളാണ്. ഓരോ പദ്ധതികളുടെ തിരിച്ചടവ് സംബന്ധിച്ച കാലയളവ്, പലിശ നിരക്ക്, മൊറട്ടോറിയം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ അതത് പദ്ധതികളുടെ പ്രാധാന്യം, തിരിച്ചടവുശേഷി മറ്റ് വിശേഷഘടകങ്ങളെ അടിസ്ഥാനമാക്കി തീരുമാനിക്കപ്പെടുന്നതാണ്. കിഫ്ബിയുടെ എല്ലാ ധനസമാഹരണങ്ങളും പദ്ധതി അടിസ്ഥാനമാക്കിയുള്ളവയല്ല. വിവിധ സ്രോതസ്സുകളിലൂടെ വിവിധ പലിശ നിരക്കിൽ വിവിധ തിരിച്ചടവ് കാലാവധിയിൽ ലഭ്യമാക്കുന്ന പണമാണ് പദ്ധതികളിലേയ്ക്കായി നൽകുന്നത്. ഇത്തരത്തിൽ ആഭ്യന്തര ധനവിപണിയിൽനിന്നും സമാഹരിക്കുന്ന വിവിധ വായ്പകളുടെ ശരാശരി നിരക്കാണ് കിഫ്ബി വരുമാനദായകമായ പദ്ധതികളിൽനിന്ന് പരമാവധിയായി ഈടാക്കുക. തിരിച്ചടവുശേഷി കുറഞ്ഞ ചില പദ്ധതികളിൽ ആ നിലയ്ക്ക് കുറഞ്ഞ പലിശ നിരക്കാണ് ഈടാക്കുന്നത്.

കിഫ്ബിയുടെ വായ്പകളുടെ തിരിച്ചടവ് പ്രധാനമായും കിഫ് ആക്ട് പ്രകാരം ലഭിച്ചുവരുന്ന ആനുവിറ്റിയെ ആശ്രയിച്ചാണ്. നാളിതുവരെ 1367.27 കോടി രൂപ പദ്ധതികളിൽനിന്നുള്ള വരുമാനമായി ലഭിച്ചിട്ടുണ്ട്. കൂടുതൽ പദ്ധതികൾ മൊറട്ടോറിയം കാലാവധി പൂർത്തിയാക്കി തിരിച്ചടവ് തുടങ്ങുന്ന മുറയ്ക്ക് ഈ ഇനത്തിലുള്ള വരുമാനവും കൂടുന്നതാണ്.

(ബി) കിഫ്ബിയുടെ ആസ്തിയുടെ ഗ്രാഫ് ബാധ്യതയുടെ ഗ്രാഫിനേക്കാൾ ഉയർന്നാണോ നിൽക്കുന്നത്; ഇല്ലെങ്കിൽ വ്യത്യാസമെത്രയാണ്; നിയമത്തിൽ വ്യവസ്ഥ ചെയ്തപ്രകാരമുള്ള ആനുവിറ്റി സർക്കാർ കൃത്യമായി കിഫ്ബിക്ക് നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

കിഫ്ബിയുടെ ആസ്തിയുടെ ഗ്രാഫ് ബാധ്യതയുടെ ഗ്രാഫിനേക്കാൾ ഉയർന്നാണ് നിൽക്കുന്നത്. 31-03-2024-ലെ കണക്കുകൾപ്രകാരം കിഫ്ബിയുടെ ആസ്തിയും ബാധ്യതയും തമ്മിലുള്ള വ്യത്യാസം കോർപ്പസ് ഫണ്ടായ 3327 കോടി രൂപയാണ്. കിഫ്ബിയുടെ അസറ്റ്-ലയബിലിറ്റി മാനേജ്മെന്റ് സംവിധാനം നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അടുത്ത 10 വർഷക്കാലയളവിലെ കിഫ്ബിയുടെ വരവുകളും ചെലവുകളും ഡെബ്റ്റ് സർവീസ് കവറേജ് റേഷ്യോയും പ്രൊജക്ട് ചെയ്യുന്ന ചാർട്ട് അനുബന്ധമായി ചേർക്കുന്നു.+

നിയമത്തിൽ വ്യവസ്ഥ ചെയ്തപ്രകാരമുള്ള ആനുവിറ്റി സർക്കാർ കൃത്യമായി കിഫ്ബിക്ക് നൽകിവരുന്നുണ്ട്. കിഫ് ആക്ടപ്രകാരം മോട്ടോർ വെഹിക്കിൾ നികുതിയുടെ 50% വരെയും പെട്രോളിയം സെസ്സും കിഫ്ബിക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകേണ്ടതാണ്. ഇത് കുറവുകളൊന്നുംകൂടാതെ കിഫ്ബിക്ക് കൈമാറിയിട്ടുണ്ട്. 2016 മുതൽ 30-06-2024 വരെ ഈ ഇനത്തിൽ കിഫ്ബിക്ക് നൽകിയ തുകകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

മസാല ബോണ്ട് തുക

28(5897) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസാല ബോണ്ട് തുക തിരിച്ചടച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

2019 മാർച്ചിൽ മസാലാ ബോണ്ടിലൂടെ ലഭ്യമാക്കിയ 2150 കോടി രൂപ കിഫ്ബി 2024 മാർച്ചിൽ പൂർണ്ണമായും തിരിച്ചടച്ചു.

(ബി) എങ്കിൽ ഏത് അക്കൗണ്ടിലേയ്ക്കാണ് പ്രസ്തുത തുക നൽകിയതെന്ന് വ്യക്തമാക്കാമോ?

മസാലാ ബോണ്ടിന്റെ പേയിംഗ് ഏജന്റായ HSBC, Hong Kong-ന്റെ താഴെപ്പറയുന്ന അക്കൗണ്ടിലേയ്ക്കാണ് തുക അടച്ചത്.

Account With: MRMDUS33 HSBC Bank (USA), New York

Beneficiary Account: 000-0442-3

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇതുസംബന്ധിച്ച ലെഡ്ജർ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ലെഡ്ജർ രേഖകളുടെയും SWIFT മെസ്സേജിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

ഉണ്ണിക്കുളം ജി.യു.പി. സ്കൂളിന്റെ ഭൗതികസൗകര്യം മെച്ചപ്പെടുത്തൽ

29(5898) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉണ്ണിക്കുളം ജി.യു.പി. സ്കൂളിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബിയിൽനിന്നും ഒരു കോടി രൂപ അനുവദിച്ച പ്രവൃത്തികളിൽ ഇലക്ട്രിക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ധനാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഉണ്ണിക്കുളം ജി.യു.പി. സ്കൂളിന്റെ ഇലക്ട്രിക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ?

(എ-സി) ജി.യു.പി.എസ്. ഉണ്ണിക്കുളം സ്കൂളിന് 28-10-2020-ലെ ഉത്തരവ് നം.GED003-16/PE-3-PAD/2020/KIIFB പ്രകാരം, ഇലക്ട്രിക്കൽ പ്രവൃത്തികൾ ഉൾപ്പെടെ 99,75,156/- രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. തുടർന്ന് പദ്ധതിനിർവഹണ ഏജൻസിയായ കില ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 30-06-2021-ന് കരാർ നൽകി പ്രവൃത്തി ആരംഭിച്ചിരുന്നു. 5,21,717 രൂപയുടെ ഇലക്ട്രിക്കൽ പ്രവൃത്തികളുൾപ്പെടെ ആകെ 95,58,860.94/- രൂപയ്ക്കാണ് കരാർ നൽകിയത്. തുടർന്ന് 1,09,53,035.29/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് (5,72,350.49/- രൂപയുടെ ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് ഉൾപ്പെടെ) 04-05-2024-ന് കില കിഫ്ബിയിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ കിഫ്ബിക്ക് പരമാവധി അനുവദിക്കാവുന്ന തുകയിൽനിന്നും അധികമായി കണ്ടതിനാലും എസ്റ്റിമേറ്റിൽ പോരായ്മകളുണ്ടായിരുന്നതിനാലും

തിരുത്തലുകൾ വരുത്തുന്നതിനായി 17-06-2024-ന് ഫയൽ തിരികെ കിലയ്ക്ക് നൽകിയിട്ടുണ്ട്. തിരുത്തലുകൾ വരുത്തി എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുന്ന മുറയ്ക്ക് ആയത് കിഫ്ബിയിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിലെ കിഫ്ബി പദ്ധതികൾ

30(5899) ശ്രീ. എൻ. കെ. അക്ബർ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നിലവിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ഇവയ്ക്ക് അനുവദിച്ച ഫണ്ട് എത്രയാണെന്നും പ്രവൃത്തി തിരിച്ച് മണ്ഡലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ നാളിതുവരെ കിഫ്ബി മുഖേന നടപ്പാക്കാൻ അനുമതി ലഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.[+]

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കിഫ്ബിയിൽ തൃശ്ശൂർ ജില്ലയിലെ ഏതെല്ലാം പ്രവൃത്തികളുടെ പ്രൊപ്പോസൽ നിലവിലുണ്ടെന്ന വിവരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

നിലവിൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള തൃശ്ശൂർ ജില്ലയിലെ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

കിഫ്ബി പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിനായി ചെലവഴിച്ച തുക

31(5900) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷത്തിലും കിഫ്ബി പദ്ധതി മുഖേന പട്ടികജാതി വിഭാഗത്തിനായി ചെലവഴിച്ച തുക എത്രയെന്ന വിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

സംസ്ഥാന ബഡ്ജറ്റിലൂടെയോ കാബിനറ്റ് തീരുമാനപ്രകാരമോ കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികളാണ് കിഫ്ബി ഏറ്റെടുക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ ജനവിഭാഗങ്ങളുടെയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമഗ്ര ഉന്നമനത്തിനുതകുന്ന പദ്ധതികളാണ് കിഫ്ബി ഏറ്റെടുത്ത് നടപ്പാക്കിവരുന്നത്. എന്നിരുന്നാലും, സംസ്ഥാന പട്ടികജാതി വകുപ്പിനുകീഴിൽ 2016-17 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷത്തിലും കിഫ്ബി മുഖേന ചെലവഴിച്ച തുകയുടെ വർഷാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

കിഫ്ബി പട്ടികവർഗ വിഭാഗത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം

32(5901) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷത്തിലും കിഫ്ബി മുഖേന പട്ടികവർഗ വിഭാഗത്തിനായി എത്ര തുക ചെലവഴിച്ചെന്ന വിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

സംസ്ഥാന ബഡ്ജറ്റിലൂടെയോ കാബിനറ്റ് തീരുമാനപ്രകാരമോ കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികളാണ് കിഫ്ബി ഏറ്റെടുക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ ജനവിഭാഗങ്ങളുടെയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമഗ്ര ഉന്നമനത്തിനുതകുന്ന പദ്ധതികളാണ് കിഫ്ബി ഏറ്റെടുത്ത് നടപ്പാക്കിവരുന്നത്. എന്നിരുന്നാലും, സംസ്ഥാന പട്ടികവർഗ വകുപ്പിനുകീഴിൽ കിഫ്ബിമുഖേന നടപ്പാക്കിവരുന്ന പദ്ധതികൾക്ക് അനുവദിച്ച തുക, നിലവിലെ സ്ഥിതി, പദ്ധതികൾക്കായി ചെലവഴിച്ച തുക എന്നിവയുൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

കിഫ്ബി കരാറുകാർക്ക് നൽകാനുള്ള തുക

33(5902) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിക്കുവേണ്ടി നിർമ്മാണപ്രവൃത്തികൾ നടത്തിയ കരാറുകാർക്ക് നൽകാനുള്ള തുക അനുവദിച്ചുനൽകുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

വിശദാംശം നൽകുമോ?

(എ&ബി) കിഫ്ബി പദ്ധതികളുടെ നടത്തിപ്പ് ചുമതല ഭരണ വകുപ്പ് നിയോഗിക്കുന്ന പദ്ധതിനിർവഹണ ഏജൻസികൾക്കാണ്. കിഫ്ബിയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനാനുമതി ലഭിച്ചതിനുശേഷം പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ച് കരാറുകാരെ കണ്ടെത്തി അവരുമായി കരാറിലേർപ്പെട്ട് പദ്ധതികൾ സമയബന്ധിതമായും ഗുണനിലവാരത്തോടെയും പൂർത്തിയാക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം പദ്ധതിനിർവഹണ ഏജൻസികളിൽ നിക്ഷിപ്തമാണ്. ഇതോടൊപ്പംതന്നെ പദ്ധതി നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ കരാറുകാർ സമർപ്പിക്കുന്ന ബില്ലുകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി അവ പാസ്സാക്കുന്ന ഉത്തരവിനോടൊപ്പം കിഫ്ബിയിൽ സമർപ്പിക്കേണ്ട ഉത്തരവാദിത്വവും പദ്ധതിനിർവഹണ ഏജൻസികൾക്കുണ്ട്. ഇപ്രകാരം കിഫ്ബിയുടെ ഓൺലൈൻ പോർട്ടലിൽ ലഭ്യമാകുന്ന ബില്ലുകൾ കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്നത് ഉറപ്പുവരുത്തി പണം കരാറുകാരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകുന്ന രീതിയാണ് കിഫ്ബി പിന്തുടരുന്നത്. ഈ പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ മാർഗങ്ങൾ അവലംബിച്ച് നടപ്പാക്കിവരുന്നുണ്ട്. കൂടാതെ, കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള ബില്ലുകളുടെ തൽസ്ഥിതി ചീഫ് എക്സിക്യൂട്ടീവ്

ഓഫീസർതലത്തിൽ ആഴ്ചകൾതോറും വിലയിരുത്തുകയും യാതൊരുവിധത്തിലുള്ള കാലതാമസവും ഇക്കാര്യത്തിലുണ്ടാവുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള ബില്ലുകൾ പരിശോധിച്ച് അംഗീകാരം നൽകിയശേഷവും പണം നൽകാനാവാത്ത സാഹചര്യത്തിൽ മാത്രമേ അവ കുടിശ്ശികയായി കണക്കാക്കാനാവൂ.

(സി) കരാറുകാർക്ക് കുടിശ്ശിക വരുത്തിയത് കിഫ്ബി പദ്ധതികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്നും കുടിശ്ശികത്തുക തീർത്തുനൽകാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ വിവേചനാപൂർണ്ണമായ നടപടികളുടെ ഫലമായി സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതിൽ യാതൊരുവിധ വിട്ടുവീഴ്ചയും സർക്കാർ വരുത്തിയിട്ടില്ല. നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയ കരാറുകാർക്ക് കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമായി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി പണം നൽകിവരുന്നുണ്ട്.

കിഫ്ബിമുഖേന പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ നാടിനുതകുംവിധം എത്രയുംവേഗം പൂർത്തിയാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

മങ്കടയിലെ ആസ്തി വികസന, പ്രത്യേക വികസന പദ്ധതികളിലെ ടെൻഡർ സേവിംഗ്സ്

34(5903) ശ്രീ. മഞ്ഞളാംകുഴി അലി: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിലും പ്രത്യേക വികസന നിധിയിലും ടെൻഡർ സേവിംഗ്സ് ഇനത്തിൽ 2020-21 സാമ്പത്തിക വർഷത്തിനുശേഷം ലഭ്യമായ തുക വർഷം തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ മാനദണ്ഡപ്രകാരം ലഭ്യമായ തുകയിൽ വിനിയോഗിക്കാൻ കഴിയുന്ന തുകയും പദ്ധതികളുടെ എണ്ണവും ലഭ്യമാക്കുമോ?

(എ&ബി) പ്രത്യേക വികസന നിധിയിൽ ടെൻഡർ സേവിംഗ്സ് അനുവദിക്കാറില്ല. 2020-21 സാമ്പത്തിക വർഷത്തിനുശേഷം മങ്കട മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ ലഭ്യമായ ടെൻഡർ സേവിംഗ്സ് തുക ചുവടെ ചേർക്കുന്നു.

2021 - 2022 - 0

2022 - 2023 - 25,77,476 /-

2023 - 2024 - 14,08,750/-

ടി തുക 04-08-2018-ലെ ജി.ഒ.(പി)119/2018/ധന., 17-12-2022-ലെ ജി.ഒ.(പി)145/2022/ധന. ഉത്തരവുകളിലെ മാനദണ്ഡപ്രകാരം അനുവദനീയമായ പ്രവൃത്തികൾക്ക് വിനിയോഗിക്കാവുന്നതാണ്.

ഭരണാനുമതി നൽകുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കാൻ നടപടി

35(5904) ശ്രീ. ലിന്റോ ജോസഫ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ഭരണാനുമതി ലഭിക്കുന്നതിനും നിലവിൽ ഏതൊക്കെ സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് കാലാവധി നീട്ടിനൽകിയിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡല ആസ്തിവികസന പദ്ധതിപ്രകാരം ശിപാർശകൾ സമർപ്പിക്കുന്നതിനും ഭരണാനുമതി

പുറപ്പെടുവിക്കുന്നതിനുമുള്ള സമയപരിധി 2024 മാർച്ച് 31 വരെ ദീർഘിപ്പിച്ചുകൊണ്ട് 27-02-2024-ലെ സ.ഉ.(സാധാ)നം.1856/2024/ധന., പ്രകാരം ഉത്തരവായിട്ടുണ്ട്. ടി സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) 2023-24 സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് കാലാവധി നീട്ടിനൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

2020-21 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് കാലാവധി നീട്ടിനൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട എം.എൽ.എ.-മാർ സമർപ്പിച്ചിട്ടുള്ള ശിപാർശകൾ ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

കോങ്ങാട് മണ്ഡലത്തിലെ ടെൻഡർ സേവിംഗ്സ്

36(5905) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2015-16 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കോങ്ങാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിപ്രകാരമുള്ള ടെൻഡർ സേവിങ്സ് എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

ആസ്തി വികസന പദ്ധതി മാർഗനിർദേശപ്രകാരം 2017-18 മുതലാണ് ടെൻഡർ സേവിങ്സിന് പ്രാബല്യമുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 1,04,52,869/- രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ 6,36,370/- രൂപയും ടെൻഡർ സേവിങ്സ് തുകയായുണ്ട്. 2018-19, 2020-21 സാമ്പത്തിക വർഷങ്ങളിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടില്ലാത്തതിനാൽ ടെൻഡർ സേവിങ്സ് കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.

നാദാപുരം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ

37(5906) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ കരാറുകാർ വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നാദാപുരം മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ കരാറുകാർ വൈകിപ്പിക്കുന്നത് സംബന്ധിച്ച് പരാതികളോ റിപ്പോർട്ടുകളോ ഈ വകുപ്പിൽ ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത ഫണ്ടുപയോഗിച്ച് നിലവിൽ നടന്നുവരുന്നതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

2023-24 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമായതും നിലവിൽ നടന്നുവരുന്നതുമായ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.[+]

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും സ്കൂളുകൾക്ക് വാഹനം അനുവദിക്കാൻ നടപടി

38(5907) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ നാളിതുവരെ കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളാണ് ആസ്തി വികസന ഫണ്ടുപയോഗിച്ച് വാഹനങ്ങൾ വാങ്ങാൻ പ്രൊപ്പോസലുകൾ നൽകിയതെന്നും അതിൽ ഭരണാനുമതി ലഭിച്ച സ്കൂളുകളുടെ വിവരം, വർഷം, തുക എന്നിവ തിരിച്ച് വിശദാംശം നൽകാമോ;

2016-17, 2017-18, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ കാഞ്ഞങ്ങാട് എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി സ്കൂളുകൾക്ക് ബസ് വാങ്ങിയിട്ടില്ല.

മറ്റ് സാമ്പത്തിക വർഷങ്ങളിൽ ബസ്സുകൾ വാങ്ങിയതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഭരണാനുമതി ലഭിച്ചിട്ടും വാഹനങ്ങൾ ലഭിക്കാത്ത വിദ്യാലയങ്ങളുണ്ടോ; എങ്കിൽ വിദ്യാലയം തിരിച്ച് കാരണങ്ങൾ വിശദമാക്കാമോ?

പ്രസ്തുത പദ്ധതിപ്രകാരം ഭരണാനുമതി ലഭിച്ചിട്ടും വാഹനങ്ങൾ ലഭിക്കാത്ത വിദ്യാലയങ്ങളില്ല.

(സി) പ്രസ്തുത പദ്ധതിപ്രകാരം അനുവദിച്ച വാഹനങ്ങൾക്ക് പണം നൽകുന്നതിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എപ്പോൾ കുടിശ്ശിക തീർക്കാൻ കഴിയുമെന്നറിയിക്കാമോ?

പ്രസ്തുത പദ്ധതിപ്രകാരം അനുവദിച്ച വാഹനങ്ങൾക്ക് പണം നൽകുന്നതിൽ കുടിശ്ശികയില്ല.

കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി പ്രവൃത്തികൾ

39(5909) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ 2017-18 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന പദ്ധതി, പ്രത്യേക

വികസനനിധി എന്നിവ ഉപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയിൽ ഇനിയും പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വർഷം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചവ ഏതൊക്കെയെന്നും ഭരണാനുമതി നൽകിയ തുകയും ടെൻഡർ ചെയ്ത തുകയും എത്രയെന്നും വ്യക്തമാക്കുമോ?

(എ&ബി) കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ 2017-18 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ, പ്രത്യേക വികസനനിധിയിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.+

(സി) 2017-18 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ടെൻഡർ സേവിങ്സ് തുക എത്രയാണെന്ന് സാമ്പത്തിക വർഷം തിരിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിക്കാമോ; പ്രസ്തുത സേവിങ്സ് തുകകൾ ഉപയോഗിച്ച് ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നതെന്നും വിശദമാക്കാമോ?

മാർഗനിർദേശപ്രകാരം, പ്രത്യേക വികസനനിധിയിലെ ടെൻഡർ സേവിങ്സ് ഉപയോഗിച്ച് പ്രവൃത്തികൾ നടപ്പാക്കാൻ സാധിക്കില്ല. 2017-18 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന നിധിയിലുൾപ്പെടുത്തിയ എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടില്ലെന്നതിനാൽ, അതത് വർഷങ്ങളിലെ ടെൻഡർ സേവിങ്സ് ജില്ലാ ഭരണകൂടം കണക്കാക്കിയിട്ടില്ല.

കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ ടെൻഡർ സേവിങ്സ്

40(5910) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 2017-18, 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ ടെൻഡർ സേവിങ്സ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

സാമ്പത്തിക വർഷം	ടെൻഡർ സേവിങ്സ് തുക
2017-18	₹26,83,156.51/-
2018-19	₹22,78,899.31/-
2019-20	₹8,13,759.01/-
2020-21	₹56,08,049.06/-

ആസ്തി വികസന നിധിയിലെ ടെൻഡർ സേവിങ്സ്

41(5911) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസനനിധി ആരംഭിച്ചതുമുതൽ ഇതുവരെ കാസർഗോഡ് ജില്ലയിൽ കണ്ടെത്തിയ ടെൻഡർ സേവിങ്സ് തുക എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

എം.എൽ.എ. ആസ്തി വികസന നിധി ആരംഭിച്ചതുമുതൽ കാസർഗോഡ്, കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ നിയോജകമണ്ഡലങ്ങളിൽ നാളിതുവരെ ടെൻഡർ സേവിങ്സ് കണക്കാക്കിയിട്ടില്ല. ഉദുമ നിയോജക മണ്ഡലത്തിൽ 2017-18 മുതൽ 2020-21 വരെയുള്ള ടെൻഡർ സേവിങ്സ് തുക 1,40,49,615 /- രൂപയും മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ 2017-18 മുതൽ

2019-20 വരെയുള്ള ടെൻഡർ സേവിങ്സ് തുക 1,70,74,684/- രൂപയുമാണ്. ഉദുമ നിയോജകമണ്ഡലത്തിൽ 2021-22 മുതൽ നാളിതുവരെയും മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ 2020-21 മുതൽ നാളിതുവരെയുമുള്ള ടെൻഡർ സേവിങ്സ് തുക കണക്കാക്കിയിട്ടില്ല.

(ബി) പ്രസ്തുത തുക ഏതെല്ലാം പ്രവൃത്തികൾക്ക് വിനിയോഗിച്ചുവെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

ടെൻഡർ സേവിങ്സ് തുക ഉപയോഗിച്ച പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.+

നാദാപുരം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ ടെൻഡർ സേവിങ്സ്

42(5912) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷംവരെ ആസ്തി വികസന ഫണ്ടുപയോഗിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തിയ പ്രവൃത്തികളിൽ എത്ര തുക ടെൻഡർ സേവിങ്സുണ്ടെന്ന് വിശദമാക്കാമോ?

സാമ്പത്തിക വർഷം	ടെൻഡർ സേവിങ്സ് തുക
2021-22	₹ 1,56,850/-
2022-23	₹ 4,91,498/-
2023-24	₹ 1,72,933/-

(ബി) പ്രസ്തുത ടെൻഡർ സേവിങ്സിൽ എത്ര തുക നടപ്പ് സാമ്പത്തിക വർഷം വിനിയോഗിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

മേൽ ടെൻഡർ സേവിങ്സ് തുക കണക്കാക്കിയ വർഷങ്ങളിലെ നിരവധി പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. ആയതിനാൽ ഈ സാമ്പത്തിക വർഷങ്ങളിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര തുക വിനിയോഗിക്കാൻ കഴിയുമെന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

ആസ്തി വികസന ഫണ്ട് ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

43(5913) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതിപ്രകാരം പ്രവൃത്തികൾ ചെയ്ത കരാറുകാരുടെ ബില്ലുകൾ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ മതിയായ ഫണ്ടില്ലാത്തതുകാരണം തടഞ്ഞുവച്ചിട്ടുണ്ടോ; പ്രസ്തുത ഓഫീസിൽ ബില്ല് പരിശോധിക്കാൻ അനാവശ്യ കാലതാമസം നേരിടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) 2021-22, 2022-23 , 2023-24 എന്നീ വർഷങ്ങളിൽ ധനകാര്യ വകുപ്പ് ആസ്തി വികസന ഫണ്ടിനായി ബഡ്ജറ്റിൽ നീക്കിവച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; അതിൽ ചെലവഴിച്ച തുകയുടെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഫണ്ടില്ലെന്ന കാരണത്താൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ കരാറുകാരുടെ ബില്ലുകൾ തടഞ്ഞുവയ്ക്കുന്നതുമൂലം ആസ്തി വികസന പദ്ധതിയുടെ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ വിമുഖത

കാണിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കൃത്യസമയത്ത് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) മറ്റ് പദ്ധതികളിൽ അനുവദിക്കുന്നതുപോലെ ആസ്തി വികസന പദ്ധതിയിൽ ടെൻഡർ എക്സസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; ടെൻഡർ എടുത്തതുകാരണം കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാൻ വിമുഖത കാട്ടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെൻഡർ എക്സസ്/ ടെൻഡർ സേവിങ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ടാകുന്ന ടെൻഡർ എക്സസ്/ടെൻഡർ സേവിങ്സ് ആ വർഷത്തെ പരമാവധി അഞ്ചുകോടി രൂപയിൽ കണക്കാക്കി കൂടുതൽ/കുറവ് വരുന്ന തുക അടുത്ത വർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ഒരു സാമ്പത്തിക വർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും

ടെൻഡർ എക്സസ്/ടെൻഡർ സേവിങ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. ടെൻഡർ എക്സസ്സാണ് വരുന്നതെങ്കിൽ ആയത് അടുത്ത സാമ്പത്തിക വർഷത്തെ 5 കോടി രൂപയിൽനിന്ന് കുറവ് ചെയ്യുന്നതിന് ബന്ധപ്പെട്ട എം.എൽ.എ.-യുടെ അനുമതി വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത എക്സസ് തുക അതത് ഗുണഭോക്തൃ വകുപ്പിന്റെ ഫണ്ടിൽനിന്നും വഹിക്കേണ്ടതാണ്.

(ഇ) കടുത്തുരുത്തി മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിലുൾപ്പെട്ട മുളക്കുളം പഞ്ചായത്തിലെ രാമവർമ്മ എൽ.പി. സ്കൂൾ, സെന്റ് ആന്റണീസ് എൽ.പി. സ്കൂൾ എന്നിവയുടെ ബില്ലുകൾ കഴിഞ്ഞ 10 മാസമായി എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ തടഞ്ഞുവച്ചിരിക്കുന്നത് റിലീസ് ചെയ്ത് കരാറുകാരന് ബിൽ തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചു വരുന്നു.

ആസ്തി വികസന ഫണ്ടിലുൾപ്പെട്ട പ്രവൃത്തികളുടെ ഭരണാനുമതി

44(5914) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നുമുള്ള തുക ഉപയോഗിച്ച് വിവിധ പ്രവൃത്തികൾക്ക് ഭരണാനുമതി നേടുന്നതിനായി നിശ്ചയിച്ചിരുന്ന അവസാന തീയതി എന്നാണെന്ന് അറിയിക്കുമോ?

2022-23 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിപ്രകാരം ശിപാർശകൾ സമർപ്പിക്കുന്നതിനും ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുമുള്ള സമയപരിധി 2024 മാർച്ച് 31 വരെ ദീർഘിപ്പിച്ചുകൊണ്ട് സ.ഉ.(സാധാ)നം.1856/2024/ധന., തീയതി 27-02-2024 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(ബി) 2024-ലെ ലോക്സഭാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പ്രസ്തുത തീയതിക്കുമുമ്പായി ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് കഴിഞ്ഞിരുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത സാഹചര്യത്തിൽ 2022-23-ലെ ആസ്തി വികസന ഫണ്ടിൽ നിന്നുമുള്ള തുക ഉപയോഗിച്ച് ഭരണാനുമതി നേടുന്നതിനായി സമയം നീട്ടിനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) 2024-ലെ ലോക്സഭാ പെരുമാറ്റചട്ടം 2024 മാർച്ച് 16 മുതൽ 2024 ജൂൺ 06 വരെയായിരുന്നു. ആയതിനാൽ 2022-23-ലെ ശിപാർശകൾക്ക് മാർച്ച് 16 മുതൽ 31 വരെയുള്ള കാലയളവിൽ പുതിയ ഭരണാനുമതി പുറപ്പെടുവിക്കാൻ സാധിച്ചിരുന്നില്ല. 2023-24 വരെയുള്ള സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് കാലാവധി നീട്ടിനൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട എം.എൽ.എ.-മാർ നിർദേശം സമർപ്പിച്ചിട്ടുണ്ട്. ആയത് ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

സ്കൂൾ ബസ്സുകൾക്ക് തുക അനുവദിക്കുന്നതിന് നടപടി

45(5915) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപ്രകാരം അനുവദിച്ചുനൽകുന്ന സ്കൂൾ ബസ്സുകൾക്ക് ധനകാര്യ വകുപ്പിൽനിന്നും ഫണ്ട്

അലോട്ട് ചെയ്യ ലഭിക്കാത്തതിനാൽ പ്രവൃത്തി നടപ്പാക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി ഫണ്ട് അലോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആസ്തി വികസന പദ്ധതിപ്രകാരം സ്കൂൾ ബസ്സ് വാങ്ങുന്നതിന് 4202-01-800-84-Projects under LAC Ads - (NP) എന്ന ശീർഷകത്തിലാണ് തുക വകയിരുത്തിയിട്ടുള്ളത്. നടപ്പ് സാമ്പത്തികവർഷം 10 കോടി രൂപ (പത്ത് കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. ഭരണ വകുപ്പിൽ നിന്നും ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് ടി ശീർഷകത്തിൽനിന്നും തുക അനുവദിക്കുന്നതിന് ധനവകുപ്പ് അനുമതി നൽകിവരുന്നുണ്ട്.

കേന്ദ്ര ബജറ്റിനു മുന്നോടിയായി സംസ്ഥാനം ഉന്നയിച്ച വിഷയങ്ങൾ

46(5916) ശ്രീ. എം. വിജിൻ: സർ, താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ കേന്ദ്ര ബഡ്ജറ്റുമായി ബന്ധപ്പെട്ട് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി വിളിച്ച യോഗത്തിൽ സംസ്ഥാന സർക്കാർ മുഖ്യമായും ആവശ്യപ്പെട്ട വിഷയങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തെ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ ബഡ്ജറ്റിനുമുന്നോടിയായി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി വിളിച്ചുചേർത്ത പ്രീ ബഡ്ജറ്റ് യോഗത്തിൽ സംസ്ഥാന സർക്കാർ ഉന്നയിച്ച പ്രധാനപ്പെട്ട വിഷയങ്ങളുടെയും ആവശ്യങ്ങളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

ധനകാര്യ വകുപ്പിലെ താൽക്കാലിക/കരാർ നിയമനങ്ങൾ

47(5917) ശ്രീ. ടി. സിദ്ദിഖ്: സർ, താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/ കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതെല്ലാം തസ്തികകളിലാണ് അപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേല്പറഞ്ഞപ്രകാരം നിയമിതരായവർക്ക് വേതനം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി 2024 മെയ് മാസം അനുവദിച്ച ആകെ തുക എത്രയാണെന്നും വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലുമായി ആകെ 246 താൽക്കാലിക/ കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ചുവടെ ചേർത്തിട്ടുള്ള തസ്തികകളിലായാണ് പ്രസ്തുത നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

ക്രമ നം.	തസ്തിക	എണ്ണം
1.	Class IV	1
2.	Special Messenger	1
3.	Technical Support	4
4.	Programmer	2
5.	Casual sweeper	65
7.	Data Entry Operator	5
8.	Driver	9
9.	Master Trainer	6
10.	Junior Programmer	1
11.	Medical officer	1
12.	Insurance expert	1
13.	Manager (monitering and evaluation)	1
14.	Assistant manager (monitering and evaluation)	1
15.	Assistant manager (accounts)	1
16.	Office attendant	29
17.	Junior accountant	2
18.	Security staff	1

19.	Driver-cum-office attendant	62
20.	Night watchman	4
21.	JAVA/J2EE Developer	1
22.	Credit Officer	8
23.	Marketing Executive	13
24.	Project Manager	1
25.	Accounts Executive	10
26.	Service Engineer	1
27.	Office Executive	3
28.	Legal Advisor	5
29.	Technical advisor	4
30.	Zonal Nodal Officer	3

മേല്പറഞ്ഞപ്രകാരം നിയമിതരായവർക്ക് വേതനം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി 2024 മെയ് മാസം ആകെ 48,38,970/- (നാൽപ്പത്തിയെട്ട് ലക്ഷത്തി മുപ്പത്തെണ്ണായിരത്തി തൊള്ളായിരത്തി എഴുപത് രൂപ മാത്രം) തുക അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റ് നിയമനങ്ങൾക്കായി

അവലംബിച്ച രീതി ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 56 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. കുടുംബശ്രീയിൽനിന്നും കാഷ്വൽ സ്വീപ്പർമാരെയും KEXCON എന്ന ഏജൻസിയിൽനിന്നും സെക്യൂരിറ്റി സ്റ്റാഫിനെയും കരാറടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്. മറ്റ് നിയമനങ്ങൾ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ വിവിധ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തി, എഴുത്ത് പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തിയും അടിയന്തര സാഹചര്യങ്ങളിലുള്ള നിയമനം വകുപ്പുമേധാവിയുടെ അനുമതിയോടെ നേരിട്ട് നടത്തിയിട്ടുള്ളതുമാണ്.

ഓണറേറിയം കുടിശ്ശിക

48(5918) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴുവന്നൂർ യു.പി. സ്കൂളിൽ അധ്യാപികയായി നിയമിക്കപ്പെട്ട ശ്രീമതി സിൽജ സി. കെ.-യുടെ നിയമനം കോലഞ്ചേരി എ.ഇ.ഒ.

അംഗീകരിച്ചിട്ടുള്ളതും പ്രസ്തുത വ്യക്തിക്ക് ഓണറേറിയം കുടിശ്ശിക കിട്ടുന്നതിനുള്ള അപേക്ഷ എ.ഇ.ഒ. വഴി ഡി.ജി.ഇ.-ൽ സമർപ്പിക്കുകയും ഡി.ജി.ഇ.-ൽനിന്നും സമാന കേസുകൾ പരിഗണിച്ചുകൊണ്ട് ധനകാര്യ വകുപ്പിലേയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനായി നൽകിയിട്ടുമുള്ള ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മഴുവന്നൂർ യു.പി. സ്കൂളിൽ അധ്യാപികയായി നിയമിക്കപ്പെട്ട ശ്രീമതി സിൽജ സി.കെ.-യുടെ ഓണറേറിയം കുടിശ്ശിക അനുവദിക്കുന്നതിന് മാത്രമായി ഒരു ഫയൽ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല. എന്നാൽ പി.ടി.എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അധ്യാപകർക്കും ആയമാർക്കും ഹോണറേറിയം നൽകുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C) No.35190/2023 കേസിൽ ബഹുമാനപ്പെട്ട കോടതിയുടെ വിധിന്യായം പാലിച്ചുകൊണ്ട് ഓണറേറിയം കുടിശ്ശിക വിതരണം ചെയ്യുന്നതിനായി തുക അനുവദിക്കണമെന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ ഓണറേറിയം കുടിശ്ശിക വിതരണം ചെയ്യുന്നതിനായി ഭരണവകുപ്പ് ആവശ്യപ്പെട്ട തുകയായ 7,80,000/- രൂപ

അനുവദിച്ചുകൊണ്ട് ഉത്തരവാകുകയും പ്രസ്തുത ഫയൽ 27-05-2024-ൽ തിരികെ നൽകിയിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത ഓണറേറിയം കുടിശ്ശിക അടിയന്തരമായി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ബാധകമല്ല.

ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

49(5919) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ലഭ്യമായിട്ടുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) സർക്കാർ ജീവനക്കാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നിലവിൽ ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും LIC-HFL, DHFL തുടങ്ങിയ നോൺ ബാങ്കിംഗ് ഫിനാൻസ് കോർപ്പറേഷനുകളും വഴിയാണ് സർക്കാർ ജീവനക്കാർ ഭവനവായ്പ കരസ്ഥമാക്കുന്നത്.

(സി) പ്രസ്തുത കാലയളവിൽ സർക്കാർ ജീവനക്കാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് മുഖേന വിവിധ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും നൽകിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും സർക്കാർ ജീവനക്കാർക്ക് നൽകിയിട്ടുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസിന് സർക്കാർ നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന പലിശയിളവ് എത്രയാണെന്ന വിവരം അറിയിക്കാമോ?

(ഇ) ഇപ്രകാരം സർക്കാർ ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസിന് പ്രസ്തുത കാലയളവിൽ പലിശയിളവ് ഇനത്തിൽ സർക്കാർ നൽകിയ ആകെ തുക എത്രയാണെന്ന വിവരം ലഭ്യമാക്കാമോ?

(ഡി&ഇ) ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും സർക്കാർ ജീവനക്കാർക്ക് നൽകുന്ന ഹൗസ് ബിൽഡിംഗ് അഡ്വാൻസിന് 3.25% പലിശയിളവ് നൽകണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പലിശയിളവ് നൽകിത്തുടങ്ങിയിട്ടില്ല.

പങ്കാളിത്ത പെൻഷൻ പദ്ധതി

50(5920) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിലെ പ്രകടന പത്രികയിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നിർത്തലാക്കുമെന്ന് നൽകിയ വാഗ്ദാനം പാലിക്കപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക/നിയമവശങ്ങളുൾപ്പെടെ വിവിധ വിഷയങ്ങൾ

പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ നിയമിച്ച സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 01-11-2023-ലെ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനകാര്യ വകുപ്പുമന്ത്രി, നിയമ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി എന്നിവരുൾപ്പെട്ട സമിതിയെ ചുമതലപ്പെടുത്തി 02-11-2023-ൽ സ.ഉ.(അ)നം.110/2023/ധന., ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

പങ്കാളിത്ത പെൻഷൻകാർക്കുള്ള ആശ്വാസധനം

51(5921) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ജീവനക്കാരൻ സർവീസിലിരുന്ന് മരണപ്പെട്ടാൽ കുടുംബത്തിന് ജീവനക്കാരന്റെ അവസാന ശമ്പളം ആശ്വാസധനമായി അനുവദിക്കാൻ 2012-ൽ മന്ത്രിസഭ തീരുമാനമെടുത്തിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) 2012-ലെ മന്ത്രിസഭാ തീരുമാനം തിരുത്തിക്കൊണ്ട് 2016-ൽ തീരുമാനമെടുത്തിരുന്നോ; എങ്കിൽ അതിന്റെ കാരണമെന്താണ്; ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-സി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാരൻ സർവീസിലിരിക്കെ മരണമടയുന്ന സാഹചര്യത്തിൽ ടിയാൻ അവസാനം വാങ്ങിയ ശമ്പളത്തിന് തുല്യമായ തുക ആശ്രിതർക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനായി 26-12-2012-ൽ മന്ത്രിസഭ തീരുമാനം കൈക്കൊള്ളുകയും ഉത്തരവ് പുറപ്പെടുവിക്കാൻ ധനവകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചതിനെത്തുടർന്ന് സർക്കാരിന്റെ സാമ്പത്തികസ്ഥിതികൂടി പരിഗണിച്ചുകൊണ്ട് ഇതേ വിഷയം 25-08-2016-ലെ മന്ത്രിസഭയ്ക്ക് സമർപ്പിക്കുകയും സഭാതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാരൻ സർവീസിലിരിക്കെ

മരണമടയുന്ന സാഹചര്യത്തിൽ ടിയാൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30 ശതമാനം ആശ്വാസ ധനസഹായമായി അനുവദിക്കുന്നതിന് 31-08-2016-ലെ സ.ഉ.(അ)126/2016/ധന. പ്രകാരം ഉത്തരവാകുകയും ചെയ്തു.

(ഡി) 2012-ൽ മന്ത്രിസഭാ തീരുമാനം കൈക്കൊണ്ട ഫയലിൽത്തന്നെയാണോ 2016-ലും തീരുമാനമെടുത്തതെന്ന് അറിയിക്കാമോ?

അതെ.

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മിഷൻ

52(5922) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്കരണ കമ്മിഷൻ അവരുടെ ആശ്രിതർക്ക് ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സേവനത്തിലിരിക്കെ 31-05-2021 വരെയുള്ള കാലയളവിൽ മരണമടഞ്ഞ ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശിക പ്രസ്തുത ജീവനക്കാരുടെ ആശ്രിതർക്ക് ഒറ്റത്തവണയായി അനുവദിച്ചുകൊണ്ട് 19-12-2023-ലെ സ.ഉ.(അ) നം. 121/2023/(46)/ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 31-5-2021-നുശേഷം മരണമടഞ്ഞ ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്കരണ കുടിശ്ശിക അവരുടെ ആശ്രിതർക്ക് അനുവദിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്കരണ കുടിശ്ശിക അവരുടെ ആശ്രിതർക്ക് അനുവദിച്ചുനൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) 31-05-2021-നുശേഷം മരണമടഞ്ഞ ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശിക അവരുടെ ആശ്രിതർക്ക് അനുവദിച്ചുനൽകുന്ന വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ലീവ് സറണ്ടർ ബിൽ മാറി നൽകാൻ നടപടി

53(5923) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം എൽ.എ. റെയിൽവെ ഓഫീസിലെ ജീവനക്കാരായ ശ്രീ. ജോബിൻസൺ, ശ്രീ. സജിമോൻ എന്നിവരുടെ 2022-2023 സാമ്പത്തിക വർഷത്തിലെ ലീവ് സറണ്ടർ ചെയ്ത് പി.എഫ്.-ൽ ലയിപ്പിക്കുന്നതിന് ക്രെഡിറ്റിൽനിന്ന് ലീവുകൾ കുറച്ച് നടപടിക്രമം തയ്യാറാക്കി ഓൺലൈനായി ബിൽ കോട്ടയം ജില്ലാട്രഷറിയിൽ സമർപ്പിച്ചെങ്കിലും നാളിതുവരെ മാറി നൽകാത്തതിനുകാരണം വ്യക്തമാക്കാമോ?

25-02-2023-ലെ സ.ഉ.(പി) നം. 20/2023/ധന. പ്രകാരം ലീവ് സറണ്ടറിന്റെ എല്ലാ നടപടിക്രമങ്ങളും 31-03-2023-നകം പൂർത്തീകരിക്കേണ്ടതാണെന്നും ബില്ലുകൾ 01-04-2023-നുശേഷം മാത്രം ട്രഷറികളിൽ സമർപ്പിക്കേണ്ടതാണെന്നും ഉത്തരവായിരുന്നു. എന്നാൽ കോട്ടയം എൽ.എ. റെയിൽവേ ഓഫീസിലെ ജീവനക്കാരായ

ശ്രീ. ജോബിൻസൺ, ശ്രീ. സജിമോൻ എന്നിവരുടെ 2022-23 സാമ്പത്തിക വർഷത്തിലെ ലീവ് സറണ്ടർ പി.എഫ്.-ൽ ലയിപ്പിക്കുന്നതിനുള്ള ബിൽ, മേൽ നടപടിക്രമങ്ങൾ പാലിച്ച് ബന്ധപ്പെട്ട DDO കോട്ടയം ജില്ലാ ട്രഷറിയിൽ ഓൺലൈനായി സമർപ്പിച്ചിട്ടില്ല. ഫിസിക്കൽ കോപ്പിയും ട്രഷറിയിൽ സമർപ്പിച്ചിട്ടില്ല.

(ബി) 08-06-2023-ലെ ജി.ഒ.(ആർ.റ്റി.) നം. 2172/2023/ആർ.ടി. പ്രകാരം എൽ.എ. ഓഫീസിന് തുടർച്ചാനുമതിയുള്ളതിനാൽ ലീവ് സറണ്ടർ ബിൽ അടിയന്തരമായി മാറിനൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മുൻ സാമ്പത്തിക വർഷത്തെ ലീവ്സറണ്ടർ ആനുകൂല്യം നിലവിൽ മാറി നൽകാൻ വ്യവസ്ഥയില്ലാത്തതാണ്.

(സി) പ്രസ്തുത ലീവ് സറണ്ടർ ബിൽ മാറി നൽകുന്നതിന് മറ്റെന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

കോട്ടയം എൽ.എ. റെയിൽവെ ഓഫീസിലെ ജീവനക്കാരായ ശ്രീ. ജോബിൻസൺ, ശ്രീ. സജിമോൻ എന്നിവരുടെ 2022-2023

സാമ്പത്തിക വർഷത്തെ ലീവ് സറണ്ടർ പി.എഫ്.-ൽ ലയിപ്പിക്കുന്നതിനുള്ള ബിൽ 2024-25 സാമ്പത്തിക വർഷത്തിൽ പാസ്സാക്കി നൽകാൻ കഴിയുകയില്ല.

മെഡിസെപ് പദ്ധതി

54(5924) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിൽ ഏതൊക്കെ ആശുപത്രികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ഏതൊക്കെ ചികിത്സയാണുള്ളതെന്നും വിശദവിവരം ലഭ്യമാക്കാമോ?

മെഡിസെപ്പ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളും അവിടെ ലഭ്യമാകുന്ന ചികിത്സാ വിഭാഗങ്ങളുടെ വിശദവിവരവും മെഡിസെപ്പ് വെബ്സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടാത്ത ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്നവർക്ക് മെഡിസെപ്പ് ആനുകൂല്യം ലഭിക്കാതിരിക്കുമ്പോൾ പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ ഒപ്പുവച്ച ധാരണപത്രം (MoU) പ്രകാരം പുറപ്പെടുവിച്ച 17-02-2023-ലെ 18/2023/ധന. സർക്കുലർ സംബന്ധിച്ച നിബന്ധനകൾ പുതുക്കി പുറപ്പെടുവിച്ച 05-01-2024-ലെ 01/2024/ധന. സർക്കുലറിലെ നിബന്ധനകളനുസരിച്ച് വാഹനാപകടം, പക്ഷാഘാതം, ഹൃദയാഘാതം എന്നീ അടിയന്തര സാഹചര്യങ്ങളിൽ മാത്രം മെഡിസെപ്പ്-ൽ എംപാനൽ ചെയ്യപ്പെട്ടിട്ടില്ലാത്ത ആശുപത്രികളിൽ ചെയ്യുന്ന അടിയന്തര ചികിത്സ/ശസ്ത്രക്രിയകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ഇൻഷ്വറൻസ് കമ്പനി റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതാണ്.

(സി) മെഡിസെപ്പ് പ്രാബല്യ തീയതിക്കുമുമ്പ് ചികിത്സ നടത്തുകയും അവയവമാറ്റ ശസ്ത്രക്രിയ അതേ ആശുപത്രിയിൽ പ്രാബല്യ തീയതിക്കുശേഷം നടത്തുകയും ചെയ്ത ആളുകൾക്ക് മെഡിസെപ്പ് ആനുകൂല്യം നിഷേധിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇല്ല.

എസ്.എൽ.ഐ., ജി.ഐ.എസ്. ക്രെഡിറ്റ് കാർഡ് ലഭിക്കാൻ സംവിധാനം

55(5925) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും കുറവ് ചെയ്യുന്ന എസ്.എൽ.ഐ., ജി.ഐ.എസ്. എന്നീ ഇൻഷ്വറൻസ് സ്കീമുകളിൽ ജീവനക്കാർ അടയ്ക്കുന്ന മാസവിഹിതം സംബന്ധിച്ച ക്രെഡിറ്റ് കാർഡ് ജി.പി.എഫ്.-ന് സമാനമായി ജീവനക്കാർക്ക് കാണാൻ കഴിയുന്ന വിധത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും കുറവ് ചെയ്യുന്ന എസ്.എൽ.ഐ., ജി.ഐ.എസ്. എന്നീ ഇൻഷ്വറൻസ് സ്കീമുകളിൽ ജീവനക്കാരടയ്ക്കുന്ന മാസവിഹിതം സംബന്ധിച്ച ക്രെഡിറ്റ് കാർഡ് ജി.പി.എഫ്.-ന് സമാനമായി ജീവനക്കാർക്ക് കാണാൻ കഴിയുന്ന വിധത്തിൽ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത ഇൻഷ്വറൻസ് സ്കീമുകളുടെ പോളിസി നമ്പർ, ജീവനക്കാരുടെ പെൻ നമ്പർ തുടങ്ങിയവ ഉപയോഗിച്ച് ലോഗിൻ ചെയ്യാൻ കഴിയുന്നവിധത്തിലുള്ള ഒരു ഓൺലൈൻ സംവിധാനം എൻ.ഐ.സി.-യുടെ സഹായത്തോടുകൂടി വികസിപ്പിക്കാമോ; വ്യക്തമാക്കാമോ?

വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട project ഏറ്റെടുക്കാൻ NIC-ക്ക് സാധിക്കില്ലെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. എന്നാൽ മറ്റ് ഏജൻസികളുടെ സഹകരണത്തോടെ ഇത്തരത്തിൽ ഒരു സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

അഞ്ച് താലൂക്ക് ആശുപത്രികളിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി

56(5926) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഞ്ച് താലൂക്ക് ആശുപത്രികളിൽ ദന്തൽ വിഭാഗം തുടങ്ങുന്നതിന് ആരോഗ്യ വകുപ്പ് ഭരണാനുമതി നൽകിയിരുന്നെങ്കിലും ധനകാര്യ വകുപ്പ് തസ്തിക സൃഷ്ടിക്കുന്നതിന്

അനുവദിക്കാത്തതിനാൽ പ്രസ്തുത ആശുപത്രികളിൽ ദന്തൽ വിഭാഗം ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം എപ്പോൾ ലഭ്യമാകുമെന്ന് വിശദമാക്കുമോ?

(എ&ബി) ആരോഗ്യവകുപ്പിനുകീഴിൽ ഭരണാനുമതി ലഭിച്ച TH Bedadka, TH Mangalpady, TH Kondotty, TH Kattappana, TH Pathanapuram എന്നീ 5 താലൂക്ക് ആശുപത്രികളിൽ ഡെന്റൽ വിംഗ് തുടങ്ങുന്നതിന് അസിസ്റ്റന്റ് ദന്തൽ സർജൻ (5), ദന്തൽ ഹൈജീനിസ്റ്റ് (5), ദന്തൽ മെക്കാനിക്ക് (5) എന്നീ 15 തസ്തികകൾ സൃഷ്ടിക്കുന്നതുസംബന്ധിച്ച ഭരണവകുപ്പ് ശിപാർശ ധനകാര്യ വകുപ്പ് പരിശോധിക്കുകയും ആയത് തൽക്കാലത്തേയ്ക്ക് മാറ്റി വച്ചിരിക്കുകയുമാണ്. പ്രസ്തുത ശിപാർശ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

ക്ഷേമ പെൻഷനുകൾ

57(5932) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ ഏകീകരിച്ച് സർക്കാർ ഉത്തരവുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ബി) സർക്കാർ മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ക്ഷേമ പെൻഷൻ അപേക്ഷകളിന്മേൽ തീരുമാനമെടുക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, നിബന്ധനകൾ, സ്പഷ്ടീകരണങ്ങൾ എന്നിവ സംബന്ധിച്ച് ഇതിനോടകം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് 23-09-2020-ലെ സ.ഉ.(എം.എസ്.)നം. 97/2020/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിലെയും, പ്രസ്തുത തീയതിക്കുശേഷം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ/സർക്കുലറുകൾ എന്നിവയിലെ നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി മാത്രമേ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ക്ഷേമ പെൻഷൻ അപേക്ഷകളിന്മേൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

ജി.എസ്.ടി. നികുതി വരുമാനം

58(5933) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നഷ്ടപരിഹാര നിയമത്തിൽ അനുശാസിക്കും പ്രകാരം പതിനാല് ശതമാനം വാർഷിക വർധനവ് അടിസ്ഥാനമാക്കിയുള്ള നികുതി വരുമാനം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. വരുമാനത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

ജി.എസ്.ടി. നികുതി നിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5 ശതമാനമോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് 28% (എസ്.ജി.എസ്.ടി. 14%, സി.ജി.എസ്.ടി. 14%) ആയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതി നിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. 28% നികുതി നിരക്കുണ്ടായിരുന്ന ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് 18%, 12% എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും തുടർന്ന് Covid മഹാമാരിയും അതിനെത്തുടർന്നുണ്ടായ lockdown സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു.

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്കുസേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർധനവ് കണക്കിൽ

അഞ്ച് വർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്നപ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസക്കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിനുശേഷം ആയത് അന്തിമമായി കണക്കാക്കാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. ടി അന്തിമ കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് നാളിതുവരെ കോമ്പൻസേഷനായി 43363.51 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നേട്ടം കൈവരിക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ജി.എസ്.ടി. നികുതി നിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ്

പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%-മോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതി നിരക്ക് 28% (എസ്.ജി.എസ്.ടി. 14%, സി.ജി.എസ്.ടി. 14%) ആയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ, ജി.എസ്.ടി. കൗൺസിലിനുമുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതി നിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. 28% നികുതി നിരക്കുണ്ടായിരുന്ന ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് 18%, 12% എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതിദുരന്തങ്ങളും തുടർന്ന് കോവിഡ് മഹാമാരിയും അതിനെത്തുടർന്നുണ്ടായ ലോക്ഡൗൺ സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു.

(സി) പ്രസ്തുത ലക്ഷ്യം നേടിയെടുക്കുന്നതിലേക്കായി നികുതി പിരിവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

നികുതി ചോർച്ച തടയുന്നതിനും നികുതി വകുപ്പ് കാര്യക്ഷമമാക്കുന്നതിനുംവേണ്ട നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന ജി.എസ്.ടി. വകുപ്പ് 2023-ൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

വകുപ്പിനെ നികുതിദായക സേവനങ്ങൾ, ഓഡിറ്റ്, ഇന്റലിജൻസ് എന്നിങ്ങനെ 3 കേന്ദ്രീകൃത വെർട്ടിക്കലുകളായി തിരിച്ചിരിക്കുന്നു.

ഇന്റലിജൻസ് സംഘത്തിന്റെ എണ്ണം 18-ൽനിന്ന് 41 ആയി ഉയർന്നു.

140 ഡെഡിക്കേറ്റഡ് ഓഡിറ്റ് ടീമുകൾ സംസ്ഥാന വരുമാനത്തിന്റെ 90 ശതമാനത്തിലധികം ഓഡിറ്റ് ചെയ്യുന്നു (ഏകദേശം 12,000 നികുതിദായകർ). ഓഡിറ്റിനുള്ള വിദഗ്ധ പരിശീലനം പൂർത്തിയായിട്ടുണ്ട്. ഓഡിറ്റ് വിഭാഗം നികുതി വെട്ടിപ്പ് തടയുന്നതിലേക്കായി നികുതിദായകരുടെ കണക്കുകൾ

ആഴത്തിൽ പരിശോധിക്കുന്നു. ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം നികുതി പിരിവിനെ ഊർജിതപ്പെടുത്തുന്നതിന് സഹായിക്കുന്നുണ്ട്.

ടാക്സ് പെയർ സർവീസ് ടീമുകൾ സ്ക്രൂട്ടിണി, ഐ.ജി.എസ്.ടി. റിവേഴ്സലുകൾ, നികുതിദായകരുടെ പരിശീലനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് വകുപ്പിന്റെ പുനഃസംഘടനയിൽ എല്ലാ ജില്ലയിലും ഇതിനായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലയിലും പ്രത്യേക വിഭാഗം (ആർ.ആർ.) രൂപീകരിച്ച് വകുപ്പുതലത്തിലും തഹസിൽദാർ (ആർ.ആർ.) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനം വർധിപ്പിക്കുന്നതിനായി ഐ.ജി.എസ്.ടി. ഐ.ടി.സി. റിവേഴ്സൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നടത്തിയിരുന്നു. ഇതിനായി പ്രധാനപ്പെട്ട എല്ലാ നികുതിദായകരെയും ഇന്റലിജൻസും ടാക്സ് പെയേഴ്സ് വിംഗും

നിരീക്ഷിച്ചുവരുന്നു. ജി.എസ്.ടി. വരുമാനം കാര്യക്ഷമമാക്കുന്നതിനായി 2023 മെയ്-ൽ IGST ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം വകുപ്പിൽ ആരംഭിച്ചു. അവർ പ്രധാന അന്തർസംസ്ഥാന നികുതിദായകരെ നിരീക്ഷിക്കുകയും അവരിൽനിന്ന് സംസ്ഥാനത്തിന് ലഭ്യമാകേണ്ട IGST വിഹിതത്തിന്റെ വരവും നിരീക്ഷിച്ചുവരുന്നു. കേരളം ആവശ്യപ്പെട്ടതനുസരിച്ച് പ്ലേസ് ഓഫ് സപ്ലൈയുടെ അടിസ്ഥാനത്തിൽ IGST കൃത്യമായി കൈമാറുന്നില്ലെന്നത് പരിശോധിക്കണമെന്ന് സംസ്ഥാനം GST കൗൺസിൽ മുമ്പാകെ ആവശ്യപ്പെട്ടിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ ഇന്റലിജൻസ് വിഭാഗം വിവിധ മേഖലകളിലായി നടത്തിയ തൊള്ളായിരത്തി അറുപതോളം പരിശോധനകളിൽനിന്നും 1775.28 കോടി രൂപയുടെ ജി.എസ്.ടി. നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെയും ഡാറ്റാ വിശകലനത്തിന്റെയും പിൻബലത്തിൽ വൻനികുതി വെട്ടിപ്പ് നടത്തുന്ന ഒട്ടേറെ സംഘങ്ങളെ കണ്ടെത്തി നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ ഇന്റലിജൻസ് വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. അടയ്ക്ക, ആക്രി, പ്ലൈവുഡ്

മേഖലകളിൽ വ്യാജ രജിസ്ട്രേഷനെടുത്ത് കോടികളുടെ വ്യാജ ഇൻപുട്ട് കൈമാറ്റം ചെയ്യുന്ന വെട്ടിപ്പുകാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ ഇന്റലിജൻസ് വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. വ്യാജ ബില്ലിനെതിരെയും ബില്ല് നൽകാതിരിക്കുന്നതിനെതിരെയും ശക്തമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ നികുതിവെട്ടിപ്പ് നടത്തിയ 10 പേരെ ഇതുവരെ നികുതി വകുപ്പ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

ഇതുകൂടാതെ ജി.എസ്.ടി. നിയമത്തിൽ ഇ-ഇൻവോയ്സ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. നിലവിൽ അഞ്ച് കോടി രൂപവരെ വാർഷിക വിറ്റുവരവുള്ള നികുതിദായകർക്ക് ഇ-ഇൻവോയ്സ് സംവിധാനം നിർബന്ധമാണ്.

കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ജി.എസ്.ടി. രജിസ്ട്രേഷൻ

59(5934) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ജി.എസ്.ടി. രജിസ്ട്രേഷനുണ്ടോയെന്ന് വ്യക്തമാക്കാമോ?

40 ലക്ഷം രൂപയ്ക്ക് മുകളിൽ ചരക്കുകളുടെയും 20 ലക്ഷം രൂപയ്ക്ക് മുകളിൽ സേവനങ്ങളുടെയും ക്രയവിക്രയം നടത്തുന്ന വ്യക്തികളും സ്ഥാപനങ്ങളും ജി.എസ്.ടി. നിയമം, 2017-ലെ സെക്ഷൻ 22(1) പ്രകാരം രജിസ്ട്രേഷനെടുക്കാൻ ബാധ്യസ്ഥരാണ്. ജി.എസ്.ടി. രജിസ്ട്രേഷനെടുത്തിട്ടുള്ളവരുടെ മേഖല തിരിച്ചുള്ള വിവരങ്ങൾ ജി.എസ്.ടി. Backend-ൽ ലഭ്യമല്ല.

(ബി) നികുതിയടയ്ക്കാത്ത കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കെതിരെ ജി.എസ്.ടി. ഡിപ്പാർട്ടുമെന്റ് നികുതി ചുമത്തി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സൊസൈറ്റികളാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

റിട്ടേണുകളുടെയും മറ്റ് രേഖകളുടെയും അടിസ്ഥാനത്തിൽ പൊരുത്തക്കേടുകൾ കണ്ടെത്തിയ വിവിധ ജില്ലകളിൽ കോ-ഓപ്പറേറ്റീവ് മേഖലയിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ, ഹൗസിംഗ് സൊസൈറ്റികൾ, അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റികളടക്കമുള്ള 208 സ്ഥാപനങ്ങൾക്കെതിരെ ജി.എസ്.ടി. നിയമപ്രകാരമുള്ള നികുതി നിർണ്ണയ

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ഇനി പറയുന്ന പ്രകാരമാണ്. തിരുവനന്തപുരം-14, കൊല്ലം-10, പത്തനംതിട്ട-13, ആലപ്പുഴ-21, കോട്ടയം-8, ഇടുക്കി-22, എറണാകുളം-4, ആലുവ-4, തൃശ്ശൂർ-27, പാലക്കാട്-10, മലപ്പുറം-10, കോഴിക്കോട്-23, വയനാട്-7, കണ്ണൂർ-19, കാസർഗോഡ്-16.

(സി) കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ജി.എസ്.ടി. ഏതെല്ലാം കാര്യങ്ങൾക്കാണ് ബാധകമാകുന്നതെന്ന് വ്യക്തമാക്കാമോ?

GST ആക്ട്, 2017-ന്റെ ഷെഡ്യൂൾ III-ലോ, അല്ലെങ്കിൽ സെൻട്രൽ ടാക്സ് (റേറ്റ്) നോട്ടിഫിക്കേഷൻ 2/2017, 12/2017 എന്നിവയിലോ ഉൾപ്പെട്ടിട്ടില്ലാത്ത സാധനങ്ങളുടെയോ സേവനങ്ങളുടെയോ സപ്ലൈ നടത്തുമ്പോൾ, സേവനങ്ങൾ മാത്രമാണ് സപ്ലൈ ചെയ്യുന്നതെങ്കിൽ ഒരു സാമ്പത്തിക വർഷത്തെ മൊത്ത വിറ്റുവരവ് ഇരുപതു ലക്ഷം രൂപയും സാധനങ്ങൾ മാത്രമാണ് സപ്ലൈ ചെയ്യുന്നെങ്കിൽ പ്രസ്തുത വിറ്റുവരവ് നാല്പത് ലക്ഷം രൂപയും കവിയുന്നപക്ഷം നികുതിബാധ്യത ഉണ്ടായിരിക്കുന്നതാണ്. അത്തരം സ്ഥാപനങ്ങൾ രജിസ്ട്രേഷനെടുത്ത് നികുതി പിരിച്ചടയ്ക്കേണ്ടതാണ്.

(ഡി) കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ തുടങ്ങിയ സഹകരണ സ്ഥാപനങ്ങൾ നൂറ് ശതമാനവും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നവയാണെന്ന് സർക്കാരിന് ബോധ്യമുണ്ടോ; എങ്കിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ജി.എസ്.ടി. സംബന്ധമായ പ്രശ്നങ്ങൾ വരുമ്പോൾ സർക്കാരിന് ഒരു തീരുമാനമെടുക്കാൻ കഴിയുമോ;

(ഇ) ജി.എസ്.ടി. രജിസ്ട്രേഷൻ സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(ഡി&ഇ) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ അടിയന്തരമായി കൊടുത്ത് തീർക്കേണ്ടതായ ബാധ്യതകൾ

60(5935) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അടിയന്തരമായി കൊടുത്ത് തീർക്കേണ്ട നിലവിലുള്ള ബാധ്യതകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

1) 01-07-2019 തീയതി പ്രാബല്യത്തിൽ നടപ്പാക്കിയ പതിനൊന്നാം പെൻഷൻ പരിഷ്കരണത്തിന്റെ പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ അവസാന ഗഡു അനുവദിക്കാൻ കണക്കാക്കിയിട്ടുള്ള തുക 573 (അഞ്ഞൂറ്റി എഴുപത്തി മൂന്ന്) കോടി രൂപയാണ്.

2) സർക്കാർ അടിയന്തരമായി കൊടുത്തുതീർക്കാനായി സപ്ലൈകോ 159.6687083 കോടി രൂപയുടെ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്.

3) കാർഷിക കടാശ്വാസ ഇനത്തിൽ 152 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 2024-25 സാമ്പത്തിക വർഷം ഭരണ വകുപ്പിൽനിന്നും ലഭിച്ചതിൻപ്രകാരം 2401-00-104-86-01-34-03 ശീർഷകത്തിൽ വകയിരുത്തിയിരുന്ന 22.869 കോടി രൂപയിൽനിന്നും 10 കോടി രൂപ ധനകാര്യ വകുപ്പ് അനുവദിച്ചിട്ടുണ്ട്. ഇനി അനുവദിക്കാനുള്ളത് 142 കോടി രൂപ.

4) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നെല്ല് സംഭരിച്ച വകയിൽ കൊടുത്തുതീർക്കാനുള്ള തുക 482 കോടി രൂപ.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് സർക്കാർ അടിയന്തരമായി കൊടുത്തുതീർക്കേണ്ട ബാധ്യതകളിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

ബന്ധപ്പെട്ട മറ്റ് വകുപ്പുകളിൽനിന്നും വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) കരാറുകാർക്കും കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾക്ക് നൽകാനുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ?

1) കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട് സർക്കാർ കൊടുത്തുതീർക്കേണ്ടതായ ബാധ്യതകൾ ഒന്നുംതന്നെയില്ല.

2) കെ.എസ്.ഇ.ബി.എൽ.-ന് സർക്കാർ അടിയന്തരമായി കൊടുത്തു തീർക്കേണ്ട ബാധ്യത 259.95 കോടി രൂപയാണ്.

(എന്നാൽ കെ.എസ്.ഇ.ബി.എൽ.-ന്റെ 31-03-2024-ലെ കണക്കുപ്രകാരം 170.33 കോടി രൂപയും 01-04-2024 മുതൽ 30-06-2024 വരെ 330 കോടി രൂപയും (ഓഡിറ്റ് ചെയ്യാത്ത കണക്കുകൾപ്രകാരം)

ഉൾപ്പെടെ ഏകദേശം 500.33 കോടി രൂപ ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇനത്തിൽ സർക്കാരിലേയ്ക്ക് അടവാക്കാനുണ്ട്) .

3) കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുകയുടെ വിവരങ്ങൾ.

I) വാട്ടർ അതോറിറ്റിയിലെ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുകയുടെ വിവരങ്ങൾ

(തുക കോടിയിൽ)

സ്റ്റേറ്റ് പ്ലാൻ	128.52
നബാർഡ്	45.90
RKI	23.32
ജല ജീവൻ മിഷൻ	3161.12 (50:50 CSS)
LAC - ADS	3.06
O & M	137.19
ആകെ	3499.11

ii) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ദുർബല വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക സർക്കാർ എഴുതിത്തള്ളിയ വകയിൽ അനുവദിക്കേണ്ട 283.16 കോടി രൂപയിൽ ഇനി 190.32 കോടി രൂപകൂടി നൽകാനുണ്ട്.

iii) പൊതുമരാമത്ത്, ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിലെ കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും കൃത്യമായ സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കിവരുന്നത്.

ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിനാവശ്യമായ അധിക തുക അനുവദിച്ച് നിശ്ചിത സമയത്ത് ബില്ലുകൾ തീർപ്പാക്കിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2023 ഒക്ടോബർ മാസംവരെയും ജലവിഭവ വകുപ്പിൽ 2024 ഫെബ്രുവരി മാസംവരെയുമുള്ള ബില്ലുകളുടെ തുക നൽകിയിട്ടുണ്ട്. കൂടാതെ കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്.

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷനും മെഡിക്കൽ സർവീസ് കോർപ്പറേഷനും കൺസ്യൂമർഫെഡിനും നിലവിൽ നൽകാനുള്ള തുക എത്രയാണെന്ന് അറിയിക്കാമോ?

1) സർക്കാർ അടിയന്തരമായി കൊടുത്തുതീർക്കാനായി സപ്ലൈകോ 159.6687083 കോടി രൂപയുടെ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്.

2) സിവിൽ സപ്ലൈസ് കോർപ്പറേഷന് നെല്ല് സംഭണ ഇനത്തിൽ 482 കോടി രൂപ നൽകാനുണ്ട്. കൺസ്യൂമർഫെഡിന് കുടിശ്ശിക തുകയൊന്നും നൽകാനില്ല.

3) 2010-11 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ വിപണി ഇടപെടലിനായി 1451.85 കോടി രൂപ നൽകാനുണ്ടെന്ന് സപ്ലൈകോ അറിയിച്ചിട്ടുണ്ട്.

4) കോവിഡ് സമയത്ത് അതിഥിത്തൊഴിലാളികൾക്ക് കിറ്റ് നൽകിയ വകയിൽ സപ്ലൈകോയ്ക്ക് 16.85 കോടി രൂപ കുടിശ്ശികയായുണ്ടെന്ന് സപ്ലൈകോ അറിയിച്ചിട്ടുണ്ട്.

(ഡി) ഓരോ ക്ഷേമ പദ്ധതികൾക്കും കൊടുത്തുതീർക്കാനുള്ള കുടിശ്ശിക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

നിലവിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും 2024 മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ കേന്ദ്ര വിഹിതമുൾപ്പെടെയുള്ള പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ്യസുരക്ഷാ

പെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള അശ്രാന്ത പരിശ്രമമാണ് സർക്കാർ നടത്തുന്നത്. 2024-25 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതുപോലെ 2024 ഏപ്രിൽ, മെയ്, ജൂൺ എന്നീ മാസങ്ങളിൽ സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(ഇ) കർഷകർക്കും സഹകരണ സംഘത്തിൽനിന്ന് വായ്പയെടുത്തവർക്കും സർക്കാർ പ്രഖ്യാപിച്ച പലിശ സബ്സിഡി ഇനത്തിൽ നൽകാനുള്ള തുക എത്രയാണ്; ലാൻഡ് അക്വിസിഷൻ നടത്തിയ ഇനത്തിലുള്ള ബാധ്യത എത്രയാണ്; വ്യക്തമാക്കാമോ;

(എഫ്) എം.എൽ.എ.-മാരുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം നിലവിൽ കൊടുത്തുതീർക്കാനുള്ള തുക എത്രയാണ്?

(ഇ&എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കാമോ?

നിലവിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും 2024 മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ കേന്ദ്രവിഹിതമുൾപ്പെടെയുള്ള പെൻഷനുകൾ അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ്യസുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള അശ്രാന്ത പരിശ്രമമാണ് സർക്കാർ നടത്തുന്നത്. 2024-25 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതുപോലെ 2024 ഏപ്രിൽ, മെയ്, ജൂൺ എന്നീ മാസങ്ങളിൽ സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിൽ നിന്നും ധനകാര്യവകുപ്പിലേക്ക് നൽകിയ ഫയൽ

61(5936) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനുകീഴിൽ വിവിധ പ്രവൃത്തികൾ ധനകാര്യ വകുപ്പിന്റെ നിർദേശപ്രകാരം എഗ്രീഡ് നിരക്കിൽ പുതുക്കിയ ഭരണാനുമതി നൽകിയതുമൂലം പ്രവൃത്തികൾക്ക് പുതുക്കിയ

സാങ്കേതികാനുമതി നൽകാനാവാത്ത സ്ഥിതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനുകീഴിൽ വിവിധ പ്രവൃത്തികൾ ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം എഗ്രീഡ് നിരക്കിൽ പുതുക്കിയ ഭരണാനുമതി നൽകിയതുമൂലം പ്രവൃത്തികൾക്ക് പുതുക്കിയ സാങ്കേതികാനുമതി നൽകാനാവാത്ത സ്ഥിതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആയതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽനിന്നും ധനകാര്യവകുപ്പിലേക്ക് നൽകിയ ഫയലിൽ നാളിതുവരെ ഒരു തീർപ്പ് കൽപ്പിച്ച് നൽകിയിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിൽ ഇത് അടിയന്തരമായി പരിഹരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

ബാധകമല്ല.

വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ

62(5937) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ., കെ.എഫ്.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

കെ.എസ്.എഫ്.ഇ. :

കെ.എസ്.എഫ്.ഇ.-യുടെ അടച്ചു തീർത്ത മൂലധനം 100 കോടി രൂപയാണ്. ഇത് 250 കോടി രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കേരള സർക്കാരിന്റെ സമ്പൂർണ്ണ ഡിജിറ്റൽ ഇൻക്ലൂഷൻ പരിപാടിയുടെ ഭാഗമായി കെ.എസ്.എഫ്.ഇ. പവർ എന്ന പേരിൽ മൊബൈൽ ആപ്പ് 2023 ഒക്ടോബർ മാസം 11-ാം തീയതി നിലവിൽ വന്നു. ഈ ആപ്പ് മുഖാന്തരം ചിട്ടി/ലോൺ പദ്ധതികളിൽ പണം അടയ്ക്കുന്നതിനും പ്രോക്സി നൽകുന്നതിനും ലേലം വിവരങ്ങൾ അറിയുന്നതിനും

സാധ്യമാകുന്നതുവഴി ഇടപാടുകാർക്ക് നൽകുന്ന സേവനങ്ങൾ കൂടുതൽ സുതാര്യവും ലളിതവും വേഗതയേറിയതുമായ പ്രകിയയായി.

സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾ പ്രായോഗികമായി നടപ്പാക്കുന്നതിനായി Receivable Management System എന്ന സംവിധാനം നടപ്പാക്കി. കോൾ സെന്റർ സംവിധാനം, Call Alert, SMS Alert തുടങ്ങിയ സേവനങ്ങൾ കൂടി ഇക്കാര്യത്തിൽ ഉപയുക്തമാക്കി. അഡ്മിനിസ്ട്രേഷന്റെ ഭാഗമായി കെ.എസ്.എഫ്.ഇ.-യിലെ ശാഖകൾ, മേഖലാ ഓഫീസുകൾ, ഹെഡ് ഓഫീസ് എന്നിവിടങ്ങളിലെ ഫയൽ മൂവ്മെന്റ് അറിയുന്നതിനും അതുവഴി സേവനങ്ങൾ വേഗത്തിലാക്കുന്നതിനുമായി ഫയൽ ട്രാക്കിങ് സിസ്റ്റം നടപ്പാക്കി. നിരന്തരമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് എല്ലാ വിഭാഗം ജീവനക്കാരുടെയും കാര്യക്ഷമത വർധിപ്പിക്കുകയും അതുവഴി മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ സാധിക്കുകയും ചെയ്യുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ കെ.എസ്.എഫ്.ഇ. ഗാലക്സി ചിട്ടി എന്ന പേരിൽ സമ്മാനങ്ങളോടുകൂടി സവിശേഷ ചിട്ടി പദ്ധതി ആരംഭിച്ചു. നിക്ഷേപ

പദ്ധതികളായ നേട്ടം, വന്ദനം എന്നിവ ആരംഭിച്ചു. കുറഞ്ഞ കാലാവധിയിൽ കൂടുതൽ തുക ലഭ്യമാക്കുന്ന സ്വർണ്ണപ്പണയ വായ്പ കെ.എസ്.എഫ്.ഇ. പ്രീമിയം ഗോൾഡ് ലോൺ ആരംഭിച്ചു.

കെ.എഫ്.സി.:

സംസ്ഥാന സർക്കാരിന്റെ നയങ്ങൾ ഉൾക്കൊണ്ട് കെ.എഫ്.സി.-യുടെ പ്രവർത്തനങ്ങളിൽ തനതായ മാറ്റങ്ങൾ വരുത്തി ചെറുകിട-ഇടത്തരം സംരംഭക മേഖലയുടെ വളർച്ചക്ക് ആക്കം കൂട്ടുകയും അതിലൂടെ സംസ്ഥാനത്തിന് സംരംഭക സൗഹൃദ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇത് മുന്നിൽ കണ്ടുകൊണ്ട് കെ.എഫ്.സി.-യെ സർക്കാരിന്റെ ഏജന്റായി നിയമിച്ചു കൊണ്ട് സർക്കാർ ഉത്തരവിറക്കുകയും കെ.എഫ്.സി. ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് നൽകുന്ന വായ്പാപരിധി നിലവിലെ 20 കോടി രൂപയിൽ നിന്നും 50 കോടി രൂപയായി ഉയർത്തുകയും ചെയ്തു. കൂടാതെ ഗ്യാരണ്ടി, ബിൽ ഡിസ്കൗണ്ടിങ് എന്നീ സൗകര്യങ്ങളുടെ പരിധിയും 50 കോടി രൂപയായി ഉയർത്തി. സംസ്ഥാനത്തെ MSME-കളെ സഹായിക്കാൻ 2022-23

സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് പ്രസംഗത്തിൽ കേരള എം.എസ്.എം.ഇ. ബിൽ ഡിസ്കൗണ്ടിംഗ് പ്ലാറ്റ്ഫോം (കെഎംബിഡിപി) പ്രഖ്യാപിക്കുകയും കെ.എഫ്.സി. 'കേരള MSME ബിൽ ഡിസ്കൗണ്ടിംഗ് പ്ലാറ്റ്ഫോം' (കെഎംബിഡിപി) എന്ന പേരിൽ ഇത് നടപ്പാക്കുകയും ചെയ്തു. സംസ്ഥാന ഗവൺമെന്റ് 2022-23 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപയും ഓഹരി മൂലധനമായി നൽകിയതുമൂലം KFC-യുടെ മൂലധന പര്യാപ്തത അനുപാതം (CRAR) 25.52% ആയി ഉയർന്നു. ഈ നടപടി KFC-യുടെ സാമ്പത്തിക സ്ഥിരത വർധിപ്പിച്ചു. അടിസ്ഥാന സൗകര്യ വികസനം, ടൂറിസം, ഐ.ടി., മറ്റ് ചെറുകിട-ഇടത്തരം സംരംഭങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിലൂടെ, സംസ്ഥാനത്ത് മെച്ചപ്പെട്ട കണക്റ്റിവിറ്റി, വ്യവസായ സൗഹൃദ അന്തരീക്ഷം, മെച്ചപ്പെട്ട നിക്ഷേപ ആകർഷണം എന്നിവ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഈ പദ്ധതികൾ സംരംഭകരുടെ ജീവിത നിലവാരം ഉയർത്തുക മാത്രമല്ല, വ്യവസായങ്ങൾ അഭിവൃദ്ധി പ്രാപിക്കാൻ അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുകയും മെച്ചപ്പെട്ട ഉൽപാദനം,

നവീകരണം, തൊഴിൽ അവസരങ്ങൾ എന്നിവ വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്തിന്റെ വ്യവസായവൽക്കരണത്തിന് സംയോജിത വികസന പിന്തുണ സൃഷ്ടിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടപ്പാക്കിയിട്ടുണ്ട്.

(1) കെ.എഫ്.സി. മുഖേന ഉൽപാദന സേവന മേഖലകളിൽ ജനങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് കൂടുതൽ ലോണുകൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി (CMEDP) എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്. CMEDP-I സ്കീം പ്രകാരം 1847 യൂണിറ്റുകൾക്കായി 53.80 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. ടി സ്കീമിന്റെ വായ്പാപരിധി ഒരു കോടി രൂപയിൽ നിന്നും രണ്ട് കോടി രൂപയായി വർധിപ്പിച്ച് CMEDP-II സ്കീമായി നവീകരിച്ചു. ടി സ്കീം പ്രകാരം 2756 യൂണിറ്റുകൾക്കായി 791.62 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. കൃത്യമായി തിരിച്ചടവ് നടത്തുന്ന സംരംഭകർക്ക് കെ.എഫ്.സി. 2% റിബേറ്റ് നൽകുന്നതിനുപുറമെ 3% ഗവൺമെന്റ് സബ്സിഡിയും നൽകിവരുന്നു.

(2) കാർഷികാധിഷ്ഠിത വ്യവസായങ്ങളെയും അഗ്രിസ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി. വഴി ആരംഭിച്ച സ്കീമാണ് കാർഷികാധിഷ്ഠിത എം.എസ്.എം.ഇ. ലോൺ സ്കീം (KAMS). ഈ സ്കീം പ്രകാരം 39 യൂണിറ്റുകൾക്ക് 86.12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൃത്യമായി തിരിച്ചടവ് നടത്തുന്ന സംരംഭകർക്ക് കെ.എഫ്.സി. 2% റിബേറ്റ് നൽകുന്നതിനുപുറമേ 3% ഗവൺമെന്റ് സബ്സിഡിയും നൽകിവരുന്നു.

(3) സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി. പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു. ആശയത്തിൽ നിന്നും ഉൽപാദനത്തിലേക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവൽക്കരണത്തിന് 50 ലക്ഷം രൂപയും സ്കെയിലിങ് ആപ്പിന് രണ്ട് കോടി രൂപയും നൽകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരളാ പദ്ധതി. ഇതുകൂടാതെ സ്റ്റാർട്ടപ്പുകൾക്ക് പർച്ചേയ്സ് ഓർഡറുകൾ തീർപ്പാക്കുന്നതിനായി പ്രവർത്തന മൂലധന വായ്പ (10 കോടി രൂപ വരെ), വെഞ്ചർ ഡെബ്റ്റ് വായ്പ (10 കോടി രൂപ വരെ) എന്നിവയും നൽകുന്നുണ്ട്. ടി സ്കീം പ്രകാരം 66 യൂണിറ്റുകൾക്കായി 70.28 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 460 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ

കഴിഞ്ഞിട്ടുണ്ട്. കൃത്യമായി തിരിച്ചടവ് നടത്തുന്ന സംരംഭകർക്ക് കെ.എഫ്.സി. 2% റിബേറ്റ് നൽകുന്നതിനുപുറമെ 3% ഗവൺമെന്റ് സബ്സിഡിയും നൽകിവരുന്നു.

(4) വ്യവസായ പാർക്കിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകളുടെ നവീകരണം, വിപുലീകരണം, വൈവിധ്യവൽക്കരണം തുടങ്ങി എല്ലാ ഘട്ടങ്ങളിലും യൂണിറ്റുകളെ സഹായിക്കുന്നതിനുമായി കെ.എഫ്.സി. പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(ബി) ലോണുകൾ നൽകുന്നതിലും വിവിധ കാരണങ്ങളാൽ കുടിശ്ശികയായവരുടെ സെറ്റിൽമെന്റ് നടത്തുന്നതിലും കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കെ.എസ്.എഫ്.ഇ. :

വായ്പ നൽകാനുള്ള നടപടികൾക്ക് ആവശ്യമായി വരുന്ന രേഖകളും മതിയായ ജാമ്യവും വായ്പക്കാരന്റെ ഭാഗത്തുനിന്ന് ലഭിച്ചാൽ വായ്പ നൽകുന്നതിൽ കാലതാമസം നേരിടാറില്ല. വിവിധ കാരണങ്ങളാൽ

കുടിശ്ശികയായവരുടെ അക്കൗണ്ടുകൾ ചില ഘട്ടങ്ങളിൽ ഇളവും അനുവദനീയമായ സമയവും നൽകിക്കൊണ്ട് തീർപ്പാക്കാറുണ്ട്. കമ്പനിയിൽ സർക്കാർ അനുമതിയോടെയുള്ള ഇളവ് പദ്ധതികൾ നിലനിൽക്കുന്നുണ്ടെങ്കിൽ പ്രസ്തുത ഇളവിന്റെ ആനുകൂല്യത്തോടെ അക്കൗണ്ടുകൾ തീർപ്പാക്കാൻ കാലതാമസം ഉണ്ടാകാറില്ല.

കെ.എഫ്.സി.:

ലോണുകൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കെ.എഫ്.സി. ഓൺലൈൻ ലോൺ മാനേജ്മെന്റ് സിസ്റ്റംവഴി അപേക്ഷ നൽകി ഒരാഴ്ചയ്ക്കുള്ളിൽത്തന്നെ വിദഗ്ധ സമിതി കൂടി തത്വത്തിൽ അംഗീകാരം നൽകുകയും വിശദമായ ലോൺ അപ്രൈസൽ നടത്തി വായ്പ അനുവദിക്കാറുള്ളതുമാണ്. കുടിശ്ശികയുള്ള വായ്പകളിന്മേൽ റവന്യൂ റിക്കവറി അടക്കമുള്ള റിക്കവറി നടപടികളും മറ്റുള്ള നിയമ നടപടികളും എടുക്കുന്നതിനും ഇതിലൂടെ മുഴുവൻ കുടിശ്ശികയും ഈടാക്കാൻ കോർപ്പറേഷന് അവകാശമുള്ളതിനാൽ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടും തിരിച്ചടവ്

ലഭ്യമാകാത്ത വായ്പകൾക്കാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്. ഇങ്ങനെയുള്ള അപേക്ഷകൾ കാലതാമസം കൂടാതെ പ്രോസസ് ചെയ്യുന്നതിന് സോൺതലത്തിൽ Stressed Asset Recovery Branch (SARB) എന്ന പേരിൽ 3 ബ്രാഞ്ചുകൾ ആരംഭിച്ചിട്ടുണ്ട്. ഈ അപേക്ഷകൾ സുതാര്യവും സമയബന്ധിതവുമായ രീതിയിൽ അംഗീകരിക്കുന്നതിന് ഒരു ടാസ്ക് ഫോഴ്സ് കമ്മിറ്റി (TFC) രൂപീകരിച്ചിട്ടുണ്ട്. വിരമിച്ച ജഡ്ജിയാണ് TFC-യുടെ ചെയർമാൻ.

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ അപേക്ഷകൾ ലഭിച്ചുകഴിഞ്ഞാൽ അടിയന്തരമായി തീർപ്പു കൽപ്പിക്കണമെന്ന നിർദ്ദേശം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.എഫ്.ഇ. :

കെ.എസ്.എഫ്.ഇ.-യിൽ അപേക്ഷകൾ ലഭിച്ചുകഴിഞ്ഞാൽ സാധാരണഗതിയിൽ തീർപ്പുകല്പിക്കാൻ കാലതാമസം ഉണ്ടാകാറില്ല. അത്യാവശ്യ ഘട്ടങ്ങളിൽ അടിയന്തരമായി തീർപ്പുകല്പിക്കുന്നതിനുള്ള

നിർദേശങ്ങൾ നൽകി അക്കൗണ്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

കെ.എഫ്.സി.:

ലോണുകൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കെ.എഫ്.സി. ഓൺലൈൻ ലോൺ മാനേജ്മെന്റ് സിസ്റ്റം വഴി അപേക്ഷ നൽകി ഒരാഴ്ചയ്ക്കുള്ളിൽത്തന്നെ വിദഗ്ധ സമിതി കൂടി തത്വത്തിൽ അംഗീകാരം നൽകുകയും വിശദമായ ലോൺ അപ്രൈസൽ നടത്തി വായ്പ അനുവദിക്കാറുള്ളതുമാണ്. അടിയന്തരമായി തീർപ്പുകല്പിക്കേണ്ട അപേക്ഷകളിൽ വിദഗ്ധ സമിതി കൂടിയോലോചിച്ചു തീരുമാനങ്ങൾ എടുക്കാറുണ്ട്.

ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തെ ശക്തിപ്പെടുത്താൻ നടപടി

63(5938) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തെ ശക്തിപ്പെടുത്താൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

03-05-1996-ലെ ജി.ഒ.(എം.എസ്.)നം.376/1996/ധന. പ്രകാരം കളക്ടേറ്റുകളിൽ അറ്റാച്ച് ചെയ്തിരുന്ന ജില്ലാ ലോൺ റീക്കൺസീലിയേഷൻ സ്ക്വാഡുകളെ ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകളെന്ന് റീഡെസിഗ്നേറ്റ് ചെയ്യുകയും ധനകാര്യ പരിശോധനാ നോൺ ടെക്നിക്കൽ വകുപ്പിന്റെ ജില്ലാ യൂണിറ്റുകളായി പ്രവർത്തിക്കുന്നതിന് ഉത്തരവായിട്ടുള്ളതുമാണ്. കൂടാതെ 20-12-2021-ലെ ജി.ഒ.(പി) നം.173/2021/ധന. പ്രകാരം ധനകാര്യ പരിശോധന (നോൺ ടെക്നിക്കൽ വകുപ്പ്) നടത്തുന്ന പരിശോധനകൾ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ പരിശോധനാ വിഭാഗം മലപ്പുറം ജില്ലയിലെ വിവിധ വിദ്യാഭ്യാസ ഓഫീസുകളിൽ (ആർ.ഡി.ഡി./ഡി.ഡി.ഇ./ഡി.ഇ.ഒ./എ.ഇ.ഒ.) നടത്തിയ

പരിശോധനകളും കണ്ടെത്തിയ ക്രമക്കേടുകളും എന്തൊക്കെയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്രമക്കേടുകളിൽ ധനകാര്യ വകുപ്പ് സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം; ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് വകുപ്പുതല നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

(ബി&സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) ജില്ലാ ധനകാര്യ പരിശോധനാ വിഭാഗങ്ങൾ എല്ലാ മാസവും വിവിധ ഓഫീസുകളിൽ പരിശോധന നടത്തി പ്രതിമാസ റിപ്പോർട്ട് ധനകാര്യ വകുപ്പിൽ സമർപ്പിക്കണമെന്ന നിർദ്ദേശം കൃത്യമായി പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനായി കർശനനിർദ്ദേശം നൽകുമോ?

ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകൾ എല്ലാ മാസവും Tentative Tour Programme സമർപ്പിച്ച് അംഗീകാരം വാങ്ങി അതുപ്രകാരം കൃത്യമായി പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകൾ പൂർത്തിയാകുന്ന മുറയ്ക്ക് പരിശോധനാ റിപ്പോർട്ടുകൾ കൃത്യമായി സമർപ്പിച്ചുവരികയും ചെയ്യുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജപ്തി നടപടികളിലെ ഇളവുകൾ

64(5939) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകൾ, സൊസൈറ്റികൾ, വിവിധ സർക്കാർ-അർധ സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും എടുത്ത വായ്പകൾ സാമ്പത്തിക പ്രയാസംമൂലം തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി നടപടികൾ നേരിടുന്നതും അല്ലാത്തതുമായ കേസുകളിൽ പാവപ്പെട്ട ജനങ്ങളെ സഹായിക്കുന്നതിനായി ഇളവുകളോ ആനുകൂല്യങ്ങളോ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സഹകരണ ബാങ്കുകൾ, സൊസൈറ്റികൾ എന്നിവയിൽനിന്നും എടുത്ത വായ്പകൾ സാമ്പത്തിക പ്രയാസംമൂലം തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി നടപടികൾ നേരിടുന്നതും അല്ലാത്തതുമായ കേസുകളിൽ പാവപ്പെട്ട ജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് ഇളവുകളോടെ കുടിശ്ശിക തിരിച്ചടയ്ക്കുന്നതിന് സഹകരണ വകുപ്പ് നടപ്പാക്കുന്ന നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം അവസരം ലഭിക്കാറുണ്ട്.

ടി പദ്ധതി നടപ്പാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി പലിശയിൽ പരമാവധി 50 ശതമാനംവരെ ഇളവ് നൽകുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുകയും വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കുകയും അർഹരായവരുടെ വായ്പകൾക്ക് പൂർണ്ണമായോ ഭാഗികമായോ ഇളവുകൾ നൽകുന്നതുമാണ്. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കളുടെ ബാധ്യത തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുക എന്നിങ്ങനെ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലത്ത് 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്തംബർ 30 വരെയും 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും 2024 മാർച്ച് 1 മുതൽ 2024

മാർച്ച് 31 വരെയും നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിന് (കേരള ബാങ്ക്) 2024 സെപ്തംബർ 30 വരെ ടി പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കൂടാതെ സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക പരമാവധി കുറയ്ക്കുകയെന്ന ഉദ്ദേശ്യത്തോടെ 31-03-2024-ലെ ബാക്കി നിൽപ്പുള്ള ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ പരമാവധി തീർപ്പാക്കുന്നതിനായി ടി കേസുകളിലുൾപ്പെട്ടവർക്ക് മാത്രമായി ഇളവുകളോടെ കുടിശ്ശികയടച്ച് തീർപ്പാക്കി നടപടികളിൽനിന്നും ഒഴിവാക്കുന്നതിനായി "ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കൽ - പ്രത്യേക കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" 2024 ജൂൺ 15 മുതൽ 2024 ജൂലായ് 31 വരെ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ജപ്തി നടപടികൾ നേരിടുന്ന പാവപ്പെട്ടവരുൾപ്പെടെയുള്ളവർക്ക് ഇളവുകളോടെ വായ്പാകുടിശ്ശിക അടച്ചുതീർക്കുന്നതിന് ടി പദ്ധതിപ്രകാരമുള്ള അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

കൂടാതെ സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വിവിധ വായ്പകൾക്ക് വിവിധ കാരണങ്ങളാൽ ചുവടെപ്പറയുംപ്രകാരം മൊറട്ടോറിയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് മഴക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്നുമെടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31-07-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ചുനൽകിയിരുന്നു.

തുടർന്ന് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-03-2020 വരെ മൊറട്ടോറിയം അനുവദിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

കോവിഡ് പശ്ചാത്തലത്തിൽ എല്ലാ സഹകരണ സ്ഥാപനങ്ങൾ/ ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01-03-2020 മുതൽ 31-08-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുതലായ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീരവികസനവും മൃഗസംരക്ഷണവുമുൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് 22-10-2021-ലെ സ.ഉ.(കൈ)നം.201/2021/റവന്യൂ, നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സഹകരണ ബാങ്കുകൾ, സൊസൈറ്റികൾ എന്നിവയിൽനിന്നും എടുത്ത വായ്പകൾ സാമ്പത്തിക പ്രയാസംമൂലം തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി നടപടികൾ നേരിടുന്നതും അല്ലാത്തതുമായ പാവപ്പെട്ടവരുൾപ്പെടെയുള്ളവർക്ക് ഇളവുകളും ആനുകൂല്യങ്ങളും അനുവദിക്കുന്ന മറ്റ് പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല.

നിർമ്മാണ മേഖലയിലെ വസ്തുക്കളുടെ വിലക്കയറ്റം

65(5940) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുകാരണം പാവപ്പെട്ടവരുടെ ഭവന നിർമ്മാണ മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിർമ്മാണ മേഖലയിലെ വസ്തുക്കളുടെ വിലക്കയറ്റം തടയാൻ സ്വീകരിച്ച നടപടികൾ ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

പഞ്ചായത്തുപടി-നായ്ക്കാൻ കോളനി റോഡ്-ഇടനാട് വികാസ് കോളനി റോഡ് നിർമ്മാണം

66(5941) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ പഞ്ചായത്തുപടി-നായ്ക്കാൻ കോളനി റോഡ്-ഇടനാട് വികാസ് കോളനി

റോഡ് (അൽ അമൻ റോഡ്) നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽനിന്നും പ്രത്യേക അനുമതിക്കായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കാലതാമസം ഒഴിവാക്കി പ്രസ്തുത പ്രവൃത്തിക്ക് പ്രത്യേകാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ പഞ്ചായത്തുപടി-നായ്ക്കാൻ കോളനി റോഡ്-ഇടനാട് വികാസ് കോളനി റോഡ് (അൽ അമൻ റോഡ്) നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽനിന്നും പ്രത്യേകാനുമതിക്കായി ബഹു. എം.എൽ.എ. ശിപാർശ ചെയ്ത് ഉചിതതലത്തിൽ അപേക്ഷ ലഭ്യമാക്കുന്നമുറയ്ക്ക് ആയതിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

റോഡ് പ്രവൃത്തികളുടെ ചെയിനേജിലുണ്ടാകുന്ന മാറ്റങ്ങൾക്ക് ഭരണാനുമതി

67(5942) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയിൽ നോമൻ ക്ലേച്ചർ ചെയിഞ്ചിന്റെ ഭാഗമായി എത്ര പദ്ധതികൾക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പിൽ പെന്റിംഗുണ്ടെന്ന് വിശദമാക്കാമോ?

നോമൻ ക്ലേച്ചർ ചെയിഞ്ചിന്റെ ഭാഗമായി പുതുക്കിയ ഭരണാനുമതി നൽകുന്നതിന് ഭരണവകുപ്പ് ലഭ്യമാക്കിയ പ്രൊപ്പോസലുകൾ സമയബന്ധിതമായി തീർപ്പാക്കിവരുന്നു.

(ബി) റോഡ് പ്രവൃത്തികളുടെ ചെയിനേജിലുണ്ടാകുന്ന ചെറിയ മാറ്റങ്ങൾക്ക് ഭരണാനുമതി തുകയിൽ അധികരിക്കാത്തപക്ഷം കാലതാമസം ഒഴിവാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ അതത് വകുപ്പുകൾക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് റോഡ് പ്രവൃത്തികളുടെ ചെയിനേജിലുണ്ടാകുന്ന മാറ്റങ്ങൾ പരിശോധിച്ച് പുതുക്കിയ ഭരണാനുമതി നൽകിവരുന്നത്.

ആയതിനാൽ ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ അതത് വകുപ്പുകൾക്ക് പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയം ഇപ്പോൾ ധനവകുപ്പിന്റെ പരിഗണനയിലില്ല.

കിഫ്ബി മസാല ബോണ്ട്

68(5943) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി മസാല ബോണ്ട് ഇഷ്യൂ ചെയ്യുന്നതിനായി ഇറക്കിയ ഓഫറിംഗ് സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കിഫ്ബി മസാല ബോണ്ട് ഇഷ്യൂ ചെയ്യുന്നതിനായി ഇറക്കിയ ഓഫറിംഗ് സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

സംസ്ഥാനത്തെ ഡേറ്റ ശേഖരണത്തിനായി പ്രത്യേക സംവിധാനം

69(5944) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. വിജിൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് ഡേറ്റ ശേഖരണം, നയരൂപീകരണം, സ്ഥിതി വിവരക്കണക്ക് ശക്തിപ്പെടുത്തൽ എന്നിവയ്ക്കായി പ്രത്യേക സംവിധാനത്തിന് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ സ്ഥിതിവിവരക്കണക്ക് സംവിധാനത്തിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പാണ്. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ശേഖരിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും നയരൂപീകരണത്തിനും ഉപയുക്തമാക്കുന്നതാണ്. ഇത്തരത്തിലുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നത് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും വിവിധ വിവരശേഖരണ പദ്ധതികൾ വഴിയാണ്. സംസ്ഥാന നോഡൽ ഏജൻസിയെ ശക്തിപ്പെടുത്തുന്നതിനായി വിവിധ കാലഘട്ടങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംരംഭങ്ങളുണ്ടായിരുന്നു. ഇന്ത്യാ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെംങ്തനിംഗ് പ്രോജക്ടിന്റെ State Strategic Statistical Plan-ന്റെ ഭാഗമായി നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ മാതൃകയിൽ സംസ്ഥാനത്തിലും

സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ നിലവിൽ വരികയുണ്ടായി. പ്രസ്തുത സംവിധാനം നിലവിലുള്ള സ്ഥിതിവിവരക്കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഒട്ടനവധി നിർദ്ദേശങ്ങൾ നൽകിവരുന്നു. ഇതുകൂടാതെ, നിലവിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെ നൂതന സാങ്കേതിക വിദ്യകൾ സമന്വയിപ്പിച്ച് സംസ്ഥാന സ്ഥിതിവിവരക്കണക്ക് സംവിധാനം കാര്യക്ഷമമാക്കുന്നതിന് 26-09-2022-ലെ സ.ഉ.(സാധാ) 372/2022/P&EA പ്രകാരം റീ വാംമ്പിങ് ആക്ഷൻ ടീം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സംവിധാനം വകുപ്പിന്റെ ഒരു കോർ ടീമായി നിലകൊള്ളുന്നു. ഇതുകൂടാതെ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് സ്ഥിതിവിവരക്കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഒട്ടനവധി നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. സംസ്ഥാന വരുമാനം ശക്തിപ്പെടുത്തുന്നതിന് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നേതൃത്വത്തിൽ മൂന്ന് മേഖലകളിൽ പ്രഥമ, ദ്വിദീയ, ത്രിതീയ എന്നീ മൂന്ന് ഗ്രൂപ്പുകളായി തിരിച്ച് വിദഗ്ധരുടെ മേൽനോട്ടത്തിൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമടങ്ങുന്ന റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ നിരവധി സംരംഭങ്ങളും വിവിധ

പദ്ധതികളും നിർവഹണം നടത്തി സ്ഥിതിവിവരക്കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്ന പ്രക്രിയ മുന്നോട്ട് കൊണ്ടുപോകുന്നു.

(ബി) ആഭ്യന്തര ഉൽപന്നങ്ങളുടെ സമാഹാരം പരിശോധിക്കുന്നതിനും ഡേറ്റയിലും രീതിശാസ്ത്രത്തിലും ശിപാർശകൾ നൽകുന്നതിനും പ്രസ്തുത സംവിധാനം പ്രയോജനപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രയോജനപ്പെട്ടിട്ടുണ്ട്. സംസ്ഥാന വരുമാനം കണക്കാക്കുന്നതിനുള്ള വിവര ശേഖരണം കുറ്റമറ്റതാക്കുന്നതിനായി രൂപീകരിച്ച ഉപസമിതികളുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സമിതികളുടെ ശിപാർശകൾ സർക്കാർ അംഗീകരിക്കുന്നമുറയ്ക്ക് ശക്തീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. കൂടാതെ സംസ്ഥാന വരുമാനം കണക്കാക്കുന്ന സംവിധാനം മെച്ചപ്പെടുത്തുന്നതിന് ദേശീയതലത്തിൽ രൂപീകരിച്ച Prof. Dholakia കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നിർദേശങ്ങളും പരിശോധിച്ചുവരുന്നു.

ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള വായനശാലകൾക്ക് കെട്ടിടം

70(5945) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള വായനശാലകൾക്ക് മണ്ഡലം ആസ്തിവികസന പദ്ധതി ഉപയോഗപ്പെടുത്തി കെട്ടിടം നിർമ്മിക്കാനുള്ള അനുമതി ഒഴിവാക്കാനുള്ള കാരണം വിശദമാക്കാമോ?

സർക്കാർ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ നിർമ്മാണമാണ് ആസ്തി വികസന പദ്ധതി വിഭാവനം ചെയ്യുന്നത്. സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പല ലൈബ്രറികളുടെയും ഉടമസ്ഥാവകാശം അവ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കാണ്. അത്തരം ലൈബ്രറികൾക്ക് ആസ്തി വികസന പദ്ധതിയിൽനിന്നും ധനസഹായം അനുവദീയമല്ല.

(ബി) പ്രാദേശിക സാംസ്കാരിക കേന്ദ്രങ്ങൾ എന്ന പരിഗണനയിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കാൻ ആസ്തി വികസന പദ്ധതി ഉപയോഗപ്പെടുത്തുന്നതിന് മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

വൈപ്പിൻ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

71(5946) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് 'കില' മുഖേന നടപ്പാക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ ഗവൺമെന്റ് ഹൈസ്കൂൾ, എളകുന്നപ്പുഴ, ഗവൺമെന്റ് എച്ച്.എസ്.എസ്.&വി.എച്ച്.എസ്.എസ്., കടമക്കുടി എന്നീ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണപ്രവൃത്തികളുടെ നാളിതുവരെയുള്ള പുരോഗതി അറിയിക്കാമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് 'കില' മുഖേന നടപ്പാക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ പുരോഗതി ചുവടെ പറയുന്നു.

1. ജി.എച്ച്.എസ്. ഇളകുന്നപ്പുഴ:- ടി സ്കൂളിന്റെ ഡി.പി.ആർ. പദ്ധതിനിർവഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇത് കിഫ്ബിയിൽ പരിശോധിച്ച് Technical Appraisal Report-1 (TAR) 17-05-2024-ന് പദ്ധതിനിർവഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്.

2. വി.എച്ച്.എസ്.എസ്. കടമക്കുടി:- ടി സ്കൂളിന് 30-10-2020 തീയതിലെ ഉത്തരവ് നം. GED003-28/PE-5-PAD/2020/KIIFB പ്രകാരം 99,93,889/- രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിരുന്നു. കൂടാതെ 23-11-2023-ലെ ഉത്തരവ് നം. GED003-28/APR-2/2023/KIIFB പ്രകാരം 1,29,50,421/- രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബി നൽകിയിരുന്നു. ടി സ്കൂളിന്റെ PED (Project Execution Document)-ക്ക് കിഫ്ബിയിൽനിന്ന് conditional approval ആണ് 07-09-2023-ൽ ലഭിച്ചിട്ടുള്ളത്. ടി കാരണത്താൽ TENDER നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിനാൽ KIIFB-യുടെ GEO TECHNICAL EXPERT-ന്റെകൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ FOUNDATION DESIGN-ൽ ഭേദഗതികൾ വരുത്തുകയും തുടർന്ന് തിരുത്തലുകൾ വരുത്തി എസ്റ്റിമേറ്റ് 27-06-2024-ന പദ്ധതിനിർവഹണ ഏജൻസി KIIFB-യിൽ പുന:സമർപ്പിച്ചിട്ടുണ്ട്. ഇത് കിഫ്ബിയിൽ പരിശോധിച്ചുവരുന്നു. കിഫ്ബിയിൽനിന്ന് അംഗീകാരം ലഭ്യമാക്കുന്നമുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിച്ച് കരാർ നൽകി പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികളിൽ നിലനിൽക്കുന്ന തടസ്സങ്ങൾ നീക്കുന്നതിന് കിഫ്ബി മുഖേന സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ടി നിർമ്മാണ പ്രവൃത്തിയിൽ നിലനിൽക്കുന്ന തടസ്സങ്ങൾ നീക്കുന്നതിന് KIIFB അവലോകന യോഗങ്ങൾ നടത്തി പദ്ധതിനിർവഹണ ഏജൻസിക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കോട്ടയ്ക്കൽ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

72(5947) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ എത്ര പദ്ധതികൾക്കാണ് ഭരണാനുമതി ലഭ്യമാക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കുമോ?

കോട്ടയ്ക്കൽ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കാൻ ഭരണാനുമതി ലഭിക്കേണ്ട പദ്ധതികളുടെ വിവരങ്ങളും ഭരണാനുമതി ലഭിച്ചവയിൽ നിർമ്മാണം പൂർത്തീകരിക്കാത്തവയുടെയും ഭരണാനുമതി ലഭിച്ചിട്ടും

നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തവയുടെയും പദ്ധതികൾ നേരിടുന്ന കാലതാമസത്തിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഭരണാനുമതി ലഭിച്ചവയിൽ നിർമ്മാണം പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയാണെന്നും ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്നും ആയതിന്റെ കാലതാമസത്തിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ?

കോട്ടയ്ക്കൽ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കാൻ ഭരണാനുമതി ലഭിക്കേണ്ട പദ്ധതികളുടെ വിവരങ്ങളും ഭരണാനുമതി ലഭിച്ചവയിൽ നിർമ്മാണം പൂർത്തീകരിക്കാത്തവയുടെയും, ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തവയുടെയും പദ്ധതികൾ നേരിടുന്ന കാലതാമസത്തിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പുതുപ്പള്ളി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

73(5948) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പുതുപ്പള്ളി മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർവഹിക്കുന്നതിന് നാളിതുവരെ അംഗീകാരം നൽകിയിട്ടുള്ള എത്ര പദ്ധതികളുണ്ട്; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പൂർത്തിയാക്കാത്ത പ്രവൃത്തികളുണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്നതിനായി നിശ്ചയിച്ച് നൽകിയ തീയതി ഏതൊക്കെയാണെന്ന് അറിയിക്കുമോ?

(എ-സി) പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർവഹിക്കുന്നതിന് നാളിതുവരെ അംഗീകാരം നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതിവിവരങ്ങളും അനുബന്ധത്തിൽ കാണാവുന്നതാണ്. അംഗീകാരം നൽകിയിട്ടുള്ള രണ്ടു പ്രവൃത്തികളിൽ ഒരു പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്.

നികുതി സമാഹരണ പ്രവർത്തനങ്ങൾ

74(5949)ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി. സമാഹരണ പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രവും ശാസ്ത്രീയവുമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ജി.എസ്.ടി. നിയമത്തിനനുസൃതമായ രീതിയിൽ വകുപ്പിനെ പുന:സംഘടിപ്പിക്കുകയും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

പുന:സംഘടനയോടനുബന്ധിച്ച് വകുപ്പിനെ ടാക്സ്പെയർ സർവീസസ്, ഓഡിറ്റ്, ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വെർട്ടിക്കലുകളാക്കി തിരിക്കുകയും ടി വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി സമഗ്രവും ശാസ്ത്രീയവുമായ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

ജി.എസ്.ടി. നിയമം അനുശാസിക്കുന്ന ടേൺ-ഓവർ പരിധി കഴിഞ്ഞിട്ടും ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കാതിരിക്കുന്നവരെ സർവേകളിലൂടെയും മറ്റ് ഇന്റലിജൻസ് ആക്ഷനുകളിലൂടെയും കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിച്ച് ടാക്സ് നെറ്റ് വർക്കിനകത്ത് ഉൾപ്പെടുത്തുന്നതിനുള്ള തീവ്രനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ റിട്ടേൺ പരിശോധന, ഓഡിറ്റ്, കട പരിശോധന, മറ്റ് ഇന്റലിജൻസ് ആക്ഷൻ എന്നിവ നടത്തി നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനുള്ള നടപടികളും ശക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ അതിർത്തികളിൽ സ്ഥാപിച്ചിരിക്കുന്ന AI-യുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ANPR ക്യാമറകൾ വഴി ലഭ്യമാകുന്ന വാഹനങ്ങളുടെ ചരക്കുനീക്കം, കൂടാതെ ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ ഡാറ്റ വിശകലനം ചെയ്ത് ലഭ്യമാകുന്ന Red Flag report എന്നിവ പ്രയോജനപ്പെടുത്തി നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വിഭാഗം നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ

അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതിദായകർ സൂക്ഷിച്ചിരിക്കുന്ന രേഖകളും അക്കൗണ്ടുകളും വിശദമായി പരിശോധിച്ച് അവർ ഫയൽ ചെയ്ത റിട്ടേണുകളുമായി താരതമ്യം ചെയ്ത് എവിടെയെങ്കിലും നികുതി ചോർച്ചയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ച് നടപടികളെടുത്തുവരുന്നു. ഇപ്രകാരം മേൽ സൂചിപ്പിച്ചിട്ടുള്ള നടപടികളിലൂടെ നികുതി സമാഹരണ പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രവും ശാസ്ത്രീയവുമാക്കാനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ

75(5950) ശ്രീ. പി. നന്ദകുമാർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കൗൺസിലിന്റെ രൂപീകരണത്തിനുശേഷം സംസ്ഥാനവുമായി ബന്ധപ്പെട്ടതോ പൊതുവായതോ ആയ ഏതൊക്കെ പ്രശ്നങ്ങളാണ് ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

വാറ്റ് നിയമത്തിൽനിന്നും വ്യത്യസ്തമായി ജി.എസ്.ടി.-യിൽ നിയമങ്ങളിലോ ചട്ടങ്ങളിലോ മാറ്റം വരുത്തുന്നതിന് സംസ്ഥാനത്തിന് മാത്രമായി അധികാരമില്ല. ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് ജി.എസ്.ടി. കൗൺസിലാണ്. ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാന താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ശക്തമായി വാദിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇതിനായി സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ച വിഷയങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) അതിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കൗൺസിലിന്റെ അനുകൂല തീരുമാനമുണ്ടായവ ഏതൊക്കെയെന്ന് വിശദമാക്കുമോ?

ജി.എസ്.ടി. കൗൺസിലിന്റെ അനുകൂല തീരുമാനമുണ്ടായ വിഷയങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) നികുതി വരുമാന നഷ്ടപരിഹാര സെസ്സിനത്തിൽ കേന്ദ്ര ഗവൺമെന്റ് നിലവിലും നികുതി പിരിക്കുന്ന സാഹചര്യത്തിൽ അത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനങ്ങൾക്കുകൂടി അനുവദിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനങ്ങൾക്കുള്ള ജി.എസ്.ടി. നഷ്ടപരിഹാര സെസ് പിരിവ് കേന്ദ്ര ഗവൺമെന്റ് തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം തുടരണമെന്ന് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിനനുകൂലമായ നിലപാട് ഇതുവരെയും കേന്ദ്രം സ്വീകരിച്ചിട്ടില്ല.

(ഡി) അവസാനമായി ചേർന്ന ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ സംസ്ഥാനത്തിന് ഗുണകരമായ തീരുമാനങ്ങളുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

2024 ജൂൺ 22-ന് ചേർന്ന അമ്പത്തിമൂന്നാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ജി.എസ്.ടി. നിയമങ്ങളിലും ചട്ടങ്ങളിലും നിരവധി ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങളിൽ ഒന്നായിരുന്ന വ്യാജ രജിസ്ട്രേഷൻ തടയുന്നതിനായി രജിസ്ട്രേഷൻ നടപടികൾ കുറ്റമറ്റതാക്കുന്നതിനുവേണ്ടി രജിസ്ട്രേഷന് ആധാർ

അടിസ്ഥാനത്തിലുള്ള ബയോമെട്രിക് ഓതന്റിക്കേഷൻ നിർബന്ധമാക്കുന്നതിനുള്ള തരത്തിൽ നിയമത്തിൽ ഭേദഗതികൾ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

ഇ-കോമേഴ്സ് പോർട്ടൽ വഴിയുള്ള കച്ചവടങ്ങളിൽനിന്നും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ഐ.ജി.എസ്.ടി. ലഭ്യത ഉറപ്പുവരുത്താനായി ഇ-കൊമേഴ്സ് പോർട്ടൽ വഴിയുള്ള എല്ലാ സെയിലുകളും സംസ്ഥാനം തിരിച്ച് റിട്ടേണിൽ രേഖപ്പെടുത്തുന്നതിനായി ജി.എസ്.ടി. കൗൺസിൽ മുമ്പാകെ കേരളം സമർപ്പിച്ച നിർദ്ദേശം കൗൺസിൽ അംഗീകരിക്കുകയും ഇ-കൊമേഴ്സ് ടാക്സ് പെയേഴ്സ് നൽകുന്ന ജി.എസ്.ടി.ആർ. 8 റിട്ടേൺ ഭേദഗതി അംഗീകരിക്കുകയും ചെയ്തു. കൂടാതെ, ജി.എസ്.ടി.ആർ. 3B, ജി.എസ്.ടി. ആർ 1 റിട്ടേണുകൾ തമ്മിലുള്ള വ്യത്യാസവും അതിലൂടെയുള്ള നികുതിനഷ്ടവും കേസുകളും ഒഴിവാക്കുന്നതിനുള്ള നടപടികളും തീരുമാനിക്കപ്പെട്ടിട്ടുണ്ട്.

റിട്ടേണിൽ ഇൻവോയ്സ് വൈസ് ഉൾപ്പെടുത്തേണ്ട B to C സപ്ലൈകളുടെ പരിധി രണ്ടര ലക്ഷത്തിൽനിന്നും ഒരു ലക്ഷമായി കുറയ്ക്കാൻ തീരുമാനിച്ചു.

2017-2018 മുതൽ 2019-2020 വരെയുള്ള സാമ്പത്തിക വർഷങ്ങളുമായി ബന്ധപ്പെട്ട് വകുപ്പ് 73 പ്രകാരമുള്ള ഡിമാന്റുകളിൽ പലിശയും പിഴയും ഒഴിവാക്കുന്നതും ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ നേരത്തെതന്നെ തുകയുള്ള നികുതിദായകർക്ക് റിട്ടേൺ ഫയലിംഗ് താമസിക്കുന്നതുമൂലമുള്ള പലിശ ഒഴിവാക്കുന്നതടക്കമുള്ള, നികുതിദായകർക്ക് ഗുണകരമാകുന്ന നിരവധി ആനുകൂല്യങ്ങളും തീരുമാനിക്കപ്പെട്ടിട്ടുണ്ട്.

വിദ്യാർഥികളിലെ സമ്പാദ്യശീലം വളർത്താൻ നടപടി

76(5951) ശ്രീ. തോമസ്. കെ. തോമസ്:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിന് നാഷണൽ സേവിങ്സ് പദ്ധതി ഈ അധ്യയന വർഷംമുതൽ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സ്കൂൾ വിദ്യാർഥികൾക്കായി കേന്ദ്ര സർക്കാർ പോസ്റ്റ് ഓഫീസ് മുഖേന നടപ്പാക്കിയിരുന്ന സഞ്ചയികാ സമ്പാദ്യപദ്ധതി 01-10-2016 പ്രാബല്യത്തോടെ നിർത്തലാക്കിയതിനെത്തുടർന്ന് 28-09-2016-ലെ സ.ഉ. (സാധാ)നം. 7833/2016/ധന. പ്രകാരം, സഞ്ചയികാ പദ്ധതിയുടെ അതേ മാനദണ്ഡങ്ങൾ നിലനിർത്തിക്കൊണ്ട് സംസ്ഥാന ട്രഷറിയുമായി സഹകരിച്ച് Students Savings Scheme എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്.

ഈ പദ്ധതിപ്രകാരം സംസ്ഥാനത്തെ സർക്കാർ/Aided സ്കൂളുകളിലെ ഒന്നാം ക്ലാസ്സ് മുതൽ പ്ലസ്ടു വരെയുള്ള സ്കൂൾ വിദ്യാർഥികൾക്ക് പദ്ധതിയിൽ അംഗമാകാവുന്നതാണ്.

പദ്ധതി ആരംഭിക്കുന്ന സ്കൂളുകളിൽ സ്ഥാപന മേധാവി, രണ്ടു വിദ്യാർഥികൾ എന്നിവർ അംഗങ്ങളായി ഒരു സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും വിദ്യാർഥികൾ പദ്ധതിവഴി സ്വരൂപിക്കുന്ന തുക ട്രഷറിയിൽ നിക്ഷേപിക്കേണ്ടതുമാണ്. ഓരോ വിദ്യാർഥിക്കും അവരുടെ നിക്ഷേപത്തിന് നിലവിലുള്ള ട്രഷറി സേവിങ്സ് ബാങ്ക് നിരക്കനുസരിച്ച്

പലിശ ലഭിക്കുന്നതാണ്. കൂടാതെ നിക്ഷേപത്തിന്റെ 80% വരെ ഒരു വർഷത്തിൽ കുറയാത്ത സ്ഥിര നിക്ഷേപമാക്കി മാറ്റാവുന്നതും ഇതിൽനിന്ന് ലഭിക്കുന്ന അധിക പലിശയിൽ വിദ്യാർഥികൾക്ക് നൽകുന്ന പലിശ കിഴിച്ചുള്ള തുക സ്കൂളിന്റെ വികസനപ്രവർത്തനങ്ങൾക്കോ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കോ, വിനിയോഗിക്കാവുന്നതുമാണ്. പദ്ധതി നടത്തിപ്പിനാവശ്യമായ പാസ്സ് ബുക്ക്, ഡെയിലി സ്ലോൾ, ലെഡ്ജർ എന്നിവ സ്കൂളുകൾ മുഖേന ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് വിതരണം ചെയ്യുന്നതാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഈ പദ്ധതിയുടെ വിപുലീകരണം മന്ദഗതിയിലായിരുന്നെങ്കിലും നിലവിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് പദ്ധതി ഊർജിതമായി നടപ്പാക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്ത് 707 സ്കൂളുകളിലായി 56,557 വിദ്യാർഥികൾ ഈ പദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

നികുതി കുടിശ്ശിക വരുത്തിയ ബാർ ഹോട്ടലുകൾ

77(5952) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി കുടിശ്ശിക വരുത്തിയ ബാർ ഹോട്ടലുകളുടെ എണ്ണം എത്ര; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ; സംസ്ഥാനത്ത് നികുതി റിട്ടേണുകൾ സമയബന്ധിതമായി ഫയൽ ചെയ്യാത്ത എത്ര ബാർ ഹോട്ടലുകളുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇത്തരത്തിൽ കുടിശ്ശികയുള്ള ബാർ ഹോട്ടലുകൾക്കെതിരെ നികുതി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നികുതി കുടിശ്ശിക വരുത്തിയ ബാർ ഹോട്ടലുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

സംസ്ഥാനത്ത് നികുതി റിട്ടേണുകൾ സമയബന്ധിതമായി ഫയൽ ചെയ്യാത്ത ബാർ ഹോട്ടലുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള പൊതുവിൽപന നികുതി നിയമം, 1963 പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ള ഒരു ബിസിനസ് സ്ഥാപനം അഥവാ നികുതിദായകൻ എല്ലാ മാസവും അദ്ദേഹത്തിന്റെ വിറ്റുവരവ് രേഖപ്പെടുത്തി റിട്ടേണുകൾ ഫയൽ ചെയ്യേണ്ടതാണ്. കൂടാതെ വർഷാവസാനം ആനുവൽ റിട്ടേൺകൂടി ഫയൽ ചെയ്യേണ്ടതാണ്. മേൽ സൂചിപ്പിച്ച രീതിയിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിലോ നികുതി അടയ്ക്കുന്നതിലോ വീഴ്ചവരുത്തിയ ബാർ ഹോട്ടലുകൾക്കെതിരെ, കെ.ജി.എസ്.ടി. നിയമപ്രകാരമുള്ള അസെസ്സ്മെന്റ് നടപടികൾ പൂർത്തിയാക്കി വീഴ്ചവരുത്തിയ നികുതി ഖജനാവിലേയ്ക്ക് അടപ്പിക്കുന്നതിനുള്ള നടപടികൾ എല്ലാ ജില്ലകളിലും കൈക്കൊണ്ടിട്ടുണ്ട്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി നടപടികളും എല്ലാ ജില്ലകളിലും ശക്തമാക്കിയിട്ടുണ്ട്. കൂടാതെ, സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗവും ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) നികുതി വകുപ്പ് സ്വീകരിച്ച നടപടികളിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് എക്സൈസ് കമ്മീഷണറും കെ.എസ്.ബി.സി. എം.ഡി.-യും

സർക്കാരിലേയ്ക്ക് കത്ത് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; നികുതി കുടിശ്ശികക്കാരെ സഹായിക്കാൻ വേണ്ടിയാണോ സർക്കാർ നയത്തിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് പ്രസ്തുത ഉദ്യോഗസ്ഥർ കത്ത് നൽകിയത്; വ്യക്തമാക്കുമോ?

ചില ബാർ ഹോട്ടലുകൾ തങ്ങളുടെ വരുമാനത്തിൽനിന്നും സർക്കാരിന് നൽകേണ്ട ടേൺ ഓവർ ടാക്സിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്നും ആയതിനാൽ അവർക്ക് മദ്യം നൽകുന്നത് നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് ചരക്കുസേവന നികുതി വകുപ്പിന്റെ 27-09-2023-ലെ SGST/2023-TPS(HQ)4 നമ്പർ കത്തുപ്രകാരം കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത കത്തിനെതിരെ ചില ബാർ ഹോട്ടലുകൾ ബഹു.ഹൈക്കോടതിയെ സമീപിച്ചപ്പോൾ, ടി കത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് ഉത്തരവായിട്ടുള്ളതും എന്നാൽ മറ്റുചില കേസുകളിൽ ചരക്കുസേവന നികുതി വകുപ്പിന്റെ നിർദേശമനുസരിച്ച് തീരുമാനമെടുക്കാമെന്നും വിധി പുറപ്പെടുവിച്ചിരുന്നു. മാത്രമല്ല, നിയമപരമായ എക്സൈസ് ലൈസൻസും കെ.ജി.എസ്.ടി. രജിസ്ട്രേഷനുമുള്ള ബാർ

ഹോട്ടലുകൾക്ക് മദ്യം നൽകാതിരിക്കുന്നത് നിയമപരമായി നിലനിൽക്കുന്നതല്ലാത്തതിനാൽ സർക്കാരിന് എക്സൈസ് തീരുവ, സെയിൽസ് ടാക്സ് എന്നീ ഇനങ്ങളിൽ വരുന്ന വരുമാനനഷ്ടംകൂടി കണക്കിലെടുത്ത് ടി വിഷയത്തിൽ സ്പഷ്ടീകരണമാവശ്യപ്പെട്ട് കെ.എസ്.ബി.സി. എം.ഡി. നികുതി വകുപ്പിന് കത്തയച്ചിരുന്നു. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

78(5953) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാനത്ത് വ്യാപകമായി നികുതി വെട്ടിപ്പ് നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാനത്ത് നികുതി വെട്ടിപ്പ് നടക്കുന്നതായി കണ്ടെത്തിയ സാഹചര്യത്തിൽ സംസ്ഥാന ജി.എസ്.ടി. വകുപ്പ് നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിക്കുന്നുണ്ട്. കേന്ദ്ര ജി.എസ്.ടി. വകുപ്പും നികുതി വെട്ടിപ്പിനെതിരെ നടപടിയെടുക്കുന്നുണ്ട്.

(ബി) എങ്കിൽ ബിസിനസ് ടു ബിസിനസ്, ബിസിനസ് ടു കസ്റ്റമർ എന്നീ ഇനങ്ങളിൽ നടക്കുന്ന ജി.എസ്.ടി. വെട്ടിപ്പ് കണ്ടെത്തി തടയുന്നതിനും സംസ്ഥാനത്തിന്റെ വരുമാന ചോർച്ചയ്ക്ക് കാരണമായ ഗുരുതര കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

നികുതി വെട്ടിപ്പിനെ ബിസിനസ് ടു ബിസിനസ്, ബിസിനസ് ടു കസ്റ്റമർ എന്നിങ്ങനെ തരംതിരിക്കാതെ സമഗ്രമായി അന്വേഷണം നടത്തുന്ന രീതിയാണ് വകുപ്പ് കൈക്കൊള്ളുന്നത്. ജി.എസ്.ടി. വെട്ടിപ്പ് വകുപ്പിലെ ഇന്റലിജൻസ്&എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ സെർച്ച്/ഇൻസ്പെക്ഷൻ, വാഹന പരിശോധന എന്നീ നടപടികളിലൂടെ കണ്ടെത്തുകയും നികുതി, പിഴ എന്നിവ ഈടാക്കുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ വരുമാന ചോർച്ചയ്ക്ക് കാരണമായ ഗുരുതര കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ അറസ്റ്റ്

ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ആയതുപ്രകാരം സംസ്ഥാനത്ത് ഇതുവരെ 14 അറസ്റ്റുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഇത്തരത്തിൽ ജി.എസ്.ടി. വെട്ടിപ്പ് നടത്തിയതുമൂലം സംസ്ഥാന ഖജനാവിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വെളിപ്പെടുത്താമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ ജി.എസ്.ടി. വെട്ടിപ്പ് നടത്തുന്നവർക്കെതിരെ വകുപ്പിലെ ഇന്റലിജൻസ്&എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിയ പരിശോധനകളിൽ നികുതി വെട്ടിപ്പ് കണ്ടെത്തി കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ലഭ്യമാക്കിയ അധിക നികുതി വരുമാനം അനുബന്ധമായി ചേർക്കുന്നു.+ സമാന രീതിയിലുള്ള കേന്ദ്ര ജി.എസ്.ടി. സംവിധാനവും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് അധിക നികുതി ലഭ്യമാക്കുന്നുണ്ട്.

നികുതി സമാഹരണം നീതിപൂർവകവും കാര്യക്ഷമവുമാക്കേണ്ടതിന്റെ ആവശ്യകത

79(5954) ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. വാഴൂർ സോമൻ:

ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. സംവിധാനത്തിൽ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് സംഭവിക്കുന്ന കാലതാമസത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നികുതിച്ചോർച്ച കുറച്ചും നികുതി വെട്ടിപ്പ് തടഞ്ഞും നികുതി സമാഹരണം നീതിപൂർവകവും കാര്യക്ഷമവുമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് നികുതിച്ചോർച്ച കുറയ്ക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി സമാഹരണം നീതിപൂർവകവും കാര്യക്ഷമവുമാക്കുന്നതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വകുപ്പിനെ ജി.എസ്.ടി. നിയമത്തിനനുസൃതമായി പുന:സംഘടിപ്പിക്കുകയും അതിന്റെയടിസ്ഥാനത്തിൽ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നുമുണ്ട്.

(ബി) നികുതിച്ചോർച്ച പരമാവധി കുറച്ചും നികുതി വെട്ടിപ്പ് തടഞ്ഞും നികുതി ഒടുക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തിയും കാര്യക്ഷമമായ നികുതി നിർവഹണം സാധ്യമാക്കാനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് നികുതിച്ചോർച്ച പരമാവധി കുറച്ചും നികുതി വെട്ടിപ്പ് തടഞ്ഞും നികുതി ഒടുക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തിയും കാര്യക്ഷമമായ നികുതി നിർവഹണം സാധ്യമാക്കാനും, നികുതി പിരിവിലുണ്ടായ മാറ്റം പൊതുജനങ്ങളെ അറിയിക്കുന്നതിനും, അവരെ ബോധവൽക്കരിക്കുന്നതിനും ജി.എസ്.ടി.-യെ സംബന്ധിച്ച് പൊതുവായ അവബോധം സൃഷ്ടിക്കാനുമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് വിവിധ ക്യാമ്പയിനുകൾ സംഘടിപ്പിച്ചുവരുന്നു.

ജി.എസ്.ടി.-യെ സംബന്ധിച്ചും, നികുതി സമ്പ്രദായത്തിലെ മാറ്റങ്ങൾ, നികുതി നൽകേണ്ടതിന്റെ ആവശ്യകത, നികുതി വെട്ടിപ്പ് തടയുക എന്നിവയെക്കുറിച്ചും വ്യാപാരികൾ, നികുതി പ്രാക്ടീഷണേഴ്സ്, പൊതുജനങ്ങൾ എന്നിവരിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി വിവിധ

പത്രക്കുറിപ്പുകൾ, അച്ചടി മാധ്യമങ്ങളിലെ പരസ്യങ്ങൾ, സോഷ്യൽ മീഡിയ, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, പൊതുയിടങ്ങളിലെ പരസ്യങ്ങൾ എന്നിവ വഴിയുള്ള പ്രചാരണങ്ങൾ വ്യാപകമായി നടത്തിവരുന്നു. “ബില്ല് ചോദിച്ചു വാങ്ങുക നികുതി വെട്ടിപ്പ് തടയുക” എന്ന ആശയത്തിൽ ഊന്നിയതും, "ലക്കി ബിൽ ആപ്പ്" “ആംനസ്റ്റി പദ്ധതി” പോലെയുള്ള സർക്കാരിന്റെ വിവിധ ജനോപകാരപ്രദമായ നികുതിയിളവ് പദ്ധതികൾ എന്നിവയുടെ ബോധവൽക്കരണത്തിനും ഈ മാധ്യമങ്ങൾ ഉപയോഗിക്കുന്നു. വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാനത്തെ ചരക്കുസേവന നികുതി വകുപ്പ് കാര്യാലയങ്ങളിൽ എത്തുന്ന പൊതുജനങ്ങൾ, വ്യാപാരികൾ, ടാക്സ് പ്രാക്ടീഷണർമാർ എന്നിവർക്ക് മെച്ചപ്പെട്ട സേവനങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ വിവിധ ജില്ലാ ആസ്ഥാനങ്ങളിൽ കസ്റ്റമൈസ്ഡ് ടാക്സ് കോർണറുകൾ സ്ഥാപിച്ചു. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പ് പുന:സംഘടിപ്പിക്കുകയും ചെയ്തു.

(സി) സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ സമൂലമായി പുന:സംഘടിപ്പിക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി ഉന്നതതലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. ജി.എസ്.ടി. നിയമങ്ങൾക്കനുസൃതമായി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിലേയ്ക്കായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ സമഗ്രമായി പുന:സംഘടിപ്പിക്കാൻ കഴിഞ്ഞുവെന്നത് നേട്ടമായി കണക്കാക്കുന്നു. പുന:സംഘടനയെത്തുടർന്ന് വകുപ്പിലെ ജീവനക്കാർക്ക് വിദഗ്ധ പരിശീലനം നൽകുകയും അത് നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും ആധുനിക സാങ്കേതികവിദ്യകളടക്കമുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ഇന്റലിജൻസ്&എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നൽകിയ വിദഗ്ധ പരിശീലനം നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന് ജീവനക്കാരെ കൂടുതൽ പ്രാപ്തരാക്കാനും സഹായിച്ചിട്ടുണ്ട്. ജി.എസ്.ടി. നിയമം നിലവിൽ വന്നതിനുശേഷം ഇന്ത്യയിൽ നികുതി വകുപ്പിനെ സമഗ്രമായും ആധികാരികമായും പുന:സംഘടിപ്പിച്ചിട്ടുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

(ഡി) ബിസിനസ് ഇന്റലിജൻസ് ആൻഡ് ഫ്രോഡ് അനലിറ്റിക്സ്, അനലിറ്റിക്സ് ഇൻസൈറ്റ് റിപ്പോർട്ട് എന്നിവ ഉൾപ്പെടെയുള്ള ആധുനിക സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് വിവിധതരത്തിലുള്ള നികുതി വെട്ടിപ്പുകൾ എത്രയുംവേഗം കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. ബിസിനസ്സ് ഇന്റലിജൻസ് ആൻഡ് ഫ്രോഡ് അനലിറ്റിക്സ് (BIFA), അനലിറ്റിക്സ് ഇൻസൈറ്റ് റിപ്പോർട്ട് എന്നിവ ഉൾപ്പെടെയുള്ള ആധുനിക സങ്കേതങ്ങൾ കാലതാമസംകൂടാതെ ഫലപ്രദമായി ഉപയോഗിക്കുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവ കൃത്യമായി പരിശോധിച്ച് നികുതി വെട്ടിപ്പുകൾ കാലതാമസം കൂടാതെ കണ്ടെത്തി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

ജി.എസ്.ടി. നഷ്ടപരിഹാര കുടിശ്ശിക

80(5955) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നഷ്ടപരിഹാര ഇനത്തിൽ സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുള്ള തുകയിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കാമോ?

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്കുസേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16-ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർധനവുകണക്കിൽ അഞ്ച് വർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്നപ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസക്കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനുമൊടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിനുശേഷം ആയത് അന്തിമമായി

കണക്കാക്കാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. അന്തിമ കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് നാളിതുവരെ കോമ്പൻസേഷനായി 43,363.51 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ജി.എസ്.ടി. വരുമാനത്തിൽ 2022-23 വർഷത്തേക്കാൾ എത്ര ശതമാനം തുക 2023-24-ൽ വർധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ആയത് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷം 29,195.30 കോടി രൂപയും (Provisional) 2023-24 സാമ്പത്തിക വർഷം 30,944.48 കോടി രൂപയും (Provisional) സംസ്ഥാനത്തിന് ജി.എസ്.ടി. നികുതി വരുമാനമായി ലഭിച്ചു. 2023-24 സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനത്തിൽ 2022-23 സാമ്പത്തിക വർഷത്തേക്കാൾ 5.99% വർധനയുണ്ടായിട്ടുണ്ട്. പ്രസ്തുത വർധനവ് 1,749.18 കോടി രൂപയാണ് (Provisional).

വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി നിരക്ക്

81(5956) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീര്യം കുറഞ്ഞ മദ്യം വിൽക്കുന്നതുമായി ബന്ധപ്പെട്ട് ബക്കാഡിയ കമ്പനി, നികുതി നിരക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ചോ അല്ലാതെയോ നികുതി വകുപ്പിൽ ഏതെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിൽ നികുതി വകുപ്പ് സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ നികുതി വകുപ്പ് കമ്മീഷണർ നൽകിയ ശിപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് വീര്യം കുറഞ്ഞ മദ്യം വിൽക്കുന്നതുമായി ബന്ധപ്പെട്ടും വീര്യം കുറഞ്ഞ മദ്യം വില്പന നടത്തുന്നതിന് നികുതി നിരക്ക് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ടും ബക്കാഡിയ കമ്പനി അപേക്ഷ സമർപ്പിച്ചിരുന്നു.

2022-23 വർഷത്തെ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 0.5% V/V മുതൽ 20% V/V വരെ വീര്യമുള്ള മദ്യം വിപണനം സാധ്യമാക്കുന്നതിന് വിദേശമദ്യ ചട്ടത്തിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. വീര്യം കുറഞ്ഞ മദ്യം ലഭ്യമാക്കുക എന്നത്

സംസ്ഥാനത്തിന്റെ മദ്യനയത്തിൽ ഉൾപ്പെട്ട വിഷയമായതിനാൽ ആ വിഭാഗത്തിൽപ്പെടുന്ന മദ്യത്തിന്റെ നികുതി നിരക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ചരക്കുസേവന നികുതി കമ്മീഷണറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഇതുസംബന്ധിച്ച് ചരക്കുസേവന നികുതി കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

സാമൂഹ്യ സുരക്ഷാ സെസ് ഇനത്തിൽ ലഭിച്ച തുക

82(5957) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2023 ഏപ്രിൽ 1 മുതൽ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് 500 രൂപ മുതൽ 999 രൂപവരെയുള്ള ബോട്ടിലുകളിന്മേൽ 20 രൂപ നിരക്കിലും 1000 രൂപയ്ക്ക് മുകളിലുള്ള ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് 40 രൂപ നിരക്കിലും ഏർപ്പെടുത്തിയ സാമൂഹ്യ സുരക്ഷാ സെസ് വഴി 2024 മെയ് 31 വരെ എത്ര രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്ന് അറിയിക്കാമോ; മാസം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

2023-ലെ കേരള ധനകാര്യ നിയമപ്രകാരം സംസ്ഥാനത്ത് ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതുവഴി 2023-24, 2024-25 (2024 മേയ് 31 വരെ) സാമ്പത്തിക വർഷങ്ങളിൽ പിരിഞ്ഞുകിട്ടിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) 2023 ഏപ്രിൽ 1 മുതൽ 2024 മെയ് 31 വരെ പെട്രോളിനും ഡീസലിനും ലിറ്ററിന് രണ്ട് രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക എത്രയാണെന്ന് ഇനം, മാസം എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കാമോ; പ്രസ്തുത തുക സർക്കാരിന്റെ സഞ്ചിത നിധിയിലേയ്ക്ക് മുതൽക്കൂട്ടുകയാണോ ചെയ്യുന്നത്; പ്രഖ്യാപിതവും പ്രത്യേക ലക്ഷ്യത്തോടുകൂടിയും പിരിച്ച തുക സർക്കാരിന്റെ സഞ്ചിതനിധിയിൽ മുതൽക്കൂട്ടുന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ പ്രത്യേക അനുമതി വാങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

2023-ലെ കേരള ധനകാര്യ നിയമപ്രകാരം സംസ്ഥാനത്ത് പെട്രോളിനും ഡീസലിനും സാമൂഹ്യസുരക്ഷാ സെസ് ഏർപ്പെടുത്തിയതുവഴി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2023-24, 2024-25 (2024 മേയ് 31 വരെ) സാമ്പത്തിക വർഷങ്ങളിൽ പിരിഞ്ഞു കിട്ടിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

സെസ്സുൾപ്പെടെ വരവിനത്തിൽ ലഭിക്കുന്ന തുക സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വരവുവയ്ക്കുകയും ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ (2235-60-102-89 (NPV)) വകയിരുത്തിയ തുകയിൽനിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. നിലവിൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് ചെലവഴിക്കുന്നത്.

നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി

83(5958) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.

1. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

പുന:സംഘടനയിലൂടെ വകുപ്പിനെ ടാക്സ് പെയർ സർവീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങളായി തിരിച്ചുകൊണ്ട് നികുതി പിരിവ് കാര്യക്ഷമമാക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ടാക്സ് പെയർ സർവീസസ് നികുതിദായകർ റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്യിപ്പിക്കുന്നതിനും ഫയൽ ചെയ്യപ്പെട്ട റിട്ടേണുകൾ പരിശോധിച്ച് പൊരുത്തക്കേടുകൾ കണ്ടെത്തി പരിഹരിച്ച് നികുതിയടവ് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ഓഡിറ്റ് വിഭാഗം നികുതിദായകരെ റിസ്കടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെയടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ്

വിസിറ്റ് നടത്തി നികുതിദായകർ സൂക്ഷിച്ചിരിക്കുന്ന രേഖകളും അക്കൗണ്ടുകളും വിശദമായി പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇ-വേ ബിൽ, ഇ-ഇൻവോയ്സ് തുടങ്ങിയവ നിയമപ്രകാരം ചരക്ക് നീക്കങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇരുപത്തിനാല് മണിക്കൂറും പട്രോളിങിലേർപ്പെട്ടിരിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാനത്തിനകത്തേയ്ക്കും പുറത്തേയ്ക്കും നികുതി വെട്ടിച്ച് നടത്തുന്ന ചരക്ക് നീക്കങ്ങളെ തടഞ്ഞ് പിഴ ചുമത്തുകയും കണ്ടുകെട്ടേണ്ടതായ കേസുകളിൽ നികുതി വെട്ടിച്ച് കടത്തുന്ന ചരക്കുകളും വാഹനങ്ങളും കണ്ടുകെട്ടാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

ഇന്റലിജൻസ് വിഭാഗം വിവര സാങ്കേതികവിദ്യയുടെ പിൻബലത്തോടെയും രഹസ്യാന്വേഷണം, എൻഫോർമേഴ്സ്, പരാതികൾ എന്നിവയിലൂടെയും ലഭിക്കുന്ന നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി

വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പുവരുത്തി സേർച്ച്/ഇൻസ്പെക്ഷൻ നടത്തി നികുതിയും പലിശയും പിഴയും ഈടാക്കുന്നു. ഇതുകൂടാതെ അനിവാര്യഘട്ടങ്ങളിൽ നികുതി വെട്ടിപ്പുകാരെ അറസ്റ്റിന് വിധേയമാക്കുകയും ചെയ്യുന്നു.

2. മോട്ടോർവാഹന വകുപ്പ്

എല്ലാ ബുധനാഴ്ചകളും നികുതി പിരിവ് പ്രവർത്തനങ്ങൾക്കായി മാറ്റിവച്ചിരിക്കുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ നികുതിയൊടുക്കാതെ വരുകയാണെങ്കിൽ റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക ഈടാക്കുന്നു. ദീർഘകാലമായി നികുതിയൊടുക്കാത്തതോ നിരത്തിലുപയോഗിക്കാത്തതോ ആയ വാഹനങ്ങളുടെ നികുതിക്കുടിശ്ശിക ആംനെസ്റ്റി പദ്ധതിപ്രകാരം ഇളവുകളോടെ നികുതിയൊടുക്കി കുടിശ്ശിക തീർപ്പാക്കാൻ അവസരം നൽകുന്നു. ഫലപ്രദമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ നികുതി അടയ്ക്കാത്ത വാഹനങ്ങൾ നിരത്തിലിറങ്ങുന്നില്ലെന്ന് ഉറപ്പാക്കുന്നു.

3. എക്സൈസ് വകുപ്പ്

എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വില്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. കൂടാതെ മദ്യഷോപ്പുകൾക്ക് വിവിധങ്ങളായ ലൈസൻസുകളും നൽകിവരുന്നു. ഈ ലൈസൻസുകൾക്ക് ഈടാക്കുന്ന ഫീസുകൾ കാലാനുസൃതമായി ഉയർത്തി വരുമാനം വർധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നികുതി പിരിവ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് 'സർവീസ് പ്ലസ്' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗിച്ച് എല്ലാവിധ ലൈസൻസുകളും പെർമിറ്റുകളും അനുവദിക്കുന്നതിനും പുതുക്കുന്നതിനുമുള്ള സംവിധാനം നടപ്പാക്കിയിട്ടുള്ളതാണ്. ഇതുവഴി മരുന്ന് നിർമ്മാണത്തിനുപയോഗിക്കുന്ന മയക്കുമരുന്നുകൾ കൈകാര്യം ചെയ്യുന്നതിനും ആയുർവേദ മരുന്ന് നിർമ്മാണത്തിനും സ്പിരിറ്റ്, വിദേശ മദ്യം എന്നിവ ഇറക്കുമതി ചെയ്യുന്നതിനുമുള്ള ലൈസൻസ് ഫീസുകൾ, വൺ ഡേ പെർമിറ്റ്,

ട്രാൻസ്പോർട്ട് & ഇംപോർട്ട്, എക്സ്പോർട്ട് പെർമിറ്റ് ഫീസുകൾ, ലേബൽ അപ്രൂവൽ, ബ്രാൻഡ് രജിസ്ട്രേഷൻ ഫീസുകൾ എന്നീ നികുതി വരുമാനങ്ങൾ കൃത്യതയോടെയും സുതാര്യതയോടെയും സർക്കാരിലേയ്ക്ക് സമാഹരിച്ചുവരുന്നു. കൂടാതെ, എക്സൈസ് വകുപ്പ് വിവിധ കേസുകളിൽ പിടികൂടി സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ വാഹനങ്ങൾ സമയബന്ധിതമായി ഡിസ്പോസൽ ചെയ്ത് ആയതിൽനിന്നുള്ള വരുമാനം വർധിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ ലഹരി വസ്തുക്കളുടെയും മറ്റ് അനധ്യസംസ്ഥാന മദ്യമുൾപ്പെടെയുള്ള വ്യാജമദ്യത്തിന്റെയും വ്യാപനം തടഞ്ഞ് നികുതിച്ചോർച്ച തടയുന്നതിനും അതുവഴി സർക്കാരിന്റെ വരുമാനം വർധിപ്പിക്കുന്നതിനും എക്സൈസ് വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

വിവിധ കേസുകളിൽ വകുപ്പ് കണ്ടുകെട്ടിയ വാഹനങ്ങളുടെ ഡിസ്പോസൽ വേഗത്തിലാക്കി ലഭ്യമാക്കുന്ന വരുമാനവും, കേസുകൾ കോമ്പൗണ്ട് ചെയ്യപ്പെടുമ്പോൾ ലഭ്യമാകുന്ന പിഴത്തുക, കേസുകളിന്മേൽ ചുമത്തപ്പെടുന്ന പിഴത്തുക, കോടതി കേസുകളിൽനിന്നും ലഭ്യമാകുന്ന

പിഴത്തുക തുടങ്ങിയവയിലൂടെ നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിനും എക്സൈസ് വകുപ്പ് കാര്യക്ഷമമായ പ്രവർത്തനം നടത്തിവരുന്നു.

4. രജിസ്ട്രേഷൻ വകുപ്പ്

സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾക്ക് രജിസ്ട്രേഷൻ സമയത്തുതന്നെ സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഈടാക്കിവരുന്നു. കേരള മുദ്രപ്പത്രനിയമം വകുപ്പ് 28A പ്രകാരം ഫെയർവാല്യൂ നിശ്ചയിച്ചിട്ടുള്ള വസ്തുവിന്റെ വില ഫെയർവാല്യൂവിനേക്കാളും കുറച്ച് കാണിച്ച് രജിസ്ട്രേഷനായി ഹാജരാക്കുമ്പോൾ കേരള മുദ്രപ്പത്രനിയമം വകുപ്പ് 45A പ്രകാരം സബ് രജിസ്ട്രാർ, കക്ഷിക്ക് ഏഴ് ദിവസത്തിനകം കുറവുതുക ഒടുക്കുന്നതിനുള്ള demand notice നൽകുകയും കുറവുതുക ഈടാക്കിയതിനുശേഷം മാത്രം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും ചെയ്യുന്നു. ഫെയർവാല്യൂ നിശ്ചയിച്ചിട്ടില്ലാത്ത വസ്തുവിന്റെ വില കുറച്ചുകാണിച്ച് രജിസ്ട്രേഷനായി ഹാജരാക്കുന്ന ആധാരങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ രജിസ്റ്റർ ചെയ്തതിനുശേഷം

ആയതിന്റെ കുറവുതുക ഈടാക്കുന്നതിനായി കേരള മുദ്രപ്പത്രനിയമം 45(ബി) വകുപ്പുപ്രകാരം അണ്ടർവാല്യുവേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. അണ്ടർവാല്യുവേഷൻ നടപടിയുടെ ഭാഗമായി അയയ്ക്കുന്ന നോട്ടീസ് പ്രകാരമുള്ള കുറവുതുക ഒടുക്കാത്ത കേസുകളിൽ തുക ഈടാക്കുന്നതിനായി അന്തിമ ഉത്തരവ് നൽകി നിയമാനുസൃത നടപടികൾ പൂർത്തിയാക്കി തുക ഒടുക്കാത്ത കേസ്സുകൾ റവന്യൂ റിക്കവറിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആധാരം രജിസ്റ്റർ ചെയ്തതിനുശേഷം മുദ്രവില ഈടാക്കിയതിൽ കുറവുവന്നിട്ടുള്ളതായി ഓഡിറ്റ് പരിശോധനയിലൂടെയും മറ്റും ശ്രദ്ധയിൽപ്പെടുമ്പോൾ കുറവുമുദ്രവില ഈടാക്കുന്നതിനായി കേരള മുദ്രപ്പത്രനിയമം, വകുപ്പ് 33 എ 2019-ലെ ഫിനാൻസ് ആക്ടുപ്രകാരം കൂട്ടിച്ചേർക്കുകയുണ്ടായി. കൂടാതെ, അണ്ടർവാല്യുവേഷൻ കേസുകൾക്ക് കോമ്പൗണ്ടിങ് പദ്ധതി നടപ്പാക്കുന്നതിനും കെട്ടിടങ്ങളുടെ വാല്യുവേഷൻ നിശ്ചയിക്കുന്നതിനായി പുതുക്കിയ മാനദണ്ഡങ്ങൾ കൊണ്ടുവരുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

റവന്യൂ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം ഓൺലൈൻ നികുതി വെട്ടിപ്പുകൾ വർധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം വെട്ടിപ്പുകൾ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഓൺലൈൻ നികുതി വെട്ടിപ്പ് കണ്ടെത്തുന്നപക്ഷം ഉചിതമായ നിയമനടപടി സ്വീകരിക്കുന്നതിനായി, ഇത്തരം നികുതി വെട്ടിപ്പുകൾ കണ്ടെത്തുന്നതിനായി വകുപ്പ് സസൂക്ഷ്മം നിരീക്ഷണമേർപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വിൽക്കുന്ന എല്ലാ ഉൽപന്നങ്ങൾക്കും ജി.എസ്.ടി. ബിൽ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വകുപ്പിലെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിവരുന്ന ഇൻസ്പെക്ഷൻ/സെർച്ച്/ടെസ്റ്റ് പർച്ചേസ് തുടങ്ങിയ നടപടികളിലൂടെ ജി.എസ്.ടി. ബാധകമാകുന്ന എല്ലാ ഉൽപന്നങ്ങൾക്കും

ജി.എസ്.ടി. ബിൽ നൽകുന്നുവെന്ന് ഉറപ്പുവരുത്തുകയും ക്രമക്കേട് കണ്ടെത്തുന്നപക്ഷം ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ഇ-കോമേഴ്സ് പോർട്ടലുകൾ വഴിയുള്ള ഇടപാടുകളിൽനിന്നുള്ള ജി.എസ്.ടി.

84(5959) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയതുമുതൽ നാളിതുവരെ, ഇ-കൊമേഴ്സ് പോർട്ടലുകൾവഴിയുള്ള ഇടപാടുകളിൽനിന്ന് സംസ്ഥാനത്തിന് എത്ര തുക ജി.എസ്.ടി. ഇനത്തിൽ ലഭിച്ചുവെന്ന് വർഷാടിസ്ഥാനത്തിൽ നൽകാമോ?

ഇ-കൊമേഴ്സ് പോർട്ടലുകൾവഴി സാധനം/സേവനം നൽകുന്നവരുടെ വിറ്റുവരവ് വിവരങ്ങൾ പ്രത്യേകമായി GST പോർട്ടലിൽ ലഭ്യമല്ല. ആയതിനാൽ ഇ-കൊമേഴ്സ് പോർട്ടലുകൾ വഴിയുള്ള ഇടപാടുകളിൽനിന്ന് സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. തുകയുടെ കണക്ക് വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാൻ സാധിക്കില്ല.

ജി.എസ്.ടി. പിരിച്ചെടുത്തതിന്റെ വിശദാംശം

85(5960) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം ആകെ എത്ര നികുതി പിരിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. നികുതി വരുമാനത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കാലയളവിൽ ലഭിച്ച ഐ.ജി.എസ്.ടി. വിഹിതം എത്രയാണെന്ന് വർഷംതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഈയിനത്തിൽ എത്ര തുക സംസ്ഥാനത്തിന് ലഭിക്കാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ജൂലൈ മുതൽ 2024 ജൂൺ മാസംവരെ ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്, ഐ.ജി.എസ്.ടി. അഡ്ഹോക്ക് ഇനങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു.+

സംയോജിത ചരക്കുസേവന നികുതി നിയമം, 2017 (Integrated Goods and Services Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമ പ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിനുതുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 ചട്ടപ്രകാരം ഇത് നടക്കുന്നു. ഓരോ ഐ.ജി.എസ്.ടി. സപ്ലൈ നൽകുന്ന വ്യക്തിയും സ്വന്തം സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയും പ്രസ്തുത സപ്ലൈ ലഭിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താവ് റിട്ടേൺ ഫയൽ ചെയ്ത് എസ്.ജി.എസ്.ടി. ആയി അടച്ച നികുതിയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രെഡിറ്റ് ഉപയോഗിച്ച് എസ്.ജി.എസ്.ടി. അടയ്ക്കുമ്പോൾ ഐ.ജി.എസ്.ടി. അടച്ച തുക ഉപഭോക്തൃ സംസ്ഥാനത്തിലേയ്ക്ക് സെറ്റിൽ ചെയ്യപ്പെടുന്നു. ഓൺലൈൻ മുഖേന നടക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ഇടപാടുകളിൽ "പ്ലേസ് ഓഫ് സപ്ലൈ" സപ്ലയർ കൃത്യമായി രേഖപ്പെടുത്തേണ്ടതുണ്ട്. ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ജി.എസ്.ടി. നിയമവും ചട്ടവും നടപ്പാക്കിയിരിക്കുന്നത്. ഇങ്ങനെ ഐ.ജി.എസ്.ടി. സംസ്ഥാനത്തിന് ലഭിക്കാൻ റിട്ടേൺ ഫയലിംഗ് കൃത്യമായി നടക്കുന്നതിനായി, നിരവധി ട്രേഡ് സർക്കുലറുകളും നിർദ്ദേശങ്ങളും സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. (Trade Circular No.6/2020 dated 16-06-2020, Trade Circular No.1/2021 dated 30-01-2021, Trade Circular No.1/2022 dated 21-11-2022).

2023-24 സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനം വർധിപ്പിക്കുന്നതിനായി ഐ.ജി.എസ്.ടി. ഐ.ടി.സി. റിവേഴ്സൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നടത്തിയിരുന്നു. ഇതിനായി പ്രധാനപ്പെട്ട എല്ലാ നികുതിദായകരെയും ഇന്റലിജൻസ് വിഭാഗവും ടാക്സ്പെയേഴ്സ്

സർവീസസ് വിഭാഗവും നിരീക്ഷിച്ചുവരുന്നു. ഐ.ടി.സി. റിവേഴ്സലുമായി ബന്ധപ്പെട്ട് നടത്തേണ്ട കാര്യങ്ങൾ സംബന്ധിച്ച് നികുതിദായകർക്ക് പ്രതിവാര പരിശീലനം നടത്തുന്നുണ്ട്. കൂടാതെ, ജി.എസ്.ടി. വരുമാനം കാര്യക്ഷമമാക്കുന്നതിനായി 2023 മെയ്-ൽ ഐ.ജി.എസ്.ടി. ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം വകുപ്പിൽ ആരംഭിച്ചു. അവർ പ്രധാന അന്തർ സംസ്ഥാന നികുതിദായകരെ നിരീക്ഷിക്കുകയും അവരിൽനിന്ന് സംസ്ഥാനത്തിന് ലഭ്യമാകേണ്ട ഐ.ജി.എസ്.ടി. വിഹിതത്തിന്റെ വരവ് നിരീക്ഷിച്ചുവരുന്നു. പ്ലേസ് ഓഫ് സപ്ലൈ-യുടെ അടിസ്ഥാനത്തിൽ ഐ.ജി.എസ്.ടി. കൃത്യമായി കൈമാറുന്നില്ലെന്നത് പരിശോധിക്കണമെന്ന് ജി.എസ്.ടി. കൗൺസിലിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

ദേവികുളം താലൂക്കിലെ ജി.എസ്.ടി. ഓഫീസുകൾ

86(5961) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ ജി.എസ്.ടി. വകുപ്പിന്റെ ഏതെല്ലാം യൂണിറ്റ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ദേവികുളം താലൂക്കിൽ വകുപ്പിന്റെ ഇന്റലിജൻസ് യൂണിറ്റ്, എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവയുടെ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത ഓഫീസുകൾ ദേവികുളം താലൂക്കിൽത്തന്നെ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇവയിൽ ഏതെങ്കിലും യൂണിറ്റ് ഓഫീസ് മറ്റൊരു താലൂക്കിലേയ്ക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിൽ ഇല്ല.

വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്ഥാനക്കയറ്റം നേടിയെന്ന ആരോപണത്തിന്മേലുള്ള അന്വേഷണം

87(5962) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്ഥാനക്കയറ്റം നേടിയെന്ന ആരോപണം നേരിടുന്ന എത്ര ഉദ്യോഗസ്ഥർ നിലവിലുണ്ട്; ഇവർക്കെതിരെ

പരാതിയുണ്ടായ തീയതി എന്നാണെന്ന് വ്യക്തമാക്കുമോ; ഇവർ ഹാജരാക്കിയ ബിരുദ സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് എം.ജി. യൂണിവേഴ്സിറ്റി നികുതി വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്ഥാനക്കയറ്റം നേടിയെന്ന ആരോപണം നേരിടുന്ന അഞ്ച് ഉദ്യോഗസ്ഥർ നിലവിലുണ്ട്. ഇവർക്കെതിരായി 01-06-2020, 26-06-2023, 16-08-2023 തീയതികളിൽ പരാതികൾ വന്നിട്ടുള്ളതായി സംസ്ഥാന നികുതി കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽവിഷയം സംബന്ധിച്ച് 01-06-2020, 19-05-2023 എന്നീ തീയതികളിൽ സർക്കാരിലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ പരാതി ലഭിച്ചിരുന്നു. ഈ പരാതികളിന്മേൽ സമഗ്ര അന്വേഷണം നടത്തുന്നതിനായി ഫയൽ വിജിലൻസ് വകുപ്പിന് കൈമാറുകയും പ്രസ്തുത വകുപ്പ് അന്വേഷണം നടത്തുന്നതിനായി വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

മേൽവിഷയം സംബന്ധിച്ച് 01-07-2022, 11-05-2023, 11-03-2024, 03-04-2024 തീയതികളിൽ സർക്കാരിലെ നികുതി വകുപ്പിൽ പരാതി ലഭിച്ചിട്ടുണ്ട്. ആയത് സംസ്ഥാന നികുതി കമ്മീഷണർക്ക് കൈമാറിയിട്ടുണ്ട്. സർക്കാരിലെ വിജിലൻസ് വകുപ്പിൽ 02-04-2024, 03-04-2024 തീയതികളിൽ ലഭിച്ച ഇ-മെയിൽ പരാതിയിൽ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ പരാതി പരിശോധന നടന്നുവരുന്നു. 17-05-2024, 20-05-2024 & 30-05-2024 തീയതികളിൽ സർക്കാരിലെ വിജിലൻസ് വകുപ്പിൽ ലഭിച്ച 3 വ്യത്യസ്ത പരാതികൾ, ടി വിഷയത്തിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയിൽ നടന്നുവരുന്ന വി.ഇ.03/2024/ഇ.ആർ.സി. അന്വേഷണത്തോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്ഥാനക്കയറ്റം നേടിയെന്ന ആരോപണം നേരിടുന്ന അഞ്ച് ഉദ്യോഗസ്ഥരിൽ ഒരാൾ ഹാജരാക്കിയ ബിരുദ സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് എം.ജി. യൂണിവേഴ്സിറ്റി അറിയിച്ചതായി

സംസ്ഥാന നികുതി കമ്മീഷണർ റിപ്പോർട്ടുചെയ്തിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

(ബി) പ്രസ്തുത വിഷയത്തിൽ സംസ്ഥാന നികുതി കമ്മീഷണർ 21-06-2024-ൽ നികുതി വകുപ്പിൽ എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത വിഷയത്തിൽ സംസ്ഥാന നികുതി കമ്മീഷണർ 19-06-2024-ൽ സമർപ്പിച്ച റിപ്പോർട്ട് 21-06-2024-ൽ നികുതി വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

(സി) പ്രസ്തുത വിഷയത്തിൽ സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ടി കേസുമായി ബന്ധപ്പെട്ട് സംസ്ഥാന വിജിലൻസ് സെൻട്രൽ സോണിൽ വി.ഇ.03/2024/സി.ആർ.ഇ.വി.എ.സി.ബി. നമ്പരായി ജി.എസ്.ടി. വകുപ്പിലെ നിലവിലുള്ളതും വിരമിച്ചതുമായ മൂന്നുപേർക്കെതിരെ അന്വേഷണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് (18 പേജ്) ഉള്ളടക്കം ചെയ്യുന്നു.+ ടി കേസുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയുടെ സെൻട്രൽ സോണിൽ വി.ഇ.03/2024/സി.ആർ.ഇ. നമ്പരായി ഒരു വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(ഡി) പ്രസ്തുത കേസിൽ വിജിലൻസ് വകുപ്പിന് പരിമിതിയുള്ളതിനാൽ എം.ജി. യൂണിവേഴ്സിറ്റിയുടെ പേരിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് തയ്യാറാക്കി അനധികൃത സ്ഥാനക്കയറ്റം നേടിയ കേസിന്റെ ക്രിമിനൽ സ്വഭാവം പരിഗണിച്ച് ആരോപണവിധേയരെ സർവീസിൽനിന്നും നീക്കി പോലീസ്/ക്രൈംബ്രാഞ്ച് അന്വേഷണം നടത്താനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ആരോപണ വിധേയനെതിരെയുള്ള വകുപ്പുതല നടപടികൾ സംസ്ഥാന നികുതി കമ്മീഷണറേറ്റിൽ അന്തിമ ഘട്ടത്തിലാണ്. പ്രഥമദൃഷ്ട്യാ പ്രസ്തുത ഡിഗ്രി സർട്ടിഫിക്കറ്റ് ആധികാരികമല്ലാത്ത സാഹചര്യത്തിൽ ബഹു. വൈസ് ചാൻസലറുടെ ഉത്തരവുപ്രകാരം അടിയന്തര പ്രാധാന്യത്തോടെ മേൽ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കോട്ടയം ഗാന്ധിനഗർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പോലീസ് സ്റ്റേഷനിൽ കത്ത് നൽകിയിട്ടുള്ളതായി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി രജിസ്ട്രാർ അറിയിച്ചിട്ടുണ്ടെന്നും സംസ്ഥാന നിക്ഷേപ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വ്യാപാരി ക്ഷേമ പെൻഷൻ കുടിശ്ശിക

88(5963) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാരി ക്ഷേമനിധി വഴി പ്രതിമാസം എത്ര രൂപയാണ് പെൻഷനായി നൽകുന്നതെന്നും ഇത് വർധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

02-08-2023-ലെ സ.ഉ.(സാധാ)നം.529/2023/നികുതി പ്രകാരം വ്യാപാരി ക്ഷേമനിധിയിലെ ബി, സി, ഡി ക്ലാസുകളിലെ അംഗങ്ങൾക്ക് ക്ഷേമനിധി പെൻഷൻ പ്രതിമാസം 1300/- രൂപയിൽനിന്ന് 1600/- രൂപയായി വർധിപ്പിച്ചുകൊണ്ടും, എ-ക്ലാസ് അംഗങ്ങൾക്ക് 1650/- രൂപയായി നിലനിർത്തിക്കൊണ്ടും ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, 08/2023 മുതൽ വ്യാപാരി ക്ഷേമനിധി പെൻഷൻ എ ക്ലാസ് അംഗങ്ങൾക്ക്

പ്രതിമാസം 1650/-രൂപയും ബി, സി, ഡി ക്ലാസ് അംഗങ്ങൾക്ക് 1600/-രൂപയും വീതം വിതരണം ചെയ്തുവരുന്നു.

(ബി) ക്ഷേമ പെൻഷൻ, മരണാനന്തര ആനുകൂല്യം എന്നിവയിൽ എത്ര കോടി രൂപയുടെ കുടിശ്ശിക നിലവിലുണ്ടെന്നും ഇവ എപ്പോൾ കൊടുത്തുതീർക്കാൻ കഴിയുമെന്നും അറിയിക്കാമോ?

നിലവിൽ 2024 ജനുവരിവരെയുള്ള ക്ഷേമ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ മരണാനന്തര ആനുകൂല്യ വിതരണത്തിനായി 2.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2024 ഫെബ്രുവരി 29-ാം തീയതിവരെ ലഭിച്ച 628 അപേക്ഷകളിൽ, 516 പേർക്ക് ക്ലെയിംസ് കമ്മിറ്റി യോഗ തീരുമാനപ്രകാരം മരണാനന്തര ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. രേഖകൾ കുറവുള്ള ശേഷിച്ച അപേക്ഷകളിൽ ആയതുലഭ്യമാക്കി ആനുകൂല്യ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. 01-03-2024-നുശേഷം ലഭിച്ച 125 അപേക്ഷകളിലും തുടർന്ന് ലഭിക്കുന്ന

അപേക്ഷകളിലും ക്ലെയിംസ് കമ്മിറ്റി തീരുമാനപ്രകാരം ആനുകൂല്യ വിതരണം നടത്തുന്നതാണ്.

ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച ബില്ലുകളുടെ തുകയ്ക്ക് പരിധി

89(5964) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി ഫണ്ടിന്റെ മൂന്നാം ഗഡു 23-03-24-ന് സർക്കാർ അനുവദിച്ചുനൽകിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ 24-03-2024-ന് ട്രഷറികളിൽ സമർപ്പിച്ചിരുന്ന ബില്ലുകൾ പൂർണ്ണമായും മാറി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

22-03-2024-ലെ സ.ഉ.(സാധാ)നം.2858/2024/ധന. പ്രകാരം വികസന ഫണ്ടിന്റെ മൂന്നാം ഗഡു സർക്കാർ അനുവദിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വികസന ഫണ്ടിന്റെ മൂന്നാം ഗഡു 23-03-2024-ന് BAMS-ൽ അപ്ലോഡ് ചെയ്ത് നൽകുകയും ചെയ്തിരുന്നു. ഒന്നുംരണ്ടും ഗഡുക്കളിൽ അവശേഷിക്കുന്ന അലോട്ട്മെന്റുകൾ ചേർത്താണ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിൽ ഉൾപ്പെട്ട ബില്ലുകൾ ജനറേറ്റ് ചെയ്യുന്നത്. ട്രഷറികളിൽ സമർപ്പിക്കുന്ന പ്രസ്തുത ബില്ലുകളിലോ ബില്ലിനോടൊപ്പം സമർപ്പിക്കപ്പെടുന്ന നടപടിക്രമത്തിലോ വികസന ഫണ്ടിന്റെ മൂന്നാം ഗഡുവാണോയെന്നുള്ള വിവരം രേഖപ്പെടുത്തിയിരിക്കുകയില്ല. ആയതിനാൽ ട്രഷറിയിൽ സമർപ്പിക്കപ്പെട്ട ബില്ലുകൾ മൂന്നാം ഗഡുവിൽ ഉൾപ്പെട്ടതാണോയെന്ന വിവരം അറിയാൻ സാധിക്കുകയില്ല.

എല്ലാ സാമ്പത്തിക വർഷാന്ത്യത്തെയുംപോലെ കഴിഞ്ഞ മാർച്ചിലും ട്രഷറി വിനിമയം സുഗമമാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ടി നിർദ്ദേശങ്ങൾക്കും തുടർ ഉത്തരവുകൾക്കും വിധേയമായി ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ സമയപരിമിതിക്കുള്ളിൽ പരമാവധി മാറി നൽകുകയും ശേഷിക്കുന്നവ ട്രഷറി കൃവിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

(ബി) ബില്ലുകൾ മാറി നൽകുന്നതിന്, ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച ബില്ലുകളുടെ തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടെന്ന് ട്രഷറികൾക്ക് നിർദ്ദേശം

നൽകിയിരുന്നോ; ഇല്ലെങ്കിൽ വലിയ തുകയുള്ള ബില്ലുകൾ പൂർണ്ണമായും മാറി നൽകാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നടപടികളുടെ ഭാഗമായി വായ്പയടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. തൽഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി പണഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ കഴിഞ്ഞ സാമ്പത്തിക വർഷവും സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ.

(സി) ഗ്രാമപഞ്ചായത്തുകൾ ട്രഷറികളിൽ മാർച്ച് മാസം സമർപ്പിച്ച കൃഷി ബില്ലുകൾ ഈ സാമ്പത്തിക വർഷത്തെ ഫണ്ടിൽനിന്നും കുറവുചെയ്യുന്ന സാഹചര്യമുണ്ടോയെന്നറിയിക്കാമോ;

(ഡി) എങ്കിൽ മുൻവർഷത്തെ ബില്ലുകൾ പുതിയ സാമ്പത്തിക വർഷത്തെ ഫണ്ടിൽനിന്നും കുറവുചെയ്യാനിടയായ സാഹചര്യമെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(സി&ഡി) കഴിഞ്ഞ സാമ്പത്തിക വർഷം സമയപരിമിതിയാലും മറ്റ് കാരണങ്ങളാലും പാസ്സാക്കാൻ കഴിയാതിരുന്ന ബില്ലുകളാണ് കൃഷിവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷം അവസാനിച്ച പശ്ചാത്തലത്തിൽ നടപ്പുസാമ്പത്തിക വർഷത്തെ വിഹിതത്തിൽനിന്ന് മാത്രമേ കൃഷി ബില്ലുകൾ മാറിനൽകാൻ കഴിയുകയുള്ളൂ.

ട്രഷറി നിയന്ത്രണം

90(5965) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-24 സാമ്പത്തികവർഷം എത്ര തവണ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നടപടികളുടെ ഭാഗമായി വായ്പയടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. തൽഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി പണഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. വെയ്സ് ആൻഡ് മീൻസ് പരിധിക്ക് മുകളിലുള്ള വിതരണക്കാർ/കോൺട്രാക്ടർ പേയ്മെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റ് ബില്ലുകളെ നിലവിൽ വെയ്സ് ആൻഡ് മീൻസ് പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിലെ ട്രഷറി നിയന്ത്രണം

91(5966) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024-25 സാമ്പത്തിക വർഷത്തിൽ എത്ര തവണ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നടപടികളുടെ ഭാഗമായി വായ്പയടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. തൽഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി പണഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. വെയ്സ് ആൻഡ് മീൻസ് പരിധിക്ക് മുകളിലുള്ള വിതരണക്കാർ/കോൺട്രാക്ടർ പേയ്മെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റ് ബില്ലുകളെ നിലവിൽ വെയ്സ് ആൻഡ് മീൻസ് പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

കുരാച്ചുണ്ട് സബ്ട്രഷറിക്ക് കെട്ടിടം

92(5967) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരാച്ചുണ്ട് സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ധനകാര്യ വകുപ്പിന് ഗ്രാമ പഞ്ചായത്ത് ഭൂമി വിട്ട് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കുരാച്ചുണ്ട് സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടമില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ വാടക കെട്ടിടത്തിലാണ് ട്രഷറി പ്രവർത്തിച്ചുവരുന്നത്. ട്രഷറി നിർമ്മാണത്തിനായി കുരാച്ചുണ്ട് പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്ങാടിയിൽ, 6 സെന്റ് സ്ഥലം ട്രഷറി വകുപ്പിന് കൈമാറാൻ ധാരണയായിരുന്നു. ഭൂമി വകുപ്പിന് ലഭ്യമാക്കണമെന്ന ആവശ്യമുന്നയിച്ച് ഗ്രാമ പഞ്ചായത്ത്/റവന്യൂ അധികാരികളുമായി നിരവധി കത്തിടപാടുകൾ നടന്നുവെങ്കിലും നാളിതുവരെ ഭൂമി ട്രഷറി വകുപ്പിന് കൈമാറിയിട്ടില്ല.

(സി) സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് കെട്ടിടമുണ്ടാക്കുന്നതിനായി പ്രത്യേക പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുക, ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കിപ്പണിയുക, ട്രഷറികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 2010-ൽ ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് രൂപം കൊടുക്കുകയും ഈ പദ്ധതിയുടെ ഭാഗമായി 36 ട്രഷറികളുടെ നിർമ്മാണത്തിന് തത്വത്തിൽ ഭരണാനുമതി ലഭ്യമായതിൽ മൂന്ന് ഘട്ടങ്ങളിലായി ട്രഷറി ആസ്ഥാന കാര്യാലയം ഉൾപ്പെടെ 27 ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. നാലാമത്തെ ഫേസ് നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ജില്ലകളിലായി കെട്ടിടം നിർമ്മിക്കാൻ വകുപ്പിന്റെ പേരിൽ ഭൂമി ലഭ്യമായ, 22 ഇടങ്ങളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് PMC ആയി തെരഞ്ഞെടുക്കപ്പെട്ട M/s HLL Life Care Ltd. സമർപ്പിച്ച 18 കെട്ടിടങ്ങളുടെ DPR-ഉം പ്ലാനും സർക്കാർ പരിശോധിച്ചുവരുന്നു.

ട്രഷറി വകുപ്പിലെ ആഭ്യന്തര പരിശോധന ശക്തമാക്കാൻ നടപടി

93(5968) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിലെ ആഭ്യന്തര ഓഡിറ്റ് കാലികമായി നടത്താറുണ്ടോ; എങ്കിൽ ഏത് വർഷംവരെയുള്ള ആഭ്യന്തര പരിശോധന നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ട്രഷറികളിലെ ആഭ്യന്തര ഓഡിറ്റ് എല്ലാ വർഷവും നടത്താറുണ്ട്. 2023-2024 സാമ്പത്തിക വർഷംവരെയുള്ള ആഭ്യന്തര പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ധനകാര്യ വകുപ്പ് മാർഗരേഖപ്രകാരം ആഭ്യന്തര ഓഡിറ്റിന് നേതൃത്വം നൽകേണ്ട ഫിനാൻസ് ഓഫീസർ ട്രഷറി വകുപ്പിൽ ഇല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ധനകാര്യവകുപ്പിൽനിന്നും സീനിയർ ഫിനാൻസ് ഓഫീസറെ നിയമിച്ച് ട്രഷറി വകുപ്പിലെ ആഭ്യന്തര പരിശോധന ശക്തമാക്കി

സാമ്പത്തിക ക്രമക്കേടുകൾ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി&സി) ട്രഷറി വകുപ്പിന്റെ വിശേഷാൽ ചട്ടത്തിൽ ഫിനാൻസ് ഓഫീസർ തസ്തിക ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ കഴക്കൂട്ടം സബ് ട്രഷറിയിലേതുൾപ്പെടെ നിലവിലുള്ള സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുന്നതിനും ട്രഷറി വകുപ്പിലെ ആഭ്യന്തര പരിശോധന ശക്തമാക്കി സാമ്പത്തിക ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനുമായി ധനകാര്യവകുപ്പിൽനിന്നും ഒരു ഉന്നത ഉദ്യോഗസ്ഥനെ സീനിയർ ഫിനാൻസ് ഓഫീസറായി നിയമിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നുള്ള ചികിത്സാ ധനസഹായം

94(5969) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും അനുവദിച്ച ചികിത്സാ ധനസഹായത്തിന്റെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ജില്ല	ചികിത്സാ ധനസഹായമായി അനുവദിച്ച തുക
തിരുവനന്തപുരം	22,54,95,474
കൊല്ലം	1,78,66,994
പത്തനംതിട്ട	1,46,65,678
ആലപ്പുഴ	1,11,22,330
കോട്ടയം	3,78,26,188
ഇടുക്കി	63,93,789
എറണാകുളം	11,63,40,379
തൃശ്ശൂർ	10,30,76,204
പാലക്കാട്	2,57,69,428
മലപ്പുറം	9,73,59,503
കോഴിക്കോട്	28,07,05,417
വയനാട്	1,03,75,213
കണ്ണൂർ	30,71,38,056
കാസർഗോഡ്	2,25,60,058
ആകെ	**127,66,94,711**

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നുമുള്ള ചികിത്സാ ധനസഹായ പദ്ധതിയിൽ ആശുപത്രികൾക്ക് കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നിലവിൽ 2,20,21,96,136/- രൂപ (ഇരുനൂറ്റി ഇരുപത് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി ഒരുനൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) ആശ്രുപത്രികൾക്ക് കൂടിശ്ശിക നൽകാനുണ്ട്.

കെ.എസ്.എഫ്.ഇ.-യുടെ ശക്തീകരണം

95(5970) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ ശക്തീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

കെ.എസ്.എഫ്.ഇ.-യുടെ അടച്ചുതീർത്ത മൂലധനം 100 കോടി രൂപയാണ്. ഇത് 250 കോടി രൂപയായി ഉയർത്തുന്നതിനുവേണ്ട നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കേരള സർക്കാരിന്റെ സമ്പൂർണ്ണ ഡിജിറ്റൽ ഇൻക്ലൂഷൻ പരിപാടിയുടെ ഭാഗമായി 'കെ.എസ്.എഫ്.ഇ. പവർ' എന്ന പേരിൽ മൊബൈൽ ആപ്പ് 2023 ഒക്ടോബർ മാസം 11-ാം തീയതി നിലവിൽവന്നു. ഈ ആപ്പ് മുഖാന്തരം ചിട്ടി/ലോൺ പദ്ധതികളിൽ പണം

അടയ്ക്കുന്നതിനും പ്രോക്സി നൽകുന്നതിനും ലേല വിവരങ്ങൾ അറിയുന്നതിനും സാധ്യമാകുന്നതുവഴി ഇടപാടുകാർക്ക് നൽകുന്ന സേവനങ്ങൾ കൂടുതൽ സുതാര്യവും ലളിതവും വേഗതയേറിയതുമായ പ്രക്രിയയായി.

സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾ പ്രായോഗികമായി നടപ്പാക്കുന്നതിനായി Receivable Management System എന്ന സംവിധാനം നടപ്പാക്കി. കോൾ സെന്റർ സംവിധാനം, Call Alert, SMS Alert തുടങ്ങിയ സേവനങ്ങൾകൂടി ഇക്കാര്യത്തിൽ ഉപയുക്തമാക്കി. അഡ്മിനിസ്ട്രേഷന്റെ ഭാഗമായി കെ.എസ്.എഫ്.ഇ. ശാഖകൾ, മേഖലാ ഓഫീസുകൾ, ഹെഡ്ഡ്ലാഫീസ് എന്നിവിടങ്ങളിലെ ഫയൽ മൂവ്മെന്റ് അറിയുന്നതിനും അതുവഴി സേവനങ്ങൾ വേഗത്തിലാക്കുന്നതിനുമായി ഫയൽ ട്രാക്കിംഗ് സിസ്റ്റം നടപ്പാക്കി. നിരന്തരമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് എല്ലാ വിഭാഗം ജീവനക്കാരുടെയും കാര്യക്ഷമത വർധിപ്പിക്കുകയും അതുവഴി മെച്ചപ്പെട്ട സേവനങ്ങൾ നൽകാനും കഴിയുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ കെ.എസ്.എഫ്.ഇ. ഗാലക്സി ചിട്ടി എന്ന പേരിൽ സമ്മാനങ്ങളോടുകൂടി സവിശേഷ ചിട്ടി പദ്ധതി ആരംഭിച്ചു. നിക്ഷേപ പദ്ധതികളായ നേട്ടം, വന്ദനം എന്നീ പദ്ധതികളും ആരംഭിച്ചു. കുറഞ്ഞ കാലാവധിയിൽ കൂടുതൽ തുക ലഭ്യമാക്കുന്ന സ്വർണ്ണപ്പണയ വായ്പ, കെ.എസ്.എഫ്.ഇ. പ്രീമിയം ഗോൾഡ് ലോൺ ആരംഭിച്ചു.

(ബി) കെ.എസ്.എഫ്.ഇ.-യുടെ സാമ്പത്തികശേഷിയിലും ബിസിനസ്സിലുമുണ്ടായിട്ടുള്ള വർധനവ് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

കെ.എസ്.എഫ്.ഇ.-യുടെ ടേൺ ഓവർ 2020-21-ൽ 52,762 കോടി രൂപയായിരുന്നത് 2021-22-ൽ 59,323 കോടി രൂപയായും 2022-23-ൽ 69,153 കോടി രൂപയായും 2023-24-ൽ 81279 കോടി രൂപയായും ഉയർന്നിട്ടുണ്ട്.

(സി) ചിട്ടികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന നടപടിയുടെ പുരോഗതി അറിയിക്കാമോ; ആയതിന് എന്തൊക്കെ തടസ്സങ്ങളുണ്ടെന്നും അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

ചിട്ടി വിളിച്ചെടുത്ത് ചിട്ടിപ്പണം കൈപ്പറ്റിയ ചിറ്റാളൻ മരണപ്പെടുന്ന സാഹചര്യമുണ്ടായാൽ ചിട്ടിയുടെമേൽ ബാധ്യത ഒഴിവാക്കുന്നതിന് ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് സമാനമായ ഒരു പദ്ധതി കെ.എസ്.എഫ്.ഇ. തനതായി ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. ഈ പദ്ധതി ഇപ്പോൾ നിലവിലില്ല. ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് കൂടുതൽ കാര്യക്ഷമമായും പ്രായോഗികമായും ഇൻഷ്വറൻസ് പരിരക്ഷ തുടരുന്ന കാര്യം വിവിധങ്ങളായ പഠനങ്ങൾക്ക് വിധേയമാക്കിവരികയാണ്.

(ഡി) വർധിച്ചുവരുന്ന ബിസിനസ്സിന് ആനുപാതികമായി ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ബിസിനസ്സ് വളർച്ചയ്ക്ക് ആനുപാതികമായി PSC വഴി ജൂനിയർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് എന്നിവരുടെ നിയമനം നടന്നുവരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ജൂനിയർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ യഥാക്രമം 475,291 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

കെ.എസ്.എഫ്.ഇ.-യിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

96(5971) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ നടപ്പാക്കിയിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ദീർഘകാല കുടിശ്ശിക നിലനിൽക്കുന്നവർക്ക് ആശ്വാസമായിരുന്ന പദ്ധതി ഈ സാമ്പത്തിക വർഷംകൂടി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കെ.എസ്.എഫ്.ഇ.-യിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോൾ നിലവിലില്ല. ഈ സാമ്പത്തികവർഷം കുടിശ്ശികക്കാരുടെ ആവശ്യമനുസരിച്ച് അനുയോജ്യമായ സമയത്ത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ആലോചിക്കുന്നതാണ്.

കെ.എസ്.എഫ്.ഇ. ലോൺ തിരിച്ചടവിനുള്ള ഇളവുകൾ

97(5972) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ലോൺ തിരിച്ചടവിൽ പ്രയാസം നേരിടുന്നവർക്ക് കെ.എസ്.എഫ്.ഇ. നൽകുന്ന ഇളവുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഗുരുതര രോഗങ്ങൾമൂലവും, വരുമാന സ്രോതസ്സായ അംഗത്തിന്റെ ആകസ്മിക മരണംമൂലവും, പ്രകൃതി ദുരന്തങ്ങൾമൂലവും കഷ്ടത അനുഭവിക്കുന്നവർക്ക് ലോണിന്റെയും ചിട്ടിയുടെയും തിരിച്ചടവിൽ പ്രയാസം നേരിടുമ്പോൾ പ്രസ്തുത അക്കൗണ്ടുകളിലെ മുതൽത്തുക അടച്ചാൽ പലിശയിൽ നിശ്ചിത ശതമാനം ഇളവു നൽകുന്ന ഒരു പദ്ധതി നിലവിലുണ്ടായിരുന്നു. ഈ വിധമുള്ള പദ്ധതികൾ ചില ഘട്ടങ്ങളിൽ നടപ്പാക്കുന്നുണ്ട്.

കെ.എസ്.എഫ്.ഇ.-യിലെ സർവീസ് ടാക്സ് തിരികെ നൽകൽ

98(5973) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ വിവിധ ബ്രാഞ്ചുകളിലെ ചിട്ടി ഗുണഭോക്താക്കളായിരുന്ന വ്യക്തികൾക്ക് അവരുടെ ചിട്ടിയുമായി ബന്ധപ്പെട്ട സർവീസ് ടാക്സ് തിരികെ നൽകുന്നുണ്ടോ; എങ്കിൽ അത് ഏതെല്ലാം വർഷങ്ങളിലെയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രത്യേകമായി അപേക്ഷ നൽകിയവർക്ക് മാത്രമാണോ ഇതിന്റെ ഗുണം ലഭിക്കുന്നത്; അപേക്ഷ നൽകാത്തവർക്കുകൂടി ഇതിന്റെ ഗുണം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 14-03-2018-ലെ WA No.968/2014 വിധിപ്രകാരം 01-07-2012 മുതൽ 13-05-2015 വരെയുള്ള കാലയളവിൽ ചിട്ടി പ്രൈസ് മണി കൈപ്പറ്റിയ ഇടപാടുകാരിൽനിന്നും ഈടാക്കി കേന്ദ്ര സർക്കാരിലേയ്ക്ക് നൽകിയ സർവീസ് ടാക്സ് തിരികെ ലഭിക്കാൻ 13-03-2019 വരെ സമർപ്പിച്ച അർഹരായ വ്യക്തിഗത അപേക്ഷകർക്ക് സർവീസ് ടാക്സ് റീഫണ്ട് കേന്ദ്ര സേവനനികുതി വകുപ്പിൽനിന്നും നേരിട്ട് ലഭിച്ചിട്ടുണ്ട്. ടി തീയതിക്കകം റീഫണ്ട് അപേക്ഷ

സമർപ്പിക്കാൻ കഴിയാതിരുന്ന അപേക്ഷകർക്കുവേണ്ടി കെ.എസ്.എഫ്.ഇ. നിശ്ചിത തീയതിക്കകം കൺസോളിഡേറ്റഡ് അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ കേന്ദ്ര സേവന നികുതി വകുപ്പ് നിരാകരിക്കുകയും ചെയ്തു. ഇതിനെതിരെ കെ.എസ്.എഫ്.ഇ. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റിഷൻ 25445/2021-ൽ അനുകൂല വിധി ലഭിക്കുകയും വിധിപ്രകാരം വ്യക്തിഗത റീഫണ്ട് അപേക്ഷ സ്വീകരിച്ച് കേന്ദ്ര സേവന നികുതി വകുപ്പിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുപ്രകാരം 26-05-2024 തീയതിക്കകം പ്രത്യേക അപേക്ഷ സമർപ്പിക്കാത്തവർക്ക് റീഫണ്ടിന് അർഹതയുണ്ടായിരിക്കുന്നതല്ല.

കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

99(5974) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേർ ഈ ചിട്ടിയിൽ പങ്കാളികളായിട്ടുണ്ടെന്നും ഇതിലൂടെ എത്ര രൂപ സമാഹരിക്കാൻ സാധിച്ചെന്നും വ്യക്തമാക്കുമോ?

കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പദ്ധതി ആരംഭിച്ചിട്ടുണ്ട്. 30-06-2024 വരെയുള്ള കണക്കുപ്രകാരം 1,01,695 പേർ വിവിധ ചിട്ടികളിൽ ചേർന്നിട്ടുണ്ട്. 1,163.59 കോടി രൂപ KIIFB-യിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) മറ്റ് ചിട്ടികളിൽനിന്നും വ്യത്യസ്തമായി ഈ ചിട്ടിക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ചിട്ടിപ്പണം ജാമ്യം കൊടുത്ത് കൈപ്പറ്റിയ ചിറ്റാളന് ജീവഹാനി സംഭവിച്ചാൽ 10 ലക്ഷം രൂപവരെ മേൽബാധ്യത കെ.എസ്.എഫ്.ഇ. ഏറ്റെടുക്കും.

10,000 രൂപയും അതിനുമുകളിലും മാസത്തവണയുള്ള ചിട്ടികളിൽ ചേരുന്നവർക്ക് കേരള പ്രവാസി ക്ഷേമനിധി ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ പദ്ധതിയുടെ പ്രതിമാസ പ്രീമിയം (350 രൂപവരെ),

കെ.എസ്.എഫ്.ഇ. അടയ്ക്കുന്നതാണ്. ഈ പദ്ധതി 02-12-2022 മുതൽ രജിസ്റ്റർ ചെയ്ത ചിട്ടികൾക്ക് ബാധകമല്ല.

(സി) പ്രസ്തുത ചിട്ടിക്കുവേണ്ടി പ്രചാരണ പരസ്യപ്രവർത്തനങ്ങൾക്ക് കെ.എസ്.എഫ്.ഇ. ഇതിനകം എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

പ്രവാസി ചിട്ടിയുടെ പ്രചാരണ പരസ്യപ്രവർത്തനങ്ങൾക്കുവേണ്ടി കെ.എസ്.എഫ്.ഇ. 2023-24 സാമ്പത്തിക വർഷംവരെ 4.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി

100(5975) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-ക്ക് പ്രവാസി ചിട്ടിവഴി നാളിതുവരെ ലഭിച്ച ലാഭം എത്രയാണെന്നും പ്രസ്തുത ചിട്ടി നടത്തിപ്പുമായി ബന്ധപ്പെട്ട് പരസ്യയിനത്തിലും മറ്റിനങ്ങളിലുമായി നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്നും ഇനംതിരിച്ച് വിവരം ലഭ്യമാക്കുമോ?

കെ.എസ്.എഫ്.ഇ.-ക്ക് പ്രവാസി ചിട്ടിവഴി 31-03-2024 വരെ ലഭിച്ച ലാഭം 229.58 കോടി രൂപയാണ്. ചിട്ടി നടത്തിപ്പുമായി ബന്ധപ്പെട്ട് പരസ്യയിനത്തിൽ, 31-03-2024 വരെ ചെലവഴിച്ച തുക 4.95 കോടി രൂപയാണ്.

ചിട്ടി നടത്തിപ്പുമായി ബന്ധപ്പെട്ട് മറ്റിനങ്ങളിലായി ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഏതെല്ലാം രാജ്യങ്ങളിലാണ് പ്രവാസി ചിട്ടി രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത്?

പ്രവാസി ചിട്ടി രജിസ്ട്രേഷൻ നടത്തിയിട്ടുള്ള രാജ്യങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) നാളിതുവരെ എത്ര പ്രവാസി ചിട്ടികൾ സബ്സ്ക്രിപ്ഷൻ പൂർത്തിയാക്കിയിട്ടുണ്ടെന്നും എത്ര ചിട്ടികൾ നടന്നുവരുന്നുണ്ടെന്നും പൂർത്തിയാക്കിയ ചിട്ടികളിൽ പങ്കെടുത്തവരുടെ എണ്ണം എത്രയെന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടന്നുവരുന്നവയിൽ എത്രപേർ അംഗങ്ങളായിട്ടുണ്ടെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

30-06-2024 വരെയുള്ള കണക്കനുസരിച്ച് സബ്സ്ക്രിപ്ഷൻ പൂർത്തിയാക്കിയിട്ടുള്ള പ്രവാസി ചിട്ടികളുടെ എണ്ണം 1515, നിലവിൽ നടന്നുവരുന്ന ചിട്ടികളുടെ എണ്ണം 1513, പൂർത്തിയാക്കിയ ചിട്ടികളിൽ പങ്കെടുത്തവരുടെ എണ്ണം 44,620, നിലവിൽ നടന്നുവരുന്ന ചിട്ടികളിൽ അംഗങ്ങളായവരുടെ എണ്ണം 57,075.

(ഡി) പ്രവാസി ചിട്ടിവഴി സമാഹരിച്ച തുകയിൽ കിഫ്ബി ബോണ്ടുകളിൽ സെക്യൂരിറ്റിയായി നിക്ഷേപിച്ച തുക എത്രയാണെന്നുള്ള കണക്ക് ലഭ്യമാക്കുമോ?

പ്രവാസി ചിട്ടിയിൽനിന്ന് കിഫ്ബിയിലേയ്ക്ക് നിക്ഷേപിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

30-06-2024 വരെയുള്ള കണക്ക്

ചിട്ടി സെക്യൂരിറ്റി നിക്ഷേപം	203.59 കോടി രൂപ
ചിട്ടി പ്രൈസ് മണി നിക്ഷേപം	960 കോടി രൂപ

ആകെ	1163.59 കോടി രൂപ

ജീവാനന്ദം പദ്ധതി

101(5976) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കായി 'ജീവാനന്ദം' പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെയോ റിസർവ് ബാങ്കിന്റെയോ അനുമതി ആവശ്യമാണോ; വിശദാംശം ലഭ്യമാക്കുമോ?

'ജീവാനന്ദം' പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെയോ, റിസർവ് ബാങ്കിന്റെയോ അനുമതി ആവശ്യമില്ല. സംസ്ഥാന സർക്കാർ ഇൻഷ്വറൻസ് വകുപ്പുവഴി നടപ്പാക്കുന്ന ആന്വിറ്റി ഇൻഷ്വറൻസ് പദ്ധതിയാണിത്. IRDA മാർഗനിർദേശങ്ങൾ പാലിച്ചുകൊണ്ടാണ് ഇൻഷ്വറൻസ് വകുപ്പ് പ്രവർത്തിക്കുന്നതെന്നതിനാൽ പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേക അനുമതിയുടെ ആവശ്യമില്ല.

(ബി) അനുമതി ആവശ്യമാണെങ്കിൽ ഇക്കാര്യത്തിൽ എല്ലാ നടപടികളും യഥാസമയം പൂർത്തിയാക്കാൻ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) ബാധകമല്ല.

മെഡിസെപ് പദ്ധതി

102(5977) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി ആരംഭിച്ചതുമുതൽ നാളിതുവരെ എത്ര തുക പ്രീമിയം ഇനത്തിൽ ഇൻഷ്വറൻസ് കമ്പനിക്ക് ലഭിച്ചിട്ടുണ്ടെന്നും എത്ര തുക ക്ലെയിം നൽകിയിട്ടുണ്ടെന്നും വർഷം തിരിച്ച് വിശദമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പദ്ധതി ആരംഭിച്ച 2022 ജൂലൈ മുതൽ 2023 ജൂൺവരെ 643.78 കോടി രൂപ ഇൻഷ്വറൻസ് കമ്പനിക്ക് നൽകുകയും 728.56 കോടി രൂപ ക്ലെയിം അപ്രൂവൽ നൽകുകയും 2023 ജൂലൈ മുതൽ 2024 ജൂൺവരെ 647.99 കോടി രൂപ ഇൻഷ്വറൻസ്

കമ്പനിക്ക് നൽകുകയും 586.51 കോടി രൂപയുടെ ക്ലെയിം അപ്രൂവൽ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി എത്ര വർഷത്തെ കരാറിലാണ് ഏർപ്പെട്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി മൂന്ന് വർഷത്തെ കരാറിലാണ് ഏർപ്പെട്ടിരിക്കുന്നത് (2022-25).

(സി) കാലാവധി കഴിഞ്ഞ് കരാർ പുതുക്കുമ്പോൾ പ്രീമിയത്തിൽ വർധനവ് വരുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

നിലവിലെ കരാർ കഴിയുന്നമുറയ്ക്ക് കാലോചിതമായി പ്രീമിയം വർധനവ് നടത്തണമോയെന്ന് വിവിധതലങ്ങളിൽ ആലോചിച്ചുമാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

(ഡി) മെഡിസെപ് പദ്ധതി മറ്റ് ഇൻഷ്വറൻസ് കമ്പനികൾ ഏറ്റെടുക്കാത്തപക്ഷം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ മേൽനോട്ടത്തിൽ

നിർവഹിക്കുന്നതിന് തീരുമാനമെടുക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മേൽനോട്ടം വഹിക്കുന്ന SLI, GIS, GPAIS തുടങ്ങിയ ലൈഫ് ഇൻഷ്വറൻസ് പദ്ധതികളിൽ റിട്ടയർമെന്റ്, ആക്സിഡന്റ് തുടങ്ങിയ സന്ദർഭങ്ങളിൽ മാത്രമാണ് ക്ലെയിം തുക അനുവദിച്ചുനൽകേണ്ടത്. എന്നാൽ ജീവനക്കാരുടെ ശമ്പളം, പെൻഷൻകാരുടെ പ്രതിമാസ പെൻഷൻ, ഗുണഭോക്താക്കളുടെ വ്യക്തിഗത വിവരങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്ന സ്പാർക്ക്, ട്രഷറി, ഐ.ടി സോഫ്റ്റ് വെയർ മുതലായ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടാണ് മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സർക്കാർ ജീവനക്കാർ, പെൻഷൻകാർ മാത്രമല്ല യൂണിവേഴ്സിറ്റി, പഞ്ചായത്ത് ജീവനക്കാരും പെൻഷൻകാരും മുഖ്യമന്ത്രി, മന്ത്രിമാർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബ പെൻഷൻകാർ അവരുടെ ആശ്രിതരുൾപ്പെടെ ഏകദേശം 30 ലക്ഷത്തോളം പേർ

ഗുണഭോക്താക്കളാണ്. പദ്ധതിയിൽ പ്രീമിയം തുക മുൻകൂറായി സർക്കാർ കമ്പനിക്ക് നൽകുകയും പ്രതിമാസ തവണകളായി ഗുണഭോക്താക്കളിൽനിന്നും ഈടാക്കി മുൻകൂർ ക്രമീകരിക്കുകയുമാണ് ചെയ്യുന്നത്. പ്രീമിയം തുകയിൽനിന്നും പ്രതിമാസം 28/- രൂപ വീതം കോർപ്പസ് ഫണ്ടിലേയ്ക്ക് മാറ്റുകയും ഗുരുതര/അവയവമാറ്റ ചികിത്സകൾക്കുള്ള ക്ലെയിമുകൾ പരിശോധിച്ച് കോർപ്പസ് ഫണ്ടിൽനിന്നും പ്രത്യേകമായി രൂപകല്പന ചെയ്ത SoP (Standard Operating Procedure) പ്രകാരം വിനിയോഗിക്കുന്നതിന് കമ്പനിയെ അനുവദിക്കുകയുമാണ് ചെയ്യുന്നത്. വളരെ സങ്കീർണ്ണമായ അക്കൗണ്ടിംഗ് procedures ആണ് മെഡിസെപ്പിലുള്ളത്. Data compilation, online grievance system, Integration of data from Spark, Treasury, Stapana etc. to medisep software, Reconciliation of advance amount, Recoupment of advance amount, Fund flow monitoring, Preparation of budget estimate for medisep, Review meeting with insurance company, Preparation of SoP for de-empanelment/suspension of hospitals, Managing of medisep mobile app,

Monitoring and evaluation of scheme, Timely adding and resolving of newly emerging issues തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് മെഡിസെപ് നടപ്പാക്കിവരുന്നത്. ആയതിനാൽ SLI, GIS, GPAIS തുടങ്ങിയ ലൈഫ് ഇൻഷ്വറൻസ് പദ്ധതികളെക്കാൾ കൂടുതൽ സങ്കീർണ്ണമായ ഒന്നാണ് മെഡിസെപ് പദ്ധതി.

ആലത്തൂർ താലൂക്ക് പരിധിയിലെ സ്റ്റാമ്പ് വെണ്ടർമാർ

103(5978) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് പരിധിയിൽ നിലവിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരാണുള്ളതെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ താലൂക്ക് പരിധിയിൽ നിലവിൽ മൂന്ന് സ്റ്റാമ്പ് വെണ്ടർമാരാണുള്ളത്.

(ബി) പ്രസ്തുത സ്റ്റാമ്പ് വെണ്ടർമാരുടെ പേരുവിവരവും മുദ്രപ്പത്രം ലഭിക്കുന്ന സ്ഥലങ്ങളുടെ വിവരവും ലഭ്യമാക്കുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.+

മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നടപടി

104(5979) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്നും ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത നടപടിയെന്നും അറിയിക്കാമോ;

2024-ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി നിയമം സെക്ഷൻ 219 എൻ., 2024-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി നിയമം സെക്ഷൻ 340 എന്നിവ പ്രകാരം മാലിന്യം ഇടുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിലൊഴികെ തെരുവിലോ ഓടയിലോ പൊതുസ്ഥലത്തോ യാതൊരാളും ഏതെങ്കിലും മാലിന്യം വലിച്ചെറിയുകയോ വലിച്ചെറിഞ്ഞ് വ്യത്തികേടാക്കുകയോ തള്ളുകയോ കത്തിക്കുകയോ കുഴിച്ചുമൂടുകയോ അല്ലെങ്കിൽ അത്തരം പ്രവൃത്തികൾ ചെയ്യുന്നതിന് കാരണമാവുകയോ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യാൻ പാടില്ലാത്തതാകുന്നു. ടി വ്യവസ്ഥകൾ ഏതെങ്കിലും ആൾ ലംഘിച്ചുവെന്ന് ബോധ്യപ്പെട്ടാൽ, പ്രസ്തുത ലംഘനത്തിന്റെ തോതോ ഗൗരവമോ സ്വഭാവമോ അനുസരിച്ച് തദ്ദേശ സ്വയംഭരണ സെക്രട്ടറിക്കോ, സെക്രട്ടറി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ അത്തരം ആളുടെ മേൽ അയ്യായിരം രൂപവരെ ആകാവുന്ന പിഴ ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) കെട്ടിടങ്ങൾക്കും സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുമ്പോൾത്തന്നെ ഉറവിട മാലിന്യ സംസ്കരണം നിർബന്ധിതമാക്കുന്ന തരത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിലവിലെ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

2024-ലെ കേരള പഞ്ചായത്ത് ഭേദഗതി നിയമം സെക്ഷൻ “219 ഐ”, 2024-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി നിയമം സെക്ഷൻ 335 എന്നിവ പ്രകാരം ഓരോ കടയുടെയും വാണിജ്യ സ്ഥാപനത്തിന്റെയും പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതും അതിന്റെ പരിസരത്ത് മാലിന്യം

വലിച്ചെറിയുകയോ തള്ളുകയോ കത്തിക്കുകയോ ചെയ്യാതിരിക്കുകയും അല്ലെങ്കിൽ അതിന്റെ പരിസരത്ത് ഏതെങ്കിലും മാലിന്യം വലിച്ചെറിയാനോ മാലിന്യം തള്ളാനോ അല്ലെങ്കിൽ കത്തിക്കാനോ ഉപഭോക്താക്കളെ അനുവദിക്കാതിരിക്കുകയും ചെയ്യേണ്ടത് ഉടമയുടെയും കൈവശക്കാരന്റെയും ഉത്തരവാദിത്വമായിരിക്കുന്നതാണ്. ടി വ്യവസ്ഥകൾ ഏതെങ്കിലും ആൾ ലംഘിച്ചുവെന്ന് ബോധ്യപ്പെട്ടാൽ, പ്രസ്തുത ലംഘനത്തിന്റെ തോതോ ഗൗരവമോ സ്വഭാവമോ അനുസരിച്ച് തദ്ദേശസ്വയംഭരണ സെക്രട്ടറിക്കോ, സെക്രട്ടറി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ അത്തരം ആളുടെ മേൽ അയ്യായിരം രൂപവരെ ആകാവുന്ന പിഴ ചുമത്താവുന്നതാണ്.

14-02-2024-ലെ സ.ഉ.(കൈ)നം. 21/2024/LSGD പ്രകാരം പഞ്ചായത്തുകൾ വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, സേവനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുന്നോടിയായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തണമെന്ന് നിഷ്കർഷിച്ച് ഉത്തരവായിട്ടുണ്ട്.

14-02-2024-ലെ സ.ഉ.(കൈ)നം. 22/2024/LSGD പ്രകാരം കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവ വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുന്നോടിയായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തണമെന്ന് നിഷ്കർഷിച്ച് ഉത്തരവായിട്ടുണ്ട്.

കെട്ടിടങ്ങൾക്കും സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുമ്പോൾത്തന്നെ ഉറവിട മാലിന്യ സംസ്കരണം നിർബന്ധിതമാക്കുന്ന തരത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലില്ല.

സർക്കാർ കേസുകൾ കൈകാര്യം ചെയ്യുന്ന അഭിഭാഷകർ

105(5980) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിനുവേണ്ടി കേസുകൾ വാദിക്കുന്നതിനും വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്നതിനും നിയമിക്കപ്പെട്ട അഭിഭാഷകരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

സർക്കാരിനുവേണ്ടി കേസുകൾ വാദിക്കുന്നതിനും വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്നതിനും നിലവിൽ സുപ്രീം കോടതിയിൽ മൂന്ന് സ്റ്റാൻഡിംഗ് കൗൺസൽമാരെയും അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ 136 അഭിഭാഷകരെയും പതിനാല് ജില്ലകളിലുമായി 14 ജില്ലാ ഗവൺമെന്റ് പ്ലീഡർ ആൻഡ് പബ്ളിക് പ്രോസിക്യൂട്ടർമാരെയും 111 അഡീഷണൽ ഗവ. പ്ലീഡർ ആൻഡ് അഡീഷണൽ പബ്ളിക് പ്രോസിക്യൂട്ടർമാരെയും മോട്ടോർ ആക്സിഡന്റ് ക്ളെയിംസ് ട്രിബ്യൂണലിൽ 4 ഗവൺമെന്റ് പ്ലീഡർമാരെയും മുൻസിഫ് കോർട്ട് സെന്ററുകളിൽ 33 പ്ലീഡർ ടു ഡു ഗവൺമെന്റ് വർക്ക്-മാരെയും നിയമിച്ചിട്ടുള്ളതാണ്.

(ബി) സംസ്ഥാനത്ത് നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ എണ്ണവും അവർ കൈകാര്യം ചെയ്യുന്ന കേസുകളുടെ വിശദവിവരവും ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ എണ്ണവും അവർ നിലവിൽ കൈകാര്യം ചെയ്യുന്ന കേസുകളുടെ വിശദവിവരവും അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2016 ഏപ്രിൽ മുതൽ നാളിതുവരെയും സർക്കാരിന്റെ വിവിധ കേസുകൾ കൈകാര്യം ചെയ്യുന്നതിനും മറ്റ് വ്യവഹാരങ്ങൾ നടത്തുന്നതിനും നിയമിക്കപ്പെട്ടിട്ടുള്ള അഭിഭാഷകർക്കും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്കും ശമ്പളയിനത്തിലും മറ്റ് ആനുകൂല്യങ്ങളായും നൽകിയിട്ടുള്ള ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ 01-04-2016 മുതൽ 06-07-2024 വരെയുള്ള കാലയളവിൽ അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെയുള്ള സർക്കാർ അഭിഭാഷകർക്ക് ശമ്പളം, മറ്റാനുകൂല്യം എന്നിവയുൾപ്പെടെ 136,30,07,385/- രൂപയും 2016 ഏപ്രിൽ മുതൽ നാളിതുവരെ സർക്കാരിന്റെ വിവിധ കേസുകൾ കൈകാര്യം ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ്സ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, സ്റ്റേറ്റ് അറ്റോർണി, മറ്റ് സർക്കാർ അഭിഭാഷകർ എന്നിവർക്ക് ഫീസിനത്തിൽ ആകെ 11,09,17,700/- രൂപയും സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസിലർമാർക്ക് 7,85,51,728/- രൂപയും കൈമാറിയിട്ടുണ്ട്. 2016 ഏപ്രിൽ

1 മുതൽ നാളിതുവരെ സർക്കാർ അഭിഭാഷകർക്ക് യാത്രാബത്ത ഇനത്തിൽ 4,82,233/- രൂപ നൽകിയിട്ടുണ്ട്.

പതിനാല് ജില്ലകളിലെ ജില്ലാ ഗവൺമെന്റ് പ്ലീഡർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ, പ്ലീഡർ റ്റു ഡു ഗവൺമെന്റ് വർക്ക്, സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ എന്നിവർക്ക് ശമ്പളയിനത്തിലും മറ്റ് ആനുകൂല്യങ്ങളായും നൽകിയ തുകയുടെ വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.+

കൂടാതെ 2020-21 സാമ്പത്തിക വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതിക്ക് കീഴിൽ പോക്സോ നിയമപ്രകാരമുള്ള കേസുകൾ അതിവേഗം തീർപ്പാക്കുന്നതിലേയ്ക്കായി സ്ഥാപിതമായിട്ടുള്ള ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികളിൽ നിയമിക്കപ്പെട്ടിട്ടുള്ള സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് (പോക്സോ) നൽകിവരുന്ന വേതനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.+

(ഡി) പ്രസ്തുത കാലയളവിൽ സർക്കാരിന്റെ വിവിധ കേസുകൾ കൈകാര്യം ചെയ്യുന്നതിനും മറ്റ് വ്യവഹാരങ്ങൾ നടത്തുന്നതിനും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമിക്കപ്പെട്ടിട്ടുള്ള അഭിഭാഷകർക്കും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്കും പുറമെ സർക്കാർ കേസുകൾ വാദിക്കുന്നതിനായി മറ്റ് അഭിഭാഷകരുടെ സേവനം സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത അഭിഭാഷകരുടെ പേരുവിവരവും അവർ ഹാജരായിട്ടുള്ള കേസിന്റെ വിവരവും ഓരോ കേസിനും ഹാജരാകുമ്പോൾ അവർക്ക് നൽകിയ പ്രതിഫലത്തിന്റെ വിവരവും പ്രത്യേകം വ്യക്തമാക്കാമോ?

2016 ഏപ്രിൽ 1 മുതൽ 2021 മേയ് വരെ ബഹു. കേരള ഹൈക്കോടതിയിൽ സംസ്ഥാന സർക്കാരിനുവേണ്ടി ഹാജരാകുന്നതിന് സംസ്ഥാനത്തിന് പുറത്തുനിന്നുള്ള അഭിഭാഷകരും, സേവനം തേടിയുള്ള കേസുകളുടെ വിവരവും അനുബന്ധമായും[+] കേരള ഹൈക്കോടതിയിൽ സംസ്ഥാന സർക്കാരിനുവേണ്ടി കേസ് നടത്തുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് പുറമേയുള്ള അഭിഭാഷകർക്ക് ഫീസിനത്തിൽ നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായും ഉൾക്കൊള്ളിക്കുന്നു.[+] 2021 മേയ് മാസത്തിനുശേഷം കേരള ഹൈക്കോടതിയിൽ സംസ്ഥാന സർക്കാരിനുവേണ്ടി പുറമേനിന്നുള്ള അഭിഭാഷകരാരും ഹാജരായിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഭിഭാഷക ക്ഷേമനിധി

106(5981) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധിയിൽ അംഗങ്ങളായ അഭിഭാഷകർ പ്രാക്ടീസ് അവസാനിപ്പിച്ച് പിരിഞ്ഞുപോകുമ്പോൾ എന്ത് സഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സഹായത്തുക വർധിപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ?

കേരള അഭിഭാഷക ക്ഷേമനിധിയിൽ 15 വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുമ്പോൾ ക്ഷേമനിധിയിലെ ഒരംഗത്തിന് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പത്തുലക്ഷം രൂപവരെ അനുവദിക്കുന്നതാണ്. എന്നാൽ ശാശ്വതമായ കഴിവില്ലായ്മമൂലം പ്രാക്ടീസ് നിർത്തുന്നതൊഴികെ ക്ഷേമനിധിയിൽ പതിനഞ്ച് വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കുന്നതിനുമുമ്പ് വിരമിക്കൽ ആനുകൂല്യങ്ങൾ തിരഞ്ഞെടുക്കുന്ന ഒരംഗത്തിന് അയാൾ അടച്ച മൊത്തം വരിസംഖ്യയും അതിന്റെ ആറ് ശതമാനം നിരക്കിൽ പലിശയും സഹിതം

കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്, എന്നുമാത്രമല്ല 55 വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ്, ശാശ്വതമായ കഴിവില്ലായ്മമൂലം പ്രാക്ടീസ് നിർത്തലാക്കൽ തിരഞ്ഞെടുക്കുന്ന ഒരംഗത്തിന് മൊത്തത്തിൽ ഒരു ലക്ഷം രൂപ അല്ലെങ്കിൽ പ്രാക്ടീസ് പൂർത്തീകരിച്ച ഒരോ വർഷത്തിനും 25,000/- രൂപ നിരക്കിലുള്ള തുക ഇതിൽ ഏതാണോ കൂടുതൽ അത് ക്ഷേമനിധിയിൽനിന്നും കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

കേരള അഭിഭാഷക ക്ഷേമനിധിയിൽ 15 വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുമ്പോൾ ക്ഷേമനിധിയിലെ ഒരംഗത്തിന് വ്യവസ്ഥകൾക്കുവിധേയമായി അനുവദിക്കുന്ന നിലവിലെ പരമാവധി തുകയായ പത്തുലക്ഷം രൂപയിൽനിന്നും വർധനവ് വരുത്തുന്നതിനുള്ള ബാർ കൗൺസിലിന്റെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അഭിഭാഷക ക്ഷേമനിധിയിലെ ഫണ്ട് ദുർവിനിയോഗം സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2007-2008 മുതൽ 2016-2017 സാമ്പത്തിക വർഷംവരെയുള്ള കാലയളവിൽ നടത്തിയ statutory audit report പ്രകാരവും 23-05-2019-ൽ വിരമിച്ച ജില്ലാ ജഡ്ജി കൂടിയായ അന്വേഷണ ഉദ്യോഗസ്ഥൻ ശ്രീ. കെ. എം ബാലചന്ദ്രൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടുപ്രകാരവും 7,63,24,725.45 രൂപ അക്കൗണ്ടന്റ് ആയിരുന്ന എം. കെ ചന്ദ്രന്റെയും മറ്റുള്ളവരുടെയും പക്കൽനിന്ന് തിരിച്ചുപിടിക്കേണ്ടതായ തുകയായി കണക്കാക്കുകയും, വെൽഫെയർ ഫണ്ട് ട്രസ്റ്റ് പ്രസ്തുത തുക തിരിച്ചുപിടിക്കുന്നതിനായി എം. കെ ചന്ദ്രനെതിരെ കോടതിയിൽ സിവിൽ കേസ് ഫയൽ ചെയ്യുകയും വെൽഫെയർ ഫണ്ട് ട്രസ്റ്റിന്റെ ഭരണകാര്യങ്ങളിൽ മേൽനോട്ടം നിർവഹിക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറിയെ പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്.

അഭിഭാഷക ക്ഷേമനിധിയിൽനിന്നും പണാപഹരണം നടത്തിയതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദേശപ്രകാരം സി.ബി.ഐ. അന്വേഷണം നടത്തുകയും

പ്രതികൾക്കെതിരായ കുറ്റപത്രം ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിക്കുകയും കോടതി ടി കുറ്റപത്രം ഫയലിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

നിയമ വകുപ്പിലെ താൽക്കാലിക/കരാർ നിയമനങ്ങൾ

107(5982) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതെല്ലാം തസ്തികകളിലാണ് അപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേൽപ്പറഞ്ഞപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനായി 2024 മെയ് വരെ അനുവദിച്ച ആകെ തുക എത്രയാണെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 3 പേരെ

നിയമിച്ചിട്ടുള്ളതാകുന്നു. നിലവിൽ ടി തസ്തികയിൽ താൽക്കാലികമായി ആരും ജോലി ചെയ്യുന്നില്ല. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 32 പേർക്കും കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ 1 ആൾക്കും ഡ്രൈവർ തസ്തികയിൽ 2 പേർക്കും അസിസ്റ്റന്റ് ട്രാൻസ്ലേറ്റർ ഗ്രേഡ് II (കന്നട) തസ്തികയിൽ 1 ആൾക്കും താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. നിലവിൽ ഒരു ഓഫീസ് അറ്റൻഡന്റും ഒരു ഡ്രൈവറും മാത്രമാണ് ദിവസവേതനാടി സ്ഥാനത്തിൽ ജോലി ചെയ്തുവരുന്നത്. ഇവർക്ക് 39,045/- രൂപയാണ് 2024 മെയ് മാസം അനുവദിച്ചത്.

നിയമവകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻകീഴിൽ വരുന്ന സ്ഥാപനങ്ങളായ കേരള നിയമപരിഷ്കരണ കമ്മീഷനിൽ താൽക്കാലിക/കരാറടിസ്ഥാനത്തിൽ നിയമനം നടത്തിയ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

പാർട്ട്ടൈം സ്വീപ്പർ (കുടുംബശ്രീ മുഖേന)–2

ലീഗൽ അസിസ്റ്റന്റ് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന)-1

ഡ്രാഫ്റ്റിംഗ് എക്സ്പെർട്ട് (നേരിട്ടുള്ള നിയമനം)-1

ഓഫീസ് അറ്റൻഡന്റ് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന)-2

2024 മെയ് മാസം അനുവദിച്ച വേതനത്തിന്റെ വിശദാംശങ്ങൾ

പാർട്ട്ടൈം സ്വീപ്പർ-8000/-

ലീഗൽ അസിസ്റ്റന്റ്-32,560/-

ഡ്രാഫ്റ്റിംഗ് എക്സ്പെർട്ട്-25,000/-

ഓഫീസ് അറ്റൻഡന്റ്-16,875/-

ആകെ-**82,435/-**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ വിവിധ തസ്തികകളിൽ നടന്ന താൽക്കാലിക നിയമനങ്ങൾ ചുവടെ ചേർക്കുന്നു.

1. അസിസ്റ്റന്റ്

അസിസ്റ്റന്റ് തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 5 പേരെ നിയമിച്ചു. കരാർ നിയമനം നടത്തിയിട്ടില്ല.

2. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ 17 പേരെ നിയമിച്ചു. കരാറടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടില്ല.

3. ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II

ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 131 നിയമനങ്ങൾ നടത്തി. അതിൽ 118 പേർ സേവനത്തിൽ പ്രവേശിച്ചു. 24-10-2016-ലെ 15060/ഇൻസ്പെ.1/നിയമം പ്രകാരം 25 പേരെയും 17-09-2021-ലെ 3679/ഇൻസ്പെ.1/2021/നിയമം നമ്പർ കത്തുപ്രകാരം 8 പേരെയും ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. 2021 മുതൽ 25-10-2022 വരെ 26 പേരെ പല കാലയളവുകളിലായി 25 പേർ വീതം എന്ന വ്യവസ്ഥയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. 03-01-2023 മുതൽ ഇതുവരെ 48 പേരെ പല കാലയളവുകളിലായി 33 പേർ വീതം എന്ന വ്യവസ്ഥയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. നിലവിൽ അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ 33 പേർ ദിവസ

വേതനാടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്നുണ്ട്. ടി തസ്തികയിൽ കരാർ നിയമനം നടത്തിയിട്ടില്ല.

4. ഡ്രൈവർ

ഡ്രൈവർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 5 പേരെ നിയമിച്ചു. ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ 23-05-2017-ലെ 3843/ഇൻസ്പെ.1/17/നിയമം നമ്പർ കത്തുപ്രകാരം അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ ഒരു ഡ്രൈവറെ പല ഘട്ടങ്ങളിലായി നിയമിച്ചു. ടി തസ്തികയിൽ കരാർ നിയമനം നടത്തിയിട്ടില്ല.

5. ബൈൻഡർ

ബൈൻഡർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 3 പേരെ നിയമിച്ചു. ടി തസ്തികയിൽ കരാർ നിയമനം നടത്തിയിട്ടില്ല.

6. പി.റ്റി.എസ്.

പി.റ്റി.എസ്. തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ 24-10-2016-ലെ 15060/ഇൻസ്പെ.1/16/നിയമം നമ്പർ സർക്കാർ ഉത്തരവുപ്രകാരം കാഷ്വൽ സ്വീപ്പർ തസ്തികയിൽ 5 പേരെ പ്രതിമാസ സഞ്ചിതവേതന വ്യവസ്ഥയിൽ കുടുംബശ്രീയിൽനിന്നും ലഭ്യമാക്കിയ ലിസ്റ്റുപ്രകാരം പല ഘട്ടങ്ങളിലായി നിയമിച്ചിട്ടുണ്ട്. ടി തസ്തികയിൽ കരാർ നിയമനം നടത്തിയിട്ടില്ല.

ദിവസവേതന/സഞ്ചിതവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 2024 മെയ് മാസത്തിൽ, ഡ്രൈവർ തസ്തികയിലുള്ളവർക്ക് 16,060/- രൂപയും ഓഫീസ് അറ്റൻഡന്റ് തസ്തികയിലുള്ളവർക്ക് 5,48,100/- രൂപയും, കാഷ്വൽ സ്വീപ്പേഴ്സ് തസ്തികയിലുള്ളവർക്ക് 39,742/- രൂപയുമുൾപ്പെടെ ആകെ 6,03,902/- രൂപയും നൽകിയിട്ടുള്ളതാകുന്നു.

കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി ആഫീസിൽ ക്ഷേമനിധി കമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ സർക്കാർ

അനുമതിയോടെ 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്സ് ക്ഷേമനിധി ചട്ടങ്ങളിലെ ചട്ടം 5-ലെ വ്യവസ്ഥകൾക്കനുസൃതമായും നിയമസേവന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായും എൽ.ഡി.ക്ലാർക്ക്, അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ രണ്ടുപേരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച രണ്ടുപേരുടെയും കരാർ കാലാവധി അവസാനിച്ചപ്പോൾ ഈ സർക്കാർ ടിയാളുകളുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്. മേൽപ്പറഞ്ഞ രണ്ടുപേർക്ക് വേതനമായി 2024 മെയ് മാസം ആകെ 42,350/- രൂപ അനുവദിച്ചിട്ടുണ്ട്.

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ 2021 മെയ് മുതൽ 2022 നവംബർ വരെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി രണ്ടുപേരും ഡ്രൈവർമാരായി നാലുപേരും ഓഫീസ് അറ്റൻഡന്റായി നാലുപേരുമുൾപ്പെടെ ദിവസവേതനാടിസ്ഥാനത്തിൽ 10 പേർ ജോലി ചെയ്തിരുന്നു. 2022 ഡിസംബർ മുതൽ 2024 മെയ് വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി അഞ്ചുപേരും ടൈപ്പിസ്റ്റായി 1 ആളും

ഡ്രൈവർമാരായി 12 പേരും ഓഫീസ് അറ്റൻഡന്റായി 11 പേരുമുൾപ്പെടെ 29 പേർ ജോലി ചെയ്തിരുന്നു.

2024 മെയ് മാസത്തെ സ്ഥിതിപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി 1 ആളും ഡ്രൈവർമാരായി 4 പേരും ഓഫീസ് അറ്റൻഡന്റായി 3 പേരും ജോലി ചെയ്തിട്ടുണ്ട്. 23-02-2024-ലെ സ.ഉ.(സാധാ)231/2024/നിയമം, 11-03-2024-ലെ 02/എച്ച്3/2024/നിയമം നമ്പർ കത്തുകൾപ്രകാരം സർക്കാർ താൽക്കാലികമായി അനുമതി നൽകിയിട്ടുള്ള ഓഫീസ് അറ്റൻഡന്റുമാരുടെ 2 താൽക്കാലിക ദിവസവേതന തസ്തികകളിൽ 2 പേരെ ദിവസ വേതനാടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റുമാരായി നിയോഗിച്ചിട്ടുണ്ട്.

2024 മെയ് മാസത്തിൽ മേൽ ഇനത്തിൽ ആകെ 2,67,187/- (രണ്ട് ലക്ഷത്തി അറുപത്തിയേഴായിരത്തി ഒരുന്നൂറ്റി എൺപത്തിയേഴ് രൂപ മാത്രം) ശമ്പളവും വേതനവും മറ്റാനുകൂല്യങ്ങളുമായി നൽകിയിട്ടുണ്ട്.

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കേരള സംസ്ഥാന നിയമസേവന അതോറിറ്റിയുടെ അനുബന്ധ സ്ഥാപനങ്ങളായ എറണാകുളം,

മഞ്ചേരി, കാസർഗോഡ് എന്നീ ജില്ലകളിൽ താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. നിലവിൽ സംസ്ഥാന ലീഗൽ സർവീസ് അതോറിറ്റിയിലും അനുബന്ധ സ്ഥാപനങ്ങളിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തിവരുന്നത്. ഇങ്ങനെ ഡെപ്യൂട്ടേഷൻ വ്യസ്ഥയിൽ ജീവനക്കാരുടെ കാലാവധി തീർന്ന് മാതൃവകുപ്പിലേയ്ക്ക് പോകുന്ന സന്ദർഭങ്ങളിൽ പുതിയ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നടപടികൾക്ക് കാലതാമസം നേരിടുന്നതിനാൽ ടി ഓഫീസുകളിലെ പ്രവർത്തനം സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി G.O.(P)81/2019/ധന ഉത്തരവിലെ ഖണ്ഡിക 2 ഉപഖണ്ഡിക 3 വ്യവസ്ഥകൾപ്രകാരം 89 ദിവസത്തേയ്ക്ക് താൽക്കാലിക നിയമനങ്ങൾ നടത്തിവരാറുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	**ജില്ല**	**തസ്തിക**	**മെയ് മാസം അനുവദിച്ച വേതനം**
1.	എറണാകുളം	a) TLSC സെക്രട്ടറി-1 b) ക്ലാർക്ക് കം ടൈപ്പിസ്റ്റ്-1, c) ഓഫീസ് അറ്റൻഡന്റ്-1	99,675/-
2.	മഞ്ചേരി	a) TLSC സെക്രട്ടറി - 2 b) ഓഫീസ് അറ്റൻഡന്റ്-1	32,275/-

3.	കാസർഗോഡ്	a) TLSC ക്ലാർക്ക് കം ടൈപ്പിസ്റ്റ് -1, b) DLSA ക്ലാർക്ക് കം ടൈപ്പിസ്റ്റ് -1,	30,200/-

(ബി) അതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റ് നിയമനങ്ങൾക്കായി അവലംബിച്ച മാർഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

നിയമ വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 3 പേരെയും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 13 പേരെയും അസിസ്റ്റന്റ് ട്രാൻസ്ലേറ്റർ ഗ്രേഡ് II (കന്നട) തസ്തികയിൽ 1 ആളെയും നിയമിച്ചിട്ടുള്ളതാണ്. വിവിധ കാലയളവുകളിൽ സർക്കാർ ഉത്തരവുകൾപ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 19 പേരും ഡ്രൈവർ തസ്തികയിൽ 2 പേരും കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 1 ആളും ജോലി ചെയ്തിട്ടുള്ളതാണ്.

നിയമവകുപ്പിന്റെ ഭരണനിയന്ത്രണത്തിൻകീഴിൽ വരുന്ന സ്ഥാപനങ്ങളായ

(i) കേരള നിയമപരിഷ്കരണ കമ്മീഷനിൽ:-

1. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനം-3

2. കുടുംബശ്രീ മുഖേന നടത്തിയ നിയമനം-2

(09-02-2010-ലെ ജി.ഒ.(പി) നം.61/2010/ഫിൻ. പ്രകാരം കമ്മീഷനിൽ പാർട്ട്ടൈം സ്വീപ്പറെ കുടുംബശ്രീ മുഖേനയാണ് നിയമിക്കേണ്ടത്.)

3. കമ്മീഷൻ നേരിട്ട് നടത്തിയ നിയമനം-1

(22-11-2019-ലെ സ.ഉ.(സാധാ) നം.1554/2019/നിയമം പ്രകാരം ഡ്രാഫ്റ്റിംഗ് എക്സ്പെർട്ടിന്റെ നിയമനം നടത്താൻ കമ്മീഷനെ അധികാരപ്പെടുത്തിയിട്ടുള്ളതുകൊണ്ടാണ്.)

(ii) അഡ്വക്കേറ്റ് ജനറൽ കാര്യാലയം-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അസിസ്റ്റന്റ് തസ്തികയിൽ 5 പേർക്കും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 17 പേർക്കും ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്

II തസ്തികയിൽ 131 പേർക്കും ഡ്രൈവർ തസ്തികയിൽ 5 പേർക്കും ബൈൻഡർ തസ്തികയിൽ 3 പേർക്കും നിയമനം നടത്തിയിട്ടുണ്ട്. എന്നാൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 118 പേർ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതാകുന്നു.

ദിവസ വേതനാടിസ്ഥാനത്തിലുള്ള നിയമനത്തിന് അവലംബിച്ച മാർഗങ്ങൾ

1. ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II

24-10-2016-ലെ 15060/ഇൻസ്പെ.1/2021/നിയമം നമ്പർ സർക്കാർ കത്ത്, 17-09-2021-ലെ 3679/ഇൻസ്പെ.1/2021/നിയമം നമ്പർ സർക്കാർ കത്തുകൾപ്രകാരം 38 പേരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. 24-10-2016-ലെ 15060/ഇൻസ്പെ.1/നിയമം നമ്പർ കത്തുപ്രകാരം നിയമിതരായവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ളവർ സേവനത്തിൽ പ്രവേശിക്കുന്നതുവരെ നിലനിർത്തി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായ ഭൂരിഭാഗം ജീവനക്കാരും കാലാവധി പൂർത്തിയാക്കി വിടുതൽ നേടിയതിനാലും കേരള പബ്ലിക് സർവീസ് കമ്മീഷനിൽനിന്ന് നിയമന ശിപാർശ ലഭിക്കാൻ കാലതാമസം നേരിട്ടതിനാലും നിയമന ശിപാർശ ലഭിച്ചതിനുശേഷം നിയമന ഉത്തരവ്

അയച്ചവരിൽ ഭൂരിഭാഗംപേരും സേവനത്തിൽ പ്രവേശിക്കാതിരുന്നതിനാലും, സേവനത്തിൽ പ്രവേശിച്ചവരിൽത്തന്നെ ഭൂരിഭാഗംപേരും മറ്റ് ജോലികൾ ലഭിച്ച് വിടുതൽ നേടിയതിനാലും അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ ജീവനക്കാരുടെ ദൗർലഭ്യമുണ്ടായി. ടി കാര്യാലയത്തിന്റെ സേവനം ബഹു. കേരള ഹൈക്കോടതിയുമായി ബന്ധപ്പെട്ടതായതിനാലും ജീവനക്കാരുടെ അഭാവം ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നതിനാലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന മുമ്പ് സേവനമനുഷ്ഠിച്ചിരുന്നവരെ ദിവസവേതന വ്യവസ്ഥയിൽ വീണ്ടും നിയമിക്കാൻ അഡ്വക്കേറ്റ് ജനറൽ 12-12-2022, 16-01-2023 തീയതികളിൽ ഉത്തരവിട്ടു. കേരള പബ്ലിക് സർവീസ് കമ്മീഷനിൽനിന്നും നിയമന ശിപാർശ ലഭിച്ചതിനെത്തുടർന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ദിവസവേതന നിയമനം നടത്തുന്നതിന് നൽകിയ ലിസ്റ്റ് തിരിച്ചയച്ചതിനാൽ വീണ്ടും ഇപ്രകാരമുള്ള ലിസ്റ്റ് ആവശ്യപ്പെട്ട്, ആയത് ലഭിക്കുന്നതിനുമുമ്പ്

അടുത്ത നിയമന ശിപാർശ ലഭിക്കുന്നതിനാലാണ് ഇപ്രകാരമുള്ള ഉത്തരവ് നൽകിയിട്ടുള്ളത്.

2. ഡ്രൈവർ-5

23-05-2017-ലെ 3843/ഇൻസ്പെ.1/17/ നിയമം നമ്പർ കത്തുപ്രകാരം അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ ഒരു ഡ്രൈവറെ പല ഘട്ടങ്ങളിലായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

3. പി.റ്റി.എസ്. - 24-10-2016-ലെ 15060/ഇൻസ്പെ.1/16/നിയമം നമ്പർ സർക്കാർ കത്തുപ്രകാരം കാഷ്വൽ സ്വീപ്പർ തസ്തികയിൽ 5 പേരെ പ്രതിമാസ സഞ്ചിതവേതന വ്യവസ്ഥയിൽ കുടുംബശ്രീയിൽനിന്നും ലഭ്യമാക്കിയ ലിസ്റ്റുപ്രകാരം പലഘട്ടങ്ങളായി നിയമിച്ചിട്ടുണ്ട്.

4. ബൈൻഡർ

മറ്റ് ഏജൻസികൾ മുഖേന മേൽ തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല

(iii) കേരള അഡ്വക്കേറ്റ് ക്ലാർക്സ് ക്ഷേമനിധി കമ്മിറ്റി ആഫീസ്-

ക്ഷേമനിധി കമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്സ് ക്ഷേമനിധി ചട്ടങ്ങളിലെ ചട്ടം 5-ലെ വ്യവസ്ഥകൾക്കനുസൃതമായും നിയമസേവന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി എൽ.ഡി.ക്ലാർക്ക്, അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ രണ്ടുപേരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(iv) കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 29 നിയമനങ്ങളാണ് നടത്തിയിട്ടുള്ളത്. ദിവസവേതന നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ അടിസ്ഥാനമാക്കിയാണ് ദിവസവേതന ജോലിക്കായി ജീവനക്കാരെ നിയോഗിച്ചത്.

(v) കേരള സംസ്ഥാന നിയമസേവന അതോറിറ്റിയുടെ അനുബന്ധ സ്ഥാപനങ്ങളിൽ G.O. (P) 81/2019/ധന ഉത്തരവിലെ ഖണ്ഡിക 2 ഉപഖണ്ഡിക 3 വ്യവസ്ഥകൾപ്രകാരം 89 ദിവസത്തേയ്ക്ക്

താൽക്കാലിക നിയമനങ്ങൾ നടത്തിവരാറുണ്ട്.

വാടക നിയന്ത്രണ നിയമം

108(5983) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പുതിയ വാടക നിയന്ത്രണ നിയമം ഇല്ലാത്തതുകൊണ്ട് കേരളത്തിലെ കെട്ടിട ഉടമകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇതു പരിഹരിക്കാനായി ഒരു മാതൃകാ വാടക നിയന്ത്രണ നിയമം കൊണ്ടുവരാൻ തയ്യാറാകുമോ; വിശദമാക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള കേരള കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) നിയമം, 1965, കേന്ദ്ര സർക്കാർ 2021-ൽ പാസാക്കിയ Model Tenancy Act-നനുസൃതമായി പരിഷ്കരിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

കോഴിക്കോട് ജില്ലയിലെ പ്രവർത്തനരഹിതമായ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

109(5984) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സ്വന്തമായി ഭൂമിയുള്ള എത്ര ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാണുള്ളതെന്നും അതിൽ പ്രവർത്തനരഹിതമായവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ സ്വന്തമായി ഭൂമിയുള്ള 19 ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുണ്ട്. ആയതിൽ പ്രവർത്തനരഹിതമായവ 10 സ്ഥാപനങ്ങളാണ്. പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	കൈവശമുള്ള ഭൂമിയുടെ വിവരം Cent
1	ജവഹർ ഹരിജൻ ഹോളോ ബ്രിക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം.S IND (D) 312	19.4
2	മഹാത്മാ ഹരിജൻ അവിൽ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം.S IND (D) 301	5
3	കോഴിക്കോട് ഡിസ്ട്രിക്ട് SC/ST വുഡ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ്	14

	സൊസൈറ്റി ലി.നം.S IND (D) 258	
4	ഫറോക്ക് ഹരിജൻ ഹോളോബ്രിക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം.S IND (D) 262	110
5	കുന്ദമംഗലം ബ്ലോക്ക് ബുക്ക് മാനുഫാക്ച്ചറിംഗ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം.S IND (D)285	19.43
6	മൂടാടി കാർപെന്റർ S.S. ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം.S IND (D)154	8.4
7	രാജീവ് ഗാന്ധി മെമ്മോറിയൽ SC/ST ഹോളോ ബ്രിക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം.S IND (D) 307	66
8	വടകര താലൂക്ക് കരിങ്കൽ ക്വാറി ഓപ്പറേറ്റർ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം.S IND (D)344	10
9	ഡോ. അംബേദ്കർ ഹാൻഡി ക്രാഫ്റ്റ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം.S IND (D)260	10
10	കോഴിക്കോട് ഹരിജൻ ഹാൻഡ്ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം.S IND (D) 265, പെരുവയൽ, കോഴിക്കോട്	70

(ബി) സൊസൈറ്റികൾ നിലവിലില്ലാത്തതിനാൽ അനാഥമായി കിടക്കുന്ന സ്ഥലങ്ങൾ ഏതെല്ലാം; വ്യക്തമാക്കാമോ?

1969 കേരള സഹകരണ നിയമം ചട്ടം 4 (iv) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളാണിത്. പ്രസ്തുത നിയമത്തിലെ വകുപ്പ് 71 മുതൽ 74 വരെയുള്ളതും ചട്ടം 69, 70 വരെയുള്ളതുംപ്രകാരം രജിസ്ട്രാർ നടപടികൾ കൈക്കൊള്ളുന്നതുവരെ സംഘങ്ങൾ നിലവിലുള്ളതിനാൽ സംഘം ആസ്തികൾ അനാഥമായി കിടക്കുന്നില്ല.

(സി) സർക്കാരിന് ഇവയിൽനിന്ന് എന്ത് ബാധ്യതയാണ് ലഭിക്കാനുള്ളത്?

ക്രമ നം.	പേര്	GSP
1	മഹാത്മാ ഹരിജൻ അവിൽ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം.S IND (D) 301	50,000/-
2	കോഴിക്കോട് ഡിസ്ട്രിക്ട് SC/ST വുഡ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം. S IND (D) 258	3,00,000/-
3	ഫറോക്ക് ഹരിജൻ ഹോളോബ്രിക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം. S IND (D) 262	1,00,000/-
4	കുന്ദമംഗലം ബ്ലോക്ക് ബുക്ക് മാനുഫാക്ചറിംഗ് ഇൻഡസ്ട്രിയൽ	3,00,000/

	കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം.SIND (D)285	-
5	മൂടാടി കാർപെന്റർ S.S ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം. S IND (D)154	45,000/-
6	രാജീവ് ഗാന്ധി മെമ്മോറിയൽ SC/ST ഹോളോബ്രിക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം. S IND (D) 307	1,38,600
7	ഡോ. അംബേദ്കർ ഹാൻഡിക്രാഫ്റ്റ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം. S IND (D)260	3,00,000/-
8	കോഴിക്കോട് ഹരിജൻ ഹാൻഡ്ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നം. S IND (D) 265 പെരുവയൽ, കോഴിക്കോട്.	2,02,500 Member Share Rs. 82,100/- Building Loan: 17,07,224/ Other Liability 6,71,400/

(ഡി) ഇത്തരം ഭൂമി സർക്കാരിന് കൈവശപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കുമോ?

സംഘങ്ങൾ ലിക്വിഡേഷനിലായാൽ മാത്രമേ സംഘത്തിന്റെ ഭൂമി നിലവിൽ ഏറ്റെടുക്കാൻ നിർവാഹമുള്ളൂ. ലിക്വിഡേഷനിലല്ലാത്ത

സംഘത്തിന്റെ ഭൂമി നേരിട്ട് സർക്കാരിന് ഏറ്റെടുക്കാൻ കഴിയില്ല. ലിക്വിഡേഷനിലായ സംഘത്തിന്റ ഭൂമി സംഘത്തിന്റെ എല്ലാ സാമ്പത്തിക ബാധ്യതകളും പൂർണ്ണമായും തീർപ്പാക്കിയതിനുശേഷം സർക്കാർ ഏറ്റടുക്കുന്നതിന് നിയമ തടസ്സമില്ല.

പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ/നഷ്ടത്തിൽ പ്രവർത്തിക്കുന്നവ

110(5985) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്രയെണ്ണമെന്നും; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്രയെണ്ണമെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ?

വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ 2023-24 സാമ്പത്തികവർഷം 20 സ്ഥാപനങ്ങൾ പ്രവർത്തനലാഭം കൈവരിക്കുകയും 33 സ്ഥാപനങ്ങൾ പ്രവർത്തനനഷ്ടം നേരിടുകയും

ചെയ്തിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

അരുവിക്കര മണ്ഡലത്തിൽ പ്രവർത്തനരഹിതമായി കിടക്കുന്ന വ്യവസായ സഹകരണ സംഘങ്ങൾ

111(5986) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ പ്രവർത്തനരഹിതമായി കിടക്കുന്ന വ്യവസായ സഹകരണ സംഘങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

അരുവിക്കര നിയോജകമണ്ഡല പരിധിയിൽ രജിസ്റ്റർ ചെയ്തതും നിലവിൽ പ്രവർത്തിക്കാത്തതുമായ സംഘങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സംഘങ്ങളുടെ പേരുവിവരം
1	ഉഴമലയ്ക്കൽ സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലി.നം.T942
2	പൂവച്ചൽ സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലി.നം.T948

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3	കുറ്റിച്ചൽ സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലി.നം.T937
4	പറണ്ടോട് സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലി.നം.T933
5	അരുവിക്കര സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലി.നം.T932
6	വെള്ളനാട് സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലി.നം.T927
7	ആര്യനാട് സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലി.നം.T921
8	തൊളിക്കോട് സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലി.നം. 919
9	മണമ്പൂർ മൾട്ടി വ്യവസായ സഹകരണ സംഘം 865
10	മിത്രാനികേതൻ ഹരിജൻ ഹാൻഡിക്രാഫ്റ്റ് വ്യവസായ സഹകരണ സംഘം T322.

ഇതുകൂടാതെ അരുവിക്കര നിയോജകമണ്ഡല പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും 15 വർഷത്തിലധികമായി പ്രവർത്തനരഹിതവുമായ 13 സംഘങ്ങളിൽ ലിക്വിഡേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇവയെ പ്രവർത്തനക്ഷമമാക്കുന്നതിന് സഹായകരമായ രീതിയിൽ വകുപ്പിൽനിന്നും സ്വീകരിച്ചിട്ടുള്ളതും,

സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

പ്രവർത്തന മൂലധനത്തിന്റെ അഭാവം കാരണമാണ് കൂടുതൽ സംഘങ്ങളും പ്രവർത്തനരഹിതമായത്. സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സംഘങ്ങളെ സഹായിക്കുന്നതിനായി സംരംഭകത്വ നൈപുണ്യ വികസന ധനസഹായ പദ്ധതിയും മറ്റ് വ്യവസായ സംഘങ്ങൾക്കായി Rejuvenation of Industrial Co-operative Society Support Scheme (New) എന്ന പദ്ധതിയും നിലവിൽവന്നെങ്കിലും പദ്ധതിയിലെ മാർഗരേഖയിലെ മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയാത്തതിനാൽ മേൽ പരാമർശിച്ച ധനസഹായത്തിന് അപേക്ഷിക്കാൻ സംഘങ്ങളുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അംഗങ്ങൾക്ക് തൊഴിൽ നൽകുന്നതിനും പെയ്ഡ് സെക്രട്ടറി നിയമനം നടത്തുന്നതിനും അതുവഴി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആഡിറ്റ് പൂർത്തിയാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ ധനസഹായ പദ്ധതിയുടെ മാർഗരേഖയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു.

എടരിക്കോട് ടെക്സ്റ്റൈൽസിലെ പി.എഫ്. തിരിമറി

112(5987) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ടെക്സ്റ്റൈൽസിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിക്കുന്ന വിഹിതം പി.എഫ്.-ൽ അടയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈയിനത്തിൽ എത്ര തുകയാണ് പി.എഫ്.-ൽ അടയ്ക്കാനുള്ളത്; പ്രസ്തുത തുക അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മില്ലിന്റെ ആകെ പി.എഫ്. കുടിശ്ശിക, interest, damage എന്നിവയുൾപ്പെടെ 629.85 ലക്ഷം രൂപയാണ്. ഇതിൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിക്കുന്ന വിഹിതയിനത്തിൽ 160.82 ലക്ഷം രൂപയാണ് കുടിശ്ശികയായുള്ളത്. എടരിക്കോട് ടെക്സ്റ്റൈൽസിന് നിലവിൽ ഏകദേശം 22.75 കോടിയോളം രൂപ വിവിധയിനങ്ങളിലായി

കുടിശ്ശികയുണ്ട്. കുടിശ്ശികത്തുക അധികരിച്ച് പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങാനാകാത്ത സാഹചര്യമാണുള്ളത്.

(ബി) പി.എഫ്. തുക അടയ്ക്കാത്തതിനാൽ സ്ഥാപനത്തിനെതിരെ ജപ്തി നടപടി വന്നിട്ടുണ്ടോ; വിശദമാക്കാമോ?

പി.എഫ്. തുക സമയബന്ധിതമായി അടയ്ക്കാത്തതിനാൽ സ്ഥാപനം ജപ്തി നടപടികൾ നേരിടുന്നുണ്ട്. പി.എഫ്. കുടിശ്ശികയിൽ 323.56 ലക്ഷം രൂപയ്ക്കായുള്ള റവന്യൂ റിക്കവറി നടപടികളുടെ ഭാഗമായി നോട്ടീസ് ലഭിക്കുകയും ആയതിന്മേൽ കുടിശ്ശികത്തുക തവണകളായി അടയ്ക്കാനുള്ള അഭ്യർഥന നിരസിക്കുകയാണുണ്ടായത്. തുടർന്ന് പിഴപ്പലിശ ഒഴിവാക്കി കുടിശ്ശികയടയ്ക്കാൻ തവണ വ്യവസ്ഥയും സമയവും നൽകാനായി ഇ.പി.എഫ്. ട്രിബ്യൂണലിൽ അപ്പീൽ നൽകിയിട്ടുണ്ട്. മാത്രമല്ല, പി.എഫ്. കുടിശ്ശികയടയ്ക്കാൻ തവണ വ്യവസ്ഥയും സാവകാശവും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ മാനേജ്മെന്റ് കേസ് (WP(C) 3095/2023) ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹുമാനപ്പെട്ട

ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവുപ്രകാരം ഇ.പി.എഫ്.ഒ.-യുടെ തുടർ നടപടികൾ സ്റ്റേ ചെയ്തിരുന്നു.

(സി) സർവീസിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പ്രസ്തുതയിനത്തിൽ എത്ര തുകയാണ് നൽകാനുള്ളത്; ജീവനക്കാരുടെ പേരും വിഹിതവുമടക്കം വിശദമാക്കാമോ?

സർവീസിൽനിന്നും വിരമിച്ച 91 ജീവനക്കാരുടെ തൊഴിലാളി വിഹിതമായി 42.45 ലക്ഷം രൂപയും തൊഴിലുടമ വിഹിതമായി 77.42 ലക്ഷം രൂപയും ചേർത്ത് ആകെ 119.87 ലക്ഷം രൂപ പി.എഫ്.-ൽ അടയ്ക്കാനുണ്ട്. ജീവനക്കാരുടെ പേരും വിഹിതവുമടക്കമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കെൽട്രോൺ മുഖേന നടപ്പാക്കിയ പദ്ധതികൾ

113(5988) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന് എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള ഓർഡറുകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെൽട്രോണിന് ലഭിച്ച പ്രവൃത്തികളുടെ തുക വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഏതെല്ലാം പദ്ധതികളാണ് കെൽട്രോൺ മുഖാന്തരം നടത്തിവരുന്നതെന്ന് വിശദമാക്കാമോ?

കെൽട്രോൺ ഏറ്റെടുത്ത് നടത്തിവരുന്ന പ്രധാനപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

പ്രതിരോധ മേഖലയിൽനിന്നുള്ള കസ്റ്റമേഴ്സായ ഇന്ത്യൻ നേവി, എൻ.പി.ഒ.എൽ., എൻ.എസ്.ടി.എൽ., 'ബെൽ' എന്നീ സ്ഥാപനങ്ങൾക്കുവേണ്ട ഉൽപന്നങ്ങളായ 'സോണാർ അറേ, സോണാർ പവർ ആംപ്ലിഫയർ, കാവിറ്റേഷൻ മീറ്റർ, സ്റ്റിമുലേറ്ററുകൾ, എക്സ്ബിടിപ്രോബുകൾ, ലോഫർകാർഡുകൾ, ഇ.എം.ലോഗ്, എക്കോ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗണ്ടർ, അഡ്വാൻസ്ഡ് അണ്ടർ വാട്ടർ കമ്മ്യൂണിക്കേഷൻ സിസ്റ്റം' എന്നിവ നിർമ്മിച്ചുനൽകുക, സ്റ്റാർട്ടപ്പ് കമ്പനികളിലൂടെ 'ഐ.ഡി.ഇ.എക്സ്. (ഇന്നൊവേഷൻ ഫോർ ഡിഫെൻസ് എക്സലൻസ്) ചലഞ്ചുപദ്ധതികൾ' നടപ്പാക്കുക, കെൽട്രോൺ സ്പേസ് ഇലക്ട്രോണിക്സ് മേഖലയുടെ വികസനത്തിന്റെ ഭാഗമായി വി.എസ്.എസ്.സി.-യുടെ അഭിമാനാർഹമായ വിവിധ സാറ്റ്ലൈറ്റ് ലോഞ്ച് പദ്ധതികൾക്കുവേണ്ട പ്രധാനപ്പെട്ട പാക്കേജസ്/ഉൽപന്നങ്ങൾ എന്നിവ നിർമ്മിച്ചുനൽകുക, കമ്പ്യൂട്ടർ, സോഫ്റ്റ്വെയർ, ഐ.ടി. ഉൽപന്നങ്ങൾ എന്നിവയടങ്ങിയ ഐ.ടി. മേഖലയിലെ വിവിധ പദ്ധതികളുടെ നിർവഹണം, അതിന്റെ ഭാഗമായി സംസ്ഥാനത്തിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ/ഐ.ടി. അനുബന്ധ ഹാർഡ്വെയർ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യാനുള്ള സ്റ്റേറ്റ് 'സെൻട്രലൈസ്ഡ് പ്രൊക്യൂയർമെന്റ് റേറ്റ് കോൺട്രാക്ട്' പദ്ധതിയുടെ നടത്തിപ്പ്.

തമിഴ്നാട്ടിലെ സർക്കാർ സ്കൂളുകളിൽ 'തമിഴ്നാട് സമഗ്ര ശിക്ഷ' പദ്ധതിയുടെ ഭാഗമായി 8,209 ഹൈടെക് ലാബുകൾ&കമാൻഡ് കൺട്രോൾ സെന്റർ, 22,931 സ്മാർട്ട് ക്ലാസ് റൂമുകൾ എന്നിവ സ്ഥാപിക്കുക.

മദ്ധ്യപ്രദേശ് ഗവണ്മെന്റ് മലിനീകരണ നിയന്ത്രണ ബോർഡിനുവേണ്ടി 'ഇന്റഗ്രേറ്റഡ് വെബ് പോർട്ടൽ' ഡിസൈൻ ചെയ്ത് നിർമ്മിച്ചുനൽകുക.

തിരുപ്പതി, ചെന്നൈ എന്നിവിടങ്ങളിലെ 'സ്മാർട്ട് സിറ്റി പ്രോജക്ടുകളുടെ' പൂർത്തീകരണം.

വിവിധ സംസ്ഥാനങ്ങളിലെ ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം പദ്ധതികളുടെ നിർവഹണം.

കൂടംകുളം ന്യൂക്ലിയർ പവർ കോർപ്പറേഷന്റെ പവർ പ്ലാന്റ്സ് 3&4-നു വേണ്ട റെക്റ്റിഫയേഴ്സ്, ഇൻവെർട്ടേഴ്സ് എന്നിവ നിർമ്മിച്ചുനൽകുക.

ഡിജിറ്റൽ ശ്രവണ സഹായികളുടെ നിർമ്മാണവും വിപണനവും.

ന്യൂമാറ്റിക് പ്രോഡക്ട്സുകളുടെ നിർമ്മാണവും വിപണനവും.

സെക്യൂരിറ്റി&സർവയലൻസ് സിസ്റ്റം, അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം, സോളാർ പദ്ധതികൾ എന്നിവയുടെ നിർവഹണം.

കേരളത്തിലുടനീളമുള്ള 35 കെൽട്രോൺ നോളജ് സെന്ററുകൾ, മറ്റ് 250-ഓളം അനുബന്ധ പരിശീലന കേന്ദ്രങ്ങൾവഴി വിദ്യാർഥികൾക്ക് തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടികൾ, ഇന്റേൺഷിപ്പുകൾ, തുടങ്ങിയ പരിശീലനങ്ങൾ, ഓഫ്ലൈൻ/ഹൈബ്രിഡ്/ഓൺലൈൻ രീതിയിൽ നടപ്പാക്കുക.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എം.എൽ.എ.-മാരുടെ പ്രത്യേക വികസന പദ്ധതി, ആസ്തി വികസന പദ്ധതി എന്നിവ വഴി എത്ര രൂപയുടെ ഓർഡറുകൾ ലഭിച്ചെന്നും അതിൽ എത്ര പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം എം.എൽ.എ.-മാരുടെ പ്രത്യേക വികസന പദ്ധതി, ആസ്തി വികസന പദ്ധതി എന്നിവ വഴി ആകെ 21.75 കോടി രൂപയുടെ 390 ഓർഡറുകൾ ലഭിച്ചു. അതിൽ 84 ഓർഡറുകൾ പൂർത്തിയാക്കാനുണ്ട്.

കെ.എസ്.ഐ.ഡി.സി. മുഖേന നടത്തുന്ന മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി

114(5989) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഐ.ഡി.സി. മുഖേന നടത്തുന്ന മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിപ്രകാരം എത്ര തുകയാണ് വായ്പയായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഐ.ഡി.സി. മുഖേന നടത്തുന്ന മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിപ്രകാരം 630.25 കോടി രൂപയാണ് ഇതുവരെ വായ്പയായി അനുവദിച്ചിട്ടുള്ളത്.

എടരിക്കോട് കെ.ഇ.എൽ.യൂണിറ്റ്

115(5990) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് കെ.ഇ.എൽ. യൂണിറ്റിൽ നിർമ്മിക്കുന്ന പ്രോഡക്ടുകൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

കെ. ഇ. എൽ. എടരിക്കോട് യൂണിറ്റിൽ നിർമ്മിക്കുന്ന പ്രോഡക്ടുകൾ ചുവടെപ്പറയുന്നവയാണ്.

കാസ്റ്റ് റെസിൻ ട്രാൻസ്ഫോർമറുകൾ (CRT)

ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ യൂണിറ്റുകൾ (ASLC)

പോർസലൈൻ ഫ്യൂസുകൾ (FUSE UNITS)

(ബി) പ്രസ്തുത യൂണിറ്റിൽനിന്നുള്ള ഉൽപന്നത്തിന് സർക്കാരിന്റെ ഓർഡറുകൾ ലഭിക്കാത്തത് കമ്പനിയുടെ പുരോഗതിയെ ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. 'കെൽ' എടരിക്കോട് യൂണിറ്റിൽ ഉയർന്ന കെട്ടിടങ്ങളിലുംമറ്റും ഉപയോഗിക്കാനുള്ള ഓയിലില്ലാത്ത, ഡ്രൈ ടൈപ്പ് ട്രാൻസ്ഫോർമറുകളും റെസിൻ കാസ്റ്റ് ട്രാൻസ്ഫോർമറുകളും ഉൽപാദിപ്പിക്കുന്ന പ്ലാന്റാണ് നിലവിലുള്ളത്. ഇവിടെ ഉൽപാദിപ്പിക്കുന്ന കാസ്റ്റ് റെസിൻ ട്രാൻസ്ഫോർമറുകൾ സ്വകാര്യ സ്ഥാപനങ്ങൾക്കാണ് പ്രധാനമായും വിറ്റഴിക്കുന്നത്. ട്രാൻസ്ഫോർമറുകളുടെ പ്രധാന ഉപഭോക്താക്കളായ കെ.എസ്.ഇ.ബി.-ക്ക് പ്രസ്തുത ട്രാൻസ്ഫോർമറിന്റെ

ആവശ്യമില്ലാത്തതിനാലാണ് സർക്കാർതലത്തിലുള്ള ഓർഡറുകളിൽ കുറവുള്ളത്.

(സി) പ്രസ്തുത കമ്പനി നിലവിൽ വന്നതിനുശേഷം ഈ സ്ഥാപനത്തിൽനിന്നും നിർമ്മിച്ച ട്രാൻസ്ഫോർമറിന്റെ വിശദമായ വിവരങ്ങൾ വർഷംതിരിച്ച് വിശദമാക്കാമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത സ്ഥാപനം ലാഭകരമാക്കുന്നതിന് കൂടുതൽ വർക്കോർഡറുകൾ സ്ഥാപനത്തിന് നൽകുമോ; വിശദമാക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന്റെ ഭാഗമായി അവയുടെ ഉൽപന്നങ്ങൾക്ക് കൂടുതൽ വർക്കോഡറുകൾ ലഭിക്കുന്ന രീതിയിൽ മത്സരാധിഷ്ഠിതമായി പ്രവർത്തിക്കുന്നതിന് സജ്ജമാകുന്നതരത്തിൽ വിവിധ തലങ്ങളിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.ഇ.എൽ.-ൽ ട്രാക്ഷൻ ട്രാൻസ്ഫോമർ വികസിപ്പിക്കുന്ന പദ്ധതി

116(5991) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ (കെ.ഇ.എൽ.) കൊച്ചി മാമല യൂണിറ്റിൽ ട്രാക്ഷൻ ട്രാൻസ്ഫോമർ വികസിപ്പിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ട്രാക്ഷൻ ട്രാൻസ്ഫോമർ പദ്ധതിക്ക് 20-07-2023-ലെ ജി.ഒ. (ആർ.റ്റി.)735/2023/ഐ.ഡി. പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടില്ല. നടപ്പുസാമ്പത്തിക വർഷം ഈ പദ്ധതിക്ക് 700 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത യൂണിറ്റിൽ നടപ്പുസാമ്പത്തിക വർഷം എന്തെല്ലാം വിപുലീകരണ പ്രവർത്തനങ്ങളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

ഈ സാമ്പത്തിക വർഷം മാമല യൂണിറ്റിന്റെ വിവിധ വിപുലീകരണ പ്രവർത്തനങ്ങൾ തുടർന്ന് നടത്താനുള്ള ഭരണാനുമതിക്ക് ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) കെ.ഇ.എൽ.-ന് ആവശ്യമായ പാർട്സ് നിർമ്മിക്കുന്നതിനായി കെ.ഇ.എൽ.-കിൻഫ്ര സംയുക്ത സംരംഭമായി ഒരു ഇൻഡസ്ട്രിയൽ പാർക്കാരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

എടരിക്കോട് ടെക്സ്റ്റൈൽസിലെ കരാർ ജീവനക്കാരുടെ കാലാവധി പുതുക്കൽ

117(5992) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ടെക്സ്റ്റൈൽസിലെ കരാർ ജീവനക്കാരുടെ കാലാവധി പുതുക്കി നൽകുന്നതിൽ വന്ന അനോമലി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കരാറടിസ്ഥാനത്തിൽ രണ്ട് ജീവനക്കാരാണുണ്ടായിരുന്നത്. ആറു മാസത്തിലധികമായി ലേ ഓഫിലായതിനാൽ താൽക്കാലിക ജീവനക്കാരുടെ കരാർ പുതുക്കിയിട്ടില്ല.

(ബി) പ്രസ്തുത വിഷയത്തിൽ ഏതെല്ലാം ജോലികളിൽപ്പെട്ട ജീവനക്കാർക്കാണ് കരാർ പുതുക്കി നൽകാനുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

സൂപ്പർവൈസറി വിഭാഗത്തിൽപ്പെട്ട 2 ജീവനക്കാർക്കാണ് താൽക്കാലിക കരാറടിസ്ഥാനത്തിൽ ജോലിയിലുണ്ടായിരുന്നത്.

എടരിക്കോട് കെ.ഇ.എൽ.-യൂണിറ്റിന്റെ ഭൂമി

118(5993) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട എടരിക്കോട് കെ.ഇ.എൽ. യൂണിറ്റിന്റെ ഭൂമിയിൽനിന്നും ഈ സ്ഥാപനത്തിലേയ്ക്കടക്കം ജലമെത്തിക്കുന്നതിനുള്ള കുടിവെള്ള പദ്ധതിക്ക് ടാങ്ക് നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി ഏതുവരെയായി; വിശദമാക്കാമോ?

എടരിക്കോട് 'കെൽ' യൂണിറ്റിന്റെ കൈവശമുള്ള സ്ഥലത്തുനിന്ന് എടരിക്കോട് പഞ്ചായത്തിലെ 'ജൽ ജീവൻ' മിഷൻ പദ്ധതികൾക്കായി 50.47 സെന്റ് സ്ഥലം വിട്ടുനൽകാൻ മലപ്പുറം ജില്ലാകളക്ടർ ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലം കമ്പനി വില കൊടുത്ത് വാങ്ങിയതായതിനാൽ മതിയായ നഷ്ടപരിഹാരം ലഭിക്കാതെ സ്ഥലം വിട്ടുനൽകുന്നതിനുള്ള ബുദ്ധിമുട്ട് കമ്പനി അറിയിച്ചതിന്റെയടിസ്ഥാനത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ഒരു മീറ്റിംഗ് നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ എടരിക്കോട് യൂണിറ്റിന്റെ കൈവശമുള്ള 50.47 സെന്റ് സ്ഥലം സ്വകാര്യ ഭൂമിയായി പരിഗണിച്ച് മതിയായ നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം മലപ്പുറം ജില്ലാകളക്ടർക്ക് നൽകുകയുമുണ്ടായി.

(ബി) പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിന് അനുകൂല നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരികയാണ്.

വ്യവസായ വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ

119(5994) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

(1) മാർജിൻ മണി ഗ്രാന്റ് റ്റു നാനോ യൂണിറ്റ് പദ്ധതി-3,19,16,565/-രൂപ 155 സംരംഭകർക്ക് അനുവദിച്ചു.

(2) ഒരു കുടുംബം ഒരു സംരംഭം പദ്ധതി-25,22,553/-രൂപ 248 യൂണിറ്റുകൾക്ക് അനുവദിച്ചു.

(3) വ്യവസായ ഭദ്രത പലിശയിളവ് പദ്ധതി-33,40,957/-രൂപ 173 സംരംഭകർക്ക് അനുവദിച്ചു.

(4) 26 എന്റർപ്രെണർ ഡെവലപ്മെന്റ് ക്ലബ്ബുകൾക്കായി 5,30,000/- രൂപ ധനസഹായമായി അനുവദിച്ചു.

(5) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതിപ്രകാരം 3,23,495/-രൂപ അനുവദിച്ചിട്ടുണ്ട്.

(6) അസിസ്റ്റൻസ് സ്കീം ഫോർ ഹാൻഡിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ASHA) പദ്ധതിപ്രകാരം 11,37,913/-രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(7) സംരംഭക സഹായ പദ്ധതി - 10,05,01,346/- രൂപ അനുവദിച്ചു.

(8) സംരംഭക വർഷം പദ്ധതിപ്രകാരം 22,316 സംരംഭങ്ങൾ ആരംഭിക്കുകയും ആയതുവഴി 1408.53 കോടി രൂപയുടെ നിക്ഷേപവും 50,076 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ വ്യവസായ ഏരിയകളായ നിഡ, പുതുശ്ശേരി എന്നിവിടങ്ങളിലെ ആഭ്യന്തര റോഡ്, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണത്തിനായി 7 കോടി 12 ലക്ഷം, 6 കോടി 14 ലക്ഷം എന്നിങ്ങനെ തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ വ്യവസായ ഏരിയകളിലെ എസ്റ്റേറ്റ് ഓഫീസർ കെട്ടിടത്തിനായി 27/- ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വ്യവസായ

പ്ലോട്ടുകളായ കപ്പൂർ, കൊപ്പം, ഷൊർണ്ണൂർ എന്നിവിടങ്ങളിലെ എസ്റ്റേറ്റ് ഓഫീസർ കെട്ടിട നിർമ്മാണത്തിനായി 27 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി പുതുശ്ശേരി സെൻട്രൽ വില്ലേജിൽ രണ്ടുഘട്ടങ്ങളിലായി 923.60 കോടി രൂപ ചെലവഴിച്ച് 975.04 ഏക്കർ ഭൂമി ഏറ്റെടുത്തു. ഇതിന്റെ ഭാഗമായി കണ്ണമ്പ്ര വില്ലേജിൽ 420.08 കോടി രൂപ ചെലവഴിച്ച് 229.43 ഏക്കർ ഭൂമിയും ഏറ്റെടുത്തു.

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പാക്കാൻ തീരുമാനിച്ച ഷൊർണ്ണൂർ ഗാല പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

36.71 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അനുമതിയായി. ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

ബാലുശ്ശേരി മണ്ഡലത്തിലെ സംരംഭക വർഷം പദ്ധതികൾ

120(5995) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയിലുൾപ്പെടുത്തി ബാലുശ്ശേരി മണ്ഡലത്തിൽ ഇതുവരെ എത്ര പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതികളുടെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി ബാലുശ്ശേരി മണ്ഡലത്തിൽ 2022-23, 2023-24 കാലയളവിൽ 1999 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പാക്കിവരികയും ചെയ്യുന്നു. സംരംഭക വർഷം 2022-23-ന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി Enterprise Development Executive (EDE)-മാർ എല്ലാ സംരംഭങ്ങളും സന്ദർശിക്കുകയും ഡാറ്റാകളക്ഷൻ നടത്തുകയും ചെയ്തിട്ടുണ്ട്.

ഇതോടൊപ്പം എല്ലാ സംരംഭത്തിന്റെയും ജിയോ ടാഗിംഗും നടപ്പാക്കി. ആരംഭിച്ച സംരംഭങ്ങൾ, പ്രവർത്തനരഹിതമായ സംരംഭങ്ങൾ എന്നിവയുടെ വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

2022-23

Sl. No.	പഞ്ചായത്ത്	ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം 2022-23	ആരംഭിച്ച സംരംഭങ്ങളിൽ പ്രവർത്തനരഹിതമായവ
1	അത്തോളി	129	55
2	പനങ്ങാട്	138	34
3	ഉണ്ണികുളം	202	59
4	കൊട്ടൂർ	132	41
5	കൂരാച്ചുണ്ട്	75	27
6	ബാലുശ്ശേരി	123	38
7	ഉള്ളിയേരി	137	35
8	നടുവണ്ണൂർ	120	38
9	കായണ്ണ	65	25
	ആകെ	**1121**	**352**

2023-24

Sl. No.	പഞ്ചായത്ത്	ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം	ആരംഭിച്ച സംരംഭങ്ങളിൽ പ്രവർത്തനരഹിതമായവ

		2023-24	
1	അത്തോളി	97	16
2	പനങ്ങാട്	115	14
3	ഉണ്ണികുളം	133	18
4	കൊട്ടൂർ	97	11
5	ക്കുരാച്ചുണ്ട്	76	5
6	ബാലുശ്ശേരി	107	11
7	ഉള്ളിയേരി	101	5
8	നടുവണ്ണൂർ	102	13
9	കായണ്ണ	50	9
	ആകെ	**878**	**102**

കണ്ണൂർ ജില്ലയിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ വൈവിധ്യവൽക്കരണം

121(5996) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ വൈവിധ്യവൽക്കരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

കണ്ണൂരിൽ സ്ഥിതിചെയ്യുന്ന കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് PASSIVE ഇലക്ട്രോണിക്സ് കംപോണന്റ്സ് നിർമ്മിക്കുന്ന ഒരു Vertical Industry-യാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്പനിയുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി 2 കോടി രൂപ ചെലവിൽ റെക്ടാംഗുലർ MPP കപ്പാസിറ്റർ ഉൽപാദന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും 2 കോടി രൂപ മുതൽമുടക്കി ഇലക്ട്രോലൈറ്റ് കപ്പാസിറ്റർ ഉൽപാദനകേന്ദ്രം വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 18 കോടി രൂപ ചെലവിൽ ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉൽപാദന കേന്ദ്രവും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത സൂപ്പർ കപ്പാസിറ്റർ ഉൽപാദനകേന്ദ്രം ഉടൻ പ്രവർത്തനമാരംഭിക്കുന്നതാണ്.

(ബി) 2023-24-ൽ പ്രസ്തുത സ്ഥാപനം ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

2023-24-ൽ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് ലാഭത്തിലാണ് പ്രവർത്തിച്ചത്. 2023-24-ൽ കമ്പനിയുടെ അറ്റാദായം 3.81 കോടി രൂപയാണ്.

വ്യവസായ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിയ പദ്ധതികൾ

122(5997) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വികസന കോർപ്പറേഷൻ മുഖേന എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും എത്രപേർക്ക് ഇതിന്റെ ഗുണങ്ങൾ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

സംസ്ഥാനത്തേയ്ക്ക് വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിവരുന്ന പ്രധാന പരിപാടികളാണ് 'മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിയും 'ഇൻവെസ്റ്റർ പിച്ച്' പരിപാടിയും. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയുടെ ഭാഗമായി നാളിതുവരെ 40-ലധികം വ്യവസായികളുമായി യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ 'വൺ റ്റു വൺ ഇൻവെസ്റ്റർ പിച്ച്' പരിപാടിയുടെ ഭാഗമായി നാളിതുവരെ അറുപതിലധികം യോഗങ്ങളും നടത്തിയിട്ടുണ്ട്. മീറ്റ് ദി ഇൻവെസ്റ്റർ 12 പദ്ധതികളിലായി ഏകദേശം 2600 കോടി രൂപയുടെ പദ്ധതികൾ നിലവിൽ

നടപ്പാക്കുകയോ വിവിധ ഘട്ടങ്ങളിലോ ആണ്. ഇൻവെസ്റ്റർ പിച്ച് 6 പദ്ധതികളിലായി ഏകദേശം 890 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. മേൽ പദ്ധതികൾ പൂർത്തിയാകുന്നതോടെ നൂറുകണക്കിനുപേർക്ക് തൊഴിൽ ലഭിക്കുന്നതാണ്. ഇത്തരത്തിലുള്ള പരിപാടികൾ സംഘടിപ്പിച്ചതിലൂടെ, സംസ്ഥാനത്ത് നിക്ഷേപത്തിനും സാമ്പത്തികാഭിവൃദ്ധിക്കും അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

വി-മിഷൻ പദ്ധതി: സംസ്ഥാനത്തെ വനിതകൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നിലവിലുള്ള ചെറുകിട-ഇടത്തരം സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. വി-മിഷൻ പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിപ്രകാരം അവരുടെ സംരംഭം വിപുലീകരിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി പരമാവധി 50 ലക്ഷം രൂപവരെ ഈടില്ലാതെ ലോൺ നൽകിവരുന്നു. നിലവിൽ 7.5% പലിശ നിരക്കിൽ ആറ് വർഷത്തേയ്ക്കാണ് പ്രസ്തുത വായ്പ നൽകുന്നത്.

സ്റ്റെയിൽ അപ്പ് സപ്പോർട്ട്: കേരളത്തിലുടനീളമുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർഥികളടക്കമുള്ള യുവസംരംഭകരുടെ നൂതനവും വ്യാപാര യോഗ്യവുമായ സംരംഭങ്ങൾക്ക് മേൽപ്പറഞ്ഞവയ്ക്ക് പുറമെ തങ്ങളുടെ ഉൽപന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവൽക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് "സ്റ്റെയിലപ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പാക്കിവരുന്നു. ഈ പദ്ധതിപ്രകാരം 100 ലക്ഷം രൂപവരെ നിലവിൽ 7.00% പലിശനിരക്കിൽ നാലുവർഷത്തേയ്ക്ക് ഈടില്ലാതെ വായ്പ നൽകിവരുന്നു.

സുസ്ഥിര വ്യവസായ ഇൻസെന്റീവ് സ്കീം: പുതിയ നിക്ഷേപം നടത്തുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും തദ്വാര കേരളത്തിനെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ഇൻഡസ്ട്രിയൽ പോളിസി-2023 പ്രഖ്യാപിക്കുകയുണ്ടായി. പുതിയ വ്യവസായ നയത്തിന്റെ ഭാഗമായുള്ള സുസ്ഥിര വ്യവസായ ഇൻസെന്റീവ് സ്കീമിൽ 22 മുൻഗണനാ മേഖലകൾക്ക് 18 ഇൻസെന്റീവ് സബ്സിഡി പദ്ധതികളാണ് നടപ്പാക്കിവരുന്നത്. പ്രസ്തുത

പദ്ധതികൾക്കായി www.kriis.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ സജ്ജമാക്കി സബ്സിഡി നൽകിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഐ.ഡി.സി.-യുടെ സ്റ്റാർട്ടപ്പ്/സ്കെയിലപ് ലോണും വി-മിഷൻ (വനിതാ സംരംഭകർ) ലോണും മുഖാന്തരം 58 യൂണിറ്റുകൾക്കായി 13.60 കോടി രൂപ വായ്പയായി നൽകുകയും തദ്വാര 964 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കെ.എസ്.ഐ.ഡി.സി. മുഖാന്തരം കഴിഞ്ഞിട്ടുണ്ട്. കൂടാതെ കെ.എസ്.ഐ.ഡി.സി.-യുടെ വിവിധ വായ്പാ പദ്ധതിപ്രകാരം 232 (വി മിഷൻ, സീഡ് ഫണ്ട് ഒഴികെ) വ്യവസായ സ്ഥാപനങ്ങൾക്കായി വായ്പാ സഹായം അനുവദിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായം തുടങ്ങുന്നതിനായി നിരവധി സ്ഥാപനങ്ങൾക്ക് ഭൂമി അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. മുകളിൽ പറഞ്ഞിരിക്കുന്ന വായ്പാസഹായം ലഭ്യമാക്കിയ സംരംഭങ്ങളിലൂടെ ഏകദേശം 6900 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് കണക്കാക്കുന്നു.

ഹെവി മെഷീനറി നിർമ്മാണ മേഖല

123(5998) ശ്രീ. വി. ജോയി:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം പ്രയോജനപ്പെടുത്തുന്നതിനായി ഹെവി മെഷീനറി നിർമ്മാണ മേഖലയിലെ സംരംഭകർ മുന്നോട്ടുവന്നിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് ഹെവി മെഷീനറി നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന നിരവധി സംരംഭങ്ങളുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

ഇടുക്കി: മെ. ആയുഷ് എഞ്ചിനീയറിംഗ് വർക്ക്സ്, കുമളി-(മെഷിനറി: ഡ്രയർ മെഷീനുകൾ)

കൊല്ലം: മാക്സ് ഓട്ടോമേഷൻ, അമ്പലത്തുംകാല, എഴുകോൺ - (മെഷിനറി: പാക്കേജിംഗ് മെഷിനറീസ്)

കാസർഗോഡ്: വള്ളിക്കാട്ട് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, അനന്തപുരം-(മെഷിനറി: മാനുഫാക്ചറിംഗ് & ഇറക്ഷൻ ഓഫ് റബ്ബർ ഇൻഡസ്ട്രി മെഷിനറി)

എറണാകുളം:

മെ. ഇൻഫ്രാ എലവേറ്റേഴ്സ്, പാലാരിവട്ടം

മെ. കാംകോ, കളമശ്ശേരി

മെ.ഏഷ്യൻ കൺസ്ട്രക്ഷൻ എക്യൂപ്മെന്റ്സ്, വെണ്ണല

മെ.മെയ്ക്ക് മെടിക്, ചൂണ്ടക്കുഴി (ഹോട്ട് മിക്സ് പ്ലാന്റ്)

മെ.പറവൂർ എഞ്ചിനേഴ്സ്, പെരുവാരം, വടക്കൻ പറവൂർ

മെ.പെർഫെക്ട് എക്യൂപ്മെന്റ്സ്, ബിനാനിപുരം, ആലുവ

മെ.സീമെക് എക്യൂപ്മെന്റ്സ്, ഡി.എ. എടയാർ
(വിവിധ മെഷിനറികൾ)

തൃശ്ശൂർ: ലെവേജ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, മതിലകം, കൊടുങ്ങല്ലൂർ (പ്രൊഡക്ഷൻ ഓഫ് ടക്ക് മൗണ്ടഡ് ക്രെയിൻ)

മെ.ഹെയ്ൽ സ്റ്റോൺ ഇന്നവേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, അയ്യങ്കുന്ന്, മുണ്ടൂർ (മാനുഫാക്ചറിംഗ് ഓഫ് ക്രഷർ മെഷീൻ)

കോട്ടയം: ഫോർട്ടീസ് എഞ്ചിനീയേഴ്സ്, കര്യനാട്, മരങ്ങാട്ട്പിള്ളി (മെഷിനറികൾ: സ്ലാബ് കട്ടർ, പ്രീ ബ്രേക്കർ, ഹാമർ മിൽ, ക്രീപ്പർ, ഷ്രഡർ, ഹൈഡ്രോളിക് പ്രസ്, ഡ്രയർ, കൺവയർ, ബക്കറ്റ് എലിവേറ്റർ, പാഡിൽ സ്റ്റിറർ, സെൻട്രിഫ്യൂഗൽ ബ്ലോവർ)

ഹെവി എഞ്ചിനീയറിംഗ് വർക്സ് പ്രൈവറ്റ് ലിമിറ്റഡ്, പൂവരണി, മീനച്ചിൽ (മെഷിനറി: മാനുഫാക്ചർ ഓഫ് ക്രമ്പ് റബ്ബർ)

(ബി) ഹെവി മെഷിനറി മേഖലയിലെ നിക്ഷേപ സാധ്യതകൾ പരിഗണിച്ച് ഈ മേഖലയിലെ സംരംഭകർക്ക് അവരുടെ മെഷീനറികളുടെ ലൈവ് ഡെമോയ്ക്കും ഇതുസംബന്ധിച്ച ആശയ വിനിമയത്തിന് അവസരമൊരുക്കുന്നതിനുമായി മെഷിനറി എക്സ്പോ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. എറണാകുളത്ത് കിൻഫ്ര ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വച്ച് 2024 ഫെബ്രുവരി 10 മുതൽ 13 വരെ മെഷീനറി എക്സ്പോ

2024 സംഘടിപ്പിച്ചു. 161 സ്റ്റാളുകളിലായി കേരളത്തിനകത്തും പുറത്തുംനിന്നുള്ള മെഷീനറി നിർമ്മാതാക്കളും വിതരണക്കാരും ഇതിൽ പങ്കെടുത്തു.

(സി) സംസ്ഥാനത്ത് ഈ മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്ന സംരംഭങ്ങൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളായ ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് എന്നിവ ഹെവി എഞ്ചിനീയറിംഗ് മെഷീനറി നിർമ്മാണ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

124(5999) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയിൽ ഒരേക്കർ മുതൽ അഞ്ചേക്കർവരെ ഭൂമിയിൽ സ്വകാര്യ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

വ്യവസായ മേഖലയിൽ ഒരേക്കർ മുതൽ അഞ്ചേക്കർവരെ ഭൂമിയിൽ സ്വകാര്യ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലില്ല. 5 ഏക്കർ ഭൂമിയുള്ളവർക്ക് സ്വകാര്യമേഖലയിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി തുടങ്ങുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. 30 വർഷമോ അതിലധികമോ കാലാവധിയിൽ ലീസിനെടുത്ത ഭൂമിയുള്ളവർക്കും ഇതിനായി അപേക്ഷിക്കാവുന്നതാണ്.

(ബി) വിദേശ രാജ്യങ്ങളിലെ വ്യവസായ സാധ്യതകൾ പഠിക്കുന്നതിനും അവ കേരളത്തിൽ നടപ്പാക്കുന്നതിനുമായി കെ.എസ്.ഐ.ഡി.സി.-ക്ക് കീഴിൽ ഒരു സ്ഥിരം സംവിധാനം (റിസെർച്ച് വിഭാഗം) ഒരുക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

അന്താരാഷ്ട്രതലത്തിൽ വ്യവസായ മേഖലയിലുണ്ടാകുന്ന മുന്നേറ്റങ്ങൾ കേരളത്തിന്റെ സവിശേഷതകൾക്കനുസൃതമായി ഉപയോഗപ്പെടുത്തുന്നതിന്റെ

സാധ്യതകൾ 'കേരള വ്യവസായ നയം-2023'-ൽ വിഭാവനം ചെയ്യുന്നുണ്ട്. എയ്റോസ്പേസ്&ഡിഫൻസ്, നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക്ത്രൂ സാങ്കേതികവിദ്യകൾ, ഗ്രാഫീൻ, നാനോ ടെക്നോളജി, മെഡിക്കൽ ഉപകരണങ്ങൾ, ഹൈടെക് ഫാമിംഗ് തുടങ്ങിയ 22 മുൻഗണനാ മേഖലകളിലെ വ്യവസായവൽക്കരണ സാധ്യതകൾ ടി നയത്തിന്റെ തുടർപദ്ധതികളാണ്.

ഒരു ജില്ല ഒരു ഉൽപന്നം പദ്ധതി

125(6000) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു ജില്ല ഒരു ഉൽപന്നം' പദ്ധതിയിൽ കാസർഗോഡിന്റെ ഉൽപന്നമായി ചക്ക തെരഞ്ഞെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര വർഷം മുമ്പാണ് തെരഞ്ഞെടുത്തത്?

കേന്ദ്രസർക്കാർ പദ്ധതിയായ 'ഒരു ജില്ല ഒരു ഉൽപന്നം' (ODOP) പദ്ധതിയിൽ കാസർഗോഡിന്റെ ഉൽപന്നമായി ചക്ക 2 വർഷംമുമ്പ് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) അതിനോടനുബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്നും പ്രസ്തുത പരിപാടികൾ പ്രാവർത്തികമാക്കുന്നതിന് ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

ചക്കയുടെ മൂല്യവർധിത ഉൽപന്നങ്ങളുടെ പ്രദർശനവും വിപണനവും കാസർഗോഡ് മുൻസിപ്പൽ ഹാളിൽ നടത്തിയിട്ടുണ്ട്. കൂടാതെ മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലന ക്ലാസുകൾ പടന്നക്കാട് കാർഷിക കോളേജിൽവച്ച് നടത്തിയിട്ടുണ്ട്. ചക്കയുടെ മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദന യൂണിറ്റുകളെ PMFME സ്കീം പ്രകാരവും ജില്ലാ വ്യവസായ കേന്ദ്രംവഴി നടപ്പാക്കുന്ന പദ്ധതികളിലൂടെയും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തുമായിച്ചേർന്ന് ചക്ക കൺസോർഷ്യം രൂപീകരിക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.

(സി) ജില്ലയിൽ എത്ര ടൺ ചക്ക ഉൽപാദിപ്പിക്കപെടുന്നുണ്ടെന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജില്ലയിൽ ഒരു വർഷം ശരാശരി 260 മെട്രിക് ടൺ ചക്ക ഉൽപാദിപ്പിക്കുന്നുണ്ട്.

(ഡി) ഈ സീസണിലും കാസർഗോഡ് ജില്ലയിൽ ധാരാളം ചക്ക പാഴായിപ്പോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറഞ്ഞത് 100 ടൺ ചക്കയെങ്കിലും പാഴായിപ്പോകുന്നുണ്ടെന്ന സംരക്ഷക സംഘടനകളുടെയും ചെറുസംരംഭങ്ങൾ നടത്തുന്നവരുടെയും കണക്ക് ശരിയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുമോ?

ജില്ലയിൽ ചക്ക പാഴായിപ്പോകുന്നത് നിയന്ത്രിക്കുന്നതിനുകൂടിയാണ് ചക്കയിൽനിന്നും മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനവും ധനസഹായവും നൽകിവരുന്നത്. കൂടാതെ ബോധവൽക്കരണ പരിപാടികളിലൂടെ ചക്ക പാഴാക്കുന്ന പ്രവണത കുറയ്ക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

(ഇ) മൂല്യവർധിത ഉൽപന്നങ്ങൾ ചക്കയിൽനിന്ന് ഉണ്ടാക്കിയെങ്കിലും അത് വിൽക്കാതെ പോകുന്നുവെന്നത് ശരിയാണോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഹാരമാർഗങ്ങൾ വിശദമാക്കുമോ; 'ഒരു ജില്ല ഒരു ഉൽപന്നം' പദ്ധതിയുടെ ഭാഗമായി റെയിൽവേ സ്റ്റേഷനിൽ സ്ഥാപിച്ച സ്റ്റാളിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന വിപണന മേളകളിലും എക്സിബിഷനുകളിലും ഇത്തരം യൂണിറ്റുകൾക്ക് പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്. ഓൺലൈൻ സംവിധാനത്തിലൂടെ വില്പന ആഗ്രഹിക്കുന്ന സംരംഭകർക്ക് ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ് (ONDC) പോർട്ടൽവഴി onboard ചെയ്യുന്നതിനുള്ള സഹായവും ജില്ലാ വ്യവസായ കേന്ദ്രംവഴി നൽകുന്നുണ്ട്.

കേന്ദ്ര റെയിൽവെ മന്ത്രാലയത്തിന്റെ "ഒരു സ്റ്റേഷൻ ഒരു ഉൽപന്നം" എന്ന പദ്ധതി "ഒരു ജില്ല ഒരു ഉൽപന്നം" പദ്ധതിയുമായി ബന്ധപ്പെട്ടതല്ല.

(എഫ്) ചക്കയുടെ ഉൽപാദനവും വിതരണവും വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ചക്കയെ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായി

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്നെങ്കിലും ചക്കയുടെ സംരക്ഷണത്തിനും സംഭരിക്കലിനും ജില്ലാ വ്യവസായ കേന്ദ്രം നടപടികൾ എടുത്തില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. "ഒരു ജില്ല ഒരു ഉൽപന്നം" പദ്ധതിയിൽ കാസർഗോഡ് ജില്ലയുടെ ഉൽപന്നമായി ചക്കയെ തെരഞ്ഞെടുത്തിരിക്കുന്നത് പ്രസ്തുത ഉൽപന്നത്തിന്റെ മൂല്യവർധനയെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ്. ചക്കയിൽനിന്നും മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്ന സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനാവശ്യമായ നടപടികൾ ജില്ലാ വ്യവസായ കേന്ദ്രംവഴി സ്വീകരിച്ചുവരുന്നുണ്ട്.

വ്യവസായ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ

126(6001) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് 2024-25-ൽ ആവിഷ്കരിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പുതുതായി ഉൾപ്പെടുത്തിയ വ്യവസായ വാണിജ്യ ഡയറക്ടറേറ്റുവഴി നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയിർത്തെഴുന്നേൽപ്പ്.</u>

വായ്പകൾക്ക് സബ്സിഡി നൽകിയും പ്രോത്സാഹന പദ്ധതികൾ നടപ്പാക്കിയും കേരളത്തിലെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ ഉയിർത്തെഴുന്നേൽപ്പിക്കാനും ഉത്തേജിപ്പിക്കാനും കശുവണ്ടിത്തൊഴിലാളികൾക്ക് തൊഴിൽ നൽകാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതി കശുവണ്ടിത്തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങളും മാന്യമായ വേതനവും ഉറപ്പാക്കുകയും ആരോഗ്യകരവും സ്ത്രീ സൗഹൃദവുമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യും. കശുവണ്ടി വ്യവസായത്തിന്റെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയിർത്തെഴുന്നേൽപ്പ് എന്നിവയ്ക്കുവേണ്ടിയുള്ള സഹായം താഴെപ്പറയുന്ന രീതിയിലാണ്.

i) അനുസൃത പ്രവർത്തനബന്ധിത ഉത്തേജന പദ്ധതി

കശുവണ്ടി മേഖലയിലെ അർഹതയുള്ള സംരംഭകർ/പ്രോസസ്സിംഗ് യൂണിറ്റുകൾ എന്നിവയ്ക്ക് സൃഷ്ടിച്ച തൊഴിൽ, തൊഴിലാളികളുടെ എണ്ണം, തൊഴിൽ ദിനങ്ങളുടെ എണ്ണം എന്നിവയെ അടിസ്ഥാനമാക്കി 2 മുതൽ 3 വർഷത്തേയ്ക്ക് ഈ ആനുകൂല്യം നൽകുന്നതാണ്.

ii) സ്ത്രീ സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ/ നവീകരണം പ്രോസസ്സിംഗ് യൂണിറ്റുകളിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനുമായി മൂലധന ഗ്രാന്റുകൾ നൽകുന്നതാണ്.

iii) ഷെല്ലിംഗ് യൂണിറ്റിന്റെ നവീകരണം/പുനരുദ്ധാരണം

തൊഴിൽ സംരക്ഷണത്തിനായുള്ള പുനരുജ്ജീവന പദ്ധതികളെ അടിസ്ഥാനമാക്കി പ്രോസസ്സിംഗ് യൂണിറ്റുകളിലെ ഷെല്ലിംഗ് വിഭാഗങ്ങളുടെ നവീകരണത്തിനായി ഉപകരണങ്ങൾ, പ്ലാന്റ്, യന്ത്രങ്ങൾ എന്നിവയ്ക്കാവശ്യമായ മൂലധനച്ചെലവിന്റെ നിശ്ചിത പരിധിവരെ ക്യാപ്പിറ്റൽ ഗ്രാന്റ് മാതൃകയിൽ സഹായം നൽകുന്നതാണ്. ഈ പദ്ധതി 3 വർഷത്തിനുള്ളിൽ വിവിധ ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഈ പദ്ധതി

നടപ്പാക്കുന്നതിനായി 2024-25 ബജറ്റിൽ ആദ്യ ഗഡുവായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2. കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി.

കുറഞ്ഞത് അഞ്ചേക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.-കൾ മുതലായവ) കാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ടേക്കർ ഭൂമിയേ ആവശ്യമുള്ളൂ. 30 വർഷത്തേയ്ക്കാണ് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുക.

വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ആവിഷ്കരിച്ച പദ്ധതികൾ താഴെപ്പറയുന്നവയാണ്.

Travancore Titanium Products Limited

Automation in digester and precipitation units in titanium dioxide plant, Water treatment plant

PNG Conversion

Air Pollution Control Plants

Oncology park

Initiative of Govt. of Kerala&KIIFB

Kerala State Electronics Development Corporation Limited

Production Facility Augmentation for Solar Pump Controller Project

Product Development in Power Electronics

Development & Production Facility of EV Chargers

Setting up Lithium Iron Battery Plant (Phase-2)

Product Development in Defence Electronics

Strengthening of R&D/Technology acquisition

Keltron Component Complex Limited

Capacity enhancement and modernization-existing products

(Selective Modernisation of Aluminium electrolytic capacitor Production Line)

Capacity enhancement and modernization-existing products

(Upgradation of Etching and Forming Equipments)

Steel and Industrials Forgings Limited

Hydraulic Press Plant-SIFL, Athani

Autokast Limited

Modernization Phase II

The Metal Industries Limited

LPG conversion

Kerala Automobiles Limited

Development of E-Vechiles, E-Cart, E-scootor and Modernisation of Machining Unit

KCCP Limited

Echo restoration of mined out area&creation of bio-diversity park and Soil Museum at Payangadi

Kerala Electrical and Allied Engineering Company Limited

Traction Motors for Locomotives

Traco Cable Company Limited

Installation balancing machinery to achieve higher production capacity at House Wiring Cables, Thalassery Unit

Transformers and Electricals Kerala Limited

Setting up of Vapour Phase Drying system

KEL-EML

New Products Development

United Electrical Industries Limited

Assembling of Lithium-Iron battery

Kerala State Textile Corporation Limited

Modernisation-Edarikkode textiles (1 Autoconer, 12 ring frames & Preparatory machines)

Fire Fighting System for 7 units

Kelpalm

Modernisation and capacity enhancement of electrical system and Installation of accessories for improvement of hygienic working condition of bottling plant of Carbonated soft drink

Handicrafts Development Corporation of Kerala Limited

Digital Marketing & Branding

Forest Industries Travancore Limited

Show Room Modernization and Design Studio

Kerala Small Industries Development Corporation (SIDCO)

Modernisation of Industrial Estates, Pappanamcode and Kallettumkara

Kerala State Industrial Enterprises Limited

Setting up of Container Freight Station at Vizhinjam

മലപ്പുറം ജില്ലയിലെ വ്യവസായ സംരംഭങ്ങൾ

127(6002) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ അഞ്ചുകോടി രൂപയിലധികം മൂലധനമുള്ള എത്ര പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ അഞ്ചുകോടി രൂപയിലധികം മൂലധനമുള്ള 17 പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സൂര്യ ഡയഗ്നോസ്റ്റിക്സ്, തിരൂർ.
2. ലക്സൺ മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയ്ക്കൽ.
3. ജിസാൻ അഗ്രികൾച്ചറൽ പാർക്ക്, പെരിന്തൽമണ്ണ.
4. ചെന്നൈ ആനന്ദ് ഭവൻ പ്യുവർ വെജിറ്റേറിയൻ റെസ്റ്റോറന്റ്, പൊന്നാനി.
5. കേക്ക് സ്റ്റുഡിയോ, ചേലാമ്പ്ര, കൊണ്ടോട്ടി.
6. കോഴിക്കോടൻസ്, ചേലാമ്പ്ര, കൊണ്ടോട്ടി.
7. ടെക്നോ വേൾഡ്, ഏറനാട്.
8. യിസിൽ ഫർണിച്ചർ, എടയൂർ, കുറ്റിപ്പുറം.
9. ആമിന അമൻ പ്ലേബോർഡ്, തിരുലാവി, വണ്ടൂർ.
10. മലബാർ ഗോൾഡ്.
11. ഇ.കെ ഫുഡ്സ്.
12. കെ.വി.എൻ. വിഷ്വൽസ്.
13. മലബാർ നാച്വറൽ ഫുഡ്സ്.
14. മെ. ഗ്രീൻ മൗണ്ട് ഇവന്റ്സ്.
15. ചാലിയാർ റിസോർട്ട്സ്.
16. സ്കൈ വിൻസ് പ്രോഡക്ട്സ്.

17. കോഴിപ്പാറ വാട്ടർ തീം പാർക്ക്.

(ബി) 2023-24 വർഷത്തിൽ വ്യവസായ സംരംഭകർക്ക് സബ്സിഡി ഇനത്തിൽ എത്ര തുക നൽകി; വ്യക്തമാക്കാമോ?

2023-24 വർഷത്തിൽ മലപ്പുറം ജില്ലയിലെ വ്യവസായ സംരംഭകർക്ക് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പാക്കിയ വിവിധ പദ്ധതികൾവഴി 2,645.45 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ. നം.	**പദ്ധതിയുടെ പേര്**	**സബ്സിഡി ഇനത്തിൽ നൽകിയ തുക (ലക്ഷത്തിൽ)**
1	പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതി (PMEGP)	744.58
2	സംരംഭക സഹായ പദ്ധതി (ESS)	345.30
3	നാനോ മാർജിൻ മണി ഗ്രാന്റ് പദ്ധതി	610.00
4	ഒരു കുടുംബം ഒരു സംരംഭം പദ്ധതി	23.97
5	പ്രധാനമന്ത്രി ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി (PMFME)	921.60

കാഞ്ഞങ്ങാട് മണ്ഡലത്തിലെ സംരംഭങ്ങൾ

128(6003) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷത്തിന്റെ ഭാഗമായി കഴിഞ്ഞ രണ്ടുവർഷങ്ങളിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലും നഗരസഭകളിലും രജിസ്റ്റർ ചെയ്ത സംരംഭങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്ത്, നഗരസഭ തിരിച്ച് വ്യക്തമാക്കാമോ?

സംരംഭക വർഷത്തിന്റെ ഭാഗമായി കഴിഞ്ഞ രണ്ടുവർഷങ്ങളിൽ (2022-23, 2023-24) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 1952 സംരംഭങ്ങൾ ആരംഭിച്ചു. പഞ്ചായത്ത്, നഗരസഭ തിരിച്ചുള്ള വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	**പഞ്ചായത്ത്**	**ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം 2022-23**	**ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം 2023-24**
1	അജാനൂർ	224	155
2	ബളാൽ	108	72

3	കള്ളാർ	52	45
4	കോടോം-ബേളൂർ	107	104
5	മടിക്കൈ	88	80
6	പനത്തടി	62	70
7	കാഞ്ഞങ്ങാട് (M)	337	232
8	കിനാനൂർ-കരിന്തളം	129	87
	ആകെ	**1107**	**845**

(ബി) രജിസ്റ്റർ ചെയ്ത സംരംഭങ്ങൾ വഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെന്നും എത്ര നിക്ഷേപം ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

2022-23-ൽ രജിസ്റ്റർ ചെയ്ത സംരംഭങ്ങൾ വഴി 124.56 കോടി രൂപയുടെ നിക്ഷേപവും 2288 തൊഴിലവസരങ്ങളും ലഭിച്ചു.

2023-24-ൽ രജിസ്റ്റർ ചെയ്ത സംരംഭങ്ങൾ വഴി 113.58 കോടി രൂപയുടെ നിക്ഷേപവും 1909 തൊഴിലവസരങ്ങളും ലഭിച്ചു.

അർബുദ ചികിത്സാ മരുന്നുകളുടെ ഉൽപാദനം

129(6004) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അർബുദ ചികിത്സാ മരുന്നുകളുടെ ഉൽപാദനം ഓങ്കോളജി പാർക്കിൽനിന്നും എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

അർബുദ ചികിത്സാ മരുന്നുകളുടെ ഉൽപാദനത്തിനായുള്ള ഓങ്കോളജി ഫാർമ പാർക്കിന്റെ കെട്ടിട നിർമ്മാണം 2026 ജൂൺ മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് മരുന്നുൽപാദനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വ്യവസായ വകുപ്പിലെ താൽക്കാലിക/കരാർ നിയമനങ്ങൾ

130(6005) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക

നിയമനങ്ങളും എത്ര കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ടെന്നും ഏതെല്ലാം തസ്തികകളിലാണ് അപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേല്പറഞ്ഞപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2024 മെയ് മാസം അനുവദിച്ച ആകെ തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റ് നിയമനങ്ങൾക്കായി അവലംബിച്ച മാർഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

(എ & ബി)

(1) <u>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്</u>

കരാർ നിയമനം	1229 (എക്സിക്യൂട്ടീവ്സ് & റിസോഴ്സ് പേഴ്സൺസ്)
താൽക്കാലിക നിയമനം	12
തസ്തികകൾ	ക്ലാർക്ക്-ടൈപ്പിസ്റ്റ്, ലാബ് അസിസ്റ്റന്റ്, ഫോർമാൻ, മെഷീൻ

	ഓപ്പറേറ്റർ.
നൽകിയ വേതനവും ആനുകൂല്യവും	താൽക്കാലികക്കാർ 2024 മെയ് മാസം സേവനത്തിലില്ല. കരാർ നിയമനക്കാർക്കും നാളിതുവരെ ടി മാസത്തെ തുക അനുവദിച്ചിട്ടില്ല.
എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനം	12
മറ്റ് നിയമന രീതി	സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് മുഖേന.

(2) <u>മൈനിങ് & ജിയോളജി ഡയറക്ടറേറ്റ്</u>

കരാർ നിയമനം	ഇല്ല
താൽക്കാലിക നിയമനം	11
തസ്തികകൾ	കാഷ്വൽ സ്വീപ്പർ, ഓഫീസ് അറ്റൻഡന്റ്
നൽകിയ വേതനവും ആനുകൂല്യവും	ഒരാൾക്ക് 7558 രൂപ അനുവദിച്ചിട്ടുണ്ട്. മറ്റുള്ളവർ 2024 മെയ് മാസം സേവനത്തിലില്ല.
എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനം	1
മറ്റ് നിയമന രീതി	കുടുംബശ്രീ മിഷൻ മുഖേന 10 പേർ

(3) ഖാദി ഗ്രാമ വ്യവസായ ബോർഡ്

കരാർ നിയമനം	54
താൽക്കാലിക നിയമനം	29
തസ്തികകൾ	വില്പനശാലകളിൽ അസിസ്റ്റന്റ് മാനേജർ, സെയിൽസ് അസിസ്റ്റന്റ്, സ്പിന്നിംഗ്/വീവിംഗ് ഇൻസ്ട്രക്ടർ, ഫാഷൻ ഡിസൈനർ, ഡ്രൈവർ, നൈറ്റ് വാച്ച്മാൻ, പാർട്ട് ടൈം ഇലക്ട്രീഷ്യൻ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഗോഡൗൺ അസിസ്റ്റന്റ്, ഖാദി ഡെവലപ്മെന്റ് ഓഫീസർ, സ്വീപ്പർ, ഡൈയിംഗ് മാസ്റ്റർ.
നൽകിയ വേതനവും ആനുകൂല്യവും	2024 മെയ് മാസത്തിൽ ഇവർക്ക് 11,30,785/- രൂപ നൽകി
എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനം	16
മറ്റ് നിയമന രീതി	നേരിട്ട് നിയമനം (ഏജൻസി മുഖേനയല്ല)

(4) കെ.എസ്.ഐ.ഡി.സി.

കരാർ നിയമനം	127
താൽക്കാലിക നിയമനം	ഇല്ല.
തസ്തികകൾ	അക്കൗണ്ടന്റ്, അക്കൗണ്ട്സ്

	എക്സിക്യൂട്ടീവ്, അഡ്വൈസർ, ബിസിനസ്സ് ഡെവലപ്മെന്റ് അസോസിയേറ്റ്, ബിസിനസ്സ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്, കമ്പ്യൂട്ടർ അസ്സിസ്റ്റന്റ്, കൺടെന്റ് ക്രിയേറ്റർ കം റൈറ്റർ, കൺടെന്റ് ഡെവലപ്പർ, ഡിസൈനർ, ഡ്രൈവർ കം അറ്റൻഡർ, ഇലക്ട്രീഷ്യൻ, എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു എം.ഡി., ഗാർഡനർ, ഇന്റേൺ, ഐ.ടി. കൺസൾട്ടന്റ്, ലീഗൽ അസിസ്റ്റന്റ്, മാനേജർ, മെസഞ്ചർ, പാർട്ട് ടൈം സ്വീപ്പർ/കാഷ്വൽ സ്വീപ്പർ, പ്രോജക്ട് എഞ്ചിനീയർ, പ്രോജക്ട് എക്സിക്യൂട്ടീവ്, പ്രോജക്ട് ഓഫീസർ, സെക്രട്ടേറിയൽ എക്സിക്യൂട്ടീവ്, സീനിയർ എക്സിക്യൂട്ടീവ്, സ്റ്റെനോഗ്രാഫർ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ടീ മേക്കർ/കാന്റീൻ മേക്കർ.
നൽകിയ വേതനവും ആനുകൂല്യവും	94 പേർക്ക് 31,28,511/- രൂപ അനുവദിച്ചിട്ടുണ്ട്. മറ്റുള്ളവർ 2024 മെയ് മാസം സേവനത്തിലില്ല.
എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനം	42
മറ്റ് നിയമന രീതി	സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് മുഖേന 85 പേർ

(5) കെ-ബിപ്

കരാർ നിയമനം	6
താൽക്കാലിക നിയമനം	ഇല്ല.
തസ്തികകൾ	മാനേജ്മെന്റ് ട്രെയിനി -I, മാനേജ്മെന്റ് ട്രെയിനി -II, മാനേജ്മെന്റ് ട്രെയിനി -III, ഡിസൈനർ, കൺടെന്റ് ഡെവലപ്പർ, ഡ്രൈവർ
നൽകിയ വേതനവും ആനുകൂല്യവും	2024 മെയ്-ൽ ഇവർക്ക് 1,62,323/- രൂപ നൽകി.
എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനം	ഇല്ല
മറ്റ് നിയമന രീതി	സെന്റർ ഫോർ മാനേജ്മെന്റ് മുഖേന

(6) കേരള റബ്ബർ ലിമിറ്റഡ്

കരാർ നിയമനം	5
താൽക്കാലിക നിയമനം	ഇല്ല.
തസ്തികകൾ	ജനറൽ മാനേജർ - ഇൻഫ്രാസ്ട്രക്ച്ചർ, മാനേജർ ഫിനാൻസ് & അക്കൗണ്ട്സ്,

	ബിസിനസ്സ് ഡെവലപ്മെന്റ് ഓഫീസർ കം എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു ചെയർപേഴ്സൺ & മാനേജിങ് ഡയറക്ടർ (CMD, KRL), അക്കൗണ്ടന്റ്, പ്രോജക്ട് എഞ്ചിനീയർ
നൽകിയ വേതനവും ആനുകൂല്യവും	2024 മെയ്-ൽ ഇവർക്ക് 5,56,611/- രൂപ നൽകി.
എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനം	ഇല്ല
മറ്റ് നിയമന രീതി	സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് മുഖേന 5 പേർ.

(7) <u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ്</u>

കരാർ നിയമനം	8
താൽക്കാലിക നിയമനം	ഇല്ല.
തസ്തികകൾ	ഡെപ്യൂട്ടി മാനേജർ, അസി. മാനേജർ (6), ജൂനിയർ മാനേജർ
നൽകിയ വേതനവും ആനുകൂല്യവും	3,23,803/- രൂപ
എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനം	ഇല്ല
മറ്റ് നിയമന രീതി	സെന്റർ ഫോർ മാനേജ്മെന്റ്

	ഡെവലപ്പ്മെന്റ് മുഖേന

(8) <u>സെന്റർ ഫോർ മാനേജ്മെന്റ് ഡെവലഷ്മെന്റ്</u>

കരാർ നിയമനം	68
താൽക്കാലിക നിയമനം	2
തസ്തികകൾ	പ്രോജക്ട് എക്സിക്യൂട്ടീവ്, പ്രോജക്ട് ഓഫീസർ, റിസർച്ച് എക്സിക്യൂട്ടീവ്, പ്രോജക്ട് അസിസ്റ്റന്റ്, അക്കൗണ്ട്സ് അസിസ്റ്റന്റ്, എക്സിക്യൂട്ടീവ്സ്, കൺസൾട്ടന്റ്, ഫീൽഡ് ഓഫീസർ, മാനേജർ, റിസർച്ച് അസിസ്റ്റന്റ്, സീനിയർ സപ്പോർട്ട് എക്സിക്യൂട്ടീവ്, സ്റ്റുഡന്റ്സ് കൗൺസിലർ, അക്കൗണ്ട്സ് അഡ്മിനിസ്ട്രേറ്റർ, അസി. ലൈബ്രേറിയൻ, സെന്റർ കോ-ഓർഡിനേറ്റർ, ഫ്രണ്ട് ഓഫീസ് എക്സിക്യൂട്ടീവ്, ഐ.ഇ.സി. കം ഡോക്യുമെന്റേഷൻ സ്പെഷ്യലിസ്റ്റ്, ഐ.ടി. അഡ്മിനിസ്ട്രേറ്റർ, ജൂനിയർ കൺസൾട്ടന്റ്, പ്രോജക്ട് ടെയിനി, റിസർച്ച് അസോസിയേറ്റ്, റിസർച്ച് ഓഫീസർ, സീനിയർ റിസർച്ച് അസോസിയേറ്റ്, സോഷ്യൽ മീഡിയ കൺസൾട്ടന്റ്, സീനിയർ ഓഫീസർ (പ്രോജക്ട്സ്), സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, സപ്പോർട്ട്

	എക്സിക്യൂട്ടീവ്, ഡ്രൈവർ & ഓഫീസ് അറ്റൻഡന്റ്
നൽകിയ വേതനവും ആനുകൂല്യവും	1926911/- രൂപ
എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനം	ഇല്ല
മറ്റ് നിയമന രീതി	എല്ലാം നേരിട്ടുള്ള നിയമനം.

കിൻഫ്രയിൽ കരാർ/താൽക്കാലിക നിയമനം നടത്തിയിട്ടില്ല. വ്യവസായ വകുപ്പിലെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ഇതുമായി ബന്ധപ്പെട്ട വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

കെ.പി.പി.എൽ. ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ

131(6006) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എൻ.എൽ.-നെ കിൻഫ്ര വഴി ഏറ്റെടുത്ത് കെ.പി.പി.എൽ. എന്ന പേരിൽ പ്രവർത്തനം പുനരാരംഭിച്ചപ്പോൾ എത്ര തൊഴിലാളികളെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരാറടിസ്ഥാനത്തിൽ നിയമിച്ചിരുന്നുവെന്നും ഇവർ ഓരോരുത്തരും എത്ര കാലമായി ജോലി ചെയ്യുന്നുവെന്നും അറിയിക്കാമോ?

കേന്ദ്ര സർക്കാർ അടച്ചുപൂട്ടിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ, ബാധ്യതകളെല്ലാം തീർത്ത് കേരള സർക്കാർ ഏറ്റെടുത്ത് പുനരുദ്ധരിച്ച് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചതിന്റെ ഭാഗമായി, സർക്കാർ ഉത്തരവുപ്രകാരം നിയമിച്ച എച്ച്.ആർ. കമ്മിറ്റി നിഷ്കർഷിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ന്യൂസ്പ്രിന്റ് വ്യവസായത്തിൽ പ്രവർത്തന പരിചയമുള്ള 250 ജീവനക്കാരെ പുതിയ നിയമന നടപടികളിലൂടെ ഹ്രസ്വകാലത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. 2022 ജനുവരി 1 മുതൽ വിവിധ ഹ്രസ്വകാല കരാറുകളിലായി ഇവർ ജോലി ചെയ്തുവരുന്നു.

(ബി) ഉൽപാദനം ആരംഭിച്ച് 6 മാസത്തിനകം പ്രസ്തുത തൊഴിലാളികൾക്ക് സ്ഥിരം നിയമനം നൽകാമെന്ന് വാഗ്ദാനം നൽകിയിരുന്നോ?

ഇല്ല.

(സി) എച്ച്.എൻ.എൽ.-ൽനിന്നും കെ.പി.പി.എൽ.-ലേയ്ക്ക് കരാർ നിയമനം ലഭിച്ച പ്രസ്തുത ജീവനക്കാരെ എന്ന് സ്ഥിരപ്പെടുത്താൻ കഴിയുമെന്നറിയിക്കാമോ?

കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ സുസ്ഥിര പ്രവർത്തനത്തെ സംബന്ധിച്ചും മാനവവിഭവശേഷിയുടെ ഘടന സംബന്ധിച്ചും എച്ച്.ആർ. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പ്രസ്തുത തൊഴിലാളികൾക്ക് ലഭിക്കേണ്ട പി.എഫ്., ഇ.എസ്.ഐ., ഗ്രാറ്റുവിറ്റി എന്നീ ആനുകൂല്യങ്ങൾ എന്നുമുതൽ നൽകുമെന്ന് അറിയിക്കാമോ?

കെ.പി.പി.എൽ.-ന് പി. എഫ്. കോഡ് അനുവദിക്കുന്ന വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണുള്ളത്. ആയതിന്മേൽ തീരുമാനമാകുന്ന മുറയ്ക്ക് അർഹതയുള്ള തൊഴിലാളികൾക്ക് പി.എഫ്. ആനുകൂല്യങ്ങൾ നൽകാൻ കഴിയുന്നതാണ്. മറ്റ് നിയമപരമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതുസംബന്ധിച്ച് എച്ച്.ആർ. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

കെ-ബിഫിന്റെ പ്രവർത്തനങ്ങൾ

132(6007) ശ്രീ. എം. എം. മണി:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പുരോഗതി ലക്ഷ്യമിട്ട് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്) നടത്തിവരുന്ന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പുരോഗതി ലക്ഷ്യമിട്ട് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന നടത്തിവരുന്ന വിവിധ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (സി.ഡി.പി.)</u>

സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലയിലെ സംരംഭങ്ങൾക്ക് കുറഞ്ഞ ചിലവിൽ ഗുണമേന്മയുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി അത്തരം വ്യവസായ ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനായി കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെ എം.എസ്.ഇ.-സി.ഡി.പി. പദ്ധതിയുടെ കേരളത്തിലെ ഇംപ്ലിമെന്റിംഗ് ഏജൻസിയായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്) കേരളത്തിൽ നടപ്പാക്കി വരുന്നു.

2. <u>പ്രധാൻമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ ശ്രുപവൽക്കരണ പദ്ധതി (പി.എം.എഫ്.എം.ഇ. പദ്ധതി)</u>

കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം ആത്മ നിർഭർ ഭാരത് അഭിയാന്റെ ഭാഗമായി സംസ്ഥാനങ്ങളുമായി സഹകരിച്ച് ഭക്ഷ്യ സംസ്കരണ മേഖലയുടെ ഉന്നമനത്തിനായി പ്രധാനമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ ശ്രുപവൽക്കരണ പദ്ധതി (പി.എം.എഫ്.എം.ഇ. പദ്ധതി) ശ്രുപീകരിച്ചിട്ടുണ്ട്. 2020-21 മുതൽ 2024-25 വരെയുള്ള അഞ്ച്

വർഷക്കാലയളവിൽ 10,000 കോടി രൂപയുടെ വിഹിതം ഈ പദ്ധതി വിഭാവനം ചെയ്യുന്നു. സ്കീമിന്റെ ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ തമ്മിൽ 60:40 അനുപാതത്തിൽ പങ്കിടുന്നു. ഈ പദ്ധതിയിലൂടെ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് സാമ്പത്തിക, സാങ്കേതിക, ബിസിനസ്സ് പിന്തുണ ലഭിക്കുന്നതാണ്. ഈ പദ്ധതിക്കുകീഴിൽ 2 ലക്ഷം സൂക്ഷ്മ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി കൊണ്ട് നേരിട്ട് സഹായം ലഭ്യമാകും.

ഒരു ജില്ല ഒരു ഉൽപന്നം (ODOP) എന്ന സമീപനമാണ് ഈ പദ്ധതി സ്വീകരിക്കുന്നത്. ഈ പദ്ധതിയുടെ നേട്ടങ്ങൾ ലഭ്യമാക്കുന്നതിനായി 10 ഉൽപന്നങ്ങൾ കേരളത്തിലെ 14 ജില്ലകളുടെ ODOP ആയി കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. പി.എം.എഫ്.എം.ഇ. പദ്ധതിപ്രകാരം സ്വയം സഹായ സംഘാംഗങ്ങൾക്കുള്ള സീഡ് ക്യാപിറ്റൽ ധനസഹായം കുടുംബശ്രീ മിഷൻ (സ്റ്റേറ്റ് റൂറൽ/അർബൻ ലൈവ്‌ലിഹുഡ് മിഷൻ) മുഖേനയാണ് നൽകുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി

വിഭാഗത്തിനുകീഴിൽ അനുവദിച്ച വായ്പകളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള റാങ്കിംഗിൽ 102% ലക്ഷ്യപൂർത്തീകരണം സാധ്യമാക്കി ദേശീയതലത്തിൽ കേരളം മൂന്നാം സ്ഥാനം നേടുകയുണ്ടായി.

3. കേരള സംസ്ഥാന ബാംബൂ മിഷൻ (കെ.എസ്.ബി.എം.)

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിലൊന്നായ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടെയും സംരംഭകരുടെയും വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ മുഖേന നൈപുണ്യ വികസന പരിശീലനം, ഗുണമേന്മ വർധിപ്പിക്കുന്നതിനുള്ള പരിശീലനം, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക മികവ് വർധിപ്പിക്കുക, സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിക്കാൻ പ്രാപ്തരാക്കുക, പുതുമയാർന്ന ഉൽപന്നങ്ങളുടെ രൂപീകരണം, വിപണന മേളകൾ സംഘടിപ്പിക്കുക, ദേശീയ അന്തർദേശീയ മേളകളിൽ കരകൗശല വിദഗ്ധരെ പങ്കെടുപ്പിക്കുക, മുള കൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടാതെ എല്ലാ വർഷവും ഡിസംബർ മാസത്തിൽ കൊച്ചിയിൽ ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചുവരുന്നു.

4. നാഷണൽ ബാംബൂ മിഷൻ പദ്ധതി

മുള നഴ്സറികളുടെ വികസനം, മുള പ്ലാന്റേഷൻ, മുള സംസ്കരണവും സംരക്ഷണവും, ഉൽപന്ന നിർമ്മാണം, പ്രോസസ്സിംഗ്, ടൂൾസ് & മെഷീനറി, കോമൺ ഫെസിലിറ്റി സെന്റർ, ലൈവ്‌ലിഹുഡ് ബിസിനസ്സ് ഇൻകുബേറ്റർ, ബാംബൂ ബസാർ, നൈപുണ്യ വികസനവും ബോധവൽക്കരണ പരിപാടികളും, ദേശീയ-അന്തർദേശീയ മേളകളിൽ പങ്കെടുപ്പിക്കുക, സെമിനാറുകൾ/വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുക, റിസർച്ച് & ഡെവലപ്മെന്റ് എന്നീ പദ്ധതികൾക്കുവേണ്ടി നാഷണൽ ബാംബൂ മിഷന്റെ സഹായത്തോടുകൂടി സംസ്ഥാന ബാംബൂ മിഷൻ നടപ്പാക്കുന്നു.

5. Raising and Accelerating MSME Performance (RAMP) scheme

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക മേഖലയിലെയും സേവന മേഖലയിലെയും യൂണിറ്റുകൾക്കാവശ്യമായ പ്രോത്സാഹനം നൽകുന്നതിനും വിപണനശൃംഖല മെച്ചപ്പെടുത്തുന്നതിനുമുള്ള സാങ്കേതിക നവീകരണം ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് 'റാമ്പ്'. ഈ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നതിനായി Strategic Implementation Plan

(SIP) തയ്യാറാക്കുന്നതിനായി 2023 ജൂണിൽ M/s. Ernst & Young LLP എന്ന ഏജൻസിയെ നിയമിച്ച് പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു.

(ബി) ദേശീയ-അന്തർദേശീയ മേളകളിൽ സംസ്ഥാനത്തുനിന്നുള്ള സംരംഭകരുടെ ഉൽപന്നങ്ങളും സേവനങ്ങളും പരിചയപ്പെടുത്തുന്നതിനും വിപണനം നടത്തുന്നതിനും പ്രസ്തുത സ്ഥാപനം നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ മേഖലയിലെ സംരംഭകർക്ക് അവരുടെ ഉൽപന്നങ്ങളും സാങ്കേതികവിദ്യകളും പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും ഇൻഡസ്ട്രിയൽ-പ്രൊമോഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി വ്യവസായ വകുപ്പിനുവേണ്ടി (കെ-ബിപ്) തദ്ദേശീയ-ദേശീയ-അന്തർദേശീയ മേളകളിൽ അവസരം ഒരുക്കുന്നു.

2023-24 സാമ്പത്തികവർഷം വിവിധ ദേശീയ അന്തർദേശീയ മേളകളിൽ കേരളത്തിലെ സംരംഭകർക്ക് വിപണി ലഭ്യത ഉറപ്പുവരുത്തുന്നതിനായി അവരുടെ ഉൽപന്നങ്ങളും സാങ്കേതിക വിദ്യകളും

പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും (കെ-ബിപ്) മുഖേന അവസരം ഒരുക്കിയിട്ടുണ്ട്.

കൂടാതെ കേരളത്തിലെ മുള മേഖലയിലെ കരകൗശലക്കാർക്ക് വിപണി ലഭ്യത ഉറപ്പുവരുത്തുന്നതിനായി 2023 സെപ്റ്റംബറിൽ ഡൽഹിയിൽ നടന്ന G20 ഉച്ചകോടിയുടെ ഭാഗമായി സംഘടിപ്പിച്ച ഇന്ത്യൻ ക്രാഫ്റ്റ്സ് ബസാറിൽ കേരളത്തിലെ മുള കരകൗശലക്കാരെ പങ്കെടുപ്പിച്ചു. ന്യൂഡൽഹിയിൽ സംഘടിപ്പിച്ച രാജ്യാന്തര വ്യാപാര മേള (IITF 2023)-യിൽ കേരള പവിലിയനിൽ പങ്കെടുത്ത വിവിധ വകുപ്പുകളിൽ കേരള സ്റ്റേറ്റ് ബാംബൂ മിഷൻ വ്യാപാര സ്റ്റാളുകളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

പി.എം.എഫ്.എം.ഇ. പദ്ധതിപ്രകാരം കേരളത്തിലെ ഭക്ഷ്യ സംസ്കരണ മേഖലയിലെ യൂണിറ്റുകളെ (കെ-ബിപ് മുഖേന) വിവിധ വ്യാപാര മേളകളിൽ പങ്കെടുപ്പിച്ചു.

<u>വാർഷിക മേളയായ ബാംബൂ ഫെസ്റ്റ്</u>

ഡിസംബർ/ജനുവരി മാസത്തിൽ കൊച്ചിയിൽ ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചുവരുന്നു. മുള കരകൗശല പ്രവർത്തകർക്ക് അവരുടെ സ്വന്തം

ഉൽപന്നങ്ങൾ നേരിട്ട് വില്പന നടത്തുന്നതിനായുള്ള സൗകര്യം ഒരുക്കുക എന്നതാണ് ഈ മേളയുടെ പ്രധാന ലക്ഷ്യം.

കേരള ക്രാഫ്റ്റ്സ് മേള

കേരളത്തിലെ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും നിലനിൽപ്പിനുംവേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന കേരള ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ കരകൗശല മേഖലയെ ശക്തിപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ഈ മേഖലയിലുള്ള വിദഗ്ധരുമായി സമ്പർക്കം പുലർത്തുക, കരകൗശലക്കാർക്ക് ഉപഭോക്താക്കളുമായി നേരിട്ട് ഇടപഴകാനുള്ള അവസരം ഒരുക്കിക്കൊടുക്കുക, കേരളത്തിലെ പരമ്പരാഗതമായ കരകൗശല/കൈത്തറി ഉൽപന്നങ്ങൾ പ്രചരിപ്പിക്കുക, വിദേശികൾക്കും സ്വദേശികൾക്കും പരമ്പരാഗത കരകൗശല ഉൽപന്നങ്ങൾ കേരളത്തിന്റെ തനിമയോടെ പ്രദർശിപ്പിക്കാനുള്ള ഒരു വേദി ഒരുക്കുക, സന്ദർശകർക്കും ഉപഭോക്താക്കൾക്കും സ്ഥാപനങ്ങൾക്കും കേരളത്തിലെ കരകൗശലക്കാരുടെ സാങ്കേതികമികവും കഴിവും

പ്രദർശിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ഈ മേള സംഘടിപ്പിക്കുന്നത്.

കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്

കേരളത്തിലെ ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണം, കൈത്തറി, തുണിത്തരങ്ങൾ, ഫാഷൻ ഡിസൈൻ, ഫർണിഷിംഗ് ഉൽപന്നങ്ങൾ, ആയുർവേദ കോസ്മെറ്റിക്സ്, ഹെർബൽ ന്യൂട്രാസ്യൂട്ടിക്കൽസ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, റബ്ബർ, കയർ ഉൽപന്നങ്ങൾ, കരകൗശല വസ്തുക്കൾ, മുള തുടങ്ങിയ പരമ്പരാഗത പ്രധാന മേഖലകളുടെ ഉൽപന്നങ്ങളും സാങ്കേതികവിദ്യകളും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് 'വ്യാപാർ' സംഘടിപ്പിക്കുന്നത്. കേരളത്തിൽ നിലവിലുള്ള ഉൽപാദനമേഖലയിലെ ഉൽപന്ന ഗുണമേന്മയും സാങ്കേതികവിദ്യയും ഉയർത്തിക്കാണിക്കുകയും അതിലൂടെ വ്യാവസായിക വളർച്ചയും 'വ്യാപാർ' ലക്ഷ്യമിടുന്നു.

കേരള ഇ-മാർക്കറ്റ് പോർട്ടൽ

വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ് പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട ഉൽപാദകർക്ക്, ദേശീയ-അന്തർദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യാനും സഹായകമാകും. കേരളത്തിലെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും സഹകരണത്തോടെ 14 ജില്ലകളിലും എസ്.എം.ഇ. പോർട്ടൽ രജിസ്ട്രേഷനായുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

ചെറുകിട വ്യാപാരികൾ നേരിടുന്ന പ്രതിസന്ധി

133(6008) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓൺലൈൻ വ്യാപാര മേഖലയെ നിയന്ത്രിക്കുന്നതിന് സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഓൺലൈൻ വ്യാപാരം നിയന്ത്രിക്കുന്നതിന് പ്രധാനമായും നിയമനിർമ്മാണം സാധ്യമാകുന്നത് കേന്ദ്രസർക്കാരിനാണ്. ഓൺലൈൻ വ്യാപാരസ്ഥാപനങ്ങൾക്ക് GST രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്.

(ബി) ഓൺലൈൻ വ്യാപാരം വർധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ചെറുകിട വ്യാപാരികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമിലേയ്ക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുക വഴി അവർക്ക് പുതിയ വിപണി അവസരങ്ങൾ സൃഷ്ടിക്കുകയും അതുവഴി ഡിജിറ്റൽ കൊമേഴ്സ് മേഖലയിലെ വൻകിട പ്ലാറ്റ്ഫോമുകളുടെ കുത്തകകൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഓപ്പൺ നെറ്റ് വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് (ONDC) എന്ന പ്ലാറ്റ്ഫോം നിലവിൽ വന്നിട്ടുണ്ട്. ONDC പ്രോഗ്രാമിനോടുള്ള സർക്കാരിന്റെ പ്രതിബദ്ധത ഉറപ്പിക്കുന്നതിനായി കേരള സർക്കാരും ONDC-യും തമ്മിലുള്ള ഒരു ധാരണാപത്രം (MOU) 2023 ജൂൺ

23-ന് ഒപ്പുവച്ചിട്ടുണ്ട്. കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപന്നങ്ങൾ ONDC പ്ലാറ്റ്ഫോമിൽ onboard ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ONDC-യുമായി ചേർന്ന് സ്വീകരിച്ചുവരുന്നു.

കൂടാതെ, കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket.com/www.keralaemarket.org) രൂപീകരിച്ചിട്ടുണ്ട്. ഈ വെബ്പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉൽപന്നങ്ങൾക്ക് ദേശീയ-അന്തർദേശീയതലത്തിൽ വിപണി കണ്ടെത്താൻ സാധിക്കും.

ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി

134(6009) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് എത്ര തുകയാണ് സബ്സിഡിയായി നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) ഓരോ വ്യവസായങ്ങൾക്കും പരമാവധി നൽകുന്ന സബ്സിഡി തുക എത്ര എന്ന് വിശദമാക്കാമോ?

(എ&ബി) കേരളത്തിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പാക്കിവരുന്ന പദ്ധതികൾ മുഖേന സബ്സിഡി/ ധനസഹായം നൽകിവരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.)</u>

സംരംഭക സഹായ പദ്ധതിപ്രകാരം ഉൽപാദന മേഖലയിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധനനിക്ഷേപത്തിന്റെ 15 ശതമാനം മുതൽ 45 ശതമാനംവരെ പരമാവധി 40 ലക്ഷം രൂപവരെ നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകുന്നു. പ്രാരംഭ സഹായം (Start-up Support), നിക്ഷേപസഹായം (Investment Support), സാങ്കേതികവിദ്യാ

സഹായം (Technical Support) എന്നീ മൂന്ന് ഘട്ടങ്ങളായിട്ടാണ് സഹായം നൽകുന്നത്.

i. പ്രാരംഭ സഹായം (Start-up-Support):

ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് അനുവദനീയമായ സഹായത്തിന്റെ 50% പരമാവധി മൂന്ന് ലക്ഷം രൂപ സ്ഥാപനം ആരംഭിക്കുന്നതിന് മുമ്പായി ധനസഹായം നൽകുന്നു.

ii) നിക്ഷേപ സഹായം (Investment Support)

സ്ഥിര നിക്ഷേപങ്ങൾക്ക് താഴെപ്പറയുന്ന രീതിയിൽ ധനസഹായം നൽകുന്നു.

ക്രമ നം.	**വിഭാഗം**	**സഹായം**
1	ജനറൽ	15% (പരമാവധി 30 ലക്ഷം രൂപ)
2	വനിത/എസ്.സി./ എസ്.ടി./ യുവസംരംഭകർ/NRK	25% (പരമാവധി 40 ലക്ഷം രൂപ)
3	മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന വ്യവസായങ്ങൾ	10% (പരമാവധി 10 ലക്ഷം രൂപ) അധിക ധനസഹായം നൽകുന്നു.

4	ഇടുക്കി, വയനാട്, പത്തനംതിട്ട, കാസർഗോഡ് എന്നീ ജില്ലകളിൽ തുടങ്ങുന്ന സംരംഭങ്ങൾ	10% (പരമാവധി 10 ലക്ഷം രൂപ) അധിക ധനസഹായം നൽകുന്നു.

iii) 1. സാങ്കേതികവിദ്യാ സഹായം (Technical Support)

സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽനിന്നും സാങ്കേതികവിദ്യ കരസ്ഥമാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി നൽകുന്നു.

സംരംഭക സഹായ പദ്ധതിപ്രകാരം ഒരു യൂണിറ്റിന് അനുവദിക്കുന്ന പരമാവധി ആനുകൂല്യം 40 ലക്ഷം രൂപയാണ്.

2. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ്

ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപവരെയുള്ളതും ഉൽപാദനമേഖല, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നീ മേഖലകളിൽ ബാങ്ക് വായ്പയെടുത്ത് ആരംഭിക്കുന്നതുമായ യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നു. ഈ പദ്ധതി

പ്രകാരം ജനറൽ വിഭാഗത്തിന് മാർജിൻ മണിഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 30%-ഉം ഗുണഭോക്തൃവിഹിതം കുറഞ്ഞത് 30%-ഉം ബാങ്ക് വായ്പ 40%-ഉം ആയിരിക്കും. എസ്.സി./എസ്.ടി./വനിതകൾ/വിമുക്തഭടന്മാർ/40 വയസ്സുവരെയുള്ള യുവസംരംഭകർ/അംഗപരിമിതർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻമണിഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃവിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

3. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

ഉൽപാദന-സേവന-വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനെടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് 'ഒരു കുടുംബം ഒരു സംരംഭം പദ്ധതി' വഴി വിഭാവനം ചെയ്യുന്നത്. ലോൺ മുഖാന്തരം 01-04-2022-നുശേഷം ഉൽപാദന-സേവന-വ്യാപാര മേഖലയിൽ പുതുതായി

ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ബാങ്ക് ലോണിൽ 10 ലക്ഷം രൂപവരെയുള്ള തുകയ്ക്ക് 4 ശതമാനം അധികരിച്ചുള്ള പലിശയിൽ 6 ശതമാനംവരെ ഇളവ് ഈ പദ്ധതിവഴി നൽകുന്നു. സ്ഥിര മൂലധനവായ്പ മാത്രമായോ പ്രവർത്തന മൂലധനവായ്പ മാത്രമായോ ഇവ സംയുക്തമായോ എടുക്കുന്ന ബാങ്ക് വായ്പകൾക്ക് പദ്ധതിപ്രകാരം പലിശയിളവ് അനുവദിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷംവരെ ഈ പദ്ധതിപ്രകാരം സബ്സിഡി ലഭിക്കുന്നു.

4. <u>പ്രധാനമന്ത്രി ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി</u>

വ്യവസായ വകുപ്പുവഴി നടപ്പാക്കുന്ന കേന്ദ്ര ഭക്ഷ്യവ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) വഴി ഭക്ഷ്യസംസ്കരണ മേഖലയിലെ ഉൽപാദന സൂക്ഷ്മ സംരംഭങ്ങളുടെ വായ്പാബന്ധിത പ്രോജക്ടുകൾക്ക് സാമ്പത്തിക സഹായം നൽകുന്നു. ടി പദ്ധതി 60-40 അനുപാതത്തിൽ കേന്ദ്ര കേരള സർക്കാരുകൾ സബ്സിഡിയായി നൽകുന്നതാണ്. വ്യക്തിഗത

സംരംഭങ്ങൾക്ക് പദ്ധതിപ്രകാരമുള്ള സ്ഥിരമൂലധനത്തിന്റെ 35% പരമാവധി 10 ലക്ഷം രൂപവരെയാണ് സബ്സിഡി.

5. കരകൗശലവിദഗ്ധർക്കുള്ള സഹായപദ്ധതി (ആശ)

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും സ്ത്രീ സംരംഭകരുൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും 'ആശ' പദ്ധതി ലക്ഷ്യമിടുന്നു. പണിപ്പുര, പണിയായുധങ്ങൾ, മറ്റ് ഉപകരണങ്ങൾ, യന്ത്രസാമഗ്രികൾ, ഇലക്ട്രിഫിക്കേഷൻ, സാങ്കേതികവിദ്യ, ഉൽപന്ന രൂപകല്പന തുടങ്ങിയ സ്ഥിരമൂലധന നിക്ഷേപത്തിന് ധനസഹായം ലഭിക്കും. കേന്ദ്ര സർക്കാരിന്റെ കരകൗശല വികസന കമ്മീഷണറുടെ ഓഫീസിലോ കേരളാ സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (സുരഭി), കേരളാ സ്റ്റേറ്റ് ബാംബൂ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ബി.സി), കേരളാ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ), ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ്

കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ് (എച്ച്.ഡി.സി.കെ.), കേരളാ സ്റ്റേറ്റ് പാമിറ പ്രോഡക്ട് ഡെവലപ്മെന്റ് ആൻഡ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ് (കെൽപാം) എന്നിവിടങ്ങളിലോ രജിസ്റ്റർ ചെയ്തിട്ടുള്ള കരകൗശല വിദഗ്ധരെയാണ് ഈ പദ്ധതിയിൽ കരകൗശല വിദഗ്ധരായി കണക്കാക്കപ്പെടുന്നത്.

കരകൗശല മേഖലയിൽ ഏർപ്പെട്ടിരിക്കുന്നതും സംസ്ഥാനത്ത് സ്ഥാപിതമായതുമായ എല്ലാ സൂക്ഷ്മ സംരംഭങ്ങളും ഉദ്യം രജിസ്ട്രേഷനോ അല്ലെങ്കിൽ MSME മന്ത്രാലയം കാലാകാലങ്ങളിൽ വ്യക്തമാക്കുന്ന മറ്റേതെങ്കിലും രജിസ്ട്രേഷനോ ഉള്ള യൂണിറ്റുകൾക്ക്;

സ്ഥിരാസ്തി ആർജിക്കുന്നതിന് ചെലവായ തുകയുടെ 50% പരമാവധി 4.5 ലക്ഷം രൂപയും ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രോജക്ടുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 50% പരമാവധി 3 ലക്ഷം രൂപയും അങ്ങനെ സ്ഥിരാസ്തിക്കും പ്രവർത്തനമൂലധനത്തിനുമായി ആകെ 7.5 ലക്ഷം രൂപവരെ സ്ത്രീകൾ/പട്ടികജാതി/പട്ടികവർഗക്കാർ/യുവതീ-യുവാക്കൾ/

ഭിന്നശേഷിക്കാർ എന്നീ പ്രത്യേക വിഭാഗങ്ങളിൽപ്പെട്ടവർക്കും ധനസഹായം നൽകുന്ന പദ്ധതിയാണിത്.

6. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

തൊഴിലും ഉൽപാദനവും വർധിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണിത്. ഉൽപാദനമേഖലയിൽ 50 ലക്ഷം രൂപവരെയും സേവന മേഖലയിൽ 20 ലക്ഷം രൂപവരെയും പരമാവധി പദ്ധതിച്ചെലവ് വരുന്ന പുതിയ സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ വായ്പാബന്ധിതമായി ആരംഭിക്കാവുന്നതാണ്. അപേക്ഷയും അനുബന്ധ രേഖകളും www.kviconline.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാവുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രം, KVIC, KVIB എന്നിവ മുഖേന ഈ പദ്ധതി നടപ്പാക്കുന്നു.

ഗുണഭോക്താവിന്റെ വിഭാഗം	സ്വന്തം മുതൽ മുടക്ക്	ബാങ്ക് വായ്പ	സബ്സിഡി നിരക്ക്	
			നഗരം	ഗ്രാമം

പൊതുവിഭാഗം	10%	90%	15%	25%
മുൻഗണനാ വിഭാഗം (സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗം, ഒബിസി, ന്യൂനപക്ഷവിഭാഗം, വിമുക്തഭടന്മാർ)	5%	95%	25%	35%

എം. എസ്. എം. ഇ. നിയമ ഭേദഗതി

135(6010) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നടപ്പുവർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച എം. എസ്. എം. ഇ. നിയമ ഭേദഗതി ചെറുകിട വസ്തു വ്യാപാര രംഗത്തെ ദോഷകരമായി ബാധിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഏതൊക്കെ രീതിയിലാണ് പ്രസ്തുത മേഖലയെ ഇത് ബാധിക്കുകയെന്ന് വ്യക്തമാക്കുമോ?

ആദായ നികുതി നിയമത്തിൽ പുതിയതായി ഉൾപ്പെടുത്തിയ 43 B (h) പ്രകാരം ഒരു MSME സ്ഥാപനത്തിൽനിന്നും വാങ്ങുന്ന സാധനങ്ങൾ/ സേവനങ്ങൾ എന്നിവയ്ക്ക് പരമാവധി 15 ദിവസങ്ങൾക്കുള്ളിൽ ബില്ലിന് അനുസരിച്ചുള്ള തുക നൽകണമെന്നും ഏതെങ്കിലും തരത്തിലുള്ള കരാറുള്ളപക്ഷം 45 ദിവസംവരെ ആകാമെന്നുമാണ് വിഭാവനം ചെയ്യുന്നത്. ഇതുമൂലം സംരംഭകർക്ക് വളരെ വേഗം തുക ലഭിക്കുകയും അങ്ങനെ അവരുടെ വായ്പയുടെ ഭാരം കുറയ്ക്കുകയും ചെയ്യുക, കൂടുതൽ പ്രവർത്തന മൂലധനം കൈയിൽ ഉണ്ടായിരിക്കുക എന്നിങ്ങനെയുള്ള ഉദ്ദേശ്യം ഉണ്ടായിരുന്നു. ഈ അർഥത്തിൽ നിർദേശം സ്വാഗതാർഹവുമായിരുന്നു. എന്നാൽ വിറ്റുവരവിന് കാലദൈർഘ്യമുണ്ടാകുന്ന ടെക്സ്റ്റൈൽ, ഗാർമെന്റ്സ്, റബ്ബർ, പ്ലാസ്റ്റിക് തുടങ്ങിയവയുടെ വില്പനയിൽ ടി നിർദേശം തടസ്സം സൃഷ്ടിക്കാൻ കാരണമാകുന്നു. തന്മൂലം എല്ലാവരിൽനിന്നും 45 ദിവസം വരെയുള്ള കാലയളവിലേയ്ക്കായുള്ള കരാറിൽ ഏർപ്പെടാൻ നിർബന്ധിതമാകും അല്ലാത്തപക്ഷം സംരംഭകർ അവരുടെ MSME എന്ന

അംഗീകാരം ഉപേക്ഷിക്കാനും നിർബന്ധിതമാകും. ഈ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ കേന്ദ്രസർക്കാരിന് മാത്രമേ സാധ്യമാകൂ.

(ബി) ഇക്കാര്യത്തിൽ ചെറുകിട വസ്ത്ര വ്യാപാരികളുടെ ആശങ്കകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ കേന്ദ്രസർക്കാരുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ എം.എസ്.എം.ഇ. സ്ഥാപനങ്ങളിൽനിന്നും ഉൽപന്നം വാങ്ങിയാൽ 15 ദിവസത്തിനുള്ളിലോ പ്രത്യേക കരാർ ഉണ്ടെങ്കിൽ 45 ദിവസത്തിനുള്ളിലോ പേമെന്റ് കൊടുത്ത് തീർക്കുന്നതിനുള്ള നിർദ്ദേശമുണ്ട്. ഇപ്രകാരം എം.എസ്.എം.ഇ.-ക്ക് പണം നൽകാനുണ്ടെങ്കിൽ പ്രസ്തുത തുക ഉൽപന്നം വാങ്ങിയ ആളുടെ വരുമാനമായി കണക്കാക്കി ഇൻകം ടാക്സ് ബാധകമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ വസ്ത്ര വ്യാപാരികളും എം.എസ്.എം.ഇ. സ്ഥാപനങ്ങളും നേരിടുന്ന ബുദ്ധിമുട്ട് സംബന്ധിച്ച് 12-02-2024-ന് കേരളാ ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്

ഡീലേഴ്സ് അസോസിയേഷൻ നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ പരിശോധിച്ചുവരുന്നു.

ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനുള്ള ലൈസൻസ്

136(6011) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനുള്ള ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനുള്ള ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ട ചുരുക്കം കേസുകളിൽ പൊല്യൂഷൻ കൺട്രോൾ ബോർഡും സംരംഭകരുമായി ബന്ധപ്പെട്ട് വേഗത്തിൽ ക്ലിയറൻസ് ലഭ്യമാക്കുന്നതിന് ഫീൽഡ് ലെവൽ ഓഫീസർമാർ വഴി

സമയബന്ധിതമായ ഇടപെടൽ നടത്തുകയും പ്രശ്നം നിയമപരമായി പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

ജില്ലാ കേന്ദ്രങ്ങളിൽ മാത്രമാണ് ടി വകുപ്പിന് ഓഫീസുകളുള്ളത്. സമയബന്ധിതമായി പരിശോധന നടത്തുന്നതിനുള്ള ജീവനക്കാരുടെ കുറവാണ് ഇത്തരം പരാതികൾ ഉണ്ടാകുന്നതിനുള്ള കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഏതെങ്കിലും സാഹചര്യത്തിൽ ലൈസൻസ് ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടാകുകയാണെങ്കിൽ അത്തരം കേസുകൾ ഏകജാലക ക്ലിയറൻസ് ബോർഡ് പരിഗണിക്കുകയും സമയബന്ധിതമായി തീർപ്പാക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

സംരംഭകർക്ക് വിവിധ വകുപ്പുകളിൽനിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര സംവിധാനം (Grievance Redressal System) നിലവിൽ വന്നിട്ടുണ്ട്. ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. മലിനീകരണ നിയന്ത്രണ

ബോർഡുമായി ബന്ധപ്പെട്ട് പരാതികൾ ലഭിക്കുകയാണെങ്കിലും ഈ സംവിധാനമുപയോഗിച്ച് പരിഹാരം കാണാവുന്നതാണ്.

ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിഷിക്കാൻ നടപടി

137(6012) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധങ്ങളായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് താഴെ പറയുന്നു.

1. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

2. വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെ എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സണ്മാരെ നിയമിക്കുകയും ചെയ്തു.

3. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സണ്മാരെ നിയമിച്ചു.

4. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു.

5. സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി പരാതിപരിഹാര സംവിധാനം (Grievance Redressal System) കൊണ്ടുവന്നു.

6. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്കുകൾ സ്ഥാപിച്ചു.

7. എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 5 വർഷത്തേയ്ക്ക് 6% പലിശ സബ്സിഡി നൽകിക്കൊണ്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകാൻ 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

8. കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിന് വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേയ്ക്കും പൊതുജനങ്ങളിലേയ്ക്കും നേരിട്ടെത്തിക്കാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്.

9. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതി വഴി 10 ഏക്കറിന് മുകളിൽ സ്ഥലവിസ്തൃതി കൈവശമുള്ള സ്വകാര്യമേഖലയിലുള്ള വ്യവസായികൾക്ക് വ്യവസായ പാർക്കുകൾ ആരംഭിക്കാനുള്ള പെർമിറ്റ് നൽകിത്തുടങ്ങി.

10. കേരളത്തിലെ MSME-കളിൽനിന്നും തിരഞ്ഞെടുത്ത 1000 MSME-കളെ നാലുവർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള

ബിസിനസ്സുകളായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി, മിഷൻ 1000 പദ്ധതി എന്നിവ 2023-2024 വർഷം ആരംഭിച്ചു.

11. സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ.)-കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകടസാധ്യതകളിൽനിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മിനിമം ഇൻഷ്വറൻസ് പരിരക്ഷ നൽകാൻവേണ്ടി MSME ഇൻഷ്വറൻസ് പദ്ധതി വ്യവസായ വകുപ്പ് ആരംഭിച്ചു.

12. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉൽപന്നങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതത് തദ്ദേശ സ്ഥാപനങ്ങൾ ഈ ഉൽപന്നങ്ങളുടെ സാധ്യത പരിശോധിച്ച്, താൽപര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പാക്കാനും പ്രസ്തുത ഉൽപന്നങ്ങളുടെ മൂല്യവർധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ

സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

13. കേരളത്തിൽ നിർമ്മിക്കുന്ന ഉൽപന്നങ്ങൾ/നൽകുന്ന സേവനങ്ങൾ എന്നിവയ്ക്ക് ഒരു ആഗോള ഗുണനിലവാരം കൊണ്ടുവരികയും അതുവഴി ഈ ഉൽപന്നങ്ങൾ/സേവനങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിലുള്ള വിപണന സാധ്യത കൂട്ടുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ "കേരളാബ്രാൻഡ്" പദ്ധതി വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നു.

14. സംസ്ഥാനത്തെ ഭൗമസൂചിക (GI) ലഭിച്ചിട്ടുള്ള വിവിധ ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്കനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനായും ഇത്തരം ഉൽപന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിങ് പോർട്ടൽ ആരംഭിച്ചു.

15. സംസ്ഥാനത്തിന്റെ വാണിജ്യ മേഖലയിൽ സാമ്പത്തിക വളർച്ചയും സുസ്ഥിര വികസനവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ രൂപീകരിച്ച വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ 2023-ലെ പുതിയ

വ്യവസായ നയത്തിനനുസൃതമായി കാര്യക്ഷമമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 29-01-2024-ലെ സ. ഉ. (കൈ) നം.5/2024/ID പ്രകാരം വ്യവസായ വകുപ്പിനുകീഴിൽ ഒരു പ്രത്യേക ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്.

16. വ്യവസായ ആവശ്യത്തിനായുള്ള സ്ഥല ലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കുന്നതിന് ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതി മാർഗരേഖ നിലവിൽ വന്നിട്ടുണ്ട്.

(ബി) ഇതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

സംരംഭക വർഷം പദ്ധതി: 2022-23 സംരംഭക വർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിരുന്നു. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെ തൊഴിൽ സൃഷ്ടിക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം,

സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 1,39,840 പുതിയ സംരംഭങ്ങൾ, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8422 കോടി രൂപയുടെ നിക്ഷേപവും 3,00,051 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഈ പദ്ധതിയുടെ തുടർച്ചയെന്നോണം സംരംഭക വർഷം 2.0 എന്ന പേരിൽ പദ്ധതി വിഭാവനം ചെയ്യുകയും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ 103596 പുതിയ സംരംഭങ്ങൾ കേരളത്തിൽ രൂപീകരിക്കപ്പെട്ടു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 7048.65 കോടി രൂപയുടെ നിക്ഷേപവും 2,18,179 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. തുടർച്ചയായ രണ്ടാംവർഷവും സംസ്ഥാനത്ത് ഒരു ലക്ഷത്തിൽപ്പരം സംരംഭങ്ങൾ രൂപീകരിച്ചുകൊണ്ട് വ്യവസായ വകുപ്പ് അഭിമാന നേട്ടം കൈവരിച്ചു. പദ്ധതിയുടെ 2 വർഷത്തെ

കാലയളവിൽ കേരളത്തിൽ 2,43,436 പുതിയ സംരംഭങ്ങൾ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 15470 കോടി രൂപയുടെ നിക്ഷേപവും 5,18,231 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. മൂന്നാം വർഷവും പദ്ധതി തുടരുന്നുണ്ട്. നിലവിലുള്ള എം. എസ്. എം. ഇ.-കളെ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിന് സഹായം നൽകുന്ന പദ്ധതി (Mission 1000), തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for Revival of MSMEs with stressed asset, Defunct MSME Units and Cashew Processing Units) 2022-23 സാമ്പത്തിക വർഷം സർക്കാർ സംരംഭകത്വ വർഷമായി ആചരിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കിയ 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി എന്നിവയെല്ലാം സംസ്ഥാനത്തെ

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതികളാണ്.

(സി) എന്തെല്ലാം ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളുമാണ് സംരംഭകർക്ക് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് പുതുതായി സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി

2. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാൻറ് പദ്ധതി

3. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

4. മാനുഫാക്ച്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

5. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിടസംരംഭങ്ങളായും ചെറുകിടസംരംഭങ്ങളിൽനിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിന് സഹായം നൽകുന്ന പദ്ധതി

6. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി

7. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി

8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

9. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

നിലവിലുള്ള ചെറുകിട-ഇടത്തരം സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. വി-മിഷൻ പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിപ്രകാരം അവരുടെ സംരംഭം വിപുലീകരിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി പരമാവധി 50 ലക്ഷം രൂപവരെ ഈടില്ലാതെ ലോൺ നൽകിവരുന്നു. നിലവിൽ 7.5% പലിശ നിരക്കിൽ ആറ് വർഷത്തേയ്ക്കാണ് പ്രസ്തുത വായ്പ നൽകുന്നത്.

ഭക്ഷ്യസംസ്കരണ വ്യവസായ യൂണിറ്റുകൾ

138(6013) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനത് കാർഷിക ഉൽപന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉണ്ട്;

കേരളത്തിന്റെ തനത് കാർഷിക ഉൽപന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1) വ്യവസായ വകുപ്പ് മുഖാന്തരം നടപ്പാക്കുന്ന കേന്ദ്ര ഭക്ഷ്യ-വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minsters Formalization of Micro Food Processing Enterprises) വഴി സൂക്ഷ്മ-ഭക്ഷ്യ-സംസ്കരണ

മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതിപ്രകാരമുള്ള സ്ഥിരമൂലധനത്തിന്റെ 35% പരമാവധി 10 ലക്ഷം രൂപവരെയാണ് സബ്സിഡി.

ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ആവശ്യമായ സഹായ സഹകരണങ്ങൾക്ക് നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ പദ്ധതി നിർവഹണത്തിൽ ജില്ലാ നോഡൽ പോയിന്റായി പ്രവർത്തിക്കുന്നു. ഗുണഭോക്താക്കൾക്ക് ഹാൻഡ് ഹോൾഡിംഗ് പിന്തുണ ലഭ്യമാക്കുന്നതിനായി ജില്ലാതലത്തിൽ റിസോഴ്സ് പേഴ്സൺസിനെ (DRP) നിയമിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനും ബാങ്ക് വായ്പയെടുക്കുന്നതിനും FSSAI-യുടെ ഭക്ഷ്യ മാനദണ്ഡങ്ങളും ഉദ്യോഗ് ആധാർ, ജി.എസ്.ടി. തുടങ്ങിയുള്ള ആവശ്യമായ രജിസ്ട്രേഷനും ലൈസൻസുകളും നേടുന്നതിനും ഈ റിസോഴ്സ് പേഴ്സൺ വ്യക്തിഗത യൂണിറ്റുകൾക്കും സംഘങ്ങൾക്കും ഹാൻഡ് ഹോൾഡിംഗ് പിന്തുണ നൽകുന്നതാണ്.

പ്രസ്തുത പദ്ധതിപ്രകാരം ആരംഭിക്കുന്ന സംരംഭങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും ധനസഹായങ്ങളും താഴെപ്പറയുന്നു.

- വ്യക്തിഗത സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ്-ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി പദ്ധതിപ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% പരമാവധി പരിധി 10 ലക്ഷം രൂപ.

- ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPOs)/പ്രൊഡ്യൂസർ കോർപ്പറേറ്റീവ്സ് പദ്ധതിപ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% ക്രെഡിറ്റ്-ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി.

- സ്വയം സഹായ ഗ്രൂപ്പുകൾ (സ്വയം സഹായ സംഘങ്ങൾ) -പ്രവർത്തനമൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്വാശ്രയ സംഘത്തിലെ ഓരോ അംഗത്തിനും 40,000 രൂപ ഈ പദ്ധതിപ്രകാരം നൽകും.

- വ്യക്തിഗത SHG അംഗത്തിനുള്ള പിന്തുണയും സ്വാശ്രയതലത്തിലുള്ള ഫെഡറേഷന് മൂലധന നിക്ഷേപത്തിനുള്ള പിന്തുണയും-ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് @ 35%, പരമാവധി തുക 10 ലക്ഷം രൂപ.

- പൊതു ഇൻഫ്രാസ്ട്രക്ച്ചറിനുള്ള സഹായം - എഫ്.പി.ഒ.-കൾ, സ്വാശ്രയ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, ഏതെങ്കിലും സർക്കാർ ഏജൻസി അല്ലെങ്കിൽ സ്വകാര്യ സംരംഭങ്ങൾ എന്നിവയ്ക്ക് 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ്, പരമാവധി 3 കോടി രൂപ നൽകുന്നു. പദ്ധതിച്ചെലവ് 10 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

- ബ്രാൻഡിംഗ്, മാർക്കറ്റിംഗ് എന്നിവയ്ക്കുള്ള സഹായം-എഫ്.പി.ഒ.-കൾ/സ്വാശ്രയ സംഘങ്ങൾ/സഹകരണ സംഘങ്ങൾ അല്ലെങ്കിൽ മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസുകളുടെ SPV എന്നിവയ്ക്കാണ് സഹായം നൽകുന്നത്. പദ്ധതി ചെലവിന്റെ 50% ആണ് പരമാവധി സഹായം.

2) പ്രദർശനമേളകൾ: സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിന് സഹായിക്കുന്നതിനായി ജില്ലകളിൽ MSME എക്സിബിഷനുകൾ നടത്തിവരുന്നു. ഇതുകൂടാതെ സംരംഭകർക്കാവശ്യമായ യന്ത്രങ്ങൾ പരിചയപ്പെടുത്തുന്നതിന്

സംസ്ഥാനതലത്തിൽ മെഷിനറി എക്സ്പോയും ഭക്ഷ്യഉൽപന്നങ്ങളുടെ പ്രദർശന വിപണനത്തിനായി അഗ്രോ-ഫുഡ്പ്രോയും നടത്തിവരുന്നു.

കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തരം നടപ്പാക്കിവരുന്ന താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾപ്രകാരമുള്ള ആനുകൂല്യങ്ങൾ കേരളത്തിന്റെ തനത് കാർഷിക ഉൽപന്നങ്ങളിലധിഷ്ഠിതമായി പ്രവർത്തിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും ലഭ്യമാണ്:

1. സംരംഭക സഹായ പദ്ധതി

2. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി

3. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

4. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

5. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിന് സഹായം നൽകുന്ന പദ്ധതി.

6. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവും ആയ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി.

7. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP).

കിൻഫ്ര

കേരളത്തിന്റെ തനത് കാർഷിക ഉൽപന്നങ്ങളിലധിഷ്ഠിതമായ ഭക്ഷ്യ സംസ്കരണവും മൂല്യവർധിത പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന്, സംസ്ഥാനത്ത് "ഫുഡ് പാർക്കുകൾ" എന്ന പേരിൽ ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് പ്രത്യേകമായി കിൻഫ്ര വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ കിൻഫ്ര ഭക്ഷ്യ സംസ്കരണ പാർക്ക്, മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ സ്പെഷ്യൽ എക്കണോമിക് സോൺ (അഗ്രോ പ്രോസസ്സിംഗ്), പത്തനംതിട്ട ജില്ലയിലെ അടൂരിൽ കിൻഫ്ര ഭക്ഷ്യ സംസ്കരണ പാർക്ക്, എറണാകുളം ജില്ലയിലെ മഴുവന്നൂരിൽ കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്-ഫുഡ് സോൺ, പാലക്കാട് ജില്ലയിലെ

കോഴിപ്പാറയിൽ കിൻഫ്ര മെഗാ ഫുഡ് പാർക്ക്, കിൻഫ്ര സീഫുഡ് പാർക്ക് (സംയുക്തസംരംഭം) അരൂർ, ആലപ്പുഴ തുടങ്ങിയ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

കിൻഫ്ര ഇടുക്കി ജില്ലയിലെ തൊടുപുഴ മുട്ടത്ത് കിൻഫ്ര സ്പൈസസ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെ മൂല്യവർധന വഴി കർഷകർക്ക് മികച്ച വിലയും സ്ഥിരമായ വിപണിയും ലഭിക്കുന്നതിന് സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കിൻഫ്ര ഈ പാർക്ക് വികസിപ്പിക്കുന്നത്. പ്രസ്തുത പാർക്ക് ഇടുക്കി മേഖലയിലെ സുഗന്ധവ്യഞ്ജന കർഷകർക്ക് ഊർജം പകരുന്നതോടൊപ്പം സംരംഭകർക്ക് സുഗന്ധവ്യഞ്ജന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രസ്തുത പാർക്കിൽ അവസരം ലഭിക്കും.

കാർഷിക ഉൽപന്നങ്ങളുടെ (നെല്ല്) മൂല്യവർധനം ലക്ഷ്യമാക്കി കിൻഫ്ര നടപ്പാക്കുന്ന പ്രധാന പദ്ധതിയാണ് റൈസ് ടെക്നോളജി പാർക്ക്. ഇതിന്റെ ഭാഗമായി പാലക്കാട് മെഗാഫുഡ് പാർക്കിൽ 5 ഏക്കർ സ്ഥലത്ത് ഒന്നാമത്തെ റൈസ് പാർക്കിന്റെയും ആലപ്പുഴയിലെ ചെങ്ങന്നൂരിൽ 5.2

ഏക്കറിൽ സ്ഥാപിക്കുന്ന രണ്ടാമത്തെ റൈസ് പാർക്കിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) മത്സ്യം, മാംസം എന്നിവയെ വിവിധ ഉൽപന്നങ്ങളാക്കി മാറ്റാൻ കഴിയുന്ന സാങ്കേതികവിദ്യ നമ്മുടെ ഗവേഷണ സ്ഥാപനങ്ങളിൽ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്;

കേരളാ വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിക്ക് കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന മീറ്റ് ടെക്നോളജി യൂണിറ്റ് മാംസാധിഷ്ഠിത ഭക്ഷ്യ-സംസ്കരണ മേഖലയിൽ ഗവേഷണം നടത്തുന്ന സ്ഥാപനമാണ്. കൂടാതെ കൊച്ചിയിൽ പ്രവർത്തിക്കുന്ന സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി എന്ന സ്ഥാപനം മത്സ്യ സംസ്കരണ മേഖലയിൽ ഗവേഷണം നടത്തുന്ന സ്ഥാപനമാണ്. ഈ ഗവേഷണ സ്ഥാപനങ്ങൾ വികസിപ്പിച്ചിട്ടുള്ള സാങ്കേതികവിദ്യ മത്സ്യം, മാംസം എന്നിവയിലധിഷ്ഠിതമായ വ്യവസായ സംരംഭകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

139(6014) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിവിവരവും വിശദമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതി വിവരവും ചുവടെ കൊടുക്കുന്നു:

എണ്ണം	പദ്ധതി	അനുവദിച്ച തുക
1	പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി	608.69 ലക്ഷം രൂപ 256 സംരംഭകർക്ക് അനുവദിച്ചു.
2	സംരംഭക സഹായ പദ്ധതി	54.7 ലക്ഷം രൂപ 24 സംരംഭകർക്ക് അനുവദിച്ചു.
3	നാനോ മാർജിൻ മണി	32.96 ലക്ഷം രൂപ 15 സംരംഭകർക്ക്

	ഗ്രാന്റ് പദ്ധതി	അനുവദിച്ചു.
4	ഒരു കുടുംബം ഒരു സംരംഭം പദ്ധതി	3.96 ലക്ഷം രൂപ 27 സംരംഭകർക്ക് അനുവദിച്ചു.
5	പ്രധാനമന്ത്രി ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി	70.16 ലക്ഷം രൂപ 33 സംരംഭകർക്ക് അനുവദിച്ചു.
6	വ്യവസായ ഭദ്രതാ പലിശ ഇളവ് പദ്ധതി	4.57 ലക്ഷം രൂപ 30 സംരംഭകർക്ക് അനുവദിച്ചു.
7	സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി	0.27 ലക്ഷം രൂപ 35 സംരംഭങ്ങൾക്ക് അനുവദിച്ചു.

(ബി) മാവേലിക്കര മണ്ഡലത്തിൽ എത്ര ചെറുകിട സംരംഭകർക്ക് അനുമതിയും സഹായവും ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ?

420 ചെറുകിട സംരംഭകർക്ക് വിവിധ പദ്ധതികളിലൂടെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. 68 സംരംഭകർക്ക് കെ-സ്വിഫ്റ്റ് പോർട്ടൽ വഴി സംരംഭം ആരംഭിക്കുന്നതിനുള്ള അറിയിപ്പും നൽകിയിട്ടുണ്ട്.

പരമ്പരാഗത/കാർഷിക മൂല്യവർധിത വ്യവസായങ്ങളുടെ നവീകരണം

140(6015) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളിലും കാർഷിക മൂല്യവർധിത വ്യവസായങ്ങളിലും എത്രപേർ തൊഴിൽ ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

- പരമ്പരാഗത വ്യവസായ മേഖലയായ കയർ മേഖലയിൽ 21,000-ത്തോളം തൊഴിലാളികളും കൈത്തറിമേഖലയിൽ 14124-ഓളം നെയ്ത്തുകാരും ഖാദി മേഖലയിൽ നിലവിൽ 12500-ഓളം തൊഴിലാളികളും ജോലി ചെയ്തുവരുന്നു.

- മുള മേഖലയിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനുമായി ബന്ധപ്പെട്ട് 1500 ഈറ്റ വെട്ട് തൊഴിലാളികളും 3300 പനമ്പ് നെയ്ത്ത് തൊഴിലാളികളും കോർപ്പറേഷനിൽനിന്നും ഈറ്റ ശേഖരിച്ച് മുളയധിഷ്ഠിത ഉൽപന്നങ്ങൾ നിർമ്മിക്കുന്ന ഏഴായിരത്തോളം തൊഴിലാളികളുമുണ്ട്.

- കശുവണ്ടി മേഖലയിൽ കാഷ്യൂ കോർപ്പറേഷനിലും കാപ്പക്സിലുമായി നിലവിൽ പതിനാറായിരത്തോളം തൊഴിലാളികളും കശുവണ്ടി ആശ്വാസ ക്ഷേമനിധി ബോർഡിൽ 260148 രജിസ്റ്റേർഡ് അംഗങ്ങളും 59491 ലൈവ് അംഗങ്ങളുമാണ് നിലവിലുള്ളത്.

- പരമ്പരാഗത കരകൗശല മേഖലയിൽ കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ലേബർ ഡാറ്റാ രജിസ്ട്രേഷൻ മുഖാന്തരം 19612 പേരും കൂടാതെ PM Viswakarma രജിസ്ട്രേഷനിൽ 44,368 പേരും നിലവിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. കൂടാതെ കരകൗശല മേഖലയിൽ ഒന്നര ലക്ഷത്തോളം പേരും തൊഴിൽ ചെയ്തുവരുന്നതായി കണക്കാക്കുന്നു.

- ഭക്ഷ്യ സംസ്കരണ (Food Processing) യൂണിറ്റുകളിൽ കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർധനയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിരിക്കുന്നത്. കിൻഫ്രയിലെ ഫുഡ് പാർക്കുകളിൽ വിവിധ ഭക്ഷ്യ സംസ്കരണ യൂണിറ്റുകളിലായി 4686

പേർ ജോലി ചെയ്യുന്നു (5 ഫുഡ് പാർക്കുകളും 1 സംയുക്ത സംരംഭ പാർക്കും). മറ്റ് കിൻഫ്ര പാർക്കുകളിലുള്ള ഭക്ഷ്യ സംസ്കരണ യൂണിറ്റുകളിൽ 4243 പേർ ജോലി ചെയ്യുന്നു.

- വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ വ്യവസായ ജാലകം പോർട്ടൽ, സംരംഭക വർഷം പോർട്ടൽ എന്നിവയിലെ കണക്കുപ്രകാരം ഭക്ഷ്യ-കാർഷിക മേഖലയിൽ 258185 തൊഴിലാളികളുണ്ട്.

(ബി) പ്രസ്തുത മേഖലകളുടെ നവീകരണത്തിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

- കയർ മേഖലയിൽ നവീകരണത്തിനായി പശ്ചാത്തല സൗകര്യ വികസനവും യന്ത്രവൽക്കരണവും നടപ്പാക്കിയിട്ടുണ്ട്. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി സ്ഥാപിച്ച ഉപകരണങ്ങളുടെയും യന്ത്രസാമഗ്രികളുടെയും അറ്റകുറ്റപ്പണികൾക്കും കാലാനുസൃതമായ പരിഷ്കരണങ്ങൾക്കും

പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിപണിമൂല്യവും ഗുണമേന്മയുമുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് പരമ്പരാഗത തൊഴിലാളികൾക്കാവശ്യമായ നൈപുണ്യ വികസന/ പരിശീലന പരിപാടികളും നൽകിവരുന്നുണ്ട്.

- പരമ്പരാഗത വ്യവസായ മേഖലകളുടെ നവീകരണത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ രൂപപ്പെടുത്താമെന്നത് കണക്കിലെടുത്ത് കൈത്തറി മേഖലയിലും നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

- കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കൈത്തറി മേഖലയുടെ വികസനത്തിനുമായി ഹാന്റ്ലൂം മാർക്ക് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ഉയർന്ന ഗുണമേന്മയുള്ള വൈകല്യങ്ങളില്ലാത്ത കൈത്തറി ഉൽപന്നങ്ങൾക്ക് മാത്രമേ ഹാന്റ്ലൂം മാർക്ക് നൽകുകയുള്ളൂ. ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുകയും കൈത്തറി

ഉൽപന്നങ്ങൾ തിരയുന്ന ഉപഭോക്താക്കൾക്ക് യഥാർഥ കൈത്തറി ഉൽപന്നങ്ങൾ ലഭ്യമാക്കുകയും ഇതുവഴി ചെയ്യാനാകും.

- കൂടാതെ കൈത്തറി വസ്ത്രങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി "ക" എന്ന പേരിൽ ബ്രാൻഡിംഗ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

- ഖാദി വസ്ത്ര മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി ആധുനികവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഖാദി നെയ്ത്ത്/നൂല്പ് ഉപകരണങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി ഡ്യുവൽ ഡ്രീവൻ മെക്കാനിസമുള്ള ചർക്ക തയ്യാറാക്കി വിതരണം ചെയ്തുവരുന്നു. ഖാദി മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി.-യെ ചുമതലപ്പെടുത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് short term, long term പ്ലാനുകൾ നടപ്പാക്കിവരുന്നു.

- ഖാദിയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ഖാദി ഉൽപന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഖാദി മാർക്ക് റെഗുലേഷൻസ് 2013-ലെ മാനദണ്ഡങ്ങൾക്കനുസരിച്ച ഖാദിമാർക്ക് ടാഗ് ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ നടപ്പാക്കിയിട്ടുണ്ട്. (ഖാദി ഉൽപന്നം പ്രകൃതിദത്ത നാരുകളായ പരുത്തി, കമ്പിളി, പട്ട് എന്നിവയാൽ കൈകൊണ്ട് നൂൽക്കുകയും നെയ്യുകയും ചെയ്യുകൊണ്ട് നിർമ്മിച്ചിരിക്കുന്നതെന്നാണ് ഖാദി മാർക്ക് സൂചിപ്പിക്കുന്നത്). ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ ഖാദി സ്ഥാപനങ്ങൾക്ക് ഖാദി സർട്ടിഫിക്കറ്റ് നൽകുന്നു. ഖാദി തുണിത്തരങ്ങളുടെ ഗുണമേന്മ ഖാദി ടെക്നിക്കൽ ജീവനക്കാർ പരിശോധിച്ച് ഉറപ്പുവരുത്തുന്നു. കൂടാതെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബോർഡിന്റെ ഉടമസ്ഥതയിൽ കണ്ണൂർ ഏറ്റുകുടുക്കയിൽ സ്ലൈവർ നിർമ്മാണ പ്ലാന്റ് സ്ഥാപിച്ച് സ്ലൈവർ ഉൽപാദിപ്പിച്ച് നൂല്പ് കേന്ദ്രങ്ങൾക്ക് വിതരണം ചെയ്യുന്നു.

- കരകൗശല മേഖലകളുടെ നവീകരണത്തിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും സർക്കാർ സഹായത്തോടെ പുതിയ ഉൽപന്നങ്ങൾ വികസിപ്പിക്കുക, ഉൽപന്നങ്ങളുടെ പുതിയ ഡിസൈനുകൾ സൃഷ്ടിക്കുക, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപാദനവും വിപണനവും വർധിപ്പിക്കുക എന്നിവ കരകൗശല വികസന കോർപ്പറേഷൻ വഴി നടത്തിവരുന്നു.

- ഉമയനല്ലൂരിൽ മരപ്പണിക്കാർക്കുള്ള കോമൺ ഫെസിലിറ്റി സെന്റർ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പരമ്പരാഗത സ്വർണ്ണ തൊഴിലാളികൾക്കുവേണ്ടി Gem & Jewellery Skill Council of India-യും National Skill Council of India-യുമായിച്ചേർന്ന് ഗോൾഡ് അപ്രൈസർ ട്രെയിനിംഗിനുവേണ്ടിയുള്ള പദ്ധതി കാഡ്കോ നടപ്പാക്കിയിട്ടുണ്ട്.

- പന ഉൽപന്നങ്ങളുടെ കരകൗശല നിർമ്മാണ യൂണിറ്റ് സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കെൽപാം മുഖാന്തരം നടത്തിവരുന്നു. പനയുൽപന്നങ്ങളായ പനം കരുപ്പെട്ടി, പനം കൽക്കണ്ടം, ഔഷധ കാപ്പി, കരുപ്പെട്ടി കാപ്പി തുടങ്ങിയവയുടെ ട്രേഡിങ്ങിനായി ഉൽപന്നങ്ങളെ സർക്കാർ ലാബിൽ ടെസ്റ്റ് ചെയ്ത്, ഗുണമേന്മ ഉറപ്പുവരുത്തി കെൽപാം മുഖേന വിപണനം ചെയ്തുവരുന്നു. കൂടാതെ വ്യാപകമായ രീതിയിൽ പനം നൊങ്കുൽപന്നങ്ങൾ ഗുണമേന്മയേറിയ നിലയിൽ പ്രോസസ്സ് ചെയ്ത് സംഭരിച്ച് വർഷം മുഴുവനും വിപണനം ചെയ്യുന്നതിന് നൊങ്ക് പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

- ജീവനോപാധികൾ നഷ്ടപ്പെട്ട അവസ്ഥയിലുള്ള ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനം ഉറപ്പുവരുത്തുകയും ആധുനികവൽക്കരണത്തിനുള്ള മൂലധനസഹായവും പലിശസഹായവും നൽകുന്നതിനായി 7

കോടി രൂപ 2022-23-ലെ ബഡ്ജറ്റിൽ വകയിരുത്തുകയും ഇതിൽ 2.24 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ 2023-24 സാമ്പത്തിക വർഷം ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ഇതിൽ 37.28 ലക്ഷം രൂപ ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം, ഭാഗിക യന്ത്രവൽക്കരണം എന്നിവയ്ക്കായി സർക്കാർ അനുവദിച്ചനൽകിയിട്ടുള്ള തുക വിനിയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികൾ ആധുനികവത്ക്കരിച്ചിട്ടുള്ളതും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളുൾപ്പെടെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

- മുള മേഖലയുടെ നവീകരണത്തിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി കേരള സംസ്ഥാന ബാംബൂ മിഷന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. സംസ്ഥാന ബാംബൂ മിഷൻ മുഖേന സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിൽ പങ്കെടുത്ത ഉൽപന്ന കരകൗശലക്കാരുടെ പ്രക്രിയകളിലുള്ള പോരായ്മകൾ വിലയിരുത്തിയശേഷം മൂല്യവർധിത ഉൽപാദനത്തിലേക്ക് നയിക്കുംവിധം അവരുടെ ഉൽപന്നങ്ങളുടെ ഗുണമേന്മയും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനുവേണ്ടി കരകൗശല പ്രവർത്തകരുടെ യൂണിറ്റുകൾക്കും സ്വയംസഹായ സംഘങ്ങൾക്കും ആവശ്യമായ ടൂൾസും അനുബന്ധ ലഘു ഉപകരണങ്ങളും സംസ്ഥാന ബാംബൂ മിഷൻ നൽകിവരുന്നു.

- കേരളത്തിൽ ഭക്ഷ്യസംസ്കരണവും മൂല്യവർധിത പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി കിൻഫ്ര സംസ്ഥാനത്ത് "ഫുഡ് പാർക്കുകൾ" എന്ന പേരിൽ ഭക്ഷ്യസംസ്കരണ മേഖലയ്ക്ക്

മാത്രമായി വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ഫുഡ് പാർക്കുകളിൽ ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കാൻ വിവിധ നിക്ഷേപകർ നിക്ഷേപം നടത്തിവരുന്നു.

- ഫുഡ് പാർക്കിലുള്ള ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ കൂടാതെ, കിൻഫ്രയുടെ മറ്റുള്ള 15 പാർക്കുകളിലായി 161 ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

- ഭക്ഷ്യസംസ്കരണത്തെ പിന്തുണയ്ക്കുന്നതിനായി കിൻഫ്രയുടെ ഫുഡ് പാർക്കുകളിൽ മലിനജല ശുദ്ധീകരണ പ്ലാന്റുകൾ, ജലശുദ്ധീകരണ പ്ലാന്റുകൾ, കോൾഡ് സ്റ്റോറേജുകൾ, ക്വാളിറ്റി കൺട്രോൾ ലാബുകൾ തുടങ്ങിയ പൊതുസൗകര്യങ്ങൾ ലഭ്യമാണ്.

- കാർഷിക മൂല്യവർധിത വ്യവസായ മേഖലകളുടെ നവീകരണത്തിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി കേരളത്തിലെ MSME-കളിൽനിന്നും തിരഞ്ഞെടുത്ത 1000 MSME-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോടി വിറ്റുവരവുള്ള ബിസിനസ്സുകളായി ഉയർത്തുകയെന്ന

ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി (മിഷൻ 1000) വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ വ്യവസായ വകുപ്പുവഴി നടപ്പാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) വഴി സൂക്ഷ്മ-ഭക്ഷ്യസംസ്കരണ മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

- കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി വെളിച്ചെണ്ണയാണ് കേരളാ ബ്രാൻഡ് നൽകുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്.

പരമ്പരാഗത മുള വ്യവസായ മേഖലയിലെ നിലവാരം ഉയർത്തുന്നതിനുള്ള നടപടി

141(6016) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത മുള വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടെയും സംരംഭകരുടെയും ജീവിതനിലവാരം ഉയർത്തുന്നതിനും മുളയും അനുബന്ധ മേഖലകളിലുള്ള സംരംഭകത്വ പ്രക്രിയയും പുതുമയും ത്വരിതപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

- മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശലക്കാരുടെയും വിദഗ്ധരുടെയും ഉന്നമനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

- കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന പരിശീലനം നൽകുന്നു.

- കരകൗശലക്കാരുടെ കഴിവുകൾ മനസ്സിലാക്കി അനുയോജ്യമായ നൈപുണ്യ വികസനം/ഉൽപന്ന ഗുണമേന്മ എന്നിവ വർധിപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുന്നു.

- പരിശീലകർക്കുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

- കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നു.

- പുതുമയാർന്ന ഉൽപന്നങ്ങളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കുന്നു.

- മുള അനുബന്ധ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനായി ദേശീയ-അന്തർദേശീയ വിപണന മേളകളിൽ കരകൗശലക്കാരെ പങ്കെടുപ്പിക്കുന്നു.

- മുള ഉൽപന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

- വാർഷികമേളയായ കേരള ബാംബൂ ഫെസ്റ്റ് 2004 മുതൽ തുടർച്ചയായി സംസ്ഥാനത്ത് സംഘടിപ്പിക്കുന്നു.

- കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന്റെ കീഴിലെ നാഷണൽ ബാംബൂ മിഷൻ പദ്ധതികൾ കേരളത്തിൽ നടപ്പാക്കുന്നത് ബാംബൂ ഡെവലപ്മെൻറ് ഏജൻസിയായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാംബൂ മിഷനാണ്.

- മുള വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടെയും സംരംഭകരുടെയും ജീവിതനിലവാരം ഉയർത്തുന്നതിനും മുളയും അനുബന്ധ മേഖലകളിലുള്ള സംരംഭകത്വ പ്രക്രിയയും പുതുമയും ത്വരിതപ്പെടുത്തുന്നതിനുവേണ്ടി കേരളത്തിൽ സംസ്ഥാന ബാംബൂ മിഷൻ എൻ.ജി.ഒ./സൊസൈറ്റി/ഗ്രൂപ്പുകൾ മുഖേന മുളകൊണ്ട്

കരകൗശല വസ്തു നിർമ്മാണ മേഖലയിൽ വിവിധതരം പരിശീലന പരിപാടികൾ നൽകിവരുന്നു.

- മുള ഉൽപന്ന നിർമ്മാണ പരിശീലന പരിപാടികളും നൈപുണ്യ വികസന പരിശീലന പരിപാടിയും പരിശീലകർക്കുള്ള പരിശീലന പരിപാടി.

- കൂടാതെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈന്റെ (NID) സഹകരണത്തോടുകൂടി മുള മേഖലയിലെ ആധുനികവും നൂതനവുമായ സാങ്കേതികവിദ്യ കരകൗശലക്കാർക്ക് പകർന്നുനൽകുന്നതിനും മുള മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് പുതുമയുള്ളതും വ്യത്യസ്തവുമായ ഉൽപന്നങ്ങൾ വികസിപ്പിക്കുന്നതിനുമായി ഡിസൈൻ വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചുവരുന്നു.

- സംസ്ഥാന ബാംബൂ മിഷൻ മുഖേന സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിൽ പങ്കെടുത്ത കരകൗശലക്കാരുടെ ഉൽപന്ന പ്രക്രിയകളിലുള്ള പോരായ്മകൾ വിലയിരുത്തിയതിനുശേഷം

മൂല്യവർധിത ഉൽപാദനത്തിലേയ്ക്ക് നയിക്കുംവിധം അവരുടെ ഉൽപന്നങ്ങളുടെ ഗുണമേന്മയും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനുവേണ്ടി കരകൗശല പ്രവർത്തകരുടെ യൂണിറ്റുകൾക്കും സ്വയംസഹായ സംഘങ്ങൾക്കും ആവശ്യമായ ടൂൾസും അനുബന്ധ ലഘു ഉപകരണങ്ങളും സംസ്ഥാന ബാംബൂ മിഷൻ നൽകിവരുന്നു.

- സംസ്ഥാനത്തെ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധർ/സംരംഭകർ/എൻ.ജി.ഒ./എസ്.എച്ച്.ജി. എന്നിവരുടെ ഉൽപന്നത്തിന്റെ വിപണനം വർധിപ്പിക്കുന്നതിനും കാലാനുസൃതമായി ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യവത്ക്കരിക്കുന്നതിനും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും കേരള സംസ്ഥാന ബാംബൂ മിഷൻ അങ്കമാലിയിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ഹെഡ് ഓഫീസ് പരിസരത്ത് ബാംബൂ ഇന്നവേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

- കേരളത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും സംഘടിപ്പിക്കുന്ന വിവിധ ദേശീയ-അന്തർദേശീയ വിപണന മേളകൾ, ബിസിനസ്സ് മീറ്റുകൾ എന്നിവയിൽ പ്രതിനിധികളെ സംസ്ഥാന ബാംബൂ മിഷൻ പങ്കെടുപ്പിക്കുന്നു. കൂടാതെ മുള മേഖലയിലെ വിപണന വികസനത്തിനായി സംസ്ഥാന ബാംബൂ മിഷൻ നടത്തുന്ന പ്രധാന പ്രവർത്തനങ്ങളിലൊന്നാണ് വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ്.

20-ാമത് കേരള ബാംബൂ ഫെസ്റ്റ് എറണാകുളം ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്തിൽ 2024 ജനുവരി 12 മുതൽ 17 വരെ സംഘടിപ്പിച്ചു. 200 സ്റ്റാളുകളിലായി കേരളത്തിൽനിന്നും മറ്റ് 10 സംസ്ഥാനങ്ങളിൽനിന്നുമായി 386 കരകൗശല തൊഴിലാളികളും മുള അനുബന്ധ സ്ഥാപനങ്ങളും കേരള ബാംബൂ ഫെസ്റ്റിൽ പങ്കെടുത്തു.

2024-25 സാമ്പത്തിക വർഷത്തിൽ കേരള ബാംബൂ ഫെസ്റ്റിന്റെ 21-ാമത് എഡിഷൻ 2024 ഡിസംബർ മാസം കൊച്ചിയിൽ സംഘടിപ്പിക്കുവാനുദ്ദേശിക്കുന്നു. 200 സ്റ്റാളുകളിലായി മുള കരകൗശല

തൊഴിലാളികളും മുള അനുബന്ധ സ്ഥാപനങ്ങളും കേരള ബാംബൂ ഫെസ്റ്റിൽ പങ്കെടുപ്പിക്കും.

ബാംബൂ കോർപ്പറേഷൻ സംസ്ഥാന ബാംബൂ മിഷൻ വഴി നാഷണൽ ബാംബൂ മിഷന്റെ ഫണ്ടുപയോഗിച്ച് കോതമംഗലത്ത് മുളയുൽപന്നങ്ങളുടെ നിർമ്മാണ പരിശീലനത്തിനായി കേന്ദ്രത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത കേന്ദ്രത്തിൽ മെഷിനറികളുപയോഗിച്ച് മുളയുൽപന്നങ്ങളുടെ നിർമ്മാണ പരിശീലനം നൽകുന്നതിന് സാധിക്കുന്നതാണ്.

മുള പ്ലാന്റേഷൻ, മുള നഴ്സറികളുടെ വികസനം, ബിസിനസ്സ് ഇൻകുബേഷൻ സെന്റർ, മുള സംസ്കരണ പ്ലാന്റ്, പ്രോസസ്സിംഗ് യൂണിറ്റ്, കരകൗശല നിർമ്മാണ യൂണിറ്റ് തുടങ്ങിയ പദ്ധതികൾക്കുവേണ്ടി നാഷണൽ ബാംബൂ മിഷനിൽനിന്നും സാമ്പത്തിക സഹായവും സംസ്ഥാന വിഹിതവും ചേർത്ത് വിവിധ സർക്കാർ/പ്രൈവറ്റ് ഏജൻസികൾ മുഖേന ബാംബൂമിഷൻ പ്രോജക്ടുകൾ നടപ്പാക്കിവരുന്നു.

(ബി) പ്രസ്തുത മേഖലകളിലെ തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദമാക്കാമോ?

ബാംബൂ കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രസ്തുത മേഖലകളിലെ തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ ഈറ്റ നൽകിവരുന്നു.

ബാംബൂ ബസാറിന്റെ പ്രവർത്തനം

142(6017) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷന്റെ നേതൃത്വത്തിൽ കോതമംഗലത്ത് പണി കഴിപ്പിച്ചിട്ടുള്ള ലൈവ്‌ലിഹുഡ് ബിസിനസ് ഇൻകുബേഷൻ സെന്റർ ആൻഡ് ബാംബൂ ബസാർ-ന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കോതമംഗലത്ത് പണി കഴിപ്പിച്ചിട്ടുള്ള ലൈവ്‌ലിഹുഡ് ബിസിനസ് ഇൻകുബേഷൻ സെന്റർ ആൻഡ് ബാംബൂ ബസാർ പണി പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം താമസംവിനാ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം താമസംവിനാ ആരംഭിക്കുന്നതാണ്.

വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ

143(6018) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ 2021-22, 2022-23, 2023-24 വർഷങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് നിലനിർത്തുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മത്സരക്ഷമത ഉറപ്പുവരുത്തുന്നതിനുമായി ഓരോ സ്ഥാപനത്തിന്റെയും മാസ്റ്റർ പ്ലാൻ തയ്യാറാക്കി 9467.35 കോടി രൂപയുടെ ഹ്രസ്വ/ഇടക്കാല/ദീർഘകാല പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിവരികയും 2023-24 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങൾ

4452.85 കോടി രൂപയുടെ മൊത്ത വിറ്റുവരവ് രേഖപ്പെടുത്തുകയും ചെയ്യുകയുണ്ടായി.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കൈവരിച്ച പൊതുവായ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- ഇന്ത്യയുടെ ചാന്ദ്ര പര്യവേക്ഷണമായ ചന്ദ്രയാൻ 3 ദൗത്യത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ KMML, TCCL, SIFL, KELTRON, SIDCO എന്നിവ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.

- കൂടാതെ ഇന്ത്യയുടെ ആദ്യത്തെ സൗരപര്യവേക്ഷണ ദൗത്യത്തിൽ വ്യവസായ വകുപ്പിനുകീഴിലുള്ള കെൽട്രോൺ, എസ്.ഐ.എഫ്.എൽ., ടി.സി.സി.എൽ. എന്നീ സ്ഥാപനങ്ങൾ വിവിധ മേഖലകളിലേയ്ക്കുള്ള സേവനങ്ങൾ ISRO-യ്ക്ക് നൽകുകയും ഇപ്രകാരം മിഷനിൽ പങ്കാളികളാകുകയും ചെയ്തിട്ടുണ്ട്.

- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മത്സരക്ഷമമാക്കുക എന്ന സർക്കാരിന്റെ വികസന നയത്തിന്റെ

ഭാഗമായി കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡും സംയുക്ത സംരംഭമായ ഭെൽ-ഇ.എം.എൽ.-ഉം ഏറ്റെടുത്ത് സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളാക്കി യഥാക്രമം കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കെൽ-ഇ.എം.എൽ എന്ന പേരിൽ പ്രവർത്തനം പുനരാരംഭിച്ച് പ്രവർത്തനപുരോഗതി കൈവരിച്ചുവരുന്നു.

വ്യവസായ വകുപ്പിന്റെ കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ മേൽ വർഷങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ 2021-22, 2022-23, 2023-24 വർഷങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ ഭരണ സമിതികളിലേയ്ക്ക് സർക്കാർ നിയമിച്ച അംഗങ്ങളുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണ സമിതികളിൽ (ഡയറക്ടർ ബോർഡ്) നിയമിച്ച അംഗങ്ങളുടെ നിലവിലെ വിവരം അനുബന്ധമായി ചേർക്കുന്നു.+

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ

144(6019) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാധ്യതകളും പരിമിതികളും തിരിച്ചറിഞ്ഞുകൊണ്ട് വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അന്തരീക്ഷം സൃഷ്ടിക്കുന്നതിനും കർമ്മപരിപാടി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് നിക്ഷേപത്തിനും സംരംഭകത്വത്തിനും അനുകൂലമായ ഒരു വ്യാവസായിക ഇക്കോസിസ്റ്റം സൃഷ്ടിക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർഥ്യബോധത്തോടെ വ്യവസായ നയം, 2023 നിലവിൽ വന്നിട്ടുണ്ട്.

കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകാനും അതിലൂടെ

ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവൽക്കരണം സാധ്യമാക്കാനും പുതിയ വ്യവസായനയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം തുറന്നുതരുന്ന വിപുലമായ സാധ്യതകളെ സമർഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ടുവയ്ക്കുന്നു.

വ്യവസായ വാണിജ്യ മേഖലയിൽ സംസ്ഥാന സർക്കാർ പുതിയതായി ആവിഷ്കരിച്ചുവരുന്ന നയങ്ങളും പദ്ധതികളും അടിസ്ഥാനമാക്കി വ്യവസായ സംരംഭകത്വത്തിന് ഊന്നൽ നൽകുന്ന രീതിയിൽ പുറപ്പെടുവിച്ച പുതിയ നിയമനിർമ്മാണങ്ങളും നിയമഭേദഗതികളും മുൻനിർത്തി കേരളത്തെ പരിസ്ഥിതി സൗഹൃദരീതിയിൽ ശക്തമായ നിക്ഷേപ സംസ്ഥാനമാക്കി മാറ്റുന്നതിനും സംയോജിത നടപടികളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് സമഗ്രമായ വ്യവസായനയം ആവിഷ്കരിച്ചിട്ടുള്ളത്. പരിവർത്തന കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് കഴിയുന്നതരത്തിൽ സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം സജ്ജമാക്കുന്നതിനും നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിക്കുന്നതിനും

നവീനാശയങ്ങൾ വളർത്തുന്നതിനും തദ്വാര സുസ്ഥിര വ്യാവസായികാന്തരീക്ഷം സൃഷ്ടിക്കുന്നതിനും സഹായകരമായ രീതിയിൽ 7 സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുവയ്ക്കുന്ന രീതിയിലാണ് കേരള വ്യവസായനയം 2023 അംഗീകരിച്ച് ഉത്തരവായിട്ടുള്ളത്.

ഏവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്ന ആരോഗ്യകരമായ സംരംഭകത്വ അന്തരീക്ഷം സൃഷ്ടിക്കുകയെന്നത് വ്യവസായ നയത്തിന്റെ ലക്ഷ്യമാണ്. ആശയ രൂപീകരണത്തിനും നിർവഹണത്തിനുമുള്ള ഇൻകുബേറ്റർ, ധനസഹായം, എളുപ്പത്തിലുള്ള വായ്പാലഭ്യത, നൈപുണ്യ വികസനവും പരിശീലനവും, നിക്ഷേപ സഹായ കേന്ദ്രങ്ങൾ എന്നിവ വഴി സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ വ്യവസായ വകുപ്പ് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായികാന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ നയം ലക്ഷ്യമിടുന്നു. വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ

കൈവരിക്കുന്നതിന് ചുവടെ നൽകിയിരിക്കുന്ന ഏഴ് സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം ആവശ്യമാണ്;

1. സംരംഭകത്വ പ്രോത്സാഹനം.

2. അടിസ്ഥാന സൗകര്യമൊരുക്കൽ.

3. ഹൈടെക് സാങ്കേതികവിദ്യയിലേയ്ക്കുള്ള മാറ്റം.

4. നൈപുണ്യ വികസനം.

5. വ്യവസായ സൗഹൃദ അന്തരീക്ഷം.

6. കേരളം എന്ന ബ്രാൻഡിനെ വളർത്തുക.

7. മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായവൽക്കരണം.

വ്യവസായ നയത്തിൽ 22 മുൻഗണനാമേഖലകൾ പ്രഖ്യാപിക്കുകയും അത്തരം സംരംഭങ്ങൾക്കായി 18 സഹായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ

സംരംഭങ്ങൾക്ക് ബാങ്കുകൾവഴി വർക്കിങ് ക്യാപ്പിറ്റൽ ലോൺ ലഭ്യമാക്കാൻ വ്യവസായ വകുപ്പ് ബാങ്കുകളുമായി ധാരണയിലെത്താനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ടോ; വിശദമാക്കാമോ?

എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) നടപ്പാക്കുന്നുണ്ട്.

കൂടാതെ ബാങ്ക് വായ്പയെടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശയിന്മേൽ സഹായം ലഭ്യമാക്കുന്നതിനുള്ള "ഒരു കുടുംബം ഒരു സംരംഭം" പദ്ധതി വ്യവസായ വകുപ്പുവഴി നടപ്പാക്കിവരുന്നുണ്ട്.

(സി) കടം കൊടുക്കുന്നത് തിരികെ കിട്ടാനുള്ള താമസം കാരണം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ നേരിടുന്ന സാമ്പത്തിക ഞെരുക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനായി റിസർവ് ബാങ്ക് ട്രേഡ് റിസീവബിൾസ് ഇലക്ട്രോണിക് ഡിസ്കൗണ്ടിംഗ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

16-05-2022-ലെ G.O. (MS) No.40/2022/ID പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിനുകീഴിലുള്ള എല്ലാ സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ/സൊസൈറ്റികൾ എന്നിവ ഉൾപ്പെടുന്ന എല്ലാ അപ്പെക്സ് കോ-ഓപ്പറേറ്റീവുകൾക്കും MSME-കളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള TReDS-ൽ പങ്കെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ ഫൈനാൻസിയർമാർ മുഖേന ലഭിക്കുന്ന തുക പണമാക്കി മാറ്റി പ്രവർത്തനമൂലധനമാക്കി ഉപയോഗിക്കാൻ MSME-കൾക്ക് സൗകര്യമൊരുക്കാൻ സജ്ജീകരിച്ച ഓൺലൈൻ പ്ലാറ്റ്ഫോമാണ് TReDS. കൃത്യസമയത്ത് ലഭിക്കേണ്ട തുകകൾ എൻക്യാഷ് ചെയ്യുക, ക്രെഡിറ്റ് റിസ്ക് പരമാവധി ഇല്ലാതാക്കുക എന്നിവയാണ് ഈ പ്ലാറ്റ്ഫോമിന്റെ പ്രധാന ലക്ഷ്യം. ഇൻവോയ്സ്മാർട്ട്, റിസീവബിൾസ് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ (RXIL), മൈൻഡ് സൊല്യൂഷൻസ് (M1 എക്സ്ചേഞ്ച്) എന്നിവയാണ് രാജ്യത്തെ മൂന്ന് പ്രധാന TReDS പ്ലാറ്റ്ഫോമുകൾ.

(ഡി) കേരളത്തിൽ വളരെ കുറച്ച് സംരംഭങ്ങൾ മാത്രമേ ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുള്ളുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും എം.എസ്.എം.ഇ.-കളും ട്രേഡ്സ് പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രോത്സാഹന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ TReDS പ്ലാറ്റ്ഫോമിൽ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി, "കേരളീയം" പരിപാടിയുമായി ബന്ധപ്പെട്ട് 2023 നവംബർ 4-ന് തിരുവനന്തപുരത്ത് Board for Public sector Transformation (BPT)-യുമായി സഹകരിച്ച് എല്ലാ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും ശില്പശാല നടത്തി. എല്ലാ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ ശില്പശാലയിൽ പങ്കെടുത്തു. ഇൻവോയ്സ്മാർട്ട്, റിസീവബിൾസ് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ (ആർ.എക്സ്.ഐ.എൽ.), മൈൻഡ് സൊല്യൂഷൻസ് (എം.1 എക്സ്ചേഞ്ച്) എന്നിവയുടെ പ്രതിനിധികൾ അവതരണം നടത്തി. TReDS പ്ലാറ്റ്ഫോമിൽ അവരെ പിന്തുടരുന്നതിന് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും

കോൺടാക്ട് വിശദാംശങ്ങൾ ഏജൻസികൾക്ക് കൈമാറി. വ്യവസായ വകുപ്പ് മുഖേന MSME യൂണിറ്റുകൾക്കായി നടപ്പാക്കുന്ന ശില്പശാലകളിലും സെമിനാറുകളിലും TReDS സംബന്ധിച്ച വിവരണം നൽകാറുണ്ട്.

എസ്.ഐ.പി. നിക്ഷേപ പദ്ധതികൾ

145(6020) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്ക് മടങ്ങിവരാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്കായി സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്ക് സഹായകരമാകുംവിധത്തിലുള്ള സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാനുകൾ (എസ്.ഐ.പി.) ആസൂത്രണം ചെയ്ത് നടപ്പാക്കാമോ; വിശദാംശം നൽകാമോ?

കേരളത്തിലേയ്ക്ക് മടങ്ങിവരാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്കായി സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്ക് സഹായകരമാകുംവിധത്തിലുള്ള സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാനുകൾ (എസ്.ഐ.പി.) നടപ്പാക്കുന്ന കാര്യം പരിഗണനാർഹമാണ്. പ്രവാസി ക്ഷേമത്തിനുവേണ്ടി കേരളത്തിൽ

നോർക്ക ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന നിക്ഷേപ പദ്ധതി ചുവടെ കൊടുക്കുന്നു.

പ്രവാസി ഡിവിഡന്റ് പദ്ധതി

ദീർഘകാല നിക്ഷേപ പദ്ധതിയാണിത്. പ്രവാസികൾക്ക് 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപവരെ നിക്ഷേപിക്കാവുന്നതാണ്. കിഫ്ബിക്ക് കൈമാറുന്ന ഈ തുക സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നു. നിക്ഷേപകർക്ക് നിക്ഷേപ തീയതി മുതൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 10% വാർഷിക നിരക്കിലുള്ള ഡിവിഡന്റ് പ്രതിമാസം ലഭിക്കുന്നു. ആദ്യ മൂന്ന് വർഷങ്ങളിലെ ഡിവിഡന്റ് നിക്ഷേപത്തോടൊപ്പം കൂട്ടിച്ചേർത്ത തുകയ്ക്കാണ് ലഭിക്കുന്നത്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിന് സ്ഥിരം സംവിധാനം നടപ്പാക്കുമോ; വ്യക്തമാക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങളിൽ കമ്പനി നേരിട്ട് നടത്തുന്ന ഇന്റേണൽ ആഡിറ്റും കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ മുഖേനയുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്റും പെർഫോമൻസ് ആഡിറ്റും നിലവിലുണ്ട്.

മലപ്പുറം സഹകരണ സ്പിന്നിങ് മില്ലിൽ സഹകരണ നിയമം

സെക്ഷൻ 80 നടപ്പാക്കൽ

146(6021) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിനുകീഴിലെ മലപ്പുറം സഹകരണ സ്പിന്നിങ് മിൽ ലാഭകരമാക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്നുള്ള വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം സഹകരണ സ്പിന്നിങ് മില്ലിൽ, ആധുനികവൽക്കരണ പദ്ധതി നടപ്പാക്കി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓട്ടോകോണർ, എൽ.എം.ഡബ്ല്യൂ. സിംപ്ലക്സ് മെഷീനുകൾ എന്നിവ സ്ഥാപിച്ചു.

മില്ലിന്റെ ആധുനികവൽക്കരണത്തിനായി 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 175 ലക്ഷം രൂപ, 160 ലക്ഷം രൂപ എന്നിങ്ങനെ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം ടെക്സ്ഫെഡിന്റെ കീഴിലുള്ള സഹകരണ സ്പിന്നിങ് മില്ലുകളുടെ പുനരുദ്ധാരണത്തിനുള്ള സമഗ്ര പദ്ധതിയിൻകീഴിൽ മലപ്പുറം സഹകരണ സ്പിന്നിങ് മില്ലിന് അസംസ്കൃത വസ്തുവായ പരുത്തി വാങ്ങുന്നതിനായി 59.145 ലക്ഷം രൂപയും റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. കൂടാതെ, പ്രസ്തുത പദ്ധതിയിൻകീഴിൽ കോട്ടൺ ബോർഡ് മുഖേന പരുത്തി വാങ്ങുന്നതിലേയ്ക്കായി 2024-25 സാമ്പത്തിക വർഷം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായുള്ള നൂൽ ഉൽപാദനവും വിതരണവും നിലവിൽ പ്രസ്തുത മിൽ നടത്തിവരുന്നു.

(ബി) പ്രസ്തുത മില്ലിൽ അംഗീകൃത ജീവനക്കാർക്ക് സഹകരണ നിയമം 80 എന്നുമുതലാണ് നടപ്പാക്കിയിട്ടുള്ളത്; നടപ്പാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

പ്രസ്തുത മില്ലിൽ സഹകരണ നിയമം 80 നടപ്പാക്കിയിട്ടില്ല. മലപ്പുറം സഹകരണ സ്പിന്നിങ് മിൽ ഉൾപ്പെടെയുള്ള സ്പിന്നിങ് മില്ലുകളിൽ സെക്ഷൻ 80 നടപ്പാക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ നയപരമായ

തീരുമാനമെടുക്കുന്നതിനായി കൈത്തറി ഡയറക്ടറോട് കൂടുതൽ വിവരങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

കൂടാതെ, പ്രസ്തുത മില്ലിൽ സെക്ഷൻ 80 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മില്ലിലെ സംയുക്ത ട്രേഡ് യൂണിയനുകൾ പരാതി സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയം പരിശോധിച്ചുവരുന്നു.

(സി) 29-02-2016-ലെ സ. ഉ. (സാധാ) നം.226/16 എന്ന ഉത്തരവ് മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് നടപ്പാക്കാത്തതുസംബന്ധിച്ച് എന്തെങ്കിലും കേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ഉത്തരവ് എന്നത്തേയ്ക്ക് നടപ്പാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

(സി&ഡി) 29-02-2016-ലെ സ.ഉ.(സാധാ)നം. 226/16 പ്രകാരം സംസ്ഥാനത്തെ സഹകരണ മില്ലുകളിൽ കേരള സംസ്ഥാന സഹകരണ നിയമത്തിലെ വകുപ്പ് 80 നടപ്പാക്കുന്നതിന്റെ ഭാഗമായി മില്ലുകളെ സ്പിൻഡിൽ കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ 4 വിഭാഗമായി തരം തിരിക്കുകയുണ്ടായി.

അതോടൊപ്പം ഓരോ വിഭാഗത്തിലെയും സ്റ്റാഫ് സ്ട്രെംങ്ത്തും നേരിട്ടുള്ള നിയമനം/പ്രമോഷൻ എന്നിവയ്ക്കുള്ള യോഗ്യത, മുൻപരിചയം, തസ്തിക എന്നിവയും സ്പിൻഡിൽ കപ്പാസിറ്റിക്കനുസരിച്ച ശമ്പള സ്കെയിലും അംഗീകരിച്ച് ഉത്തരവായിരുന്നു.

ഈ ഉത്തരവിനനുസൃതമായി മലപ്പുറം സഹകരണ സ്പിന്നിങ് മില്ലിലെ സ്റ്റാഫ് സ്ട്രെംങ്ത് അംഗീകരിച്ചും ശമ്പളം പരിഷ്കരിച്ചും 16-03-2024-ൽ കൈത്തറി ഡയറക്ടർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവ് മില്ലിൽ നടപ്പാക്കാത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസുകൾ നിലവിലുള്ളതായി കാണുന്നില്ല. എന്നാൽ സഹകരണ സ്പിന്നിങ് മില്ലുകളിൽ സഹകരണ നിയമം 80 നടപ്പാക്കാത്തതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ WP(C) 18643/18 കേസ് നിലവിലുണ്ട്.

സംരംഭകേ വർഷം പദ്ധതി – കോട്ടയം ജില്ലയിൽ ആരംഭിച്ച സംരംഭങ്ങൾ

147(6022) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിൽ പുതിയതായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിൽ 01-07-2024 വരെ പുതുതായി 14878 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

Sl No	Sector Name	Unit Started
1	Agro food, Beverage, Meat/Fish Product and Processing	3525
2	Automobile Service/Repair	568
3	Biotechnology	4
4	Building Materials, Construction, Architecture, Structural Designing	509
5	Chemical Products	113
6	Drugs and Pharmaceuticals including Ayurveda	183
7	Electrical & Electronics Products and Services, IT and Mobile Hardware, Cable TV, Internet	649
8	Energy and Renewable Energy	28
9	Garments and Textiles, Tailoring, Boutique, Apparal Designing, Ornaments	1976
10	General Engineering & Precision Engineering (Steel, Iron etc. Products/fabrication)	259
11	Glass Products	32

12	Handloom, Coir & Handicraft items	42
13	Information Technology/Artificial Intelligence/Robotics/BPM	109
14	Knowledge Services, Training/Coaching Centres	395
15	Leather Products	38
16	Medical/Hospital equipments, Medical Labs	294
17	Organic/Chemical Fertilizers	57
18	Other manufacturing activities	166
19	Other service Activities	784
20	Paper Products	141
21	Personal Care Product and Services, Cosmetics, Wellness, Gymnasium, Martial Arts, Yoga	754
22	Plastic Products	43
23	Recycling, Waste Management	13
24	Rubber Products	72
25	Trade activity	3253
26	Travel and Tourism, Hospitality	233
27	Video/Photo Processing, Media & Entertainment, Event Management, Printing & Publishing, DTP	454
28	Wood Products	181
	Not defined	3
	Total	**14878**

(ബി) പ്രസ്തുത സംരംഭങ്ങളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിൽ 01-07-2024 വരെ 30072 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു.

നാദാപുരം മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന ബാംബൂ വ്യവസായസംരംഭം

148(6023) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ കീഴിൽ നാദാപുരം മണ്ഡത്തിലെ വളയം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന വ്യവസായ സംരംഭത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് 2011-ൽ നല്ലളത്ത് ബാംബൂ ഫ്ളോറിങ് ടൈൽ നിർമ്മാണ യൂണിറ്റ് ആരംഭിച്ചത്.

ഹൈടെക് ബാംബൂ ഫ്ളോറിങ് ടൈൽ ഫാക്ടറി പ്രവർത്തനം ആരംഭിച്ചതോടൊപ്പം നാദാപുരം ഫീഡർ യൂണിറ്റും പ്രവർത്തനം ആരംഭിച്ചു. ഹൈടെക് ബാംബൂ ഫ്ളോറിങ് ടൈൽ ഫാക്ടറി, മുളയിൽനിന്നും തറയോടുകൾ നിർമ്മിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച സംരംഭമാണ്. ബാംബൂ ഫ്ളോറിങ് ടൈൽ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ആദ്യഘട്ട സംസ്കരണം വഴി സ്ട്രിപ്പ് നിർമ്മിക്കുക എന്നതായിരുന്നു നാദാപുരം ഉൾപ്പെടെയുള്ള ഫീഡർ യൂണിറ്റുകളുടെ ഉദ്ദേശ്യം. ചൈനയിലും തയ്വാനിലും മറ്റും വളരെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഇത്തരത്തിലുള്ള അനേകം യൂണിറ്റുകളുണ്ടെന്നതിനാൽ അവർ ഉപയോഗിക്കുന്ന മെഷിനറികൾ തയ്വാനിൽനിന്നും ഇറക്കുമതി ചെയ്താണ് യൂണിറ്റ് സജ്ജീകരിച്ചത്. കേരളത്തിലെ വിവിധ വനമേഖലകളിൽ ലഭ്യമാകുന്ന കല്ലൻ മുളയാണ് ഫാക്ടറിക്ക് അസംസ്കൃത വസ്തുവായി ലഭിക്കുന്നത്. എന്നാൽ കല്ലൻ മുള യൂണിറ്റിലെ മെഷിനറികൾ ഉപയോഗിച്ച് പ്രോസസ്സ് ചെയ്യുമ്പോൾ ഏകദേശം 40% മാത്രമേ ഉപയോഗപ്രദമാകുകയുള്ളൂവെന്നും ചൈനീസ് മുളകളെ അപേക്ഷിച്ച്

കേരളത്തിലെ മുളകൾക്ക് കടുപ്പം കൂടുതലായതിനാൽ മെഷിനറിക്ക് കേടുപാടുകൾ സംഭവിക്കുന്നതായും കാണുന്നു. അസംസ്കൃത മുളയുടെ 60% പാഴാകുന്നതിനാൽ ഫ്ളോറിങ് ടൈൽ നിർമ്മാണം പരാജയമായി മാറുകയാണുണ്ടായത്. പ്രസ്തുത കാരണത്താൽ ഫാക്ടറിയുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ കോർപ്പറേഷൻ നിർബന്ധിതമായി. നല്ലളം യൂണിറ്റിന്റെ പ്രവർത്തനം നിലച്ചതോടുകൂടി നാദാപുരം ഫീഡർ യൂണിറ്റിന്റെ പ്രവർത്തനവും നിലച്ചു. എന്നിരുന്നാലും കോർപ്പറേഷൻ കയർ ഭ്രവസ്തും ഉറപ്പിക്കുന്നതിനുള്ള മുളയാണികളുടെ ഓർഡർ കണ്ണൂർ, കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, നാദാപുരം ഫീഡർ യൂണിറ്റിലും നല്ലളം യൂണിറ്റിലുമായി മുളയാണികളുടെ ഉൽപാദനം നടന്നുവരുന്നു.

ഒരു സാമ്പത്തിക വർഷം ഏകദേശം എഴുപത് ലക്ഷം രൂപയുടെ മുളയാണി നാദാപുരം യൂണിറ്റിൽ ഉൽപാദിപ്പിക്കുന്നു. കരാറടിസ്ഥാനത്തിൽ ദിവസവേതന വ്യവസ്ഥയിൽ പത്തോളം തൊഴിലാളികളും ഒരു സൂപ്പർവൈസറും ജോലി ചെയ്യുന്നു. ഈ യൂണിറ്റ് ഇപ്പോൾ ലാഭകരമായി

പ്രവർത്തിക്കുന്നുണ്ട്. 70 ലക്ഷം രൂപയുടെ വിറ്റുവരവിൽ ഏകദേശം 30 ലക്ഷം രൂപ ലാഭമാണ്. പഞ്ചായത്തുകളിൽനിന്നും സാമ്പത്തിക വർഷത്തിന്റെ അവസാനം മാത്രമേ വില്പനത്തുക ലഭിക്കുകയുള്ളൂവെന്നതിനാൽ തൊഴിലാളികൾക്ക് വേതനം നൽകുന്നതിനും അസംസ്കൃത വസ്തുവായ മുള വാങ്ങുന്നതിനും സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. എന്നിരുന്നാലും തൊഴിലാളികൾക്ക് അധിക കാലതാമസമില്ലാതെ വേതനം നൽകുന്നുണ്ട്. കയർ കോർപ്പറേഷൻ, കയർ ഫെഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനും വില്പനത്തുക സമയബന്ധിതമായി ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത വ്യവസായ സംരംഭം പുനരുജ്ജീവിപ്പിക്കാനായുള്ള നടപടികൾ ബാംബൂ കോർപ്പറേഷന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത വ്യവസായ സംരംഭം പുനരുജ്ജീവിപ്പിക്കാനായുള്ള പദ്ധതികൾ തയ്യാറാക്കിവരുന്നു.

വ്യവസായ സംരംഭം തുടങ്ങാൻ സുതാര്യ നടപടിക്രമങ്ങൾ

149(6024) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായസംരംഭം തുടങ്ങുന്നവർക്കായി സുതാര്യതയുള്ള എന്തെല്ലാം നടപടിക്രമങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ട് വഴി കേരളത്തിൽ വ്യവസായങ്ങൾക്കായുള്ള ഏകജാലക ലൈസൻസ് സംവിധാനം നിലവിലുണ്ട്. 2018-ലെ നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം, 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്ട് എന്നിവ വഴി ഭേദഗതികളുണ്ടായിട്ടുണ്ട്. ഈ നിയമത്തിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡും ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ ജില്ലാതല ഏകജാലക ക്ലിയറൻസ് ബോർഡുകളും

നിലവിലുണ്ട്. 15 കോടിയുടെ നിക്ഷേപം വരുന്ന പദ്ധതികൾ തുടങ്ങുന്നവർക്ക് ജില്ലാ ബോർഡിനെയും അതിനുമുകളിൽ നിക്ഷേപം വരുന്ന പദ്ധതികളാരംഭിക്കുന്നതിന് സംസ്ഥാന ബോർഡിനെയുമാണ് സമീപിക്കേണ്ടത്. ഇവ കൂടാതെ വ്യവസായ പ്രദേശങ്ങളിലും ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. അനുമതികൾ വേഗത്തിൽ സുതാര്യമായി ലഭ്യമാക്കുന്നതിന് ഏകജാലക സംവിധാനം സംരംഭകരെ സഹായിക്കുന്നു. അനുമതികൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് 'കെ-സ്വിഫ്റ്റ്' പോർട്ടലും പ്രവർത്തനസജ്ജമാണ്.

ഫയർ ആൻഡ് റെസ്ക്യൂ, ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂഗർഭജല വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, നഗരാസൂത്രണം, മൈനിങ് ആൻഡ് ജിയോളജി, ജില്ലാ മെഡിക്കൽ ഓഫീസർ, തൊഴിൽ വകുപ്പ്, കൃഷി വകുപ്പ്, അളവുതൂക്ക വകുപ്പ്, പുരാവസ്തു വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ഡ്രഗ്സ് കൺട്രോൾ വകുപ്പ്, എക്സൈസ് വകുപ്പ്, സ്റ്റേറ്റ് എൻവയോൺമെന്റ് ഇമ്പാക്ട് അസസ്മെന്റ് അതോറിറ്റി എന്നീ

വകുപ്പുകൾ 'കെ-സ്വിഫ്റ്റ്' എന്ന ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മൂന്നുവർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ ('കെ-സ്വിഫ്റ്റ്') മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്നുവർഷം കാലാവധി. മൂന്നുവർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ

നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, അപ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേയ്ക്ക് മാത്രം കെട്ടിടത്തിന് നൽകപ്പെട്ട താൽക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്.

സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേയ്ക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും അവയെ 'കെ-സ്വിഫ്റ്റ്' ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സേവനങ്ങളും മറ്റ് വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ

ഏകീകരിക്കുന്നതിനായി K-CIS (Kerala-Central Inspection System) സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, MSME ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപനതലങ്ങളിലുള്ള ഈ

സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിന് സഹായകരമാകുന്നുണ്ട്.

സംരംഭകർക്ക് വിവിധ വകുപ്പുകളിൽനിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപവരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിന് വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന സംരംഭകത്വ

പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്.

ഇപ്രകാരം MSME മേഖലയ്ക്ക് നൽകിയ വിവിധതരത്തിലുള്ള പ്രോത്സാഹനങ്ങളിലൂടെ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് റാങ്കിങ്ങിൽ 28-ാം സ്ഥാനത്തുനിന്നും 15-ാം സ്ഥാനത്തേയ്ക്ക് റാങ്ക് മെച്ചപ്പെടുത്താൻ കേരളത്തിന് സാധിച്ചിട്ടുണ്ട്.

പുതിയ വ്യവസായ സംരംഭകർ

150(6025) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തന ലാഭത്തിലുള്ളതെന്നും എത്ര വീതമാണ് പ്രവർത്തന ലാഭമെന്നും വ്യക്തമാക്കുമോ?

A Review of Public Enterprises in Kerala 2022-23 റിപ്പോർട്ടുപ്രകാരം സംസ്ഥാനത്ത് പ്രവർത്തനലാഭത്തിലുള്ള 57 പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) 2016-ൽ സർക്കാർ അധികാരമേൽക്കുമ്പോൾ പ്രവർത്തന ലാഭത്തിലുള്ളവ, നഷ്ടത്തിലുള്ളവ എന്നിവയുടെ അടിസ്ഥാനത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

A Review of Public Enterprises in Kerala 2015-16 റിപ്പോർട്ടുപ്രകാരം 2016-ൽ സർക്കാർ അധികാരമേൽക്കുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന ലാഭം/നഷ്ടം എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) വ്യവസായ മേഖലയിൽ സർക്കാർ സ്വീകരിച്ച നടപടികൾമൂലം പുതുതായി സംസ്ഥാനത്ത് എത്തിയ വ്യവസായ സംരംഭകർ ആരൊക്കെയെന്നും എത്ര കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റാണ് ഇതിലൂടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയംസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിനുണ്ടായതെന്നും എത്രപേർക്ക് ഇതിലൂടെ തൊഴിൽ ലഭിച്ചുവെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായമേഖലയിൽ സ്വീകരിച്ച നടപടികൾമൂലം 02-07-2024 വരെയുള്ള കണക്കുകൾപ്രകാരം സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ 2,68,150 സംരംഭങ്ങൾ ആരംഭിക്കുകയും ഇതുവഴി 17,729/- കോടി രൂപയുടെ നിക്ഷേപവും 5,93,070 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയുണ്ടായി. കിൻഫ്രയ്ക്ക് വിവിധ വ്യവസായ പാർക്കുകളിലായി 2746.36 കോടി രൂപയുടെ നിക്ഷേപവും 25616 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. വിവിധ പദ്ധതി നടത്തിപ്പിലൂടെ 1105.51 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കുകയും 8931 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സിഡ്കോയുടെ നിയന്ത്രണത്തിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ 75 കോടി രൂപയുടെ നിക്ഷേപവും 1574 തൊഴിലവസരങ്ങളും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

വാമനപുരം മണ്ഡലത്തിലെ ഒരു കുടുംബം ഒരു സംരംഭം പദ്ധതിപ്രകാരമുള്ള സംരംഭങ്ങൾ

151(6026) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടപ്പാക്കുന്ന 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര തുക ധനസഹായമായി ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

'ഒരു കുടുംബം ഒരു സംരംഭം പദ്ധതി'-യിലൂടെ വാമനപുരം മണ്ഡലത്തിൽ 7 സംരംഭകർക്ക് 86,989/- രൂപയുടെ ആനുകൂല്യം (പലിശ സബ്സിഡി) നൽകിയിട്ടുണ്ട്.

'ഉദ്യം' പോർട്ടൽ രജിസ്ട്രേഷൻ സംബന്ധിച്ച കണക്കുകൾ

152(6027) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഉദ്യം' പോർട്ടൽ നിലവിൽ വന്നത് എന്നാണെന്നും പ്രസ്തുത പോർട്ടലിൽ സംരംഭകത്വവുമായി ബന്ധപ്പെട്ട് നാളിതുവരെ രജിസ്റ്റർ ചെയ്ത സ്ത്രീ-പുരുഷ സംരംഭകരുടെ എണ്ണം എത്ര വീതമാണെന്നും വ്യക്തമാക്കുമോ?

2020 ജൂലൈ 1-ാം തീയതിയാണ് 'ഉദ്യം' പോർട്ടൽ നിലവിൽ വന്നത്. പ്രസ്തുത പോർട്ടലിൽ സംരംഭകത്വവുമായി ബന്ധപ്പെട്ട് നാളിതുവരെ ആകെ 6,36,246 സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ. നം.	ജില്ല	ആകെ എണ്ണം	സൂക്ഷ്മ സംരംഭങ്ങളുടെ എണ്ണം	ചെറുകിട സംരംഭങ്ങളുടെ എണ്ണം	ഇടത്തരം സംരംഭങ്ങളുടെ എണ്ണം
1.	ആലപ്പുഴ	37331	36400	883	48
2.	എറണാകുളം	90478	85271	4758	449
3.	ഇടുക്കി	20283	19693	567	23
4.	കണ്ണൂർ	45191	44096	1021	74
5.	കാസർഗോഡ്	21845	21359	463	23
6.	കൊല്ലം	42820	41454	1294	72
7.	കോട്ടയം	34566	33299	1181	86
8.	കോഴിക്കോട്	61888	60226	1513	149
9.	മലപ്പുറം	52581	51042	1446	93
10.	പാലക്കാട്	52138	50858	1171	109
11.	പത്തനംതിട്ട	21077	20607	445	25

12.	തിരുവനന്തപുരം	77752	76089	1552	111
13.	തൃശ്ശൂർ	62027	60093	1778	156
14.	വയനാട്	16269	15907	338	24
	ആകെ	**636,246**	**616,394**	**18,410**	**1442**

(ബി) പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പുരുഷ സംരംഭകരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ത്രീ സംരംഭകരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(ബി&സി) 'ഉദ്യം' പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ത്രീ/പുരുഷ സംരംഭകരുടെ വിവരങ്ങൾ നിലവിലെ ലോഗിൻ പ്രകാരം ലഭ്യമല്ല.

(ഡി) പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ത്രീ സംരംഭകരുടെ ജില്ലാടിസ്ഥാനത്തിൽ ജാതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

'ഉദ്യം' രജിസ്റ്റർ ചെയ്യുമ്പോൾ സ്ത്രീ സംരംഭകരുടെ ജാതി വിവരങ്ങൾ ആവശ്യപ്പെടുന്നില്ലെന്നതിനാൽ ജാതി തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ഇ) പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ത്രീ സംരംഭകരുടെ സാമ്പത്തിക വിഭാഗം (എ.പി.എൽ.-ബി.പി.എൽ.) തിരിച്ച് ജില്ലാടിസ്ഥാനമാക്കിയുള്ള കണക്ക് ലഭ്യമാക്കുമോ?

'ഉദ്യം' രജിസ്റ്റർ ചെയ്യുമ്പോൾ സാമ്പത്തിക വിവരങ്ങൾ ആവശ്യപ്പെടുന്നില്ലെന്നതിനാൽ സ്ത്രീ സംരംഭകരുടെ സാമ്പത്തിക വിഭാഗം (എ.പി.എൽ. - ബി.പി.എൽ.) സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(എഫ്) പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇ.ഡബ്ല്യൂ.എസ്. വിഭാഗത്തിൽപ്പെട്ട സ്ത്രീ സംരംഭകരുടെ എണ്ണം വ്യക്തമാക്കാമോ?

'ഉദ്യം' രജിസ്റ്റർ ചെയ്യുമ്പോൾ ഇ.ഡബ്ല്യൂ.എസ്. വിഭാഗത്തിൽപ്പെട്ട സ്ത്രീ സംരംഭകരുടെ വിവരങ്ങൾ ആവശ്യപ്പെടുന്നില്ലെന്നതിനാൽ ഇ.ഡബ്ല്യൂ.എസ്. വിഭാഗം സംബന്ധിച്ച കണക്ക് ലഭ്യമല്ല.

ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ സ്ഥലങ്ങൾ

153(6028) <u>ശ്രീ. കെ. പ്രേംകുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ എവിടെയെല്ലാം സ്ഥലങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളുടെ വിസ്തീർണ്ണം എത്രയാണെന്നും അവിടെ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു എന്നതിന്റെയും വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയ്ക്ക് ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിൽ 21.89 ഏക്കർ ഭൂമിയും ഡിഫൻസ് പാർക്കിൽ 60 ഏക്കർ ഭൂമിയുമുണ്ട്.

സിഡ്കോയ്ക്ക് ഒറ്റപ്പാലം മിനി വ്യവസായ എസ്റ്റേറ്റിൽ 1.19 ഏക്കർ ഭൂമിയും വാണിയംകുളം മിനി വ്യവസായ എസ്റ്റേറ്റിൽ 1 ഏക്കർ ഭൂമിയുമുണ്ട്. പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രീ എഞ്ചിനീയറിംഗ്, പ്രീ കാസ്റ്റ് നിർമ്മാണ വ്യവസായങ്ങൾ

154(6029) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർമ്മാണ മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പ്രീ എഞ്ചിനീയറിംഗ്, പ്രീ കാസ്റ്റ് നിർമ്മാണ വ്യവസായങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഉണ്ട്.

വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

കാസർഗോഡ്

- എം.കെ.സി.എൻ.സി. ടെക്നോളജി, കുണ്ടംകുഴി, ബേഡഡുക്ക ഗ്രാമപഞ്ചായത്ത് (ലേസർ കട്ട് ഫാബ്രിക്കേറ്റഡ് ഡോർസ്, വിൻഡോസ്)

മലപ്പുറം

- വെർനാൽ ഇൻഡസ്ട്രീസ് ഇൻകെൽ, ഗ്രീൻ സിറ്റി
- റൂഫ് & ഷെയ്ഡ് ഇൻകെൽ, ഗ്രീൻ സിറ്റി
- മെ. വെൽസ്ട്രക്ട്, മോങ്ങം
- ശിവശക്തി എഞ്ചിനീയറിങ് & ഫാബ്രിക്കേഷൻ, ചെമ്പിക്കൽ റോഡ്, കുറ്റിപ്പുറം
- ഐക്കൺ പ്രീകാസ്റ്റ് കൺസ്ട്രക്ഷൻ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, മാരവട്ടം
- കോർബൽ എഞ്ചിനീയറിങ്, കൂട്ടിലങ്ങാടി.

ആലപ്പുഴ

- ഓട്ടോകാസ്റ്റ് ലിമിറ്റഡ്, തിരുവിഴ
- സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK), മായിത്തറ

കണ്ണൂർ

- ഫാബിക്കോൺ ബിൽഡിങ് ടെക് പ്രൈവറ്റ് ലിമിറ്റഡ്, മൂരിയാട്

വയനാട്

- മെ. പി. എസ് ഫ്രെയിംസ്, പാറയ്ക്കൽ, മുട്ടിൽ

പാലക്കാട്

- മെ.ഇ-കൃബ് സ്ട്രക്ച്ചറൽ കംബൈൻസ് (ഫാക്ടറി), ഇടുക്കുപാറ, മുതലമട
- മെ.ടസ്റ്റ് സ്റ്റീൽ പി.ഇ.ബി. പ്രൈവറ്റ് ലിമിറ്റഡ്, നിഡ, കഞ്ചിക്കോട്
- മെ.വുഡ്സ് സ്ട്രക്ച്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, കിൻഫ്ര ഐ.ഐ.ടി. പാർക്ക് കഞ്ചിക്കോട്

എറണാകുളം

- ലീ ബിൽഡേഴ്സ് ആൻഡ് സിസ്റ്റംസ്
- സൂര്യ മെറ്റൽസ്
- ബേസ് എഞ്ചിനീയറിങ് വർക്ക്സ്
- കോതമംഗലം അഗ്രിഗേറ്റ്സ്
- സ്റ്റോങ് ഹോൾഡ് പ്രീഫാബ് പ്രൈവറ്റ് ലിമിറ്റഡ്

- ഹിൻഡാൽകോ ഇൻഡസ്ട്രീസ് ലിമിറ്റഡ്

- കൊച്ചി കാസ്റ്റിങ്സ് ആൻഡ് മാനുഫാക്ചറിങ് പ്രൈവറ്റ് ലിമിറ്റഡ്

തൃശ്ശൂർ

- ബ്രില്യന്റ് ഇന്റീരിയേഴ്സ്, കെ.എസ്. സക്കറിയ, പൊരി ബസാർ, അണ്ടൂർ റോഡ്, എസ്.എൻ. പുരം, കൊടുങ്ങല്ലൂർ

- കോൺ ഫേസ് പ്രൈവറ്റ് ലിമിറ്റഡ്, പ്രീ-കാസ്റ്റ് ത്രീഡി പ്രിന്റിംഗ്, പെരിങ്ങന്നൂർ, മുണ്ടൂർ, കൈപ്പറമ്പ് (ട്രയൽ റൺ പൂർത്തിയാക്കി അടുത്തമാസം പ്രവർത്തനമാരംഭിക്കാൻ ലക്ഷ്യമിടുന്നു.)

ചെറുകിട വ്യാപാര സ്ഥാപനങ്ങൾ

155(6030) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് നിരോധനത്തിന്റെ പേരിൽ ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്കുനേരെ മാത്രം നടപടി സ്വീകരിക്കുന്നതിനാൽ വലിയ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്താകെ ഇത്തരത്തിൽ പ്രതിസന്ധി നേരിടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ, മൂവാറ്റുപുഴ താലൂക്കുകളിൽ ഏകോപയോഗ പ്ലാസ്റ്റിക്കുൽപന്നങ്ങളുടെ നിർമ്മാണത്തിൽ പ്ലെയ്റ്റുകൾ, കപ്പുകൾ, പ്ലാസ്റ്റിക്കാവരണമുള്ള പേപ്പർ കപ്പ്, 500 മില്ലീലിറ്ററിൽ താഴെയുള്ള PET/PETE (പോളിയെത്തിലീൻ ടെറഫ്താലേറ്റ്) കുടിവെള്ളക്കുപ്പികൾ എന്നിവ നിർമ്മിക്കുന്ന എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് നിരോധനവുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ട് നേരിട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി ഏകോപയോഗ പ്ലാസ്റ്റിക്കുൽപന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകളെല്ലാംതന്നെ പരിസ്ഥിതി സൗഹൃദമായിട്ടുള്ള നിയമാനുസൃതമായ മൈക്രോൺ അളവുകൾ പാലിച്ചുകൊണ്ട് ഉൽപന്നങ്ങൾ നിർമ്മിക്കുന്ന ഉപകരണങ്ങൾ വാങ്ങുകയും ടി ഉൽപന്നങ്ങൾ വൈവിധ്യവൽക്കരണം നടത്തുകയും ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുനരുപയോഗിക്കാൻ കഴിയുന്ന പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് വഴി നടപ്പാക്കുന്ന സംരംഭ സഹായ പദ്ധതിയിൽ

മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തി അത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

(ബി) നിരോധിത പ്ലാസ്റ്റിക്കുൽപന്നങ്ങൾ ഉപയോഗിച്ചതിന് പിഴ ചുമത്തിയതിനെത്തുടർന്ന് സംസ്ഥാനത്ത് എത്ര ചെറുകിട വ്യാപാര സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്; ഇതുസംബന്ധിച്ച കണക്ക് ലഭ്യമാണോ; വിശദാംശം വ്യക്തമാക്കുമോ?

നിരോധിത പ്ലാസ്റ്റിക്കുൽപന്നങ്ങൾ ഉപയോഗിച്ചതിന് പിഴ ചുമത്തിയതിനെത്തുടർന്ന് സംസ്ഥാനത്ത് ചെറുകിട വ്യാപാര സ്ഥാപനങ്ങൾ പൂട്ടിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) ചെറുകിട വ്യാപാരികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉൽപാദന-സേവന-വ്യാപാര മേഖലകളിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന MSME-ഇൻഷ്വറൻസ് എന്ന പദ്ധതി 2023-2024 സാമ്പത്തികവർഷം മുതൽ നടപ്പാക്കുന്നുണ്ട്. 2023 ഏപ്രിൽ ഒന്നിനുശേഷം ഇൻഷ്വർ ചെയ്തിട്ടുള്ള

സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% തുക (പരമാവധി 2500 രൂപ) സബ്സിഡി നൽകുന്നു.

ഐ.ടി. അധിഷ്ഠിത വ്യവസായ മേഖലയിലെ തൊഴിലവസരങ്ങൾ

156(6031) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഐ.ടി. അധിഷ്ഠിത വ്യവസായ മേഖലയിൽ എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഐ.ടി. മേഖലയിൽ 67275-ഓളം തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഐ.ടി അധിഷ്ഠിത സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ 23452 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ വിവിധ ഐ.ടി. പാർക്കുകളിലായി എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

147200-ഓളം പേർ നിലവിൽ ജോലി ചെയ്യുന്നുണ്ട്.

നിർമ്മാണ മേഖലയിലെ ക്ഷാമവും വിലക്കയറ്റവും നിയന്ത്രിക്കുന്നതിന്

157(6032) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർമ്മാണ മേഖലയിലെ ക്ഷാമവും വിലക്കയറ്റവും നിയന്ത്രിക്കാനുതകുന്ന തരത്തിൽ ക്വാറി പ്രവർത്തനവും മണൽ ഖനനവും സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ഖനനത്തിനനുയോജ്യമായ സ്ഥലങ്ങൾ റവന്യൂ വകുപ്പ് കണ്ടെത്തി വരികയാണ്. സർക്കാർ പുറമ്പോക്ക് ഭൂമിയിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഖനനാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഒരു ജില്ലയിൽത്തന്നെ ക്വാറി ഉൽപന്നങ്ങളുടെ ലഭ്യത, ആവശ്യകത, ക്വാറികളിൽനിന്നും പ്രധാന റോഡുകളിലേയ്ക്കുള്ള ഗതാഗത സൗകര്യം തുടങ്ങിയവ ആശ്രയിച്ച് ഓരോ മേഖലയിലും വ്യത്യസ്തമായ വിലയാണ് നിലവിലുള്ളത്. ആയത് നിരീക്ഷിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ ക്വാറി/ക്രഷർ

ഉടമകളുടെയും തൊഴിലാളി യൂണിയനുകളുടെയും ഉപഭോക്താക്കളുടെയും യോഗം ചേർന്ന് ഉൽപാദനച്ചെലവിന് ആനുപാതികമായി മാത്രമേ വിലവർധന പാടുള്ളൂ എന്ന തീരുമാനം കൈക്കൊള്ളുകയുണ്ടായി. ആയത് പ്രകാരമുള്ള വിലയാണ് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇപ്പോൾ നിലവിലുള്ളത്. സംസ്ഥാനത്തെ പുഴകളിൽനിന്ന് മണൽ ഖനനം സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

മംഗലാപുരം – കൊച്ചി പ്രകൃതിവാതക ലൈൻ രൂപീകരണം

158(6033) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലാപുരം-കൊച്ചി പ്രകൃതിവാതക ലൈൻ രൂപീകരിച്ചതിനെത്തുടർന്ന് വീടുകളിൽ പാചകാവശ്യത്തിനായി പ്രകൃതിവാതകം എന്നുമുതൽ നൽകാൻ കഴിയുമെന്നും എപ്പോൾ മുതൽ വ്യവസായ വാണിജ്യസ്ഥാപനങ്ങൾക്കുള്ള ഇന്ധനമായി നൽകാൻ കഴിയുമെന്നും അറിയിക്കാമോ?

ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന സ്ഥാപനത്തിനാണ് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പാക്കാൻ PNGRB-യിൽനിന്നും അംഗീകാരം ലഭിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിൽ 2016 മുതലും പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ 2022 മുതലും തൃശ്ശൂർ ജില്ലയിൽ 2023 മുതലും ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ 2018 മുതലും പാലക്കാട് ജില്ലയിൽ 2022 മുതലും കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ 2023 മുതലും മലപ്പുറം ജില്ലയിൽ 2024 മുതലും തൽപരരായ വ്യവസായ/വാണിജ്യ സ്ഥാപനങ്ങളിൽ പ്രകൃതി വാതകം നൽകി തുടങ്ങിയിട്ടുണ്ട്.

എ.ജി.പി. സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പാക്കാൻ PNGRB-യിൽനിന്നും അംഗീകാരം ലഭിച്ചിട്ടുള്ളത്. എ.ജി.പി. സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ്,

കൊച്ചിയിൽനിന്നും ദ്രവീകൃത പ്രകൃതി വാതകം റോഡ് മാർഗം കൊണ്ടുവന്ന് തിരുവനന്തപുരത്തും ചേർത്തലയിലുമുള്ള പ്ലാന്റിലെത്തിച്ച് വാതകമാക്കി പൈപ്പ് ലൈനിലൂടെ വാണിജ്യ, ഗാർഹിക ഉപഭോക്താക്കൾക്ക് പ്രകൃതിവാതക വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്. കൂടാതെ വ്യാവസായിക ആവശ്യത്തിന് ദ്രവീകൃത പ്രകൃതി വാതകം നേരിട്ട് നൽകുന്നുമുണ്ട്.

പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പാക്കാൻ PNGRB-യിൽനിന്നും അംഗീകാരം ലഭിച്ചിട്ടുള്ളത് ഷോളഗാസ്കോ ലിമിറ്റഡിനാണ്.

കോട്ടയം ജില്ലയിൽ 2024 ഫെബ്രുവരി മാസം മുതൽ സി.എൻ.ജി. വിതരണം ആരംഭിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസത്തോടുകൂടി ഗാർഹിക ഉപഭോക്താക്കൾക്ക് പ്രകൃതിവാതക വിതരണം ചെയ്തുതുടങ്ങുന്നതാണ്.

(ബി) ഗെയ്ൽ പൈപ് ലൈൻ പൂർത്തിയായതോടെ സംസ്ഥാനത്തെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് സിറ്റി ഗ്യാസ് ലൈൻ പദ്ധതി ആരംഭിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

തിരുവനന്തപുരം കോർപ്പറേഷനിൽ 24 വാർഡുകളിലും അണ്ടൂർക്കോണം, മംഗലപുരം പഞ്ചായത്തുകളിലും ഗ്യാസ് വിതരണം നടത്തിവരുന്നു.

ആലപ്പുഴ ജില്ലയിലെ വയലാർ, കഞ്ഞിക്കുഴി, മുഹമ്മ, തണ്ണീർമുക്കം, മണ്ണഞ്ചേരി, ആര്യാട് പഞ്ചായത്തുകളിലും ചേർത്തല മുനിസിപ്പാലിറ്റിയിലും ഗ്യാസ് വിതരണം നടത്തിവരുന്നു.

കോട്ടയം മുനിസിപ്പാലിറ്റിയിൽ പി.എൻ.ജി. വിതരണം ഉടൻതന്നെ തുടങ്ങുന്നതാണ്.

എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിലും മുനിസിപ്പാലിറ്റികളായ കളമശ്ശേരി, തൃക്കാക്കര, മരട് താലൂക്കുകളായ കുന്നത്തുനാട്, ആലുവ, പറവൂർ എന്നിവിടങ്ങളിൽ സിറ്റി ഗ്യാസ് കണക്ഷനുകൾ ലഭ്യമാക്കി തുടങ്ങിയിട്ടുണ്ട്. തൃപ്പൂണിത്തുറ, ആലുവ എന്നീ മുനിസിപ്പാലിറ്റിയിലും സിറ്റി ഗ്യാസ് പദ്ധതിക്കായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ കുന്നംകുളം മുനിസിപ്പാലിറ്റി, ചോവന്നൂർ പഞ്ചായത്ത്, ഗുരുവായൂർ മുനിസിപ്പാലിറ്റി, ചാവക്കാട് മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ സിറ്റി ഗ്യാസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ കോർപ്പറേഷൻ, ചൂണ്ടൽ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ സിറ്റി ഗ്യാസ് പദ്ധതിയുടെ വർക്കുകൾ പുരോഗമിക്കുന്നു.

പാലക്കാട് ജില്ലയിലെ എലപ്പുള്ളി പഞ്ചായത്തിലും പുതുശ്ശേരി പഞ്ചായത്തിലും സിറ്റി ഗ്യാസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. പാലക്കാട് മുനിസിപ്പാലിറ്റിയിൽ സിറ്റി ഗ്യാസ് പദ്ധതിയുടെ വർക്കുകൾ പുരോഗമിക്കുന്നു.

കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം, പനങ്ങാട്, ബാലുശ്ശേരി, നന്മിണ്ട, കിഴക്കോത്ത് എന്നീ പഞ്ചായത്തുകളിൽ ഇതിനോടകം ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ നരിക്കുനി, കക്കൂര് എന്നീ പഞ്ചായത്തുകളിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. തൽഫലമായി ഉടൻതന്നെ ഗാർഹിക കണക്ഷനുകളും ലഭ്യമാക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ കണ്ണൂർ കോർപ്പറേഷനിലും പഞ്ചായത്തുകളായ കൂടാളി, അഞ്ചരക്കണ്ടി, മുണ്ടേരി എന്നിവിടങ്ങളിൽ ഗാർഹിക കണക്ഷനുകൾ ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലും അജാനൂർ പഞ്ചായത്തിലും പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

മലപ്പുറം ജില്ലയിലെ മുനിസിപ്പാലിറ്റികളായ മലപ്പുറം, മഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിൽ ഇതിനോടകം ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയിലും എടരിക്കോട്, പറപ്പൂർ പഞ്ചായത്തിലും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് വീടുകളിൽ ഗ്യാസ് കണക്ഷൻ നൽകിയിട്ടുള്ളതെന്നും എത്ര കണക്ഷൻ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ, തൃശ്ശൂർ-കുന്നംകുളം റോഡിൽ മെയിൻ സ്റ്റീൽ പൈപ്പ് ലൈനിടുന്ന പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

നവംബർ മാസത്തോടുകൂടി വീടുകളിലേക്കുള്ള ഗ്യാസ് കണക്ഷൻ നൽകി തുടങ്ങും.

(ഡി) തൃശ്ശൂർ ജില്ലയിൽ എത്ര ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകളാണ് നിലവിൽ വരാൻ പോകുന്നത്; വിശദാംശം അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിൽ നിലവിൽ 25 ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. അടുത്ത ഒരു വർഷത്തിനുള്ളിൽ 10 ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകൾ കൂടി സ്ഥാപിക്കുന്നതിനുദ്ദേശിക്കുന്നു.

കാസർഗോഡ് ജില്ലയിലെ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ ഓഫീസ്

159(6034) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൈനിങ് ആൻഡ് ജിയോളജി വകുപ്പിന് ഓഫീസ് ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

(ബി) പ്രസ്തുത ഓഫീസ് എത്ര കാലമായി പ്രവർത്തിക്കുന്നുണ്ടെന്നും ഓഫീസ് മേധാവിയടക്കം എത്ര തസ്തികകളാണുള്ളതെന്നും വ്യക്തമാക്കാമോ?

മൈനിങ് & ജിയോളജി വകുപ്പ് കാസർഗോഡ് ജില്ലാ ആഫീസ് 1987 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. ആഫീസ് മേധാവിയടക്കം 10 തസ്തികകൾ നിലവിലുണ്ട്.

(സി) ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്രകാലമായി ഈ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുവെന്നും എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലാ ആഫീസിൽ നിലവിൽ അസിസ്റ്റന്റ് ജിയോളജിസ്റ്റ് സ്ഥലം മാറിപ്പോയതിനെത്തുടർന്ന് 06-06-2023 മുതൽ ഒരു അസിസ്റ്റന്റ് ജിയോളജിസ്റ്റിന്റെ ഒഴിവുണ്ട്. വകുപ്പിലെ അസിസ്റ്റന്റ് ജിയോളജിസ്റ്റുമാരുടെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും ഭിന്നശേഷിവിഭാഗത്തിന് (DA-HI) നീക്കിവച്ച ഒരൊഴിവിലേക്ക് നിയമനം നൽകാൻ അർഹരായ ഉദ്യോഗാർഥി റാങ്ക്

ലിസ്റ്റിൽ ഇല്ലാത്തതിനാലും WP(C) 23204/2020 നമ്പർ കേസിന്മേൽ ബഹു. കോടതിയുടെ അന്തിമ തീരുമാനം വരാത്തതിനാലും വകുപ്പിലെ രണ്ട് ഒഴിവുകളിലേയ്ക്ക് പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ചിട്ടില്ല. 06-06-2023 പ്രാബല്യത്തിലുണ്ടായ ഈ ഒഴിവിലേയ്ക്ക് പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ നൽകുന്ന മുറയ്ക്ക് കാസർഗോഡ് ജില്ലാ ആഫീസിലേയ്ക്ക് നിയമനം നൽകുന്നതാണ്.

(ഡി) തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെങ്കിൽ അതുമൂലം സേവനം ലഭിക്കേണ്ടവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പ്രസ്തുത ഓഫീസിൽ നിലവിൽ തീർപ്പാകാതെ എത്ര ഫയലുകളുണ്ടെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം വിഷയങ്ങളുമായി ബന്ധപ്പെട്ട ഫയലുകളാണെന്നും കാലവിളംബത്തിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലാ ആഫീസിൽ തിർപ്പാക്കാനുള്ളതായി മുന്നൂറ്റിഎൺപത്തിയഞ്ചോളം ഫയലുകളുണ്ട്. അതിൽ അനധികൃത

ഖനനത്തിന് നടപടി സ്വീകരിച്ചുവരുന്ന ഫയലുകൾ, വിവിധ ധാതുക്കളുടെ ഖനനാനുമതി അപേക്ഷകൾ, വില്പനാനുമതി അപേക്ഷകൾ, കെട്ടിട നിർമ്മാണ ആവശ്യത്തിനായി മണ്ണ് നീക്കം ചെയ്യാനുള്ള അപേക്ഷകൾ മുതലായവ കൈകാര്യം ചെയ്യുന്ന ഫയലുകൾ എന്നിവ ഉൾപ്പെടുന്നു. അപേക്ഷകളിൽ സ്ഥലപരിശോധനകൾ നടത്തി ചട്ടങ്ങൾപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(എഫ്) സേവനാവകാശ നിയമം അനുസരിച്ച് ഓഫീസിലെത്തുന്ന ഫയലുകൾക്ക് തീർപ്പ് കൽപ്പിക്കേണ്ട സമയപരിധി എത്രയാണെന്ന് വിഷയം തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത ഓഫീസിലെത്തുന്നവർക്ക് ഇതനുസരിച്ച് സേവനം നൽകാൻ കഴിഞ്ഞിട്ടുണ്ടോ; ഇപ്പോൾ കഴിയുന്നുണ്ടോ; വിശദാംശം നൽകുമോ?

സേവനാവകാശ നിയമമനുസരിച്ച് ജില്ലാ ആഫീസിലെ ഫയലുകൾ തീർപ്പ് കല്പിക്കേണ്ട സമയപരിധി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്വാറിയിങ് പെർമിറ്റ് (ഗ്രാനൈറ്റ് ബിൽഡിങ് സ്റ്റോൺ, ലാറ്ററൈറ്റ് ബിൽഡിങ് സ്റ്റോൺ, സാധാരണ കളിമണ്ണ്), മണൽ, സാധാരണ മണ്ണ് ചെറുകിട ധാതുക്കൾ സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നതിനുള്ള ഡീലേഴ്സ് ലൈസൻസ് - 90 ദിവസം.

എല്ലാ രേഖകളും സഹിതം അപാകതകളില്ലാതെ സമർപ്പിക്കുന്ന അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കാറുണ്ട്.

മണ്ണ് നീക്കം ചെയ്യുന്നതിനായി വടകര താലൂക്കിൽനിന്നുള്ള അപേക്ഷകൾ

160(6035) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവൃത്തികൾക്കായി മണ്ണ് നീക്കം ചെയ്യുന്നതിന് ജിയോളജി വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; അക്കാര്യത്തിൽ അനുമതി ലഭിക്കുന്നതിനായി അപേക്ഷകൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ?

3000 ചതുരശ്ര അടിക്ക് മുകളിലുള്ള കെട്ടിട നിർമ്മാണമാണെങ്കിൽ അപേക്ഷകൻ പ്രസ്തുത സ്ഥലത്തിന്റെ സ്കെച്ച്, കൈവശാവകാശ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനത്തിൽനിന്നുള്ള ബിൽഡിങ് പെർമിറ്റ്, ബിൽഡിങ് പ്ലാൻ, ഡെവലപ്മെന്റ് പ്ലാൻ, അപേക്ഷാസ്ഥലം സ്വന്തം കൈവശത്തിലല്ലെങ്കിൽ 200/- രൂപ മുദ്രപത്രത്തിൽ നോട്ടറി അറ്റസ്റ്റ് ചെയ്ത സ്ഥലം ഉടമയുടെ സമ്മതപത്രം എന്നിവയും സമ്പാദിച്ച് അപേക്ഷ ബന്ധപ്പെട്ട ജില്ലാ ജിയോളജി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. തുടർന്ന് ജില്ലാ ആഫീസിൽനിന്നും സ്ഥല പരിശോധന നടത്തി നീക്കം ചെയ്യാൻ അനുമതി നൽകുന്ന മണ്ണിന്റെ അളവിനനുസരിച്ചുള്ള മുൻകൂർ റോയൽറ്റി ഈടാക്കി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതാണ്. 3000 ചതുരശ്ര അടിക്ക് താഴെയുള്ള കെട്ടിട നിർമ്മാണം ആണെങ്കിൽ മേൽ പറയുന്ന രേഖകൾ സഹിതം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷിക്കേണ്ടതും അവിടെനിന്നും പരിശോധന നടത്തി അനുമതി നൽകുകയും ചെയ്യുന്നു. പാരിസ്ഥിതികാനുമതി ആവശ്യമുള്ള കെട്ടിടങ്ങളുടെ

നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് ക്വാറിയിങ് പെർമിറ്റിന് അപേക്ഷിക്കേണ്ടതാണ്.

നാഷണൽ ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ക്വാറിയിങ് പെർമിറ്റ് അനിവാര്യമാണ്. എന്നാൽ ഈ വിഷയത്തിൽ ദൂരപരിധി സംബന്ധിച്ച് ചട്ടങ്ങളിൽ ആവശ്യമായ ഇളവ് സർക്കാർ നൽകിയിട്ടുണ്ട്. നാഷണൽ ഹൈവേ എഞ്ചിനീയർ നിർദേശിക്കുന്ന നിബന്ധനകൾപ്രകാരമുള്ള ഇളവുകളാണ് അനുവദനീയമായിട്ടുള്ളത്.

റെയിൽവേ നിർമ്മാണത്തിന്റെ ഭാഗമായി റെയിൽവേയുടെതന്നെ ഭൂമിയിൽനിന്നും ധാതു അവിടെത്തന്നെ ഉപയോഗിക്കുന്നതിന് മൈനിങ് & ജിയോളജി വകുപ്പിന്റെ പ്രത്യേകാനുമതി ആവശ്യമില്ലെങ്കിലും മണ്ണ് പുറത്തേക്ക് ഗതാഗതം ചെയ്യുന്ന സാഹചര്യത്തിൽ റോയൽറ്റി ഒടുക്കി പ്രത്യേകാനുമതി സമ്പാദിക്കേണ്ടതാണ്. റെയിൽവേയുടെ ആവശ്യത്തിനായി സ്വകാര്യഭൂമിയിൽനിന്നും മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ ചട്ടപ്രകാരം ക്വാറിയിങ് പെർമിറ്റ് സമ്പാദിക്കേണ്ടതുണ്ട്.

സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലത്തുനിന്നുള്ള നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനം ലഭ്യമാക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരം റോയൽറ്റി ഈടാക്കി അനുമതി നൽകിവരുന്നു. 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 106-ൽ പരാമർശിച്ചിട്ടുള്ള പൊതുനിർമ്മിതികൾക്ക് (common facilities) സാധാരണ മണ്ണ് ഉൾപ്പെടെയുള്ള എല്ലാ ധാതുക്കളും നീക്കം ചെയ്യുന്നതിന് അനുമതി നൽകിവരുന്നു.

കെട്ടിട അനുബന്ധ നിർമ്മിതികളുടെ ഭാഗമായി 150 മെട്രിക് ടൺ അളവുവരെ ധാതുക്കൾ നീക്കം ചെയ്യുന്നതിന് ചട്ടപ്രകാരം അപേക്ഷകൻ ഹാജരാക്കുന്ന അഫിഡവിറ്റിന്റെ അടിസ്ഥാനത്തിൽ റോയൽറ്റി ഈടാക്കി മിനറൽ ട്രാൻസിറ്റ് പാസുകൾ നൽകിവരുന്നു.

(ബി) നിർമ്മാണ പ്രവൃത്തികൾക്ക് മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് വടകര താലൂക്കിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളും വ്യക്തമാക്കാമോ?

നിർമ്മാണ പ്രവൃത്തികൾക്ക് മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് വടകര താലൂക്കിൽനിന്നും 2022-23-ൽ 14 അപേക്ഷകൾ ലഭിക്കുകയും 13 അപേക്ഷകളിൽ ധാതു നീക്കം ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തു. നാഷണൽ ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിനായി ലഭിച്ച ഒരപേക്ഷയിൽ അപേക്ഷകന് അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ 4 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 3 അപേക്ഷകളിൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും ഒരപേക്ഷയിൽ തുടർനടപടി സ്വീകരിച്ചുവരുന്നതുമാണ്.

കൈത്തറി വ്യവസായത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

161(6036) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായത്തിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്നും ഇവ ഓരോന്നിനും 2022-23 മുതൽ 2023-24 വരെയുള്ള ഓരോ വർഷങ്ങളിലും ബഡ്ജറ്റിൽ

വകകൊള്ളിച്ചിരുന്ന തുകയും സംസ്ഥാന സർക്കാർ ചെലവഴിച്ച തുകയും എത്രവീതമെന്നും വ്യക്തമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ കൈത്തറി വികസന പരിപാടി (NHDP)-യുടെ ഘടകങ്ങളായ,

(i) ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (സി.ഡി.പി).

(ii) കൈത്തറി വിപണന സഹായം (മാർക്കറ്റിംഗ് ഇൻസെന്റീവ് സ്കീം).

(iii) പശ്ചാത്തല സൗകര്യങ്ങളും പ്രത്യേക പദ്ധതികളും-ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി) ഉൾപ്പെടെയുള്ള അനുബന്ധ പദ്ധതികൾ.

(iv) കൈത്തറി നെയ്ത്തുകാരുടെ സമഗ്ര ക്ഷേമ പദ്ധതി എന്നിവ സംസ്ഥാന സർക്കാർ വഴി നടപ്പാക്കിവരുന്നു.

കൈത്തറി വികസന പരിപാടി (എൻ.എച്ച്.ഡി.പി.)-യുടെ സംസ്ഥാന വിഹിതമായി 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 150 ലക്ഷം രൂപ, 253 ലക്ഷം രൂപ എന്നിങ്ങനെ വകയിരുത്തിയിരുന്നു.

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും 61.47 ലക്ഷം രൂപ മാർക്കറ്റിങ് ഇൻസെന്റീവ് സ്കീം ഇനത്തിൽ സംസ്ഥാന വിഹിതമായി ചെലവഴിച്ചു.

(ബി) പ്രസ്തുത പദ്ധതികൾക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ച തുക പൂർണ്ണമായും കേന്ദ്രസർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും കേന്ദ്രസർക്കാരിൽനിന്നും ലഭിച്ച തുക പദ്ധതി തിരിച്ച് വ്യക്തമാക്കുമോ?

ഇല്ല. 2023-24 സാമ്പത്തിക വർഷത്തിൽ മാർക്കറ്റിങ് ഇൻസെന്റീവ് പദ്ധതി ഇനത്തിൽ 61,47,090/- രൂപ കേന്ദ്ര വിഹിതം ലഭ്യമാകാനുണ്ട്.

(സി) ചെലവഴിച്ച തുക പൂർണ്ണമായും ലഭിച്ചില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും ചെലവായ തുക പൂർണ്ണമായും ലഭിക്കാൻ സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

മാർക്കറ്റിങ് ഇൻസെന്റീവ് പദ്ധതി തുകയ്ക്കായുള്ള കേന്ദ്ര–സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. പദ്ധതിക്കായുള്ള സംസ്ഥാന വിഹിത തുക ചെലവഴിച്ചതിനുശേഷം വിനിയോഗ സാക്ഷ്യപത്രം സഹിതം

നൽകുന്ന പ്രൊപ്പോസൽ അനുസരിച്ചാണ് കേന്ദ്രവിഹിതം നൽകുന്നത്. 2023-24 സാമ്പത്തിക വർഷം മാർക്കറ്റിങ് ഇൻസെന്റീവ് പദ്ധതിക്കായി സംസ്ഥാന സർക്കാർ 61.47 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം സഹിതം, പദ്ധതിക്കായുള്ള കേന്ദ്രവിഹിതം ലഭിക്കുന്നതിലേക്കായി പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) തറികളുടെ എണ്ണം, തൊഴിലാളികളുടെ എണ്ണം, ഉൽപാദനം എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കൈത്തറി വ്യവസായത്തിന് ഇന്ത്യയിൽ എത്രാമത്തെ സ്ഥാനമാണുള്ളതെന്ന് കേന്ദ്രസർക്കാരിന്റെ ഏതെങ്കിലും ഏജൻസി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കേരളത്തിന്റെ സ്ഥാനം എത്രയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വിവരങ്ങൾ സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

ഹാൻവീവ്, ഹാന്റക്സ് എന്നിവയുടെ വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിന്

162(6037) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹാന്റ്ക്രാഫ്റ്റിന്റെയും ഹാൻഡ് വീവിന്റെയും വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ ആലോചിക്കുന്നതെന്ന് വിശദമാക്കാമോ?

എല്ലാ ഉത്സവകാലങ്ങളിലും സ്കൂൾ യൂണിഫോം കാലയളവിലും കൈത്തറി തുണിത്തരങ്ങളുടെ വിപണനസാധ്യത വർധിപ്പിക്കുന്നതിനായി റിബേറ്റ് നൽകുകയും പ്രത്യേക പ്രദർശന-വിപണനമേളകൾ സംഘടിപ്പിക്കുന്നതിനായി സർക്കാർ ഗ്രാന്റ് അനുവദിക്കുകയും ചെയ്യുന്നുണ്ട്. വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഷോറൂമുകൾ നവീകരിക്കുന്നതിനും കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതിനും ഫണ്ടുകൾ അനുവദിക്കുന്നുണ്ട്. കൈത്തറി തുണിത്തരങ്ങളുടെ വിപണന സാധ്യത വർധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ വിപണന ശൃംഖലയായ കെ-ഷോപ്പിയിൽ (K-Shoppe) ഹാന്റ്ക്രാഫ്റ്റിന്റെയും ഹാൻവീവിന്റെയും ഉൽപന്നങ്ങൾ വിതരണത്തിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളിലേക്കും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലേക്കും സ്റ്റോർ പർച്ചേസ് റൂൾസ്പ്രകാരം ടെൻഡർ നടപടിക്രമങ്ങളില്ലാതെ

ഹാൻവീവിന്റെയും ഹാന്റക്സിന്റെയും ഉൽപന്നങ്ങൾ വാങ്ങുന്നതിനുള്ള അനുമതി സർക്കാർ വർഷാവർഷങ്ങളിൽ നൽകുന്നുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ഹാൻവീവ്, ഹാന്റക്സ് സ്ഥാപനങ്ങളുടെ വിവരം നൽകുമോ?

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര, എം. ജി. റോഡ്, ആറ്റിങ്ങൽ, നെടുമങ്ങാട്, നേമം എന്നീ സ്ഥലങ്ങളിൽ ഹാൻവീവ് ഷോറൂമും നേമത്ത് ഹാൻവീവിന്റെ റീജിയണൽ ഓഫീസും പ്രവർത്തിക്കുന്നു.

പുന്നക്കാട് പ്രൊഡക്ഷൻ സെന്റർ, പെരുമ്പഴുതൂർ വില്ലേജ്, അമരവിള പ്രൊഡക്ഷൻ സെന്റർ, കൊല്ലയിൽ വില്ലേജ്, ചിറയിൻകീഴ് പ്രൊഡക്ഷൻ സെന്റർ, കിഴുവിലം വില്ലേജ്, ബാലരാമപുരം പ്രൊഡക്ഷൻ സെന്റർ, മലൈക്കട പ്രൊഡക്ഷൻ സെന്റർ, മഞ്ചവിളാകം, പെരിങ്ങമ്മല പ്രൊഡക്ഷൻ സെന്റർ, കല്ലിയൂർ എന്നിവ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ഹാൻവീവിന്റെ പ്രൊഡക്ഷൻ സെന്ററുകളാണ്.

കൈത്തറി ഭവൻ ഷോറൂം ഊറ്റുകുഴിയിലും ഹാന്റക്സ് എക്സ്ക്ലൂസീവ് ഷോറൂം തമ്പാനൂരും വഴുതക്കാട്, മെഡിക്കൽ കോളേജ്, വർക്കല എന്നീ

സ്ഥലങ്ങളിൽ ഹാന്റ്ക്സ് ഷോറൂമും ഈസ്റ്റ്ഫോർട്ടിൽ ഹാന്റ്ക്സിന്റെ എംപോറിയവും (under maintenance) പ്രവർത്തിക്കുന്നു.

ഹാന്റ്ക്സിന് കീഴിലെ മറ്റ് സ്ഥാപനങ്ങൾ

ഹാന്റ്ക്സ് ഹെഡ് ഓഫീസ്, ഹാന്റ്ക്സ് ഗാർമെന്റ് യൂണിറ്റ്, ഹെഡ് ഓഫീസ് വീവറി എന്നിവ ഊറ്റുകുഴിയിൽ പ്രവർത്തിക്കുന്നു. കൂടാതെ, പാപ്പനംകോട്, ബാലരാമപുരം എന്നിവിടങ്ങളിൽ പ്രോസസ്സ് ഹൗസ് പ്രവർത്തിക്കുന്നു.

ഹാന്റ്ക്സിന്റെ സെൻട്രൽ ഡിപ്പോ, ഊറ്റുകുഴിയിൽ പ്രവർത്തിക്കുന്നു.

ഓട്ടുകമ്പനികൾക്ക് കളിമണ്ണ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ

163(6038) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പരമ്പരാഗത വ്യവസായമായ ഓട് നിർമ്മാണ കമ്പനികൾ, അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ലഭ്യതക്കുറവിനെത്തുടർന്ന് പ്രതിസന്ധിയിലായി കമ്പനി അടച്ചുപൂട്ടി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരമ്പരാഗത വ്യവസായത്തിന്റെ നിലനിൽപ്പിനും തൊഴിലാളികൾക്ക് തൊഴിൽ ലഭ്യതയ്ക്കുമായി ഓട്ടുകമ്പനികൾക്ക് കളിമണ്ണ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പെർമിറ്റ് വ്യവസ്ഥയിൽ കളിമണ്ണ് ഖനനം ചെയ്യുന്നതിനും കർശന നിയന്ത്രണത്തോടെ ഓട്ടുകമ്പനികൾക്ക് ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(ബി&സി) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടത്തിൽ ക്വാറിയിങ് പെർമിറ്റ് ലഭ്യമാകുന്നതിന് പരാമർശിച്ചിട്ടുള്ള അപേക്ഷയും രേഖകളും ക്രമപ്രകാരം സമർപ്പിച്ചാൽ ഓട്ടുകമ്പനികൾക്കുൾപ്പെടെ കളിമണ്ണ് ഖനനം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിന് സത്വരനടപടികൾ വകപ്പിൽനിന്നും സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത ആവശ്യമുന്നയിച്ചുകൊണ്ട് സെൻട്രൽ കേരള ടൈൽസ് മാനുഫാക്ച്ചേഴ്സ് അസോസിയേഷൻ സമർപ്പിച്ച നിവേദനത്തിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ?

ഇത്തരമൊരു ആവശ്യമുന്നയിച്ചുകൊണ്ടുള്ള നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു.

ഖാദി ഗ്രാമവ്യവസായ മേഖലയിലെ പ്രതിസന്ധി

164(6039) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ മേഖല കടുത്തപ്രതിസന്ധി നേരിടുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഖാദി ബോർഡിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിലായി വ്യത്യസ്തങ്ങളായ ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്ന ഗ്രാമവ്യവസായ യൂണിറ്റുകൾ നിലവിലുണ്ട്. ടി യൂണിറ്റുകളിൽ പരമ്പരാഗത രീതിയിൽ നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്ക് മാർക്കറ്റിൽ ലഭ്യമാകുന്ന മറ്റുൽപന്നങ്ങളുമായി കിടപിടിച്ച് നിൽക്കാൻ കഴിയുന്നില്ല. ആധുനിക മെഷിനറികൾ സ്ഥാപിക്കുകയും യൂണിറ്റുകളിൽ അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിക്കുകയും

ചെയ്യുകവഴി ഉൽപന്നങ്ങളുടെ ഗുണനിലവാരം വർധിപ്പിക്കാനും കൂടുതൽ ആകർഷകമാക്കാനും കഴിയും.

ഖാദി ബോർഡ് നടപ്പാക്കിവരുന്ന തൊഴിൽദായക പദ്ധതിയായ 'എന്റെ ഗ്രാമം' പദ്ധതിവഴി 25% മുതൽ 40% വരെ മാർജിൻ മണി ഗ്രാന്റ് വിവിധ വിഭാഗത്തിൽ ഉൾപ്പെടുന്ന സംരംഭകർക്ക് നൽകിവരുന്നു. ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം നിലവിൽ സംരംഭകർക്ക് സബ്സിഡി നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് GST ഏർപ്പെടുത്തിയത് മാർക്കറ്റിൽ വലിയ പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്. ഇത് വിൽപനയെ സാരമായി ബാധിച്ചു.

ഖാദി തൊഴിലാളികൾക്ക് മിനിമം വേതനമുറപ്പാക്കുന്ന ഇൻകം സപ്പോർട്ട് പദ്ധതിപ്രകാരം നൽകുന്ന തുക 2023 ജൂൺ മാസം മുതലും തൊഴിലാളികൾക്ക് ലഭിക്കുന്ന ഇൻസെന്റീവ് 2023 മെയ് മാസം മുതലും കുടിശ്ശികയാണ്.

(ബി) ഖാദി തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. വർഷത്തിൽ 100 ദിവസമെങ്കിലും നിശ്ചയിക്കപ്പെട്ട മിനിമം കൂലി വരുമാനമായി ലഭിക്കത്തക്കവിധത്തിൽ ഇൻകം സപ്പോർട്ട് സ്കീം തൊഴിൽ വകുപ്പ് മുഖേന നടപ്പാക്കിവരുന്നു. ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കൂലി കുറവായതിനാൽ ടി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനായി 2010-11 സാമ്പത്തിക വർഷം മുതൽ ഇൻകം സപ്പോർട്ട് സ്കീമിൽ ഖാദി മേഖലയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഖാദി മേഖലയിലെ നൂല്പ്, നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ ഉൽപാദനത്തിനാനുപാതികമായി പ്രോജക്ടിന്റെ വിറ്റുവരവിൽനിന്നും മാസവേതനം നൽകിവരുന്നുണ്ട്. അഖിലേന്ത്യാ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ തയ്യാറാക്കുന്ന കോസ്റ്റ് ചാർട്ടിനെ അടിസ്ഥാനമാക്കിയാണ് ഖാദി മേഖലയിൽ തൊഴിലാളികൾക്ക് കൂലി നിശ്ചയിക്കുന്നത്. ടി കോസ്റ്റ് ചാർട്ട് കാലാനുസൃതമായി ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ പരിഷ്കരിച്ച് പുറപ്പെടുവിക്കുമെങ്കിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനത്തേക്കാൾ കുറവായ വേതനമാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. ആയതിനാൽ മിനിമം വേതന

നിയമപ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട തുകയും കോസ്റ്റ് ചാർട്ട് പ്രകാരം തൊഴിലാളികൾക്ക് ലഭിക്കുന്ന തുകയും തമ്മിലുള്ള വ്യത്യാസം 2010-11 സാമ്പത്തിക വർഷം മുതൽ ഇൻകം സപ്പോർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച് ടി മേഖലയിലെ തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ മിനിമം വേതനം ഉറപ്പാക്കുന്നുണ്ട്.

(സി) ഖാദി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക പതിമൂന്ന് മാസത്തിലേറെ കുടിശ്ശികയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023 ജൂൺ മുതൽ തുക നൽകാനുണ്ട്.

(ഡി) പ്രസ്തുത കുടിശ്ശിക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

സർക്കാർതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

കിഴക്കമ്പലം ഖാദി ഇൻഡസ്ട്രിയൽ കോംപ്ലക്സ്

165(6040) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലം ഖാദി ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ 2022-23 വർഷത്തെ വ്യവസായ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച സ്റ്റാർച്ച് യൂണിറ്റ്, ഗാർമെന്റ് യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

കിഴക്കമ്പലം ഖാദി ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ അനുവദിച്ച സ്റ്റാർച്ച് യൂണിറ്റ്, ഗാർമെൻറ് യൂണിറ്റ് എന്നിവ പ്ലാൻ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത കോംപ്ലക്സിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന യൂണിറ്റുകളിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ?

പ്രസ്തുത കോംപ്ലക്സിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന യൂണിറ്റുകളിൽ 11 (പതിനൊന്ന്) പേർ ജോലി ചെയ്തുവരുന്നു.

ഖാദി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം

166(6041) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം എന്നാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കാമോ?

ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കൂലി കുറവായതിനാൽ ടി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനായി 2010-11 സാമ്പത്തിക വർഷം മുതൽ ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നുണ്ട്.

(ബി) പദ്ധതി നടപ്പാക്കിയ നാൾ മുതൽ നാളിതുവരെ എത്ര തുകയാണ് ഈ ഇനത്തിൽ നൽകിയതെന്ന് വർഷാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ?

2010-11 സാമ്പത്തിക വർഷം മുതൽ ഖാദി തൊഴിലാളികൾക്ക് മിനിമം വേതന ഇനത്തിൽ താഴെപ്പറയുംപ്രകാരമുള്ള തുകകൾ അനുവദിച്ചിട്ടുണ്ട്. ആയത് അതതുവർഷംതന്നെ ഖാദി സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള ക്ലെയിമുകൾക്കനുസരിച്ച് മുൻവർഷത്തെ കുടിശ്ശികകൾ തീർത്തുകൊണ്ട് തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

വർഷം	തുക
2010-11	10 കോടി
2011-12	14.68 കോടി
2012-13	20 കോടി
2013-14	18 കോടി
2014-15	20 കോടി
2015-16	28 കോടി
2016-17	29.645 കോടി
2017-18	24.5 കോടി
2018-19	21.8 കോടി
2019-20	21 കോടി
2020-21	30 കോടി
2021-22	33 കോടി
2022-23	15 കോടി (20.61 കോടി രൂപ റിസംപ്ഷൻ ഇനത്തിൽ തിരിച്ചുപിടിച്ചു)
2023-24	36.80 കോടി

അരുവിക്കര മണ്ഡലത്തിലെ ഖാദി ന്യൂൽപ്പ്/നെയ്ത്ത് സെന്ററുകളിലെ അടിസ്ഥാന സൗകര്യവികസനം

167(6042) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഖാദി നൂൽപ്പ്, നെയ്ത്ത് സെന്ററുകളുടെ അടിസ്ഥാനസൗകര്യങ്ങൾ നിലവിൽ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഈ സ്ഥാപനങ്ങളിൽ നടത്താനുദ്ദേശിക്കുന്ന അറ്റകുറ്റപ്പണികളുടെയും അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെയും വിശദാംശങ്ങൾ സെന്ററുകൾ തിരിച്ച് നൽകാമോ?

അരുവിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഖാദി നൂൽപ്പ്, നെയ്ത്ത് സെന്ററുകളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) അരുവിക്കര ഖാദി ഉൽപാദന കേന്ദ്രം: നിലവിൽ കെട്ടിടം ലീസിനാണ് പ്രവർത്തിക്കുന്നത്. യൂണിറ്റിലെ കെട്ടിടത്തിൽ തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്.

(2) ചെറിയകൊണ്ണി ഖാദി ഉൽപാദന കേന്ദ്രം: ചെറിയകൊണ്ണി ഖാദി ഉൽപാദന കേന്ദ്രത്തിൽ നെയ്ത്ത് യൂണിറ്റും നൂൽപ്പ് യൂണിറ്റുമാണ്

പ്രവർത്തിക്കുന്നത്. നൂൽപ്പ് യൂണിറ്റിൽ 18 തൊഴിലാളികളും നെയ്ത്ത് യൂണിറ്റിൽ 14 തൊഴിലാളികളുമാണ് ജോലിചെയ്യുന്നത്. ടി യൂണിറ്റിന്റെ കെട്ടിടം ഖാദി ബോർഡിന്റെ സ്വന്തം സ്ഥലത്താണുള്ളത്. സ്ത്രീകൾക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളുണ്ട്. കെട്ടിടത്തിൽ റൂഫിംഗ്, ഫ്ളോറിംഗ്, പ്ലാസ്റ്ററിംഗ്, കോംപൗണ്ട് വാൾ എന്നിവ ചെയ്യാനുണ്ട്.

(3) <u>ഉഴമലയ്ക്കൽ ഖാദി ഉൽപാദന കേന്ദ്രം:</u>

ഈ കേന്ദ്രത്തിൽ നെയ്ത്ത് യൂണിറ്റും നൂൽപ്പ് യൂണിറ്റുമുണ്ട്. നൂൽപ്പ് യൂണിറ്റിൽ 5 തൊഴിലാളികളും നെയ്ത്തിൽ 8 തൊഴിലാളികളുമുണ്ട്. ടി യൂണിറ്റിന്റെ കെട്ടിടം ഖാദി ബോർഡിന്റെ സ്ഥലത്താണുള്ളത്. കെട്ടിടത്തിന്റെ മേൽക്കൂരയ്ക്ക് കേടുപാടുകളുണ്ട്. അതോടൊപ്പം കോംപൗണ്ട് വാൾ, റൂഫിംഗ്, ഫ്ളോറിംഗ് എന്നിവ ചെയ്യാനുണ്ട്.

ഖാദി നൂൽപ്പ്, നെയ്ത്ത് യൂണിറ്റുകളുടെ റിപ്പയർ ജോലികൾ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടും ഖാദി ബോർഡിന്റെ ഫണ്ടിന്റെ ലഭ്യതയനുസരിച്ചും ചെയ്തുവരുന്നു.

ഖാദി സ്ഥാപനങ്ങൾക്കുള്ള സർക്കാർ റിബേറ്റ്

168(6043) ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി സ്ഥാപനങ്ങൾക്ക് നൽകിവന്നിരുന്ന റിബേറ്റ് നിലവിൽ നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഖാദി മേഖലയിൽ നൽകിവന്നിരുന്ന റിബേറ്റ് നിർത്തലാക്കിയതുകാരണം ഉൽപാദന കേന്ദ്രങ്ങളുടെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഖാദി മേഖലയിൽ നൽകി വന്നിരുന്ന റിബേറ്റ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) ഖാദി സ്ഥാപനങ്ങൾക്ക് നിലവിൽ റിബേറ്റ് നൽകുന്നുണ്ട്. 2023-24 വർഷം വകയിരുത്തിയ 15 കോടി രൂപയിൽ 5.7 കോടി രൂപ

നൽകുകയും ആയത് സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു. ഇനിയും 35.6 കോടി രൂപ കൂടിശ്ശികയായി സ്ഥാപനങ്ങൾക്ക് നൽകാനുണ്ട്.

ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ

169(6044) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ഏതെല്ലാം പഞ്ചായത്തുകളിലാണെന്ന് വിശദമാക്കുമോ?

പാലക്കാട് ജില്ലയിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ താഴെപ്പറയുന്ന പഞ്ചായത്തുകളിലാണ്.

ക്രമ നം.	സ്ഥലം	പഞ്ചായത്ത്
1	എരുത്തേമ്പതി	എരുത്തേമ്പതി
2	പാമ്പാമ്പള്ളം	പുതുശ്ശേരി
3	പുതുനഗരം	പുതുനഗരം
4	വടകരപ്പതി	വടകരപ്പതി

ഖാദി വസ്തുങ്ങളുടെ വില്പന വർധിഷ്പിക്കാൻ നടപടി

170(6045) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവാരമുള്ള ഖാദി തുണിത്തരങ്ങൾ സംസ്ഥാനത്ത് ഉൽപാദിപ്പിക്കാൻ കഴിയുന്നുണ്ടോയെന്നറിയിക്കുമോ?

കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് സംസ്ഥാനത്ത് നിലവാരമുള്ള ഖാദി തുണിത്തരങ്ങളാണ് നിർമ്മിക്കുന്നത്. ഖാദി യൂണിറ്റുകളിൽ ഉൽപാദന സമയത്തുതന്നെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. 'ഖാദി പഴയ ഖാദി അല്ല' എന്ന സന്ദേശം ജനങ്ങളിൽ എത്തിച്ചുകൊണ്ടും ഖാദിയുടെ പരിശുദ്ധത നിലനിർത്തികൊണ്ടും ഖാദി വസ്തുങ്ങൾക്ക് കൂടുതൽ സ്വീകാര്യത ഉറപ്പാക്കുന്നതിന് വസ്തുത്തിന്റെ ഗുണനിലവാരത്തിലും ഡിസൈനിങ്ങിലും കൂടുതൽ ശ്രദ്ധ ചെലുത്തുന്നുണ്ട്.

(ബി) ഖാദിവസ്ത്രങ്ങളുടെ ഉൽപാദനം വർധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

വിവിധതരത്തിലുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് അനുയോജ്യമായ മെഷീനറികൾ യൂണിറ്റുകളിൽ സ്ഥാപിക്കുകവഴി ഉൽപാദനം വർധിപ്പിക്കാൻ സാധിക്കും. യൂണിറ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും കൂടുതൽ തൊഴിലാളികളെ നിയമിക്കുകയും ചെയ്യുകവഴി ഉൽപാദനം വർധിപ്പിക്കാം. ഫാഷൻ ഡിസൈനറുടെ സഹായത്തോടെ പുതിയ തലമുറയെ ലക്ഷ്യമാക്കി സ്ത്രീകൾക്കും കുട്ടികൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ മോഡേൺ വസ്ത്രങ്ങൾ ഉൽപാദിപ്പിക്കാം. ത്രിതല പഞ്ചായത്തിൽക്കൂടിയും സർക്കാർ പദ്ധതി വിഹിതത്തിൽക്കൂടിയും ഫണ്ട് ശേഖരിച്ച് മെഷിനറികളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി ഖാദി വസ്ത്രങ്ങളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. കെ.എസ്.എഫ്.ഇ.-യിൽനിന്നും 25,000 സെറ്റ് മുണ്ടിനും ഡബിൾ സെറ്റ് മുണ്ടിനുമുള്ള ഓർഡർ ലഭിച്ചിട്ടുണ്ട്.

(സി) ഖാദി വസ്ത്രങ്ങളുടെ വില്പന ഓൺലൈൻവഴി ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സർക്കാരിന്റെ ഓൺലൈൻ പ്ലാറ്റ്ഫോമായ ONDC വഴി വില്പന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം സ്വന്തമായി ഒരു ഓൺലൈൻ ആപ്ലിക്കേഷൻ നടപ്പാക്കുന്നതിനുള്ള പദ്ധതി ഖാദി ബോർഡ് തയ്യാറാക്കിവരുന്നു.

കോംട്രസ്റ്റ് ഫാക്ടറി തൊഴിലാളികളുടെ പുനരധിവാസം

171(6046) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനാഞ്ചിറയിലെ കോംട്രസ്റ്റ് ഫാക്ടറിയുടെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെ പുനരധിവാസത്തിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

(എ&ബി) കേരള നിയമ നിർമ്മാണ സഭ കോമൺ വെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും, കൈമാറ്റം ചെയ്യലും) ആക്ട് 2012, (2018–ലെ 1-ാമത്തെ ആക്ട്) എന്ന പേരിൽ ഒരു നിയമം പാസ്സാക്കുകയും 2018 ഫെബ്രുവരി 1-ാം തീയതി ബഹുമാനപ്പെട്ട ഇന്ത്യൻ രാഷ്ട്രപതി ഈ ആക്ട് അംഗീകരിക്കുകയുമുണ്ടായി. ഈ നിയമം, 2018 ഫെബ്രുവരി 19-ാം തീയതിയിലെ കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയുമുണ്ടായി.

കോമൺ വെൽത്ത് ട്രസ്റ്റ് ഇന്ത്യ ലിമിറ്റഡിന്റെ കീഴിലുള്ള കോംട്രസ്റ്റ് (COMTRUST) ഹാൻഡ് ലൂം വീവിംഗ് ഫാക്ടറിയെ പുനഃസംഘടിപ്പിക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കുവേണ്ടിയും ഈ സ്ഥാപനത്തെ ഒരു വ്യവസായ മ്യൂസിയവും ഉൽപാദന കേന്ദ്രവുമാക്കി, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (കെ.എസ്.ഐ.ഡി.സി.) കീഴിൽ നിർത്തുന്നതിന് വേണ്ടിയുള്ളതായിരുന്നു ഈ നിയമം.

പ്രസ്തുത നിയമത്തിലെ ഷെഡ്യൂൾ - 3-ൽ പ്രതിപാദിച്ചിട്ടുള്ള വസ്തുവകകൾ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്

കൈമാറി ലഭിക്കേണ്ടതുണ്ട്. കോംടസ്റ്റിന്റെ പക്കൽ നിലനിന്നിരുന്ന നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള 3.84 ഏക്കർ ഭൂമി ഇത്തരത്തിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് കൈമാറി ലഭിക്കേണ്ടതുണ്ട്.

കോമൺവെൽത്ത് ടസ്റ്റ് ആക്ട് പ്രാബല്യത്തിൽ വരുന്നതിനെതിരെ, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന മൂന്ന് റിട്ട് ഹർജികളിന്മേൽ ഹൈക്കോടതിയുടെ ഇടക്കാല സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ, പ്രസ്തുത ആക്ടുമായി ബന്ധപ്പെട്ട തുടർനടപടികൾ കൈക്കൊള്ളാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല.

25-07-2014-ലെ G.O.(Rt) No. 828/2014/ID പ്രകാരം കോംടസ്റ്റിന്റെ ശമ്പള പട്ടികയിലുള്ള (PAYROLL) തൊഴിലാളികൾക്ക് 5000 രൂപ ധനസഹായം നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽസർക്കാർ ഉത്തരവുപ്രകാരം ജൂലൈ 2014 മുതൽ കോംടസ്റ്റിന്റെ ശമ്പള പട്ടികയിലുള്ള (PAYROLL) വിരമിക്കൽ പ്രായം കഴിയാത്ത തൊഴിലാളികൾക്ക് 5000/- രൂപ വീതം ധനസഹായം കെ.എസ്.ഐ.ഡി.സി. നൽകിവരുന്നുണ്ട്.

കയർ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

172(6047) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കയർ മേഖലയിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജക മണ്ഡലത്തിൽ, കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിങ് കമ്പനി, ടി മേഖലയിലെ അപെക്സ് സംഘമായ കയർഫെഡ്, ഫോം മാറ്റിങ്സ് ഇൻഡ്യ (ലിമിറ്റഡ്)-ന്റെ യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്നു. കൂടാതെ അനുബന്ധമായി+ ചേർത്തിട്ടുള്ള സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾ എന്തൊക്കെ ധനസഹായമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിങ് ഇൻസെന്റീവ് (പി.എം.ഐ.), ഇൻകം സപ്പോർട്ട് സ്കീം (ഐ.എസ്.എസ്.), വർക്കിങ് ക്യാപിറ്റൽ, മാനേജീരിയൽ സബ്സിഡി, സർക്കാർ ഓഹരി പങ്കാളിത്തം (ജി.എസ്.പി.), ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്, മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് (എം.ഡി.എ.) എന്നീ പദ്ധതികളിലൂടെ പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾക്ക് ധനസഹായം നൽകിവരുന്നു.

(സി) കെ.എം.എം.സി.-യിൽ ഏതൊക്കെ യന്ത്രങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നും പുതുതായി എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത സംഘത്തിന് കീഴിലുള്ള സ്ഥാപനങ്ങൾ മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിങ് കമ്പനി (KSCMMC)-യിൽനിന്നും ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, വില്ലോവിങ് മെഷീൻ, ഇലക്ട്രോണിക് റാട്ട്, പവർ ലൂം, ഡിഫൈബറിങ് മെഷീൻ, ഫുള്ളി ആട്ടോമാറ്റിക് ലൂം എന്നീ യന്ത്രങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത കമ്പനിക്കുകീഴിൽ മറ്റ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല.

മുക്കം മാമ്പറ്റയിലെ കയർഫെഡ് സ്ഥാപനത്തിൽ നടക്കുന്ന നവീകരണ പ്രവർത്തനങ്ങൾ

173(6048) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം മാമ്പറ്റയിലെ കയർഫെഡ് സ്ഥാപനത്തിൽ നടക്കുന്ന നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

മുക്കം മാമ്പറ്റയിലെ കയർഫെഡ് നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കേരള സ്റ്റേറ്റ് കയർ മെഷീണറി മാനുഫാക്ച്ചറിങ് കമ്പനി (കെ.എസ്.സി.എം.എം.സി) കെട്ടിട നവീകരണം നടത്തുകയും പുതിയ ഡിഫൈബറിങ് മെഷീനും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മെഷീനറികളുടെ പ്രവർത്തനത്തിനാവശ്യമായ പവർ നിലവിലെ ട്രാൻസ്ഫോർമറിൽ പര്യാപ്തമല്ലെന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽനിന്നും അറിയിച്ചതിനെത്തുടർന്ന് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങളുടെ ഫലമായി ലഭിക്കാവുന്ന ഗുണഫലങ്ങൾ വ്യക്തമാക്കുമോ?

മേൽ യൂണിറ്റ് പ്രവർത്തനമാരംഭിച്ചാൽ കൂടുതൽ ഫൈബർ ഉൽപാദിപ്പിക്കുന്നതുവഴി കോഴിക്കോട്, മലപ്പുറം ജില്ലകളിലെ കയർപിരി സഹകരണ സംഘങ്ങൾക്ക് ഗുണനിലവാരമുള്ള ഫൈബർ കൃത്യമായി നൽകുന്നതുവഴി സംഘങ്ങളുടെ കയർ ഉൽപാദനം വർധിപ്പിക്കാൻ സാധിക്കും. കൂടാതെ ചകിരിച്ചോറുപയോഗിച്ച് ജൈവവളം ഉൾപ്പെടെയുള്ള മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതുവഴി കൂടുതൽ തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്നു.

കയർ മേഖലയിലെ വൈവിധ്യവൽക്കരണം

174(6049) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ വൈവിധ്യവൽക്കരണം ശക്തിപ്പെടുത്താനും പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ തൊഴിൽദിനങ്ങൾ വർധിപ്പിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കയർ മേഖലയിലെ വൈവിധ്യവൽക്കരണം ശക്തിപ്പെടുത്തുന്നതിനായി യന്ത്രവൽക്കരണത്തിലൂടെ ഉൽപാദനക്ഷമത വർധിപ്പിച്ചും വിപണിമൂല്യമുള്ള നവീന ഡിസൈനുകളിലും നൂതന സാങ്കേതികവിദ്യയിലും ഉൽപന്നങ്ങൾ നിർമ്മിച്ചെടുക്കാൻ പരമ്പരാഗത കയർ തൊഴിലാളികളെ പ്രാപ്തമാക്കുംവിധം നൈപുണ്യ വികസന/പരിശീലന പരിപാടികൾ സംഘടിപ്പിച്ചും പുരോഗതി കൈവരിക്കാൻ ശ്രമിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ഭോപാലുമായി ചേർന്ന് കയർ കോർപ്പറേഷൻ, പരമ്പരാഗത കയർ തൊഴിലാളികൾക്ക് പരിശീലനം നൽകിവരുന്നുണ്ട്. ഇതോടൊപ്പം കയർ ഭ്രവസ്തുത്തിന്റെ നിർമ്മാണവും വിപണനവും കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോമിൽ എന്നീ സ്ഥാപനങ്ങളേറ്റെടുത്ത് നടത്തിവരുന്നു. കയർ ഭ്രവസ്തുത്തിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2023-24 സാമ്പത്തികവർഷം ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ 58 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭ്രവസ്തും സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിൽ വിതരണം ചെയ്തു. കയർ ഭ്രവസ്തുത്തിന്റെ കൂടുതൽ സാധ്യതകൾ തേടുന്നതിന്റെ ഭാഗമായി ഒഡീഷയിലെ ഖനികളിൽ കയർ

ഭ്രവസ്തും വിതാനിക്കുന്ന പൈലറ്റ് പ്രോജക്ട് കയർ കോർപ്പറേഷൻ നടപ്പാക്കി. കയറുൽപന്നങ്ങളുടെ വിപണനസാധ്യത വർധിപ്പിക്കുന്നതിന്റെ ഭാഗമായി കയർ കോർപ്പറേഷൻ, അന്താരാഷ്ട്ര വ്യാപാര ശൃംഖലയായ വാൾമാർട്ടുമായി സഹകരിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലത്ത് ഇൻകം സപ്പോർട്ട് സ്കീമിൽ 45.9 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

പ്രസ്തുത മേഖലയിൽ നിലവിൽ ഏകദേശം 21000 തൊഴിലാളികൾ ജോലി ചെയ്തുവരുന്നുണ്ട്. അവർക്ക് പ്രതിവർഷം ശരാശരി 120 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നുണ്ട്. പരമ്പരാഗത കയറുൽപന്നങ്ങൾക്ക് പുറമെ ചകിരിച്ചോറിൽനിന്നും മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിച്ച് കയർഫെഡ് വിപണനം ചെയ്യുന്നുണ്ട്. മറ്റ് ചകിരി ഉൽപാദക യൂണിറ്റുകളിലും ഇത്തരം സാധ്യതകൾ പ്രോത്സാഹിപ്പിച്ച് കൂടുതൽ തൊഴിൽദിനങ്ങൾ നൽകാൻ കഴിയുന്നതാണ്.

(ബി) ചകിരിച്ചോറിന്റെയും ഉണക്കത്തൊണ്ടിന്റെയും മൂല്യവർധിത ഉൽപന്നങ്ങൾ വഴി തൊഴിൽദിനങ്ങൾ വർധിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

ചകിരിച്ചോറിൽനിന്നും കോകോഫെർട്ട്, ഇനോകുലേറ്റഡ് പിത്ത്, പിത്ത് ബ്രിക്കറ്റ് മുതലായ മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിച്ച് കയർഫെഡ് വിപണനം ചെയ്യുന്നുണ്ട്. വിപണിയിലെ ആവശ്യകത വിലയിരുത്തി മറ്റ് ചകിരി ഉൽപാദക യൂണിറ്റുകളിലും സമാനമായ മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും അതുവഴി തൊഴിൽ ദിനങ്ങൾ വർധിപ്പിക്കുന്നതിനുമുള്ള സാധ്യത പരിശോധിക്കുന്നതാണ്.

കശുവണ്ടി വ്യവസായ മേഖലയുടെ വികസനം

175(6050) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം കശുവണ്ടി വ്യവസായ മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

കശുവണ്ടി വ്യവസായ മേഖലയിൽ മുൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായി ഈ സർക്കാർ വന്നതിനുശേഷം

പൊതു-സ്വകാര്യ കശുവണ്ടി മേഖലയുടെ വികസനത്തിന് വിവിധ പ്രവർത്തനങ്ങൾ നടത്തുകയും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി വ്യവസായരംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ 30 കശുവണ്ടി ഫാക്ടറികളും അപ്പെക്സ് സൊസൈറ്റിയായ കാപ്പക്സിന്റെ 10 ഫാക്ടറികളും നിലവിൽ തുടർച്ചയായി പ്രവർത്തിച്ചുവരുന്നു.

കാഷ്യൂ കോർപ്പറേഷനിൽനിന്ന് വിരമിച്ച 2021 വരെയുള്ള തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിന് 20 കോടി രൂപയും 2021-22, 2022-23, 2023-24 വർഷങ്ങളിൽ ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും ഭാഗീക യന്ത്രവൽക്കരണത്തിനുമായി 5.45 കോടി രൂപയും 2021-22, 2022-23, 2023-24 വർഷങ്ങളിൽ ബ്രാൻഡ് ബിൽഡിംഗിനായി 1.76 കോടി രൂപയും സർക്കാർ കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനുമായി 1.55 കോടി രൂപയും ബ്രാൻഡ് ബിൽഡിങിനായി 1.50 കോടി രൂപയും

2024-25 വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

നിലവിലുള്ള പ്രോസസിങ് സംവിധാനത്തിന് സമാന്തരമായി കാഷ്യൂ കോർപ്പറേഷന്റെ തിരഞ്ഞെടുത്ത 4 ഫാക്ടറികളിൽ fully mechanized processing ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പ്രോസസിങ് വിഭാഗത്തിൽ വരുന്ന ഷെല്ലിങ്, പീലിങ്, ഗ്രേഡിങ് സെക്ഷനുകളിൽ പുതുതായി 535 തൊഴിലാളികളെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിയമിച്ചിട്ടുണ്ട്. കാഷ്യൂ കോർപ്പറേഷന്റെ വാല്യൂ അഡിഷൻ യൂണിറ്റിൽ നിർമ്മിക്കുന്ന വിവിധ മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണനം ആഭ്യന്തര വിപണിയിൽ വർധിപ്പിക്കുന്നതിനായി വിപണന ശൃംഖല വിവിധ ഏജൻസികൾ വഴി സംസ്ഥാനത്തുടനീളം വ്യാപിപ്പിച്ചിട്ടുണ്ട്. 2024-ൽ ഇതുവരെ 55 തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് കാഷ്യൂ കോർപ്പറേഷൻ നൽകിയിട്ടുണ്ട്.

കാപ്പക്സിന് 2021–22 സാമ്പത്തിക വർഷം അനുവദിച്ച 957 ലക്ഷം രൂപ ഉപയോഗിച്ച് തൊഴിലാളികൾക്ക് 2020 വരെയുള്ള ഗ്രാറ്റുവിറ്റി വിതരണം

ചെയ്തു. ആധുനികവൽക്കരണം, ബ്രാൻഡ് വികസനം എന്നിവയ്ക്കായി 2022-23 സാമ്പത്തിക വർഷം 146.50 ലക്ഷം രൂപയും 2023-24 വർഷം 76.86 ലക്ഷം രൂപയും കാപ്പക്സിന് നൽകി. പ്രസ്തുത തുക വിനിയോഗിച്ച് ഇലക്ട്രിക് ബോർമ്മ, വിവിധ സിവിൽ വർക്കുകൾ, കട്ടിംഗ് മെഷീനുകൾ, പീലിങ്, ഗ്രേഡിങ് മേശകൾ, റോസ്റ്റിങ് മെഷീൻ, കമ്പ്യൂട്ടറുകൾ എന്നിവ സ്ഥാപിക്കുകയും ആഭ്യന്തര വിപണനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. 2024-25 വർഷത്തേയ്ക്ക് പദ്ധതി തുകയായി ആധുനികവൽക്കരണത്തിന് 250 ലക്ഷത്തിനും ബ്രാൻഡ് വികസനത്തിന് 50 ലക്ഷത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 179-ഉം 2022-23-ൽ 93-ഉം 2023-24-ൽ 156-ഉം തൊഴിൽദിനങ്ങൾ കാപ്പക്സ് നൽകിയിട്ടുണ്ട്. 2024-25 വർഷം ഇതുവരെ 54 തൊഴിൽ ദിനങ്ങൾ നൽകി. കൂടാതെ ഈ സർക്കാർ വന്നതിനുശേഷം സ്വകാര്യ മേഖലയിൽ തൊഴിലില്ലാതിരുന്ന 250 തൊഴിലാളികളെ കാപ്പെക്സിന്റെ ഫാക്ടറികളിൽ നിയമിക്കുകയുണ്ടായി. തൊഴിലാളികൾക്ക് മുടക്കമില്ലാതെ പി.എഫ്.,

ഇ.എസ്.ഐ. ക്ഷേമനിധി ഉൾപ്പെടെയുള്ള വേതനം, ബോണസ്സ് തുടങ്ങി എല്ലാ ആനുകൂല്യങ്ങളും കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും നൽകിവരുന്നു.

സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനും തോട്ടണ്ടിയുടെ ഉൽപാദനം വർധിപ്പിക്കുന്നതിനുമായി രൂപീകരിച്ച കശുമാവ് കൃഷി വികസന ഏജൻസി (KSACC) വഴി അത്യുൽപാദനശേഷിയുള്ള മേൽത്തരം കശുമാവ് ഗ്രാഫ്റ്റുകൾ കൃഷിയിൽ തൽപ്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി വിവിധ പദ്ധതികളിലൂടെ ടി ഏജൻസി മുഖാന്തരം നൽകിവരുന്നു.

കശുമാവ് കൃഷി വികസന ഏജൻസിക്ക് 2021-22 സാമ്പത്തിക വർഷം 495.8 ലക്ഷം രൂപയും 2022-23-ൽ 186.46 ലക്ഷം രൂപയും 2023-24 സാമ്പത്തിക വർഷം 215.49 ലക്ഷം രൂപയും സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം 650 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കാഷ്യൂ കോർപ്പറേഷനും കാപ്പക്സിനും ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കുന്നതിനായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് 2020-21 മുതൽ നാളിതുവരെയായി 54672.972 മെട്രിക് ടൺ തോട്ടണ്ടി വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്ത് നൽകിയിട്ടുണ്ട്. ഇതിനായി 228 കോടി രൂപ സർക്കാർ സഹായം നൽകിയിട്ടുള്ളതും 2024-25 സാമ്പത്തിക വർഷം 40.81 കോടി രൂപ ബജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനായി രൂപീകരിച്ച മിനിമം വേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് കശുവണ്ടിത്തൊഴിലാളികൾക്ക് നൽകേണ്ടതായ മിനിമം കൂലി 23% വർധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി അഞ്ചംഗ

വിദഗ്ധ സമിതി സർക്കാർ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി 2022-23-ലെ ബജറ്റിൽ പദ്ധതികൾ പ്രഖ്യാപിച്ച് നടപ്പാക്കി.

ഇതിന്റെ ഭാഗമായി സ്വകാര്യ കശുവണ്ടി മേഖലയ്ക്കായി "Scheme for Assistance for Capital grants and Interest Subvention to small and medium Cashew Factory units for rebuilding lost Livelihood" പദ്ധതിക്ക് 700 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷം വകയിരുത്തിയതിൽനിന്നും 220 ലക്ഷം രൂപ വ്യവസായ വാണിജ്യ ഡയറക്ടർക്ക് വിതരണം ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി അനുവദിച്ച 100 ലക്ഷം രൂപയിൽ 43.53 ലക്ഷം രൂപ കൊല്ലം, കാസർഗോഡ്, തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിക്കായി 200 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ Continued

Operation Linked Stimulus Programme – 20 കോടി രൂപയും Women friendly Physical Infra creation/upgradation – 5 കോടി രൂപയും, Modernization/Upgradation of Shelling Units – 5 കോടി രൂപയും അനുവദിക്കണമെന്ന കമ്മിറ്റിയുടെ ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വിദഗ്ധസമിതിയുടെ അന്തിമറിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ബി) ഈ മേഖലയിൽ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെയും വിശദവിവരം ലഭ്യമാക്കുമോ?

സ്വകാര്യ മേഖലയിലെ ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികളെ പുനരുദ്ധരിക്കുന്നതിനായി മുൻ സർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ ഫോർമുല രൂപീകരിക്കുന്നതിന് ബാങ്ക് പ്രതിനിധി, കശുവണ്ടി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി സർക്കാർ രൂപീകരിച്ചിരുന്നു. ബാങ്കുകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിവിധ മാർഗനിർദേശങ്ങൾക്കും

നിയമാവലിക്കും വിധേയമായാണ് പ്രവർത്തിക്കുന്നതെങ്കിലും സർക്കാരിന്റെ നിരന്തരപരിശ്രമത്തിന്റെയും തുടർചർച്ചകളുടെയും ഫലമായി One Time Settlement (OTS) സംബന്ധിച്ച് ഒരു ധാരണയിലെത്താൻ സാധിക്കുകയും OTS Scheme പ്രഖ്യാപിച്ച് അക്കൗണ്ട് ഹോൾഡർമാർ ബാങ്കുകളുമായി കരാറിൽ ഏർപ്പെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ട തീയതി വിവിധ ഘട്ടങ്ങളിലായി 31-12-2024 വരെയാക്കി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത OTS പദ്ധതിപ്രകാരം 31-03-2021 വരെ NPA ആയതും 10 കോടിവരെയുള്ളതുമായ ലോൺ അക്കൗണ്ടുകൾ OTS പദ്ധതിപ്രകാരം തീർപ്പാക്കാവുന്നതാണ്.

കേരള കശുവണ്ടി കോർപ്പറേഷൻ

176(6051) <u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കശുവണ്ടി കോർപ്പറേഷന്റെ കീഴിൽ 1988-1994 കാലഘട്ടത്തിൽ മുരിയാട് വിജയലക്ഷ്മി കമ്പനിയിൽ ജോലി ചെയ്തിരുന്ന തൊണ്ണൂറ് സ്ത്രീ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി അനുവദിച്ചുകൊണ്ടുള്ള തൃശ്ശൂർ

ഡെപ്യൂട്ടി ലേബർ കമ്മിഷണറുടെ 26-05-2016-ലെ ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ബി) പ്രസ്തുത ഉത്തരവുപ്രകാരം ബന്ധപ്പെട്ട തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) നടപ്പാക്കിയിട്ടില്ല. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ 1988 മുതൽ ഏറ്റെടുത്ത് നടത്തിയിരുന്ന 36 ഫാക്ടറികളിലൊന്നാണ് 70-ാം നമ്പർ മുരിയാട് വിജയലക്ഷ്മി കമ്പനി. ടി ഫാക്ടറി 1994-ൽ ബഹു.സുപ്രീം കോടതി ഉത്തരവുപ്രകാരം സ്വകാര്യ ഉടമയ്ക്ക് വിട്ടുകൊടുത്തിട്ടുള്ളതാണ്. ടി ഫാക്ടറിയിലെ 90 സ്ത്രീ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി അനുവദിച്ചുകൊണ്ടുള്ള തൃശ്ശൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ 26-05-2016-ലെ ഉത്തരവ് നടപ്പാക്കിയിട്ടില്ല. ടി ഉത്തരവിന്മേലുള്ള റവന്യൂ റിക്കവറി ചലഞ്ച് ചെയ്ത് കാഷ്യൂ കോർപ്പറേഷൻ നൽകിയ WP(C) No.27906/18-ാം നമ്പർ കേസും തൊഴിലാളികൾ നൽകിയ WP(C) No.29564/18-ാം നമ്പർ കേസും 12-01-2024-ൽ വിധിയായിട്ടുള്ളതാണ്. ടി

വിധിപ്രകാരം 6 മാസത്തിനകം ഗ്രാറ്റുവിറ്റി വിതരണം ചെയ്യേണ്ടതാണ്. എന്നാൽ കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം ടി കേസിന്മേലുള്ള പലിശ ഒഴിവാക്കാനും മറ്റുമായി ഒരു റിട്ട് പെറ്റീഷൻ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യാൻ കാഷ്യൂ കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കശുവണ്ടി ഉൽപാദനത്തിൽ സ്വയംപര്യാപ്തത

177(6052) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കശുവണ്ടി ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനും കശുവണ്ടി കൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും സംസ്ഥാനത്തുൽപാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനും കശുവണ്ടി ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനും കശുവണ്ടി കൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക്

വ്യാപിപ്പിക്കുന്നതിനുമായി 2007-ൽ സർക്കാർ കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (KSACC) രൂപീകരിച്ചു. കാർഷിക സർവകലാശാല, മറ്റ് ഗവേഷണ കേന്ദ്രങ്ങൾ എന്നിവ വികസിപ്പിച്ച അധികം പടരാത്ത ഉയരം കുറഞ്ഞ അത്യുൽപാദന ശേഷിയുള്ള മൂന്നാം വർഷം മുതൽ കായ്ഫലം തരുന്ന ഗ്രാഫ്റ്റ് തൈകളാണ് കശുമാവ് കൃഷി വ്യാപനത്തിനായി കെ.എസ്.എ.സി.സി വിതരണം ചെയ്യുന്നത്. സർക്കാർ/അർധ സർക്കാർ, ഡി.സി.സി.ഡി തുടങ്ങിയ അംഗീകൃത നഴ്സറികളിൽനിന്നും കശുമാവ് ഗ്രാഫ്റ്റ് തൈകൾ വാങ്ങി കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ജൈവ കശുമാവ് കൃഷിയും തോട്ടണ്ടി ബാങ്ക് സംഭരണവും' എന്ന സംസ്ഥാന പ്ലാൻ പദ്ധതിയിലൂടെ ഇത് നടപ്പാക്കിവരുന്നു. കേന്ദ്രസർക്കാർ സ്ഥാപനമായ ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ&കൊക്കോ ഡെവലപ്പ്മെന്റ് (DCCD)-യുടെ കണക്കുപ്രകാരം 2023-24-ൽ കശുമാവ് കൃഷിയുടെ വിസ്തൃതി 108960 ഹെക്ടർ ആയി വർധിക്കുകയും 76120 മെട്രിക്ക് ടൺ നാടൻ കശുവണ്ടി ഉൽപാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. KSACC-യുടെ പ്രവർത്തന ഫലമായി 9605023 തൈകൾ 46069.4912 ഹെക്ടർ സ്ഥലത്ത് വിവിധ

പദ്ധതികളിലൂടെ വിതരണം ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം KSACC 5,91,000 കശുമാവ് തൈകൾ 2310 ഹെക്ടർ സ്ഥലത്തേക്ക് വിവിധ പദ്ധതികളിലായി വിതരണം ചെയ്യാൻ ലക്ഷ്യമിടുകയും ജൂൺ മാസം മുതൽ വിതരണം ആരംഭിക്കുകയും 1,50,000 തൈകൾ കർഷകർ, സ്ഥാപനങ്ങൾ മുതലായവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി ഉൽപാദനത്തിൽ ഇതുവഴി സംസ്ഥാനത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ കെ.എസ്.എ.സി.സി.-ക്ക് സാധിച്ചിട്ടുണ്ട്.

കശുവണ്ടിയുടെ ആഭ്യന്തര ഉൽപാദനം ലക്ഷ്യമിട്ട് പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ച് അത്യുൽപാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപാദിപ്പിക്കുന്ന നഴ്സറി സ്ഥാപിച്ചിട്ടുണ്ട്. ഇവിടെനിന്നും കശുമാവ് തൈകൾ കശുമാവ് കർഷകർക്കും കശുമാവ് കൃഷി വികസന ഏജൻസിക്കും 50 രൂപ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി അയ്യായിരത്തഞ്ഞൂറോളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിക്കും കശുവണ്ടി

വികസന കോർപ്പറേഷൻ രൂപം നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് മാതൃകാ കശുമാവ് തോട്ടം പദ്ധതിയിൽപ്പെടുത്തി അത്യുൽപാദന ശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്തിട്ടുണ്ട്. കാപ്പക്സിന്റെ കശുവണ്ടി ഫാക്ടറികളിലും കശുമാവ് നഴ്സറികൾ പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാന സർക്കാരിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്ലാന്റേഷനുകൾ/സർക്കാർ ഫാമുകൾ, കൂടാതെ കർഷകർ, സഹകരണ സൊസൈറ്റികൾ എന്നിവിടങ്ങളിൽനിന്നും കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും സംഭരിക്കുന്ന നാടൻ തോട്ടണ്ടിക്ക് നൽകേണ്ട ഉയർന്ന വില നിർണ്ണയിക്കുന്നതിന് അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനായി സർക്കാർ വിലനിർണ്ണയ സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2024-ലെ കശുവണ്ടി സീസണിൽ സംഭരിക്കേണ്ട നാടൻ തോട്ടണ്ടിയുടെ ഉയർന്ന വില രൂപ 105/കി.ഗ്രാം ആയി നിർണ്ണയിക്കുകയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ സർക്കാർ ഫാമുകളും മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങളും കർഷകരും ഉൽപാദിപ്പിക്കുന്ന കശുവണ്ടി സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ സംഭരിക്കുന്നു. കൂടാതെ സഹകരണ ബാങ്കുകൾ സംഭരിച്ച് നൽകുന്ന തോട്ടണ്ടിയും കശുവണ്ടി വികസന കോർപ്പറേഷൻ വാങ്ങുന്നുണ്ട്. ഈ വർഷം നാളിതുവരെ സംസ്ഥാനത്ത് ഉൽപാദിപ്പിച്ച ഏകദേശം 60 മെട്രിക് ടൺ തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷൻ സംഭരിച്ചിട്ടുണ്ട്.

കർഷകർക്ക് സൗജന്യ വൈദ്യുതി

178(6053) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് കൃഷി ആവശ്യത്തിന് സൗജന്യമായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും വിശദമാക്കുമോ?

വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും ടി സേവനങ്ങൾക്കായി

ഉപഭോക്താവിൽനിന്നും ഈടാക്കാവുന്ന തുക/വൈദ്യുതി ചാർജ് എന്നിവ നിശ്ചയിക്കുന്നതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനാണ്.

കാർഷികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതി ഇപ്പോൾ സൗജന്യമല്ല, നിലവിലുള്ള താരിഫ് ഉത്തരവുപ്രകാരമുള്ള നിരക്കുകൾക്കനുസരിച്ചാണ് എല്ലാ കാർഷിക കണക്ഷനുകൾക്കും വൈദ്യുതി ബിൽ നൽകിവരുന്നത്. ഇതിൽനിന്നും കൃഷി വകുപ്പ് അംഗീകരിച്ചിട്ടുള്ള കർഷകർ, ഉപയോഗിച്ച വൈദ്യുതിക്കുള്ള ചാർജ് മാത്രമാണ് (കർഷകൻ നേരിട്ടടയ്ക്കാതെ) കൃഷി ഭവൻ മുഖേന അടയ്ക്കുന്നത്.

സൗജന്യമായി വൈദ്യുതി നൽകുകയാണെങ്കിൽ കമ്മീഷൻ അംഗീകരിച്ച താരിഫ് നിരക്കിനനുസൃതമായി അധിക വൈദ്യുതിക്ക് ചെലവാകുന്ന തുക കെ.എസ്.ഇ.ബി.-ക്ക് സംസ്ഥാന സർക്കാർ ലഭ്യമാക്കേണ്ടതുണ്ട്. കാർഷികാവശ്യത്തിനുള്ള വൈദ്യുതിക്ക് യൂണിറ്റിന് 85 പൈസ നിരക്കിൽ സർക്കാർ സബ്സിഡി നൽകിവരുന്നു. (LT-VA താരിഫ്).

സാധാരണഗതിയിൽ കാർഷിക കണക്ഷനുൾപ്പെടെ (നെൽ കർഷകർക്കുൾപ്പെടെ) ഏതുവിഭാഗത്തിൽപ്പെട്ട വൈദ്യുതി കണക്ഷൻ

ലഭിക്കുന്നതിനും അപേക്ഷകൻ ഒരു തിരിച്ചറിയൽ രേഖയും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയും മാത്രം ഹാജരാക്കിയാൽ മതിയാകും. കർഷകർക്ക് കൃഷി വകുപ്പിൽനിന്നും എന്തെങ്കിലും ആനുകൂല്യം ലഭിക്കണമെങ്കിൽ മാത്രമാണ് കൃഷി വകുപ്പിന്റെയോ മറ്റേതെങ്കിലും വകുപ്പിന്റെയോ അനുമതി ആവശ്യമായി വരുന്നത്. നിലവിൽ മറ്റെല്ലാ കണക്ഷനുകൾക്കുമെന്നപോലെ, കാർഷിക കണക്ഷനുകൾ നൽകുന്നതിനും ആവശ്യമായ തുക (ECSC) അടച്ചതിനുശേഷം മാത്രമാണ് ലൈൻ വലിക്കുന്ന പ്രവൃത്തികളും മറ്റും പൂർത്തീകരിച്ച് കണക്ഷൻ നൽകാറുള്ളത്.

ചില കാർഷിക കണക്ഷനുകളുടെ വൈദ്യുതി കൃഷി വകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് കാർഷിക കണക്ഷനുകൾ KSEBL നൽകിവന്നിരുന്നത്.

കാർഷിക കണക്ഷനുകളിലെ മേൽവ്യവസ്ഥകൾ ഇല്ലാതാക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത്, ഭൂവിസ്തൃതി പരിശോധിക്കുന്നത് ഒഴിവാക്കുകയും ഉദ്ദേശ്യം മാത്രം പരിശോധിച്ചതിനുശേഷം വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനും മറ്റെല്ലാ വൈദ്യുത കണക്ഷനുകളുടെയും

കാര്യത്തിലെന്നപോലെ, അപേക്ഷയോടൊപ്പം രണ്ട് രേഖകൾ (ഉടമസ്ഥാവകാശം തെളിയിക്കുന്നതും മറ്റൊന്ന് തിരിച്ചറിയൽ രേഖയും) ഹാജരാക്കി അപേക്ഷകർക്ക് LT-VA താരിഫ് (വെള്ളം പമ്പ് ചെയ്യേണ്ട ആവശ്യങ്ങൾക്കുള്ളവ) വിഭാഗത്തിൽ കാർഷിക കണക്ഷനുകൾ നൽകാൻ അനുമതി നൽകിയിട്ടുണ്ട്. കൃഷിവകുപ്പ് വൈദ്യുതി ചാർജ് അടയ്ക്കുന്ന കാർഷിക കണക്ഷനുകൾക്ക് മാത്രമേ ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്കനുസൃതമായും ബന്ധപ്പെട്ട അധികാരിയിൽനിന്ന് അംഗീകാരപത്രമോ സർട്ടിഫിക്കറ്റോ ഹാജരാക്കണമെന്ന് നിഷ്കർഷിക്കുന്നുള്ളൂ.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2014 പ്രകാരം, സൗജന്യമായി കണക്ഷൻ നൽകുന്നതിനുവേണ്ടി ചെലവാകുന്ന തുക കമ്മീഷൻ അംഗീകരിച്ച കോസ്റ്റ് ഡാറ്റയ്ക്കനുസൃതമായി സംസ്ഥാന സർക്കാർ കെ.എസ്.ഇ.ബി.-ക്ക് മുൻകൂറായി നൽകേണ്ടതുണ്ട്.

സൗജന്യമായി വൈദ്യുതി കണക്ഷനും വൈദ്യുതിയും ലഭ്യമാക്കുന്നതിനുള്ള തീരുമാനം ഗവൺമെന്റുതലത്തിൽ അഭികാമ്യം.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുത്തുപറമ്പ് മണ്ഡലത്തിൽ ഇത്തരത്തിൽ നൽകിയ വൈദ്യുതി കണക്ഷനുകളുടെ എണ്ണം തദ്ദേശസ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുത്തുപറമ്പ് മണ്ഡലത്തിലെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുകീഴിലും കൃഷി ആവശ്യത്തിന് സൗജന്യമായി പുതിയ വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല. എന്നാൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുത്തുപറമ്പ് മണ്ഡലത്തിനുകീഴിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കാർഷികാവശ്യത്തിനായി താഴത്തെ പട്ടികയിൽ കൊടുത്തിരിക്കുന്ന വൈദ്യുതി കണക്ഷൻ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ	തദ്ദേശ സ്ഥാപനം	അഗ്രികൾച്ചറൽ കണക്ഷനുകളുടെ എണ്ണം	കൃഷി ഭവൻ അടയ്ക്കുന്ന കണക്ഷനുകളുടെ എണ്ണം	ഡി. ബി. ടി.	കർഷകർ നേരിട്ട് അടയ്ക്കുന്ന കണക്ഷനുകളുടെ എണ്ണം
പാട്യം	കുത്തുപറമ്പ് മുനിസിപ്പാലിറ്റി	46	14	ഇല്ല	32

	മൊകേരി ഗ്രാമ പഞ്ചായത്ത്				
	കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്ത്				
	പാട്യം ഗ്രാമ പഞ്ചായത്ത്				
പാനൂർ	കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്ത്	30	3	ഇല്ല	27
	മൊകേരി ഗ്രാമ പഞ്ചായത്ത്				
കൂത്തുപറമ്പ്	കൂത്തുപറമ്പ് മുനിസിപ്പാലിറ്റി	47	3		44
കോളയോ	പാട്യം	46	7		39

ട്	ഗ്രാമ പഞ്ചായത്ത്				

സോളാർ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

179(6054) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപാദനത്തിനായി വീടുകളിൽ സോളാർ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്ര നവപുനരുപയോഗ ഊർജ മന്ത്രാലയം (എം.എൻ.ആർ.ഇ.) ഒരു കോടി വീടുകളിൽ സബ്സിഡിയോടുകൂടിയ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന 'പി.എം. സൂര്യഘർ മുഫ്ത് ബിജ്ലി യോജന' പദ്ധതി പ്രഖ്യാപിക്കുകയും പഴയ സബ്സിഡി പദ്ധതികൾ നിർത്തലാക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയിൽ സബ്സിഡി വർധിപ്പിച്ചിട്ടുണ്ട്. നിലവിൽ 1 kW സിസ്റ്റത്തിന് 30,000/- രൂപയും 2 kW സിസ്റ്റങ്ങൾക്ക് 60,000/- രൂപയും 3 kW മുതൽ ഉയർന്ന ശേഷിയുള്ള സിസ്റ്റങ്ങൾക്ക് 78,000/- രൂപയുമാണ്

കേന്ദ്രസർക്കാർ സബ്സിഡി നൽകുന്നത്. എല്ലാ സംസ്ഥാനങ്ങൾക്കും ഈ പദ്ധതി പ്രയോജനപ്പെടുത്താൻ കഴിയും. ഈ പദ്ധതിയുടെ പ്രൊമോഷന് വേണ്ട പ്രചാരണം നൽകുന്നതാണ്.

സ്കീമിനുകീഴിലുള്ള ആനുകൂല്യങ്ങളോടുകൂടി പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് https://pmsuryaghar.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാം.

(ബി) വടകര താലൂക്കിൽ ഇതിനായി നിയോഗിച്ചിട്ടുള്ള അംഗീകൃത ഏജൻസികളുടെ വിവരങ്ങൾ അറിയിക്കാമോ?

വടകര താലൂക്കിനായി ഒരു പ്രത്യേക അംഗീകൃത ഏജൻസിയെ നിയോഗിച്ചിട്ടില്ല. 'പ്രധാൻമന്ത്രി സൂര്യ ഘർ മുഫ്ത് ബിജ്ലി യോജന' എന്ന പദ്ധതി വഴി സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിലാണ് MNRE വ്യവസ്ഥകൾപ്രകാരം ഏജൻസികളെ എംപാനൽ ചെയ്തിട്ടുള്ളത്. MNRE പോർട്ടൽ (PM സൂര്യ ഘർ മുഫ്ത് ബിജ്ലി യോജന) വഴി അപേക്ഷ സമർപ്പിക്കുന്നവർക്ക് എംപാനൽ ചെയ്ത

ഏജൻസികളുടെ വിവരങ്ങൾ കാണാൻ സാധിക്കുന്നതും അതിൽനിന്നും ഉചിതമായ ഒരാളെ തെരഞ്ഞെടുക്കാവുന്നതുമാണ്.

വൈദ്യുതി ബോർഡിന്റെ കരാറുകൾ

180(6055) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി വാങ്ങുന്നതിനായി വൈദ്യുതി ബോർഡ് നിലവിൽ ഏർപ്പെട്ടിരിക്കുന്ന കരാറുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; നിലവിലുള്ള കരാറുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 30 ശതമാനത്തിൽ താഴെ മാത്രമാണ് ആഭ്യന്തര ഉൽപാദനം. അതിനാൽ സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണങ്ങളില്ലാത്ത സ്ഥിതിയിലേക്ക് ഊർജരംഗം പ്രാപ്തമാക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി.എൽ.-ന്റെ ആഭ്യന്തര ഉൽപാദനത്തിനുപുറമേ നിലവിൽ കേന്ദ്ര വൈദ്യുതി നിലയങ്ങളിൽനിന്നും സംസ്ഥാനത്തിന് പുറത്തുള്ള സ്വതന്ത്ര ഉൽപാദകരിൽനിന്നും ദീർഘകാലാടിസ്ഥാനത്തിൽ വൈദ്യുതിക്കുള്ള

കരാറിൽ കെ.എസ്.ഇ.ബി. ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിനുള്ളിലെ സ്വതന്ത്ര ഉൽപാദകരിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളതും കൂടിചേർത്ത് ആകെ 88 കരാറുകൾ നിലവിലുണ്ട്. പ്രസ്തുത കരാറുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ വാണിജ്യ പ്രാധാന്യമുള്ള പ്രസ്തുത ഉഭയകക്ഷി കരാറുകൾ കമ്പനിയുടെ കൈവശമാണ് സൂക്ഷിച്ചിരിക്കുന്നത്.

വൈദ്യുതി വിതരണ ലൈൻ കേബിളാക്കുന്ന പദ്ധതി

181(6056) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി വിതരണ ലൈൻ കേബിളാക്കുന്ന പദ്ധതിപ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഇതുവരെ നടപ്പാക്കിയ പ്രവൃത്തികളുടെയും നടപ്പാക്കിവരുന്ന പ്രവൃത്തികളുടെയും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെയും വിശദാംശം/പുരോഗതി ലഭ്യമാക്കാമോ?

വൈദ്യുതി വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ദ്യുതി-1, ദ്യുതി-2 പദ്ധതികളിൽപ്പെടുത്തി HT, LT ഓവർഹെഡ് ലൈനുകൾക്കുപകരം ABC

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വലിക്കുന്ന പ്രവൃത്തികൾ താഴെപ്പറയുന്ന രീതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. APDRP സ്കീം, ദൃതി-1, ദൃതി-2 പദ്ധതികൾപ്രകാരം HT UG Cable ഇടുന്ന പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്.

HT – ABC

പ്രവൃത്തി	ദൂരം
ബളാംതോട് സെക്ഷൻ	2.73 കി.മി
മാവുങ്കാൽ സെക്ഷൻ	0.85 കി.മി
രാജപുരം സെക്ഷൻ	3 കി.മി
ചോയ്യംകോട് സെക്ഷൻ	2.97 കി.മി
കാഞ്ഞങ്ങാട് സെക്ഷൻ	5.79 കി.മി
പടന്നക്കാട് സെക്ഷൻ	1.27 കി.മി
ആകെ	**16.61 കി.മി**

LT – ABC

പ്രവൃത്തി	ദൂരം
മാവുങ്കാൽ സെക്ഷൻ	6.10 കി.മി
രാജപുരം സെക്ഷൻ	1.36 കി.മി
കാഞ്ഞങ്ങാട് സെക്ഷൻ	16 കി.മി
പടന്നക്കാട് സെക്ഷൻ	4.7 കി.മി
ആകെ	**28.16 കി.മി**

HT UG Cable

പ്രവൃത്തി	ദൂരം
മാവുങ്കാൽ സെക്ഷൻ	3.55 കി.മി
പടന്നക്കാട് സെക്ഷൻ	1.80 കി.മി
കാഞ്ഞങ്ങാട് സെക്ഷൻ	10.06 കി.മി
ആകെ	**15.41 കി.മി**

നടപ്പാക്കിവരുന്ന പ്രവൃത്തികൾ

- നീലേശ്വരം സെക്ഷന്റെ കീഴിൽ - 2.65 കി.മീ.,

- പടന്നക്കാട് സെക്ഷന്റെ കീഴിൽ 1.00 കി.മീ. LT-ABC വലിക്കുന്ന പ്രവൃത്തി പുരോഗതിയിലാണ്.

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ

2024-25 സാമ്പത്തിക വർഷം രാജപുരം സെക്ഷനിൽ - 13 കി.മീ LT – ABC വലിക്കുന്ന പ്രവൃത്തിക്കും, കാഞ്ഞങ്ങാട് - 2.2 കി.മീ., പടന്നക്കാട് - 1 കി.മീ., ചോയ്യംകോട് - 0.6 കി.മീ., രാജപുരം - 6 കി.മീ, ചിത്താരി - 1.2 കി.മീ. HT – ABC വലിക്കുന്ന പ്രവൃത്തിക്കും കാഞ്ഞങ്ങാട് - 1 കി.മീ, നീലേശ്വരം - 0.5 കി.മീ., ചോയ്യംകോട്-0.25 കി.മീ. 11 kV UG Cable ഇടുന്ന പ്രവൃത്തിക്കും ദ്യുതി - 2 പദ്ധതിയിൽ അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS സ്കീംപ്രകാരം താഴെപ്പറയുന്ന പ്രവൃത്തികൾ നടത്താൻ അനുമതി കിട്ടിയിട്ടുണ്ട്.

പ്രവൃത്തി	ദൂരം
HT-ABC	32.95 കി.മീ.
HT-UG Cable	3.14 കി.മീ.
LT-ABC	65.93 കി.മീ.
ആകെ	102.02 കി.മീ

കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

182(6057) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

വൈദ്യുതപ്രസരണ മേഖല കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി പുതിയ സബ് സ്റ്റേഷനുകൾ, ലൈനുകൾ മുതലായവ നിർമ്മിക്കുക, നിലവിലുള്ള ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും ശേഷി വർധിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കിവരുന്നു. കൂടാതെ പുനരുപയോഗ ഊർജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉൽപാദനം വ്യാപകമായതോടെ, ഈ വൈദ്യുതിയുടെ പ്രസരണം സുഗമമാക്കാൻ, ആധുനിക സംവിധാനങ്ങളോടെയുള്ള പ്രസരണ ശൃംഖല ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു.

പ്രസരണ മേഖല കാര്യക്ഷമമാക്കുന്നതിന് ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകൾ (GIS), സബ്സ്റ്റേഷൻ ഓട്ടോമേഷൻ സിസ്റ്റം, നാരോ ബേസ്ഡ് ടവേഴ്സ് (Narrow based towers), മോണോപോളുകൾ (monopoles), കൂടുതൽ പ്രസരണശേഷിയുള്ള ചാലകങ്ങൾ (HTLS കണ്ടക്ടേർസ്), നവീന പ്രൊട്ടക്ഷൻ & മീറ്ററിംഗ് സിസ്റ്റം മുതലായ നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

പത്തുവർഷം മേലെ പഴക്കമുള്ള വിവരശേഖരണത്തിനുള്ള SCADA സിസ്റ്റം മാറ്റി പുതിയത് സ്ഥാപിക്കുന്ന പ്രവൃത്തികൾ സതേൺ റീജിയൺ ലോഡ് ഡെസ്പാച്ച് സെന്റർ (SRLDC)-മായി സഹകരിച്ച് നടപ്പാക്കിവരുന്നു.

സുരക്ഷാസംവിധാനം മെച്ചപ്പെടുത്തുന്നതിനും 110 കെ.വി. മുതൽ മുകളിൽ വോൾട്ടതയിലുള്ള കേരളത്തിലെ എല്ലാ സബ് സ്റ്റേഷനുകളെയും OPGW കേബിൾ ശൃംഖല ഉപയോഗിച്ച് ബന്ധിപ്പിച്ച് വിവരവിനിമയം സുഗമമാക്കുന്നതിനും കെ-ഫോണുമായി സഹകരിച്ച് കേന്ദ്രസർക്കാരിന്റെ PSDF ഫണ്ടിൽ നിന്നുള്ള സാമ്പത്തികസഹായം ഉപയോഗപ്പെടുത്തിക്കൊണ്ട് റിലയബിൾ കമ്മ്യൂണിക്കേഷൻ എന്ന പദ്ധതി നടപ്പാക്കിവരുന്നു.

ഉൽപാദന-പ്രസരണ-വിതരണ മേഖലകളിലെ ഊർജവിനിമയവും ഉപഭോഗവും കൃത്യതയോടെ കണക്കാക്കുന്നതിനുള്ള മീറ്ററിങ് സംവിധാനവും അതിനോടനുബന്ധിച്ചുള്ള സോഫ്റ്റ്വെയർ സംവിധാനങ്ങളും സ്ഥാപിക്കുന്നതിന് SAMAST (Scheduling, Accounting, Metering and Settlement of Transactions) എന്ന പദ്ധതി PSDF ഫണ്ടിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്നുണ്ട്.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിതരണമേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

വിതരണരംഗം കൂടുതൽ ആധുനികവൽക്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണമേഖലയിൽ ദ്യുതി-1, ദ്യുതി-2 ഉൾപ്പെടെയുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാനമായും 4519 കി.മീ 11 കെ.വി. ലൈനും 10218 കി.മീ. എൽ.ടി. ലൈനും പുതുതായി നിർമ്മിക്കുകയും അപ്ഗ്രഡേഷൻ ഉൾപ്പെടെ 6158 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 37956 km എൽ.ടി.

ലൈനും 1899 km 11 കെ.വി. OH ലൈനും റീ കണ്ടക്ടറിങ് നടത്തുകയും 3590 കി.മീ. എൽ. ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതി തടസ്സം കുറയ്ക്കുന്നതിനും സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി 3 ലക്ഷം കിലോമീറ്റർ ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പേസറുകൾ ഘട്ടംഘട്ടമായി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് തീരുമാനിക്കുകയും ഇതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 180 ലക്ഷം സ്പേസറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

Communicable Fault Pass Detector

വൈദ്യുതി തടസ്സത്തിന്റെ സമയദൈർഘ്യം കുറയ്ക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത മനസ്സിലാക്കിക്കൊണ്ട് "Communicable Fault Pass Detector" എന്ന നൂതന സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർ തന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. തകരാറുണ്ടാകുന്ന സമയത്ത് വിവരം SMS ആയി

അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് എത്തിക്കുന്നതിനും സോഫ്റ്റ്വെയർ വഴി തകരാറുണ്ടായ സ്ഥലം കണ്ടുപിടിക്കുന്നതിനുമുള്ള നൂതന സംവിധാനമാണിത്. ഈ സംവിധാനം വഴി തകരാർ സംഭവിച്ച സ്ഥലം പെട്ടെന്ന് തിരിച്ചറിയുകയും പരിഹാരം പെട്ടെന്ന് സാധ്യമാകുകയും ചെയ്യുന്നു. 2026-27 വരെ 2400 ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

നിലവിൽ വൈദ്യുതി സംബന്ധിയായ പരാതികൾ രേഖപ്പെടുത്താൻ ക്ലൗഡ് ടെലിഫോണി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കസ്റ്റമർ കെയർ മേഖലയിൽ നടപ്പാക്കിയിട്ടുണ്ട്. ഇതുപയോഗിച്ച് സ്വയമേവ രജിസ്റ്റർ ചെയ്യുന്ന പരാതികളും സേവനങ്ങളും അപ്പപ്പോൾത്തന്നെ ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ ഓൺലൈനായി എത്തുന്നു. ഇതും പരാതിപരിഹാരം വേഗത്തിലാക്കാൻ സഹായിക്കുന്നു.

ഹോട്ട് ലൈൻ മെയിന്റനൻസ്

പുനരുപയോഗ സ്രോതസ്സുകളുടെ വർധനവ്, വർധിച്ചുവരുന്ന വൈദ്യുത വാഹനങ്ങളുടെ എണ്ണം, വൈദ്യുതി ഇല്ലാതെ വരുമ്പോഴുണ്ടാകുന്ന വരുമാന

നഷ്ടം എന്നിവ കണക്കിലെടുക്കുമ്പോൾ ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം തടസ്സപ്പെടുത്താതെ വിതരണ ശൃംഖലയുടെ അറ്റകുറ്റപ്പണികൾ നടപ്പാക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഹോട്ട് ലൈൻ മെയിന്റനൻസ് എന്ന സാങ്കേതികവിദ്യ നടപ്പാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ വിവിധ മേഖലയിലെ 4 സെക്ഷനുകളിൽ ഹോട്ട് ലൈൻ സംവിധാനം ഏർപ്പെടുത്താൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് തീരുമാനിക്കുകയും നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

സേവനം വാതിൽപ്പടിയിൽ (Service at Door Steps)

പൊതുജനങ്ങൾക്ക് വൈദ്യുതി സംബന്ധമായ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് 'സേവനം വാതിൽപ്പടിയിൽ' (Service at Door Steps) എന്ന പദ്ധതി 2021 ഫെബ്രുവരി മാസത്തിൽ ആരംഭിക്കുകയും ജൂലൈ 2021 മുതൽ എല്ലാ സെക്ഷനുകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും ഉടമസ്ഥാവകാശ മാറ്റം, കണക്ടഡ് ലോഡ്, താരിഫ് മാറ്റം, ഫേസ് മാറ്റം, വൈദ്യുതി ലൈൻ, മീറ്റർ മാറ്റി

സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിനും സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലോ 1912 എന്ന കസ്റ്റമർ കെയർ നമ്പർ വഴിയോ, ഓൺലൈൻ വഴിയോ രജിസ്റ്റർ ചെയ്താൽ ഉപഭോക്താവിന്റെ വീട്ടിൽ ജീവനക്കാർ നേരിട്ടുപോയി രേഖകൾ കൈപ്പറ്റുകയും ചെയ്യും.

കൂടാതെ ഡിജിറ്റൽ പേയ്മെന്റുകളുടെ എണ്ണം കൂട്ടുന്നതിനും അടുത്ത രണ്ടര വർഷത്തിനുള്ളിൽ പണമടവ് 90%-ന് മുകളിൽ ഓൺലൈൻ സംവിധാനങ്ങളിലൂടെയാക്കി മാറ്റുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഉപഭോക്താവിന് നൽകുന്ന വൈദ്യുതി ബില്ലിൽ QR കോഡ് ഉൾപ്പെടുത്താനും അതുവഴി വൈദ്യുതി ബിൽ അടയ്ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് ആരംഭിച്ചിട്ടുണ്ട്. വൈദ്യുതി ബിൽ നൽകുന്ന POS മെഷീനിൽ തന്നെ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചോ QR കോഡ് ഉപയോഗിച്ചോ UPI സംവിധാനങ്ങൾ ഉപയോഗിച്ചോ വൈദ്യുതി ബിൽ

നൽകുമ്പോൾത്തന്നെ ഉപഭോക്താവിന് ബിൽ അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

മീറ്റർ റീഡിങ്ങിലെ കൃത്യത ഉറപ്പുവരുത്താനും സമയലാഭത്തിനുമായി ഒപ്റ്റിക്കൽ ക്യാരക്ടർ റെക്കഗ്നിഷൻ അടിസ്ഥാനമാക്കിയുള്ള മീറ്റർ റീഡിങ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി, പുതിയ സർവീസ് കണക്ഷനുകൾ ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളും ഓൺലൈനായി മാത്രം അപേക്ഷിക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസുകളിൽ ഒരേസമയം ഒന്നിൽക്കൂടുതൽ ഉപഭോക്താക്കൾ വിളിക്കുമ്പോൾ ഫോൺ ലഭിക്കാത്ത സാഹചര്യം ഒഴിവാക്കാൻ എല്ലാ പരാതികളും കാൾ സെന്റർ വഴി മാത്രം സ്വീകരിക്കുന്നതിനുള്ള സംവിധാനം പരിശോധിച്ചുവരുന്നു.

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിലേക്കായി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ

അംഗീകാരമുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രധാന പരിശീലന കേന്ദ്രമായ പെറ്റാർക്കിന്റെയും (PETARC) നാല് മേഖലകളിലെ റീജിയണൽ പവർ ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും ആഭിമുഖ്യത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ട്രെയിനിംഗ് പോളിസിക്കനുസൃതമായ വിവിധ പരിശീലന പരിപാടികൾ KSEBL കാര്യാലയത്തിന്റെ കീഴിൽ ആവശ്യാനുസൃതമായി നടത്തിവരുന്നു.

കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സംസ്ഥാനത്ത് ആവശ്യമായി വരുന്ന അധിക വൈദ്യുതി ഉൽപാദിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി 227.536 MW മൊത്തം സ്ഥാപിതശേഷിയുള്ള 11 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ 92 MW മൊത്തം സ്ഥാപിതശേഷിയുള്ള 13 ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങളുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള) വിവിധ ഘട്ടങ്ങളിലാണ്.

ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/ 1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി ജല വൈദ്യുത പദ്ധതി (240 MW/347 Mu) എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉൽപാദനം വർധിപ്പിക്കുന്നതിനായി പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പാക്കുന്നതിനായി മൊത്തം 3250 മെഗാവാട്ട് ശേഷിയുള്ള 9 സൈറ്റുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 2 പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ. തയ്യാറാക്കൽ പ്രവൃത്തികളും നടന്നുവരുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ റിന്യൂവബിൾ എനർജി വിഭാഗത്തിൽനിന്നും വിവിധ

സോളാർ പദ്ധതികളിലൂടെയും കാറ്റിൽനിന്നും ആഭ്യന്തര ഉൽപാദനം വർധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഉൽപാദന മേഖലയിൽ പുതിയ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതികൾ പൂർത്തിയാകുന്നതോടെ കൂടുതൽ ആഭ്യന്തര വൈദ്യുതോൽപാദനം സാധ്യമാകുന്നതാണ്.

കൂടാതെ, കാലപ്പഴക്കം വന്ന വൈദ്യുതി ജനറേഷൻ യൂണിറ്റുകളിൽ നവീകരണവും ആധുനികീകരണവും വിപുലീകരണ പ്രവർത്തനങ്ങളും നടത്തി അവയുടെ ഉൽപാദനശേഷി ഉയർത്താൻ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. കുറ്റ്യാടി RMU പദ്ധതി (3x25 MW to 3x27.5 MW)

പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിലവിലെ കുറ്റ്യാടി ജലവൈദ്യുത പദ്ധതിയിലെ മൂന്ന് 25 MW ശേഷിയുള്ള ജനറേറ്ററുകൾ 27.5 MW ശേഷിയുള്ളതായി ഉയർത്താനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

2. കഞ്ചിക്കോട് wind farm (2.025 MW സ്ഥാപിതശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ മാറ്റി പകരം ഉയർന്ന ശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി)

കഞ്ചിക്കോട് സ്ഥാപിച്ചിട്ടുള്ള 225 kW ശേഷിയുള്ള 9 കാറ്റാടി യന്ത്രങ്ങൾ കാലപ്പഴക്കം ചെന്നവയായതിനാൽ, പ്രസ്തുത യന്ത്രങ്ങൾക്കുപകരം ഉയർന്നശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പ്രസരണ വിതരണരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം നികത്തുന്നതിനും മറ്റ് ചെലവുകൾ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ റീ വാംബ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (RDSS) വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയാണ്. പദ്ധതി പൂർത്തീകരിക്കുമ്പോൾ വിതരണ മേഖലയിലെ സാങ്കേതികവും വാണിജ്യപരവുമായ നഷ്ടം കുറയ്ക്കാനും ACS-ARR gap ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതിയാണ് RDSS. കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ച പദ്ധതി രൂപരേഖയ്ക്കും പ്രവർത്തന പദ്ധതിക്കും 15-03-2022-ന്

നടന്ന മോണിറ്ററിങ് കമ്മിറ്റി യോഗത്തിൽ അംഗീകാരം ലഭിച്ചു. വിതരണ മേഖലയിലെ ഊർജ നഷ്ടം കുറയ്ക്കുന്ന പദ്ധതിക്ക് 20-05-2024-ലെ മോണിറ്ററിങ് കമ്മിറ്റി യോഗത്തിൽ അനുവദിച്ച വർധനയും കണക്കിലെടുത്ത് മൊത്തം 2880 കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചത്. മൊത്തം ചെലവിന്റെ 60% ഗ്രാൻഡ് ചില മാനദണ്ഡങ്ങൾക്ക് വിധേയമായി കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതാണ്.

വിതരണനഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികളും കൊല്ലം, കണ്ണൂർ തൃശ്ശൂർ എന്നീ ടൗണുകളിലെ SCADA പ്രവൃത്തികളും ടെൻഡർ ചെയ്തിട്ടുണ്ട്. അതിൽ ഉപപ്രസരണ പ്രവൃത്തികളിൽ 11 പാക്കേജുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ അവാർഡ് ചെയ്ത് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വിതരണമേഖലയിലെ ഊർജനഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്കായുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിൽ 40 ടെൻഡറുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു.

പ്രസരണരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം കുറയ്ക്കുന്നതിന് വിവിധ മാർഗങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പാക്കിവരുന്നു. പുതിയ

സബ്സ്റ്റേഷനുകളുടെയും പ്രസരണ ലൈനുകളുടെയും നിർമ്മാണം, നിലവിലെ വൈദ്യുതി ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും ശേഷി ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കൽ തുടങ്ങിയ വിവിധ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കിവരുന്നു. ഇതിനായി അഞ്ചുവർഷത്തേയ്ക്കുള്ള (2022-27) സമഗ്രമായ മാസ്റ്റർപ്ലാൻ തയ്യാറാക്കി നടപ്പാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ പദ്ധതികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു.

പുറമെനിന്നും ലഭ്യമാകുന്നതും ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്നതുമായ വൈദ്യുതി, പ്രസരണ നഷ്ടം കുറച്ച് സംസ്ഥാനത്തുടനീളം എത്തിക്കുന്നത്തിന് വിഭാവനം ചെയ്ത വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, ഗ്രീൻ കോറിഡോർ പാക്കേജ് എന്നിങ്ങനെ മൂന്നുവിഭാഗങ്ങളിലായി 400 kV-യുടെ മൂന്ന് സബ്സ്റ്റേഷനുകളും 220 kV 22 സബ്സ്റ്റേഷനുകളും 3670 km ഹൈ വോൾട്ടേജ് ലൈനുകളും നിർമ്മിക്കാൻ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ഇതിൽ നിലവിൽ 12

സബ്സ്റ്റേഷനുകളും 1860 സർക്യൂട്ട് കിലോമീറ്റർ എക്സ്ട്രാ ഹൈ വോൾട്ടേജ് ലൈനുകളും നിർമ്മിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കുകവഴി പ്രതിവർഷം 521 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രസരണനഷ്ടം ഒഴിവാക്കാൻ കഴിയുന്നതാണ്.

കൂടാതെ പ്രസരണനഷ്ടം കുറയ്ക്കുന്നതിനും വർധിത ഡിമാൻഡ് നിറവേറ്റുന്നതിനുമായി നിലവിലുള്ള 66 കെ.വി സബ്സ്റ്റേഷനുകളും ലൈനുകളും ആവശ്യകതക്കനുസരിച്ച് 110 കെ.വി. ആയി ശേഷി വർധിപ്പിക്കുന്നുണ്ട്.

പ്രസരണനഷ്ടം കുറയ്ക്കുന്നതിന് കുറഞ്ഞ പ്രതിരോധവും ഉയർന്ന ചാലകതയുമുള്ള കണ്ടക്ടറുകൾ ഉപയോഗിക്കുന്നുണ്ട്. ഈ കണ്ടക്ടറുകൾക്ക് കൂടുതൽ വൈദ്യുതി വഹിക്കാനും ഉയർന്ന താപനിലയെ നേരിടാനും കഴിയും. ഇത് ചൂട് കൂടുന്നതും സാഗ് കൊണ്ടുള്ളതുമായ നഷ്ടം കുറയ്ക്കുന്നു.

പ്രസരണനഷ്ടം കുറയ്ക്കുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിനും ഉപകരണങ്ങളുടെ പരിപാലനവും പരിശോധനയും കൃത്യസമയത്ത് നടത്തി കേടായ ഘടകങ്ങൾ മാറ്റിസ്ഥാപിക്കുകയോ നന്നാക്കുകയോ ചെയ്യുന്നുണ്ട്.

കൃത്യമായി ലൈനുകളുടെയും സബ്സ്റ്റേഷൻ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതുകൊണ്ട് കാര്യക്ഷമത വർധിപ്പിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും കഴിയും.

വൈദ്യുതി വിതരണ മേഖലയിൽ ദ്യുതി 1, 2 പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ കവചിത ചാലകങ്ങൾ ഉപയോഗിച്ചുള്ള ലൈനുകളുടെ നിർമ്മാണം, വൈദ്യുതി തടസ്സം കണ്ടെത്തുന്നതിൽ ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകളുടെ ഉപയോഗം, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും സ്റ്റാൻഡേർഡൈസേഷൻ പ്രവൃത്തികൾ, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, പുതിയ 11 കെ.വി ലൈൻ നിർമ്മിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം വർധിപ്പിക്കൽ, ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികളുടെ റീ കണ്ടക്ടറിങ് പ്രവൃത്തികൾ, ലൈൻ കൺവെർഷൻ പ്രവൃത്തികൾ, സ്റ്റാർ റേറ്റഡ് ട്രാൻസ്ഫോർമറുകളുടെ ഉപയോഗം തുടങ്ങിയ ആധുനികവൽക്കരണ പ്രവൃത്തികൾ നടത്തി കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിതരണനഷ്ടം കുറച്ചുകൊണ്ടുവന്നിട്ടുണ്ട്.

(സി) മസ്ദൂർ, ലൈൻമാൻ തുടങ്ങിയ താഴ്ന്ന വിഭാഗം ജീവനക്കാരെ കൂടുതലായി നിയമിച്ച് വൈദ്യുതി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ 14-07-2022 തീയതിയിലെ നിർദ്ദേശവും തുടർന്ന് സർക്കാരിന്റെ 19-01-2024-ലെ കത്തിലെ നിർദ്ദേശവുംപ്രകാരം ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി മേൽ വിഷയത്തിന്മേലുള്ള ഒരു പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുകയും ആയത് വിവിധതലത്തിൽ ചർച്ച ചെയ്തുവരികയുമാണ്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ബൃഹത്തായ റീ-സ്ട്രക്ച്ചറിങ് പൂർത്തീകരിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരികയാണ്. ആയത് പൂർത്തീകരിച്ചുകഴിഞ്ഞാൽ മാത്രമേ ലൈൻമാൻ ഉൾപ്പെടെ ഓരോ തസ്തികയിലെയും അംഗീകൃത എണ്ണം

ക്യത്യമായി കണക്കാക്കാനും തുടർനടപടികൾ സ്വീകരിക്കാനും കഴിയുകയുള്ള.

വൈദ്യുതി ചാർജ് കുടിശ്ശിക ഈടാക്കാൻ നടപടി

183(6058) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ എത്ര തുക ലഭിക്കാനുണ്ടെന്ന് സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും തിരിച്ച് അറിയിക്കുമോ?

31-03-2021-ലെ ത്രൈമാസ റിപ്പോർട്ടുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് കുടിശ്ശികയിനത്തിൽ 2342.36 കോടി രൂപ പിരിഞ്ഞ് കിട്ടാനുണ്ടായിരുന്നു. തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

എന്നാൽ 31-03-2024-ലെ ത്രൈമാസ റിപ്പോർട്ടുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് കുടിശ്ശികയിനത്തിൽ 2310.69 കോടി രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പിരിഞ്ഞുകിട്ടാനുണ്ട് (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾപ്രകാരം). തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ട കുടിശ്ശിക എത്ര തുകയാണെന്നും അവ പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

31-03-2021-ലെ ത്രൈമാസ റിപ്പോർട്ടുപ്രകാരം 527.68 കോടി രൂപ തർക്കങ്ങളിൽപ്പെട്ട കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുണ്ട്. ആയത് 31-03-2024-ലെ കണക്കുകൾപ്രകാരം 576.57 കോടി രൂപയാണ്.

31-03-2024 വരെ 576.57 കോടി രൂപ കോടതി വ്യവഹാരത്തിൽപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന് പിരിഞ്ഞുകിട്ടാനുണ്ട്. പ്രസ്തുത തുക എത്രയും പെട്ടെന്ന് പിരിച്ചെടുക്കുന്നതിനുവേണ്ടി വിവിധ കോടതികളിൽ/സ്റ്റാറ്റ്യൂട്ടറി ഫോറങ്ങളിൽ നിലനിൽക്കുന്ന കേസുകളിൽ എത്രയുംവേഗത്തിൽ തീർപ്പുകൽപ്പിക്കാൻ ബോർഡിന്റെ അഭിഭാഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ഇ.ബി.-യുടെ വരുമാനം

184(6059) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാർ വന്ന സമയത്തെ കെ.എസ്.ഇ.ബി.-യുടെ ശരാശരി പ്രതിദിന വരുമാനം എത്രയായിരുന്നുവെന്ന് അറിയിക്കുമോ; പ്രസ്തുത കാലയളവിൽ കെ.എസ്.ഇ.ബി.-ക്ക് കടബാധ്യത ഉണ്ടായിരുന്നോ; എങ്കിൽ എത്രയായിരുന്നുവെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ; തദവസരത്തിൽ കെ.എസ്.ഇ.ബി.-യിലെ സ്ഥിര ജീവനക്കാരുടെ എണ്ണം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

2016-ലെ സർക്കാർ വന്ന സമയത്തെ കെ.എസ്.ഇ.ബി.എൽ.-ന്റെ ശരാശരി പ്രതിദിന വരുമാനം 30.81 കോടി രൂപയായിരുന്നു. 2015-16 കാലയളവിൽ കെ.എസ്.ഇ.ബി.എൽ.-ന് കടബാധ്യത ഉണ്ടായിരുന്നു. 31-03-2016-ലെ ഹ്രസ്വകാല-ദീർഘകാല കടബാധ്യത 5925.44 കോടി രൂപയായിരുന്നു.

2016-ലെ സർക്കാർ വന്ന സമയത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സ്ഥിരം ജീവനക്കാരുടെ എണ്ണം 33950 ആയിരുന്നു.

(ബി) കെ.എസ്.ഇ.ബി.-യുടെ നിലവിലെ ശരാശരി പ്രതിദിന വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; കെ.എസ്.ഇ.ബി.-ക്ക് നിലവിൽ കടബാധ്യത ഉണ്ടോ; എങ്കിൽ എത്രയാണെന്ന വിശദവിവരം ലഭ്യമാക്കാമോ; നിലവിൽ കെ.എസ്.ഇ.ബി.-യിലെ സ്ഥിര ജീവനക്കാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ നിലവിലെ (2023-24) താൽക്കാലിക കണക്കുകൾപ്രകാരമുള്ള ശരാശരി പ്രതിദിന വരുമാനം 58.02 കോടി രൂപയാണ്. 31-03-2024-ലെ ഹ്രസ്വകാല-ദീർഘകാല കടബാധ്യത- 10431.68 കോടി രൂപയാണ്.

നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സ്ഥിരം ജീവനക്കാരുടെ എണ്ണം 26936 ആണ്.

(സി) വൈദ്യുതി ചാർജ് വർധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ വൈദ്യുതി ചാർജ് വർധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

വൈദ്യുതി ചാർജ് വർധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് സർക്കാരിന് മുമ്പാകെ ശിപാർശകൾ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല.

(ഡി) കെ.എസ്.ഇ.ബി.-യുടെ നഷ്ടം നികത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ചെലവുകൾ പരമാവധി നിയന്ത്രിച്ചും കടിശ്ശികകൾ പരമാവധി പിരിച്ചെടുത്തും പ്രസരണവിതരണ ശൃംഖലകൾ മെച്ചപ്പെടുത്തി പ്രസരണ നഷ്ടം ഒഴിവാക്കിയും കേരളത്തിനുള്ളിലെ വൈദ്യുതോൽപാദന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും വൈദ്യുതിയുടെ വാങ്ങൽ ചെലവ് പരമാവധി കുറവുവരുത്തിയും കെ.എസ്.ഇ.ബി.എൽ.-ന്റെ നഷ്ടം നികത്താനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഇതുകൂടാതെ 2022-23 സാമ്പത്തിക വർഷം കെ.എസ്.ഇ.ബി.എൽ.-നുണ്ടായ നഷ്ടമായ 1023.62 കോടി രൂപയുടെ 75% ആയ 767.715 കോടി രൂപ

സർക്കാർ ഏറ്റെടുത്ത് 16-12-2023 തീയതിയിൽ ഉത്തരവ് പുറപ്പെടുവിക്കുകയും ടി തുക കെ.എസ്.ഇ.ബി.എൽ.-ന് റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) ഗാർഹിക ഉപഭോക്താക്കൾക്ക് അമിതമായ വൈദ്യുതി ബിൽ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വ്യക്തമാക്കുമോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഗാർഹിക വൈദ്യുതി ഉപഭോക്താക്കളിൽ ഒരു വിഭാഗം 2024 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ഉഷ്ണതരംഗം നേരിട്ട കാലയളവിൽ കൂടിയ അളവിൽ വൈദ്യുതി ഉപയോഗിച്ചതുകാരണം ഉയർന്ന ബില്ല് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2024 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ഉഷ്ണതരംഗം നേരിട്ട കാലയളവിൽ മുൻവർഷങ്ങളേക്കാൾ ചൂട് കൂടുതലായതിനാൽ എയർ കണ്ടീഷണറുകളുടെ ഉപയോഗം ക്രമാതീതമായി വർധിക്കുകയുണ്ടായി. ഇത് ഉപഭോഗം വർധിച്ചതിൽ മുഖ്യപങ്ക് വഹിക്കുന്നു. കൂടാതെ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ അതിന്റെ ചാർജിങ്ങിനായി ഉപയോഗിക്കുന്ന വൈദ്യുതി ഗാർഹിക

ഉപഭോക്താക്കളുടെ ബിൽ വർധിക്കുന്നതിന് കാരണമാകുന്നു. ഇത് പരിഹരിക്കുന്നതിനായി, വൈദ്യുതി കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് മാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും നൽകുന്ന നിർദേശങ്ങൾ പാലിക്കുന്നത് ഉചിതമായിരിക്കും. കൂടാതെ പകൽ സമയങ്ങളിൽ സോളാർ മുഖേനയുള്ള വൈദ്യുതി ഉപയോഗിക്കുന്നത് വൈദ്യുതി ബിൽ കുറയ്ക്കുന്നതിന് സഹായകരമാകും.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 31-10-2023-ലെ ഉത്തരവുപ്രകാരമാണ് സംസ്ഥാനത്ത് വിവിധ വിഭാഗം ഉപഭോക്താക്കളിൽനിന്നും വൈദ്യുതി ചാർജ് ഈടാക്കി വരുന്നത്. ഇതിൽനിന്നും വ്യത്യസ്തമായി യാതൊരുവിധ ചാർജുകളും ഈടാക്കുന്നതിന് സംസ്ഥാനത്തെ ഒരു വിതരണ ലൈസൻസി എന്ന നിലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കഴിയുകയില്ല. എന്നാൽ കഴിഞ്ഞ വേനൽക്കാലത്ത് അനുഭവപ്പെട്ട ഉഷ്ണതരംഗംമൂലം എല്ലാ വിഭാഗങ്ങളുടെയും ഉപഭോഗത്തിന് കാര്യമായ വർധനവുണ്ടായിട്ടുണ്ട്. സംസ്ഥാനത്ത്

വൈദ്യുതിയുടെ പ്രതിദിന ആവശ്യകതയിൽ ഫെബ്രുവരി അവസാന പകുതി മുതൽ മെയ് ആദ്യ പകുതിവരെ വലിയതോതിൽ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

വർധിച്ച ഉഷ്ണാവസ്ഥയിൽനിന്ന് രക്ഷനേടാൻ സംവിധാനങ്ങൾ രാത്രികാലങ്ങളിൽ (പ്രധാനമായും രാത്രി 10 മണി മുതൽ 12 മണി വരെ) ഉപയോഗിച്ചത് ഗാർഹിക ഉപഭോക്താക്കളുടെ ഉപഭോഗ വർധനവിന് കാരണമായിത്തീരുകയും ഉപഭോഗ സ്ലാബുകളിൽ മാറ്റം വരികയും തദ്വാരാ ബില്ലുകളിൽ വ്യത്യാസമുണ്ടാകുകയും ചെയ്തിട്ടുണ്ട്.

വേനൽമഴയും കാലവർഷവും ലഭ്യമായതോടുകൂടി ഉഷ്ണത്തിന് ശമനമായിത്തുടങ്ങുകയും ഉപഭോഗത്തിൽ കുറവുവരികയും ബില്ലുകൾ സാധാരണ നിലയിൽ ലഭ്യമായിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഉപഭോക്താക്കൾ അവരുടെ ഉപഭോഗത്തിൽ മിതത്വം പാലിച്ചാൽ മാത്രമേ വലിയ തോതിലുള്ള ബില്ലുകൾ ഒഴിവാക്കാൻ കഴിയുകയുള്ളൂ.

നാദാപുരം മണ്ഡലത്തിലെ വൈദ്യുതി സെക്ഷൻ ഓഫീസുകളിലെ ഒഴിവുകൾ

185(6060) ശ്രീ. ഇ. കെ വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്നറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) സാങ്കേതികവിദ്യയിലും പ്രസരണ വിതരണ വിഭാഗങ്ങളിൽ വന്ന മുന്നേറ്റങ്ങൾക്കനുസൃതമായും മറ്റ് വിതരണ കമ്പനികളുമായി താരതമ്യം ചെയ്യും വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14-07-2022 തീയതിയിലെ നിർദ്ദേശവും തുടർന്ന് റീ-സ്ട്രക്ചറിംഗുമായി ബന്ധപ്പെട്ട് സർക്കാരിന്റെ 19-01-2024 തീയതിയിലെ കത്തിലെ നിർദ്ദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. ഒരു കമ്മിറ്റി

രൂപീകരിക്കുകയും ടി കമ്മിറ്റി മേൽ വിഷയത്തിന്മേലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ആയത് വിവിധതലങ്ങളിൽ ചർച്ച ചെയ്തുവരികയുമാണ്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടന്നുവരുന്ന റീ-സ്ട്രക്ച്ചറിങ് നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ മാത്രമേ ഓരോ തസ്തികയിലെയും അംഗീകൃത എണ്ണം കൃത്യമായി കണക്കാക്കാൻ കഴിയൂ. അതിനനുസരിച്ച് മാത്രമേ തസ്തികകളുടെ എണ്ണം നിർണ്ണയിക്കാനും ഒഴിവുകൾ കണ്ടെത്താനും കഴിയുകയുള്ളൂ. ആയതിനുശേഷം കണ്ടെത്തുന്ന ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ

186(6061) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയെന്നറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് നിയോജകമണ്ഡലത്തിൽ പാലക്കാട് ഇലക്ട്രിക്കൽ സർക്കിൾ പരിധിയിൽ 269 ബി.പി.എൽ. കുടുംബങ്ങൾക്കും ഷൊർണ്ണൂർ ഇലക്ട്രിക്കൽ സർക്കിൾ പരിധിയിൽ 310 ബി.പി.എൽ. കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

ദീർഘകാലത്തേയ്ക്കുള്ള വൈദ്യുതി കരാർ

187(6062) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023 മെയ് മാസത്തിൽ ദീർഘകാലത്തേയ്ക്കുള്ള വൈദ്യുതി കരാർ കെ.എസ്.ഇ.ബി. റദ്ദാക്കിയതുമൂലം ബോർഡിന് 2130 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി കെ.എസ്.ഇ.ബി.-യുടെ ആന്വൽ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതുസംബന്ധിച്ച റിപ്പോർട്ടിലെ പ്രസക്തഭാഗത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇല്ല.

കല്ല്യാശ്ശേരി മണ്ഡലത്തിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കൽ

188(6063) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ കല്ല്യാശ്ശേരി, ചെറുകുന്ന്, കണ്ണപുരം, മാടായി, മാട്ടൂൽ എന്നീ പഞ്ചായത്തുകളിൽ ഓവർ ലോഡുമൂലം നിരന്തരം വൈദ്യുതി മുടങ്ങുന്നത് പരിഹരിക്കുന്നതിനായി പുതുതായി 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കെ.എസ്.ഇ.ബി.-യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിൽ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന്, കണ്ണപുരം, മാടായി, മാട്ടൂൽ എന്നീ പഞ്ചായത്തുകളിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇരിണാവ് എന്ന സ്ഥലത്ത് 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ശിപാർശയുണ്ട്. പദ്ധതിയുടെ സാങ്കേതിക പഠനം നടത്തി അവിടെ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് സാധ്യതയുണ്ടെന്ന് കണ്ടെത്തിയാൽ, വിശദമായ പദ്ധതിരേഖ തയ്യാറാക്കി

ഭരണാനുമതി ലഭ്യമാക്കുന്നതിനും അനുയോജ്യമായ സ്ഥലം കണ്ടെത്തി ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രസ്തുത വിഷയത്തിന്റെ പരിഹാരത്തിനായി വിതരണ മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

	ദൃതി		**ആർ.ഡി. എസ്.എസ്**
ലൈൻ/ ട്രാൻസ്ഫോർമർ	ആവിഷ്കരിച്ചവ	പൂർത്തീകരിച്ചവ	ആവിഷ്കരിച്ചവ
11 കെ.വി. ലൈൻ (കി. മീ.)	2.35	0.35	0
11 കെ.വി. എ.ബി. സി. (കി. മീ.)	3.89	3.7	3.705
11 കെ.വി. യു.ജി. (കി. മീ.)	5.8	0.8	4
ട്രാൻസ്ഫോർമർ (എണ്ണം)	5	5	5

ഗുരുവായൂർ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

189(6064) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി RDSS പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള, നിലവിലുള്ള ഗുരുവായൂർ-ചാവക്കാട്-ബ്ലാങ്ങാട് 33 കെ.വി. ലൈനിന്റെ ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി, 29-06-2024-ന് പൂർത്തീകരിച്ചു.

ഗുരുവായൂർ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മണ്ഡലത്തിനുകീഴിലുള്ള വാടാനപ്പള്ളി, ഗുരുവായൂർ, ചാവക്കാട് ബീച്ച്, പുന്നയൂർക്കുളം എന്നീ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണമേഖലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനത്

ഫണ്ടുപയോഗിച്ച് നടത്തുന്ന ദ്യുതി 2.0 പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി ആറ് 100 kVA ട്രാൻസ്ഫോമറുകൾ നിലവിലുള്ള ലൈനുകളിൽ സ്ഥാപിക്കുന്ന 25.42 ലക്ഷം രൂപയുടെ പ്രവൃത്തികളും ഗുരുവായൂർ സെക്ഷനുകീഴിൽ ഒരു 250 kVA ട്രാൻസ്ഫോമറിന്റെ ശേഷി 500 kVA ആയി വർധിപ്പിക്കുന്ന പ്രവൃത്തിയും പുന്നയൂർക്കുളം സെക്ഷനുകീഴിൽ ഒരു 63 kVA ട്രാൻസ്ഫോമറിന്റെ ശേഷി 100 kVA ആയി വർധിപ്പിക്കുന്ന പ്രവൃത്തി ഉൾപ്പെടെ 7.94 ലക്ഷം രൂപയുടെ പ്രവൃത്തികളും ഗുരുവായൂർ സെക്ഷനുകീഴിൽ 4 പഴയ 100 kVA ട്രാൻസ്ഫോമർ മാറ്റി പുതിയവ സ്ഥാപിക്കുന്ന 9.218 ലക്ഷം രൂപയുടെ പ്രവൃത്തിയും ചാവക്കാട് സെക്ഷനുകീഴിൽ 2 പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കുന്ന 4.02 ലക്ഷം രൂപയുടെ പ്രവൃത്തി ഉൾപ്പെടെ ആകെ 51.93 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി ഗുരുവായൂർ, ചാവക്കാട് എന്നീ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ 7 പഴയ 100 kVA ട്രാൻസ്ഫോമർ മാറ്റി പുതിയവ സ്ഥാപിക്കുന്ന 13.66 ലക്ഷം രൂപയുടെ പ്രവൃത്തിയും ഒരു 160 kVA ട്രാൻസ്ഫോർമർ മാറ്റി പുതിയത് സ്ഥാപിക്കുന്ന

3.25 ലക്ഷം രൂപയുടെ പ്രവൃത്തി ഉൾപ്പെടെ ആകെ 16.92 ലക്ഷം രൂപയുടെ പ്രവൃത്തികളും ചാവക്കാട് സെക്ഷനുകീഴിൽ രണ്ട് 100 kVA ട്രാൻസ്ഫോമറുകൾ നിലവിലുള്ള ലൈനുകളിൽ സ്ഥാപിക്കുന്ന 3.40 ലക്ഷം രൂപയുടെ പ്രവൃത്തികളും ഗുരുവായൂർ സെക്ഷനുകീഴിൽ 0.9 കി.മീ. 2 വയർ ഓവർ ഹെഡ് ലോ ടെൻഷൻ ലൈൻ 4 വയർ ആയി കൺവെർട്ട് ചെയ്യുന്ന 5.27 ലക്ഷം രൂപയുടെ പ്രവൃത്തി ഉൾപ്പെടെ ആകെ 25.59 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ സെക്ഷൻ പരിധികളിലായി ആകെ 8 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും 2.4 കിലോമീറ്റർ 11 കെ.വി. ലൈനുകൾ വലിക്കുന്ന പ്രവൃത്തിയും ഉൾപ്പെടെ ആകെ 107 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഗുരുവായൂർ ക്ഷേത്രപരിസരത്ത് കെ.എസ്.ഇ.ബി. പോസ്റ്റുകൾ ഒഴിവാക്കി യു.ജി. കേബിളുകൾ വഴി വൈദ്യുതി നൽകുന്ന പദ്ധതി നടപ്പാക്കാൻ തീരുമാനമുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഗുരുവായൂർ ക്ഷേത്രപരിസരത്തുള്ള കെ.എസ്.ഇ.ബി. പോസ്റ്റുകൾ ഒഴിവാക്കി യു.ജി. കേബിളുകൾ വഴി വൈദ്യുതി നൽകുന്നതിനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്. ഇതിലേയ്ക്കായി സർവേ നടത്തി പ്രാരംഭ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

പുതിയ ട്രാൻസ്ഫോർമറുകൾ

190(6065) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തടസ്സരഹിതമായ വൈദ്യുതി ഉറപ്പുവരുത്തുന്നതിലേയ്ക്കായി പുതുതായി എത്ര ട്രാൻസ്ഫോമറുകളാണ് കെ. എസ്. ഇ. ബി. വാങ്ങിയതെന്നും ഏതൊക്കെ വിഭാഗങ്ങളിലായി എത്ര ട്രാൻസ്ഫോമറുകൾ വാങ്ങിയെന്നും ഇവയ്ക്ക് ഓരോന്നിനും എത്ര രൂപ വീതമാണ് ചെലവഴിച്ചതെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം തടസ്സരഹിതമായ വൈദ്യുതി ഉറപ്പുവരുത്തുന്നതിലേയ്ക്കായി പുതുതായി വാങ്ങിയ വിതരണ ട്രാൻസ്ഫോമറുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പവർ ട്രാൻസ്ഫോമറുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇവയിൽ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് വാങ്ങിയവയും സ്വകാര്യമേഖലയിൽനിന്ന് വാങ്ങിയവയും എത്രയെന്നും ഇവയുടെ വില എത്രയെന്നും വ്യക്തമാക്കാമോ?

സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വാങ്ങിയ വിതരണ ട്രാൻസ്ഫോമറുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

സ്വകാര്യ മേഖലയിൽനിന്നും വാങ്ങിയ വിതരണ ട്രാൻസ്ഫോമറുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

വിതരണ ട്രാൻസ്ഫോർമറുകൾ–സർക്കാർ സ്ഥാപനങ്ങളിൽനിന്നും 52 കോടി രൂപയും സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും 39 കോടി രൂപയും വാങ്ങിയിട്ടുണ്ട്.

പവർ ട്രാൻസ്ഫോർമറുകൾ–സർക്കാർ സ്ഥാപനങ്ങളിൽനിന്നും 79 കോടി രൂപയും സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും 58 കോടി രൂപയും വാങ്ങിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ കൂടാതെ സ്വകാര്യമേഖലയിൽനിന്നും ട്രാൻസ്ഫോർമറുകൾ വാങ്ങേണ്ടിവന്നത് ഏത് സാഹചര്യത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) ഇതിനുമുൻപ് എത്രതവണ സർക്കാർ സ്ഥാപനങ്ങൾക്ക് പുറമെ സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(സി&ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഇ-ദർഘാസുകൾ മുഖേനയാണ് ട്രാൻസ്ഫോർമറുകൾ വാങ്ങുന്നത്. ദർഘാസുകൾ ക്ഷണിച്ച് അവയിൽ പറഞ്ഞിരിക്കുന്ന ടെക്നിക്കലും കൊമേഴ്സ്യലും ഉപാധികൾ സ്വീകരിച്ച് അർഹതയുള്ള കമ്പനികളെ പ്രീ-ക്വാളിഫൈ ചെയ്യുകയും അത്തരത്തിൽ പ്രീ-ക്വാളിഫൈ ചെയ്തവരിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്നവർക്കാണ് പർച്ചേസ് ഓർഡർ നൽകുന്നത്.

ഈ ദർഘാസുകളിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കേരളത്തിനുള്ളിലുള്ള എം.എസ്.എം.ഇ.-കൾക്കും L1+15% പ്രൈസ് പ്രിഫറൻസും L1+15%-ൽ കൂടുതൽ തുക ക്വാട്ട് ചെയ്താൽ L1-ന്റെ തുകയുമായി

മാച്ച് ചെയ്യാൻ അവസരം നൽകുകയും അത്തരത്തിൽ മാച്ച് ചെയ്യുകയാണെങ്കിൽ 50% പർച്ചേസ് പ്രിഫറൻസ് നൽകുകയും ചെയ്യുന്നുണ്ട്.

2023-24-ൽ 1198 എണ്ണം 100 kVA-യുടെയും 340 എണ്ണം 160 കെ.വി.എ.-യുടെയും 11 എണ്ണം 500 കെ.വി.എ.-യുടെയും ഓർഡർ സർക്കാർ പൊതുമേഖലാ സ്ഥാപനമായ KEL-ന് കെ.എസ്.ഇ.ബി. ലിമിറ്റഡിൽനിന്നും നൽകിയിട്ടുള്ളതാണ്. എന്നാൽ KEL-ന് 100 കെ.വി.എ.-യുടെയും 160 കെ.വി.എ. (275 എണ്ണം) - യുടെയും 315 കെ.വി.എ.-യുടെയും ട്രാൻസ്ഫോർമറുകൾ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. ആയതിനാൽ, ഉപഭോക്താക്കൾക്ക് തടസ്സരഹിതമായി യഥാസമയം വൈദ്യുതി ലഭ്യമാക്കുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി. ലിമിറ്റഡിന് ട്രാൻസ്ഫോർമറുകളുടെ ഓർഡർ സ്വകാര്യ മേഖലയ്ക്ക് മാറ്റി നൽകേണ്ടതായി വന്നിട്ടുണ്ട്.

ഉയരമുള്ള ഏണി (ലാഡർ) ലഭ്യമാക്കുന്നതിനുള്ള പദ്ധതി

191(6066) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനത്തിനായി ഉരുട്ടി നിർത്താൻ കഴിയുന്ന ഉയരമുള്ള ഏണി (ലാഡർ) ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; ഇതിനാവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കാമോ?

ട്രക്കുകളിൽ ഘടിപ്പിച്ച ഏരിയൽ ലിഫ്റ്റ് എല്ലാ ഇലക്ട്രിക്കൽ സർക്കിളുകളിലും ഉപയോഗത്തിലുണ്ട്. ഫോൾഡ് ചെയ്യാവുന്ന തരത്തിലുള്ള ലാഡർ ഇപ്പോൾ സെക്ഷൻ ഓഫീസുകളിൽ ഉപയോഗത്തിലുണ്ട്. എന്നാൽ ഉരുട്ടി നിർത്താൻ കഴിയുന്ന ഉയരമുള്ള തരത്തിലുള്ള ലാഡർ സാങ്കേതിക സവിശേഷതകളും സുരക്ഷാവശങ്ങളും പ്രായോഗികതയും പരിശോധിച്ചതിനുശേഷം പരിഗണിക്കാവുന്നതാണ്.

നിലാവ് പദ്ധതി

192(6067) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'നിലാവ്' പദ്ധതി കെ.എസ്.ഇ.ബി.-യുടെ നിയന്ത്രണത്തിലാണോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ പദ്ധതിയുടെ കാലാവധി വിശദമാക്കുമോ?

കേരളത്തിലെ തെരുവുകൾ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പരമ്പരാഗത തെരുവുവിളക്കുകൾക്കുപകരം LED തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്നതാണ് 'നിലാവ് ' പദ്ധതി. KIIFB-യുടെ സാമ്പത്തിക സഹായത്തോടുകൂടിയാണ് (തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് മുൻകൂട്ടി നിക്ഷേപം കൂടാതെ) പദ്ധതി നടപ്പാക്കിവരുന്നത്. ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രവർത്തിക്കുന്നത്. ഗവൺമെന്റ് ഓർഡർപ്രകാരം 'നിലാവ് ' പദ്ധതിക്കുവേണ്ടിയുള്ള LED ബൾബുകളുടെ വാങ്ങലും സ്ഥാപിക്കലും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ആഭിമുഖ്യത്തിലാണ് നടക്കുന്നത്. നൂതനവും സുതാര്യവും മത്സരാധിഷ്ഠിതവുമായ ടെൻഡർ നടപടികളിലൂടെ LED ബൾബുകളുടെയും

അനുബന്ധ സാമഗ്രികളുടെയും നിരക്കുകൾ പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായ Energy Efficiency Services Limited (EESL) കണ്ടെത്തുകയും അങ്ങനെ കണ്ടെത്തിയ നിരക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിനെ അറിയിക്കുകയും അതനുസരിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡ് Purchase Order/LOA EESL-ന് നൽകുകയുമാണ് ചെയ്തുവരുന്നത്. സബ്കോൺട്രാക്റ്റേഴ്സിനെ തിരഞ്ഞെടുക്കുന്ന ദൗത്യം EESL-ൽ നിക്ഷിപ്തമാണ്. 'നിലാവ്' പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച LED-കളിൽ 7 വർഷം എന്ന വാറന്റി കാലാവധിക്കുള്ളിൽ കേടാകുന്ന ബൾബുകൾ സൗജന്യമായി EESL പുനഃസ്ഥാപിക്കേണ്ടതാണ്. ആയതിനാൽ 'നിലാവ്' പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മാത്രം നിയന്ത്രണത്തിലുള്ളതല്ല.

'നിലാവ് ' പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ഗവൺമെന്റ് ഓർഡർ പ്രകാരമുള്ള DPR-ൽ പദ്ധതിയുടെ കാലാവധി ഡിസംബർ 2021 ആണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യകതയ്ക്കനുസൃതമായാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ്, പ്രസ്തുത LED

സ്ട്രീറ്റ് ലൈറ്റുകളും അനുബന്ധ സാമഗ്രികളും EESL-ൽനിന്നും വാങ്ങി പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സ്ഥാപിക്കുന്നത്.

(ബി) കൂത്തുപറമ്പ് മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയ തദ്ദേശ സ്ഥാപനങ്ങളുടെ പേര് വിവരം വ്യക്തമാക്കുമോ?

കൂത്തുപറമ്പ് മുൻസിപ്പാലിറ്റി, പാട്യം, കുന്നോത്തുപറമ്പ്, മൊകേരി എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കിയത്.

(സി) കൂത്തുപറമ്പ് മണ്ഡലത്തിൽ പദ്ധതിപ്രകാരം ഘടിപ്പിച്ച ബൾബുകളിൽ കേടായവ മാറ്റി ഘടിപ്പിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ആരുടെ ചുമതലയാണെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ കേടായ ബൾബുകൾ ശേഖരിച്ച് സെക്ഷനോഫീസുകളിൽ നൽകുമ്പോൾ ഇവ റിപ്പയർ ചെയ്ത് നൽകേണ്ട ചുമതല EESL-ന്റേതാണ്. ആയത് കേടുപാടുകൾ തീർത്ത് നൽകുന്നതിന് EESL എടുക്കുന്ന കാലതാമസമാണ് ബൾബുകൾ മാറ്റി

സ്ഥാപിക്കുന്നതിന് തടസ്സം നേരിടുന്നതെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

(ഡി) 'നിലാവ്' പദ്ധതി നടപ്പാക്കിയ മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് നിബന്ധനകളോ വിലക്കുകളോ ഉണ്ടോ; എങ്കിൽ ആയതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

'നിലാവ്' പദ്ധതി നടപ്പാക്കിയ മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് നിബന്ധനകളോ വിലക്കുകളോ ഇല്ല. എന്നാൽ 'നിലാവ്' പദ്ധതിയിൽ ഉൾപ്പെട്ട് LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ച പോസ്റ്റുകളിൽ മറ്റ് ലൈറ്റുകൾ മാറ്റി സ്ഥാപിക്കാറില്ല. കിഫ്ബിയുടെ ഫണ്ടിങ്ങായതിനാൽ ഗവൺമെന്റ് ഓർഡർപ്രകാരം 7 വർഷക്കാലയളവിൽ, പദ്ധതിയിൽ പങ്കെടുക്കുന്ന തദ്ദേശ സ്ഥാപനങ്ങൾ മുൻകൂറായി ഉറപ്പിച്ച വാർഷിക വരിസംഖ്യ കിഫ്ബിക്ക് നൽകേണ്ടതാണ്. ധനകാര്യ വകുപ്പ് തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ഉറവിടത്തിൽനിന്ന് കുറയ്ക്കുന്ന

തുക ഓരോ സാമ്പത്തിക വർഷത്തിലും നേരിട്ട് കിഫ്ബി-ക്ക് നൽകുന്നതാണ്.

വൈദ്യുതി സംബന്ധിച്ച പരാതി പരിഹാരം

193(6068) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിഷയങ്ങളുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കാൻ കെ.എസ്.ഇ.ബി.-ക്കുകീഴിൽ കൂടുതൽ മെച്ചപ്പെട്ട സംവിധാനങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

വൈദ്യുതി വിഷയങ്ങളുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾക്കുള്ള പരാതികൾ അതത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും വിതരണ മേഖലയിലെ വിവിധതലങ്ങളിലുള്ള ഓഫീസുകളിലും (വിതരണ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ, ഡയറക്ടർ)

നൽകാവുന്നതാണ്. കൂടാതെ, നിലവിൽ കൊട്ടാരക്കര, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് സി.ജി.ആർ.എഫ്. (Consumer Grievance Redressal Forum) ഓഫീസുകളിലും നേരിട്ട് പരാതികൾ നൽകാവുന്നതാണ്. സി.ജി.ആർ.എഫ്.-ലും ഉപഭോക്താവ് ആഗ്രഹിക്കുന്ന രീതിയിൽ പരാതിക്ക് പരിഹാരം കാണാൻ കഴിഞ്ഞില്ലെങ്കിൽ സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനെ സമീപിക്കാവുന്നതാണ്. പരാതികൾ പരിഹരിക്കുന്നതിന് കൂടുതൽ മെച്ചപ്പെട്ട സംവിധാനങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും കേരള വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള consumer grievance redressal forums and electricity ombudsman regulations-2023 പ്രകാരവും ആഭ്യന്തര പരാതി പരിഹാര സംവിധാനങ്ങളും കൂടുതൽ സ്ഥലങ്ങളിൽ സി.ജി.ആർ.എഫ്.-കളും സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നത് മുതൽ പ്ലാന്റ് ഗ്രിഡുമായി ബന്ധിപ്പിക്കുന്നതുവരെയുള്ള എല്ലാ സംശയങ്ങളും പരാതികളും ദൂരീകരിക്കാൻവേണ്ടി ഒരു ഹെൽപ് ഡെസ്ക്

കെ.എസ്.ഇ.ബി.എൽ.-ൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, പുരപ്പുറ സോളാർ മേഖലയിൽ ഉപഭോക്താക്കളുടെ സംശയനിവാരണത്തിനായും പരാതികൾ പരിഹരിക്കാനായും കെ.എസ്.ഇ.ആർ.സി.-യുടെ നിർദേശപ്രകാരം ഒരു കോൺക്ലേവ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇത്തരം പരാതികൾ പരിഹരിക്കാൻ കെ.എസ്.ഇ.ബി.-ക്കുകീഴിൽ ആഭ്യന്തര സംവിധാനം വേണമെന്ന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കൺസ്യൂമറുടെ പരാതികൾ പരിഹരിക്കാനായി കോൺക്ലേവ് നടത്താൻ കെ.എസ്.ഇ.ആർ.സി.-യിൽനിന്നും നിർദേശം ലഭിച്ചിട്ടുണ്ട്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 14-11-2023-ൽ പുറപ്പെടുവിച്ചിട്ടുള്ള consumer grievance Redressal forum and electricity ombudsman റെഗുലേഷൻസ് 2023-ലെ ചട്ടങ്ങൾ ഉപഭോക്താക്കളുടെ വിവിധ പരാതികൾ വിതരണ ലൈസൻസികൾ പരിഹരിക്കാൻ ആഭ്യന്തര പരാതി പരിഹാര സമിതികൾ (internal grievance redressal cell) വിവിധ തലങ്ങളിൽ രൂപീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള

സി.ജി.ആർ.എഫ്.-കൾക്ക് (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) പുറമേ സംസ്ഥാനത്ത് കൂടുതൽ സി.ജി.ആർ.എഫ്.-കൾ ദൂരക്രമത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കണമെന്ന് ചട്ടം വ്യവസ്ഥ ചെയ്യുന്നു. ഈ സമിതികൾ/ഫോറങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ചുവരുന്നു.

(സി) വൈദ്യുതി വിഷയങ്ങൾ സംബന്ധിച്ച് ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കാനായി വൈദ്യുതി സബ് ഡിവിഷൻ, സർക്കിൾതലങ്ങളിൽ നിലവിലുള്ള സംവിധാനങ്ങൾ വെളിപ്പെടുത്താമോ?

വൈദ്യുതി വിഷയങ്ങൾ സംബന്ധിച്ച പരാതികൾ സെക്ഷൻ, സബ് ഡിവിഷൻ, സർക്കിൾ മേഖല ഡയറക്ടർതലങ്ങളിൽ സ്വീകരിക്കുകയും പരാതി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ എടുത്തുവരികയും ചെയ്യുന്നു.

(ഡി) വൈദ്യുതി മേഖലയെയും അവകാശങ്ങളെയും കുറിച്ച് ഉപഭോക്തൃ ഗ്രൂപ്പുകളെ ബോധവൽക്കരിക്കുന്നതിനായി കൺസ്യൂമർ അഡ്വക്കസി സെൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

വൈദ്യുതി മേഖലയെക്കുറിച്ച് ഉപഭോക്താക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും വൈദ്യുതി മേഖലയിലെ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് ഉപഭോക്തൃ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഉപഭോക്തൃ ഉപദേശക സമിതികൾ (Consumer Advocacy Cells), സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനുകൾ രൂപീകരിക്കണമെന്ന് K.S.E.R.C. (Consumer Grievance Redressal Forum and Electricity Ombudsman Regulations) 2023 നിഷ്കർഷിക്കുന്നു. K.S.E.R.C.-യുടെ കീഴിലുള്ള കംപ്ലയൻസ് എക്സാമിനറുടെ നേതൃത്വത്തിൽ ഒരു കൺസ്യൂമർ അഡ്വക്കസി സെൽ എറണാകുളത്ത് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ ഓഫീസ് കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്നു.

വൈദ്യുതി വാങ്ങുന്നതിന് കരാർ

194(6069) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വാങ്ങുന്നതിനായി കെ.എസ്.ഇ.ബി. ഏതെല്ലാം സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി) പ്രസ്തുത കരാറുകൾപ്രകാരം എത്ര മെഗാവാട്ട് വൈദ്യുതിയാണ് വാങ്ങുന്നതെന്നും ഒരു യൂണിറ്റിന് എത്ര രൂപയാണ് ചെലവ് വരുന്നതെന്നും വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏർപ്പെട്ടിരുന്ന വിവിധ ഹ്രസ്വകാല/മധ്യകാല/ദീർഘകാല കരാറുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) കരാർ മുഖേനയല്ലാതെ ഏതു രീതിയിലാണ് വൈദ്യുതി വാങ്ങുന്നതെന്നും അത്തരം വാങ്ങലിനായി കഴിഞ്ഞ സാമ്പത്തിക വർഷവും 2024 ഏപ്രിൽ, മേയ് മാസങ്ങളിലും എത്ര രൂപ ചെലവ് വന്നുവെന്നും വിശദമാക്കുമോ?

കരാർ മുഖേനയല്ലാതെ, വിവിധ പവർ എക്സ്ചേഞ്ചുകൾ വഴി Day ahead, Term ahead, monthly contract അടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2023-24 സാമ്പത്തിക വർഷം പവർ എക്സ്ചേഞ്ച് വഴി 3641.7 ദശലക്ഷം യൂണിറ്റ് വൈദ്യുതി, 2119 കോടി രൂപയ്ക്ക് വാങ്ങുകയുണ്ടായി, ശരാശരി യൂണിറ്റിന് 5.82 രൂപ നിരക്കിലാണ് വാങ്ങിയത്.

2024 ഏപ്രിൽ മാസം പവർ എക്സ്ചേഞ്ച് വഴി 141.58 ദശലക്ഷം യൂണിറ്റ് വൈദ്യുതി, 90.61 കോടി രൂപയ്ക്ക് വാങ്ങുകയുണ്ടായി, ശരാശരി യൂണിറ്റിന് 6.40 രൂപ നിരക്കിലാണ് വാങ്ങിയത്.

2024 മെയ് മാസം പവർ എക്സ്ചേഞ്ച് വഴി 59.78 ദശലക്ഷം യൂണിറ്റ് വൈദ്യുതി, 59.36 കോടി രൂപയ്ക്ക് വാങ്ങുകയുണ്ടായി, ശരാശരി യൂണിറ്റിന് 9.93 രൂപ നിരക്കിലാണ് വാങ്ങിയത്.

(ഡി) 2024 മെയ് മാസത്തിൽ കെ.എസ്.ഇ.ബി. അധിക വൈദ്യുതി വിറ്റിരുന്നോ; എങ്കിൽ എത്ര യൂണിറ്റെന്നും വിൽപനയിലൂടെ ലഭിച്ച തുകയെത്രയെന്നും വ്യക്തമാക്കാമോ?

2024 മെയ് മാസത്തിൽ വേനൽ മഴമൂലം വൈദ്യുതി ആവശ്യകതയിൽ വന്ന കുറവുകാരണം ലഭ്യമായ അധിക വൈദ്യുതി പവർ എക്സ്ചേഞ്ച് വഴി താരതമ്യേന കൂടിയ നിരക്കിൽ വിൽപന നടത്തിയിരുന്നു.

2024 മെയ് മാസം പവർ എക്സ്ചേഞ്ച് വഴി 227.74 ദശലക്ഷം യൂണിറ്റ് വൈദ്യുതി, ശരാശരി യൂണിറ്റിന് 6.99 രൂപ നിരക്കിൽ, 159.19 കോടി രൂപയ്ക്ക് വില്പന നടത്തിയിരുന്നു.

ഇതിനുപുറമേ 2024 മെയ് മാസം ബാങ്കിങ് സംവിധാനത്തിലൂടെ പഞ്ചാബ് സ്റ്റേറ്റ് പവർ കോർപ്പറേഷൻ ലിമിറ്റഡിന് 101.7 ദശലക്ഷം യൂണിറ്റ് വൈദ്യുതി നൽകിയിരുന്നു. ബാങ്കിംഗ് സംവിധാനപ്രകാരം നൽകിയ വൈദ്യുതിയുടെ 105 ശതമാനം അടുത്ത വേനൽക്കാലമായ ഏപ്രിൽ 2025-ൽ തിരിച്ച് ലഭിക്കുന്നതാണ്.

വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ചാർജ്

195(6070) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ചാർജ് വർധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 8-02-2024-ന് പുറപ്പെടുവിച്ച ഉത്തരവുപ്രകാരമുള്ള നിരക്കാണ് ഇപ്പോൾ

പ്രാബല്യത്തിലുള്ളത്. സപ്ലൈ കോഡ് 2014-ന്റെ 33 (4)-ാം ചട്ടത്തിൽ കമ്മീഷൻ അംഗീകരിച്ച കോസ്റ്റ് ഡാറ്റാ അംഗീകരിക്കപ്പെട്ട തീയതി മുതൽ ചുരുങ്ങിയത് ഒരു വർഷത്തേക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ചാർജ് വർധിപ്പിക്കുന്നത് കെ.എസ്.ഇ.ബി.-യുടെ പരിഗണനയിലില്ല.

(ബി) നിലവിൽ പോസ്റ്റില്ലാതെ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എത്ര രൂപയാണ് മിനിമം അടയ്ക്കേണ്ടത്; ഒരു പോസ്റ്റ് അടക്കം കണക്ഷൻ ലഭിക്കുന്നതിന് മിനിമം എന്ത് തുക അടയ്ക്കേണ്ടതുണ്ട്; പോസ്റ്റുകളുടെ എണ്ണം കൂടുന്നതിനനുസരിച്ചുള്ള തുകകൾ എത്രയാണെന്ന് വിശദമാക്കാമോ?

നിലവിൽ, പോസ്റ്റില്ലാതെ സിംഗിൾ ഫേസ് സർവീസ് കണക്ഷൻ ലഭിക്കുന്നതിന് കോസ്റ്റ് ഡാറ്റാപ്രകാരം അടയ്ക്കേണ്ട തുക 1914 രൂപയും ത്രീ ഫേസ് സർവീസ് കണക്ഷന് 4642 രൂപയും ആകുന്നു. ഒരു പോസ്റ്റ് അടക്കം കണക്ഷൻ ലഭിക്കുന്നതിന് സിംഗിൾ ഫേസ് മിനിമം ചാർജായി 11990 രൂപയും ത്രീ ഫേസ് കണക്ഷൻ ലഭിക്കുന്നതിന് 16717 രൂപയും

അടയ്ക്കേണ്ടതുണ്ട്. ഇതിനുപുറമെ ഓരോ മീറ്റർ സിംഗിൾ ഫേസ് ഓവർ ഹെഡ് (OH) ലൈനിന് 88 രൂപയും, ത്രീ ഫേസ് ഓവർ ഹെഡ് ലൈനിന് മീറ്ററൊന്നിന് 176 രൂപയും അടയ്ക്കേണ്ടതുണ്ട്. കൂടാതെ, സെക്യൂരിറ്റി ഡെപ്പോസിറ്റായി ഏറ്റവും കുറഞ്ഞത് 300 രൂപയും അപേക്ഷാ ഫീസായി 50 രൂപയും ഈടാക്കിവരുന്നു. പോസ്റ്റുകളുടെ എണ്ണം കൂടുന്നതനുസരിച്ചുള്ള നിരക്കുകൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.+

(സി) ഇങ്ങനെ കണക്ഷൻ ലഭിക്കുമ്പോൾ ഒരു പോസ്റ്റ് കൊണ്ടുവരുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ് എത്രയാണ്; കൂടാതെ പോസ്റ്റുകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് ട്രാൻസ്പോർട്ടേഷൻ ചാർജിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ; ഒരു വ്യക്തിക്ക് 5 പോസ്റ്റ് ആവശ്യമാണെങ്കിൽ ആയതിന്റെ ചാർജ് വിശദമാക്കാമോ?

പോസ്റ്റിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ് എന്നത്, പോസ്റ്റുകൾ ലോറിയിലോ, കൈവണ്ടിയിലോ, തലച്ചുമടായിട്ടോ കൊണ്ടുപോകുന്നതിനെ ആശ്രയിച്ചിരിക്കും. ഇവയുടെ നിലവിലുള്ള നിരക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ കൈവണ്ടിയിലും തലച്ചുമടായെടുക്കുന്നതിനും ഒരു

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പോസ്റ്റിനാണ് നിരക്കുകളുള്ളതെങ്കിലും ലോറിയിൽ കൊണ്ടുപോകുന്നതിന് നാല് പോസ്റ്റ് വരെ ഒരുമിച്ച് കൊണ്ടുപോകുന്നതിനും ഒരു നിരക്കാണ് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ളത്. ആയതിനാൽ അഞ്ച് പോസ്റ്റ് വരെ കൊണ്ടുപോകുന്നതിലേയ്ക്ക് ലോറിയിൽ രണ്ട് ട്രിപ്പ് വേണ്ടിവരുമെന്ന് കണക്കാക്കി രണ്ട് ട്രിപ്പിന്റെ നിരക്ക് ഈടാക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ഡി) പോസ്റ്റിന്റെ തുക അടയ്ക്കാതെ കോഷൻ ഡെപ്പോസിറ്റ് മാത്രം അടച്ച് കണക്ഷൻ ലഭിക്കുന്ന സമ്പ്രദായം നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്നുമുതലാണ് അത് നിർത്തലാക്കിയത്; വ്യക്തമാക്കാമോ?

കേന്ദ്ര വൈദ്യുതി നിയമം 2003 പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് അനുസരിച്ചാണ് വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകി വരുന്നത്. ഇലക്ട്രിസിറ്റി ആക്ട് 2003, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് എന്നിവ നിലവിൽ വന്നതിനുശേഷം ഏതുതരം വൈദ്യുതി കണക്ഷനും ആ

കണക്ഷൻ നൽകുന്നതിലേയ്ക്കായി വേണ്ടിവരുന്ന ചെലവ് മുൻകൂറായി അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ 1000 w വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും നിലവിൽ സൗജന്യമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനത് ഫണ്ടുപയോഗിച്ച് ക്യാപിറ്റൽ ഇൻവെസ്റ്റ്മെൻറ് പ്ലാനിൽ ഉൾപ്പെടുത്തി നൽകിവരുന്നു. 30 യൂണിറ്റവരെ ഉപഭോഗമുള്ള ബി.പി.എൽ. ഉപഭോക്താക്കൾ ഒഴികെയുള്ള എല്ലാത്തരം ഉപഭോക്താക്കൾക്കും സെക്യൂരിറ്റി ഡെപ്പോസിറ്റ് ബാധകമാണ്.

വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ

196(6071) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും വൈദ്യുതി ചാർജിനത്തിൽ എത്ര തുകയാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

31-03-2024-ലെ ത്രൈമാസ റിപ്പോർട്ടുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് കുടിശ്ശികയിനത്തിൽ സർക്കാർ ഓഫീസുകളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും 846.75 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾപ്രകാരം). തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കുടിശ്ശിക പിരിച്ചെടുക്കുന്നതിലേക്കായി സപ്ലൈകോഡ് 2014 റെഗുലേഷൻ 138, 139 പ്രകാരം കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, പോലീസ്, ഗവൺമെന്റ് ആശുപത്രികൾ, കൃഷിഭവൻ ഉപഭോക്താക്കൾ എന്നിവ ഒഴികെ) കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതിബന്ധം വിച്ഛേദിക്കുകയും ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതുകൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽക്കൂടിയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. കുടിശ്ശിക വരുത്തുന്ന സർക്കാർ സ്ഥാപനങ്ങളായ ആശുപത്രികൾ, പോലീസ് സ്റ്റേഷനുകളും മറ്റ് ഓഫീസുകളും പമ്പ് ഹൗസുകൾ, കൃഷിഭവൻ ഉപഭോക്താക്കൾ ഇവയുടെ കണക്ഷൻ വിച്ഛേദിക്കാൻ ഗവൺമെന്റ് കമ്പനിയായ കെ.എസ്.ഇ.ബി.എൽ.-ന് പരിമിതിയുള്ളതിനാൽ ഇത്തരം കുടിശ്ശികകൾ സർക്കാർ ഇടപെടലിൽക്കൂടി കാലാകാലങ്ങളിൽ തീർപ്പാക്കിവരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ 31-10-2023 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 2068.07 കോടി രൂപ (ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി 2023 പ്രകാരമുള്ള പലിശ തുക ഉൾപ്പെടെ) 2024-25 സാമ്പത്തിക വർഷം മുതൽ 206.80 കോടി രൂപ വീതം പത്ത് തുല്യ വാർഷിക ഗഡുക്കളായി കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. 01-11-2023 മുതലുള്ള വാട്ടർ അതോറ്റിയുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിന് Escrow account തുടങ്ങുന്നതിനായി

സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ടെങ്കിലും കേരള വാട്ടർ അതോറിറ്റി നാളിതുവരെ Escrow account ആരംഭിച്ചിട്ടില്ല.

31-03-2024 വരെയുള്ള വിവിധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി, പബ്ലിക് ഇൻസ്റ്റിറ്റ്യൂഷൻസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വൈദ്യുതി കുടിശ്ശികയുടെ വിശദവിവരങ്ങൾ ടി കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി.എൽ. ലഭ്യമാക്കിയിട്ടുള്ളത് സർക്കാർ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

വൈദ്യുതി ഭേദഗതി ചട്ടങ്ങൾ

197(6072) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ പുറത്തിറക്കിയ വൈദ്യുതി ഭേദഗതി ചട്ടങ്ങൾ സംസ്ഥാനത്തെ ഏതൊക്കെ രീതിയിൽ ദോഷകരമായി ബാധിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വൈദ്യുതി മേഖലയെ നിയന്ത്രിക്കുന്ന ഇന്ത്യയിലെ ഒരു പ്രധാന നിയമമാണ് ഇലക്ട്രിസിറ്റി ആക്ട്, 2003. മേഖലയിൽ മത്സരം ആരംഭിക്കുകയും തദ്വാര വൈദ്യുതി വ്യവസായത്തിന്റെ കാര്യക്ഷമമായ വികസനം പ്രോത്സാഹിപ്പിക്കുകയും ഉപഭോക്താക്കൾക്ക് ചെലവ് കുറഞ്ഞതും ഗുണനിലവാരമുള്ളതുമായ സേവനം ലഭ്യമാക്കുക വഴി ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുക എന്നതായിരുന്നു പ്രസ്തുത നിയമത്തിന്റെ പ്രഖ്യാപിത ലക്ഷ്യം.

ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ സമവർത്തിപ്പട്ടികയിലെ ഇനം 38 ആയി ഉൾപ്പെടുത്തിയിട്ടുള്ളതും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാരമുള്ളതുമായ വൈദ്യുതി മേഖലയെ സമഗ്രമായി ബാധിക്കുന്ന വൈദ്യുതി ഭേദഗതി നിയമങ്ങളും ചട്ടങ്ങളും നടപ്പാക്കുന്നതിന് മുമ്പായി സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാനും സമവായത്തിലെത്താനും കേന്ദ്ര സർക്കാരിന് ബാധ്യതയുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായാണ് പല ഭേദഗതികളും നടപ്പാക്കുന്നത്. നിയമത്തിന്റെ ഭേദഗതി നിർദേശങ്ങളും നടപ്പിൽ വരുത്തിയ ചട്ടങ്ങളിൽ പലതും പ്രഖ്യാപിത ലക്ഷ്യം സ്വകാര്യ

മേഖലകൾക്ക് കടന്നുവരുന്നതിനും അവർക്ക് ലാഭം ഉറപ്പുവരുത്താനും ലക്ഷ്യമിട്ടായിരുന്നു എന്ന് സർക്കാർ വിലയിരുത്തുന്നു.

ഉദാഹരണമായി, 29-12-2022-ന് നടപ്പാക്കിയ ഇലക്ട്രിസിറ്റി (അമെന്റ്മെന്റ്) റൂൾസ്, 2022 ഭേദഗതിയിലൂടെ ഇന്ധന വിലയിലുണ്ടാകുന്ന മാറ്റം, വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന വ്യതിയാനം എന്നിവ ഉപഭോക്താവിന്റെ വൈദ്യുതി ബില്ലിൽനിന്നും മുൻകൂർ അനുമതി കൂടാതെ, ചില സമവാക്യങ്ങളുടെ അടിസ്ഥാനത്തിൽ ഈടാക്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയത് സംസ്ഥാന സർക്കാരിന്റെ എതിർപ്പ് പരിഗണിക്കാതെ ആയിരുന്നു. പ്രസ്തുത ഭേദഗതിപ്രകാരം ഇത്തരം ചെലവുകൾ ഓട്ടോമാറ്റിക്കായി ഈടാക്കാൻ സാധിക്കുന്നത് ഈ മേഖലയിലേയ്ക്ക് കടന്നുവരാൻ ശ്രമിക്കുന്ന സ്വകാര്യ കമ്പനികൾക്ക് അനുകൂല അന്തരീക്ഷം സൃഷ്ടിക്കാനാണെന്ന് സംസ്ഥാന സർക്കാർ കരുതുന്നു.

അതുപോലെ, കേന്ദ്ര വൈദ്യുതി നിയമം 2003 വരുന്നതിനുമുമ്പ് നിലനിന്നിരുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ ലൈസൻസ് ലഭിച്ചിരുന്നവർക്ക് ഡീമ്ഡ് ലൈസൻസി ആയി തുടരാമെന്ന് നിയമം

അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇലക്ട്രിസിറ്റി റൂൾസ് 2005-ൽ ഭേദഗതി വരുത്തി കേന്ദ്രമന്ത്രാലയം 30-06-2023-ന് പുറപ്പെടുവിച്ച ഇലക്ട്രിസിറ്റി (അമെന്റ്മെന്റ്) റൂൾസ് 2023 പ്രകാരം ലൈസൻസിംഗ് കാലയളവ് ആക്ട് നടപ്പാക്കിയ തീയതി മുതൽ 25 വർഷം പരിധി നിശ്ചയിച്ചിരിക്കുന്നു.

ഈ ഭേദഗതി നടപ്പാക്കിയതോടുകൂടി കെ.എസ്.ഇ.ബി.-യുടെ ലൈസൻസിംഗ് കാലാവധി 2028-ന് അവസാനിക്കും. കാലാവധിക്കുശേഷം ലൈസൻസ് പുതുക്കി നൽകാൻ വൈദ്യുതി റെഗുലേറ്ററി കമ്മീഷനെ സമീപിക്കേണ്ടതുണ്ട്. കമ്മീഷൻ മൂലധന പര്യാപ്തത, ക്രെഡിറ്റ് യോഗ്യത, പെരുമാറ്റ ചട്ടം എന്നിവയുടെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകും. ഇതിലേതെങ്കിലും ഘടകം കമ്മീഷന് തൃപ്തികരമായില്ലെങ്കിൽ ലൈസൻസ് നഷ്ടപ്പെടുന്നതിനുള്ള സാഹചര്യം രൂപപ്പെടും. നിയമ ഭേദഗതി വഴി റെഗുലേറ്ററി കമ്മീഷനുകളുടെ നിയമനംപോലും കേന്ദ്ര ഗവൺമെന്റിന്റെ അധികാരത്തിൽ കൊണ്ടുവരാൻ ശ്രമിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ, രാജ്യത്തെ

വൈദ്യുതി മേഖലയ്ക്ക് മാതൃകയായ കെ.എസ്.ഇ.ബി.-യുടെ സുഗമമായ പ്രവർത്തനങ്ങൾക്കും തടസ്സമായേക്കാം.

അംഗൻജ്യോതി പദ്ധതി

198(6073) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അങ്കണവാടികളിലാണ് അംഗൻജ്യോതി പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

അംഗൻ ജ്യോതി പദ്ധതിയുടെ ആദ്യഘട്ടത്തിൽ 424 അങ്കണവാടികളിലും നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി തെരഞ്ഞെടുത്ത 91 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2395 അങ്കണവാടികളിലുമാണ് എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത്.

ഫണ്ട് ലഭ്യതക്കനുസരിച്ച് എല്ലാ അങ്കണവാടികളിലും അംഗൻ ജ്യോതി പദ്ധതി വ്യാപിപ്പിക്കാനാണ് സർക്കാരുദ്ദേശിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാനത്തെ 2050-ഓടെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കാനാണ് സർക്കാർ പദ്ധതിയിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി സംയോജിത ശിശുവികസന പദ്ധതിയുടെ (ICDS) നിയന്ത്രണത്തിലുള്ള അങ്കണവാടികളെ സമ്പൂർണ്ണ ഊർജക്ഷമതയുള്ളതാക്കി മാറ്റുന്നത് ലക്ഷ്യം വച്ചുകൊണ്ടാണ് എനർജി മാനേജ്മെന്റ് സെന്റർ "അംഗൻ ജ്യോതി" എന്നപേരിൽ പദ്ധതി നടപ്പാക്കുന്നത്.

സംസ്ഥാനത്തെ 33,115 അങ്കണവാടികളിൽ ഭൂരിഭാഗം അങ്കണവാടികളിലും ഉച്ചഭക്ഷണ പരിപാടിയുടെയും പോഷകാഹാര വിതരണത്തിന്റെയും ഭാഗമായി നിലവിൽ എൽ.പി.ജി./വിറകാണ് ഇന്ധനമായി പാചകപ്പുരകളിൽ ഉപയോഗിക്കുന്നത്. ഇതിന് ബദലായി കാർബൺ ബഹിർഗമനമില്ലാത്തതും പൂർണ്ണസുരക്ഷിതത്വമുള്ളതും വേഗത്തിലുള്ള പാചകം ഉറപ്പുവരുത്തുന്നതിനുമാണ് "അംഗൻ ജ്യോതി" പദ്ധതി ലക്ഷ്യമിടുന്നത്.

"അംഗൻ ജ്യോതി" പദ്ധതി വഴി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ 6 പാത്രങ്ങൾ എന്നിവയാണ് നിലവിൽ

നൽകിവരുന്നത്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഇതിനോടൊപ്പം 2 കിലോവാട്ട് ഗ്രിഡ് ബന്ധിത സൗരോർജനിലയം, ഊർജകാര്യക്ഷമത കൂടിയ ബി.എൽ.ഡി.സി ഫാനുകൾ, എൽ.ഇ.ഡി. ലൈറ്റുകൾ, ഇലക്ട്രിക് സൈക്കിൾ, ഇലക്ട്രിക് ടൂ വീലർ - ത്രീ വീലർ ചാർജിംഗ് പോയിന്റ്, ക്ലൗ റൂഫിംഗ് എന്നിവ വിഭാവനം ചെയ്യുന്നുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിനോടൊപ്പം പദ്ധതിയുടെ സേഫ്റ്റി ഓഡിറ്റ്, പദ്ധതിയുടെ പരസ്യ പ്രചരണം എന്നിവയും സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനും ഇ.എം.സി. വിഭാവനം ചെയ്യുന്നുണ്ട്. ഒരു അങ്കണവാടിയിൽ ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ പ്രതിവർഷം എൽ.പി.ജി. ഇനത്തിൽ 9000 രൂപയും ഇലക്ട്രിസിറ്റി ഇനത്തിൽ 4000 രൂപയും ലാഭിക്കാൻ സാധിക്കും. കൂടാതെ 2 ടൺ കാർബൺ ബഹിർഗമനം വാർഷികമായി കുറയ്ക്കാനും സാധിക്കും. നിലവിൽ കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ 5 അങ്കണവാടികളിൽ സൗരോർജനിലയം സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്.

ഈ പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുന്നതിന് 1024 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിനായി MLA/MP-മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തനത് ഫണ്ടുകൾ, സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങളുടെ Corporate Social Responsibility (CSR),

Corporate-Environment Responsibility (CER) ഫണ്ടുകൾ സ്വരൂപിച്ച് ടി. പദ്ധതി നടപ്പാക്കാനുള്ള പ്രവർത്തനങ്ങളുമായി നിർവഹണ ഏജൻസിയായ ഇ.എം.സി. മുന്നോട്ടുപോകുകയാണ്.

പള്ളിവാസൽ വിപുലീകരണ പദ്ധതി

199(6074) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ വിപുലീകരണ പദ്ധതി ആരംഭിച്ചത് എന്നാണെന്ന് വിശദമാക്കുമോ?

പള്ളിവാസൽ വിപുലീകരണ പദ്ധതി (2x30 MW)-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ 01-03-2007-ൽ ആരംഭിച്ചതാണ്. എന്നാൽ സാങ്കേതിക കാരണത്താലും കരാറെടുത്ത കമ്പനിയുടെ അനാസ്ഥമൂലവും പദ്ധതി വൈകുകയും തുടർന്ന് നിർമ്മാണ കരാർ 13-09-2018-ൽ റദ്ദാക്കേണ്ടി വരികയും ചെയ്തു. പദ്ധതിയുടെ ബാക്കിയുള്ള നിർമ്മാണ ജോലികൾ പുനഃക്രമീകരിച്ച് പ്രവൃത്തികളുടെ പട്ടിക നാലായി തിരിച്ച് സിവിൽ ജോലികൾ ഭൂമി-സീലിയോൺ, ആങ്കർ സ്ട്രക്ചറൽസ്, ശ്രീ ശരവണ ഇൻഡസ്ട്രീസ്, എന്നീ 3

കമ്പനികളെ ചുമതലപ്പെടുത്തി നിർമ്മാണപ്രവൃത്തികൾ 2018-19 കാലഘട്ടത്തിൽ പുനരാരംഭിച്ചു.

ഇലക്ട്രോ മെക്കാനിക്കൽ ജോലികൾ 2020-ൽ ടെൻഡർ ചെയ്യുകയും റ്റി.വി.പി.പി.എൽ. - കെ.എസ്.കെ. - ആർ.ഇ.എച്ച്.പി.എൽ. – ഡി.ഇ.സി. കൺസോർഷ്യം എന്ന കമ്പനിക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്യുകയുണ്ടായി. കരാർ ഒപ്പുവയ്ക്കാത്തതിനാൽ വർക്ക് ഓർഡർ റദ്ദ് ചെയ്ത് 2021-ൽ റിവേഴ്സ് ടെൻഡർ പ്രകാരം റ്റി.വി.പി.പി.എൽ. - കെ.എസ്.കെ. - ഫിറ്റ് വെൽ ബൂം - ആർ. ഇ.എച്ച്.പി.എൽ.-കൺസോർഷ്യം എന്ന കമ്പനിക്ക് 31-01-2022-ന് വർക്ക് ഓർഡർ നൽകി നിർമ്മാണപ്രവൃത്തികൾ പുനരാരംഭിച്ചു.

(ബി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

നിലവിൽ പ്രസ്തുത പദ്ധതിയുടെ 97.91% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ വേഗത്തിലുള്ള പൂർത്തീകരണത്തിനുവേണ്ടി എല്ലാ നടപടിക്രമങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നു. സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ 99.50% പൂർത്തിയായിട്ടുണ്ട്. ഇലക്ട്രോ മെക്കാനിക്കൽ ജോലികൾ 94% പൂർത്തിയായിട്ടുണ്ട്.

(സി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

പ്രസ്തുത പദ്ധതി 2024 ആഗസ്റ്റിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

ആർ.ഡി.എസ്.എസ്. വിതരണ ശൃംഖല പദ്ധതി

200(6075) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഡി.എസ്.എസ്. വിതരണ ശൃംഖല പദ്ധതിയുടെ സംസ്ഥാനത്തെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ച RDSS പദ്ധതി രൂപരേഖയ്ക്കും പ്രവർത്തന പദ്ധതിക്കും 15-03-2022-ന് നടന്ന മോണിറ്ററിങ് കമ്മിറ്റി യോഗത്തിൽ അംഗീകാരം ലഭിച്ചു. വിതരണ മേഖലയിലെ ഊർജനഷ്ടം കുറയ്ക്കുന്ന പദ്ധതിക്ക് 20-05-2024-ലെ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ അനുവദിച്ച വർധനയും കണക്കിലെടുത്ത് മൊത്തം 2880 കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചത്. വിതരണമേഖലയിലെ ഊർജനഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്കായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിൽ 40 ടെൻഡറുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു.

ശേഷിക്കുന്ന പ്രവൃത്തികൾ വിതരണ വിഭാഗത്തിലെ മേഖലാതലത്തിൽ ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികളും കൊല്ലം, കണ്ണൂർ, തൃശ്ശൂർ എന്നീ ടൗണുകളിലെ SCADA പ്രവൃത്തികളും ടെൻഡർ ചെയ്തിട്ടുണ്ട്. അതിൽ ഉപപ്രസരണ പ്രവൃത്തികളിൽ 11 പാക്കേജുകളിലുൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ അവാർഡ് ചെയ്ത് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിലേക്ക് പുനലൂർ മണ്ഡലത്തിൽനിന്നും നിർദ്ദേശിക്കപ്പെട്ട വിവിധ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ പുരോഗതി ഏത് ഘട്ടത്തിലെന്നും അറിയിക്കുമോ?

RDSS വിതരണ ശൃംഖല നവീകരണ പദ്ധതിയിലേക്ക് പുനലൂർ മണ്ഡലത്തിൽനിന്നും പ്രസരണ വിഭാഗത്തിനുകീഴിൽ ഒന്നാം ഘട്ടത്തിൽ പ്രവൃത്തികളൊന്നുംതന്നെ ഉൾപ്പെടുത്തിയിട്ടില്ല.

രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. 110kV ആയൂർ സബ്സ്റ്റേഷനിൽ പുതുതായി രണ്ട് 110kV ബേ, രണ്ട് 16MVA 110kV/33kV ട്രാൻസ്ഫോർമറുകൾ, നാല് 33kV ഫീഡർ ബേകൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി. (തുക: 1065 ലക്ഷം)

2. 66kV തെന്മല സബ്സ്റ്റേഷനിൽ പുതുതായി ഒരു 11kV ഫീഡർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി. (തുക: 17 ലക്ഷം)

3. 110kV അഞ്ചൽ സബ്സ്റ്റേഷനിൽനിന്നും പുതുതായി രണ്ട് 11kV ഫീഡർ പാനലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി. (തുക: 34 ലക്ഷം)

പുനലൂർ മണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് വിതരണ വിഭാഗത്തിൽ ആർ.ഡി.എസ്.എസ്. പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ളത്.

1) എച്ച്.റ്റി. കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് ലൈൻ റീ കണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തി - 41.5 കി.മീ. - വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2) 11 കെ.വി. ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി - 15.6 കി.മീ.

3) എച്ച്.റ്റി.എ.ബി.സി. ഉപയോഗിച്ച് ലൈൻ റീ കണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തി - 11.6 കി.മീ.

4) എൽ.റ്റി.എ.ബി.സി. ഉപയോഗിച്ച് ലൈൻ റീ കണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തി - 7 കി.മീ.

5) എൽ.റ്റി. സിംഗിൾ ഫേസ് ലൈനുകൾ കൺവേർഷൻ നടത്തി ത്രീ ഫേസാക്കുന്ന പ്രവൃത്തി – 2.8 കി.മീ.

മേൽപ്പറഞ്ഞതിൽ 2 മുതൽ 5 വരെയുള്ള പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) മണ്ഡലത്തിലെ സർക്കാർ തോട്ടം മേഖലയിലുള്ള ആർ.പി.എൽ. തൊഴിലാളി ലയങ്ങളുടെ വൈദ്യുതീകരണം ആർ.ഡി.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി അടിയന്തരമായി പൂർത്തീകരിച്ച് നൽകുന്നതിനുവേണ്ട ഇടപെടൽ നടത്തുമോ; വിശദമാക്കാമോ?

പുനലൂർ മണ്ഡലത്തിലെ സർക്കാർ തോട്ടം മേഖലയിലുള്ള ആർ.പി.എൽ. തൊഴിലാളി ലയങ്ങൾ മണ്ഡലത്തിലെ കരവാളൂർ, കുളത്തുപ്പുഴ എന്നീ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലാണുള്ളത്. കരവാളൂർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ സർക്കാർ തോട്ടം മേഖലയിലുള്ള ആർ.പി.എം. തൊഴിലാളി ലയങ്ങളുടെ വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടുള്ളതാണ്. കറണ്ട് ചാർജ് കുടിശ്ശിക വരുത്തിയിട്ടുള്ള ചില ക്വാർട്ടേഴ്സുകളുടെ വൈദ്യുതി കണക്ഷൻ ഡിസ്മാന്റിൽ

ചെയ്തിട്ടുള്ളതാണ്. ലയങ്ങളുടെ സമീപത്തുകൂടി നിലവിൽ വൈദ്യുതി ലൈനുകളുള്ളതിനാൽ കൂടിശ്ശിക അടച്ച് പുതിയ അപേക്ഷ നൽകുന്നതിനനുസരിച്ച് ഈ ക്വാർട്ടേഴ്സുകൾക്കും വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുന്നതാണ്.

കുളത്തുപ്പുഴ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള ആർ.പി.എൽ. നഗർ നിലവിൽ ഫാക്ടറി HT ലൈനിൽ നിന്നാണ് ഫീഡ് ചെയ്യുന്നത്. ആർ.പി.എൽ. എസ്റ്റേറ്റിലെ മാനേജർ, എസ്റ്റേറ്റിലെ 103 ക്വാർട്ടേഴ്സ്, (72 ലയം, 31 സ്റ്റാഫ് ക്വാർട്ടേഴ്സ്), ഒരു യൂണിറ്റ് ഓഫീസ്, ഒരു കാന്റീൻ, ഒരു പമ്പ് ഹൗസ് എന്നിവയ്ക്കുള്ള വൈദ്യുതി കണക്ഷനായി അപേക്ഷ നൽകിയിരുന്നു. ഇതിലേക്കായി നിലവിലുള്ള 11 കെ.വി. ലൈനിൽ 160 കെ.വി.എ. ഉള്ള ട്രാൻസ്ഫോർമർ, 2.2 കി.മീ. എൽ. ടി., ത്രീ ഫെയ്സ് ലൈൻ & 400 മീറ്റർ എൽ. ടി. സിംഗിൾ ഫേസ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഡെപ്പോസിറ്റ് വർക്കായി പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് ഗവൺമെന്റിൽ നിന്നുള്ള ഗ്രാൻഡ് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തുക അടയ്ക്കാവുന്നതാണെന്ന് ആർ.പി.എൽ. മാനേജർ അറിയിച്ചിട്ടുണ്ട്.

കുറ്റ്യാടി മണ്ഡലത്തിലെ നിലാവ് പദ്ധതി

201(6076) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലെ നിലാവ് പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പാക്കുന്നുണ്ടോ; അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ നിലാവ് പദ്ധതിപ്രകാരം 8 പഞ്ചായത്തുകളിലായി 1804 ബൾബുകളാണ് ഇതുവരെ സ്ഥാപിച്ചിട്ടുള്ളത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ പഞ്ചായത്തുകളുടെ ഭാഗത്തുനിന്നുള്ള ആവശ്യത്തിനനുസരിച്ച് ബൾബുകൾ രണ്ട് തവണകളിലായി വാങ്ങുകയും സ്ഥാപിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലെ കേരളമൊട്ടാകെയുള്ള ആവശ്യകതക്കനുസൃതമായി വിവിധ വാട്ടേജുകളിലുള്ള 50,000 ബൾബുകൾക്ക് Energy Efficiency Services Limited (EESL)-ന് LOI (Letter of Intent) നൽകുകയും അവർ കുറഞ്ഞ വില അറിയിക്കുകയും ചെയ്തു. എന്നാൽ EESL താഴെപ്പറയുന്ന നിലപാടുകൾ സ്വീകരിച്ചതിനാൽ EESL-നോട് കെ.എസ്.ഇ.ബി.എൽ. വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ ലഭ്യമാക്കാത്തതിനാൽ Purchase Order നൽകാൻ സാധിച്ചിട്ടില്ലെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

1. നിലവിലെ സർക്കാർ ഉത്തരവിന്റെ നിബന്ധനകൾക്ക് വ്യത്യസ്തമായി പി.എം.സി. ചാർജ് 2%-ൽനിന്നും 14% ആക്കി ഉയർത്തിയത്.

2. ടെൻഡർ ചെയ്തപ്പോൾ ബഹു. ഹൈക്കോടതി വിധിക്കനുസൃതമായി MSME-കളെ പരിഗണിച്ചുവെന്നുള്ള ഉറപ്പ് നൽകാത്തത്.

3. 7 വർഷത്തെ വാറണ്ടി 5 വർഷമായി ചുരുക്കിയത്.

മേൽ സൂചിപ്പിച്ച കാര്യങ്ങളുടെ വിശദീകരണം ലഭ്യമാകുന്ന മുറയ്ക്ക് Purchase Order നൽകുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. കൂടാതെ കേടായ LED സ്ട്രീറ്റ് ലൈറ്റുകളുടെ കേടുപാടുകൾ തീർത്തുനൽകുന്നതിൽ EESL-ന്റെ ഭാഗത്തുനിന്നും കാലതാമസം നേരിടുന്നത് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനെ സാരമായി ബാധിക്കുന്നുവെന്നും EESL-മായി നിരന്തരമായി ബന്ധപ്പെടുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

പുതുതായി തുടങ്ങിയ വൈദ്യുത പദ്ധതികൾ

202(6077) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മെയ് മുതൽ നാളിതുവരെ പുതുതായി തുടങ്ങിയ വൈദ്യുത പദ്ധതികളിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് പദ്ധതി, വർഷം, യൂണിറ്റ് സഹിതം വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 2016 മെയ് മാസം മുതൽ നാളിതുവരെ പുതുതായി തുടങ്ങിയ വൈദ്യുത പദ്ധതികളിൽനിന്നും 2767.7537 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതി, വർഷം, യൂണിറ്റ് സഹിതമുള്ള വിശദാംശങ്ങളും 2016 മുതൽ നാളിതുവരെ സൗര മുഖേനയും പ്രൈവറ്റായും സ്ഥാപിച്ച പുരപ്പുറ സോളാർ മേഖലയിൽനിന്നും ഉൽപാദിപ്പിച്ച വൈദ്യുതിയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+ 2016 മുതൽ REES കാര്യാലയം വഴി സ്ഥാപിച്ച plants-ൽനിന്നും ഉൽപാദിപ്പിച്ച വൈദ്യുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2016-2017 - 12.657 MU

2017-2018 - 11.726 MU

2018-2019 - 28.989 MU

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2019-2020 - 22.139 MU

2020-2021 - 21.508 MU

2021-2022 - 24.137 MU

2022-2023 - 21.5 MU

2023-2024 - 25.737 MU

(ബി) പുതുതായി ആരംഭിക്കുന്ന വൈദ്യുത പദ്ധതികൾ ഏതെല്ലാം ആണെന്നും ഇതിലൂടെ എത്ര യൂണിറ്റ് വൈദ്യുതി എന്നത്തേക്ക് ഉൽപാദിപ്പിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന 18 വൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന്റെ മുന്നോടിയായുള്ള സ്ഥലമേറ്റെടുപ്പ്/വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി തേടൽ ഉൾപ്പെടെയുള്ള വിവിധ ഘട്ടങ്ങളിലാണ്. 18 പദ്ധതികൾ പൂർത്തിയാകുമ്പോൾ ഏകദേശം 3006 മില്യൺ യൂണിറ്റ് വാർഷികോൽപാദനം ലക്ഷ്യമിടുന്നു. പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന ജല വൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നമ്പർ	പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി (മെഗാ വാട്ട്)	ലക്ഷ്യമിടുന്ന വാർഷിക ഉൽപാദനം (മില്യൺ യൂണിറ്റ്)	ഉൽപാദനം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സമയം
1	ഇടുക്കി എക്സ്റ്റൻഷൻ ജല വൈദ്യുത പദ്ധതി	800	1301	നിർമ്മാണം ആരംഭിച്ചാൽ നാലര വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.
2	ശബരിഗിരി എക്സ്റ്റൻഷൻ ജല വൈദ്യുത പദ്ധതി	240	347	നിർമ്മാണം ആരംഭിച്ചാൽ 4 വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.
3	ലക്ഷ്മി ജല വൈദ്യുത പദ്ധതി	450	834	നിർമ്മാണം ആരംഭിച്ചാൽ 5 വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.
4	മരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി	6	14.84	നിർമ്മാണം ആരംഭിച്ചാൽ 30 മാസംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.
5	വാലൻതോട് ചെറുകിട ജലവൈദ്യുത പദ്ധതി	7.5	15.29	നിർമ്മാണം ആരംഭിച്ചാൽ 30 മാസംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യ മിടുന്നു.
6	ചെമ്പുകടവ് സ്റ്റേജ് III ചെറുകിട ജലവൈദ്യുതപദ്ധതി	7.5	16.65	നിർമ്മാണം ആരംഭിച്ചാൽ 30 മാസംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യ മിടുന്നു.
7	ചാത്തൻകോട്ടുനട സ്റ്റേജ്-I ചെറുകിട	5	12.06	നിർമ്മാണം ആരംഭിച്ചാൽ 30 മാസംകൊണ്ട് പദ്ധതി

	ജലവൈദ്യുത പദ്ധതി			പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.
8	പശുക്കടവ് ചെറുകിട ജലവൈദ്യുത പദ്ധതി	4	10.34	നിർമ്മാണം ആരംഭിച്ചാൽ 30 മാസംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.
9	കക്കയം പമ്പിംഗ് സ്കീം	-	29.49	നിർമ്മാണം ആരംഭിച്ചാൽ 1 വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.
10	കീരിത്തോട് ചെറുകിട ജലവൈദ്യുത പദ്ധതി	12	27.65	നിർമ്മാണം ആരംഭിച്ചാൽ 3 വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.
11	ലാടം ചെറുകിട ജലവൈദ്യുത പദ്ധതി	3.50	12.13	നിർമ്മാണം ആരംഭിച്ചാൽ 3 വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.
12	മാർമ്മല ചെറുകിട ജലവൈദ്യുത പദ്ധതി	7	23.02	നിർമ്മാണം ആരംഭിച്ചാൽ 3 വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.
13	പീച്ചാട് ചെറുകിട ജലവൈദ്യുത പദ്ധതി	3	7.74	നിർമ്മാണം ആരംഭിച്ചാൽ 2 വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.
14	വെസ്റ്റേൺ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതി	5	17.41	നിർമ്മാണം ആരംഭിച്ചാൽ 30 മാസംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.
15	ആനക്കയം ചെറുകിട	7.50	22.13	നിർമ്മാണം ആരംഭിച്ചാൽ 4

	ജലവൈദ്യുത പദ്ധതി			വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.
16	പൊരിങ്ങൽക്കുത്ത് രണ്ടാം ഘട്ട ജല വൈദ്യുത പദ്ധതി	24	53.84	നിർമ്മാണം ആരംഭിച്ചാൽ 2 വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.
17	മഞ്ഞപ്പാറ പമ്പ്ഡ് സ്റ്റോറേജ് പദ്ധതി	30	53	പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ തത്ത്വത്തിൽ അംഗീകരിച്ചു. പ്രാരംഭ പഠന റിപ്പോർട്ട് 2025 ജനുവരിയിൽ തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു.
18	മുതിരപ്പുഴ പമ്പ്ഡ് സ്റ്റോറേജ് പദ്ധതി	100	208	പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ തത്ത്വത്തിൽ അംഗീകരിച്ചു. പ്രാരംഭ പഠന റിപ്പോർട്ട് 2025 ജനുവരിയിൽ തയ്യാറാകുമെന്ന് പ്രതീക്ഷിക്കുന്നു.

പുരപ്പുറ സോളാർ മേഖലയിൽ ഗാർഹിക ഉപഭോക്താക്കൾ നേരിട്ട് പ്ലാന്റ് സ്ഥാപിക്കുന്ന പ്രധാനമന്ത്രി സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന പദ്ധതിയാണ് നടപ്പാക്കിവരുന്നത്.

പൂഞ്ഞാർ മണ്ഡലത്തിലെ അംഗൻ ജ്യോതി പദ്ധതി

203(6078) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ അങ്കണവാടികളിൽ അംഗൻ ജ്യോതി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

നിലവിൽ പൂഞ്ഞാർ മണ്ഡലത്തിലെ അങ്കണവാടികളിൽ അംഗൻ ജ്യോതി പദ്ധതി നടപ്പാക്കിയിട്ടില്ല. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും എനർജി മാനേജ്മെന്റ് സെന്റർ വഴി അംഗൻ ജ്യോതി പദ്ധതി വ്യാപിപ്പിക്കാനാണ് സർക്കാരുദ്ദേശിച്ചിട്ടുള്ളത്.

വയനാട്-ഉടുപ്പി പവർ ഹൈവേ പദ്ധതി

204(6079) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്-ഉടുപ്പി പവർഹൈവേ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ ഉടമകൾക്ക് നൽകേണ്ട നഷ്ടപരിഹാര പാക്കേജ് രൂപീകരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) പവർഹൈവേ കടന്നുപോകുന്ന പ്രദേശങ്ങളിലെ എം.എൽ.എ.-മാരുടെ യോഗം വിളിച്ചുചേർത്ത് തുടർനടപടികൾ

വേഗത്തിലാക്കാനാവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

(എ-സി) ഉത്തര മലബാറിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായും കാസർഗോഡ്, വയനാട് ജില്ലകളിൽ ഉൽപാദിപ്പിക്കുന്ന പുനരുപയോഗ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതിയുടെ സുഗമമായ പ്രസരണത്തിനും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA)-യുടെ അനുമതി ലഭിച്ച രണ്ട് പദ്ധതികളാണ് ഉഡുപ്പി-കാസർഗോഡ് പദ്ധതിയും കാസർഗോഡ്-വയനാട് പദ്ധതിയും. ഇതിൽ ഉഡുപ്പി മുതൽ കരിന്തളം (കാസർഗോഡ്) വരെയുള്ള 400 കെ.വി. ലൈനിന്റെയും കരിന്തളം 400 കെ.വി. സബ്സ്റ്റേഷന്റെയും നിർമ്മാണം കേന്ദ്രസർക്കാർ Tariff Based Competitive Bidding (TBCB) വ്യവസ്ഥയിൽ അനുവദിച്ചിട്ടുള്ള UKTL (Udupi-Kasargode Transmission Project Ltd.) കമ്പനിയാണ് നടത്തുന്നത്. ഈ പദ്ധതിയുമായി KSEBL നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല. UKTL കമ്പനിയിൽനിന്ന് കെ.എസ്.ഇ.ബി.എല്ലിന് ലഭ്യമായ വിവരങ്ങൾപ്രകാരം 400 കെ.വി. ഉഡുപ്പി-കാസർഗോഡ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ജോലികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.

- ആകെ ലൈൻ നിർമ്മിക്കേണ്ട ദൂരം-115 കി.മീ. (കേരളം-47 കി.മീ., കർണ്ണാടക-68 കി.മീ.)
- ആകെ ടവറുകളുടെ എണ്ണം-278 എണ്ണം (കേരളം-101, കർണ്ണാടക-177)
- ടവർ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായത് - 117 എണ്ണം (കേരളം - 93, കർണ്ണാടക - 24)
- ടവർ നിർമ്മാണം പൂർത്തിയായത് - 80 എണ്ണം (കേരളം - 79, കർണ്ണാടക - 1)
- ലൈൻ നിർമ്മാണം പൂർത്തിയായത് - 0.840 കി.മീ.

ബാക്കി എട്ട് (കേരളത്തിൽ) ടവറുകളുടെ ഫൗണ്ടേഷൻ പ്രവൃത്തി വനം വകുപ്പിന്റെ അനുമതി ലഭിച്ചാൽ പൂർത്തീകരിക്കുമെന്നാണ് UKTL കമ്പനിയിൽനിന്നും ലഭിച്ച വിവരം. കൂടാതെ ബാക്കിയുള്ള ടവർ സ്ഥാപിക്കുന്നതും ലൈൻ വലിക്കുന്നതുമായ (കേരളത്തിൽ) പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്.

കരിന്തളത്ത് 400 kV സബ്സ്റ്റേഷൻ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചു. ഉഡുപ്പി-കാസർഗോഡ് ലൈൻ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യാവുന്നതാണ്.

കരിന്തളത്ത് UKTL സ്ഥാപിക്കുന്ന 400 കെ.വി. സബ്സ്റ്റേഷനിൽനിന്നും വയനാട് ജില്ലയിലെ പയ്യമ്പള്ളി വരെ 125 കിലോമീറ്റർ ദൈർഘ്യത്തിൽ 400 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ നിർമ്മാണം, പയ്യമ്പള്ളിയിൽ പുതിയ 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം എന്നിവയാണ് KSEBL നടപ്പാക്കുന്നത്. കരിന്തളം-വയനാട് 400 കെ.വി. ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള കരാർ L&T കമ്പനിക്കാണ് നൽകിയിട്ടുള്ളത്. ലൈൻ നിർമ്മാണത്തിന്റെ മൊത്തം പുരോഗതി ഏകദേശം 12% ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ലൈനിന്റെ നീളം - 125 കി.മീ. (വയനാട് 30 കി.മീ., കണ്ണൂർ 87 കി.മീ., കാസർഗോഡ് 8 കി.മീ.)
- ടവറുകളുടെ എണ്ണം - 360 (വയനാട് 98, കണ്ണൂർ 239, കാസർഗോഡ് 23)
- ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായത് - 106 എണ്ണം (വയനാട്-52, കണ്ണൂർ-31, കാസർഗോഡ്-23)
- ടവർ നിർമ്മാണം പൂർത്തിയായത് - 64 എണ്ണം (വയനാട്-21, കണ്ണൂർ-22, കാസർഗോഡ്-21)

ഉയർന്ന നഷ്ടപരിഹാരം ആവശ്യപ്പെട്ട് തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ നിലവിൽ നിർമ്മാണ പ്രവൃത്തികൾ നിലച്ച അവസ്ഥയിലാണ്.

ഭൂവുടമകൾക്ക് ഉയർന്ന നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ മന്ത്രി തലത്തിൽ ഉൾപ്പെടെ നിരവധി യോഗങ്ങൾ വിളിച്ചുചേർക്കുകയുണ്ടായി. ഈ വിഷയം നിലവിൽ സർക്കാർ പരിശോധിച്ചുവരികയാണ്. ടി യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.+ ഇതിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഉടുപ്പി-കരിന്തളം 400 കെ.വി. ലൈൻ സംബന്ധിച്ച നഷ്ടപരിഹാര പാക്കേജ്

205(6080) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുപ്പി - കരിന്തളം 400 കെ.വി. ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂഉടമകൾക്കുള്ള നഷ്ടപരിഹാര പാക്കേജ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേന്ദ്ര ഊർജ വകുപ്പിന്റെ ഭാഗമായ ആർ.ഇ.സി. ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് ടിബിസിബി (TBCB) വ്യവസ്ഥയിൽ ക്ഷണിച്ച ടെൻഡർ ലഭിച്ച കമ്പനിയായ സ്റ്റെർ ലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉഡുപ്പി–കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനിയാണ് നിർദിഷ്ട 400 കെ.വി. ഉഡുപ്പി-കരിന്തളം ലൈൻ നിർമ്മിക്കുന്നത്.

ഉഡുപ്പി-കരിന്തളം ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയത്തിൽ തർക്കം നിലനിൽക്കുന്നുണ്ട്. ഭൂവുടമകൾ ഉയർന്ന നഷ്ടപരിഹാരം നൽകിക്കൊണ്ടുള്ള പാക്കേജ് ആവശ്യപ്പെട്ടു. ഭൂവുടമകൾക്ക് ഉയർന്ന നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ മന്ത്രിതലത്തിൽ ഉൾപ്പെടെ നിരവധി യോഗങ്ങൾ വിളിച്ചുചേർക്കുകയുണ്ടായി. ഈ വിഷയം നിലവിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഭൂവുടമകൾക്കുള്ള നഷ്ടപരിഹാരം പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് സർക്കാർതലത്തിൽ യോഗങ്ങൾ ചേർന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത യോഗത്തിന്റെ നിർദേശങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ?

ഭൂവുടമകൾക്കുള്ള നഷ്ടപരിഹാരം പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് സർക്കാർതലത്തിൽ വിവിധ യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഏറ്റവും അവസാനമായി 07-05-202-ൽ മന്ത്രിതലത്തിൽ വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ താഴെപ്പറയുന്നു.

1. ഉഡുപ്പി കാസർഗോഡ് വയനാട് പവർ ട്രാൻസ്മിഷൻ ലൈൻ നിർമ്മാണത്തിൽ UKTL മുഖേന നടത്തുന്ന അന്തർ സംസ്ഥാന ലൈനിന്റെ കാര്യത്തിൽ കർണ്ണാടകത്തിൽ നഷ്ടപരിഹാരം വിതരണം ചെയ്യുന്ന മാതൃകയിൽ നടപ്പാക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുക.

2. കർണ്ണാടകയിൽ UKTL നടപ്പാക്കിവരുന്ന പാക്കേജിന്റെ പകർപ്പ് ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് സംസ്ഥാനത്തിനകത്ത് നിർമ്മിക്കുന്ന ലൈനിന്റെ കാര്യത്തിൽ നഷ്ടപരിഹാരത്തിനുള്ള പ്രൊപ്പോസൽ പുതുക്കി സമർപ്പിക്കുക.

3. ആക്ഷൻ കമ്മിറ്റി പ്രതിനിധികളുമായി കൂടി വിശദമായ ചർച്ച നടത്തി സംസ്ഥാനത്തിനകത്ത് നിർമ്മിക്കുന്ന ലൈനിന്റെ കാര്യത്തിൽ നീതിയുക്തമായ നഷ്ടപരിഹാര പാക്കേജ് തയ്യാറാക്കുക.

(സി) പ്രസ്തുത യോഗ തീരുമാനപ്രകാരം ഭൂവുടമകൾക്ക് നഷ്ടപരിഹാരം പുതുക്കി നിശ്ചയിക്കുകയും നൽകുകയും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല. പ്രസ്തുത യോഗ തീരുമാനപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 66 കെ. വി. ശേഷിക്ക് മുകളിലുള്ള പ്രസരണ ലൈനുകൾ സ്ഥാപിക്കുമ്പോൾ സ്ഥലം ഉടമകൾക്ക് നൽകേണ്ട നഷ്ടപരിഹാരം സംബന്ധിച്ച് കേന്ദ്ര ഊർജമന്ത്രാലയത്തിന്റെ പുതിയ മാർഗരേഖകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. മാർഗരേഖയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഇ) പ്രസ്തുത മാർഗരേഖപ്രകാരമുള്ള നഷ്ടപരിഹാരം ഭൂവുടമകൾക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

പരിശോധിച്ചുവരുന്നു.

ഒറ്റപ്പാലം മണ്ഡലത്തിലെ വൈദ്യുത മേഖലാ പദ്ധതികൾ

206(6081) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. ഒറ്റപ്പാലം മണ്ഡലത്തിൽ 2024-25 വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പ്രസരണ മേഖലയിൽ ഒറ്റപ്പാലം മണ്ഡലത്തിൽ 2024-25 സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

ഒറ്റപ്പാലം 110 കെ.വി. സബ്സ്റ്റേഷന്റെ നിലവിലുള്ള ശേഷി 25 എം.വി.എ.-യിൽനിന്നും 40 എം.വി.എ. ആക്കി ഉയർത്തുന്ന പ്രവൃത്തിക്ക് 665 ലക്ഷം രൂപയ്ക്ക് 26-04-2024-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ പ്രാരംഭനടപടികൾ നടന്നുവരുന്നു.

സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പി. എം. കുസും പദ്ധതി (PM KUSUM). അനർട്ട് മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കാർഷിക കണക്ഷനുള്ള പമ്പുകൾ സൗരോർജവൽക്കരിക്കുന്ന പദ്ധതിയാണിത്. കൃഷിഭവനുകൾ മുഖേന സൗജന്യ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഷിക വൈദ്യുതി ലഭിക്കുന്ന കർഷകരായിരിക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ബെഞ്ച്മാർക്ക് തുകയുടെ 30% തുക കേന്ദ്ര സബ്സിഡിയായി ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ്-RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്. 7 വർഷമാണ് ലോൺ തിരിച്ചടവ് കാലാവധി പ്രതീക്ഷിക്കുന്നത്. നബാർഡിൽനിന്നും അനുമതി ലഭിച്ച 858 പമ്പുകളാണ് പാലക്കാട് ജില്ലയിൽ ആദ്യഘട്ടത്തിൽ സൗരോർജവൽക്കരിക്കുന്നത്. ഒറ്റപ്പാലം മണ്ഡലത്തിൽ കാർഷിക പമ്പുകളുടെ സൗരോർജവൽക്കരണം നടത്താൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുമ്പോഴുണ്ടാകുന്ന ഭൗതിക നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പാക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുമ്പോഴുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന ഭൗതിക നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

a) പ്രസരണ വിതരണ നഷ്ടം കുറയ്ക്കാൻ സാധിക്കും.

b) ഗുണനിലവാരമുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകാൻ സഹായിക്കും.

c) സുരക്ഷ ഉറപ്പുവരുത്തുന്നതിന് ഉപകാരപ്രദമാകും.

ഒറ്റപ്പാലം 110 കെ.വി. സബ്സ്റ്റേഷന്റെ ശേഷി ഉയർത്തുക വഴി ഒറ്റപ്പാലത്തും പരിസര പ്രദേശങ്ങളായ അമ്പലപ്പാറ, മീറ്റ്ന, പഴയന്നൂർ എന്നിവിടങ്ങളിലേക്ക് പുതിയ 11 കെ.വി. ഫീഡറുകൾ നൽകാനാകും. ഇതുകൂടാതെ മീറ്റ്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പമ്പ് ഹൗസിന് ഒരു ഡെഡിക്കേറ്റഡ് (പ്രത്യേക) 11 കെ. വി. ഫീഡർ നൽകാനും സാധിക്കും. കൂടാതെ ഒറ്റപ്പാലം 110 കെ. വി. സബ്സ്റ്റേഷനിലെ വൈദ്യുതി ലൈനുകൾ പുനഃക്രമീകരണം നടത്തുന്നതുവഴി മേല്പറഞ്ഞ പ്രദേശങ്ങളിൽ ഇടതടവില്ലാതെ വൈദ്യുതി ലഭ്യത ഉറപ്പാക്കാൻ സാധിക്കും.

സൗരോർജ ഉൽപാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പി. എം. കുസും പദ്ധതി. അനർട്ട് വഴി നടപ്പാക്കുന്ന ഈ പദ്ധതിപ്രകാരം പമ്പിന്റെ പ്രവർത്തനത്തിനാവശ്യമായ ഊർജം കഴിഞ്ഞുള്ളത് ഗ്രിഡിലേക്ക് നൽകുന്നതുവഴി (Export Energy) ലഭിക്കുന്ന വരുമാനം കർഷകന് ലഭിക്കുന്നതാണ്.

നബാർഡിൽനിന്നും അനുമതി ലഭിച്ച 858 പമ്പുകളാണ് പാലക്കാട് ജില്ലയിൽ ആദ്യഘട്ടത്തിൽ സൗരോർജവൽക്കരിക്കുന്നത്. ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ ഏകദേശം 3.6 മില്യൺ യൂണിറ്റ് അധിക വൈദ്യുതി ഉൽപാദിപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പി.എം. കുസും പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ പ്ലാന്റുകളും ശൃംഖലാബന്ധിതമാണ്. ലോൺ തിരിച്ചടവ് കാലാവധിക്കുശേഷം കർഷകന് സൗരോർജനിലയത്തിന്റെ പൂർണ്ണ ഉടമസ്ഥാവകാശം ലഭിക്കുന്നു. ഉൽപാദിപ്പിക്കപ്പെടുന്ന വൈദ്യുതിയിൽ, ഉപയോഗശേഷമുള്ള വൈദ്യുതി KSEBL-ന് നിശ്ചിത തുകയ്ക്ക് വിൽക്കുന്നതുവഴി കർഷകനൊരു വരുമാനമാർഗമാകുന്നു. 5KW സൗരോർജനിലയം സ്ഥാപിക്കുന്നതുവഴി കർഷകന് പ്രതിവർഷം ഏകദേശം 10,000/- മുതൽ 15,000/- രൂപ വരെ അധിക വരുമാനം ലഭിക്കും. കാർഷിക പമ്പുകൾ സൗരോർജവൽക്കരിക്കുന്നതിലൂടെ കൃഷിയിടങ്ങളിൽനിന്നുള്ള കാർബൺ ബഹിർഗമനം കുറയ്ക്കുവാനാകും.

പൂഞ്ഞാർ മണ്ഡലത്തിലെ ഇ-ചാർജിങ് സ്റ്റേഷനുകൾ

207(6082) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ഇ-വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുവേണ്ടി എത്ര വൈദ്യുതി ചാർജിങ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവർത്തനസജ്ജമായെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങൾക്ക് ചാർജിങിന് അടിസ്ഥാന സൗകര്യങ്ങളില്ലാതിരുന്ന തുടക്കക്കാലത്താണ് ഇ-മൊബിലിറ്റി സുഗമമാക്കുക എന്ന ഗവൺമെന്റ് നയം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പ്രാഥമിക അടിസ്ഥാനസൗകര്യം പ്രദാനം ചെയ്യുന്നതിനായി 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും 1169 പോൾ മൗണ്ടഡ് ചാർജിങ് പോയിന്റുകളും ഉൾക്കൊള്ളുന്ന ഒരു ചാർജിങ് ശൃംഖലയാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സജ്ജീകരിച്ചത്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഇലക്ട്രിക് പോസ്റ്റുകളിൽ വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് ഒരു നിയോജക മണ്ഡലത്തിൽ കുറഞ്ഞത് 5 എണ്ണവും കോർപ്പറേഷൻ നിയോജക മണ്ഡലങ്ങളിൽ കുറഞ്ഞത് 15 എണ്ണവും എന്ന തോതിലായി 1169 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ സ്ഥാപിച്ച ആറ് (6) ചാർജിങ് പോയിന്റുകളാണ്

പൂഞ്ഞാർ നിയോജക മണ്ഡലത്തിലുള്ളത്. ഇവയെല്ലാം പ്രവർത്തനസജ്ജമാണ്. കടുവാമുഴി ചാർജ് പോയിന്റിന് (CB 360) സമീപം ഡ്രെയിനേജ് പണിയുടെ ഭാഗമായി കല്ലും മണ്ണും കൂട്ടിയിട്ട് ചാർജിങ് സ്റ്റേഷനിലേയ്ക്കുള്ള പ്രവേശനം തടസ്സപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിന്റെ പരിധിയിൽ പുതുതായി ഇലക്ട്രിക് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

എല്ലാ ജില്ലകളിലുമായി ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കാൻ കണ്ടെത്തിയ 2392 സ്ഥലങ്ങളുടെ (കോട്ടയം ജില്ലയിലെ 169 എണ്ണം ഉൾപ്പെടെ) വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട MLA/MP-മാരുടെ ആസ്തി വികസന ഫണ്ടോ ഇതര സാമ്പത്തിക സഹായമോ ലഭ്യമാക്കുന്നതിനുള്ള ശ്രമവും നടത്തിവരുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്/ഗവൺമെന്റ്/ഇതര സ്ഥലങ്ങളിൽ പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

വൈദ്യുത വാഹനങ്ങളുടെ വ്യാപനത്തെത്തുടർന്ന് സംസ്ഥാനത്ത് ഇപ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റേത് കൂടാതെ എഴുന്നൂറോളം ചാർജിങ് സ്റ്റേഷനുകൾ (സ്വകാര്യ മേഖലയിലുൾപ്പെടെ) പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡപ്രകാരം ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നത് ലൈസൻസ് ആവശ്യമില്ലാത്ത പ്രവൃത്തിയാണ്. അതിൻപ്രകാരം വ്യക്തികൾക്കോ സ്വകാര്യ സംരംഭകർക്കോ സാങ്കേതിക സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്.

ഇലക്ട്രിക് കാറുകൾക്കുവേണ്ടിയുള്ള ഡി.സി. ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ പ്രധാനമായും ആവശ്യമായി വരുന്നത് ദീർഘദൂര യാത്രകളിലാണ്. പ്രസ്തുത നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കഫറ്റേരിയ, വാഷ്റൂം സംവിധാനത്തോടുകൂടിയ 100 sqm (8mx8m, 6mx6m) സർക്കാർ അധീനതയിലുള്ള സ്ഥലവും ലാൻഡ് സ്കെച്ചും ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഫണ്ടും ലഭ്യമാകുകയാണെങ്കിൽ രണ്ട് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള DC ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സംവിധാനം അനെർട്ട് മുഖേന ഒരുക്കാവുന്നതാണ്.

വൈപ്പിൻ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിവരുന്ന പ്രവൃത്തികൾ

208(6083) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ നവീകരണ വിതരണ മേഖല പദ്ധതിയിൽ (ആർ.ഡി.എസ്.എസ്.) ഉൾപ്പെടുത്തിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ-സി) കെ.എസ്.ഇ.ബി.എൽ. പ്രസരണ വിഭാഗത്തിനുകീഴിൽ വൈപ്പിൻ മണ്ഡലത്തിൽ 66 കെ.വി. ഞാറക്കൽ സബ്സ്റ്റേഷന്റെ ശേഷി 110 കെ.വി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പ്രവൃത്തി നടന്നുവരുന്നു. ഇതുമായി ബന്ധപ്പെട്ട് 14.1 കിലോമീറ്റർ ചെറായി-ഞാറക്കൽ 110 കെ.വി. ലൈനിന്റെ നിർമ്മാണവും നടന്നുവരുന്നു.

ചെറായി-ഞാറക്കൽ 110 കെ.വി. ലൈൻ (14.1 കി.മി.) നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി മൊത്തം 51 ടവറുകൾ നിർമ്മിക്കേണ്ടതിൽ ഇതുവരെ 14

ടവർ ലൊക്കേഷനുകളുടെ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായി. 7 ടവർ ലൊക്കേഷനുകളുടെ ഫൗണ്ടേഷൻ നിർമ്മാണം പുരോഗമിക്കുന്നു. ഈ പ്രവൃത്തിയുടെ 48 ടവർ ലൊക്കേഷനുകളും ചെമ്മീൻ കെട്ടുകളിലൂടെയാണ് കടന്നുപോകുന്നത്. ആയതിനാൽ വർഷത്തിൽ നവംബർ മുതൽ മെയ് വരെയുള്ള കാലയളവിൽ ചെമ്മീൻ/മീൻ കൃഷി നടക്കുന്നതിനാൽ KSEB-ന് ജോലികൾ നടത്താൻ സാധിക്കുകയില്ല. ബാക്കിയുള്ള 5 മാസം മാത്രമേ പ്രവൃത്തികൾ നടക്കുകയുള്ളൂ. പ്രസ്തുത പ്രവൃത്തിക്കായി വകയിരുത്തിയിരിക്കുന്ന തുക 18 കോടി രൂപയാണ്.

66 കെ.വി. ഞാറക്കൽ സബ്സ്റ്റേഷന്റെ ശേഷി 66 കെ.വി.-യിൽനിന്നും 110 കെ.വി. നിലവാരത്തിലേയ്ക്കുയർത്തുന്നതിന് പ്രാരംഭ പ്രവർത്തനങ്ങളായ 11 കെ.വി. RMU, ഓക്സിലറി ട്രാൻസ്ഫോർമർ എന്നിവ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു. ഭരണാനുമതി ലഭിച്ചത് 110/11kV, 12.5 MVA-യുടെ 2 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനാണ്. എന്നാൽ നിലവിലെ വൈദ്യുതി ഉപഭോഗ വർധനവ് പരിഗണിച്ച് 110/11kV, 20MVA-യുടെ 2 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കാനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ലൈൻ നിർമ്മാണ പുരോഗതിക്കനുസരിച്ച് 66 കെ.വി.

ഞാറക്കൽ സബ്സ്റ്റേഷന്റെ ശേഷി 66 കെ.വി.-യിൽനിന്ന് 110 കെ.വി. നിലവാരത്തിലേയ്ക്കുയർത്തുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തിക്കായി വകയിരുത്തിയിരിക്കുന്ന തുക 6 കോടി രൂപയാണ്.

വൈപ്പിൻ മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. വിതരണ വിഭാഗത്തിനുകീഴിൽ നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL-ന്റെ തനത് ഫണ്ടുപയോഗിച്ച് നടത്തുന്ന ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 10.55 കോടി രൂപയുടെ പ്രവൃത്തികൾ 2026-2027 സാമ്പത്തിക വർഷത്തോടുകൂടി വൈപ്പിൻ മണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്.

പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, വകയിരുത്തിട്ടുള്ള തുക എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ PPS പദ്ധതിയിൽ ഉൾപ്പെടുത്തി വൈപ്പിൻ നിയോജകമണ്ഡലത്തിൽ 88.9 കി.മീ. സ്ട്രീറ്റ് മെയിൻ വലിക്കുന്ന 29.45 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പാക്കിവരുന്നു. ഇതിൽ 2.84 കി.മീ. സ്ട്രീറ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെയിൻ ലൈൻ വലിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 6.6 കി. മീ. ലൈൻ വലിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS)-ന്റെ ഭാഗമായി വൈപ്പിൻ നിയോജകമണ്ഡലത്തിൽ വിതരണ വിഭാഗത്തിനുകീഴിൽ ആകെ 3490.19 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചുവടെ പറയുംപ്രകാരം ആവിഷ്കരിച്ചിട്ടുണ്ട്.

ഇതിൽ 10.92 കി. മീ. 11 കെ.വി. ഏരിയൽ ബഞ്ച്ഡ് കേബിൾ ലൈൻ റീ കണ്ടക്ടറിങ് പ്രവൃത്തിയും, 36.98 കി. മീ. ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കേബിൾ ലൈൻ റീ കണ്ടക്ടറിങ് പ്രവൃത്തി ഉൾപ്പെടെ 473 ലക്ഷം രൂപയുടെ പ്രവൃത്തികൾ വിതരണനഷ്ടം കുറയ്ക്കുന്നതിന് (Loss Reduction works-ൽ) ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 120.75 ലക്ഷം രൂപയുടെ 9.01 കി. മീ. ഹൈ ടെൻഷൻ ലൈൻ റീ കണ്ടക്ടറിങ് പ്രവൃത്തികളും 93.19 ലക്ഷം രൂപയുടെ 10.55 കി. മീ. ലോ ടെൻഷൻ ലൈൻ റീ കണ്ടക്ടറിങ് പ്രവൃത്തികളുടെയും ടെൻഡർ നടപടികളുൾപ്പെടെ ആകെ 213.94 ലക്ഷം രൂപയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

RDSS ആധുനികവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1.2 കി. മീ. 11 കെ.വി. ഏരിയൽ ബഞ്ച്ഡ് കേബിൾ ലൈൻ വലിക്കുന്ന 22.02 ലക്ഷം രൂപയുടെ പ്രവൃത്തികളും ഒരു 100 kVA ട്രാൻസ്ഫോമർ സ്ഥാപിക്കുന്ന 4.70 ലക്ഷം രൂപയുടെ പ്രവൃത്തികളുൾപ്പെടെ ആകെ 26.72 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

കൂടാതെ RDSS അഡീഷണൽ പ്രൊപ്പോസൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2990.47 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

അനെർട്ട് മുഖേന ഗോശ്രീ ഐലൻഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയുമായി സഹകരിച്ചുകൊണ്ട് വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം, ഞാറക്കൽ, ഇടവനക്കാട്, കുഴിപ്പള്ളി, മുളവനക്കാട് എന്നീ പഞ്ചായത്തുകളിൽ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണം

209(6084) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിക്കാൻ വൈകുന്നത് കാരണം എത്ര കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉൽപാദനമാണ് തടസ്സപ്പെട്ടിരിക്കുന്നതെന്ന് വിശദീകരിക്കാമോ?

(എ&ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ കാലതാമസം വന്നതിലുണ്ടായ നഷ്ടം കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല.

ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കിടയിൽ നേരിട്ട ഭൗമശാസ്ത്രപരമായ വെല്ലുവിളികൾ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം പോലുള്ള സംസ്ഥാന വ്യാപകമായുണ്ടായ പ്രകൃതിദുരന്തങ്ങൾ, നിപ്പ, കോവിഡ്-19 തുടങ്ങിയ മഹാമാരികൾ മൂലമുണ്ടായ ലോക്ക്ഡൗണുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ, ക്വാറി പ്രവർത്തനങ്ങൾക്കുണ്ടായ നിരോധനം, ചില പദ്ധതികൾക്ക് നിശ്ചിത പുരോഗതി കൈവരിക്കാത്തതുമൂലം കരാർ റദ്ദാക്കേണ്ടി വന്ന അവസ്ഥ എന്നീ കാരണങ്ങളാൽ ചില പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടിട്ടുണ്ട്. ഈ കാരണങ്ങൾ ബോർഡിന് ബോധ്യപ്പെട്ടിട്ടുള്ളതും ഗവൺമെന്റ്/ബോർഡ് കാലാകാലങ്ങളിൽ അംഗീകരിച്ചിട്ടുള്ളതുമാണ്.

താഴെപ്പറയുന്ന പദ്ധതികൾക്ക് ഇപ്രകാരം പൂർത്തീകരണ സമയത്ത് കാലതാമസം നേരിട്ടിട്ടുണ്ട്.

1. പള്ളിവാസൽ വിപുലീകരണ പദ്ധതി (60 മെഗാ വാട്ട്): ഈ പദ്ധതിയിൽനിന്നും പ്രതിവർഷം 153.90 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

2. തൊട്ടിയാർ ജല വൈദ്യുത പദ്ധതി (40 മെഗാ വാട്ട്): ഈ പദ്ധതിയിൽനിന്നും പ്രതിവർഷം 99 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

3. ഭ്രതത്താൻകെട്ട് ചെറുകിട ജല വൈദ്യുത പദ്ധതി (24 മെഗാ വാട്ട്): ഈ പദ്ധതിയിൽനിന്നും പ്രതിവർഷം 83.50 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

4. ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി: ഈ പദ്ധതിയിൽനിന്നും പ്രതിവർഷം 85 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

5. പഴശ്ശി ചെറുകിട ജല വൈദ്യുത പദ്ധതി (7.50 മെഗാവാട്ട്): ഈ പദ്ധതിയിൽനിന്നും പ്രതിവർഷം 25.16 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

ഉടുപ്പി-കരിന്തളം ഇലക്ട്രിക് ലൈൻ

210(6085) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുപ്പി-കരിന്തളം ഇലക്ട്രിക് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂവുടമകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

കേന്ദ്ര ഊർജവകുപ്പിന്റെ ഭാഗമായ ആർ.ഇ.സി. ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് ടി.ബി.സി.ബി (TBCB) വ്യവസ്ഥയിൽ ക്ഷണിച്ച ടെൻഡർ ലഭിച്ച കമ്പനിയായ സ്റ്റെർ ലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനിയാണ് നിർദിഷ്ട 400 കെ.വി. ഉഡുപ്പി-കരിന്തളം ലൈൻ നിർമ്മിക്കുന്നത്.

ഉഡുപ്പി-കരിന്തളം വയനാട് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയത്തിൽ തർക്കം നിലനിൽക്കുന്നുണ്ട്. ഭൂവുടമകൾ ഉയർന്ന നഷ്ടപരിഹാരം നൽകിക്കൊണ്ടുള്ള പാക്കേജ് ആവശ്യപ്പെട്ടു. ഭൂവുടമകൾക്ക് ഉയർന്ന നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ ബഹു. മന്ത്രിതലത്തിൽ ഉൾപ്പെടെ

നിരവധി യോഗങ്ങൾ വിളിച്ചുചേർക്കുകയുണ്ടായി. ഈ വിഷയം നിലവിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ന്യായമായ നഷ്ടപരിഹാരം നൽകി പ്രസ്തുത പദ്ധതി എത്രയും വേഗം യാഥാർഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

കേന്ദ്ര ഊർജവകുപ്പിന്റെ ഭാഗമായ ആർ.ഇ.സി. ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് ടി.ബി.സി.ബി (TBCB) വ്യവസ്ഥയിൽ ക്ഷണിച്ച ടെൻഡർ ലഭിച്ച കമ്പനിയായ സ്റ്റെർ ലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി–കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനിയാണ് നിർദിഷ്ട 400 കെ.വി. ഉഡുപ്പി-കരിന്തളം ലൈൻ നിർമ്മിക്കുന്നത്.

ഉഡുപ്പി-കരിന്തളം വയനാട് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയത്തിൽ തർക്കം നിലനിൽക്കുന്നുണ്ട്. ഭൂവുടമകൾ ഉയർന്ന നഷ്ടപരിഹാരം നൽകിക്കൊണ്ടുള്ള പാക്കേജ് ആവശ്യപ്പെട്ടു. ഭൂവുടമകൾക്ക് ഉയർന്ന നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ ബഹു. മന്ത്രിതലത്തിൽ ഉൾപ്പെടെ

നിരവധി യോഗങ്ങൾ വിളിച്ചുചേർക്കുകയുണ്ടായി. ഈ വിഷയം നിലവിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

ചെല്ലൂർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

211(6086) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ചെല്ലൂർ പ്രദേശത്ത് രൂക്ഷമായ വോൾട്ടേജ് ക്ഷാമം കാരണം ഉപഭോക്താക്കൾ ഏറെ പ്രയാസം നേരിടുന്നുണ്ടെന്നും പ്രദേശത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോട്ടക്കൽ മണ്ഡലത്തിലെ വൈദ്യുതി ആവശ്യം പൂർണ്ണമായും നിറവേറ്റുന്ന രീതിയിൽ പ്രസരണ വിഭാഗം നടപ്പാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

- 110 കെ.വി. കാടാമ്പുഴ സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

- 110 കെ.വി. എടയൂർ സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുവേണ്ടിയിട്ടുള്ള സാങ്കേതിക പഠനം പുരോഗമിക്കുന്നു.

- 110 കെ.വി. എടരിക്കോട് സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി 37.5 MVA-യിൽനിന്നും 52.5 MVA ആയി ഉയർത്തി, പുതിയ 11 കെ.വി. ഫീഡറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പ്രയോജനം കോട്ടക്കൽ മണ്ഡലത്തിലും ലഭിക്കുന്നതാണ്.

- പുതുതായി വിഭാവനം ചെയ്യുന്ന 33 കെ.വി. വലിയകുന്ന് സബ്സ്റ്റേഷനുവേണ്ടിയുള്ള സ്ഥല ലഭ്യതയ്ക്കുള്ള അന്വേഷണവും നടത്തിവരുന്നു.

മലപ്പുറം ജില്ലയിലെ തിരൂർ മേഖലയിൽ സ്ഥാപിതമാകുന്ന 220 കെ.വി. വെങ്ങാലൂർ സബ്സ്റ്റേഷൻ പ്രവർത്തനസജ്ജമാകുന്നതോടെ കോട്ടക്കൽ, തിരൂർ, തിരുരങ്ങാടി, പൊന്നാനി നിയോജക മണ്ഡലങ്ങളിൽ പ്രയോജനം ലഭിക്കുന്നതാണ്.

കോട്ടക്കൽ മണ്ഡലത്തിൽ കുറ്റിപ്പുറം ഗ്രാമപ്പഞ്ചായത്തിലെ ചെല്ലൂർ പ്രദേശത്തെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് പെരുമ്പറമ്പ് മൂടാൽ

പള്ളിയുടെ മുൻവശത്ത് ഒരു 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും ഈ പ്രദേശത്തേയ്ക്ക് പോകുന്ന 200 മീറ്ററോളം പഴയ ത്രീ ഫേസ് ലൈൻ മാറ്റി പുതിയ ലൈൻ വലിക്കുന്നതിനും ദ്യുതി 2.0-ന്റെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ചെയ്യുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. ട്രാൻസ്ഫോമർ സ്ഥാപിക്കുന്ന പ്രവൃത്തി 2024 ആഗസ്റ്റ് മാസം പത്താം തീയതിക്കുള്ളിൽ പൂർത്തീകരിക്കാമെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്കുവേണ്ടി നിർമ്മാണ കമ്പനിയായ കെ.എൻ.ആർ.സി.എൽ. (KNRCL) അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് മൂടാൽ ബൈപ്പാസ് റോഡ് കേന്ദ്രമാക്കി ഒരു ട്രാൻസ്ഫോമർ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രദേശങ്ങളിലെ ഉപഭോക്താക്കൾ നേരിടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(ബി&സി) വൈദ്യുതി വകുപ്പുമന്ത്രിയുടെ കാര്യാലയം മുഖേന കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പെരുമ്പറമ്പ്

മൂടാൽ പള്ളിയുടെ മുൻവശത്ത് ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ഒരു 100 KVA ട്രാൻസ്ഫോമർ സ്ഥാപിക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് നിർദേശം നൽകുകയും നിർമ്മാണ കമ്പനിയായ കെ.എൻ.ആർ.സി.എൽ. (KNRCL) പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 200 മീറ്ററോളം ത്രീ ഫേസ് ഫോർ വയർ ലൈൻ റീ കണ്ടക്ടറിങ് ചെയ്യുന്ന പ്രവൃത്തി ദ്യുതി 2.0-ന്റെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്.

വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നടപടി

212(6087) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

കെ.എസ്.ഇ.ബി.എൽ.-ന്റെ വൈദ്യുതി വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ദ്യുതി.

ദ്യുതി പദ്ധതിയുടെ ആദ്യഘട്ടമായ ദ്യുതി 1, സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച ഊർജ കേരള മിഷനിൽ ഉൾപ്പെടുത്തി വിതരണശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി 2018-19 മുതൽ 2022-23-വരെ നടപ്പാക്കി. ആഗോള നിലവാരത്തിൽ തടസ്സരഹിതമായി ഗുണമേന്മയേറിയ വൈദ്യുതി അപകടരഹിതമായി ഉപഭോക്താക്കൾക്ക് എത്തിച്ച് വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കുന്നതിന് നടപ്പാക്കുന്ന "ദ്യുതി 1" പദ്ധതിയിൽ ഉൾപ്പെടുത്തി എച്ച്.ടി. ലൈൻ/ഭൂഗർഭ കേബിൾ നിർമ്മാണം, എൽ. ടി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ശേഷി വർധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുന്ന പ്രവൃത്തികൾ, എച്ച്.ടി. ലൈനും എൽ.ടി. ലൈനും റീ കണ്ടക്ടറിങ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോമറുകളുടെയും മറ്റു പ്രതിഷ്ഠാപനങ്ങളുടെയും standardization പ്രവൃത്തികൾ, വിതരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പാക്കിയിരുന്നു.

നിലവിലുള്ള ദ്യുതി 1 പദ്ധതിയുടെ തുടർച്ചയായി വിതരണരംഗം കൂടുതൽ ആധുനികവൽക്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി അടുത്ത 5 വർഷത്തേയ്ക്കുള്ള (2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ)

പദ്ധതി രൂപരേഖ (ദ്യുതി 2.0) KSEBL തയ്യാറാക്കി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ദ്യുതി 2.0-ൽ 4717 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പാക്കാനായി തീരുമാനിച്ചിട്ടുള്ളത്. ദ്യുതി 2.0 പദ്ധതിയിലുൾപ്പെടുത്തി പ്രധാനമായും 2242 കി.മീ. HT OH ലൈനും 2246 കി.മീ. HT ABC ലൈനും 77 കി.മീ. covered conductor-ഉം 795 കി.മീ. ഭൂഗർഭ കേബിളും 858 കി.മീ. LT OH ലൈനും 4076 കി. മീ. LT ABC ലൈനും നിർമ്മിക്കാനും 4373 ട്രാൻസ്ഫോമറുകൾ പുതുതായി സ്ഥാപിക്കാനും 1769 ട്രാൻസ്ഫോമറുകൾ മാറ്റി സ്ഥാപിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്. അതോടൊപ്പം 3671-ഓളം fault pass indicator സ്ഥാപിക്കാനും 5752 കി.മീ. പഴയ HT ലൈനുകളും 28645 കി.മീ. പഴയ LT ലൈനുകളും മാറ്റി പുതിയത് വലിക്കാനും 2637 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റാനും ലക്ഷ്യമിട്ടിട്ടുണ്ട്.

കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ റീ വാമ്പ്ട് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയാണ്. പദ്ധതി കാലാവധി പൂർത്തീകരിക്കുമ്പോൾ വിതരണ മേഖലയിലെ സാങ്കേതികവും വാണിജ്യപരവുമായ നഷ്ടം (AT & C loss) 12%-നും 15%-നും ഇടയിലേയ്ക്ക് കുറയ്ക്കാനും ACS-ARR gap ഇല്ലാതാക്കുന്നതിനും ലക്ഷ്യമിടുന്നു.

കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ച പദ്ധതി രൂപരേഖയ്ക്കും പ്രവർത്തന പദ്ധതിക്കും 15-03-2022-ന് നടന്ന മോണിറ്ററിങ് കമ്മിറ്റി യോഗത്തിൽ അംഗീകാരം ലഭിച്ചു. വിതരണ മേഖലയിലെ ഊർജനഷ്ടം കുറയ്ക്കുന്ന പദ്ധതിക്ക് 20-05-2024-ലെ മോണിറ്ററിങ് കമ്മിറ്റി യോഗത്തിൽ അനുവദിച്ച വർധനയും കണക്കിലെടുത്ത് മൊത്തം 2880 കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചത്. വിതരണനഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികളും കൊല്ലം, കണ്ണൂർ, തൃശ്ശൂർ എന്നീ സോണുകളിലെ SCADA പ്രവൃത്തികളും ടെൻഡർ ചെയ്തിട്ടുണ്ട്. അതിൽ ഉപപ്രസരണ പ്രവൃത്തികളിൽ 11 പാക്കേജുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ അവാർഡ് ചെയ്ത് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വിതരണ മേഖലയിലെ ഊർജനഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്കായുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിൽ 40 ടെൻഡറുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു.

(ബി) വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി തടസ്സങ്ങൾ പരമാവധി ഒഴിവാക്കാൻ, ലൈൻ റൂട്ടുകളിൽക്കൂടിയുള്ള വൃക്ഷശിഖരങ്ങൾ വെട്ടി മാറ്റിയും വൈദ്യുതി കമ്പികൾ പൊട്ടിവീഴുന്നത്

ഒഴിവാക്കാൻ സ്പേസറുകൾ സ്ഥാപിച്ചും യഥാസമയം സുരക്ഷാപരിശോധനകൾ നടത്തിയും KSEBL എല്ലാ വർഷവും മഴക്കാല മുന്നൊരുക്കങ്ങൾ നടത്തിവരുന്നു. സംസ്ഥാനത്തിന്റെ കാലാവസ്ഥ മഴയില്ലാത്ത വേനൽക്കാലവും തുടർന്നുള്ള കനത്ത മഴയുമായി അടുത്തകാലത്തായി മാറിയിട്ടുണ്ട്. കാറ്റും ന്യൂനമർദവും മൂലമുണ്ടാകുന്ന കനത്ത മഴ വർഷം മുഴുവനും ഇപ്പോൾ കേരളത്തിൽ സാധാരണമാണ്. അതിനാൽ KSEBL-ന്റെ വിതരണ വിഭാഗത്തിൽ മാർച്ച് മുതൽ മെയ് വരെ നടത്തിവന്നിരുന്ന വാർഷിക/പ്രീ-മൺസൂൺ അറ്റകുറ്റപ്പണികൾ ഇപ്പോൾ ജനുവരി, ഫെബ്രുവരി മാസങ്ങളിലേക്ക് മാറ്റിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ അടുത്തുള്ള സെക്ഷൻ ഓഫീസുകൾ തമ്മിലും സബ് സ്റ്റേഷനുകളുമായും പ്രവൃത്തികൾ ഏകോപിപ്പിച്ചുകൊണ്ടും ബാക്ക്ഫീഡിങ് സംവിധാനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടും വൈദ്യുതി തടസ്സത്തിന്റെ ദൈർഘ്യവും ബാധിക്കുന്ന ഉപഭോക്താക്കളുടെ എണ്ണവും പരമാവധി കുറയ്ക്കാനും ഒരേ സ്ഥലത്തെ ഉപഭോക്താക്കൾക്ക് തുടർച്ചയായ ദിവസങ്ങളിൽ വൈദ്യുതി തടസ്സമുണ്ടാകാത്ത രീതിയിൽ അറ്റകുറ്റപ്പണികൾ ക്രമീകരിക്കാനും മേൽ സൂചിപ്പിച്ച പ്രകാരമുണ്ടാകാവുന്ന വൈദ്യുതി തടസ്സങ്ങൾ സംബന്ധിച്ച വിവരം ഉപഭോക്താക്കളെ 24 മണിക്കൂർ മുമ്പേ "ഔട്ടേജ് മാനേജ്മെന്റ് സിസ്റ്റം (OMS)

സോഫ്റ്റ്വെയർ ഉപയോഗിച്ച് SMS മുഖേനയും പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും തലേദിവസംതന്നെ അറിയിക്കാനും ഫീൽഡ് ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

മരക്കൊമ്പുകൾ വീണ് ലൈനുകൾക്കുണ്ടാകുന്ന തകരാറുകളും അതുവഴിയുണ്ടാകുന്ന അപകടങ്ങളും കുറയ്ക്കാൻ ഏരിയൽ ബഞ്ച്ഡ് കേബിൾ (എബിസി) തുടങ്ങിയ കവചിത ചാലകങ്ങളും ഭൂഗർഭ കേബിളുകളും KSEBL സ്ഥാപിച്ചുവരുന്നു. ഇവ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി പ്രസ്തുത നവീകരണപ്രവർത്തനങ്ങൾ KSEBL നടത്തിവരുന്നു. കൂടാതെ വൈദ്യുതി തടസ്സം പരമാവധി ഒഴിവാക്കാനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ നിരീക്ഷണ നിയന്ത്രണ സംവിധാനമായ സ്കാഡ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

എച്ച്.ടി. (11 കെ.വി.) ലൈനുകളിലെ തകരാറുകൾ വേഗത്തിൽ കണ്ടുപിടിക്കുന്നതിനായി Communicable Fault Pass Detector" എന്ന നൂതന സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ KSEBL ജീവനക്കാർ തന്നെ

വികസിപ്പിച്ചെടുത്തിട്ടുണ്ട്. തകരാറുണ്ടാകുന്ന സമയത്ത് വിവരം SMS ആയി അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് എത്തിക്കുന്നതിനും സോഫ്റ്റ്വെയർ വഴി തകരാറുണ്ടായ സ്ഥലം അറിയിക്കുന്നതിനുമുള്ള നൂതന സംവിധാനമാണിത്. ഇതുവരെ 11079 (എണ്ണം) Communicable Fault Pass Detector സ്ഥാപിച്ചിട്ടുണ്ട്.

വൈദ്യുതി ഉൽപാദനം

213(6088) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ പ്രതിവർഷ വൈദ്യുതി ഉൽപാദനം എത്രയാണ്; ഇതിൽ ഓരോ സ്രോതസ്സിൽ നിന്നുമുള്ള ഉൽപാദനം എത്രയാണെന്ന് സ്രോതസ് തിരിച്ചുള്ള കണക്ക് നൽകാമോ?

സംസ്ഥാനത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ വൈദ്യുതി ഉൽപാദനം 7255.34 ദശലക്ഷം യൂണിറ്റാണ്. സ്രോതസ്സ് തിരിച്ച് ഉൽപാദനത്തിന്റെ കണക്ക് താഴെ ചേർക്കുന്നു.

സ്രോതസ്സ്	ഉൽപാദനം (ദശലക്ഷം യൂണിറ്റ്)
ജലവൈദ്യുതി	5877.02
സൗരോർജം	1251.88
കാറ്റാടി	148.08

താപവൈദ്യുതി	78.36
മൊത്തം	**7255.34**

വൈദ്യുതി വിതരണ മേഖലയിൽ പുതിയ ലൈനുകൾ സ്ഥാപിച്ചതിന്റെ വിശദാംശം

214(6089) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2024 കാലയളവിൽ വൈദ്യുതി വിതരണ മേഖലയിൽ പുതുതായി എത്ര കിലോമീറ്റർ ദൂരത്തിൽ ലൈനുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2016-2024 കാലയളവിൽ വൈദ്യുതി വിതരണ മേഖലയിൽ പുതുതായി സ്ഥാപിച്ച എച്ച്.ടി. ലൈനുകളുടെയും എൽ.ടി. ലൈനുകളുടെയും ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ജില്ല	**എൽ. ടി. ലൈൻ നിർമ്മാണം (കി. മീ.)**	**എച്ച്. ടി. ലൈൻ നിർമ്മാണം (കി. മീ.)**
തിരുവനന്തപുരം	3339.69	1139.97
കൊല്ലം	1802.74	958.99
പത്തനംതിട്ട	1025.98	870.81
കോട്ടയം	2191.73	1387.83
ആലപ്പുഴ	1774.46	725.5
എറണാകുളം	2318.75	1496.11
ഇടുക്കി	1453.16	897.86

തൃശ്ശൂർ	3069.64	1054.6
പാലക്കാട്	2407.11	884.11
മലപ്പുറം	3744.51	1469
കോഴിക്കോട്	2574.51	999.83
വയനാട്	1087.44	459.98
കണ്ണൂർ	3126.04	1051.68
കാസർഗോഡ്	1822.84	821.05
ആകെ	**31738.6**	**14217.32**

വൈദ്യുതി നിരക്ക് വർധന

215(6090) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് നിർണ്ണയിക്കുന്നതിനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62 എന്നീ വകുപ്പുകൾപ്രകാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 31-10-2023-ലെ അതിന്റെ ഇടക്കാല ഉത്തരവുപ്രകാരം 01-11-2023 മുതൽ 30-06-2024 വരെയുള്ള കാലയളവിലേക്ക് വൈദ്യുതി ചാർജ്

പരിഷ്കരിക്കുകയുണ്ടായി. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 31-10-2023-ലെ ഉത്തരവിൽ 01-07-2024 മുതലുള്ള താരിഫ് പരിഷ്കരണത്തിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രത്യേക പെറ്റീഷൻ സമർപ്പിക്കേണ്ടതില്ലെന്നും നിലവിലുള്ള പെറ്റീഷൻപ്രകാരം വൈദ്യുതി ചാർജ് പുതുക്കി നിശ്ചയിക്കുമെന്നും അറിയിച്ചിരുന്നു. എന്നാൽ റെഗുലേറ്ററി കമ്മീഷൻ 16-05-2024-ലെ കത്തുപ്രകാരം താരിഫ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള ശിപാർശ 30-05-2024-നകം സമർപ്പിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഇതുസംബന്ധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡ് ശിപാർശകളൊന്നുംതന്നെ നിലവിൽ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല. 25-06-2024-ലെ ഉത്തരവിലൂടെ ഇപ്പോഴത്തെ നിരക്കുകൾ 30-09-2024 വരെ തുടരുന്നതിന് റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) വൈദ്യുതി ചാർജിൽ ഏർപ്പെടുത്തിയ സർചാർജ് പിൻവലിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

29-01-2022-ൽ കേന്ദ്രസർക്കാരിന്റെ ഊർജമന്ത്രാലയം വിജ്ഞാപനം ചെയ്ത് പുറപ്പെടുവിച്ച Electricity (Amendment) Rules, 2022 പ്രകാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താരിഫ് നിർണ്ണയ ചട്ടങ്ങളിൽ (2023)

വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ടി കമ്മീഷന്റെ അനുമതിയോടുകൂടിയാണ് ഇന്ധന സർചാർജ് ഈടാക്കി വരുന്നത്. ഇത് യഥാസമയം ഈടാക്കിയില്ലെങ്കിൽ വൈദ്യുതി വാങ്ങലിന്റെ വില യഥാസമയം നൽകുന്നത് തടസ്സപ്പെടുകയും (ആകെ ചെലവിന്റെ 55 ശതമാനം) ആയത് സംസ്ഥാനത്തിലെ വൈദ്യുതി വിതരണത്തെ കാര്യമായി ബാധിക്കുകയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി മോശമാക്കുകയും ചെയ്യും. ആയതിനാൽ നിലവിലെ സാഹചര്യത്തിൽ ഇന്ധന സർചാർജ് പിൻവലിക്കുന്ന കാര്യം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിലില്ല.

(സി) ഗാർഹിക ഉപഭോക്താക്കളുടെ ഫിക്സഡ് ചാർജ് വർധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ 31-10-2023-ലെ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് ഉത്തരവുപ്രകാരമാണ് സംസ്ഥാനത്തെ ഉപഭോക്താക്കളിൽനിന്നും വിവിധ ചാർജ്ജുകൾ (ഫിക്സഡ് ചാർജ് ഉൾപ്പെടെയുള്ള) ഈടാക്കി വരുന്നത്. നിലവിൽ ടി നിരക്കുകൾ ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശകളൊന്നുംതന്നെ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ചിട്ടില്ല.

(ഡി) വൈദ്യുതി നിരക്ക് വർധനമൂലം ജനങ്ങൾ ദുരിതത്തിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സോളാർ പദ്ധതി

216(6091) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കോടി വീടുകൾക്ക് സോളാർ സ്ഥാപിക്കാനുള്ള സൂര്യഘർ പദ്ധതി സംസ്ഥാനത്തിന് പ്രയോജനപ്പെടുത്താൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്തുന്നതിനായുള്ള ക്യാമ്പെയ്നും പ്രൊമോഷനും പത്രപരസ്യങ്ങളും നടത്തി സ്പോട്ട് രജിസ്ട്രേഷനുകൾ മുഖേന പദ്ധതി വിപുലമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കേന്ദ്ര നവ പുനരുപയോഗ ഊർജ മന്ത്രാലയം (എം.എൻ.ആർ.ഇ.) ഒരു കോടി വീടുകളിൽ സബ്സിഡിയോടുകൂടിയ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന 'പി. എം. സൂര്യഘർ' പദ്ധതി പ്രഖ്യാപിക്കുകയും പഴയ സബ്സിഡി പദ്ധതികളുടെ കാലാവധി തീരുകയും ചെയ്തു. പ്രസ്തുത പദ്ധതിയിൽ സബ്സിഡി വർധിപ്പിച്ചിട്ടുണ്ട്.

നിലവിൽ 1 kW സിസ്റ്റത്തിന് 30,000/- രൂപയും 2 kW സിസ്റ്റങ്ങൾക്ക് 60,000/- രൂപയും 3 kW മുതൽ ഉയർന്ന ശേഷിയുള്ള സിസ്റ്റങ്ങൾക്ക് 78,000/- രൂപയുമാണ് കേന്ദ്രസർക്കാർ സബ്സിഡി നൽകുന്നത്. എല്ലാ സംസ്ഥാനങ്ങൾക്കും ഈ പദ്ധതി പ്രയോജനപ്പെടുത്താൻ കഴിയും. ഈ പദ്ധതിയുടെ പ്രൊമോഷനുവേണ്ട പ്രചാരണം നൽകുന്നതാണ്. സ്കീമിനുകീഴിലുള്ള ആനുകൂല്യങ്ങളോടുകൂടി പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് https://pmsuryaghar.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാം.

രാജ്യത്ത് സൂര്യഘർ പദ്ധതിയിൽ സബ്സിഡി നൽകിയ സംസ്ഥാനങ്ങളിൽ കേരളത്തിന് മൂന്നാം സ്ഥാനമാണുള്ളത്. MNRE-യുടെ സൂര്യഘർ പോർട്ടലിൽ ചില സാങ്കേതിക പ്രശ്നങ്ങൾ ഇപ്പോൾ നിലവിലുണ്ട്. ആയത് പ്രോഗ്രാം ഇംപ്ലിമെന്റിംഗ് ഏജൻസിയായ REC-യുടെ ഐ.ടി. വിഭാഗവുമായി സഹകരിച്ച് പരിഹരിച്ചുകൊണ്ടിരിക്കുന്നു. 'പി. എം. സൂര്യഘർ' പദ്ധതിയുമായി ബന്ധപ്പെട്ട് ക്യാമ്പയിനുകൾ നടത്താനുദ്ദേശിക്കുന്നു.

(ബി) റിന്യൂവബിൾ എനർജി ടാർജറ്റ് 2050-ൽ നെറ്റ് സീറോ ലക്ഷ്യം കൈവരിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്; വിശദമാക്കാമോ?

നെറ്റ് സീറോ ലക്ഷ്യവുമായി നേരിട്ട് ബന്ധമില്ലെങ്കിലും പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം നിറവേറ്റുന്നതിന് സഹായകരമാം വിധത്തിൽ ഹരിതോർജത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയാണ് 'സൗര' പുരപ്പുറ സോളാർ പദ്ധതി. 'സൗര' പദ്ധതിയുടെ കീഴിൽ ഫേസ് ഒന്നിലും രണ്ടിലുമായി 203.34 മെഗാവാട്ടിന്റെ 49,402 നിലയങ്ങൾ കമ്മീഷൻ ചെയ്തു. കൂടാതെ 'സൗര' സബ്സിഡി പദ്ധതിയുടെ സമാന്തരമായി MNRE DBT സ്കീം നടപ്പാക്കി വരുന്നു. 13-02-24 മുതൽ ഈ പദ്ധതി 'പ്രധാനമന്ത്രി സൂര്യഘർ' എന്ന പേരിലാണ് നടപ്പാക്കുന്നത്. ഈ രണ്ട് സ്കീമുകളിലും സബ്സിഡി കൂടാതെ സ്ഥാപിച്ചതുമായ പ്ലാന്റുകളുൾപ്പെടെ നിലവിൽ 98,923 നിലയങ്ങൾ സ്ഥാപിച്ചതുവഴി 732.73 MW ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. ആകെ 1,48,325 നിലയങ്ങളിൽ നിന്നായി ഇതുവരെ 936.07 MW പുരപ്പുറ സോളാർ പദ്ധതിയുടെ ഭാഗമായി സ്ഥാപിതശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ പദ്ധതി വിപുലീകരണത്തിന്റെ ഭാഗമായി ഗാർഹിക-ഗാർഹികേതര മേഖലയിൽ സബ്സിഡിരഹിത സൗരോർജ പ്ലാന്റ് സ്ഥാപിച്ച് നൽകുന്നതിനായി 100 മെഗാവാട്ടിന്റെ മറ്റൊരു ടെൻഡർ കൂടിവിളിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും മാറ്റങ്ങൾ മൂലമുള്ള ദുരന്തങ്ങൾ ചെറുക്കുന്നതിനായി കേരളത്തിൽ ഏറ്റവും കൂടുതൽ കാർബൺ ബഹിർഗമനമുണ്ടാക്കുന്ന മേഖലകളിലൊന്നായ ഗതാഗത മേഖലയിലെ Tail Pipe Emission കുറയ്ക്കുന്നതിന് അതീവ പ്രാധാന്യമർഹിക്കുന്നു. പൊതുജനങ്ങൾക്കായി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുമുൾപ്പെടെ ഒരു ചാർജിംഗ് ശൃംഖല സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി വൈദ്യുതി വാഹനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർധനവാണുണ്ടായിക്കൊണ്ടിരിക്കുന്നത്. ഇന്നത്തെ നിലയിൽ ഒരു ലക്ഷത്തി അറുപതിനായിരത്തിൽപ്പരം വാഹനങ്ങൾ കേരളത്തിന്റെ നിരത്തുകളിൽ ഓടിക്കൊണ്ടിരിക്കുന്നു. കൂടാതെ എഴുന്നൂറോളം ചാർജിംഗ് സ്റ്റേഷനുകൾ സ്വകാര്യ മേഖലയിലുൾപ്പെടെ സംജാതമാകുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ എണ്ണത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ഗണ്യമായ വർധനവ് നെറ്റ് സീറോ ലക്ഷ്യം കൈവരിക്കുന്നതിന് സഹായകമാകും.

2050-ഓടുകൂടി കേരള സംസ്ഥാനത്തെ വൈദ്യുത ഉപഭോഗം പൂർണ്ണമായും പുനരുപയോഗ ഊർജ സ്രോതസ്സുകളിലേയ്ക്ക് മാറ്റാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സോളാർ, കാറ്റ്, ഹൈഡ്രോ ബയോമാസ് തുടങ്ങിയ

സ്രോതസ്സുകളിൽനിന്നും കൂടുതൽ വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആസൂത്രണം ചെയ്തിട്ടുണ്ട്. സൗരോർജ വൈദ്യുതി ഉൽപാദനം പരമാവധി വർധിപ്പിക്കാനും രാത്രികാല ഉപയോഗത്തിനായി വൈദ്യുതി സംഭരിച്ചുവയ്ക്കാനും സഹായിക്കുന്ന പമ്പ്ഡ് സ്റ്റോറേജ് സിസ്റ്റം, ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം മുതലായവ വ്യാപകമായി നടപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

റിന്യൂവബിൾ എനർജി ടാർജറ്റ് 2050-ൽ നെറ്റ് സീറോ ലക്ഷ്യം കൈവരിക്കുന്നതിനായി അനെർട്ട് വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കുന്നു.

- സർക്കാർ/പൊതുസ്ഥാപനങ്ങളിൽ 10% ധനസഹായത്തോടെ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പാക്കുന്നു.

- റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് 'റെസ്കോ (RESCO) മോഡൽ' പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു.

- ഗാർഹിക സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതിയായ 'പി. എം. സൂര്യഘർ' പ്രചരിപ്പിക്കുന്നു.

- അനെർട്ടിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL വീടുകളിൽ 2 KW വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

- മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയായ 'പുനർഗേഹം' പദ്ധതിയിൽ സ്ഥാപിച്ച വീടുകളിൽ 2 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു.

- സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നു.

- സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നു.

- പച്ചക്കറികൾ/പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു.

- പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നു.

- വിദൂര ആദിവാസി നഗറുകളിൽ വിൻഡ് സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നു.

(സി) പത്ത് കിലോവാട്ടിന് മുകളിലുള്ള സോളാർ വൈദ്യുതി ഉൽപാദനത്തിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന കേന്ദ്ര സർക്കാർ നിർദേശം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

Electricity (Right of Consumers) Amendment Rules, 2024 പ്രകാരം 10 kW വരെയുള്ള അപേക്ഷകൾക്ക് ഡീംഡ് ഫീസിബിലിറ്റി നൽകണമെന്ന കേന്ദ്ര നിർദേശം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടപ്പാക്കാൻ ഉത്തരവായിട്ടുണ്ട്. കെ.എസ്.ഇ.ആർ.സി.-യുടെ അംഗീകാരത്തോടെയാണ് പ്രസ്തുത നിർദേശം നടപ്പാക്കുന്നത്. 10 kW-ന് മുകളിൽ സോളാർ വൈദ്യുതി ഉൽപാദനത്തിന് ഫീസിബിലിറ്റി വേണ്ടെന്ന നിർദേശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സോളാർ വൈദ്യുതോൽപാദനം

217(6092) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ പാനലുകളുപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഉപഭോക്താക്കളുടെ നിലവിലെ ബില്ലിംഗ് രീതി എങ്ങനെയെന്ന് വ്യക്തമാക്കുമോ?

നിലവിൽ സൗരോർജ നിലയങ്ങൾക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച റിന്യൂവബിൾ എനർജി ആൻഡ് നെറ്റ് മീറ്ററിംഗ് റെഗുലേഷൻപ്രകാരം നെറ്റ് മീറ്ററിംഗ് സംവിധാനമാണ് പ്രാബല്യത്തിലുള്ളത്. നെറ്റ് മീറ്ററിംഗ് സംവിധാനത്തിൽ സോളാർ ഉപഭോക്താക്കൾ ഉൽപാദിപ്പിച്ച് ഉപയോഗിച്ചതിനുശേഷം മിച്ചമുള്ള വൈദ്യുതി, വിതരണ ലൈസൻസിയിൽ (കെ.എസ്.ഇ.ബി.എൽ.)നിന്ന് എടുക്കുന്ന വൈദ്യുതിയുമായി തട്ടിക്കിഴിച്ചാണ് ബില്ല് ചെയ്യുന്നത്. ഒരു മാസം മിച്ചം വരുന്ന സോളാർ വൈദ്യുതി തുടർന്നുള്ള മാസങ്ങളിൽ ഉപയോഗിക്കാവുന്നതാണ്. കൂടാതെ ഇത്തരത്തിലുള്ള ബില്ലിംഗിനുശേഷം വരുന്ന മിച്ച വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ സാമ്പത്തിക വർഷാവസാനം തീർപ്പാക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഉപഭോക്താക്കൾ ഉപയോഗിക്കുന്ന വൈദ്യുതി അവർ ഉൽപാദിപ്പിക്കുന്ന വൈദ്യുതിയേക്കാൾ കൂടുതലായാൽ എങ്ങനെയാണ് അധിക തുക കണക്കാക്കുന്നതെന്നും കുറവായാൽ എപ്രകാരമാണ് തുക കണക്കാക്കുന്നതെന്നും അറിയിക്കുമോ; ഉപഭോക്താക്കൾക്ക് നൽകാനുള്ള തുക അതത് സാമ്പത്തിക വർഷംതന്നെ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉപഭോക്താക്കൾ ഉപയോഗിക്കുന്ന വൈദ്യുതി, ഉൽപാദിപ്പിക്കുന്ന വൈദ്യുതിയേക്കാൾ കൂടുതലായാൽ അധിക വൈദ്യുതിക്ക് ആ ഉപഭോക്താവ് ഉൾപ്പെടുന്ന ഉപഭോഗ സ്ലാബ്, താരിഫ് കാറ്റഗറിയിലെ നിരക്കനുസരിച്ചാണ് ബിൽ ചെയ്യുന്നത്. ഉപഭോക്താവ് ഉപയോഗിക്കുന്നത് ഉൽപാദിപ്പിക്കുന്നതിനേക്കാൾ കുറവാണെങ്കിൽ മിച്ചം വരുന്ന വൈദ്യുതി തുടർന്ന് വരുന്ന മാസങ്ങളിലേക്ക് ബാങ്ക് ചെയ്യപ്പെടുന്നു. ഇങ്ങനെ ബാങ്ക് ചെയ്യപ്പെടുന്ന വൈദ്യുതി തുടർന്നുള്ള മാസങ്ങളിലെ ഉപഭോഗത്തിൽ ക്രമപ്പെടുത്തിയതിനുശേഷം ബില്ല് ചെയ്യുകയും മിച്ചമുള്ള വൈദ്യുതി സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ കണക്കാക്കി കമ്മീഷൻ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ ഒരു നിശ്ചിത തുക ഉപഭോക്താവിന് നൽകുന്നു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ് വാർഷിക സെറ്റിൽമെന്റ് നിരക്ക് നിശ്ചയിക്കുന്നത്.

(സി) നിരവധി സോളാർ ഉപഭോക്താക്കൾ 2023 ജൂൺ മാസം മുതൽ ഡിസംബർ മാസംവരെ അധിക വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് നൽകിയിട്ടും 2024 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഉപഭോക്താക്കൾ അധികമായി ഉപയോഗിച്ച വൈദ്യുതിക്ക് ഭീമമായ തുക ഈടാക്കിയത് തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ?

അധികമായി തുക ഈടാക്കിയിട്ടില്ല. ഉപഭോക്താക്കൾ ഉൽപാദിപ്പിക്കുന്ന വൈദ്യുതിക്ക് വില നൽകുന്നതും ഉപഭോക്താക്കൾ ഉപയോഗിക്കുന്ന വൈദ്യുതിയുടെ നിരക്ക് നിശ്ചയിക്കുന്നതും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്ക് വിധേയമായാണ്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സോളാർ ഉപഭോക്താക്കൾക്ക് സെറ്റിൽമെന്റ് കാലയളവായി നിശ്ചയിച്ചിരിക്കുന്നത് ഏപ്രിൽ - 1 മുതൽ മാർച്ച് 31 വരെയുള്ള കാലയളവാണ്. പ്രസ്തുത കാലയളവിലെ ഓരോ മാസത്തേയും ഉൽപാദനം, ഉപഭോഗം, ഗ്രിഡിൽനിന്ന് ലഭ്യമാകുന്ന വൈദ്യുതി എന്നിവപ്രകാരം മിച്ചമുള്ള വൈദ്യുതി കണക്കാക്കുകയും അത് തൊട്ടടുത്ത മാസങ്ങളിലേക്ക് മാറ്റപ്പെടുകയും ആ മാസത്തിലെ ഉപഭോഗത്തിൽ ക്രമപ്പെടുത്തിയതിനുശേഷം അടുത്തുള്ള മാസങ്ങളിലേയ്ക്ക് മാറ്റുന്നു. ഇപ്രകാരം മാർച്ച് 31 വരെയുള്ള ഓരോ

മാസത്തിലും ബില്ലിംഗ് നടത്തുകയും മാർച്ച് 31-ന് ഉപഭോക്താവിന്റെ പക്കൽ മിച്ചമുള്ള വൈദ്യുതി കണക്കാക്കി ഒരു നിശ്ചിത തുക നൽകുകയും ചെയ്യുന്നു. 2024 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സംസ്ഥാനത്തെ ഉഷ്ണനില ക്രമാതീതമായി വർധിച്ചതിനാൽ എയർ കണ്ടീഷണർ, ഫാൻ ഉൾപ്പെടെയുള്ളവയുടെ അധിക ഉപയോഗംമൂലം കെ.എസ്.ഇ.ബി.എൽ.-ൽനിന്നും എടുക്കുന്ന വൈദ്യുതി കൂടുകയും അതിനനുസൃതമായി എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും പൊതുവിൽ വൈദ്യുതി ബിൽ വർധിച്ച സ്ഥിതിയുണ്ടായിരുന്നു.

(ഡി) സ്മാർട്ട് മീറ്ററുകൾ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിൽനിന്നും നൽകാതെ ഉപഭോക്താക്കളെക്കൊണ്ട് വലിയ തുക മുടക്കി പുറമെനിന്നും വാങ്ങിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; കെ.എസ്.ഇ.ബി. നാളിതുവരെ എത്ര സ്മാർട്ട് മീറ്ററുകൾ വാങ്ങിയിട്ടുണ്ടെന്നും ആയതിൽ എത്ര എണ്ണം ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെന്നും ആയതിൽ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും വിശദമാക്കുമോ?

സ്മാർട്ട് മീറ്ററുകൾ സാധാരണ വൈദ്യുതി മീറ്ററുകളെ പോലെയല്ല. സ്മാർട്ട് മീറ്ററുകളിൽ മീറ്റർ റീഡിംഗ് അടക്കമുള്ള ഡാറ്റ നേരിട്ട് ഡാറ്റാ സെന്ററിൽ

ലഭ്യമാക്കാനുള്ള വാർത്താവിനിമയ സംവിധാനം ഉൾപ്പെടെയുണ്ടാകും. അതിനാൽ വാർത്താവിനിമയ സംവിധാനങ്ങളും ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള ഹെഡ് എന്റ് സിസ്റ്റം, മീറ്റർ ഡാറ്റ മാനേജ്മെന്റ് സിസ്റ്റം എന്നീ സോഫ്റ്റ്വെയറുകളും സ്മാർട്ട് മീറ്ററും ഒരുമിച്ച് പ്രവർത്തിക്കുന്ന രീതിയിലാണ് ഈ സംവിധാനം. അതുകൊണ്ട് സ്മാർട്ട് മീറ്റർ പ്രത്യേകമായി വാങ്ങിയാൽ അത് പ്രവർത്തനക്ഷമമാകില്ല.

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള പദ്ധതിയുടെ ആദ്യഘട്ടം ടെൻഡറിലേക്ക് കടക്കുന്നതേയുള്ളൂ. ഈ ഘട്ടത്തിൽ ഗവൺമെന്റ് ഉപഭോക്താക്കളുടെ മീറ്ററുകൾ, സിസ്റ്റം മീറ്ററുകൾ, എച്ച്.ടി. ഉപഭോക്താക്കളുടെ മീറ്ററുകൾ എന്നിവയാണ് സ്ഥാപിക്കുക. അടുത്ത ഘട്ടങ്ങളിൽ മാത്രമേ സാധാരണ ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ നിലവിലെ സാഹചര്യത്തിൽ സ്മാർട്ട് മീറ്റർ ഉപഭോക്താവിനെക്കൊണ്ട് വാങ്ങിപ്പിക്കാനുള്ള പദ്ധതികൾ ആലോചനയിലില്ല.

ഓൺഗ്രിഡ് സോളാർ പദ്ധതി

218(6093) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഓൺഗ്രിഡ് സോളാർ പദ്ധതികളുടെ ആകർഷണീയത കുറയുന്ന തരത്തിൽ പത്ര-ദൃശ്യ-സാമൂഹിക മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. സൗര സംബന്ധിച്ച പരാതികളും സംശയങ്ങളും ദൂരീകരിക്കാൻ കെ.എസ്.ഇ.ബി.എൽ.-ന്റെ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. യാഥാർഥ്യം പൊതുജനങ്ങളെ ബോധ്യപ്പെടുത്താനായി ദൃശ്യ മാധ്യമങ്ങളിൽ ചോദ്യോത്തര പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സോഷ്യൽ മീഡിയ വഴിയും മാധ്യമങ്ങൾ വഴിയും ഇത്തരം വാർത്തകളെക്കുറിച്ച് KSEBL പൊതുജനങ്ങൾക്ക് വസ്തുതാപരമായ വിവരങ്ങൾ നൽകാറുണ്ട്.

(ബി) ഗാർഹികാവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികൾ വീടുകളിൽ വയ്ക്കുന്ന ഓൺഗ്രിഡ് സോളാർ പ്ലാന്റ് പദ്ധതി മുഖേനയുള്ള ബില്ലുകളിലെ നിലവിലെ സങ്കീർണ്ണമായ കണക്കുകൾ ലഘൂകരിച്ച് ബില്ലുകളിൽ വ്യക്തത വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ, സപ്ലൈകോഡ് - 2014-ൽ നിഷ്കർഷിച്ച പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയാണ് എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ബില്ലുകൾ നൽകിവരുന്നത്. ഇതിനുപുറമേ സോളാർ ഉപഭോക്താക്കൾക്ക്

അവരുടെ ഉൽപാദനം, (solar generation) കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണശൃംഖലയിൽനിന്ന് സ്വീകരിക്കുന്ന വൈദ്യുതി (import) ശൃംഖലയിലേയ്ക്ക് നൽകുന്ന വൈദ്യുതി (export) എന്നിവ കൂടി ഉൾപ്പെടുത്തി കമ്മീഷൻ അനുശാസിക്കുന്ന പ്രകാരമാണ് മീറ്റർ റീഡർമാർ മുഖേന ബില്ലുകൾ നൽകി വരുന്നത്. ഓരോ ബില്ലിന്റെയും കൂടുതൽ വിശദാംശങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ട്രാൻസ്ഫോമറുകളുടെ നിലവിലെ ശേഷിയുടെ 75 ശതമാനം മാത്രമേ സോളാർ പദ്ധതികൾ അനുവദിക്കാവൂ എന്നത് കാരണം നഗരപ്രദേശങ്ങളിൽ പുതുതായി സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിയാത്ത സാഹചര്യം മറികടക്കാൻ നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു. Electricity (Right of Consumers) Amendment Rules, 2024 പ്രകാരം 10 kW വരെയുള്ള അപേക്ഷകൾക്ക് ഡീംഡ് ഫീസിബിലിറ്റി നൽകണമെന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ ഉത്തരവ് കെ.എസ്.ഇ.ആർ.സി.-യുടെ അംഗീകാരത്തോടെ നടപ്പാക്കുന്നതാണ്.

നിലവിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള നെറ്റ് മീറ്ററിംഗ് ആൻഡ് റിന്യൂവബിൾ എനർജി റെഗുലേഷൻസ്, 2022-ൽ

പ്രതിപാദിക്കുന്ന ചട്ടങ്ങളിൽ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും നിലവിലുള്ള വിതരണ ട്രാൻസ്ഫോർമറിന്റെ 75 ശതമാനം മാത്രമേ സോളാർ പ്ലാന്റുകൾ സ്ഥാപിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ഒരു വിതരണ ലൈസൻസി എന്ന നിലയിൽ റെഗുലേറ്ററി കമ്മീഷന്റെ ചട്ടങ്ങൾക്ക് വിരുദ്ധമായി നിലപാടെടുക്കാൻ കെ.എസ്.ഇ.ബി.ലിമിറ്റഡിന് കഴിയുകയില്ല.

വൈദ്യുതി വിളക്ക് സ്ഥാപിക്കുന്നതിന് പ്രത്യേകാനുമതി

219(6094) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിലെ കീരംപാറ പഞ്ചായത്തിൽ പുന്നേക്കാട് മുതൽ തട്ടേക്കാടുവരെയുള്ള റോഡിന്റെ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് വൈദ്യുതി വിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഇളവനുവദിച്ച് പ്രത്യേകാനുമതി നൽകുന്നതിന് നൽകിയ അപേക്ഷയിൽ അനുമതി നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ വന്യമൃഗശല്യം രൂക്ഷമായ സാഹചര്യത്തിലും വന്യമൃഗങ്ങൾ റോഡിന് കുറുകെ ചാടി അപകടം സ്ഥിരമായി നടക്കുന്നതും കണക്കിലെടുത്ത് ആദിവാസി സമൂഹമടക്കം അധിവസിക്കുന്ന

കുട്ടമ്പുഴയിലേക്കുള്ള ജനങ്ങളുടെ പ്രധാന യാത്രാമാർഗമായ പ്രസ്തുത റോഡിന്റെ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് വൈദ്യുതി വിളക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് പ്രത്യേകാനുമതി നൽകുമോ; വ്യക്തമാക്കാമോ?

(എ&ബി) കോതമംഗലം മണ്ഡലം എം.എൽ.എ. ശ്രീ. ആന്റണി ജോൺ അവർകളുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് മണ്ഡലത്തിനുകീഴിലെ കീരംപാറ സെക്ഷൻ മുഖേന കീരംപാറ പഞ്ചായത്തിലെ പുന്നേക്കാട് മുതൽ തട്ടേക്കാടുവരെയുള്ള റോഡിന്റെ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് വൈദ്യുതി വിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ആകെ 10,15,815/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി എറണാകുളം ജില്ലാ കളക്ടറുടെ ഓഫീസിലേക്ക് ഭരണാനുമതിക്കും ഫണ്ട് അനുവദിക്കുന്നതിനുംവേണ്ടി 12-01-2024-ൽ കത്ത് നൽകിയിട്ടുണ്ടെന്നും എന്നാൽ ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്നും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

ഓർക്കാട്ടേരി സെക്ഷൻ ഓഫീസിന് സ്വന്തം കെട്ടിടം

220(6095) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ഓർക്കാട്ടേരി സെക്ഷൻ ഓഫീസ് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഓഫീസ് എന്നുമുതലാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്നും എത്ര രൂപ നിരക്കിലാണ് നിലവിൽ വാടക നൽകി വരുന്നതെന്നും അറിയിക്കാമോ?

ഓർക്കാട്ടേരി സെക്ഷൻ ഓഫീസ് 01-04-2007 മുതൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. നിലവിലെ കെട്ടിടത്തിൽ 01-10-2022 മുതലാണ് പ്രവർത്തനം ആരംഭിച്ചത്. നിലവിൽ മാസവാടക 24500 രൂപയാണ്.

(സി) ഓർക്കാട്ടേരിയിൽ കെ.എസ്.ഇ.ബി.-ക്ക് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി ഏറ്റെടുത്ത 80 സെന്റ് സ്ഥലം ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഓർക്കാട്ടേരിയിൽ കെ.എസ്.ഇ.ബി.എൽ.-ന് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി ഏറ്റെടുത്ത 83 സെന്റ് സ്ഥലം ഓർക്കാട്ടേരി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസും വടകര സബ് റീജിയണൽ സ്റ്റോറും നിർമ്മിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രസരണ വിഭാഗത്തിൽനിന്നും 13-03-2023-ന്

വിതരണ വിഭാഗത്തിലേക്ക് കൈമാറിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ നിലവിൽ പ്രസ്തുത സ്ഥലത്ത് വടകര സബ് റീജിയണൽ സ്റ്റോറിന്റെ മെറ്റീരിയൽസ് സൂക്ഷിക്കുന്ന സ്ഥലമായി ഉപയോഗിച്ചുവരുന്നു.

(ഡി) കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരും പഞ്ചായത്ത് ഭരണസമിതിയിലെ സർവകക്ഷി അംഗങ്ങളും എം.എൽ.എ.-യുടെ നേതൃത്വത്തിൽ യോഗം ചേർന്ന് ഉപയോഗിക്കാതെ കിടക്കുന്ന പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കണമെന്ന് വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) എങ്കിൽ പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിച്ച് സെക്ഷൻ ഓഫീസ് അതിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ഡി & ഇ) ആവശ്യപ്പെട്ടിട്ടുണ്ട്. ഓർക്കാട്ടേരി സെക്ഷൻ ഓഫീസിനും വടകര സബ് റീജിയണൽ സ്റ്റോറിനും വേണ്ട കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ബോർഡിന്റെ പരിഗണനയിലാണ്.

പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷന് പുതിയ കെട്ടിട നിർമ്മാണം

221(6096) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വടക്കാഞ്ചേരി മണ്ഡലത്തിലെ പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനായി മെഡിക്കൽ കോളേജ് വികസന സമിതിയുടെ 26-10-2019-ലെ തീരുമാനപ്രകാരം വിട്ടുനൽകുന്ന 20 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനായി പ്രൊപ്പോസലുകളൊന്നും KSEBL വിതരണ വിഭാഗത്തിനുകീഴിൽ നിലവിലില്ല.

എന്നാൽ തൃശ്ശൂർ മെഡിക്കൽ കോളേജിലെ വർധിച്ചുവരുന്ന വൈദ്യുതി ഉപഭോഗം കണക്കിലെടുത്ത് പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും അതിനോടൊപ്പം ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷൻ, മെഡിക്കൽ കോളേജ് സെക്ഷൻ ഓഫീസ് എന്നിവ നിർമ്മിക്കുന്നതിനുമായി 20 സെന്റ് സ്ഥലം പാട്ടവ്യവസ്ഥയിൽ മെഡിക്കൽ കോളേജ് അധികൃതർ വിട്ടുനൽകാമെന്ന് 07-12-2022-ൽ ചേർന്ന സംയുക്തയോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി. നടപടിക്രമങ്ങൾ പാലിച്ച്

മെഡിക്കൽ കോളേജ് അധികൃതർ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.എൽ. തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പുതിയ സെക്ഷൻ ഓഫീസുകൾ

222(6097) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്; പ്രസ്തുത മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ?

പിറവം മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള കാലയളവിൽ പുതിയ സെക്ഷൻ ഓഫീസുകളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) പിറവത്ത് നിലവിലുള്ള ഏതെങ്കിലും സെക്ഷൻ ഓഫീസുകൾ വിഭജിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

പിറവത്ത് നിലവിലുള്ള സെക്ഷൻ ഓഫീസുകൾ വിഭജിക്കാനുള്ള നയപരമായ തീരുമാനം കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇതുവരെ എടുത്തിട്ടില്ല.

(സി) പിറവം മണ്ഡലത്തിൽ ഏറ്റവും കൂടുതൽ ഉപഭോക്താക്കളുള്ള കെ.എസ്.ഇ.ബി.-യുടെ സെക്ഷൻ ഓഫീസ് ഏതെന്ന് അറിയിക്കാമോ; പ്രസ്തുത ഓഫീസ് വിഭജിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

20716 ഉപഭോക്താക്കളുള്ള പിറവം മണ്ഡലത്തിലെ കുത്താട്ടുകുളം ഇലക്ട്രിക്കൽ സെക്ഷനിലാണ് ഏറ്റവും കൂടുതൽ ഉപഭോക്താക്കളുള്ളത്.

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് നിലവിൽ സ്വീകരിച്ചുവരുന്നത്.

ഏത് ഉപഭോക്താവിനും കേരളത്തിലെ ഏത് സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാമെന്നുള്ള സൗകര്യത്തിനുപുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള

അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496010101 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വാതിൽപ്പടിയിൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

എന്നിരുന്നാലും ഗ്രണഭോക്താക്കളുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോമറുകളുടെ എണ്ണം, പ്രവർത്തനമേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ നിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശക്തീകരിക്കുന്നതിനുമായുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടന്നുവരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിലുണ്ട്. ആയതിനാൽ പ്രസ്തുത സെക്ഷൻ വിഭജിക്കാനുള്ള തീരുമാനം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിലില്ല.

ഇന്ത്യാനൂർ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരണം

223(6098) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിച്ച് ഇന്ത്യാനൂർ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട 24-02-2016-ലെ

ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇന്ത്യാനൂർ ഇലക്ട്രിക്കൽ സെക്ഷന്റെ പ്രവർത്തനത്തിനുവേണ്ടി ആറ് വർഷത്തേക്ക് വാടകരഹിത കെട്ടിട സൗകര്യം ലഭ്യമാക്കാൻ കോട്ടക്കൽ നഗരസഭ തയ്യാറാണെന്ന് അറിയിച്ചിരുന്നുവോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സെക്ഷൻ അടിയന്തരമായി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) നിലവിലുള്ള കോട്ടക്കൽ സെക്ഷൻ വിഭജിച്ച് ഇന്ത്യാനൂർ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് അനുവദിച്ചുകൊണ്ട് 24-02-2016-ൽ ബോർഡ് ഉത്തരവിറക്കിയിരുന്നു. ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്നതോ അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭിക്കുന്ന മുറയ്ക്കുമാത്രമേ പുതിയ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കേണ്ടതുള്ളൂവെന്ന് ബോർഡ് തീരുമാനിച്ചിരുന്നു. തുടർന്ന് കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ അഭ്യർഥനപ്രകാരം 6 വർഷത്തേയ്ക്ക് വാടകരഹിതമായി കെട്ടിടം ലഭ്യമാക്കിയാൽ സെക്ഷൻ ആരംഭിക്കാൻ ബോർഡ് 16-06-2021-ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

എന്നാൽ മൊത്തം 6 വർഷത്തിൽ 3 വർഷത്തേയ്ക്കുള്ള വാടക കെട്ടിട ഉടമ ഒഴിവാക്കി നൽകാമെന്ന് സമ്മതിച്ചെങ്കിലും വാഗ്ദാനം ചെയ്തതുപോലെ തുടർന്നുള്ള 3 വർഷത്തേയ്ക്കുള്ള വാടക കെട്ടിട ഉടമയ്ക്ക് നൽകുന്നതിനെക്കുറിച്ചുള്ള അനുകൂല തീരുമാനങ്ങളൊന്നുംതന്നെ ഇതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനമായ കോട്ടക്കൽ മുനിസിപ്പാലിറ്റിയിൽനിന്നും ലഭിച്ചിട്ടില്ല. ഇത്തരത്തിൽ വാടകരഹിത കെട്ടിടമോ സ്ഥലമോ ലഭിക്കാത്തതുകൊണ്ടാണ് ഇന്ത്യാനൂർ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തത്. പുതിയ ഓഫീസുകൾ തുടങ്ങുമ്പോൾ അതിലേക്കാവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടറുകൾ ഉൾപ്പെടെയുള്ള ഓഫീസ് ഉപകരണങ്ങൾ, നെറ്റ് വർക്കിംഗ് സംവിധാനം, വാഹന സൗകര്യം എന്നിവ ഒരുക്കേണ്ടതുണ്ട്. ഇതിന്റെയെല്ലാം ചെലവ് ബോർഡുതന്നെയാണ് വഹിക്കുന്നത്. ഇവകൂടാതെ സെക്ഷൻ ഓഫീസുകൾക്കുള്ള സ്ഥലം/കെട്ടിടത്തിന്റെ ചെലവുകൂടി ഏറ്റെടുക്കേണ്ടി വന്നാൽ സാമ്പത്തിക ബാധ്യതയേറും. ഇത് ബോർഡിന്റെ വികസനപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സെക്ഷൻ ഓഫീസിനുള്ള സ്ഥലം/കെട്ടിടം സംബന്ധിച്ച നിബന്ധനകളിൽ മാറ്റം വരുത്താൻ നിർവാഹമില്ല. മുകളിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ വാടകരഹിത

കെട്ടിടമോ സ്ഥലമോ ലഭ്യമാക്കുന്ന മുറയ്ക്ക് ഇന്ത്യാന്നൂർ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്.

കോതകുറിശി സബ്സ്റ്റേഷന്റെ പ്രവർത്തനം

224(6099) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിൽ കോതകുറിശി 110 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞിട്ടും തുടർനിർമ്മാണപ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ കോതകുറിശ്ശിയിൽ ഒരു പുതിയ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് 12 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 0.4629 ഹെക്ടർ ഭൂമി (0.3073 ഹെക്ടർ റവന്യൂ ഭൂമിയും, 0.1556 ഹെക്ടർ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള ഇറിഗേഷൻ വകുപ്പിന്റെ ഭൂമിയും) 30 വർഷത്തേക്ക് പാട്ടവ്യവസ്ഥയിൽ നൽകാൻ 16-02-2024-ൽ സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതിനെത്തുടർന്ന് 20-05-2024-ൽ ഒറ്റപ്പാലം താലൂക്ക് സർവേയർ സ്ഥലം സർവെ ചെയ്ത് തിട്ടപ്പെടുത്തി കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഈ സ്ഥലം

തഹസിൽദാർ രേഖാമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറേണ്ടതായിട്ടുണ്ട്. ജലസേചന വകുപ്പുമായിട്ടുള്ള പാട്ട ഉടമ്പടിയുടെ കരട്, പരിശോധനയ്ക്കായി ഒറ്റപ്പാലം തഹസിൽദാർക്ക് 28-06-2024-ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും ചുറ്റുമതിൽകെട്ടുന്നതിനുള്ള ദർഘാസ് പ്രവൃത്തികൾ നടത്തിവരുന്നു. കൂടാതെ സബ്സ്റ്റേഷൻ കൺട്രോൾ റൂം നിർമ്മാണത്തിന്റെയും 110 കെ.വി. യാർഡ് നിർമ്മാണത്തിന്റെയും രൂപരേഖ തയ്യാറാക്കി അംഗീകാരം ലഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ചെയ്തുവരുന്നു. സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വാക് ഓവർ സർവെയും പ്രൊഫൈൽ സർവെയും പൂർത്തിയാക്കിയിട്ടുണ്ട്.

കെ.എസ്.ഇ.ബി. കൊടകര സബ്ഡിവിഷൻ ഓഫീസ്

225(6100) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരിമിതമായ സാഹചര്യത്തിൽ പ്രവർത്തിച്ചുവരുന്ന കെ.എസ്.ഇ.ബി. കൊടകര സബ്ഡിവിഷൻ ഓഫീസ് കെ.എസ്.ഇ.ബി.-യുടെ ആമ്പല്ലൂർ സെക്ഷൻ ഓഫീസ് കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കൊടകര മിനി സിവിൽ സ്റ്റേഷനിൽ വാടകയില്ലാതെ നൽകിയിരിക്കുന്ന കെട്ടിടത്തിലാണ് കൊടകര ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസും കൊടകര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസും പ്രവർത്തിക്കുന്നത്. കൊടകര ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസിനുകീഴിൽ കൊടകര, പുതുക്കാട്, വരന്തരപ്പിള്ളി എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളാണുള്ളത്. നിലവിലെ സ്ഥിതി പരിശോധിച്ചതിനുശേഷം, കൊടകര ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ്, ആമ്പല്ലൂർ സെക്ഷൻ ഓഫീസ് കെട്ടിടത്തിലേക്ക് മാറ്റുന്നതിനെക്കുറിച്ചുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കണമല പ്രദേശത്ത് പുതിയ സബ്സ്റ്റേഷൻ

226(6101) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ കണമല പ്രദേശത്ത് നിരന്തരമുണ്ടാകുന്ന വൈദ്യുതി തടസ്സത്തിന് ശാശ്വതപരിഹാരം കാണുന്നതിനായി പ്രസ്തുത പ്രദേശത്ത് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ RDSS ഫേസ്-2 പദ്ധതിയിൽ ഉൾപ്പെടുത്തി 33/11 കെ.വി., 3 എം.വി.എ. ശേഷിയുള്ള ഒരു യൂണിറ്റൈസ്ഡ് സബ്സ്റ്റേഷൻ (USS) കണമല ഭാഗത്ത് നിർമ്മിക്കുന്നതിനായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. RDSS ഫേസ്-2 പദ്ധതിയുടെ അംഗീകാരം കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

നെല്ലിക്കാപ്പറമ്പ് 110 കെ.വി. സബ്സ്റ്റേഷൻ

227(6102) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദിഷ്ട നെല്ലിക്കാപ്പറമ്പ് 110 കെ.വി.സബ്സ്റ്റേഷൻ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

നെല്ലിക്കാപ്പറമ്പ് 33 കെ.വി. സബ്സ്റ്റേഷന് 2010-ൽ ഭരണാനുമതി ലഭിച്ചെങ്കിലും അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. പിന്നീട് 2021 നവംബറിൽ M/s Poabs Rocks Products Ltd., കോഴിക്കോട് എന്ന സ്ഥാപനം അവരുടെ കൈവശമുള്ള 35 സെന്റ് സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണാവശ്യത്തിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിന് സൗജന്യമായി വിട്ടുനൽകാൻ തയ്യാറാണെന്ന് അറിയിച്ചതിന്റെ

അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് ബോർഡിന്റെ അനുമതി ലഭ്യമാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതി RDSS രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പാക്കാനാണ് തുടക്കത്തിൽ തീരുമാനിച്ചത്. എന്നാൽ RDSS രണ്ടാംഘട്ടത്തിനുള്ള അനുമതി ലഭിക്കാൻ സമയമെടുക്കുമെന്നതിനാൽ നെല്ലിക്കാപ്പറമ്പ് 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനത് ഫണ്ടിലേക്ക് മാറ്റി നടപ്പാക്കാനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ സാങ്കേതിക പഠനം നടത്തി അനുകൂല റിപ്പോർട്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ, വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുണ്ട്. പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂമിയേറ്റെടുക്കുന്നതിനും സബ്സ്റ്റേഷൻ നിർമ്മാണത്തിനുമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സബ്സ്റ്റേഷൻ പ്രവർത്തനം ഏതുകാലയളവിൽ സാധ്യമാകുമെന്ന് വ്യക്തമാക്കുമോ?

സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിച്ച് 2026 മാർച്ച് മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

കാസർഗോഡ് കുറ്റിക്കോൽ 110 കെ.വി.സബ്സ്റ്റേഷൻ

228(6103) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കുറ്റിക്കോൽ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കുറ്റിക്കോലിൽ 110 കെ.വി. സബ്സ്റ്റേഷൻ 27 കോടി രൂപ ചെലവിൽ നിർമ്മാണം പുരോഗമിക്കുന്നു. ഇതുവരെ സബ്സ്റ്റേഷൻ വർക്ക് 64%-ഉം ലൈൻ വർക്ക് 14%-ഉം പൂർത്തിയായി.

(ബി) പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നറിയിക്കാമോ; പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

കുറ്റിക്കോലിൽ പുതിയ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സബ്സ്റ്റേഷന്റെ സൈറ്റ് ലെവലിംഗ്, താൽക്കാലിക സൈറ്റ് ഓഫീസ് നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, യാർഡ് സ്ട്രക്ച്ചറുകളുടെയും ഉപകരണങ്ങളുടെയും ഫൗണ്ടേഷൻ നിർമ്മാണം യാർഡ് സ്ട്രക്ച്ചറുകളും

ഉപകരണങ്ങളും സ്ഥാപിക്കൽ, ബസ് ബാർ കമ്പികൾ സ്ഥാപിക്കൽ, എർത്ത് മാറ്റ് നിർമ്മാണം എന്നിവ പൂർത്തീകരിച്ചു.

കൺട്രോൾ റൂം ബിൽഡിംഗ് നിർമ്മാണം, കേബിൾ ട്രഞ്ച് എന്നിവയുടെ പ്രവൃത്തി 75 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്.

12.5 MVA, 110/11 കെ.വി. ട്രാൻസ്ഫോമറും കൺട്രോൾ പാനലുകൾ സ്ഥാപിക്കലും അനുബന്ധ ജോലികളും, യാർഡിന്റെയുള്ളിലെ റോഡ് വർക്ക്, യാർഡ് മെറ്റലിംഗ്, യാർഡ് ഫെൻസിങ്, യാർഡ് ലൈറ്റിംഗ്, ഇലക്ട്രിഫിക്കേഷൻ വർക്ക്, കൺട്രോൾ വയറിങ്, കേബിൾ ഇടുന്ന പ്രവൃത്തി എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്.

കുറ്റിക്കോൽ സബ്സ്റ്റേഷനിലേക്കുള്ള 110 കെ.വി. ലൈൻ നിർമ്മാണ പ്രവൃത്തിയുടെ എഗ്രിമെന്റ് 19-12-2023-ന് വച്ചു. ലൈൻ സർവേ, പ്രൊഫൈൽ സർവേ, ലൈൻ റൂട്ടിലെ മരങ്ങൾക്ക് നമ്പർ ഇടൽ, ഭൂവുടമകൾക്ക് ടീ കട്ടിംഗ് നോട്ടീസ്, മഹസർ നൽകൽ എന്നിവ പൂർത്തീകരിച്ചു.

ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ലൈൻ റൂട്ടിലെ മരം മുറിക്കൽ ടവർ സെറ്റിങ് തുടങ്ങിയ പ്രവൃത്തികൾ പുരോഗമിക്കുന്നു. ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇവയൊഴികെയുള്ള മറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

തേവലക്കരയിൽ അനുവദിച്ച സബ്സ്റ്റേഷൻ

229(6104) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ മണ്ഡലത്തിലെ തേവലക്കരയിൽ അനുവദിച്ച സബ്സ്റ്റേഷനുവേണ്ടി ഭൂമി ഏറ്റെടുത്ത് നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കുമോ?

ചവറ മണ്ഡലത്തിലെ തേവലക്കരയിൽ അനുവദിച്ച 110 kV സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുവേണ്ടി മൂന്ന് സ്ഥലങ്ങൾ കണ്ടെത്തുകയും ഇതിൽ ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തിയ സ്ഥലത്ത് 110 kV സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള 31 കോടി രൂപയുടെ ഭരണാനുമതി 20-12-2023-ൽ നൽകിയിട്ടുണ്ട്.

ചവറ മണ്ഡലത്തിൽപ്പെട്ട പ്രസ്തുത സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബോർഡുതലത്തിൽ നടന്നുവരുന്നു. സ്ഥലം ഏറ്റെടുത്തുകഴിഞ്ഞാൽ ഉടൻതന്നെ ടെൻഡർ നടപടികൾ ആരംഭിച്ച് സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാവുന്നതാണ്.

പ്രസ്തുത സബ്സ്റ്റേഷനിലേക്കുള്ള 110 kV ശാസ്താംകോട്ട-ചവറ ലൈനിന്റെ നിർമ്മാണത്തിന് ടെൻഡർ ക്ഷണിക്കുന്നതിനുള്ള എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി (ടെക്നിക്കൽ സാങ്ഷൻ) നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ലൈനിന്റെ പ്രൊഫൈൽ സർവേ പൂർത്തിയാക്കിയിട്ടുണ്ട്. ടവർ ലൊക്കേഷനുകളുടെ മണ്ണ് പരിശോധനയ്ക്കുള്ള കരാർ നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമായാൽ ഉടൻതന്നെ ലൈൻ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ വൈദ്യുതി തടസ്സം പരിഹരിക്കാൻ നടപടി

230(6105) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശേരി നിയോജക മണ്ഡലത്തിൽ കുറിച്ചി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വൈദ്യുതി വിതരണം സുഗമമാക്കാനായി 66 കെ.വി. ചങ്ങനാശ്ശേരി സബ്സ്റ്റേഷനിൽ ഒരു പുതിയ 11

കെ.വി. ഫീഡർ ഔട്ട്ലെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനായി വിതരണ വിഭാഗത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ സെക്ഷൻ:

148 കിലോമീറ്റർ എച്ച്.ടി. & 315 കിലോമീറ്റർ എൽ.ടി. ലൈനുകളുടെ പട്രോളിംഗ് നടത്തി ട്രിമ്മിംഗ് ജോലികൾ പൂർത്തീകരിച്ചു. രണ്ട് സെക്ഷനുകളിലുമായി 370 ട്രാൻസ്ഫോമറുകളുടെ മെയിന്റനൻസ് ജോലികൾ പൂർത്തീകരിച്ചു. ലൈനുകളിൽ 21133 എണ്ണം സ്പേസറിടുന്ന ജോലികൾ പൂർത്തീകരിച്ചു. വൈദ്യുതി തടസ്സമുണ്ടായ ലൊക്കേഷൻ കണ്ടുപിടിക്കുന്നതിനുവേണ്ടി 12 ഫാൾട്ട് പാസ് ഡിക്ടറ്ററുകൾ (CFPD) സ്ഥാപിച്ചു. 5 ട്രാൻസ്ഫോമറുകളുടെ കപ്പാസിറ്റി കൂട്ടുകയും 70 ട്രാൻസ്ഫോമറുകളുടെ ലോഡ് ബാലൻസിംഗ് നടത്തുകയും ചെയ്തു. എച്ച്.ടി & എൽ.ടി. ലൈനുകൾ പരിശോധിച്ച് തയ്യാറാക്കിയ പ്രീ-മൺസൂൺ വർക്കുകൾ, സ്റ്റേ പുനഃസ്ഥാപിക്കുക, പോസ്റ്റുകൾ നിവർത്തുക, ഫ്യൂസ് യൂണിറ്റുകൾ മാറ്റുക, പഴയ കമ്പികൾ മാറ്റി ലൈനുകൾ റീഷാക്കിൾ ചെയ്യുക തുടങ്ങിയ ജോലികളും ചെയ്തു.

കുറിച്ചി ഇലക്ട്രിക്കൽ സെക്ഷൻ:

90 കിലോമീറ്റർ എച്ച്.ടി. & 298 കിലോമീറ്റർ എൽ.ടി. ലൈനുകളുടെ പട്രോളിംഗ് നടത്തി ട്രിപ്പിങ് ജോലികൾ പൂർത്തീകരിച്ചു. കുറിച്ചി ഇലക്ട്രിക്കൽ സെക്ഷനുവേണ്ടി പുതിയ 11 KV ഫീഡർ (ചാലച്ചിറ ഫീഡർ) ചാർജ് ചെയ്തു. 16.5 കിലോമീറ്റർ എച്ച്.ടി. ABC ലൈൻ വലിച്ചു. 6 കിലോമീറ്റർ എൽ.ടി. ABC ലൈൻ വലിച്ചു. ലൈനുകളിൽ 16625 എണ്ണം സ്പേസർ ഇടുന്ന ജോലികൾ പൂർത്തീകരിച്ചു. വൈദ്യുതി തടസ്സമുണ്ടായ ലൊക്കേഷൻ കണ്ടുപിടിക്കുന്നതിനുവേണ്ടി 16 ഫാൾട്ട് പാസ് ഡിക്ടറ്ററുകൾ (CFPD) സ്ഥാപിച്ചു. എച്ച്.ടി. & എൽ.ടി. ലൈനുകൾ പരിശോധിച്ച് തയ്യാറാക്കിയ പ്രീ-മൺസൂൺ വർക്കുകൾ, സ്റ്റേ പുനഃസ്ഥാപിക്കുക, പോസ്റ്റുകൾ നിവർത്തുക, ഫ്യൂസ് യൂണിറ്റുകൾ മാറ്റുക, പഴയ കമ്പികൾ മാറ്റി ലൈനുകൾ റീഷാക്കിൾ ചെയ്യുക തുടങ്ങിയ ജോലികളും ചെയ്തു.

തെങ്ങണാ ഇലക്ട്രിക്കൽ സെക്ഷൻ:

95 കിലോമീറ്റർ എച്ച്.ടി. & 453 കിലോമീറ്റർ എൽ.ടി. ലൈനുകളുടെ പട്രോളിംഗ് നടത്തി ട്രിപ്പിങ് ജോലികൾ പൂർത്തീകരിച്ചു. ലൈനുകളിൽ 33300 എണ്ണം സ്പേസറിടുന്ന ജോലികൾ പൂർത്തീകരിച്ചു. വൈദ്യുതി തടസ്സമുണ്ടായ ലൊക്കേഷൻ കണ്ടുപിടിക്കുന്നതിനുവേണ്ടി 9 ഫാൾട്ട് പാസ് ഡിറ്റക്ടറുകൾ (CFPD)

സ്ഥാപിച്ചു. എച്ച്.ടി. & എൽ.ടി. ലൈനുകൾ പരിശോധിച്ച് തയ്യാറാക്കിയ പ്രീ-മൺസൂൺ വർക്കുകൾ, സ്റ്റേ പുനഃസ്ഥാപിക്കുക, പോസ്റ്റുകൾ നിവർത്തുക, ഫ്യൂസ് യൂണിറ്റുകൾ മാറ്റുക, പഴയ കമ്പികൾ മാറ്റി ലൈനുകൾ റീഷാക്കിൾ ചെയ്യുക തുടങ്ങിയ ജോലികളും ചെയ്തു.

തൃക്കൊടിത്താനം ഇലക്ട്രിക്കൽ സെക്ഷൻ:

60 കിലോമീറ്റർ എച്ച്.ടി. & 193 കിലോമീറ്റർ എൽ.ടി. ലൈനുകളുടെ പട്രോളിംഗ് നടത്തി ടച്ചിങ് ജോലികൾ പൂർത്തീകരിച്ചു. ലൈനുകളിൽ 25759 എണ്ണം സ്പേസറിടുന്ന ജോലികൾ പൂർത്തീകരിച്ചു. വൈദ്യുതി തടസ്സമുണ്ടായ ലൊക്കേഷൻ കണ്ടുപിടിക്കുന്നതിനുവേണ്ടി 27 ഫാൾട്ട് പാസ് ഡിറ്റക്ടറുകൾ (CFPD) സ്ഥാപിച്ചു. 4 ട്രാൻസ്ഫോമറുകൾ പുതുതായി സ്ഥാപിച്ചു, 3 ട്രാൻസ്ഫോമറുകൾ കപ്പാസിറ്റി കൂട്ടുകയും ചെയ്തു. 830 മീറ്റർ എച്ച്.ടി. ABC ലൈൻ വലിച്ചു. എച്ച്.ടി.& എൽ.ടി. ലൈനുകൾ പരിശോധിച്ച് തയ്യാറാക്കിയ പ്രീ-മൺസൂൺ വർക്കുകൾ, സ്റ്റേ പുനഃസ്ഥാപിക്കുക, പോസ്റ്റുകൾ നിവർത്തുക, ഫ്യൂസ് യൂണിറ്റുകൾ മാറ്റുക, പഴയ കമ്പികൾ മാറ്റി ലൈനുകൾ റീഷാക്കിൾ ചെയ്യുക തുടങ്ങിയ ജോലികളും ചെയ്തു.

(ബി) വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് കുറിച്ചി ഇലക്ട്രിക്കൽ സെക്ഷന്റെ സമീപമുള്ള ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസിന്റെ ഭാഗമായുള്ള

സബ്സ്റ്റേഷൻ പുനഃസ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിലെ കുറിച്ചി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന് (TECIL) സർക്കാർ പാട്ടത്തിന് നൽകിയിരുന്ന സ്ഥലത്ത് 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിരുന്നു. പാട്ട വ്യവസ്ഥകൾ ലംഘിച്ചതിനാൽ ടി ഭൂമി സർക്കാർ അധീനതയിൽ ഏറ്റെടുത്തിട്ടുണ്ട്. ഈ ഭൂമിയിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി 1.5 ഏക്കർ സ്ഥലം വിട്ടുനൽകുന്നതിനായി കെ.എസ്.ഇ.ബി.എൽ., സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ TECIL-ന്റെ കൈവശത്തിലുണ്ടായിരുന്ന ഭൂമി എറ്റെടുത്തുകൊണ്ടുള്ള സർക്കാർ ഉത്തരവിനെതിരെ TECIL അധികൃതർ ഫയൽ ചെയ്ത WP(c)11368/2015 കേസിൽ അന്തിമ തീരുമാനമായിട്ടില്ലാത്തതിനാൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് പ്രസ്തുത ഭൂമിയിൽനിന്നും കെ.എസ്.ഇ.ബി.എൽ.-ന് ഭൂമി പാട്ടത്തിന് നൽകാൻ സാധിക്കില്ലെന്ന വിവരം 18-01-2023 തീയതിയിലെ കത്തുപ്രകാരം സർക്കാർ കെ.എസ്.ഇ.ബി.എൽ.-നെ അറിയിച്ചിട്ടുണ്ട്.

പ്രസ്തുത സ്ഥലം കെ.എസ്.ഇ.ബി.-ക്ക് കൈമാറിയാൽ മാത്രമേ സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

കുറിച്ചി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വൈദ്യുതി വിതരണം സുഗമമാക്കാൻ 66 കെ.വി. ചങ്ങനാശ്ശേരി സബ്സ്റ്റേഷനിൽ ഒരു പുതിയ 11 കെ.വി. ഫീഡർ (ചാലച്ചിറ) വലിച്ചിട്ടുണ്ട്. അതുകൂടാതെ 16.5 കിലോമീറ്റർ എച്ച്.ടി. എബിസി ലൈൻ വലിച്ചു. 6 കിലോമീറ്റർ എൽ.ടി. എബിസി ലൈൻ വലിച്ചു. ലൈനുകളിൽ 16625 എണ്ണം സ്പേസറിടുന്ന ജോലികൾ പൂർത്തീകരിച്ചു. വൈദ്യുതി തടസ്സമുണ്ടായ ലൊക്കേഷൻ കണ്ടുപിടിക്കുന്നതിനുവേണ്ടി 16 ഫാൾട്ട് പാസ് ഡിറ്റക്ടറുകൾ (CFPD) സ്ഥാപിച്ചു. എച്ച്.ടി. & എൽ.ടി. ലൈനുകൾ പരിശോധിച്ച് തയ്യാറാക്കിയ പ്രീ-മൺസൂൺ വർക്കുകൾ, സ്റ്റേ പുനഃസ്ഥാപിക്കുക, പോസ്റ്റുകൾ നിവർത്തുക, ഫ്യൂസ് യൂണിറ്റുകൾ മാറ്റുക, പഴയ കമ്പികൾ മാറ്റി ലൈനുകൾ റീഷാക്കിൾ ചെയ്യുക തുടങ്ങിയ ജോലികളും ചെയ്തിട്ടുണ്ട്.

വൈദ്യുതി വകുപ്പിലെ താൽക്കാലിക/കരാർ നിയമനങ്ങൾ

231(6106) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതെല്ലാം തസ്തികകളിലാണ് അപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; മേൽപ്പറഞ്ഞപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2024 മെയ് മാസം അനുവദിച്ച ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും നടത്തിയ താൽക്കാലിക/കരാർ നിയമനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

13 താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. നിലവിൽ താൽക്കാലികാടിസ്ഥാനത്തിൽ 2 പേർ ജോലി ചെയ്യുന്നു. സ്കിൽഡ് അസിസ്റ്റന്റ്, ക്ലാർക്ക് തസ്തികകളിലേക്കാണ് ഇപ്രകാരം നിയമനം നടത്തിയത്.

എനർജി മാനേജ്മെന്റ് സെന്റർ

എനർജി മാനേജ്മെന്റ് സെന്ററിലെ കാഷ്യർ-കം-അക്കൗണ്ടന്റിന്റെ മരണത്തെത്തുടർന്ന് പരേതയുടെ മകന് മാനുഷിക പരിഗണന വച്ച്

താൽക്കാലികാടിസ്ഥാനത്തിൽ 01-11-2022 മുതൽ 2023 ജൂൺ മാസംവരെ മാത്രമാണ് അറ്റൻഡന്റ് ആയി ജോലി നൽകിയിരുന്നത്. ആയതിനാൽ 2024 മെയ് മാസം വേതനമോ മറ്റ് ആനുകൂല്യങ്ങളോ നൽകിയിട്ടില്ല.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ അടിയന്തര സാഹചര്യത്തിൽ ചില പ്രവൃത്തികൾ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നടത്തിവരാറുണ്ട്.

കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്പനിയിൽ 7 താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ചീഫ് ഫിനാൻഷ്യൽ ഓഫീസർ, കമ്പനി സെക്രട്ടറി, പേഴ്സണൽ അസിസ്റ്റന്റ്, പ്യൂൺ, സ്വീപ്പർ, അക്കൗണ്ട്സ് അസിസ്റ്റന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

അനെർട്ട്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള അനെർട്ടിൽ താൽക്കാലിക/കരാറടിസ്ഥാനത്തിൽ നടത്തിയ

നിയമനങ്ങൾ ഇപ്രകാരമാണ്. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന ടെക്നിക്കൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകളിൽ 29 നിയമനങ്ങളും വിവിധ തസ്തികകളിലായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 16 നിയമനങ്ങളും നടത്തിയിട്ടുണ്ട്. കുടുംബശ്രീ മുഖേന കരാർ അടിസ്ഥാനത്തിൽ ആറ് മാസത്തേക്ക് വീതമായി അനെർട്ടിന്റെ കേന്ദ്രകാര്യാലയത്തിലും ജില്ലാ കാര്യാലയങ്ങളിലുമായി 20 casual sweepers-നെ നിയോഗിച്ചിട്ടുണ്ട്. കുടുംബശ്രീ മുഖേന മൂന്നുമാസത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയോഗിച്ചിരുന്നു. അനെർട്ടിന്റെ ഇ-മൊബിലിറ്റി സെക്ഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ മൂന്നുമാസത്തേക്ക് ഒരു സിവിൽ എഞ്ചിനീയറെ നിയോഗിച്ചിട്ടുണ്ട്.

<u>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ 14 ജീവനക്കാരെ വിവിധ തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. ഇവർ കൺസൾട്ടന്റായും കംപ്ലയൻസ് എക്സാമിനറായും ജൂനിയർ കൺസൾട്ടന്റായും KSERC (Appointment of

Consultants) Regulations 2015 പ്രകാരം 13 പേരെയും ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ കരാറടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്.

വൈദ്യുതി വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ 63,070/- രൂപയും കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷനിൽ 2,27,875/- രൂപയും അനെർട്ടിൽ 11,63,719/- രൂപയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ 7,40,173/- രൂപയും ആകെ 21,94,837/- രൂപ (ഇരുപത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം) വേതനത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2024 മെയ് മാസം അനുവദിച്ചിട്ടുണ്ട്.

(ബി) അതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റ് നിയമനങ്ങൾക്കായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; വിശദാംശം നൽകാമോ?

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ 13-ഉം അനെർട്ടിൽ 16-ഉം ആകെ 29 നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷനിലെ നിയമനങ്ങൾ ഡയറക്ടർ ബോർഡ് തീരുമാനപ്രകാരമാണ് നടത്തിയത്. അനെർട്ടിൽ മറ്റ് നിയമനങ്ങൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേനയും കാഷ്വൽ സ്വീപ്പേഴ്സിനെ കുടുംബശ്രീ മുഖേനയും ക്ലീനിംഗ്, സെക്യൂരിറ്റി ജീവനക്കാരെ സ്വകാര്യ ഏജൻസികൾ മുഖേനയും നടത്തി. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ KSERC (Appointment of Consultants) Regulations 2015 അനുശാസിക്കുന്നപ്രകാരമുള്ള സെലക്ഷൻ കമ്മിറ്റിയാണ് കരാറടിസ്ഥാനത്തിൽ നിയമനം നടത്തിയത്.

കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ നിയമനം

232(6107) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ കരാറടിസ്ഥാനത്തിൽ നിലവിൽ എത്രപേർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.ലിമിറ്റഡിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ കരാറടിസ്ഥാനത്തിൽ നിലവിൽ ആരും ജോലി ചെയ്യുന്നില്ല.

അത്യാവശ്യ ഘട്ടങ്ങളിൽ മതിയായ സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ മതിയായ യോഗ്യതയുള്ള ആൾക്കാരെ നൽകുന്നതിനായി വർക്ക് കോൺട്രാക്ട് കൊടുക്കാറുണ്ട്.

(ബി) പ്രസ്തുത തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിനുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 217 ഒഴിവുകളും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 29 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ കുറവുമൂലം വരും വർഷങ്ങളിലുണ്ടാകാൻ പോകുന്ന ഒഴിവുകൾ 13-02-2021-ലെ ജി.ഒ.(എം.എസ്.)നം. 05/2021/പി.&എ.ആർ.ഡി.

സർക്കാർ ഉത്തരവുപ്രകാരം ഡയറക്ട് ക്വാട്ടയിലേക്ക് ഡീകേഡർ ചെയ്ത പി.എസ്.സി. വഴി നികത്തുമോ?

സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ള ജീവനക്കാർ നിലവിലുള്ളതിനാൽ 13-02-2021-ലെ ജി.ഒ.(എം.എസ്.) നം.05/2021/പി &എ.ആർ.ഡി. പ്രകാരം ഡയറക്ട് ക്വാട്ടയിലേക്ക് ഡീക്കേഡർ ചെയ്ത് പി.എസ്.സി. വഴി നിയമനം നടത്തേണ്ട ആവശ്യകത ഇപ്പോൾ നിലവിലില്ല.

(ഡി) കെ.എസ്.ഇ.ബി.-യിലെ മുഴുവൻ ജീവനക്കാരുടെയും എണ്ണം 30321-ൽ നിജപ്പെടുത്താനുള്ള സർക്കാർ നിർദേശത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

(ഇ) കെ.എസ്.ഇ.ബി. പുനഃസംഘടന സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

(ഡി&ഇ) വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14-07-2022 തീയതിയിലെ നിർദേശവും തുടർന്ന് റീ-സ്ട്രക്ചറിങ്ങുമായി ബന്ധപ്പെട്ട് സർക്കാരിന്റെ 19-01-2024 തീയതിയിലെ

കത്തിലെ നിർദ്ദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി മേൽ വിഷയത്തിന്മേലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ആയത് വിവിധതലത്തിൽ ചർച്ച ചെയ്തുവരികയുമാണ്.

കെ.എസ്.ഇ.ബി.-യിൽ കെ.എ.എസ്.-കാർക്ക് നിയമനം

233(6108) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ നിന്നുള്ളവരെ കെ.എസ്.ഇ.ബി.-യിൽ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം നടത്തുന്ന നിയമനങ്ങൾ ബോർഡ് ജീവനക്കാരുമായി ഉണ്ടാക്കിയ കരാറിന്റെ ലംഘനമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം നിയമനങ്ങൾ നിലവിലെ പ്രൊമോഷൻ സാധ്യതകൾ ഇല്ലാതാക്കുമെന്ന ബോർഡ് ജീവനക്കാരുടെ ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ നിന്നുള്ളവരെ കെ.എസ്.ഇ.ബി.-യിൽ നിയമിക്കുന്നത് സംബന്ധിച്ച് സർക്കാർ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

തോറിയം അധിഷ്ഠിത ആണവ നിലയം

234(6109) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോറിയം അധിഷ്ഠിത ആണവ നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) തോറിയം അധിഷ്ഠിത ആണവ നിലയത്തിനാവശ്യമായ ഗുണനിലവാരമുള്ള തോറിയം സംസ്ഥാനത്ത് ലഭ്യമാണെന്നുള്ള കാര്യം കേന്ദ്ര സർക്കാരിനെ 16-11-2023-ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി കേന്ദ്രമന്ത്രിക്കുള്ള (Power and New and Renewable Energy) നിവേദനം മുഖേന അറിയിച്ചിട്ടുണ്ട്.

തോറിയം അധിഷ്ഠിത ആണവ നിലയം സംസ്ഥാനത്ത് സ്ഥാപിക്കാനുള്ള സാധ്യതകൾ പഠിക്കാനായി വൈദ്യുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കേരള സർക്കാരിന്റെ ഒരു പ്രതിനിധി സംഘം 13-12-2023-ന് ഭാഭ അറ്റോമിക് റിസർച്ച് സെന്റർ (BAARC) സന്ദർശിക്കുകയും പ്രാരംഭചർച്ചകൾ നടത്തുകയുമുണ്ടായി.

പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ

235(6110) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ചാർജിങിന് അടിസ്ഥാനസൗകര്യങ്ങളില്ലാതിരുന്ന കാലത്ത് ഒരു പ്രാഥമിക അടിസ്ഥാന സൗകര്യം പ്രദാനം ചെയ്യുന്നതിനായാണ് 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും 1169 പോൾ മൗണ്ടഡ് ചാർജ് പോയിന്റുകളും ഉൾക്കൊള്ളുന്ന ഒരു

ചാർജിങ് ശൃംഖല കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സജ്ജീകരിച്ചത്.

(ബി) സംസ്ഥാനത്ത് നിലവിൽ എല്ലാ നിയോജകമണ്ഡലങ്ങളിലും ഇത്തരത്തിലുള്ള ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇലക്ട്രിക് ഓട്ടോറിക്ഷകൾ ഏറ്റവും കൂടുതൽ എണ്ണം നിലവിലുണ്ടായിരുന്ന കോഴിക്കോട് നഗരമാണ് പോൾ മൗണ്ടഡ് സ്റ്റേഷനുകളുടെ പൈലറ്റ് പദ്ധതിക്കായി തെരഞ്ഞെടുത്തത്. 2021 ഒക്ടോബറിൽ 10 പോയിന്റ് ഉൾക്കൊള്ളുന്ന പൈലറ്റ് പദ്ധതി നടപ്പിൽ വരുത്തി. ഇതിന്റെ വിജയത്തെത്തുടർന്ന് സംസ്ഥാനമെമ്പാടുമായി പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളുടെ പദ്ധതി വിപുലീകരിക്കാൻ തീരുമാനിച്ചു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഇലക്ട്രിക് പോസ്റ്റുകളിൽ വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് ഒരു നിയോജക മണ്ഡലത്തിൽ കുറഞ്ഞത് 5 എണ്ണവും കോർപ്പറേഷൻ നിയോജക മണ്ഡലങ്ങളിൽ കുറഞ്ഞത് 15 എണ്ണവും എന്ന തോതിലായി 1169 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ദേശീയപാതാ വികസനം, പാർക്കിംഗ് സ്ഥല ലഭ്യതക്കുറവ്

തുടങ്ങിയ കാരണങ്ങളാൽ ചാർജിങ് പോയിന്റുകളുടെ ഉപയോഗം കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ ബഹുമാനപ്പെട്ട MLA-യുടെ അനുമതിയോടെ സൗകര്യപ്രദമായി മാറ്റി സ്ഥാപിക്കാൻ പൊതുമാർഗനിർദേശം നൽകിയിട്ടുണ്ട്.

(സി) പിറവം മണ്ഡലത്തിൽ ഏതെല്ലാം സ്ഥലത്താണ് ഇത്തരത്തിലുള്ള ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത് ?

പിറവം മണ്ഡലത്തിൽ മുളന്തുരുത്തി പള്ളിക്കുസമീപം, തിരുവാങ്കുളം, കടുംങ്ങമംഗലം പ്രൈവറ്റ് ബസ്റ്റാന്റിന് സമീപമുള്ള പള്ളിക്കവല, പാമ്പാക്കുട പഞ്ചായത്ത് ഓഫീസിന് എതിർവശം, കാലിക്കട്ട് ജംഗ്ഷൻ എന്നിവിടങ്ങളിലാണ് 5 പോൾ മൗണ്ടഡ് ചാർജിങ് പോയിന്റുകൾ സ്ഥാപിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാനത്തുടനീളം വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ കൂടുതൽ ചാർജിങ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

എല്ലാ ജില്ലകളിലുമായി ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കണ്ടെത്തിയ 2392 സ്ഥലങ്ങളുടെ (എറണാകുളം ജില്ലയിലെ 244 എണ്ണം ഉൾപ്പെടെ) വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കെ.എസ്.ഇ.ബി.എൽ.

നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട MLA/MP-മാരുടെ ആസ്തി വികസന ഫണ്ടോ ഇതര സാമ്പത്തിക സഹായമോ ലഭ്യമാക്കുന്നതിനുള്ള ശ്രമവും നടത്തിവരുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്/ഗവൺമെന്റ്/ഇതര സ്ഥലങ്ങളിൽ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

വൈദ്യുത വാഹനങ്ങളുടെ വ്യാപനത്തെത്തുടർന്ന് സംസ്ഥാനത്ത് ഇപ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റേത് കൂടാതെ എഴുന്നൂറോളം ചാർജിങ് സ്റ്റേഷനുകൾ (സ്വകാര്യ മേഖലയിലുൾപ്പെടെ) സംജാതമായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡപ്രകാരം ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നത് ലൈസൻസ് ആവശ്യമില്ലാത്ത പ്രവൃത്തിയാണ്. അതിൻപ്രകാരം വ്യക്തികൾക്കോ സ്വകാര്യ സംരംഭകർക്കോ സാങ്കേതിക സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്.

സംസ്ഥാനത്തുടനീളം വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ കൂടുതൽ DC ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ ആരംഭിക്കാനായി സ്വകാര്യ സംരംഭകർ, ഹോട്ടലുകൾ, മാളുകൾ, കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ എന്നിവർക്ക് DC ഫാസ്റ്റ് ചാർജിങ് മെഷീൻ വിലയുടെ 25% സംസ്ഥാന സർക്കാർ

സബ്സിഡിയായി അനെർട്ട് മുഖേന നൽകിവരുന്നു. കൂടാതെ പാരമ്പര്യേതര ഊർജോൽപാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പബ്ലിക് ഇ.വി. ചാർജിങ് സ്റ്റേഷനുകളിൽ സ്ഥാപിക്കുന്ന സൗരോർജ സംവിധാനത്തിന് 1 kW സോളാർ പാനലിന് Rs.20,000/- രൂപ എന്ന നിരക്കിൽ പരമാവധി 50 kW സോളാർ പാനലുകൾക്ക് Rs.10 ലക്ഷം രൂപവരെ ഓരോ പബ്ലിക് ഇ.വി. ചാർജിങ് സ്റ്റേഷനും സബ്സിഡി നൽകുന്ന പദ്ധതി ഈ വർഷം അനെർട്ട് മുഖേന നടപ്പാക്കാനുദ്ദേശിക്കുന്നു.

വൈദ്യുതി തടസ്സം രേഖപ്പെടുത്താൻ സംവിധാനം

236(6111) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രഖ്യാപിത-അപ്രഖ്യാപിത പവർകട്ടും അപ്രതീക്ഷിത സാഹചര്യങ്ങളിൽ സംഭവിക്കുന്ന വൈദ്യുതി തടസ്സങ്ങളും രേഖപ്പെടുത്താൻ വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. HT - LT ഇന്റർഫേഷൻ രജിസ്റ്ററുകളിൽ മുൻകൂട്ടി പ്രഖ്യാപിക്കുന്നതും അല്ലാത്തതുമായ വൈദ്യുതി തടസ്സങ്ങൾ രേഖപ്പെടുത്താറുണ്ട്.

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കാസർഗോഡ് ജില്ലയിലുണ്ടായ പ്രഖ്യാപിത-അപ്രഖ്യാപിത പവർകട്ടുകളും അപ്രതീക്ഷിത വൈദ്യുതി തടസ്സങ്ങളും ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. HT-LT ഇന്റർപ്ഷൻ രജിസ്റ്ററുകൾ എല്ലാ സെക്ഷനിലും സൂക്ഷിക്കുന്നുണ്ട്. OMS (Outage Management System) മുഖേന മുൻകൂട്ടി പ്രഖ്യാപിക്കുന്ന വൈദ്യുതി തടസ്സങ്ങൾ ഉപഭോക്താക്കൾക്ക് "Text Message" ആയി രജിസ്റ്റേർഡ് മൊബൈൽ നമ്പരിലേക്ക് അറിയിപ്പ് നൽകുന്നുണ്ട്.

(സി) മഴ ആരംഭിച്ചതോടെ സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ വൈദ്യുതി തടസ്സമുണ്ടാകുന്നത് കാസർഗോഡ് ജില്ലയിലെ ചില പ്രത്യേക പ്രദേശങ്ങളിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പ്രദേശങ്ങൾ ഏതൊക്കെയാണെന്നും നിരന്തരം വൈദ്യുതി തടസ്സമുണ്ടാകുന്നത് എന്തുകൊണ്ടാണെന്നും ആയതിന് ശാശ്വത പരിഹാരം എപ്പോഴുണ്ടാകുമെന്നും വ്യക്തമാക്കാമോ?

(സി&ഡി) ഉണ്ട്. കാസർഗോഡ് ഡിവിഷൻ പരിധിയിൽ മുള്ളേരിയ, കുറ്റിക്കോൽ, ബദിയഡുക്ക, ചെർക്കള എന്നീ സെക്ഷൻ പരിധിയിലെ വിവിധ

സ്ഥലങ്ങളിൽ ഫോറസ്റ്റ് ഏരിയയിലൂടെയും മലയോര പ്രദേശങ്ങളിലൂടെയും കടന്നുപോകുന്ന ലൈനുകളിൽ മരം വീണ് വൈദ്യുതി ലൈനുകളും പോസ്റ്റുകളും പൊട്ടുന്നതിന്റെ ഭാഗമായും ഇതുവഴി 11 കെ.വി. ഫീഡർ തകരാറിലായും മഴക്കാലത്ത് വൈദ്യുതി മുടങ്ങാറുണ്ട്.

മേൽ പറഞ്ഞതിന് പരിഹാരമായി ഇൻസുലേറ്റഡ് ഏരിയൽ ബഞ്ചഡ് കേബിൾ, കവേർഡ് കണ്ടക്ടർ, അണ്ടർ ഗ്രൗണ്ട് കേബിൾ എന്നിവ വഴി വൈദ്യുതി വിതരണം ചെയ്യുന്നതിനായി ശൃംഖല നവീകരണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ദ്യുതി, RDSS, കാസർഗോഡ് സ്പെഷ്യൽ പാക്കേജ് എന്നിവയിൽ ഇതിനാവശ്യമായ പ്രവൃത്തികൾ ഉൾക്കൊള്ളിച്ച് നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

കാഞ്ഞങ്ങാട് ഡിവിഷന്റെ കീഴിലുള്ള കിഴക്കൻ മേഖലകളായ ബളാംതോട്, രാജപുരം, ഭീമനടി, നല്ലോംപുഴ, കയ്യൂർ, ചോയ്യംകോട്, പെരിയ ബസാർ എന്നീ സെക്ഷനുകളിൽ വ്യാപകമായ വൈദ്യുതി തടസ്സമുണ്ടാകാറുണ്ട്. ഈ മേഖലകളിൽ റബ്ബർ ഉൾപ്പെടെയുള്ള മരങ്ങൾ ഒടിഞ്ഞു വീഴുന്നതുമൂലം HT-LT പോസ്റ്റുകളും കമ്പികളും പൊട്ടിവീഴുന്ന സ്ഥിതിയുണ്ട്. ഇതുമൂലം വൈദ്യുതി തടസ്സങ്ങളുണ്ടാകുന്നുണ്ട്. മലയോര മേഖലയായ ഭീമനടി സെക്ഷനിലേക്ക് കിലോമീറ്ററുകളോളം ദൂരത്തിൽ പോകുന്ന 33 kV ലൈനിൽ എവിടെയെങ്കിലും ഒരു

തടസ്സം വന്നാൽ അത് കണ്ടുപിടിച്ച് പരിഹരിക്കുന്നതിന് കൂടുതൽ സമയം വേണ്ടിവരുന്നു. അതുപോലെ രാജപുരം, ബളാംതോട് സെക്ഷനുകളിലേക്കുള്ള 33 kV ലൈൻ പൂർണ്ണമായും പാറ പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ശക്തമായ ഇടിമിന്നലിൽ ഇൻസുലേറ്റർ തകരാറിലാകുകയും അത് കണ്ടുപിടിച്ച് പരിഹരിക്കുന്നതിന് സമയമെടുക്കുകയും ചെയ്യുന്നു.

ഇത്തരം പ്രശ്നങ്ങൾക്ക് ഒരു പരിഹാരമാർഗമെന്ന നിലയിൽ മരങ്ങൾ കൂടുതലായുള്ള സ്ഥലങ്ങളിൽ നിലവിലുള്ള ഓവർ ഹെഡ് ലൈനുകൾക്കുപകരം ABC കേബിൾ ആക്കുകയും 11 kV ഓവർഹെഡ് ലൈനിനുപകരം UG Cable ആക്കുകയും വേണം. കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS സ്കീമിൽ ഇത്തരത്തിലുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ പുരോഗമിച്ചുവരുന്ന ദ്യുതി-2 സ്കീമിലും ഇതിനായുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നു. എങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം എല്ലാ പ്രവൃത്തികളും പൂർണ്ണമായും ചെയ്തീർക്കുന്നതിനുള്ള ബുദ്ധിമുട്ടുണ്ട്.

കുറ്റിക്കോലിൽ സ്ഥാപിക്കുന്ന 110 kV സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്താൽ രാജപുരം, ബളാംതോട് സെക്ഷനുകളിലേക്കുള്ള വൈദ്യുതി വിതരണം കൂടുതൽ സുഗമമാക്കാൻ കഴിയും.

നിലവിൽ നീലേശ്വരത്തേക്കുള്ള 33 kV സബ് സ്റ്റേഷൻ 110 kV ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത് പ്രാവർത്തികമായാൽ മലയോര മേഖലയിലെ ചോയ്യംകോട്, ഭീമനടി സെക്ഷനുകളിൽ വൈദ്യുതി വിതരണം കൂടുതൽ സുഗമമായി നടത്താൻ കഴിയും.

കാസർഗോഡ് ജില്ലയിലെ വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിന് 394.15 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് അനുവദിക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിലവിലുള്ള ലൈനുകൾക്കുപകരം ABC കേബിളുകളും UG കേബിളുകളും ഇടുന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ.-ന്റെ തനതുഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയായ ദൃതി പദ്ധതിപ്രകാരം 2023-24, 2024-25, 2025-26 2026-27 വർഷങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നതും നടത്താനുദ്ദേശിക്കുന്നതുമായ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ന്റെ കീഴിൽ 2024-25, 2025-26 വർഷങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നതും നടത്താനുദ്ദേശിക്കുന്നതുമായ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

വൈദ്യുതി കൈകാര്യം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ

237(6112) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കൈകാര്യം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് സ്കൂൾ വിദ്യാർഥികൾക്ക് അവബോധം നൽകുന്നതിലേക്കായി കെ.എസ്.ഇ.ബി. എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്നറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. പുതിയതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ&ബി) വൈദ്യുതി കൈകാര്യം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളെക്കുറിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡ് ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ വിദ്യാലയങ്ങളിൽ സുരക്ഷാ ക്ലാസ്സുകളെടുക്കുന്നുണ്ട്. വിദ്യാർഥികൾക്കിടയിൽ വൈദ്യുത സുരക്ഷാബോധവൽക്കരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തുന്നതിനായി ഇത് വളരെയധികം പ്രയോജനപ്പെടുന്നുണ്ട്. ദേശീയ സുരക്ഷാ ദിനാചരണവുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിച്ചിട്ടുണ്ട്.

പൊതുജനങ്ങളെയും വിദ്യാർഥികളെയും വൈദ്യുതിമൂലമുള്ള അപകടങ്ങളെക്കുറിച്ച് കൂടുതൽ ബോധവാന്മാരാക്കുന്നതിനായി വിദ്യാഭ്യാസം, ദുരന്ത നിവാരണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണവും അഭ്യർഥിച്ചിട്ടുണ്ട്.

റിസർവോയറുകളിലെ സോളാർ നിലയങ്ങൾ

238(6113) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റിസർവോയറുകളിൽ സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം നടത്താൻ സർക്കാർ ചുമതലപ്പെടുത്തിയ അനെർട്ട് പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ലോകബാങ്കിന്റെ സഹായത്തോടെ അനെർട്ട് മുഖേന കേരളത്തിലെ ഡാം റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സാധ്യതാ പഠനം നടക്കുന്നുണ്ട്. പ്രസ്തുത പഠനം പൂർത്തീകരിച്ചിട്ടില്ല.

(ബി) എങ്കിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനി ഡാമിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതോൽപാദനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനി ഡാമിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട സാധ്യത പരിശോധിക്കുന്നതാണ്.

ഗുരുവായൂരിലെ സൗരോർജം ഉപയോഗിച്ചുള്ള വൈദ്യുതവൽക്കരണം

239(6114) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിൽ സൗരോർജം ഉപയോഗിച്ച് സർക്കാർ സ്ഥാപനങ്ങൾ വൈദ്യുതവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ഗുരുവായൂർ മണ്ഡലത്തിൽ ഡെപ്പോസിറ്റ് വർക്കായി അനെർട്ട് മുഖേന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

1. താലൂക്ക് ഹോസ്പിറ്റൽ, ചാവക്കാട് മുനിസിപ്പാലിറ്റി - 15 കിലോവാട്ട്

2. എഫ്. എച്ച്. സി. എങ്ങാടിയൂർ പഞ്ചായത്ത് - 6 കിലോവാട്ട്

3. വടക്കേകാട് പഞ്ചായത്ത് ഓഫീസ് -3 കിലോവാട്ട്

4. G.M.L.P. സ്കൂൾ ചെമ്മണ്ണൂർ - 3 കിലോവാട്ട്

5. പി. എച്ച്. സി. ഒരുമനയൂർ പഞ്ചായത്ത് - 10 കിലോവാട്ട്

6. ഗവ. ആയുർവേദ ഡിസ്പെൻസറി എങ്ങണ്ടിയൂർ പഞ്ചായത്ത് - 2 കിലോവാട്ട്

7. G.H.S.S. മണത്തല, ചാവക്കാട് മുനിസിപ്പാലിറ്റി - 20 കിലോവാട്ട്

8. സോളാർ സ്ട്രീറ്റ് ലൈറ്റ് 35 w (കടപ്പുറം പഞ്ചായത്ത്) – 7 Nos.

അനെർട്ടിലെ നിയമനങ്ങൾ

240(6115) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ട് മേധാവി വിവിധ പ്രോജക്ടുകളിലേക്കോ ഗവേഷണപഠന പ്രവർത്തനത്തിനോ കരാർ വ്യവസ്ഥയിലോ കൺസൾട്ടൻസി വ്യവസ്ഥയിലോ ദിവസ വേതനത്തിലോ ഇതുവരെ എത്ര താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; നിയമനം ലഭിച്ചവരുടെ ലിസ്റ്റ്, തസ്തിക,

നിയമന കാലാവധി, നിയമന രീതി, നിയമന ഉത്തരവുകളുടെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ടിൽ കരാർ വ്യവസ്ഥയിൽ/ദിവസവേതന വ്യവസ്ഥയിൽ നിയമനം നൽകിയ ജീവനക്കാരുടെ വിശദാംശങ്ങളും നിയമന ഉത്തരവിന്റെ പകർപ്പുകളും അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കാലയളവിൽ അനെർട്ട് മറ്റ് സർക്കാർ ഏജൻസികൾ മുഖേന കരാർ വ്യവസ്ഥയിലോ കൺസൽട്ടൻസി വ്യവസ്ഥയിലോ ദിവസ വേതനത്തിലോ ഇതുവരെ എത്ര താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; നിയമിച്ചവരുടെ ലിസ്റ്റ്, തസ്തിക, നിയമന കാലാവധി, ഏജൻസി, നിയമന ഉത്തരവുകളുടെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ?

കുടുംബശ്രീ മുഖേന കരാർ അടിസ്ഥാനത്തിൽ ആറ് മാസത്തേക്ക് 20 casual sweepers-നെയും മൂന്നു മാസത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയും നിയോഗിച്ചിട്ടുണ്ട്. അനെർട്ടിന്റെ ഇ-മൊബിലിറ്റി സെക്ഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ മൂന്നു മാസത്തേക്ക് ഒരു സിവിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എഞ്ചിനീയറെ നിയോഗിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) സർക്കാർ ഉത്തരവോ അനുമതിയോ ഇല്ലാതെ അനെർട്ട് മേധാവിക്ക് വിവിധ പ്രോജക്ടുകളിലേയ്ക്കോ ഗവേഷണപഠനത്തിനോ കൺസൾട്ടൻസി പ്രവർത്തനങ്ങൾക്കോ ജീവനക്കാരെ നിയമിക്കുന്നതിനുള്ള അനുവാദമുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അനെർട്ടിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി/ഗവേണിങ് ബോഡി തീരുമാനം അനുസരിച്ചോ അല്ലെങ്കിൽ സർക്കാർ ഉത്തരവിന് വിധേയമായോ ആണ് അനെർട്ടിന്റെ മേധാവി താൽക്കാലിക നിയമനങ്ങൾ നടത്തുന്നത്.

(ഡി) അനെർട്ടിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിക്കോ, ഗവേണിങ് ബോഡിക്കോ ജീവനക്കാരെ നിയമിക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള അധികാരമുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട അനെർട്ടിന്റെ റൂളിലും റെഗുലേഷനിലും എന്തെങ്കിലും മാറ്റം വരുത്തി സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

17-07-2015-ലെ സ.ഉ.(കൈ) നം.26/2015/പവർ പ്രകാരം അനെർട്ടിന്റെ Memorandum of Association & Rules and Regulations, Clause 27(5) പ്രകാരം സർക്കാർ അംഗീകാരത്തോടെ സൃഷ്ടിച്ച തസ്തികകളിലേക്ക് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് അനെർട്ടിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരമുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ അനെർട്ട് സ്ഥാപിച്ച സോളാർ പവർ പ്ലാന്റ്

241(6116) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ അനെർട്ട് സ്ഥാപിച്ച സോളാർ പവർ പ്ലാന്റിന് എത്ര രൂപ ആകെ ചെലവഴിച്ചെന്നും അതിന്റെ ശേഷി എത്ര മെഗാവാട്ട് ആണെന്നും ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നാണ് ആരംഭിച്ചതെന്നും എന്നാണ് പൂർത്തിയായതെന്നും നിലവിൽ ഈ സോളാർ പവർ പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി ലഭിക്കുന്നുണ്ടെന്നും അറിയിക്കാമോ?

ഒരു മെഗാവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റിനുവേണ്ടി 11.13 കോടി രൂപ (പവർ കണ്ടീഷനിങ് യൂണിറ്റിന്റെ തദ്ദേശീയമായ ഗവേഷണ വികസന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനം, അനുബന്ധ പഠനങ്ങൾ ഉൾപ്പെടെ) ചെലവഴിച്ചു. 2018 മെയ് മാസം നിർമ്മാണ പ്രവർത്തനം ആരംഭിച്ച് 2022 ജൂൺ മാസത്തിൽ പൂർത്തിയായി. നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിക്കാനുള്ള അനുമതിയാണ് കെ.എസ്.ഇ.ബി.എൽ.-ൽനിന്ന് ലഭിച്ചിട്ടുള്ളത്. വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്ലാന്റിൽനിന്ന് ഇതുവരെ എത്ര യൂണിറ്റ് വൈദ്യുതി ആകെ ഉൽപാദിപ്പിച്ചുവെന്നും വൈദ്യുതി നൽകിയ ഇനത്തിൽ കെ.എസ്.ഇ.ബി.-യിൽ നിന്ന് എത്ര തുക അനെർട്ടിന് ഇതുവരെ ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) അനെർട്ടും കെ.എസ്.ഇ.ബി.-യും തമ്മിലുള്ള പ്രസ്തുത പ്രവൃത്തിയുടെ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി&സി) കെ.എസ്.ഇ.ബി. ലിമിറ്റഡുമായി പവർ പർച്ചേസ് കരാറായിട്ടില്ല. അതിന്റെ നടപടികൾ നടന്നുവരുന്നു. പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കുശേഷമായിരിക്കും പൂർണ്ണതോതിലുള്ള പ്രവർത്തനത്തിന് അനുമതി ലഭിക്കുക.

(ഡി) പ്രസ്തുത പ്ലാന്റിൽ സ്ഥാപിച്ചിട്ടുള്ള സോളാർ പാനലുകൾക്കും ഇൻവെർട്ടറുകൾക്കും വാറന്റിയോ ഗ്യാരണ്ടിയോ നിർമ്മാണ കമ്പനികൾ

നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര വർഷമാണ് നൽകിയിട്ടുള്ളത്; പ്രസ്തുത രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. മൊഡ്യൂളുകളുടെ 25 വർഷം പെർഫോമൻസ് വാറന്റിയുടെ രേഖകൾ അനുബന്ധമായി ചേർക്കുന്നു.+ ഇൻവെർട്ടർ, അനെർട്ടിനുവേണ്ടി സി-ഡാക്കും കെൽട്രോണും ചേർന്ന് സ്വന്തമായി വികസിപ്പിച്ച സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ചതായതിനാൽ സ്വന്തമായിത്തന്നെ പരിപാലിക്കാവുന്നതാണ്.

(ഇ) നിലവിൽ ഈ പ്ലാന്റിന്റെ പരിപാലന ചുമതല ആരാണ് നിർവഹിക്കുന്നതെന്നറിയിക്കാമോ; ഇതിനായി കരാറുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഈ പ്ലാന്റിന്റെ പരിപാലന ചുമതല അതിന്റെ ഗവേഷണ വികസന നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളായ സി-ഡാക്കിനേയും (പവർ കണ്ടീഷനിങ് യൂണിറ്റ്) കെൽട്രോണിനേയും (പ്ലാന്റിന്റെ മറ്റെല്ലാ കാര്യങ്ങളും) കൂടിയാണ് ഏല്പിച്ചിട്ടുള്ളത്. ഇവരുമായുള്ള കരാർ ഒപ്പുവയ്ക്കുന്നത് അന്തിമ ഘട്ടത്തിലാണ്. ഇതിന് മേൽനോട്ടം വഹിക്കാൻ ഒരു സീനിയർ ടെക്നിക്കൽ അസിസ്റ്റന്റിനെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനെർട്ട്

242(6117) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീസ് കരാർ വ്യവസ്ഥയിൽ അനെർട്ടിൽ എത്ര ഇലക്ട്രിക് കാറുകൾ ഉപയോഗിക്കുന്നുണ്ട്; ഈ വാഹനങ്ങളുടെ മോഡൽ, ഉപയോഗിക്കുന്ന ഓഫീസുകൾ, ഓരോ വാഹനത്തിനുമുള്ള പ്രതിമാസ വാടക, പ്രതിമാസ ഡ്രൈവർ വേതനം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

അനെർട്ടിൽ ലീസ് കരാർ വ്യവസ്ഥയിൽ ഉപയോഗിക്കുന്ന 5 ഇലക്ട്രിക് കാറുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) അനെർട്ടിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താൽക്കാലികാടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ടെങ്കിൽ അവരുടെ പേരും, വിലാസവും, നിയമന രീതി, കാലാവധി, ഏജൻസി മുഖേനയാണെങ്കിൽ കരാർ ഉടമ്പടിയുടെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനെർട്ടിൽ ഡ്രൈവർമാരുടെ നിയമനം സെക്യൂരിറ്റി ഏജൻസിക്ക് കരാർ നൽകുകയാണ് ചെയ്യുന്നത്. കരാർ ഉടമ്പടിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) അനെർട്ടിന് സ്വന്തമായി എത്ര ഡീസൽ കാറുകളുണ്ടെന്നും ഇതിലെ ഡ്രൈവർമാരുടെ നിയമന രീതിയും വ്യക്തമാക്കുമോ; മൂന്നുമാസത്തിൽ കൂടുതലുള്ള ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന സർക്കാർ ഉത്തരവ് അനെർട്ടിന് ബാധകമാണോ; ഇല്ലെങ്കിൽ അതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അനെർട്ടിന് സ്വന്തമായി 2 ഡീസൽ കാറുകളുണ്ട്. ഇതിനുവേണ്ട ഡ്രൈവർമാരുടെ നിയമനവും സെക്യൂരിറ്റി ഏജൻസിക്ക് കരാർ നൽകുകയാണ് ചെയ്യുന്നത്.

(ഡി) അനെർട്ടിലെ താൽക്കാലിക നിയമനവുമായി ബന്ധപ്പെട്ടുള്ള ഹൈക്കോടതി വിധിയുടെ പകർപ്പ് ലഭ്യമാക്കാമോ; ഇതിലെ പരാമർശങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; പ്രസ്തുത ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോയെന്നറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനെർട്ടിലെ താൽക്കാലിക നിയമനവുമായി ബന്ധപ്പെട്ടുള്ള ബഹു. ഹൈക്കോടതി വിധിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[+] അനെർട്ടിലെ താൽക്കാലിക നിയമനങ്ങൾ സംബന്ധിച്ച് ശ്രീ. അംജത് അലിഖാൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.3930/2021-ൽ 07-04-2021-ലെ ഇടക്കാല ഉത്തരവുപ്രകാരം ഈ വിഷയം സംബന്ധിച്ച് അന്തിമവിധിയാകുന്നതുവരെ നിലവിലെ സ്ഥിതി തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട്. ബഹു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചിട്ടുണ്ട്.

സഹകരണ ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം

243(6118) ശ്രീ രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിച്ച സഹകരണ ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നതിനായി റിട്ട. ജഡ്ജി അധ്യക്ഷനായ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ?

സഹകരണ പെൻഷൻ പദ്ധതി പുനഃക്രമീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ട. ജില്ലാ

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജഡ്ജി അധ്യക്ഷനായ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ കാലാവധി മൂന്നുതവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കമ്മീഷന്റെ കാലാവധി എത്ര തവണയാണ് നീട്ടി നൽകിയതെന്ന് വ്യക്തമാക്കാമോ?

സഹകരണ പെൻഷൻ പദ്ധതി പുനഃക്രമീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ട. ജില്ലാ ജഡ്ജി അധ്യക്ഷനായ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ കാലാവധി മൂന്ന് തവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) വിരമിച്ച സഹകരണ ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം എന്ന് മുതൽ നടപ്പാക്കുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളതെന്നറിയിക്കാമോ?

(സി&ഡി) സഹകരണ ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സംബന്ധിച്ച് കമ്മീഷൻ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനം

244(6119) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പ് ആരംഭിച്ച യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിശദമാക്കാമോ?

സംസ്ഥാനത്ത് സഹകരണ വകുപ്പ് ആരംഭിച്ച യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്റർപ്രൈണേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 2283, സ്മാർട്ട് സിറ്റിയുടെ ടെൻഡറിൽ പങ്കെടുത്ത് പുത്തരിക്കണ്ടം, പുത്തൻചന്ത എന്നീ പാർക്കുകളുടെ പരിപാലനം ഏറ്റെടുത്തിട്ടുണ്ട്. വൈബ് ഗ്രീൻ ആൻഡ് ടൂറിസം ഡിവിഷൻ, വൈബ് പ്രോഡക്ട് ഡിവിഷൻ, വൈബ് ഹെൽത്ത് ഡിവിഷൻ, വൈബ് ഐ.റ്റി., വൈബ് സർവീസ് ഡിവിഷൻ, വൈബ് മീഡിയ, വൈബ് അക്കാദമി എന്നീ പേരുകളിലുള്ള സംഘത്തിന്റെ വിവിധ പ്രോജക്ടുകളിലൂടെ വിവിധ സ്റ്റോറുകളും പ്രവർത്തനങ്ങളും നടത്തിവരുന്നു. കെ-ട്രാക്ക് ഈവന്റ്സ് ആൻഡ് സർവീസസ് യൂത്ത് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 2284-ന്റെ കീഴിൽ ഇവന്റ്

മാനേജ്മെന്റ്, ടൂറിസം, കാറ്ററിംഗ് സർവീസ് എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

കൊല്ലം ജില്ലയിൽ രൂപീകരിച്ചിട്ടുള്ള കയിലോൺ ഇൻഫോ സൊല്യൂഷൻസ് യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ കൃ.1716-ന്റെ കീഴിൽ ഡിജിറ്റൽ പ്രിന്റിംഗ് യൂണിറ്റ് വിജയകരമായി പ്രവർത്തിക്കുന്നു. മീഡിയ വർക്ക് ചെയ്യുന്ന കലാകാരന്മാരുടെ ഉന്നമനത്തിനുവേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള സംഘമാണ് ആർട്ടിസ്റ്റ് വെൽഫെയർ യുവ സഹകരണ സംഘം ക്ലിപ്തം കൃ. 1713, 2022-ൽ എറണാകുളത്തുവച്ച് നടന്ന സഹകരണ എക്സ്പോയിൽ ടി സംഘമാണ് മീഡിയ വർക്ക് ചെയ്തിരുന്നത്. ഇക്കോ സർവീസ് യുവ സഹകരണ സംഘം ക്ലിപ്തം കൃ 1714, ഉപയോഗശൂന്യമായ വസ്തുക്കൾ കെട്ടിക്കിടന്ന് പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതങ്ങൾ കുറയ്ക്കുക, ആക്രി സാധനങ്ങൾ ശേഖരിക്കുക എന്നീ ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കോട്ടയം ജില്ലയിൽ ഇ-നാട് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ 1233 മാലിന്യ നിർമ്മാർജന രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി വരുന്ന ഒരു യുവജന സഹകരണ സംഘമാണ്. ശുചിത്വ കേരളം എന്ന ലക്ഷ്യം യാഥാർഥ്യമാക്കാൻ ഇ-മാലിന്യങ്ങൾ (ഇലക്ട്രോണിക് മാലിന്യം)

ജൈവ-അജൈവ മാലിന്യം എന്നിവയുടെ ശേഖരണവും അവയുടെ സംസ്കരണത്തിന് സംരംഭങ്ങൾ തുടങ്ങുകയും നിലവിലുള്ളവ ഏറ്റെടുത്ത് നടത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് സംഘം പ്രവർത്തിക്കുന്നത്.

എറണാകുളം ജില്ലയിൽ നവപാലാത്തുരുത്ത് സ്വയംസംരംഭക സഹകരണ സംഘം ലിമിറ്റഡ് നമ്പർ 1444 വീട്ടമ്മമാരും തൊഴിൽരഹിതരുമായ യുവാക്കളുണ്ടാക്കുന്ന മായമില്ലാത്ത ഭക്ഷ്യസാധനങ്ങൾ വാങ്ങി സംഘം ആരംഭിച്ചിട്ടുള്ള കൺസ്യൂമർ സ്റ്റോർ വഴിയും സംഘത്തിന്റെ പരിധിയിലുള്ള എല്ലാ വീടുകളിലും ന്യായമായ വിലയ്ക്കെത്തിച്ച് വിപണനം നടത്തിവരുന്നു.

പാലക്കാട് ജില്ലയിൽ ചിറ്റൂർ ബ്ലോക്ക് യുവജന സഹകരണ സംഘം അരി, പഴം എന്നിവ കൊണ്ടുള്ള ഉൽപന്നങ്ങൾ, അച്ചാറുകൾ എന്നിവയുണ്ടാക്കി വിപണനം ചെയ്യുന്നു. നെന്മാറ ബ്ലോക്ക് യുവ സഹകരണ സംഘം 6 ഏക്കർ സ്ഥലത്ത് വിവിധതരം ചെടികൾ നട്ടുവളർത്തി വിപണനം നടത്തിവരുന്നു.

കോഴിക്കോട് ജില്ലയിൽ യൂത്ത് എംപവർമെന്റ് ആൻഡ് വെൽഫെയർ മൾട്ടിപർപ്പസ് സഹകരണ സംഘം ഡി 3341-ന്റെ കീഴിൽ റെസ്പോൺസിബിൽ ടൂറിസം ക്ലബ് രജിസ്റ്റർ ചെയ്ത് സംഘത്തിന്റെ കീഴിൽ അഡ്വഞ്ചറസ് ടൂറിസം സ്കൂൾ ആരംഭിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ കാസർഗോഡ് മാർക്കറ്റിംഗ് യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ കെ 590 പ്രാദേശികമായി കർഷകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ അന്യസംസ്ഥാനങ്ങളിൽനിന്നും അരി, കാലിത്തീറ്റ, പലവ്യഞ്ജനങ്ങൾ മുതലായവ മിതമായ നിരക്കിൽ വാങ്ങി വെയർഹൗസുകളിൽ സൂക്ഷിച്ച് ജില്ലയിലെ ഏകദേശം അഞ്ഞൂറോളം ഷോപ്പുകളിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സഹകരണ പെൻഷൻ പരിഷ്കരണം

245(6120) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണം, ക്ഷാമബത്ത അനുവദിക്കൽ എന്നിവ സംബന്ധിച്ച് ആരെങ്കിലും കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ; എങ്കിൽ ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും ഉത്തരവ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കേസ് ആരാണ് ഫയൽ ചെയ്തത്; ഹൈക്കോടതി നിർദേശപ്രകാരം ഒരു ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് പ്രസ്തുത കമ്മീഷനിലെ അംഗങ്ങൾ; വിശദമാക്കാമോ?

(എ&ബി) കേരള പ്രൈമറി കോ-ഓപ്പറേറ്റീവ് സർവീസ് പെൻഷണേഴ്സ് അസോസിയേഷൻ ബഹു.കേരള ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ഹൈക്കോടതി വിധിയനുസരിച്ച് കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിനെയും പരാതിക്കാരെയും കേട്ടശേഷം പുറപ്പെടുവിച്ച ഉത്തരവുപ്രകാരം സഹകരണ പെൻഷൻ പദ്ധതി കാലോചിതമായി പുനഃക്രമീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനുംവേണ്ടി വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി അധ്യക്ഷനായ സമിതിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. സമിതിയംഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ശ്രീ. എം. രാജേന്ദ്രൻ നായർ (റിട്ട.ജില്ലാ ജഡ്ജി) - ചെയർമാൻ
- ചെയർമാൻ, കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് - അംഗം
- ശ്രീ. പ്രശോഭൻ കെ. വി. (റിട്ട. സഹകരണ അഡീഷണൽ രജിസ്ട്രാർ) - അംഗം
- ശ്രീ. ബാലസുബ്രഹ്മണ്യൻ എൻ. (ചാർട്ടേഡ് അക്കൗണ്ടന്റ്) - അംഗം

- സെക്രട്ടറി, കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ്- കൺവീനർ

(സി) ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ട് സർക്കാരിനോ പെൻഷൻ ബോർഡിനോ കിട്ടിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

(ഡി) ഈ കമ്മീഷനുവേണ്ടി പെൻഷൻ ബോർഡിൽനിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; സഹകരണ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതോടൊപ്പം സഹകരണ പെൻഷൻകാരുടെ പെൻഷൻ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

22-08-2023-ലെ സ.ഉ.(സാധാ)നം. 506/2023/സഹ. പ്രകാരം സമിതി അധ്യക്ഷൻ ശ്രീ. എം. രാജേന്ദ്രൻ, അംഗങ്ങളായ ശ്രീ. പ്രശോഭൻ കെ. വി., ശ്രീ. ബാലസുബ്രഹ്മണ്യൻ എൻ. എന്നിവർക്ക് 50,000/- രൂപ വീതം ഹോണറേറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശാനുസരണം പെൻഷൻ പദ്ധതിയുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് Prime Acturial Solutions എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി റിപ്പോർട്ട്

സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന്റെ ചെലവിനത്തിൽ ടാക്സ് ഉൾപ്പെടെ 1,77,000/- രൂപ അനുവദിച്ചിട്ടുണ്ടെന്നും മറ്റ് ചെലവുകൾ കണക്കാക്കിയിട്ടില്ലെന്നും സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

(ഇ) സഹകരണ പെൻഷൻ ബോർഡിൽ പെൻഷൻകാരുടെ പ്രതിനിധികളെ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ; സഹകരണ പെൻഷൻ പദ്ധതിയിലെ സ്വാശ്രയം എന്ന വിശേഷണം ഒഴിവാക്കി പകരം സർക്കാർ പങ്കാളിത്തം ഉറപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

സഹകരണ പെൻഷൻ ബോർഡിൽ പെൻഷൻകാരുടെ പ്രതിനിധിയെ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പെൻഷൻ ബോർഡ് മുഖാന്തരം നിലവിൽ നടപ്പാക്കിവരുന്ന പദ്ധതികളെല്ലാംതന്നെ സ്വാശ്രയ പദ്ധതികളാണ്. പദ്ധതിയുടെ പേരിൽനിന്നും സ്വാശ്രയം എന്ന പദം ഒഴിവാക്കി സർക്കാർ പങ്കാളിത്തം അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(എഫ്) പ്രാഥമിക സഹകരണ പെൻഷൻകാരുടെ പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്കരിക്കാൻ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

പെൻഷൻ പദ്ധതി കാലോചിതമായി പുനഃക്രമീകരിക്കുന്നതും പരിഷ്കരിക്കുന്നതും സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ട്.

വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ

246(6121) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് നൽകിവരുന്ന ഉയർന്ന നിരക്കിലും താഴ്ന്ന നിരക്കിലുമുള്ള പെൻഷൻ സംബന്ധിച്ച വിശദാംശം നൽകാമോ?

സഹകരണ പെൻഷൻ പദ്ധതികൾപ്രകാരം അനുവദിക്കുന്ന മിനിമം പെൻഷൻ 3600/- രൂപയാണ്. സൂപ്പറാനുവേഷൻ പെൻഷൻ, റിട്ടയറിങ് പെൻഷൻ, ഇൻവാലിഡ് പെൻഷൻ എന്നിവ കൈപ്പറ്റുന്നവർക്കാണ് മിനിമം പെൻഷന് അർഹത. പ്രൈമറി പെൻഷൻ പദ്ധതിപ്രകാരമുള്ള പരമാവധി പെൻഷൻ 17,850/- രൂപയും സംസ്ഥാന/ജില്ല സഹകരണ ബാങ്ക് പദ്ധതി പ്രകാരമുള്ള പരമാവധി പെൻഷൻ 26,180/- രൂപയുമാണ്.

സഹകരണ പെൻഷൻ പദ്ധതികൾപ്രകാരം പെൻഷന് അർഹതയുള്ളതും എന്നാൽ ഫണ്ടടവാക്കാത്തതിനാൽ പെൻഷൻ ലഭിക്കാതെ പോയതുമായ 75 വയസ്സ് കഴിഞ്ഞ മുൻ ജീവനക്കാർക്ക് സമാശ്വാസ പെൻഷനായി 1750/- രൂപ അനുവദിച്ചുവരുന്നു.

കയർ സഹകരണ സംഘങ്ങളിൽനിന്ന് വിരമിച്ച ജീവനക്കാരുടെ പേർക്ക് പ്രത്യേക പദ്ധതിപ്രകാരം പ്രതിമാസം 3000/- രൂപ അനുവദിച്ചുവരുന്നു.

(ബി) പെൻഷൻ പറ്റിയ ജീവനക്കാർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിൽ നൽകിവരുന്നതെന്ന് വിശദമാക്കാമോ?

സഹകരണ പെൻഷൻകാർക്ക് പെൻഷനുപുറമേ പ്രതിമാസം 600/- രൂപയും കുടുംബ പെൻഷൻകാർക്ക് 300/- രൂപയും മെഡിക്കൽ അലവൻസ് അനുവദിച്ചുവരുന്നു. കൂടാതെ ഓണത്തോടനുബന്ധിച്ച് ഉത്സവബത്തയും അനുവദിച്ചുവരുന്നു. 2023 വർഷത്തിൽ പെൻഷൻകാർക്കും ഫാമിലി പെൻഷൻകാർക്കും യഥാക്രമം 3500/- രൂപയും 3000/- രൂപയും ഫെസ്റ്റിവൽ അലവൻസ് അനുവദിച്ചിട്ടുണ്ട്.

(സി) ഇവർക്ക് ക്ഷാമബത്ത അനുവദിച്ചിട്ടുണ്ടായിരുന്നോ; നിലവിൽ ക്ഷാമബത്ത നൽകുന്നുണ്ടോ?

03/2016 മുതൽ സഹകരണ പെൻഷൻകാർക്ക് 5 ശതമാനം ക്ഷാമബത്ത അനുവദിക്കുകയും ആയത് 8/2017-ൽ 7 ശതമാനമായും 10/2018 മുതൽ 8 ശതമാനമായും 9/2019 മുതൽ 9 ശതമാനമായും വർധിപ്പിച്ചിരുന്നു. തുടർന്ന് 2021-ൽ ഉത്തരവായ പെൻഷൻ പരിഷ്കരണത്തിലൂടെ 9 ശതമാനം ഡി.എ. അടിസ്ഥാന പെൻഷനിൽ ലയിപ്പിച്ചും അടിസ്ഥാന പെൻഷന്റെ 10 ശതമാനം വർധനവ് അനുവദിച്ചും ഉത്തരവായിരുന്നു. തുടർന്ന് ഡി.എ. അനുവദിച്ചിട്ടില്ല.

(ഡി) ക്ഷാമബത്ത അനുവദിക്കേണ്ടത് ഉചിതമായിരിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ക്ഷാമബത്ത അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) മെഡിസെപ് മാതൃകയിൽ ഇവർക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഗണിക്കുമോ; വിശദമാക്കുമോ?

(ഡി&ഇ) സഹകരണ പെൻഷൻകാർക്ക് ക്ഷാമബത്ത അനുവദിക്കുന്നതിനും മെഡിക്കൽ ഇൻഷ്വറൻസ് നടപ്പാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പെൻഷൻകാരുടെ വിവിധ സംഘടനകൾ പെൻഷൻ പരിഷ്കരണ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

സഹകരണ മേഖലയിലെ പെൻഷൻ

247(6122) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നിലവിൽ ഇ.പി.എഫ്. പെൻഷൻ സ്കീമിൽ തുടരുന്ന പി.എ.സി.എസ്.-കളിൽ, 2014-നുശേഷം ജോലിയിൽ പ്രവേശിച്ചവരെ പെൻഷൻ സ്കീമിൽ ഉൾപ്പെടുത്താൻ ഇ.പി.എഫ്. തയ്യാറാകാത്തതിനാൽ ഒരു പെൻഷൻ സ്കീമിലും ഉൾപ്പെടാത്ത ജീവനക്കാരുണ്ട് എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സഹകരണ പെൻഷൻ പദ്ധതിയിൽ അംഗമാക്കുന്നതിനായി ഇ.പി.എഫ്.-ൽ ഉൾപ്പെട്ട പ്രാഥമിക സഹകരണ സ്ഥാപനങ്ങൾക്ക് ഇ.പി.എഫ്.-ലെ പെൻഷൻ പദ്ധതിയിൽ തുടരുന്നതിൽനിന്നും ഇളവനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിനെത്തുടർന്ന് സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക സഹകരണ സ്ഥാപനങ്ങളും ഇ.പി.എഫ്.-ൽ നിന്നും മാറി സഹകരണ പെൻഷൻ പദ്ധതിയിൽ അംഗമാകേണ്ടതാണെങ്കിലും നിരവധി പ്രാഥമിക സഹകരണ സംഘങ്ങൾ ഇപ്പോഴും ഇ.പി.എഫ്.-ൽ തുടരുന്നുണ്ട്. ഇ.പി.എഫ്. പെൻഷൻ പദ്ധതിയിൽ

വന്ന ഭേദഗതികളെത്തുടർന്ന് ടി സംഘങ്ങളിൽ 9/2014-നുശേഷം സർവീസിൽ പ്രവേശിച്ചവരെ ഇ.പി.എഫ്.-ലെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നില്ല. സഹകരണ പെൻഷൻ പദ്ധതിയിൽ ഒരു സ്ഥാപനത്തെ മുഴുവനായി മാത്രമേ അംഗമാക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ 2014-നുശേഷം സർവീസിൽ പ്രവേശിച്ച ഇ.പി.എഫ്. പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുള്ള സംഘങ്ങളിലെ ജീവനക്കാർ ഒരു പെൻഷൻ പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ല.

(ബി) അത്തരത്തിലുള്ള ജീവനക്കാരെ സ്വാശ്രയ പെൻഷൻ സ്കീമിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

ഒരു സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരെയും ഒന്നായി മാത്രമേ സഹകരണ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിലവിൽ വ്യവസ്ഥയുള്ളൂ.

മണലൂർ മണ്ഡലത്തിലെ മുഴുവഞ്ചേരി ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി

248(6123) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ - സഹകരണ –ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ മഴുവഞ്ചേരിയിൽ പ്രവർത്തിക്കുന്ന തൃവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയിൽ ഏതെല്ലാം കോഴ്സുകൾ നിലവിലുണ്ടെന്നും അവയിൽ ഓരോന്നിലും എത്ര വിദ്യാർഥികൾ പഠനം നടത്തുന്നുണ്ടെന്നും അറിയിക്കുമോ?

തൃവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയിൽ ബി.ഫാം., ഡി.ഫാം. കോഴ്സുകളാണ് നിലവിലുള്ളത്. ബി.ഫാമിന് നാല് ബാച്ചുകളിലായി 240 വിദ്യാർഥികളും ഡി.ഫാമിന് രണ്ട് ബാച്ചുകളിലായി 120 വിദ്യാർഥികളും പഠിക്കുന്നുണ്ട്.

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിന്റെ ഭാഗമായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

തൃവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി കോളേജിന്റെ വികസനത്തിന്റെ ഭാഗമായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഫർണിഷിങ് ജോലികൾ നടന്നുവരുന്നു.

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണെന്നും കെട്ടിട നിർമ്മാണം എന്ന് ആരംഭിച്ചുവെന്നും എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ?

പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ അടങ്കൽ തുക നാല് കോടി അൻപത് ലക്ഷം രൂപയും ഇതിന്റെ 18% ജി.എസ്.റ്റി.-യും ഉൾപ്പെടെ അഞ്ച് കോടി മുപ്പത്തിയൊന്ന് ലക്ഷം രൂപയാണ്. കെട്ടിട നിർമ്മാണം 2021 ഏപ്രിൽ മാസത്തിലാണ് ആരംഭിച്ചത്. പ്രസ്തുത കോളേജിന്റെ വികസനത്തിന്റെ ഭാഗമായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഫർണിഷിങ് ജോലികൾ നടന്നുവരുന്നു.

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ലഭിക്കുന്ന പുതിയ സൗകര്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തിയാകുമ്പോൾ എക്സാമിനേഷൻ ഹാൾ, എക്സാമിനേഷൻ കോൺഫിഡൻഷ്യൽ റൂം, എക്സാം കൺട്രോൾ റൂം, കമ്പ്യൂട്ടർ ലാബ് കം ഡിജിറ്റൽ വാല്യൂവേഷൻ സെന്റർ, നാല് ലബോറട്ടറികൾ, ക്ലാസ്സ് റൂമുകൾ, മോഡൽ ഫാർമസി എന്നീ സൗകര്യങ്ങൾ ലഭിക്കുന്നതാണ്.

നായനാർ സഹകരണ ഹോസ്പിറ്റലിന്റെ പ്രവർത്തനം

249(6124) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുറമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം എടവണ്ണയിൽ പ്രവർത്തിച്ചിരുന്ന, നായനാർ സഹകരണ ഹോസ്പിറ്റൽ ഭരണ സമിതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത സംഘത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

നായനാർ സഹകരണ ആശുപത്രിയിൽ ഭരണസമിതി നിലവിലുണ്ട്. എന്നാൽ ആശുപത്രി സംഘം നിലവിൽ പ്രവർത്തിക്കുന്നില്ല.

(ബി) പ്രസ്തുത സംഘം ആശുപത്രി നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമി ഇപ്പോൾ എന്ത് ആവശ്യത്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സംഘം ആശുപത്രി നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമി നിലവിൽ ഉപയോഗിക്കുന്നില്ല.

(സി) ആശുപത്രി നിർമ്മാണത്തിനായി ലക്ഷ്യമിട്ടിരുന്ന ഭൂമി മറ്റാവശ്യത്തിന് ഉപയോഗിക്കുന്നതിന് സർക്കാരിൽനിന്ന് അനുമതി വാങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഭൂമി ഇതേ ലക്ഷ്യത്തിനായി മറ്റ്

സംഘങ്ങൾക്കോ സർക്കാർ സ്ഥാപനങ്ങൾക്കോ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

ആശുപത്രി നിർമ്മാണത്തിനായി ലക്ഷ്യമിട്ടിരുന്ന ഭൂമി മറ്റാവശ്യത്തിന് ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. നിലവിൽ പ്രസ്തുത ഭൂമി ഇതേ ലക്ഷ്യത്തിനായി മറ്റു സംഘങ്ങൾക്കോ സർക്കാർ സ്ഥാപനങ്ങൾക്കോ നൽകുന്ന കാര്യം പരിഗണനയിലില്ല.

കാർഷിക മേഖലയിലെ സഹകരണ വകുപ്പ് പദ്ധതികൾ

250(6125) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറുമു - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

കാർഷിക മേഖലയിൽ സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും 410 സംഘങ്ങൾ മുഖേന 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിക്കാൻ കഴിഞ്ഞു. എല്ലാ ജില്ലകളിലും കൂടുതലും പച്ചക്കറി

കൃഷിയാണ് നടത്തിവന്നത്. കൂടാതെ തെങ്ങ്, മരച്ചീനി, വാഴ, നെല്ല് എന്നിവയും ഇതിന്റെ ഭാഗമായി കൃഷി ചെയ്യുകയുണ്ടായി.

ഇതിന്റെ തുടർച്ചയായി ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശുഭൂമിയിൽ കൃഷി നടപ്പാക്കുക എന്ന പദ്ധതി ആരംഭിക്കുകയുണ്ടായി. 2023 അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടന (FAO) ചെറു ധാന്യവർഷമായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ധാന്യവിളകൾക്കും ഈ പദ്ധതി പ്രാധാന്യം നൽകുന്നുണ്ട്. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടയ്ക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് മിസലേനിയസ് സംഘങ്ങൾ വഴിയും കൃഷി ചെയ്തുവരുന്നു. വിത്തും തൈകളും ഉൽപാദിപ്പിക്കുന്ന സംഘങ്ങളും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലുമായി 370.52 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി ഇപ്പോഴും തുടർന്നുവരുന്നു.

കൃഷിയെ പ്രോത്സാഹിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 2022-23 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ള

പദ്ധതിയാണ് 'സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി' (കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ്സ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ). 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്കായി നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്ന ലക്ഷ്യത്തോടെ പാലക്കാട് പാഡി പ്രൊക്വയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS), കേരള പാഡി പ്രൊക്വയർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ. 4505 (KAPCOS) എന്നീ സഹകരണ സംഘങ്ങൾ സഹകരണ മേഖലയിൽ രൂപീകരിച്ചിട്ടുണ്ട്.

സഹകരണ മേഖലയിൽ സഹകരണ സംഘങ്ങളുടെ ഉൽപന്നങ്ങൾക്ക് ഏകീകൃത ബ്രാന്റിങ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ "ബ്രാൻഡിങ് ആൻഡ് മാർക്കറ്റിങ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി സഹകരണ വകുപ്പ് വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ

ഭാഗമായി ആദ്യഘട്ടം ആരംഭിച്ച 14 കോപ്പ്മാർട്ടുകൾക്ക് പുറമെ പുതിയ 16 കോപ്പ്മാർട്ടുകൾകൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

സഹകരണ ഉൽപന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷാ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകുകയും coopkerala മാർക്കോടുകൂടിയ സഹകരണ ഉൽപന്നങ്ങൾക്ക് ഓൺലൈൻ വിപണി ഒരുക്കുകയും ഉൽപന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിക്കുകയുമുണ്ടായി. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾ അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാൻഡ്, യു. എ. ഇ., ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തുവരുന്നതുമാണ്.

വിദേശരാജ്യങ്ങളിലേക്കുള്ള കാർഷികോൽപന്നങ്ങളുടെ കയറ്റുമതി

251(6126) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് നേരിട്ട് വിദേശ രാജ്യങ്ങളിലേക്ക് നിലവിൽ കയറ്റുമതി ചെയ്ത കാർഷികോൽപന്നങ്ങളുടെ മൂല്യം എത്രയാണെന്ന വിവരം ലഭ്യമാക്കാമോ?

സഹകരണ വകുപ്പ് നേരിട്ട് കാർഷികോൽപന്നങ്ങൾ വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നില്ല. സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾ സംഘങ്ങൾ നേരിട്ടാണ് വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നത്.

(ബി) ഏതെല്ലാം വിദേശ രാജ്യങ്ങളിലേക്കാണ് കാർഷികോൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതെന്നറിയിക്കാമോ?

അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാൻഡ്, യു.എ.ഇ., ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേയ്ക്കാണ് സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നത്.

(സി) വിദേശ രാജ്യങ്ങളിലേയ്ക്ക് കാർഷികോൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നറിയിക്കാമോ?

വാരപ്പെട്ടി സർവീസ് സഹകരണ ബാങ്ക്, കാക്കൂർ സർവീസ് സഹകരണ ബാങ്ക്, നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ ആൻഡ് മാർക്കറ്റിങ് സൊസൈറ്റി (എൻ.എം.ഡി.സി.) ക്ലിപ്തം നം. എഫ്-1003, തങ്കമണി സർവീസ് സഹകരണ ബാങ്ക്, ഏറാമല സർവീസ് സഹകരണ ബാങ്ക് തുടങ്ങിയ സഹകരണ സംഘങ്ങൾ വിദേശരാജ്യങ്ങളിലേയ്ക്ക് ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്.

(ഡി) ഏതെല്ലാം കാർഷികോൽപന്നങ്ങളാണ് വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി നടത്തുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങളായ വെളിച്ചെണ്ണ, എള്ളെണ്ണ, തേയില, ടപ്പിയോക്കാ വിത്ത് മസാല, ടപ്പിയോക്കാ ഡ്രൈ, ചക്ക ഡ്രൈ, ബനാനാ വാക്വം ഫ്രൈ, പൈനാപ്പിൾ ഡ്രൈ, സ്പൈസസ് തുടങ്ങിയ ഉൽപന്നങ്ങളാണ് വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്തുവരുന്നത്.

(ഇ) കാർഷികോൽപന്നങ്ങളുടെ കയറ്റുമതിയിലൂടെ കർഷകർക്ക് ലഭ്യമാകുന്ന അധിക നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കാർഷികോൽപന്നങ്ങളുടെ കയറ്റുമതിയിലൂടെ സഹകരണ ഉൽപന്നങ്ങൾക്ക് അധിക വിപണി ലഭ്യമാകുന്നതോടൊപ്പം കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് സ്ഥിരവിപണിയും മികച്ച വിലയും ലഭിക്കുന്നതാണ്.

കലാ-സാംസ്കാരിക, കായിക രംഗങ്ങളിൽ സഹകരണമേഖലയുടെ സംഭാവന

252(6127) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി ദെലീമ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കലാ-സാംസ്കാരിക രംഗത്തും കായിക രംഗത്തും സഹകരണമേഖല നൽകിയിട്ടുള്ള സംഭാവനകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കലാ-സാംസ്കാരിക-കായിക രംഗത്ത് ചുവടെ പറയുന്ന പ്രവർത്തനങ്ങൾ സഹകരണമേഖലയുടെ ഭാഗമായി നടപ്പാക്കിയിട്ടുണ്ട്.

സർക്കാരിന്റെ രണ്ടാംഘട്ട നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി സംഗീതം, നാടകം, പ്രകടനകലകൾ എന്നിവ അവതരിപ്പിക്കുന്ന സംസ്ഥാനമൊട്ടാകെയുള്ള കലാകാരന്മാരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി

കലാകാരന്മാർക്കായി കോട്ടയം ആസ്ഥാനമായും സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായും Kerala State Artist & Artistes Co-Operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ 15-02-2022-ന് കലാകാരന്മാരുടെ സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കോട്ടയത്ത് സാഹിത്യകാരന്മാർക്കായി രൂപീകരിച്ചിട്ടുള്ള സാഹിത്യപ്രവർത്തക സഹകരണ സംഘം ലി.നം. 2458-ന്റെ ആഭിമുഖ്യത്തിൽ സാംസ്കാരികമായ ഉന്നമനം ലക്ഷ്യമാക്കി കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ അക്ഷര മ്യൂസിയം പദ്ധതി നടപ്പാക്കിവരുന്നു.

സർക്കാരിന്റെ മൂന്നാംഘട്ട നൂറുദിന പരിപാടിയിലുൾപ്പെടുത്തി 'കായികം, സഹകരണം, സ്പോർട്സ് ' മേഖലയിൽ സഹകരണ സംഘം എന്ന പദ്ധതിയുടെ ഭാഗമായി കായിക മേഖലയിലെ വികസനത്തിനും ഉന്നമനത്തിനുമായി സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി കേരള സ്റ്റേറ്റ് സ്പോർട്സ് അസോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4512 തിരുവനന്തപുരം ആസ്ഥാനമാക്കി 24-11-2022-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നൽകിക്കൊണ്ട് സാസ്കാരിക മ്യൂസിയം സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നൽകിക്കൊണ്ട് സാഹിത്യ പ്രവർത്തക സഹകരണസംഘം ലി.നം. 2458-ന്റെ ആഭിമുഖ്യത്തിൽ കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കോട്ടയം ജില്ലയിലെ നാട്ടകത്ത് സാംസ്കാരിക മ്യൂസിയം സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. നാല് ഘട്ടങ്ങളിലായാണ് പദ്ധതി പൂർത്തിയാക്കുന്നത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നത്. ഒന്നാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(സി) ലൈബ്രറികളുടെ നവീകരണവുമായി ബന്ധപ്പെട്ട് പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ ലൈബ്രറികളെ ശക്തീകരണം ലക്ഷ്യമിട്ട് സഹകരണ മേഖലയിലെ നയങ്ങൾ, സാംസ്കാരിക മേഖലയിലെ നയങ്ങൾ, പുത്തൻ ആശയങ്ങൾ, ലഹരിക്കെതിരായ ബോധവൽക്കരണം,

അന്ധവിശ്വാസങ്ങൾക്കെതിരായ ബോധവൽക്കരണം തുടങ്ങിയ വിഷയങ്ങളിൽ ജനകീയ കൂട്ടായ്മ ചേർന്ന് സാംസ്കാരിക പരിപാടികളും ചർച്ചകളും സംഘടിപ്പിച്ചിരുന്നു. ഇപ്രകാരം സംഘടിപ്പിക്കുന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞുവരുന്ന ആശയങ്ങൾ ഉൾപ്പെടുത്തി ലഭിച്ച വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളത്ത് നടന്ന സഹകരണ എക്സ്പോയിൽ ഒരു ലൈബ്രറി കോൺഗ്രസ് സംഘടിപ്പിച്ചു. എക്സ്പോ 2023-ലെ സാംസ്കാരിക സമ്മേളനത്തിൽ നൂറ് സാംസ്കാരിക സദസ്സുകൾ, നൂറ് സഹകരണ ഗ്രന്ഥാലയങ്ങളുടെ ഉദ്ഘാടനം 26-04-2023-ന് നടത്തുകയുണ്ടായി. ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സഹകരണ ലൈബ്രറികൾക്കായി പദ്ധതി രൂപരേഖ ലഭ്യമായിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച തുടർനടപടികൾ എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാരും സ്വീകരിച്ചിട്ടുണ്ട്.

(ഡി) സഹകരണമേഖലയുടെ ചരിത്രം അടയാളപ്പെടുത്തുന്ന തരത്തിൽ ചരിത്ര ലേഖന പദ്ധതി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ?

സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്തെ നാട്ടകത്ത് നിർമ്മാണം നടന്നുവരുന്ന പദ്ധതിയാണ് അക്ഷരമ്യൂസിയം. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ സഹകരണ മേഖലയുടെ

ചരിത്രം അടയാളപ്പെടുത്തുന്ന തരത്തിലുള്ള ചരിത്ര ലേഖന പദ്ധതി പൂർത്തിയായിട്ടുണ്ട്.

അക്ഷരമ്യൂസിയത്തിന്റെ നാലാമത്തെ ഗ്യാലറി സഹകരണം, സാഹിത്യപ്രവർത്തക സഹകരണസംഘം എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു. രണ്ട് പാനൽ ബോർഡിലും രണ്ട് ഡിജിറ്റൽ ബോർഡിലുമായി സഹകരണ സംഘത്തിന്റെ വിശദമായ ചരിത്രം വിവരിക്കുന്നു. ഇവ അടയാളപ്പെടുത്തുന്നതിന് മുന്നോടിയായി സഹകരണ പ്രസ്ഥാനത്തെ പരിചയപ്പെടുത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്. സഹകരണപ്രസ്ഥാനം ലോകത്തിൽ, ഇന്ത്യയിൽ, കേരളത്തിൽ എന്ന ഡിജിറ്റൽ ബോർഡിന്റെ കൂടെ സഹകാരികൾ - ലോകം, ഇന്ത്യ, കേരളം, സഹകരണ നിയമങ്ങളും ചട്ടങ്ങളും എന്നിവകൂടി ഉൾച്ചേർക്കുന്നു.

(ഇ) കായികമേഖലയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് അസോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4512 സംഘത്തിന്റെ ആഭിമുഖ്യത്തിൽ റൈസിംഗ് സ്റ്റാർസ് എന്ന പദ്ധതിയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബി.ഒ.റ്റി. അടിസ്ഥാനതലത്തിൽ കളിസ്ഥലങ്ങൾ

നിർമ്മിച്ച് നൽകുന്ന പദ്ധതിയും കേരള ഒളിമ്പിക്സ് അസോസിയേഷനുമായി സഹകരിച്ച് KOA മാഗസിൻ സ്പോർട്സ് എന്ന പ്രതിമാസ പ്രസിദ്ധീകരണവും പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ഫ്രാഞ്ചൈസി ഷോപ്പുകൾ തുടങ്ങുന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

തിരുവനന്തപുരം ജില്ലയിലെ ടൂറിസം സഹകരണ സംഘങ്ങൾ

253(6128) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ എത്ര ടൂറിസം സഹകരണ സംഘങ്ങളാണ് പ്രവർത്തിച്ചുവരുന്നതെന്നും ഇവയുടെ പ്രവർത്തന മികവ് എത്രത്തോളമാണെന്നും വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ടൂറിസം രംഗത്ത് 9 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ചിറയിൻകീഴ് താലൂക്ക് ടൂറിസം സഹകരണ സംഘം, അഞ്ചുതെങ്ങ് കായൽ വിനോദ സഞ്ചാര സഹകരണ സംഘം, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്) എന്നീ 3 സഹകരണ സംഘങ്ങളാണ് ശ്രദ്ധേയമായ പ്രവർത്തനം നടത്തിവരുന്നത്. ആയതിൽ ടൂർഫെഡ് കേരളത്തിനകത്തും പുറത്തും മലേഷ്യ, തായ്ലാൻഡ്, സിംഗപ്പൂർ എന്നീ

വിദേശരാജ്യങ്ങളിൽ ടൂർ പ്രോഗ്രാമുകൾ നടത്തിവരുന്നു. മറ്റ് ടൂറിസം സഹകരണ സംഘങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

സഹകരണ മേഖലയിലെ വൈവിധ്യവൽക്കരണം

254(6129) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സൂര്യോദയ വ്യവസായങ്ങളിൽ മുന്നേറാൻ തയ്യാറെടുക്കുമ്പോൾ സഹകരണ മേഖലയിൽ ഇതുമായി ബന്ധപ്പെട്ട അവസരങ്ങളെ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനം സൂര്യോദയ വ്യവസായങ്ങളിൽ മുന്നേറാൻ തയ്യാറെടുക്കുമ്പോൾ സഹകരണ മേഖലയിൽ ഇതുമായി ബന്ധപ്പെട്ട അവസരങ്ങളെ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല.

എന്നാൽ ഫുഡ് പ്രോസസ്സിംഗ് രംഗത്ത് പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ കാർഷിക വിളകൾ സംഭരിച്ച്

ഉൽപന്നങ്ങളാക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിച്ച് ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് നൂതന യന്ത്ര സാമഗ്രികളുടെ സഹായത്തോടെ മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ച് വിപണനം നടത്തുകയും വിദേശത്തേക്ക് കയറ്റുമതി ചെയ്യുകയും ചെയ്തുവരുന്നു.

(ബി) വൈവിധ്യവൽക്കരണത്തിലൂടെ ഈ രംഗത്തേക്ക് കടന്നുവരികയും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുന്ന എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്ത് സഹകരണമേഖലയിൽ പ്രവർത്തിക്കുന്നു; വിശദമാക്കുമോ?

സൂര്യോദയ വ്യവസായ മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സഹകരണ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല. എന്നാൽ എറണാകുളം ജില്ലയിലെ വാരപ്പെട്ടി സർവീസ് സഹകരണ ബാങ്ക്, ഒക്കൽ സർവീസ് സഹകരണ ബാങ്ക്, പള്ളിയാക്കൽ സർവീസ് സഹകരണ ബാങ്ക്, മാഞ്ഞാലി സർവീസ് സഹകരണ ബാങ്ക്, കാക്കൂർ സർവീസ് സഹകരണ ബാങ്ക് എന്നിവ കാർഷികോൽപന്നങ്ങൾ സംഭരിച്ച് മൂല്യവർധിത ഉൽപന്നങ്ങളാക്കുകയും വിൽപന നടത്തുകയും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുന്ന സഹകരണ സംഘങ്ങളാണ്.

തിരുവനന്തപുരം ജില്ലയിൽ ഭക്ഷ്യസംസ്കരണ മേഖലയിൽ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കരകുളം സർവീസ് സഹകരണ ബാങ്ക് - കാസ്കോ വില്ലേജ് എന്ന പേരിൽ പ്രകൃതിദത്തമായ ടൂറിസം, കാർഷിക വികസന പദ്ധതി നടപ്പാക്കിവരുന്നു.

- നന്ദിയോട് സർവീസ് സഹകരണ ബാങ്ക് - ഗ്രീൻ ഡ്യൂ വെളിച്ചെണ്ണ ഉൽപാദന പദ്ധതി നടപ്പാക്കിവരുന്നു.

- കലയപുരം പട്ടികവർഗ സഹകരണ സംഘം - വനവിഭവ സംഭരണ വിതരണ പദ്ധതി നടപ്പാക്കിവരുന്നു.

- തിരുവനന്തപുരം ജില്ലാ ആദിവാസി പാരമ്പര്യ ചികിത്സ, പട്ടികവർഗ സഹകരണ സംഘം - പാരമ്പര്യ ചികിത്സ, പച്ചില മരുന്നുകളുടെ ഉൽപാദനം എന്നിവ ചെയ്തുവരുന്നു.

- ബാലരാമപുരം സർവീസ് സഹകരണ ബാങ്ക് - കേരള സർക്കാർ സംരംഭമായ കോ-ഓപ്പ് മാർട്ട് ഹെഡ്ഓഫീസിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ അഞ്ചേക്കറോളം സ്ഥലത്ത് വെർമി കമ്പോസ്റ്റ് യൂണിറ്റ്, ടിപ്പ് ഇറിഗേഷൻ പദ്ധതി, ആട്ടിൻഫാം, കോഴി ഫാം എന്നിവ നടത്തിവരുന്നു.

- നെല്ലിമൂട് വനിതാ സഹകരണ സംഘം വെളിച്ചെണ്ണയിൽനിന്ന് ഉരുക്ക് വെളിച്ചെണ്ണ തയ്യാറാക്കി വിൽപന നടത്തുന്നു.

കൂടാതെ വിതുര സർവീസ് സഹകരണ ബാങ്ക് സഹകരണ മേഖലയിലെ ആദ്യ ഇൻഡോർ ടർഫ് നടപ്പാക്കി.

നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വൈവിധ്യവൽക്കരണം നടത്തിവരുന്ന ഒരു സംഘമാണ്. ആയതിന്റെ ഭാഗമായി പ്രസ്തുത സംഘം സർഗാലയ ആർട്ട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജ്, ചാരിറ്റബിൾ-വെൽഫയർ ഫൗണ്ടേഷൻ, മെറ്റീരിയൽ ടെസ്റ്റിങ് ആൻഡ് റിസർച്ച് ലബോറട്ടറി, യു. എൽ. സൈബർ പാർക്ക്, യു. എൽ. ഡിസാസ്റ്റർ മാനേജ്മെന്റ് ആൻഡ് റെസ്ക്യൂ ഓപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ നടത്തിവരുന്നു.

തൃശ്ശൂർ ജില്ലയിൽ മറ്റത്തൂർ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഫോർ ഡെവലപ്മെന്റ് ആൻഡ് സോഷ്യൽ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നം. ആർ 1264-ൽ ഔഷധസസ്യങ്ങളുടെ സംഭരണ-അർധ-സംസ്കരണ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ടൂറിസം രംഗത്തും ഹോസ്പിറ്റാലിറ്റി രംഗത്തും നേട്ടമുണ്ടാക്കാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

ടൂറിസം രംഗത്തും ഹോസ്പിറ്റാലിറ്റി രംഗത്തും നേട്ടമുണ്ടാക്കാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

ടൂറിസം രംഗത്തും ഹോസ്പിറ്റാലിറ്റി രംഗത്തും നൂതനമായ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടൂറിസം ഫെഡറേഷനിൽ (ടൂർഫെഡ്) അഫിലിയേറ്റ് ചെയ്ത് മികച്ച പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കായൽ ടൂറിസം വികസിപ്പിക്കുന്നതിന് ടൂർഫെഡ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ആയതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ കാർത്തികപള്ളി താലൂക്കിൽ മിനി ഹൗസ് ബോട്ട് പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടൂർഫെഡ് വിവിധയിനം ട്രാവൽ പാക്കേജുകളും വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ കഫറ്റേരിയ, ഈവന്റ് മാനേജ്മെന്റ്, മിനിയേച്ചർ ട്രെയിൻ എന്നിവ നടപ്പാക്കി വരുന്നു. കൂടാതെ വിദേശ രാജ്യങ്ങളിലേയ്ക്ക് വരെ ടൂർ പ്രോഗ്രാമുകൾ സംഘടിപ്പിച്ച് പ്രവർത്തിച്ചുവരുന്നു.

സർക്കാരിന്റെ ഒന്നാംഘട്ട നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള യുവജന സഹകരണ സംഘങ്ങൾ പലതും ടൂറിസം മേഖലയിലെ പദ്ധതികൾ നടപ്പാക്കുക, ടൂറിസം വ്യവസായത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കുക അതിലൂടെ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുക, ടൂറിസം പ്രൊമോഷൻ, ഹോംസ്റ്റേ, വില്ലേജ് ടിപ്പുകൾ, ടക്ക്സ്, സുഗന്ധവ്യഞ്ജനങ്ങളുടെ വ്യാപാരം തുടങ്ങിയവ ലക്ഷ്യംവച്ച് പ്രവർത്തിക്കുന്ന സംഘങ്ങളാണ്. കോഴിക്കോട് ജില്ലയിലെ യൂത്ത് എംപവർമെന്റ് ആൻഡ് വെൽഫെയർ മൾട്ടിപർപ്പസ് സഹകരണ സംഘം ഡി 3341 എന്ന യുവ സംഘം ബേപ്പൂർ ഗോദീശ്വരം ബീച്ച് ഗാർഡൻ റിസോർട്ടിന് സമീപം സർഫിങ് സ്കൂൾ ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ സെൻട്രൽ ട്രാവൻകൂർ ടൂറിസം ഇൻഷ്യേറ്റീവ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.റ്റി.210 (സെറ്റിക്കോ) എന്ന സ്ഥാപനം ടൂർ രംഗത്ത് മികച്ച പ്രവർത്തനം നടത്തുന്ന സംഘമാണ്. വയനാട് ജില്ലയിലെ മാനന്തവാടി ടൈബൽ പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ W.26 പ്രിയദർശിനി ഹൈക്ക്സ് എന്ന പേരിൽ പ്ലാന്റേഷൻ ടൂറിസം ആരംഭിച്ചിട്ടുണ്ട്. വാച്ച് ടവർ, ഫ്ലവർ ഗാർഡൻ, മിനി പാർക്ക് എന്നിവ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ടൂറിസം ഡിപ്പാർട്ടുമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

നോർത്ത് വയനാട് എൻവയോൺമെന്റൽ സസ്റ്റെനബിൾ ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ W.361 ടൂർപാക്കേജുകളും റെസ്റ്റോറന്റ് റൂം ബുക്കിങ്, വാഹന ബുക്കിങ് എന്നിവ നടത്തിവരുന്നു. എറണാകുളം, കൊല്ലം ജില്ലകളിലെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും ടൂറിസം മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്.

തളിപ്പറമ്പ് താലൂക്ക് മണ്ണിൽ ആസ്ഥാനമായി റോയൽ ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ സി 2068 എന്ന സ്ഥാപനത്തിനുകീഴിൽ 2 ബോട്ട് സർവീസ്, പയ്യന്നൂർ താലൂക്കിൽ ഏഴോം സർവീസ് സഹകരണ ബാങ്കിന്റെ കീഴിൽ ഏഴില ടൂറിസം പദ്ധതി, പിണറായി സർവീസ് സഹകരണ ബാങ്കിന്റെ കീഴിൽ 2 സ്യൂട്ട് റൂമുകൾ വാടകയ്ക്ക്, കുന്നിക്കര സർവീസ് സഹകരണ ബാങ്കിന്റെ കീഴിൽ കോ-ഓപ്പറേറ്റീവ് ഹോളിഡേയ്സ് എന്ന പേരിൽ ടൂർ പ്രോഗ്രാമുകൾ, മലബാർ ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നം. സി 1513 എന്ന സ്ഥാപനത്തിന്റെ 90 ശതമാനം ഓഹരി പങ്കാളിത്തത്തോടുകൂടി പ്ലഷേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് (വിസ്മയ) എന്ന സ്ഥാപനം, അഞ്ചരക്കണ്ടി ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിന്റെ കീഴിൽ ടൂറിസം പദ്ധതി, കുത്തുപറമ്പ് സഹകരണ റൂറൽ ബാങ്കിന്റെ കീഴിൽ 14 ലോഡ്ജ്

മുറികൾ മുഴുവനായും എയർ കണ്ടീഷൻ ചെയ്ത് വിദേശ ടൂറിസ്റ്റുകൾക്ക് ഉൾപ്പെടെ വാടകയ്ക്ക് നൽകൽ എന്നിവ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

വിനോദസഞ്ചാര മേഖലയിൽ നിക്ഷേപം നടത്തുന്നതിനായി സഹകരണ മേഖലയിൽ നിന്നും പ്ലാൻ ഫണ്ടുവഴി ധനസഹായം നൽകുന്നുണ്ട്.

സഹകരണ നിയമം

255(6130) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ നിയമവും ചട്ടവുംപ്രകാരം ആർബിട്രേറ്റർ പുറപ്പെടുവിക്കുന്ന അവാർഡുകളിൽ വിധി തുകയ്ക്കാണോ വായ്പ മുതൽ ബാക്കി നിൽപ്പിനാണോ ഭാവി പലിശ കൊടുക്കാൻ ഉത്തരവാകുന്നതെന്ന് വ്യക്തമാക്കാമോ?

ആർബിട്രേറ്റർമാർ കേരള സഹകരണ നിയമം വകുപ്പ് 70 പ്രകാരം പുറപ്പെടുവിക്കുന്ന അവാർഡുകൾ സിവിൽ കോടതിയുടെ വിധിക്ക് സമാനമാണെന്നും, അതേ രീതിയിൽത്തന്നെ അത് നടപ്പാക്കണമെന്നും കേരള സഹകരണ നിയമം വകുപ്പ് 76-ൽ പ്രതിപാദിച്ചിട്ടുണ്ട്. ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യുന്നതിനാസ്പദമായ അന്യായം രേഖകളുടെയും തെളിവുകളുടെയും

അടിസ്ഥാനത്തിൽ പരിശോധിച്ച് അവാർഡ് നൽകുന്നതിന് ആർബിട്രേറ്റർക്ക് വിവേചനാധികാരമുണ്ട്.

തുകയുടെ തീർപ്പിനുശേഷമുള്ള പലിശയുടെ നിരക്ക് നിശ്ചയിക്കുന്നതിനും ആർബിട്രേറ്റർക്ക് വിവേചനാധികാരമുണ്ട്. അപ്രകാരമുള്ള വിവേചിക്കൽ വിവിധ സാഹചര്യങ്ങൾക്കനുസൃതമായി അതായത് ഇടപാടിന്റെ സ്വഭാവം, വായ്പ അനുവദിച്ചതിന്റെ ഉദ്ദേശ്യം, കുടിശ്ശികയുടെ കാരണം, പലിശ നിരക്ക്, വായ്പാക്കാരന്റെ വായ്പാ തിരിച്ചടവിന്റെ സ്വഭാവം, മൊത്തം തുക, ബാക്കി നിൽപ്പ്, ആനുപാതിക പലിശ ബാക്കി നിൽപ്പ്, മുതലിന്റെ ബാക്കി നിൽപ്പ് തുടങ്ങിയവ പ്രകാരമായിരിക്കണം.

ആർബിട്രേറ്റർക്ക് കേസിലെ ഏതെങ്കിലും ഇതര കക്ഷിക്ക് കേസ് ചെലവും കേസ് കൊടുത്ത തീയതി മുതൽ തുക ഈടാക്കുന്നതുവരെയുള്ള കരാർ നിരക്കിൽ കവിയാത്ത വിധിത്തുകയുടെ പലിശയും കൊടുക്കുന്നതിന് നിർദ്ദേശിക്കാൻ അധികാരമുണ്ടായിരിക്കും.

(ബി) സഹകരണ നിയമത്തിലെയും ചട്ടത്തിലെയും ഏത് ചട്ടം പ്രകാരമാണ് ഭാവി പലിശ നൽകാൻ ഉത്തരവാകുന്നതെന്ന് വിശദമാക്കാമോ?

സഹകരണ സംഘം/ബാങ്കും വായ്പാക്കാരനും തമ്മിലുള്ള കരാർ, സംഘത്തിലെ ബൈലാ വ്യവസ്ഥ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഓരോ വായ്പയ്ക്കും സഹകരണ സ്ഥാപനങ്ങൾ വായ്പാക്കാരിൽനിന്നും പലിശ ഈടാക്കുന്നത്. സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന സർക്കുലറിൽ കൂടുതൽ ടി പലിശ ഈടാക്കുന്നതിന് സഹകരണ സംഘം/ബാങ്കുകൾക്ക് അനുമതിയില്ല. ബന്ധപ്പെട്ട രേഖകളും തെളിവുകളും പരിശോധിച്ച് അവാർഡ് പുറപ്പെടുവിക്കുന്നതിന് ആർബിട്രേറ്റർക്ക് വിവേചനാധികാരമുണ്ട്.

സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുള്ള വായ്പ ഉപനിബന്ധനകളിലും വായ്പാക്കാരനും ബാങ്കും തമ്മിൽ സമ്മതിച്ച് ഏർപ്പെടുന്ന വായ്പ കരാർ/ബോണ്ടുകളിലും ഭാവി പലിശ സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്താറുണ്ട്. ഇതുസംബന്ധിച്ച് സഹകരണ നിയമത്തിലോ ചട്ടത്തിലോ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ സഹകരണ ആർബിട്രേഷൻ കോടതിക്കോ, രജിസ്ട്രാർക്കോ, തർക്കതീരുമാന ഉദ്യോഗസ്ഥനോ, ആർബിട്രേറ്റർക്കോ, കേസിലെ ഏതെങ്കിലും ഇതര കക്ഷിക്ക് കേസ് ചെലവും കേസ് കൊടുത്ത തീയതി മുതൽ തുക ഈടാക്കുന്നതുവരെയുള്ള കരാർ നിരക്കിൽ കവിയാത്ത വിധിത്തുകയുടെ

പലിശയും കൊടുക്കുന്നതിന് നിർദേശിക്കാൻ അധികാരമുണ്ടായിരിക്കുമെന്ന് കേരള സഹകരണ നിയമം ചട്ടം 67 ഉപചട്ടം 10 കുറിപ്പ് 2-ൽ പ്രതിപാദിച്ചിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്ന നിയന്ത്രണങ്ങൾ

256(6131) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ പേരിനൊപ്പം ബാങ്ക് എന്ന് ഉപയോഗിക്കുന്നതിന് റിസർവ് ബാങ്ക് എന്തെങ്കിലും നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കാമോ?

1949-ലെ ബാങ്കിങ് റെഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 2020-ലെ ബാങ്കിങ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. ടി ഭേദഗതിയിലെ വകുപ്പ് 3-ലെ വ്യവസ്ഥകൾപ്രകാരം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും കാർഷിക വികസനത്തിനും ലക്ഷ്യമിട്ട് ദീർഘകാല വായ്പകൾ വിതരണം ചെയ്യുന്ന സംഘങ്ങൾക്കും ബാങ്ക്, ബാങ്കർ, ബാങ്കിങ് എന്ന പേര് സംഘത്തിന്റെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കാൻ കഴിയില്ല. മാത്രമല്ല ടി സംഘങ്ങൾക്ക് 'Cheque' പോലുള്ള

സാമ്പത്തിക സംവിധാനം നൽകാനും കഴിയില്ല. ഈ വ്യവസ്ഥകൾ പാലിക്കണമെന്ന് നിർദേശിച്ച് RBI കത്ത് നൽകിയിട്ടുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നിയന്ത്രണങ്ങളെ മറികടക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഭരണഘടനാ വ്യവസ്ഥകൾപ്രകാരമാണ് സംസ്ഥാന സഹകരണ നിയമം പാസ്സാക്കിയിട്ടുള്ളത്. ബാങ്കിങ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധവും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചുള്ളതുമാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സഹകാരികൾ, PACS Association ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തിയതിൽ ഉരുത്തിരിഞ്ഞ ആശയത്തിന്റെ അടിസ്ഥാനത്തിൽ പത്രസമ്മേളനം, അംഗങ്ങളുടെ ഭവന സന്ദർശനം, സഹകാരി സംഗമം എന്നിവ ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയുമുണ്ടായി. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 131 പ്രകാരം

കേന്ദ്ര ബാങ്കിങ് റെഗുലേഷൻ നിയമ ഭേദഗതികളെ ചോദ്യം ചെയ്ത് ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്.

കേന്ദ്ര ആദായനികുതി നിയമത്തിൽ കൂട്ടിച്ചേർത്ത 194 A, 194 N എന്നീ വ്യവസ്ഥകൾ സഹകരണ സംഘങ്ങളുടെ പ്രവർത്തന ലാഭത്തെ കാര്യമായി ബാധിക്കുന്നതാണ്. 194A-ലെ വ്യവസ്ഥകൾപ്രകാരം നിക്ഷേപത്തിന്മേലുള്ള പലിശ വരുമാനം വർഷം 40000/-ൽ കൂടുതൽ ആയാൽ സംഘങ്ങൾ TDS അടയ്ക്കാൻ ബാധ്യസ്ഥരാകുന്നതാണ്. ആയത് കേരളത്തിലെ പ്രാഥമിക സംഘങ്ങളെ ബാധിക്കുന്നതാണ്. ടി വ്യവസ്ഥകൾക്കെതിരെ സംഘങ്ങൾ ഹൈക്കോടതിയിൽ നിന്ന് സ്റ്റേ നേടിയിട്ടുണ്ട്. 194 N-ലെ വ്യവസ്ഥകൾപ്രകാരം ഒരു വർഷം 3 കോടി രൂപയിൽ കൂടുതൽ പണമായി പിൻവലിച്ചാൽ 2% TDS നൽകുന്നതിന് സംഘങ്ങൾക്ക് ബാധ്യതയുണ്ട്. ടി വ്യവസ്ഥയിലും സംഘങ്ങൾ സ്റ്റേ നേടിയെടുത്തിട്ടുണ്ട്. ഈ വ്യവസ്ഥ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്.

സഹകരണ വകുപ്പ് മുഖേനയുള്ള കയറ്റുമതി

257(6132) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് മുഖേന ഏതെല്ലാം മൂല്യവർധിത കാർഷിക-കാർഷികേതര ഉൽപന്നങ്ങളാണ് കയറ്റുമതി ചെയ്യുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങളായ വെളിച്ചെണ്ണ, എള്ളെണ്ണ, തേയില, ടപ്പിയോക്കാ വിത്ത് മസാല, ടപ്പിയോക്കാ ഡ്രൈ, ചക്ക ഡ്രൈ, ബനാനാ വാക്വം ഫ്രൈ, പൈനാപ്പിൾ ഡ്രൈ, സ്പൈസസ് തുടങ്ങിയ ഉൽപന്നങ്ങളാണ് കയറ്റുമതി ചെയ്യുന്നത്.

(ബി) പ്രസ്തുത ഉൽപന്നങ്ങൾ ഏതെല്ലാം രാജ്യങ്ങളിലേക്കും സ്ഥലങ്ങളിലേക്കുമാണ് കയറ്റുമതി ചെയ്യുന്നത്; വിശദമാക്കാമോ?

പ്രസ്തുത മൂല്യവർധിത ഉൽപന്നങ്ങൾ അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാൻഡ്, യു. എ. ഇ., ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേക്കാണ് കയറ്റുമതി ചെയ്തുവരുന്നത്.

(സി) കൂടുതൽ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സഹകരണ ഉൽപന്നങ്ങൾ കൂടുതൽ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനായി യു.എസ്.എ., യു.കെ., ദക്ഷിണാഫ്രിക്ക, മധ്യേഷ്യൻ രാജ്യങ്ങൾ

എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന വ്യവസായ ഏജൻസികളെയും മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ 'എക്സ്പോർട്ട് ബിസിനസ് മീറ്റ്-2024' സംഘടിപ്പിച്ചിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ഓർഡർപ്രകാരമുള്ള കൂടുതൽ മൂല്യവർധിത ഉൽപന്നങ്ങൾ വിദേശത്തേക്ക് കയറ്റി അയയ്ക്കുന്നതിന് സഹകരണ സംഘങ്ങൾ സജ്ജമാക്കിയിട്ടുള്ളതുമാണ്.

സഹകരണ മേഖലയിൽ സ്ത്രീകൾക്കായുള്ള പദ്ധതികൾ

258(6133) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളെ സംഘടിപ്പിക്കാനും മുന്നോട്ടുകൊണ്ടുവരാനും സഹകരണ മേഖല നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരളത്തിൽ സഹകരണ പ്രസ്ഥാനം വനിതാ സഹകരണ സംഘങ്ങൾ വഴി വനിതകളുടെ ജീവിതത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. സ്ത്രീ സമൂഹത്തിന് സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം കൈവരിക്കുന്നതിന് സ്ത്രീകളെ ഒരു കുടക്കീഴിൽ സംഘടിപ്പിക്കുന്നതിന് സഹകരണ പ്രസ്ഥാനം

വളരെയധികം പങ്കുവഹിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡറേഷനുമുള്ള ധനസഹായ പദ്ധതിയിൽ 2024-25 സാമ്പത്തിക വർഷം 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സഹകരണ മേഖലയിൽ സ്ത്രീകൾക്ക് വരുമാനം സൃഷ്ടിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വനിതാ സഹകരണ സംഘങ്ങളുടെ നവീകരണത്തിനും പുനരുജ്ജീവനത്തിനുമായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ വനിതാ സഹകരണ സംഘങ്ങൾക്കും വനിതാഫെഡിനുമുള്ള സഹായം എന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങൾക്കും കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പാക്കാനുള്ള സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ 100 ശതമാനം വനിതകളായിരിക്കും. ടി പദ്ധതിക്കായി 2024-25 സാമ്പത്തികവർഷം 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങളുടെ കീഴിൽ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായുള്ള

പ്രോജക്ടുകൾക്കുള്ള ധനസഹായം, വിവിധ പരിശീലന പരിപാടികൾ/ശില്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം, ദുർബല വനിതാ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സഹായം എന്നീ ഘടകങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുന്നു.

വനിതാഫെഡ് സ്ത്രീ തൊഴിലാളികളുടെ സേവനം വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനും സ്ത്രീ ശക്തീകരണത്തിന് നൂതന വ്യാപാര ആശയങ്ങൾ നടപ്പാക്കിക്കൊണ്ട് വനിതാ സംഘങ്ങളിലൂടെ സ്ത്രീകളുടെ ഉന്നമനം ഉദ്ദേശിച്ചുകൊണ്ട് പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. അംഗ സംഘങ്ങൾക്ക് കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും ഡ്രൈവിംഗ് സ്കൂൾ നടപ്പാക്കുന്നതിനും നീതി മെഡിക്കൽസ് നടപ്പാക്കുന്നതിനും ക്ലോത്ത്/ പേപ്പർ ബാഗ്/ മാസ്ക് നിർമ്മാണം, കാന്റീൻ, നീതി ലാബ്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, ഗാർമെന്റ് യൂണിറ്റ്, ഉരുക്കെണ്ണ ഉൽപാദനം എന്നീ പദ്ധതികൾക്കും സാധാരണ വായ്പ നൽകിവരുന്നു. ഇതുവഴി വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതിനും സാമ്പത്തികമായി സ്വയംപര്യാപ്തത നേടുന്നതിനും സാധിക്കുന്നു.

സഹകരണ ബാങ്ക് നിക്ഷേപങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ

259(6134) ശ്രീ. പി.പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിൽ എത്ര ലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് പരിരക്ഷ നൽകുന്നതിനായുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1.കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി നൽകുന്നതിലൂടെ നിക്ഷേപകരുടെ വിശ്വാസം വർധിപ്പിക്കുന്നതിനും സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018 എന്ന പദ്ധതി. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൻകീഴിൽ വരുന്നതും പ്രവർത്തനം മന്ദീഭവിച്ചതോ, നിന്നുപോയതോ, ലിക്വിഡേഷൻ നടപടികളിലോ ഉൾപ്പെട്ടതല്ലാത്തതും

ഡെപ്പോസിറ്റ് ഗ്യാരന്റി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പരിധിയിൽ ഉൾപ്പെടാത്തതുമായ സംഘങ്ങളിലെ നിക്ഷേപത്തിന് ഗ്യാരന്റി നൽകുന്നതുവഴി സംഘങ്ങളിലെ വിശ്വാസം വർധിപ്പിക്കുന്നതിനും നിക്ഷേപകരെ കൂടുതൽ ആകർഷിക്കുന്നതിനും വേണ്ടിയാണ് ടി സ്കീം നടപ്പാക്കിയിട്ടുള്ളത്.

ടി പദ്ധതിയിൽ അംഗത്വമെടുക്കുകയും വർഷാവർഷങ്ങളിൽ അംഗത്വം പുതുക്കുകയും ചെയ്യുന്ന ഏതെങ്കിലും സംഘം ലിക്വിഡേറ്റ് ചെയ്യപ്പെടുകയും നിക്ഷേപ സംഖ്യ തിരികെ നൽകാൻ കഴിയാതെ വരികയും ചെയ്താൽ അംഗ സംഘത്തിലെ നിക്ഷേപകന് പരമാവധി 5 ലക്ഷം രൂപവരെ ഗ്യാരന്റി ഉറപ്പാക്കിവരുന്നു.

2. ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആൻഡ് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷൻ (DICGC)-നൽകുന്ന പരിരക്ഷ

സംസ്ഥാനത്ത് റിസർവ് ബാങ്ക് നിയന്ത്രിക്കുന്ന 58 അർബൻ സഹകരണ ബാങ്കുകൾക്കും കേരള സംസ്ഥാന സഹകരണ ബാങ്കിനും റിസർവ് ബാങ്ക് വിഭാവനം ചെയ്യുന്ന ഇൻഷ്വറൻസ് പരിരക്ഷയായ ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആൻഡ് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷൻ (DICGC)-ന്റെ പരിരക്ഷ ലഭിക്കുന്നു. സഹകരണ ബാങ്കുകൾ ഡി.ഐ.സി.ജി.സി. ആക്ടിലെ സെക്ഷൻ 2 (ജിജി)-ൽ

നിർവചിച്ചിരിക്കുന്ന യോഗ്യരായ എല്ലാ സഹകരണ ബാങ്കുകളും ഡെപ്പോസിറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുന്നു. 04-02-2020 മുതൽ 5 ലക്ഷം രൂപയുടെ പരിരക്ഷ പ്രസ്തുത സ്ഥാപനം നൽകിവരുന്നു.

സഹകരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികൾ

260(6135) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ആവിഷ്കരിച്ച് നടപ്പാക്കാവുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

1969-ലെ കേരള സംസ്ഥാന സഹകരണ നിയമം, ചട്ടങ്ങൾ, സർക്കാരും സഹകരണ സംഘം രജിസ്ട്രാറും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലർ നിർദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി, സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായതും അംഗങ്ങളുടെയും പൊതുസമൂഹത്തിന്റെയും സാമ്പത്തിക-സാമൂഹിക-സാംസ്കാരിക ഉന്നമനത്തിനാവശ്യമായ പദ്ധതികൾ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.

(ബി) ഇതുസംബന്ധിച്ച് പൊതുനിയമാവലി നിലവിലുണ്ടോ; വിശദമാക്കാമോ?

ഇതുസംബന്ധിച്ച് പൊതുനിയമാവലി നിലവിലില്ല. സഹകരണ നിയമം, ചട്ടങ്ങൾ, സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കുലർ നിർദേശങ്ങൾ എന്നിവയ്ക്ക് വിധേയമായും സംഘങ്ങൾ പ്രവർത്തിക്കുന്ന പ്രദേശത്തിന് അനുയോജ്യവും അംഗങ്ങൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ സേവനങ്ങൾ നൽകുന്ന തരത്തിലുമുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി നിയമാവലിപ്രകാരമുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായ പദ്ധതികൾ രജിസ്ട്രാറുടെ മുൻകൂർ അനുവാദത്തോടെ സംഘങ്ങൾക്ക് നടപ്പാക്കാവുന്നതാണ്.

(സി) വൈപ്പിൻ മണ്ഡലത്തിലെ ഓച്ചന്തുരുത്ത് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 72-ന്റെ വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടിയ സ്വർണ്ണക്കട എന്ന നൂതന പദ്ധതി നടപ്പാക്കുന്നതിന് സഹകരണ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ച നിയമാവലി ഭേദഗതി എറണാകുളം ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ നിരസിക്കാനുള്ള കാരണം വിശദമാക്കാമോ?

ആവശ്യാനുസരണം തിരിച്ചുനൽകാമെന്ന വ്യവസ്ഥയിൽ അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിച്ച് ഇടപാടുകൾ നടത്തിവരുന്ന സഹകരണ സംഘങ്ങളിൽ സ്വർണ്ണ വ്യാപാരം പോലുള്ള വിലവ്യതിയാന

സാധ്യത കൂടുതലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചാൽ ആയതുമൂലമുണ്ടാകാവുന്ന നഷ്ടം നിമിത്തം യഥാസമയം നിക്ഷേപകർക്ക് തുക തിരികെ നൽകാൻ കഴിയാത്ത സാഹചര്യം സംജാതമാകാനിടയുണ്ട്. കൂടാതെ ലാഭേച്ഛയേക്കാൾ അംഗങ്ങളുടെ ക്ഷേമത്തിന് പ്രാധാന്യം നൽകി പ്രവർത്തനം നടത്തുന്നവയാണ് സഹരണ സംഘങ്ങൾ. മേൽ സാഹചര്യങ്ങൾ പരിഗണിച്ചാണ് സഹകരണ മേഖലയിൽ സ്വർണ്ണക്കട എന്നത് നൂതന ആശയമാണെങ്കിലും അത് നടപ്പാക്കുന്നതിലേക്കായി ഓച്ചന്തുരുത്ത് സർവീസ് സഹകരണ ബാങ്ക് സമർപ്പിച്ച നിയമാവലി ഭേദഗതി നിരസിച്ചിട്ടുള്ളത്.

സഹകരണ സ്ഥാപനങ്ങളിലെ ഡയറക്ടർമാർ

261(6136) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ തുടർച്ചയായി ഒരേ ആളുകളെ ഡയറക്ടർമാരായി നിയമിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ?

സഹകരണ സ്ഥാപനങ്ങളിൽ തുടർച്ചയായി ഒരേ ആളുകളെ ഡയറക്ടർമാരായി നിയമിക്കുന്നതുമൂലം പല സംഘങ്ങളിലും മിസ് മാനേജ്മെന്റ്, ആസ്തിശോഷണം, ക്രമക്കേടുകൾ തുടങ്ങിയവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ

മേഖലയിൽ പുതിയ തലമുറ കടന്നുവരുന്നതിനും ആധുനികവൽക്കരണ നടപടികൾ സ്വീകരിക്കുന്നതിനും തുടർച്ചയായി ഒരേ ആളുകൾ തുടരുന്നത് തടസ്സം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനഭിലഷണീയമായ പ്രവണതകൾക്ക് വഴിയൊരുക്കുന്ന തരത്തിൽ ചില വ്യക്തികൾ സഹകരണ സ്ഥാപനങ്ങളെ കൈപ്പിടിയിലൊതുക്കുന്നത് നിയന്ത്രിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ ഭരണ പ്രതിപക്ഷഭേദമന്യേ ബഹുമാനപ്പെട്ട സഭ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബില്ലിന് ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണർ അംഗീകാരം നൽകുകയുണ്ടായി. ആയത് സർക്കാരിന്റെ 07-06-2024-ലെ 1829-ാം നമ്പരായി അസാധാരണ ഗസറ്റിൽ 2024-ലെ 9-ാം നിയമമായി കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023 07-06-2024 ലെ-No. 142/Leg.H2/2022/Law നമ്പരായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയതിൽ വകുപ്പ് 28 (2 എ) ആയി നിയമത്തിലോ ചട്ടങ്ങളിലോ ഒരു വായ്പാ സംഘത്തിന്റെ

ഉപനിയമങ്ങളിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സംഘത്തിന്റെ കമ്മിറ്റിയിലെ യാതൊരു അംഗത്തിനും കാലാവധി പൂർണ്ണമാണോ ഭാഗികമാണോ എന്നുള്ളത് പരിഗണിക്കാതെ, തുടർച്ചയായ മൂന്നിലധികം തവണ കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പിറവം മണ്ഡലത്തിലെ റിസ്ക് ഫണ്ട്

262(6137) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി പിറവം മണ്ഡലത്തിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അവയിൽ എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും വിശദമാക്കാമോ?

ഈ സർക്കാർ വന്നശേഷം പിറവം മണ്ഡലത്തിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി ആകെ 287 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

82 അപേക്ഷകളിലായി 75 പേർക്ക് 81,48,762/- രൂപയുടെ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന്റെ ബാങ്ക്/സംഘങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

24 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുണ്ട്. ആയതിന്റെ ബാങ്ക്/സംഘങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

123 അപേക്ഷകളിൽ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിന് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ ബാങ്ക്/സംഘങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

58 അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ഫയൽ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. ആയതിന്റെ ബാങ്ക്/സംഘങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

അവശേഷിക്കുന്ന അപേക്ഷകളിൽ, ന്യൂനത പരിഹരിച്ച് ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിൽനിന്നും ലഭിക്കാനുള്ള അപേക്ഷകളിൽ ന്യൂനത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഹരിച്ച് ലഭ്യമാകുന്ന മുറയ്ക്കും ബോർഡിൽ ലഭ്യമായ പുതിയ അപേക്ഷകളിൽ നിയമാവലി നിബന്ധനകൾക്ക് വിധേയമായി സമയബന്ധിതമായും ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള തുടർനടപടികൾ

263(6138) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയുന്നതിന് വകുപ്പ് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്തെ സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയുന്നതിനായി കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ 2022-ൽ പാസ്സാക്കുകയും ആയതിന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ അംഗീകാരം ലഭ്യമാകുകയും ചെയ്തിരുന്നു. ടി സമഗ്ര ഭേദഗതിക്കനുസൃതമായി സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള കരട് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സമയബന്ധിതമായി

പൂർത്തീകരിക്കുന്നതിനും താലൂക്കുതലത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ബഹു. കേരള മുഖ്യമന്ത്രിയുടെ അവലോകന യോഗത്തിൽ സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പാക്കുന്നതിന് നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പാക്കുന്നതിന് തത്വത്തിൽ സർക്കാർ അംഗീകാരം നൽകുകയും പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിക്കുകയും ടി പദ്ധതി വൻവിജയമായതിനെത്തുടർന്ന് എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധനയിലോ ഓഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 50/2021 നമ്പരായി സർക്കുലർ

പുറപ്പെടുവിച്ചിട്ടുള്ളതാണ്. സഹകരണ സ്ഥാപനങ്ങളിൽ പൊതുധനത്തിന്റെയോ ആസ്തികളുടെയോ തിരിമറികൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത ക്രമക്കേടിലുൾപ്പെട്ടിട്ടുള്ള തുകകൾ എത്രതന്നെയായാലും ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾപ്രകാരം അന്വേഷണം നടത്തുന്നതിന് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ആസ്ഥാന ഓഫീസിന്റെ പരിധിയിൽ വരുന്ന ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണെന്ന് പ്രസ്തുത സർക്കുലറിൽ നിഷ്കർഷിക്കുന്നു.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളെ ആധുനിക വൽക്കരിക്കുന്നതിനും അക്കൗണ്ടിങ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനുമായി ഏകീകൃത സോഫ്റ്റ്വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതിപ്രകാരം സഹകരണ സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് സോഫ്റ്റ്വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള ഓഡിറ്റ് മൊഡ്യൂളിന്റെ സോഫ്റ്റ്വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമഘട്ടത്തിലാണ്.

റിസ്ക് ഫണ്ട് ധനസഹായത്തിന് അർഹമാകുന്ന കാലാവധി

264(6139) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുറമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ അംഗങ്ങൾക്ക് റിസ്ക് ഫണ്ടിൽനിന്നും ധനസഹായം ലഭിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം വിഭാഗത്തിലാണ് റിസ്ക്ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നത് എന്നറിയിക്കാമോ?

പരിഷ്കരിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) **മരണാനന്തര സഹായം**

1) റിസ്ക് ഫണ്ട് ധനസഹായ തുക –1,00,000/-

ഈ പദ്ധതി 2008-ൽ ആരംഭിച്ചെങ്കിലും 2010 മുതലാണ് പ്രാവർത്തികമാക്കിയത്. 2010 മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കിനിൽപ്പോ, പരമാവധി 1,00,000/- രൂപയും മരണത്തീയതിവരെയുള്ള പലിശയും റിസ്ക് ഫണ്ട് ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നൽകിവരുന്നു.

2) റിസ്ക് ഫണ്ട് ധനസഹായ തുക – 1,50,000/-

30-03-2012 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽനിന്നും 1,50,000/- രൂപയാക്കി വർധിപ്പിച്ചു. അപ്രകാരം പരമാവധി 1,50,000/- രൂപയും മരണത്തീയതി വരെയുള്ള പലിശയും ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നൽകിവരുന്നു.

3)റിസ്ക് ഫണ്ട് ധനസഹായ തുക – 2,00,000/-

24-09-2019 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,50,000/- രൂപയിൽനിന്നും 2,00,000/- രൂപയാക്കി വർധിപ്പിച്ചു. അപ്രകാരം പരമാവധി 2,00,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നൽകിവരുന്നു.

ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽനിന്നും എത്ര വായ്പകളെടുത്താലും പരമാവധി 5,00,000/- രൂപവരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

4)റിസ്ക് ഫണ്ട് ധനസഹായത്തുക – 3,00,000/-

11-10-2022 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 2,00,000/- രൂപയിൽനിന്നും 3,00,000/- രൂപയാക്കി വർധിപ്പിച്ചു. അപ്രകാരം പരമാവധി 3,00,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നൽകിവരുന്നു.

ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽനിന്നും എത്ര വായ്പകളെടുത്താലും പരമാവധി 6,00,000/- രൂപവരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

II) മാരകരോഗം

1)ചികിത്സാ ധനസഹായ തുക – 75,000/-

ഈ പദ്ധതിയുടെ ആനുകൂല്യം 30-03-2012 തീയതി മുതൽ വായ്പയെടുത്തതിനുശേഷം മാരകരോഗം (ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം

ബാധിച്ചവർ) പിടിപെടുന്ന അംഗങ്ങൾക്കും വ്യവസ്ഥകൾക്ക് വിധേയമായി വായ്പാ ബാക്കിനില്പോ പരമാവധി 75,000/- രൂപയോ നൽകിവരുന്നു.

മാരകരോഗങ്ങളിൽ 29-02-2016 തീയതി മുതൽ ടി.ബി., ലിവർ സിറോസിസ് എന്നീ അസുഖങ്ങൾ കൂടി ഉൾപ്പെടുത്തുകയും ചെയ്തു.

2)ചികിത്സാ ധനസഹായ തുക –1,00,000/-

24-09-2019 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 75,000/- രൂപയിൽനിന്നും 1,00,000/- രൂപയാക്കി വർധിപ്പിച്ചു. അപ്രകാരം പരമാവധി 1,00,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നൽകിവരുന്നു.

മാരകരോഗങ്ങളിൽ 24-09-2019 തീയതി മുതൽ കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്തവിധം അവയവം മുറിച്ചുമാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ എന്നീ അസുഖങ്ങൾകൂടി ഉൾപ്പെടുത്തുകയും ചെയ്തു.

3)ചികിത്സാ ധനസഹായ തുക –1,25,000/-

11-10-2022 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽനിന്നും 1,25,000/- രൂപയാക്കി വർധിപ്പിച്ചു. അപ്രകാരം പരമാവധി 1,25,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നൽകിവരുന്നു.

4) ഓരോ വായ്പാത്തുകയിൽനിന്നും ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിത തുക 0.5 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100/- രൂപയും പരമാവധി 1,000/- രൂപയും എന്നത് 0.7 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100/- രൂപയും പരമാവധി 2,000/- രൂപയും ആയതിന്റെ ജി.എസ്.റ്റി.-യും എന്നാക്കി വർധിപ്പിച്ചു.

5) പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത നിലവിലുള്ള വായ്പാക്കാരെ അർഹതയ്ക്ക് വിധേയരായി ബാക്കിനിൽപ്പ് വായ്പാത്തുക അടിസ്ഥാനപ്പെടുത്തി റിസ്ക് ഫണ്ട് വിഹിതം ഈടാക്കി ഭേദഗതി തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പദ്ധതിയിൽ ചേർക്കാവുന്നതാണെന്നും പരിഷ്കരിച്ചു.

6) റിസ്ക് ഫണ്ട് നിയമാവലിയിലെ 27-09-2023-ലെ ഭേദഗതിയിലൂടെ പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത നിലവിലുള്ള വായ്പാക്കാരെ അർഹതക്ക് വിധേയരായി ബാക്കിനിൽപ്പ് വായ്പാത്തുക അടിസ്ഥാനപ്പെടുത്തി വർധിപ്പിച്ച

നിരക്കിലുള്ള റിസ്ക് ഫണ്ട് വിഹിതം ഈടാക്കി 10-04-2023 തീയതി മുതൽ എട്ട് മാസത്തിനുള്ളിൽ അടച്ച് പദ്ധതിയിൽ ചേർക്കാവുന്നതാണെന്നും പരിഷ്കരിച്ചു.

(സി) സഹകരണ ബാങ്കിൽനിന്നും ലോണെടുത്ത അംഗം മരണമടഞ്ഞാൽ ആറ് മാസത്തിൽ താഴെ കുടിശ്ശികയുള്ളവർക്കുമാത്രമാണ് റിസ്ക്ഫണ്ടിൽ നിന്നുള്ള ധനസഹായം ലഭിക്കുകയുള്ളുവെന്ന നിർദേശം പരിഷ്കരിക്കുന്നതിനും ചുരുങ്ങിയത് ഒരു വർഷക്കാലമെങ്കിലുമായി മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

നൂറ് ദിന കർമ്മ പരിപാടിയിൽ സഹകരണ മേഖലയുടെ പങ്കാളിത്തം

265(6140) ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരമുഖ - സഹകരണ – ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയമായ സംവിധാനം എന്ന നിലയിൽ സഹകരണ മേഖലയുടെ പങ്കാളിത്തം നവകേരള സൃഷ്ടിക്കായുള്ള സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സഹകരണ മേഖലയുടെ പങ്കാളിത്തം സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. കേരള മോഡൽ വികസന മാതൃകയുടെ നട്ടെല്ലാണ് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങൾ. അടിസ്ഥാന വികസന മേഖലയിൽ കേരളം കൈവരിച്ച വലിയ നേട്ടങ്ങൾക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർണ്ണായക പങ്കുണ്ട്. കേരളത്തിലെ നവോത്ഥാന മുന്നേറ്റത്തിന്റെയും കർഷക പുരോഗമന പ്രസ്ഥാനത്തിന്റെയും പ്രവർത്തനഫലമായാണ് സഹകരണ പ്രസ്ഥാനങ്ങൾക്ക് ശക്തമായ വേരോട്ടം ലഭിച്ചത്. സാധാരണക്കാർക്ക് ജോലി നൽകി ഉയർന്ന ജീവിതനിലവാരം പ്രദാനം ചെയ്യാനും സഹകരണ തത്വങ്ങളിൽ നിലയുറപ്പിച്ച് ആഗോള മുതലാളിത്ത ശക്തികൾക്കൊരു ബദലായും പ്രവർത്തിക്കാൻ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തെ ലോക നിലവാരത്തിലുള്ള സംസ്ഥാനമായി മാറ്റുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുള്ള അടിസ്ഥാന വികസന മേഖല, ഉയർന്ന ജീവിത നിലവാരം, വിദ്യാഭ്യാസ മേഖല, ആരോഗ്യ മേഖല തുടങ്ങി എല്ലാ മേഖലകളിലും സഹകരണ പ്രസ്ഥാനങ്ങളുടെ കയ്യൊപ്പ് കാണാൻ കഴിയും.

സംസ്ഥാനത്തിന്റെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യരംഗങ്ങളിൽ വളരെയധികം സംഭാവനകൾ നൽകിയിട്ടുള്ള സഹകരണ പ്രസ്ഥാനത്തിന് സംസ്ഥാനത്തെ സാമൂഹ്യ ജീവിതത്തെ ബാധിക്കുന്ന ഇടപെടലുകൾ നടത്താനുള്ള സാധ്യത വളരെ വലുതാണ്.

ചെറുകിട വ്യവസായം, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കൃഷി എന്നീ മേഖലകളിൽ പുതിയ സംരംഭങ്ങൾ തുടങ്ങാനായി വായ്പ നൽകി ടി സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ടുള്ള പദ്ധതികൾക്ക് വായ്പ നൽകി വരുന്നുണ്ട്.

(ബി) സർക്കാരിന്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, വിപണനം, പട്ടികജാതി-പട്ടികവർഗം, വനിതാ-സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകൾക്കെല്ലാം പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികൾ സഹകരണ മേഖലയിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാരിന്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, വിപണനം,

പട്ടികജാതി-പട്ടികവർഗം, വനിതാ-സാമൂഹ്യ ക്ഷേമം തുടങ്ങിയ മേഖലകൾക്കെല്ലാം പ്രാധാന്യം നൽകിക്കൊണ്ട് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ആരോഗ്യം

- **ടെക്നോ പാർക്ക് ഹോസ്പിറ്റൽ സഹകരണ സംഘത്തിൽ ആധുനിക മൈക്രോബയോളജി ലാബ്**

  സർക്കാർ ധനസഹായത്തോടെ ടെക്നോ പാർക്ക് ഹോസ്പിറ്റൽ സഹകരണ സംഘത്തിൽ റേഡിയോളജി, ഡിജിറ്റൽ മാമോഗ്രാഫി തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ ആധുനിക മൈക്രോ ബയോളജി ലാബ് ആരംഭിച്ചു.

വിദ്യാഭ്യാസം

- **കേപ്പിന്റെ മുട്ടത്തറ എഞ്ചിനീയറിങ് കോളേജ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കൽ**

കേപ്പിന്റെ മുട്ടത്തറ എഞ്ചിനീയറിങ് കോളേജ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി .

- **കേപ്പിൽ ടെക്ഫെസ്റ്റ്**

സാങ്കേതികവിദ്യ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിനും വിദ്യാർഥികളുടെ നിലവാരം ഉയർത്തുന്നതിനുമായുള്ള പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ കിടങ്ങൂർ എഞ്ചിനീയറിങ് കോളേജിൽ വച്ച് 2023 ഏപ്രിൽ 28, 29 തീയതികളിൽ ടെക്ഫെസ്റ്റും മെയ് 4, 5 തീയതികളിൽ കൾച്ചറൽ ഫെസ്റ്റ് സംഘടിപ്പിച്ചു.

- **നൈപുണ്യം**

നൈപുണ്യ വികസനത്തിൽ പരിശീലനം നേടുന്ന വിദ്യാർഥികൾക്കും യുവജനങ്ങൾക്കും പരിശീലനം ലഭിക്കുന്നതിന് കോഴ്സ് ഫീ വായ്പയായി നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു.

- **സഹകരണ ലൈബ്രറി.**

100 സഹകരണ ഗ്രന്ഥാലയങ്ങളെ നവീകരിക്കുന്നതിന് സഹകരണ സംസ്കൃതി എന്ന സാംസ്കാരികോത്സവം സംഘടിപ്പിച്ചു.

കൃഷി

- **നമ്മുടെ കൃഷി, നമ്മുടെ ഭക്ഷണം പദ്ധതി.**

സഹകരണ വകുപ്പ്/സഹകരണ സ്ഥാപനങ്ങൾ മുഖേന സംസ്ഥാനത്തെ തരിശുഭൂമിയിൽ കൃഷി നടപ്പാക്കുന്ന പദ്ധതിപ്രകാരം നാളിതുവരെ 500 ഏക്കർ സ്ഥലത്ത് ടി പദ്ധതി നടപ്പാക്കിയിട്ടുണ്ട് .

വിപണനം

- **സഹകരണ എക്സ്പോ – 2023**

സഹകരണ സംഘങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനും ബിസിനസ് പ്രൊമോട്ട് ചെയ്യുന്നതിനും വേദിയൊരുക്കുന്ന പദ്ധതി 2023 ഏപ്രിൽ 22 മുതൽ 2023 ഏപ്രിൽ 30 വരെ എറണാകുളം ജില്ലയിൽ സംഘടിപ്പിച്ചു.

- ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം പദ്ധതി

സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത 100 ഗുണമേന്മയുള്ള ഉൽപന്നങ്ങൾ ഒറ്റ ബ്രാൻഡിനുകീഴിലാക്കി പൊതുട്രേഡ് മാർക്കോടെ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്ന പദ്ധതി നടപ്പാക്കി.

- **ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ മൂന്ന് ആധുനിക കോഫി ഷോപ്പുകൾ ആരംഭിക്കുന്ന പദ്ധതി.**

വിനോദസഞ്ചാരികൾക്കും മറ്റുള്ളവർക്കും ടൂർ ഫെഡിന്റെ ആഭിമുഖ്യത്തിൽ കുറഞ്ഞ ചെലവിൽ ഭക്ഷണ വിഭവങ്ങൾ ലഭ്യമാക്കുന്ന പദ്ധതി. നിലവിൽ അഴീക്കൽ ബീച്ചിനുസമീപം ഒരു ടൂർ ഫെഡ് ഹൈജീനിക് കഫേ ആരംഭിച്ചിട്ടുണ്ട്.

പട്ടികജാതി–പട്ടികവർഗ മേഖല

- **എസ്.സി./ എസ്.ടി. സഹകരണ സംഘങ്ങൾക്കായുള്ള പദ്ധതി**

സംസ്ഥാനത്തെ എസ്.സി./എസ്.ടി. സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായുള്ള പദ്ധതിപ്രകാരം വിവിധ എസ്.സി./എസ്.ടി. സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

വനിതാ–സാമൂഹ്യക്ഷേമം

- **കുടുംബത്തിന് ഒരു കരുതൽ ധനം പദ്ധതി.**

കുടുംബത്തിന് വിഷമഘട്ടത്തിൽ കരുതലാകുന്ന തരത്തിൽ നിക്ഷേപവുമായി ബന്ധിപ്പിച്ച് സഹായം നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു.

- **കെയർ ഹോം രണ്ടാം ഘട്ടം ഭവനസമുച്ചയ നിർമ്മാണ പദ്ധതി**

പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി നടപ്പാക്കിയ പദ്ധതിയുടെ രണ്ടാംഘട്ടം പാലക്കാട് ജില്ലയിലും കണ്ണൂർ ജില്ലയിലെ 18 കുടുംബങ്ങൾക്കുള്ള ഭവന സമുച്ചയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടത്തി പ്രവർത്തനം പുരോഗമിക്കുന്നു.

- **യുവതികൾക്കായി മൂന്ന് സഹകരണ സംഘങ്ങൾ**

യുവതികൾക്കായി കോട്ടയം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ മൂന്ന് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ചതിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹകരണ വകുപ്പിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

- കേരള സർക്കാരിന്റെ ഒന്നാം നൂറു ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെയുള്ള കാലയളവിൽ സഹകരണ വകുപ്പ്/സഹകരണ സ്ഥാപനങ്ങൾ മുഖേന സ്ഥിരം തൊഴിൽ സൃഷ്ടിച്ചും കേരള ബാങ്ക്, സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ, മറ്റു സഹകരണ സംഘങ്ങൾ എന്നിവയിലൂടെ തൊഴിലധിഷ്ഠിതമായ സൂക്ഷ്മ-ചെറുകിട

സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് 10000 തൊഴിലുറപ്പാക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. പദ്ധതി കാലയളവിൽ സഹകരണ വകുപ്പ്/സഹകരണ സ്ഥാപനങ്ങൾ മുഖേന 425 സ്ഥിരം തൊഴിലുകളും 20,153 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 20,578 തൊഴിൽ സൃഷ്ടിച്ചിട്ടുണ്ട്.

- രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി 2022 ഫെബ്രുവരി 10 മുതൽ മെയ് 20 വരെയുള്ള കാലയളവിൽ സഹകരണവകുപ്പ്/സഹകരണ സ്ഥാപനങ്ങൾ മുഖേന 500 സ്ഥിരം തൊഴിൽ സൃഷ്ടിക്കുന്നതിനും കേരള ബാങ്ക്, സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ, മറ്റു സഹകരണ സംഘങ്ങൾ എന്നിവയിലൂടെ തൊഴിലധിഷ്ഠിതമായ സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് 19,500 തൊഴിൽ ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. ടി പദ്ധതി കാലയളവിൽ 759 സ്ഥിരം തൊഴിലുകളും 34942 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 35701 തൊഴിൽ/ തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) ന്നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി തൊഴിലധിഷ്ഠിതമായ സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നിവയ്ക്ക് സഹകരണ സംഘങ്ങൾ സഹായം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

മൂന്നാം ന്നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി തൊഴിലധിഷ്ഠിതമായ സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നിവയ്ക്ക് സഹായഹസ്തം പദ്ധതി മുഖേന സഹകരണ സംഘങ്ങൾ വഴി 14 ജില്ലകളിലായി 2949 വായ്പകളിലായി 5.89 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

സഹകരണമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ

266(6141) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലവഴി പ്രാദേശിക സമ്പദ്ഘടനയെ സംരക്ഷിച്ച് ശക്തിപ്പെടുത്തുന്നതിന് സമഗ്ര കർമ്മപരിപാടി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ മേഖലയിലൂടെ പ്രാദേശിക സമ്പദ്ഘടനയെ സംരക്ഷിച്ച് ശക്തിപ്പെടുത്തുന്നതിന് സമഗ്ര സഹകരണ കർമ്മപദ്ധതി രൂപീകരിച്ച് സഹകരണ നയമായി സ.ഉ.(അച്ചടി) നം. 73/2018/സഹ. പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആഗോളവൽക്കരണവും സാമ്പത്തികപരിഷ്കാരങ്ങളും ഉയർത്തുന്ന വെല്ലുവിളികൾ ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെല്ലാം പലതരത്തിൽ അനുഭവിക്കുമ്പോഴും കേരളം വലിയൊരളവുവരെ ഇവയെ അതിജീവിക്കുന്നത് ഇവിടത്തെ നയസമീപനങ്ങളും വിപുലമായ സഹകരണമേഖലയും കാരണമാണ്. ആ നിലയ്ക്ക്, ഒറ്റനോട്ടത്തിൽത്തന്നെ ആഗോളവൽക്കരണത്തിനും സാമ്പത്തികപരിഷ്കാരങ്ങൾക്കുമുള്ള ഫലപ്രദമായ ബദലാണ് സഹകരണമേഖല. കേരളത്തെ മികച്ച നിലവാരത്തിലുള്ള സംസ്ഥാനമായി മാറ്റുന്നതിലും അടിസ്ഥാനവികസന മേഖലയിൽ വലിയ നേട്ടങ്ങൾ കൈവരിക്കുക എന്നതുമാണ് സമഗ്രസഹകരണ കർമ്മപദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) പാർശ്വവൽകൃത ജനവിഭാഗങ്ങൾക്കായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണമേഖലയെ സജ്ജമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

പാർശ്വവൽകൃത ജനവിഭാഗങ്ങൾക്കായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണമേഖലയെ സജ്ജമാക്കാൻ ചുവടെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ഭിന്നശേഷിക്കാർക്കായുള്ള സഹകരണ സംഘങ്ങൾ

സർക്കാരിന്റെ മൂന്നാം നൂറുദിന കർമ്മപരിപാടിയിലുൾപ്പെടുത്തി ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി നൂതനപരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള ഡിഫറന്റ്ലി ഏബിൾഡ് പേഴ്സൺസ് വെൽഫെയർ സർവീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4508-ന്റെ പ്രവർത്തനോദ്ഘാടനം 13-05-2023-ന് നടത്തിയിരുന്നു.

ട്രാൻസ്ജെൻഡർ സഹകരണ സംഘം

കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയാക്കിക്കൊണ്ട് തിരുവനന്തപുരം ആസ്ഥാനമായി ട്രാൻസ്ജെൻഡേഴ്സ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4498, രൂപീകരിച്ചെങ്കിലും നിലവിൽ ടി സംഘം പ്രവർത്തനരഹിതമാണ്. സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വനിതാസഹകരണസംഘങ്ങൾക്കും വനിതാ ഫെഡറേഷനുമുള്ള ധനസഹായ പദ്ധതി

ഈ പദ്ധതിയിലുൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷം 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങളുടെ കീഴിൽ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായുള്ള പ്രോജക്ടുകൾക്കുള്ള ധനസഹായം, വിവിധ പരിശീലന പരിപാടികൾ/ശില്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം, ദുർബല വനിതാസംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സഹായം എന്നീ ഘടകങ്ങൾ ടി പദ്ധതിയിലുൾപ്പെടുന്നു.

എസ്.സി./എസ്.ടി. സഹകരണ സംഘങ്ങൾക്കായുള്ള പദ്ധതി

സംസ്ഥാനത്തെ എസ്.സി./എസ്.ടി. സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള പദ്ധതിയാണിത്. ടി പദ്ധതിപ്രകാരം വിവിധ എസ്.സി./എസ്.ടി. സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

സ്നേഹതീരം

കേരളത്തിലെ തീരദേശ ജില്ലകളിലേയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലേയും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോണനുവദിച്ച് അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വായ്പ നൽകുന്നതിന് 17-05-2022-ലെ സ.ഉ.(സാധാ)നം.341/2022/Co-op. പ്രകാരം സ്നേഹതീരം വായ്പാ പദ്ധതി നടപ്പാക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചു.

പട്ടികജാതി/പട്ടികവർഗ യുവ സഹകരണസംഘങ്ങൾ

ഒരു ജില്ലയിൽ ഒന്നുവീതം 14 ജില്ലകളിലും പട്ടികജാതി/പട്ടികവർഗ യുവ സഹകരണ സംഘങ്ങൾ രൂപീകരിച്ചു.

KB- Wadi Loan

ആദിവാസി മേഖലയുടെ വികസനത്തിനും, മുഖ്യമായി തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനും സാമൂഹിക-സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി കേരള ബാങ്കുവഴി KB-Wadi Loan നൽകിവരുന്നു.

(സി) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളെ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പുതിയ മേഖലകളിലേയ്ക്ക് പ്രവർത്തനം വിപുലപ്പെടുത്തി കൂടുതൽ പുതിയകാല തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് സഹകരണവകുപ്പ്/സഹകരണ സ്ഥാപനങ്ങൾ മുഖേന സഹകരണ മേഖലയിൽ 6608 സ്ഥിരം തൊഴിലുകളുൾപ്പെടെ പ്രത്യക്ഷമായും പരോക്ഷമായും 142208 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

പുതിയ മേഖലയിലേയ്ക്ക് പ്രവർത്തനം വിപുലപ്പെടുത്തി കൂടുതൽ പുതിയകാല തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളുൾപ്പെടുത്തി നാലാം ന്യൂദിന പദ്ധതി നടപ്പാക്കുന്നുണ്ട്.

(ഡി) പ്രാദേശിക ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് സഹകരണ ബാങ്കുകൾവഴി നൂതനപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആവിഷ്കരിച്ചിട്ടുണ്ട്.

- മൂന്നാം ന്യൂദിന കർമ്മപരിപാടിയുടെ ഭാഗമായി തൊഴിലധിഷ്ഠിതമായ സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നിവയ്ക്ക് സഹായഹസ്തം പദ്ധതിമുഖേന സഹകരണ സംഘങ്ങൾവഴി 14 ജില്ലകളിലും 2949 വായ്പകളിലായി 5.89 കോടിരൂപ വിതരണം ചെയ്തിട്ടുണ്ട്.

- പ്രാദേശിക ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് കേരള ബാങ്കുവഴി KB-സുവിധ, സുവിധ

പ്ലസ്, KB-Mithra (MSME), KB-യുവമിത്ര എന്നീ വായ്പാ പദ്ധതികൾ നടപ്പാക്കിവരുന്നു.

റിസ്ക് ഫണ്ട് അപേക്ഷകളിന്മേലുള്ള തീരുമാനം

267(6142) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ടിനുള്ള അപേക്ഷ ലഭിച്ചാൽ തുക അനുവദിക്കാൻ നിലവിൽ എത്ര സമയമെടുക്കുമെന്നറിയിക്കാമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ അർഹതയുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ച് ധനസഹായം അനുവദിക്കുന്നതിന് നിലവിൽ ഒരു മാസം മുതൽ ആറുമാസംവരെ സമയമെടുക്കാറുണ്ട്. ന്യൂനതയുള്ള അപേക്ഷകളിൽ ബാങ്ക്/സംഘത്തിന് ന്യൂനത പരിഹരിക്കാനുള്ള കത്തുനൽകി ന്യൂനത പരിഹരിച്ച് ലഭ്യമാകുന്ന മുറയ്ക്കാണ് ധനസഹായം അനുവദിച്ചുനൽകുന്നത്.

(ബി) എന്നുവരെ ലഭിച്ച അപേക്ഷകളിന്മേലാണ് നിലവിൽ തീരുമാനമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

റിസ്ക് ഫണ്ട് ധനസഹായത്തിനായി ബോർഡിൽ ലഭിച്ച അപേക്ഷകളിൽ നിലവിൽ തീരുമാനമെടുത്തിട്ടുള്ളതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) കണ്ണൂർ ജില്ലയിൽ എത്ര അപേക്ഷകളാണ് നിലവിൽ തീർപ്പുകല്പിക്കാൻ ബാക്കിയുള്ളതെന്നറിയിക്കാമോ?

കണ്ണൂർ ജില്ലയിൽ നിലവിൽ 1028 പുതിയ അപേക്ഷകൾ തീർപ്പുകല്പിക്കാൻ ബാക്കിനില്പുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (21-05-2024) കണ്ണൂർ ജില്ലയിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി ആകെ 8272 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 3293 അപേക്ഷകളിലായി 25.69 കോടി രൂപയുടെ ധനസഹായവും 21-05-2021-നുമുമ്പുള്ള 2659 അപേക്ഷകളിലായി 16.87 കോടി രൂപയുമുൾപ്പെടെ ആകെ 5952 അപേക്ഷകളിലായി 42.56 കോടി രൂപയുടെ ധനസഹായവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചുനൽകിയിട്ടുണ്ട്. 315 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുണ്ട്. ന്യൂനതയുള്ള 3636 അപേക്ഷകളിൽ, ന്യൂനത പരിഹരിക്കാനായി സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നു.

നൂറുദിന കർമ്മപരിപാടികൾ സഹകരണ മേഖലയിൽ

268(6143) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് മുൻഗണനാ മേഖലകൾ നിശ്ചയിച്ച് നടപ്പാക്കിയ നൂറുദിന കർമ്മപരിപാടികളിലൂടെ സഹകരണ മേഖലയിലുണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

നൂറുദിന കർമ്മപരിപാടികളിലൂടെ സഹകരണ മേഖലയിലുണ്ടായ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. യുവജനങ്ങൾക്കായി 25 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് ലക്ഷ്യമിട്ടപ്രകാരം 31 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

2. 100 സഹകരണ ഗ്രന്ഥാലയങ്ങളെ നവീകരിക്കുന്നതിന് സഹകരണ സംസ്കൃതി എന്ന സാംസ്കാരികോത്സവം സംഘടിപ്പിച്ചു.

3. സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത 100 ഗുണമേന്മയുള്ള ഉൽപന്നങ്ങൾ ഒറ്റ ബ്രാൻഡിനുകീഴിലാക്കി പൊതുട്രേഡ് മാർക്കോടെ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരാനായി.

4. സഹകരണ വകുപ്പിൽ ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ടീം ആഡിറ്റ് സംവിധാനം നടപ്പാക്കി.

5. തിരുവനന്തപുരം ആസ്ഥാനമായി കേരള സ്റ്റേറ്റ് ഐ.ടി. പ്രൊഫഷണൽസ് സഹകരണ സംഘം രൂപീകരിക്കാനായി.

6. സർക്കാർ ധനസഹായത്തോടെ ടെക്നോപാർക്ക് ഹോസ്പിറ്റൽ സഹകരണ സംഘത്തിൽ, റേഡിയോളജി, ഡിജിറ്റൽ മാമോഗ്രാഫി

തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ ആധുനിക മൈക്രോബയോളജി ലാബ് ആരംഭിച്ചു.

7. ഗിഗ് പ്ലാറ്റ്ഫോം വർക്കേഴ്സ്, ഓൺലൈൻ വിപണന ശൃംഖലയിലെ ജീവനക്കാരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിനുള്ള സഹകരണസംഘം രൂപീകരിച്ചു.

8. ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളിലുൾപ്പെട്ടവർക്ക് ഇളവുകളോടെ കേസുകൾ തീർപ്പാക്കുന്നതിനും വായ്പകൾ അവസാനിപ്പിക്കുന്നതിനുമുള്ള പദ്ധതി നടപ്പാക്കുകയും 28401 ആർബിട്രേഷൻ കേസുകൾ തീർപ്പാക്കുകയും ചെയ്തു.

9. കേരള ബാങ്കിലെ എല്ലാ ബ്രാഞ്ചുകളുടെയും പ്രവർത്തനത്തെ കോർത്തിണക്കി സമ്പൂർണ്ണ സി.ബി.എസ്. സിസ്റ്റം നടപ്പാക്കി, എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ട്.

10. സഹകരണ പരീക്ഷാ ബോർഡിന്റെ നടത്തിപ്പ് പൂർണ്ണമായും ഓൺലൈനായി മാറ്റി.

11. സഹകരണ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ ആഫീസുകളിലും പൂർണ്ണമായും ഇ-ഓഫീസ് സംവിധാനം നടപ്പാക്കി.

12.സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കുന്ന പദ്ധതിപ്രകാരം 9 ജില്ലകളിലായി 18 ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി പെയ്ഡ് പാലിയേറ്റീവ് കെയർ പദ്ധതി ആരംഭിച്ചു.

13.സഹകരണ നവരത്നം ബംബർ ലോട്ടറി നടത്തിപ്പിലൂടെ ലഭിച്ച ലാഭവിഹിതത്തിൽനിന്നും അശരണരായ സഹകാരികൾക്ക് ധനസഹായം നൽകാൻ കഴിഞ്ഞു.

14.കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരന്മാരുടെ ഉന്നമനത്തിനായി കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) എന്നപേരിൽ കലാകാരന്മാരുടെ സഹകരണസംഘം രൂപീകരിച്ചു.

15.വിവിധ സഹകരണ ബാങ്കുകൾ മുഖേന “സഹകരണം സൗഹൃദം” എന്നപേരിൽ ഭിന്നശേഷി വിഭാഗത്തിലുൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 519 വായ്പകളിലായി 43,026,072/- രൂപ വിതരണം ചെയ്തു.

16.സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പാക്കുന്ന പദ്ധതിപ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്.

(ബി) ഒന്നാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി പൂർത്തിയാക്കിയ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

ഒന്നാം നൂറുദിന കർമ്മപദ്ധതിപ്രകാരം 6 പദ്ധതികളുൾപ്പെടുത്തുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതുസംബന്ധിച്ച വിവരണം ചുവടെ ചേർക്കുന്നു.

1. <u>കെയർഹോം പദ്ധതി രണ്ടാംഘട്ടം</u>

2018, 2019 എന്നീ കാലയളവിലുണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും ഇരയായവരെ പുനരധിവസിപ്പിക്കുന്നതിനായി

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ കെയർഹോം രണ്ടാംഘട്ട പദ്ധതിപ്രകാരം 40 കുടുംബങ്ങൾക്കുള്ള ഭവനസമുച്ചയം നിർമ്മിച്ചുനൽകി.

2. യുവസംരംഭകർക്കായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്ന പദ്ധതി.

പദ്ധതിപ്രകാരം യുവസംരംഭകർക്കായി 31 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

3. വനിതാ സഹകരണ സംഘങ്ങൾ വഴി മിതമായ നിരക്കിൽ മാസ്ക്, സാനിറ്റൈസർ ഉൾപ്പെടെയുള്ള കോവിഡ് പ്രതിരോധ ഉൽപന്നങ്ങളുടെ 10 നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി.

കോവിഡ് പ്രതിരോധ സാമഗ്രികൾ നിർമ്മിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വിവിധ ജില്ലകളിലായി 10 വനിതാ സഹകരണസംഘങ്ങൾ വഴി 10 യൂണിറ്റുകളാരംഭിച്ചു.

4. സംസ്ഥാനമാകെ അധികാരപരിധിയോടുകൂടി ഒരു നെല്ല് സഹകരണ സംഘം രൂപീകരിക്കുന്നതിനും പാലക്കാട് റൈസ് മിൽ മാതൃകയിൽ കുട്ടനാട്, അപ്പർ കുട്ടനാട് ആസ്ഥാനമാക്കി ഒരു സംഭരണ-സംസ്കരണ വിപണന സഹകരണസംഘം രജിസ്റ്റർ ചെയ്ത് രണ്ട് ആധുനിക റൈസ് മില്ലുകൾ ആരംഭിക്കുന്ന പദ്ധതി.

പ്രസ്തുത കാലയളവിൽ സംഘം രൂപീകരിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വിദ്യാതരംഗിണി.

കോവിഡ് മഹാമാരിക്കാലത്ത് ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള വിദ്യാർഥികളുടെ ഓൺലൈൻ പഠനത്തിനായി മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി ഒരു വ്യക്തിക്ക് 10,000/- രൂപവരെ പലിശരഹിത വായ്പ ലഭിക്കുന്ന പദ്ധതി. ടി പദ്ധതി 2021 ജൂൺ 25 മുതൽ ജൂലൈ 31 വരെ നടപ്പാക്കിയിരുന്നു.

6. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി

പദ്ധതിയുമായി ബന്ധപ്പെട്ട് കേരളാ ബാങ്ക് വഴിയും സഹകരണ സ്ഥാപനങ്ങൾ വഴിയും തൊഴിലധിഷ്ഠിതമായ ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നിവയ്ക്കായി വായ്പകൾ അനുവദിച്ച് പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) രണ്ടുംമൂന്നും നൂറുദിന കർമ്മപരിപാടികളിൽ ഏറ്റെടുത്ത പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ; നാലാം നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പദ്ധതികൾ തയ്യാറാക്കിവരുന്നു.

പൂഞ്ഞാർ മണ്ഡലത്തിലെ റിസ്ക് ഫണ്ട് അപേക്ഷകൾ

269(6144) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പൂഞ്ഞാർ മണ്ഡലത്തിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി എത്രപേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ബാങ്ക് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഈ സർക്കാർ വന്നശേഷം പൂഞ്ഞാർ മണ്ഡലത്തിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി ആകെ 211 അപേക്ഷകളിലായി 203 പേർ

അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ബാങ്ക്/സംഘം അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

65 അപേക്ഷകളിലായി 64 പേർക്ക് 76,32,004/- രൂപയുടെ ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. ആയതിന്റെ ബാങ്ക്/സംഘം അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) അവശേഷിക്കുന്ന അപേക്ഷകളിൽ അർഹരായവർക്ക് പ്രസ്തുത ആനുകൂല്യം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ബോർഡിൽ ലഭ്യമായ 211 അപേക്ഷകളിൽ 65 അപേക്ഷകളിൽ ധനസഹായം അനുവദിച്ചുനൽകിയിട്ടുള്ളതും 50 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതുമാണ്.

ബാക്കിനിൽപ്പുള്ള 96 അപേക്ഷകളിൽ 57 അപേക്ഷകൾ ന്യൂനത പരിഹരിക്കാനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കത്തുനൽകിയിട്ടുള്ളതും 12 അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതും 27 അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ഫയൽ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

അവശേഷിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിൽനിന്നും ന്യൂനത പരിഹരിച്ച് ലഭിക്കാനുള്ളത് ലഭ്യമാകുന്ന മുറയ്ക്കും ബോർഡിൽ ലഭ്യമായ പുതിയ അപേക്ഷകളിൽ നിയമാവലി നിബന്ധനകൾക്കുവിധേയമായി സമയബന്ധിതമായും ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് മെഡിക്കൽ ഇൻഷ്വറൻസ് സ്കീം

270(6145) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മെഡിസെപ്പ് മാതൃകയിൽ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് മെഡിക്കൽ ഇൻഷ്വറൻസ്

സ്കീം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ഒരു കരട് സ്കീം തയ്യാറാക്കി സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് ധനകാര്യ വകുപ്പിന്റെകൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിൽ വരുത്തുമ്പോൾ സംഘങ്ങൾക്കുണ്ടാകുന്ന സാമ്പത്തികബാധ്യത പരിശോധിച്ചും ഇൻഷ്വറൻസ് കമ്പനികളുമായി കൂടിയാലോചനകൾ നടത്തി Final Package Cost നിലവിലുള്ള നിരക്കിനനുസരിച്ച് പുനർനിർണ്ണയിച്ചും അതിനനുസരിച്ച് പ്രീമിയം തുക നിർണ്ണയിച്ചും ആശ്രുപത്രികളുടെ പങ്കാളിത്തം ഉറപ്പാക്കിയും ഗുണഭോക്തൃവിഹിതം ആവശ്യമുണ്ടെങ്കിൽ അത് നിശ്ചയിച്ചും സ്കീം പുനഃസമർപ്പിക്കാൻ സഹകരണസംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ്

ഇൻഷ്വറൻസ് സൊസൈറ്റി (കോയിൻസ്) സമർപ്പിച്ച ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ കരട് സ്കീമിന്മേലും നിർദേശങ്ങളിന്മേലും ധനകാര്യ-ആരോഗ്യ-കുടുംബക്ഷേമ വകുപ്പുകളുമായി ചർച്ച നടത്തുകയും സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ സ്കീം, ബന്ധപ്പെട്ടവരുമായി തുടർചർച്ചകൾ നടത്തി തയ്യാറാക്കി സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കേരള ബാങ്കിന്റെ ജപ്തി നടപടികൾ

271(6146) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്ക് നിലവിൽ വന്നതിനുശേഷം നാളിതുവരെ എത്ര ജപ്തി നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും എത്രയെണ്ണത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്നും എത്രയെണ്ണത്തിൽ നടപടി പൂർത്തീകരിച്ച് തുക ഈടാക്കാൻ സാധിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

കേരളാ ബാങ്ക് നിലവിൽ വന്നശേഷം നാളിതുവരെ 32046 ജപ്തി നോട്ടീസുകൾ നൽകുകയും 3669 എണ്ണത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും 52 എണ്ണത്തിൽ ജപ്തി നടപടി പൂർത്തീകരിച്ച് തുക ഈടാക്കാനും സാധിച്ചിട്ടുണ്ട്.

(ബി) കേരളാ ബാങ്ക് നാളിതുവരെ എത്ര തുക കിട്ടാക്കടമായി എഴുതിത്തള്ളിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കേരളാ ബാങ്ക് രൂപീകൃതമായതിനുശേഷം വായ്പകളിൽ കിട്ടാക്കടമായി ഉണ്ടായിരുന്നതിൽ 2020-21 സാമ്പത്തിക വർഷത്തിൽ 1,44,80,941/- രൂപ മുതലിനത്തിലും 2,70,87,858/- രൂപ പലിശയിനത്തിലും 2021-22 സാമ്പത്തിക വർഷത്തിൽ 22,04,111/- രൂപ മുതലിനത്തിലും 20,46,211/- രൂപ പലിശയിനത്തിലും 2022-23 സാമ്പത്തിക വർഷത്തിൽ 27,65,866/- രൂപ മുതലിനത്തിലും 48,83,774/- രൂപ പലിശയിനത്തിലുമായി എഴുതിത്തള്ളിയിട്ടുണ്ട്.

കേരളാ ബാങ്കിനെ തരംതാഴ്ത്തിയ നടപടി

272(6147) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് കേരളാ ബാങ്കിനെ 'സി' ഗ്രേഡിലേയ്ക്ക് തരംതാഴ്ത്തിയപ്പോൾ വ്യക്തിഗത വായ്പകളുടെ പരിധി കുറഞ്ഞത് പ്രാഥമിക സഹകരണ സംഘങ്ങളെ ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങളുടെ വായ്പ ഇടപാടുകളിൽ ഇത് ഏതൊക്കെ രീതിയിൽ പ്രതിഫലിക്കും; വിശദാംശം നൽകുമോ?

(എ&ബി) കേരളാ ബാങ്കിന്റെ റേറ്റിങ് റിസർവ് ബാങ്ക് മാറ്റിയിട്ടില്ല. ഇന്ത്യയിൽ സഹകരണ ബാങ്കുകളുടെ ഗ്രേഡിങ്, സൂപ്പർവൈസർ എന്ന നിലയിൽ നബാർഡാണ് നടത്തുന്നത്. ആയതുപ്രകാരം 2022-23 വാർഷിക പരിശോധനയിൽ ഗ്രേഡിങ് വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള റേറ്റിങ് വ്യതിയാനം സംബന്ധിച്ച വായ്പാപരിധിയിൽനിന്ന് നബാർഡ് കാർഷിക വായ്പകളെയും ഭവന വായ്പകളെയും സഹകരണ സംഘങ്ങളുടെ വായ്പകളെയും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഗ്രേഡിങ് വ്യത്യാസം സഹകരണ സംഘങ്ങളെ യാതൊരുവിധത്തിലും ബാധിക്കില്ല.

കേരളാ ബാങ്കിന്റെ പ്രവർത്തനങ്ങളുടെ ജനകീയവൽക്കരണം

273(6148) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്കിന്റെ പ്രവർത്തനം ജനകീയവൽക്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കേരളാ ബാങ്കിന്റെ പ്രവർത്തനങ്ങൾ ജനകീയവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

കേരളാ ബാങ്ക് രൂപീകരണത്തിനുശേഷം റിസർവ് ബാങ്ക് നിർദേശിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി മൂലധനപര്യാപ്തതയുടെ നിലവാരം നിലനിർത്തുന്നതിനായി സർക്കാർ ഓഹരിയായി ധനസഹായം ബാങ്കിന് നൽകിയിട്ടുണ്ട്. നിലവിൽ കേരളാബാങ്കിൽ സർക്കാരിന് 42% ഓഹരി വിഹിതമുണ്ട്. കൂടാതെ സർക്കാർ അനുമതിയോടും റിസർവ് ബാങ്കിന്റെ നിർദേശങ്ങൾക്കനുസൃതമായും 570 കോടി രൂപ വായ്പാസംഘങ്ങളിൽനിന്നും Long Term Subordinated Debt ആയി സമാഹരിക്കുന്നതിന് സാധിച്ചതിലൂടെ

ബിസിനസ്സ് വികസനപ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ബാങ്കിന് സാധിച്ചു.

കാർഷികമേഖലയുടെ ശക്തീകരണത്തിനായി പ്രാഥമിക സംഘങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിന് സാധിച്ചു. വായ്പാപദ്ധതികൾ ഏകീകരിക്കുകയും എല്ലാ ജനവിഭാഗങ്ങൾക്കും അനുയോജ്യമായ രീതിയിൽ പുതിയ വായ്പാപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ കാർഷിക അനുബന്ധ മേഖലകളിലും കാർഷിക സംസ്കരണ മേഖലയിലും മൂല്യവർധിത ഉൽപന്നങ്ങളുടെ നിർമ്മാണസംരംഭങ്ങൾക്കും വായ്പാപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

കേരളാ ബാങ്കിൽ IT Integration നടപ്പാക്കിയതുവഴി ആധുനിക ബാങ്കിങ് സേവനങ്ങൾ അംഗങ്ങൾക്കും ഇടപാടുകാർക്കും നൽകുന്നതിന് സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ വിവിധ പെൻഷൻ വിഹിതങ്ങൾ ഇടപാടുകാരുടെ അക്കൗണ്ടിൽ ചേർത്തിരിക്കുന്ന ആധാർ

അടിസ്ഥാനപ്പെടുത്തി നൽകുന്നതിന് ഇന്റഗ്രേഷനുശേഷം ബാങ്കിന് സാധിക്കുന്നുണ്ട്.

കേരളാ ബാങ്കിന്റെ സാമ്പത്തികസ്ഥിതി ശക്തമാകയാൽ നബാർഡിൽനിന്നും പുനർവായ്പാത്തുക വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുവഴി കാർഷിക വായ്പാത്തോത് വർധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മൈക്രോഫിനാൻസ് രംഗത്തും ഫലപ്രദമായ ഇടപെടൽ സാധ്യമായിട്ടുണ്ട്.

മേൽപ്രവർത്തനങ്ങളിലൂടെ കേരള സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കേരളാബാങ്കിന് നല്ല രീതിയിൽ ഇടപെടലുകൾ നടത്തുന്നതിനും ബാങ്കിന്റെ പ്രവർത്തനങ്ങൾ ജനകീയവൽക്കരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ബി) മറ്റ് പുതുതലമുറ ബാങ്കുപോലെ കേരളാ ബാങ്കിൽനിന്ന് ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ വിശദമാക്കാമോ?

കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് 29-11-2019-ൽ കേരളാ ബാങ്ക് രൂപീകരിച്ചതിനെത്തുടർന്ന് ഒക്ടോബർ 2021-ൽ ബാങ്കിൽ IT ഇന്റഗ്രേഷൻ

പ്രവർത്തങ്ങളാരംഭിച്ചു. 14 തരത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സംവിധാനങ്ങളെ എകീകൃതമായ ഒറ്റ സംവിധാനമായി മാറ്റുന്ന പ്രക്രിയ 2022 ഡിസംബർ 26-ന് പൂർത്തീകരിക്കാൻ സാധിച്ചു. ഇതുവഴി കേരളാ ബാങ്കിന് നിലവിൽ പുതുതലമുറ ബാങ്കുകൾ നൽകുന്ന എല്ലാ സേവനങ്ങളും നൽകുന്നതിന് സാധിച്ചിട്ടുണ്ട്. അംഗങ്ങൾക്ക്/ഇടപാടുകാർക്ക് ഇന്ത്യയിലെ മറ്റ് ദേശസാൽകൃത ബാങ്കുകൾ നൽകിവരുന്ന എല്ലാവിധ ആധുനിക ബാങ്കിങ് സൗകര്യങ്ങളും കുറഞ്ഞ നിരക്കിൽ കരഗതമാകുന്നു.

RTGS/NEFT, CTS, IMPS, Clearing house, സമ്പൂർണ്ണ CBS സംവിധാനം, UPI സേവനങ്ങൾ എന്നിവയും, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ഡിജിറ്റൽ സേവനങ്ങൾ നൽകുന്നതിനായുള്ള KB Prime Plus, വ്യക്തിഗത ഉപഭോക്താക്കൾക്കായി KB Prime തുടങ്ങി 2 പുതിയ മൊബൈൽ ആപ്ലിക്കേഷനുകളും പ്രവർത്തനക്ഷമമാണ്. KB Prime ആപ്പുവഴി ഓൺലൈൻ പേയ്മെന്റ്, ഇ-കോമേഴ്സ്, ഫണ്ട് ട്രാൻസ്ഫർ തുടങ്ങിയ UPI സൗകര്യങ്ങളും IMPS, NEFT, Bill Payment സേവനങ്ങളും Google Pay, Phone Pay, Paytm സൗകര്യങ്ങളും

ലഭ്യമാണ്. കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ വായ്പ ലഭിക്കുന്നതിന് സാഹചര്യമുണ്ടാവുകയും അംഗങ്ങൾക്ക് കൂടുതൽ വായ്പ നൽകുന്നതിനും അതിലൂടെ ലാഭക്ഷമത വർധിപ്പിക്കുന്നതിനും കഴിയുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ DBT/EBT ആനുകൂല്യങ്ങൾ ഗ്രാമീണ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുന്നതിന് സാധിക്കും.

നിലവിലുള്ള ആധുനിക ബാങ്കിങ് സേവനങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കും എല്ലാ മേഖലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സർക്കാർ ജീവനക്കാരുടെ സാലറി അക്കൗണ്ട് ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കേരളാ ബാങ്ക് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജീവനക്കാരുടെ സാലറി അക്കൗണ്ടുകൾക്കായി പ്രത്യേക നിക്ഷേപ പദ്ധതി ബാങ്ക് ആവിഷ്കരിച്ചിട്ടുണ്ട്. ബാങ്കിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും കൂടുതൽ ബിസിനസ്സ് സമാഹരിക്കുന്നതിനുമായി ഹെഡ് ഓഫീസ് കേന്ദ്രീകരിച്ച് ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റിന് രൂപം

നൽകിയിട്ടുണ്ട്. സർക്കാർ നിയന്ത്രണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ, ജീവനക്കാരുടെ സാലറി അക്കൗണ്ടുകൾ എന്നിവ ആരംഭിക്കുന്നത് ഈ ഡിപ്പാർട്ടുമെന്റിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. അതിനായുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കി നടത്തിവരുന്നു. സർക്കാർ ജീവനക്കാരുടെ സാലറി അക്കൗണ്ടുകൾ കേരളാ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള സാങ്കേതിക സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) കേരളാ ബാങ്കിനെ കൂടുതൽ ജനകീയവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

കേരളാ ബാങ്ക് രൂപീകരിച്ചതിനുശേഷമുള്ള 5 വർഷത്തെ പ്രവർത്തനംകൊണ്ട് ബാങ്കിന് ജനകീയമാകാൻ കഴിഞ്ഞിട്ടുണ്ട്. ബാങ്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പാക്കുന്നതിന് സർക്കാരും ബാങ്ക് ഭരണസമിതിയും പ്രവർത്തനം നടത്തിവരുന്നു.

വിദേശ മലയാളികളുടെ നിക്ഷേപം സമാഹരിക്കുകയെന്നത് ബാങ്കിന്റെ മുഖ്യ ഉദ്ദേശ്യലക്ഷ്യമാണ്. വിദേശനിക്ഷേപം, ഇന്റർനെറ്റ് ബാങ്കിങ്

എന്നിവയ്ക്കുള്ള അനുമതി ലഭിക്കുന്നതിന് ബാങ്ക് തീവ്രശ്രമം നടത്തിവരുന്നു. നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി പ്രവർത്തിച്ചുവരുന്നു. Catch the Base കാമ്പയിനിലൂടെ ബാങ്കിന്റെ NPA കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളാ ബാങ്കിലെ ചെറുകിട വായ്പകൾ settle ചെയ്യാൻ OTS സംവിധാനം നിലവിലുണ്ട്.

യുവജനങ്ങളുൾപ്പെടെ കൂടുതൽ ജനങ്ങളെ ബാങ്കിലേയ്ക്ക് ആകർഷിക്കുക പ്രധാന ഭാവിപ്രവർത്തനമാണ്. ഇതിനായി എല്ലാ വിഭാഗം കറണ്ട്/സേവിങ്സ് അക്കൗണ്ടുകൾക്ക് ബാങ്ക് മിനിമം ബാലൻസ്/ത്രൈമാസ ശരാശരി ബാലൻസ് എന്നീ നിബന്ധനകൾ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. സ്വകാര്യബാങ്കുകൾ ഉയർന്ന ത്രൈമാസ ശരാശരി ബാലൻസ് വ്യവസ്ഥ പാലിക്കുന്നതിൽ വീഴ്ചവരുത്തുമ്പോൾ വലിയ പിഴ ഈടാക്കുന്ന അവസ്ഥയുള്ളപ്പോൾ ഈ ഇനത്തിൽ കേരളാ ബാങ്ക് യാതൊരു ചാർജ്ജും ഈടാക്കുന്നില്ല. കൂടാതെ വിവിധ സേവനങ്ങൾ ബാങ്ക് സൗജന്യമായോ ഏറ്റവും കുറഞ്ഞ നിരക്കിലോ ആണ് നൽകുന്നത്.

എല്ലാവിധ ജനവിഭാഗങ്ങൾക്കും സ്വീകാര്യമായ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ധനകാര്യ സ്ഥാപനമായി കേരളാ ബാങ്കിനെ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുന്നുണ്ട്.

കേരളാ ബാങ്കിന്റെ റേറ്റിങ്ങ്

274(6149) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളാ ബാങ്കിന്റെ റേറ്റിങ്ങ് 'ബി'- യിൽനിന്ന് 'സി'- യിലേയ്ക്ക് തരംതാഴ്ത്തിക്കൊണ്ട് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽനിന്നും അറിയിപ്പോ രേഖകളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ?

റിസർവ് ബാങ്കിൽനിന്ന് കേരളാ ബാങ്കിന്റെ റേറ്റിങ്ങിൽ മാറ്റം വരുത്തിയതായി അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല.

മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ സോഫ്റ്റ്വെയർ ഏകീകരണം

275(6150) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്കിൽ ലയിപ്പിച്ച മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാരുടെ വിവിധ തസ്തികകൾ കേരളാ ബാങ്കിലെ സമാന തസ്തികകളുമായി ലയിപ്പിക്കുന്നതിനും സോഫ്റ്റ്വെയർ ഏകീകരിക്കുന്നതിനുമുള്ള നടപടികൾ അനിശ്ചിതമായി നീണ്ടുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സോഫ്റ്റ്വെയർ ഏകീകരിക്കാത്തതിനാൽ മറ്റ് പതിമൂന്ന് ജില്ലകളിലും നൽകിവരുന്ന ആധുനിക സേവനങ്ങൾ മലപ്പുറത്തെ ഇടപാടുകാർക്ക് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കേരളാ ബാങ്കിൽ ലയിച്ച പതിമൂന്ന് ജില്ലകളിലെ ജില്ലാ ബാങ്ക് ജീവനക്കാർക്കും വിരമിച്ച ഒഴിവുകൾ അനുസരിച്ച് സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാർക്ക് രണ്ട് വർഷത്തിലേറെയായി സ്ഥാനക്കയറ്റം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേഡർ ലയനം എന്നുമുതൽ പ്രാബല്യത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ ബാങ്ക് മാനേജ്മെന്റിന് നിയമോപദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(എ-ഡി) കേരളത്തിലെ 13 ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ച് കേരളാ ബാങ്ക് രൂപീകൃതമായതിനുശേഷം 12-01-2023 തീയതിയിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെക്കൂടി ലയിപ്പിച്ച് കേരളാ ബാങ്കിന്റെ ഭാഗമാക്കുകയുണ്ടായി.

മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ ലയന തീരുമാനത്തിനെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്ന Special Leave to Appeal (C) No. (s). 11542-11546/2024 കേസിൽ Status quo നിലനിർത്തുന്നതിന് ഉത്തരവുള്ളതിനാൽ സാധ്യമായ തുടർനടപടികൾ ടി ഉത്തരവിനുവിധേയമായി സ്വീകരിച്ചുവരികയാണ്.

കേരളാ ബാങ്കിന്റെ പ്രവർത്തനങ്ങൾ

276(6151) ശ്രീമതി യു. പ്രതിഭ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്കിനെ സമഗ്രപുരോഗതിയിലേയ്ക്ക് നയിക്കുന്നതിനായി സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

കേരളത്തിന്റെ സ്വന്തം ബാങ്ക്" എന്ന വിശേഷണത്തോടെ, കേരള സർക്കാരിന്റെ മേൽനോട്ടത്തിൽ ആരംഭിച്ച ധനകാര്യ സംരംഭമായ കേരള ബാങ്കിനെ സമഗ്രപുരോഗതിയിലേയ്ക്ക് നയിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കേരളാ ബാങ്ക് രൂപീകരണത്തോടുകൂടി സംസ്ഥാനത്തെ ത്രിതല വായ്പാഘടന ദ്വിതലത്തിലേയ്ക്ക് പരിവർത്തനം ചെയ്ത്, വായ്പാ പലിശ നിരക്ക് കുറയ്ക്കാനും സഹകരണ ബാങ്കിങ് മേഖലയെ ശക്തീകരിക്കാനുമുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കിവരുന്നത്. കേരളാ ബാങ്ക് രൂപീകരണത്തിനുശേഷം കേരളത്തിലെ

പൊതുജനങ്ങൾക്കും ബാങ്ക് ജീവനക്കാർക്കും കേന്ദ്ര-സംസ്ഥാന ജീവനക്കാർക്കും സഹകാരികൾക്കും ദേശസാൽകൃത, മറ്റ് പുതുതലമുറ ബാങ്കുകൾ നൽകുന്ന എല്ലാ ആധുനിക ബാങ്കിങ് സംവിധാനങ്ങളും എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ആയത് വിപുലമായ രീതിയിൽ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരളാ ബാങ്ക് രൂപീകരണത്തിനുശേഷം റിസർവ് ബാങ്ക് നിർദേശിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി മൂലധനപര്യാപ്തതയുടെ നിലവാരം നിലനിർത്തുന്നതിനായി സർക്കാർ ഓഹരിയായി ധനസഹായവും നൽകിയിട്ടുണ്ട്. നിലവിൽ കേരളാ ബാങ്കിൽ സർക്കാരിന് 42% ഓഹരി വിഹിതമുണ്ട്.

കേരളത്തിന്റെ വികസന പ്രക്രിയയിൽ കേരളാ ബാങ്കിന്റെ പങ്ക് കൂടുതൽ വിപുലമാക്കുന്നതിന് പ്രാഥമികസംഘങ്ങളും തദ്ദേശസ്ഥാപനങ്ങളുമായിച്ചേർന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ ശിപാർശകൾ നൽകുന്നതിനായി സർക്കാർ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

സർക്കാർ അനുമതിയോടും റിസർവ് ബാങ്കിന്റെ നിർദേശങ്ങൾക്കനുസൃതമായും 570 കോടി രൂപ വായ്പാ സംഘങ്ങളിൽനിന്നും Long Term Subordinated Debt-ആയി സമാഹരിക്കുന്നതിന് സാധിച്ചതിലൂടെ ബിസിനസ്സ് വികസനപ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ബാങ്കിന് സാധിച്ചു.

വായ്പാപദ്ധതികൾ ഏകീകരിക്കുകയും എല്ലാ ജനവിഭാഗങ്ങൾക്കും അനുയോജ്യമായ രീതിയിൽ പുതിയ വായ്പാ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കാനും ബാങ്കിന് സാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിൽ കേരളാ ബാങ്കിന്റെ സംഭാവന എന്താണ്; വിശദാംശം നൽകുമോ?

കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ചുകൊണ്ട് കേരള സംസ്ഥാനത്തിനാകെ ഒരു സ്വന്തം ബാങ്കെന്ന നിലയിൽ കേരളാ ബാങ്ക് പ്രവർത്തിച്ചുവരുന്നു. കേരളാ ബാങ്ക് രൂപീകരണത്തിലൂടെ കേരളത്തിലെ സമ്പദ്വ്യവസ്ഥയിൽ താഴെപ്പറയുന്ന ഗുണങ്ങൾ ഉണ്ടായിട്ടുണ്ട്.

ത്രിതല ബാങ്കിംഗ് മേഖലയിൽനിന്ന് ദ്വിതല ബാങ്കിംഗ് മേഖലയിലേയ്ക്ക് മാറ്റം.

വായ്പാ പലിശനിരക്കിൽ കുറവുണ്ടായത്.

കാർഷികമേഖലയിലെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമാക്കി നബാർഡ് സബ്സിഡിയോടുകൂടി 1% പരിശ നിരക്കിൽ PACS as MSC വായ്പകൾ നൽകിവരുന്നു.

ഉൽപാദന സേവന മേഖലകൾക്ക് പ്രയോജനം ലഭിക്കുന്നതിനുള്ള 15-ൽ അധികം MSME വായ്പകൾ കേരളാ ബാങ്ക് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

സംസ്ഥാന സഹകരണ ബാങ്കിലേയ്ക്കും ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്കുമുള്ള രണ്ട് ബാങ്കിങ് ചാർജ്ജുകൾ ലയനത്തോടെ ഇല്ലാതായി.

സഹകരണ ബാങ്കുകൾക്ക് ഇപ്പോഴുള്ള അടിസ്ഥാന വികസന പ്രതിസന്ധി ഇല്ലാതാകും.

കിട്ടാക്കടത്തിന് പരിഹാരം.

അംഗങ്ങൾക്ക്/ഇടപാടുകാർക്ക് ഇന്ത്യയിലെ മറ്റ് ദേശസാൽകൃത ബാങ്കുകൾ നൽകിവരുന്ന എല്ലാവിധ ആധുനിക ബാങ്കിങ് സൗകര്യങ്ങളും കുറഞ്ഞ നിരക്കിൽ കരഗതമാകുന്നു. RTGS/NEFT, CTS, clearing, സമ്പൂർണ്ണ CBS സംവിധാനം, UPI സേവനങ്ങൾ എന്നിവയും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ഡിജിറ്റൽ സേവനങ്ങൾ നൽകുന്നതിനായുള്ള KB Prime Plus, വ്യക്തിഗത ഉപഭോക്താക്കൾക്കായി KB Prime തുടങ്ങി 2 പുതിയ മൊബൈൽ ആപ്ലിക്കേഷനുകളും പ്രവർത്തനക്ഷമമാണ്. KB Prime ആപ്പുവഴി ഓൺലൈൻ പേയ്മെന്റ്, ഇ-കോമേഴ്സ്, ഫണ്ട് ട്രാൻസ്ഫർ തുടങ്ങിയ UPI സൗകര്യങ്ങളും IMPS, NEFT, Bill Payment സേവനങ്ങളും Google Pay, Phone Pay, Paytm സൗകര്യങ്ങളും ലഭ്യമാണ്. കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ വായ്പ ലഭിക്കുന്നതിന് സാഹചര്യമുണ്ടാവുകയും അംഗങ്ങൾക്ക് കൂടുതൽ വായ്പ നൽകുന്നതിനും അതിലൂടെ ലാഭക്ഷമത വർധിപ്പിക്കുന്നതിനും കഴിയുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ DBT/EBT ആനുകൂല്യങ്ങൾ

ഗ്രാമീണ ഉണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുന്നതിന് സാധിക്കും.

കേരളാ ബാങ്കിന്റെ സാമ്പത്തികസ്ഥിതി ശക്തമാകയാൽ നബാർഡിൽനിന്നും പുനർവായ്പാത്തുക വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുവഴി കാർഷിക വായ്പാത്തോത് വർധിപ്പിക്കാനും സാധ്യമാകും.

മൈക്രോഫിനാൻസ് രംഗത്ത് ഫലപ്രദമായ ഇടപെടൽ സാധ്യമാകുന്നു.

സഹകരണ വായ്പാമേഖലയിലെ നിക്ഷേപം വർധിപ്പിക്കുന്നതിനും യുവജനങ്ങളെ സഹകരണ ബാങ്കുകളിൽ അംഗങ്ങളാക്കുന്നതിനുമായി പ്രത്യേക പദ്ധതി നടപ്പാക്കിവരികയും ഓരോ വീട്ടിലും ഒരു സഹകരണ ബാങ്ക് അക്കൗണ്ട് എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

മേൽപ്രവർത്തനങ്ങളിലൂടെ കേരള സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കേരളാ ബാങ്കിന് നല്ലരീതിയിൽ ഇടപെടലുകൾ നടത്തുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) മുൻഗണനാമേഖലയിൽ മറ്റ് ബാങ്കുകളുടെയും കേരളാ ബാങ്കിന്റെയും വായ്പാവിഹിതം താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

കേരളാ ബാങ്കിന്റെ ആകെ വായ്പാ ബാക്കിനിൽപ്പ് 30-06-2024-ലെ കണക്കുകൾപ്രകാരം 48,645.21 കോടി രൂപയാണ്. ആയതിൽ Agriculture, MSME, Microfinance, Housing, Education എന്നിവയുൾപ്പെടുന്ന മുൻഗണനാമേഖലയിൽ ബാങ്കിന്റെ ആകെ വായ്പാ ബാക്കിനിൽപ്പ് 22,303 കോടി രൂപയാണ്. ആയത് ആകെ വായ്പാ ബാക്കിനിൽപ്പിന്റെ 45.84% ആണ്.

(ഡി) കേരളാ ബാങ്കിന്റെ ഐ.ടി. ഇന്റഗ്രേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരളത്തിലെ 13 ജില്ലാ സഹകരണ ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് 29-11-2019-ൽ കേരളാ ബാങ്ക് രൂപീകരിച്ചതിനെത്തുടർന്ന് ഒക്ടോബർ 2021-ൽ ബാങ്കിൽ IT ഇന്റഗ്രേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. 14 തരത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സംവിധാനങ്ങളെ ഏകീകൃതമായ ഒറ്റ സംവിധാനമായി മാറ്റുന്ന പ്രക്രിയ 2022

ഡിസംബർ 26-ന് പൂർത്തീകരിക്കാൻ സാധിച്ചു. ഇതുവഴി ആധുനിക ബാങ്കിങ് സംവിധാനങ്ങൾ അംഗങ്ങൾക്കും ഇടപാടുകാർക്കും നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

കേരളാ ബാങ്കിലെ വ്യക്തിഗത വായ്പാപരിധി

277(6152) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്കിനെ റിസർവ് ബാങ്ക് 'സി' ഗ്രേഡിലേയ്ക്ക് തരംതാഴ്ത്തിയതുകാരണം കേരളാ ബാങ്കിന്റെ പ്രവർത്തനങ്ങളിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ റേറ്റിങ് റിസർവ് ബാങ്ക് മാറ്റിയിട്ടില്ല. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ സൂപ്പർവൈസർ എന്ന നിലയിൽ നബാർഡിന്റെ വാർഷിക പരിശോധനയുമായി ബന്ധപ്പെട്ട സാധാരണ നടപടിക്രമം മാത്രമാണ് റേറ്റിങിലുണ്ടായ വ്യത്യാസം. ഈ

റേറ്റിങ് വ്യത്യാസം 25 ലക്ഷത്തിലധികംവരുന്ന വ്യക്തിഗത വായ്പകളെ മാത്രമേ ബാധിക്കുകയുള്ളൂ. നിലവിൽ ഇത്തരം വായ്പകൾ ബാങ്കിന്റെ ആകെ വായ്പയുടെ 3% മാത്രമാണ്. കാർഷിക വായ്പ, ഭവന വായ്പ, സംഘം വായ്പകൾ എന്നിവയ്ക്ക് ഈ പരിധി ബാധകമല്ല. ആയതിനാൽ ഇത് ബാങ്കിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നില്ല. ബാങ്ക് 2023-24 സാമ്പത്തിക വർഷം 209 കോടി രൂപ ലാഭത്തിലാണ് കണക്കവസാനിപ്പിച്ചത്.

(ബി) വ്യക്തിഗത വായ്പായിനത്തിൽ നൽകാവുന്ന പരമാവധി വായ്പയുടെ തുക കുറച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് കുറയുന്നതെന്നും നിലവിൽ പരമാവധി നൽകാവുന്ന വ്യക്തിഗത വായ്പയുടെ പരിധി എത്രയെന്നും വിശദമാക്കാമോ?

വ്യക്തിഗത വായ്പായിനത്തിൽ നൽകാവുന്ന പരമാവധി വായ്പാത്തുക 25 ലക്ഷമായി കുറച്ചിട്ടുണ്ട്. നിലവിൽ നൽകാവുന്ന വ്യക്തിഗത വായ്പയുടെ പരമാവധി പരിധി 40 ലക്ഷം രൂപയായിരുന്നു. കാർഷിക വായ്പ, ഭവന വായ്പ, സംഘം വായ്പകൾ എന്നിവയ്ക്ക് ഈ പരിധി ബാധകമല്ല.

(സി) കുറഞ്ഞ വായ്പാപരിധിക്കുമുകളിൽ വായ്പ അനുവദിച്ചിട്ടുള്ള എത്ര ലോണുകൾ നിലവിൽ കേരളാ ബാങ്കിലുണ്ടെന്നും ഇത്തരം വായ്പകളിലൂടെ ബാങ്കിനുള്ള ആകെ ബാധ്യത എത്രയാണെന്നും വ്യക്തമാക്കുമോ?

വ്യക്തിഗത വായ്പായിനത്തിൽ നൽകാവുന്ന പരമാവധി വായ്പാത്തുക 25 ലക്ഷമായി നിജപ്പെടുത്തിയ അവസരത്തിൽ 4223 വായ്പകളിലായി 1496 കോടി രൂപയുടെ വായ്പ ബാക്കിനിൽപ്പുണ്ട്.

കേരളാ ബാങ്കിന്റെ റേറ്റിങ്ങ്

278(6153) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, കേരളാ ബാങ്കിന്റെ റേറ്റിങ്ങ് 'ബി'-യിൽനിന്ന് 'സി'-യിലേയ്ക്ക് തരംതാഴ്ത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത മാറ്റം കേരളാ ബാങ്കിന്റെ പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ കേരളാ ബാങ്കിന്റെ റേറ്റിങ് 'ബി'-യിൽനിന്ന് 'സി' -യിലേയ്ക്ക് തരംതാഴ്ത്തിയിട്ടില്ല. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ സൂപ്പർവൈസറെന്ന നിലയിൽ നബാർഡ് സ്റ്റാറ്റ്യൂട്ടറി ഇൻസ്പെക്ഷൻ ക്രൈറ്റീരിയയനുസരിച്ച് 2022-23 സാമ്പത്തിക വർഷം നടത്തിയ പരിശോധനയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ ബാങ്കിന് 'സി' ഗ്രേഡാണ് ലഭിച്ചിട്ടുള്ളത്.

നബാർഡിന്റെ വാർഷിക പരിശോധനയുമായി ബന്ധപ്പെട്ട സാധാരണ നടപടിക്രമം മാത്രമാണ് റേറ്റിങിലുണ്ടായ വ്യത്യാസം. ഈ റേറ്റിങ് വ്യത്യാസം 25 ലക്ഷത്തിലധികം വരുന്ന വ്യക്തിഗത വായ്പകളെ മാത്രമേ ബാധിക്കുകയുള്ളൂ. നിലവിൽ ഇത്തരം വായ്പകൾ ബാങ്കിന്റെ ആകെ വായ്പയുടെ 3% മാത്രമാണ്. കാർഷിക വായ്പ, ഭവന വായ്പ, സംഘം വായ്പകൾ എന്നിവയ്ക്ക്

ഈ പരിധി ബാധകമല്ല. ആയതിനാൽ ഇത് ബാങ്കിന്റെ പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നില്ല. ബാങ്ക് 2023-24 സാമ്പത്തിക വർഷം 209 കോടി രൂപ ലാഭത്തിലാണ് കണക്കവസാനിപ്പിച്ചത്.

കേരളാ ബാങ്കിന്റെ റേറ്റിങ് താഴ്ത്തിയ നടപടി

279(6154) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക്, കേരള ബാങ്കിന്റെ റേറ്റിങ് 'ബി' ഗ്രേഡിൽനിന്നും 'സി' ഗ്രേഡിലേയ്ക്ക് തരംതാഴ്ത്തിയതുകാരണം ബാങ്കനുവദിക്കുന്ന വ്യക്തിഗത വായ്പകൾ, മോർട്ടുഗേജ് വായ്പകൾ എന്നിവയുടെ പരമാവധി പരിധി 40 ലക്ഷം രൂപയിൽനിന്ന് 25 ലക്ഷം രൂപയായി കുറയുമെന്ന് പറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത് ബാങ്കിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) കേരളാ ബാങ്കിന്റെ റേറ്റിങ് RBI മാറ്റിയിട്ടില്ല. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ സൂപ്പർവൈസർ എന്ന നിലയിൽ നബാർഡ് നടത്തിയ 2022-23 സാമ്പത്തിക വർഷത്തെ റേറ്റിങിലാണ് കേരളാ ബാങ്കിനെ നബാർഡ് 'സി' ഗ്രേഡിലേയ്ക്ക് മാറ്റിയത്. ആയതിനാൽ വ്യക്തിഗത വായ്പാപരിധി 25 ലക്ഷമാക്കി കുറച്ചിട്ടുണ്ട്. എന്നാൽ ഭവനവായ്പ, കാർഷിക വായ്പ, സംഘം വായ്പ എന്നിവയ്ക്ക് ഈ പരിധി ബാധകമല്ലാത്തതിനാലും 25 ലക്ഷത്തിലധികരിക്കുന്ന വ്യക്തിഗത വായ്പകൾ വളരെ കുറവായതിനാലും വായ്പാപരിധി കുറച്ചത് ബാങ്കിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതല്ല. നബാർഡ് പരിശോധനയും റേറ്റിങും എല്ലാ വർഷത്തിലും നടക്കുന്നതാണ്. ഓരോ പരിശോധനാ റിപ്പോർട്ടിലും രേഖപ്പെടുത്തുന്ന ന്യൂനതകൾ തുടർന്നുള്ള മാസങ്ങളിൽ പരിഹരിക്കുന്നതാണ് സ്വാഭാവിക നടപടിക്രമം. 2022-23 സാമ്പത്തിക വർഷത്തെ

സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി നടത്തിയ ഏറ്റവുമൊടുവിൽ നടന്ന പരിശോധനയുടെ അടിസ്ഥാനത്തിലാണ് വ്യക്തിഗത വായ്പാപരിധി 25 ലക്ഷമായി കുറച്ചിട്ടുള്ളത്. അതുപ്രകാരമുള്ള ന്യൂനതകൾ ഏറെക്കുറെ ഇതിനോടകം പരിഹരിച്ചിട്ടുണ്ട്. തുടർവർഷങ്ങളിൽ ബാങ്കിന്റെ റേറ്റിങ്ങ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള ബാങ്കിന് ബാധകമായ നിയന്ത്രണങ്ങൾ

280(6155) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്ക് കേരള ബാങ്കായി മാറിയതിനുശേഷം റിസർവ് ബാങ്കിന്റെ മുമ്പ് ബാധകമല്ലാതിരുന്ന എന്തൊക്കെ നിയന്ത്രണങ്ങളും നിർദേശങ്ങളുമാണ് ബാധകമായതെന്ന് വിശദമാക്കാമോ?

സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്കായി ലയിക്കുന്നതിനുമുമ്പ് റിസർവ് ബാങ്ക് നിയന്ത്രണത്തിലായിരുന്നു. എന്നാൽ സംസ്ഥാന സഹകരണ ബാങ്ക്

ഷെഡ്യൂൾഡ് ബാങ്കായാണ് പ്രവർത്തിച്ചിരുന്നത്. മുമ്പ് സംസ്ഥാന സഹകരണ ബാങ്കിന് ശാഖകളാരംഭിക്കുന്നതിനും മാറ്റി സ്ഥാപിക്കുന്നതിനും റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമായിരുന്നു. ജില്ലാ സഹകരണ ബാങ്കുകൾക്ക് റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമില്ലാത്തതിനാൽ സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടെ ശാഖ ആരംഭിക്കുകയും മാറ്റി സ്ഥാപിക്കുകയും ചെയ്തിരുന്നു. എന്നാൽ 11-08-2022-ലെ സർക്കുലർ മുഖേന ജില്ലാ സഹകരണ ബാങ്കുകൾക്കും ഈ നിയന്ത്രണങ്ങൾ ബാധകമാക്കി.

(ബി) റിസർവ് ബാങ്കിന്റെ പ്രസ്തുത നിയന്ത്രണങ്ങൾ സംസ്ഥാന സഹകരണ ബാങ്കായി പ്രവർത്തിച്ചിരുന്നപ്പോൾ നൽകിയിരുന്ന ഏതൊക്കെ സേവനങ്ങളെ പരിമിതപ്പെടുത്തുകയോ ഇല്ലാതാക്കുകയോ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന സഹകരണ ബാങ്ക്, ലയനത്തിനുമുമ്പ് ഷെഡ്യൂൾഡ് ബാങ്കായിരുന്നു. റിസർവ് ബാങ്ക് നിയന്ത്രണത്തിലുള്ള ബാങ്കുകൾക്ക് ബാങ്കിങ് മറ്റു ബിസിനസ്സ് നടത്തുന്നതിന് നിയന്ത്രണങ്ങളുണ്ട്. ലയനം മുഖേന

ഇടപാടുകാർക്കുള്ള സേവനങ്ങൾ പരിമിതപ്പെടുത്തുകയോ ഇല്ലാതാക്കുകയോ ചെയ്തിട്ടില്ല. ലയനശേഷം നിക്ഷേപ-വായ്പാ പദ്ധതികൾ ഏകീകരിച്ച് പരിഷ്കരിക്കുകയും വിവിധ ചാർജ്ജുകൾ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. മൊബൈൽ ബാങ്കിങ് ഇടപാടുകളുൾപ്പെടെ വിവിധസേവനങ്ങൾ സൗജന്യമാണ്.

കേരള ബാങ്കിൽനിന്നും വിരമിച്ച ജീവനക്കാരുടെ പുനർനിയമനം

281(6156) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്കിൽനിന്നും വിരമിച്ച ജീവനക്കാരെ പുനർനിയമനം നടത്തുന്നതുസംബന്ധിച്ച് ഈ സർക്കാരിന്റെ നയം വ്യക്തമാക്കാമോ?

കേരളാ ബാങ്കിലെ വിരമിച്ച ജീവനക്കാരെ പുനർനിയമിക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനമെടുക്കേണ്ടത് ബാങ്ക് ഭരണസമിതിയാണ്. ബാങ്ക് ഭരണസമിതി ഇതുസംബന്ധിച്ച് സർക്കാരിന്റെ തീരുമാനത്തിനുവിടുന്ന കേസുകൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(ബി) കേരളാ ബാങ്കിൽനിന്നും 58 വയസ്സ് പൂർത്തിയാക്കി വിരമിച്ച ജീവനക്കാരായ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. സഹദേവൻ, പ്രസിഡന്റിന്റെ പി.എ. ശ്രീ. അനിൽ വർമ്മ, ജനറൽ മാനേജർ ശ്രീമതി പ്രീത എന്നിവർക്ക് പുനർനിയമനം നൽകാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

കേരളാ ബാങ്കിൽനിന്നും ഡെപ്യൂട്ടി ജനറൽ മാനേജരായി വിരമിച്ച പി. എ. ശ്രീ. അനിൽ വർമ്മയെ ബാങ്കിന്റെ ട്രെയിനിങ് കോ-ഓർഡിനേറ്ററായി ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ളതായി ബാങ്ക് അറിയിച്ചിട്ടുണ്ട്.

(സി) ജീവനക്കാർ വിരമിക്കുന്നതുമൂലം കേരളാ ബാങ്കിലുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനാവശ്യമായ നിർദ്ദേശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

കേരളാ ബാങ്കിൽ പി.എസ്.സി. മുഖേന നികത്തേണ്ട നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റിസർവ് ബാങ്ക് കേരളാ ബാങ്കിന് ചുമത്തിയ പിഴ

282(6157) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് കേരളാ ബാങ്കിനോട് നാളിതുവരെ എത്ര രൂപയാണ് പിഴയായി ഒടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്; ഏതൊക്കെ ഇനങ്ങളിലാണ് പിഴയൊടുക്കാൻ ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ?

റിസർവ് ബാങ്ക് നാളിതുവരെ കേരളാ ബാങ്കിൽനിന്നും വിവിധയിനങ്ങളിലായി പിഴയായി ഈടാക്കിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

ബാങ്കിങ് റഗുലേഷൻ ആക്ടിന്റെ സെക്ഷൻ 19-ന് വിരുദ്ധമായി മറ്റ് സഹകരണ സംഘങ്ങളിലെ ഓഹരികൾ കൈവശം വച്ചതിന് 25 ലക്ഷം രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

ഗോൾഡ് ലോൺ ബൈബാക്ക് പേയ്മെന്റുമായി ബന്ധപ്പെട്ട് 23 ലക്ഷം രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

നാളിതുവരെ ആകെ 48 ലക്ഷം രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

(ബി) റിസർവ് ബാങ്ക് കേരളാ ബാങ്കിനെ 'സി' ഗ്രേഡിലേയ്ക്ക് തരംതാഴ്ത്താനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

റിസർവ് ബാങ്ക് കേരളാ ബാങ്കിനെ 'സി' ഗ്രേഡിലേയ്ക്ക് തരം താഴ്ത്തിയിട്ടില്ല. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഗ്രേഡിങ്, സൂപ്പർവൈസർ എന്ന നിലയിൽ നബാർഡാണ് നടത്തുന്നത്. നബാർഡിന്റെ സ്റ്റാറ്റ്യൂട്ടറി ഇൻസ്പെക്ഷൻ ക്രൈറ്റീരിയയനുസരിച്ച് 2022-23 സാമ്പത്തിക വർഷം നടത്തിയ പരിശോധനയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാണ് കേരളാ ബാങ്കിന് 'സി' ഗ്രേഡ് ലഭിച്ചിട്ടുള്ളത്.

(സി) ഈ വിഷയത്തിൽ റിസർവ് ബാങ്ക് എന്തെങ്കിലും മുന്നറിയിപ്പുകൾ നൽകിയിരുന്നെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഈ വിഷയത്തിൽ റിസർവ് ബാങ്ക് യാതൊരു മുന്നറിയിപ്പും നൽകിയിട്ടില്ല.

കേരളാ ബാങ്കിന്റെ ലാഭനഷ്ടക്കണക്ക്

283(6158) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളാ ബാങ്ക് രൂപീകരിച്ചതുമുതൽ നാളിതുവരെയുള്ള ലാഭനഷ്ടക്കണക്കുകൾ വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

കേരളാ ബാങ്ക് രൂപീകരിച്ചതുമുതൽ നാളിതുവരെയുള്ള ലാഭനഷ്ടക്കണക്കുകൾ വർഷാടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു.

വർഷം	ലാഭം (കോടിയിൽ)
2019-20	374.75
2020-21	61.99
2021-22	77.24
2022-23	20.05
2023-24	209.13

കേരളാ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി

284(6159) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളാ ബാങ്കിന്റെ നിലവിലെ നിഷ്ക്രിയ ആസ്തി എത്രയാണെന്ന് വിശദമാക്കാമോ?

കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 31-03-2024-ലെ കണക്കുകൾ പ്രകാരം 5564 കോടി രൂപയാണ്.

സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്ട്വെയർ സംവിധാനം

285(6160) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്വെയർ സംവിധാനം നടപ്പാക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അക്കൗണ്ടിങ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും

യുവജനങ്ങളെ സഹകരണമേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേരളാ ബാങ്കിന്റെ കോർ ബാങ്കിങ് സംവിധാനവുമായി ബന്ധപ്പെടുത്തി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലാണ് ടി പദ്ധതി നടപ്പാക്കുന്നത്. ഏകീകൃത സോഫ്റ്റ്വെയറിനായുള്ള RFP-യിൽ ടഷറി, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തുടങ്ങിയ മറ്റ് ഏജൻസികളുമായി നേരിട്ട് ഇടപാട് നടത്തുന്നതിനുള്ള സംവിധാനം ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ് ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. നിലവിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സേവനദാതാവുമായി കരാറിലേർപ്പെട്ട് വിവിധഘട്ടങ്ങളിലായി 18 മാസംകൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്.

വായ്പയെടുത്ത വ്യക്തി മരണപ്പെടുന്ന സാഹചര്യത്തിൽ വായ്പയുടെ പലിശ ഒഴിവാക്കൽ

286(6161) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത വ്യക്തി മരണപ്പെടുന്ന സാഹചര്യത്തിൽ എത്ര തുക വരെയുള്ള വായ്പയുടെ പലിശയാണ് പൂർണ്ണമായും ഒഴിവാക്കുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണസംഘം രജിസ്ട്രാറുടെ 23-06-2008-ലെ 42/2008 നമ്പർ സർക്കുലർപ്രകാരം സംസ്ഥാനത്തെ വായ്പാ സഹകരണസംഘങ്ങൾ/ ബാങ്കുകളിൽനിന്നും 2 ലക്ഷം രൂപവരെ വായ്പയെടുത്തിട്ടുള്ള വായ്പാക്കാരൻ മരണമടഞ്ഞാൽ ഒരു വർഷത്തിനകം അവകാശികൾ വായ്പാക്കണക്ക് അവസാനിപ്പിക്കുകയാണെങ്കിൽ വായ്പാക്കാരൻ മരണപ്പെട്ട ദിവസം മുതൽ വായ്പാക്കണക്ക് അവസാനിപ്പിക്കുന്ന തീയതിവരെയുള്ള പലിശ ഒഴിവാക്കി നൽകുന്നതിന് സംസ്ഥാനത്തെ എല്ലാ വായ്പാ സഹകരണ സംഘങ്ങൾക്കും/ ബാങ്കുകൾക്കും അനുമതി നൽകിയിട്ടുണ്ട്.

സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽനിന്നും വായ്പയെടുത്ത വ്യക്തി മരണപ്പെടുന്ന സാഹചര്യത്തിൽ താഴെപ്പറയുന്ന സർക്കാർ ഉത്തരവുകൾ മുഖേന കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിപ്രകാരം മുതലിലും പലിശയിലും ഇളവ് അനുവദിക്കുന്നതാണ്.

1) 18-11-2008-ലെ സ.ഉ.(കൈ) നം. 249/2008/സഹ. ഉത്തരവ്

18-11-2008 തീയതി മുതൽ സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത വ്യക്തി വായ്പാക്കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കിനിൽക്കുന്ന ഒരു ലക്ഷം രൂപവരെയുള്ള മുതലും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതാണ്.

2) 30-03-2012-ലെ സ.ഉ.(കൈ) നം. 42/2012/സഹ. ഉത്തരവ്

30-03-2012 തീയതി മുതൽ സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത വ്യക്തി വായ്പാക്കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കിനിൽക്കുന്ന ഒന്നര ലക്ഷം രൂപവരെയുള്ള മുതലും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതാണ്.

3) 24-07-2014-ലെ സ.ഉ.(കൈ) നം. 96/2014/സഹ. നമ്പർ ഉത്തരവ്

24-07-2014 തീയതി മുതൽ സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത വ്യക്തി വായ്പാക്കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ

അന്നേദിവസം ബാക്കിനിൽക്കുന്ന ഒന്നര ലക്ഷം രൂപവരെയുള്ള മുതലും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതാണ്.

20-09-2019-ലെ സ.ഉ.(കൈ) നം. 35/2019/സഹ. പ്രകാരം ടി തീയതി മുതൽ സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത വ്യക്തി വായ്പാക്കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കിനിൽക്കുന്ന രണ്ടുലക്ഷം രൂപവരെയുള്ള മുതൽ മാത്രമാണ് റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്കുവിധേയമായി ധനസഹായം അനുവദിക്കുന്നത്. പലിശയിൽ ഇളവ് നൽകുന്നില്ല.

മരണപ്പെട്ടവർ/മാരകരോഗങ്ങൾ ബാധിച്ചവരുടെ വായ്പകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം മുതലിലും പലിശയിലും ഇളവ് നൽകിവരുന്നു. സഹകരണ റിസ്ക് ഫണ്ട് പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ, മാരകരോഗങ്ങൾ (പദ്ധതിയുടെ നടത്തിപ്പിനായുള്ള മാർഗനിർദേശങ്ങളിലെ ഖണ്ഡിക (3) – ൽ പരാമർശിക്കുന്നവ) ബാധിച്ചവരോ ആയവരുടെ കുടിശ്ശിക വായ്പകളിന്മേൽ

പലിശ ഭാഗികമായോ/പൂർണ്ണമായോ, മുതലും പലിശയും ചേർന്ന ബാധ്യത ഭാഗികമായോ/പൂർണ്ണമായോ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംഘംതല കമ്മിറ്റിക്ക് 50,000/- രൂപവരെ ഇളവ് അനുവദിക്കാവുന്നതാണ്.

50,000/- രൂപയ്ക്കുമുകളിൽ രണ്ടുലക്ഷം രൂപവരെയുള്ള മേൽപ്രകാരമുള്ള ഇളവുകൾ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെയും, സംഘതല കമ്മിറ്റിയുടെ ശിപാർശയുടേയും അടിസ്ഥാനത്തിൽ ജില്ലാതല കമ്മിറ്റിക്ക് അനുവദിക്കാവുന്നതാണ്.

രണ്ടുലക്ഷം രൂപയ്ക്കുമുകളിലുള്ള ഇളവുകൾ അനുവദിക്കുന്നതിനുള്ള അധികാരം സംസ്ഥാനതല സ്റ്റിയറിങ് കമ്മിറ്റിക്കാണ്.

സഹകരണസംഘം രജിസ്ട്രാർ കേരളാ ബാങ്കിന് അംഗീകരിച്ച് നൽകിയിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം മരണപ്പെട്ടവരുടെ 5 ലക്ഷം രൂപവരെയുള്ള വായ്പകളിൽ ഈടാക്കാനുള്ള പലിശ പൂർണ്ണമായും ഇളവുചെയ്ത് മുതൽമാത്രം അടച്ച് വായ്പാക്കണക്ക് അവസാനിപ്പിക്കാൻ അനുവദിക്കുന്നതാണ്.

സംസ്ഥാന സഹകരണ ബാങ്കിലെ ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തിക

287(6162) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിലെ ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയുടെ എണ്ണമെത്രയാണെന്ന വിവരം ലഭ്യമാക്കാമോ?

50 എണ്ണം.

(ബി) പ്രസ്തുത തസ്തികയിലെ നിയമന രീതികൾ എപ്രകാരമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതയെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തസ്തികയിലേയ്ക്ക് പ്രമോഷൻ നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതയെന്താണെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) സംസ്ഥാന സഹകരണ ബാങ്കിലെ ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിലെ നിയമന രീതികൾ, നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യത, പ്രൊമോഷൻ നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള

യോഗ്യത എന്നിവ വ്യക്തമാക്കുന്ന കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിയമനച്ചട്ടത്തിലെ പ്രസ്തുത ഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പാലക്കാട് ജില്ലയിലെ സഹകരണ ബാങ്കുകളിലെ കാർഷിക വായ്പകൾ

288(6163) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരുമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ സഹകരണ ബാങ്കുകളിൽനിന്നും അനുവദിച്ച കാർഷിക വായ്പകളിൽ തിരിച്ചടവ് മുടങ്ങിയതിനാൽ ജപ്തി നടപടി സ്വീകരിക്കുന്നവയുടെ എണ്ണം വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ സഹകരണ ബാങ്കുകളിൽനിന്നും അനുവദിച്ച കാർഷിക വായ്പകളിൽ തിരിച്ചടവ് മുടങ്ങിയതിനാൽ ജപ്തി നടപടി സ്വീകരിക്കുന്നവ 652 എണ്ണമാണ്.

(ബി) കാർഷിക വായ്പ നൽകിയ ഇനത്തിൽ പ്രസ്തുത ജില്ലയിലെ സഹകരണ ബാങ്കുകൾക്ക് എത്ര തുക കിട്ടാക്കടമായി നിലനിൽക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലയിൽ കാർഷികവായ്പ നൽകിയ ഇനത്തിൽ സഹകരണ ബാങ്കുകൾക്ക് കിട്ടാക്കടമായി നിലനിൽക്കുന്ന തുക 7174.91 ലക്ഷം രൂപയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

താലൂക്ക്	സംഘങ്ങളുടെ എണ്ണം	കിട്ടാക്കടമായി നിലനിൽക്കുന്ന തുക (ലക്ഷത്തിൽ)
പാലക്കാട്	18	1028.61
ആലത്തൂർ	10	1247.25
ചിറ്റൂർ	17	837.76
മണ്ണാർക്കാട്	12	2519.74
ഒറ്റപ്പാലം	17	1457.77
പട്ടാമ്പി	10	83.78
ആകെ	84	**7174.91**

മാരായമുട്ടം സർവീസ് സഹകരണ ബാങ്ക്

289(6164) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മാരായമുട്ടം സർവീസ് സഹകരണ ബാങ്ക് (നം.984) എം.ഡി.എസ്./ചിട്ടി നടപ്പാക്കുന്നുണ്ടോ?

തിരുവനന്തപുരം ജില്ലയിലെ മാരായമുട്ടം സർവീസ് സഹകരണ ബാങ്ക് (നം.984) എം.ഡി.എസ്./ചിട്ടി നടപ്പാക്കുന്നുണ്ട്.

(ബി) ഈ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കേണ്ട തുക കൃത്യമായി നൽകാൻ കഴിയുന്നുണ്ടോ?

ഈ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കേണ്ട തുക കൃത്യമായി നൽകാൻ കഴിയുന്നില്ല.

(സി) പ്രസ്തുത ബാങ്കിന്റെ തത്തിയൂർ ബ്രാഞ്ചിൽ 9/17-10 പ്രകാരം അഞ്ചുലക്ഷം രൂപയുടെ സ്കീം ഉണ്ടായിരുന്നോ?

പ്രസ്തുത ബാങ്കിന്റെ തത്തിയൂർ ബ്രാഞ്ചിൽ 9/17-10 പ്രകാരം അഞ്ചുലക്ഷം രൂപയുടെ സ്കീം ഉണ്ടായിരുന്നു.

(ഡി) പ്രസ്തുത സ്കീമിൽ ഉൾപ്പെട്ടവർക്ക് ലഭിക്കേണ്ട തുക നൽകിയിരുന്നോ; ഇല്ലെങ്കിൽ ഇനി എത്ര പേർക്ക് നൽകാനുണ്ടെന്ന് വെളിപ്പെടുത്താമോ?

പ്രസ്തുത സ്കീമിൽ ഉൾപ്പെട്ട എല്ലാ ചിറ്റാളന്മാർക്കും ചിട്ടിത്തുക നൽകിയിട്ടുണ്ട്. ചിട്ടിത്തുക സ്ഥിരനിക്ഷേപമാക്കി മാറ്റിയതിൽനിന്നും തുക തിരികെ നൽകാനായി ബാക്കിനിൽപ്പുണ്ട്.

(ഇ) ഇതിൽ അതുല്യ രാജൻ എന്ന വ്യക്തിക്ക് ലഭിക്കേണ്ട തുകയിൽ ഇതേവരെ എത്ര തുക നൽകി; ബാക്കിത്തുക നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ?

അതുല്യ രാജൻ എന്ന വ്യക്തിക്ക് സ്ഥിരനിക്ഷേപത്തുക സേവിങ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയതിൽനിന്നും 1,00,000/- രൂപ തിരികെ നൽകിയിട്ടുണ്ട്. സേവിങ്സ് ബാങ്ക് അക്കൗണ്ടിലെ ബാക്കിനിൽപ്പ് തുകയായ 4,75,639/-രൂപ നൽകുന്നതിന് തടസ്സമില്ലെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്.

(എഫ്) തുക നൽകുന്നതിന് തടസ്സമില്ലെങ്കിൽ ഈ തുക ഒറ്റത്തവണയായി എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്നറിയിക്കാമോ;

(ജി) തുക നൽകാൻ കഴിയുന്നില്ലെങ്കിൽ പ്രസ്തുത ബാങ്കിന്റെ ഭരണസമിതിക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(എഫ്&ജി) സേവിങ്സ് ബാങ്ക് അക്കൗണ്ടിലെ ബാക്കിനിൽപ്പ് തുകയായ 4,75,639/- രൂപ 2024 ആഗസ്റ്റ് മാസം 31-നുമുമ്പ് കൊടുത്ത് തീർക്കാമെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്.

പ്രാഥമിക സഹകരണ ബാങ്കുകളുടെ സാമ്പത്തിക അച്ചടക്കം

290(6165) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ ബാങ്കുകളുടെ സാമ്പത്തിക അച്ചടക്കം ഉറപ്പാക്കാനായി കേരളാ ബാങ്ക് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പ്രാഥമിക സഹകരണ ബാങ്കുകളുടെ സാമ്പത്തിക അച്ചടക്കം ഉറപ്പാക്കാനാവശ്യമായ നിർദ്ദേശം നൽകുന്നതിന് കേരളാ ബാങ്ക് PACS Advisory Committee രൂപീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾക്ക് വായ്പകൾ അനുവദിച്ചുനൽകുമ്പോൾ സംഘങ്ങളിൽ 3 മാസത്തിലൊരിക്കൽ കൃത്യമായ പരിശോധനകൾ നടത്തി വായ്പകൾ

കുടിശ്ശികയാകാതിരിക്കാൻവേണ്ട മാർഗനിർദേശങ്ങൾ കേരളാ ബാങ്കിന്റെ PACS Advisory Committee മുഖേന ചെയ്തുവരുന്നു. ഹ്രസ്വകാല കാർഷികവായ്പകൾ പിൻവലിക്കാനുള്ള NODC വ്യവസ്ഥ 90 ശതമാനത്തിൽനിന്ന് 100 ശതമാനമായി ഉയർത്തിയിട്ടുണ്ട്. ഇത് സംഘം വായ്പകളിലെ കുടിശ്ശിക കുറയ്ക്കുന്നതിന് പ്രയോജനപ്പെടുന്നതാണ്. ദുർബലമായ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള revival പദ്ധതിപ്രകാരം സംഘങ്ങളുടെ വായ്പകൾ ക്രമീകരിക്കുന്നതിനും അതിലൂടെ കുടിശ്ശിക കുറയ്ക്കുന്നതിനുമുള്ള നടപടികളും കേരളാ ബാങ്ക് സ്വീകരിച്ചുവരുന്നു. കൂടാതെ സമയബന്ധിതമായി ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികളും സ്വീകരിച്ചുവരുന്നു. OTS പദ്ധതിയിൽപ്പെടുത്തി സംഘങ്ങളുടെ വായ്പകൾക്ക് ഇളവുകൾ അനുവദിച്ചും വായ്പകൾ ക്ലോസ് ചെയ്യുന്നതിനുള്ള അവസരം നൽകിവരുന്നത് സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിന് സഹായകരമാകുന്നു.

(ബി) മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേക റേറ്റിങ്ങിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സാമ്പത്തിക സഹായം നൽകുമോ; വ്യക്തമാക്കുമോ?

കേരളാ ബാങ്കിന്റെ അംഗസംഘങ്ങളായ പ്രാഥമിക കാർഷികവായ്പാ സംഘങ്ങൾക്ക് ബാങ്കിൽനിന്നും വിവിധതരം വായ്പകൾ അനുവദിച്ചുവരുന്നു. കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നതും ഒരുവിധം നല്ലനിലയിൽ പ്രവർത്തനം കാഴ്ചവയ്ക്കുന്നതും ദുർബലമായി പ്രവർത്തിച്ചുവരുന്നതുമായ സംഘങ്ങളുണ്ട്. പ്രസ്തുത സംഘങ്ങളുടെ ശക്തി, ദൗർബല്യം, സാധ്യതകൾ, വെല്ലുവിളികൾ എന്നിവ വിലയിരുത്തി സംഘങ്ങളുടെ സാമ്പത്തികസ്ഥിതി, ആസ്തികളുടെ നിലവാരം, പണത്തിന്റെ അനായാസമായ ലഭ്യത എന്നീ ഘടകങ്ങൾ വിലയിരുത്തി പ്രാഥമിക കാർഷികവായ്പാ സംഘങ്ങളുടെ Internal rating, Pricing Early warning signals എന്നിവ നടപ്പാക്കുന്നതിനുള്ള നടപടികൾ കേരളാ ബാങ്ക് സ്വീകരിച്ചുവരുന്നു. ഇവ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി നല്ല നിലയിലും, മധ്യ നിലയിലും, ദുർബലാവസ്ഥയിലും സ്ഥിതിചെയ്യുന്ന സംഘങ്ങളെ തിരിച്ചറിഞ്ഞ് സഹായിക്കുന്നതിനും നല്ല നിലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് കൂടുതൽ പരിശോധനകളൊഴിവാക്കി കൂടുതൽ വായ്പകൾ വേഗത്തിൽ നൽകുന്നതിനും

കഴിയുന്നതാണ്. സംഘങ്ങളുടെ നിലവിലെ NPA കുറച്ചുകൊണ്ടുവരുന്നതിനും പുതിയ NPA സൃഷ്ടിക്കാതിരിക്കുന്നതിനും ഉതകുന്നതരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതിനും സംഘങ്ങളുടെ diversion/imbalance, ഫണ്ടുചോർച്ച, തരളധനം സൂക്ഷിക്കുന്നതിലെ അപര്യാപ്തത, നെഗറ്റീവ് നെറ്റ് വർത്ത്, NODC അപര്യാപ്തത എന്നിവ മുൻകൂട്ടി കണ്ടെത്തി പരിഹാരനിർദേശങ്ങൾ നൽകുന്നതിനും Internal rating, Pricing, Early warning signals സഹായിക്കുന്നു. കൂടാതെ ദുർബലമായ സംഘങ്ങളിൽ PACS Advisory കമ്മിറ്റികളുടെ പ്രത്യേക ശ്രദ്ധ കൊണ്ടുവരുന്നു. പ്രാഥമിക സഹകരണ സംഘങ്ങളുടെ വായ്പകൾ NPA-യിലേയ്ക്ക് വീഴുന്നതിനുമുമ്പ് Early warning signals പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി Internal rating, Pricing,

Early warning signals എന്നിവ നടപ്പാക്കുന്നതിനുള്ള നടപടികൾ കേരളാ ബാങ്ക് സ്വീകരിച്ചുവരുന്നു. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കേരളാ ബാങ്കിന്റെ അംഗസംഘങ്ങളായ പ്രാഥമിക കാർഷികവായ്പാ സംഘങ്ങൾക്ക് ബാങ്കിൽനിന്നും വിവിധതരം വായ്പകൾ അനുവദിച്ചുവരുന്നു. സംഘങ്ങളുടെ ശക്തി, ദൗർബല്യം, സാധ്യതകൾ, വെല്ലുവിളികൾ എന്നിവ വിലയിരുത്തി സംഘങ്ങളുടെ സാമ്പത്തികസ്ഥിതി, ആസ്തികളുടെ നിലവാരം, പണത്തിന്റെ അനായാസമായ ലഭ്യത എന്നീ ഘടകങ്ങൾ വിലയിരുത്തി പ്രവർത്തിക്കുന്നതിന് Internal rating, Pricing, Early warning signals എന്നിവ സഹായിക്കുന്നതാണ്. ഇവ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി നല്ല നിലയിലും മധ്യ നിലയിലും ദുർബലാവസ്ഥയിലും സ്ഥിതിചെയ്യുന്ന സംഘങ്ങളെ തിരിച്ചറിഞ്ഞ് സഹായിക്കുന്നതിനും നല്ല നിലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് കൂടുതൽ പരിശോധനകൾ ഒഴിവാക്കി കൂടുതൽ വായ്പകൾ വേഗതയിൽ നൽകുന്നതിനും കഴിയുന്നതാണ്. സംഘങ്ങളുടെ നിലവിലെ NPA കുറച്ചുകൊണ്ടുവരുന്നതിനും പുതിയ NPA സൃഷ്ടിക്കാതിരിക്കുന്നതിനും

ഉതകുന്നതരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതിനും സംഘങ്ങളുടെ fund diversion/imbalance, ഫണ്ടുചോർച്ച, തരളധനം സൂക്ഷിക്കുന്നതിലെ അപര്യാപ്തത, നെഗറ്റീവ് നെറ്റ് വർത്ത്, NODC അപര്യാപ്തത എന്നിവ മുൻകൂട്ടി കണ്ടെത്തി പരിഹാരനിർദേശങ്ങൾ നൽകുന്നതിനും Internal rating, Pricing, Early warning signals സഹായിക്കുന്നു. കൂടാതെ ദുർബലമായ സംഘങ്ങളിൽ PACS Advisory കമ്മിറ്റികളുടെ പ്രത്യേക ശ്രദ്ധ കൊണ്ടുവരുന്നു. പ്രാഥമിക സഹകരണ സംഘങ്ങളുടെ വായ്പകൾ NPA - യിലേയ്ക്ക് വീഴുന്നതിനുമുമ്പ് Early warning signals പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

പ്രാഥമിക സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി നിലവിലുള്ള വകുപ്പുതല പരിശോധനകൾക്കുപുറമേ താലൂക്കുതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർപ്രകാരം നിർദേശം നൽകിയിട്ടുണ്ട്.

സർക്കിൾ സഹകരണ യൂണിയനുകൾ

291(6166) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കിൾ സഹകരണ യൂണിയനുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയിൽ എത്രയെണ്ണത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

ആകെ 64 സർക്കിൾ സഹകരണ യൂണിയനുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. അതിൽ 58 എണ്ണത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ട്. അവ ചിറയിൻകീഴ്, തിരുവനന്തപുരം, നെടുമങ്ങാട്, കൊല്ലം, കൊട്ടാരക്കര, പത്തനാപുരം, കുന്നത്തൂർ, കരുനാഗപ്പള്ളി, കോഴഞ്ചേരി, അടൂർ, തിരുവല്ല, മല്ലപ്പള്ളി, റാന്നി, ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, മാവേലിക്കര, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, കോട്ടയം, ചങ്ങനാശ്ശേരി, വൈക്കം, മീനച്ചിൽ, കാഞ്ഞിരപ്പള്ളി, തൊടുപുഴ, പീരുമേട്,

ദേവികുളം, ഉടുമ്പൻചോല, കണയന്നൂർ, നോർത്ത് പറവൂർ, കുന്നത്തുനാട്, ആലുവ, മൂവാറ്റുപുഴ, കോതമംഗലം, കൊച്ചി, ചാവക്കാട്, തൃശ്ശൂർ, തലപ്പിള്ളി, കൊടുങ്ങല്ലൂർ, ഒറ്റപ്പാലം, പാലക്കാട്, ചിറ്റൂർ, മണ്ണാർക്കാട്, പൊന്നാനി, മഞ്ചേരി, പെരിന്തൽമണ്ണ, തിരൂർ, തിരുരങ്ങാടി, നിലമ്പൂർ, കോഴിക്കോട്, കൊയിലാണ്ടി, വൈത്തിരി, സുൽത്താൻബത്തേരി, മാനന്തവാടി, കണ്ണൂർ, തലശ്ശേരി, കൂത്തുപറമ്പ്, കാസർഗോഡ് എന്നിവയാണ്.

(ബി) അഡ്മിനിസ്ട്രേറ്റർ ഭരണസമിതി നിലവിലുള്ള സർക്കിൾ സഹകരണ യൂണിയനുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര, മുകുന്ദപുരം, ആലത്തൂർ, തളിപ്പറമ്പ് സർക്കിൾ സഹകരണ യൂണിയനുകൾ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. വടകര, ഹോസ്ദുർഗ് എന്നിവ അഡ്മിനിസ്ട്രേറ്റർ ഭരണത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) എത്ര സർക്കിൾ സഹകരണ യൂണിയനുകളിൽ സ്ഥിരം ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; സ്ഥിരം ജീവനക്കാർ ഇല്ലാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

26 സർക്കിൾ സഹകരണ യൂണിയനുകളിൽ സ്ഥിരം ജീവനക്കാരുണ്ട്. ക്ലാർക്ക്/ജൂനിയർ ക്ലാർക്ക് - 16 എണ്ണം, ഓഫീസ് അറ്റൻഡൻഡ് - 3, അറ്റൻഡർ - 5, ക്ലാർക്ക് കം ടൈപ്പിസ്റ്റ് - 2 സ്ഥിരം ജീവനക്കാർ ഇല്ലാത്ത സർക്കിൾ സഹകരണ യൂണിയനുകൾ - കൊല്ലം, കൊട്ടാരക്കര, പത്തനാപുരം, കുന്നത്തൂർ, കരുനാഗപ്പള്ളി, കോഴഞ്ചേരി, അടൂർ, തിരുവല്ല, മല്ലപ്പള്ളി, റാന്നി, ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, മാവേലിക്കര, ചങ്ങനാശ്ശേരി, വൈക്കം, കാഞ്ഞിരപ്പള്ളി, തൊടുപുഴ, പീരുമേട്, ദേവികുളം, ഉടുമ്പൻചോല, കൊച്ചി, നോർത്ത് പറവൂർ, ആലുവ, കോതമംഗലം, മൂവാറ്റുപുഴ, കുന്നത്തുനാട്, കൊടുങ്ങല്ലൂർ, പാലക്കാട്, മണ്ണാർക്കാട്, പൊന്നാനി, തിരൂരങ്ങാടി, നിലമ്പൂർ, വൈത്തിരി, സുൽത്താൻബത്തേരി, മാനന്തവാടി എന്നിവ.

(ഡി) ഏത്ര സർക്കിൾ സഹകരണ യൂണിയനുകളിൽ സേവന-വേതനവ്യവസ്ഥകൾ നടപ്പാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും നടപ്പാക്കിയിട്ടില്ലാത്ത യൂണിയനുകൾ ഏതെല്ലാമെന്നും നടപ്പാക്കാത്തതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ?

സ്ഥിരം ജീവനക്കാരുള്ള സഹകരണ യൂണിയനുകളിൽ രണ്ടെണ്ണത്തിലൊഴികെ സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കിയിട്ടുണ്ട്. ചിറയിൻകീഴ് സർക്കിളിൽ കൺസോളിഡേറ്റഡ് പേയിൽ ഒരു ജീവനക്കാരിയെ നിയമിച്ചിട്ടുണ്ട്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

കണയന്നൂർ സർക്കിളിൽ തസ്തികാനുവാദം വാങ്ങിയിട്ടില്ലാത്തതിനാൽ സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കിയിട്ടില്ല.

(ഇ) സർക്കിൾ സഹകരണ യൂണിയനുകളിൽ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം യൂണിയനുകളെന്നും നടപ്പാക്കാത്ത യൂണിയനുകൾ ഏതെല്ലാമെന്നും നടപ്പാക്കാത്തതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ?

സ്ഥിരം ജീവനക്കാരുള്ള സർക്കിൾ സഹകരണ യൂണിയനുകളിൽ താഴെ പരാമർശിച്ചിരിക്കുന്നവയൊഴികെയുള്ളവയിൽ ശമ്പളപരിഷ്കരണം നടപ്പാക്കിയിട്ടുണ്ട്.

ചിറയിൻകീഴ് സർക്കിളിൽ കൺസോളിഡേറ്റഡ് പേയിൽ ഒരു ജീവനക്കാരിയെ നിയമിച്ചിട്ടുണ്ട്, സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ശമ്പളപരിഷ്കരണം നടപ്പാക്കുന്നതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. തൃശ്ശൂർ സർക്കിളിൽ 25-02-2021-ലെ സ.ഉ.(സാധാ) 161/2021/സഹ. പ്രകാരമുള്ള സേവന-വേതനവ്യവസ്ഥ നടപ്പാക്കിയിട്ടുണ്ട്. കൊയിലാണ്ടി സർക്കിളിൽ സാമ്പത്തികസ്ഥിതി പര്യാപ്തമല്ലാത്തതിനാൽ ശമ്പളപരിഷ്കരണം നടപ്പാക്കിയിട്ടില്ല.

(എഫ്) ജീവനക്കാർക്ക് ശമ്പളത്തിനുപുറമെ ഏതൊക്കെ സർവീസ് ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടെന്ന വിശദാംശവും സർവീസ് ആനുകൂല്യങ്ങൾ നൽകാത്ത സർക്കിൾ സഹകരണ യൂണിയനുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; അത് നൽകാത്തതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ?

പ്രോവിഡന്റ് ഫണ്ട്, ലീവ് സറണ്ടർ, ഫെസ്റ്റിവൽ അലവൻസ്, മെഡിക്കൽ അലവൻസ്, ക്ഷാമബത്ത, വീട്ടുവാടക അലവൻസ്, വെൽഫെയർ ഫണ്ട്, ആകസ്മികാവധി 20 എണ്ണം, മെഡിക്കൽ അലവൻസ്,

ജി.പി.എ.ഐ.എസ്., ബോണസ് എന്നിവ നൽകിവരുന്നുണ്ട്. ചിറയിൻകീഴ് സർക്കിളിൽ കൺസോളിഡേറ്റഡ് പേയിൽ ഒരു ജീവനക്കാരിയെ നിയമിച്ചിട്ടുണ്ട്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ നൽകുന്നതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. മുകുന്ദപുരം സർക്കിളിൽ, കമ്മീഷന്റെ മറ്റുശിപാർശകളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. തൃശ്ശൂർ സർക്കിൾ സഹകരണ യൂണിയനിൽ ക്ലാർക്ക് തസ്തികയുടെ ശമ്പളം നൽകിവരുന്നുണ്ട്. ബേസിക് പേ, ഡി.എ., എച്ച്.ആർ.എ. എന്നിവ മാത്രമാണ് നിലവിൽ നൽകിവരുന്നത്. സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

മഞ്ചേരി, പെരിന്തൽമണ്ണ, തിരൂർ എന്നീ സർക്കിൾ സഹകരണ യൂണിയനുകളിൽ പെൻഷൻ ബോർഡിൽ അംഗത്വം ലഭിക്കാത്തതിനാൽ പെൻഷനൊഴികെ ബാക്കി ആനുകൂല്യങ്ങളെല്ലാം നൽകുന്നുണ്ട്.

കരുവന്നൂർ ബാങ്കിലെ നിക്ഷേപം

292(6167) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ ബാങ്കിൽ എത്ര കോടി രൂപയുടെ നിക്ഷേപമാണ് നിലവിലുള്ളതെന്നറിയിക്കാമോ?

കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ നിലവിൽ 272.22/- കോടി രൂപയുടെ നിക്ഷേപമാണ് ബാക്കിനിൽപ്പുള്ളത്.

(ബി) ഇതിൽ എത്രപേർ എത്ര തുകയുടെ നിക്ഷേപം പിൻവലിക്കാനായി അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ നിലവിലുള്ള നിക്ഷേപകരിൽ 3200 പേർ നിക്ഷേപം പിൻവലിക്കാനായി അപേക്ഷ നൽകിയിട്ടുണ്ട്. ആയത് 12 കോടി രൂപയാണ്.

(സി) കരുവന്നൂർ ബാങ്കിൽ ക്രമക്കേട് കണ്ടെത്തിയതുമുതൽ നാളിതുവരെ എത്രപേർക്ക് എത്ര തുക തിരിച്ചുനൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ ക്രമക്കേട് കണ്ടെത്തിയതുമുതൽ നാളിതുവരെ 15437 നിക്ഷേപകർക്കായി 125.03/- കോടി രൂപ തിരികെ നൽകിയിട്ടുണ്ട്.

വെള്ളൂർ സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേട്

293(6168) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളൂർ സർവീസ് സഹകരണ ബാങ്കിലെ തട്ടിപ്പ് സംബന്ധിച്ച് സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കേരള സഹകരണ നിയമം വകുപ്പ് 65, 68 പ്രകാരമുള്ള അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത്. ടി അന്വേഷണങ്ങളിലെ കണ്ടെത്തലുകൾ താഴെപ്പറയും പ്രകാരമാണ്.

1. ഈട് പ്രമാണങ്ങൾ ഇല്ലാതെ നൽകിയ വായ്പയിലെ നഷ്ടം.

2. ഭരണസമിതി അനുവദിച്ച തുകയേക്കാൾ പരിധി അധികരിച്ചതും പലിശ ഈടാക്കാത്തതുമായ വായ്പയിലെ നഷ്ടം.

3. ഒരേ വസ്തുവിന്റെ ഈടിൽ നൽകിയ വായ്പകളിൽ തിരിച്ചടവില്ലാതെ ബാങ്കിനുണ്ടായ നഷ്ടം.

4. ഒരു കുടുംബത്തിലെ അംഗങ്ങൾക്കുതന്നെ നൽകിയതും തിരിച്ചടവില്ലാതെ ഉണ്ടായതുമായ നഷ്ടം.

5.അപേക്ഷയോ അനുബന്ധങ്ങളോ ഇല്ലാത്തതും കത്ത് നൽകിയിട്ടും പരിശോധനയ്ക്ക് ഹാജരാക്കാത്ത (രേഖകളില്ലാത്ത) വായ്പകളിലുണ്ടായ നഷ്ടം.

6. ജീവനക്കാരുടെ ബന്ധുക്കൾക്ക് ഈടില്ലാതെ നൽകിയ വായ്പകളിൽ തിരിച്ചടവില്ലാത്തതിനാലുണ്ടായ നഷ്ടം.

7. ജീവനക്കാർക്ക് അനധികൃതമായി നൽകിയ വായ്പകളിൽ തിരിച്ചടവില്ലാത്തതിനാലുണ്ടായ നഷ്ടം.

8. ജീവനക്കാരുടെ ഓവർ ഡ്രാഫ്റ്റ് അക്കൗണ്ടിൽ പലിശയിനത്തിൽ ബാങ്കിനുണ്ടായ നഷ്ടം.

9. നിലവിലുള്ള ഭരണസമിതി അംഗങ്ങൾക്കും അവരുടെ ബന്ധുക്കൾക്കും നൽകിയ വായ്പകൾ കുടിശ്ശികയായതിനാലുണ്ടായ നഷ്ടം.

10. മുൻ പ്രസിഡന്റ് ശ്രീ. മനോഹരനും ബന്ധുക്കൾക്കും അനധികൃതമായി നൽകിയ വായ്പയിലുണ്ടായ നഷ്ടം.

11. ഉപനിബന്ധനകൾക്ക് വിരുദ്ധമായി സ്ഥിരനിക്ഷേപത്തിന്റെ ഈടിന്മേൽ KCC, OLCC, BOD എന്നീ വായ്പകൾ നൽകിയതിലുണ്ടായ നഷ്ടം.

12. സ്ഥിരനിക്ഷേപ വായ്പകൾ നൽകിയതുമായി ബന്ധപ്പെട്ട് സംഘത്തിനുണ്ടായ നഷ്ടം.

13.സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് സൂക്ഷിക്കാതെ നിക്ഷേപവായ്പ നൽകിയത് തിരികെ അടയ്ക്കാതെ ബാങ്കിനുണ്ടായ നഷ്ടം.

14. ബാങ്ക് നടത്തുന്ന കാലാവധി കഴിഞ്ഞ് കുടിശ്ശികയായ ജി.ഡി.സി.എസ്.-കളിൽ ബാങ്കിന് ഈടാകാതെ ബാക്കിനിൽക്കുന്ന നഷ്ടം.

15. ബാങ്ക് അംഗങ്ങളിൽനിന്നും സ്വീകരിക്കുന്ന സ്ഥിരനിക്ഷേപത്തിലുണ്ടായിട്ടുള്ള ക്രമക്കേടുകൾ.

16. വർക്കിങ് ഫണ്ടിലുള്ള മൂല്യശോഷണം.

വകുപ്പ് 65, 68 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത തട്ടിപ്പിനിരയായി നിക്ഷേപത്തുക നഷ്ടപ്പെട്ടവർക്ക് നിക്ഷേപങ്ങൾ തിരിച്ചുനൽകുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

വെള്ളൂർ സർവീസ് സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേടിന് ഉത്തരവാദികളെന്ന് കണ്ടെത്തിയ ബാങ്ക് ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ എന്നിവരിൽനിന്ന് നഷ്ടത്തുക ഈടാക്കിയെടുക്കുന്നതിന് സർചാർജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർചാർജ് ഉത്തരവിനെതിരെ നഷ്ടോത്തരവാദികൾ സർക്കാരിൽ അപ്പീൽ ഫയൽ ചെയ്തിരുന്നെങ്കിലും അപ്പീൽ തള്ളിക്കൊണ്ടും സർചാർജ് ഉത്തരവ് നിലനിർത്തിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ടി സർചാർജ് ഉത്തരവിനെതിരെയും സർക്കാരിന്റെ തീർപ്പിനെതിരെയും നഷ്ടോത്തരവാദികൾ ബഹു. കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയും ടി കേസുകളിൽ പല തീയതികളിലായുണ്ടായ ഇടക്കാല വിധിപ്രകാരം സർചാർജ് ഉത്തരവിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് താൽക്കാലിക സ്റ്റേ ഉണ്ടായിട്ടുള്ളതുമാണ്.

(സി) നഷ്ടപ്പെട്ട തുക നിക്ഷേപകർക്ക് തിരികെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിക്ഷേപകർക്ക് പക്ഷപാതരഹിതമായും സുതാര്യമായും നിക്ഷേപങ്ങൾ തിരികെ നൽകുന്നതിനായി 11-03-2024 തീയതിയിൽ കോട്ടയം ജോയിന്റ് രജിസ്ട്രാർ, സി.ആർ.പി.(2) 838/2022 നമ്പരായി ബാങ്കിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അതോടൊപ്പം തിരിച്ചടവില്ലാത്ത എല്ലാ വായ്പകളിലും

ആർബിട്രേഷൻ കേസ് ഫയൽ ചെയ്ത് വിധി ലഭ്യമാക്കിയിട്ടുള്ളതും എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

സഹകരണ ബാങ്കുകളുടെ ജപ്തി നടപടി

294(6169) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ സഹകരണ ബാങ്കുകൾ എത്ര ജപ്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്രയെണ്ണത്തിൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

വായ്പാത്തുക ഈടാക്കുന്നതിനായി സഹകരണ സംഘം/ബാങ്കുകളിൽ മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ജപ്തി നടപടികളുടെ ഭാഗമായി 503515 എക്സിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുകയും ആയതിൽ 281474 എണ്ണം തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. 45152 കേസുകളിൽ ജപ്തി നടപടി ആരംഭിക്കുകയും 1419 എണ്ണത്തിൽ ജപ്തി നടപടി പൂർത്തീകരിക്കുകയും ചെയ്തു.

(ബി) പ്രസ്തുത കാലയളവിൽ സഹകരണ ബാങ്കുകളിൽനിന്നും ജപ്തി നോട്ടീസുകൾ ലഭിച്ചതിനെത്തുടർന്ന് വായ്പക്കാരോ കുടുംബാംഗങ്ങളോ ആത്മഹത്യ ചെയ്തതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

പ്രസ്തുത കാലയളവിൽ സഹകരണ ബാങ്കുകളിൽനിന്നും ജപ്തി നോട്ടീസുകൾ ലഭിച്ചതിനെത്തുടർന്ന് വായ്പക്കാരോ കുടുംബാംഗങ്ങളോ ആത്മഹത്യ ചെയ്തതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സഹകരണ ബാങ്കുകൾ നിലവിൽ ഏത് നിയമപ്രകാരമാണ് ജപ്തി നടപടികൾ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ കീഴിൽ വരുന്ന പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ എന്നിവയൊഴികെയുള്ള സഹകരണ സംഘം/ബാങ്കുകളിൽ 1969-ലെ കേരള സഹകരണ നിയമംപ്രകാരമാണ് ജപ്തി നടപടികൾ സ്വീകരിക്കുന്നത്. റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരുന്ന കേരള

സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), അർബൻ സഹകരണ ബാങ്ക് എന്നിവയിൽ 1969-ലെ കേരള സഹകരണ നിയമത്തിനുപുറമേ സർഫാസി നിയമപ്രകാരവും ജപ്തി നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കും. പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിൽ 1984-ലെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് നിയമപ്രകാരമാണ് ജപ്തി നടപടികൾ സ്വീകരിക്കുന്നത്.

(ഡി) കേരള ബാങ്കിന് സർഫാസി നിയമപ്രകാരമല്ലാതെ ജപ്തി നോട്ടീസുകൾ നൽകാൻ സാധ്യമാണോ; വിശദമാക്കുമോ?

സാധ്യമാണ്. കേരള സംസ്ഥാന സഹകരണ ബാങ്കിന് സർഫാസി നിയമപ്രകാരമല്ലാതെ 1969-ലെ കേരള സഹകരണ നിയമപ്രകാരവും, റവന്യൂ റിക്കവറി പ്രകാരവും ജപ്തി നോട്ടീസുകൾ നൽകാൻ സാധിക്കും.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ പെൻഷൻ കമ്പനിക്ക് നൽകിയ വായ്പ

295(6170) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ സാമൂഹ്യസുരക്ഷാ പെൻഷൻ കമ്പനിക്ക് വായ്പകൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിക്ക് വായ്പ നൽകുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽനിന്നും തുക സ്വരൂപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുന്നതിന് 14-03-2019-ലെ ജി.ഒ. (ആർ.റ്റി.) നം.200/2019/സഹ. പ്രകാരം സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൺസോർഷ്യം മുഖേന ഫണ്ട് സമാഹരിച്ച് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിക്ക് വായ്പയായി നൽകിവരുന്നുണ്ട്.

(ബി) പ്രസ്തുത വായ്പകൾ തിരിച്ചടയ്ക്കാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണത്തിനായി നൽകിയിട്ടുള്ള വായ്പ, കാലാവധി പൂർത്തിയായശേഷം തുക തിരികെ ആവശ്യപ്പെട്ടിട്ടുള്ള

സംഘങ്ങൾക്ക് ആയത് തിരികെ നൽകുകയും വായ്പ പുതുക്കാൻ ആവശ്യപ്പെട്ടിട്ടുള്ള സംഘങ്ങൾക്ക് സർക്കാർ ഉത്തരവുകൾപ്രകാരം വായ്പയുടെ കാലാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സാമൂഹ്യസുരക്ഷാ പെൻഷൻ കമ്പനിക്ക് വായ്പ നൽകിയ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കെതിരെ ആദായനികുതി വകുപ്പ് നടപടികൾ സ്വീകരിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ പുലമാന്തോൾ സർവീസ് സഹകരണ ബാങ്ക്, അരക്കുപറമ്പ് സർവീസ് സഹകരണ ബാങ്ക് എന്നിവയ്ക്ക് ആദായ നികുതി വകുപ്പ് ടി വിഷയവുമായി ബന്ധപ്പെട്ട് നോട്ടീസ് നൽകുകയും ടാക്സ് അടയ്ക്കുന്നതിന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. പുലമാന്തോൾ സർവീസ് സഹകരണ ബാങ്ക് സാമൂഹ്യസുരക്ഷാ പെൻഷൻ കൺസോർഷ്യത്തിലേയ്ക്ക് നിക്ഷേപിച്ച തുക നിക്ഷേപം എന്നതിൽനിന്നും മാറ്റി വായ്പയായി ക്രമീകരിച്ചതിനുശേഷം ആദായ നികുതി വകുപ്പ് ടി ബാങ്കിന് ഇളവനുവദിച്ചിട്ടുള്ളതാണ്. അരക്കുപറമ്പ് സർവീസ് സഹകരണ ബാങ്ക്

സാമൂഹ്യസുരക്ഷാ പെൻഷൻ കൺസോർഷ്യത്തിലേയ്ക്ക് നിക്ഷേപിച്ച തുക 'നിക്ഷേപം' എന്നതിൽനിന്നും മാറ്റി, വായ്പയായി ക്രമീകരിച്ച് ഇളവനുവാദത്തിന് ആദായനികുതി വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കാസർഗോഡ് ജില്ലാ ആശുപത്രി സഹകരണ സംഘത്തിന്റെ കെട്ടിടം

296(6171) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ആശുപത്രി സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിക്കാൻ എൻ.സി.ഡി.സി. ലോണനുവദിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

കാസർഗോഡ് ജില്ലാ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നമ്പർ എസ്.42-ന് ആശുപത്രി കെട്ടിടനിർമ്മാണത്തിനുള്ള എൻ.സി.ഡി.സി. ധനസഹായമായി 180 ലക്ഷം രൂപ (ഓഹരി-80 ലക്ഷം രൂപ, വായ്പ-100 ലക്ഷം രൂപ) അനുവദിക്കുന്നതിന് എൻ.സി.ഡി.സി. മാനേജിങ് ഡയറക്ടറുടെ അനുമതി ലഭിക്കുകയും ടി തുക 2013-2014, 2015-2016 സാമ്പത്തിക

വർഷങ്ങളിലായി സംഘത്തിന് അനുവദിച്ച് നൽകുകയും ചെയ്തിരുന്നു. കൂടാതെ സംഘത്തിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ രണ്ടാം നില, ടെറസ് ഫ്ലോർ പണിയുന്നതിനും ഇന്റീരിയർ ഡെവലപ്മെന്റിനുമായി 490.50 ലക്ഷം രൂപയുടെ പ്രോജക്ടും എൻ.സി.ഡി.സി. ധനസഹായത്തിനുള്ള അപേക്ഷ വർക്കിങ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ടി ധനസഹായം അനുവദിക്കുന്നതിനായി സർക്കാരിൽനിന്നും എൻ.സി.ഡി.സി.-ക്ക് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. എൻ.സി.ഡി.സി. മാനേജിങ് ഡയറക്ടറുടെ 05-12-2018-ലെ NCDC:7-1/2018-C, IC&SC/179/SA80115 നമ്പർ കത്തുപ്രകാരം 410 ലക്ഷം രൂപ (ഓഹരി - 180 ലക്ഷം രൂപ, വായ്പ - 230 ലക്ഷം രൂപ) എൻ.സി.ഡി.സി. ധനസഹായത്തിനുള്ള അനുമതി ലഭിച്ചിരുന്നു.

സഹകരണ സംഘം രജിസ്ട്രാറുടെ 31-01-2021, 19-01-2022 എന്നീ തീയതികളിലെ പി&എം(എ 3)427/2021 നമ്പർ ഉത്തരവുപ്രകാരം ടി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി 147.50 ലക്ഷം രൂപ (ഓഹരി-90 ലക്ഷം രൂപ, വായ്പ - 57.50 ലക്ഷം രൂപ) സംഘത്തിന് അനുവദിച്ചുനൽകിയിരുന്നു. ടി ധനസഹായത്തിന്റെ രണ്ടാം ഗഡുവായി

262.50 ലക്ഷം രൂപ (ഓഹരി-90 ലക്ഷം രൂപ, വായ്പ - 172.50 ലക്ഷം രൂപ) 2023-2024 സാമ്പത്തിക വർഷം അനുവദിക്കുന്നതിന് 09-05-2023-ലെ സ.ഉ.(സാധാ)നം.276/2023/സഹ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. സംഘത്തിന് അനുവദിക്കാൻ ബാക്കിനിൽപ്പുള്ള ഓഹരിയിനത്തിലെ 90 ലക്ഷം രൂപയും വായ്പായിനത്തിലെ 172.50 ലക്ഷം രൂപയും യഥാക്രമം രജിസ്ട്രേഷൻ 84/2024, 85/2024 എന്നിവപ്രകാരം ഇ-ലാംപ്സിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. ടി തുക 2024-2025 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സംഘത്തിന് നാളിതുവരെ ഈയിനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; ഇനി എത്ര തുക നൽകാനുണ്ട്; വിശദാംശം അറിയിക്കാമോ?

കാസർഗോഡ് ജില്ലാ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നമ്പർ എസ്.42-ന് കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ട് ഘട്ടങ്ങളിലായി അനുവദിച്ച എൻ.സി.ഡി.സി. ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കെട്ടിടം പണിത് വർഷങ്ങൾ കഴിഞ്ഞിട്ടും ഈയിനത്തിൽ സംഘത്തിന് നൽകാനുള്ള ബാലൻസ് തുക നൽകണമെന്ന ആവശ്യത്തിന്മേൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഡി) സംഘത്തിന് നൽകാനുള്ള ബാലൻസ് തുക എന്നത്തേയ്ക്ക് നൽകുമെന്നറിയിക്കാമോ?

(സി&ഡി) എൻ.സി.ഡി.സി. മാനേജിങ് ഡയറക്ടറുടെ 05-12-2018-ലെ NCDC:7-1/2018-C, IC&SC/179/SA80115 നമ്പർ കത്തുപ്രകാരം അനുമതി ലഭിച്ചിരുന്ന എൻ.സി.ഡി.സി. ധനസഹായത്തിന്റെ രണ്ടാം ഗഡുവായ 262.50 ലക്ഷം രൂപ (ഓഹരി-90 ലക്ഷം രൂപ, വായ്പ - 172.50 ലക്ഷം രൂപ) സംഘത്തിന് അനുവദിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം ഇ-ലാംപ്സിൽ പോസ്റ്റ് ചെയ്തിരുന്നു. ടി തുക 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എറണാകുളം ജില്ലയിലെ പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങൾ

297(6172) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ സഹകരണസംഘങ്ങളുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	പ്രവർത്തിക്കുന്ന SC/ST സംഘങ്ങളുടെ എണ്ണം	പ്രവർത്തന രഹിതമായ SC/ST സംഘങ്ങളുടെ എണ്ണം
പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്	1	0
പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്	1	0
കവളങ്ങാട് ഗ്രാമപഞ്ചായത്ത്	1	0
പിണ്ടിമന ഗ്രാമപഞ്ചായത്ത്	1	0
വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്	1	0
കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്	1	1
നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്	0	1
കോട്ടപ്പടി ഗ്രാമപഞ്ചായത്ത്	0	1
കടുങ്ങല്ലൂർ പഞ്ചായത്ത്	1	0
ഏഴിക്കര പഞ്ചായത്ത്	1	0
പറവൂർ മുനിസിപ്പാലിറ്റി	1	0
വടക്കേക്കര പഞ്ചായത്ത്	1	0

കരുമാല്ലൂർ പഞ്ചായത്ത്	1	0
പുത്തൻവേലിക്കര പഞ്ചായത്ത്	0	1
എളങ്കുന്നപ്പുഴ പഞ്ചായത്ത്	1	0
നായരമ്പലം പഞ്ചായത്ത്	1	0
കുമ്പളങ്ങി പഞ്ചായത്ത്	1	0
ഞാറക്കൽ പഞ്ചായത്ത്	1	0
കൊച്ചിൻ കോർപ്പറേഷൻ	4	0
പള്ളിപ്പുറം പഞ്ചായത്ത്	1	0
കുഴുപ്പിള്ളി പഞ്ചായത്ത്	0	1
എടവനക്കാട് പഞ്ചായത്ത്	1	0
ചെല്ലാനം പഞ്ചായത്ത്	0	1
മലയാറ്റൂർ നീലീശ്വരം പഞ്ചായത്ത്	0	1
കാഞ്ഞൂർ പഞ്ചായത്ത്	0	1
ആലുവ മുനിസിപ്പാലിറ്റി	0	1
കീഴ്മാട് പഞ്ചായത്ത്	1	0
ശ്രീമൂലനഗരം പഞ്ചായത്ത്	1	0
മൂക്കന്നൂർ പഞ്ചായത്ത്	0	1
പാറക്കടവ് പഞ്ചായത്ത്	0	1
അയ്യമ്പുഴ പഞ്ചായത്ത്	0	1
ചെങ്ങമനാട് പഞ്ചായത്ത്	1	0
അങ്കമാലി മുനിസിപ്പാലിറ്റി	0	1
കാലടി പഞ്ചായത്ത്	0	1
എടത്തല പഞ്ചായത്ത്	1	0
പായിപ്ര പഞ്ചായത്ത്	1	0
ആരക്കുഴ പഞ്ചായത്ത്	0	1
കൂത്താട്ടുകുളം പഞ്ചായത്ത്	0	1
മാറാടി പഞ്ചായത്ത്	0	1

രാമമംഗലം പഞ്ചായത്ത്	1	0
തിരുമാറാടി പഞ്ചായത്ത്	1	0
കല്ലൂർക്കാട് പഞ്ചായത്ത്	0	1
മഞ്ഞള്ളൂർ പഞ്ചായത്ത്	1	0
തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി	0	2
മുളന്തുരുത്തി പഞ്ചായത്ത്	1	0
ആമ്പല്ലൂർ പഞ്ചായത്ത്	1	1
തൃക്കാക്കര മുനിസിപ്പാലിറ്റി	1	0
മരട് മുനിസിപ്പാലിറ്റി	1	0
മുളവുകാട് പഞ്ചായത്ത്	1	0
ചോറ്റാനിക്കര പഞ്ചായത്ത്	0	1
കടമക്കുടി പഞ്ചായത്ത്	1	0
ഉദയംപേരൂർ പഞ്ചായത്ത്	0	3
കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്	1	0
രായമംഗലം ഗ്രാമപഞ്ചായത്ത്	1	0
കുവപ്പടി ഗ്രാമപഞ്ചായത്ത്	1	1
വേങ്ങൂർ ഗ്രാമപഞ്ചായത്ത്	2	0
കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്	1	0
മഴുവന്നൂർ ഗ്രാമപഞ്ചായത്ത്	1	0
പൂതൃക്ക ഗ്രാമപഞ്ചായത്ത്	1	0
തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്	1	0
മുടക്കുഴ ഗ്രാമപഞ്ചായത്ത്	0	1
വെങ്ങോല ഗ്രാമപഞ്ചായത്ത്	0	1
പെരുമ്പാവൂർ മുനിസിപ്പാലിറ്റി	0	1
വാഴക്കുളം ഗ്രാമപഞ്ചായത്ത്	0	1
വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്	0	1

അശമന്നൂർ ഗ്രാമപഞ്ചായത്ത്	0	1
TOTAL	**44**	**32**

(ബി) പ്രസ്തുത സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനും എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ സഹകരണസംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണ പദ്ധതിയായ പുനർജനി പദ്ധതിപ്രകാരം സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. വർഷംതോറും പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി റിവൈവൽ സ്കീം, സ്പെഷ്യൽ റിവൈവൽ സ്കീം, പ്രവർത്തന മൂലധന ഗ്രാന്റ്, ബിൽഡിങ് ഗ്രാന്റ്, ആധുനികവൽക്കരണം എന്നീ സ്കീമുകളിലുൾപ്പെടുത്തി പട്ടികജാതി-പട്ടികവർഗ സഹകരണസംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നുണ്ട്. സംഘങ്ങളിലെ സെക്രട്ടറിമാർക്ക് ശമ്പളം നൽകുന്നതിനായി ലാഭത്തിലുള്ള സംഘങ്ങൾക്ക് എട്ടുവർഷത്തേയ്ക്കും

ലാഭത്തിലല്ലാത്ത സംഘങ്ങൾക്ക് അഞ്ചുവർഷത്തേയ്ക്കും മാനേജീരിയൽ സബ്സിഡിയിനത്തിൽ ധനസഹായം നൽകുന്നുണ്ട്.

കോ-ഓപ് മാർട്ടുകൾ

298(6173)ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പച്ചക്കറിക്ക് തറവില ഉറപ്പാക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള കോ-ഓപ്പ് മാർട്ടുകൾ സാർവത്രികമാക്കുന്നതിന്റെ ഭാഗമായി അരുവിക്കര മണ്ഡലത്തിൽ തിരഞ്ഞെടുത്ത പ്രാഥമിക സഹകരണസംഘങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

പച്ചക്കറിക്ക് തറവില ഉറപ്പാക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള കോ-ഓപ്പ് മാർട്ടുകൾ സാർവത്രികമാക്കുന്നതിന്റെ ഭാഗമായി അരുവിക്കര മണ്ഡലത്തിൽനിന്നും വീരണകാവ് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 516-നെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്.

കുന്നത്തുനാട് മണ്ഡലത്തിലെ സഹകരണസംഘങ്ങൾ

299(6174) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെകീഴിൽ നിലവിലെത്ര സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

കുന്നത്തുനാട് മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെകീഴിൽ നിലവിൽ 102 സഹകരണസംഘങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലച്ചുപോയ സംഘങ്ങൾ എത്രയെണ്ണമുണ്ടെന്നും ഏതെല്ലാമെന്നും ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നുവെന്നും അവയുടെ ആസ്തിബാധ്യതകൾ എത്രയെന്നും വിശദമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലച്ചുപോയ 11 സഹകരണസംഘങ്ങളാണ് നിലവിലുള്ളത്. അവയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രവർത്തനം നിലച്ചുപോയ സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്യുന്നതിനോ മറ്റ് സംഘങ്ങൾ മുഖാന്തരം ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനോ നടപടി സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ?

പ്രവർത്തനം നിലച്ചുപോയ സഹകരണ സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്യുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും അതിന് സാധിക്കാത്തവയെ ലിക്വിഡേറ്റ് ചെയ്യുന്നതിനും പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇ 700 - നമ്പർ എസ്.എസ്.വി. കോളേജ് ക്രെഡിറ്റ് സി.എസ്. ക്ലിപ്തം, ഇ 778 - നമ്പർ കുന്നത്തുനാട് താലൂക്ക് ഡക്ക് ഫാർമേഴ്സ് സി.എസ്. ക്ലിപ്തം എന്നീ സംഘങ്ങളെ സമാപ്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വടവുകോട് ലേബർ കോൺട്രാക്ട് സി.എസ്. ക്ലിപ്തം നമ്പർ ഇ 999 നിലവിൽ ലിക്വിഡേഷൻ നടപടികളിലാണെങ്കിലും സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുള്ളതും ആയത് എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ പരിഗണനയിലുമാണ്. വടവുകോട്, പുത്തൻകുരിശ് പട്ടികജാതി സി.എസ്. ക്ലിപ്തം നമ്പർ ഇ 847-ൽ നിലവിൽ

തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുണ്ട്. അതിന്റെ പുനരുദ്ധാരണ സാധ്യതകൾ പരിശോധിച്ചുവരികയാണ്.

സഹകരണ സംഘങ്ങളിലെ സബ് സ്റ്റാഫുകളുടെ പ്രൊമോഷൻ

300(6175) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ദുരമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ നിയമത്തിൽ പുതിയ ഭേദഗതികൾ വന്നതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിലെ സബ്സ്റ്റാഫ് വിഭാഗത്തിൽനിന്നും ജൂനിയർ ക്ലാർക്ക് വിഭാഗത്തിലേയ്ക്കുള്ള പ്രൊമോഷനുകൾ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സബ്സ്റ്റാഫുകളുടെ പ്രൊമോഷൻ സാധ്യതകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇല്ല; ഈ വിഷയത്തിന്മേൽ സഹകരണ നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ ചട്ടം തയ്യാറാക്കി സമിതി മുമ്പാകെ സമർപ്പിക്കുന്നതിനും ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതിനുമുള്ള നിർദേശം നൽകിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ

301(6176) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ നിലവിലെത്ര പട്ടികജാതി-പട്ടികവർഗ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്; ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ 3 പട്ടികജാതി-പട്ടികവർഗ സഹകരണസംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

1. കോഴിക്കോട് ജില്ലാ പട്ടികവർഗ സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡി. 3321 (കോട്ടൂർ ഗ്രാമപഞ്ചായത്ത്)

2. ബാലുശ്ശേരി പട്ടികജാതി സഹകരണ സംഘം ലിമിറ്റഡ് നമ്പർ. ഡി. 2312 (ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്)

3. നടുവണ്ണൂർ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡി. 2413 (നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്)

(ബി) പട്ടികജാതി-പട്ടികവർഗ സഹകരണസംഘങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

പട്ടികജാതി-പട്ടികവർഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുജ്ജീവനത്തിനുമായി പട്ടികജാതി-പട്ടികവർഗ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായമെന്ന സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷം 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനും സമഗ്രവികസനത്തിനുമായി നടപ്പാക്കുന്ന പുനർജ്ജനി പദ്ധതി, വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്ന പുനരുദ്ധാരണ സഹായം, സഹകരണ സംഘങ്ങളിലെ ജീവനക്കാർ, ഭരണ

സമിതിയംഗങ്ങൾ എന്നിവരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ ഫെഡറേഷന്റെ പുനരുദ്ധാരണത്തിനുള്ള സഹായം, യുവ എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങൾക്ക് പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള സഹായം എന്നീ ഘടകങ്ങൾ ടി പദ്ധതിയിലുൾപ്പെടുന്നു.

സഹകരണ സംഘങ്ങൾ വാടകയ്ക്കെടുക്കുന്ന കെട്ടിടങ്ങൾ

302(6177) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാത്ത സഹകരണ സംഘങ്ങൾക്ക് വാടകയ്ക്കെടുക്കുന്ന കെട്ടിടങ്ങളിൽ കൗണ്ടറുകൾ സ്ഥാപിക്കുന്നതിനും ഫർണിഷിങ് നടത്തുന്നതിനും സംഘത്തിന്റെ തുക ചെലവഴിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർമാർ അനുമതി നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുന്നതിനും ഫർണിഷിങ് നടത്തുന്നതിനും നടപടിക്രമങ്ങൾ പാലിച്ച് അനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ യഥാസമയം പരിഗണിച്ച് അനുമതി നൽകാറുണ്ട്.

(ബി) സ്വന്തമായി കെട്ടിടങ്ങളുള്ള സംഘങ്ങളും ബ്രാഞ്ചുകൾ ആരംഭിക്കുന്നത് വാടകക്കെട്ടിടങ്ങളിലായതിനാൽ അത്തരം സംഘങ്ങൾക്കും ഈ തീരുമാനം ബുദ്ധിമുട്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശാഖകളാരംഭിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിക്കുന്ന സംഘങ്ങൾക്ക് അവരുടെ അപേക്ഷകൾ പരിശോധിച്ച് അനുമതി നൽകാറുണ്ട്.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം

303(6178) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്താനായി നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്താനായി നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

പുതിയകാലത്തെ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് സഹകരണമേഖലയിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ക്രമക്കേടുകൾ തടയുന്നതിനും സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്രപരിഷ്കരണം ലക്ഷ്യമിട്ടും കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) നിയമം അംഗീകരിക്കുകയും ടി സമഗ്രനിയമ ഭേദഗതിക്കനുസൃതമായി സഹകരണ ചട്ടം ഭേദഗതിചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ കാര്യക്ഷമമാക്കാനും ആവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും താലൂക്കുതലത്തിലും

ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ മേഖലയിൽ സുതാര്യതയും ശേഷിയും ഉയർത്തുന്നതിനും സഹകരണ മേഖലയിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിലേയ്ക്കുമായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംസ്ഥാനമൊട്ടാകെ നടപ്പാക്കുന്നതിന് തത്വത്തിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടീം ഓഡിറ്റ് പൈലറ്റ് പദ്ധതിയായി പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ആരംഭിച്ചിരുന്നു. ടി ജില്ലകളിൽ പദ്ധതി വൻവിജയമായതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പാക്കുകയുണ്ടായി.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അക്കൗണ്ടിങ് സിസ്റ്റം ശക്തമാക്കുന്നതിനും സുതാര്യമാക്കി ക്രമക്കേടുകൾ തടയാനും സഹകരണമേഖലയിലേയ്ക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കാനുമായി പൊതു സോഫ്ട്വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പ്രവർത്തനക്ഷമമായ പദ്ധതികൾ/സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെ പുനരാസൂത്രണം ചെയ്യുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയും പ്രവർത്തനമൂലധനത്തിന്റെ അഭാവംമൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണസംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ സാഹചര്യത്തിൽ പ്രവർത്തനം നിലച്ചതും എന്നാൽ പ്രവർത്തനസാധ്യതയുള്ളതുമായ സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ ലക്ഷ്യങ്ങളോടെ 1969-ലെ കേരള സഹകരണ നിയമം ചട്ടം 53-ന്റെ ഭേദഗതി നടത്തി കേരള സഹകരണ സംഘം പുനരുദ്ധാരണനിധി പദ്ധതി എന്ന പേരിലൊരു പദ്ധതി രൂപീകരിക്കുന്നതിന് 16-04-2023-ലെ സ.ഉ.(സാധാ)നം.234/2023/സഹ. പ്രകാരം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതാണ്. ടി പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം ആകെ 1115.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കാർഷിക അനുബന്ധമേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർധിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം

മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതനപദ്ധതി (Co-operative Initiative in Technology Driven Agriculture (CITA). 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉൽപാദനത്തിനും സംഭരണത്തിനും വിപണനത്തിനുമുള്ള ഇടപെടലിനോടൊപ്പം കൃഷി ചെയ്യുന്നതുമുതൽ വിപണനം നടത്തുന്നതുവരെയുള്ള എല്ലാ പ്രവൃത്തികളെയും പരിപോഷിപ്പിച്ച് നടപ്പാക്കുന്ന പദ്ധതിയാണിത്.

പ്രാഥമിക സഹകരണസംഘങ്ങളുടെ സാമ്പത്തിക അച്ചടക്കം ഉറപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതിന് കേരളാ ബാങ്ക് PACS Advisory Committee രൂപീകരിച്ചിട്ടുണ്ട്. ഹ്രസ്വകാല കാർഷിക വായ്പകൾ പിൻവലിക്കാനുള്ള NODC വ്യവസ്ഥ 90 ശതമാനത്തിൽനിന്ന് 100 ശതമാനമായി ഉയർത്തിയിട്ടുണ്ട്. ഇത് സംഘം വായ്പകളിലെ കുടിശ്ശിക കുറയ്ക്കുന്നതിന് പ്രയോജനപ്പെടുന്നതാണ്. ദുർബലമായ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള revival പദ്ധതിപ്രകാരം സംഘങ്ങളുടെ വായ്പകൾ

ക്രമീകരിക്കുന്നതിനും അതിലൂടെ കുടിശ്ശിക കുറയ്ക്കുന്നതിനുമുള്ള നടപടികളും കേരളാ ബാങ്ക് സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സംഘങ്ങളെ ആധുനികവൽക്കരിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നത് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അക്കൗണ്ടിങ് സിസ്റ്റം ശക്തമാക്കുന്നതിനും സുതാര്യമാക്കി ക്രമക്കേടുകൾ തടയുന്നതിനും സഹകരണമേഖലയിലേയ്ക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ്വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി സർക്കാരിന്റെ നിർദ്ദേശാനുസരണം RFP പ്രകാരമുള്ള ടെൻഡർ 18-12-2021-ന് ഇ-ടെൻഡർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ടാറ്റാ കൺസൾട്ടൻസി സർവീസ് (TCS) എന്ന കമ്പനി മാത്രമാണ് ടെൻഡറിൽ പങ്കെടുത്ത് ബിഡ് സമർപ്പിച്ചിട്ടുള്ളത്. ഫിനാൻഷ്യൽ ബിഡ് ഇവാല്യൂവേഷന്റെ ഭാഗമായി 08-01-2024-ന് ഫിനാൻഷ്യൽ ബിഡ് ഓപ്പൺ

ചെയ്യുകയുണ്ടായി. 206,43,73,164.12 രൂപയാണ് (ഇരുന്നൂറ്റി ആറ് കോടി നാൽപ്പത്തിമൂന്ന് ലക്ഷത്തി എഴുപത്തിമൂവായിരത്തി ഒരുന്നൂറ്റി അറുപത്തിനാല് രൂപ പന്ത്രണ്ട് പൈസ) ടി പദ്ധതി നടപ്പാക്കുന്നതിനായി TCS സമർപ്പിച്ചിട്ടുള്ള ബിഡ് തുക. ഇ-ടെൻഡറിൽ പങ്കെടുത്ത് TCS സമർപ്പിച്ച ടെക്നിക്കൽ, ഫിനാൻഷ്യൽ ബിഡുകൾ സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള നിർദേശം (letter of Intent) TCS - ന് നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളിൽ ഏകീകൃത സോഫ്ട്വെയർ നടപ്പാക്കുന്നതിനായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതത്തിൽ 450.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സഹകരണസംഘങ്ങൾ കുടിശ്ശികരഹിതമാക്കാൻ നടപടി

304(6179) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ കുടിശ്ശികരഹിതമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സഹകരണ സംഘങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിന് ആർബിട്രേഷൻ, എക്സ്ടിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇളവുകളോടെ കുടിശ്ശിക വായ്പാക്കണക്ക് അവസാനിപ്പിക്കുന്നതിന് നവകേരളീയം കുടിശ്ശികനിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കാറുണ്ട്.

ഈ സർക്കാരിന്റെ കാലത്ത് 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്തംബർ 30 വരെയും 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും 2024 മാർച്ച് 1 മുതൽ 2024 മാർച്ച് 31 വരെയും നവകേരളീയം കുടിശ്ശികനിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പാക്കിയതുപ്രകാരം 5791.28 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കേരള സംസ്ഥാന സഹകരണ ബാങ്കിൽ (കേരളാ ബാങ്കിൽ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, റിക്കവറി മാനേജ്മെന്റ് പോളിസി എന്നിവയും നടപ്പാക്കിവരുന്നുണ്ട്. കേരളാ ബാങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2024 സെപ്തംബർ 30 വരെ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കും കുടിശ്ശിക കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ബാങ്ക് 2022-23 വർഷം 100 ശതമാനം കുടിശ്ശിക നിവാരണം എന്ന പദ്ധതിയും 2023-24 സാമ്പത്തിക വർഷം No New NPA (NNN) എന്ന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക പരമാവധി കുറയ്ക്കുകയെന്ന ഉദ്ദേശ്യത്തോടെ 31-03-2024-ലെ ബാക്കിനിൽപ്പുള്ള ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ പരമാവധി തീർപ്പാക്കാനായി ടി കേസുകളിലുൾപ്പെട്ടവർക്ക് മാത്രമായി ഇളവുകളോടെ കുടിശ്ശിക

അടച്ചുതീർത്ത് നടപടികളിൽനിന്നും ഒഴിവാക്കുന്നതിനായി "ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കൽ - പ്രത്യേക കുടിശ്ശികനിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" 2024 ജൂൺ 15 മുതൽ 2024 ജൂലായ് 31 വരെ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളുടെ വായ്പകളിൽ കുടിശ്ശിക വരുത്തുന്നത് പ്രധാനമായും ഏതൊക്കെ മേഖലയിലാണെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

2018, 2019 കാലയളവിലെ പ്രളയം, കോവിഡ് - 19 മഹാമാരി, മലയോര മേഖലകളിൽ വന്യമൃഗശല്യംമൂലമുള്ള കൃഷിനാശം, കാർഷികോൽപന്നങ്ങളുടെ വിലയിടിവ് എന്നിവയുൾപ്പെടെയുള്ള കാരണങ്ങളാൽ വായ്പക്കാരിൽ വരുമാന സാധ്യത കുറയ്ക്കുന്ന അവസ്ഥ സംജാതമായത് സഹകരണ സംഘം/ബാങ്കുകളിലെ എല്ലാത്തരം വായ്പകളിലും കുടിശ്ശിക വർധിച്ചുവരുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. പരസ്പരജാമ്യത്തിൽ അനുവദിക്കുന്ന വായ്പകളിലും കാർഷിക വായ്പകളിലും വായ്പാത്തുക ഉയർന്ന കാർഷികേതര വായ്പകളിലും വ്യാപാര

വായ്പകളിലുമാണ് പൊതുവിൽ കുടിശ്ശിക വായ്പാതിരിച്ചടവിൽ കാലതാമസമുണ്ടാകുന്നത്.

ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്കുള്ള ഇളവുകൾ

305(6180) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ടെൻഡർ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ പ്രത്യേക ഇളവ് നൽകുന്നുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ ഇളവുകളാണ് നിലവിൽ നൽകിവരുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ടെൻഡർ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ പ്രത്യേക ഇളവ് നൽകിവരുന്നുണ്ട്.

ലേബർ കോൺട്രാക്ട് സൊസൈറ്റികൾ ടെൻഡറിൽ പങ്കെടുക്കുമ്പോൾ ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് 13-11-1997-ലെ സ.ഉ.

(കൈ)നം.135/97/സഹ., 09-01-2018-ലെ സ.ഉ.(കൈ)നം.1/2018/സഹ. എന്നീ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത സംഘങ്ങൾക്ക് ടെൻഡർ സമയത്ത് സ്വകാര്യ കരാറുകാരേക്കാൾ 10 ശതമാനം പ്രൈസ് പ്രിഫറൻസിന് അർഹതയുണ്ട്. കൂടാതെ Earnest Money Deposit (EMD), performance guarantee എന്നിവ അടയ്ക്കുന്നതിൽനിന്നും ടി സംഘങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. എല്ലാത്തരം പ്രവൃത്തികളുടെയും അടങ്കൽ തുകയുടെ 25% പരിധിയില്ലാതെ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് മുൻകൂറായി അനുവദിച്ചുനൽകുന്നതിനും വ്യവസ്ഥയുണ്ട്.

(സി) പ്രസ്തുത ഇളവുകൾ ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

1969-ലെ കേരള സഹകരണ നിയമം റൂൾ 15(9) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്കും പ്രസ്തുത ഇളവുകൾ ലഭിക്കുന്നതിന് അർഹതയുണ്ട്.

സഹകരണ സംഘങ്ങളുടെ പ്രതിസന്ധി തരണംചെയ്യുന്നതിന് പദ്ധതി

306(6181) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർധിച്ചുവരുന്ന കുടിശ്ശികമൂലം സഹകരണസംഘങ്ങൾ നേരിടുന്ന പ്രതിസന്ധി തരണംചെയ്യുന്നതിന് സംഘങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പകൾ നൽകാൻ പദ്ധതി ആവിഷ്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

പ്രവർത്തനക്ഷമമായ പദ്ധതികൾ/സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ പുനരാസൂത്രണം ചെയ്യുകയും പുനരുജ്ജീവിപ്പിക്കുകയും പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണസംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ സാഹചര്യത്തിൽ പ്രവർത്തനം നിലച്ചതും എന്നാൽ പ്രവർത്തനസാധ്യതയുള്ളതുമായ സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ

ലക്ഷ്യങ്ങളോടെ 1969-ലെ കേരള സഹകരണ നിയമം ചട്ടം 53-ന്റെ ഭേദഗതി വരുത്തി കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി എന്ന പേരിലൊരു പദ്ധതി രൂപീകരിക്കുന്നതിന് 16-04-2023-ലെ സ.ഉ. (സാധാ)നം.234/2023/സഹ. പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്തെ സഹകരണ ബാങ്ക്/സംഘങ്ങളുടെ പരിരക്ഷയും ക്ഷേമവും ഉറപ്പാക്കുക, വികസന പദ്ധതികൾ നടപ്പാക്കുക എന്നീ ലക്ഷ്യങ്ങൾക്കായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പാക്കിയ പദ്ധതിയാണ് കേരള സഹകരണ ക്ഷേമവികസന പദ്ധതി. പ്രവർത്തനമാന്ദ്യം സംഭവിച്ച അംഗസംഘങ്ങൾക്കായുള്ള പുനരുദ്ധാരണ പദ്ധതിപ്രകാരം ആസ്തിശോഷണത്തിലും അറ്റനഷ്ടത്തിലും പ്രവർത്തിക്കുന്ന അംഗസംഘങ്ങളെ ഉൾപ്പെടുത്തി ഒരു നിശ്ചിത കാലഘട്ടത്തിനുള്ളിൽ സംഘത്തിന്റെ ആസ്തിശോഷണവും അറ്റനഷ്ടവും നികത്തി സുശക്തമായ നിലയിലെത്തിക്കുന്നതിന് സംഘം തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ട്

റിപ്പോർട്ടിന്റെയും മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശയുടെയും സഹകരണസംഘം രജിസ്ട്രാറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ബോർഡ് ഭരണസമിതി തീരുമാനപ്രകാരം മതിയായ ഈടിന്മേൽ 4% പലിശനിരക്കിലും അംഗസംഘങ്ങൾക്കായുള്ള വികസന പദ്ധതിപ്രകാരം അംഗസംഘങ്ങൾക്ക് കാലാനുസൃതമായി വിപുലവും പുരോഗമനപരവുമായ ഏതുതരം പദ്ധതികളും നടപ്പാക്കുന്നതിനായി പദ്ധതി റിപ്പോർട്ടിന്റെയും മോണിറ്ററിങ് കമ്മിറ്റിയുടെ ശിപാർശയുടെയും സഹകരണസംഘം രജിസ്ട്രാറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ബോർഡ് ഭരണസമിതി തീരുമാനപ്രകാരം മതിയായ ഈടിന്മേൽ 7% പലിശ നിരക്കിലും ധനസഹായം നൽകിവരുന്നു.

കേരള ബാങ്കുമുഖേന നൽകുന്ന വായ്പകളിൽ വിവിധ ജില്ലകളിൽ കൂടിയ പലിശ നിരക്കിൽ നിലനിന്നിരുന്ന വായ്പകളുടെ പലിശ നിരക്ക് കുറഞ്ഞ നിരക്കിലാക്കി ഏകീകരിച്ചിട്ടുണ്ട്. കേരള ബാങ്ക് ഹ്രസ്വകാല കാർഷികവായ്പകൾ 1% പലിശ കുറച്ച് വിതരണം ചെയ്തുവരുന്നു. നബാർഡിന്റെ പുനർവായ്പാ പദ്ധതിപ്രകാരം 1% പലിശനിരക്കിൽ 2 കോടി രൂപവരെ PACS

as MSC വായ്പകൾ നൽകിവരുന്നു. പുനരുദ്ധാരണ പദ്ധതിപ്രകാരം കുറഞ്ഞ പലിശ നിരക്കിൽ KB PACS development വായ്പകൾ അർഹതപ്പെട്ട സംഘങ്ങൾക്ക് കേരള ബാങ്ക് നൽകിവരുന്നു. സഹകരണ സംഘങ്ങളുടെ നെഗറ്റീവ് നെറ്റ് വർത്ത്, 30 ശതമാനത്തിനുമുകളിൽ അംഗതല കുടിശ്ശിക എന്നിവയുള്ള സംഘങ്ങൾക്ക് എക്സംപ്ഷൻ നൽകി വായ്പാപരിധികൾ പുതുക്കിയും വർധിപ്പിച്ചും പുതിയ പരിധികൾ അനുവദിച്ചും കേരളാബാങ്ക് വായ്പകൾ നൽകിവരുന്നു.

(ബി) കോ-ഓപ്പ് മാർട്ട് എന്ന പദ്ധതിയിലെ നിർദേശങ്ങളിലുള്ള പ്രകാരം കാർഷിക ഉൽപന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് വിപണനം നടത്തുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിന്റെയോ കൃഷിവകുപ്പിന്റെയോ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമായിട്ടുള്ളത്; വിശദമാക്കാമോ?

കാർഷികമേഖലയിൽ വമ്പൻ കുതിപ്പ് നൽകുന്നതിന്റെ ഭാഗമായി സഹകരണ മേഖലയിൽ സഹകരണ സംഘങ്ങളുടെ ഉൽപന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിങ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ

സഹകരണ വകുപ്പ് നടപ്പാക്കിയ “ബ്രാൻഡിങ് ആൻഡ് മാർക്കറ്റിങ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്” പദ്ധതിയുടെ ഭാഗമായി കോപ്പ് മാർട്ട് ഔട്ട്ലെറ്റുകൾ ആരംഭിച്ചു. ആദ്യഘട്ടം ആരംഭിച്ച 14 കോപ്പ് മാർട്ടുകൾക്കുപുറമെ പുതിയ 16 കോപ്പ് മാർട്ടുകൾകൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതിനുപരിയായി പുതിയ 200 കോപ്പ് മാർട്ടുകൾ ആരംഭിക്കുന്നതിന് സന്നദ്ധതയുള്ള പ്രാഥമിക കാർഷികവായ്പാ സഹകരണസംഘങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിയും അന്തിമഘട്ടത്തിലാണ്. അപ്രകാരം ഘട്ടംഘട്ടമായി കോപ്പ് മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കൃഷി വകുപ്പുമായിച്ചേർന്ന് കർഷകരിൽനിന്നും കാർഷികോൽപന്നങ്ങൾ അടിസ്ഥാനവിലയിൽ സംഭരിച്ച് വിപണനം നടത്തുന്നതിനായി സംഭരണ ഏജൻസികളായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി വിജ്ഞാപനം നടത്തുന്നതുമായി ബന്ധപ്പെട്ട നടപടികളും സ്വീകരിച്ചുവരുന്നു.

ഏകീകൃത സോഫ്ടവെയർ പ്രതിമാസ ഉപയോഗഫീസ്

307(6182) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്ടവെയർ സംവിധാനം നടപ്പാക്കുമ്പോൾ പ്രതിമാസ ഉപയോഗ ഫീസായി സംഘങ്ങൾ തുക നൽകേണ്ടതുണ്ടോ; എങ്കിൽ എത്ര തുക വീതമാണ് നൽകേണ്ടത്; വിശദാംശം നൽകുമോ?

ഉണ്ട്. ഏകീകൃത സോഫ്ടവെയർ നടപ്പാക്കുന്നതിനായി SaaS മോഡൽ സോഫ്ടവെയറിനാണ് ടെൻഡർ ക്ഷണിച്ചിട്ടുള്ളത്. പദ്ധതിപ്രകാരം പ്രതിമാസ സർവീസ് ചാർജ് സംഘങ്ങൾ വഹിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആയതുപ്രകാരം ഒരു പ്രാഥമിക വായ്പാ സഹകരണ സംഘത്തിന്റെ ഒരു ബ്രാഞ്ചിനെ ഒരു യൂണിറ്റായി കണക്കിലെടുത്ത് പ്രതിമാസ ആവർത്തനച്ചെലവായി 4,493.29 രൂപ സംഘം വഹിക്കേണ്ടതാണ്. സംഘങ്ങൾ നിലവിൽ ഉപയോഗിക്കുന്ന

സോഫ്ടവെയറുകൾക്ക് നൽകിവരുന്ന AMC തുകയേക്കാൾ കുറവാണ് ഏകീകൃത സോഫ്ടവെയറിനായുള്ള ആവർത്തനച്ചെലവെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി) സഹകരണസംഘങ്ങളുടെ ഡാറ്റ പ്രസ്തുത സോഫ്ടവെയറിൽ സൂക്ഷിക്കുന്നതിന് പ്രത്യേകം തുക നൽകേണ്ടതുണ്ടോ; എങ്കിൽ എത്രതുക വീതമാണ് നൽകേണ്ടത്; വിശദാംശം ലഭ്യമാക്കുമോ?

സഹകരണസംഘങ്ങളുടെ ഡാറ്റ പ്രസ്തുത സോഫ്ടവെയറിൽ സൂക്ഷിക്കുന്നതിന് പ്രത്യേകം തുക നൽകേണ്ടതില്ല.

(സി) പ്രസ്തുത സോഫ്ടവെയർ സംവിധാനം മുഖേന എസ്.എം.എസ്., മൊബൈൽ ബാങ്കിങ്, ആർ.ടി.ജി.എസ്. തുടങ്ങിയ മൂല്യവർധിത സേവനങ്ങൾ ലഭ്യമാകുന്നതിന് സംഘങ്ങൾ പ്രത്യേകം തുക നൽകേണ്ടിവരുമോ; വിശദമാക്കാമോ?

ഏകീകൃത സോഫ്ടവെയർ സംവിധാനം മുഖേന എസ്.എം.എസ്., മൊബൈൽ ബാങ്കിങ്, ആർ.ടി.ജി.എസ്. തുടങ്ങിയ മൂല്യവർധിത

സേവനങ്ങൾ ലഭ്യമാകുന്നതിന് സംഘങ്ങൾ പ്രത്യേകം തുക നൽകേണ്ടി വരുന്നില്ല.

ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ

308(6183) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ എത്ര സഹകരണ സംഘങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചതെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ 2021-22 വർഷം 143 സംഘങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിട്ടുള്ളത്. 2022-23 വർഷം 149 സംഘങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. 2023-24 വർഷത്തെ ആഡിറ്റ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 2023-24 വർഷം ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ സംബന്ധിച്ചുള്ള വിവരം ലഭ്യമായിട്ടില്ലാത്തതാണ്.

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പേരുവിവരം ലഭ്യമാക്കാമോ?

ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

ഇരിട്ടി-കീഴൂർ-ചാവശ്ശേരി വനിതാ സഹകരണ സംഘത്തിനെതിരെയുള്ള പരാതി

309(6184) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി-കീഴൂർ-ചാവശ്ശേരി വനിതാ സഹകരണ സംഘത്തിൽ പെരുമ്പറമ്പ് യു.പി.സ്കൂൾ അധ്യാപികയായിരുന്ന ഷീജ സ്ഥിരനിക്ഷേപം നടത്തിയ പതിനെട്ട് ലക്ഷം രൂപ കാലാവധി കഴിഞ്ഞിട്ടും തിരികെ ലഭിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി പ്രതിഷേധ സമരം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വ്യക്തിക്ക് നിക്ഷേപത്തുക തിരികെ ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ടിയാൾ ഇരിട്ടി അസിസ്റ്റന്റ് രജിസ്ട്രാർക്ക് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ഉണ്ട്. കീഴൂർ ചാവശ്ശേരി വനിതാ സഹകരണ സംഘത്തിലെ നിക്ഷേപം തിരിച്ചുകിട്ടുന്നില്ലെന്ന പരാതി ശ്രീമതി ഷീജ പി. വി. 06-04-2024-ന് ഇരിട്ടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ സമർപ്പിച്ചിരുന്നു. 06-04-2024-ന് പരാതിക്കാരിയുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി ഷീജ പി. വി.-യുടെ നിക്ഷേപത്തുക നിയമാനുസൃത പലിശയോടുകൂടി എത്രയുംപെട്ടെന്ന് തിരിച്ചുനൽകുന്നതിന് പ്രസ്തുത സംഘത്തിന് 12-04-2024-ന് കണ്ണൂർ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽനിന്ന് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിവരം പരാതിക്കാരി ഷീജ പി. വി.- യെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

നിക്ഷേപം തിരികെ നൽകുന്നതിന്റെ ഭാഗമായി ഇരിട്ടി-കീഴൂർ ചാവശ്ശേരി വനിതാസഹകരണസംഘം ഭരണസമിതിയോഗം പ്രത്യേകമായി ചേർന്ന് അതിന്റെ എ.ആർ.സി., ഇ.പി. കേസുകളിലുൾപ്പെട്ടവരെ പങ്കെടുപ്പിച്ച്

അദാലത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പരാതിയുടെ പകർപ്പ് അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.+

ക്ഷേമപെൻഷൻ വിതരണത്തിനായി സഹകരണ സംഘങ്ങളിൽനിന്നും നൽകിയ തുക

310(6185) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിനായി ഏതെല്ലാം സഹകരണ സംഘങ്ങളിൽനിന്നും സർക്കാരിന്റെയും സഹകരണ രജിസ്ട്രാറുടെയും ഇടപെടൽവഴി പണം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

കേരളാ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിക്ക് സാമൂഹ്യസുരക്ഷാപെൻഷൻ വിതരണത്തിനുള്ള തുക വായ്പയായി നൽകുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽനിന്നും തുക സ്വരൂപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷികവായ്പാ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകി 14-03-2019-ലെ ജി.ഒ.(ആർ.റ്റി.)200/2019/സഹ. പ്രകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കൺസോർഷ്യത്തിൽ എംപ്ലോയീസ് സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തുന്നതിന് സർക്കാരിന്റെ 29-03-2019-ലെ ജി.ഒ.(ആർ.റ്റി.)232/2019/സഹ. പ്രകാരവും മറ്റ് പ്രാഥമിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തുന്നതിന് ജി.ഒ.(ആർ.റ്റി.) 257/2019/സഹ. പ്രകാരവും അനുമതി നൽകിയിട്ടുണ്ട്. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും എംപ്ലോയീസ് സംഘങ്ങളും മറ്റ് പ്രാഥമിക സഹകരണ സംഘങ്ങളും സാമൂഹ്യസുരക്ഷാ പെൻഷൻ കൺസോർഷ്യത്തിലേയ്ക്ക് ഫണ്ട് നിക്ഷേപിക്കുന്നുണ്ട്.

(ബി) ഇപ്രകാരം തുക നൽകിയിട്ട് എത്ര വർഷമായെന്നും നൽകിയ തുക ഏതെങ്കിലും സംഘത്തിന് മടക്കി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾപ്രകാരം 2018 മുതൽ ഒരു വർഷക്കാലാവധിയിൽ നിശ്ചിത പലിശ നിരക്കിലാണ് വായ്പകൾ നൽകിവന്നിട്ടുള്ളത്. ടി കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് തുക തിരികെ

ആവശ്യപ്പെട്ടിട്ടുള്ള സംഘങ്ങൾക്ക് തിരികെ നൽകിയിട്ടുള്ളതും വായ്പ പുതുക്കാൻ ആവശ്യപ്പെട്ടിട്ടുള്ള സംഘങ്ങൾക്ക് സർക്കാർ ഉത്തരവിനുവിധേയമായി നിശ്ചിത പലിശ നിരക്കിൽ പുതുക്കി നൽകിയിട്ടുള്ളതുമാണ്. നാളിതുവരെ 3170 പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ/എംപ്ലോയീസ് സംഘങ്ങൾ/മറ്റ് പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ നൽകിയിട്ടുള്ള 7173.26 കോടി രൂപ സംഘങ്ങൾക്ക് തിരികെ നൽകിയിട്ടുണ്ട്.

ഏകീകൃത സോഫ്ട്വെയർ നടപ്പാക്കുന്നതുമൂലമുള്ള അധികബാധ്യത

311(6186) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഏകീകൃത സോഫ്ട്വെയർ സംവിധാനം നടപ്പാക്കുമ്പോൾ സാമ്പത്തികനില ഭദ്രമല്ലാത്ത സഹകരണ സംഘങ്ങൾക്ക് സോഫ്ട്വെയർ സംബന്ധിച്ച ചെലവുകൾ അധികബാധ്യത സൃഷ്ടിക്കുമെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

ഏകീകൃത സോഫ്റ്റവെയർ നടപ്പാക്കുന്നതിനായി SaaS മോഡൽ സോഫ്റ്റവെയറിനാണ് ടെൻഡർ ക്ഷണിച്ചിട്ടുള്ളത്. ആയതുപ്രകാരം One Time Implementation Cost ആയി 636045269.912 രൂപയും, ആറ് വർഷക്കാലയളവിലേയ്ക്ക് Recurring Expense ആയി 1428327894.212 രൂപയുമാണ് ആകെ നൽകേണ്ടത്. One Time Implementation Cost പൂർണ്ണമായും സർക്കാർ വഹിക്കുന്നതിനും പ്രതിമാസ സർവീസ് ചാർജ്ജ് സംഘങ്ങൾ വഹിക്കുന്ന രീതിയിലുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആയതുപ്രകാരം ഒരു പ്രാഥമികവായ്പാ സഹകരണ സംഘത്തിന്റെ ഒരു ബ്രാഞ്ചിനെ ഒരു യൂണിറ്റായി കണക്കിലെടുത്ത് പ്രതിമാസ ആവർത്തനച്ചെലവായി 4,493.29 രൂപ സംഘം വഹിക്കേണ്ടതാണ്. സംഘങ്ങൾ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റവെയറുകൾക്ക് നൽകിവരുന്ന AMC തുകയേക്കാൾ കുറവാണ് ഏകീകൃത സോഫ്റ്റവെയറിനായുള്ള ആവർത്തനച്ചെലവെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സഹകരണ സംഘങ്ങളെ ഇക്കാര്യത്തിൽ സഹായിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഒരു പ്രാഥമിക വായ്പാ സഹകരണ സംഘത്തിന്റെ ഒരു ബ്രാഞ്ചിനെ ഒരു യൂണിറ്റായി കണക്കിലെടുത്ത് പ്രതിമാസ ആവർത്തനച്ചെലവായി 4,493.29 രൂപ സംഘം ആറ് വർഷക്കാലയളവിലേയ്ക്ക് വഹിക്കേണ്ടതാണ്. സാമ്പത്തികശേഷി കുറഞ്ഞ സംഘങ്ങളുടെ പ്രതിമാസ സർവീസ് ചാർജ്ജ് അടയ്ക്കുന്നതിൽ സഹായിക്കുന്നതിനായി ഇതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ

312(6187) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ സോഫ്റ്റ്വെയർ സേവനങ്ങൾ ലഭ്യമാക്കുന്ന എത്ര സഹകരണ സംഘങ്ങളും സ്വകാര്യ കമ്പനികളുമുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സഹകരണ മേഖലയിൽ സോഫ്റ്റ്വെയർ സേവനങ്ങൾ ലഭ്യമാക്കുന്ന പ്രധാന സഹകരണ സംഘങ്ങൾ താഴെപ്പറയുന്നവയാണ്.

Sl. No.	Name
1	Costech-Kerala State Co-Operative Institute Of Information Technology Electronics And Communications Ltd. 4435
2	Malabar Information Technology Co-Op Ltd.Kannur (Mitco)
3	Dinesh Information Technology System (Dits)
4	Information Technology Co-Operative Society Ltd M 605

പ്രധാന സ്വകാര്യ കമ്പനികളുടെ വിവരം ചുവടെച്ചേർക്കുന്നു.

Sl. No.	Name
1	Accent Software Solutions Pvt.Ltd
2	Cochin Computing Studio & Research Centre Pvt. Ltd.
3	Corporate Computers,
4	Data Crates Solutions
5	Dr. Shajus Divine Soft Solution Pvt. Ltd.
6	Evolve System Solutions , Mavelikara
7	Eye Craft Solutions
8	Fast Face Pala
9	Fin Curo Solutions Pvt. Ltd.
10	Global Technologies
11	Guideline Innovation Solution
12	Icrats Technologies & Systems

13	I Net Systems Pathanamthitta
14	Iftas (Indian Financial Technology & Allied Services)
15	Infomata Software
16	Keltron Controls Division Aroor
17	Kore Ware Technologies
18	Kwick Stack Pvt. Ltd.(Perfect)
19	Makims Infosys Ltd.
20	Maxence Infotech Pvt Ltd
21	Naive Plus Software Solution Pvt. Ltd.
22	Nelito Systems Ltd. (Fincraft)
23	Nila Technologies
24	Onward E -Services Ltd
25	Perfect Software Solutions (CLT) Pvt.Ltd.
26	Prologic Thodupuzha
27	Safe Software And Integrated Solutions Pvt. Ltd.
28	Seasame Software Solution Pvt. Ltd.
29	Silicon It Solution Pvt. Ltd.
30	Sims Kottayam
31	Soft Technologies Pvt. Ltd.

(ബി) സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിൽ മേല്പറഞ്ഞ സ്ഥാപനങ്ങൾ സോഫ്ട്വെയർ സേവനങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ എത്ര

സംഘങ്ങൾ പ്രസ്തുത സോഫ്റ്റ്വെയർ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കമ്പ്യൂട്ടർവൽക്കരിച്ച 90% പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും ജീവനക്കാരുടെ സംഘങ്ങളും മേല്പറഞ്ഞ വെണ്ടർമാരുടെ സോഫ്റ്റ്വെയറുപയോഗിച്ച് സേവനം നൽകിവരുന്നു.

(സി) വിവിധ സഹകരണ സംഘങ്ങളിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്വെയറുകളിൽ സഹകരണ വകുപ്പ് നിർദ്ദേശിക്കുന്ന നിബന്ധനകൾക്കനുസൃതമായി മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഇന്റർഫേസ് മുഖേന പരസ്പരം ലിങ്ക് ചെയ്ത് അധികച്ചെലവുകളില്ലാതെ ഏകീകരിക്കാൻ സാധിക്കുമോയെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വിവിധ സഹകരണ സംഘങ്ങളിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്വെയറുകൾ വിവിധ നിലവാരത്തിലുള്ളതും വ്യത്യസ്ത പ്ലാറ്റ്ഫോമുകളിൽ, വ്യത്യസ്ത സാങ്കേതിക വിദ്യകൾക്കനുസൃതമായി പ്രവർത്തിക്കുന്നവയാണ്. ഇവയെ ഏകീകരിച്ച്

പൊതു ഇന്റർഫേസ് മുഖേന സഹകരണ വകുപ്പ് നിർദേശിക്കുന്ന നിബന്ധനകൾക്കനുസൃതമായി ഏകീകരിക്കാൻ കഴിയുകയില്ല.

(ഡി) ഈ രീതിയിൽ അധികച്ചെലവുകളില്ലാതെ സോഫ്ട്വെയറുകൾ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കാതെ ഏകീകൃത സോഫ്ട്വെയർ തയ്യാറാക്കുന്നതിനായി 206 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ച സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ; മത്സരാധിഷ്ഠിത ടെൻഡർ ക്ഷണിക്കാതെ പ്രസ്തുത പദ്ധതി ഒരു കമ്പനിക്ക് ഏല്പിച്ച് നൽകിയതിന്റെ കാരണം വ്യക്തമാക്കാമോ?

e-tender വ്യവസ്ഥകൾക്ക് വിധേയമായി മത്സരാധിഷ്ഠിത ടെൻഡർ നടപടികളിലൂടെ നിയമാനുസൃതമായിട്ടാണ് സേവനദാതാവിനെ തെരഞ്ഞെടുത്തിട്ടുള്ളത്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അക്കൗണ്ടിങ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്ട്വെയർ

നടപ്പാക്കുന്നതിന് 23-01-2021-ന് സർക്കാരിന്റെ നിർദ്ദേശാനുസരണം പ്രസിദ്ധീകരിച്ച RFP പ്രകാരമുള്ള ടെൻഡറിൽ ഒരു കമ്പനിയും bid submit ചെയ്തിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ റീ-ടെൻഡറിങ്ങിനുള്ള നടപടികൾ സ്വീകരിക്കുകയും റീ-ടെൻഡർ നടപടികളുടെ ഭാഗമായി സോഫ്ട്വെയർ വെണ്ടർമാരുടെ യോഗം 27-10-2021-ന് രജിസ്ട്രാർ വിളിച്ചുചേർക്കുകയും നിലവിലെ RFP-യിലെ വ്യവസ്ഥകളിൽ അവരുടെ അഭിപ്രായങ്ങൾകൂടി പരിഗണിച്ചുകൊണ്ട് ആവശ്യമായ ഭേദഗതികൾ വരുത്തുകയും പുതുക്കിയ RFP പ്രകാരമുള്ള ടെൻഡർ 18-12-2021-ന് e-tender website-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

12-05-2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്തപ്പോൾ ടാറ്റ കൺസൾട്ടൻസി സർവീസസ് (TCS) എന്ന കമ്പനി മാത്രമാണ് ടെൻഡറിൽ പങ്കെടുത്ത് ബിഡ് സമർപ്പിച്ചിരുന്നത്. റീ-ടെൻഡർ ചെയ്തിട്ടും ഒരു വെണ്ടർ മാത്രം ടെൻഡറിൽ പങ്കെടുത്ത് ബിഡ് സമർപ്പിച്ച സാഹചര്യത്തിലാണ് നിയമാനുസൃതമായി ടെൻഡർ നടപടികൾ പൂർത്തിയാക്കി സേവനദാതാവിനെ തെരഞ്ഞെടുത്തിട്ടുള്ളത്.

സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ

313(6188) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ, സ്റ്റാഫ് പാറ്റേൺ എന്നിവ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ പ്രാഥമിക സഹകരണ ബാങ്കുകൾ/സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന്റെയും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന്റെയും ഭാഗമായി വിവിധ സഹകരണ സംഘങ്ങളുടെ അസോസിയേഷൻ പ്രതിനിധികളുമായും ജീവനക്കാരുടെ അസോസിയേഷൻ പ്രതിനിധികളുമായും ചർച്ചകൾ നടത്തി, അവർ സമർപ്പിച്ച പ്രൊപ്പോസലുകളുടെകൂടി അടിസ്ഥാനത്തിൽ ഭേദഗതിവ്യവസ്ഥകൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സംബന്ധിച്ച് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; ഇതിൽ എന്തെങ്കിലും

പരിഷ്കരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതു സാഹചര്യത്തിലാണ് ഇപ്രകാരം നടപടി സ്വീകരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സംബന്ധിച്ച് നിലവിൽ ടീം ഓഡിറ്റ് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

ബഹു. കേരള മുഖ്യമന്ത്രിയുടെ അവലോക യോഗത്തിൽ സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പാക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പാക്കുന്നതിന് തത്വത്തിൽ സർക്കാർ അംഗീകാരം നൽകുകയും പൈലറ്റടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിക്കുകയും ടി പദ്ധതി വൻവിജയമായതിനെത്തുടർന്ന് പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ നടപ്പാക്കിയ മാതൃകയിൽ എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പാക്കുകയും ചെയ്തു.

കേഫിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

314(6189) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ കീഴിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്; ഇതിൽ ആകെ എത്ര ജീവനക്കാരാണ് ജോലി ചെയ്തുവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

കേപ്പിന്റെ കീഴിൽ 9 എഞ്ചിനീയറിങ് കോളേജും 1 എം.ബി.എ. കോളേജും 1 നൈപുണ്യ വികസന കേന്ദ്രവും 1 നഴ്സിങ് കോളേജും 1 മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയും പ്രവർത്തിക്കുന്നു. ഇവിടെയുള്ള മൊത്തം ജീവനക്കാർ 1298 (സ്ഥിരം - 629 താൽക്കാലികം - 669).

(ബി) കേപ്പിനുകീഴിൽ ആലപ്പുഴയിൽ പ്രവർത്തിച്ചുവരുന്ന പുന്നപ്ര സഹകരണ എഞ്ചിനീയറിങ് കോളേജ്, സാഗര സഹകരണ ആശുപത്രി എന്നിവ എന്നാണ് സ്ഥാപിക്കപ്പെട്ടതെന്നും എത്ര ജീവനക്കാരാണ് നിലവിൽ ഇവിടെ ജോലി ചെയ്യുന്നതെന്നും ഇനംതിരിച്ച് വിശദമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങളുടെ 2016 മുതലുള്ള വാർഷിക വരവുംചെലവും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സഹകരണ എഞ്ചിനീയറിങ് കോളേജ് 2008-ലും സാഗര ആശുപത്രി 2010-ലും സ്ഥാപിതമായി.

ജീവനക്കാരുടെ വിവരം ചുവടെച്ചേർക്കുന്നു.

സഹകരണ എഞ്ചിനീയറിങ് കോളേജ്

ആകെ ജീവനക്കാർ - 146

അധ്യാപകർ (സ്ഥിരം) - 46

അഡ്ഹോക്ക് അധ്യാപകർ - 29

അനധ്യാപകർ (സ്ഥിരം) - 30

ഡെയ്ലി വേജ്/ കോൺട്രാക്ട്/ അപ്രന്റീസ് - 41

സാഗര ആശുപത്രി, പുന്നപ്ര

ആകെ ജീവനക്കാർ - 265

സ്ഥിരം ജീവനക്കാർ - 46

കോൺട്രാക്ട് ജീവനക്കാർ - 77

ഡെയ്ലിവേജ് ജീവനക്കാർ – 142

വാർഷിക വരവുചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സഹകരണ എഞ്ചിനീയറിങ് കോളേജ്

വർഷം	വരവ് (രൂപയിൽ)	ചെലവ് (രൂപയിൽ)
2016	5,63,85,746/-	6,47,72,758/-
2017	4,62,17,955/-	6,61,22,590/-
2018	4,12,98,520/-	7,00,26,521/-
2019	4,33,02,539/-	6,65,79,395/-
2020	3,58,29,176/-	7,08,98,454/-
2021	2,68,35,739/-	5,76,57,167/-
2022	2,40,15,548/-	6,60,60,001/-
2023	3,54,65,665/-	7,60,64,227/-
2024	3,98,49,392/-	7,87,63,570/-

സാഗര ആശുപത്രി, പുന്നപ്ര

വർഷം	വരവ് (രൂപയിൽ)	ചെലവ് (രൂപയിൽ)
2016	1,76,40,038/-	5,47,04,836/-
2017	3,11,02,921/-	7,59,01,656/-
2018	8,65,00,746/-	11,88,53,857/-
2019	12,85,31,086/-	13,93,20,946/-
2020	13,27,76,533/-	13,45,69,336/-

2021	13,65,74,007/-	14,75,64,835/-
2022	13,34,43,517/-	15,18,79,578/-
2023	12,59,25,530/-	15,03,10,340/-

(സി) പുന്നപ്ര സഹകരണ ആശുപത്രിയിൽ 2016 മുതൽ നാളിതുവരെ ചികിത്സ തേടിയ ഒ.പി., ഐ.പി. രോഗികളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ?

വർഷം	ചികിത്സ തേടിയ ഐ.പി.	ചികിത്സ തേടിയ ഒ.പി.
2016	702	29571
2017	1111	28677
2018	2957	63282
2019	3960	87732
2020	2419	69535
2021	2561	81147
2022	2533	89118
2023	2641	91057
2024 (30-06-2024)	1061	36526

(ഡി) ഈ സർക്കാർ വന്നശേഷം ഈ രണ്ട് സ്ഥാപനങ്ങളിൽ പുതുതായി ആരെയൊക്കെ ഏതൊക്കെ തസ്തികകളിൽ നിയമിച്ചിട്ടുണ്ടെന്നും

ഇവരുടെ നിയമന രീതിയും ഇന്റർവ്യൂ നടത്തിയിട്ടുണ്ടെങ്കിൽ ഇന്റർവ്യൂ ബോർഡ് അംഗങ്ങളെയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സഹകരണ എഞ്ചിനീയറിങ് കോളേജ്

1. അസിസ്റ്റന്റ് പ്രൊഫസർ താൽക്കാലികാടിസ്ഥാനത്തിൽ

കംപ്യൂട്ടർ സയൻസ് - 4

മാത്തമാറ്റിക്സ് - 2

മെക്കാനിക്കൽ എഞ്ചിനീയറിങ് - 1

നിയമനരീതി – ടെസ്റ്റ് & ഇന്റർവ്യൂ

ഇന്റർവ്യൂ ബോർഡ് അംഗങ്ങൾ

കംപ്യൂട്ടർ സയൻസ്

ശ്രീ. ഡി. സുരേഷ് കുമാർ എൻ. –അസ്സോസിയേറ്റ് പ്രൊഫസർ

ശ്രീമതി സ്മിത എം. ജാസ്മിൻ – അസിസ്റ്റന്റ് പ്രൊഫസർ

ശ്രീമതി രമ്യ ആർ. - അസിസ്റ്റന്റ് പ്രൊഫസർ

ശ്രീ. ഷംനാദ് എം. - അസിസ്റ്റന്റ് പ്രൊഫസർ

മാത്തമാറ്റിക്സ്

ശ്രീ. സുമേഷ് യു. ബി. - അസിസ്റ്റന്റ് പ്രൊഫസർ

ശ്രീമതി ദേവിക സി. എസ്. - അസിസ്റ്റന്റ് പ്രൊഫസർ

ശ്രീ. ശ്യാംരാജ് ആർ. – അസിസ്റ്റന്റ് പ്രൊഫസർ

ശ്രീ. സുധീർ എസ്. - അസിസ്റ്റന്റ് പ്രൊഫസർ

ശ്രീ. ജയമോഹൻ കെ. ജി. - അസിസ്റ്റന്റ് പ്രൊഫസർ

2. ഡെയ്‌ലി വേജ് - അസിസ്റ്റന്റ്/ക്ലാർക്ക് -1

നിയമന രീതി – ടെസ്റ്റ് & ഇന്റർവ്യൂ

ഇന്റർവ്യൂ ബോർഡ് അംഗങ്ങൾ

ഡോ. റൂബിൻ വി. വർഗീസ് - പ്രിൻസിപ്പാൾ

ശ്രീ. അശോക് കുമാർ ജി. - അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ശ്രീ. ബിജു എസ്. - സൂപ്രണ്ട്

സാഗര ആശുപത്രി, പുന്നപ്ര

ഡയാലിസിസ് ടെക്നീഷ്യൻ – 6

റേഡിയോഗ്രാഫർ – 2

ലാബ് ടെക്നീഷ്യൻ – 2

ഡ്രൈവർ – 1

നഴ്സിങ് അസിസ്റ്റന്റ് - 3

സ്റ്റാഫ് നഴ്സ് - 31

ഫാർമസിസ്റ്റ് - 2

ഇലക്ട്രീഷൻ – 1

ഇന്റർവ്യൂ ബോർഡ് അംഗങ്ങൾ

ഡോ. അരുൺ എം. - അഡ്മിനിസ്ട്രേറ്റർ

ശ്രീ ടി. കെ. ഗോപാലകൃഷ്ണൻ നായർ – സെക്രട്ടറി

ശ്രീ. രാമഭദ്രൻ ബി. - ഫിനാൻസ് ഓഫീസർ

ശ്രീമതി ഷീല റ്റി. - നഴ്സിങ് സൂപ്രണ്ട്

(ഇ) പുന്നപ്ര സഹകരണ എഞ്ചിനീയറിംഗ് കോളേജിൽ നടന്ന നിയമനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിക്കുകയുണ്ടായോ;

എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നറിയിക്കാമോ;

(എഫ്) പ്രസ്തുത എഞ്ചിനീയറിങ് കോളേജിൽ നിലവിൽ ജോലി ചെയ്യുന്ന അധ്യാപകർ എത്ര വർഷമായി ഇതേ കോളേജിൽ ജോലി ചെയ്തുവരുന്നുവെന്ന് പേര്, തസ്തിക എന്നിവ സഹിതം വ്യക്തമാക്കാമോ?

(ഇ&എഫ്) ഉണ്ട്. കംപ്യൂട്ടർ സയൻസ് ഗസ്റ്റ് ഫാക്കൽറ്റി നിയമനം സംബന്ധിച്ച് ഒരു പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സംബന്ധിച്ച അന്വേഷണത്തിൽ യാതൊരുവിധ ക്രമക്കേടും കണ്ടെത്തിയിട്ടില്ല.

പുന്നപ്ര എഞ്ചിനീയറിങ് കോളേജിൽ നിലവിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

മാന്വൽ ഡ്രെഡ്ജിങ് മുഖേന മണൽ നീക്കാൻ നടപടി

315(6190) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലേയ്ക്ക് യാനങ്ങളുടെ സഞ്ചാരം സുഗമമാക്കുന്നതിലേയ്ക്കായി തുറമുഖങ്ങളിലെ മണൽ മാനുവൽ ഡ്രെഡ്ജിങ് മുഖേന നീക്കംചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ അതുവഴി ശേഖരിക്കുന്ന മണൽ സുതാര്യമായ മാർഗത്തിലൂടെ പൊതുജനങ്ങൾക്ക് പ്രാദേശികമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലേയ്ക്ക് യാനങ്ങളുടെ സഞ്ചാരം സുഗമമാക്കുന്നതിലേയ്ക്കായി തുറമുഖങ്ങളുടെ ആഴം കുറയുന്നത് തടയാൻ അഴിമുഖങ്ങളിലെ നദികളിൽനിന്നും മാനുവൽ ഡ്രെഡ്ജിങ് വഴി മണൽ നീക്കംചെയ്യുന്നതിന് കേരള മാരിടൈം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിയോഗിക്കുന്ന തൊഴിലാളികളെ ഉപയോഗിച്ചാണ് ഡ്രെഡ്ജിങ് നടത്തുന്നത്. ഇപ്രകാരം നീക്കംചെയ്യുന്ന മണൽ കേരള മാരിടൈം ബോർഡ്

dredging.kmb.kerala.gov.in എന്ന വെബ്സൈറ്റുവഴി സുതാര്യമാർഗത്തിലൂടെ വില്പന നടത്തുകയും ചെയ്തുവരുന്നു.

വിഴിഞ്ഞം തുറമുഖത്തേയ്ക്കുള്ള റെയിൽവെപ്പാതയുടെ ഡി.പി.ആർ.

316(6191) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ചരക്ക് നീക്കത്തിനുള്ള റെയിൽപ്പാതയുടെ ഡി.പി.ആർ. പ്രകാരം എത്ര കോടി രൂപയാണ് റെയിൽവെപ്പാത നിർമ്മാണത്തിന് വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ; റെയിൽവെപ്പാത നിർമ്മാണത്തിനുള്ള തുക സംസ്ഥാന സർക്കാരാണോ വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ?

15-05-2024-ൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മറ്റി (PIC) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേയ്ക്കുള്ള ഭൂഗർഭ റെയിൽപ്പാതയുടെ DPR-ന്റെ അംഗീകാരത്തിന് ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ മൊത്തം അടങ്കൽതുക 1202.63 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു (2023 നിരക്കിൽ). കൂടാതെ, രണ്ട്

വയഡക്ടുകളും നിർമ്മിക്കേണ്ടതുണ്ട്. ഒരെണ്ണം ഔട്ടർ റിങ് റോഡിലും മറ്റൊരെണ്ണം ബീച്ച് സൈഡിലുമാണ്. ഇവയ്ക്കായി ഏകദേശം 124.24 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. റെയിൽ കണക്ടിവിറ്റിക്കായുള്ള ആകെ അടങ്കൽത്തുക 1326.87 കോടി രൂപയെന്നാണ് കണക്കാക്കിയിട്ടുള്ളത്.

കൺസഷൻ എഗ്രിമെന്റുപ്രകാരം തുറമുഖത്തേയ്ക്കുള്ള റെയിൽപ്പാതയുടെ നിർമ്മാണം സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്. ഇതിനുള്ള തുക വിനിയോഗിക്കുന്നത് സംസ്ഥാന സർക്കാരാണ്. കേന്ദ്ര സർക്കാരിന്റെ സ്കീമുകളായ സാഗർമാല, ഗതിശക്തി, റെയിൽസാഗർ, ക്യാപ്പിറ്റൽ അസിസ്റ്റൻസ് സ്കീമുകളിൽനിന്നും റെയിൽ കണക്ടിവിറ്റിക്കായി ഫണ്ട് ലഭ്യമാക്കാനാകുമോ എന്ന് പരിശോധിച്ചുവരുന്നു.

വിഴിഞ്ഞം തുറമുഖ നിർമ്മാണം

317(6192) ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ കൺസ്ട്രക്ഷൻ പണികൾ ഏകദേശം 91% പൂർത്തീകരിച്ചിട്ടുണ്ട്.

തുറമുഖ പദ്ധതിക്കാവശ്യമായ യന്ത്രസാമഗ്രികൾ 32 ക്രെയിനുകൾ, 4 ടഗ്ഗ് ബോട്ടുകൾ, 02 മൂറിങ് ലോഞ്ചുകൾ, 01 പൈലറ്റ് കം സർവേ വെസ്സൽ എന്നിവയാണ്. 32 ക്രെയിനുകളിൽ 8 ഷിപ്പ് ടു ഷോർ ക്രെയിനുകളും 23 യാർഡ് ക്രെയിനുകളും സ്ഥാപിച്ചു. ഇനി ഒരു യാർഡ് ക്രെയിൻ ലഭ്യമാകാനുണ്ട്. ടഗ്ഗ് ബോട്ടുകളെല്ലാം ലഭ്യമായിട്ടുണ്ട്. മൂറിങ് ലോഞ്ചുകളുടെ ഫാബ്രിക്കേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. പൈലറ്റ് കം സർവെ വെസ്സൽ ലഭ്യമായിട്ടുണ്ട്.

മറ്റുള്ള ഘടകങ്ങളായ യൂട്ടിലിറ്റീസ് & റോഡ് എന്നിവ ഏകദേശം 75% പൂർത്തീകരിച്ചിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ അവയുടെ പുരോഗതി മുന്നോട്ടുനീങ്ങുന്നുണ്ട്. തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ 800 മീറ്റർ നീളമുള്ള

ബർത്തിന്റെ ആദ്യത്തെ 400 മീറ്റർ നീളത്തിൽ 2024 ജൂലൈ മാസത്തിൽ ട്രയൽ റൺ ആരംഭിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ശേഷിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ആവശ്യമായ അനുമതികളും നേടി തുറമുഖത്തിന്റെ ഒന്നാംഘട്ടം 2024 ഒക്ടോബർ - ഡിസംബർ മാസങ്ങൾക്കിടയിൽ പൂർണ്ണമായി വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) തുറമുഖത്തിന്റെ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

ആർബിട്രേഷൻ നടപടികൾ ഒത്തുതീർപ്പായതിന്റെ വ്യവസ്ഥപ്രകാരം AVPPL 2028 ഡിസംബറിന് മുമ്പുതന്നെ തുറമുഖത്തിന്റെ 2, 3, 4 ഘട്ടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. തുടർഘട്ടങ്ങളുടെ പദ്ധതിച്ചെലവായി ഏകദേശം 9500 കോടി രൂപയാണ് AVPPL കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത തുക പൂർണ്ണമായും AVPPL വഹിക്കുന്നതുമാണ്.

തുടർഘട്ടങ്ങൾക്ക് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനായി പാരിസ്ഥിതികാഘാത പഠനങ്ങൾ നടത്തേണ്ടതുണ്ട്. ഇതിനായുള്ള Terms of Reference (ToR)-ന് 2023 ഒക്ടോബറിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ (MoEF) നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൻപ്രകാരം പാരിസ്ഥിതികാഘാത പഠനങ്ങൾ നടത്തി കരട് EIA റിപ്പോർട്ട് Kerala State Pollution Control Board മുമ്പാകെ പബ്ലിക് ഹിയറിങ് നടത്തുന്നതിനായി സമർപ്പിക്കുകയും 2024 ജൂൺ 19-ന് പബ്ലിക് ഹിയറിങ് നടത്തുകയും ചെയ്തിട്ടുണ്ട്.

തുടർഘട്ടങ്ങളുടെ നിർമ്മാണ മേൽനോട്ടത്തിനും ഒന്നാംഘട്ടത്തിന്റെ പ്രവർത്തന മേൽനോട്ടത്തിനുമായി പുതിയ ഇൻഡിപെൻഡന്റ് എഞ്ചിനീയറെ നിയമിക്കേണ്ടതുണ്ട്. പുതിയ ഇൻഡിപെൻഡന്റ് എഞ്ചിനീയറെ കണ്ടെത്തുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(സി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ അനുബന്ധ വികസനപ്രവർത്തനങ്ങളാണ് പരിഗണനയിലുള്ളത്; വിശദമാക്കുമോ?

സീഫുഡ് പാർക്ക് (Seafood Park), Logistic warehouse, തുറമുഖ അടിസ്ഥാന വ്യാവസായിക ഇടനാഴി (port based industrial corridor)/ Maritime cluster, ഗ്രീൻ ഹൈഡ്രജൻ ഹബ്ബ് തുടങ്ങിയവയുള്ള പദ്ധതികൾ കൊണ്ടുവരാൻ ശ്രമം നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ തുറമുഖത്തെ ബന്ധിപ്പിക്കുന്ന ORR - ഉം അനുബന്ധ OAGC - യും മറ്റൊരു സംരംഭമാണ്.

ചരക്ക് – യാത്രാ കപ്പൽ സർവീസ്

318(6193) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ തുറമുഖങ്ങളിൽനിന്നും ലക്ഷദ്വീപ്, ഗോവ, മാംഗ്ലൂർ എന്നിവിടങ്ങളിലേയ്ക്ക് ചരക്ക്, യാത്രാക്കപ്പൽ സർവീസ് എന്നിവ ആരംഭിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സർവീസുകൾ എന്നത്തേയ്ക്ക് നടപ്പാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്തിന്റെ വിവിധ തുറമുഖങ്ങളിൽനിന്നും ലക്ഷദ്വീപ്, ഗോവ, മാംഗ്ലൂർ എന്നിവിടങ്ങളിലേയ്ക്ക് ചരക്ക്-യാത്രാക്കപ്പൽ സർവീസ് കേരള മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ ചരക്കുകപ്പലുകൾ സർവീസ് നടത്തുന്നതിനുള്ള പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ ചരക്ക-യാത്രാക്കപ്പൽ സർവീസിൽ താൽപര്യമുള്ള സ്വകാര്യകമ്പനികളെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ കേരള മാരിടൈം ബോർഡ് സ്വീകരിച്ചുവരുന്നു. കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളെയും അയൽസംസ്ഥാന തുറമുഖങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് ക്രൂയിസ് ഷിപ്പിങ് നടത്താൻ സ്വകാര്യകമ്പനികളെ ക്ഷണിച്ചുകൊണ്ട് കേരള മാരിടൈം ബോർഡ് താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. കമ്പനികൾ മുന്നോട്ടുവരുന്നത് അടിസ്ഥാനമാക്കി മാത്രമേ കമ്പനികളുടെ നടത്തിപ്പ് സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

അഴീക്കൽ തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോയിന്റാക്കുന്നതിനുള്ള നടപടികൾ

319(6194) <u>ശ്രീ. കെ. വി.സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോയിന്റായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളുടെ പ്രവർത്തനപുരോഗതി അറിയിക്കാമോ;

(ബി) ആയതിനുള്ള പരിശോധനകൾ നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

(എ-സി) ഇമിഗ്രേഷൻ ചെക്ക് പോസ്റ്റിന്റെ ആവശ്യങ്ങൾക്കായി വിട്ടുനൽകാൻ തീരുമാനമായ കെട്ടിടത്തിൽ FRRO (Foreigners Regional Registration Office) ഉദ്യോഗസ്ഥർ നിർദേശിച്ച അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഹാർബർ എഞ്ചിനീയറിങ് ഡിവിഷൻ, കണ്ണൂർ മുഖാന്തരം നടന്നുവരുന്നു. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിൽനിന്നുള്ള ഇമിഗ്രേഷൻ ഉദ്യോഗസ്ഥർ 01-08-2023-ൽ അഴീക്കൽ തുറമുഖത്ത് ഇമിഗ്രേഷൻ ചെക്ക് പോസ്റ്റിനായി തീരുമാനമായ

കെട്ടിടത്തിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള മാർഗരേഖ നൽകിയിട്ടുണ്ട്.

ചോമ്പാൽ ഹാർബറിലെ തർക്കം

320(6195) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഫിഷിങ് ഹാർബറിൽ മറ്റു മേഖലകളിൽനിന്നുള്ള മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധനവും വിപണനവും നടത്തുന്നതിന് അനുവദിക്കാത്ത സാഹചര്യം നിലവിലുണ്ടോ?

മത്സ്യബന്ധനവും വിപണനവും നടത്തുന്നതിന് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

(ബി) കൊയിലാണ്ടി മേഖലയിൽനിന്നുള്ള മത്സ്യത്തൊഴിലാളികൾ ചോമ്പാൽ ഹാർബറിൽ മത്സ്യബന്ധനം, വിപണനം എന്നിവ നടത്തുന്നതുമായി ബന്ധപ്പെട്ട് തർക്കം നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചെറിയ രീതിയിലുള്ള തർക്കമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ തർക്കത്തിനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളികൾക്കിടയിലുള്ള പ്രാദേശിക പ്രശ്നങ്ങളാണ് തർക്കത്തിന് കാരണമെന്നാണ് അറിയിച്ചിരിക്കുന്നത്.

(ഡി) ചോമ്പാൽ ഹാർബറിൽ മത്സ്യത്തൊഴിലാളികൾ, മത്സ്യക്കച്ചവടക്കാർ, ദല്ലാളന്മാർ തുടങ്ങിയവർ തമ്മിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) സംഘർഷാവസ്ഥയുണ്ടാകുന്നത് തടയുന്നതിനായി ഇവർ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(ഡി&ഇ) കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ അധ്യക്ഷതയിൽ 25-06-2024-ന് ഒരു അടിയന്തര യോഗം സംഘടിപ്പിച്ചിരുന്നു. കടൽക്കോടതിയംഗങ്ങൾ, മത്സ്യത്തൊഴിലാളി

പ്രതിനിധികൾ, ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവർ പങ്കെടുത്ത യോഗത്തിൽ തർക്കം താൽക്കാലികമായി പരിഹരിച്ചിട്ടുണ്ട്. തർക്കം ശാശ്വതമായി പരിഹരിക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം ചേരുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

ആലപ്പുഴ – ഹൗസ് ബോട്ടുകളിൽനിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിനുള്ള ടെർമിനലുകൾ

321(6196) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ഹൗസ് ബോട്ടുകളിൽനിന്നുള്ള മാലിന്യം നിക്ഷേപിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ടെർമിനലുകളുടെ നിർമ്മാണത്തിന് തുറമുഖ വകുപ്പ് മുൻകൈയെടുക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ആലപ്പുഴ ജില്ലയിലെ ഹൗസ് ബോട്ടുകളിൽനിന്നുള്ള മാലിന്യം നിക്ഷേപിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സ്വീവേജ്

ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പ്രവർത്തനം ടൂറിസം വകുപ്പാണ് ഏകോപിപ്പിക്കുന്നത്. ടൂറിസം വകുപ്പിന് ഇതിനാവശ്യമായ സഹകരണം നൽകുകയാണ് കേരളാ മാരിടൈം ബോർഡ് ചെയ്യുന്നത്.

വടകര മണ്ഡലത്തിലെ അഴിത്തല ഫിഷ് ലാൻഡിങ് സെന്റർ

322(6197) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ അഴിത്തലയിൽ ഫിഷ് ലാൻഡിങ് സെന്റർ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

വടകരയിലെ അഴിത്തല ഫിഷ് ലാൻഡിങ് സെന്റർ നിർമ്മിക്കുന്നതിന് നിലവിൽ ഭരണാനുമതി നൽകിയിട്ടില്ല. നിലവിലുള്ള ഹാർബറുകളുടെയും ഫിഷ് ലാൻഡിങ് സെന്ററുകളുടെയും നവീകരണത്തിനാണ് മുൻഗണന നൽകുന്നത്. ധനലഭ്യതയും നിലവിലുള്ള സംവിധാനങ്ങളുംകൂടി കണക്കിലെടുത്ത് പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഇതിനായി വിദഗ്ധ പഠനങ്ങൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ പഠനത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

വിദഗ്ധ പഠനം നടത്തിയിട്ടില്ല.

(സി) അഴീക്കല ഫിഷ് ലാൻഡിങ് സെന്റർ സംബന്ധിച്ച് മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി സർക്കാരിന് എന്തെങ്കിലും ശിപാർശ നൽകിയിട്ടുണ്ടോ; എന്തായിരുന്നു സമിതിയുടെ ശിപാർശയെന്നും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ചും അറിയിക്കുമോ?

അഴീക്കല ഫിഷ് ലാൻഡിങ് സെന്റർ സംബന്ധിച്ച് മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയിൽനിന്നും ശിപാർശകളൊന്നും ലഭ്യമായിട്ടില്ല.

അഴീക്കൽ പോർട്ടിൽ വെയർഹൗസുകൾ നിർമ്മിക്കുന്നത്

323(6198) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ പോർട്ടിലേയ്ക്കുള്ള ചരക്കുകൾ സൂക്ഷിക്കുന്നതിനുവേണ്ടി വെയർഹൗസുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

അഴീക്കൽ തുറമുഖത്ത് ഷിപ്പിങ് ഓപ്പറേഷന്റെ ഭാഗമായി ചരക്കുകൾ സൂക്ഷിക്കുന്നതിനായി വെയർഹൗസ് (1 എണ്ണം) സ്ഥാപിക്കുന്നതിലേയ്ക്കായി 5.55 കോടി രൂപയുടെ ഭരണാനുമതി 07-11-2022-ലെ സ.ഉ. (സാധാ)757/2022/മത്സ്യ. പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് വർക്ക് ഓർഡർ ലഭിച്ചതാണോ; വിശദമാക്കാമോ?

പ്രവൃത്തിക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എൻജിനീയറിങ് ഡിവിഷൻ, കണ്ണൂരിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഫണ്ടനുവദിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

ചരക്ക് ഇടനാഴി പദ്ധതി

324(6199) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി, ബേപ്പൂർ, അഴീക്കൽ, കൊല്ലം എന്നീ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന ചരക്ക് ഇടനാഴി പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരിൽനിന്നും എന്തെല്ലാം സഹായങ്ങൾ ലഭിക്കുമെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ തൊഴിൽ മേഖലയിൽ സംഭവിക്കാവുന്ന മാറ്റങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

(എ-ഡി) വിദേശരാജ്യങ്ങളിൽനിന്നും കേരളത്തിലേയ്ക്കുള്ള ചരക്കുഗതാഗതം നടക്കുന്നത് കൊച്ചി തുറമുഖം കേന്ദ്രീകരിച്ചാണ്. ഇവിടെനിന്ന് കേരളത്തിലെ മറ്റു ഭാഗങ്ങളിലേയ്ക്കും തിരികെയും കടൽമാർഗം ചരക്കുഗതാഗതം പുനരുജ്ജീവിപ്പിക്കാൻ കേരള മാരിടൈം ബോർഡ് ഊർജിതശ്രമം നടത്തിവരുന്നു. 2023 ഒക്ടോബറിൽ കേന്ദ്ര ഷിപ്പിങ് മന്ത്രാലയം നടത്തിയ ഗ്ലോബൽ മാരിടൈം ഇൻഡ്യാ സമ്മിറ്റ് (GMIS)-ൽ പങ്കെടുത്ത ഒരു സ്വകാര്യ സംരംഭകൻ ഇത്തരത്തിൽ കേരളത്തിന്റെ തീരദേശം വഴി ചരക്കുഗതാഗതം നടത്താൻ താൽപര്യം അറിയിച്ചിട്ടുണ്ട്. ഇവർക്കാവശ്യമായ ചരക്ക് ഉറപ്പാക്കുന്നതിന് മലബാർ മേഖലയിലുള്ള വ്യാപാരി വ്യവസായികളുമായി ആദ്യവട്ട ചർച്ചകൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത കമ്പനിയുമായി തുടർചർച്ചകൾ നടത്തിയതിൽ സബ്സിഡിയടക്കമുള്ള എന്തെല്ലാം സഹായങ്ങൾ നൽകേണ്ടിവരുമെന്നുള്ള കാര്യങ്ങളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ കേന്ദ്രസർക്കാരിൽനിന്നുള്ള

സഹായങ്ങൾ ആവശ്യപ്പെടാൻ കഴിയുകയുള്ളൂ. തീരദേശ ചരക്കുഗതാഗതം ഈർജിതമാകുന്നതോടെ തുറമുഖങ്ങളിലെ കയറ്റിറക്കുമേഖലയിലടക്കം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

കൈപ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ കോഴ്സുകൾ

325(6200) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള ഭൗതികസാഹചര്യങ്ങൾ പൂർണ്ണമായും വിനിയോഗിച്ചുകൊണ്ട് തൊഴിൽസാധ്യതയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരള മാരിടൈം ബോർഡിന്റെകീഴിലുള്ള കൊടുങ്ങല്ലൂർ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലെ ഭൗതിക സാഹചര്യങ്ങൾ

വിനിയോഗിച്ചുകൊണ്ട് സമുദ്രാധിഷ്ഠിതവും ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട തൊഴിൽസാധ്യതകളുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന് കേരള മാരിടൈം ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉൾനാടൻ ജലഗതാഗത നിയമവും അതിനുകീഴിലുള്ള ചട്ടങ്ങളും അനുശാസിക്കുന്ന പരിശീലന പരിപാടികളും ആരംഭിച്ചിട്ടുണ്ട്. കേരള ഹാർബർ ക്രാഫ്റ്റ് ചട്ടങ്ങൾപ്രകാരമുള്ള കോഴ്സുകൾ, പരിശീലന പരിപാടികൾ എന്നിവ ആരംഭിക്കുന്നതിനും മർക്കന്റൈൽ മറൈൻ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട ഡ്രഡ്ജിങ് എൻഫോഴ്സ്മെന്റ് സംബന്ധമായ കോഴ്സുകളാരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേരള മാരിടൈം ബോർഡിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ മികവിന്റെ കേന്ദ്രങ്ങളാക്കാനും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിങ് അംഗീകൃത കോഴ്സുകൾ ഉൾപ്പെടെയുള്ളവ ആരംഭിക്കുന്നതിനുള്ള നടപടികളും കേരള മാരിടൈം ബോർഡ് സ്വീകരിച്ചുവരുന്നു.

ബോട്ട് സ്രാങ്ക് തസ്തികയിൽ കെ.ഐ.വി. ലൈസൻസുള്ളവരെയും പരിഗണിക്കാൻ നടപടി

326(6201) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മർക്കന്റൈൽ മറൈൻ ഡിപ്പാർട്ടുമെന്റ് ലൈസൻസിന് തുല്യമായ കെ.ഐ.വി. ലൈസൻസ് കേരള പി.എസ്.സി. മുമ്പാകെ ഹാജരാക്കുന്നതിലേയ്ക്കായി അനുവദിക്കണമെന്ന് ബോട്ട് സ്രാങ്ക് റാങ്ക് ഹോൾഡേഴ്സ് സമർപ്പിച്ചിരുന്ന നിവേദനം കേരള മാരിടൈംബോർഡുമായി ബന്ധപ്പെട്ട് പരിഹരിക്കാനും പ്രസ്തുത ഉത്തരവ് ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) കേരള പബ്ലിക് സർവീസ് കമ്മീഷൻ 2010/08 പ്രകാരം ബോട്ട് സ്രാങ്ക് തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ പ്രസ്തുത തസ്തികയുടെ യോഗ്യത എം.എം.ഡി. സർട്ടിഫിക്കറ്റ് ആയിരുന്നുവെന്നതും എന്നാൽ എം.എം.ഡി. സർട്ടിഫിക്കറ്റ് 2011-ൽ നിർത്തലാക്കിയിരുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കേരള മാരിടൈം ബോർഡ് നൽകിവരുന്ന ഉൾനാടൻ ജലവാഹനങ്ങളിലെ സ്രാങ്കായി പ്രവർത്തിക്കുന്നതിനാവശ്യമായ യോഗ്യതാസർട്ടിഫിക്കറ്റ് എം.എം.ഡി. സർട്ടിഫിക്കറ്റിന് തുല്യമായതിനാൽ കേരള മാരിടൈം ബോർഡ് സർട്ടിഫിക്കറ്റുള്ളവരെയും സ്രാങ്ക് തസ്തികയിലേയ്ക്കുള്ള റിക്രൂട്ട്മെന്റിനായി പരിഗണിക്കാവുന്നതാണെന്ന ഉത്തരവ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) മർക്കന്റൈൽ മറൈൻ ഡിപ്പാർട്ടുമെന്റ് (MMD) നൽകുന്ന സർട്ടിഫിക്കറ്റുകൾ കടലിലെ മർച്ചന്റ് ഷിപ്പിങുമായി ബന്ധപ്പെട്ടതും കേരളാ മാരിടൈം ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റുകൾ ഉൾനാടൻ ജലയാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുമാണ്. കേരളാ മാരിടൈം ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റുകൾ മർക്കന്റൈൽ മറൈൻ ഡിപ്പാർട്ടുമെന്റ് (MMD) നൽകുന്ന സർട്ടിഫിക്കറ്റിന് തുല്യമായതിനാൽ കേരളാ മാരിടൈം ബോർഡ് സർട്ടിഫിക്കറ്റുള്ള ഉദ്യോഗാർഥികളെയും സ്രാങ്ക് തസ്തികയിലേയ്ക്കുള്ള റിക്രൂട്ട്മെന്റിനായി പരിഗണിക്കാവുന്നതാണെന്ന് കേരള പബ്ലിക് സർവീസ്

കമ്മീഷനെ അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

തുറമുഖ വകുപ്പിന്റെ എറണാകുളം റീജിയണൽ ഓഫീസ്

327(6202) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിന്റെ എറണാകുളം റീജിയണൽ ഓഫീസിൽനിന്നും എന്തെല്ലാം സേവനങ്ങളാണ് നിലവിൽ നൽകിക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) എറണാകുളം റീജിയണൽ ഓഫീസ് ഇവിടെനിന്നും മാറ്റുന്നതിനുള്ള നീക്കം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബോട്ടുകളുടെയും മറ്റ് ജലഗതാഗത യാനങ്ങളുടെയും ലൈസൻസും മറ്റും പുതുക്കിനൽകുന്ന പ്രസ്തുത ഓഫീസ് എറണാകുളത്തുനിന്നും മാറ്റുന്നത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ-സി) എറണാകുളം ജില്ലയിലെ റീജിയണൽ ഓഫീസിൽനിന്നും നിലവിൽ പൊതുജനങ്ങൾക്കുള്ള സേവനങ്ങളൊന്നുംതന്നെ നൽകിവരുന്നില്ല. കേരളാ മാരിടൈം ബോർഡിന്റെ എറണാകുളം റീജിയണൽ ഓഫീസ് പ്രവർത്തനം തുടരേണ്ടതില്ലെന്ന 33-ാമത് ബോർഡ് മീറ്റിങ്ങിൽ തീരുമാനമെടുത്തിരുന്നെങ്കിലും KSMDC (കേരളാ സ്റ്റേറ്റ് മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ)-യുടെ കോടതി കേസുകൾ നിലവിലുള്ളതിനാലും അനുബന്ധരേഖകളും മറ്റും എറണാകുളം റീജിയണൽ ഓഫീസിലുള്ളതിനാലും കോർപ്പറേഷന്റെ ലിക്വിഡേഷൻ നടപടികൾ അവസാനിക്കുന്നതുവരെ മേൽ ഓഫീസ് എറണാകുളത്തുതന്നെ തുടരേണ്ടതുണ്ടെന്ന് 34-ാമത് ബോർഡുയോഗം തീരുമാനിച്ചിട്ടുണ്ട്. ഉൾനാടൻ ജലഗതാഗത നിയമത്തിന്റെ എൻഫോഴ്സ്മെന്റ് വിങ് നടപ്പാക്കുന്ന കാര്യം കേരളാ മാരിടൈം ബോർഡ് പരിശോധിച്ചുവരുന്നു.

ദേശീയപാതാ വികസനത്തിന് ദേവസ്വങ്ങളുടെ സ്ഥലമേറ്റെടുക്കൽ

328(6203) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് വിവിധ ദേവസ്വങ്ങളുടെ ഭൂമി, കെട്ടിടം എന്നിവ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ ഏറ്റെടുക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ ഏതൊക്കെ ദേവസ്വങ്ങളുടെ ഭൂമിയും കെട്ടിടവും ഏറ്റെടുക്കപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉള്ളൂർ, വർക്കല, കൊല്ലം, കരുനാഗപ്പള്ളി, വൈക്കം, ഹരിപ്പാട്, അമ്പലപ്പുഴ ഗ്രൂപ്പുകളിൽപ്പെട്ട വിവിധ ദേവസ്വങ്ങളിൽനിന്നായി ദേശീയപാതാ വികസനത്തിന്റെ ഭാഗമായി ഭൂമി/കെട്ടിടം എന്നിവ ഏറ്റെടുത്തിട്ടുണ്ട്. അവയുടെ ബോർഡിൽനിന്നും ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള പറവൂർ താലൂക്ക് കോട്ടുവള്ളി വില്ലേജ് സർവെ നമ്പർ 194/3-ൽപ്പെട്ട 5.60 ആർ ഭൂമിയിൽനിന്നും 0.32 ആർ ഭൂമി ദേശീയപാതാ വികസനത്തിനായി അക്വയർ ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലബാർ ദേവസ്വം ബോർഡിന്റെ കാസർഗോഡ് ഡിവിഷനുകീഴിലുള്ള ശ്രീ നെല്ലിയോട്ട് ഭഗവതി ക്ഷേത്രം, കോഴിക്കോട് ഡിവിഷനുകീഴിലുള്ള ശ്രീ തിരുവങ്ങാട് ശിവക്ഷേത്രം, ശ്രീ പോയിൽക്കാവ് ദേവസ്വം, തലശ്ശേരി ഡിവിഷനുകീഴിലുള്ള എടക്കാട് ശ്രീ മഹാവിഷ്ണു ക്ഷേത്രം, പൂഴാതിപ്പടി ശ്രീ മുത്തപ്പൻ ക്ഷേത്രം, ചിറക്കൽ കോവിലകം ദേവസ്വം, കളരിവാതുക്കൽ ദേവസ്വം, കുഞ്ഞിമംഗലം വീരചാമുണ്ഡി ക്ഷേത്രം എന്നിവയുടെ ഭൂമി ദേശീയപാതാ വികസനത്തിനായി ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ഭൂമി, കെട്ടിടം എന്നിവ ഏറ്റെടുക്കപ്പെട്ടപ്പോൾ അതിന് നഷ്ടപരിഹാരം ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടപരിഹാരത്തുക അതത് ക്ഷേത്രങ്ങൾക്കും സ്ഥാപനങ്ങൾക്കുമാണോ അതോ ദേവസ്വം ബോർഡുകൾക്കാണോ ലഭിച്ചതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക അതത് സ്ഥാപനങ്ങൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വിവിധ ഗ്രൂപ്പുകളിൽനിന്നും ഏറ്റെടുത്ത ഭൂമിയുടെയും നിർമ്മിതികളുടെയും നഷ്ടപരിഹാരത്തുക ദേവസ്വംബോർഡിന് അനുവദിക്കുന്നതിന് സർക്കാർ തീരുമാനം

കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ നഷ്ടപരിഹാരത്തുക ദേവസ്വം കമ്മീഷണറുടെ ജനറൽ അക്കൗണ്ടിലേക്ക് പൂർണ്ണമായും അനുവദിച്ച് ലഭ്യമായിട്ടില്ല. ആയത് ദേവസ്വം കമ്മീഷണറുടെ ജനറൽ അക്കൗണ്ടിലേക്ക് അനുവദിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽനിന്നും അക്വയർ ചെയ്ത 0.32 ആർ ഭൂമിയുടെ നഷ്ടപരിഹാരമായി 9,90,332.93 രൂപ ലഭിച്ചിട്ടുണ്ട്.

ദേശീയപാതാ വികസനത്തിനായി ഭൂമിയേറ്റെടുത്തിട്ടുള്ള മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ നഷ്ടപരിഹാരത്തുക ലഭിച്ച ക്ഷേത്രങ്ങൾക്ക് തുക അതത് ക്ഷേത്രങ്ങളുടെ അക്കൗണ്ടിലാണ് ലഭിച്ചിട്ടുള്ളത്. നഷ്ടപരിഹാരത്തുക ലഭിക്കാനുള്ള ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങളുൾപ്പെടെയുള്ള തുടർനടപടികൾ നടന്നുവരുന്നു.

(സി) ഭൂമി സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ നഷ്ടപരിഹാരത്തുക ലഭ്യമാകാതെപോയ ക്ഷേത്രങ്ങൾക്കും

സ്ഥാപനങ്ങൾക്കും പ്രസ്തുത തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഭൂമി സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ നഷ്ടപരിഹാരത്തുക ലഭ്യമാകാതെപോയ ക്ഷേത്രങ്ങൾക്കും സ്ഥാപനങ്ങൾക്കും പ്രസ്തുത തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാടിസ്ഥാനത്തിലും സർക്കാർ തലത്തിലും പല ഘട്ടങ്ങളിലായി നടന്നുവരുന്നു.

ശബരിമല തീർഥാടനം സുഗമമാക്കാൻ നടപടി

329(6204) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ തീർഥാടന കേന്ദ്രമായ ശബരിമലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ വർഷത്തെ ശബരിമല തീർഥാടനം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

2024-25 വർഷത്തെ ശബരിമല തീർഥാടനം സുഗമമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു.+ ശബരിമല തീർഥാടനത്തിനായുള്ള മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി ബഹു. ദേവസ്വം വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ആദ്യഘട്ട അവലോകന യോഗം 17-07-2024-ന് ചേരുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) തീർഥാടകർക്ക് ശബരിമലയുടെ ഇടത്താവളങ്ങളിലും പന്തളത്തും ആവശ്യമായ സൗകര്യങ്ങൾ നൽകുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

2024-25 വർഷത്തെ ശബരിമല തീർഥാടനത്തിന് മുന്നോടിയായി ഇടത്താവളങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കിഫ്ബി ഫണ്ടുപയോഗപ്പെടുത്തി കഴക്കൂട്ടം, ചെങ്ങന്നൂർ, നിലയ്ക്കൽ, എരുമേലി, ചിറങ്ങര, മണിയങ്കോട് എന്നിവിടങ്ങളിൽ ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ശബരിമല ഉൾപ്പെടെയുള്ള തീർഥാടനകേന്ദ്രങ്ങളെ ബന്ധപ്പെടുത്തി പിൽഗ്രിം ടൂറിസം ദേശീയതലത്തിലും അന്തർദേശീയതലത്തിലും പ്രചരിപ്പിക്കുന്നതിന് വിപുലമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ശബരിമല തീർഥാടനവുമായി ബന്ധപ്പെടുത്തി പിൽഗ്രിം ടൂറിസം (സ്വദേശ് ദർശൻ പദ്ധതി) പ്രകാരം ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിയും തിരുവിതാംകൂർ ദേവസ്വം ബോർഡും ചേർന്ന് 35.48 കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡ് നിയമം

330(6205) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

മലബാർ ദേവസ്വം ബോർഡ് ബിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ബി) മലബാർ ദേവസ്വം ബോർഡിന് നൽകിവരുന്ന ഗ്രാന്റ് വർധിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

മലബാർ ദേവസ്വം ബോർഡിന് നൽകിവരുന്ന ഗ്രാന്റ് വർധിപ്പിക്കുന്നതിന് ധനവകുപ്പിന്റെ അംഗീകാരം ആവശ്യമാണ്. ഇതുസംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

ദേവസ്വം ബോർഡിന്റെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം

331(6206) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം ബോർഡിനുകീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പി.എസ്.സി. റൊട്ടേഷനനുസരിച്ച് സംവരണം മുഖേന നിയമനം നടത്തണമെന്ന 29-02-24-ലെ 794/2024/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം എന്നിവയുടെ നിയന്ത്രണത്തിലാണ് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ളത്.

കൂടൽമാണിക്യം ദേവസ്വത്തിനുകീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല.

മലബാർ ദേവസ്വം ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിൽ 12 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. എയ്ഡഡ് സ്വഭാവത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്കൂളുകളിലെ നിയമനപ്രക്രിയയിൽ മലബാർ ദേവസ്വം ബോർഡിന് ഇടപെടുന്നതിന് നിലവിലെ നിയമവ്യവസ്ഥപ്രകാരം സാധിക്കുന്നതല്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലെ എയ്ഡഡ് സ്ഥാപനങ്ങളിലെ ഒഴിവുകൾ തിട്ടപ്പെടുത്തിവരികയാണ്. ഒഴിവുകൾ നികത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്ന വേളയിൽ സർക്കാർ ഉത്തരവുപാലിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പി.എസ്.സി.-യുടെ സംവരണ റൊട്ടേഷൻ പാലിച്ച് അധ്യാപക/അനധ്യാപക നിയമനങ്ങൾ നടത്തുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡ് തീരുമാനം കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വത്തിനുകീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം പാലിച്ച് നിയമനം നടത്തുന്നതിന് ഗുരുവായൂർ ദേവസ്വം ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. സ്ഥിരനിയമനം നടത്തുന്ന അവസരത്തിൽ പ്രസ്തുത തീരുമാനം ഗുരുവായൂർ ദേവസ്വത്തിന് നടപ്പാക്കാൻ കഴിയുന്നതാണ്.

മുക്കം നഗരസഭയിലെ മാമ്പറ്റ വട്ടോളിഷറമ്പ് ദേവീക്ഷേത്രത്തിലെ കുളം നവീകരണം

332(6207) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം നഗരസഭയിലെ മാമ്പറ്റ വട്ടോളിപ്പറമ്പിലെ പൗരാണിക ദേവീക്ഷേത്രത്തിലെ കുളം നവീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. വട്ടോളി ദേവി ക്ഷേത്രത്തിന്റെ കുളം നവീകരണത്തിന് ക്ഷേത്ര ഭരണാധികാരി മലബാർ ദേവസ്വം ബോർഡിൽ സമർപ്പിച്ച അപേക്ഷയിന്മേൽ, 2023-24 സാമ്പത്തിക വർഷം 5,00,000/- രൂപ സ്പെഷ്യൽ ഗ്രാന്റിനത്തിൽ ബോർഡ് വകയിരുത്തിയതിൽ ആദ്യഗഡുവായി 3,50,000/- രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) വട്ടോളിപ്പറമ്പ് ക്ഷേത്രക്കുളം നവീകരണം ദേവസ്വം ഹെറിറ്റേജ് പദ്ധതിയിലുൾപ്പെടുത്തുന്നതിനും ഭരണാനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

സർക്കാർ നിയന്ത്രണത്തിലുള്ള ദേവസ്വം ബോർഡുകൾ

333(6208) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ നിയന്ത്രണത്തിൽ എത്ര ദേവസ്വം ബോർഡുകളാണുള്ളതെന്നും ഓരോ ദേവസ്വം ബോർഡിന്റെയും കീഴിൽ എത്ര വീതം ക്ഷേത്രങ്ങളും മറ്റ് സ്ഥാപനങ്ങളുമാണുള്ളതെന്നും

വിശദമാക്കാമോ; ഈ സ്ഥാപനങ്ങളിലായി, എത്ര ജീവനക്കാർ ഓരോ ദേവസ്വം ബോർഡിലും ജോലി ചെയ്യുന്നുണ്ടെന്നറിയിക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിങ്ങനെ അഞ്ച് ദേവസ്വം ബോർഡുകളാണ് സംസ്ഥാനത്തുള്ളത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിൽ 1250 ക്ഷേത്രങ്ങൾ, 5 കോളേജുകൾ (4 എയ്ഡഡ്, 1 സ്വാശ്രയം), 26 സ്കൂളുകൾ (22 എയ്ഡഡ്, 4 അൺ എയ്ഡഡ്), 2 ക്ഷേത്രകലാപീഠങ്ങൾ, ഒരു ഗ്രന്ഥശാല എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിൽ ആകെ 4383 ജീവനക്കാർ ജോലി ചെയ്തുവരുന്നു.

കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിൽ 409 ക്ഷേത്രങ്ങളും 2 കോളേജുകളും ഒരു സ്കൂളും ധന്വന്തരി ആയുർവേദ ആശുപത്രി എന്ന പേരിൽ ഒരു ആശുപത്രിയും പ്രവർത്തിക്കുന്നു. ഇവിടങ്ങളിൽ താൽക്കാലിക, കാരായ്മ ജീവനക്കാരുൾപ്പെടെ ആകെ 2581 ജീവനക്കാർ ജോലി ചെയ്തുവരുന്നു.

മലബാർ ദേവസ്വം ബോർഡിനുകീഴിൽ 1403 ക്ഷേത്രങ്ങളും ക്ഷേത്രകലാ അക്കാഡമിയും പ്രവർത്തിക്കുന്നുണ്ട്. 7470 ജീവനക്കാർ ജോലി നോക്കിവരുന്നുണ്ട്.

ഗുരുവായൂർ ദേവസ്വത്തിനുകീഴിൽ 12 ക്ഷേത്രങ്ങൾ, 3 ഗസ്റ്റ് ഹൗസുകൾ, 2 സ്കൂളുകൾ, ഒരു കോളേജ്, ആയുർവേദ ആശുപത്രി, മെഡിക്കൽ സെന്റർ, വാദ്യ വിദ്യാലയം, ജ്യോതിഷ പഠനകേന്ദ്രം, ചുമർചിത്ര പഠനകേന്ദ്രം, മതഗ്രന്ഥശാല, ഇൻസ്റ്റിസ്റ്റ്യൂട്ട് ഫോർ വേദിക് & കൾച്ചറൽ സ്റ്റഡീസ്, പുന്നത്തൂർ ആനക്കോട്ട, കാവീട് ഗോശാല, വെങ്ങാട് ഗോശാല എന്നിവ പ്രവർത്തിക്കുന്നു. ഇവിടങ്ങളിലായി 729 സ്ഥിരം ജീവനക്കാരും 740 താൽക്കാലിക ജീവനക്കാരും പ്രവൃത്തിയെടുക്കുന്നുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിനുകീഴിൽ 13 ക്ഷേത്രങ്ങളുണ്ട്. ഇവിടങ്ങളിലായി 15 സ്ഥിര ജീവനക്കാരും 58 കരാർ ജീവനക്കാരും ജോലി നോക്കുന്നു.

(ബി) ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ വരുമാനം സർക്കാരെടുക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ യാഥാർഥ്യം എന്തെന്ന് വ്യക്തമാക്കാമോ?

ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ യാതൊരുവിധത്തിലുള്ള വരുമാനവും സർക്കാർ സഞ്ചിതനിധിയിലേയ്ക്ക് അടവാക്കപ്പെടുന്നില്ല.

(സി) ശബരിമലയുൾപ്പെടെയുള്ള വിവിധ ദേവസ്വം ബോർഡുകളുടെ കീഴിൽവരുന്ന ക്ഷേത്രങ്ങൾക്ക് 2016 മുതൽ നാളിതുവരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ നൽകിയ സാമ്പത്തിക സഹായത്തിന്റെയും നടപ്പാക്കിയ വിവിധ പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്കുകീഴിലുള്ള ക്ഷേത്രങ്ങൾക്കായി 2016-17 മുതൽ നാളിതുവരെ ആകെ 447,34,58,581/- രൂപ റവന്യൂ (ദേവസ്വം) വകുപ്പിൽനിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്. ആയതിന്റെ ദേവസ്വം ബോർഡ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് - 144,96,00,000/-

കൊച്ചിൻ ദേവസ്വം ബോർഡ് - 26,38,33,153/-

മലബാർ ദേവസ്വം ബോർഡ് - 275,85,25,428/-

കൂടൽമാണിക്യം ദേവസ്വം - 15,00,000/-

കൂടാതെ ശബരിമലയുടെ വികസനത്തിനായി ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിക്ക് 2016-17 മുതൽ ആകെ 77,99,41,242/- രൂപകൂടി അനുവദിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച തുകയ്ക്കുപുറമെ ശബരിമലയ്ക്കായി ഓരോ മണ്ഡല-മകരവിളക്ക് തീർഥാടനകാലത്തും ദേവസ്വം വകുപ്പിൽനിന്നും തുക അനുവദിക്കുന്നതിനുപുറമെ പോലീസ്, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങിയ വിവിധ വകുപ്പുകൾ തുക അനുവദിക്കുന്നുമുണ്ട്.

ശബരിമലയുടെ വികസനത്തിനായി ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിവഴി സംസ്ഥാന പദ്ധതിവിഹിതമുപയോഗിച്ച് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു[+]. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള വിവിധ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷേത്രങ്ങളിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+. കൂടാതെ കിഫ്ബി ഫണ്ടുപയോഗപ്പെടുത്തി കഴക്കൂട്ടം, ചെങ്ങന്നൂർ, എരുമേലി, നിലയ്ക്കൽ, ചിറങ്ങര, മണിയങ്കോട് എന്നിവിടങ്ങളിൽ ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ നവീകരണത്തിനായുള്ള പദ്ധതിയും ക്ഷേത്രപരിസരത്തും അനുബന്ധ സ്ഥാപനങ്ങളിലും വൃക്ഷത്തൈകൾ, പൂജാപുഷ്പ സസ്യങ്ങൾ, ഔഷധച്ചെടികൾ തുടങ്ങിയവ നട്ട് പരിപാലിച്ച് അതുവഴി ദേവസ്വംഭൂമികൾ ഹരിതാഭമാക്കി പരിസ്ഥിതി സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള "ദേവാങ്കണം ചാരുഹരിതം" പദ്ധതിയും റവന്യൂ (ദേവസ്വം) വകുപ്പിൽനിന്നും നടപ്പാക്കുന്നുണ്ട്.

നക്ഷത്രചിഹ്നമിടാത്ത 5908, 5927, 5928, 5929, 5930, 5931 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1555

****

അനുബന്ധം – II

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ 11-06-2024-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 611-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

സംസ്ഥാനത്ത് ആരംഭിച്ച വ്യവസായ സംരംഭങ്ങൾ

(611) ശ്രീ കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ വന്നശേഷം സംസ്ഥാനത്ത് ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) വ്യവസായശാലകളിൽനിന്നും ജലസ്രോതസുകളിലേയ്ക്ക് മാലിന്യങ്ങൾ തള്ളുന്നത് തടയുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ വികസനത്തിന്റെ ഭാഗമായി പുതിയ വ്യവസായ പാർക്കുകൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) ചെറുകിട വ്യവസായ സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 10-06-2024 വരെയുള്ള കണക്കുകൾപ്രകാരം സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ 2,64,282 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 17,407 കോടി രൂപയുടെ നിക്ഷേപവും 5,84,650 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. മേഖല തിരിച്ചുള്ള കണക്കുകൾ താഴെച്ചേർക്കുന്നു.

ക്രമ നമ്പർ	മേഖല	ആകെ സംരംഭങ്ങളുടെ എണ്ണം
1	Agro food, Beverage, Meat/ Fish Product and Processing	55536
2	Automobile Sevice / Repair	9180
3	Biotechnology	67
4	Building Materials, Construction, Architecture, Structural Designing	8580
5	Chemical Products	1469
6	Drugs and Pharmaceuticals including Ayurveda	3470
7	Electrical & Electronics Products and Services, IT and Mobile Hardware, Cable	10173

	TV, Internet	
8	Energy and Renewable Energy	455
9	Garments and Textiles, Tailoring, Boutique, Apparal Designing, Ornaments	30898
10	General Engineering & Precision Engineering (Steel, Iron etc. Products / fabrication)	4881
11	Glass Products	398
12	Handloom, Coir & Handicraft items	1925
13	Information Technology/Artificial Intelligence/ Robotics/ BPM	1560
14	Knowledge Services, Training/ Coaching Centres	4523
15	Leather Products	873
16	Medical/Hospital equipment, Medical Labs	4384
17	Organic/Chemical Fertilizers	627
18	Other manufacturing activities	4098
19	Other Service Activities	26187
20	Paper Products	1771
21	Personal Care Product and Services, Cosmetics, Wellness, Gymnasium, Marital Arts, Yoga	12011
22	Plastic Products	906
23	Recycling, Waste Management	302
24	Rubber Products	699
25	Trade Activity	63633
26	Travel and Tourism, Hospitality	3362
27	Video/Photo Processing, Media &	6884

	Entertainment, Event Management, Printing & Publishing, DTP	
28	Wood Products	3736
29	Miscellaneous	1694
	Total	264282

(ബി) വ്യവസായ ശാലകളിൽനിന്നും ജലസ്രോതസുകളിലേയ്ക്ക് മാലിന്യങ്ങൾ തള്ളുന്നത് തടയുന്നത് ഉൾപ്പെടെ വ്യവസായങ്ങളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും മലിനീകരണ നിയന്ത്രണ ബോർഡ് ഉൾപ്പെടെയുള്ള മറ്റു വകുപ്പുകളുമായി ചേർന്ന് ആവശ്യമായ ഏകോപനം വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർവഴി നിർവഹിച്ചുവരുന്നുണ്ട്.

(സി) കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉൽപാദനവും തൊഴിലും വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം

മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയുംവഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018 നടപ്പാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ് വെയർ നിലവിലുണ്ട്.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് പുതിയതായി ആരംഭിക്കുന്ന മലിനീകരണ

നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, അപ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേയ്ക്ക് മാത്രം കെട്ടിടത്തിന് നൽകപ്പെട്ട താൽക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേയ്ക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-ClS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. ഇതുകൂടാതെ തദ്ദേശസ്വയംഭരണ

സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ചു പ്രവർത്തനം നടന്നുവരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിന് സഹായകരമാകുന്നുണ്ട്.

സംരംഭകർക്ക് വിവിധ വകുപ്പുകളിൽനിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്.

സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.

കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിനു വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന സംരംഭകത്വ

പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചു. വ്യവസായ വകുപ്പിന്റെ സേവനങ്ങളും പദ്ധതികളും സമയബന്ധിതമായി സംരംഭകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഒരു സ്ഥിര സംവിധാനം സൃഷ്ടിക്കാനും ഈ ക്യാമ്പയിൻ ലക്ഷ്യമിടുന്നു.

സംസ്ഥാനത്ത് സംരംഭകർക്ക് അനുകൂലമായ ഒരു വ്യാവസായിക എക്കോസിസ്റ്റം ഉണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടും ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർഥ്യബോധത്തോടെ വ്യവസായ നയം, 2023 സർക്കാർ അംഗീകരിച്ചു ഉത്തരവായിട്ടുണ്ട്.

കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകാനും അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവൽക്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം തുറന്നു തരുന്ന വിപുലമായ സാധ്യതകളെ സമർഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ടുവയ്ക്കുന്നു.

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തോടനുബന്ധിച്ച് പുരോഗമിക്കുന്ന 78 കിലോമീറ്റർ നീളമുള്ള ഔട്ടർ റിങ് റോഡിന്റെ ഇരുവശവും ലഭ്യമായ അനുയോജ്യമായ സ്ഥലം ഏറ്റെടുത്ത് ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ എന്ന ഒരു പ്രത്യേക നിക്ഷേപ മേഖല വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ സ്ഥലം ലാൻഡ് പൂളിങ്ങിലൂടെയാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്. പ്രത്യേക നിക്ഷേപ മേഖലയിൽ അനുയോജ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പുതിയ

വ്യവസായ പാർക്ക്/ലോജിസ്റ്റിക് പാർക്ക് സ്ഥാപിക്കുന്ന വിഷയം പരിഗണനയിലാണ്.

(ഇ) ചെറുകിട വ്യവസായ സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കി താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ വ്യവസായ വകുപ്പുവഴി നടപ്പാക്കി വരുന്നു.

1. സംരംഭക സഹായ പദ്ധതി (ESS)

2. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്

3. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

4. മാനുഫാക്ചറിങ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

5. നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം

6. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ

പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for Revival of MSMEs with stressed asset, Defunct MSME Units and Cashew processing Units)

7. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി

8. പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP)

9. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി.

കൂടാതെ ചെറുകിട വ്യവസായ സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതി നിലവിൽ വന്നിട്ടുണ്ട്.

വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യവും ആയതിനൊപ്പം വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുകയെന്ന ലക്ഷ്യത്തോടെ അടിസ്ഥാന

സൗകര്യങ്ങളോടുകൂടിയ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിയും നടപ്പാക്കിവരുന്നു.

കുറഞ്ഞ ഭൂവിസ്തൃതി ഉപയോഗപ്പെടുത്തി കൂടുതൽ യൂണിറ്റുകളെ അധിവസിപ്പിക്കുകയെന്ന ഉദ്ദേശ്യത്തിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുകയെന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

2022-23-ലെ സംരംഭക വർഷ പദ്ധതിയും അതിന്റെ തുടർച്ചയായി 2023-24-ലെ സംരംഭകവർഷം 2.0 എന്ന പദ്ധതിയും ചെറുകിട വ്യവസായ സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കി നടപ്പാക്കിയവയാണ്.

****